# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായിരുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

## പാറശ്ശാല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

## പെരുങ്കടവിള ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

## അതിയന്നൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

## നേമം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

## തിരുവനന്തപുരം റൂറൽ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

## കഴക്കൂട്ടം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

## വെള്ളനാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

## നെടുമങ്ങാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

## വാമനപുരം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

## കിളിമാനൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

## ചിറയിൻകീഴ് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

## വർക്കല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര



6

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ



7

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര



9

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപ്പുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവനൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊണ്ടൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവനൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങ ാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മഥൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്



13

# നഗരസഭകൾ

| വാല്യം | 153 |
|---|---|

### തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

| വാല്യം | 154 |
|---|---|

### കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

| വാല്യം | 155 |
|---|---|

### പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

| വാല്യം | 156 |
|---|---|

### ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

| വാല്യം | 157 |
|---|---|

### കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

| വാല്യം | 158 |
|---|---|

### ഇടുക്കി ജില്ല

1. തൊടുപുഴ

| വാല്യം | 159 |
|---|---|

### എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

| വാല്യം | 160 |
|---|---|

### തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

| വാല്യം | 161 |
|---|---|

### പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

| വാല്യം | 162 |
|---|---|

### മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

| വാല്യം | 163 |
|---|---|

### കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

| വാല്യം | 164 |
|---|---|

### വയനാട് ജില്ല

1. കൽപ്പറ്റ

| വാല്യം | 165 |
|---|---|

### കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

| വാല്യം | 166 |
|---|---|

### കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# ജനകീയ ആസൂത്രണം



## വികസന രേഖ

## ആളൂർ ഗ്രാമപഞ്ചായത്ത്

# വിഷയവിവരം


സമർപ്പണം

പൊതുവിവരങ്ങൾ

ഭൂപടം

ചരിത്രം

സംസ്കാരം

ഭൂപ്രകൃതിയും, വിഭവങ്ങളും

വിഭവ സമാഹരണം

വിഭവ ഭൂപടം

കൃഷിയും, ജലസേചനവും

മൃഗസംരക്ഷണവും, മത്സ്യബന്ധനവും

വ്യവസായം

ഊർജ്ജം

മാർക്കറ്റ്

സഹകരണം

ഗതാഗതം, വാർത്താവിനിമയം

വിദ്യാഭ്യാസം

ആരോഗ്യം

വനിത


പാർപ്പിടം

കുടിവെള്ളം

പട്ടികജാതി വികസനം

സാമൂഹ്യക്ഷേമം

ഉപസംഹാരം


N
TRANSECT WALK II
TRANSECT WALK I

# സമർപ്പണം

വീണ്ടുമൊരു മഹാപ്രസ്ഥാനത്തിനു സമയമായിരിക്കുന്നു. നാടിനെ അറിയാൻ, നാട്ടാരെ അറിയാൻ, അവയിലെ വിഭവങ്ങളറിയാൻ, നാമാഗ്രഹിക്കുന്ന സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള ഒരു മഹായത്നം, ജനകീയാസൂത്രണപ്രസ്ഥാനം അതിന്റെ മുന്നൊരുക്കങ്ങളായിരുന്നു ഇതുവരെ. ഒറ്റമനസ്സായി ഒരേലക്ഷ്യം വച്ചുകൊണ്ടുള്ള ഈ യാത്രയിൽ പതറാതെ മുന്നേറേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യത്തിനു വേണ്ടി ജീവത്യാഗം ചെയ്ത നമ്മുടെ പൂർവികർ സ്വപ്നം കണ്ട ഭാരതം ഇതായിരുന്നില്ല. എല്ലാവർക്കും ആഹാരവും, വസ്ത്രവും പാർപ്പിടവും, എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ സൗകര്യം, അധ്വാനിക്കുന്ന ചെറുപ്പക്കാരും വിശ്രമിക്കുന്ന വൃദ്ധന്മാരും, അതായിരുന്നു നമ്മുടെയെല്ലാം മനസ്സിലുള്ള സ്വാതന്ത്ര്യാനന്തര ഭാരതം.

സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം പിന്നിട്ട ഈ അവസരത്തിലും, പട്ടിണിക്കാരുടെ എണ്ണം വർധിച്ചു വരുന്നു. തൊഴിലായ്മ പെരുക്കുന്നു. നിരക്ഷരത ഒരു ശാപമായി നിലനിൽക്കുന്നു. ഇതിനേക്കാളും ഭീതിദമായ നിലയിൽ സമൂഹത്തിൽ സാംസ്കാരിക ജീർണ്ണത അനുഭവപ്പെടുന്നു. പടിഞ്ഞാറൻ സംസ്ക്കാരത്തിന്റെ മാസ്മരവലയത്തിൽ ജനങ്ങളെ മയക്കിക്കിടത്തി ജീവിത യാഥാർത്ഥ്യങ്ങളെ മൂടിവയ്ക്കാനുള്ള മാധ്യമലോബിയുടെ പരിശ്രമം വിജയിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി ഒരു പുതിയ ഉപഭോഗസംസ്ക്കാരവും അതിനനുസരിച്ച ജീവിതചര്യയും സ്വീകരിക്കാൻ സാധാരണക്കാർ പോലും നിർബന്ധിതരാവുന്നു. ഇത്തരം സാഹചര്യത്തിൽ ഒരു നവസമൂഹസൃഷ്ടിക്കുവേണ്ടിയുള്ള നമ്മുടെ ശ്രമം കൂടുതൽ പ്രയാസമേറിയതായി മാറുന്നു.

ഭക്ഷ്യകാര്യത്തിൽ, ശാസ്ത്രസാങ്കേതികവിദ്യയുടെ കാര്യത്തിൽ അങ്ങനെ ചില ചില മേഖലകളിലെ വളർച്ച ചൂണ്ടികാട്ടി അഭിമാനിക്കാൻ ശ്രമിക്കുന്ന 85 ശതമാനത്തോളം പേരെ പാപ്പരീകരിച്ച് 15 ശതമാനത്തോളം പേരെ തടിച്ചു കൊഴിക്കുവാൻ അവസരം നല്ക്കുന്ന ആസൂത്രണരീതിയെ അപഗ്രഥിക്കുവാനും പോരായ്മകൾ തിരുത്തുവാനും മെനക്കെട്ടില്ല. ആ പാപത്തിന്റെ ഫലം ഏറെക്കുറെ അനുഭവിച്ചു തീർത്ത നമ്മുക്കു ഇനി മാറി ചിന്തിക്കാതെ നിവൃത്തി ഇല്ല. അതിന്റെ തുടക്കമാണ് ആശൂത്രണരംഗത്ത് ഇന്ത്യയ്ക്ക് ആകെ മാതൃകയാക്കാവുന്ന കേരളത്തിന്റെ ജനകീയാസൂത്രണം.

ഓരോ പ്രദേശത്തിന്റേയും, ഭൂപ്രകൃതിക്കോ, ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കോ യോജിച്ച പദ്ധതികൾഉല്ല ഇവിടെ അടിച്ചേല്പിക്കപ്പെട്ടത്. കേന്ദ്രീകരണത്തിന്റെ മുഖമുദ്രകളായ കാലവിളംബവും, അഴിമതിയും പദ്ധതിപ്രവർത്തനങ്ങളിൽ മുന്നിട്ടു നിന്നു. സ്ഥലജലവിഭവങ്ങളുടെ സാധ്യതയും പാഴായി പോകുന്ന അധ്വാനശേഷിയും കൂട്ടിയിണക്കി പ്രയോജനപ്രദമായ പദ്ധതികൾ സമയബന്ധിതമായി ജനകീയപങ്കാളിത്തത്തോടെ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി, നാശോന്മുഖമായ കൃഷി, വൻകിട ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയവ നാം നേടിയ സാമൂഹ്യനേട്ടങ്ങൾ പോലും നിലനിർത്തുവാൻ

കഴിയാത്ത അവസ്ഥയിൽ എത്തിക്കുന്നു. ജനങ്ങളിൽ ഒരു പുതിയ വികസന കാഴ്ചപ്പാടു വളർത്താനും അവരിൽ ശുഭാപ്തിവിശ്വാസവും പ്രതീക്ഷയും ദിശാബോധവും സൃഷ്ടിക്കാനും നമ്മുക്കു കഴിയണം. നാടിന്റെ വികസനപ്രക്രിയയിൽ ജനങ്ങളെ പങ്കാളികളാക്കികൊണ്ടുമാത്രമേ ഈ ലക്ഷ്യം നേടാൻ കഴിയൂ.

73 ാം ഭരണഘടന ഭേദഗതിയോടെ ത്രിതലപഞ്ചായത്തു സംവിധാനവും അധികാരവികേന്ദ്രീകരണവും ഏറെകുറെ നടപ്പിലായി കഴിഞ്ഞു. മുകളിൽ നിന്നും താഴോട്ടു എന്നതിനു പകരം, താഴെ തട്ടിൽ നിന്ന് പദ്ധതികൾ ആവിഷ്കരിക്കിവാൻ ഗ്രമീണ ജനതയ്ക്ക് അവസരം കൈവന്നു. പദ്ധതി തുകയുടെ 45 ശതമാനം ത്രിതലപഞ്ചായത്തു സംവിധാനത്തിൽ കൂടി വിനയോഗിക്കുമെന്ന് ഉറപ്പായി. പദ്ധതി രൂപീകരണം, നിർവ്വഹണം, മേൽനോട്ടം എന്നീ ചുമതലകൾ ജനങ്ങളിൽ നിക്ഷിപ്തമായി. കക്ഷിരാഷ്ട്രീയതിനതീതമായി ഏവരുടേയും ശ്രദ്ധ പിടിച്ചു പറ്റാൻ ഈ പദ്ധതിക്കു കഴിഞ്ഞു.

1996 സെപ്റ്റംബർ 6 മുതൽ 8 വരെ ചാലക്കുടി ഹിൽവൈ ടൂറിസ്റ്റു ഹോമിൽ നടന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ട പരിശീലനത്തിൽ പഞ്ചായത്തിൽ നിന്നും 15 പേർ പങ്കെടുത്തു. തുടർന്നു ജനകീയാസൂത്രണത്തിന്റെ പഞ്ചായത്തുതല ഉദ്ഘാടനം, സംസ്ഥാനതല ഉദ്ഘാടന ദിവസം തന്നെ, കല്ലേങ്കര കോൺഫറൻസ് ഹാളിൽ കൂടിയ യോഗത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എം. എസ്. മൊയ്തീൻ നിർവ്വഹിച്ചു. ഒന്നാം ഘട്ട പഞ്ചയത്തു തല പരിശീലനം 15.9.96 ൽ കോൺഫറൻസ് ഹാളിൽ വച്ചു നടന്നു. ശ്രീ. പി.കെ സുധാകരൻ മാസ്റ്ററെ പഞ്ചായത്തു വികസന സമിതി കൺവീനറായി തെരെഞ്ഞെടുത്തു. പരിശീലനത്തിൽ 120 പേർ പങ്കെടുത്തു. ഓരോ വാർഡിലും വിശേഷാൽ ഗ്രാമസഭ നടന്ന തീയതികളും പങ്കെടുത്തവരുടെ എണ്ണവും പട്ടികയിൽ കൊടുക്കുന്നു.

| വാർഡ് | തീയതി | പങ്കെടുത്തവർ | | ആകെ |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | |
| 1 | 12.10.96 | 124 | 57 | 181 |
| 2 | 01.10.96 | 117 | 23 | 140 |
| 3 | 28.09.96 | 107 | 46 | 153 |
| 4 | 01.10.96 | 191 | 29 | 220 |
| 5 | 12.10.96 | 170 | 34 | 204 |
| 6 | 06.10.96 | 126 | 25 | 151 |
| 7 | 06.10.96 | 124 | 31 | 155 |
| 8 | 27.06.96 | 95 | 52 | 147 |
| 9 | 29.09.96 | 103 | 5 | 108 |
| 10 | 12.10.96 | 121 | 38 | 159 |
| 11 | 28.10..96 | 92 | 28 | 120 |
| 12 | 02.10.96 | 200 | 61 | 261 |
| 13 | 28.10.96 | 168 | 39 | 207 |
| 14 | 29.10.96 | 210 | 46 | 256 |
| ആകെ | | 1948 | 514 | 2462 |

പരിശീലനം നേടിയവരുടെ സഹകരണത്തോടെ വികസനപരിപ്രേക്ഷ്യം രൂപപ്പെടുത്തുവനാവശ്യമായ പ്രഥമ ദ്വിതീയ വിവരങ്ങളും വീടുവീടാന്തരം കയറിയറങ്ങി ശേഖരിച്ചുവെന്ന ചാരിതാർത്ഥ്യജനകമാണ്.

ഗ്രാമസഭകളിൽ നടന്ന ഗൗരവമാർന്ന ചർച്ചക്കുശേഷം നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു. 22.10.96 ൽ കൂടിയ വിദഗ്ദ്ധസമിതി വാർഡുതല നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു.

1996 നവംബർ 3 ന് ആളൂർ എസ്.എൻ.വി ഹൈസ്ക്കൂളിൽ വെച്ച് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള രണ്ടാംഘട്ട പരിശീലനം പൂർത്തിയാക്കി.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് ഒട്ടേറെ മനുഷ്യാധ്വാനം ആവശ്യമായി വന്നിട്ടുണ്ട്. സേവന മനോഭാവത്തോടെ ആ ദൗത്യം ഏറ്റെടുത്ത എല്ലാവരേയും പ്രത്യേകിച്ച് ഈ പ്രവർത്തനവുമായി സഹകരിച്ച വകുപ്പുദ്യോഗസ്ഥന്മാരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

സമയപരിമിതിക്കുള്ളിൽ തയ്യാറാക്കേണ്ടിവന്ന റിപ്പോർട്ട് സമ്പൂർണ്ണമാണെന്നോ സമ്പുഷ്ടമാണെന്നോ അവകാശപ്പെടുന്നില്ല. ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രാപകൽഭേദമെന്യേ പ്രവർത്തിച്ച പി.കെ. സുധാകരൻ മാസ്റ്റർ (പഞ്ചായത്തു വികസനസമിതി കൺവീനർ), ടി.ഡി. ദിവാകരൻ, യു.കെ പ്രഭാകരൻ, എം. എസ്. ജയചന്ദ്രൻ, കെ.കെ. അജിത്കുമാർ, സാജൻ തോമസ്, പി.ബി. ബാബു, കെ. എൽ. റോയ്, ടി.വി. ഷാജു, ഗോപാലകൃഷ്ണമേനോൻ, ടി.ഇ. വർഗീസ്, ഏ.കെ. ഗോപി, ഷംസാദ്, ബിജു കണ്ണംകുന്നി, എ.ടി. ഉണ്ണികൃഷ്ണൻ എന്നിവരോടും വികസനഭൂപടം തയ്യാറാക്കുന്നതിന് പഠനപര്യടനം നടത്താൻ മുന്നോട്ടുവന്ന ആനിജോസഫ്, പി.സി. ശാന്ത, എ.പി. ഗോപി, കെ. എ. തങ്കപ്പൻ, ജോസ് പി. കളത്തിങ്കൽ, എൻ. എ ദേവസിക്കുട്ടി, കേളപ്പൻ, സി. കെ തോമസ്, എം.എസ്.മൊയ്തീൻ, കാതറിൻ പോൾ, എം. യു സുദർശനൻ മാസമറ്റർ, ജോസഫ്, പത്രോസ് മാസ്റ്റർ, റോസി ദേവസിക്കുട്ടി, എന്നിവരോടും പഞ്ചായത്ത സമിതിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തട്ടെ.

ഈ പഞ്ചായത്തിനെ വിജയകരമായി നയിച്ച കർമ്മധീരരായ മുൻഗാമികളെ ആദരപൂർവ്വം സ്മരിക്കുന്നു.


വിശദവും ഗൗരവപൂർണ്ണവുമായ ചർച്ചയിലൂടെ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമ്പുഷ്ടവും സമ്പൂർണവുമാക്കാൻ നിങ്ങളോരോരുത്തരും തയ്യറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ആളൂർ ഗ്രാമ പഞ്ചായത്തുനിവാസികളുടെ പേരിൽ ഈ വികസന രേഖ ഞാനിവിടെ സവിനയം സമർപ്പിക്കുന്നു.

ആളൂർ
20-11-96


എം. എസ്. മൊയ്തീൻ
പ്രസിഡണ്ട്
ആളൂർ ഗ്രാമപഞ്ചായത്ത്

# പൊതു വിവരങ്ങൾ

| | | |
|---|---|---|
| സംസ്ഥാനം | : | കേരളം |
| ജില്ല | : | തൃശ്ശൂർ |
| താലൂക്ക് | : | മുകുന്ദപുരം |
| ബ്ലോക്ക് | : | മാള |
| പഞ്ചായത്ത് | : | ആളൂർ പഞ്ചായത്ത് |
| വില്ലേജുകൾ | : | ആളൂർ, താഴെക്കാട്, കല്ലേറ്റുംകര |
| വിസ്തീർണ്ണം | : | 33.39 ച.കി.മീ. |
| ജനസംഖ്യ | : | 37456 (1991 സെൻസസ് പ്രകാരം) |




25


N
കൊടകര പഞ്ചായത്ത്
മാള പഞ്ചായത്ത്
നെൽകൃഷി
തെങ്ങുകൃഷി
കവുങ്ങ് കൃഷി
കപ്പ കൃഷി
റബ്ബർ തോട്ടം
കുന്ന് പ്രദേശം

# ആളൂർ പഞ്ചായത്ത് സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഇന്ത്യാ മഹാരാജ്യത്തിന്റെ തെക്കേ അറ്റത്തുള്ള ചെറിയ സംസ്ഥാനമാണ് കേരളമെങ്കിലും നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ കേരളത്തിന്റെ പ്രസിദ്ധി ലോകമെമ്പാടും വ്യാപിച്ചിരുന്നു. കേരളത്തിന്റെ സുഗന്ധ വ്യഞ്ജനങ്ങൾ തേടി വിദേശവ്യാപികൾ കേരളകരയിലെത്തിയിരുന്നു. തിരുവിതാംകൂറും കൊച്ചിയും മലബാറുമെല്ലാം, സ്വന്തം നിലയ്ക്ക് ചരിത്രത്തിൽ സ്ഥാനം പിടിച്ചവയായിരുന്നു.ഈ മൂന്നു രാജ്യങ്ങളും ചേർന്നുണ്ടായ കേരളം, പഴയകാര്യത്തിലും പ്രത്യേകിച്ച് സാക്ഷരതാ പ്രസ്ഥാനത്തിലൂടെ ഇന്ത്യയ്ക്കും ലോകരാജ്യത്തിനും മാതൃക സൃഷ്ടിച്ചു. ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും നാം കൈവരിച്ച നേട്ടങ്ങൾ കേരളാമോഡൽ എന്നപേരിൽ പരക്കെ ചർച്ചചെയ്യപ്പെടുന്നു., ഇപ്പോഴിതാ വീണ്ടുമൊരു മാതൃകാ ജനകീയാസൂത്രണം.

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂർ ജില്ലയുടെ ഏതാണ്ട് തെക്കുഭാഗത്തായി കിടക്കുന്ന ഒരു പഞ്ചായത്താണ് ആളൂർ. പഞ്ചായത്തിന്റെ കിഴക്കു ചാലക്കുടി മുനിസിപ്പാലിറ്റിയും, തെക്ക് മാള പഞ്ചായത്തും, പടിഞ്ഞാറ് വേളൂക്കര പഞ്ചായത്തും, വടക്കു മുരിയാട്, കൊടകര പഞ്ചായത്തുകളും, സ്ഥിതിചെയ്യുന്നു. ഇരിങ്ങാലക്കുട റെയിൽവേസ്റ്റേഷൻ (കല്ലേറ്റുംകര) ഈ പഞ്ചായത്തിലാണ്.കലാകായിക സാംസ്കാരിക മേഖലകളിൽ ആളൂരിന്റെ സ്ഥാനം മുൻനിരയിൽതന്നെയാണ്. താഴെക്കാട്, ആളൂർ, കല്ലേറ്റുംകര എന്ന റവന്യൂ വില്ലേജുകൾ ഉൾപ്പെട്ടതാണ് ആളൂർ പഞ്ചായത്ത്. ഇതിൽ താഴെക്കാട് 1923 വരെ ചാലക്കുടി വില്ലേജിലാണ് ഉൾപ്പെട്ടിരുന്നത്. പ്രാചീന കേരളത്തിലെ 63 ദേശങ്ങളിലൊന്നായ ഇരിങ്ങാലകുടയിൽ ഉൾപ്പെട്ടതാണ് ആളൂർ പഞ്ചായത്തിൽ പെടുന്ന പ്രദേശങ്ങൾ.

സ്ഥലനാമോൽപത്തി

ഈ പഞ്ചായത്തിൽപെടുന്ന പല പ്രദേശങ്ങളും ജനവാസം കുറഞ്ഞതും വന്യമൃഗങ്ങൾ വിഹരിച്ചിരുന്നവയുമാണ്.ആലുകൾ ധാരാളമുള്ള സ്ഥലമായിരുന്ന ഇത്. ആൽ + ഊർ =ആലൂർ ആളൂർ. സ്ഥലപുരാണ ഗവേഷകരുടെ നിഗമനവും ഈ പരാമർശത്തെ അംഗീകരിക്കുന്നു. സമീപമുള്ള ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ആളുകൾ കൂടുതലായി വസിച്ചിരുന്ന പ്രദേശം എന്ന അർത്ഥത്തിൽ ആളൂർ എന്നറിയപ്പെടുന്നുവെന്നും അഭിപ്രായമുണ്ട്. ആനത്തടം, ആനപ്പാറ, പുലിപ്പാറകുന്ന്, മാനാട്ടകുന്ന് (മാനുകളുള്ള കാട്ടുകുന്ന്) എന്നീ പേരുകളും വന്യമൃഗങ്ങളുമായി ബന്ധപ്പെട്ടവയാണ്.

പഞ്ചായത്തിലെ വില്ലേജുകളിലും താഴെക്കാട് തഴൈക്കാടായിരുന്നു. താഴെ+തെങ്ങ്. തെങ്ങുകൾ ധാരാളമായി ഉണ്ടായിരുന്ന സ്ഥലം എന്നഅർത്ഥത്തിൽ തഴൈക്കാട് എന്ന് അറിയപ്പെട്ടു. എന്ന് പ്രസിദ്ധ ചരിത്ര ഗവേഷകനും കൊച്ചിയിലെ ആക്ടിംഗ് ദിവാനുമായിരുന്ന കോമാട്ടിൽ അച്യുതമേനോൻ അഭിപ്രായപ്പെടുന്നു. ദേവരുകാട്, കിഴക്കേകാട്, പതിക്കാട് എന്നീ കരപ്പേരുകളും കാടിന്റെ ആധികൃത്തെ സൂചിപ്പിക്കുന്നവയാണ്.

കരക്കുടിശിക വരുത്തുന്നവർക്കുള്ള ശിക്ഷാവിധി മുതുകിൽ കല്ലുകയറ്റി നിർത്തുക എന്നതായിരുന്നു. അത്തരം ശിക്ഷകൾ നടപ്പാക്കിയിരുന്ന സ്ഥലമാണ് കല്ലേറ്റുംകര (കൽ +ഏറ്റും+കര) എന്നറിയപ്പെട്ടത്. ഇന്നത്തെ റെയിൽവേ സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നുവത്രെ പ്രസ്തുത ശിക്ഷ നടപ്പിലാക്കിയിരുന്നത്. അതിനടുത്തുതന്നെ ഒരു കുതിരപന്തിയുമുണ്ടായിരുന്നുവെന്നു പഴമക്കാർ പറയുന്നു. ഈ പഞ്ചായത്തിലെ പ്രബലസമുദായങ്ങളാണ് ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾ. സഹോദര്യത്തിലും സൗഹൃദത്തിലും മതസൗഹാർദത്തിലും ഊന്നിനിന്ന് എല്ലാവരും ഏകോദരസഹോദരങ്ങളെപോലെ കഴിയുന്നു. എന്നുള്ളത്. അഭിമാനകരമായ അനുഭവമാണ്.

ആരാധനാലയങ്ങൾ

പ്രാചീനതയിലും വൈവിധ്യത്തിലും ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് 'ഈ പഞ്ചായത്ത് മുന്നിട്ടുനിൽക്കുന്നു. താഴെക്കാട് ശിവക്ഷേത്രം, വരദനാട് മഹാവിഷ്ണുക്ഷേത്രം, നാറാണത്ത് മഹാവിഷ്ണു ക്ഷേത്രം, ഇരിങ്ങാടപ്പിള്ളി ഭഗവതിക്ഷേത്രം, ശ്രീധനക്കാവ് ഭഗവതിക്ഷേത്രം, ആളൂർ ആഞ്ജനേയ ക്ഷേത്രം തുടങ്ങിയ ഹിന്ദുക്ഷേത്രങ്ങളും അനേകം കുടുംബക്ഷേത്രങ്ങളും ആളൂർ സെന്റ് ജോസഫ് പള്ളി, തഴേക്കാട് സെന്റ് സെബാസ്റ്റ്യൻപള്ളി കല്ലേറ്റുംകര ഉണ്ണിമിശിഖ പള്ളി, ആളൂർ സെന്റ് മേരീസ് പള്ളി, കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് പള്ളി. ആനത്തടം സെന്റ് തോമസ് പള്ളി, ആളൂർ ബി.എൽ.എം. വെള്ളാംചിറ ഫാത്തിമ്മാതാ പള്ളി തുടങ്ങിയ ക്രിസ്തീയ ദേവാലയങ്ങളും പ്രസിദ്ധ ചന്ദനകുടം ഉത്സവം നടക്കുന്ന കൊമ്പൊടിഞ്ഞാമക്കൽ പള്ളിയും കല്ലേറ്റുംകരയിലേയും കാരൂരിലേയുംജമാ പള്ളികളുമാണ് പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ

ഐതീഹ്യങ്ങൾ

ആദി ദ്രാവിഡരുടെ ഒരു പ്രധാന സങ്കേതമായിരുന്നു ഈ പ്രദേശം. കല്ലേറ്റുംകര കേന്ദ്രീകരിച്ച് പഞ്ഞപ്പിള്ളി

പ്രദേശത്തായി അയ്യൻ തിരുകണ്ടൻ എന്ന ദേശവാഴി ഈ ദേശം അടക്കി വാണിരുന്നു. അന്നത്തെ നാടുവാഴിയെ ആർഭാടമായി സ്വീകരിക്കുവാൻ വെറ്റിലകൊണ്ട് അതിവിശാലമായ ഒരു പന്തൽ തീർത്തത് ഇന്നത്തെ പന്തൽപാടത്തായിരുന്നു വെന്നു പറയുന്നു. സ്വർണലിഹിത തൂണുകളും സ്വർണതാലമേന്തിയ സുന്ദരിമാരും സ്വർണനാണയം നിറച്ച സ്വർണപറയും കൊണ്ടാണത്രെ രാജാവിനെ സ്വകരിച്ചത്. സമ്പദ് സമൃദ്ധിവിളിച്ചറിയിക്കുന്ന ഈ പ്രകടനങ്ങൾ നാടുവാഴിയുടെ അസൂയയെ ആളികത്തിച്ചുവെന്നും തന്റെ മുന്നിൽ പ്രണമിച്ച ദേശവാഴിയുടെ തല നാടുവാഴി ഉടവാളൂരി വെട്ടമാറ്റിയെന്നും അതോടെ ആദി ദ്രാവിഡ വാഴ്ച അവസാനിച്ചുവെന്നാണു ഐതിഹ്യം. പഞ്ഞപിള്ളി ഒരു ബുദ്ധമതകേന്ദ്രമായിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു.

### ഗണിതശാസ്ത്രത്തിന് വിലയേറിയ സംഭാവന

ഇരിഞ്ഞാലക്കുട (കല്ലേറ്റുംകര) തീവണ്ടിയാപ്പീസിനു സമീപം സ്ഥിതിചെയ്യുന്ന ഇരിങ്ങാലപ്പിള്ളി ഇല്ലവും ഭഗവതി ക്ഷേത്രവും പ്രാചീനതയിലും ഔന്നിത്യത്തിലും എടുത്തുപറയേണ്ടുന്ന ഒന്നാണ്. ആധുനിക ഗണിതശാസ്ത്രത്തിന് വിലപ്പെട്ട സംഭാവനകൾ നല്കിയ സംഗമഗ്രാമമാധവൻ എന്ന ഗണിതശാസ്ത്രജ്ഞൻ ഇരിങ്ങാലപ്പിള്ളി ഇല്ലത്തുകാരനായ മാധവൻ നമ്പൂതിരിയാണ്.

ഗോളവിത്ത് എന്ന അപരനാമത്തിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. വൃത്തത്തിന്റെ പരിധിയും വ്യാസവും തമ്മിലുള്ള ബന്ധം പൈയുടെ വില കൃത്യമായി കണക്കാക്കുന്ന സൂത്രവാക്യവും ലോകത്തിനാദ്യമായി സംഭാവനചെയ്തത് ഇദ്ദേഹമാണ്. വേണ്വാരോഹം ചക്രവാക്യനി എന്നിവയാണ് അദ്ദേഹം രചിച്ച പ്രധാന ഗ്രന്ഥങ്ങൾ. ആര്യഭട്ടന്റെ പ്രധാന അനുയായിയായിരുന്നു അദ്ദേഹം.

### താഴെക്കാട്പള്ളി ശാസനം

കേരളത്തിലെ കൃസ്ത്യാനികളുടെ ചരിത്രത്തിലേക്ക് വെളിച്ചംവീശുന്ന ഒരു പ്രാചീന ചരിത്ര രേഖയാണ് താഴെക്കാട് പള്ളി ശിലാശാസനം. രാജ്യസിംഹപെരുമാൾ എന്ന ചേരരാജാവ് ഇവിടെ കുടിയേറിയ മണിഗ്രാമക്കാരായ ചാത്തൻ, വടുകൻ, ഇരവികൊത്തൻ എന്നീ നസ്രാണികൾക്ക് സ്ഥലവും കച്ചവടത്തിനുള്ള അവകാശവും അനുവദിച്ചുകൊടുത്തുകൊണ്ടുള്ള രേഖയാണിത്. ഉദ്ദേശം 8- 10 ശതാബ്ദത്തലേതാണ് ഈ രേഖയെന്ന് ചരിത്രഗവേഷകൻമാർ ഊഹിക്കുന്നു. താഴെക്കാട് വാസുപുരം ക്ഷേത്രത്തിലുള്ള പുരാരേഖ ഇലിയും വ്യാഖ്യാനപ്പെടേണ്ടിയിരിക്കുന്നു. 800 കോല്ലത്തിലധികം പഴക്കമുള്ള വട്ടെഴുത്തുലിപിയിൽ എഴുതപ്പെട്ടതാണ് പ്രസ്തുത ശിലാലിഖിത്.

### മഹത്‌വ്യക്തികളുമായുള്ള ബന്ധം

പറയിപെറ്റ പന്തിരുകുലത്തിലെ നീറാണത്തുഭ്രാന്തൻ പ്രതിഷ്ഠിച്ചതാണെന്നു വിശ്വസിക്കപ്പെടുന്ന നാറാണത്തു മഹാവിഷ്ണുക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഇവിടെ കാണാം. നാറാണത്തുകുളവും നാറാണത്തുപാടവും ഇദ്ദേഹത്തിന്റെ പേരിൽ അറഅയപ്പെടുന്നു.

ശ്രീനാരായണഗുരു നാറാണത്തുപാടത്തിന്റെ കിഴക്കുള്ള ഇടക്കുഴി പ്രദേശത്തെ പാറക്കൂട്ടങ്ങളിലും, ഗുഹകളിലുണ ധ്യാനനിരതനായി കഴിച്ചുകൂട്ടിയിട്ടുണ്ടെന്നു പഴമക്കാർ പറയുന്നു. ടിപ്പു സുൽത്താന്റെ പടയോട്ടകാലത്ത് തമ്പടിച്ച മുട്ടത്തൂർക്കുന്ന് കൊമ്പിടിഞ്ഞാമാക്കൽ പറമ്പിറോഡിനുസമീപത്താണ്. സുൽത്താനും സൈന്യവും ഇരുന്നിടുത്ത് ഉണ്ടായിരുന്ന ആലിന്റെ കൊമ്പ് ഒടിഞ്ഞുവീണ് നാശനഷ്ടങ്ങൾ ഉണ്ടായിയെന്നു് അതിനുശേഷമാണ് കൊമ്പൊടിഞ്ഞ ആലുക്കൽ- കൊമ്പൊടിഞ്ഞാമാക്കൽ എന്ന് പ്രദേശം അറിയപ്പട്ടതെന്നും വിശ്വസിക്കപ്പെടുന്നു.

കൊച്ചിയിലെ മന്ത്രിയായിരുന്ന പറമ്പി ലോനപ്പന്റെ സ്മാരകമായി അദ്ദേഹത്തിന്റെ കാലത്ത് ആരംഭിച്ച റോഡിന് പറമ്പി റോഡ് എന്ന് ജനങ്ങൾ പേരിട്ടു. മാള-തൃശൂർ റോഡും ഇരിങ്ങാലക്കുട- ചാലക്കുടി എഴുന്നള്ളത്ത് പാത റോഡും ചേരുന്ന പ്രദേശമാണ് പറമ്പിറോഡെന്ന് ഇന്നറിയപ്പെടുന്നത്. ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ നിന്നും കൂടപ്പുഴയിലേക്ക് ആറാട്ട് പോകുന്ന വഴിയാണ് എഴുന്നള്ളത്ത് പാത.

ആളൂർ അച്ചൻകുന്നിലെ ബംഗ്ലാവാണ് ഇന്നത്തെ ബി. എൽ. എം. ഇവിടെവച്ചാണ് ഫാ. വടക്കൻ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുണ്ടാക്കി പ്രവർത്തനമാരംഭിച്ചത്. 1959ലെ വിമോചന സമരം ആളൂർ പഞ്ചായത്തിലെ കുഴിക്കാട്ടുശ്ശേരി കാരൂർ ഭാഗങ്ങളിൽ അക്രമങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

ശ്രീദേവി നിഘണ്ടു കർത്താവായ ശ്രീ. കരുണാകരമേനോൻ, ഗ്രന്ഥകാരനായ പ്രൊഫ. A. C. വാസു, സ്വാതന്ത്രസമരസെനാനിയും ഐ. എൻ. എ. ഭടനുമായ ശ്രീ. ഇ. എ. കുമാരൻ തുടങ്ങിയവർ ഈ പഞ്ചായത്ത് വാസികളാണ്.

എ. സി. റപ്പായി മാസ്റ്റർ ചീഫ് എഡിറ്ററായ ഗ്രാമധ്വനിയാണ് ഈ ഗ്രാമത്തിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന എക പത്രം.

മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പരിപാടികളും അവയ്ക്കടിമയായവരെ അതിൽ നിന്ന് മോചിപ്പിക്കുവാൻ കൗൺസിലിങ്ങും നടത്തുന്ന "നവചൈതന്യ" ആളൂർ ബെറ്റർ ലൈഫ് സെന്ററിലാണ്

പ്രവർത്തിക്കുന്നത്.

**ജനപ്രതിനിധികൾ**

നിയമസഭ പുനസ്ഘടിപ്പിക്കും മുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ ആളൂർ നിയമസഭയിൽനിന്ന് പ്രജാമണ്ഡലം സ്ഥാനാർത്തിയും ആളൂർ R. M. High School അദ്ധ്യാപകനുമായിരുന്ന ശ്രീ. വി. കെ. ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു. കൊച്ചിയിലെ മന്ത്രിയായിരുന്ന പറമ്പി ലോനപ്പനെയാണ് ആദ്ദേഹം പരാജയപ്പെടുത്തിയത്. പിന്നീട് പൂമംഗലം മണ്ഡലമാക്കിമാറ്റിയപ്പോഴും ജോസഫ് മാസ്റ്റർ തന്നെ വിജയിച്ചു.

1954ൽ നടന്ന തെരഞ്ഞെടുപ്പിൽ ആളൂർ ഉൾപ്പെട്ടകൊടകര മണ്ഡലത്തിൽ നിന്ന് പ്രജാസോഷ്യലിസ്റ്റ് സ്ഥാനാർത്ഥിയായ പൊലിയേടത്ത് കേശവ മേനോൻ വിജയിച്ചു.

ആദ്യകേരളനിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ആളൂർ ഉൾപ്പെട്ട ചാലക്കുടി ദ്വയാങ്കമണ്ഡലത്തിൽ നിന്ന് പ്രജാസോഷ്യലിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായിരുന്ന സി. ജി. ജനാർദ്ദനനും, കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയുമായിരുന്ന പി. കെ. ചാത്തൻ മാസ്റ്റർ വിജയിച്ചു. സി. ജി. ജനാർദ്ദനനൻ പരാജയപ്പെടുത്തിയത് മുൻ മുഖ്യമന്ത്രിയും രാഷ്ട്രീയരംഗത്തെ പ്രഗൽഭനുമായുരുന്ന പനമ്പിള്ളി ഗോവിന്ദമേനോനെയായിരുന്നു.

പിന്നീട് നടന്ന തെരഞ്ഞെടുപ്പുകളിൽ ചാലക്കുടിയിൽ നിന്ന് ശ്രീ. പി. പി. ജോർജ്ജും, മാളയിൽ നിന്ന് തുടർച്ചയായി അഞ്ചുപ്രാവശ്യം ശ്രീ. കെ. കരുണാകരനും വിജയിച്ചു. രണ്ടു പ്രാവശ്യവും കെ. കരുണാകരനെതിരെ മത്സരിച്ചത് ആളൂർ പഞ്ചായത്തിലെ ശ്രീ. പോൾ കോക്കാട്ടാണ്. പിന്നീട് ശ്രീ. ഗോപാലകൃഷ്ണമേനോനും, ശ്രീമതി. മീനാക്ഷി തമ്പാനും ശ്രീ. കരുണാകരന്റെ രാജിക്കുശേഷം നടന്ന ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ. വി. കെ. രാജൻ, ശ്രീമതി. മേഴ്സി രവിയെ പരാജയപ്പെടുത്തി വിജയശ്രീലാളിതനായി.

**പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ**

പ്രായപൂർത്തി വോട്ടവകാശം നിലവിൽവരുന്നതിനുമുമ്പ്, ഗവൺമെന്റ് നോമിനേഷൻ വഴി ഭരണസമിതിയെ നിശ്ചയിക്കുകയായിരുന്നു പതിവ്. കരംകൊടുക്കുന്നവർക്ക് മാത്രം വോട്ടവകാശമുണ്ടായിരുന്ന കാലഘട്ടവുമുണ്ടായിരുന്നു. തിരുകൊച്ചിയിൽ ആദ്യമായി നിലവിൽ വന്ന പഞ്ചായത്തുകളിൽ ഒന്നാണ് ആളൂർ പഞ്ചായത്ത്. ആദ്യ പഞ്ചായത്ത് പ്രസിഡന്റ് തോട്ടപ്പിള്ള തോമൻ കുഞ്ഞിപ്പാലുവാണ്. പിന്നീട് പ്രസിഡന്റായി അധികാരമേറ്റത് വില്ലേജ് കോർട്ട് ജഡ്ജിയും പൊതുകാര്യപ്രസക്തനുമായിരുന്ന ശ്രീ. വർഗീസ്. എ. അംബൂക്കനായിരുന്നു.

പ്രായപൂർത്തിവോട്ടവകാശം നിലവിൽവന്നതിനുശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ ഇ. സി. അയ്യപ്പക്കുട്ടി ഇ. എം. കുഞ്ഞിക്കോരൻ, എം. ഗോവിന്ദമേനോൻ, എൻ. സി. അന്തോണി, കെ. എ. കൊച്ചപ്പു, പി. വി. തോമസ്, പി. പരമേശ്വരമേനോൻ, കെ. കുഞ്ഞിരാമൻ, ടി. ഒ. ആന്റണി അന്നിവർ വിജയികളായി. പി, പരമേശ്വരമേനോനായിരുന്നു പ്രസിഡണ്ട്, പി. പരമേശ്വരമേനോൻ രാജിവച്ചപ്പോൾ ടി. ഒ. ആന്റണി പ്രസിഡണ്ടായി. ഈ കാലഘട്ടത്തിലാണ് നിലവിലുള്ള പഞ്ചായത്ത് ഓഫീസിന്റെ ശിലാസ്ഥാപനം നടന്നത്.

1963ൽ നടന്ന രണ്ടാമത്തെ തെരഞ്ഞെടുപ്പിൽ എല്ലാവരും കക്ഷിരഹികരായാണ് മത്സരിച്ചത്. കോ. വി. ജേക്കബ്, എൻ. എൽ. തോമസ്, കെ കുഞ്ഞിരാമൻ, ടി, എ. ആന്റണി, വി. രാമനാഥനായിഡു, പി. ജി. ഉണ്ണികൃഷ്ണൻ, ജോസ്. വി. കണ്ണൂക്കാടൻ, എ. ജെ. ജോസഫ്, എ. സി. റപ്പായി, എം. പി. റപ്പായി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. എം. പി. റപ്പായി പ്രസിഡണ്ടും, ടി, എ. ആന്റണി വൈസ്പ്രസിഡണ്ടുമായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് ഒഴിവുവന്ന സ്ഥലങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പുകളിൽ ഇ. ഗോപാലകൃഷ്ണമേനോൻ, എൻ. എ. പരമേശ്വരൻ, പി. കെ. ഇറ്റാമൻ, സി. കെ. ജേക്കബ് എന്നിവർ വിജയിച്ചു. ഈ കമ്മിറ്റി 16 വർഷക്കാലം തുടരാനുള്ള സാഹചര്യമുണ്ടായി.

1979ൽ നടന്ന 3-ാമത്തെ തെരഞ്ഞെടുപ്പിൽ ടി. ഐ. വർഗീസ്, ഇ. കെ. സുബ്രഹ്മണ്യൻ, സി. എൽ. ആന്റണി, പി. എ. തോമസ്, എം. യു. സുദർശൻ, ടി. വി. വാസു, ജോസ്. വി. കണ്ണൂക്കാടൻ, ടി. എൽ. ആന്റണി, എം. എ. രാമൻകുട്ടി, ടി. സി. ഫിലോമിന, ഇ. കെ. സിദ്ധാർത്ഥൻ, ജോസ്. പി. കളത്തിങ്കൽ എന്നിവരാണ് വിജയിച്ചത്. എം. യു. സുദർശനൻ പ്രസിഡണ്ടും, ടി എൽ. ആന്റണി വൈസ് പ്രസിഡണ്ടുമായി.

4-ാമത്തെ തെരഞ്ഞെടുപ്പ് നടന്നത് 1984ലാണ്. കെ. എഫ്. ജോസ്, കെ. കെ. വേലായുധൻ, സി. എം. സെബാസ്റ്റ്യൻ, വി. ആർ. പിഷ്ലാവതി, എം. യു. സുദർശനൻ, എം. എസ്. മൊയ്തീൻ, പി. സി. വെള്ളോൻ, എ. ടി. ആന്റണി, എ. വി. ഗോപി, ജോസ് . പി. കളത്തിങ്കൽ, ഇ. എം. നാരായണൻ, മെരികുട്ടി ജോർജ്ജ്, പോൾ കോക്കാട്ട്,എന്നിവരാണ് വിജയിച്ചത്. പോൾ കോക്കാട്ട് പ്രസിഡണ്ടും ഇ. എം. നാരായണൻ വൈസ് പ്രസിഡണ്ടുമായി തെരഞ്ഞെടുക്കപ്പെട്ടു.

പഞ്ചായത്ത രാജ് നിയമം നിലവിൽ വന്നതിനുശേഷം 1995 Sept. റിൽ നടന്ന തെരഞ്ഞെടുപ്പിൽ കാതറീൻ പോൾ, എൻ. കെ. ജോസഫ്, റോസി ദേവസ്സികുട്ടി, എം. എസ്. മൊയ്തീൻ, എം. എം. ബൈജു, എ. പി. ഗോപി, ആനി ജോസഫ്, എ. കെ. തങ്കപ്പൻ, ഭാരതി പുരുഷോത്തമൻ, എ. സി. ജോൺസൺ, പി. സി. ശാന്ത, ജോസ് പി. കളത്തിങ്കൽ, പി. എ. രാമൻ നമ്പൂതിരി, സി. ഒ. ബോബു, എന്നിവർ

തെരെഞ്ഞെടുക്കപ്പെട്ടു. എം. എസ്. മൊയ്തീൻ പ്രസിഡണ്ടും, പി. സി. ശാന്ത വൈസ് പ്രസിഡണ്ടും കാതറീൻ പോൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായും തെരെഞ്ഞെടുക്കപ്പെട്ടു. രണ്ടാം വാർഡ് മെമ്പർ എൻ. കെ. ജോസഫ രാജിവെച്ച ഒഴിവ് നിലനിൽക്കുന്നു.

കാലഘട്ടങ്ങളിലൂടെ വെല്ലുവിളികളെ നേരിട്ടുകൊണ്ട് മുന്നേറിയ നമുക്ക് ഒരു തിരിഞ്ഞുനോട്ടം കൗതുകകരമായിരിക്കും.

ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലി ആളൂർ പഞ്ചായത്തിലും വ്യാപിച്ചുവെങ്കിലും അതിന്റെ ഭാഗമായി മാറാൻ ഒരു ന്യൂനപക്ഷം ജനത്തിനു മാത്രമേ കഴിഞ്ഞുള്ളൂ. സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളും അവയുടെ പ്രവർത്തനങ്ങളും ചെറിയ തോതിലെങ്കിലും ഇവിടത്തെ സാമൂഹ്യക്രമത്തെ മാറ്റിയെടുക്കാൻ സഹായിച്ചിട്ടുണ്ട്. ജാതിക്കും, അനാചാരങ്ങൾക്കുമെതിരെയുള്ള പ്രവർത്തങ്ങൾ സാമൂഹ്യസംസ്കാരികരംഗങ്ങളിൽ മാറ്റത്തിന് തിരി കൊളുത്തി.

രാഷ്ട്രീയപ്പാർട്ടികളുടെ ഉദയാസ്തമനങ്ങൾക്കിടയിലും ജനഹൃദയങ്ങളിൽ വേരോടിയ പാർട്ടികളും അവയുടെ യുവജന വിഭാഗങ്ങളും ട്രേഡ്യൂണിയനുകളും, കർഷകസംഘടനകളും, വനിതാനിഭാഗങ്ങളും വലിയ സ്വാധീനമാണ് ജനങ്ങളിൽ ചെലുത്തുന്നത്.

രാഷ്ട്രീയരംഗത്ത് പാട്ടകുടിയാൻ വ്യവസ്ഥക്ക് അറുതിവരുത്തിയ ഭൂപരിഷ്കർണ്ണ നിയമം സാമൂഹ്യ ഘടനയെയത്തന്നെ മാറ്റിമറച്ചു. അതുപോലെ വിദ്യഭ്യാസരംഗത്തും മാറ്റത്തിന് നാന്ദികുറിച്ചത് പ്രൊഫ. ജോസഫ് മുണ്ടശ്ശേരുയുടെ വിദ്യഭ്യാസബില്ല് വന്നതോടെയാണ്. ജന്മി- കുടിയാൻ ബന്ധപ്പോലെ മാനേജർ- അധ്യാരകബന്ധത്തിനും മാറ്റം വന്നു. അടിമ മനോഭാവം വിട്ട് അവകാശബോധവും, അഭിമാനബോധവുമുള്ള വ്കതികളായി സമൂഹത്തിൽ ജീവിക്കാൻ ഈ നിയമങ്ങൾ അവരെ പ്രാപ്തരാക്കി .

ദേശീയ പ്രസ്ഥാനങ്ങൾക്കൊപ്പം ഇവിടെ വളർന്നുവന്ന സംഘടിതപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും മാറ്റത്തിന്റെ വേഗത്തിന് ആക്കംക്കൂട്ടി. ജീവിതത്തിന്റെ സമസ്തമേഖലകളിലും പരിവർത്തനം ദൃശ്യമായി. വർഷങ്ങൾക്കുള്ളിൽ നാം നേടിയ പുരോഗതിയുടെ ചിത്രം അഭിമാനിക്കതക്കതാണെങ്കിലും അതിലെ കറുത്തവശങ്ങൾ കാണാതിരുന്നുകൂടെ അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മയും സാമ്പത്തികരംഗത്തെ മുരടിപ്പ്, ഉൽപ്പാദനമേഘലയുടെ മാന്ദ്യവും പൊതുമേഖലാവ്യവസായങ്ങൾ നേരിടുന്ന നിലനിൽപ്പിന്റെ പ്രശ്നങ്ങളും സ്ത്രീകളോടുള്ള 'അവഗണനയും ചൂഷണവും കനത്ത വെല്ലുവിളികളാണ്. ഈ വെല്ലുവിളികളെ എങ്ങിനെ നേരിടാമെന്ന കാര്യത്തിൽ ഉറച്ച തീരുമാനമെടുക്കേണ്ടതുണ്ട്. കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്നും കരുത്താർജ്ജിച്ചുകൊണ്ട് വർത്തമാലകാതത്തിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ നമുക്ക് കഴിയണം.

## ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതിയനുസരിച്ച് ആളൂ2 • പഞ്ചായത്തിനെ നാലുമേഖലകളായിത്തിരിക്കാം:

1. കുന്നിൻ പ്രദേശം
2. ചെരിവുകൾ
3. സമതലങ്ങൾ
4. പാടങ്ങൾ

സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 210 മീ. ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് ആളൂർ പഞ്ചായത്ത്. ഭൂരിഭാഗവും ദാരിദ്രജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഇവിടത്തെ കുന്നിൻപ്രദേശങ്ങളിൽ ജല ലഭ്യത ഒരു വലിയ പ്രശ്നമാണ്. ഉറുംമ്പൻകുന്ന്, പൊരുന്നുകുന്ന്, നമ്പിക്കുന്ന്, മുട്ടത്തൂർക്കുന്ന്, താണിപ്പാറ മുതലായവയാണ് പ്രധാന കുന്നിൻപ്രദേശങ്ങൾ. കശുമാവും തെങ്ങ് എന്നിവയാണ് പ്രധാനകൃഷിവിളകൾ. ചെങ്കൽനിക്ഷേപം ഈപ്രദേശങ്ങളിൽ കാര്യമായുണ്ട്. ആനത്തടം താണിപ്പാറ കാരൂർ ഭാഗങ്ങളിൽ കരിങ്കൽപ്പാറകൾ വ്യാപകമാണ്. ഈ കുന്നുകളിൽ മണ്ണൊലിപ്പ് കാര്യമായിക്കണ്ടുവരുന്നു. വെള്ളത്തിന്റെ അഭാവംമൂലം ഭൂമികൾ തരിശ്ശിടുന്നതായി കാണപ്പെടുന്നു. കുന്നിൻപ്രദേശത്തിനും തുടർച്ചയായിട്ടുള്ള പാടങ്ങളുടേയും ഇടയിലുള്ളതുമായ ഫലഭൂവിഷ്ടിയുള്ള ഭൂവിഭാഗമാണ് ഇവിടത്തെ ചെരിവുകൾ. പ്രധാന കാർഷിയവിളകളെല്ലാം ഇവിടെ കൃഷിചെയ്യപ്പെടുന്നു. തെങ്ങ്, കവുങ്ങ്, വാഴ, കപ്പ, കുരുമുളക്, പച്ചക്കറികൃഷി തുടങ്ങിയവയാണ് പ്രധാനവിളകൾ. തെങ്ങ് കൃഷിയാണ് ഏറ്റവുമധികം. ഇത് വ്യാപകമായി കാറ്റു വീഴ്ചരോഗം ബാധിച്ച അവസ്ഥയിലാണ്. മൊത്തം ഭൂവിഭാഗത്തിന്റെ 60%ത്തോളം തെങ്ങ്കൃഷിയാണ്. കുരുമുളക്കൃഷിക്ക് വ്യാപകമായ രോഗം കാണപ്പെടുന്നുണ്ട്. രോഗബാധ്യതമൂലം വെട്ടിമാറ്റപെട്ടുള്ളതും, ഇപ്പോൾ പുതിയതായി വെച്ചുപിടിപ്പിക്കുന്നതായും കണ്ടുവരുന്നു. കുന്നിൻപ്രദേശങ്ങളുൽ പെയ്യുന്ന മഴവെള്ളം വളരെ വേഗത്തിൽ ഒലിച്ച് പുഴയിലേക്ക് പോകുന്നത് മണ്ണൊലിപ്പിന് കാരണമാകുന്നു. ചാലക്കുടി ഇറിഗേഷൻ വലതുകര കനാൽ ഈ പ്രദേശത്തുകൂടിയാണ് ഒഴുകുന്നത്. മണൽകലർന്ന മണ്ണ്, വളക്കൂറുള്ള മണ്ണ്, ചെമ്മണ്ണ് തുടങ്ങിയവയാണ് ഈ പ്രദേശത്തെ മൺത്തരങ്ങൾ.

ചാലക്കുടിപ്പുഴയുടെ അടുത്തുകിടക്കുന്ന തിരുത്തിപ്പറമ്പ്, കാരൂർ- വെള്ളാഞ്ചിറ തുടങ്ങിയ പ്രദേശങ്ങളും, കുറുമാലിപ്പുഴയുടെ തടപ്രദേശങ്ങളായ ചെമ്മീൻചാലും സമതലങ്ങളിൽ ഉൾപ്പെടുന്നു. കളിമണ്ണും,

മണൽക്കലർന്ന മണ്ണുമാണ് ഇവിടെയുള്ളത്. വാഴ, തെങ്ങ്, കവുങ്ങ്, പച്ചക്കറികൾ തുടങ്ങിയവ സമൃദ്ധിയായി വളരുന്നു.

പാടങ്ങൾ ഫലപൂഷ്ടിയുള്ളതാണ്. കാരൂർ, തിരുത്തിപ്പറമ്പ്, ചെമ്മീൻചാൽ, ആളൂർ പ്രദേശങ്ങളിലാണ് പാടങ്ങൾ സ്ഥിതിച്ചെയ്യുന്നത്. ഓരോപ്പാടങ്ങളും 200-ഓളം ഹെക്ടർ വരും. കാരൂർ പുഞ്ചപ്പാടം മൂന്ന് പൂകൃഷിയും, ചെമ്മീൻചാൽ ഒരു പൂകൃഷിയുമാണ് ചെയ്യുന്നത്. കനാൽ ജല ദൗർലഭ്യം മൂലം ഇപ്പോൾ തരിശിടുന്നു.

**ജലവിഭവം**

ചെറുതും വലുതുമായ 70 ഓളം കുളങ്ങൾ ഉണ്ട്. ഈ കുളങ്ങൾ തോടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. തോടുകൾ കുന്നുകളിൽ നിന്നും ആരംഭിക്കുന്നു. കുളങ്ങൾ പ്രധാന ജലസ്രോതസ്സുകളാണെങ്കിലും അവയെ സംരക്ഷിക്കുന്നകാര്യത്തിൽ വേണ്ടത്ര പരിഗണന നൽകേണ്ടിയിരിക്കുന്നു.

തോടുകൾ

**പറയൻ തോട് :-**

അനുബന്ധ തോടുകളായ വിലിയ തോട്ട് ഇതിന്റെ കൈവഴികളും.

കാട്ടാൻ തോടും അതിന്റെ അനുബന്ധതോടുകളും

**ആനത്തോട :-**

അതിന്റെ അനുബന്ധ തോടും കൈവഴികളും

**പെരും തോട് :-**

**അനുബന്ധ തോടുകളും**

ഇവയാണ് പ്രധാന തോടുകൾ. വർഷക്കാലത്ത് നിറഞ്ഞൊഴുകുകയും വേനൽക്കാലത്ത് വറ്റിവരളുകയും ചെയ്യും. ജലസംരക്ഷണ പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല.

**ജനസമ്പത്ത്**

1991ലെ സെൻസസ് അനുസരിച്ച് 37,456 ആണ് പഞ്ചായത്തിലെ ജനസംഖ്യ. 18,178 പുരുഷൻമാരും, 19278 സ്ത്രീകളുമാണുള്ളത്. 6വയസ്സിനു താഴെ 253 ആൺകുട്ടികളും, 215 പെൺകുട്ടപളും, 34.39 ചതു. കി. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ അതിവസിക്കുന്നത്. ഒരു ചതു. കി. 1009.1 ജനങ്ങൾ അതിവസിക്കുന്ന പഞ്ചായത്താണിത്. സംസ്ഥാനജനസാന്ദ്രത 749 ഉം ഇന്ത്യയിലെ ജനസാന്ദ്രത 257 മാണ്. ആളൂർ ഗ്രാമപഞ്ചായത്ത് ജനസാന്ദ്രതയിൽ ദേശീയ-സംസ്ഥാനത്തേക്കാൾ വളരെ മുകളിലാണ്.

34.39 ചതു. കി. വിസ്തിതിയിൽ 7,438 വീടുള്ളതായും കാണുന്നു.

സാക്ഷരതയിലും പഞ്ചായത്ത് വളരെ മുമ്പിലാണ്. 15 വയസ്സിനുമുകളിൽ 56.82% പേർ S. S. L. C. പാസ്സായവരാണ്. സാങ്കേതിക വിദ്യാഭ്യാസയോഗ്യതയുള്ളവരും നിരവധിയാണ്. 11329 പേർ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരിൽ 8763 പേർ പുരുഷൻമാരും, 2556 സ്ത്രീകളും ഉൾപ്പെടുന്നു. അഭ്യസ്തവിദ്യരിൽ നിരവധി പേർ ഗൾഫ് രാജ്യങ്ങളിലും, യൂറോപ്പ്യൻ രാജ്യങ്ങളിലും ജോലി ചെയ്യുന്നു. അഭ്യസ്തവിദ്യരിൽ തൊഴിലില്ലായ്മ നിരവധിയാണ്. ആരോഗ്യമുള്ള ജനസംബത്താണ് പഞ്ചായത്തിലുള്ളത്.

**പഠനപര്യടനം**

പഠനപര്യടനത്തിന് പഞ്ചായത്തിൽ രണ്ട് പ്രദേശങ്ങളിലായി നടത്തുകയും പഞ്ചായത്ത് മെമ്പർമാർ, കൃഷിഭവൻ ഓഫീസർമാർ, കൃഷിക്കാർ, സാമൂഹ്യപ്രവർത്തകര് പഠനപര്യടനത്തിൽ പങ്കെടുത്തു. കണ്ണിക്കര മുതൽ വെള്ളാഞ്ചിറ കിഴക്ക്- പടിഞ്ഞാറ് വരെ ട്രാൻസ്സ്റ്റീറ്റ് വാക്ക് നടത്തുകയും മറ്റൊരു ട്രാൻസ്സ്റ്റീറ്റ് വാക്ക് പറയൻതോടുമുതൽ ആനത്തടം വരെ തെക്ക്-വടക്കായി നടത്തുകയും ചെയ്തു. വിൾദാംശങ്ങൾ താഴെ കൊടുക്കുന്നു.

ട്രാൻസ്സ്റ്റീറ്റ് വാക്ക് I

റൂട്ട് :- ചാത്തൻ ചിറ- കണ്ണിക്കര- പറമ്പിറോഡ്- ഷോളയാർ- വെള്ളാഞ്ചിറവരെ

ദിശ :- പടിഞ്ഞാറുമുതൽ കിഴക്കുവരെ

## വാർഡ് തിരിച്ചുള്ള ജനസംഖ്യ (1991 സെൻസസ്)

| | ജനസംഖ്യ | | പട്ടികജാതി | | പട്ടികവർഗം | |
|---|---|---|---|---|---|---|
| വാർഡ് | പുരുഷൻമാർ | സ്ത്രീകൾ | പുരുഷൻമാർ | സ്ത്രീകൾ | പുരുഷൻമാർ | സ്ത്രീകൾ |
| I | 1193 | 1248 | 90 | 99 | - | - |
| II | 1481 | 1527 | 331 | 357 | - | - |
| III | 1214 | 1320 | 156 | 168 | - | - |
| IV | 1312 | 1457 | 245 | 235 | - | - |
| V | 1566 | 1569 | 120 | 137 | 6 | 3 |
| VI | 1566 | 1686 | 79 | 67 | - | - |
| VIII | 1770 | 1254 | 269 | 290 | - | - |
| IX | 1859 | 2025 | 206 | 214 | - | - |
| X | 1482 | 1543 | 35 | 31 | - | - |
| XI | 1399 | 1420 | 188 | 192 | - | - |
| XII | 1422 | 1453 | 138 | 159 | - | - |
| XIII | 1469 | 1507 | 201 | 196 | - | - |

| ഭൂപ്രകൃതി | ചരിവ് | ചെറിയ ചെരിവ് | ഉയർന്ന സമതലം | സമതലം | ഉയർന്ന പ്രദേശം | സമതലം | ചെറിയ ചെരിവ് | ഉയർന്ന സമതലം | സമതലം | സമതലം |
|---|---|---|---|---|---|---|---|---|---|---|
| മണ്ണ് | കാട-കണ്ണൻ | ചെമ്മണ്ണ് | മണൽ കലർന്ന ചെമ്മണ്ണ് | ചുവന്ന മണ്ണ് കലർന്നത് | ചുവന്നമണ്ണ് വെട്ട്കല്ല് | മണൽ കലർന്ന മണ്ണ് | ചുവന്ന മണ്ണ് | ചരൽ കലർന്ന ചുവന്നമണ്ണ് | മണൽ കലർന്ന മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് |
| സസ്യാവരണം | തെങ്ങ് | തെങ്ങ് വാഴ കവുങ്ങ് | തെങ്ങ് വാഴ കവുങ്ങ് | നെല്ല് തെങ്ങ് വാഴ കവുങ്ങ് | തെങ്ങ് കവുങ്ങ് | നെല്ല് തെങ്ങ് | തെങ്ങ് കവുങ്ങ് | തെങ്ങ് കവുങ്ങ് ജാതി | നെല്ല് തെങ്ങ് വാഴ | നെല്ല് തെങ്ങ് |
| പരിസ്ഥിതിപ്രശ്നങ്ങൾ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | കമ്പനി മൂലംമലിനീകരണം | പാടം നികത്തൽ | മണ്ണൊലിപ്പ് | പാടം നികത്തൽ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | പാടം നികത്തൽ | പാടം നികത്തൽ |
| ജല സ്രോതസ്സ് | ജലദൗർലഭ്യം | ജലദൗർലഭ്യം | ജലദൗർലഭ്യം | കനാൽ വെള്ളം | ജലദൗർലഭ്യം | കനാൽ വെള്ളം | ജലദൗർലഭ്യം | ജലദൗർലഭ്യം | പൊരുന്നിച്ചിറ | കല്ലൻ തോട് |

## Transtreet walk II

ROUTE :- പറയൻ തോട് മുതൽ തിരുത്തിപറമ്പ്-കാരൂർ വെള്ളാംചിറ-പൊരുന്നകുന്ന്-ആളൂർപാടംആനത്തടം വരെ

DIRECTION :- തെക്കുനിന്ന് വടക്കോട്ട്.



| ഭൂപ്രകൃതി | സമതലം | ഉയർന്ന സമതലം | സമതലം | ചെറിയ ചെരിവ് | സമതലം | കുന്നിൻ പ്രദേശം | സമതലം | സമതലം | ചെറിയ ചെരിവ് | സമതലം |
|---|---|---|---|---|---|---|---|---|---|---|
| മണ്ണ് | ചെളിമണ്ണ് | ചെമ്മണ്ണ് അടിയിൽ വെട്ടുകല്ല് | ചെളിമണ്ണ് | കടുപ്പംകൂടിയ വെട്ടുകൽ മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | ചരൽ കലർന്ന ചുവന്നമണ്ണ് | മണൽ കലർന്ന മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | ചുവന്ന മണ്ണ വെ ട്ടുകല്ല് | ചുവന്ന മണ്ണ് പാറ |
| സസ്യാവരണം | നെൽകൃഷിതെങ്ങ് കവുങ്ങ് | തെങ്ങ്വാഴ കവുങ്ങ് തേക്ക് | നെല്ല് | തെങ്ങ് വാഴ കവുങ്ങ് | നെല്ല് തെങ്ങ് വാഴ | കശുമാവ് തെങ്ങ് | നെല്ല് തെങ്ങ് | നെല്ല് തെങ്ങ് | തെങ്ങ് വാഴ കവുങ്ങ് ജാതി | തെങ്ങ് വാഴ കവുങ്ങ് ജാതി |
| പരിസ്ഥിതിപ്രശ്നങ്ങൾ | മണ്ണെടുപ്പ് ഭൂമി താഴുന്നു | കല്ലുവെട്ട് | പാടം നികത്തൽ മണ്ണൊലിപ്പ് | കല്ലു വെട്ടൽ | പാടം നികത്തൽ | മണ്ണൊലിപ്പ് | പാടം നികത്തൽ | പാടം നികത്തൽ | മണ്ണൊ ലിപ്പ് | ജലദൗർ ലഭ്യം |
| ജല സ്രോതസ്സ് | പറയൻ തോട് | പറയൻ തോട്ലിഫ്റ്റിറിഗേഷൻ | കാരൂർച്ചിറ | ജലദൗർലഭ്യമുള്ള പ്രദേശം | പൊരുന്നിച്ചിറ | ജലദൗർലഭ്യമുള്ള പ്രദേശം | കനാൽ | കനാൽ | കദളിച്ചിറലിഫ്റ്റിറിഗേഷൻ കനാൽവെള്ള | കദളിച്ചിറലിഫ്റ്റിറിഗേഷൻ കനാൽവെള്ള |

# വനിത

പഞ്ചായത്തിന്റെ ജനസംഖ്യയിൽ 51.5% സ്ത്രീകളാണ്. 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണത്തിൽ പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കുറവാണ്. സാമൂഹ്യവും, സാംസ്ക്കാരികവുമായ ഉയർച്ച സ്ത്രീകൾ പൊതുവെ നേടിയിരുന്നെങ്കിലും, പൊതുരംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ കുറവാണ്. നിയമസഭയിലും, ലോകസഭയിലും 33 ശതമാനം പ്രാതിനിധ്യം സ്രീകൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്ന ഈ സമയത്ത് കൂടുതലായി വനിതകൾ രംഗത്തു വരേണ്ടതുണ്ട്.

വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ വളരെയേറെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. എം ഫിൽ, ഡോക്ടർ, എഞ്ചിനീയർ തുടങ്ങിയ പ്രൊഫഷണൽ ഡിഗ്രികൾ കരസ്ഥമാക്കിയ ഒട്ടനവധി സ്ത്രീകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അദ്ധ്യാപനരംഗത്ത് ധാരാളം പേർ ജോലി നോക്കുന്നു. കാർഷികരംഗത്തും, നിർമ്മാണ തൊഴിലാളികളായും ധാരാളം പേർ ജോലി നോക്കുന്നു.

| 1991 ലെ സെൻസ് പട്ടിക<br>തൊഴിൽ മേഖല | | |
|---|---|---|
| ഇനം | സ്ത്രീ | പു |
| കർഷകർ | 270 | 2205 |
| കർഷക തൊഴിലാളി | 984 | 1648 |
| മൃഗസംരക്ഷണം | 30 | 431 |
| ചെറുകിട വ്യവസായം | 61 | 1351 |
| കെട്ടിടനിർമ്മാണം | 1123 | 320 |
| ഗതാഗതം,<br>വാർത്താവിനിമയം | 30 | 797 |
| വ്യാപാരം | 82 | 597 |
| കളിമണ്ണ് വ്യവസായത്തിലെ<br>കയറ്റിറക്ക് തൊഴിൽ | 115 | 85 |

പഞ്ചായത്തിലെ ആദ്യത്തെ വനിതാ മെംബർ ശ്രീമതി. അമ്മിണി കാത്യൂഷയാണ്. അവരെ നോമിനേറ്റ് ചെയ്യപ്പട്ടതാണ് ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട വനിതാ പഞ്ചാ: മെംബർ ശ്രീമതി ഫിലോമിനടീച്ചറാണ്. കാര്യമാത്രപ്രസക്തമായ വനിതാ പ്രാതിനിധ്യം ഇനിയും ഉയർന്നു വരേണ്ടിയിരിക്കുന്നു. തൊഴിൽ രംഗത്ത് സ്ത്രീകൾ അവഗണന നേരിടുന്നതായി പട്ടിക പരിശോധിച്ചാൽ ബോധ്യമാകും. കാർഷിക രംഗത്തും, കർഷകത്തൊഴിലാളി രംഗത്തും സ്ത്രീ പ്രാതിനിധ്യം വളരെ കുറവായി കാണുന്നു. പുഷ്പഫലകൃഷിയും, പട്ടുനൂൽ, കൂൺ മുതലായ കൃഷിരംഗത്തും സ്ത്രീകൾക്ക് കാര്യമായ സംഭാവനകൾ ചെയ്യാവുന്നതാണ്. നിർമ്മാണത്തൊഴിലാളി രംഗത്ത് സ്ത്രീകൾ പൊതുവെ തൊഴിൽപരമായ മുന്നേറ്റം നടത്തിയതായി കാണുന്നു. ഈ മേഖലയിൽ കൂലിനിരക്ക് ഉയർന്നതാണ്. പരമ്പരാഗത തൊഴിൽമേഖലയായ കശുവണ്ടി സംസ്ക്കരണം, പായനെയ്ത്ത്, നെയ്ത്ത് മുതലായവയിൽ ഈ പഞ്ചായത്തിൽ തൊഴിൽസാധ്യത വളരെ കുറവാണ്. ആളൂർ, പുല്ലൂർ, മൂരിയാട്ട് കശുവണ്ടി കമ്പിനികളിൽ വളരെ കുറവു ദിവസങ്ങളിലേ തൊഴിൽ ലഭിക്കുന്നുള്ളൂ. കശുവണ്ടി കമ്പിനികളിൽ 500ൽ പരം സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. വർഷത്തിൽ 30ൽ താഴെ വരുന്ന ദിനങ്ങളിൽ മാത്രമേ പണി ലഭിക്കുന്നുള്ളൂ. പ്രവർത്തിക്കുന്നവർക്ക് ജീവിത മാർഗ്ഗമായി ഈ തൊഴിൽ തുടരുന്നതിന് സാധ്യത കാണുന്നില്ല. ചെറുകിടവ്യവസായമേഖലയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. താഴെ പറയുന്ന

5. നമ്പിക്കുന്ന് മെറ്റൽ ക്രഷിംഗ് യൂണിറ്റ്, ആട് ഫാം.
6. തുരുത്തിപ്പറമ്പ് കോഴി ഫാം.
7. ഗൃഹലക്ഷ്മി, തുരുത്തിപ്പറമ്പ് സ്കൂൾ ബാഗ് നിർമ്മാണം.

മേൽ പറഞ്ഞ വ്യവസായ യൂണിറ്റുകൾ ബാങ്ക് വഴി ധനസഹായം ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു.

കല്ലേറ്റുംകര ഭാഗത്തും, ഉറുമ്പൻ കുന്നിലും കുട്ടനെയ്ത്ത് തൊഴിലായി സ്വീകരിച്ചിട്ടുള്ള സ്ത്രീകൾ ധാരാളം ഉണ്ട്. ഈ കുടിൽ വ്യവസായം ഇന്ന് തകർച്ചയെ നേരിടുന്നു. ആവശ്യമായ തോതിൽ അസംസ്കൃതസാധനങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ് പ്രധാന കാരണം. ഐ. ആർ. ഡി. പി. വായ്പ ലഭിച്ച 38 വനിതകൾ പഞ്ചായത്തിൽ ഉണ്ട്. ചായക്കട, പെട്ടിക്കട, സോഡാ ഫാക്ടറി, ചിപ്സ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയ യൂണിറ്റുകൾ നടത്തുന്ന വനിതകളുമുണ്ട്.

സ്ത്രീകൾ ഗൃഹഭരണം നടത്തിക്കൊണ്ടു പോകുന്ന ധാരാളം കുടംബങ്ങൾ പഞ്ചായത്തിലുണ്ട്. സാമൂഹ്യ സുരക്ഷിതത്വം പൊതുവിൽ സ്ത്രീകൾ നേടിയിട്ടുണ്ട്. വിദ്യാഭ്യാസപരമായി സ്ത്രീകൾ മുൻപന്തിയിലാണ്. യുവനിരയിൽ സ്ത്രീകളാണ് വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്നത്. മഹിളാസമാജം പ്രവർത്തനങ്ങളുമായി സ്ത്രീകൾ ബന്ധപ്പെട്ടു പൊതുരംഗത്തേക്കു വരുന്നു. രജിസ്റ്റർ ചെയ്ത 25 മഹിളാസമാജങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. അംഗൻവാടിയുടെ ആവിർഭാവത്തോടെ ഭൂരിപക്ഷം സമാജങ്ങളുടെ പ്രവർത്തനം നിലച്ചു പോയി. ഇപ്പോൾ 5 മഹിളാസമാജങ്ങൾ പ്രവർത്തിച്ചു വരുന്നു. 28 അംഗൻവാടികളാണ് പഞ്ചായത്തിൽ ഉള്ളത്. മഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ്, കേരള മഹിളാസംഘം എന്നീ സംഘടനകളുടെ പ്രവർത്തനം നടക്കുന്നുണ്ട്.

സ്ത്രീകൾക്കുനേരെയുള്ള അക്രമ പ്രവർത്തനങ്ങൾ കുറവാണെങ്കിലും സ്ത്രീപീഡനകേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സാക്ഷരത 95% വും നേടിയിട്ടുണ്ട്. സ്ത്രീധന പ്രശനത്തിൽ പുരുഷന്മാർക്കിടയിൽ ഒരു ബോധവൽക്കരണ പരിപാടി നടപ്പാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

കുടുംബത്തിന്റെ നേതൃത്വം പുരുഷനേപ്പോലെ തുല്യപങ്കാളിത്വത്തോടെ ഏറ്റടുക്കുന്നതിന് സ്ത്രീകാക്ക് കഴിയണമെങ്കിൽ തൊഴിൽ തേടി വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സ്ത്രീക്ക് കഴിയേണ്ടതുണ്ട്. ഇന്ന് ലഭിക്കുന്ന തൊഴിൽ തുറകളിൽ പലതിലും സ്ത്രീകൾക്ക് പങ്കാളിത്തം കുറവാണ്. സ്ത്രീകൾക്ക് പങ്കാളിത്തം ഉള്ള മേഖലയിലാവട്ടെ വേതനനിരക്കിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. എല്ലാ മേഖലയിലും പുരുഷനോടൊപ്പം സ്ത്രീക്ക് തുല്യനിലയിൽ തൊഴിൽ ചെയ്യുവാൻ സാധിക്കുന്നുവെന്നതു കണക്കിലെടുക്കുമ്പോൾ വേതന നിരക്കിലെ ഈ അന്തരം നീതീകരിക്കാവുന്നതല്ല. താഴെ പറയുന്ന പട്ടിക പരിശോധിച്ചാൽ ഈ വ്യത്യാസം ബോധ്യപ്പെടുന്നതാണ്.

തൊഴിൽ മേഖല കൂലിനിരക്ക്

| | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകത്തൊഴിലാളി | 50..60 | 100..120 |
| നിർമ്മാണത്തൊഴിലാളി | 50..75 | 125..140 |
| കളിമൺ കയറ്റിറക്ക് തൊഴിലാളി | 150..200 | |

100ൽ പരം വനിതകൾ പണിയെടുക്കുന്ന പറമ്പ്, കുട്ട നെയ്ത്ത് തൊഴിൽ മേഖലയിൽ ആവശ്യമായ അസംസ്കൃതസാധനങ്ങൾ ലഭിക്കാത്ത പ്രശ്നത്തിൽ പരിഹാരം കാണേണ്ടതുണ്ട്. സ്ത്രീകൾക്കു മാത്രമായുള്ള തൊഴിൽ മേഖലയിൽ വേതനനിരക്കുകൾ വളരെ കുറവാണ്. സർക്കാർ, അർദ്ധസർക്കാർ വ്യവസായ മേഖലയിൽ പുരുഷനോടൊപ്പം വേതനം പറ്റുന്ന സ്ത്രീകൾ അസംഘടിതമേഖലയിൽ കുറഞ്ഞവേതനം പറ്റുന്നതിനെ നീതീകരിക്കുവാനാകില്ല. ഒരു കുടംബിനിയായി ഒതുങ്ങികഴിയുന്ന നിലയിൽ നിന്ന് സ്ത്രീകൾ വളരെയേറെ വളർന്നു കഴിഞ്ഞിട്ടുണ്ട്. കുടുംബത്തിന്റേയും നാടിന്റേയും

പ്രാപ്തരാക്കുവാൻ ഫലപ്രദമായ നടപടികൾ ആവശ്യമാണ്. വിദ്യാഭ്യാസരംഗത്തും, ആരോഗ്യരംഗത്തും സ്ത്രീകൾ നേടിയ ഉയർച്ച തൊഴിൽ രംഗത്തും, സാമൂഹ്യരംഗത്തും കൂടി നേടേണ്ടത് അത്യാവശ്യമാണ്.

തൊഴിൽ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്ത്രീകൾക്കു മാത്രമായി തുടങ്ങേണ്ടത് അത്യാവശ്യമാണ്. അവകാശങ്ങൾ കിട്ടുന്നതിലുപരിയായി, അത് പിടിച്ചുപറ്റുന്നതിലും, നേരായി അത് നിർവ്വഹിക്കപ്പെടുന്നതിലേക്കും സ്ത്രീകളെ വളർത്തേണ്ടതുണ്ട്. അന്ധവിശ്വാസങ്ങളിൽ നിന്നും, അനാചാരങ്ങളിൽ നിന്നും മോചനം നേടേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

വനിതാ മേഖലയിലെ പ്രശ്നപരിഹാരങ്ങൾ.

1. സംഘടിത തൊഴിൽ മേഖല ഒഴിച്ചുള്ള മേഖലകളിൽ പുരുഷനും സ്ത്രീക്കും തുല്യവേതനം നടപ്പാക്കേണ്ടതാണ്.

2. വനിതകൾക്കിടയിൽ പുഷ്പഫലകൃഷിയും, പട്ടുനൂൽ വ്യവസായം, പോഷിപ്പിക്കുന്നതിനും, വേണ്ട വിപണന മേഖലകൾ സൃഷ്ടിക്കുന്നതിനും സത്വര നടപടികൾ.

3. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾക്കു മാത്രമായി സ്ഥാപനങ്ങൾ.

4. തൊഴിൽ മേഖലയിൽ പരമാവധി സ്ത്രീപങ്കാളിത്തം ഉറപ്പാക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

5. ആരോഗ്യരംഗത്ത് പെൺകുട്ടികളുടെ ജനനം തടസ്സപ്പെടുത്തുന്നതായി നിലവിൽ വന്ന പുതിയ പ്രവണതകൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

6. സ്ത്രീകളുടെ കായികവും, മാനസികവും ഉള്ള ഉല്ലാസത്തിന് സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതാണ്.

7. കുട്ടികളെ സൂക്ഷക്കുന്നതിന് ഡേ കെയർ സെന്റർ.

8. സ്വയം തൊഴിൽ രംഗത്ത് വർദ്ധിച്ച നിക്ഷേപസാദ്ധ്യത.

9. വരുമാന പരിധി നോക്കാതെ ധനസഹായം നൽകൽ.

10. അംഗൻ വാടി ജീവനക്കാർക്ക് അർഹമായ വേതനവും, പ്രവർത്തന സൗകര്യങ്ങളും നൽകുക.

11. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്കായി സാമൂഹ്യസുരക്ഷിതത്വ പദ്ധതി നടപ്പാക്കൽ

12. വനിതാ വ്യവസായ സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട വിപണന സൗകര്യം നൽകൽ.

# സംസ്കാരം

ആദിദ്രാവിഡ സംസ്കാരത്തിന്റെ പൈതൃകം ഉൾകൊണ്ടുകൊണ്ട് കാലപ്രവാഹത്തിനിടയിൽ ഇതര സംസ്കാരസ്രോതസ്സുകളുമായി ഇടപഴകി നേടിയെടുത്ത ഒരു സാംസ്കാരികാന്തരീക്ഷമാണ് ആളൂർ പഞ്ചായത്തിന് അവകാശപ്പെടുവാനുള്ളത്. നാടുവാഴിഭരണത്തിന്റെയും, രാജഭരണത്തിന്റെയും ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചയുടെയും, ഫ്യൂഡൽ ഭൂപ്രഭുവർഗ്ഗാധിപത്യത്തിന്റെയും രുചി കാലഘട്ടത്തിലൂടെ അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാനവർഗ്ഗം. അനുഭവങ്ങളിലൂടെ രൂപംകൊണ്ട ചരിത്രബോധം ഗ്രാമീണരുടെ സാംസ്കാരികവീക്ഷണത്തെ സമ്പന്നമാക്കിയിട്ടുണ്ട്.

സവർണ്ണ നാടുവാഴി പ്രഭുക്കളുടെ അടിച്ചമർത്തലിനെതിരേ നിശബ്ദമായിട്ടാണെങ്കിലും, ഉള്ളിലെരിയിച്ച അഗ്നിസ്ഫുലിംഗങ്ങൾ ആളിക്കത്തിക്കുവാൻ വിവിധമേഖലകളിൽ നടന്ന സാമൂഹ്യ പരിഷ്കാരണ പ്രവർത്തനങ്ങൾ സഹായിച്ചു. അയിത്തത്തിനെതിരേ തൊടുത്ത ഇരിങ്ങാലക്കുട കുട്ടൻകുളം സമരവും ഗുരുവായൂർ സത്യാഗ്രഹവും ജനങ്ങളുടെ ഉള്ളിൽ നവോത്ഥാനചിന്ത വിരിയിക്കുവാൻ സഹായിച്ചു. നൂറിലധികം കൊല്ലങ്ങളുടെ കഥ പറയുന്ന ഔപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും, അതിനു നേതൃത്വം കൊടുത്ത പ്രവർത്തകരും ഉദ്ദേശിച്ചതിലേറെ സാമൂഹ്യമാറ്റങ്ങൾ വരുത്തുവാൻ സഹായിച്ചു.

ഓരോ ഘട്ടങ്ങളിലായി ഇവിടുത്തെ ജനജീവിതത്തിൽ പങ്കാളികളായ ക്രിസ്ത്യാനികളെയും, മുസ്ലീമുകളേയും ഉൾക്കൊള്ളാൻ വൈമനസ്യമൊന്നും കാണിക്കാതിരുന്ന പൂർവ്വികർ പിന്നീടിങ്ങോട്ടുള്ള പ്രയാണത്തിൽ ഏകമനസ്സോടെയാണ് മുന്നോട്ട് പോയത്. ഇതരപ്രദേശങ്ങളിൽ മതവൈരത്തിന്റേയും സംഘടനകളുടേയും വേദികൾ അരങ്ങേറിയപ്പോഴും അതൊന്നുംതന്നെ ഈ പ്രദേശത്തെ ബാധിക്കുന്ന കാര്യങ്ങളായി അവർക്ക് തോന്നിയില്ല.

ഇന്ന് നാമെത്തിനിൽക്കുന്ന ദിശയിൽനിന്ന് തിരിഞ്ഞുനോക്കുമ്പോൾ വിവിധ സ്രോതസസുകളുടെ ഇവിടത്തെ സംസ്കാരത്തിന് പരിപോഷകങ്ങളായി വർത്തിച്ചിട്ടുണ്ടെന്ന് ബോധ്യമാകുന്നവയിൽ പ്രഥമസ്ഥാനം വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കുതന്നെയാണ്. 1894 ൽ സ്ഥാപിച്ച ആളൂർ സെന്റ് ജോൺസ് എൽ.പി. സ്കൂൾ മുതൽ ഏറ്റവും ഒടുവിൽ തുടങ്ങിയ കല്ലേറ്റുംകര മോഡൽ പോളിടെക്നിക്ക് വരെ ഈ പഞ്ചായത്തിലെ സാംസ്കാരിക ജീവിതത്തിന് ചെറുതും വലുതുമായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. ഇന്ന് ഈ ഗ്രാമപഞ്ചായത്തിൽ നഴ്സറി മുതൽ മോഡൽ പോളിടെക്നിക്കുവരെ പ്രവർത്തിക്കുന്ന 14 വിദ്യാലയങ്ങളുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ ഏജൻസികളിൽ പ്രധാനപ്പെട്ടവ വായനശാലകളും ഗ്രന്ഥാലയങ്ങളുമാണ്. ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ച വ്യക്തിയാണ് കല്ലേറ്റുംകര പള്ളിവികാരിയായിരുന്ന ഫാദർ ആൻഡ്രൂസ് 1930 ൽ അദ്ദേഹത്തിന്റെ ശ്രമഫലമായി പഞ്ചായത്തിലെ ആദ്യത്തെ ഗ്രാമീണവായനശാല പ്രവർത്തനമാരംഭിച്ചു. അദ്ദേഹത്തിന്റെ മരണശേഷം സ്മാരകമെന്നോണം ഫാദർ ആൻഡ്രൂസ് സ്മാരകവായനശാല എന്നു നാമകരണം ചെയ്യപ്പെട്ടു.

1940 ൽ മെയ് 30 ന് കുഴക്കാട്ടുശ്ശേരിയിൽ അന്നത്തെ പഞ്ചായത്തു പ്രസിഡണ്ടായിരുന്ന അമ്പുക്കാൻ കുഞ്ഞുവറിതിന്റെ ശ്രമഫലമായി ഗ്രാമീണ വായനശാല ആരംഭിച്ചു. ഈ രണ്ടു വായനശാലകളാണ് വർഷങ്ങളോളം വായനക്കാരെ തൃപ്തിപ്പെടുത്തിയ സ്ഥാപനങ്ങൾ.അളുർ ഗ്രാമീണ വായനശാലയും, ശ്രീനാരായണ വായന ശാലയും ഈരംഗത്ത് ഫലപ്പദമായ പ്രവർത്തനം കാഴ്ചവെയക്കുന്നു

പഞ്ചായത്തിലെ വായനശാലകളുടെ കേന്ദ്രമായി പ്രവർത്തിക്കുന്ന കല്ലേറ്റുംകരയിലുള്ള പഞ്ചായത്ത് വായനശാല വായനശീലത്തിലേക്ക് നയിക്കുന്ന സ്ഥാപനമാണ്. പഞ്ചായത്ത് വായനശാലക്കും കുഴിക്കാട്ടുശേരി ഗ്രാമീണവായനശാലക്കും സ്വന്തമായി കെട്ടിടമുണ്ട്. ഇവകൂടതെ വിവിധ സ്ഥാപനങ്ങളിൽ ആരംഭിച്ച വായനശാലകൾ പലകാരണങ്ങളാൽ പ്രവർത്തനം നിലച്ച് നാമാവിശേഷമായ അനുഭവങ്ങളും നമുക്കുണ്ട്.

സാംസ്കാരിക നവോത്ഥാനത്തിനു വഴി തെളിയിക്കുന്ന പ്രസ്ഥാനങ്ങളാണ് ഇന്നാട്ടിലെ അമച്വർ കലാസമിതികളും വനിതകളും വനിതസംഘടനകളും. നിരവധി കലാസമിതികൾ ജൻമംകൊള്ളുകയും അകാലമൃത്യു വരിക്കുകയും, പുനർജനിക്കുന്ന അനുഭവവും ഉണ്ട്. ഇന്ന് കലാകായികരംഗത്ത് സജീവമായി നിലകൊള്ളുന്ന സംഘടനകൾ ഈ പഞ്ചായത്തിലുണ്ട്.

## കായികരംഗം

"ആരോഗ്യമാണ് ധനം" എന്നാണല്ലോ തത്വം. കായികരംഗത്ത് നമ്മുടെ പഞ്ചായത്തിന് അസൂയാർഹമായ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തലമുറകളായി കൈമാറി വന്ന കായികസംസ്ക്കാരം കാത്തു സൂക്ഷിക്കുന്നതിൽ പഞ്ചായത്തിലെ യുവതീയുവാക്കൾ പ്രത്യേക താൽപ്പര്യം കാണിക്കുന്നുണ്ട്. ആളൂർ പഞ്ചായത്തിലെ സ്കൂളുകൾക്ക് ഇക്കാര്യത്തിൽ ഗണ്യമായ ഒരു പങ്ക് വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട നിരവധി കായികതാരങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെട്ടവരാണ്. പ്രധാനപ്പെട്ട കായികരംഗങ്ങളായ ഫുട്ബോളിലും അത്‌ലറ്റിക്സിലും നിരവധി ദേശീയതാരങ്ങളെ സംഭാവന ചെയ്യുവാൻ പഞ്ചായത്തിലെ കായികസംഘടനകൾക്കും സ്കൂളുകൾക്കും സാധിച്ചിട്ടുണ്ട്. പണ്ടുകാലത്ത് കുട്ടികൾ കളിച്ചിരുന്ന കോട്ടകളി, കബഡി കളി, കുഴിപ്പന്ത്, തലപ്പന്ത്, കുട്ടിയും കോലും തുടങ്ങിയ കളികൾ കായിക മാനസികവികാസത്തിന് അനുയോജ്യമായിരുന്നു. എന്നാൽ ഇത്തരം പ്രാദേശികമായ കളികളെല്ലാം ഇന്ന് അന്യം വന്നു കൊണ്ടിരിക്കുന്നു. ഇതിന് പ്രധാന കാരണം കൂട്ടുകുടുംബങ്ങളുടെ ശിഥിലീകരണം, ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ സ്വാധീനം, ക്രിക്കറ്റ്, കമ്പ്യൂട്ടർ ഗെയിംസ് തുടങ്ങിയവ വ്യാപകമായി പ്രചരിച്ചതാണ്.

## B.V.M ട്രോഫി

സംസ്ഥാനത്തെ ഏറ്റവും പഴക്കമുള്ള ടൂർണമെന്റുകളിൽ ഒന്നും, ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ടതുമായ ഇലവൻസ് ഫുട്ബോൾ ടൂർണമെന്റാണിത്. കല്ലേറ്റുംകര B.V.M ഹൈസ്കൂൾ ഗ്രൗണ്ടിലാണ് ഇത് നടത്തി വരുന്നത്. ഇന്ത്യൻ ഫുട്ബോൾ രംഗത്ത് പ്രശസ്തരായ പലരും ഈ ടൂർണമെന്റിൽ കളിച്ചിട്ടുള്ളവരാണ്. ഐ. എം. വിജയൻ, ജോപോൾ അഞ്ചേരി, സോളി സേവ്യർ, അബ്ദുൾ റഷീദ്, ഹർഷൻ, ഹാമിൽട്ടൻ ബോബി, വി. പി. ഷാജി, ജോൺപോൾ റൊസാരിയോ, സാബു, കെ. എസ്. റഷീദ് തുടങ്ങി നിരവധി പേർ ഇവിടെ കളിച്ചിട്ടുണ്ട്.

## അത്‌ലറ്റിക്സ്

അത്‌ലറ്റിക്സിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ ഉയർന്ന നേട്ടങ്ങൾ കൈവരിക്കുവാൻ പഞ്ചായത്തിലെ സ്കൂളുകൾക്കും കായികസംഘടനകൾക്കും സാധിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ദേശീയതലത്തിലും ശ്രദ്ധിക്കപ്പെട്ട നിരവധി അത്‌ലറ്റുകളെ വളർത്തിയെടുക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

ആളൂർ ഗ്രാമപഞ്ചായത്ത് - കായികരംഗത്ത് ശ്രദ്ധേയരായ വ്യക്തികളും, നേട്ടങ്ങളും

### എം.പി.അസ്സനാർ

1970-71 ൽ ദേശീയമീറ്റിൽ 100, 200 മീറ്ററിലെ വിജയി.

7-1-71 ൽ ഇന്ത്യൻ ടീമിനെ പ്രതിനിധീകരിച്ച് സിലോണിൽ നടന്ന മീറ്റിൽ പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെട്ടു.

1970-71 ൽ കേരള സ്പോർട്ട്സ് കൗൺസിൽ അവാർഡു നേടി.

1969-70 ൽ കേരള ടീമിൽ ലക്നൗ മീറ്റിൽ പങ്കെടുത്തു.

### വർഗ്ഗീസ് പന്തല്ലൂക്കാരൻ

1968-69 ൽ കട്ടക്കിൽ വച്ചു നടന്ന നാഷണൽ അമേച്വർ മീറ്റിൽ 800 മീറ്റർ വിജയി.

### എ. കെ. സുരേന്ദ്രൻ

1984-85 ൽ സംസ്ഥാന സ്കൂൾ മീറ്റിൽ 400മീറ്ററിൽ വിജയി.

### കെ. വി. സുരേഷ്

1987-88 ൽ തുടർച്ചയായി രണ്ടു വർഷം സംസ്ഥാന സ്കൂൾ മീറ്റിൽ ഡിസ്ക്കസ്സ് ത്രോയ്ക്കും ഷോട്ടപുട്ടിനും ഒന്നാം സ്ഥാനം.

### ബാബു. പി. എ.

1988 ൽ കോട്ടയം നാഗപടം നെഹ്രു സ്റ്റേഡിയത്തിൽ വച്ച് 1500 മീറ്ററിൽ (Junior boys) സംസ്ഥാന റെക്കോഡിട്ടു (4 മിനിട്ട് 11 സെക്കന്റ്)

1991 ൽ സംസ്ഥാന അമേച്വർ അത്‌ലറ്റിക് മീറ്റിൽ ജൂനിയർ വിഭാഗത്തിൽ വിജയി (റെക്കോർഡ്-1500മീറ്റർ - 4മിനിട്ട് 6 സെക്കന്റ്)

### വി. കെ. ഷിബു

1993 ൽ സംസ്ഥാനസബ്ജൂനിയർ സ്കൂൾ മീറ്റിൽ വ്യക്തിഗത ചാമ്പ്യൻ

**അബ്ദുൾ റഷീദ് (International)**

1990 ൽ പാലക്കാട് നടന്ന സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരള ടീമംഗം.

ബ്രസീലിയൻ ക്ലബായ വാസ്കോയുടെ ഇന്ത്യൻ പര്യടനത്തിൽ ബ്രസീലിയൻ ക്ലബിനെ നേരിട്ട വിൽസ് ഇന്ത്യ ഇലവനിൽ അംഗം.

**എം. എ. സതീദേവി**

1970 ൽ ഡൽഹിയിൽ നടന്ന ദേശീയ സ്കൂൾ മീറ്റിൽ പങ്കെടുത്തു.

**കേരളോത്സവം**

ഗ്രാമീണജനതയുടെ കലാകായിക വികസനത്തിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ കായികകലാപദ്ധതിയാണ് കേരളോത്സവം. എല്ലാ വർഷവും വിപുലമായ രീതിയിൽ പഞ്ചായത്ത് ഇത് നടത്തിക്കൊണ്ടു വരുന്നു. കേരളോത്സവം തുടങ്ങിയ വർഷമായ 1989 ൽ തൃശ്ശൂർ ജില്ല ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയത് നമ്മുടെ പഞ്ചായത്തായിരുന്നു. തുടർന്നുള്ള വർഷങ്ങളിലും ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലത്തിൽ ശ്രദ്ധേയമായ വിജയങ്ങൾ നേടാൻ ആളൂർ പഞ്ചായത്തിലെ താരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. 1993 ലെ കേരളോത്സവത്തിലെ ഫുട്ബോൾ മത്സരത്തിൽ സംസ്ഥാന വിജയികളായതും ആളൂർ പഞ്ചായത്ത് തന്നെയാണ് (മുഗൾ ക്ലബ്). നടത്തമത്സരത്തിൽ സംസ്ഥാനതല വിജയിയായ കൊച്ചുമോനും പഞ്ചായത്തിന്റെ യശസ്സുയർത്തിപ്പിടിച്ചവരിൽ ശ്രദ്ധേയനാണ്.

**ആയോധനകലകൾ**

കരാട്ടെ, ജൂഡോ, ജിമ്നേഷ്യം, കളരി തുടങ്ങിയ ആയോധനകലാകേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ച വരുന്നു. വ്യക്തികളുടെ മാനസികവും ശാരീരികവുമായ വികസനത്തിന് വളരെ സഹായകരമാണീ കലകൾ. സംസ്ഥാന വിജയികളായ ഒട്ടേറെപ്പേരെ വളർത്തിയെടുക്കുവാൻ നമ്മുടെ പഞ്ചായത്തിലെ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ജൂഡോയിൽ 52 കിലോ വിഭാഗത്തിൽ തുടർച്ചയായി 5 വർഷം സംസ്ഥാന ചാമ്പ്യനായിരുന്ന ജോയി കള്ളിവളപ്പിൽ ഇവരിൽ ശ്രദ്ധേയനാണ്.

ആയോധനകലകളിൽ യുവജനങ്ങൾ താൽപ്പര്യം കാണിക്കുന്നുണ്ടെങ്കിലും അടിസ്ഥാനപരമായ സൗകര്യങ്ങൾ ഇല്ലാത്തത് വലിയ പോരായ്മയാണ്. ആയോധനകലാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായങ്ങൾ പഞ്ചായത്തുതലത്തിൽ നൽകേണ്ടതാണ്.

**കായികരംഗം - പ്രശ്നങ്ങളും നിർദ്ദേശങ്ങളും**

1. ചാലക്കുടിക്കും, ഇരിങ്ങാലക്കുടക്കും ഇടയിലുള്ള ഏക ഇലവൻസ് ഫുട്ബോൾ ഗ്രൗണ്ടാണ് ആളൂർ പഞ്ചാത്തിലെ B.V.M. ഹൈസ്കൂൾ ഗ്രൗണ്ട്. ഇത് പുല്ല് വച്ചു പിടിപ്പിക്കുക.
2. വാർഡിൽ ഒരു പൊതു കളിസ്ഥലമെങ്കിലും നിർമ്മിക്കണം.
3. ഫുട്ബോളിനും മറ്റു ഗെയിംസിനും അത്ലറ്റിക്സിനും അവധിക്കാല കോച്ചിംഗ് ക്യാമ്പുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുക.
4. നമ്മുടെ സ്കൂളിലെ കായികാധ്യാപകർ കുട്ടികളെ പരിശീലിപ്പിക്കുന്നതിൽ വിമുഖരാണ്. ഇതിന് പരിഹാരം കാണുക.
5. സ്പോർട്സ് ഉപകരണങ്ങളുടെ ഉയർന്ന വില, ഈ രംഗത്ത് നിന്ന് യുവതി യുവാക്കളെ പിൻന്തിരിപ്പിക്കുന്നു. അവർക്ക് ക്ലബുകൾ വഴി ധനസഹായം നൽകുക.
6. കേരളോത്സവം പഞ്ചായത്തു മേളകളിൽ വിജയിക്കുന്നവർക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് മൂല്യം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.
7. പഞ്ചായത്തിലെ എല്ലാ സ്പോർട്സ് ക്ലബുകളേയും എകോപിപ്പിച്ചു കൊണ്ട് സ്പോർട്സ് കൗൺസിൽ ആരംഭിക്കുക.

കായികക്ഷമതയുള്ള ജനതയാണ് രാജ്യത്തിന്റെ നട്ടെല്ല്. ഇത് യാഥാർത്ഥ്യമാക്കണമെങ്കിൽ ആത്മാർത്ഥമായ ശ്രമം തുടരേണ്ടതുണ്ട്. പിന്നിട്ട കാലങ്ങളിൽ കുട്ടികൾക്ക് കളിക്കുവാൻ ധാരാളം കൊയ്ത്ത് കഴിഞ്ഞ പാടങ്ങളും തരിശായി കിടക്കുന്ന പ്രദേശങ്ങളുമുണ്ടായിരുന്നു. ഇന്ന് ജനബാഹുല്യം മൂലം ഇവയൊന്നും ഇല്ല. ആയതിനാൽ പൊതു കളിസ്ഥലങ്ങൾ നിർമ്മിച്ച് വേണ്ടതായ ധനസഹായങ്ങൾ നൽകി പിന്നിട്ട കാലങ്ങളിൽ നിലനിന്നിരുന്നതുപോലെയുള്ള കായികവിനോദങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്.

പഞ്ചായത്തിലെ സംസ്ക്കാരിക പ്രവർത്തനരംഗത്ത് തനതായ സംഭാവനകളർപ്പിച്ച വ്യക്തികളെന്ന നിലയിൽ ശ്രീദേവി നിഘണ്ടുവിന്റെ കർത്താവായ വി. കരുണാകരമേനോനും വിശ്വവിജ്ഞാനകോശം എഡിറ്ററുമായ പ്രൊഫ: എ. സി. വാസുവും നാടകരചയിതാവും സംസ്ക്കാരിക പ്രവർത്തകനുമായിരുന്ന മീരാസ മനക്കുളവും എടുത്തുപറയേണ്ട വ്യക്തികളാണ്.

ജനങ്ങളുടെ ചിന്തയേയും, സംസ്ക്കാരത്തേയും രൂപപ്പെടുത്താനും നയിക്കാനും ഉള്ള പത്ര മാധ്യമങ്ങളുടെ പങ്ക് നിസ്തുലമാണ്. രാവിലെ ഒരു ചായയും ദിനപത്രവും മലയാളിക്ക് ഒഴിച്ചുകൂടാനാവാത്ത സംഗതിയാണ്. പത്രവായനയും ചർച്ചയും നാട്ടിൻപുറങ്ങളിലെ ചായക്കടകളിലെ പ്രധാന സംഭവങ്ങളാണ്. കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയുടെ കാരണവും ഇതു തന്നെ. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വായനക്കാരുള്ളത് മലയാള മനോരമ ദിനപത്രത്തിനാണ്. തൊട്ടടുത്ത് മാതൃഭൂമി നിൽക്കുന്നു.

പഞ്ചായത്തിൽ പ്രചാരത്തിലുള്ള പത്രങ്ങൾ, മാസികകൾ, ബാലസാഹിത്യം.

| പത്രങ്ങൾ എണ്ണം | ആഴ്ചപ്പതിപ്പുകൾ എണ്ണം | ബാലസാഹിത്യം എണ്ണം |
|---|---|---|
| മലയാള മനോരമ | മനോരമ | ബാലരമ |
| മാതൃഭൂമി | മംഗളം | ബാലമംഗളം |
| കേരളകൗമുദി | മാതൃഭൂമി | കുട്ടികളുടെ ദീപിക |
| ദീപിക | ദേശാഭിമാനി | ബാലഭൂമി |
| ദേശാഭിമാനി | കലാകൗമുദി | പൂമ്പാറ്റ |
| ജനയുഗം | ഇന്ത്യാ ടുഡേ | കളിക്കുടുക്ക |
| എക്സ്പ്രസ് | ഭാഷാപോഷിണി | മുത്തശ്ശി |
| ജന്മഭൂമി | കർഷകൻ | യുറീക്ക |
| മാധ്യമം | സിനിമാ വാരികകൾ | തത്തമ്മ |
| രാഷ്ട്രദീപിക | വനിത | |
| ഇന്ത്യൻ എക്സ്പ്രസ് | കേരളശബ്ദം | |
| ദി ഹിന്ദു | യുവധാര | |

ജനമനസ്സുകളെ ഏറ്റവും കൂടുതൽ സ്വാധീനിക്കുവാൻ കഴിയുന്ന മാധ്യമങ്ങളാണ് റേഡിയോയും ടി.വിയും. 70%-ത്തോളം ജനങ്ങൾ റേഡിയോ ശ്രോതാക്കളും 45% ത്തോളം ജനങ്ങൾ ടെലിവിഷൻ കാണുന്നവരുമാണ്. കേബിൾ ടി.വിയുടെ പ്രചാരണം സംസ്ക്കാരികരംഗത്ത് അപകടകരമായ പ്രവണതകൾക്ക് കാരണമാകുന്നു എന്ന് അഭിപ്രായമുണ്ട്. ടി.വി പരിപാടികൾ കർശനമായ സെൻസറിംഗിന് വിധേയമാക്കി അതു മൂലമുള്ള ദുഷ്ഫലങ്ങൾ പരമാവധി കുറക്കുവാൻ കഴിയേണ്ടതാണ്.

ഒരോ കാലഘട്ടത്തിലേയും ജനങ്ങളുടെ ജീവിതരീതിയും സംസ്ക്കാരവും ജീവിതവുമായി ബന്ധപ്പെട്ട രചനകളിൽ തെളിഞ്ഞുകാണാവുന്നതാണ്. ജീവിതവൃത്തിയും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും, നിറഞ്ഞുനിൽക്കുന്ന തേക്കുപാട്ട്, കൊയ്ത്തുപാട്ട്, ഞാറ്റുപാട്ട്, പറയൻ കളി, കുതിരകളി, കൈകൊട്ടിക്കളി, കാളകളി, ചാക്കാലപ്പാട്ട്, കളമെഴുത്ത്പാട്ട്, നന്തുണിപ്പാട്ട് എന്നിവ ഈ പഞ്ചായത്തിലുണ്ട്. ഇവയിൽ പലതും മനസ്സിൽ നിന്നും മനസ്സിലേക്ക് പകർത്തപ്പെട്ടു നിലനിൽക്കുന്നവയാണ്. ഇത്തരത്തിലുള്ള പ്രാചീന നാടോടിഗാനങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തി വക്കുകയും, പ്രാചീനകലാരൂപങ്ങളെ പുനഃരുദ്ധരിച്ച് സംരക്ഷിക്കുകയും ചെയ്യേണ്ടത് ഈ തലമുറയുടെ ബാധ്യതയാണ്.

അമ്പലങ്ങളും, പള്ളികളുമായി ബന്ധപ്പെട്ടു കാണുന്ന ആചാരാനുഷ്ഠാനങ്ങളും കഴിഞ്ഞകാല ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നവയാണെന്നു കാണാം. താഴേക്കാട് പള്ളിയിൽ തിരുനാൾ കൊടികയറിയാൽ ഹിന്ദു വിഭാഗത്തിൽപ്പെട്ട, മുത്തപ്പന്റെ കൊടിയുമായി, കുതിരകളി, കോൽകളി, പറയൻ കളി, മുടിയാട്ടം എന്നീ പ്രാചീനകലകൾ അവതരിപ്പിക്കുക പതിവാണ്. ഇരിങ്ങാടപ്പിള്ളിക്ഷേത്രത്തിലെ ഉത്സവദിനത്തിലും ഇത്തരം കലകൾ അരങ്ങേറാറുണ്ട്.

## ഉത്സവങ്ങൾ, ആഘോഷങ്ങൾ

വിളവെടുപ്പുകാലത്തോടെ കേരളത്തിൽ ഉത്സവങ്ങളുടെ അരങ്ങേറ്റം തുടങ്ങുന്നു. ഇന്നത്തേപ്പോലെ തിരക്കുപിടിച്ച ജീവിതരീതിയല്ലായിരുന്നു പണ്ടുകാലത്ത്. അതുകൊണ്ട് അധ്വാനത്തിന്റെ ഫലം കിട്ടുകയും വിശ്രമസമയം ലഭിക്കുകയും, കാലാവസ്ഥ അനുകൂലമാവുകയും ചെയ്യുമ്പോൾ ഉത്സവങ്ങളുടേയും ആഘോഷങ്ങളുടേയും കാലമായിമാറുന്നു.

| വാർഡ് നമ്പർ | ഉത്സവങ്ങൾ - ആഘോഷങ്ങൾ | സമയം, തീയതി |
|---|---|---|
| 1. | കല്ലേറ്റുംകര അമ്പ് പ്രദക്ഷിണം<br>കാര്യങ്ങാട്ടിൽ ഭഗവതിക്ഷേത്രം | ജനുവരി 26,27<br>മകരം 28 |
| 2. | - | |
| 3. | താഴേക്കാട് പള്ളി തിരുനാൾ<br>താഴേക്കാട് ശിവക്ഷേത്രം<br>വാസുപുരം ക്ഷേത്രം | മെയ് 1,2,3 |
| 4. | നാരായണത്ത് വിഷ്ണുക്ഷേത്രം<br>നമ്പ്യാടൻകാവ് | |
| 5. | കൊമ്പൊടിഞ്ഞാമാക്കൽ ചന്ദനക്കുട മഹോത്സവം | മകരം 15 |
| 6. | കുഴിക്കാട്ടുശ്ശേരി അമ്പ് | |
| 7. | സ്ത്രീധനക്കാവ് ഉത്സവം | മകരം 28 |
| 8. | തുരുത്തിപ്പറമ്പ് അമ്പ്<br>കല്ലട അമ്പലം | ഫെബ്രുവരി 11<br>മകരമാസം വെള്ളിയാഴ്ച |
| 9. | ആണിക്കുളങ്ങര അമ്പലം | മകരം മകം തൊഴൽ |
| 10. | ആളൂർ പള്ളി | ജനുവരി 25,26 |
| 11. | എടത്താടൻ മുത്തപ്പൻകാവ് | മകരം 10 |
| 12. | സുബ്രഹ്മണ്യസ്വാമി ക്ഷേത്രം | |
| 13. | ഇരിങ്ങാടപ്പിള്ളി ക്ഷേത്രം | കുംഭം, കാർത്തിക നക്ഷത്രം |
| 14. | വെള്ളാംഞ്ചിറ പള്ളി<br>പാലപ്പെട്ടി അമ്പലം | മകരം 29 |

പ്രദേശിക അമ്പലങ്ങളോടും, പള്ളികളോടും കുടുംബക്ഷേത്രങ്ങളോടും ചേർന്ന് വിവിധ ആഘോഷപരിപാടികൾ അരങ്ങേറുന്നു.

**ഉത്സവങ്ങൾ - ആഘോഷങ്ങൾ**

ജീവിതത്തിന്റെ നാനാമേഖലകളിൽ ഗുണകരമായ മാറ്റം വരുത്തുവാൻ ലക്ഷ്യബോധത്തോടെയുള്ള ആസൂത്രണം വഴി നമുക്ക് കഴിയുമെന്ന് പ്രതീക്ഷിക്കാം. അതിന്റെ സൂചനകളാണ് ഗ്രാമസഭകളിൽ നടന്ന ചർച്ചയും നിർദ്ദേശങ്ങളും നൽകുന്നത്.

**പ്രശനങ്ങൾ - നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിൽ ഇന്നുള്ള പൊതുകളിസ്ഥലങ്ങൾ തീരെ അപര്യാപ്തമാണ്. ഇപ്പോൾ കളിസ്ഥലമില്ലാത്ത വാർഡുകളിൽ അതു നിർമ്മിക്കുക.
2. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സംസ്ക്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക.
3. ദരിദ്ര ജനവിഭാഗങ്ങൾ കൂടുതലുള്ള കേന്ദ്രങ്ങളിൽ ടി.വി സെന്റുകൾ സ്ഥാപിക്കുക(വാർഡ്-10,14).
4. 11-ാം വാർഡിൽ ഫ്രണ്ടസ് ക്ലബിനും, 13ാം വാർഡിൽ സൂര്യാ ക്ലബിനും സ്വന്തമായ കെട്ടിടം പണിയുവാൻ ഇറിഗേഷൻ അധികൃതർ പുറമ്പോക്കു ഭൂമി പതിച്ചു നൽകണം.
5. അയ്യിച്ചിറ കുളത്തിനു സമീപം നികത്തിയെടുത്ത ഭാഗത്ത് മിനി പാർക്ക് നിർമ്മിക്കണം.
6. രജിസ്റ്റേർഡ് ക്ലബുകൾക്കുള്ള ഗ്രാന്റ് തുക വർദ്ധിപ്പിക്കുക.
7. റെയിൽവേ സ്റ്റേഷനോട് ചേർന്ന് റോഡ് സൈഡിൽ കിടക്കുന്ന സ്ഥലം പഞ്ചായത്തിന് വിട്ടുകൊടുക്കുകയും അവിടെ പാർക്ക് പണിയുകയും ചെയ്യണം.
8. പഞ്ചായത്ത് ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങുക.
9. പഞ്ചായത്തിലെ വായനശാലകളേയും കലാ സമിതികളേയും ഏകോപിപ്പിച്ചു കൊണ്ട് സെന്റർ ഫോർ ആർട്ട്സ് ആന്റ് കർച്ചറൽ അസോസിയേഷൻ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾക്ക് ഗുണപരമായ നേതൃത്വം കൊടുക്കുകയും വേണം.

ഇത്തരം നിർദ്ദേശങ്ങൾ ജലരേഖകളാകാതെ പരമാവധി ശ്രദ്ധകൊടുക്കുകയും ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയരാൻ പഞ്ചായത്തിന് കഴിയുമെന്ന് കരുതുന്നു.

ഭൗതിക നേട്ടങ്ങൾ കൈവരിക്കാനുള്ള ശ്രമങ്ങളോടൊപ്പം സാംസ്ക്കാരികമായി മുന്നേറാനുള്ള ശ്രമങ്ങളും സംഘടിപ്പിച്ച് നാം നേടിയെടുത്ത അഭിമാനബോധം കെടാതെ സൂക്ഷിക്കുവാൻ നമുക്ക് കഴിയണം. ജീവിതത്തിലെ അമൂല്യമെന്ന് നാം കരുതുന്ന നൈതികമൂല്യങ്ങൾക്ക് അനുക്ഷണം സംഭവിച്ചു കൊണ്ടിരിക്കുന്ന അപചയങ്ങൾക്കെതിരെ ജാഗരൂക രാവുക. പ്രതിരോധനിര പടുത്തുയർത്തി പ്രതിലോമ ശക്തികളെ ചെറുത്തുതോൽപ്പിക്കുക. അതായിരിക്കട്ടെ നമ്മുടെ ചരിത്രപരമായ കർത്തവ്യം.

## ആളൂർ ഗ്രാമപഞ്ചായത്ത്
## വായനശാലകൾ - ഗ്രന്ഥാലയങ്ങൾ

| നമ്പർ | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകത്തിന്റെ എണ്ണം | അംഗങ്ങളുടെ എണ്ണം | ആനുകാലിക പ്രസിദ്ധീകരണങ്ങൾ | വായനക്കാർ F | വായനക്കാർ M |
|---|---|---|---|---|---|---|---|---|
| 1. | റവ. ഫാ. ആൻഡ്രൂസ് മെമ്മോറിയൽ ഗ്രാമീണ വായനശാല കല്ലേറ്റുംകര | 1930 | B | 6028 | 378 | 6 | | 378 |
| 2. | ഗ്രാമീണ വായനശാല കുഴിക്കാട്ടുശ്ശേരി | 1940 | A | 8194 | 1186 | പത്രം 9 | | |
| 3. | ഗ്രാമീണ വായനശാല ആളൂർ | | | | | | | |
| 4. | ശ്രീനാരായണ വായനശാല ആളൂർ | | | | | | | |
| 5. | പഞ്ചായത്തു വായനശാല കല്ലേറ്റുംകര | 1995 | A | 1809 | 239 | മാസിക 12 | 15 | 50 |

## ആളൂർ ഗ്രാമപഞ്ചായത്ത്
## കലാ-കായിക സമിതികൾ

| നമ്പർ | പേര് | സ്വന്തമായി സ്ഥലമുണ്ടോ | അംഗത്വം | പ്രവർത്തനമേഖല |
|---|---|---|---|---|
| 1. | നവോദയ കലാകായിക സമിതി, താഴേക്കാട്. | ഉണ്ട്. | | കലാ സാംസ്ക്കാരിക കായിക പ്രവർത്തനങ്ങൾ |
| 2. | എ.കെ.ജി സ്മാരക വായനശാല, കൊമ്പൊടി. | ഉണ്ട്. | | കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 3. | നവഭാവന ആർട്ട്സ് ആന്റ് റീഡിംഗ് റൂം, കാരൂർ. | ഉണ്ട്. | 77 | |
| 4. | ഷൈൻസ്റ്റാർ ക്ലബ്, വല്ലക്കുന്ന്. | | | |
| 5. | ജ്യോതി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, കണ്ണീക്കര. | | | |
| 6. | സംസ്ക്കാര കലാകായികസമിതി, താഴേക്കാട്. | | | |
| 7. | അക്ഷര ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, താഴേക്കാട്. | | | |
| 8. | മുഗൾ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, കല്ലേറ്റുംകര. | | | |
| 9. | സൂര്യ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, ആളൂർ. | | | |
| 10. | സ്റ്റാർ റിക്രിയേഷൻ ക്ലബ്, വല്ലക്കുന്ന്. | | | |
| 11. | വീവൺ ക്ലബ്, മാനാട്ടുകുന്ന്. | | | |
| 12. | നവരശ്മി, വെള്ളാംഞ്ചിറ. | | | |
| 13. | മാസ്സ് ക്ലബ്, കല്ലേറ്റുംകര. | | | |
| 14. | നവജ്യോതി, പഞ്ഞപ്പിള്ളി. | | | |
| 15. | സ്പാർക്ക് ക്ലബ്, ആളൂർ. | | | |

# വിഭവ സമാഹരണം

അവലോകനം

ആളൂർ ഗ്രാമ പഞ്ചായത്തിന്റെ വരുമാന സ്ഥിതി കണക്കിലെടുത്ത് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായി നിശ്ചയിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ നികുതിയിനത്തിൽ ഏറ്റവും പ്രാമുഖ്യം കെട്ടിടനികുതിക്കാണ്. 6994 കെട്ടിട ഉടമകൾ പഞ്ചായത്തിന് കരം കൊടുക്കുന്നുണ്ട് 1992-93 വർഷത്തിലാണ് ഏറ്റവും ഒടുവിലായി കെട്ടിടനികുതി പുതുക്കി നിശ്ചയിച്ചിരിക്കുന്നത്. 1990- 91ൽ 2,24,000 രൂപ കെട്ടിടനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിച്ചിരുന്നെങ്കിൽ 1995- 96 വർഷം ആയത് 3,15,000/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധന 40.5% വരും. കെട്ടിട നികുതി ചുമത്തുന്നതിന് ശരിയായ മാനദണ്ഡം പാലിക്കാതിരുന്നതിനാൽ നികുതി ഈടാക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ടിൽ കെട്ടിടനികുതി ചുമത്തുന്നതിന് പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ ഈ വീഴ്ച പരിഹരിക്കുവാൻ സാധിക്കും.

കെട്ടിട നികുതി കഴിഞ്ഞാൽ നികുതിയിനത്തിൽ രണ്ടാമത് വരുന്നത് തൊഴിൽ നികുതിയാണ്. ഒരു വർഷത്തിൽ രണ്ട് അർദ്ധവർഷമായിട്ടാണ് നികുതി ഈടാക്കുന്നത്. വരുമാനം കണക്കിലെടുത്ത് സ്ലാബ് അടിസ്ഥാനത്തിൽ തൊഴിൽ നികുതി പിരിക്കുന്നു. 1995-96ൽ രണ്ട് ലക്ഷം രൂപ തൊഴിൽ നികുതി ലഭിച്ചിട്ടുണ്ട് 1990- 91ൽ 1,35,000 രൂപയായിരുന്നു ഈ ഇനത്തിൽ ലഭിച്ചിരുന്നത്. വർദ്ധനവ് 48.15% വരുന്നു. 1995- 96ൽ 1448 നികുതിദായകരാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് സിനിമാ തീയറ്ററുകളിൽ നിന്നും വിനോദനികുതിയും, അധിക വിനോദനികുതിയും പഞ്ചായത്ത് ഈടാക്കുന്നു. ഒരു രൂപ ഒരു പൗരൻ സിനിമാടിക്കറ്റ് എടുക്കുവാൻ ചിലവാക്കുമ്പോൾ 0.245 രൂപ പഞ്ചായത്തിനുള്ള നികുതിയാണ്. നികുതി ഈടാക്കന്നതിന് നിലവിലുള്ള നിയമം പരിഷ്കരിച്ച് ഫലപ്രദമാക്കേണ്ടതാണ്. 1990-91ൽ 29,000 രൂപയാണ് ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചിരുന്നത്. 1995- 96ൽ 39,000 ഒരു രൂപ വിനോദനികുതി ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് വക വസ്തുക്കളിൽ നിന്നുള്ള വരുമാനമാണ് പ്രധാനമായും പിന്നീട് വരുന്നത്. ഈ ഇനത്തിൽ കെട്ടിടവാടക, ലേലം മുതലായവ ഈ ഇനത്തിൽ വരുന്നു.

പഞ്ചായത്തിന് കല്ലേറ്റുംകരയിൽ മൂന്നു ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളാണ് ഉള്ളത്. കൊമ്പൊടിഞ്ഞാമാക്കൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് റൂറൽ ഡവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടുകൂടി പണികഴിപ്പിച്ചിട്ടുണ്ട്. കല്ലേറ്റുംകരയിൽ 21 മുറികളും കൊമ്പൊടിഞ്ഞാമാക്കൽ 9 മുറികളും കൂടാതെ 4 പെട്ടികടകളും വാടകക്ക് കൊടുത്തിട്ടുണ്ട്. 1990- 91 വർഷത്തിൽ 72,900 രൂപ ഇനത്തിൽ വരുമാനം ലഭിച്ചിട്ടുള്ളതാണ്. 1995- 96ൽ ഈ വരുമാനം 92,212 രൂപ വർദ്ധിച്ചിട്ടുണ്ട്. കൊമ്പൊടിഞ്ഞാമാക്കൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ വരുമാനം 1996- 97 വർഷം മുതലാണ് ലഭിച്ചുതുടങ്ങിയത്. പഞ്ചായത്തുകൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാൻഡ് ഇനങ്ങളിൽ, വില്ലേജ് "റോഡ് മെന്റനൻസ് ഗ്രാന്റ്, മൈനർ ഇറിഗേഷൻ ഗ്രാന്റ്, ബേസിൽക് ടാക്സ് ഗ്രാന്റ്, വസ്തുകൈമാറ്റനികുതി, വാഹന നികുതി, അൺടൈഡ് ഫണ്ട് എന്നിവ ഉൾപ്പെടുന്നു. പഞ്ചായത്ത് അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾക്കായി വി. ആർ. എം. ഗ്രാന്റ് ലഭിക്കുന്നു. 1995- 96ൽ 73,000 രൂപയാണ് ലഭിച്ചിട്ടുള്ളത് 225 കി. മി. ദൈർഘ്യം വരുന്ന റോഡ് നിലവിലുള്ള പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കുന്ന ഗ്രാന്റ് തീർത്തും അപര്യാപ്തമാണ്. 1983- 84ൽ പഞ്ചായത്തിന് വി. ആർ. എം. ഗ്രാന്റ് ഇനത്തിൽ 1,75,000 രൂപയാണ് ലഭിച്ചിട്ടുള്ളത്. 1993- 94നു ശേഷം വി. ആർ. എം. ഗ്രാന്റ് അനുവദിക്കുന്നതിൽ തുടർച്ചയായി കുറവു വന്നിട്ടുള്ളതാണ്.

ബേസിൽ ടാക്സ് ഗ്രാന്റ് നൽകുന്നതിലും കുടിശികയുണ്ട്. ബേസിൽ ടാക്സ് ഗ്രാന്റ് 1995- 96ൽ 45,869 രൂപയാണ് ലഭിച്ചിട്ടുള്ളത്.

വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ പഞ്ചായത്ത് റോഡുകൾ അറ്റകുറ്റപ്പണിനടത്തുന്നതിന് വാഹനനികുതി വിഹിതത്തിൽ നിന്ന് അനുവദിക്കുന്നതാണ്. 1994- 95 വരെ ഈയിനത്തിൽ പഞ്ചായത്തുകൾക്ക് തുക അനുവദിക്കുന്നത് മാനദണ്ഡങ്ങൾക്ക് അനുസൃതമായിരുന്നില്ല. എന്നാൽ 1995- 96ൽ 6,75,000 രൂപ ഗ്രാന്റ് ലഭിച്ചിട്ടുണ്ട്. വെഹിക്കിൾ ടാക്സ് മാനദണ്ഡമനുസരിച്ച് വരും വർഷങ്ങളിൽ അനുവദിക്കേണ്ടതാണ്.

മൈനർ ഇറിഗേഷൻ പ്രവർത്തികൾക്ക് വർഷം തോറും 39,100 രൂപ ഗ്രാന്റ് അനുവദിക്കുന്നത് പൂർത്തീകരിച്ച പ്രവർത്തികളുടേയും ഇറിഗേഷൻ നടത്തുന്ന അണക്കെട്ട്

ഏരിയ കണക്കിലെടുത്തൽ ഹെക്ടറിന് ഇന്ന് ലെവിലുള്ള നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതാണ്.

വസ്തുകൈമാറ്റനികുതി പഞ്ചായത്ത് ഏരിയയിൽ നടക്കുന്ന ഭൂമികളുടെ ക്രയവിക്രയത്തിന്മേൽ ചുമത്തുന്ന സർചാർജ്ജിന്മേൽ ലഭിക്കുന്നതാണ്. 75% മാനദണ്ഡമനുസരിച്ചും 25% പഞ്ചായത്ത് ഡയറക്ടർ യുക്തമനുസരിച്ചും നൽകുന്നു. 1995-96ൽ 4,33,000 രൂപ ഈയിനത്തിൽ ലഭിച്ചിട്ടുണ്ട്.

1990-91 വർഷം മുതൽ പഞ്ചായത്തുകൾക്ക് അൺടൈഡ് ഇനത്തിൽ ജനറൽ സെക്ടറിലും, എസ്. സി. പി. ഇനത്തിലും ഗ്രാന്റ് അനുവദിക്കുന്നു. താഴെ പറയുന്ന നിരക്കിൽ ഗ്രാന്റ് വർഷം തോറും അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 90-91 | - | 195000 |
| 91-92 | - | 201000 |
| 92-93 | - | 211500 |
| 93- 94 | - | 226300 |
| 94-95 | - | 225000 |
| 95-96 | - | 327800 |

അൺ ടൈഡ് ഫണ്ട് പ്രകാരമുള്ള പ്രവർത്തികൾ നേരിട്ട് നടത്തുകയാണ്. അൺ ടൈഡ് പ്രവർത്തികൾ പഞ്ചായത്തുകൾ നേരിട്ട് നടത്തുന്നത് മൂലം പരമാവതി പൊതുജന പങ്കാളിത്തം ആവശ്യമാണ്. ഈ പ്രവർത്തികളുടെ ഗുണപരമായ ഉയർച്ചയ്ക്ക് ഇത് ഉപകരിക്കുന്നതാണ്. മൊത്തം ഗ്രാന്റ് വിഹിതത്തിന്റെ 20% വരുന്ന തുക അൺടൈഡ് ഇനത്തിൽ ലഭിക്കുന്നുണ്ട്. പഞ്ചായത്ത് ആക്റ്റ് നിലവിൽവരുന്നതോടെ അൺടൈഡ് ഇനത്തിൽ കൂടുതൽ സംഖ്യ ലഭിക്കുന്നതാണ്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കാര്യമാത്രപ്രസക്തമായ വർദ്ധനവ് വന്നിട്ടില്ലെന്ന് താഴെ പറയുന്ന പട്ടിക പരിശോധിച്ചാൽ ബോധ്യമാകും.

| | | |
|---|---|---|
| 90-91 | - | 501700 |
| 91-92 | - | 547500 |
| 92-93 | - | 563400 |
| 93-94 | - | 718800 |
| 94-95 | - | 728400 |
| 96-97 | - | 740000 |

കെട്ടിടനികുതിയിൽ മാത്രമാണ് ഒരു കാലോചിത വർദ്ധനവ് ലഭിച്ചിട്ടുള്ളത്. നാട്ടിൽ പൊതുവേ കൺസ്ട്രക്ഷൻ രംഗത്ത് വർദ്ധനവ് വന്നിട്ടുള്ളത് ഇതിന് ഒരു കാരണമാണ്.

എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾക്കായി ഈ പഞ്ചായത്തിന് ഗ്രാന്റ് ഒന്നും ലഭിക്കുന്നില്ല. വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് തുടങ്ങിയ ഇനങ്ങൾക്കും ഗ്രാന്റ് ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ 95 96ലെ മൊത്തം വരവ് 28,37000 രൂപയാണ്.

ജവഹർ റോഡ്ഗർ യോജന പദ്ധതി 1989 90 വർഷം മുതൽ പഞ്ചായത്തുകൾ വഴിയാണ് നടപ്പാക്കുന്നത്. പഞ്ചായത്തിന് ഈയിനത്തിൽ ലഭിച്ച ഗ്രാന്റുകളുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 89-90 | - | 430800 |
| 90-91 | - | 411800 |
| 91-92 | - | 470600 |
| 93-94 | - | 484600 |
| 94-95 | - | 257300 |
| 95-96 | - | 369348 |

ജെ. ആർ. വൈ. പദ്ധതിയിൽ പെട്ട പ്രവൃത്തികൾ ഉപഭോക്താക്കളുടെ യോഗം നിർദ്ദേശിക്കുന്ന കൺവീനർമാരാണ് നടത്തുന്നത്.പഞ്ചായത്തുകൾ പ്രധാനമായും നിർവ്വഹിക്കപ്പെടുന്നത് താഴെ പറയുന്ന ചിലവുകളാണ്.

1. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്
2. പൊതുമരാമത്ത് പണികൾക്കുള്ള ചെലവുകൾ
3. സ്ട്രീറ്റ് ലൈറ്റിന്റെ കറന്റ് ചാർജ്ജ്
4. വാട്ടർ സപ്ലൈ മെയിന്റനൻസ് ചാർജ്ജ്
5. ലോൺ റീപെയ്മെന്റ്

പഞ്ചായത്തുകൾ വഹിക്കേണ്ടിവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ പ്രധാന ചിലവിനത്തിൽപ്പെടുന്നു.

ജീവനക്കാരുടെ ശമ്പളം, പഞ്ചായത്തു കമ്മറ്റിയംഗങ്ങക്കും പ്രസിഡന്റിനും ഉള്ള ഹോണറേറിയം എന്നിവയും, ഓഫീസ് കണ്ടിൻജൻസിയും ഈയിനത്തിൽ ചിലവു വരുന്നു. കാലാകാലങ്ങളിൽ ജീവനക്കാർക്ക് ഡി. എ. നൽകുന്നതിനും, ശമ്പളവർദ്ധനവ് അനുവദിക്കുന്നതിനും വരുന്ന അധിക ബാധ്യത

എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ വർദ്ധിക്കുന്നതിന് ഇടവരുത്തുന്നു. പഞ്ചായത്തിന് എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റായി സംഖ്യലഭിക്കുന്നുമില്ല. തനതു വരുമാനത്തിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ വഹിക്കുന്നതിന് പഞ്ചായത്ത് നിർബന്ധിതമാകുന്നു. 1990 91 വർഷം മുതലുള്ള ചിലവുകളുടെ ആകെ തുക താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 90-91 | - | 372000 |
| 91-92 | - | 446700 |
| 92-93 | - | 552000 |
| 93-94 | - | 570500 |
| 94-95 | - | 775000 |
| 95-96 | - | 804640 |

പൊതുമരാമത്ത് പണികൾക്ക് പഞ്ചായത്ത് വിവിധയിനങ്ങളിലായി വർഷത്തിൽ 12.5 ലക്ഷത്തിൽപരം രൂപയാണ് 95 96ൽ ചിലവഴിച്ചത്. അൺ ടൈഡ്, V. R. M. ഗ്രാന്റ്, M. I., V. T. C. എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഗ്രാന്റുകളും തനതുഫണ്ടിൽ മിച്ചം വരുന്ന സംഖ്യയും പൊതിമരാമത്തുപണികൾക്കായി ചിലവഴിക്കുന്നു. പഞ്ചായത്ത് കഴിഞ്ഞ പത്ത് വർഷങ്ങളിൽ നടത്തിയ നിർമ്മാണ പ്രവർത്തങ്ങളുടെ ചിത്രം താഴെ ചേർക്കുന്നു.

1. കിഴക്കെ പഞ്ഞപ്പിള്ളി റോഡ്
2. ബൈപാസ് റോഡ
3. തെക്കേ മുണ്ടകപ്പാടം റോഡ്
4. വെസ്റ്റ് പഞ്ഞപ്പിള്ളി റോഡ്
5. പഞ്ഞപ്പിള്ളി കോളനി റോഡ്
6. മനപ്പടി പഞ്ഞപ്പുള്ളു റോഡ്
7. താഴേക്കാട് പള്ളിനട റോഡ്
8. പതിക്കാട് കോളനി റോഡ്
9. ജോതിനഗർ റോഡ്
10. നമ്പിക്കുന്ന് റോഡ്
11. പാറക്ക റോഡ്
12. വഴിക്കലച്ചിറ റോഡ്
13. ഉറവുത്ത് റോഡ്
14. എ. കെ. കെ. റോഡ്
15. കാട്ടാം തോട്ട് റോഡ്
16. പെരിയപ്പാടം തോട്ട്
17. കാരൂർചിറ അഞ്ചലങ്ങാടി റോഡ്
18. ആളൂർ പള്ളി വെള്ളാഞ്ചിറ റോഡ്
19. കാരൂർ റൈസ്മിൽ റോഡ്
20. ഉറുമ്പൻകുന്ന് റോഡ്
21. വെള്ളാഞ്ചിറ പള്ളി റോഡ്
22. തുരുത്തിപ്പറമ്പ് റോഡ്
23. അംബേദ്കർ റോഡ്
24. R. M. H. S. പൊരുന്നകുന്ന് റോഡ്
25. ഷോളയാർ റോഡ്
26. താന്നിപ്പാറ റോഡ്
27. ആനത്തടം പള്ളി റോഡ്
28. ആനത്തടം പെരാമ്പ്ര റോഡ്
29. ടി. വി. ലോനപ്പൻ റോഡ്
30. അയിനിച്ചിറ റൊഡ്
31. സിൽവൺ പ്ലേവുഡ് റോഡ്
32. അണ്ടി കമ്പിനി റോഡ്
33. പെരിയപ്പാടം റോഡ്
34. അരിക്ക റോഡ്
35. കമ്മ്യൂണിറ്റി ഹാൾ
36. സാംസ്കാരികനിലയം കോൺഫറൻസ് നഗർ
37. ഹോമിയോ ഡിസ്പൻസറി
38. കൊമ്പൊടിഞ്ഞാമാക്കൽ ഷോപ്പിംഗ് കോംപ്ലക്സ്
38. കൊമ്പൊടിഞ്ഞാമാക്കൽ മാർക്കറ്റ്
40. കല്ലേറ്റുംകര മാർക്കറ്റ് നവീകരണം
41. ആയ്യൂർവേദ ഡിസ്പൻസറി കെട്ടിടം
42. തുരുത്തിപ്പറമ്പ് കളിസ്ഥലം
43. കൊമ്പൊടിഞ്ഞാമാക്കൽ കളി സ്ഥലം
44. കല്ലേറ്റുംകര ഓപ്പണെയർ സ്റ്റേജ്
45. ആളൂർ മാർക്കറ്റ് നിർമ്മാണം

മരാമത്ത് പണികളിൽ ചിലവ പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് പൂർത്തികരിച്ചിട്ടുണ്ട്. ഇപ്രകാരം പണിത പ്രവർത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | കല്ലേറ്റുംകരയിൽ കോൺഫറൻസ് ഹാൾ കം സാംസ്കാരിക നിലയം | 3.30 ലക്ഷം |
| 2. | ഹോമിയോ ഡിസ്പൻസറി കൊട്ടിടം | 17000 |
| 3. | കല്ലേറ്റുംകര മാർക്കറ്റ് നവീകരണം | 90000 |
| 4. | പടിഞ്ഞാറെ പഞ്ഞപ്പിള്ളി റോഡ് | 3.30 ലക്ഷം |
| 5. | പഞ്ഞപ്പിള്ളി റൗണ്ട് റോഡ് | 2 ലക്ഷം |
| 6. | കൊമ്പൊടിഞ്ഞാമാക്കൽ മാർക്കറ്റ് | 36000 |
| 7. | ബൈപ്പാസ് റോഡ് | 170000 |
| 8. | സാംസ്കാരിക നിലയം വൈദ്യുതീകരണം | 100000 |

ജെ. ആർ. വൈ. പദ്ധതികളിൽ പെടുന്ന പ്രവർത്തികൾ ഉപഭോക്താക്കൾ തെരെഞ്ഞെടുക്കുന്ന കൺവീനർമ്മാരാണ് നടത്തുന്നത്. കോൺട്രാക്റ്റായി നൽകുന്ന പ്രവർത്തികൾ ഈയിടെയായി കുറഞ്ഞുവരുന്നു. പ്രവർത്തികളുടെ ഗുണനിലവാരം നേരിട്ട് നടത്തുന്ന പണികളുടെ കാര്യത്തിൽ വളരെ ഉയർത്തതായികാണുന്നു.

വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുന്ന പ്രവർത്തികളിൽ ആളൂർ കമ്മ്യൂണിറ്റി ഹാൾ, കൊമ്പൊടിഞ്ഞാമാക്കൽ മാർക്കറ്റുകൾ, കൊമ്പൊടിഞ്ഞാമാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയവ ഉൾപ്പെടുന്നു.

ആളൂർ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിലേക്ക് 1 ലക്ഷം രൂപ വായ്പ എടുത്തിട്ടുണ്ട്. കൊമ്പൊടിഞ്ഞാമാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ..................... രൂപ വായ്പ ആർ. ഡി. ബി. യിൽ നിന്നും എടുത്തിട്ടുണ്ട്. ഈ ഇനത്തിൽ 1995 96ൽ 2,82,000 രൂപ തിരിച്ചടച്ചിട്ടുണ്ട്. വായപാ വിഹിതം തിരിച്ചടക്കുന്നതിന് വരുമാനം തികയാറില്ല.

പഞ്ചായത്തിന്റെ മറ്റൊരു പ്രധാന ചിലവിനത്തിൽ സ്ട്രീറ്റ് ലൈറ്റിന്റെ കറന്റ് ചാർജ്ജ് ആണ് വരുന്നത്. 1995 96ൽ 1,65,000 രൂപ ഈ ഇനത്തിൽ ചിലവു വന്നിട്ടുണ്ട്. കാലാകാലങ്ങളിൽ കറന്റ് ചാർജ്ജ് വർദ്ധന വരുത്തുമ്പോൾ ഈ ചിലവ് വർദ്ധിക്കുന്നു. പഞ്ചായത്തുകൾ നിലവിൽ വന്ന കാലത്ത് വഴി വിളക്കുകൾ മണ്ണെണ്ണയും മറ്റു വിളക്കെണ്ണകളും ഉപയോഗിച്ചാണ് തെളിയിച്ചിരുന്നത്. അക്കാലത്ത് നാമമാത്ര ചിലവെ വന്നിരുന്നുള്ളു. പിന്നീട്, കറന്റ് വരുകയും നാട്ടിൽ ജീവിതസൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തു. പല റോഡുകളും വൈദ്യുതീകരിക്കുകയുണ്ടായി. ഇപ്പോൾ പഞ്ചായത്തിന് താങ്ങാവുന്നതിനേക്കാൾ അധീകരിച്ച ചെലവ് ഈ ഇനത്തിലുണ്ട്. ഇത്തരത്തിൽ വർദ്ധിച്ച ചിലവ് വഹിക്കുന്നതിന് പഞ്ചായത്തിന് ഗ്രാന്റ് ഈ വകയിൽ അനുവദിക്കേണ്ടതാണ്.

കുടിവെള്ള വിതരണം നടത്തുന്നതിന് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുനന ആറ് പദ്ധതികളുടെ മെയ്ന്റെനൻസ് ചാർജ്ജ് പഞ്ചായത്താണ് വഹിക്കുന്നത്. ഒരു വർഷത്തിൽ 2,12,000 രൂപ വാട്ടർ അതോറിട്ടിയിൽ അടക്കേണ്ടതായിട്ടുണ്ട്. 1996 മാർച്ച് 31ന് അവസാനിച്ച വർഷത്തിൽ 8,39,549 രൂപ വാട്ടർ ചാർജ്ജ് ഈ ഇനത്തിൽ തന്നെ പഞ്ചായത്ത് കുടിശ്ശികയായി കോടുത്തുതീർക്കാനുണ്ട്. ഒരു ടാപ്പിന് 875 രൂപ വച്ച് പഞ്ചായത്ത് അടക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. നിശ്ചിത മാനദണ്ഡം പാലിക്കാതെ ടാപ്പുകൾ സ്ഥാപിക്കേണ്ടിവരുന്നത് വാട്ടർ ചാർജ്ജിന്റെ ഭീമമായ വർദ്ധനവിന് ഒരു കാരണമാണ്. പഞ്ചായത്ത് വാട്ടർ ചാർജ്ജ് അടക്കുന്നുവെങ്കിലും ആവശ്യമായ തോതിൽ വെള്ളം പോതുജനങ്ങൾക്ക് നൽകുവാൻ കഴിയുന്നില്ല എന്നത് ഒരു വസ്തുതയാണ്.

## ധനകാര്യസ്ഥാപനങ്ങൾ

ആളൂർ ഗ്രാമപഞ്ചായത്തിന് മൂന്ന് ഷെഡ്യൂൾഡ് ബാങ്ക് ശാഖകളും, മൂന്ന് പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും പ്രവർത്തിക്കുന്നു. ഒരു നാഷ്ണലൈസ്ഡ് ബാങ്കിന്റെ ശാഖ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അഷ്ടമിച്ചറയിൽ പ്രവർത്തിക്കുന്ന ബാങ്ക് ഓഫ് ബറോഡയുടെ ശാഖയുമായി ഈ പഞ്ചായത്തിന്റെ മൂന്ന് വാർഡുകൾ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. ഈ നിർദ്ദേശം ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

ഫെഡറൽ ബാങ്കിന്റെ ശാഖ കല്ലേറ്റുംകരയിലും, കാത്തലിക്ക് സിറിയൻ ബാങ്കിന്റെ ശാഖ കൊമ്പൊടിഞ്ഞാമാക്കലിലും, ധനലക്ഷ്മി ബാങ്കിന്റെ ശാഖ ആളൂരും പ്രവർത്തിക്കുന്നു. ഗൾഫ് നാടുകളിലും, ജർമ്മനി മുതലായ വികസിത രാജ്യങ്ങളിലും ഈ പഞ്ചായത്തിൽപ്പെട്ട .....1312................. പേർ വിദേശത്തും ജോലി ചെയ്യുന്നു. വിദേശനാണയഇനത്തിൽ ........................... രൂപ പഞ്ചായത്തിൽ വർഷം തോറും വരുന്നുണ്ട്. നിക്ഷേപം സംസ്ഥാന ശരാശരിയേക്കാളും ഉയർന്നതോതിലുള്ളതാണ്. എന്നാൽ വായ്പാനയം ഫലപ്രദമായി നടപ്പാക്കുന്നതിൽ ഷെഡ്യൂൾഡ് ബാങ്ക് ശാഖകൾ ശ്രമിക്കുന്നില്ല. ഐ. ആർ. ഡി. പി. സ്വയം തൊഴിൽ പദ്ധതി എന്നിവയിലുള്ള അപേക്ഷകൾ

മേൽപ്പറഞ്ഞ എല്ലാ ബാങ്കുകളിലും നൽകാറുണ്ടെങ്കിലും വർഷങ്ങളായി വായ്പ അനുവദിക്കുന്നില്ല. ചെറുകിട വ്യവസായ സംരംഭകർക്കും, വ്യാപാരികൾക്കും, സ്വയം തൊഴിൽ സംരംഭകർക്കും വായ്പകൾ അനുവദിക്കാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി പരാതിയുണ്ട്. (വായ്പാ അനുപാദപട്ടിക നോക്കുക)

ആളൂർ സർവ്വീസ് സഹകരണ ബാങ്ക് 1947 സെപ്തംബർ 16ന് പ്രവർത്തനം ആരംഭിച്ചു. ആളൂർ മാള റോഡിൽ ആളൂർ റേയിൽവേ ഗേറ്റുന് സമീപം ബാങ്ക് സ്ഥിതിചെയ്യുന്നു. ഒരു ഓഹരിയുടെ വില 10 രൂപയാണ്, 5700 ഒഹരി ഉടമകൾ ബാങ്കിൽ അംഗങ്ങളായിട്ടുണ്ട്. അംഗീകൃത ഓഹരി മൂലധനം 1,20,000 പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 1037820 രൂപയുമാണ് സർക്കാർ ഓഹരിയായി 10000 രൂപയുമുണ്ട്. പൊതുജനങ്ങളിൽനിന്നമ 166,76,999 രൂപ നിക്ഷേപം സ്വീകരിച്ചിട്ടുണ്ട്. കാർഷിക വായ്പയായി 2,49,522 രൂപ ബാങ്ക് നൽകിയിട്ടുണ്ട്. മദ്ധ്യകാല വായ്പയായു 73,01,890 രൂപയും, സാധാരണ വായ്പ (ഹ്രസ്വകാലം) 8,08,267 രൂപയും, സ്വർണ്ണപണയം വായ്പയായി 22,98,230 രൂപയും, നിക്ഷേപ വായ്പയായി 10,10,448 രൂപയും, ഭവനനിർമ്മാണ വായ്പയായി 54,652 രൂപയും ബാങ്ക് നൽകിയിട്ടുണ്ട്. ഐ. ആർ. ഡി. പി. പദ്ധതിയിൽ ബാങ്ക് 1,57,790 രൂപയും ഐ. എച്ച്. ഡി. പി. കോളനിയിൽ 20,490 രൂപയും വായ്പ നൽകിയിട്ടുണ്ട്. കാലാവധി കഴിഞ്ഞ് 27,08,632 രൂപ ബാങ്കിന് പിരിഞ്ഞുകിട്ടാനുണ്ട്. ബാങ്കിന് ഒരു വർഷം 6,53,163 രൂപ എസ്റ്റാബ്ലിഷ്മെന്റ് ചിലവും, 1,25,600 കണ്ടിൻജൻസി ചിലവും വരുന്നു.

## കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്ക്

മലയാള വർഷം 1110 ഇടവം 6ാം തിയതി കല്ലേറ്റുംകരയിൽ ആരംഭംകുറിച്ചു. ആകെ 5,869 ഓഹരി ഉടമകളായിട്ടുണ്ട്. 10 രൂപയാണ് ഓഹരി വില. അംഗീകൃത ഓഹരി മൂലധനം 25,00000 രൂപയും, പിരിഞ്ഞുകിട്ടിയത് 15,55,082രൂപയുമാണ്. 49,350 രൂപ സർക്കാർ ഓഹരിയുണ്ട്. പൊതുജനങ്ങളിൽ നിന്ന് 120,67,856 നിക്ഷേപം സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വായ്പയായി 64,19,080 രൂപയും, സാധാരണ വായ്പയായി 105,89,240 രൂപയും, മറ്റു വായ്പ 5,01,180 രൂപയും, സ്വർണ്ണപ്പണ്ടം വായ്പയായി 40,60,682 രൂപയും, ഐ. ആർ. ഡി. പി. വായ്പയായി 74,084 രൂപയും ബാങ്ക് നൽകിയിട്ടുണ്ട്. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായി 4,07,693 രൂപ ബാങ്ക് വർഷം ചിലവഴിക്കുന്നു.

## താഴേക്കാട് സർവ്വീസ് ബാങ്ക്

1960 മാർച്ച് 13ാം തീയതി കൊമ്പൊടിഞ്ഞാമാക്കൽ താഴേക്കാട് സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തനമാരംഭിച്ചു. 8,344 അംഗങ്ങൾ ബാങ്കിൽ അംഗത്വമെടുത്തിട്ടുണ്ട്. ഓഹരിവില 10 രൂപയാണ്. അംഗീകൃത ഓഹരി മൂലധനം 12,00000 രൂപയും 10,40,498 രൂപ പിരിഞ്ഞുകിട്ടിയ മൂലധനവും ഉണ്ട്. സർക്കാർ ഓഹരിയായി 49,000 രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് 145,05,057 രൂപ സ്ഥിരം നിക്ഷേപമായും 1,12,51,968 രൂപ ഹ്രസ്വകാല നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്.

ബാങ്കിൽ നിന്നും കാർഷികവായ്പയായി 11,66,034 രൂപയും, ഐ. ആർ. ഡി. പി. വായ്പയായി 2,77,933 രൂപയും, കറവമാടുകൾക്ക് 22,993 രൂപയും, സാധാരണ വായ്പയായി 81,12,428 രൂപയും, സ്വർണ്ണപ്പണ്ടം പണയം വായ്പയായി 34,21,882 രൂപയും, സ്വംതൊഴിൽ വിദ്യഭ്യാസ മേഖലയിൽ 73,439 രൂപയും, സ്പെഷൽ സ്കീം കോഴിവളർത്തൽ എന്നീ പദ്ധതികളിൽ 7,27,940 രൂപയും, വീട് നിർമ്മാണത്തിന് ...................... രൂപയും, കിണർ, മോട്ടോർ എന്നിവക്കായി 1,07,461 രൂപയും, വായ്പയായി ബാങ്ക് നൽകിയിട്ടുണ്ട്.

## ഭൂവികസന ബാങ്ക്

ഇരിങ്ങാലക്കുട കേന്ദ്രമായി പ്രവർത്തിക്കുന്ന ഭൂവികസന ബാങ്കിന്റെ പരിധിയിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു. ഭൂവികിസന പദ്ധതികൾക്കായി വായ്പ ബാങ്ക് നൽകിയിട്ടുണ്ട്.

## മുകുന്ദപുരം ഹൗസിംങ്ങ് സൊസൈറ്റി

വീടുകളുടെ നിർമ്മാണത്തിനായി വായ്പ നൽകുന്ന മുകുന്ദപുരം ഹൗസിംങ്ങ് സൊസൈറ്റിയുടെ പരിധിയിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു.

ആവശ്യാനുസരണം വീടുനിർമ്മാണ വായ്പ നൽകുന്നതിന് സൊസൈറ്റിക്ക് സാധിക്കാറില്ല. സർക്കാരിന്റേതായി സാങ്കേതിക ധനകാര്യ സ്ഥാപനങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ചിട്ടി സ്ഥാപനങ്ങൾ ഉണ്ട്.

1. കല്ലേറ്റുംകര കുറീസ് & ലോൺസ്
2. ആളൂർ കുറീസ് & ലോൺസ്
3. സെൻഡ്രൽ കേരള കുറീസ് & ലോൺസ്

4. ഗോവർദ്ധൻ ചിട്ടി ഫണ്ട്സ്

5. ഗ്രാമനിധി കുറീസ് & ലോൺസ്

6. കൊമ്പൊടിഞ്ഞാമാക്കൽ കുറീസ് & ലോൺസ്

7. ഐശ്വര്യ ബാങ്കേഴ്സ്

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് പുറമേ ഭീമമായ പലിശനിരക്കിൽ അനധികൃതമായി പണം പലിശക്ക് കൊടുക്കുന്ന പതിവുമുണ്ട്. ജനങ്ങൾക്ക് നൂലാമാലകൾ കൂടാതെ ഈ സ്ഥാപനങ്ങളിൽ നിന്ന് പണം ലഭിക്കുമെന്നതിനാൽ ഈ സ്ഥാപനങ്ങളുടെ ദ്രുതഗതിയിലുള്ള വളർച്ചക്ക് സഹായമേകുന്നു.

പൊതുവിൽ വായ്പാ തുകകൾ വിനിയോഗിക്കുന്നതിൽ പൊതുജനങ്ങൾ വായ്പേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണതയുണ്ട്. ജീവിതനിലവാരം ഉയർത്തുന്നതിന് ഉൽപ്പാദനക്ഷമമായ പദ്ധതികളിൽ വായ്പ ഉപയോഗപ്പെടുത്തേണ്ടതിലേക്കായ് ഒരു ബോധവൽക്കരണ പരിപാടി അത്യാവശ്യമായി നടപ്പിലാക്കേണ്ടതാണ്.

പ്രവാസി ഭാരതീയരുടെ വരുമാനം പ്രത്യുൽപ്പാദനപരമായ മേഖലയിൽ വിനിയോഗിക്കാത്തതുമൂലം നാട്ടിൽ പൊതുവായ ഉൽപ്പാദനമാന്ദ്യവും, വിലവർദ്ധനവും ഉണ്ടാകുന്നു. വിദേശപണം നാട്ടിൽ കൺസ്ട്രക്ഷൻ രംഗത്തും, ഭൂമി വാങ്ങുന്നതിനും വിനിയോഗിക്കപ്പെടുന്നു. തൻമൂലം നിർമ്മാണ സാമഗ്രികളുടെ ആവശ്യകത ഉയരുകയും, ക്ഷാമം നേരിടുകയും ചെയ്യുന്നു. അവരുടെ നിർമ്മാണപ്രവർത്തനത്തിന് ചിലവേറുകയും, സാധനസാമഗ്രികളുടെ വില വർദ്ധിക്കുകയും ചെയ്യുന്നു. കാർഷിക തൊഴിലാളികൾ നിർമ്മാണതൊഴിലാളികളായി മാറുന്നതിനാൽ കാർഷികരംഗത്ത് പണിയെടുക്കുവാൻ തൊഴിലാളികളെ ലഭിക്കാത്ത സ്ഥിതിവിശേഷവും ഇതുമൂലം ഉണ്ടാകുന്നു.

ഭൂരിഭാഗം വിദേശതൊഴിലാളികളും അവിദഗ്ദരായിട്ടുള്ളവരാണ്. നെഴ്സിംഗ് രംഗത്ത് പ്രാഗത്ഭ്യമുള്ളവർ ജർമ്മനി തുടങ്ങിയ വികസിത രാജ്യത്ത് തൊഴിലെടുക്കുന്നുണ്ട്. വിദേശത്തു നിന്നും തിരിച്ചു വന്നാൽ ജീവിതമാർഗ്ഗം കണ്ടെത്തുവാൻ തക്ക സമ്പത്തില്ലാത്തവരാണ് ഭൂരിഭാഗവും. തൊഴിലുള്ള സന്ദർഭത്തിൽ വരുമാനം ശരിയായ മാർഗ്ഗത്തിൽ ഉപയോഗപ്പെടുത്താതു മൂലം ഭാവി ജീവിതത്തിന് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. ശരിയായ ബോധവൽക്കരണത്തിലൂടെ വിദേശപണം പ്രത്യുൽപ്പാദനപരമായ മേഖലയിലേക്ക് തിരിച്ചു വിടേണ്ടതാണ്.

കാർഷികരംഗത്ത് ഉൽപ്പാദന വർദ്ധനവിനായി യന്ത്രവൽക്കരണം നടപ്പാക്കുന്നതിന് വിദേശപണം വിനിയോഗിക്കുന്നപക്ഷം ഉൽപ്പാദന വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കും. കൂട്ടുകൃഷിഫാമുകൾ വഴി ഈ പദ്ധതി നടപ്പിലാക്കുവാൻ കഴിയുന്നതാണ്.

വ്യവസായരംഗത്ത് വിഭവസമ്പത്തിന്റെ കടുത്ത ക്ഷാമം, വിദേശപണം വഴി നികത്തിയെടുക്കുന്നതിന് ഒരു മാർഗ്ഗം കണ്ടെത്തേണ്ടതായിട്ടുണ്ട്. ഗൾഫിൽ നിന്നും തിരിച്ചെത്തിയവരെച്ചേർത്ത് സഹകരണ മേഖലയിൽ രജിസ്റ്റർ ചെയ്ത് വ്യവസായസംരംഭങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## മാനവശേഷിയുടെ സ്വരൂപിക്കൽ

മാനവശേഷിയിൽ നമ്മൾ മറ്റേതു രാജ്യത്തേക്കാളും സമ്പന്നരാണ്. വിദഗ്ദരും, അവിദഗ്ദരുമായ തൊഴിലാളികളെ ഇവിടെ ഏതു മേഖലയിലും ധാരാളം ലഭിക്കും. പഞ്ചായത്തിന്റെ പൊതുമരാമത്തുപണികൾ തൊഴിൽ സേനകൾ രൂപീകരിച്ച് അവർ വഴി നടത്തുന്നതിന് സാധിക്കും. പഞ്ചായത്ത് നേതൃത്വമേറ്റെടുത്ത് രൂപീകരിക്കുന്ന സന്നദ്ധ സേനകൾക്ക് ഭക്ഷണചിലവും, നാമമാത്ര വേതനവും നൽകി വികസന മേഖലയിലേക്ക് ഫലപ്രദമായ പങ്ക് വഹിക്കാൻ കഴിയും.

നാഷണൽ സേവിംഗ് സ്കീം വോളണ്ടിയന്മാർ 1994ൽ കളവൻ കയറ്റം റോഡിന്റെ നിർമ്മാണവും സന്നദ്ധ പ്രവർത്തനം വഴി ഈ പഞ്ചായത്തിൽ നടത്തുകയുണ്ടായി. ഈ പ്രവർത്തികൾക്ക് അറ്റമൂല്യം ഒരു ലക്ഷത്തിൽ രൂപയാണ്.

പഞ്ചായത്ത് നേരിട്ട് കല്ലേറ്റുങ്കരയിൽ നിർമ്മിച്ച കോൺഫറൻസ് ഹാളിന്റെ നിർമ്മാണത്തിന് 35,000 രൂപ ധനസഹായം പൊതുജനങ്ങളിൽ നിന്നും സ്വരൂപിച്ചിട്ടുള്ളതാണ്.

ആളൂർ ആയുർവേദ ഡിസ്പൻസറി ബിൽഡിംഗ് നിർമ്മാണത്തിനും പൊതുജനങ്ങളിൽ നിന്നും ഫണ്ട് സ്വരൂപിക്കുകയുണ്ടായി.

പഞ്ചായത്തിന്റെ അയിനിച്ചിറ റോഡ്, തെക്കേ മുണ്ടകപ്പാടം റോഡ്, ചെമ്മീൻചാൽ റോഡ്, പരടിപ്പാടം റയിൽ റോഡ്, ജോണി നഗർ റോഡ്, സിൽവൻ പ്ലൈവുഡ് റോഡ്, കുണ്ടുപ്പാടം റോഡ് തുടങ്ങിയ റോഡുകളുടെ

വികസനപ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം നിർലോഭം ലഭിച്ചിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ വികസന പ്രവർത്തനങ്ങൾക്ക് ഒട്ടാകെ 10,000ത്തോളം പ്രവർത്തിദിനങ്ങൾ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതിന് പുറമേ 5 ലക്ഷത്തിൽപ്പരം രൂപയുടെ പണപരമായ സംഭാവന ലഭിച്ചിട്ടുണ്ട്.

മാനവശേഷിയുടെ വിനിയോഗത്തിൽ ഓരോ വാർഡിലും ഒരു സന്നദ്ധ സേന രൂപീകരിക്കുക, കാലാകാലങ്ങളിൽ ഈ സേനയിൽ വരുന്ന ഒഴിവുകൾ വളർന്നു വരുന്ന തലമുറയിൽ നിന്ന് നികത്തി കറണ്ട് ലിസ്റ്റായി നിലനിർത്തേണ്ടതുമാണ്. ഓരോ സേനക്കും ആവശ്യമായ പണിയായുധങ്ങളും ദൈനംദിന ചിലവിനുള്ള ഫണ്ടും പഞ്ചായത്ത് ലഭ്യമാക്കണം. വാർഡിലെ അൺടൈഡ് ഫണ്ട്, ജെ. ആർ. ഡി. ഫണ്ടും ഈ സേന വഴി ഉപയോഗിക്കുന്നതിനും അവസരം നൽകണം. സേനയുടെ വരവു ചിലവ് കണക്കുകൾ ഗ്രാമസഭകൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതുമാണ്.

(1) നികുതി നിർണ്ണയത്തിലുള്ള പാകപ്പിഴകൾ പഞ്ചായത്തിന്റെ വരുമാനത്തെ ബാധിക്കുന്നു.

(2) വിനോദനികുതിപിരിവ് കാര്യക്ഷമത കുറവ്.

(3) വികസന പ്രവർത്തനങ്ങൾക്ക് മതിയായ തോതിൽ ഫണ്ട് ലഭിക്കായ്ക.

(4) എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ ക്രമാതീതമായി വർദ്ധിക്കുന്നു.

(5) കറന്റ് ചാർജ്ജ് വർദ്ധനവ്

(6) മെയിന്റനൻസ് ചാർജ്ജ് വർദ്ധനവ്.

(7) ധനകാര്യസ്ഥാപനങ്ങൾ, പ്രത്യേകിച്ച് ഷെഡ്യൂൾഡ് ബാങ്കുകൾ വായ്പകൾ നൽകുന്നതിന് തടസ്സം നിൽക്കുന്നു.

(8) പ്രാദേശികമായി മൂലധനം സ്വരൂപിക്കുന്നതിൽ ഉള്ള വിഷമതകൾ

(9) ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന ഗ്രാന്റുകളും മറ്റും വിനിയോഗിക്കുന്നതിൽ വരുത്തുന്ന അപാകതകൾ

(10) പൊതുഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിയമതടസങ്ങൾ

<u>സാധ്യതകൾ</u>

1. നികുതി നിർണയത്തിലെ പാകപിഴകളും വെട്ടിപ്പും തടയൽ
2. സഹകരണ മേഖല ശക്തമാക്കൽ
3. വിനോദനികുതി നിർണയവും ഈടാക്കലും നടത്തുവാൻ ഫലപ്രദമായ നിയമം
4. കേബിൾ ടിവി നടത്തുന്നതിന് നികുതി ഈടാക്കുന്നതിനും നിയമം
5. ഭൂനികുതി പിരിവ് പഞ്ചായത്തിന് നേരിട്ടു നടത്തുന്നതിന് നിയമ ഭേദഗതി
6. നാഷണൽ സേവിംഗ് പദ്ധതികൾ അതാതു ധനസ്വരൂപണംവഴി ഇൻസന്റീവ് ഗ്രാന്റ് ലഭിക്കുന്നതിന് സാധ്യത
7. പ്രാദേശികമായി ധനം സ്വരൂപിച്ച് നിധികൾ രൂപീകരിക്കൽ
8. പ്രാദേശികമായി മനുഷ്യവിഭവം സമാഹരിച്ച് വികസനപ്രവർത്തനങ്ങൾ നടപ്പാക്കൽ
9. ധനകാര്യസ്ഥാപനങ്ങളിൽനിന്നും പണം സ്വരൂപിക്കുന്നതിന് ശ്രമം
10. വികസന പ്രവർത്തനങ്ങളുടെ നേരിട്ടുള്ള നിർവഹണത്തിലൂടെ പരമാവധി ഗുണനിലവാരം ഉറപ്പാക്കൽ
11. നികുതിയേതര വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിന് നടപടികൾസ്വീകരിക്കൽ
12. പരസ്യ ബോർഡുകൾ ബാനറുകൾ, വാൾപോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നതിന് ഫീസ് ഏർപ്പെടുത്തുക. പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണം
13. കല്ലേറ്റുംകര മാർക്കറ്റ് സ്ഥലത്ത് പുതിയ കെട്ടിടമുറികൾ നിർമിക്കുക.
14. പഞ്ചായത്ത് ഓഫീസ് മന്ദിരം ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ്, സൂപ്പർ മാർക്കറ്റ് എന്നിവയാക്കുക.
15. കൊമ്പൊടിഞ്ഞാമാക്കൽ താഴെക്കാട്, ആളൂർ, കല്ലേറ്റുംകര എന്നീ കേന്ദ്രങ്ങളിൽ കെ.ടി.ഡി.സി.യുടെ ഭോജനശാലകൾ ആരംഭിക്കുക.
16. ആളൂർ, കല്ലേറ്റുംകര എന്നീ കേന്ദ്രങ്ങളിൽ ക്കഅണയുടെ ഭോജനശാലകൾ ആരംഭിക്കുക.

# വിദ്യാഭ്യാസം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്ന് ഖ്യാതി നേടിയ തൃശൂർ ജില്ലയിൽ ആ പൈതൃകം നിലനിർത്തികൊണ്ട് പോകാൻ കഴിയുന്ന ആളൂർ പഞ്ചായത്ത് ചാലക്കുടി മുനിസിപ്പാലിറ്റി, മാള, വേളൂക്കര, മുരിയാട് പഞ്ചായത്ത് അതിർത്തി കൾക്കുള്ളിൽ സ്ഥിതിചെയ്യുന്നു. ഇരിങ്ങാലക്കുടയുടെ പേരു വഹിക്കുന്ന കല്ലേറ്റുംകര റെയിൽവേ സ്റ്റേഷൻ ഈ പഞ്ചായത്തിലാണ്

എയ്ഡഡ് വിഭാഗത്തിൽ മൂന്നു ഹൈസ്ക്കൂളും, മൂന്നു യു.പി സ്കൂളും, ഏഴ് എൽ.പി.സ്കൂളും, ഒരു അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം ഹെസ്ക്കൂളും ഉള്ള ഈ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഒരു വിദ്യാലയം പോലുമില്ലെന്നത് ഒരു പക്ഷെ ആളൂർ പഞ്ചായത്തിനു മാത്രമുള്ള പ്രത്യേകതയായിരിക്കും.

ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1894ൽ ആരംഭിച്ച ആളൂർ സെന്റ് പോൾസ് എൽപി സ്കൂളാണ്. തുടർന്ന് കാരൂർ സെന്റ് മേരീസ് എൽപി സ്കൂൾ, താഴേക്കാട് സെന്റ് സെബാസ്റ്റ്യൻ എൽപി സ്കൂൾ, കൊമ്പൊടിഞ്ഞാമക്കൽ എൽ.എഫ്.എൽ.പി സ്കൂൾ, കല്ലേറ്റുംകര എൽ.എ.ജെ. എൽ.പി സ്കൂൾ എന്നിവയും പ്രവർത്തനം ആരംഭിച്ചു. ആളൂർ സിഎൽപി സ്കൂൾ, കണ്ണിക്കര കെ.ഐ.കെ.എൽ.പി സ്കൂൾ, വെള്ളാഞ്ചിറ എഫ്.എം.എൽ.പി സ്കൂൾ, തുരുത്തിപ്പറമ്പ്, സെന്റ് പോൾസ് എൽ.പിസ്കൂൾ, ആളൂർ എസ്.എൻ.വി.യു.പി സ്കൂൾ എന്നിവയുടെ പ്രൈമറി മേഖലയെ പരിപോഷിപ്പിക്കുന്ന വിദ്യാലയങ്ങളാണ്.

പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം അടുത്ത പ്രദേശങ്ങളിൽ ഹൈസ്കൂളുകളില്ലാത്തതുമൂലം ചാലക്കുടി, ഇരിങ്ങാലക്കുട ഗവ. ഹൈസ്കൂളുകളിൽ പോയി പഠനം തുടരാൻ അപൂർവം പേർക്കു മാത്രമേ കഴിയുന്നുള്ളു. ഈ ദുസ്ഥിതിക്കു പരിഹാരം കാണുവാൻ മുന്നോട്ടു വന്നത് അമ്പഴക്കാട് പുളിയിലക്കുന്നിൽ വിശ്രമജീവിതം നയിച്ചിരുന്ന ഫാദർ ആന്റണി പുല്ലോക്കാരനാണ് അരീക്കാട്ട് ജോൺമാസ്റ്ററും, വലിയ വീട്ടിൽ കുര്യാക്കോസു മാസ്റ്ററും സഹായികളായി മുന്നോട്ടുവന്നു. അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ശ്രീ ഐ.എൻ മേനോന്റെ അനുമതിയും കൂടിയായപ്പോൾ ഒരു എച്ച്.എസ് ആരംഭിക്കുവാനുള്ള ശ്രമം വിജയിച്ചു. രാജ്യഭാരം വിട്ട് രാജർഷിയായി മാറിയ കൊച്ചി മഹാരാജാവിന്റെ ഓർമക്കായി ആനപ്പറമ്പ് എന്നറിയപ്പെടുന്ന സ്ഥലത്ത് 1942-ൽ രാജർഷി മെമ്മോറിയൽ ഹൈസ്കൂൾ ആളൂരിൽ പ്രവർത്തനം ആരംഭിച്ചു. ശ്രീ ടി.ടി. വറീത് മാസ്റ്റർ ഹെഡ്മാസ്റ്റർ ആയി ചുമതലയേറ്റു. 1951-ൽ അധ്യാപകർക്ക് മാനേജ്മെന്റ് കൈമാറിയതോടെ പഞ്ചായത്തിലെ ഏകസ്റ്റാഫ് മാനേജ്മെന്റ് സ്കൂൾ കൂടിയായി. തുടർന്ന് കല്ലേറ്റുംകര ബി.വി.എം ഹൈസ്കൂൾ, ആളൂർ എസ്.എൻ.വി ഹൈസ്കൂൾ, ആളൂർ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ആളൂർ, സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ എന്നിവയും നിലവിൽ വന്നു. ഇതോടെ പഞ്ചായത്ത് നിവാസികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം പ്രയാസം കൂടാതെ പൂർത്തീകരിക്കാമെന്ന അവസ്ഥ കൈവന്നു. ആളൂർ എസ്.എൻ.വി ഹൈസ്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ അനുവദിച്ചതോടെ പഞ്ചായത്തിലെ ആദ്യ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ അനുവദിച്ചതോടെ പഞ്ചായത്തിലെ ആദ്യ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എന്ന പദവിക്കർഹയായി.

കോളജ് വിദ്യാഭ്യാസത്തിന് ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, മാള, ചാലക്കുടി പ്രദേശങ്ങളിലെ കോളജുകൾ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നു. 37456 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ചെറുതും വലുതമായി 14 വിദ്യാലയങ്ങളിലായി 7502വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

താരതമ്യേന വിദ്യാർത്ഥികൾക്ക് കൂടുതൽ ബുദ്ധിമുട്ടില്ലാത്ത രീതിയിൽ പൊതുവിദ്യാഭ്യാസം തുടരാനുള്ള സൗകര്യം പഞ്ചായത്തിലുണ്ട്. എങ്കിലും ഒരു വിഭാഗം കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുമെന്ന (തെറ്റിദ്ധാരണയിൽ) പഞ്ചായത്തിനുള്ളിലും പുറത്തുമുള്ള അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളുകളിലേക്ക് കുട്ടികളെ പറഞ്ഞയക്കുന്നു. തങ്ങളുടെ മക്കൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം ലഭിക്കണമെന്ന ആഗ്രഹം നിറവേറ്റികൊടുക്കാൻ

കഴിയാത്ത വിദ്യാലയങ്ങൾക്ക് നിലനില്പില്ലെന്ന അനുഭവപാഠം ആരംഗത്തു പ്രവർത്തിക്കുന്നവരുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നുണ്ടെന്നത് ആശാവഹമായ ഗതിമാറ്റമാണ് കാണിക്കുന്നത്.

എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറുമേനി കൊയ്യുന്ന ആളൂർ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ (അൺ എയ്ഡഡ്) പാഠ്യേതര അംഗങ്ങളിലും മുൻനിരയിലാണ്.

എസ്.എസ്.എൽ.സി പരീക്ഷയിൽ ഉയർന്ന മാർക്കുവാങ്ങാൻ കഴിയാത്തവരും പരാജയമടയുന്നവരും ട്യൂട്ടോറിയൽ കോളജുകളേയും, ഐ.ടി.സി തുടങ്ങിയ തൊഴിൽദായക മേഖലകളേയും അഭയം തേടുന്നു.

കേരളത്തിലെ മൂന്നു മോഡൽ പോളി ടെക്നിക്കുകളിൽ ഒന്നായ കല്ലേറ്റുംകര മോഡൽ പോളിടെക്നിക് പഞ്ചായത്തിലെ ഏക സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം, സാങ്കേതിക രംഗത്ത് ഏറെ പ്രതീക്ഷയുണർത്തുന്ന സ്ഥാപനമാണിത്. അപ്ലൈഡ് ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ് പി.ജി.ഡി.സി.എ എന്നീ വിഭാഗങ്ങളിലായി 290 വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തിവരുന്നു.

വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് നിലവിലുള്ള പഠനസൗകര്യങ്ങൾ വർദ്ധിക്കുകയും പുതിയ വിഭാഗങ്ങൾ ആരംഭിക്കുകയും വേണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്.

നിലവിലുള്ള വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രീ പ്രൈമറി ക്ലാസുകളാരംഭിക്കണമെന്ന് പൊതുവെ നിർദ്ദേശമുണ്ട്. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ 29 അംഗനവാടികൾ ഈ പഞ്ചായത്തിലുണ്ട്. മൊത്തം 7502 കുട്ടികൾ ഇവിടെ ക്ലാസിലെത്തുന്നു. ഇവയിൽ പലതും സ്വന്തമായസ്ഥലമോ, കെട്ടിടമോ ഇല്ലാത്തവയാണ്. ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും കൂടുതൽ ആകർഷികമാക്കുകയും ചെയ്തുകൊണ്ട് വിദ്യാഭ്യാസത്തിന്റെ അടിത്തറ ശക്തമാക്കുവാൻ ശ്രദ്ധചെലുത്തേണ്ട മേഖലയാണിത്.

ഒന്നാംഘട്ട സാക്ഷരത പ്രവർത്തനം വളരെ മെച്ചപ്പെട്ടരീതിയിൽ പഞ്ചായത്തിൽ നടന്നുവന്നെങ്കിലും തുടർ പ്രവർത്തനങ്ങളിൽവന്ന മാന്ദ്യവുംഅനാസ്ഥയും വീണ്ടും നിരക്ഷകരുടെ എണ്ണം വർദ്ധിപ്പിച്ചതായി കാണാം.

വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ പരപ്പിൽ വളരെയേറെ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും ക്ലാസിനകത്ത് നിരക്ഷരരുടെ എണ്ണം കുറക്കാനോ ഇല്ലാതാക്കാനോ ഇനിയും കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധാർഹമാണ്. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള വിദ്യാ ജ്യോതിയുടെ പ്രവർത്തനം ഈ പഞ്ചായത്തിലും വ്യാപിപ്പിക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പാക്കുന്ന പ്രത്യേക പരിപാടിയാണ് വിദ്യാജ്യോതി. ഹൈസ്കൂളുകളിലെ വിജയശതമാനം വർദ്ധിപ്പിക്കുകയും, പ്രൈമറിക്ലാസുകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരിൽ അക്ഷരബോധവും, അക്കബോധവും, ഉറപ്പിക്കുവാൻ അദ്ധ്യാപകരെ സജ്ജമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ വൈവിധ്യമാർന്നതും രസപ്രദവുമായ പരിപാടികളാണ് വിദ്യാജ്യോതിയിലൂടെ ജില്ലാ പഞ്ചായത്ത് ലക്ഷ്യമിട്ടിരിക്കുന്നത്.

പഞ്ചായത്തിലെ പതിനാലു വാർഡുകളിൽ നടന്ന ഗ്രാമസഭകളിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളും, നിർദ്ദേശങ്ങളും പ്രാവർത്തികമാക്കേണ്ടതുണ്ട്. ഗ്രാമസഭാ ചർച്ചകൾ പൊതുവേ ഗൗരവപൂർണമായിരുന്നു. പൊതുവായി അക്കാഡമിക് നിലവാരം വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ സൗകര്യങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾ, അധ്യാപക- രക്ഷകർതൃ സംഘടന, മാതൃസംഘം, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ള ചിലവയുടെ യു.പി ഗ്രാജുവേഷൻ, അദ്ധ്യാപക പുനപരിശീലനം, മൂല്യനിർണയം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ നിറഞ്ഞുനിന്നു ചർച്ചകൾ. നിലവിലുള്ള മൂല്യ നിർണയ രീതികളുടെ അപര്യാപ്തതയും അശാസ്ത്രീയതയും പഠനത്തെ സംബന്ധിച്ച ധാരണ വികലമാക്കി. വെറും മാർക്കുനേടലായി തരംതാഴ്ന്നു. നല്ലൊരുവിഭാഗം കുട്ടികൾ ട്യൂഷൻക്ലാസിനേയും, ഗൈഡിനേയും ആശ്രയിക്കുന്നു. ഗ്രാമസഭാ ചർച്ചകളിൽ ഉരുത്തിരിഞ്ഞ പ്രശ്നങ്ങളേയും ഇപ്രകാരം ക്രോഡീകരിക്കാം.

### പ്രശ്നങ്ങൾ

1.പല വിദ്യാലയങ്ങളുടേയും ഭൗതീകസാഹചര്യങ്ങൾ തൃപ്തികരമല്ല.

2. കുട്ടികളുടെ എണ്ണം കുറയുന്നതുമൂലം ഡിവിഷൻ കുറയാനുള്ള സാഹചര്യം ചില വിദ്യാലയങ്ങളിലുണ്ട്.

3. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർധിച്ചുവരുന്നു.

4. സ്കൂളുകളിൽ നിരക്ഷരരുടെ എണ്ണം ഇപ്പോഴും ഗണ്യമായ നിലയിൽ തുടരുന്നു.

5. അംഗനവാടികളിൽ പലതിനും സ്വന്തമായ സ്ഥലവും കെട്ടിടവും ഇല്ല.

6. പൊതുവിദ്യാഭ്യാസം ജീവിതോപാധി നേടുവാൻ സഹായകമല്ല.

## നിർദ്ദേശങ്ങൾ

1. പി.ടി.എയുടെ സഹകരണത്തോടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

2. സ്കൂളും പരിസരവും ആകർഷകമാക്കുകയും, പഠനം രസകരവും ഫലപ്രദവുമാക്കണം.

3. നിർധനരായ കുട്ടികൾക്ക് പഠനഉപകരണങ്ങളും സാമ്പത്തികസഹായവും ഏർപ്പെടുത്തണം

4. വാർഡ് 1, 3, 7, 8, 9, 11 എന്നിവിടങ്ങളിലെ അംഗനവാടികൾക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും ഉറപ്പുവരുത്തണം. 2, 6, 10, 14 വാർഡുകളിൽ പുതുതായി അംഗനവാടികൾ ആരംഭിക്കണം.

5. ആർ.എം.എച്ച്.എസ്, ബി.വി.എം.എച്ച്.എസ് ഹൈസ്കൂളുകളിൽ പ്ലസ്ടു, വി.എച്ച്.എസ്.സി കോഴ്സുകൾ ആരംഭിക്കണം

6. കെ.ഐ.കെ.എൽ.പി.എസ്. താഴേക്കാട്, എൽ.എഫ്.എൽ.പി.എസ് കൊമ്പൊടിഞ്ഞാമക്കൽ, എഫ്.എം.എൽ.പി.എസ് വെള്ളാംചിറ, സെന്റ് പോൾസ് എൽ.പി.എസ് തുരുത്തിപറമ്പ്, സെന്റ് മേരീസ് യു.പി.എസ് കാരൂർ എന്നിവ യു.പി.ഗ്രേഡ് ചെയ്യണം.

7. 3, 13 വാർഡുകളിൽ സർക്കാർ മേഖലകളിൽ വിദ്യാലയം ആരംഭിക്കണം.

8. സർക്കാർ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും വി.എച്ച്.എസ്.സി കോഴ്സുകളും ആരംഭിക്കണം.

9. പഞ്ചായത്തുവക കൂടുതൽ പൊതുവായനശാലകളും കളിസ്ഥലവും ആരംഭിക്കണം

10. സ്കൂൾ കോംപ്ലക്സ്, പി.ടി.എ, മാതൃസംഘം എന്നിവ സജീവമാക്കണം

11. പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകണം.

12. പ്രൈമറി സ്കൂളിനോടനുബന്ധിച്ച് പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കണം.

13. ഉച്ചക്കഞ്ഞിവിതരണം ബഹുജനപങ്കാളിത്തത്തോടെ നടത്തുകയും നിയന്ത്രണം പഞ്ചായത്തേറ്റെടുക്കുകയും വേണം.

14. പഞ്ചായത്തിലെ വിദ്യാഭ്യാസകാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് വിദ്യാഭ്യാസ വിദഗ്ദ്ധരുൾപ്പെടുത്തി പഞ്ചായത്തുതല വിദ്യാഭ്യാസമിതി രൂപീകരിച്ച് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കണം.

15. ഐ. എച്ച് ആർ. ടി. യുമായി സഹകരിച്ച് സ്കൂളുകളിൽ കംപ്യൂട്ടർ പഠനമാരംഭിക്കണം

16. മോഡൽ പോളിടെക്നിക്കിൽ സാങ്കേതിക ബിരുദ കോഴ്സുകൾ ആരംഭിക്കുക. പഞ്ചായത്ത് നിവാസികൾക്ക് പ്രത്യേക ക്വോട്ട നിശ്ചയിക്കണം

17. പാഠപുസ്തകങ്ങൾ സമയത്തിനെത്തിക്കുവാൻ നടപടി സ്വീകരിക്കണം.

18. നിലവിലുള്ള പരീക്ഷാസമ്പ്രദായത്തിലെ അശാസ്ത്രീയത ഒഴിവാക്കുവാൻ സംവിധാനമുണ്ടാക്കണം.

19. ബ്ലാക്ക് ബോർഡ് ഓപ്പറേഷൻ പദ്ധതിയിൽ പഞ്ചായത്തിലെ സ്കൂളുകളെ ഉൾപ്പെടുത്തണം

20. അഞ്ചാം വാർഡിൽ പുതിയ അംഗനവാടി തുടങ്ങണം.

21. അംഗനവാടികളുടെ അറ്റകുറ്റപണികൾ തുടങ്ങണം.

വമ്പിച്ച തോതിലുള്ള മുതൽമുടക്കില്ലാതെ തന്നെ ജനപങ്കാളിത്തതോടെ ചെയ്യാവുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് അടിയന്തിരമായി നടപ്പാക്കുകയും ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ കാലവിളംബരം കൂടാതെ പ്രാവർത്തികമാക്കുകയും ചെയ്യുകവഴി ഒരുനല്ല നാളെയുടെ പുനസൃഷ്ടിക്കായി 'അധികാരം ജനങ്ങളിലേക്ക്, ആസൂത്രണം അടിത്തട്ടിൽനിന്ന്' എന്ന സങ്കൽപ്പത്തെ യാഥാർത്ഥ്യമാക്കുവാൻ നമുക്ക് ശ്രമിക്കാം.

"മൊത്തം വിദ്യാർത്ഥികളിൽ 11.18 ശതമാനമാണ് പട്ടികജാതി വിദ്യാർത്ഥികൾ. പെൺകുട്ടികൾ 48.42 ശതമാനം വരും. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ സ്കൂളിൽ പോകുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ കുറവുള്ളതായി കാണാം.

മൊത്തം അദ്ധ്യാപകരിൽ അദ്ധ്യാപികമാർ 80 ശതമാനത്തോളം വരുന്നു.

ആളൂർ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ ഉള്ള മൊത്തം 1861 വിദ്യാർത്ഥികളിൽ പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ എണ്ണം വെറും ഒൻപത് (9) ആണ്. അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ സമൂഹ്യനീതി നിഷേധിക്കപ്പെടുന്നു എന്നതിന്റെ തെളിവായി ഇതിനെ കാണാം.

## പട്ടിക1
## വിദ്യാലയ വിവരങ്ങൾ

| നമ്പർ | സ്കൂളിന്റെപേര് | മാനേജ്മെന്റ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പട്ടിക ജാതി |
|---|---|---|---|---|---|---|---|---|---|
| 1 | RMHS, ആളൂർ | എയ്ഡഡ് | 488 | 376 | 864 | 9 | 25 | 38 | 95 |
| 2 | SNVHS, " | " | 618 | 280 | 898 | 18 | 34 | 52 | 93 |
| 3 | St. Joseph EMHS " | Un Aided | 752 | 1109 | 1861 | 2 | 28 | 30 | 9 |
| 4 | BVMHS KELLETTUMKARA | AIDED | 384 | 345 | 729 | -- | + | 35 | 184 |
| 5 | St. Mary's UPS Karur | " | 215 | 198 | 413 | 5 | 12 | 17 | 30 |
| 6 | SSUPS Thazhekadu | " | 230 | 241 | 471 | -- | 15 | 15 | 52 |
| 7 | SNUPS Aloor | " | 493 | 414 | 907 | 3 | 25 | 28 | 127 |
| 8 | St. Pauls LPS, Thuruthiparamb | " | 69 | 73 | 142 | -- | 4 | 4 | 71 |
| 9 | FMLPS, Vellanchira | " | 63 | 66 | 129 | 1 | 3 | 4 | 13 |
| 10 | CLPS Aloor | " | 45 | 66 | 111 | 1 | 4 | 5 | 4 |
| 11 | KIKLPS Kannikara | " | 62 | 67 | 129 | -- | -- | 6 | 30 |
| 12 | IJLPS Kallettumkara | " | 173 | 145 | 319 | 2 | 8 | 10 | 48 |
| 13 | LFLPS Kombadi | " | 124 | 96 | 220 | 3 | 6 | 9 | 35 |
| 14 | St. JBLPS Aloor | " | 152 | 157 | 309 | -- | 8 | 8 | 48 |
| | TOTAL | | 3869 | 3633 | 7502 | 44 | 176 | 261 | 839 |

## പട്ടിക II S.S.L.C. വിജയശതമാനം

| വർഷം | RMMS ആളൂർ | SNVMS ആളൂർ | St. Joseph EMHS ആളൂർ | BVMHS കല്ലേറ്റുംകര |
|---|---|---|---|---|
| 1991-92 | 74 | 89.1 | 100 | 4 |
| 92-93 | 80 | 90 | 100 | 58 |
| 93-94 | 80 | 85.1 | 100 | 58 |
| 94-95 | 90 | 73.7 | 100 | 74 |
| 95-96 | 88 | 74.7 | 100 | 73 |

# പട്ടിക III
## വിദ്യാലയങ്ങൾ ഭൗതിക സാഹചര്യങ്ങൾ

| No. | വിദ്യാലയത്തിന്റെ പേര് | Teacher No | Students No | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | കളിസ്ഥലം | പാചകമുറി | സ്റ്റാഫ് മുറി |
|---|---|---|---|---|---|---|---|---|---|---|
| 1 | RMHS ആളൂർ | 38 | 860 | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2 | SNVHS ആളൂർ | 61 | 898 | ✓ | ✓ | ✓ | ✓ | ✓ | ഇല്ല | ✓ |
| 3 | St. Joseph EMHS ആളൂർ | 30 | 1861 | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 4 | BVMHS കല്ലേറ്റുംകര | 35 | 749 | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 5 | St. Mary's UPS കാരൂർ | 17 | 413 | ✓ | ✓ | ഇല്ല | ഇല്ല | ✓ | ✓ | ✓ |
| 6 | SSUPS താഴേക്കാട് | | 471 | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 7 | SNVUPS ആളൂർ | 28 | 907 | | ✓ | ✓ | ✓ | ✓ | ✓ | ✓ ✓ |
| 8 | St. Pauls LPS തുരുത്തിപ്പറമ്പ് | 4 | 142 | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 9 | FNLPS വെള്ളാഞ്ചിറ | 4 | 129 | ✓ | ഇല്ല | ✓ | ✓ | ✓ | ✓ | ✓ |
| 10 | CLPS ആളൂർ | 5 | 111 | ✓ | ✓ | ✓ | ഇല്ല | ഇല്ല | ✓ | ✓ |
| 11 | KIKLPS കണ്ണിക്കര | 6 | 129 | ✓ | ഇല്ല | ✓ | ✓ | ✓ | ✓ | ✓ |
| 12 | IJLPS കല്ലേറ്റുകര | 10 | 319 | ✓ | ✓ | ✓ | ✓ | ✓ | ഇല്ല | ✓ |
| 13 | LFLPS കൊമ്പൊടി | 9 | 220 | ✓ | ഇല്ല | ✓ | ✓ | ✓ | ✓ | ✓ |
| 14 | St. JBLPS ആളൂർ | 8 | 309 | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |

# കൃഷി ജലസേചനം

ആളൂർ ഗ്രാമപഞ്ചായത്ത് ചെറിയ കുന്നുകളും താഴ്വരകളും നെൽപാടങ്ങളും കുളങ്ങളും ഇടകലർന്ന പ്രദേശമാണ്. ഭൂരിഭാഗം സ്ഥലങ്ങളും ചെമ്മണ്ണാണ്. പാടങ്ങളിൽ മണൽകലർന്ന ചെളിയാണുള്ളത്. കിഴക്കും വടക്കും ഭാഗങ്ങൾ കുന്നുകളാണ്. ചെരിവു തെക്കുപടിഞ്ഞാറായിട്ടാണ്. തിരുത്തിപറമ്പ് കാരൂർ ഭാഗങ്ങളിൽ കളിമണ്ണു കാണപ്പെടുന്നു.

പ്രകൃതിദത്തമായ വലിയ ജലശ്രോതസുകളില്ലാത്ത ഒരുവരൾച്ചാ പ്രദേശമാണിത്. മഴയെ മാത്രം ആശ്രയിച്ച് സമ്മിശ്ര കൃഷി രീതികളാണ് ആദ്യകാലങ്ങളിൽ നടന്നിരുന്നത്. ഭൂരിപക്ഷംപേരും നെൽകൃഷി ചെയ്തിരുന്നു. പാടങ്ങളിൽ മാത്രമല്ല പാടങ്ങളോട് ചേർന്നുള്ള കരഭൂമികളിലും നെൽകൃഷി നടന്നിരുന്നു. ഞാല് തേമാലിവിളകളായിരുന്നു.

തവളകണ്ണൻ, ഓണവട്ടൽ, ചീര, ചെമ്പാവ്, എരുമക്കരി, ആര്യൻ, കുട്ടമോടൻ തുടങ്ങിയ പ്രതിരോധ ശക്തിയുള്ള നെൽവിത്തുകളാണ് പ്രചാരത്തിലുണ്ടായിരുന്നത്. 1001തരം നെൽവിത്തുകൾ പ്രചാരത്തിലുണ്ടായിരുന്നു എന്നാണ് പഴമൊഴി ഔഷധഗുണമുള്ള നഗരവിത്തും അക്കാലത്ത് കൃഷി ചെയ്തിരുന്നു.

പുരയിടകൃഷിയിൽ പ്രധാനവിളകളായിരുന്നു മരച്ചീനി, ചേന, ചേമ്പ്, മുതിര, പയറ്, ചാമ, പച്ചക്കറി വിളകളായ മത്തൻ, കുമ്പളം, വെള്ളരി എന്നിവ. ചെറുകിഴങ്ങ്, വെട്ടുകിഴങ്ങ് കുത്തുകിഴങ്ങ് എന്നീ കൃഷികളും പ്രചാരത്തിലുണ്ടായിരുന്നു. ഓരോ കാലാവസ്ഥയ്ക്കും മാസക്രമങ്ങൾക്കും അനുസരിച്ച് വിളരീതികളെ ക്രമപ്പെടുത്തിയിരിക്കുന്നു. ചിങ്ങം വിളവെടുപ്പിന്റെ മാസമായികണക്കാക്കിയിയിരുന്നു. തുലാം വൃശ്ചികമാസങ്ങളിൽ കർഷകന്റെ പ്രധാന ഉത്പന്നം അടയ്ക്കയായിരുന്നു. മകരം കുംഭം മാസങ്ങളിൽ നാളികേരം പ്രധാനവിളയാകുന്നു. ഡിസംബർ ജനുവരി (കുംഭം, മീനം, മേടം)മാസങ്ങൾ ഫലവർഗ്ഗങ്ങളുടെ മാസങ്ങളായി കണക്കാക്കിവന്നു. ഇടവിളകളായ വെറ്റില കുരുമുളക് കൃഷികൾ കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പ്രധാനപങ്കുവഹിച്ചു.

1941ലെ കൊടുങ്കാറ്റ് കവുങ്ങിൻ തോട്ടങ്ങളിൽ കാര്യമായ നാശംവിതച്ചു. കർഷകർ നാളികേര കൃഷിയിലേക്ക് (തെങ്ങ്) ശ്രദ്ധതിരിച്ചത് ഇക്കാലത്താണ്. കവുങ്ങും വെറ്റിലയും ഇടകലർന്ന് വളർത്തുന്ന കൃഷിരീതിയിൽ സാരമായ മാറ്റം വന്നു. കുഴിക്കാട്ട്ശേരിയും താഴെക്കാടും കാരൂരും പ്രധാന വെറ്റിലകൃഷികേന്ദ്രങ്ങളായി മാറിയിരുന്നു.

പരമ്പരാഗത സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ജലസേചനം നടത്തിവന്നത്. ജലസേചനത്തിനായി കാളത്തേക്ക്, പൊട്ടത്തേക്ക് (തലാത്തേക്ക്), ചക്രം കയറ്റുകൊട്ടചക്രം എന്നിവയാണ് ജലസേചനത്തിനായി ഉപയോഗിച്ചത്. വലിയൊരു മനുഷ്യാധ്വാനം ഇതിനായി മാറ്റിവച്ചിരുന്നു. കാളകളെ ഉപയോഗിച്ചാണ് കാളത്തേക്ക് നടത്തിയിരുന്നത്. കർഷക തൊഴിലാളികളുടേയും കർഷകരുടേയും കൂട്ടായ്മയുടേ ഫലമായിരുന്നു അന്നത്തെ കൃഷിത്തോട്ടങ്ങളുടെ സമൃദ്ധി. 1957നു ശേഷമാണ് വൈദ്യുതി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ എത്തുന്നത്.

ജന്മി കുടിയാൻ വ്യവസ്ഥയാണ് 50 കളിൽ പഞ്ചായത്തിനുണ്ടായിരുന്നത്. ശക്തമായ ജന്മികുടിയാൻബന്ധങ്ങൾ കാർഷികരംഗത്ത് ഉണർവുണ്ടാക്കിയ കാലഘട്ടമായിരുന്നു. കർഷകത്തൊഴിലാളികൾക്ക് കൂലിയായി ലഭിച്ചിരുന്നത് ധാന്യങ്ങളും കാർഷിക ഉത്പന്നങ്ങളുമായിരുന്നു.

കർഷകരും (ഭൂമിപാട്ടത്തിനെടുത്തവർ) കർഷകത്തൊഴിലാളികളുമാണ് ഉത്പാദനപ്രക്രിയയുടെ നട്ടെല്ല്. പട്ടികജാതിക്കാർ കർഷകത്തൊഴിലാളികളും കുടികിടപ്പുകാരുമായിരുന്നു. ഏതൊരു ജന്മിക്കു വേണ്ടിയാണോ പണിയെടുക്കുന്നത് അവരുടെ പറമ്പുകളിൽ കുടിൽ കെട്ടിയാണ് കർഷകത്തൊഴിലാളികൾ താമസിച്ചിരുന്നത്.

1957ലെ ഭരണമാറ്റം കേരളത്തിലെ കാർഷികരംഗത്ത് വൻ ഉണർവുണ്ടാക്കി. കർഷകരെ കൃഷിഭൂമിയിൽനിന്ന് ഒഴിപ്പിക്കുന്നതിനെതിരേയും കുടികിടപ്പ് അവകാശത്തിനുവേണ്ടി നിയമങ്ങൾ പ്രാബല്യത്തിൽ വന്നു. ശക്തമായ കർഷകപ്രക്ഷോഭങ്ങളുടെ ഭാഗമായി വന്ന നിയമങ്ങൾ പഞ്ചായത്തിലും പ്രതികരണങ്ങളുണ്ടാക്കി. പഞ്ചായത്തിന്റെ വടക്കും തെക്കും ഭാഗങ്ങളിൽ കുടികിടപ്പവകാശത്തിനും പട്ടയത്തിനും വേണ്ടി സമരങ്ങൾ നടന്നു. സർക്കാർ പുറമ്പോക്കുകളിൽ കർഷകത്തൊഴിലാളികൾ കുടിയേറി പാർക്കാൻ തുടങ്ങി. ബീഡിതൊഴിലാളികളുടേയും ചെത്തുതൊഴിലാളികളുടേയും ട്രേഡ് യൂണിയനുകൾ കർഷകസമരങ്ങൾക്ക്

പിന്തുണനല്കി. കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനവും ഇക്കാലത്ത് ശക്തിപ്പെട്ടിരുന്നു.

1959ൽ നടന്ന വിമോചനസമരം ഭൂപരിഷ്കരണങ്ങൾക്ക് പിന്നോട്ടടിയായിത്തീർന്നു. പട്ടികജാതിക്കാർക്ക് കൂടുതൽ പീഢനങ്ങൾ സഹിക്കേണ്ടിവന്നു.

ആളൂർ, താഴെക്കാട്, കല്ലേറ്റുംകര വില്ലേജുകളാണ് ആളൂർ പഞ്ചായത്തിലുള്ളത്. 1959ൽ 2900 പേർക്കാണ് പഞ്ചായത്തിൽ പട്ടയം ഉണ്ടായിരുന്നത് കർഷകരൊക്കെ സ്വയംപര്യാപ്തരായിരുന്നു. സ്വന്തമായി ഉഴവുകാളകളും കാളവണ്ടികളും കാർഷികോപകരണങ്ങളും ഉള്ളവരായിരുന്നു.ഭേദപ്പെട്ട കർഷകരൊക്കെ കനാലുകളുടേയും വൈദ്യുതിയുടേയും ആവിർഭാവം 1960 കളുടെ പ്രത്യേകതയാണ്. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായിവന്ന കനാലുകൾ നെൽകൃഷിയിൽ വൻമാറ്റങ്ങളുണ്ടാക്കി. ഒരുപ്പുനിലങ്ങൾ ഇരിപ്പുനിലങ്ങളും മുപ്പുനിലങ്ങളായും മാറി. 45 കിലോമീറ്റർ കനാൽ പഞ്ചായത്തിലെ മൂന്നു വില്ലേജുകളെ കടന്നുപോകുന്നു. നെല്ലുൽപാദനം ആവശ്യത്തിൽ കവിഞ്ഞ് ഉണ്ടായ കാലഘട്ടമാണിത്. ആകെ ഭൂമിയുടെ 35 ശതമാനമാണ് നെൽകൃഷിക്ക് ഉപയോഗിച്ചിരുന്നത് 1956-57 വർഷത്തെ വില്ലേജ് രജിസ്റ്റർ പ്രകാരം 15, 690 ഹെക്ടർനിലമാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. പുരയിടം 5250, 24 ഹെക്ടർ തരിശ്, 78.71 ഹെക്ടർ എന്നാണ് ബാക്കി നെൽകൃഷിയിൽനിന്നും കർഷകർ പുരയിടകൃഷിയിലെ നാണ്യവിളകളിലേക്ക് മാറിയത് 60കൾക്കുശേഷമാണ്. കാർഷിക വികസനബാങ്കുകൾ ഈ രംഗത്ത് ഉദാരമായ വായ്പകൾ സബ്സിഡിയോടെ നൽകൽ തുടങ്ങി. ഭൂപരിഷ്കാരങ്ങളുടെ ഫലങ്ങൾ കണ്ടുതുടങ്ങി. പട്ടയം കിട്ടിയപ്പോൾ ഭൂമിയെ വില്പനവസ്തുവാക്കാൻ തുടങ്ങി. കൃഷിഭൂമിയുടെ തുണ്ടുതുണ്ടായ വിഭജനമായിരുന്നു ഫലം. ഇക്കാലത്ത് നാളികേരത്തിനുണ്ടായ വിലവർധനവ് പാട ശേഖരങ്ങളിൽ തെങ്ങുകൃഷിക്കും പ്രചോദനമായി.

ഹരിതവിപ്ലവത്തിന്റെ സന്തതിയായ പുതിയ സങ്കരയിനം വിത്തുകൾ നെൽപാടങ്ങളിൽ ആദിപത്യം നേടി. പഴയ ജനുസ്സ് വിത്തുകൾ കർഷകർ കയ്യൊഴിക്കാൻ ആരംഭിച്ചു. രാസവളങ്ങളുടെ ഉപയോഗം സങ്കരയിനം വിത്തുകളുടെ വരവോടെ വ്യാപകമായി. ഐ.ആർ 8, കൾച്ചർ, പട്ടാമ്പി, ചീര, മട്ട, ത്രിവേണി തുടങ്ങിയ വിത്തുകൾ പ്രചാരത്തിൽ വന്നു. രോഗങ്ങൾ നെൽപാടങ്ങളെ കീഴടക്കാൻ തുടങ്ങി. കൂടെ കീടനാശിനികളുടെ അമിത ഉപയോഗം വ്യാപകമായ പരിതസ്ഥിതി മലിനീകരണമായിരുന്നു ഫലം. പാടശേഖരങ്ങളിൽ കളകൾ പെരുകി. കീടങ്ങളും മത്സ്യത്തിനും പക്ഷികൾക്കും കീടനാശിനി പ്രയോഗം വൻനാശം വരുത്തി. ജൈവവളങ്ങൾ ഉപയോഗിക്കുന്ന കുറവ് പാടശേഖരങ്ങളുടെ ജൈവഘടനയെ മാറ്റിമറിച്ചു. മണ്ണിരകളും ഞണ്ടുകളും ഞവണിയും അപ്രത്യക്ഷമായി. ചിലവുകുറഞ്ഞ ജൈവവളങ്ങൾ കണ്ടെത്തുവാനുള്ള ശ്രമങ്ങൾ 57-67 കാലഘട്ടത്തിൽ ഉണ്ടായെങ്കിലും ശീമക്കൊന്ന നട്ടുപിടിപ്പിയ്ക്കൽ വേണ്ടത്ര വിജയിച്ചില്ല. അതുവരെ നിലവിലുണ്ടായിരുന്ന കാർഷിക സങ്കല്പങ്ങളൊക്കെ മാറ്റിമറിച്ചുകൊണ്ടാണ് ഒരുദശകം കടന്നുപോയത്.

70നും 80നും ഇടയ്ക്കുള്ള കാലഘട്ടം കൂടുംബഘടനയിൽ വൻമാറ്റങ്ങളുണ്ടാക്കി. കൂട്ടുകുടുംബവ്യവസ്ഥ പാടേമാറാൻ തുടങ്ങിയതോടെ ഫ്യൂഡൽവ്യവസ്ഥയുടെ തകർച്ച പൂർണമായി. ചെറിയകുടുംബം സർക്കാരിന്റെ പരിപാടിയായി മാറുന്നു. 62ലേയും 72ലേയും യുദ്ധങ്ങൾക്കുശേഷം സാമ്പത്തികനില മെച്ചപ്പെടുവാനും തുടങ്ങി. ഗൾഫ് കുടിയേറ്റങ്ങൾ ആരംഭിച്ചത് ഇക്കാലത്താണ്. വിദ്യാഭ്യാസരംഗത്ത് കേരളം മുൻപന്തിയിലെത്തി വ്യവസായ വളർച്ചയും ഭേദപ്പെട്ടനിലയിലായി.

ജനസാന്ദ്രതയനുസരിച്ച് കുറ്റിക്കാടുകളും വേലിപ്പടർപ്പുകളും കാവുകളും വീടുകൾക്കായി വഴിമാറി. മുളംകാടുകൾ വേലികളെല്ലാം മതിലുകളായി. പേപ്പർ വ്യവസായത്തിന്റെ അസംസ്കൃത വസ്തുവായി മുളമാറി. മുളകൾ പൂക്കുന്ന മുറയ്ക്ക് പുതിയ മുളംകാടുകൾ വച്ചുപിടിപ്പിച്ചുമില്ല. വീടുനിർമാണത്തിൽ കോൺക്രീറ്റ് ഘടന നിലവിൽവന്നു. മുളംകാടുകൾ പക്ഷികളുടെ അവസാനകേന്ദ്രംകൂടിയായിരുന്നു. നാണ്യവിളകളുടെ പ്രചാരം കർഷകനെ നെൽകൃഷിയിൽനിന്നകറ്റി. സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം കൃഷിചെയ്തില്ലെങ്കിലും അരികിട്ടുമെന്ന നിലയിലായി. കയറ്റുമതി കേന്ദ്രീകരിച്ച കൃഷിസമ്പ്രദായങ്ങൾ മേൽകൈനേടി.

നെൽകൃഷിയുടെ കുറവ് ക്രമേണ ജൈവവളം ഉപയോഗത്തിലും പ്രകടമായി. നാണ്യവിള കൃഷിക്കായി കുന്നിൻചെരുവുകളും സമതലങ്ങളും പൂർണമായി ഉപയോഗിച്ചുകൊണ്ടായിരുന്നു തുടക്കം. ഇത് പച്ചിലവള ശ്രോതസുകൾ ഇല്ലാതാക്കി. സേവനമേഖലകളുടെ വളർച്ച കർഷകരുടെ മക്കൾക്ക് തൊഴിൽ നേടുവാനുള്ള വേദിയായി മാറി. വിദ്യാസമ്പന്നരായവർ പുതിയ തൊഴിൽമേഖലകൾ കണ്ടെത്തി. ഭൂപരിഷ്ക്കാരങ്ങൾക്കു ശേഷം വേണ്ട ശാസ്ത്രീയ ഭൂവിനിയോഗ പ്ലാനിങ്ങിൽ വേണ്ട താല്പര്യം കാണിക്കാതെ വന്നു. പരമ്പരാഗത നാട്ടറിവുകളും കൃഷിമുറകളും കാലാവസ്ഥാ

നിരീക്ഷണവും (ഞാറ്റുവേലകൾ) അന്യംനിന്നു പോകുന്ന രീതിയാണിപ്പോൾ.

പഞ്ചായത്തിലെ ആദ്യകാല ജലസംഭരണ കേന്ദ്രങ്ങൾ, കുളങ്ങളും കിണറുകളും ആയിരുന്നു. ഭൂവിനിയോഗം പുഷ്ടപ്പെട്ടിരുന്നു. തൊണ്ണൂറോളം കുളങ്ങളുണ്ടായിരുന്നതായി വില്ലേജ് രേഖകൾ പറയുന്നു. ഇപ്പോൾ 67ഓളം കുളങ്ങളാണുള്ളത്. കുളങ്ങൾ എല്ലാംതന്നെ തോടുകളുമായി ബന്ധപ്പെട്ടുകിടന്നിരുന്നു. തോടുകൾ വികസിപ്പിക്കുന്നതിൽ പ്രത്യേകശ്രദ്ധയൊന്നും ഇതുവരെ കാണിച്ചിട്ടില്ല.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ഭൂവിനിയോഗം ശാസ്ത്രീയമായരീതിയിലല്ല നടക്കുന്നത്. പാടശേഖരങ്ങളും കുന്നുകളും സമതലപ്രദേശങ്ങളും കൂടിക്കലർന്നു കിടക്കുന്ന ഈ പ്രദേശത്തിന്റെ മൊത്തം വിസ്തൃതി 37.39 ഹെക്ടേഴ്സ് കി.മിയാണ്. പാടശേഖരങ്ങൾ പറമ്പുകൾ കുന്നുകൾ എന്ന ക്രമത്തിൽ കിടക്കുന്ന ഭൂപ്രകൃതിയിൽ തുരുത്തിപറമ്പുമാത്രം പാടശേഖരങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു.

## പ്രധാനപ്പെട്ടവിളകൾ

നെല്ല്, തെങ്ങ്, എള്ള്, വാഴ, മരച്ചീനി, കുരുമുളക്, കശുമാവ്, റബർ, ഇഞ്ചി, മഞ്ഞൾ, വെറ്റില, ചേന, ചേമ്പ്, പച്ചക്കറികൾ, ജാതി തുടങ്ങിയവയാണ് പ്രധാനവിളകൾ. കൃഷിഭവൻരേഖകൾ അനുസരിച്ച് വിളപരിക്രമണം താഴെകാണുന്ന പ്രകാരമാണ്.

## <u>കൃഷിഭവൻ റിപ്പോർട്ട് - വിളകൾ</u>

## വിസ്തീർണ്ണം - നെല്ല്

1956-57 കാലഘട്ടത്തിൽ നിലങ്ങളും പുരയിടങ്ങളുംമറ്റുമായി ഉപയോഗ്യമായ ഭൂവിവരപട്ടിക

| | |
|---|---|
| നിലം | ഹെക്ടർ 15646.47 |
| പുരയിടംകൃഷി | ഹെക്ടർ 5256.24 |
| തരിശ് | ഹെക്ടർ 78.17 |

പഴയകാലഭൂവിനിയോഗം വേണ്ടത്ര ശാസ്ത്രീയമായിരുന്നില്ല. പുതിയ സാഹചര്യങ്ങൾ കൃഷിതലങ്ങൾ ദുരുപയോഗം ചെയ്യുന്ന രീതിയിലായി മാറുന്നുണ്ട്.

1996-96 കാലഘട്ടത്തിലെ വിസ്തൃതി സംബന്ധിച്ച് ഡാറ്റാ കാണുക

| | |
|---|---|
| നിലം | 1141. 9673 |
| പുരയിടകൃഷി | 2090-198 |
| തരിശ് | 10.8701 |

നിലത്തിന്റെ വിസ്തീർണ്ണം 15,000 ഹെക്ടറിൽനിന്നും 1200ൽ താഴെ ഹെക്ടറിലേക്ക് മാറുന്നു. പുരയിടകൃഷികളുടെ വ്യാപ്തിയും കുറഞ്ഞുവരുന്നു. 2100 ഹെക്ടറിൽനിന്നും 1200 ഹെക്ടറിലേക്ക് കുറഞ്ഞുവരുന്നു. തരിശുനിലങ്ങളാണ് 78 ഹെക്ടറിൽനിന്ന് 11 ഹെക്ടറിലേക്ക് കുറഞ്ഞുവരുന്നത്. കൃഷിനിലങ്ങളും ഗൃഹ നിർമാണത്തിന് ഉപയോഗിക്കുന്ന പ്രവണതകൾ വിലയിരുത്തുമ്പോൾ വീടുനിർമാണത്തിൽ ഹൗസിംഗ് കോളനികളെ (ബഹുനില) പ്രോത്സാഹിപ്പിക്കുന്ന സ്ഥിതി വരേണ്ടിയിരിക്കുന്നു.

മൺതരങ്ങൾ പഞ്ചായത്തിൽ ഏറ്റവുംകൂടുതൽ കാണപ്പെടുന്നത് ചെമ്മണ്ണാണ്. കുന്നിൻപ്രദേശങ്ങളിൽ (പൊരുന്നുകുന്ന്, ഉറുമ്പുംകുന്ന്) ചീങ്കണ്ണിപ്പാറയും ചെങ്കല്ലും കാണപ്പെടുന്നു. കരിമൺ മേഖല തിരുത്തിപ്പറമ്പ് കാരൂർ പുഞ്ചപ്പാടം മേഖലയിലാണ്. കരിങ്കൽ കൂടുതലായി കാണുന്നത് കാരൂർ, ഷോളയാർ, താണിപ്പാറ, പാറയ്ക്കൽ പ്രദേശങ്ങളിലാണ്. ഇവിടെ ക്വാറികൾ ഉണ്ട്. ക്വാറികളിൽനിന്ന് ആവശ്യത്തിന് സ്വകാര്യവ്യക്തികൾ മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പുചെയ്യുന്നുണ്ട്. പാടശേഖരങ്ങളിൽ ഭൂരിഭാഗം പാടശേഖരങ്ങളും മണലും ചെളിയുംകൂടി കലർന്ന് കിടക്കുന്നു.

## നെൽകൃഷി

പ്രധാന പാടശേഖങ്ങൾ താഴെ പറയുന്നവയാണ്. ഭൂരിഭാഗം പാടശേഖരങ്ങളും കനാലുമായി ബന്ധപ്പെട്ടുകിടക്കുന്നു. പാടത്തിന്റെ തോടുകളാണ് പ്രധാനമായും ജലസേചനത്തിനായി ഉപയോഗിക്കുന്നത്. തോടുകൾ വീതികൂട്ടുന്നതിനോ വികസിപ്പിക്കുന്നതിനോ കാര്യമായ ശ്രമങ്ങൾ ഇതേവരെ നടന്നിട്ടില്ല. കുറുമാലിപ്പുഴയായും ചാലക്കുടി പുഴയുമായി ബന്ധപ്പെട്ടാണ് പ്രധാന തോടുകളുള്ളത്.

## വിള വിസ്തീർണ്ണം

| | |
|---|---|
| ഒന്നാംവിള | 451 ഹെക്ടർ |
| രണ്ടാംവിള | 486 ഹെക്ടർ |
| മൂന്നാംവിള | 93 ഹെക്ടർ |

ആദ്യകാല വിളകൾ ഉൽപാദനക്ഷമത കുറഞ്ഞവയായിരുന്നെങ്കിലും പരമാവധി വൈക്കോൽ തരുന്ന തരത്തിലുള്ളവയും രോഗകീടബാധകൾ കുറഞ്ഞവയുമായിരുന്നു. 70-80 കാലഘട്ടത്തിൽ ശാസ്ത്രീയ കൃഷികൾ നെൽവിത്തുകളിൽ വലിയമാറ്റമുണ്ടാക്കി. കൾച്ചർ എട്ട്, ചീര, പട്ടാമ്പി 90, അതിയൻ (പഴയത്) ത്രിവേണി, ജയ എച്ച് 4, മട്ടത്രിവേണി, പവിഴം തുടങ്ങിയ പ്രധാനവിത്തുകൾ ഇതിൽ അധിയൻ പഴയത് മാത്രമാണ്. വൈക്കോൽ, കിട്ടുന്നവിത്ത് എച്ച്4 വിത്ത് പുതിയ ഇനത്തിൽ കൂടുതൽ വൈക്കോൽ തരുന്നു.

മുപ്പൂ നെൽകൃഷി നടത്തുന്ന പാടശേഖരങ്ങൾ പൂപ്പച്ചിറ-കുണ്ടുപാടം, കാരൂർ-പുഞ്ചപ്പാടം (ഭാഗീകമായിട്ട്) സ്ത്രീധനകാവ് പാടം, നാരാണത്ത്പാടം, കാര്യങ്ങാട് പാടം തുടങ്ങിയവയാണ്. പാടങ്ങളിലെ മറ്റുവിളകൾ വർധിച്ചുവരികയാണ്. പാടശേഖരങ്ങളിലെ ജനദൗർലഭ്യമുള്ള പാടങ്ങളിൽ വാഴകൃഷി കൂടുതൽ നടത്തിവരുന്നു. വാഴകൃഷി നടത്തുന്ന പാടശേഖരങ്ങൾ കാരൂർ പള്ളിപ്പാടം തെക്കുംപാടം കിഴക്കേ മുണ്ടകരപ്പാടം വാണിയംപാടം, കാരൂർ പുഞ്ചപ്പാടം, കരയോട് ചേർന്ന ഭാഗങ്ങൾ.

ഇടവിളകളിൽ കൊള്ളികൃഷിചെയ്യുന്ന പാടങ്ങൾ തെക്കുംപാടം, കിഴക്കേമുണ്ടകംപാടം, വാണിയംപാടം, നമ്പ്യാമ്പുഴപാടം, ആലിപ്പാടം, പരടിപ്പാടം, പെരുമറ്റപ്പാടം തുടങ്ങിയവയാണ്.

എള്ള് കണ്ണമ്പുഴപാടത്ത് മുണ്ടകനുശേഷം എള്ളുവിതയ്ക്കുന്നു. വാണിയംപാടത്തിന്റെ ചിലഭാഗങ്ങളും എള്ളുകൃഷി ചെയ്യുന്നു. തുരുത്തിപറമ്പ് ഭാഗങ്ങളിൽ പാടശേഖരങ്ങളിൽ സെപ്റ്റംബർ മുതൽ ജനുവരിവരെ ഒരു പൂകൃഷിയിൽ ജനുവരിമുതൽ ഏപ്രിൽ വരെ (പച്ചക്കറി) പാവയ്ക്ക, ഇളവൻ, പടവലം തുടങ്ങിയവ കൃഷി ചെയ്യുന്നു. വെള്ളാംചിറ പാടത്തും പച്ചക്കറി കൃഷി വ്യാപകമാണ്. കല്ലട പാടത്ത് ആര്യൻ കല്ലാട്ടിപ്പാടം പച്ചക്കറി ജനുവരി മുതൽ ഏപ്രിൽവരെ കൃഷി ചെയ്യുന്നു നെൽകൃഷി ഹെക്ടറിന് 360 കിലോഗ്രാം ആണ് ക്ഷമത. 12 സെന്റി 20 പറ നെല്ല് ലഭിക്കുന്നു. പുഞ്ചനിലങ്ങളിൽ ഉൽപാദനക്ഷമത കുറവാണ്. 12 സെന്റിന് 17 പറയാണ് കണക്ക്. രണ്ടാംവിള 3200 യാണ്. ക്ഷമത 12 സെന്റിന് 19 പറയാണ് കണക്ക്. ഇടവിളകളായ പയറ്, എള്ള് തുടങ്ങിയവയ്ക്ക് പ്രോത്സാഹജനകമായ പിന്തുണയും കാലാവസ്ഥയുടെ ആനുകൂല്യവും ഉണ്ടെങ്കിൽ വൻനേട്ടമുണ്ടാക്കാം.

ഇടവിളകളുടെ കണക്ക് കൃഷിഭവൻ

എള്ളിന് ഉയർന്ന ഉത്പാദനക്ഷമതയാണുള്ളത് ഹെക്ടറിന് 300 കി.ഗ്രാം നിലങ്ങളുടെ വ്യാപ്തികുറയുന്ന പ്രവണത വർധിച്ചുവരുന്നു. കരഭൂമിയോടും തോടിനോടും ചേർന്നുകിടന്ന പാടശേഖരങ്ങൾ മുഴുവൻ മണ്ണിട്ടുനികത്തി നിർമാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു. തന്മൂലം പാടത്തുള്ള ജലസംഭരണശേഷി കുറഞ്ഞുവരികയാണ്. രണ്ടാം പൂവിൽതന്നെ പാടങ്ങൾ വറ്റിവരളാൻതുടങ്ങുന്നു. ഉഴവിൽവന്ന യന്ത്രവൽകരണവും പാടങ്ങളിൽ ജലം പിടിച്ചുനിർത്തുന്ന രീതിയിലല്ല നടക്കുന്നത്. നിലം പാകപ്പെടുത്താനെടുക്കുന്ന നിലം കുറവായതിനാൽ പാടശേഖരങ്ങൾ പെട്ടെന്ന് വരണ്ടുപോകുന്ന പ്രവണത വേനൽകാലങ്ങളിലും ഉണ്ട്. പാടങ്ങൾ ഉഴുതുമറിച്ച് പൊടിയാക്കി ഇടുന്ന രീതിയും കുറഞ്ഞുവരുന്നു. തൽഫലമായിതന്നെ പെയ്തിറങ്ങുന്ന വെള്ളം ഒഴുകിപോകുന്നത് കൂടുതലാണ്. ഉദ്ദേശിച്ചത്ര യന്ത്രസംവിധാനങ്ങളോ ഇല്ലാത്തതാണ് പ്രധാനകാരണമായി കാണുന്നത്.

## തെങ്ങ്

പഞ്ചായത്തിലെ മുഖ്യവിളയാണ് തെങ്ങ്. കൃഷിഭവൻ രേഖകൾ അനുസരിച്ചുള്ള കണക്കുകൾ.

പട്ടിക വാർഡു തിരിച്ച്.

ശരാശരി തെങ്ങുകളുടെ പ്രായം 40-45 വർഷത്തിലാണ്. മൂന്നിലൊന്ന് തെങ്ങുകൾ രോഗബാധിതമാണ്. വാർഡ് തലത്തിൽ 1,6,7,11,14, 3, 9 വാർഡുകളിൽ രോഗബാധരൂക്ഷമാണ് കൃഷിഭവൻ കണക്കുകൾ അനുസരിച്ച് 1020 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നു. ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. 54 തേങ്ങയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ല തെങ്ങിന് രോഗബാധ കൂടിവരികയാണ്. തൽഫലമായി പുതിയ തെങ്ങിൻ തൈകൾ ടനുന്നതിൽ കർഷകർ വേണ്ടത്ര ശ്രദ്ധകാണിക്കുന്നില്ല. ആദ്യകാലങ്ങളിൽ പ്രധാനപ്പെട്ട കർഷകർ നടത്തിയിരുന്ന നഴ്സറി ഇന്ന് നിലവിലില്ല. രോഗബാധയാണ് കാര്യം. പുതിയ വിളക്രമമായി കൃഷിക്ക് തിരഞ്ഞെടുക്കുന്നത് ജാതി, കവുങ്ങ്, വാഴ തുടങ്ങിയകൃഷികളാണ്. 11, 7, 12 വാർഡുകളിൽ ജാതികൃഷി നടക്കുന്നു. കുരുമുളക് ഇടവിളയായി വന്നെങ്കിലും ധ്രുതവാട്ടം കാര്യമായ നാശം കുരുമുളക് കൃഷിയിൽ ഉണ്ടാക്കി. ശാസ്ത്രീയ മുറകളില്ലാത്ത

പാടശേഖരങ്ങളിൽ തെങ്ങ്കൃഷി നടത്തിയിട്ടുണ്ട്. വേണ്ടത്ര അകലം നിലനിർത്താതെ നടത്തിയ ഈ മേഖലയിലെ കൃഷി വൻതകർച്ചയെ നേരിടുകയാണ്. കാരൂപ്പള്ളിപ്പാടം ഇതിന്റെ നല്ലൊരു ഉദാഹരണമാണ്. വെള്ളം കെട്ടി നിൽക്കുന്ന പ്രദേശങ്ങൾക്ക് പറ്റിയതല്ല തെങ്ങുകൃഷി എന്ന് കർഷകർ അനുഭവത്തിൽ നിന്നു മനസിലാക്കിവരുന്നു. പാടശേഖരങ്ങളോട് ചേർന്ന ഭാഗങ്ങളിൽ തെങ്ങ്രോഗം രൂക്ഷമാണ്. 9000 തെങ്ങുകൾ അടിയന്തിരമായി വെട്ടിനീക്കം ചെയ്യാൻ വേണ്ട നടപടികൾ ആവശ്യമാണ്. കേരസമിതി പഞ്ചായത്തിൽ നിലവിൽ ഉണ്ട്. 1750 പേർ 14 വാർഡിൽ നിന്നായി ബന്ധപ്പെട്ടസമിതിയിൽ അംഗമാണ്. കൃഷിതൊഴിലായി സ്വീകരിച്ച 100 യുവാക്കൾ പേർ കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ഏറ്റവും കൂടുതൽ തെങ്ങുകൃഷിചെയ്തിട്ടുള്ളത് 6ആം വാർഡിലാണ്. 30811 തെങ്ങുകൾ സങ്കരയിനം തെങ്ങുകൾ വളരെ കുറവാണ്.

തെങ്ങ് മൊത്തം

342772 തെങ്ങുകളാണ് ഉള്ളത്. ഒരു ഹെക്ടറിൽ 337 തെങ്ങാണ് ഉള്ളത്. സ്റ്റേറ്റ് ശരാശരിയേക്കാൾ കൂടുതലാണിത്. ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയേക്കാളും കൂടുന്നു. തെങ്ങൊന്നിന് 54 തേങ്ങയാണ് കിട്ടുന്നത്. ഭൂരിപക്ഷ കർഷകരും പറമ്പിലെ തെങ്ങുനനയ്ക്കുന്നതിൽ വിമുഖരാണ്. ഇടവിളകളുടെ സാന്ദ്രതയും കുറഞ്ഞുവരുന്നു. കൃഷിഭവൻ പ്രവർത്തനങ്ങൾ രാസവളം നൽകുന്നതിലും തെങ്ങിൻ തൈകൾ നൽകുന്നതിലും ഒതുങ്ങി നിൽക്കുന്നു. പമ്പിംഗ് സബ്സിഡി നിലവിലുണ്ടെങ്കിലും വേണ്ടത്ര രീതിയിൽ പണികൾ നടക്കുന്നില്ല. ആളൂർ പഞ്ചായത്തിലെ കാർഷികകണക്ഷനുകൾ മൊത്തം 1674 എണ്ണം മാത്രമാണ്. കമ്യൂണിറ്റി ഇറിഗേഷനായി വരുന്ന രണ്ട് സ്കീമുകൾ മാത്രമാണ് ജൈവവളങ്ങൾ (പച്ചില) ഉപയോഗിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. നാളികേരം സംസ്കരിക്കുന്നതിലും കേരസമിതി നേതൃത്വപരമായ പങ്കുവഹിക്കുന്നില്ല. തെങ്ങിൻതോപ്പിലെ വാഴകൃഷി കാരൂർ, ആളൂർ പ്രദേശങ്ങളിൽ വ്യാപകമാണ്. ഇറിഗേഷൻ കനാലുകളിലെ ജലദൗർലഭ്യം തെങ്ങിൻതോപ്പിലെ ഇടവിളകൃഷികളായ ജാതിയേയും നേന്ത്രവാഴയേയും പ്രതികൂലമായി ബാധിക്കുന്നു. തെങ്ങിൻതോപ്പുകളിൽ കുരുമുളക് കൃഷി ആളൂർ മേഖലകളിൽ ശക്തമായിരുന്നു. ഭൂതവാട്ടം നേരിടുന്നതിൽ കർഷകരുടെ രംഗത്തുണ്ടായ പങ്കാളിത്തകുറവ് രോഗം വ്യാപകമാക്കുന്നതിനും തോട്ടങ്ങൾ നശിക്കുന്നതിനും ഇടയാക്കി.

## പാടശേഖര സമിതികൾ

45ഓളം പാടശേഖരങ്ങൾ നിലവിലുണ്ട്. സമിതികൾ 16 എണ്ണം മാത്രമാണുള്ളത്.

### പഴവർഗ്ഗകൃഷി

വാഴ

വളരെയധികം വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണ് വാഴകൃഷി ഭാവിയിൽ കൊങ്കൺ റെയിൽവേയുടെ സാദ്ധ്യതകൂടി കണക്കിലെടുത്ത് പ്ലാനിംഗ് നടത്തുകയാണെങ്കിൽ കർഷകർക്ക് വൻനേട്ടമുണ്ടാക്കാം പഞ്ചായത്തിൽ പതിവായി കൃഷി ചെയ്യുന്ന ഇനങ്ങൾ പാളയംകൊടൻ, കണ്ണൻ, ഞാലിപ്പൂവൻ, കദളി, കുടപ്പനില്ലാകുന്നൻ, ചെമ്പൂവൻ, കുഴിനേന്ത്രൻ തുടങ്ങിയവ കൃഷി ചെയ്യുന്നു.

റോബസ്റ്റ് വാഴയും നേന്ത്രവാഴയും തോട്ടാടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ സാദ്ധ്യത കൂടുതലുള്ളവയാണ്. ആളൂർ, കാരൂർ, തിരുത്തിപറമ്പ് മേഖലകളിൽ കൃഷി വ്യാപിച്ചിരിക്കുന്നു. ബാങ്ക് ലോണുകളിലെ പിൻബലം നേന്ത്രവാഴകൃഷിയിലെ പ്രധാനസാദ്ധ്യതയാണ്. എല്ലാ വാർഡുകളിലും കാലാവസ്ഥ ക്രമമനുസരിച്ച് കൃഷി പുഷ്ടിപ്പെടുത്തുവാനുള്ള പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു.

പൈനാപ്പിൾ

വളരേ വിപുലമായി ആരും ഈ കൃഷിയിൽ ഏർപ്പെട്ടിട്ടില്ല. വിപുലമായി നടത്താവുന്ന ഉയർന്ന പ്രദേശങ്ങൾക്ക് പറ്റിയ ഏറ്റവും കുറച്ച് ജലഉപയോഗമുള്ള കൃഷിയാണിത്. മണ്ണ് സംരക്ഷിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി പറമ്പുകൾ തട്ടുകളാക്കുമ്പോഴും തിണ്ടുകളിൽ കൃഷിചെയ്ത് മണ്ണൊലിപ്പിനെ ഒരുപരിധിവരെ സംരക്ഷിക്കുവാൻ കഴിയുന്നു. നടീൽ വസ്തുക്കളുടെ ലഭ്യത കുറവായതിനാൽ താല്പര്യമുള്ള കർഷകർക്കുപോലും ഈ കൃഷി വിപുലമായി ചെയ്യുവാൻ കഴിയുന്നില്ല. ലഘുപാനീയങ്ങൾ പെരുകിയാണ് ഈ കൃഷിയുടെ ഏറ്റവും നല്ല മാർക്കറ്റ്.

കർഷകരും കർഷകത്തൊഴിലാളികളും

കൃഷിയിടങ്ങൾ തുണ്ടുതുണ്ടായി മാറുന്ന

പ്രവണത വർദ്ധനവിനനുസരിച്ച് കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും എണ്ണം കുറഞ്ഞുവരുന്നു. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സെൻസസ് കണക്ക് 2275 പേർ എന്നാണ്. കർഷക ത്തൊഴിലാളികൾ 1648 പുരുഷന്മാരും 984 സ്ത്രീതൊഴിലാളികളും. കർഷകത്തൊഴിലാളികൾ തിങ്ങിപാർക്കുന്നത് തുരുത്തിപറമ്പിലാണ്. 500ഓളം തൊഴിലാളികൾ. കർഷകരുടെ സ്ഥിതിവിവരകണക്ക്

| | |
|---|---|
| ഒരു ഹെക്ടറിൽ താഴെ | 6002 |
| ചെറുകിട കർഷകർ | 366 (ഹെക്ടർ മുതൽ ഹെക്ടർ വരെ) |
| 2 ഹെക്ടറിനു മുകളിൽ | 28 പേർ |

## കൂലിവ്യവസ്ഥ

കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. തൊഴിലാളികൾ നിർമാണ തൊഴിലുകളിലേക്ക് മാറുന്നു.

കാർഷികകൂലിനിരക്ക് നിലവിലുള്ളത്

| | | |
|---|---|---|
| ഉഴവ് | 90 രൂപ ട്രില്ലർ | മണിക്കൂർ |
| 90-110 | മാൻപവർ | |
| കിളക്കൽ | 90-110 | പുരുഷൻ |
| ഞാറ് നടീൽ | 60-80 | സ്ത്രീ |
| കളപറിക്കൽ | 80 | സ്ത്രീ |
| കൊയ്ത്ത് | 75 | സ്ത്രീ |
| മെതി | 100 | സ്ത്രീ |
| തേങ്ങയിടൽ | 250രൂ/100 തെങ്ങിന് | |
| കീടനാശിനിതളിക്കൽ 75രൂപ | | |

കൂലികൂട്ടുന്നതനുസരിച്ച് അദ്ധ്വാനം കുറയുന്നു എന്നാണ് കർഷകരുടെ പൊതുപരാതി യുവാക്കൾ പുതുതായി ഈരംഗത്ത് വരുന്നില്ല. സാമൂഹ്യ മാന്യതയുടെ കുറവാണ് പ്രശ്നം.

## മാവിനങ്ങൾ

പഴയ ജനുസ്സായ മാവുകൾ നാട്ടിൽ ഇല്ലാതായികൊണ്ടിരിക്കുന്നു. പ്രിയൂർ മാവ്, നാട്ടുമാവ്, കടുമാവ്, തൊഴികയ്യൻ, മയിൽപ്പീലി, വട്ടൻമാവ്, മൂവാണ്ടൻ, ചുങ്കിരിമാവ് കിളിച്ചുണ്ടൻ തുടങ്ങിയവയാണ് പ്രധാനമാവിനങ്ങൾ. കൃഷിഭൂമികളുടെ വ്യാപ്തി കുറഞ്ഞതും ഇന്ധനക്ഷാമവും മാവിനങ്ങളുടെ വംശനാശത്തിനിടയായിട്ടുണ്ട്. പുതിയ ഇനം മാവുകൾ കേരളകാലാവസ്ഥയിൽ വേണ്ടത്ര ഉല്പാദനക്ഷമത കാണിക്കുന്നവയല്ല. രോഗകീടബാധകളെ ചെറുക്കാൻ ഇവയ്ക്ക് കഴിയുന്നില്ല. ശാസ്ത്രീയരീതിയിൽ കൃഷിയെ ചിട്ടപ്പെടുത്തുവാൻ കഴിഞ്ഞാൽ പ്രിയോർ മൂവാണ്ടൻ മാങ്ങകൾ ഉല്പാദിപ്പിച്ച് കയറ്റുമതി ചെയ്യാൻ കഴിയും. വേണ്ടത് നഴ്സറി ഉണ്ടാക്കുകയാണ്.

## പച്ചക്കറികൾ

പ്രധാനപച്ചകറികളായ പാവൽ, പടവലം, പയർ, പച്ചമുളക് എന്നീ ഇനങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പാടശേഖരങ്ങളിലും പറമ്പിലും കൃഷി ചെയ്യുന്നു. കേന്ദ്രീകൃത രീതിയിലുള്ള കൃഷിരീതിയല്ല നിലവിലുള്ളത്, കാരൂർ, തിരുത്തിപറമ്പ്, ആളൂർ, കല്ലേറ്റുംകര ഭാഗങ്ങളിൽ കൃഷികേന്ദ്രീകരിച്ചിരിക്കുന്നു. ആഭ്യന്തര ആവശ്യത്തിന് ഇപ്പോഴും മാർക്കറ്റിനെ ആശ്രയിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. വിത്തുല്പാദിപ്പിച്ച് കർഷകരെ കണ്ടെത്തി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയാണെങ്കിൽ വിപുലമായരീതിയിൽ ഉല്പാദനവും വിപണനവും നടത്തുവാൻ കഴിയും. കമ്പോളം ലക്ഷ്യമാക്കിയുള്ള ഉല്പാദനപ്രക്രിയയാണ് വേണ്ടത്. ഓരോ വാർഡിന്റേയും ഭൗതീകസ്ഥിതി കണക്കിലെടുത്ത് ഓരോ ഇനവും തിരഞ്ഞെടുത്ത് കൃഷി ചെയ്യുന്നതാണ് ഉത്തമം നാടൻ വിത്തിനങ്ങൾ കണ്ടെത്തി സംരക്ഷിക്കുകയും വേണം.

## റബ്ബർ

ആളൂർ പഞ്ചായത്തിൽ റബ്ബർ കൃഷി ചെയ്യുന്നവർ കുറവാണ്. കാരൂർ പ്രദേശമാണ് ആദ്യചുവടുവെച്ചത്. കേടുവന്ന തെങ്ങിൻതോപ്പുകൾ നാണ്യവിളകളുടെ ഒരുമെച്ചം നട്ട് 10 വർഷം വരെയാണ് കാര്യമായ ശ്രദ്ധചെലുത്തേണ്ടതുള്ളു എന്നതാണ്. 10മുതൽ 30 വരെ വർഷം വിളവ് ലഭിക്കുന്ന ഈ കൃഷിയിൽ കൂടുതൽ പേർ റബർ ബോർഡുമായി ബന്ധപ്പെട്ട് കൃഷിചെയ്യുവാൻ തയ്യാറാവുന്നുണ്ട്. കപ്പകൃഷിയുടെ സാദ്ധ്യത ഇപ്പോൾ കുറഞ്ഞുവരുന്നു. പാടശേഖരങ്ങളിലാണു വിപുലമായ കൃഷിയുള്ളത്. എലിനശീകരണം വേണ്ട രീതിയിൽ നടത്താത്തതിനാൽ ഒറ്റപ്പെട്ട കൃഷി നടത്തുന്നവർക്ക് കനത്ത നഷ്ടം നേരിടേണ്ടിവരുന്നു. ഭക്ഷ്യധാന്യങ്ങളുടെ സുഭിക്ഷതയും

കുടുംബാംഗങ്ങൾ കുറഞ്ഞതും ഈ കൃഷിയുടെ പിന്നോട്ടടിക്ക് കാരണമായിട്ടുണ്ട്. വർദ്ധിച്ച കൂലിനിരക്കും കൃഷിക്കാരെ കപ്പകൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നുണ്ട്.

### കാർഷികവായ്പ

സഹകരണസംഘങ്ങൾ 3 എണ്ണമാണ് വില്ലേജ് തലത്തിൽ ഉള്ളത് താഴെക്കാട്, ആളൂർ കല്ലേറ്റുംകര സഹകരണസംഘങ്ങളാണ് നിലവിലുള്ളത് കൃഷിവായ്പകൾ പ്രധാനമായും നൽകുന്നത് ഈ ബാങ്കുകളാണ്.

**കാർഷികവായ്പ 1995-96**

| | | |
|---|---|---|
| ആളൂർ | 2495221 രൂപ | 16325പേർ അംഗങ്ങൾ |
| താഴെക്കാട് | 11,66345 | |
| കല്ലേറ്റുംകര | 6419080 രൂപ | |

കാർഷിക വായ്പ ഉപയോഗിക്കുന്നത് ഏറ്റവും കൂടുതൽ കല്ലേറ്റുംകര വില്ലേജിലാണ് ഏക്കറിന് 20000 രൂപ വരെയാണ്സാധാരണയായി കാർഷിക ലോൺ കാർഷികവിളകളുടെ അടിസ്ഥാനത്തിൽ നടക്കുന്നത്. ഭൂപണയബാങ്കുകളുടേയും ഷെഡ്യൂൾഡ് ബാങ്കു കളുടേയും കാർഷികലോണുകളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണ്.

### രാസവളങ്ങൾ കീടനാശിനികൾ.

രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപഭോഗം വർഷംതോറും കൂടിവരുന്നു എന്നാണ് സംഘങ്ങളിൽ നിന്നുള്ള റിപ്പോർട്ട്. സ്വകാര്യ വ്യാപാരകേന്ദ്രങ്ങൾ 2 എണ്ണം പ്രവർത്തിക്കുന്നു. കണക്ക് ലഭ്യമല്ല. സാമ്പത്തികവർഷത്തെ (96-97) റിപ്പോർട്ട് ലഭ്യമാണ്. 5 വർഷത്തെ ശരാശരി കണക്ക് ലഭ്യമല്ല. കർഷകരുമായുള്ള ചർച്ചയിൽ രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപഭോഗം കുറയ്ക്കാൻ ബുദ്ധിമുട്ടാണ് എന്നമട്ടിലുള്ള മറുപടികളാണ് ലഭിച്ചത്. രാസവളങ്ങളുടെ ഉയർന്ന വില ഉപയോഗിക്കുന്നവരുടെ ഇടയിൽ ശക്തമായ പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്.

വളങ്ങളുടെ വില്പനതോത് ശ്രദ്ധിച്ചാൽ മനസിലാവുന്ന രീതി നേർവളങ്ങളായ പൊട്ടാഷ്, യൂറിയ തുടങ്ങിയവയാണ് പ്രധാനമായും കർഷകർ ഉപയോഗിക്കുന്നത് എന്നാണ്. സാന്ദ്രീകൃതവളങ്ങളിൽ എല്ലുപൊടിയ്ക്കാണ് മുൻഗണന. വേപ്പിൻ എണ്ണയും കൂടുതലായി ഉപയോഗച്ചുവരുന്നു. കോംപ്ലക്സ്‌വളങ്ങളിൽ 10:5:20 ആണ് കൂടുൽ വില്ക്കപ്പെടുന്നത് 17:17:17 രണ്ടാംസ്ഥാനത്ത് നിൽക്കുന്നു. മഗ്നീഷ്യം ഉപയോഗിക്കുന്നത് വളങ്ങളുടെ ക്വാളിറ്റി പരിശോധനയ്ക്ക് സംവിധാനമില്ല. സ്വകാര്യ മേഖലയുടേയും പൊതുമേഖലയുടേയും ഉല്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നുണ്ട്.

### കീടനാശിനികൾ

മനുഷ്യനും ജന്തുജാലങ്ങൾക്കും ഹാനികരമായ ബിഎച്ച്സി 1200 കലോവിലധികം പഞ്ചായത്തിൽ വിറ്റഴിച്ചിട്ടുണ്ട്. ഫ്യുറഡാൻ ഉപയോഗവും കൂടുതലാണ്. ജലമലിനീകരണം ഉണ്ടാക്കുന്ന വിഷമാണ് ഫുറഡാൻ. മണ്ണിരകളുടെ വംശനാശത്തിനു ഈ വിഷം ഇടയാകും. എലിവിഷം ആണ് (വ്യത്യസ്ത ബ്രാൻഡിലുള്ളത്) കൂടുതൽ വിറ്റഴിക്കുന്ന മറ്റൊരുവിഷം.

### ജലസേചനം

മഴയേയും കനാലുകളേയും ആശ്രയിച്ചാണ് കൃഷിനടത്തുന്നത്. ജൂൺ മുതൽ ഒക്ടോബർ വരെയാണ് ഇടവപ്പാതിയും തുലാവർഷവുമായി കിട്ടുന്ന മഴ പഞ്ചായത്തിന്റെ കൃഷിമുറകളെ ചിട്ടപ്പെടുത്തിയിരിക്കുന്നു. കുളങ്ങളും തോടുകളുമായിരുന്നു പ്രധാന ജലസ്രോതസുകൾ. പാടശേഖരങ്ങളോടടുത്തുള്ള കിണറുകളും നല്ല ജലസ്രോതസ്സായിരുന്നു. തെക്ക് കിഴക്കൻ മൺസൂണും വടക്കു പടിഞ്ഞാറൻ മൺസൂണും തരുന്ന ജലം സംഭരിച്ച് നിർത്താനുള്ള സംവിധാനങ്ങൾ ഇല്ല. പ്രധാനമായും കുറുമാലിപുഴയിലും ചാലക്കുടിപുഴയിലുമാണ് ജലം ചെന്നുചേരുന്നത്. 1, 2, 3, 13 വാർഡുകളിലെ ജലം കുറുമാലി പുഴയിൽ ചേരുന്നു 9, 10, 11, 12 വാർഡുകളിലെ ജലം ഇരുപുഴകളിലേക്കും പോകുന്നുണ്ട്. 4, 5, 6,7, 8 വാർഡുകളിലെ ജലം ചാലക്കുടിപുഴയിൽ ചേരുന്നു.

ചാലക്കുടി റൈറ്റ് ബാങ്ക് കനാൽ തുമ്പൂർ മുഴിയിൽ നിന്നും ആരംഭിച്ച് 30-ആം കിലോമീറ്റർ പഞ്ചായത്തിൽ ചുറ്റിവളഞ്ഞുകിടക്കുന്നു. കുറെവർഷങ്ങളായി മെയിന്റനൻസ് പണികൾ നടക്കാത്തതിനാൽ പ്രവർത്തനക്ഷമമല്ല ഇപ്പോൾ ഈ കനാലുകൾ ഒന്നുംതന്നെ.

### ബ്രാഞ്ച് ദൂരം

കനാലുകളുടെ ആവിർഭാവം കൃഷിരീതിയിൽ മാറ്റംവരുത്തി. പരമ്പരാഗത രീതികൾ (ജലസംഭരണം)

വേണ്ടെന്ന് വെയ്ക്കുന്നു. പ്രവണത കൂടി. കുളങ്ങളും തോടുകളും വേണ്ടത്ര വികസിക്കാതെയും വന്നു. നെൽപ്പാടങ്ങളിൽ ഒരു പൂവിനുപകരം മുപ്പൂകൃഷി നിലവിൽവന്നു. 66ഓളം കുളങ്ങളും 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നിലവിൽ ഉണ്ട്.

**കുളങ്ങളുടെ പട്ടിക**

**കുളങ്ങളുടെ മൊത്തം വിസ്തൃതി വില്ലേജ് തിരിച്ച്**

| | |
|---|---|
| കല്ലേറ്റുംകര | 3-1161 ഹെക്ടർ |
| താഴെക്കാട് | 2-7771 ഹെക്ടർ |
| ആളൂർ | 9-9511 ഹെക്ടർ |

കുളങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്ന പ്രവണത നല്ലതല്ല. കുളങ്ങളിൽ നിന്നും ആരംഭിക്കുന്ന തോടുകൾ പ്രധാനമായും 1, 2 വാർഡുകളെ ബന്ധിച്ചിരുന്ന പെരുംതോട് കാരത്തോട് നെല്ലായികൂടി കുറുമാലിപ്പുഴയിൽ ചേരുന്നു. കണ്ണൻപുഴ ഒലിപ്പൻതോട് നമ്പ്യാൻചിറയിൽ നിന്ന് തുടങ്ങി ചാത്തൻചിറ കൂടി മുരിയാട് കായലിൽ ചേരുന്നു. പോണോളികുളത്തിൽ നിന്നാരംഭിച്ച് കാരൂർ തോട്ടേക്കുളം വഴി സ്ത്രീധനപാടം കടന്ന് കാട്ടാൻതോട് പേരിൽ കാരൂർ ചിറയിലൂടെ ഒഴുകി കാരൂർ പുഞ്ചപ്പാടം കടന്ന് പറയൻതോടിലൂടെ ചാലക്കുടി പുഴയിലെത്തുന്നു. ആനാടിക്കുളംതോട് കടന്ന് പറയൻതോടിലൂടെ ചാലക്കുടി പുഴയിലെത്തുന്നു. ആനാടിക്കുള്തോട് ആരാട്ടികുളത്തിൽ നിന്നും ഉത്ഭവിച്ച് വാണിയംപാടം വലിയതോട് ചങ്ങലച്ചിറയിൽനിന്ന് ചെമ്മീൻ ചാലിലെത്തുന്നു. പെരുമാറ്റപാടം ഒലിപ്പൻതോട് എന്നപേരിൽ അറിയപ്പെടുന്ന വടിയൻചിറയിൽ നിന്നാരംഭിച്ച് ആനത്തോട് തൊമ്മാനാപാടത്ത് ചെന്നു ചേരുന്നു. ആനത്തടം കുന്നിൽ നിന്നുംതുടങ്ങി കല്ലടപാടം തോട് കല്ലടപാടത്തിലൂടെ ഒഴുകി കദളിച്ചിറയിലെത്തി അവിടെനിന്നും 11,10,14, 8 വാർഡുകൾകടന്ന് വലിയതോടിലെത്തി പറയൻ തോട്മായി ചേർന്ന് ചാലക്കുടി പുഴയിൽ ചേരുന്നു.

**വലിയതോട്**

പൊരുന്നു ചിറയിൽ നിന്നാരംഭിച്ച് വെള്ളാഞ്ചിറ പാടത്തുകൂടി വലിയതോടിലെത്തിചേരുന്നു.

തോടുകൾ കഴിഞ്ഞാൽ പ്രധാനമായും കിണറുകളാണ് വരുന്നത്. 5000ൽ പരം കിണറുകൾ ആണ്. കുഴൽ കിണറുകൾ 6 എണ്ണം ഉണ്ട്. ജലസേചനത്തിന് വാർഡ് തിരിച്ച കണക്ക് ലഭ്യമല്ല.

| | |
|---|---|
| ലിഫ്റ്റ്ഇറിഗേഷൻ | 40 എച്ച്.പി. മോട്ടോർ |
| കദളിച്ചിറ സ്കീം | 60 ഹെക്ടർ |
| തിരുത്തിപറമ്പ് | 25 എച്ച്.പി മോട്ടോർ 18.65 ഹെക്ടർ |

**മേജർ ഇറിഗേഷൻ (വലതുകര)**

ജലസേചനത്തിന്റെ ~~(മേജർ) ആയക്കെട്ട്~~ വില്ലേജുകളിലും കൂടി 10649 ഹെക്ടർ ആയികണക്കാക്കിയിരിക്കുന്നു. പ്രധാനപ്പെട്ട തോടുകൾ പറയൻതോട്, ആനത്തോട്, പെരുന്തോട്, പുതുപ്പാടംതോട്, വാണിയംപാടം (വലിയതോട്) വലപ്പാട്ടിപാടംതോട്.

**കൃഷിഭവൻ**

14 വാർഡുകളിലും കൂടി ഒരു കൃഷിഭവൻ ആണ് ഉള്ളത്. ഈ കൃഷിഭവൻ പഞ്ചായത്തിന്റെ തെക്കെ അറ്റത്ത് കൊമ്പൊടി ആസ്ഥാനമായി പ്രവർത്തിക്കുന്നു. ഒരു ഓഫീസറും 3 ഫീൽഡ് സ്റ്റാഫും ഉണ്ട്. ഗുണപരമായ പ്രവർത്തനങ്ങൾ നടത്താൻ പ്രാപ്തമായ നിലയിലല്ലാത്തതിനുകാരണം ഫണ്ടുകൾ ഇല്ലാത്തതുതന്നെയാണ്. കൃഷിഭവൻ കേന്ദ്രീകരിച്ച് ഉപദേശക സമിതി നിലവിലുണ്ട് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി പ്രവർത്തിക്കുന്നു.

നടീൽ വസ്തുക്കൾ വേണ്ടത്ര ലഭിക്കുന്നില്ല ബദൽ വിളകൾ ഏതാവണം എന്നതിനെ പറ്റി നിർദ്ദേശങ്ങൾ ലഭിക്കാറുമില്ല. തനതായ നഴ്സറികൾ പഞ്ചായത്തു തലത്തിൽ നിലവിലില്ല. ആയതുമൂലം സർക്കാർ സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ടിവരുന്നു. കേരവികസനപദ്ധതികളുടെ പ്രവർത്തനവും മന്ദഗതിയിലാണ്. നൂതനകൃഷിരീതികൾ പ്രാവർത്തികമാക്കുന്നില്ല. പാടശേഖര കമ്മിറ്റികൾ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനം തുടങ്ങിയവയുടെ പ്രവർത്തനം സജ്ജീവമാകുന്നില്ല. കിറ്റ്വിതരണം ക്രമമായി നടക്കുന്നു. കാർഷികവിളകൾ ഇൻഷൂറൻസ് പദ്ധതിയും കിണർ പമ്പ്സെറ്റ് സബ്സിഡിയും സ്പെയർ സബ്സിഡിയും നിലവിലുണ്ട് മണ്ണ് പരിശോധനാകേന്ദ്രം നിലവിലില്ല.

**കൃഷിഭവൻ നടപ്പുപദ്ധതികൾ**

1. നെൽകൃഷി സൗജന്യവൈദ്യുതി (പമ്പിംഗ് പാടശേഖരങ്ങൾക്ക്)
2. വിള ഇൻഷൂറൻസ് 25 ഇനം വിളകൾക്ക്
3. ലക്ഷം യുവജനതൊഴിൽപദ്ധതി (100പേർ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു)

4. പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ

5. കാർഷികയന്ത്രങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾ - പാടശേഖരസമിതികൾവഴി

6. വിത്തുല്പാദനപദ്ധതി (തിരഞ്ഞെടുത്ത കർഷകർ മുഖേന)

7. ഉല്പാദന ബോണസ് (നെൽകൃഷിക്ക്)

8. നാളികേര വികസനപദ്ധതി (പമ്പ്സെറ്റുകൾ, കിണറുകൾ, കുഴൽകിണറുകൾ, കൊപ്രഡ്രയർ, റോക്കർ, സ്പ്രെയർ, തെങ്ങുകയറ്റ യന്ത്രങ്ങൾ, പച്ചിലവളച്ചെടിവിത്ത്, രാസവളക്കുറവ്, തെങ്ങിൻതൈവിതരണം.

9. സമഗ്രനാളികേര വികസന പദ്ധതി, മരങ്ങൾ മുറിച്ചുമാറ്റൽ, രോഗപ്രതിരോധമരുന്നുതളി

10. കമുങ്ങ് കൃഷി

11. പച്ചക്കറി വികസനപരിപാടി. വിത്ത് പാക്കറ്റ് വിതരണവും വർഷകാലവിളകളും, വേനൽകാല വിളകളും

12. ഫലവർഗങ്ങൾ-വാഴ കൈതച്ചക്ക മാമ്പഴം പുനരുദ്ധാരണപ്രവർത്തനങ്ങൾ വൃക്ഷത്തൈ സൗജന്യവിതരണം, എറണാകുളത്ത് പഴവർഗ്ഗസംസ്കരണശാല)

13. വെറ്റിലകൃഷി-വെറ്റിലകൃഷി പ്രോത്സാഹനം, മാതൃകാതോട്ടങ്ങൾ, ജലസേചനതോട്ടങ്ങൾ

14. നടീൽ വസ്തു വിതരണം സർക്കാർ ഫാമുകളിൽ നിന്നുള്ള തൈ വിതരണം

15. ഗ്രീൻഹൗസ് നിർമാണം

16. കർഷക-അവാർഡ് വാർഡിലെ പ്രമുഖ കർഷകരെ ആദരിക്കൽ

17. നീർമറി പ്രദേശവികസന പദ്ധതി ഒയ്പെക്ക്ൽ

18. ദേശീയ നീർമറി പ്രദേശ വികസനപദ്ധതി. (പണപ്പിള്ളി ഹരിജൻ കോളനി, കാട്ടാംതോട് ഹരിജൻ കോളനി)

19. സഹായനിരക്കിൽ രാസവളം

20. പ്രകൃതി ക്ഷോഭ ദുരിതാശ്വാസഫണ്ട്.

### മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ

മണ്ണൊലിപ്പും നീർക്കെട്ടുമുള്ള പ്രദേശങ്ങളിലെ മണ്ണ് ജലസംരക്ഷണ നിർഗമന പ്രവർത്തനങ്ങൾ

1. ദേശീയവാട്ടർഷെഡ് വികസനപദ്ധതി
2. പശ്ചിമഘട്ട വികസനപദ്ധതി
3. തരിശുനില വികസനപദ്ധതി
4. ഓ.പി.ഇ.സി. പദ്ധതി

ആളൂർ പഞ്ചായത്ത് പശ്ചിമഘട്ട വികസന പദ്ധി അനുസരിച്ച് ഉള്ള സ്കീമുകൾ നടപ്പാക്കാൻ തുടക്കമിട്ടിട്ടുണ്ട്.

### കേരഫെഡ് പ്രവർത്തനങ്ങൾ

ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ, രാസവള കിറ്റ് കൊപ്രസംസ്കരണം, ഇളനീർ പന്തലുകൾ, 5000 രൂപ ഗ്രാന്റ് കരിക്ക് 50ശതമാനം സബ്സിഡിയിൽ ഫാമുകൾ നൽകുന്നു.

### ഹോട്ടികൾച്ചർ ഡെവലപ്മെന്റ് പ്രോഗ്രാം

ഇരുപതോളം കർഷർ ചേർന്നുള്ള സംശ്രേയ സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ, നേതൃത്വപരിശീലനം നേടിയ കർഷക (മാസ്റ്റർ), 2300 കർഷകർക്ക് ലോൺ, വിത്തുല്പാദനം, മാർക്കറ്റ് അവലോകനം

### ബയോഗ്യാസ് വികസനപദ്ധതികൾ

കശുമാവ് വികസനം, മരുന്നുതളിക്കൽ പൂവിടുന്ന സമയത്ത്

### <u>പ്രശ്നങ്ങൾ</u>

1. കാരൂർ പുഞ്ചപാടം

900 പറ നിലകൃഷി ഇപ്പോൾ നാശോന്മുഖമായികൊണ്ടിരിക്കുന്ന കളിമൺ വ്യവസായത്തിനായി മണ്ണെടുക്കുന്നത് അവസാനിപ്പിക്കണം. കാരൂർ ചിറയെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തതുമൂലം കൃഷി ഭാഗ്യപരീക്ഷണമാകുന്നു.

2. മേജർ ഇറിഗേഷൻ കനാലുകൾ നവീകരിക്കാത്തതുമൂലം ഹെക്ടർ കണക്കിന് സ്ഥലം സമയബന്ധിതമായി കൃഷിയിറക്കുവാൻ കഴിയുന്നില്ല. പുഞ്ചകൃഷിയും ഭാഗ്യപരീക്ഷണമാണിന്ന്.

3. നെൽകൃഷിയെ യന്ത്രവൽകരണം വ്യാപക മല്ലാത്തതിനാൽ കൃഷിചിലവ് കൂടുന്നു. കർഷകത്തൊഴിലാളികളുടെ കുറവ് നികത്തുവാൻ കഴിയുന്ന യന്ത്രവൽകരണം ഗ്രൂപ്പടിസ്ഥാനത്തിൽ വിജയിച്ചിട്ടില്ല.

തെങ്ങിനെ ബാധിക്കുന്നരോഗങ്ങൾ തെങ്ങിന്റെ ഉത്പാദനക്ഷമത കുറച്ചിരിക്കുന്നു. കൂമ്പുചീയൽ ഓലക്കരിച്ചിൽ, മഞ്ഞളിപ്പ്, ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലിയുടെ ആക്രമണം എന്നിവ രൂക്ഷമാണ്. മരുന്ന് തളി ഒരിടത്തും വേണ്ടരീതിയിൽ നടത്തുന്നില്ല. വർഷകാലജലസംഭരണവും തെങ്ങിൻ തടത്തിൽ നടക്കുന്നു.കൂടുതൽ വളം ചെയ്യുന്ന പ്രവണത കുറഞ്ഞുവരുന്നു.

നല്ലയിനം നടീൽ വസ്തുക്കളും വിത്തുകളും നാട്ടിൽ ലഭ്യമല്ല. വോൾട്ടേജ് ക്ഷാമം മൂലം തെങ്ങിൻതോപ്പിലെ ജലസേചനം വേണ്ടരീതിയിൽ വേണ്ടസമയത്ത് നടക്കുന്നില്ല.

പ്രധാനതോടുകൾ കെട്ടിക്കാത്തത് (തടയിണയിടാത്തത്) ജലസേചനം കൂടുതൽ ദുഷ്കരമാക്കുന്നു. മാനുഷികശേഷി ലഭ്യമല്ലാത്തതിനാൽ വെള്ളം തിരിക്കൽ കൂടുതൽ ബുദ്ധിമുട്ടുള്ള പ്രവൃത്തിയാകുന്നു. തോടുകൾ നികന്നുവരുന്നതും വർദ്ധിക്കുന്നുണ്ട്.

ജൈവവളങ്ങളെ പിന്തള്ളി രാസവളങ്ങൾ ഉപയോഗിച്ചതുമൂലം നിലത്തിന്റെ അമ്ലത വർദ്ധിച്ചുവരുന്നു. ഇതുപരിഹരിക്കുവാൻ ജൈവവള ഉത്പാദനവും ഉപഭോഗവും കൂട്ടാവുന്ന കൃഷിരീതികൾ വ്യാപിപ്പിക്കണം. ജൈവവളങ്ങൾ അപൂർവവസ്തുവായി പഞ്ചായത്തിൽ മാറുന്നു. ദൂരദേശങ്ങളായ പാലക്കാട് വടക്കാഞ്ചേരി ഭാഗങ്ങളിൽ നിന്ന് ജൈവവളങ്ങൾ കൊണ്ടുവരുന്നതിന് ചിലവേറിവരുന്നു.

ജലസംരക്ഷണം വേണ്ടത്ര നടപ്പാക്കാത്തതു മൂലം ഭൂഗർഭജലം കുറഞ്ഞുവരുന്നു. കൃഷിയിടങ്ങൾ തട്ടുതട്ടായി തിരിച്ച് നടത്തിയിരുന്ന കൃഷിപണികൾ കുറഞ്ഞുവരുന്നു. വേനൽകാലങ്ങളിൽ പറമ്പുകിളപ്പിച്ച് ഇടുന്ന രീതിയില്ലാതാവുന്നു. അതുവഴി മഴവെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങാനുള്ള കഴിവ് കുറയുന്നു. പെയ്യുന്ന മഴയുടെ ഭൂരിഭാഗവും പെട്ടെന്നുതന്നെ പുഴയിലെത്തുന്നു.

കൃഷിഭവനുകളിൽ മണ്ണു പരിശോധനാകേന്ദ്ര ങ്ങളില്ലാത്തതിനാൽ മണ്ണിന്റെ ജൈവഘടന പരിശോധി ക്കാതെയാണ് രാസവളങ്ങൾ ഉപയോഗിക്കുന്നത്. ഇതുമൂലം ഉയർന്ന നിരക്കിൽ വളം ഉപയോഗിക്കേണ്ടി വരുന്നു. കർഷകന് കനത്ത ബാധ്യതയും ഉണ്ടാകുന്നു.

കീടനാശിനികൾ തളിക്കുന്നത് ഗ്രൂപ്പടി സ്ഥാനത്തിലല്ല എന്നുള്ളതിനാൽ കൂടുതൽ കീടനാശിനികൾ മണ്ണിൽവീഴാനിടയാകുന്നു. ക്രമേണ കീടങ്ങൾ ഇവയ്ക്കെതിരെ പ്രതിരോധശക്തി നേടുന്നു. ഫലം കൃഷിയുടെ ഉത്പാദനക്ഷമത കുറയലാണ്.

തെങ്ങിൻതോപ്പിലെ ഇടവിളകൃഷി വ്യാപകമാക്കിയിട്ടില്ല. ഉയർന്ന പ്രദേശങ്ങളിൽ വിളസാന്ദ്രതകൂട്ടാനുള്ള ആസൂത്രീകരണം ഇപ്പോളില്ല. തന്മൂലം തെങ്ങിന്റെ നാശം വരുമാനത്തിന്റെ സ്ഥിരമായ ശോഷിപ്പുണ്ടാകുന്നു. വൃക്ഷവിളകളായ പുളി, മാവ്, പ്ലാവ്, കുടപ്പുളി തുടങ്ങിയ വൃക്ഷങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നു. കുന്നിൻപ്രദേശങ്ങളിലെ പ്രധാനവിളയായ കശുമാവ് കൃഷിയിൽ പുതിയ ജനുസ്സിലുള്ള തൈകൾ സംഘടിതമായി നടത്തുന്നതിനുള്ള ശ്രമങ്ങൾ നിലവിലില്ല. വിറകാവശ്യത്തിന് കശുമാവ്വെട്ടി നശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. നിലവിലുള്ള കശുമാവുകൾ സംരക്ഷിക്കുവാൻ തീവ്ര ശ്രമം വേണം. ഉയർന്ന പ്രദേശങ്ങളിലെ തെങ്ങിൻതോപ്പുകൾ (കേടുള്ളവ) കശുമാവിൻതോപ്പുകൾ ആക്കാവുന്നവയാണ്.

## നിർദ്ദേശങ്ങൾ

1. പറയന്തോട്, നീർത്തട പദ്ധതി നടപ്പിലാക്കി ചാലക്കുടിപുഴയിലേക്കുള്ള ഒഴുക്ക് നിയന്ത്രിച്ച് ജലവിഭവശ്രോതസ്സ് പുഷ്ടിപ്പെടുത്തുക.
2. കദളിചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വികസിപ്പിക്കുക. കദളിചിറയിൽ നിന്നാരംഭിക്കുന്ന തോട് വീതികൂട്ടി തടയിണകൾ കെട്ടുക
3. കാരൂർ ചിറമുതൽ വെള്ളാനിപ്പാടം വരെ ജലസേചനത്തിനായി തോടു നിർമിക്കുക.
4. കൃഷിഭവനിൽ മണ്ണുപരിശോധനയ്ക്ക് സ്ഥിരസംവിധാനമുണ്ടാക്കുക.
5. വെള്ളാഞ്ചിറ വലിയതോട്ടിൽ തടയിണകൾ സ്ഥാപിക്കുക.
6. അഗ്രോ സർവീസ് സെന്റർ ആരംഭിച്ച് യുവജനങ്ങൾക്ക് ആധുനികയന്ത്രങ്ങളിൽ തൊഴിൽ പരിശീലനവും തൊഴിലും നൽകുക.
7. കൃഷിഭവന്റെ ശാഖ കല്ലേറ്റുംകരയിൽ സ്ഥാപിക്കുക.

8. കാരത്തോട്, പെരുന്തോട്, കെട്ടി തടയിണകൾ സ്ഥാപിക്കുക.

9. മൽപ്പാടിപാടം തോട് വീതികൂട്ടി തടയിണകൾ ഇടുക.

10. പുഞ്ചപ്പാടങ്ങളിൽ നിന്നും (കാരൂർ, തുരുത്തിപറമ്പ്) മണ്ണെടുക്കുന്നത് കൃഷിഭവൻ മുഖേന തടയുക.

11. കൊമ്പിടിമാക്കൽ, ആളൂർ ഗ്രാമചന്തകൾ ആരംഭിക്കുക.

12. കാരൂർ ചിറയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക. കാരൂർ പുഞ്ചപാടം തോടുവെട്ടി തടയിണകൾ ഇടുക.

13. ചക്കൻ കുളം ചവറ്റുപാടം തോട് നന്നാക്കുക.

14. കാർഷികയന്ത്രങ്ങൾ വാർഡടിസ്ഥാനത്തിൽ കൂടുതൽ കർഷകർക്ക് നൽകുക.

15. ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുക.

16. എലിനശീകരണം പഞ്ചായത്ത് കേന്ദ്രീകരിച്ച് നടത്തുക.

17. ഔഷധ സസ്യങ്ങൾ, പൂവ്, തുടങ്ങിയ കൃഷികൾ തെങ്ങിൻ തോപ്പിൽ ഇടവിളയായി പ്രചരിപ്പിക്കുവാൻ നാട്ടിൽ വസ്തുക്കൾ വിതരണം ചെയ്യുക. കൃഷിക്കുവേണ്ട വൈദഗ്ദ്യം നൽകുക.

18. കൊപ്രഡ്രയർ യൂണിറ്റ് താഴക്കാട് സർവീസ് സഹകരണബാങ്കിൽ ആരംഭിക്കുക, കേരസമിതി യുടെ പങ്കാളിത്തത്തോടെയായിയിരിക്കണം തുടങ്ങേണ്ടത്.

19. പറയൻതോട് ഇറിഗേഷൻ പ്രവർത്തനം വ്യാപിപ്പിച്ച് തിരുത്തിപറമ്പിൽ പച്ചക്കറി കൃഷി വ്യാപകമാക്കുക.

20. കനാലുകളുടെ അറ്റകുറ്റപ്പണികൾ ഉടനെ നടത്തുക. മെയിൻകനാലിൽ 75 സെ.മി വെള്ളം നിലനിർത്തികൊണ്ടുള്ള പ്രവർത്തനം നടത്തുക.

21. തുമ്പൂർമുഴി ഡാമിന്റെ വിയർ ഉയർത്തുക.

22. കനാൽ റോഡുകൾ (ജീപ്പ്) നിർമിച്ച് പരിശോധന കൃത്യമാക്കുക.

23. കല്ലേറ്റുംകര ബ്രാഞ്ച് കനാൽ ആരംഭ സ്ഥാനത്ത് റെഗുലേറ്റിംഗ് ഷട്ടർ സ്ഥാപിക്കുക.

24. ചിമ്മിനി ജലസേചനപദ്ധതിയിലെ അധികജലം ആളൂർ പഞ്ചായത്തിലെത്തിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

25. വാട്ടർ ഷെഡ് പ്രദേശങ്ങൾ വികസിപ്പിക്കുവാൻ കേന്ദ്രസഹായത്തോടെ നടപടികൾ സ്വീകരിക്കുകയും ഓരോ വർഷവും പുതിയ പ്രോജക്റ്റുകൾ ആരംഭിക്കുകയുംചെയ്യുക.

26. മുരിയാട് കായലിൽ കുരികുറ്റിചിറയിൽ ബന്ധിച്ച് ജലസേചന ലിഫ്റ്റ് സാദ്ധ്യതകൾ പഠിക്കുക.

27. ബണ്ടുകെട്ടി താഴ്ത്തി സംരക്ഷിക്കേണ്ട കുളങ്ങൾ

1. പൂപ്പച്ചിറ
2. ചേന്ദ്രൻകുളം
3. ആലിക്കുളം
4. കാരിങ്ങാട്ടുകുളം
5. നന്ദിയാർചിറ
6. കൈതയിൽകുളം
7. നമ്പുഴ
8. ചെമ്മീൻചാല്
9. പന്തലിച്ചിറ
10. പുതുച്ചിറ
11. വല്ലക്കുളം
12. പടുവൻചിറ
13. കരേക്കാട്ടുചിറ
14. നാരങ്ങാത്തുകുളം
15. ചക്കൻകുളം
16. കുട്ടൻകുളം
17. കരേക്കാട്ടുചിറ
18. വെള്ളാൻച്ചിറ
19. കോതകുളം
20. വിരിപ്പാട്ടുകുളം

21. വലിയകുളം

22. ചങ്ങലച്ചിറ

23. കദളിച്ചിറ

24. കരിപ്പാൻകുളം

25. മരപ്പട്ടികുളം

26 കുണ്ടായികുളം

27. പൊരുമിച്ചിറ

28. പുതുചിറ

29. നെടുംകുളം

30. അന്നാട്ടികുളം

31. ചെറത്തകകുളം

32. ചങ്ങലകുളം

33. ആഞ്ഞിലറകുളം

## ലിഫ്റ്റ് ഇറിഗേഷൻ നിർദ്ദേശങ്ങൾ

1. നമ്പഴകുളം
2. തൊമ്മാനത്തോട്
3. കള്ളിശ്ശേരികുളം
4. തിരുത്തികുളം. നെടുങ്കുളം
5. കരിപ്പാൻകുളം
6. മരപ്പട്ടികുളം ഇലവത്തുംകുന്ന്
7. ചെമ്മീൻചാൽ
8. അന്നാട്ട്കുളം കുഴിക്കാട്ടുശേരി കോളനി
9. തുരുമ്പികുളം, നെടുംകുളം
10. വലിയത്ത്ചിറ ലിഫ്റ്റ് ഇറിഗേഷൻ
11. വെള്ളാംചിറ ലിഫ്റ്റ് ഇറിഗേഷൻ
12. പൊരുന്നുംകുന്ന് ലിഫ്റ്റ് ഇറിഗേഷൻ (ചാലക്കുടി പുഴയിൽനിന്നും)
13. കദളിച്ചിറ രണ്ടാംഘട്ടം
14. കരിപ്പാൻകുളം ലിഫ്റ്റ്
15. നെടുംകുളം കുറ്റികാഞ്ഞി ലിഫ്റ്റ്
16. താരാക്കുളം ലിഫ്റ്റ് രണ്ടാംഘട്ടം

28. കേടുവന്ന തെങ്ങുകൾ പൂർണമായും മുറിച്ചുമാറ്റുക സാമ്പത്തിക സഹായം 500 മുതൽ 1000 രൂപവരെ ആക്കുക. (പ്രായമനുസരിച്ച്)

29. പുതുച്ചിറ, വെള്ളാംചിറ, കരേക്കാട്ടുകുളം, ആയിനിച്ചിറ, ഇവയുടെ ചോർച്ച തടയുക.

30. കണ്ണമ്പുഴ പാടത്തുനിന്നും പുതുചിറയിലേക്കുള്ള ജലനിർഗമനചാലുകൾ ഒലിപ്പൻതോടും ഉപയോഗപ്രദമാക്കുക.

31. ചാലക്കുടിപുഴയിൽ നിന്നും വെള്ളം പമ്പുചെയ്ത് 5, 6, 7 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുക.

32. ആറാം വാർഡിലെ നിലവിലുള്ള കാഡാ ഫീൽഡ് ചാനൽ ബ്രാഞ്ച് കനാലാക്കി മാറ്റി വാണിയം പാടത്തേക്ക് വെള്ളമെത്തിക്കുക. പുണേലിപ്പടി വാണിയംപാടം തോടുവീതികൂട്ടി സംരക്ഷിച്ച് ആന്നാട്ടികുളം വഴി വെള്ളംചിറയിലേക്ക് വിടാൻ വെള്ളസംവിധാനം ഉണ്ടാക്കുക.

33. കാരൂർ പുഞ്ചപ്പാടം മുതൽ പറയൻതോടുവരെ തോടുകളിൽ തടയിണകൾ

34. ആര്യംപാടം, പുതുപ്പച്ചിറ കല്ലട പാടം വെള്ളാംചിറ തോട്ടിൽ തടയിണയിടുക.

35. പഞ്ചായത്തുതലത്തിൽ പച്ചക്കറികൃഷി സഹകരണസംഘവും പഴംപച്ചക്കറികൃഷി സംസ്കരണകേന്ദ്രവും സ്ഥാപിച്ച് ഉത്പന്നങ്ങൾക്ക് സ്ഥിരമായ മാർക്കറ്റുണ്ടാക്കുക.

36. ചാലക്കുടി പുഴയിൽനിന്നും. പൊരുന്നുംകുന്നിലേക്ക് വെള്ളം പമ്പുചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.

37. നെൽകൃഷിക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് അനുവദിക്കുക.

38. കാർഷികാവശ്യത്തിന് പമ്പുകൾക്ക് കണക്ഷൻ ഒരുമാസത്തിനുള്ളിൽ നൽകുക.

## ഫാംറോഡ് നിർദ്ദേശങ്ങൾ

1. ചേന്നിലപാടം റോഡ്
2. ബാലിച്ചിറപാടം
3. കൊച്ചിപാടം റോഡ്

4. വലിയിടംചിറ തിണ്ട് റോഡ്

5. താഴേക്കാട് പാടം ഫാം റോഡ്

6. കല്ലേറ്റുംകര കിഴക്കേമുണ്ടക പാടം ഫാം റോഡ്

39. കൃഷിഭവന്റെ നേതൃത്വത്തിൽ പ്രധാനവിളകളുടെ വിത്തുൽപാദകരെ വാർഡുകളിൽ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. പച്ചക്കറി ഗ്രൂപ്പുകൾ വാർഡുകളിൽ ഉണ്ടാക്കുക (വിത്തുബാങ്കുകൾ)

40. നൂതന കൃഷികളായ കുറ്റിമുല്ല ഓർക്കിഡ് ഔഷധസസ്യങ്ങൾ കൂൺകൃഷികളിൽ വീട്ടമ്മമാർക്ക് പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

41. കുഴിക്കാട്ടുശേരി , ചെറിയപാടം ഫാം റോഡ് പണിക്ക് ചിറകെട്ടുക.

42. കർഷകതൊഴിലാളി പെൻഷൻ വ്യാപ്തി വർദ്ധിപ്പിക്കുക.

43. കർഷകപെൻഷൻ ആരംഭിക്കുക.

44. ഫാർമേഴ്സഅസോസിയേഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ യന്ത്രസംവിധാനങ്ങൾ ഏർപ്പെടുത്തുക.

45. പറയൻതോട് ബ്രാഞ്ച് കനാലിനെ പൊരുന്നചിറയിൽ എത്തിക്കുക.

46. സ്കൂളുകളിൽ വി.എച്ച്.എസ്.സി കോഴ്സ് (അഗ്രി)

47. പഴംപച്ചക്കറി സഹകരണ സംഘം - പഞ്ചായത്ത് തലത്തിൽ വേണം.

48. ഔഷധ സസ്യ-മാതൃകാതോട്ടങ്ങൾ വേണം

49. കുറ്റിമുല്ല ഓർക്കിഡ് നഴ്സറികൾ

50. അഗ്രോ സർവീസ് വർക്ക്ഷോപ്പ്- പരിശീലന സൗകര്യം യുവാക്കൾക്ക്.

51. തടയിണകൾ

    1. പെരുന്തോട്
    2. കാരത്തോട്
    3. ചെമ്മീൻചാൽ
    4. വടുവൻചിറ-കാരോട്ടുചിറ 10 അടി വീതി തടയിണ
    5. ചക്കംകുളം ചവറ്റുപാടം
    6. വലിയതോട്- 3 ഇടത്ത് തടയിണ
    7. കാരൂർചിറപുഞ്ചപാടംതോട്
    8. ആനാട്ടികുളം വാണിയംപാടംതോട്
    9. പറയൻതോട്-കാരൂർപുഞ്ചപ്പാടം
    10. മൽപ്പാട്ടിപ്പാടം തോട്.

### മത്സ്യബന്ധനം

ആളൂർ പഞ്ചായത്തിലെ മത്സ്യസമ്പത്ത് പ്രധാനമായും കുളങ്ങളിലാണ് ഉള്ളത്. പഴയകാലത്ത് ധാരാളം ഇനങ്ങൾ തോടുകളിലും, പാടങ്ങളിലും ഉണ്ടായിരുന്നു. പ്രധാനമത്സ്യങ്ങൾ ബ്രാൽ, മുഷി, വാള, മലിഞ്ഞീൻ, കൂരി, പരൽ, ആരൽ, കണമ്പ്, വട്ടൽ, കരിമീൻ, കൊഞ്ച് തുടങ്ങിയവയായിരുന്നു. ചാലുകളുമായുള്ള ബന്ധം നിലനില്ക്കുന്നയിടങ്ങളിൽ ചെമ്മീനും കിട്ടിയിരുന്നു. വിവിധയിനം വലകൾ ഉപയോഗിച്ചാണ് മീൻ പ്രധാനമായും പിടിച്ചിരുന്നത്. നഞ്ച് കലക്കി മീൻപിടിക്കുന്ന രീതിയും നിലവിലുണ്ടായിരുന്നു. തോടുകളിൽ കിടകളിട്ട് അടിച്ചിലുകൾ കെട്ടിയും മീൻ പിടിച്ചിരുന്നു വർഷകാലങ്ങളിൽ ഏറ്റുമീൻ പിടുത്തം കർഷകരുടെ ഇഷ്ടജോലികളിൽ ഒന്നായിരുന്നു. സവർണ്ണ ഹിന്ദുക്കൾ ഒഴിച്ച് മുഴുവൻ ജനവിഭാഗങ്ങളും മത്സ്യം ഭക്ഷിച്ചിരുന്നു. വളരെ പെട്ടെന്ന് ദഹിക്കുന്ന പ്രോട്ടീൻ എന്ന നിലക്ക് കുട്ടികളുടെ ആഹാരപട്ടികയിലും പ്രധാനസ്ഥാനം മീനുണ്ടായിരുന്നു.

പരമ്പരാഗത മീൻപിടുത്ത തൊഴിലാളികൾ ആളൂർ, കല്ലേറ്റുംകര, താഴെക്കാട് വില്ലേജുകളിൽ ഇപ്പോഴുമുണ്ട്. പഴയ തലമുറയിൽ പെട്ടവരാണ് ഭൂരിപക്ഷവും. നല്ല ജീവിതസാഹചര്യങ്ങൾ ഉണ്ടാക്കാൻ ഈ തൊഴിലുകൊണ്ട് കഴിയാത്തതിനാൽ പലരും ഈ തൊഴിൽ ഉപേക്ഷിച്ചു കഴിഞ്ഞു. പുതിയ തലമുറ ഈ രംഗത്തില്ല.

മത്സ്യവിപണന മേഖലയിൽ ധാരാളം തൊഴിലാളികൾ ഇപ്പോൾ തൊഴിൽ ചെയ്യുന്നു. പഞ്ചായത്ത്തലത്തിൽ 100-ഓളം പേർ ഉണ്ട്. ഒരുദിവസം ഉദ്ദേശം 3000 കിലോ മത്സ്യം ഇവിട വിറ്റഴിക്കപ്പെടുന്നു എന്നാണ് മത്സ്യതൊഴിലാളികൾ നൽകുന്ന കണക്ക്. കടൽ മത്സ്യമാണ് പ്രധാനമായി വില്ക്കുന്നത്. പൊയ്യഭാഗത്ത് നിന്ന് ചെമ്മീൻ, കരിമീൻ, മറ്റു പുഴമത്സ്യങ്ങൾ-സ്ത്രീതൊഴിലാളികൾകൊണ്ട്വന്ന് വില്പന നടത്തുന്നുണ്ട്.

50-ഓളം ഉൾനാടൻ മത്സ്യപിടുത്ത തൊഴിലാളികൾ മീൻപിടുത്തമായി ബന്ധപ്പെട്ട് പ്രവർത്തിയെടുക്കുന്നു. ഇവർക്ക് സംഘടനകൾ നിലവിലുണ്ടെങ്കിലും വേണ്ടത്ര പ്രവർത്തനക്ഷമമല്ല. മിക്ക മത്സ്യവിപണനതൊഴിലാളികളും ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ചാണ് മീൻ വില്പന നടത്തുന്നത് ആദ്യകാലങ്ങളിൽ കാവുകളിലും തലച്ചുമടായും നടന്നാണ് മീൻവിറ്റിരുന്നത്. സൈക്കിൾ ഉപയോഗം കുറച്ച് യന്ത്രം ഘടിപ്പിച്ച വാഹനങ്ങൾ ഉപയോഗിക്കുന്നത് കൂടിവരുന്നു. കൊടുങ്ങല്ലൂർ നാട്ടിക, പെരിഞ്ഞനം, ഭാഗങ്ങളിൽ പോയി മീൻകൊണ്ട് വരുന്നതിന് ലൈറ്റ് മോട്ടോർ വാഹനങ്ങളും ഉപയോഗിക്കുന്നുണ്ട്. പ്രധാനമത്സ്യ വിപണന കേന്ദ്രങ്ങൾ കല്ലേറ്റുംകര, ആളൂർ, കൊമ്പൊടി പ്രദേശങ്ങൾ ആണ്. മത്സ്യം കേടുകൂടാതെ സംരക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഒന്നുമില്ല. മത്സ്യം വില്ക്കുന്ന തൊഴിലാളികൾ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഒന്നും നടത്തുന്നുമില്ല.

പഞ്ചായത്തിലെ തിരഞ്ഞെടുത്ത കുളങ്ങൾ നാമമാത്രമായ വിലക്ക് ലേലം വിളിക്കുന്ന രീതി മത്സ്യം വളർത്തുന്നതിനും പിടിക്കുന്നതിനും വേണ്ടി നിലവിലുണ്ട്. കർഷകർ വേണ്ട രീതിയിൽ സംഘടിതരല്ലാത്തതിനാൽ ശാസ്ത്രീയ മത്സ്യകൃഷി പഞ്ചായത്തിൽ നിലവിലില്ല. ഒറ്റപ്പെട്ട രീതിയിൽ കർഷകർ കുളങ്ങളിലും ക്വാറികളിലും മത്സ്യംവളർത്തുന്നുണ്ട്. ഉല്പാദനക്ഷമത സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

പഞ്ചായത്തിൽവിറ്റഴിക്കുന്ന മത്സ്യങ്ങൾ ശുദ്ധജല മത്സ്യങ്ങളായ ബ്രാൽ, മുഷി, കണമ്പ്, കരിമീൻ എന്നിവയാണ്. കടൽ മത്സ്യങ്ങളായ അയില, ചാള, കിളിമീൻ, സ്രാവ്, കടൽ ബ്രാൽ, പൂമീൻ, ശീലാവ്, ചെമ്മീൻ, കറൂപ്പ്, ആവോലി എന്നിവയും ധാരാളമായി വിറ്റഴിയുന്നു.

ഉൾനാടൻ മത്സ്യസമ്പത്ത് കുറഞ്ഞ് വരികയാണ്. കീടനാശിനികളുടെ അമിത ഉപയോഗം മത്സ്യസമ്പത്തിൽ കാര്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. പുഴകളിൽ തോട്ടപൊട്ടിച്ച് മീൻ പിടിക്കുന്നതും തോടുകളിൽ നഞ്ച് കലക്കി മീൻ പിടിക്കുന്നതും മത്സ്യസമ്പത്തിന്റെ ശോഷണത്തിനിടയാക്കി.

മത്സ്യസമ്പത്തിന്റെ വികസനത്തിനും ചൂഷണത്തിനും പ്രതിബന്ധമായ പ്രശ്നങ്ങൾ

1. വീര്യമുള്ള വിഷങ്ങൾ നെൽപ്പാടങ്ങളിൽ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്താൻ നടപടികൾ ഇല്ല.
2. മത്സ്യചൂഷണം ശാസ്ത്രീയമല്ല-കുളങ്ങൾ-തോടുകൾ വറ്റിച്ച് മീൻപിടിക്കുന്ന പ്രവണത കൂടുന്നു.
3. സ്വകാര്യ കുളങ്ങളെ മത്സ്യം വളർത്തൽ കേന്ദ്രങ്ങളാക്കാൻ ശ്രമങ്ങളില്ല. കൃഷി ഭവനുകൾക്ക് പരിപാടിയില്ല.
4. മീൻ വളർത്താൻ പ്രേരകമായ ഹാച്ചറികൾ നിലവിലില്ല.
5. സാങ്കേതിക വൈദഗ്ദ്ധ്യവും സമ്പത്തും ലഭിക്കുന്ന ശ്രോതസുകളെക്കുറിച്ച് കർഷകർക്ക് അറിവുകളില്ല.
6. മത്സ്യസമ്പത്തിന്റെ രോഗങ്ങൾ (വൈറസ്ബാധ)ക്ക് പ്രതിവിധിയില്ല. പഠനങ്ങൾ നടക്കുന്നില്ല.
7. കൃഷിഭവൻ പോലെ മത്സ്യഭവൻ പഞ്ചായത്തിൽ നിലവിലില്ല.
8. അമ്പലക്കുളങ്ങളും സ്വകാര്യകുളങ്ങളും വൃത്തിയാക്കാൻ ലോൺ സംവിധാനങ്ങൾ ഉപയോഗിക്കുന്നില്ല.

## വാർഡ് തല നിർദ്ദേശങ്ങൾ

1. കീടനാശിനികളുടെ ഉപയോഗം ക്രമപ്പെടുത്തി നിലവിലുള്ള മത്സ്യസമ്പത്തിനെ സംരക്ഷിക്കുക,
2. മത്സ്യകുഞ്ഞ് ഹാച്ചറി സ്ഥാപിക്കൽ
3. പന്തലിച്ചിറ, ചെമ്മീൻചാൽ, പുതുച്ചിറ, 7-)ം വാർഡിലെ കുളങ്ങൾ, 6-ാം വാർഡ് കുളങ്ങൾ, കദളിച്ചിറ, 14-ാം വാർഡ് പൊതുകുളങ്ങൾ, പഞ്ചായത്തിലെ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യമില്ലാത്ത മറ്റുകുളങ്ങളിൽ മത്സ്യംവളർത്തൽ നടത്തുക (ജനപങ്കാളിത്തത്തോടെ)
4. സ്വാകര്യകുളങ്ങളും അമ്പലക്കുളങ്ങളും മത്സ്യംവളർത്തലിനായി ഉപയോഗപ്പെടുത്തുക
5. ബാങ്കുകളെ മത്സ്യം വളർത്തലിന് ലോൺ നല്കുന്നതിന് പ്രേരിപ്പിക്കുക.
6. മത്സ്യത്തീറ്റ യൂണിറ്റ് ആരംഭിക്കുക

7. മത്സ്യതൊഴിലാളികൾക്ക് ഉപകരണവായ്പ ഉദാരമാക്കുക.,

8. അക്വേറിയം യൂണിറ്റ് (അലങ്കാരമത്സ്യം) തുടങ്ങാൻ സാങ്കേതിക സാമ്പത്തിക സഹായം നൽകുക.

മൃഗപരിപാലനം

കാർഷികഗ്രാമമായ ആളൂരിൽ കൃഷിയുടെ അവിഭാജ്യ ഘടകമാണ് കന്നുകാലിവളർത്തൽ. പഴയകാലങ്ങളിൽ പ്രധാനമായും ഉഴവുകാളകളാണ് പ്രധാന കന്നുകാലി സമ്പത്തായിരുന്നത്. പാലുല്പാദനത്തിന് രണ്ടാംസ്ഥാനമാണുണ്ടായിരുന്നത്. എരുമകളെ വളർത്തുന്നതിനും ശ്രദ്ധിച്ചിരുന്നു.. കോഴികൾ ഇല്ലാത്ത കുടുംബങ്ങൾ ഉണ്ടായിരുന്നില്ല. നഗരങ്ങൾക്കാവശ്യമായ മുട്ട സംഭരിച്ചിരുന്നത് ഗ്രാമങ്ങളിൽ നിന്നായിരുന്നു. മുട്ട വീടുകളിൽ നിന്നും ശേഖരിക്കുന്നത് തൊഴിലാക്കിയവർ ധാരാളമുണ്ടായിരുന്നു. മേച്ചിൽ സ്ഥലങ്ങൾ പ്രധാനമായും ഒരുപ്പൂ നിലങ്ങളും കുന്നിൻ പ്രദേശങ്ങളുമായിരുന്നു.

ക്രമേണ ഈ സംവിധാനം മാറാൻ തുടങ്ങി. ഭൂപരിഷ്കാരങ്ങളും ആധുനിക കൃഷിരീതികളും ഉഴവുകാളകളെ കയ്യൊഴിക്കുന്നതിന് കാരണമായി. ഓട്ടോമൊബൈൽ വ്യവസായത്തിന്റെ വളർച്ച ചെറുവാഹനങ്ങൾ ഗ്രാമീണ റോഡുകളിൽ എത്തുന്നതിനിടയാക്കി. കാളവണ്ടികളുടെ ഉപയോഗംകുറഞ്ഞു. ടില്ലറുകളും, ട്രാകുറുകളും ഉഴവുകാളകളുടെ സ്ഥാനം കയ്യടക്കി.

പഞ്ചായത്തിലെ ആദ്യകാല കന്നുകാലി സെൻസ്സസ് വില്ലേജിൽനിന്നും ലഭ്യമല്ല. പുതിയ സെൻസ്സസ് കണക്കുകൾ ചുവടെ കൊടുക്കുന്നു. ലൈവ് സ്റ്റോക്ക് പോപ്പുലേഷൻ റിപ്പോർട്ട്. പഴയ ജനുസ്സ് പൂർണമായും നിലവിലുള്ളത് കോഴി, ആട്, എരുമ തുടങ്ങിയ ഇനങ്ങളിൽ മാത്രമാണ്. എരുമകൾ പഞ്ചായത്തിൽ കുറഞ്ഞുവരുന്നു. ഉല്പാദനക്ഷമതയില്ലാത്ത പശുക്കളും (നാടൻ) കുറഞ്ഞുവരികയാണ്. ആടുകളിൽ സങ്കരയിനങ്ങൾ പ്രചാരണത്തിലെത്തിയിട്ടില്ല.

പാലുല്പാദനം പഞ്ചായത്തിൽ നല്ലരീതിയിൽ നടക്കുന്നു. കല്ലേറ്റുംകര, താഴെക്കാട് ആളൂർ അപ്കോസ് സംഘങ്ങളും വെള്ളാംചിറ, ഷോളയാർ, കൊമ്പൊടി, കല്ലേറ്റുംകര തുടങ്ങിയസ്ഥലങ്ങളിൽ പി.ഡി.ഡി.പി സൊസൈറ്റിയും പാൽ സംഭരിക്കുന്നു.

| | |
|---|---|
| ആളൂർ സംഘം | 1,09500ലി |
| താഴെക്കാട് | 6.7238ലി |
| കല്ലേറ്റുംകര | 1.27000 ലി |
| പി.ഡി.ഡി.പി | 216.000 |
| പി.ഡി.ഡി.പി | .52509ലി |

P.D.D.P സൊസൈറ്റികളുടെ കണക്ക് പൂർണ്ണമായും ലഭ്യമല്ല.

ആവറേജ് 600000 ലിറ്റർ പാൽ ശേഖരിക്കുന്നതായിട്ടാണ് അനുമാനിക്കേണ്ടത്. ഭൂരിപക്ഷം കർഷകരും തൊഴുത്തുകൾ സ്വതന്ത്രമായി പണിയുന്നതിൽ ശ്രദ്ധചെലുത്തുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ദളിത് വിഭാഗങ്ങളും വീടിനോട് ചേർന്ന തൊഴുത്താണ് ഉണ്ടാക്കിയിരിക്കുന്നത്. വളം നിക്ഷേപിക്കുന്നകുഴികൾ കമ്പോസ്റ്റ് കുഴികൾ ആക്കുന്നതിനുള്ള ശ്രമങ്ങൾ കുറവാണ്.

പഞ്ചായത്തിലെ ആകെയുള്ള മൃഗസംരക്ഷണ കേന്ദ്രം ആളൂർ വെറ്റിനറി ഡിസ്പെൻസറിയാണ്. 30 വർഷമായി ഒരു ചെറിയ ഷെഡിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് പ്രാഥമിക സൗകര്യങ്ങൾ നടത്താനുള്ള സംവിധാനങ്ങൾ പോലുമില്ല. ഒരു ഡോക്ടറും, ഫാർമസിസ്റ്റ്, ലൈവ്സ്റ്റോക്ക് അസിസ്റ്റൻഡ് തുടങ്ങിയ സ്റ്റാഫും ഈ ഷെഡിനകത്ത് ഒതുങ്ങി കഴിയുന്നു. മരുന്നുകൾ സൂക്ഷിക്കാൻ യാതൊരുവിധ ആധുനിക സൗകര്യങ്ങളും ഇവിടെ ഇല്ല. താഴെക്കാട് ഒരു ഐ.സി.ഡി.പി ഉപകേന്ദ്രം മിൽക്ക് സൊസൈറ്റി നൽകിയ മുറിയിൽ പ്രവർത്തിക്കുന്നു. തെക്കൻ മേഖലയിലെ കൃഷിക്കാർ ആശ്രയിക്കുന്നത് ഈ സെന്ററിനെയാണ്.

ആധുനിക കൃഷിമുറകൾ കുറഞ്ഞുവന്നതോടെ നിലങ്ങളുടെ വിസ്തീർണ്ണം വളരെയധികം കുറഞ്ഞു. തൽഫലമായി വൈക്കോലിന്റേയും പച്ചപ്പുല്ലിന്റേയും ക്ഷാമം കൂടി. വൈക്കോലിന് പാലക്കാടിനേയും കോൾനിലങ്ങളേയും ആശ്രയിക്കേണ്ടിവന്നതിനാൽ പശുവളർത്തലിന് ചിലവേറി. ഒരു കന്ന് വൈക്കോലിന് 3ഉം, 4ഉംരൂപ വരെ കൊടുക്കേണ്ട നിലയാണിന്ന്. പാൽ സംഘങ്ങൾ വൈക്കോൽ മൊത്തമായിവാങ്ങി യൂറിയ തളിച്ച് സംസ്കരിച്ച് നൽകുന്ന രീതി ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. തീറ്റപ്പുൽകൃഷി വ്യാപനത്തിലും സംഘങ്ങൾ ഗൗരവബുദ്ധിയോടെ പ്രവർത്തിക്കുന്നില്ല. ഇതൊക്കെ കാരണം ഭൂരിപക്ഷം കർഷകരും സാന്ദ്രീകൃത

തീറ്റകളെയാണ് കൂടുതൽ ആശ്രയിക്കുന്നത്. സാന്ദ്രീകൃത തീറ്റകൾ കൂടുതൽ നൽകിയതോടെ ദഹന സംബന്ധമായ അസുഖങ്ങൾ കന്നുകാലികളിൽ കൂടിവരുന്നു.

സങ്കരയിനം പശുക്കൾ ആണെങ്കിൽ പെട്ടെന്ന് രോഗം പിടിപെടുന്നവയാണ്. തൊഴുത്തുകൾ വൃത്തിയാക്കിയിടുന്നതിലും (തൊഴുത്തിൽ ടാപ്പുകൾ ഇടുന്നില്ല) കർഷകർ ശ്രദ്ധക്കുറവ് കാണിക്കുന്നു. അകിടു വീക്കം ഇതിന്റെ ഭാഗമായി കൂടുതൽ കാണുന്നു. കുളമ്പുരോഗത്തിനെതിരെയുള്ള 6 മാസം കൂടുമ്പോഴുള്ള ഇൻഞ്ചെക്ഷനും കർഷകർ മുറ തെറ്റാതെ കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്നു. രോഗങ്ങൾവന്നു മരണപ്പെട്ടാൽ ലഭിക്കേണ്ട ഇൻഷ്വറൻസുപരിധിയിൽ മുഴുവൻകർഷകരേയും ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല.

## ആടുവളർത്തൽ

ഒരു ഏജൻസിയുടേയും പ്രത്യേക സഹായമില്ലാതെ ഒരു പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുചേല കുബേര വ്യത്യാസമില്ലാതെ ആടുവളർത്തൽ നടക്കുന്നു. ഭൂരിഭാഗം നാടൻ ഇനങ്ങളാണ് ഉള്ളത്. കർഷകർക്ക് സംഘടിത സ്വഭാവം ഇല്ല. ഏറ്റവും കുറഞ്ഞസ്ഥലത്ത് ഏറ്റവും കുറച്ച് കൊടുത്ത് വളർത്താവുന്ന ഇവ കർഷകന് പരമാവധി ലാഭംതരുന്ന കൃഷിയാണ്.ശാസ്ത്രീയ രീതിയിലുള്ള ആടുവളർത്തൽ ഫാമുകൾ ഒറ്റപ്പെട്ടരീതിയിൽ നമ്പിക്കുന്നിലും (വനിത) മാനാട്ടുകുന്നിലും തുടരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

സംഘടിത രീതിയിൽ ആടുവളർത്തൽ യൂണിറ്റ് വീട്ടമ്മമാരെ കേന്ദ്രീകരിച്ച് വിജയകരമായി നടത്താവുന്ന ഒന്നാണ്. 4+1 അനുപാതത്തിലുള്ള യൂണിറ്റുകൾ ആണ് പ്രായോഗികമായിട്ടുള്ളത്. ആടുവളർത്തലിന്റെ ഉപോല്പന്നമായ വളം രാസവളങ്ങളോട് കിടപിടിക്കുന്ന ജൈവവളമാണ്. മലബാറി ആടുകളുടെ ഇനം പ്രചാരത്തിലായിട്ടില്ല. ആടുകളുടെ ഒരു ക്രോസ് ബ്രീഡിംഗ് യൂണിറ്റ് പഞ്ചായത്തിൽ ആരംഭിച്ചാലേ ഈ രംഗത്ത് വളർച്ച ഉണ്ടാക്കിയെടുക്കാൻ കഴിയൂ. അതോടൊപ്പം ആടിന്റെ തീറ്റയ്ക്ക് ഉപയോഗിക്കുന്ന വൃക്ഷങ്ങളായ പ്ലാവ്, സുബാബുൾ, കരിശ്, മുരിക്ക്, മുതലായ വൃക്ഷങ്ങൾ വ്യാപകമായി വേലികളിൽ വച്ചുപിടിപ്പിക്കാനുള്ള ആസൂത്രിത നീക്കവും ഉണ്ടാവണം. മതിലുകൾ വേലികൾക്ക് പകരമാവുന്ന ഇക്കാലത്ത് ഈ സസ്യസമ്പത്ത് സംരക്ഷിക്കേണ്ടത് ആടുവളർത്തലിന് അത്യന്താപേക്ഷിതമാണ്.

ഇറച്ചിക്ക് വേണ്ടിയുള്ള ആടുകൾ പഞ്ചായത്തിൽ ഒരുവർഷം 4000-ാളം വേണമെന്നാണ് ഇതുമായി ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നുംലഭിച്ച കണക്ക്. ആടിന്റെ തോൽ നല്ലവില കിട്ടുന്ന ഉല്പന്നമാണ്. ആടിന്റെ പാൽ ഒരുനല്ല ശിശുആഹാരമാണ്. വളരെ പെട്ടെന്ന് ദഹിക്കുന്ന ഘടനയാണ് ഇതിനുള്ളത്. ക്ഷീരസംഘങ്ങൾ ആടിൻപാൽ പ്രത്യേകമായി സംഭരിച്ച് സംസ്കരിച്ചാൽ വളരെയധികം ഡിമാന്റുള്ളതായി മാറും ആട്ടിൻപാൽ. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നിലവിലില്ല.

## ഇറച്ചിക്ക് വേണ്ടിയുള്ള കിടാരികളെ വളർത്തൽ

പശുവളർത്തലിലെ ഒരുഘടകമാണ് മൂരികിടാങ്ങളുടെ വംശവർദ്ധന സങ്കരയിനം കിടാങ്ങളിൽ ഒരു വലിയ പങ്ക് മൂരിക്കിടാങ്ങളായിരിക്കും. ഭൂരിപക്ഷം കർഷകരും അവയെ ഒരു വയസ്സാവും മുമ്പെ വിറ്റുകളയുന്നു. നല്ല പോഷകതീറ്റ നൽകി ഒന്നര വയസ്സുവരെ സംരക്ഷിക്കുകയാണെങ്കിൽ ഇവക്ക് നല്ല വില കിട്ടും. കാലിത്തീറ്റകൾ മിൽമ വഴി സംഘങ്ങൾക്കും നൽകുന്നുണ്ടെങ്കിലും അവ ആവശ്യത്തിനു തികയുന്നില്ല. പലപ്പോഴും സ്വകാര്യ കമ്പനികളുടെ നിലവാരംകുറഞ്ഞതും പൂപ്പൽ ബാധിച്ചതും, ആയതീറ്റകൾ പശുക്കൾ ഉപയോഗിക്കുന്നതിന്റെ ഫലമായി പൂപ്പൽ വിഷം പശുവിന്റെ പാലുല്പാദനത്തിൽ കുറവ് വരുത്തുന്നു. അത്തരം പാൽ ഉപയോഗിക്കുന്ന കുട്ടികളും രോഗങ്ങൾക്ക് ഇരയാവുന്നു.

പ്രതിരോധ കുത്തിവയ്പുകൾ സമയബന്ധിതമായി സംഘങ്ങൾ നേരിട്ട് നടത്താനുള്ള ശ്രമങ്ങൾ ഉണ്ട്. വ്യാപകമായിട്ടില്ല. കാലികളിൽ ഇവിടെ സാധാരണ കണ്ടുവരുന്ന രോഗങ്ങൾ അകിടു വീക്കം, ഉദരരോഗങ്ങൾ, വന്ധ്യത, പനി, ത്വക്ക്രോഗങ്ങൾ, ദഹന സംബന്ധമായരോഗങ്ങൾ ഇവയാണ്. രോഗചികിത്സാ രംഗത്ത് വേഗതയേറിയ പ്രവർത്തനങ്ങൾ ഉണ്ടാവാത്തത് ഉല്പാദനക്ഷമതയെ ബാധിക്കുന്നു. പരമ്പരാഗത ചികിത്സാരീതികൾ അറിയാവുന്നവർ മുമ്പുണ്ടായിരുന്നുവെങ്കിലും ചികിത്സാരീതികൾ രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

കാലിവളർത്തലിന്റെ ഉപോല്പന്നമായ ചാണകം വളരെയധികം ഡിമാന്റുള്ള ജൈവവളമാണ്. ജൈവവളങ്ങൾക്കായി പുറംജില്ലകളെ ആശ്രയിക്കുന്ന കർഷകർ ചാണകത്തിന് ടെംപോവിന് 1000 രൂപവരെ നൽകേണ്ടിവരുന്നു. ഇടത്തട്ടുകാരുടെ മേച്ചിൽസ്ഥലമാണ് ഈ മേഖല. പശുവളർത്തൽ വ്യാപകമാക്കുന്നതോടെ സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ ഭാഗികമായി

പരിഹരിക്കാം. ഗോബർ ഗ്യാസ് പ്ലാന്റുകൾ പ്രചാരത്തിലാവുന്നതോടെ ഇന്ധനക്ഷാമവുംകുറയും.

1000-1500രൂപ കർഷകർക്ക് സമ്പാദിക്കാവുന്ന ഒരു മേഖലയാണിത്. തീറ്റ സബ്സിഡി നിലനിർത്തി സർക്കാർ സഹായിക്കുകയും വേണം.

പാലുല്പാദനത്തിൽ വലിയ മുന്നേറ്റം നടത്താൻ പഞ്ചായത്തിൽ കർഷകർക്ക് കഴിഞ്ഞിട്ടുണ്ട്. 2 വാർഡുകൾക്ക് ഒരു മിൽക്ക് സൊസൈറ്റി എന്ന രീതിയിലുള്ള പ്രവർത്തനം ശക്തിപ്പെട്ടതോടെയാണ് കർഷകർ ഉപതൊഴിലായി പശുവളർത്തൽ വ്യാപകമാക്കിയത്. തിരുത്തിപറമ്പിൽ പട്ടികജാതി സഹകരണസംഘം (മിക്ക്) ഉണ്ടെങ്കിലും പ്രവർത്തനമില്ല. ശരാശരി 150 കർഷകർ ഓരോ സംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. സ്ത്രീകളുടെ അദ്ധ്വാനശക്തി കേന്ദ്രീകരിച്ചിട്ടുള്ള മേഖലയാണിത്. 6.7 ലക്ഷം ലിറ്റർ പാൽ ഉൽപാദിപ്പിക്കാൻ ഏറ്റവും മോശമായ ഭൗതിക സാഹചര്യങ്ങളിൽ പോലും പഞ്ചായത്തിന് കഴിയുന്നു. ഉല്പാദനം ഇരട്ടിപ്പിക്കാൻ ഇനിയും കഴിയുമെന്നാണ് വാർഡ്തല പഠനങ്ങൾ പറയുന്നത്. 4, 7,9, 14 വാർഡുകളിൽ അപ്കോസ് സംഘങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

പാലുല്പാദനത്തിൽ പ്രധാനപങ്കാണ് കറവമാടുകളുടെ കറ ദൈർഘ്യം കുറയ്ക്കൽ. ഒന്നര വർഷത്തിൽ ഒരു പ്രസവം എന്നക്രമത്തിൽ കർഷകർ ശ്രദ്ധിക്കുന്നില്ല. പ്രസവത്തിനുശേഷമുള്ള ആദ്യത്തെ പുളപ്പിൽ കുത്തിവയ്പ്പ് നടത്തിയാൽ വന്ധ്യത സാദ്ധ്യതയും കുറയും. എന്നാൽ കുത്തിവയ്പുകേന്ദ്രങ്ങൾ കുറവായതിനാൽ കർഷകർ മടികാണിക്കുന്നു. കൂടുതൽ ഐ.സി.ഡി.ഡി കേന്ദ്രങ്ങൾ ചുരുങ്ങിയത് 2 വാർഡിന് ഒന്ന് എന്നനിലക്ക് തുടങ്ങുകയാണെങ്കിൽ ഈപ്രശ്നം പരിഹരിക്കാൻ കഴിയും.

## വീട്ടുവളപ്പിലെ കോഴികൃഷി

ആദ്യകാലങ്ങളിൽ വലിയ മുതൽമുടക്കില്ലാതെ കർഷകകുടുംബങ്ങൾ നടത്തിയിരുന്നു. ഇത്തരം കുടുംബങ്ങൾമുപ്പതും നാല്പതും കോഴികളെ വളർത്തിയിരുന്നു. നെൽകൃഷിയിലെ നെല്ലും പതിരും തവിടുമായിരുന്നു പ്രധാന തീറ്റ. ഇപ്പോൾ തവിട് അപൂർവ വസ്തുആയിക്കഴിഞ്ഞു. തുടർച്ചയായി വരുന്ന കോഴിവസന്തരോഗത്തിനെതിരെ കുത്തിവയ്പുകൾ നടത്താത്തതിനാൽ നാടൻകോഴികളുടെ വംശവർധന കുറഞ്ഞുവരുന്നു.

പുതിയ ട്രെൻഡ് ഇറച്ചികോഴി വളർത്തലാണ്. ഭൂരിഭാഗം വാർഡുകളിലും കർഷകർ താല്പര്യത്തോടെ വന്നെങ്കിലും മാർക്കറ്റിലെ ഇടത്തട്ടുകാർ സൃഷ്ടിക്കുന്ന കച്ചവടതന്ത്രങ്ങൾക്ക് ഇവർ ഇരയായി തീരുന്നു. ഇൻഷുറൻസ് സംവിധാനം ഇല്ലാത്തതിനാൽ കടബാദ്ധ്യത കർഷകന്റെ കൂടപ്പിറപ്പാകുന്നു. ഭേദപ്പെട്ട ആദ്യത്തെ ആഭ്യന്തരമാർക്കറ്റ് (വിവാഹം വിരുന്ന് തുടങ്ങിയവ) ഉള്ളതിനാൽ കർഷകർ പിടിച്ചുനിൽക്കുന്നുവെന്നുമാത്രം. ആഭ്യന്തരമാർക്കറ്റിൽ (പഞ്ചായത്തിൽ) 32രൂപ മുതൽ 35 രൂപവരെയാണ് ബ്രോയിലർ കോഴിനിലവാരം. കാരൂർ തുടങ്ങിയ പ്രദേശങ്ങളിൽ ഇറച്ചിക്കോഴിവളർത്തലും വാഴകൃഷിയും സമ്മിശ്രമായി നടത്തുന്നതുമൂലം കർഷകർക്ക് നേട്ടമുണ്ടാക്കാൻ കഴിയുന്നുണ്ട്.

## പോർക്ക് കൃഷി

വ്യാപകമല്ല ഈ കൃഷി. അപൂർവ്വം വ്യക്തികൾ ലാഭകരമായി വളർത്തുന്നു പതിനാലാം വാർഡിൽ ഒരു ഫാം നിലവിലുണ്ട്. നൂറോള് പോർക്കുകളെ ഇവിടെ വളർത്തുന്നു. ജനസാന്ദ്രകൂടിയ പ്രദേശങ്ങൾക്ക് പറ്റിയ കൃഷിയല്ല ഇത്. കൂടുതൽ ഭൂമി പാടശേഖരങ്ങളോടു ചേർന്നുള്ളവർക്ക് വിജയകരമായി നടത്താൻകഴിയും. മലിനജലം നെൽവയലുകൾക്കുപറ്റിയ വളമാണ്. ഏറ്റവും ഉയർന്ന ലാഭം തരുന്ന ഈ ഉപതൊഴിൽ പഞ്ചായത്തിൽ തിരഞ്ഞെടുത്ത കർഷകരിലൂടെ നടപ്പാക്കാവുന്ന പദ്ധതിയാണ്.

മുയൽ വളർത്തൽ, കാടവളർത്തൽ, താറാവ് വളർത്തൽ വീട്ടമ്മമാരെ കേന്ദ്രീകരിച്ച് നടത്താവുന്ന ഈ മേഖലയിൽ പഞ്ചായത്തിൽ എടുത്തുപറയാവുന്ന കർഷകർ കുറവാണ്.

ഇറച്ചിയുടെയും പാലിന്റെയും ഉപയോഗം വർധിക്കുന്നതിനനുസരിച്ചുള്ള ഉല്പാദനം പഞ്ചായത്തിൽ ഇതുവരെയും ആയിട്ടില്ല. മാട്ടിറച്ചിയുടെ ആവശ്യകത വർധിക്കുന്നതനുസരിച്ച് നമ്മൾ ആശ്രയിക്കുന്നത് തമിഴ്നാട് മൃഗങ്ങളെയാണ് ഒരുവർഷം ആളൂർ പഞ്ചായത്തിൽ മൂവാരിയത്തോളം ആടുകളെ ഇറച്ചിക്കുവേണ്ടികൊണ്ടുവരുന്നു എന്നാണ് ഏകദേശകണക്ക്. താറാവ് കോഴി തുടങ്ങിയവയുടെ കണക്ക് ലഭ്യമല്ല. ആസൂത്രിതമായ പദ്ധതികൾ പാഴായിപോകുന്ന അദ്ധ്വാനവും കൂട്ടിചേർത്താൽ ആവശ്യത്തിനുള്ള ഉത്പാദനം ഈ പഞ്ചായത്തിൽ നമുക്ക് തുടങ്ങുവാൻകഴിയും.

മൃഗസംരക്ഷണം-നടപ്പുപദ്ധതി

1. കോഴിവളർത്തൽ വീട്ടുവളപ്പിലെ കൃഷി- കുഞ്ഞുങ്ങളെ വിതരണംചെയ്യൽ
2. ആടുവളർത്തൽ പ്രോത്സാഹനം- യൂണിറ്റുകൾക്ക് കുഞ്ഞുങ്ങൾ
3. പന്നിവളർത്തൽ-പുതിയ യൂണിറ്റുകൾക്ക് കുഞ്ഞുങ്ങളെ നൽകൽ
4. കന്നുകുട്ടിപരിപാലന പദ്ധതി- ക്ഷീരസംഘങ്ങൾ മുഖേന സൗജന്യ കാലിത്തീറ്റ ഇൻഷൂറൻസ് വൈദ്യസഹായം പ്രതിരോധ കുത്തിവയ്പ്
5. ബീജസങ്കലനം- കൂടുതൽ ബീജസങ്കലന പരിപാടികൾ, ഐ.സി.ഡി.പി, വെറ്റിനറി ഡിസ്പെൻസറികൾ വഴി
6. ഊർജിത പേവിഷബാധ നിർമ്മാർജ്ജനം
7. കാലിവസന്ത നിർമ്മാർജ്ജനപദ്ധതി

<u>ക്ഷീരവികസനം</u>

ക്ഷീരസംഘങ്ങളെ ആധുനീക വത്കരിക്കൽ

1. മിൽക്കോ ടെസ്റ്റർ വിതരണം.
2. മാനേജെരിയൽ ഗ്രാന്റ് പദ്ധതി (പുതിയ സംഘങ്ങൾക്ക്)
3. കെട്ടിടഗ്രാന്റ്
4. ഉപകരണ ഗ്രാന്റുകൾ
5. വനിതാ നാടൻ ക്ഷീരോത്പന്ന യൂണിറ്റ് പദ്ധതി

ഇതരവികസനപദ്ധതികൾ

1. മാതൃകായൂണിറ്റ് (ഡയറി) പദ്ധതി
2. കർഷകസമ്പർക്ക പരിപാടി
3. മാതൃകാ കാലിത്തൊഴുത്ത് (അകിടുരോഗ നിർമ്മാർജനം)
4. ധാതുലവണ മിശ്രിത വിതരണം
5. പച്ചപ്പുല്ലുൽപാദന പരിപാടികൾ- വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി 15,000രൂപ-ധനസഹായം
6. ക്ഷീരസംഘങ്ങൾവഴി പുൽവ്യാപാരം -അധികം ഉൽപാദിപ്പിക്കുന്ന പുല്ല് സംസ്കരിച്ചു വിൽക്കൽ
7. പച്ചപ്പുൽകൃഷി വികസന പരിപാടികൾ- ഉൽപാദനശേഷിയുള്ള പുല്ലിനങ്ങൾ വ്യാപിപ്പിക്കൽ

കേരള കന്നുകാലി വികസന ബോർഡ്

തീറ്റപ്പുൽ, പയർ, വിത്ത് വിതരണം ചെയ്യുന്നു. സങ്കരയിനം കന്നുകാലികളുടെ വംശവർദ്ധന ബിൽ ഉള്ള പ്രവർത്തനങ്ങൾ, ബീജബാങ്കുകൾ

കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപറേഷൻ

1. ബ്രോയിലർ കോഴി പ്രചരണ പരിപാടി
2. കൂഴൂരിൽ കോഴിത്തീറ്റ നിർമ്മാണയൂണിറ്റ് നിർമ്മാണത്തിൽ
3. ദേശീയ സഹകരണവികസന കോർപറേഷന്റെ സാമ്പത്തിക സഹായത്തോടെ പൗൾട്രിഫാം സഹകരണസംഘങ്ങൾ- തൃശൂരിൽ 5 സംഘങ്ങൾ
4. കേരള ഫീഡ്സ്

500 ടൺ പ്രതിദിനശേഷിയുള്ള കേരള ഫീഡ്സ് ലിമിറ്റഡ് ദ്രുതഗതിയിൽ പണി നടന്നുവരുന്നു. എസ്റ്റി. തുക 26.65കോടി

പ്രശ്നങ്ങൾ

1. ആളൂർ വെറ്റിനറി ഡിസ്പെൻസറിയുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും പ്രവർത്തനമെത്തുന്നില്ല. വാഹനമോ ഫണ്ടോ വേണ്ടത്രയില്ല.
2. കാലിതീറ്റയുടെ വിലവർദ്ധനമൂലം വില കിട്ടുന്നത് തീറ്റകൊടുക്കുന്നതിന് തികയുന്നേയുള്ളു. നേട്ടം കാലിതീറ്റ കമ്പനികൾക്ക് മാത്രം.
3. കുത്തിവയ്പു കേന്ദ്രങ്ങളുടെ അപര്യാപ്തത (വന്ധ്യത പരിഹരിക്കാൻ)
4. വീട്ടുവളപ്പിലെ കോഴികൃഷി പരാജയം (കോഴിവസന്തയ്ക്കെതിരെ സമയബന്ധിത കുത്തിവയ്പ് നടത്തുന്നില്ല.
5. ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തന മേഖലയിൽ കൂടുതൽ കർഷക സെന്ററുകൾ തുടങ്ങിയിട്ടില്ല.
6. വൈക്കോൽ പക്ഷത്ത് സംഭരണവും സംസ്കരണവും കേന്ദ്രീകരിച്ച് നടത്തുന്നില്ല.

7. കന്നുകാലി സമ്പത്തിന് സർക്കാർ ഇൻഷൂറൻസില്ലാത്തതിനാൽ കർഷകർക്ക് കനത്തനഷ്ടം നേരിടുന്നു.

8. ഇറച്ചികോഴി വളർത്തൽ- മാർക്കറ്റിംഗ് നടത്തുന്നതിൽ കർഷകരുടെ മേൽക്കൈ ഇല്ല. തമിഴ്നാട്ടിൽനിന്നുള്ള ഇറക്കുമതിക്ക് നിയന്ത്രണമില്ല.

12. കോഴിതീറ്റ നിർമാണ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക

13. ബ്രോയിലർ ചിക്കൻ ഹാച്ചറിയും വിപണന സംസ്കരണ സഹകരണ സംഘവും സ്ഥാപിക്കുക.

14. പാലുല്പാദന നിർമ്മാണ യൂണിറ്റ് (വനിതാ) തുടങ്ങുക

15. മൃഗസംരക്ഷണ മേഖലയിൽ യുവജനങ്ങൾക്ക് ട്രെയിനിങ്ങും തൊഴിലും ഉറപ്പാക്കുക. ആളൂർ ആർ. എം. എച്ച്. എസ് കല്ലേറ്റുംകര ബി.വി. എം.എച്ച്.എസ് സ്കൂളുകളിൽ ബി.എച്ച്.എസ്.സി അഗ്രികൾച്ചർ, വെറ്റിനറി, ഡയറി കോഴ്സുകൾ ആരംഭിക്കുക.

16. പേവിഷബാധ നിർമാർജനം (സമ്പൂർണ്ണ) പരിപാടികൾ ത്വരിതപ്പെടുത്തുക.

17. താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക (5 യൂണിറ്റ്)

18. ഗോബർ ഗ്യാസ് പ്ലാന്റുകളുടെ എണ്ണം വർധിപ്പിക്കുക

19. അറവുശാല പഞ്ചായത്ത് തലത്തിൽ (ശാസ്ത്രീയമായത്) വേണം.

20. കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ ഉണ്ടാക്കുക

21. പ്രാകൃത മുറകൾ ഉപയോഗിച്ച് മൃഗങ്ങളെ വധിക്കുന്നതവസാനിപ്പിക്കുക.

22. സമയങ്ങളിൽ കോഴികുഞ്ഞുങ്ങളെ ലഭിക്കാത്തതിനാൽ കോഴിവളർത്തലിലെ സമയക്രമം നിലനിർത്താൻ കഴിയുന്നില്ല.

### ഗ്രാമസഭനിർദ്ദേശങ്ങൾ

1. വെറ്റിനറി ഡിസ്പെൻസറി നവീകരിക്കുക, വാഹന സൗകര്യം ഏർപ്പെടുത്തുക

2. കുഴിക്കാട്ടുശേരി ഐ.സി.ഡി.പി സബ് സെന്റർ ആശുപത്രിയാക്കുക, തുരുത്തിപറമ്പ് കല്ലേറ്റുംകര, ഐ.സി.ഡി.പി.കേന്ദ്രങ്ങൾ തുടങ്ങുക സൗജന്യകുത്തിവയ്പാരംഭിക്കുക

3. 7,8, 9, 14 വാർഡുകളെ കേന്ദ്രീകരിച്ച് മിൽക്ക് സൊസൈറ്റി ആരംഭിക്കുക. മഞ്ഞപ്പിള്ളിയിൽ കളക്ഷൻ സെന്റർ

4. 5 ലിറ്ററിൽ കൂടുതൽ പാലുള്ള മുഴുവൻ സങ്കരയിനം പശുക്കളേയും സൗജന്യമായി ഇൻഷൂർ ചെയ്യുക.

5. ഡയറി യൂണിറ്റുകൾ (2 പശു പ്ലസ് തൊഴുത്ത്) 500 എണ്ണം തുടങ്ങുക

6. തീറ്റപുൽകൃഷി ആരംഭിക്കുക ഹെക്ടറിന് 2500 രൂപ സബ്സിഡി അനുവദിക്കുകയുംചെയ്യുക.

7. ധാതുമിശ്രിതം സൗജന്യമായി വിതരണംചെയ്യുക

8. 2500 കോഴികളുള്ള മുട്ടകോഴി യൂണിറ്റ്- 100എണ്ണം തുടങ്ങാനുള്ള പ്രവർത്തനത്തിൽ

9. 5 കോഴികളുള്ള മുട്ടകോഴി യൂണിറ്റ്- 4000 യൂണിറ്റ് തുടങ്ങാനുള്ള പ്രവർത്തനങ്ങൾ

10. 200- 250 ആടുകൾ വീതമുള്ള പത്തുയൂണിറ്റ് തുടങ്ങാനുള്ള പ്രവർത്തനങ്ങൾ

11. നാല് പ്ലസ് ഒന്ന് ആടുകളുള്ള 150 യൂണിറ്റ് തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ

12. അഞ്ച് പ്ലസ് ഒന്ന് പന്നിവളർത്തൽ യൂണിറ്റ് 25 യൂണിറ്റ് തുടങ്ങാനുള്ള പ്രവർത്തനങ്ങൾ.

# ആളൂർ പഞ്ചായത്ത്

| സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ആളൂർ | | കല്ലേറ്റുംകര | | താഴെക്കാട് | | |
| | | Hec. | Arc | Hec. | Arc | Hec. | Arc | Total |
| 1. | പുരയിടം | 1034 | . 6643 | 309 | . 5455 | 745 | . 9053 | 2090 . 1151 |
| 2. | നിലം | 585 | . 1824 | 118 | . 1509 | 362 | . 8634 | 1651 . 3791 |
| 3. | തരിശ് | 6 | . 5878 | 0 | . 2063 | 2 | . 2271 | 9 . 212 |
| 4. | പുറംപോക്ക് | 140 | . 5348 | 48 | . 6160 | 84 | . 7177 | 273 . 8685 |
| | ആകെ | 1766 | . 9693 | 476 | . 5187 | 1195 | . 7135 | |

## കൃഷി-ഭൂഘടന-പ്രകൃതി (ഹെക്ടറിൽ)

| 1956-57 | |
|---|---|
| നിലം | 15646.47 |
| പുരയിടം | 5256.24 |
| തരിശ് | 78.17 |
| **1996-97** | |
| നിലം | 1141.9673 |
| പുരയിടം | 2090.198 |
| തരിശ് | 10.8701 |

## ആളൂർ ഗ്രാമ പഞ്ചായത്ത്
## കൈവശഭൂമി വിസ്തീർണ്ണം

| | നാമമാത്ര കർഷകൻ (ഹെക്ടറിൽ താഴെ) | ചെറുകിട കർഷകൻ (1 - 2 ഹെക്ടർ) | വൻകിട കർഷകൻ (2 - ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| വാർഡ് - 1 മുതൽ 14 - വരെ | 6002 | 366 | 28 |

## ആളൂർ ഗ്രാമ പഞ്ചായത്ത്

### വിള വിസ്തീർണ്ണവും ഉത്പാദനവും

| വിള | വിസ്തീർണ്ണം | ഉത്പാദനക്ഷമത |
|---|---|---|
| നെല്ല്(ഒന്നാം വിള) | 451 ഹെക്ടർ | 3600 Kg |
| നെല്ല്(രണ്ടാം വിള) | 486 " | 3200 " |
| നെല്ല്(മൂന്നാം വിള) | 36 " | 2800 " |
| പയർ | 2 " | 4000 " |
| എള്ള് | 10 " | 300 " |
| പച്ചക്കറി | 12 " | |
| തെങ്ങ് | 1020 " | 54 നട്സ്/H |
| വാഴ | 35 " | (1) 7 Kg |
| മരച്ചീനി | 12 " | 24000 " |
| കുരുമുളക് | 30 " | 410 " |
| റബ്ബർ | 9 " | 1200 " |
| കവുങ്ങ് | 9 " | 1200 " |

## ആളൂർ ഗ്രാമ പഞ്ചായത്ത്
## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 280 | 565 | 563 |
| കശുമാവ് | 25 | -- | -- |
| കുരുമുളക് | 2400 | 5650 | -- |
| കമുക് | -- | -- | 260 |
| പേര | 42 | -- | 500 |
| മാവ് | 150 | 150 | 50 +100 |
| പപ്പായ | -- | 700 | -- |

## ആളൂർ ഗ്രാമ പഞ്ചായത്ത്
## നടീൽ വസ്തു വിതരണം

| വർഷം | പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം(ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | -- | -- | -- | -- | 51 | 1000<br>120 SEED |
| 1994-95 | -- | -- | 56 Hec | -- | 217 | 51,700/- |
| 1995-96 | -- | -- | 50 Hec | -- | 195 | 3,47,663/- |

## ആളൂർ പഞ്ചായത്ത് പേ വിഷബാധ പ്രതിരോധ ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നല്കിയവയുടെ എണ്ണം | 5 | | | | | |
| കടിയേറ്റതിനുശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം | 5 | 1 | 4 | 3 | | |

## ആളൂർ ഗ്രാമപഞ്ചായത്ത്

### രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായവ<br>Digestive disorders | 80 | 10 | 30 | 20 | 5 | 100 | 25 | | | |
| 2. | ശ്വാസകോശസംബന്ധം<br>Respiratory diseases | 25 | 5 | 10 | 5 | 3 | 200 | | | | |
| 3. | ഉപാപചയ സംബന്ധം<br>Metabolic diseases | 30 | 4 | 10 | 2 | 1 | | | | | |
| 4. | ത്വക് രോഗങ്ങൾ<br>Skin diseases | | 25 | 5 | 5 | 5 | 10 | 50 | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | 10 | 3 | 10 | 10 | 2 | 300 | 50 | | | |
| 6. | പരാദരോഗങ്ങൾ<br>Parasitic diseases | | 60 | 10 | 10 | 10 | 10 | 200 | 100 | | |
| 7. | പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | | | 50 | 10 | 10 | 2 | 2 | | | |
| 8. | വന്ധ്യത<br>Infertility | | | 20 | 5 | 5 | | | | | |
| 9. | അകിടുവീക്കം<br>Mastitis | | 40 | 5 | 20 | 2 | 2 | | | | |
| 10. | മുടന്തൻ പനി<br>Ephemeral Fever | | 30 | 10 | 5 | | | | | | |
| 11. | പകർച്ച വ്യാധികൾ<br>contagion diseases. | | 20 | 10 | 5 | 5 | 5 | 500 | 100 | | |

### വളർത്തുമൃഗ സംഖ്യ

| | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | | ആട് | പട്ടി | ആന | പന്നി | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധന | മറ്റുള്ളവ | വംശ വർദ്ധന | മറ്റുള്ളവ | കറവ | ഇല്ലാത്തവ | കറവ | ഇല്ലാത്തവ | കറവ | ഇല്ലാത്തവ | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| | 8 | 350 | 8 | 450 | 1810 | 1400 | 2800 | 1800 | 700 | 300 | 650 | | 14 | 4000 | 2500 | 2 | 2000 |

# പഞ്ചായത്തിലെ പ്രധാന തോടുകൾ

| പ്രധാനതോടുകൾ | കൈവഴികൾ | ചേരുന്നസ്ഥലങ്ങൾ |
| --- | --- | --- |
| 1. പറയൻതോട് | 1. കാട്ടാൻതോട് | പൂണോളികുളത്തിൽനിന്ന് ആരംഭിച്ച് സ്ത്രീധനകാവ് പാടം കാരൂർ കോട്ടയകുളത്തിലൂടെ കാരൂർചിറ പുഞ്ചപാടംവഴി പറയാൻതോടിൽ ചെന്നുചേരുന്നു |
| | 2. വലിയതോട് | ആനത്തടംകുന്നിൽനിന്ന് ആരംഭിച്ച് കദളിച്ചിറവഴി ആളൂർപാടത്തിലൂടെ വന്ന് വെള്ളാംചിറകൂടി പ്രോജക്ട് പാലംവഴി (കാരൂർ) പറയൻതോട്ടിൽ വന്ന് ചാലക്കുടി പ്പുഴയിൽ എത്തുന്നു |
| | കൈവഴികൾ<br>അരീക്കത്തോട്, കൊച്ചിപ്പാടംതോട്, കല്ലംതോട്, ഇടുക്കൂട്തോട് | |
| 2 കാരത്തോട് | | പൂപ്പചിറയിൽനിന്ന് നെല്ലായിവഴി കുറുമാലി പുഴയിൽ ചേരുന്നു |
| 3 ഒലുപ്പൻതോട് | | നമ്പ്യാൻചിറയിൽനിന്ന് പന്തല്ലൂർചിറവഴി ആനത്തോട് മുരിയാട്കായലിൽ വഴി ചേരുന്നു |
| 4 ആനാട്ടിക്കുളം വാണിയംപാടംതോട് | | ആനാട്ടികുളത്തിൽനിന്നാരംഭിച്ച് വാണിയംപാടത്തിലൂടെ ഒഴുകി പുത്തൻചിറചാലിൽ ചേരുന്നു |
| 5 വടിയൻചിറതോട് (ആനത്തോട്) | | മുരിയാട് കായലിൽ ചേരുന്നു |

# ആളൂർ പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ

| നമ്പർ | കപ്പാസിറ്റി | | പേര് |
|---|---|---|---|
| 1 | 160 | കെവിഎ | വെള്ളാംചിറ നമ്പർ1 |
| 2 | 100 | | 2 |
| 3 | 100 | കെവിഎ | സ്റ്റാർലൈറ്റ് |
| 4 | 100 | " | തുരത്തിപറമ്പ് |
| 5 | 160 | " | കനാൽപാലം |
| 6 | 160 | " | എടത്താടൻ സെന്റർ |
| 7 | 160 | " | ഫാർമേഴ്സ് |
| 8 | 160 | " | അരിയ്ക്കാട്ട് |
| 9 | 160 | " | ആനത്തടം നമ്പർ 1 |
| 10 | 160 | " | നമ്പർ2 |
| 11 | 160 | " | 3 |
| 12 | 100 | " | 4 |
| 13 | 100 | " | പുൽപാറ നമ്പർ1 |
| 14 | 100 | " | 2 |
| 15 | 100 | " | പൗൾട്രിഫാം |
| 16 | 100 | " | പോളീക്കട |
| 17 | 250 | " | സിൽവൻഫ്ളൈവുഡ് |
| 18 | 100 | " | മാനാട്ടുകുന്ന് |
| 19 | 100 | " | ചങ്ങലച്ചിറ |
| 20 | 100 | " | മാളറോഡ് |
| 21 | 250 | " | റെയിൽവേ ഈ |
| 22 | 100 | " | റെയിൽവേ വെ |
| 23 | " | " | തോട്ടാപ്പിള്ളി |
| 24 | " | " | ചാപ്പൻ |
| 25 | " | " | പനങ്കൂടൻ |
| 26 | 280 | " | എസ്റ്റേറ്റ്1 |
| 27 | 100 | " | 2 |
| 28 | 100 | " | ഗ്രൗണ്ട് . |
| 29 | 100 | " | ഇന്ദിര |
| 30 | 100 | " | വാരിയർലൈൻ |
| 31 | 160 | " | അമ്മിണിമേനോൻ |
| 32 | 100 | " | താഴേക്കാട് പള്ളി |
| 33 | 100 | " | പള്ളി ' വെസ്റ്റ് |
| 34 | 100 | " | ആളൂർ 1 |
| 35 | 160 | " | ആളൂർ2 |
| 36 | 100 | " | ആളൂർ 3 |
| 37 | 160 | " | കൊമ്പിടി 1 |
| 38 | 100 | " | കൊമ്പിടി 2 |
| 39 | 100 | " | വഴിക്കിലിചിറ |
| 40 | 160 | " | കാരൂർ 1 |
| 41 | 160 | " | 2 |
| 42 | 100 | " | 3 |
| 43 | 100 | " | 4 |
| 44 | 100 | " | സ്കൈലസ് |
| 45 | 100 | " | ഉറവത്ത് |
| 46 | 100 | " | ചാത്തൻചിറ1 |
| 47 | 100 | " | 2 |
| 48 | 100 | " | വി.ഐ.കുണ്ടായി |
| 49 | 100 | " | വെള്ളാംചിറ |
| 50 | 160 | " | വി.ഐ.കുണ്ടായി |
| 51 | 160 | " | വല്ലകുന്ന്1 |
| 52 | 100 | " | 2 |
| 53 | 100 | " | 3 |

## ആളൂർ പഞ്ചായത്തിലെ മേജർ ഇറിഗേഷൻ കനാലുകൾ

| നമ്പർ | കനാലിന്റെ പേര് | കിലോമീറ്റർ | അയർകട്ട് ഏരിയ |
|---|---|---|---|
| | ആർ.ബി.സി ഇറിഗേഷൻ | 4 | |
| 1 | കൊടകര ബ്രാഞ്ച് | 3 | |
| 2 | ഉറുമ്പുംകുന്ന് | 4 | |
| 3 | മുരിയാട് | 51/2 | |
| 4 | കല്ലേറ്റുംകര | 31/2 | |
| 5 | താഴേക്കാട് | 21/2 | |
| 6 | കടുപ്പശേരി | 3 | |
| 7 | പറയന്തോട് | 31/2 | |
| 8 | പേരാമ്പ്ര | 31/2 | |
| 9 | അണ്ണല്ലൂർ | 1 | |
| 10 | കൊറ്റനല്ലൂർ | 3 | |
| | മൊത്തം | 37 Km. | 1560 Hec |

## വളംവില്പന ആളൂർ പഞ്ചായത്ത് 95-96

| നമ്പർ | വളത്തിന്റെ പേര് | ആളൂർ S.C.B. | കല്ലേറ്റുംകരS.C.B. | താഴേക്കാട് S.C.B. |
|---|---|---|---|---|
| 1 | 8:8:16 | 800 kg | 2800 kg | 2335 kg |
| 2 | 10:5:20 | 600 kg | 9975 kg | 4692 kg |
| 3 | അമോണിയം സൾഫേറ്റ് | 700 kg | 100 kg | 1500kg |
| 4 | യൂറിയ | 1100 kg | 13410 kg | 12923 kg |
| 5 | പൊട്ടാഷ് | 2500 kg | 11750 kg | 15927 kg |
| 6 | എല്ലുപൊടി | 1100 kg | 19250 kg | 10296 kg |
| 7 | 17:17:17 കോംപ്ലക്സ് | 400 kg | 15000 kg | 10296 kg |
| 8 | മഗ്നേഷ്യം സൾഫേറ്റ് | 600 kg | 2300 kg | 4000 kg |
| 9 | വേപ്പുംപിണ്ണാക്ക് | 600 kg | 6750 kg | 7600 kg |
| 10 | 20:20:15 | - | - | 2315 kg |
| 11 | 18:18:18 | - | - | 5615 kg |
| 12 | മസൂറിഫോക്സ് | - | - | 5615 kg |
| 13 | 10:4:14 | - | - | 3103 kg |

# ആളൂർ ഗ്രാമപഞ്ചായത്തിലെ കുളങ്ങൾ

വാർഡ് 1

1. പൂപ്പച്ചിറ
2. ആശാരികുളം
3. കാരിയങ്ങാട്ടുകുളം
4. ആലിൻകുളം
5. നമ്പുഴകുളം
6. നമ്പ്യാർചിറകുളം
7. ചേന്ദൻകുളം
8. കൈതകുളം

വാർഡ് 2

9. പന്തൽചിറ
10. വല്ലക്കുളം
11. അരിക്കകുളം
12. ചെമ്മീൻചാൽകുളം
13. ഐനികുളം
14. പുതുച്ചിറ

വാർഡ് 3

15. കള്ളിശ്ശേരി കുളം
16. ചക്കരകുളം
17. ആട്ടേക്കുളം
18. കാരാകുളം
19. താഴേക്കാട് അമ്പക്കുളം
20. വാസുപുരംകുളം
21. കൊടുങ്ങാപുറം കുളം
22. ചെമ്മട്ടികുളം
23. പതിക്കാട് കുളം

വാർഡ് 4

24. വിരിപ്പാട്ടികുളം
25. ചാത്തൻചിറ
26. കാരേക്കാട്ട്ചിറ
27. മുതയിൽകുളം
28. നാറാണത്തുകുളം
29. വെളക്കത്തലയകുളം

വാർഡ് 5

30. വെള്ളാംചിറ കുളം
31. മറ്റത്തിക്കുളം
32. കോരൻകുളം
33. വാണിയംകുളം

വാർഡ് 6

34. മരപ്പാട്ടികുളം
35. ആനാട്ടികുളം
36. തോട്ടൈകുളം

വാർഡ് 7

37. തുറുമ്പികുളം
38. കോതകുളം
39. ജി.കുളം
40 മാങ്ങചിറ കുളം
41. ചിറണയ്ക്കകുളം
42. മണ്ടച്ചിറ

വാർഡ് 8

43. വലിയകുളം
44. പുതുത്തികുളം
45. നെടുങ്കുഴികുളം
46. നിരോജികുളം
47. കോതേലികുളം
48 പെരുംകുളം
49. വട്ടക്കുളം
50 കൈതക്കുളം
51. ഇരുമ്പൻകുളം
52. ചക്കാൻകുളം
53. പുതുപോൾകുളം
54. ഉച്ചക്കുളം
55. ഓറ്റക്കുളം
56. തുറുകുളം
57. അമ്പലക്കുളം
58. കൊക്കരണിക്കുളം
59. കാടുറ്റികുളം
60 തമ്പുരാൻകുഴി
61. തോട്ടോടിക്കുളം
62. ആഫ്ലികുളം
63. വിരുത്തിപടവ്

വാർഡ് 9 .

64. ആണിക്കുളം
65. പൊരുന്നിച്ചിറ
66. ചാത്തൻകുളം
67. പാൽകുളം
68. എരന്നകുളം
69 മംഗൽചിറ

വാർഡ് 10

70. ചങ്ങലകുളം
71 മാണിക്കുളം

വാർഡ് 11

72. ചടയൻകുഴി
73. കരിപ്പാകുളം
74. കരിമ്പനക്കുളം
75. ഐനിച്ചിറ
76. ചാത്തൻകുളം
77. കദളിച്ചിറ
78. ആമക്കുളം

വാർഡ് 12

79. മുതലക്കുളം
80. കണ്ണുകുളം

## ആളൂർ ഗ്രാമപഞ്ചായത്ത് തെങ്ങുകൃഷിയെ സംബന്ധിച്ചുള്ള വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം കായ്കുന്നത് കായ്കാത്തത് | രോഗം ബാധിച്ച തെങ്ങുകൾ റൂട്ട് വിൽറ്റ് ലീഫ് റോട്ട്, ബെഡ് റൂട്ട് കാറ്റുവീഴ്ചസംഭവിച്ച മറ്റുള്ളതും ആകെ |
|---|---|---|
| 1 | 26061 | 650 |
| 2 | 20808 | 450 |
| 3 | 27212 | 697 |
| 4 | 23626 | 465 |
| 5 | 27400 | 540 |
| 6 | 30311 | 1001 |
| 7 | 28331 | 1132 |
| 8 | 12976 | 573 |
| 9 | 20468 | 610 |
| 10 | 29670 | 510 |
| 11 | 28646 | 710 |
| 12 | 29168 | 548 |
| 13 | 15231 | 197 |
| 14 | 20314 | 1410 |
| | 342772 | 8983 |

## ആളൂർ ഗ്രാമപഞ്ചായത്ത് പാടശേഖര സമിതികൾ

| ക്രമനമ്പർ | പേര് | കർഷകരുടെ എണ്ണം | വിസ്തീർണം |
|---|---|---|---|
| 1 | കാരൂർ ചിറപ്പാടം | 137 | 45ഹെ |
| 2 | വാണിയാംപാടം | 90 | 30 ഹെ. |
| 3 | പെരിയപാടം | 28 | 18 |
| 4 | ബ്രഹ്മപുരം (കുളം)പാടം | 128 | 52 ഹെ. |
| 5 | കണ്ണമ്പുഴ പാടം | 61 | 18ഹെ |
| 6 | ആര്യൻപാടം (കദളിച്ചിറ) | 169 | 58ഹെ |
| 7 | മൽപ്പാടിപാടം | 108 | 49ഹെ |
| 8 | കാരിങ്ങാട്ടുചിറ പാടം | 79 | 38ഹെ. |
| 9 | കുണ്ടൂപ്പാടം | 73 | 40ഹെ. |
| 10 | ശ്രീധനകാവു പാടം | 47 | 18 ഹെ. |
| 11 | കാരാപാടം | 37 | 25ഹെ |
| 12 | തെക്കുംപാടം | 45 | 40ഹെ |
| 13 | കുഴിക്കാട്ടുശേരി പാടം | 67 | 28ഹെ. |
| 14 | കല്ലേറ്റുംകര എസ്റ്റേറ്റ്പാടം | 117 | 30ഹെ. |
| 15 | തൊമ്മാനാപാടം (കോൾ കർഷകസമിതി) | 41 | 9ഹെ. |
| 16 | ചാടാംപാടം | 83 | 30ഹെ |
| 17 | ചേങ്കിൽപാടം | 41 | 20ഹെ |
| | | 1351 | 528 ഹെ |

| ആളൂർ ഗ്രാമപഞ്ചായത്ത് പാടശേഖരങ്ങൾ | | |
|---|---|---|
| **വാർഡ് 1** | **വാർഡ്2** | **വാർഡ് 3** |
| പൂപ്പച്ചിറ<br>കിഴക്കേമുണ്ടകപാടം<br>തെക്കുംമുണ്ടകപാടം<br>ആയില്യംപാടം<br>താലിപ്പാടം<br>ഹമ്പുഴപാടം<br>മങ്കുഴിപാടം | പന്തൽപാടം<br>കണ്ണമ്പുഴപാടം<br>കുറ്റിപ്പാടം<br>പരടിപ്പാടം<br>പുതുച്ചിറപാടം<br>കൊച്ചിപ്പാടം<br>ചെമ്മീൻചാല് | കുണ്ടൂപാടം<br>താഴേക്കാട്പാടം<br>പേരിപ്പാടം<br>കള്ളിശ്ശേരിപാടം<br>അരണപ്പാടം<br>നാരാണത്തുപാടം<br>കാരക്കാട്ടുപാടം |
| **വാർഡ്4** | **വാർഡ്5** | **വാർഡ്6** |
| അമ്പലപ്പാടം<br>പൊയ്മാൻകുടംപാടം<br>എരണപ്പാടം<br>ചാത്തൻചിറപാടം<br>കാരേക്കാട്ട്പാടം | വാണിയംപാടം | പൊലിയപാടം<br>സ്ത്രീധനകാവ് പാടം<br>മാവേലിപ്പാടം |
| **വാർഡ്7** | **വാർഡ്8** | **വാർഡ്9** |
| കാരൂർ പുഞ്ചപ്പാടം<br>കാരൂർചിറ<br>കാരൂർപള്ളിപ്പാടം<br>കൊച്ചിപ്പാടം | കാരൂർപുഞ്ചപ്പാടം<br>വെള്ളാംചിറപാടം<br>അണ്ണല്ലൂർപാടം<br>വയലേലിപാടം | കുണ്ടൂപ്പാടം |
| **വാർഡ്10** | **വാർഡ്11** | **വാർഡ്12** |
| ആളൂർപാടം<br>ചേലങ്കണ്ണിപാടം<br>വെള്ളാംചിറപാടം | മൽപ്പാട്ടിപാടം | കല്ലടപ്പാടം<br>ആര്യൻപാടം<br>മൽപാട്ടിപാടം<br>തൊപ്പിപാടം |
| **വാർഡ് 13** | **വാർഡ്14** | |
| പെരുമറ്റപാടം<br>പൊലച്ചിറപാടം<br>വടിയാഞ്ചിറ | കണ്ണങ്കുളങ്ങരപാടം | |

## വിഭവ സമാഹരണം - ഷെഡ്യൂൾഡ് ബാങ്കുകൾ

| | | | | | |
|---|---|---|---|---|---|
| 1. | സ്ഥാപനത്തിന്റെ പേര് | : | ഫെഡറൽബാങ്ക് | ധനലക്ഷ്മിബാങ്ക് | ദി കാത്തലിക് സിറിയൻ ബാങ്ക് |
| 2. | പ്രവർത്തനമാരംഭിച്ച വർഷം | : | 1968 | 1972 | 1980 |
| 3. | പൊതുജനങ്ങളിൽനിന്ന് സ്വീകരിച്ചതുക | : | 898 ലക്ഷം | 2.25 കോടി | 609 ലക്ഷം |
| | ഫിക്സഡ് ഡെപ്പോസിറ്റ് | : | 989ലക്ഷം | 1.3 കോടി | 553 ലക്ഷം |
| | ഷോർട്ട് ടേം | | | 0.9കോടി | 56 ലക്ഷം |
| 4. | കാർഷിക വായ്പകൾ | : | 17 ലക്ഷം | 3.5ലക്ഷം | 9 ലക്ഷം |
| 5. | മറ്റുവായ്പകൾ | | | | |
| | ഐ.ആർ.ഡി.പി | : | 1.5 ലക്ഷം | 6.5 ലക്ഷം | 2.3 ലക്ഷം |
| | ഹൗസിംഗ് | : | 11.8 ലക്ഷം | 14.5 ലക്ഷം | |
| | സെൽഫ് എംപ്ലോയ്മെന്റ് | : | 9.8 ലക്ഷം | 11.5 ലക്ഷം | 4ലക്ഷം |
| 6. | നല്കിയത് - കാലാവധി കഴിഞ്ഞ് | : | 197ലക്ഷം,12 ലക്ഷം | 1.3കോടി, 29.3 ലക്ഷം | 7 ലക്ഷം, 3 ലക്ഷം |
| | തിരികെ ലഭിക്കേണ്ട വായ്പകൾ | : | 176 ലക്ഷം | 1.3 കോടി | 13 ലക്ഷം |
| 7. | എസ്റ്റാബ്ലിഷ്മെന്റ് | : | 64ലക്ഷം (നഷ്ടം) | 1.9ലക്ഷം (മാസം) | ബാങ്കിംഗ് |
| 8. | സ്വന്തം കെട്ടിടമാണോ | : | സ്വന്തം | വാടക | വാടക |
| 9. | എൻ.ആർ.ഐ എ.സി. അക്കൗണ്ടുകൾ | : | 690Nos | 49Nos (16ലക്ഷം) | 653Nos (273ലക്ഷം) |
| 10. | ഒരുമാസത്തെ ട്രാൻസാക്ഷൻസ് | : | 6250 രസീതികൾ | 1.5 കോടി | 465 ലക്ഷം |
| 11. | നിക്ഷേപ വായ്പാനുപാദം | : | 18% | 1.7:1 | 5:1 |
| 12. | അക്കൗണ്ടുകളുടെ എണ്ണം | : | 8075 | 4650 | 6782 |

## ചാലക്കുടി മേജർ ഇറിഗേഷൻ പ്രോജക്ട് പഞ്ചായത്ത് അയർകട്ട് പ്രദേശം

| വർഷം | | ആളൂർ വില്ലേജ് | താഴേക്കാട് | കല്ലേറ്റുംകര |
|---|---|---|---|---|
| 1988-89 | വിസ്തീർണ്ണം | 391.4709 | 1217.177/4 | 240.327/10 |
| | വെള്ളക്കരം വരവ് | 2039രൂ87പൈ | 2523.42രൂപ | 558.26രൂപ |

## പഞ്ചായത്തിൽ ആരംഭിക്കാനുള്ള ജോലികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രകൃതിയുടെ പേര് | അയർകട്ട് | എസ്റ്റിമേറ്റ് തുക | മറ്റുവിവരങ്ങൾ |
|---|---|---|---|---|
| 1 | കദളിച്ചിറയുടെ ഉദ്ദാരണപണികൾ | 60ഹെ. | 8 ലക്ഷം | ഇ.ഇ.സി.യുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതിന് 30.10.96 ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട് |
| 2 | ഏലാടികുളത്തിന്റെ ഉദ്ദാരണജോലികൾ | -- | -- | -do- ( ഈജോലി ഇരിഞ്ഞാലക്കുട സബ്ഡിവിഷന്റെ കീഴിൽ വരുന്നതാണ്) |
| 3 | നമ്പുഴകുളം | -- | -- | ഇ.ഇ.സി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് |
| 4 | ആനിക്കുളത്തിന്റെ ഉദ്ദാരണ പ്രവർത്തനങ്ങൾ | 10 ഹെ. | 1 ലക്ഷം | ഇ.ഇ.സി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് |
| 5 | വെള്ളാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 18 ഹെ. | 5 ലക്ഷം | എം.പി.എൽ.എ.ഡി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി കുറച്ചുജോലികൾ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| കീടനാശിനി ഉപയോഗം | | | | | |
|---|---|---|---|---|---|
| നമ്പർ | പേര് | ആളൂർ S.C.B. | കല്ലേറ്റുംകര S.C.B. | താഴേക്കാട് S.C.B. | സ്വകാര്യ വ്യാപാരം |
| 1 | കോപ്പർ സൾഫേറ്റ് | 50 kg | -- | 85kg | |
| 2 | BHC 50% | 325 kg | 264 kg | 608 kg | |
| 3 | BHC 10% | 250 kg | 130 kg | 480 kg | |
| 4 | ഫുരഡാൻ | 100 kg | 117 kg | 120 kg | |
| 5 | എലിവിഷം റാറ്റോൾ | 750 kg | 88 kg | 60 kg | |
| 6 | സിങ്ക് ഫോസ്ഫേറ്റ് | 300 kg | -- | 300 kg | |
| 7 | ഡിമാക്രോൺ | 10 Ltr | 5.7Ltr | 5.5 Ltr. | |
| 8 | മൂഷ് മൂഷ് | 40kg | -- | 35 kg | |
| 9 | മെറ്റാസിഡ് | 12.5 ltr | 19.2 ltr | 11 ltr | |
| 10 | മലാത്തിയോൺ | 500 ml.lt | -- | 6.6 Ltr. | |
| 11 | എക്കാലക്സ് | 10 ltr | 12.5ltr | 17.5 Ltr | |
| 12 | ഫ്രൈറൈറ്റ് | -- | -- | 20kg | |
| 13 | കലക്സിൻ | 100Ml | -- | 50 Ml | |
| 14 | തിമറ്റ് | -- | -- | .30 gm | |
| 15 | ബാവസ്റ്റിൻ | -- | -- | 600 gm | |
| 16 | പനാമർ | -- | -- | 1.3ltr | |
| 17 | എൻഡോ സൾഫർ | -- | -- | 5ltr | |
| 18 | റോഗർ | -- | -- | 5ltr | |
| 19 | റോബർ | -- | -- | 5ltr | |
| 20 | ഡിമോർ 100Ml. | | 20 Nos. | 10.8 ltr | |

| ആളൂർ ഗ്രമപഞ്ചായത്ത് കാർഷിക ഉപകരണങ്ങൾ കൃഷിഭവൻ വിതരണം നടത്തിയത് | | | |
|---|---|---|---|
| വാർഡ് | | | |
| 1 | കലപ്പ 27 | ചവിട്ടുപമ്പ് 1 | കുറ്റിപനമ്പ് 2 |
| 2 | കലപ്പ 18 | " 1 | " 3 |
| 3 | ടില്ലർ 2 | " 1 | " 2 |
| 4 | | | |
| 5 | | | " 1 |
| 6 | ടില്ലർ 1 | റോക്കർ 1 | " 1 |
| 7 | ചവിട്ടുപമ്പ് 1 | " 1 | |
| 8 | ടില്ലർ 1 | റോക്കർ1 | " 2 |
| 9 | " 1 | " 2 | |
| 10 | " 1 | " 2 | |
| 11 | " 1 | " 1 | " 2 |
| 12 | | റോക്കർ 1 | " 1 |
| 13 | " 1 | " 1 | " 2 |
| 14 | | | |

# സഹകരണം

കേരളത്തിൽ സാധാരണക്കാരുടെ ജീവിതത്തിൽ ആശാവഹമായ പ്രവർത്തനങ്ങളിലൂടെ ശക്തിപ്രാപിച്ചുവരുന്ന ഒരു ജനാധിപത്യ സംവിധാനമാണ് സഹകരണപ്രസ്ഥാനം.

ഇന്ത്യയിൽ 1881 ൽ സർ ഫ്രെഡറിക്ക് നിക്കോളാസായിരുന്നു സഹകരണപ്രസ്ഥാനം എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്. തുടർന്ന് കേരളത്തിൽ 1904-ലെ കോ-ഓപ്പറേറ്റീവ് ആക്ടിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കമിട്ടു. 1910 ൽ ഇത് സംസ്ഥാന വിഷയമാക്കുകയും ചെയ്തു. എന്നാൽ 1912 ഓടുകൂടി മാത്രമേ കേരളത്തിൽ സഹകരണപ്രസ്ഥാനം അതിന്റെ പ്രവർത്തനം ഗൗരവപൂർവ്വമായി ആരംഭിച്ചിട്ടുള്ളു.

നമ്മുടെ നാട്ടിൽ ആരംഭം കുറിച്ച സഹകരണപ്രസ്ഥാനം അലങ്കാരികമായി പറഞ്ഞാൽ ജാതകകർമ്മം മുതൽ ഉദകക്രിയ വരെയുള്ള ആവശ്യങ്ങൾക്കും, ജനങ്ങളുടെ സഹായത്തിനും സേവനത്തിനും പര്യാപ്തമായ ഒരു പ്രവർത്തന ശൃംഖല ഇന്നു നമ്മൾക്കുണ്ട്. നമ്മുടെ സഹകരണപ്രസ്ഥാനം ഐക്യനാണയ സംഘങ്ങളായി ഗ്രാമങ്ങളിൽ ആണ് ആരംഭം കുറിച്ചത്. അന്നൊക്കെ വായ്പാസംഘങ്ങളെന്ന നാണയ സംഘങ്ങൾ പ്രസിഡണ്ടിന്റെ വീടു വരാന്തയിലെ ഒരു പഴയ മേശയ്ക്കുള്ളിൽ ഒതുങ്ങുമായിരുന്നു. കാലം മാറിയതോടെ ഈ പ്രസ്ഥാനം വളരുവാൻ തുടങ്ങി. ജനവിശ്വാസം കൂടുതലായി ആർജ്ജിച്ചുവരുന്ന വിവിധോദ്ദേശ പരസ്പരസഹായ വായ്പ സഹകരണ സംഘങ്ങൾ ഇങ്ങനെ ഉടലെടുക്കുവാൻ തുടങ്ങി.

ആളൂർ പഞ്ചായത്തിൽ കല്ലേറ്റുംകര വില്ലേജിൽ കൊല്ലവർഷം 1110-ാം മാണ്ട് മിഥുന മാസം ആറാം തീയതി കല്ലേറ്റുംകര വിവിധോദ്ദേശ പരസ്പരസഹായ സഹകരണ സംഘം രജിസ്റ്റർ ചെയ്തു.

തുടർന്ന് രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഗ്രാമങ്ങളേ ഉദ്ധരിക്കാൻ വേണ്ടി വിവിധോദ്ദേശ പരസ്പരസഹായ വായ്പ സഹകരണ സംഘങ്ങൾ പഴയ കൊച്ചി സംസ്ഥാനത്ത് കൂണു പോലെ മുളച്ചു പൊന്തി എന്നാണ് അന്നത്തെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. എന്നിരുന്നാലും അന്നത്തെ കൊച്ചി സംസ്ഥാനത്തിന്റെ പ്രോൽസാഹനം കൂടി ഉണ്ടായിരുന്നു ഈ പ്രസ്ഥാനത്തിന്

ഇതിന്റെ ഫലമായി ബഹുമാനപ്പെട്ട കൊച്ചി മഹാരാജാവിന്റെ 1113-ാംമാണ്ടിലെ 26-ാംനമ്പർ കൽപന പ്രകാരം,1113-ാംമാണ്ട് ചിങ്ങമാസം 31-ാംതിയ്യതി(1947 സെപ്തംബർ 16 ന്) കേവലം 25 അംഗങ്ങളെ വച്ച് രൂപീകരിച്ച വിവിധോദ്ദേശ പരസ്പരസഹായ സഹകരണ സംഘമാണ് ഇന്ന് ആളൂർ പഞ്ചായത്തിന്റെ 7 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന 693-ാം നമ്പർ ആളൂർ സർവ്വീസ് സഹകരണ ബാങ്ക്. ഈ ബാങ്കിന്റെ പ്രഥമ പ്രസിഡണ്ട് എടത്താടൻ മാണി കുഞ്ഞിക്കോരു ആയിരുന്നു. ശ്രീ. എടത്താടൻ ചാത്ത കുഞ്ഞയപ്പൻ, അരിക്കാടൻ അന്തോണി ജോസഫ്, അരിക്കാടൻ കിഞ്ഞിചെറിയ എസ്തപ്പാനോസ്, വാഴപ്പിള്ളി കുഞ്ഞിപ്പാലു ജോസഫ്, ഏ.സി. പോൾ, മാഗലൻ പൈലോത് റപ്പായി എന്നിവരായിരുന്നു ആദ്യകാലപ്രവർത്തകർ.

താഴെക്കാട് വില്ലേജിൽ 150 അംഗങ്ങളെ വച്ച് 1960 മാർച്ച് 13-ാം തീയതി ശ്രീ. കെ. എൽ. കൊച്ചാപ്പുവിന്റെ നേതൃത്വത്തിൽ താഴെക്കാട് വിവിധോദ്ദേശ പരസ്പരസഹായ വായ്പ സഹകരണ സംഘം ആണ് പിന്നീട് രൂപീകൃതമായത്. ശ്രീ. എം.യു. ഗോവിന്ദൻ മാസ്റ്റർ, കരിവേലികുളം രാമനാഥൻ നായിഡു മാസ്റ്റർ, എം. എം. മൊയ്തീൻ സാഹിബ്, ടി.ടി. ഈനാശു, ടി. എസ്. വേലായുധൻ മാസ്റ്റർ, എം. യു. സുദർശനൻ മാസ്റ്റർ എന്നിവരായിരുന്നു. ഇന്നു കാണുന്ന താഴെക്കാട് സഹകരണ ബാങ്കിന്റെ ആദ്യകാല പ്രവർത്തകർ.

വിവിധ മേഖലകളിലായി 19 ഇനം സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. എന്നാൽ ഇപ്പോൾ നിലവിലുള്ള 16 സംഘങ്ങൾ പ്രവർത്തനം ഒരു വിധം ഭംഗിയായി നിലനിർത്തി പോരുന്നു. എന്നാൽ കൊമ്പിടിഞ്ഞാമാക്കൽ ആരംഭിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സഹകരണസംഘവും അതുപോലെ തന്നെ ആളൂർ ഉറുമ്പുംകുന്ന് പ്രദേശത്ത് പട്ടികജാതിക്കാർക്കായി രൂപീകൃതമായ അസംസ്കൃത ഉൽപന്നങ്ങളായ ഈററ, മുള ചൂരൽ മുതലായവ എത്തിച്ചു കൊടുത്തിരിന്ന സഹകരണ സംഘവും ഇപ്പോൾ ലിക്വിഡേഷനിലാണ്. 1990-ൽ രൂപീകതൃമായ മൾബറി വ്യവസായ സഹകരണ

സംഘം പ്രവർത്തനക്ഷമമല്ല. തൃശൂർ ജില്ലയിൽ തിരുത്തിപ്പറമ്പിൽ ആരംഭിച്ച പട്ടിക ജാതിക്ഷീര സഹകരണസംഘവും കാലപ്രവാഹത്തിൽ നാമാവശേഷമാണ്. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന ചില സംഘങ്ങളുടേയും പ്രവർത്തനപരിധി ഈ പഞ്ചായത്ത് കൂടി ഉൾപ്പെട്ട പ്രദേശമാണ്. ഇന്ന് സഹകരണ മേഖലയിൽ പഞ്ചായത്തിൽ പ്രത്യക്ഷമായി 66 പേരും, പരോക്ഷമായി 20 പേരും ജോലി ചെയ്തു വരുന്നു. എന്നാൽ ഈ മേഖലയെ വേണ്ട വിധത്തിൽ പരിപോഷിപ്പിച്ചാൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്നത് എടുത്തു പറയേണ്ടുന്ന ഒരു വസ്തുത കൂടിയാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ പട്ടിക തരം തിരിച്ച് അന്യത്ര ചേർക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | എണ്ണം |
|---|---|---|
| ഒന്ന് | സർവ്വീസ് സഹകരണ ബാങ്ക് | 3 എണ്ണം |
| രണ്ട് | സ്കൂൾ സഹകരണ സംഘങ്ങൾ | 5 എണ്ണം |
| മൂന്ന് | പട്ടികജാതി കരിങ്കൽ വ്യവസായം | 1 എണ്ണം |
| നാല് | വനിതാ സഹകരണ സംഘം | 1 എണ്ണം |
| അഞ്ച് | കദളിച്ചിറ കർഷകസമിതി സംഘം | 1 എണ്ണം |
| ആറ് | ക്ഷീരസഹകരണസംഘം | 4 എണ്ണം |
| ഏഴ് | അദ്ധ്യാപക സഹകരണ സംഘം | 1 എണ്ണം |

### സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ കല്ലേറ്റുംകര സഹകരണ ബാങ്കും, ആളൂർ സഹകരണ ബാങ്കും താഴെക്കാട് സഹകരണബാങ്കും സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. സ്കൂൾ സഹകരണ സംഘം പഞ്ചായത്തിൽ 5 എണ്ണം പുസ്തക വിതരണം മാത്രമേ നടത്തുന്നുള്ളൂ. എന്നാൽ ക്ഷീരമേഖലയിൽ 4 ക്ഷീരോത്പാദകസഹകരണസംഘം ഉണ്ട്. ക്ഷീര കർഷകർക്ക് ഇന്ന് വർദ്ധിച്ചു വരുന്ന ഉൽപ്പാദന ചിലവു മൂലം പിടിച്ചു നിൽക്കാൻ പറ്റാത്ത ഒരു അവസ്ഥയുണ്ട്. ഇത് ഗവ. ശ്രദ്ധയിൽ കൊണ്ടുവരേണ്ട പ്രധാന വിഷയം തന്നെയാണ്. വനിതകൾക്കായുള്ള ഒരു മെഴുകുതിരി സഹകരണസംഘം താഴെക്കാട് പറമ്പി റോഡിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ മേഖലയിൽ എത്തിപ്പെടാൻ സ്ത്രീകൾ വിമുഖത കാട്ടുന്നുണ്ട്. സഹകരണ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ച് വനിതകളെ ഇതിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ച് വനിതകൾക്ക് പ്രത്യേക പരിഗണന നൽകിയിരിക്കുന്ന ഈ അവസരത്തിൽ പട്ടികജാതിക്കാർക്കായി ആളൂരിൽ രൂപീകൃമായിട്ടുള്ള കരിങ്കൽ വ്യവസായ സഹകരണസംഘവും മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്, എന്നിരുന്നാലും ഇതിന്റെ പ്രവർത്തനം വിപുലികരിക്കേണ്ടതാണ്.

### കദളിച്ചിറ കേന്ദ്രമാക്കി കദളിച്ചിറകർഷക ഉപഭോക്തൃസംഘം

ഇപ്പോൾ അതിന്റെ പ്രവർത്തനം മുൻകാലങ്ങളിൽ ഉള്ള അത്രയും വിപുലമായി നടക്കുന്നില്ല എന്ന് പരക്കേ ആക്ഷേപമുണ്ട്. ആളൂർ കേന്ദ്രമാക്കി ടീച്ചേഴ്സ് സഹകരണസംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും വിശദവിവരങ്ങ ൾ ലഭ്യമല്ല. മറ്റ് സഹകരണസംഘങ്ങൾ ഒന്നും തന്നെ എടുത്തപറയാവുന്നത് പഞ്ചായത്തിൽ കാണുന്നില്ല. ക്ഷീര മേഖലയിൽ PDDP ആളൂർ, വെള്ളാഞ്ചിറ, ഷോളയാർ, കൊമ്പിടി, താഴെക്കാട്, കണ്ണിക്കര കേന്ദ്രങ്ങളിൽ ഉണ്ട്.

### കാർഷിക മേഖല

ഏകദേശം 7840 കാർഷീക കുടുംബങ്ങളുള്ള പഞ്ചായത്താണ് ആളൂർ പഞ്ചായത്ത്. കാർഷിക, കാർഷികേതര, ഹ്രസ്വകാല വായ്പയാണ് പ്രധാനമായും പഞ്ചായത്തിലെ മൂന്ന് സഹകരണബാങ്കും വിതരണം ചെയ്യുന്നത്. എങ്കിലും പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അവരുടെ താല്പര്യത്തിനനുസരിച്ച് അർഹമായ വായ്പ നൽക്കുവാൻ സാധിക്കുന്നില്ല എന്നതാണ് എടുത്തു പറയേണ്ട കാര്യം.

#### (1) കല്ലേറ്റുംകര സഹകരണ ബാങ്ക്

ഈ ബാങ്കിന്റെ പരിധിയിൽ 1445 ഓളം കർഷക കുടുംബങ്ങൾ ഉണ്ട്. എന്നാൽ ഈ ബാങ്കിൽ മുഴുവൻകർഷക കുടുംബങ്ങളും അംഗങ്ങളായിട്ടില്ല. കർഷകരുടെ സാമ്പത്തിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഒരു കോടി രൂപയെങ്കിലും വർഷംതോറും ആവശ്യമാണ്. എന്നാൽ 95-96 വർഷത്തിൽ ബാങ്കിന് 641980 രൂപയാണ് കാർഷിക ആവശ്യത്തിന് വിതരണം ചെയ്യുവാൻ കഴിഞ്ഞത്. വളം, കീടനാശിനി മുതലായവ വളരെ നല്ലരീതിയിൽ വിപണനം നടത്തുന്നുണ്ട്. വിവിധ ചിട്ടികളും സ്വർണ്ണപണ്ടത്തിൽ വായ്പയും നടന്നു വരുന്നുണ്ട്. കാർഷികോൽപന്നങ്ങളുടെ സംഭരണവും വിപണനവും നടന്നു കാണുന്നില്ല. കർഷകരെ അവരുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ഇത്തരം സംഘങ്ങൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

(2) ആളൂർ സർവ്വീസ് സഹകരണ ബാങ്ക്:

ആളൂർ പഞ്ചായത്തിലെ 7 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന ബാങ്കാണ് പഞ്ചായത്തിലെ ദൂരിപക്ഷം കർഷക കുടുംബങ്ങൾക്ക് ഇന്ന് ആശ്രയമായി നിൽക്കുന്നത്. ബാങ്കിന്റെ പ്രവർത്തനപരിതിയിൽ 4305 ഓളം കർഷകകുടുംബങ്ങൾ ഉണ്ട്. എന്നാൽ അംഗങ്ങൾക്കും അംഗത്വം നൽകുവാൻ കഴിഞ്ഞിട്ടില്ല. ബാങ്കിന്റെ പ്രവർത്തനപരിധിവളരെ വിപുലമായതിനാൽ തെക്കൻ മേഖലയിൻ നിന്നും ബാങ്കിൽ എത്തിപെടാൻ കർഷകർക്ക് കഴിയുന്നില്ല.

ഇതുമൂലം ആപ്രദേശത്തെ കർഷകർ ഇപ്പോൾ നിലവിലുള്ള കാരൂർ വളം ഡിപ്പോ എല്ലാവിധ സൗകര്യങ്ങളും ഉള്ള ബ്രാഞ്ച് ഓഫീസ് ആയിഉയർത്തണമെന്ന് വളരെ കാലമായി മുറവിളികൂട്ടുന്നുണ്ട്. പുതിയ ബ്രാഞ്ച് തുടങ്ങുന്നതിന് ഇപ്പോൾ ബാങ്ക് അധികാരികൾ തീവ്രശ്രമത്തിലാണ്.

എന്നാൽ വായ്പ വിതരണത്തിനായി 95-96 വർഷത്തിൽ രണ്ട് കോടിരൂപ ആവശ്യമാണെങ്കിലും, ഈ വർഷത്തിൽ 24,95,221 രൂപയാണ് വിതരണം ചെയ്യുവാൻ കഴിഞ്ഞത് . വളം കീടനാശിനി മുതലായവയും, വിവിധ ചിട്ടികളും വളരെ നല്ലരീതിയിൽ ചിട്ടയോടുകൂടി നടത്തി വരുന്നു. സ്വർണ്ണ പണയം മുതലായവയും നടക്കുന്നുണ്ട് കൂടാതെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന മറ്റു വായ്പകളും സംഘം ഏറ്റെടുത്ത് നടത്തുന്നുണ്ട്. പുതുതായി ചെറുനിക്ഷേപങ്ങളും പുതിയ ഒട്ടേറെ പദ്ധതികളും നടത്തി വരുന്നു.

(3) താഴെക്കാട് സർവ്വീസ് സഹകരണ ബാങ്ക്:

താഴെക്കാട് വില്ലേജിൽ ആളൂർ പഞ്ചായത്തിന്റെ 3,4,5,6, വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ ബാങ്കിന്റെ പരിധിയിൽ 2090 കർഷകകുടുംബങ്ങൾ ഉണ്ട്. എന്നാൽ അംഗങ്ങളുടെ കാര്യത്തിൽ പരമാവധി ചേർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാർഷികവായ്പയായി 11,66,034 - രൂപയും വെറ്റില, കറവുമാട് എന്നിവയ്ക്കായി 22,993 രൂപയും I.R.D.P. വായ്പയായി 2,77,933 രൂപയും നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ: കാർഷികം | വായ്പകൾ: കാർഷികേതരം | പ്രവർത്ത മൂലധനം | ലാഭമോ നഷ്ടമോ: ലാഭം | ലാഭമോ നഷ്ടമോ: നഷ്ടം | ജീവനക്കാർ: സ്ഥിരം | ജീവനക്കാർ: മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഒന്ന് | കല്ലേറ്റുംകര സർവീസ് സഹകരണ ബാങ്ക്. R - 141 | 6/10 ME/ 1110 | കല്ലേറ്റുംകര വില്ലേജും താഴെക്കാട് വില്ലേജിൻെറ ഒരു ഭാഗവും | 5869 | 2,50,000 | | 120,67,856 | 64,19,080 | 152,25,186 | 15,55,082 | | | 8 | Nil |
| രണ്ട് | ആളൂർ സർവീസ് സഹകരണ ബാങ്ക്. R - 693 | 16/9/ 1947 | ആളൂർ വില്ലേജ് | 5700 | 12,00,000 | 209,76,380 | 166,76,999 | 24,95,221 | 116,51767 | 10,37,820 | | | 11 | Nil |
| മൂന്ന് | താഴെക്കാട് സർവീസ് സഹകരണ ബാങ്ക്. R - 167 | | | 8344 | 12,00,000 | 350,00000 | 157,57,025 | 11,66,034 | 127,45,240 | 10,40,498 | | | 8 | Nil |

മറ്റു വായ്പകളായ സ്വർണ്ണം പണയം ഭവനവായ്പ, കോഴിവളർത്തൽ, സ്വയംതൊഴിൽ മുതലായവയ്ക്ക് വളരെ വിപുലമായ തോതിൽ ലോൺ കൊടുത്തുവരുന്നു. കൂടാതെ വിവിധതരം ചിട്ടികളും തുണിവ്യാപാരവും നടത്തിവരുന്നു.

മേൽപറഞ്ഞ മൂന്ന് ബാങ്കിനും പൊതുവേ ഉള്ള ചില ബുദ്ധിമുട്ടുകൾ വായ്പ കാലാവധി കഴിഞ്ഞിട്ടും തിരിച്ച് അടക്കാതെ വൈകുന്നതുമൂലം ബാങ്കിന് സുഗമമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല. ഇതെല്ലാമാണ് ബാങ്കുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ പ്രധാന വശം. കൂടാതെ നബാർഡിന്റെ നിലവിലുള്ള കാർഷികവായ്പ വിതരണസംവിധാനത്തിൽ കാര്യമായ മാറ്റം വരുത്തിയെങ്കിൽ മാത്രമേ സംഘങ്ങൾക്ക് കർഷകരുടെ അഭിരുചിക്കനുസരിച്ച് വായ്പ വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇപ്പോഴത്തെ അവസ്ഥമൂലം എല്ലാ കർഷകസുഹൃത്തുക്കൾക്കും സമയത്തിന് വായ്പ അനുവദിക്കാൻ കഴിയുന്നില്ല എന്ന് പരക്കേ ആക്ഷേപമുണ്ട്.

### ദീർഘകാല കാർഷിക വായ്പ

മുകുന്ദപുരം താലൂക്ക് പ്രവർത്തനപരിധിയിൽ ഉള്ള 312-ം നമ്പർ ഇരിങ്ങാലക്കുട കാർഷിക വികസന ബാങ്കിൻെറ മാള ബ്രാഞ്ചിൽ നിന്നാണ്. ആളൂർ പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ ദീർഘകാല കാർഷിക വായ്പ അനുവദിക്കുന്നത്. കാർഷികമേഖലയുടെ ആവശ്യത്തിനായി വായ്പ ലഭിക്കുന്നുണ്ടെങ്കിലും കൂടുതൽ വായ്പ ലഭിക്കുവാനുള്ള സാങ്കേതിക ബുദ്ധിമുട്ടു മൂലമാണ് കർഷകർ ഈ മേഖലയിലെ വായ്പ വിനിയോഗിക്കാത്ത അവസ്ഥ വരുന്നത്.

### വനിത വ്യവസായ സഹകരണ സംഘം

ആളൂർ പഞ്ചായത്തിൽ വനിതകൾക്കായി ഒരു മെഴുകുതിരി വ്യവസായ സഹകരണസംഘം ആണുള്ളത്. ഈ മേഖലയിൽ ഇപ്പോൾ ഉള്ള തൊഴിലാളികൾക്ക് അസംസ്കൃത വസ്തുവിൻെറ ലഭ്യത ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്.
വനിത വ്യവസായ സഹകരണ സംഘം

### കരിങ്കൽതൊഴിലാളി സഹകരണസംഘം

പഞ്ചായത്ത് കേന്ദ്രമാക്കി തൊഴിൽ മേഖലയിൽ പട്ടികജാതിക്കാരുടെ ക്ഷേമത്തിനും അവർക്ക് തൊഴിൽ നൽകിന്നതിനും രൂപീകൃതമായിട്ടുള്ളതാണ് ഈ സംഘം. 1991 ലാണ് ഇത് പ്രവർത്തനം ആരംഭിക്കുന്നത്. വളരെ നല്ല രീതിയിൽ ഇപ്പോഴും ഈ സ്ഥാപനം പ്രവർത്തിച്ചതു വരുന്നു. സ്വന്തമായി സ്ഥലവും ഓഫീസ് കെട്ടിടവുമുണ്ട്.

വനിത വ്യവസായ സഹകരണ സംഘം

| സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | ജീവനക്കാർ | ലാഭം തുക | നഷ്ടം തുക |
|---|---|---|---|---|---|---|---|
| | | | | | | | |

കരിങ്കൽ വ്യവസായ സഹകരണ സംഘം

| സംഘത്തിൻെറ പേര് | പ്രവർത്തന വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | ജീവനക്കാർ | ലാഭമോ നഷ്ടമോ | |
|---|---|---|---|---|---|---|---|
| | | | | | | ലാഭം തുക | നഷ്ടം തുക |
| പട്ടികജാതി കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘം | 1991 | ആളൂർ പഞ്ചായത്ത് | 50 | 5000 | 22 | ലാഭം | |

### ക്ഷീര വ്യവസായ സഹകരണ സംഘം

നിലവിലുള്ള ആളൂർ, കല്ലേറ്റുംകര, താഴെക്കാട് എന്നിവിടങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ഹരിജൻ ക്ഷീരോൽപ്പാദക സഹകരണസംഘം 3 വർഷമായി തുരുത്തിപ്പറമ്പിൽ പ്രവർത്തനം നിലച്ചു. ആളൂർ പഞ്ചായത്തിൻെറ 9,14 വാർഡുകൾ ഒഴിച്ച് പഞ്ചായത്തിന്റെ ഏകദേശം എല്ല വാർഡുകളും ഉൾപ്പെടുന്ന ഈ സംഘങ്ങളിൽ നിന്നും ഇന്ന് ഒരു ദിവസം ശേഖരിക്കുന്ന പാൽ 1350 ലിറ്റർ ആണ്. കൂടുതൽ കറവമാടുകളെ വിതരണം ചെയ്ത് പാലുൽപ്പാദനം കൂടുതലാക്കാനും ശ്രമം നടത്തണം. കൂടാതെ സ്വകാര്യമേഖലയിൽ P.D.D.P വഴി സംഭരിക്കുന്ന പാൽ പഞ്ചായത്തിൽ 1500 ലിറ്ററോളം വരും. എന്നാൽ ഇവിടെ തന്നേ വിറ്റഴിക്കുന്ന പാൽ വെറും 573 ലിറ്റർ മാത്രമാണ്. പാലും അതിന്റെ അനുബന്ധ ഉൽപ്പന്നങ്ങളും കൂടി ഇവിടെ ഉൽപ്പാദിപ്പിക്കാനും വിപണനം നടത്താനും സൗകര്യം ലഭിച്ചാൽ കൂടുതൽ തൊഴിൽ മേഖലകൾ സൃഷ്ടിക്കാൻ കഴിയും. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പാലിൽ 2277 ലിറ്ററും മറ്റു സ്ഥലങ്ങളിലേക്കാണ് പോകുന്നത്. ഈ മേഖലയിൽ ഇന്നുള്ള പ്രതിസന്ധി കാലിത്തീറ്റയുടെ കുത്തനേയുള്ള വിലക്കയറ്റമാണ്. ഇത് നിയന്ത്രിക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. 5 വർഷത്തിനുള്ളിൽ പാലിന്റെ ഉൽപ്പാദനം 15000 ലിറ്റർ ആയി പ്രതിദിനം വർദ്ധിപ്പിക്കേണ്ടതാണ്.

ഇതിനെല്ലാം പുറമേ ഒരു ടീച്ചേഴ്സ് സഹകരണ സൊസൈറ്റിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം അവരുടെ ക്ഷേമകാര്യങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

### വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. ആളൂർ സർവ്വീസ് സഹകരണ ബാങ്ക് 2,67,1031 രൂപയും താഴേക്കാട് സർവ്വീസ് സഹകരണ ബാങ്ക് 2,00,000 രൂപയും നഷ്ടത്തിലായതിനാൽ ഈ ബാങ്കുകൾ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ ബാങ്കുകൾ വഴി നടത്തുവാൻ സാധിക്കുകയില്ല. അതിനാൽ ബാങ്കുകളുടെ നഷ്ടം നികത്തുവാൻ നഷ്ടത്തിനു തുല്യമായ ദീർഘകാല വായ്പ അനുവദിക്കുകയോ, ഓഹരി മൂലധനമായോ, മറ്റു ഗവൺമെന്റു ഗ്രാന്റു നൽകി സഹായിക്കുയോ ചെയ്ത് ബാങ്കിന്റെ സേവനം എല്ലാ കർഷകർക്കും ഫലപ്രദമായി എത്തിക്കണം.

2. വളരെയധികം ജനകീയപിൻബലം വേണ്ടുന്ന മേഖലയായതിനാൽ ഈ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

3. സഹകരണ ബാങ്കുകളിലെ ഡെപ്പോസിറ്റ് റസീപ്റ്റ് ചില ധനകാര്യ സ്ഥാപനങ്ങൾ ഈട് ആയി സ്വീകരിക്കാത്തതുമൂലം നിക്ഷേപങ്ങൾ കൂടുതലും ദേശസാൽകൃത ബാങ്കുകളിലേക്കും, ഷെഡ്യൂൾഡ് ബാങ്കുകളിലേക്കുമാണ് പോകുന്നത്. ഇത്തരം അവസ്ഥ

ക്ഷീര വ്യവസായ സഹകരണ സംഘം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ഓഹരി മൂലധനം | കടം | നിക്ഷേപം | പ്രവർത്തനമൂലധനം | വ്യാപാര ഇടപാടുകൾ | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ലാഭം | നഷ്ടം | സ്ഥിരം | മറ്റുള്ളവർ |
| 1. | ആളൂർ | 1975 | ആളൂർ പഞ്ചായത്ത് 10,11,12 | 445 | 4716 | nil | 30,000 | 4716 | 500,000 | ലാഭം 8000 | | -2- | |
| 2. | കല്ലേറ്റുംകര | | | | | | | | | | | | |
| 3. | താഴേക്കാട് | | | | | | | | | | | | |
| 4. | തുരുത്തി പ്പറമ്പ് | | | | | | | | | | | | |

മാറ്റുന്നതിന് സഹകാരികളേയും കർഷകരേയും ഇൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിച്ച് നിക്ഷേപം വർദ്ധിപ്പിക്കുക.

4. ദീർഘകാല നിക്ഷേപങ്ങൾ സ്വരൂപിച്ച് മേൽപ്പറഞ്ഞ സംഘങ്ങളുടെ പ്രവർത്തന മൂലധനം വർദ്ധിപ്പക്കുകയും ഈ തുക സംഘങ്ങൾക്ക് ലാഭകരമായ വിധത്തിൽ വിനിയോഗിക്കുകയും ചെയ്യുക.

5. ചിട്ടി നിയമ വ്യവസ്ഥ ലഘൂകരിക്കുകയും പുതിയ അർദ്ധവാർഷിക, ത്രൈമാസ ചിട്ടികൾ നടത്തി കർഷകരുടെ സമ്പാദ്യശീലം ഉയർത്തുകയും സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

6. സഹകരണ സംഘം 3 കർഷകരെസംബന്ധിച്ച പൂർണ്ണവിവരങ്ങൾ ശേഖരിക്കുകയും അതനുസരിച്ച് കർഷകർക്ക് ആവശ്യമായ വായ്പകൾ ക്രഡിറ്റ് സമ്പ്രദായം വഴി നടപ്പിലാക്കുകയും ചെയ്യുക.

7. സഹകരണ മേഖലയിൽ ഇപ്പോൾ നിലനിൽക്കുന്ന ത്രീടയർ സമ്പ്രദായം നിർത്തലാക്കി ടു ടയർ സംവിധാനം ഏർപ്പെടുത്തുകയും കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്ന് നൽകുന്ന വായ്പയുടെ പരിധി ഉയർത്തുകയും ചെയ്യുക.

8. കർഷകർക്ക് സർക്കാരിൽ നിന്ന് നൽകുന്ന പലിശ സബ്സിഡി യഥാക്രമം വായ്പ തിരിച്ചടക്കുന്നവർക്ക് ലഭിക്കുന്നില്ല. അത് അപ്പപ്പോൾ തന്നെ വായ്പകാർക്ക് കിട്ടുന്നതിന് ഉള്ള അടിയന്തിര നടപടി സർക്കാർ തലത്തിലും ബാങ്ക് തലത്തിലും ഉണ്ടാകേണ്ടതാണ്.

9. സഹകരണ ബാങ്കുകൾ പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുകയും, സാങ്കേതിക നവീകരണവും മാനേജ്റ്റുകൾക്ക് പരിശീലനം നൽകുകയും ചെയ്യുക.

10. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി അവരുടെ ആവശ്യം കണക്കിലെടുത്ത് ഇന്നത്തെ അവസ്ഥയിൽ നിന്നും മാറ്റം വരുത്തേണ്ടതാണ്. ഇന്നത്തെ ജീവിത നിലവാരം അനുസരിച്ച് ആൾ ജാമ്യത്തിൻമേൽ ഒരു വ്യക്തിക്ക് 10,000ക എങ്കിലും ലോൺ അനുവദിക്കേണ്ടതാണ്.

11. ആളൂർ സർവീസ് സഹകരണ ഹാങ്കിന്, കാരൂരിൽ ബ്രാഞ്ച് സ്ഥാപിക്കുന്നതിനും, ഇപ്പോൾ പണിതിട്ടുള്ള കല്ലേറ്റുംകര സംഘത്തിന്റെ പുതിയ കെട്ടിടത്തിന്റെ പ്രശ്നം പരിഹരിക്കുന്നതിനും, പഞ്ഞപ്പിള്ളിയിൽ കളഷ്ൻ കൗണ്ടർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുക.

12. തൊഴിൽ മേഖല പരിപോഷിപ്പിക്കാൻ സഹകരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങുക, എല്ലാ പഞ്ചായത്ത് വാർഡുകളിലും പരമ്പരാഗത തൊഴിലുകൾ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

13. സഹകരണ മേഖലയിൽ വ്യവസായങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലവും, ഊർജ്ജവും, വെള്ളവും ലഭ്യമാക്കി തുണി, നൂൽ, റബർ അധിഷ്ഠിത വ്യവസായം അവയിൽ ഏതെങ്കിലും ഒരു വൻകിട വ്യവസായം തുടങ്ങുക.

14. ഫാമിംഗ് സഹകരണ സംഘങ്ങൾ, പത്ത് സംഘങ്ങൾ പഞ്ചായത്തിൽ രൂപീകരിക്കുക.

15. പട്ടികജാതി വിവിധോദേശ സഹകരണസംഘവും (ഉറുംമ്പുംകുന്നിൽ), ഒരു മൾട്ടീപ്പർപ്പസ് കൺസ്യൂമർ സ്റ്റോറും (കൊമ്പിടി), കരിങ്കൽ തൊഴിലാളികൾക്കായും ഇപ്പോൾ നിലവിലുള്ള കരിങ്കൽ സഹകരണ സംഘത്തിന്റെ കീഴിൽ ഇവയെ എല്ലാം യോജിപ്പിച്ച് പ്രവർത്തിപ്പിക്കുക. ഇതിന്റെ കൂടെ ബാംബൂ വീവിംഗ് സഹകരണ യൂണിറ്റും ഉൾപ്പെടുത്തുക.

16. സ്വയം തൊഴിൽ മേഖലയിലേക്ക് കടന്നു വരുന്ന യുവാക്കളെ സംഘടിപ്പിച്ച് അവരുടെ കായികശക്തിയും സാങ്കേതികമായ കഴിവും ഏകീകരിച്ച് ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ സഹകരണാടിസ്ഥാനത്തിൽ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

17. കാർഷിക വായ്പ യഥാസമയങ്ങളിൽ മുതലും പലിശയും തിരിച്ചടക്കുന്ന അംഗങ്ങൾക്ക് പലിശ സബ്സിഡി പുനഃസ്ഥാപിക്കണം.

18. ക്ഷീരവ്യവസായ സഹകരണ മേഖലയിൽ കന്നുകാലി യൂണിറ്റുകൾക്കും കറവമാടുകൾക്കും ക്ഷീരസംഘം വഴി കന്നുകാലിത്തീറ്റക്ക് സബ്സിഡി അനുവദിച്ച് പാൽ ഉൽപ്പന്നങ്ങൾക്കും പാലിനും വില പിടിച്ചുനിർത്തി, പാൽ ഉൽപ്പാദകരേയും, ഉപഭോക്താക്കളേയും, ഈ മേഖലയിൽ പിടിച്ചു നിർത്തുക.

19. സഹകരണമേഖലയിൽ 100 പശുക്കളെ ഉൾപ്പെടുത്തി വലിയ ഒരു ഡയറിഫാം ആനന്ദ് മാതൃകയിൽ തുടങ്ങുകയും, അതിനോടനുബന്ധിച്ച് പാലുൽപ്പന്നങ്ങളുടെ ഒരു സംസ്ക്കരണ യൂണിറ്റും തുടങ്ങുകയും, സഹകരണമേഖലയിൽ ആടുകളെ വളർത്തുന്ന ചെറിയ യൂണിറ്റുകൾ ഇതിന്റെ ഭാഗമായി തുടങ്ങുകയും, ഇത് സ്ത്രീകൾക്കു മാത്രമായി സംവരണം ചെയ്യുക.

20. കൃഷി വകുപ്പിന്റെ കീഴിൽ സഹകരണാടിസ്ഥാനത്തിൽ

കാർഷിക ഉപകരണങ്ങളുടെ ഉൽപ്പാദനകേന്ദ്രം ആരംഭിക്കുക.

21. സഹകരണസംഘം തെരഞ്ഞെടുപ്പിൽ മൂന്നിൽ ഒരു വിഭാഗം സ്ത്രീകൾക്കായി സംവരണം ചെയ്യുക.

22. നിലവിലുള്ള മൾബറി സഹകരണസംഘം പുനരുദ്ധരിക്കുക.

## മറ്റുനിർദ്ദേശങ്ങൾ

i) പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള കുളങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ മത്സ്യംവളർത്തലുകൾ ആരംഭിക്കണം.

ii) അസംഘടിതമേഖലയിൽ തൊഴിൽചെയ്യുന്ന തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് ലേബർ കോൺട്രാക്ടേഴ്സ് സഹകരണസംഘം രൂപീകരിക്കണം.

iii) നാളികേര ഉൽപ്പന്നവ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.

iv) പാചകവാതകം ഏജൻസി സഹകരണസംഘങ്ങളെ ഏൽപ്പിക്കുക.

## തൊഴിൽ സാധ്യതകൾ

ആളൂർ പഞ്ചായത്തിൽ മേൽപ്പറഞ്ഞ പദ്ധതികൾ നടക്കുകയാണെങ്കിൽ 500റോളം പേർക്ക് പ്രത്യക്ഷ തൊഴിലും 800റോളം പേർക്ക് പരോക്ഷ തൊഴിലും ലഭിക്കും.

ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന പ്രാവർത്തികമാക്കുന്നതിന് ഇതിലേക്കുള്ള വിഭവസമാഹരണം നടപ്പിലാക്കുന്നതിന് സഹകരണസംഘങ്ങൾക്ക് വളരെ പ്രാധാന്യമാണുള്ളത്. ചുരുങ്ങിയ സമയംകൊണ്ട് ക്രോഡീകരിച്ചൊരു റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. കൂടുതൽ ചർച്ചക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

# വ്യവസായം

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും, ജനവിരുദ്ധവുമാണ്. റോഡും, പാലവും, കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം എവിടെയും നിറഞ്ഞുകാണുന്നു. വികസനത്തെ പിന്തിരിപ്പിക്കുന്ന ഏറ്റവും പ്രധാന ഘടകവും അതുതന്നെ. ഉൽപ്പാദന പ്രക്രിയ വികസന വീക്ഷണത്തിൽ നിന്ന് അന്യം നിൽക്കുകയാണ്. കാർഷിക വ്യവസായ മേഖലകളിൽ ഊന്നികൊണ്ടുള്ള വികസന തന്ത്രമാണ് ഇന്നിൻെറ പ്രധാനമായ ആവശ്യം. ആളൂർ പഞ്ചായത്തിൻെറ വ്യവസായ മേഖലയുടെ മൊത്തത്തിലുള്ള അവലോകനം നൽകുന്ന സൂചനകൾ മേൽപ്പറഞ്ഞവയാണ്.

വ്യവസായ മേഖലയിൽ ആളൂർ പഞ്ചായത്തിനു വളരെ കൊല്ലങ്ങൾ മുമ്പു തന്നെ തുടക്കമിടുവാൻ കഴിഞ്ഞെങ്കിലും കാര്യമായ നേട്ടമൊന്നും കൈവരിക്കാനായിട്ടില്ല. പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന പരമ്പരാഗതമായ തൊഴിൽമേഖല കള്ള് ചെത്ത് വ്യവസായവും, കുട്ട, പനമ്പ്, തഴപ്പായ നെയ്ത്തും ബീഡി നിർമ്മാണവുമാണ്. 1930 കളിൽത്തന്നെ ആളൂർ, കല്ലേറ്റുംകര, കുഴിക്കാട്ടുശ്ശേരി മേഖലകളിൽ ബീഡിത്തൊഴിലാളികൾ ഉണ്ടായിരുന്നു. കുഴിക്കാട്ടുശ്ശേരി റോസ് ബീഡിക്കമ്പനിയിൽ 50ൽ പരം തൊഴിലാളികൾ ഉണ്ടായിരുന്നു. അസംഘടിതരായിരുന്നു അവരെങ്കിലും താരതമ്യേന ഉയർന്ന രാഷ്ട്രീയ സാമൂഹ്യ ബോധമുള്ളവരായിരുന്നു. ഇന്ന് ഈ മേഖല പഞ്ചായത്തിൽ തീരെ ഇല്ല എന്നു തന്നെപറയാം. കുഴിക്കാട്ടുശ്ശേരി പ്രദേശത്ത് ബീഡികമ്പനിയും, കള്ളു സംഭരണ കേന്ദ്രവും ഉണ്ടായിരുന്നു. ഇന്ന് ചെത്തു തൊഴിലാളികളുടെ എണ്ണം പഞ്ചായത്തിൽ വളരെ കുറഞ്ഞു വരികയാണ്. തെങ്ങുകൾക്കു ബാധിച്ചിട്ടുള്ള രോഗങ്ങളാണ് പ്രധാന കാരണം.

1940 കളിൽ ആളൂരിൽ ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റ് ഉണ്ടായിരുന്നു. അജന്ത മാച്ച് വർക്ക്സ് എന്ന പേരിലാണറിയപ്പെട്ടിരുന്നത്. 1950കളിൽ ആളൂരിൽ തന്നെ ഒരു കശുവണ്ടി ഫാക്ടറിയും, കല്ലേറ്റുംകരയിൽ സിൽവൻപ്ലൈവുഡ് ഫാക്ടറിയും ആരംഭിച്ചു. നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ പ്ലൈവുഡ് നിർമ്മാണ യൂണിറ്റ് കഴിഞ്ഞവർഷം അടച്ചുപൂട്ടുകയുണ്ടായി. അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറഞ്ഞതുമാണ് അടച്ചുപൂട്ടുന്നതിനുള്ളകാരണം. കൂടുതലാളുകൾ ജോലി ചെയ്തിരുന്ന, ഇപ്പോഴും നിലനിൽക്കുന്ന ഒരു ഫാക്ടറി എന്ന നിലയിൽ ഡെലീഷ്യസ് കാഷ്യൂ കമ്പനി പ്രത്യകം എടുത്തുപറയേണ്ടതാണ്. സ്ത്രീകൾക്ക് അവിദഗ്ദ്ധ മേഖലയിൽ ഇനിയും ഏറ്റവും സാധ്യത ആവ്യവസായത്തിനാണ്.

ആളൂർ പപഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ വൻകിട യൂണറ്റുകൾ ഒന്നും തന്നെയില്ല. കണ്ണിക്കരയിലെ പിഗ്മെൻസ് ഇന്ത്യാ ലിമിറ്റഡ് ആണ് ഇടത്തരം വ്യവസായം എന്നു പറയാവുന്ന ഒരേയൊരെണ്ണം. ഏകദേശം 118 ഓളം തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നു. കല്ലേറ്റുംകരയിൽ സർക്കാർ ചുമതലയിൽ കേരളാ ഫീഡ്സ് ലിമിറ്റഡ് എന്ന കാലിത്തീറ്റ ഫാക്ടറി നിർമ്മാണത്തിലാണ്. ചെറുകിട മേഖലയിലെ 174 യൂണിറ്റുകളാണ് പ്രധാനമായ വ്യവസായിക യൂണിറ്റുകൾ. ഇതിൽ 121 എണ്ണം ചെറുകിട വ്യവസായ രജിസ്ട്രേഷൻ (SSI) ഉള്ളവയാണ്. നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 11329 പേർ ജോലി ചെയ്യുന്നു. പുരുഷന്മാർ 8763, സ്ത്രീകൾ 2566, ആകെ വ്യവസായ തൊഴിലാളികൾ 1756 അതിൽ 252 പേർ പഞ്ചായത്തിനു പുറത്തെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നു

നിലവിലുള്ള സ്ഥാപനങ്ങളും, തൊഴലാളികളുടെ എണ്ണവും (വ്യവസായ വകുപ്പിലെ കണക്ക്) പട്ടിക 1 ൽ

SSI = രജിസ്ട്രേഷൻ ഉള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക 11 ൽ

പരമ്പരാഗതമായ മേഖലയിൽ പ്രധാനം കശുവണ്ടിയാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം മുള, ഈറ്റ, ചൂരൽ, തൊഴിലുകളും മൺപാത്ര നിർമ്മാണവുമാണ്. പഞ്ചായത്തിലെ മറ്റു പ്രധാനപ്പെട്ട തൊഴിൽ മേഖലകളാണ് കൊപ്ര മില്ലുകൾ, ഓട്ടുകമ്പനികൾ, തീപ്പെട്ടി വ്യവസായം എന്നിവ. ഇതിൽ തന്നെ കൊപ്രമില്ലുകളാണ് കൂടുതൽ.

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ പേർ തൊഴിലെടുക്കുന്ന യൂണിറ്റ് ഡെലീഷ്യസ് കാഷ്യു കമ്പനി എന്ന കശുവണ്ടി ഫാക്ടറിയാണ്. ഇന്നു നിലനിൽക്കുന്ന ഏറ്റവും പഴക്കമുള്ള യൂണിറ്റും ഇതു തന്നെ. 364 പേർ ഇപ്പോൾ ഇവിടെ ജോലിയുള്ളൂ. ഇവിടത്തെ ജോലിക്കാരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ജോലി ചെയ്യുന്നതിൻറ അനുസരിച്ച് 50 നും 100 നുമിടയിലാണ് ഇവിടത്തെ വേതനം. സർക്കാർ ഇടപെടലിലൂടെയുള്ള കുത്തകസംഭരണം വഴിയും, ആവശ്യമായ കശുവണ്ടിയുടെ ഇറക്കുമതിയിലൂടെയും മാത്രമേ ഈ മേഖലയെ രക്ഷിക്കാനാവൂ.

8 - )ം പദ്ധതിക്കാലത്ത് വ്യവസായ വികസനത്തിനായി അത്രമോശമല്ലാത്ത തുക പഞ്ചായത്തിൽ ചെലവഴിക്കുകയുണ്ടായി, ഏകദേശം 25,81,449 രൂപ. സബ്സിഡികൾ, ഗ്രാൻറ് എന്നീ ഇനങ്ങളിലാണിത്. യഥാർത്ഥ ധനസഹായം ഇതിലുമെത്രയോ അധികമാണ്. ഈ തുകയുടെ ഫലപ്രാപ്തി എത്രത്തോളമുണ്ടെന്നും വ്യവസായ വികസനത്തെ അതെത്രമാത്രം സഹായിച്ചിട്ടുണ്ടെന്നും വളരെ ആഴത്തിലുള്ള ഒരു അവലോകനം നടത്തേണ്ടിയിരിക്കുന്നു. വ്യവസായ വകുപ്പിൻറ ആളൂർ പഞ്ചായത്തിലെ പദ്ധതി ചിലവ് പട്ടിക VII -ൽ

## വ്യാപാരമേഖല അവലോകനം:-

ദശാബ്ദങ്ങൾക്കു മുമ്പുതന്നെ വ്യവസായ വാണിജ്യ രംഗങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിരിക്കുന്ന പ്രദേശമാണ് ആളൂർ പഞ്ചായത്തിലെ കൊമ്പിടി ആളൂർ, കല്ലേറ്റുംകര മുതലായവ. എണ്ണക്കുരുക്കൾ, കാർഷികോൽപ്പന്നങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയാണ് പ്രധാനമായും വിൽക്കപ്പെടുന്നത്. പഞ്ചായത്തിലെ ജനങ്ങളുടെ നിത്യോപയോഗത്തിനാവിശ്യമായ എല്ലാ സാധനങ്ങളും അതുപോലെതന്നെ കെട്ടിടനിർമ്മാണത്തിനാവശ്യമായ എല്ലാ അസംസ്കൃത വസ്തുക്കളും, ആധുനികതരത്തിലുള്ള സ്റ്റേഷണറി സാധനങ്ങളും, ഹാർഡ്‌വേയർ സാധനങ്ങളും, തുണിത്തരങ്ങളും ഇവിടെ നിന്നും വാങ്ങിക്കുവാൻ സാധിക്കും.

വ്യാപാര രംഗത്ത് ക്രീയാത്മകമായ പ്രവർത്തനം നടത്തിയാൽ പഞ്ചായത്തിന്റെ വികസനത്തിനും, വരുമാനത്തിനും അതു മുതൽക്കൂട്ടാവുന്നതാണ്. കല്ലേറ്റുംകര, ആളൂർ, കൊമ്പിടി തുടങ്ങിയ പ്രധാനപ്പെട്ട കച്ചവട കേന്ദ്രങ്ങളിൽ ആധുനികതരത്തിലുള്ള ഷോപ്പിങ്ങ് കോപ്ലക്സുകൾ നിർമ്മിച്ച് ലേലം ചെയ്യേണ്ടതാണ്. ചുരുങ്ങിയത് അഞ്ച് ഡിപ്പാർട്ടുമെന്റൽ സ്റ്റോറുകളെങ്കിലും പഞ്ചായത്തിൽ ആരംഭിക്കണം. വ്യാപാരികൾ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന അമിതവിലകൾ നിയന്ത്രിക്കുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉപഭോക്തൃ സംഘടന രൂപീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ആകെയുള്ള വ്യാപാരസ്ഥാപനങ്ങളുടെ എണ്ണം 253 ആണ്.

മൊത്തം വ്യാപാരവ്യവസായസ്ഥാപനങ്ങൾ പട്ടിക V.

## വ്യവസായവികസനം നേരിടുന്ന പ്രശ്നങ്ങൾ.

വ്യവസായ വികസനത്തിനാവിശ്യമായ റെയിൽ, റോഡ് ഗതാഗതത്തിലും, വൈദ്യുതി സംവിധാനങ്ങളിലും അത്ര മോശമല്ലാത്ത അവസ്ഥയുണ്ടായിട്ടും ആളൂർ പഞ്ചായത്തിന്റെ വ്യവസായിക പിന്നോക്കാവസ്ഥ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

34.39 വിസ്തീർണ്ണവും 37456ഓളം വരുന്ന ജനസംഖ്യയും 8636 വീടുകളുമുള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗസാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത രംഗത്ത് പ്രവർത്തിക്കുന്ന യൂണിറ്റുകൾ വിരളമായത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യാവസായ വളർച്ചക്കാവശ്യമായിട്ടുള്ള അനുകൂലഘടകങ്ങളായ, ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ, ജനക്ഷേമപ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപ്പരത എന്നിവയെല്ലാമുണ്ടെങ്കിലും, വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കുവാൻ കഴിയാത്തത് താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. മുഖ്യ കാർഷികകോൽപ്പന്നമായ നാളികേരം വ്യവസായ രംഗത്തു പ്രയോജനപ്പെടുന്നില്ല.

2. കശുവണ്ടി, തിപ്പെട്ടി, മൺമാത്രം, മെഴുകുതിരി

നിർമ്മാണം തുടങ്ങിയ മേഘലകളിലെ വളരെ കുറഞ്ഞ കൂലിനിരക്ക്.

3. വൈദ്യുതി കണക്ഷൻ ലഭിക്കുവാനുള്ള കാലതാമസവും, പവ്വർ കട്ടും.

4. സാങ്കേതിക പരിജ്ഞാനക്കുറവ്.

7. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും, കൈത്തൊഴിലുകാർക്കും പരുശീലനം ലഭിക്കുവാൻ സാദ്ധ്യതയില്ലായ്മ.

8. വനിതകൾക്ക് തൊഴിലവസരം വളരെ കുറവ്.

9. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽരഹിതർക്ക് തൊഴിൽ നൽകുവാനുള്ള സാധ്യതയില്ലായ്മ.

10. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണക്കുറവ്.

11. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.

12. വ്യവസായ മേഖലയുമായിട്ടുള്ള സമ്പർക്കക്കുറവ്.

വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് കുറഞ്ഞ കൂലിനിരക്കാണ്. സ്ത്രീകളുടെ കൂലിനിരക്ക് തീരെ കുറവാണ്.

<u>സാദ്ധ്യതകൾ</u> :

തൃശൂർ ജില്ലയിൽ വിദ്യാസമ്പന്നരായ യുവതീയുവാക്കൾ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം ആളുകളും മറ്റു സ്ഥലങ്ങളിലായി ജോലി ചെയ്യുന്നവരാണ്. സെൻസസ് കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ആകെ തൊഴിലെടുക്കുന്നവരുടെ എണ്ണം 1329 ആണ്. കൂടാതെ 2432 പേർ കേരളത്തിന് പുറത്ത് ഇന്ത്യയിലും, 1312 പേർ വിദേശത്തും ജോലി ചെയ്യുന്നു. വളരെയധികം വ്യവസായ സാധ്യതയുള്ള പ്രദേശമാണ് ഈ പഞ്ചായത്ത്.

പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. കശുവണ്ടി മേഖല വികസിപ്പിച്ചാൽ കൂടുതൽ സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കാം. ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെക്കുറവാണ്. തെങ്ങിൽ നിന്നു ലഭിക്കുന്ന ഉൽപ്പന്നങ്ങളുപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേയ്ക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാനും, ഒരു നാളികേര കോംപ്ലക്സ് തന്നെ ആരംഭിക്കാനുമുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്. അടയ്ക്കാ, നേന്ത്രക്കായ മുതലായവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്കും സാധ്യത ഏറെയാണ്.

വ്യവസായ സംരംഭകർക്ക് പരിശീലനത്തിനും, അതിനെപ്പറ്റിയുള്ള സർവ്വേയും പഞ്ചായത്ത് നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതും വ്യവസായ വളർച്ചക്ക് സഹായകരമാണ്.

ഈ പഞ്ചായത്തിൽ നിന്നും വിദേശ രാജ്യങ്ങളിൽ വർഷങ്ങളായി ജോലിചെയ്യുന്നവർ നിരവധിയുണ്ട്. നമ്മുടെ നാടിന്റെ വ്യവസായ വികസനത്തിന് അവർക്ക് ഒരുപാട് സഹായിക്കാൻ കഴിയും. വിദേശത്തു ജോലി ചെയ്യുന്ന ഈ നാട്ടുകാരെ സഹകരിപ്പിച്ച് അവരിൽ നിന്ന് മൂലധനം സ്വരൂപിച്ച് നിരവധി വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള സാദ്ധ്യതയുണ്ട്. അക്കാര്യത്തിൽ പഞ്ചായത്ത് മുൻകൈയെടുക്കണം. വ്യവസായമെഖലയിൽ സഹകരണമേഖലക്ക് പങ്കാളിത്തം തീരെ കുറവാണ്. സഹകരണ മേഖലയിൽ നിരവധി വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സാധ്യതയുണ്ട്.

പഞ്ചായത്തിൽ രൂക്ഷമായിട്ടുള്ള തൊഴിലില്ലായ്മക്ക് ഏക പരിഹാരം ത്വരിതഗതിയിലുള്ള വ്യവസായ വൽക്കരണം മാത്രമാണ്. താഴ്ന്ന വരുമാനമുള്ള ആളൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ചെറുകിട വ്യവസായ മേഖലയിലേ സാധ്യതകളുള്ളൂ. അതേ സമയം തന്നെ പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ പരിപോഷണവും അത്യാവശ്യമാണ്.

ഇന്ത്യൻ വ്യവസായ മേഖലയുടെ നല്ലൊരു പങ്ക് ചെറുകിട വ്യവസായ മേഖലയ്ക്കാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ഇന്ത്യയിലാണ്, ഏകദേശം 2.2 മില്ല്യൻ. ഇത് മൊത്തം വ്യവസായ ഉൽപ്പാദനത്തിന്റെ 49%വും കയറ്റുമതിയുടെ 59%വും, തൊഴിൽ മേഖലയിൽ 80%വുമാണ്.

## ചെറുകിട വ്യവസായ മേഖല അവലോകനം

ആളൂർ പഞ്ചായത്തിലെ 121 ചെറുകിട വ്യവസായ യൂണിറ്റുകളെ പ്രധാനമായും കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ളവ, കൈത്തറി വ്യവസായങ്ങൾ, പ്ലാസ്റ്റിക്ക് വ്യവസായങ്ങൾ, മെഷിനറി വ്യവസായങ്ങൾ, ഇലക്ട്രോണിക്ക് വ്യവസായങ്ങൾ എന്നിങ്ങനെ തരം തിരിക്കാം.

ചെറുകിട വ്യവസായ മേഖലയിൽ 1964 - 65 കാലത്ത് SIDCO യുടെ സഹായത്തോടെ സ്ഥാപിതമായ കല്ലേറ്റുംകര ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, വ്യവസായ വളർച്ചയിൽ പ്രധാനപങ്കുവഹിക്കുന്നു. ഈ എസ്റ്റേറ്റിന് 21 ഹെക്ടർ ഭൂമിയും ജല, വൈദ്യുത സംവിധാനങ്ങളുമുണ്ട്. ഇപ്പോൾ ഇവിടെ 14 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇനിയും യൂണിറ്റുകൾക്കുള്ള സൗകര്യം ഇവിടെയുണ്ട്.

യൂണിറ്റുകളെ സംബന്ധിച്ചുള്ള വിവരം പട്ടിക III കാണുക.

ചെറുകിട വ്യവസായ മേഖലയുടെ ഒരു പരിച്ഛേദം എന്ന നിലയിൽ ഇവിടത്തെ വ്യവസായങ്ങൾ പ്രത്യേകം പഠനമർഹിക്കുന്നു. ഇവിടുത്തെ ചെറുകിട വ്യവസായങ്ങളിൽ 62.5% പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ പ്രവ2ത്തിക്കുന്നവയാണ്. കുടുംബപരമായി നടത്തി വരുന്നവയാണ് 31.25%. 6.25% വ്യവസായങ്ങൾ ചാരിറ്റബൾ സൊസൈറ്റിയുടെ സഹായത്തോടെ പ്രവർത്തിക്കുന്നവയാണ്.

<u>യൂണിറ്റുകൾ ഉടമസ്ഥ പട്ടിക IV</u>

വാടകഭൂമിയിലാണ് ഏറെ വ്യവസായങ്ങളും പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിൽ കേന്ദ്രീകരിച്ചിട്ടുള്ള വ്യവസായങ്ങളിൽ ഏറിയപങ്കും മൂലധന നിക്ഷേപം രൂപ. 50,000ത്തിനും രൂപ. 5 ലക്ഷത്തിനും ഇടയിലുള്ളവയാണ്. ഈ നിക്ഷേപത്തുകയിൽ 47.37% പാർട്ണർഷിപ്പായാണ് നൽകുന്നത്. ബാക്കിയുള്ളവയിൽ ചില ധനകാര്യ സ്ഥാപനങ്ങളുടെ സഹായവും കാണാം. ഈ വ്യവസായങ്ങളുടെ ഏറ്റവും വലിയ നേട്ടം അവ നൽകുന്ന തൊഴിലവസരങ്ങളാണ്.

ജോലിസമയവും ജോലിയുടെ നിലവാരം അനുസരിച്ചുള്ള ഒരു വേതന വ്യവസ്ഥയാണ് ഈ വ്യവസായ ശാലകളിൽ നിലനിൽക്കുന്നത്. ആഴ്ചാവസാനങ്ങളിലോ, മാസാദ്യങ്ങളിലോ ആണ് മിക്കവാറും വേതനം നൽകിവരുന്നത്. രൂപ. 500നും രൂപ. 3500നും ഇടയിലുള്ള വേതന നിലവാരമാണ് ഈ വ്യവസായങ്ങളിൽ നൽകിവരുന്നത്. ചില വ്യവസായങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എങ്കിലും ചിലവ് 5000നും രൂപ. 65000ത്തിനും ഇടയിൽ ലാഭം നേടി പ്രവർത്തിക്കുന്നതായാണ് കാണുന്നത്.

വ്യാവസായികോൽപന്നങ്ങളിൽ 53.33%ത്തിനും നല്ല ഡിമാന്റാണ് എന്നാണ് വസ്തുതകൾ വെളിവാക്കുന്നത്. 77.78%വ്യവസായ ഉൽപന്നങ്ങളും നേരിട്ട് വിറ്റഴിക്കപ്പെടുന്നവയാണ്. 22.22% ഉൽപ്പന്നങ്ങളും ഇടനിലക്കാരിലൂടെ വിറ്റഴിക്കപ്പെടുകയും ചെയ്യുന്നു. ഈ വ്യവസായികോൽപന്നങ്ങളിൽ 44.44%വും സാധാരണ മാർക്കറ്റിൽ വിറ്റഴിക്കുന്നു. 16.67% ദേശീയതലത്തിലും 11.11% അന്തർദേശീയതലത്തിലും വിറ്റഴിക്കുന്നതായാണ് വസ്തുതകൾ വെളിവാക്കുന്നത്.

അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ജോലി പരിചയം, വിപണനസാധ്യതകൾ എന്നിവയാണ് പ്രധാനമായും ഈ വ്യവസായസ്ഥാപനങ്ങൾ വളരാനുള്ള സാഹചര്യങ്ങൾക്ക് വഴി തെളിച്ചത്. സാമ്പത്തികമായ ബുദ്ധിമുട്ടുകളാണ് ഇവയെ നഷ്ടത്തിലേക്ക് നയിക്കുന്നത്. എങ്കിലും ഇത് ഏറേക്കുറേ വായ്പാ പദ്ധതികളിലൂടേയും മറ്റും പരിഹരിക്കപ്പെടുന്നു. വൈദ്യുതതകരാറാണ് ഈ മേഖലയെ ക്ഷയിപ്പിക്കുന്ന പ്രധാനഘടകം. തുടർച്ചയായ വൈദ്യുതക്ഷാമവും പവർകട്ടും ഈ മേഖലയെ വല്ലാതെ ഉലച്ചിരിക്കുന്നു. മിക്കവാറും വ്യവസായശാലകളിൽ ജനറേറ്റർ ഇല്ല, അതിനാൽ പവർകട്ട് ഈ മേഖലയെ സ്തംഭിപ്പിക്കുന്നു. പ്രധാനമായും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, സാങ്കേതികമായി പ്രാവിണ്യം നേടിയ തൊഴിലാളികളുടെ കുറവ്, സാമ്പത്തിക ബുദ്ധിമുട്ടുകൾ തൊഴിൽപ്രശ്നങ്ങൾ, വിപണന പ്രശ്നങ്ങൾ എന്നിവയാണ് ഇവയുടെ നിലനിൽപ്പിനെ ബാധിക്കുന്ന പ്രധാനഘടകങ്ങൾ.

ഇത്തരം അപര്യാപതതകൾ ഒഴിവാക്കി, പുതിയ മേഖലയിൽ കൂടിയുള്ള അസംസ്കൃത വസ്തുക്കളും, സഹായങ്ങളും, ഗവൺമെന്റാനുകൂല്യങ്ങളും നൽകിയാൽ ഭാവിയിൽ കൂടുതൽ യൂണിറ്റുകളെ വികസിപ്പിച്ചെടുക്കാനും തൻമൂലം പഞ്ചായത്തിന്റെ

വികസനത്തിന്നു സാധ്യതകളേറയാണ്. പഞ്ചായത്തിൽ ലഭ്യമായ കാർഷികോൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് തുടങ്ങാവുന്ന വ്യവസായങ്ങൾ

പട്ടിക V

ആളൂർ പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളും, വ്യാവസായം സംബന്ധിച്ച വിദഗ്ദ സമിതിയും വ്യാവസായ വികസനത്തിനായി നിരവധി നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

1. ആളൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക.
2. സഹകരണ മേഖലയിൽ ജില്ലാ സഹകരണ ബാങ്കിന്റെ സഹായത്തോടെ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുക.
3. പഞ്ചായത്തിൽ സുലഭമായ ചകിരി ഉപയോഗിച്ച് വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു വ്യവസായം സ്ഥാപിക്കുക.
4. ഒരു ഡിസ്പോസിബിൾ സിറിഞ്ച് നിർമ്മാണഫാക്റ്ററി ആരംഭിക്കുക.

പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ് ഫോർമറുകൾ സ്ഥാപിച്ചും, ഒരു പുതിയ സബ്സ്റ്റേഷൻ നിർമ്മിച്ചും വ്യവസായ പുരോഗതിയ്ക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക.

വൈദ്യുതിയുടെ അമിത ഉപഭോഗം കുറയ്ക്കുന്നതിന് KSEB, ANERT, സർക്കാർ എന്നിവയുടെ സഹകരണത്തോടെ വീടുകളിൽ സോളാർ ലാംബുകൾ സ്ഥാപിക്കുക.

: ഓരോ വാർഡുകളിലും പരീക്ഷണാർത്ഥം 25 വീടുകളിൽ.

## മിനിവ്യവസായ എസ്റ്റേറ്റ്.

പഞ്ചായത്തിന്റെ തെക്കൻ ഭാഗത്ത് ( വെള്ളാഞ്ചിറ ഭാഗത്തിന് മുൻഗണന) ചുരുങ്ങിയത് 2 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി, വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കണം. പഞ്ചായത്തിൽ നിലവിലുള്ള SIDCO ESTATE ൽ കൂടുതൽ വ്യവസായം തുടങ്ങുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുക.

## മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ.

തൊഴിലവസരങ്ങളും, വിജയസാധ്യതയുമുള്ള താഴെ പറയുന്ന വിഭാഗങ്ങളിൽ അടിയന്തിര പ്രാധാന്യം കൊടുത്ത് പദ്ധതികൾ ആവിഷ്ക്കരിക്കണം.

1. റബ്ബർ വ്യവസായം.
2. ഫർണീച്ചർ വ്യവസായം.
3. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കൈത്തറി വ്യവസായം ഖപൗഗ വദഭീൗ സഹായത്താൽ, എബ്രോയ്ഡറി യൂണിറ്റുകൾ.
4. ചിപ്സ്, അച്ചാർ, മസാലപ്പൊടി, തുടങ്ങിയവയുടെ നിർമ്മാണം.
5. രണ്ടാം വാർഡിൽ പൂട്ടിയിട്ടിരിക്കുന്ന ഓയിൽമിൽ തുറക്കുക. മിനി എക്സ്പല്ലറിന് സാധ്യതയുള്ളിടത്ത് ആരംഭിക്കുക.
6. കുട നിർമ്മാണ യൂണിറ്റ്.
7. തീപ്പെട്ടി വ്യവസായം.
8. സോപ്പു നിർമ്മാണം.
9. മെഴുകുതിരി നിർമ്മാണം. ചന്ദനത്തിരി നിർമ്മാണം
10. മുള, ഈറ്റ, ചൂരൽ തൊഴിലുകൾക്ക് ഒരു സൊസൈറ്റി കുട്ടനെയ്ത്ത്, പായ്നെയ്ത്ത് മെറ്റൽ ഉടയ്ക്കൽ എന്നിവയ്ക്ക് IRDP സഹായം ലഭ്യമാക്കുക.
11. പഴം, പച്ചകറിക്ക്, സംസ്കരണ യൂണിറ്റ്.
12. ഇലക്ട്രോണിക്സ് വ്യവസായം.
13. മൺപാത്ര നിർമ്മാണതൊഴിലാളികളെ പുനരുദ്ധരിക്കുക, ആധുനികവൽക്കരിക്കുക. (തുരുത്തി പറമ്പ്).
14. ബേക്കറി വ്യവസായം, വൈരക്കൽ വ്യവസായം.
15. കൈത്തൊഴിലുകാരുടെ കൂട്ടായ്മയിൽ സൈക്കിൾ മെക്കാനിക് വർക്ഷോപ്പ്, എഞ്ചിനീയറിംഗ് വർക്ഷോപ്പ്, ഓട്ടോമൊബൈൽ വർക്ഷോപ്പ്.
16. വനിത വ്യവസായ സംരംഭകരെ പരിശീലിപ്പിച്ച് ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ സഹായിക്കുക.

പൊതുവിൽ പഞ്ചായത്തിൽ സാധ്യതയുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ താഴെ കൊടുക്കുന്നു.
സാദ്ധ്യതയുള്ള SSI യൂണിറ്റുകൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ SSI | 1. | ആധുനിക രീതിയിലുള്ള ആയുർവ്വേദ മരുന്നു നിർമ്മാണം. |
| | 2. | ശാസ്ത്രീയമായ കോഴിവളർത്തൽ. |
| | 3. | മരം, ഫർണീച്ചർ. |
| | 4. | ഹവായ് ചെരിപ്പ്. |
| | 5. | അലുമിനിയ പാത്രങ്ങൾ. |
| | 6. | ഫാൻസി ലതർ ഗുഡ്സ്. |
| | 7. | സ്കൂൾ ബാഗ്. |
| | 8. | ലികിഡ് ഡിറ്റർജന്റ്. |
| | 9. | ക്ലീനിംഗ് പൗഡർ. |
| | 10. | ഇൻഞ്ചക്ഷൻ മോഡലിലുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ. |
| | 11. | ഓട്ടോ ഇലക്ട്രിക് ഷോപ്പ്. |
| | 12. | ജനറൽ എൻജിനീയറിംഗ്. |
| | 13. | ഇരുചക്രവാഹന വർക്ക്ഷോപ്പ്. |
| | 14. | എമർജൻസി ലാബ്. |
| | 15. | സ്വിച്ച് ബോർഡ്. |
| | 16 | കുട്ടികളുടെ ഷൂ. |
| | 17. | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം. |

പഞ്ചായത്തിൽ ലഭ്യമായ കാർഷികോൽപ്പന്നങ്ങൾകൊണ്ടു തുടങ്ങാവുന്ന SSI യൂണിറുകൾ :

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| SSI | 1. | യന്ത്രമുപയോഗിച്ച് പച്ചചകിരിനാര് നിർമ്മാണം. |
| | 2. | ചകിരി ഉപയോഗിച്ചുള്ള വളം. |
| | 3. | തെങ്ങുകൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും, ഫർണീച്ചറുകളും |
| | 4. | ചിരട്ടപ്പൊടി |
| | 5. | തേങ്ങാ പൗഡറും, ക്രീമും |
| | 6. | വെളിച്ചെണ്ണ |
| | 7. | കന്നുകാലിത്തീറ്റ |
| | 8. | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ |
| | 9. | ചിപ്സ് നിർമ്മാണം |
| | 10. | ചാർക്കോൾ |
| | 11. | തെങ്ങ്, ചിരട്ട, എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ. |
| | 12. | പഴം, ജാമുകൾ, കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക, മാങ്ങ . |
| | 13. | അവിൽ വ്യവസായം |
| | 14. | ഫാൻസി ഫൈബർ(വാഴനാര്, കൈതനാര്) |
| | 15. | തേങ്ങപ്പീര ഉപയോഗിച്ചുള്ള മിഠായികൾ, ചോക്കലേറ്റുകൾ |

നടപ്പ് പഞ്ചവത്സര പദ്ധതിക്കാലത്ത് വ്യവസായ വകുപ്പിൽ നിന്നും ആളൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1. | മാർജ്ജിൻ മണി വായ്പ | 11,03,226 |
| 2. | 15% സബ്സിഡി | 11,40,249 |
| 3. | വനിതാ വ്യവസായങ്ങൾക്കുള്ള ഗ്രാൻറ് | 38,602 |
| 4. | ഗ്രാമീണ കൈത്തൊഴിൽ പദ്ധതി പ്രകാരം ഗ്രാൻറ് | 20,000 |
| 5. | ഹരിജൻ വികസന പദ്ധതിപ്രകാരം വായ്പ | 2,69,000 |
| 6. | ഹരിജൻ വികസന പദ്ധതി പ്രകാരം ഗ്രാൻറ് | 10,372 |

ആകെ : 25,81,449

പട്ടിക IV

ചെറുകിട വ്യവസായങ്ങളുടെ ഉടമസ്ഥത

| | പട്ടികജാതി | പട്ടികവർഗ്ഗം | സ്ത്രീകൾ | മറ്റുള്ളവർ |
|---|---|---|---|---|
| Aloor | -- | -- | 12 | 110 |
| Mala | 12 | 3 | 49 | 355 |

## പട്ടിക II

ചെറുകിട വ്യവസായങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക്.(SSI രജിസ്ട്രേഷൻ പ്രകാരം)
(ഉപയോഗപ്പെടുന്ന അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനം)

| | കാർഷികോത്പന്ന വ്യവസായം | തടി വ്യവസായം | മൃഗ സംരക്ഷണം | തുണിത്തരങ്ങൾ | കെമിക്കൽസ് | എൻജിനീയറിംഗ് | ഇലക്ട്രോണിക്സ് | ബിൽഡിംഗ് മെറ്റീരിയൽസ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| ആളൂർ പഞ്ചായത്ത് | 30 | 25 | 2 | 3 | 4 | 15 | 1 | 8 | 34 |
| മാള ബ്ലോക്ക് | 69 | 39 | 7 | 22 | 7 | 47 | 5 | 22 | 130 |

## പട്ടിക I

നിലവിലുള്ളസ്ഥാപനങ്ങളും തൊളിലാളികളുടെ എണ്ണവും
(വ്യവസായ വകുപ്പിലെ രജിസ്ട്രേഷൻ പ്രകാരം)

| | വൻകിട | ഇടത്തരം | | | ചെറുകിട | | | |
|---|---|---|---|---|---|---|---|---|
| | | പൊതുമേഖല | സ്വകാര്യ മേഖല | | പൊതുമേഖല | | സ്വകാര്യ മേഖല | |
| | | | UNit. No. | No. Of Employee | Unit No. | No. Of Employees | Unit No. | No. Of Empoyee |
| Aloor | Nil | Nil | 1 | 118 | 4 | 17 | 117 | 472 |
| Mala Block | Nil | Nil | 2 | 212 | 9 | 100 | 335 | 1248 |



101

പട്ടിക III

വ്യവസായ എസ്റ്റേറ്റിലെ യൂണിറ്റുകളുടെ വിവരങ്ങൾ

| No | യൂണിറ്റിന്റെ പേര് | ഉൽപ്പന്നം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | Leo Engineering Private Ltd | Vacuum Pump | 7 |
| 2. | Backlite & Allied Products | Battery Products | 12 |
| 3. | Industrial Electronics | Electronic Product | 4 |
| 4. | Meera Polythene Products | Polythene Cover | 5 |
| 5. | Image India | Engineering Works | 6 |
| 6. | Sims Plastics | Plastic Products | 5 |
| 7. | Saraf Electricals | Electrical Cable | 5 |
| 8. | A J Industries | Aluminium Vessels | 12 |
| 9. | Bright Star Metals | " | 13 |
| 10. | Steel india | Steel Furniture | 2 |
| 11. | J J Paints | Paint | 5 |
| 12. | J R K Polymers | Tread Rubber | 10 |
| 13. | Sapna Products | Sweets | 22 |

പട്ടിക VI

ആളൂർ ഗ്രാമ പഞ്ചായത്ത്

വ്യപാര വ്യവസായ സ്ഥാപനങ്ങൾ (പഞ്ചായത്ത് ലൈസൻസ് ഉള്ളവ)

| വാർഡ് നമ്പർ | വ്യപാരം | വ്യവസായം |
|---|---|---|
| I | 27 | 8 |
| II | 5 | 12 |
| III | 10 | 8 |
| IV | 4 | 4 |
| V | 36 | 11 |
| VI | 38 | 12 |
| VII | 20 | 10 |
| VIII | 6 | 7 |
| IX | 16 | 10 |
| X | 47 | 18 |
| XI | 15 | 13 |
| XII | 10 | 27 |
| XIII | 19 | 34 |
| | 253 | 174 |

# ഊർജ്ജം

തൃശൂർ ജില്ലയിൽ പ്രകൃതിയനുസരിച്ച് വലുപ്പത്തിൽ 5-ാം സ്ഥാനവും ജനസംഖ്യയിൽ 5-ാം സ്ഥാനത്തും നിൽക്കുന്ന ആളൂർ ഗ്രാമ പഞ്ചായത്ത് ഇനിയും വൈദ്യുതിയുടെ കാര്യത്തിൽ പുറകിലാണ്. പഞ്ചായത്തിന്റെ ഭൂപ്രദേശം ചാലക്കുടി, കൊടകര, ഇരിങ്ങാലക്കുട, കൊമ്പിടി എന്നി ഇലക്ട്രിസിറ്റി ഓഫീസുകളുടെ പരിധിയിലാണ്. ഇനിയും വൈദ്യുതി എത്താത്ത വീടുകൾ ഈ പഞ്ചായത്തിലുണ്ട്. 1947-ലാണ് ആളൂർ പഞ്ചായത്തിൽ വൈദ്യുതി വിതരണം ആരംഭിച്ചത്. 8636 വീടുകളുള്ള ആളൂർ പഞ്ചായത്തിൽ 7166 വീടുകൾ വൈദ്യുതീകരിച്ചവയാണ്. 1470 വീടുകൾ ഇനിയും വൈദ്യുതീകരിക്കേണ്ടതുണ്ട്. ഇനിയും വൈദ്യുതി എത്താത്ത രണ്ട് ഭൂരഹിതകർഷക കോളനികൾ ഈ പഞ്ചായത്തിലുണ്ട്. വെള്ളാഞ്ചിറ, പാലപ്പെട്ടി എന്നീ കോളനികളാണ് അവ.

**വൈദ്യുതി ഉപഭോക്താക്കൾ പട്ടിക I**

നിലവിലുള്ള ഉപഭോക്താക്കൾ ഇല-ബോർഡ് കണക്കുപ്രകാരം

| | |
|---|---|
| ഗാർഹീകം | 7166 |
| വ്യപാരം | 542 |
| വ്യവസായം | 216 |
| കാർഷീകം | 1674 |

പഞ്ചായത്തിലെ വൈദ്യുതി സംവിധാനത്തിൽ 53 ട്രാൻസ്ഫോർമറുകൾ ഉണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്. നമ്പിക്കുന്ന്, പൊരുന്നുകുന്ന്, പഞ്ഞപ്പിള്ളി തുടങ്ങിയ സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം അതി രൂക്ഷമാണ്. ഒരു സബ്സ്റ്റേഷന്റെ സ്ഥാപനം മാത്രമേ അതിനു പരിഹാരമുള്ളൂ. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതി യുള്ളവരാണ്. അതുകൊണ്ട് തന്നെ മിക്ക ഗ്രാമസഭ കളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള മീറ്ററുകൾ 50% കേടായവയാണെന്ന് അധികൃതർ തന്നെ സമ്മതിക്കുന്നുണ്ട്.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികയിൽ രേഖപ്പെടുത്തി യിരിക്കുന്നു.

പഞ്ചായത്ത് പ്രദേശത്ത് ആകെ 51 കി. മീ. 11 K. V. ലൈനുകളുമുണ്ട്. വളരെ വിപുലമായ പൊതുനിരത്തുകളും റോഡുകളും ഉള്ള പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് സംവിധാനം വളരെ മോശമാണ്. പഞ്ചായത്തിൽ ആകെ 81 ഫ്ലൂറസന്റ് ട്യൂബുകളും 933 ബൾബുകളും ഒരു സോഡിയം വേപ്പർ ലാമ്പും ഉണ്ട്. അതിൽ ഭൂരിഭാഗവും കത്താത്ത അവസ്ഥയിലാണ്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി ബോർഡിന്റെ പല ഓഫീസുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന വിഷമങ്ങൾക്ക് പുറമേ ജനപ്രതിനിധികൾക്കും സാമൂഹ്യപ്രവർത്തകർക്കും പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ വിഷമം അനുഭവപ്പെടുന്നു.
3. പ്രേഷണവിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ്, പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.
4. സ്ട്രീറ്റ് ലൈറ്റ് സംവിധാനം തീരെ അപര്യാപ്തമാണ്.
5. K. S. E. B. രജിസ്റ്ററുകളിൽ കാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു.
6. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ്- അപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.
7. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത അഴിമതി എന്നിവയും വിഷമങ്ങൾ കൂട്ടുന്നു.

**സാദ്ധ്യതകൾ**

വൈദ്യുതി ഓഫീസുകളിലെ രജിസ്റ്ററിൽ ഉള്ളതിനേക്കാൾ എത്രയോ അധികം വൈദ്യുതിയാണ് യഥാർത്ഥ വൈദ്യുതി ഉപഭോഗം. സമ്പന്ന കുടുംബങ്ങളിൽ സ്റ്റെപ്പ്- അപ്പുകൾ നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതുകാരണം മറ്റു വീടുകളിൽ വോൾട്ടേജ് കുറയുന്നുണ്ട്. പ്രേഷണ വിതരണ രംഗങ്ങളിൽ വരുന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിനുകാരണമാകുന്നുണ്ട്.

മരച്ചില്ലകളും മറ്റും ലൈനുകളിൽ തട്ടി ഉണ്ടാകുന്ന തടസ്സങ്ങളും ഇവിടെ വൈദ്യുതി വിതരണ രംഗത്തെ സ്ഥിരം സംഭവങ്ങളാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ മാത്രമായി പ്രത്യേകസംവിധാനം പ്രാദേശികതലങ്ങളിൽ ഉണ്ടാകേണ്ടതാണ്. പഞ്ചായത്ത് മുൻകൈയെടുത്ത് ഉണ്ടാക്കുന്ന സമിതി സന്നദ്ധ പ്രവർത്തകരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

മിക്ക ഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റുകൾക്കുവേണ്ടി നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിരിക്കുന്നു. ആവശ്യങ്ങളും തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭക്ക തന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു. ഇപ്പോൾ തന്നെ 15069ക ഈ ഇനത്തിൽ പഞ്ചായത്ത് പ്രതിമാസം ബോർഡിന് കൊടുക്കുന്നുണ്ട്.

ബോർഡ് ജീവനക്കാരിൽ പലരും സാമൂഹ്യപ്രതിബദ്ധത ഇല്ലാത്തവരും അഴിമതിക്കാരും ജോലിയിൽ അനാസ്ഥകാണിക്കുന്നവരും ആണെന്ന് അർത്ഥം വരുന്നവിധം പല ഗ്രാമസഭകളും വിലയിരുത്തൽ നടത്തിയിരുന്നു.

വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുക. ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനക്ക് വിധേയമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക, തദ്ദേശസ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ അതാത് തലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുക, തുടങ്ങിയ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ മുഴുവൻ രംഗങ്ങളും ഒന്നിച്ചുചേർത്ത് ഒരേ ഓഫീസിനു കീഴിൽ പ്രവർത്തനം നടത്തണമെന്ന് ഉപഭോക്താക്കൾ ശക്തമായു ആവശ്യപ്പെടുന്നുണ്ട്. 4500ൽ കൂടുതൽ ഉപഭോക്താക്കൾ ഉള്ള സെക്ഷനുകൾ മേജർ സെക്ഷൻ ആക്കണമെന്ന വൈദ്യുതി ബോർഡിന്റെ പ്രഖ്യാപിതനയപ്രകാരം തന്നെ കൊമ്പിടിയിലെ ഇലക്ട്രിസിറ്റി ഓഫീസും കല്ലേറ്റുംകരയിലേതും മേജർ സെക്ഷനായി ഉയർത്തുവാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

വോൾട്ടേജ്ക്ഷാമം പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങളുടെ ഭാഗമായി ആളൂർ പഞ്ചായത്തിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശക്തമായി ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിൽ അടിയന്തിരമായി വൈദ്യുതിക്കു വേണ്ടി ചെയ്യേണ്ട ലൈൻ പ്രവർത്തനങ്ങൾ അവയോട് ബന്ധപ്പെട്ട ചെലവുകൾ ജനവിഹിതം എന്നിവ സംബന്ധിച്ച് വാർഡ് തിരിച്ചുള്ള വിവരങ്ങളാണ് പട്ടികപ്പെടുത്തിയിരിക്കുന്നത്.

## പട്ടിക III

വൈദ്യുതിലഭിക്കാത്തതു നിമിത്തം വ്യവസായം ആരംഭിക്കുവാൻ കഴിയാത്തവരും വർഷങ്ങളായി സി.ഡി അടച്ച് കാത്തിരിക്കുന്നവരും കാർഷികാവശ്യത്തിന് വായ്പ എടുത്ത് മോട്ടർ പമ്പ് വാങ്ങിച്ച് കണക്ഷൻ ലഭിക്കാതെ ബുദ്ധിമുട്ടുന്നവരും ഈ പഞ്ചായത്തിൽ നിരവധിയാണ്.

നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി കത്തിക്കുന്നു. പലപോസ്റ്റുകളിലും ബൾബില്ലാതേയും ഹോൾഡർ ഇല്ലാതേയും കണക്ഷൻ വേർപ്പെട്ട നിലയിലും ആയതുകൊണ്ട് ഉള്ള സംവിധാനം തന്നെ ഉപകാരമില്ലാതെ പോകുന്നു. ട്യൂബ്ലൈറ്റുകൾ കത്താതെ വന്നാൽ മാസങ്ങളോളം നോക്കുകുത്തിയായി നിന്ന ശേഷമേ പലപ്പോഴും മാറ്റപ്പെടുന്നുള്ളു. പഞ്ചായത്തിലെ വരുമാനത്തിന്റെ നല്ലൊരു പങ്ക് ചിലവഴിക്കുന്ന ഈ വിളക്കുകത്തിക്കൽ പരിപാടി ജനോപകാരപ്രദമാക്കുവാൻ വൈദ്യുതി ബോർഡിൽനിന്നും മാസത്തിലൊരിക്കലെങ്കിലും പരിശോധന നടത്തുന്നതിന് ജീവനക്കാരെ നിയോഗിക്കണം. വാണിജ്യ പ്രധാനവും ആൾതിരക്കുമുള്ള ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിക്കണം.

### ഗ്രാമസഭാവലോകനം

ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. കണ്ണിക്കര ജ്യോതിനഗർ, നമ്പിക്കുന്ന്
2. പഞ്ഞപ്പിള്ളി തെക്കേമുണ്ടകൻ പാടം റോഡ്
3. പഞ്ഞപ്പിള്ളി മനപ്പടി ജംഗ്ഷൻ
4. പൊരുന്നുകുന്ന്
5. ഉറുമ്പുകുന്ന്
6. കനാൽപാലം ആളൂർ ഈസ്റ്റ്
7. എടത്താടൻ സെന്റർ
8. ആനത്തടം കനാൽപാലത്തിനടുത്ത് നിന്ന് 11 കെ.വി ലൈൻ വലിച്ച് താണിപ്പാറയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
9. അഞ്ചാം വാർഡിൽവെള്ളാംചിറ കുളം പരിസരത്ത് മുസ്ലീം പള്ളി പരിസരം, പാറങ്ങാടി.

10. ഏഴാം വാർഡിൽ നിലവിലുള്ള കപ്പാസിറ്റി കുറഞ്ഞ ട്രാൻസ്ഫോർമർ മാറ്റി ഉയർന്ന കപ്പാസിറ്റിയുള്ള ഒരെണ്ണം സ്ഥാപിക്കുക.

11. അഞ്ചാം വാർഡിൽ വഴിക്കിലചിറ റോഡിൽ

12. കൊമ്പൊടി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറെ ഭാഗത്തായി

13. ആളൂർ ഗേറ്റിനു തെക്കേഭാഗം

14. പാറയ്ക്കൽ സെന്റർ ഏഴാം വാർഡ്

15. പതിക്കാട് പരിസരം

16. ആളൂർ, കൊടകര പി.ഡബ്ല്യു.ഡി റോഡിൽ ആനത്തടം റോഡ് ജംഗ്ഷൻ

വ്യാവസായ ആവശ്യങ്ങൾക്കും കൃഷി ആവശ്യത്തിനും വളരെ വലിയ അളവിൽ ആവശ്യമായ വൈദ്യുതി പ്രാധാന്യം കണക്കിലെടുത്ത് എന്തുവിലകൊടുത്തും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി ലഭ്യമാക്കേണ്ടതുണ്ട്. മുഴുവൻ പട്ടികജാതി പട്ടികവർഗ കുടുംബങ്ങളിലും ലക്ഷംവീട് കോളനികളിലും നിർദ്ധനവിധവകളുടേയും വികലാംഗരുടേയും കുടുംബങ്ങൾ വൈദ്യുതീകരിക്കണം.

## തെരുവുവിളക്കുകൾ സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കിഴക്കേ പഞ്ഞപ്പിള്ളി ലിങ്ക് റോഡും അതിന്റെ ബൈലൈനുകളും കോന്നിക്കത്താഴം റോഡും അതിന്റെ ബൈലൈനുകളും

2. മൂന്നാം വാർഡ് ചർച്ച് റോഡിൽ നിന്നും കുണ്ടൂപാടം റോഡുവരെ, പഴയസെമിത്തേരി റോഡിൽ കനാൽ ക്വാർട്ടേഴ്സ് റോഡ് മാള വഴി വരെ, ചവറ്റുപാടം റോഡിൽ നിന്നും വാസുപുരം അമ്പലം റോഡ് വഴി കുണ്ടൂപാടം റോഡുവരെ, കുണ്ടൂപ്പാടം റോഡുമുതൽ ആർ.എം.എച്ച്.എസ് റോഡുവരെ.

3. നാലാംവാർഡിൽ കണ്ണിക്കര, പതിക്കാട്, കീഴ്ചിറപൊക്കം വരെ ലൈൻ നീട്ടി ആവശ്യമായ തെരുവുവിളക്കുകൾ സ്ഥാപിക്കുക. പിഗ്മെന്റ് സെന്ററിൽ ഒരു സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കുകയും നമ്പിക്കുന്നിലും കണ്ണിക്കര പതിക്കാട് റോഡ് തുടങ്ങുന്നിടത്ത് ട്യൂബ്ലൈറ്റ് സ്ഥാപിക്കുകയും വേണം.

4. അഞ്ചാം വാർഡിൽ കൊമ്പൊടിഞ്ഞാമാക്കൽ മുസ്ലീം സ്ട്രീറ്റ്റോഡ് പുന്നേലിപടിയിൽ നിന്നുള്ള കോരകുളം റോഡ്, വെള്ളാംകല്ലൂർ കൊമ്പൊടി റോഡിൽനിന്നും ബ്രഹ്മപുരം പാടംറോഡ്, പുന്നേലിപടി അയ്യപ്പൻകാവ് റോഡ് പാറക്കടവ് പറമ്പിൽ റോഡ്, വാരണാട് അമ്പലം റോഡ് എന്നിവിടങ്ങളിൽ അടിയന്തിരമായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. വാർഡിൽ കണക്ഷൻ ലഭിക്കാത്ത നൂറിൽ പരം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള നടപടി എടുക്കുക.

5. ആറാം വാർഡിൽ വെള്ളാംചിറകുളം പരിസരത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

6. ഏഴാം വാർഡിൽ അഞ്ചലങ്ങാടിക്ക് കിഴക്കുഭാഗത്ത് 25 വീടുകൾക്ക് കണക്ഷൻ എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുക. കനാൽ റോഡ്, പാറങ്ങാടി റോഡ് തിരുത്തിപറമ്പ് കോളനി റോഡ്, തീപ്പെട്ടി കമ്പനി റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

7. എട്ടാം വാർഡിലെ ക്ലബ് റോഡ്, കനാൽ റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

8. ഒമ്പതാം വാർഡിൽ പൊരുന്നുകുന്ന് കോളനി, ദുർഗാ ക്ഷേത്രം റോഡ് ദുബായ് റോഡ് ലക്ഷംവീട് കോളനി റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റും ഷോളയാർ പരിസരത്ത് ഒരു മണ്ണെണ്ണ പമ്പും സ്ഥാപിക്കുക.

9. പത്താംവാർഡിലെ ആർ.എം.എച്ച്.എസ് വലിയകുളം റോഡ്, കെ.എഫ്. ബാബുമാസ്റ്ററുടെ അടുത്തുള്ള റോഡ് മെയിൻകനാൽ ബണ്ട് റോഡ്, കെ.എൽ. ജോർജിന്റെ വീടിനുസമീപമുള്ള റോഡ്, പേരാമ്പ്ര കനാൽ ബണ്ട്, ആളൂർ റെയിൽവേ ഗേറ്റ് പരിസരത്തെ കനാൽ ബണ്ട് റോഡ്, റെയിൽവേ ഗേറ്റിന്റെ തെക്കുഭാഗത്ത് കനാൽബണ്ട് റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

10. പതിനൊന്നാം വാർഡിലെ ആശാരിമൂല വൈദ്യുതീകരിക്കുക. അമ്പലം റോഡ്, താണിപ്പാറ റോഡ്, ആശാരിമൂലറോഡ്, വിയറ്റ്നാം കോളനി റോഡ്, ഉറുമ്പുംകുന്ന് ലിങ്ക് റോഡ് എന്നിവിടങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

11. പന്ത്രണ്ടാം വാർഡിൽ കാട്ടാംതോട് കോളനിറോഡ് ആനത്തടം ഐനിച്ചിറ റോഡ് കോതകുളം റോഡ് ടി.വി. ലോനപ്പൻ റോഡ്, പി.ഡബ്ല്യു.ഡി റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

12. പതിമൂന്നാം വാർഡിൽ ചിറങ്ങനം റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

13. പതിനാലാം വാർഡിൽ പാലപ്പെട്ടി കല്ലൻ റോഡ്, കെളവൻകയറ്റം റോഡ്, പാറപ്പുറം വഴി താരൂർ റൈസ്മിൽ ലിങ്ക് റോഡ്, പൊരുന്നുംകുന്ന് റെയിൽവേ ക്രോസ് റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

ഗ്രാമസഭകളുടെയും വിദഗ്ദ്ധസമിതികളുടേയും അഭിപ്രായത്തിൽ പഞ്ചായത്തിലാകെ 560 സ്ട്രീറ്റ് ലൈറ്റുകൾ ഇനിയും സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

ആളൂർ ഗ്രാമപഞ്ചായത്തിൽപ്രവർത്തിക്കുന്ന ഒരു ഗ്യാസ് ഏജൻസി നിലവിലില്ല. അടുത്ത പഞ്ചായത്തിൽ സർവിസ് നടത്തുന്ന ചില ഗ്യാസ് വിതരണക്കാർ ഇവിടേയും ചിലഭാഗങ്ങളിൽ വിതരണം നടത്തുന്നുണ്ടെങ്കിലും അതുപൂർണമല്ല. ആളൂർ പഞ്ചായത്തിലെ ഒരു ഉപഭോക്താവിന് ഗ്യാസ് കണക്ഷൻ കിട്ടാൻ ഈ ഏജൻസികളിൽനിന്ന് ഒരു നിർവാഹവുമില്ല. ആയതിനാൽ ആളൂർ പഞ്ചായത്തിൽ അടിയന്തിരമായി ഒരു ഗ്യാസ് ഏജൻസി എടുക്കാനുള്ള നടപടി സ്വീകരിക്കണം. 580ഓളം ഗ്യാസ് ഉപഭോക്താക്കൾ ഇപ്പോൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്നാണ് മനസിലാവുന്നത്.

പഞ്ചായത്തിലെ ലക്ഷംവീടുകളിലും പാചകത്തിന് വിറകാണുപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വളരെ കുറവാണ്. ഗ്യാസ് മണ്ണെണ്ണ വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം നടത്തുന്നവർ പത്തു ശതമാനത്തിൽ താഴേയുള്ളു. പുകയില്ലാത്ത അടുപ്പുകളെപറ്റിയും സോളാർ വിളക്കുകളെപറ്റിയും അറിയുന്ന വനിതകൾ അടക്കമുള്ള സാമൂഹ്യ പ്രവർത്തകരുള്ള സ്ഥലമായതുകൊണ്ടും അനാർട്ടിന്റെയും വൈദ്യുതി ബോർഡിന്റെയും സഹകരണത്തോടെ പ്രചരിപ്പിക്കേണ്ടതാണ്. വിപുലമായ ബോധവത്കരണ പരിപാടികൾ പഞ്ചായത്ത് മുൻകൈയെടുത്ത് സംഘടിപ്പിക്കേണ്ടതുണ്ട്.

വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപയോഗം തടയുവാനും അപകടങ്ങൾ ഇല്ലാതാക്കാനും വൈദ്യുത ബോർഡിന്റെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും ഗ്രാമസഭകളിൽ നിർദ്ദേശമുണ്ട്. വൈദ്യുതി വിതരണം പഞ്ചായത്തേറ്റെടുത്ത് നടത്തേണ്ടതാണ്. പതിനൊന്നു കെ.വി. ലൈൻ മുതൽ താഴോട്ടുള്ള അവയുടെ ചുമതല പഞ്ചായത്തിന്റെ നിയന്ത്രണത്തിലായിരിക്കണം പുറമ്പോക്കുകളിലൂടേയും പുരയിടങ്ങളിലൂടേയും പോകുന്ന ലൈനുകൾ പഞ്ചായത്തുവഴിയിലേക്കു മാറ്റി സ്ഥാപിക്കണം. ലൈനിലെ ജംമ്പറുകളും മറ്റുശാഖകളും നീക്കണം. സ്ലാബുസിസ്റ്റത്തിൽ അഴിച്ചുപണിനടത്തണം എല്ലാവീടുകളിലും വൈദ്യുതി എത്തിക്കാനുള്ള ഒരുസമയബന്ധിത പരിപാടിക്ക് രൂപം നൽകണം. എട്ടാം വാർഡിൽ വൈദ്യുതിയെത്താത്ത നൂറിൽപരം വീടുകൾക്ക് വൈദ്യുതിയെത്തിക്കണം.

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും സൂര്യപ്രകാശം മൂലം പ്രവർത്തിക്കുന്ന സോളാർ ലാംബുകൾ സ്ഥാപിക്കണം.

സർക്കാർ ഓഫീസുകളിൽ വെളിച്ചത്തിനും കാറ്റിനും വേണ്ടി വളരെയധികം വൈദ്യുതി അനാവശ്യമായി ഉപയോഗിക്കുന്നു. ഇതുകുറയ്ക്കുവാൻ കെട്ടിടങ്ങളുടെ മേൽകൂരയിൽ ട്രാൻസ്പാരന്റ് ഷീറ്റുകൾ ഉപയോഗിക്കുക. വൈദ്യുതിയുടെ ഫലവത്തായ ഉപയോഗത്തിന് വളരെയധികം പ്രചാരണം നടത്തേണ്ടിയിരിക്കുന്നു. 60 വാട്ട് ബൾബുകളുടെ സ്ഥാനത്ത് 20 ഇലക്ട്രിക് ചോക്കുള്ള ട്യൂബുകളും 11 വാട്ട് സി.എഫ്.സി ലാംബുകളും സ്ഥാപിക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം. ഇതിന് പഞ്ചായത്തും ധനകാര്യ സ്ഥാപനങ്ങളും വായ്പനൽകിയാൽ ഈ പഞ്ചായത്തിൽ വെളിച്ചത്തിന് ചിലവിടുന്ന ഊർജ്ജത്തിന്റെ 50 % ശതമാനത്തോളം ലാഭം നേടാം.

| വാർഡ് നമ്പർ | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിന്റെ സ്വഭാവം | ട്രാൻസ് ഫോർമർ | പ്രതീക്ഷിക്കുന്ന ചിലവ് | ജനവിഹിതം രൂപ | സംഖ്യ |
|---|---|---|---|---|---|---|---|
| 14. | കാരൂർ റൈസ് മില്ലിന്റെ അവിടെ നിന്ന് നവഭാവന ക്ലബിന്റെ പരിസരം പറയൻ തോട് ബ്രാഞ്ച് കനാലിന്റെ അവിടേക്ക് | 300m | | | | | |
| | കെളവൻ കയറ്റം റോഡിൽ നിന്നും കുറുപ്പിന്റെ അമ്പല പരിസരത്തേക്ക് | 200m | | | | | |
| | വെള്ളാച്ചിറ പാറപ്പുറം റോഡിൽ പൊരുന്നംകുന്ന് | 500m | | | | | |
| | ഭൂരഹിത കർഷക കോളനി യിലേക്ക് | 250m | | | | | |
| 10. | ആളൂർ ചർച്ച് റോഡിൽ നിന്ന് 8 വീട്ടുകാർക്ക് | 200m | | | 8000/- | | |
| | ആളൂർ ചർച്ച് റോഡ്-മറ്റ ക്കാട് പാടശേഖരത്തേക്ക്. | 500m | | | 25000/- | | |

പട്ടിക III

# ആളൂർ ഗ്രാമ പഞ്ചായത്ത്

## പുതിയതായി നടക്കേണ്ട [എക്സ്റ്റൻഷൻ] ലൈനുകൾ.

| വാർഡ് നമ്പർ | പുതിയ ലൈനുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിന്റെ സ്വഭാവം | ട്രാൻസ്ഫോർമറുകൾ | പ്രതീക്ഷിക്കുന്ന ചിലവ് | ജനവിഹിതം രൂപ. സംഖ്യ. |
|---|---|---|---|---|---|---|
| 1. | പൂപ്പച്ചിറ കനാൽ ബണ്ട് റോഡ് | 300 മീറ്റർ | 3 ലൈൻ | 5 | | |
| 2. | | | | | | |
| 3. | താഴെക്കാട് ചർച്ച് റോഡ്- കൊമ്പിടി പഴയ സെമിത്തേരി to കനാൽ ഹെഡ്ക്വോർട്ടേഴ്സ് വഴി | 1000മീറ്റർ | | | 5000 | |
| 4 | ജ്യോതി നഗർറോഡ് | 2.5കി.മീ | 3 | | | |
| 5 | പാറയ്ക്കൽ റോട്ടിൽ നിന്നും കണ്ണൻകാട്ടിൽ ബേബിയുടെ വീടിന്റെ പരിസരം | 400m | | 5000 | | |
| | മുസ്ലീംസ്ട്രീറ്റു റോഡിൽനിന്നും, കല്ലൂപ്പറമ്പിൽ ബാബുവിന്റെ വീടുവരെ | 200m | | 20000 | | |
| | പാറയ്ക്കൽ റോഡിൽ നിന്നും | 100m | | 15000 | | |
| 6. | എഴുന്നള്ളത്ത് പാത റോഡിൽ | 300m | | 20000 | | |
| | മാളവഴി- വെള്ളാഞ്ചിറ കുളംവഴി | 250m | | 15000 | | |
| 7. | തീപ്പെട്ടിക്കമ്പിനി പരിസരത്ത് നിന്ന് മൂർക്കനാടൻ കൊച്ചപ്പന്റെ വീട് വരെ | 600m | | | | |
| | സ്ത്രീധനക്കാവ് കപ്പേളയുടെ പുറകുവശത്തേക്ക് | | | | | |
| 8. | | | | | | |
| 9. | ഇറ്റാമെൻ സ്മാരക റോഡ് പോത്തോളി കുഞ്ഞിറ്റിയുടെ വീടു പരിസരത്തേക്ക് | 500m | | 25000 | | |
| 10 | ആളൂർ ചങ്ങല ഗേറ്റ് ക്യാമ്പിന്റെ അടുത്തുനിന്നു റെയിൽവേ ട്രാക്കിന്റെ സൈഡിലൂള്ള 14 വീച്ചുകാർക്ക് കണക്ഷനു വേണ്ടി | 500m | | 25000 | | |
| 11 | ഉറുമ്പൻ കുന്ന് ചർച്ച് റോഡിൽ നിന്നും ആശിരി മൂല വഴി | 500m | | | | |
| 12 | കളപ്പുരകുന്നിൽ(ടി.വി. ലോനപ്പൻ മെമ്മോറിയൽ റോഡിൽ പൂപ്പചിറ യുലെ ട്രാൻസ്ഫോർമർ എക്സ്റ്റെഷൻ | 300m | | | | |
| 13. | പാലപ്പൊടി ഭൂരഹിത കർഷക കോളനി | 200m | | | | |
| 14 | ഉറുനമ്പൻ കുന്ന് To വെള്ളംചിറ റയിൽവേഗേറ്റ് | 400m | | | | |

# മാർക്കറ്റ്

വിസ്തൃതിയിലും, ജനസംഖ്യയിലും വൈവിധ്യമുണ്ടായിട്ടും എല്ലാരംഗങ്ങളിലും സാമാന്യേന പുരോഗതിയുണ്ടായിട്ടും മാർക്കറ്റ് സംവിധാനത്തിൽ മാത്രം ആളൂർ പഞ്ചായത്ത് ഇപ്പോഴും വളരേ പുറകിലാണ് എന്നു പറയേണ്ടിയിരിക്കുന്നു. ഫലപ്രദമായ ഒരു മാർക്കറ്റ് സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നില്ല.ജനസംഖ്യയിൽ ഭൂരിഭാഗവും കർഷകരും, കൃഷിയെ ആശ്രയിച്ച് ജിവിക്കുന്നവരും കാർഷികോൽപ്പന്നങ്ങളിൽ നല്ലൊരു പങ്കും പഞ്ചായത്തിൽ വിറ്റഴിക്കുവാനും ഉപയോഗിക്കുവാനുള്ള ശേഷിയുണ്ടായിട്ടും കാർഷികോൽപ്പന്നങ്ങൾക്കുള്ള ഒരു വിപണന സംവിധാനം നിലവിലില്ല. 50 വർഷങ്ങൾക്കു മുമ്പ് കല്ലേറ്റുംകരയിൽ ഒരു ചന്ത ഉണ്ടായിരുന്നു.ചാലക്കുടി ഇരങ്ങാലക്കുട എന്നിവിടങ്ങളിലെ മാർക്കറ്റ് സംവിധാനവും ബസ്സ് സൗകര്യവും മൂലം ഈ മാർക്കറ്റ് ഫലത്തിൽ ഇല്ലാതാവുകയാണുണ്ടായത്. കൊമ്പൊടിയിൽ ഒരു വിറ്റില ചന്തയും, കുഴിക്കാട്ടുശ്ശേരി ഉറവത്ത് ജംഗഷനിൽ ഒരു ചന്തയും നിലനിന്നിരുന്നു. കാലക്രമേണ അതും ഇല്ലാതായി. പഞ്ചായത്ത് നിവാസികളെല്ലാം ചാലക്കുടി, ഇരിങ്ങാലക്കുട, കോട്ടപ്പുറം എന്നീ ചന്തകളെയാണ് ഉൽപ്പന്നങ്ങൾ വാങ്ങുവാനും വിൽക്കുവാനും ആശ്രയിക്കുന്നത്.

നിലവിലുള്ള പ്രകൃതി വിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണ ചന്തയും അതിനു വേണ്ടുന്ന വികസന സംസ്കാരവും പ്രസ്തുത ചന്തയോട് കഴിയാവുന്നത്ര ആശ്രിതത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസുകളും വാർത്തെടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്വത്തിൻെറ ചുവട് ഉറപ്പിക്കുവാനും സമ്പന്നതയുടെ തിരുമുറ്റത്തേക്ക് നടന്നു കയറുവാനും കഴിയും എന്ന ഉൾവിളി ഗ്രാമസഭകളിലെ ചർച്ചകളിൽ കേൾക്കുവാനുണ്ട്.

നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടയ്ക്ക, നെല്ല്, കിഴങ്ങ്‌വർഗ്ഗങ്ങൾ തുടങ്ങിയവയാണ് പ്രധാനപ്പെട്ട കാർഷികവിളകൾ. ഇവയിൽ പ്രധാന ഉൽപ്പന്നങ്ങളായ നാളികേരത്തിന് തന്നെ ഒരു പൊതുവിപണിയോ, സഹകരണവിപണിയോ വിശ്വസിക്കാവുന്ന വിപുലമായ ഒരു സ്വകാര്യ വിപണിയോ, പഞ്ചായത്തിൽ ഇല്ലെന്നതാണ് പരിതാപകരമായ വസ്തുത. പഞ്ചായത്തിൽ ഏറ്റവും സുലഭമായ മുഖ്യ കാർഷികവിളയായ നാളികേരം ഉപയോഗിച്ചുള്ള ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതും വിപണനം നടത്തുന്നതുമായ സംരംഭങ്ങൾക്ക് നല്ല സാധ്യതയാണുള്ളത് . അതുപോലെ മിക്കവാർഡുകളിലും നടത്തുന്ന കൃഷിയാണ് നേന്ത്രവാഴ. ജനങ്ങളിൽ നല്ലൊരു പങ്കും ഏത്തക്ക ഉപയോഗച്ച് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളുടെ ഉപഭോക്താക്കളുമാണ്.

നമ്മുടെ പഞ്ചായത്തിലെ ഏത്തയ്ക്ക മുഴുവൻ ഉപയോഗിച്ച് അതിനോട് ബന്ധപ്പെട്ട ഭക്ഷ്യോല്പന്നങ്ങളുടെ നിർമ്മിതിക്കും വിപണനത്തിനും ഇവിടെ നല്ല സാധ്യതയുണ്ട്. ഇത്തരം ഒരു വിപണന ശൃംഖല പഞ്ചായത്തിൽ വികസിപ്പിച്ചെടുക്കേണ്ട തിനെപ്പറ്റി ആലോചിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ ആളൂർ, കല്ലേറ്റുംകര, കൊമ്പൊടി സെൻെററുകളിൽ പച്ചക്കറികളുടേയും കാർഷികോൽപ്പന്നങ്ങളുടേയും ഒരു ആഴ്ച ചന്ത സ്ഥാപിക്കുവാനുള്ള നടപടികൾ പഞ്ചായത്ത് മുൻകൈയെടുത്ത് ചെയ്യേണ്ടതാണ്. നിലവിലുള്ള മത്സ്യമാംസ മാർക്കറ്റുകൾ വിപുലീകരിച്ചാലും ഈ ലക്ഷ്യം നേടാവുന്നതാണ് . പൂഴ്ത്തിവെപ്പുകാരുടേയും കരിഞ്ചന്തക്കാരുടേയും ചൂഷ്ണത്തിൽ നിന്ന് മുക്തി നേടുവാനും നല്ല സാധനങ്ങൾ ന്യായ വിലക്ക് ലഭ്യമാക്കുവാനും ഇത് വഴിതെളിക്കും.

നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കുടിൽ വ്യവസായ കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശനവും ലക്ഷ്യം വച്ച് മാസത്തിലൊരിക്കൽ ഒരു പ്രദർശനചന്ത സംഘടിപ്പിക്കേണ്ടതാണ്.

മർക്കറ്റിനെ സംബന്ധിച്ച് വിവരം പട്ടിക 1

പഞ്ചായത്തിൽ നിലവിലുള്ള മത്സ്യ മാംസമാർക്കറ്റുകളെ സംബന്ധിച്ച് വളരെ വ്യാപകമായ പരാതികളും നിർദ്ദേശങ്ങളും ഗ്രാമസഭകൾ

ഉന്നയിക്കുകയുണ്ടായി.

മാർക്കറ്റുകളെ സംബന്ധിച്ചുള്ള പൊതുവായ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1 . ആളൂർ പഞ്ചായത്തിൽ ഒരു ആധുനിക അറവുശാല സ്ഥാപിക്കുക .

2. കല്ലേറ്റുംകരമാർക്കറ്റിൽ വെച്ച് മൃഗങ്ങളെ കൊല്ലുന്നത് നിർത്തുക.

3. slaughtering-ന് സൗകര്യമുള്ള സ്ഥലത്തു ആചാരമനുസരിച്ച് അറുത്ത് അധികാരികളുടെ മുദ്രയോടെ മാർക്കറ്റിൽ കൊണ്ടുവരിക.

4. ഓരോ ഐറ്റം വില്പനക്കും ചുരുങ്ങിയത് രണ്ടു സ്റ്റാളുകളെങ്കിലും തുടങ്ങുക

5. പരിസരം വൃത്തിയായി സൂക്ഷിക്കേണ്ട ചുമതല ലേലക്കാരനെ തന്നെ ഏൽപ്പിക്കുക. ലേലക്കാരന്റേ നടപടിശരിയല്ലെങ്കിൽ ലേലം റദ്ദു ചെയ്ത് പുനർലേലം നടത്തി വേറെ ആരെയെങ്കിലും ഏൽപ്പിക്കുക.

6. റോഡരുകിൽ മത്സ്യം മാംസ വിൽപ്പന കർശനമായി തടയുക.

7. പിന്നോക്ക പ്രദേശമായ മൂന്നാം വാർഡിൽ പച്ചക്കറി പലചരക്ക് മറ്റ് ആവശ്യ വസ്തുക്കൾ എന്നിവയുടെ വിപണനത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തി പൊതു മാർക്കറ്റ് സ്ഥാപിക്കുക

8. 7,8,14 വാർഡുകളുടെ സംഗമ സ്ഥമായ വെള്ളാഞ്ചിറയിൽ പൊതു മാർക്കറ്റ് ആരംഭിക്കുക

9. ഒന്നാം വാർഡിനും, രണ്ടാം വാർഡിനും ഇടയിൽ മാർക്കറ്റ് സൗകര്യം ഏർപ്പെടുത്തുക

10. മാർക്കറ്റുകളിലും കടകളലും വിലവിവരപ്പട്ടിക നിർബന്ധമാക്കുക.

11 . ആളൂർ മാർക്കറ്റിന്റെ പണി ഉടൻ പൂർത്തിയാക്കുക.

12 . ഓരോ മാർക്കറ്റിലും പത്തു വിൽപ്പനശാലയിൽ കുറയാത്ത സ്ഥല സൗകര്യം ഉണ്ടാക്കുക.

ആളൂരിൽ കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന്, കല്ലേറ്റുംകരയിലും, കൊമ്പൊടിയിലും അന്തി ചന്ത ഉണ്ടാക്കാവുന്നതാണ്

## മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

| ചന്തകൾ | | | അറവുശാലകൾ | |
|---|---|---|---|---|
| പഞ്ചായത്ത് വക | സ്വകാര്യം | ആകെ വരവ് | എണ്ണം | വരുമാനം |
| | 2 | - | 4016 | 1 16777 |

# ഗതാഗതം

ആളൂർ ഗ്രാമ പഞ്ചായത്തിൽ PWD, പഞ്ചായത്തിൽ വഴികൾ ഉൾപ്പെടെ മൊത്തം റോഡിന്റെ നീളം 275.85 K.M. ആണ്. അതിൽ 20% ടാറിംഗ് വഴിയാണ്. പഞ്ചായത്തിലെ ഒരാൾക്ക് 17M വഴിയുണ്ട് (1991 -ലെ സെൻസസ് പ്രകാരം) മൊത്തം വഴിയിൽ 10% PWD വഴിയാണ്.

പട്ടിക1

| റോഡിന്റെ സ്വഭാവം, നീളം കി. മീറ്ററിൽ | | | | | | | |
|---|---|---|---|---|---|---|---|
| കച്ച | പക്ക | മെറ്റൽ | ടാർ ചെയ്തത് | | | മറ്റുള്ളവ | ആകെ |
| | | | പഞ്ചായത്ത് | PWD | NH | | |
| | 211.050 | 9.600 | 27.900 | 2730 | Nil | | 275.85 |

കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് റോഡ് നിർമ്മണവുമായി ബന്ധപ്പെട്ട് ........ ചിലവഴിച്ചകഴിഞ്ഞു. മറ്റു മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ തുക വളരെയധികമാണെന്ന്കാണാം.

ഇവിടുത്തെ റോഡ് ശൃംഖല മെച്ചപ്പെട്ട താണെങ്കിലും പല റോഡിന്റെയും മേശമാണ്. മിക്ക റോഡുകൾക്കും കാനകളില്ല അതുകൊണ്ട് റോഡിലൂടെ വെള്ളം ഒഴുകി കുഴികൾ ഉണ്ടാക്കുന്നു.

പഞ്ചായത്തിലെ പുരാതന വഴികൾ ചാലക്കുടി-ആളൂർ- ഇരിങ്ങാലക്കുട വഴിയും, കൊടകര- ആളൂർ-മാളവഴിയുമാണ്. പറമ്പി റോഡ് കാരൂർ പോജക്റ്റ് റോഡ് തുടങ്ങിയവയുമാണ് മറ്റു പ്രധാന വഴികൾ. മേൽപ്പറഞ്ഞ വഴികളിലൂടെയാണ് പ്രധാനമായും ബസ്സ് റൂട്ടുകൾ ഉള്ളത്.

## റെയിവേ:-

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥപനമാണ് റെയിവേ. ഇരിങ്ങാലക്കുട റെയിവേ സ്റ്റേഷൻ എന്നപേരിൽ കല്ലേറ്റുകരയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുളള കൊടുംങ്ങല്ലൂർ, കാക്കതുരുത്തി, പൊരിഞ്ഞനം, മൂന്നുപ്പീടിക, കാട്ടൂർ, ഇരിങ്ങാലക്കുട തുടങ്ങിയ കച്ചവചകേന്ദ്രങ്ങളിലേയ്ക്ക് ചരക്കുകൾ കയറ്റുന്നതും ഇറക്കുന്നതും ഈ റെയിവേ സ്റ്റേഷനിൽ ആയിരുന്നു. എന്നാൽ ഇന്ന് വളരെ നേരിയ തോതിൽ മാത്രമേ ഇത്തരം കാര്യങ്ങൾ നടക്കന്നേളളൂ. ആദ്യകാലത്ത് നിലന്നിനിരുന്ന ഷോഡിംങ് സംമ്പ്രദായം നിർത്തലാക്കി. മറ്റു പല കാര്യങ്ങളിലും സ്റ്റേഷൻ ആപേക്ഷികമായി പുരോഗതി കൈവരിച്ചിട്ടില്ല. ആകെ 4.K.M റെയിവേപാതയാണ് നമ്മുടെ പഞ്ചായത്തിനുളളത് ഏകദേശം 450 യാത്രക്കാരോളം ഒരു ദിവസം ഇവിടെന്ന് യാത്ര ചെയ്യുന്നു.

## പ്രശ്നങ്ങൾ: റൊയിൽവേ -സംബധിച്ചുളളവ:-

പച്ചായത്തിലെ റോയിൽവെപാതയുടെ ആകെ നീളം 4k.m. ആണ്. ഈ ദുരത്തിനിടയിൽ 6 ഗെയ്റ്റുകൾ ഉണ്ട്. ഇതു മുലം റോഡ് ഗാതാഗതത്തിൽ വളരെയധികം ബഢിമുട്ടുകൾ നേരിടുന്നു.

1 ഇരിങ്ങലക്കുട-മാള, ഇരിങ്ങലക്കുടെ -ചാലക്കുടി, ഇരീങ്ങലക്കുടെ കൊടകര റുട്ടിൽ ബസുകൾ സർവ്വീസ് നടത്തി വരുന്നു. ചില സമയങ്ങളിൽ ഒന്നിലധികം ടെയിനുകൾപോകുവാൻ വേണ്ടി ഗേയ്റ്റ് മണിക്കൂറുകളോളം അടിച്ചിടേണ്ടി വന്നു. ഇങ്ങനെ വരുമ്പോൾ ഈ വാഹനങ്ങൾക്ക് വളരെയധികം സമയം നഷ്ടപ്പെടുന്നു. കൂടാതെ ഗതാഗതകുരുക്ക് അനുഭവപ്പെടുത്തുകയും ചെയ്യുന്നു. ആയതുകൊണ്ട് ഒരു മേൽപ്പാലം ഉടനെ തന്നെ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

2. റെയിൽവേ സ്റ്റേഷനിൽ ഉപയോഗശൂന മായിക്കിടക്കുന്ന യുറിൻ ഷെഡ്കളും കക്കുസുകളും അറ്റകുറ്റപണികൾ ചെയ്ത് ഉപയോഗപ്രദമാക്കേണ്ടതാണ്.

3. ഉപയോദശൂന്യമായിക്കിടക്കുന്ന വിശ്രമമുറി മെയിന്റനൻസ് ചെയ്ത് യാത്രക്കാർക്ക് തുറന്നു കൊടുക്കേണ്ടതാകുന്നു.

4. വെള്ളാംഞ്ചിറയിൽ എഴുന്നള്ളത്ത് പാതയിൽ ക്രോസ്ഗേറ്റ് ആണ് നിലവിലുള്ളത്. 'ഇതുമൂലം വാഹന ഗതാഗതം തടസ്സപ്പെടുന്നു. അതുകൊണ്ട് ഗേറ്റ് ബി. ക്ലാസായി ഉയർത്തേണ്ടതാണ്.

5. ചെങ്ങല ഗേറ്റ് തുറക്കുന്നതിന് ഗേറ്റ്മാൻ പോലും ഇല്ലാത്ത അവസ്ഥയാണിപ്പോൾ. അവിടെ ഒരു മുഴുവൻസമയ ഗേറ്റ്മാനെ നിയമിക്കേണ്ടതാണ്.

6. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള

ട്രെയിനുകൾ ഇവിടെ നിറുത്തുന്നുണ്ടെങ്കിലും ചില പ്രധാനപ്പെട്ട ട്രെയിനുകൾ നിർത്തേണ്ടത് അത്യാവശ്യമാണ്. മദ്രാസ് മെയിൽ കേരളാ എക്സ്പ്രസ് കുർള എക്സ്പ്രസ്, കൊച്ചിൻ രാജ്ഗോട്ട് എക്സ്പ്രസ്, കൊച്ചിൻ ഗോഹാട്ടി എക്സ്പ്രസ് തുടങ്ങിയവയ്ക്ക് സ്റ്റോപ്പ് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കണം.

7. നിറുത്തലാക്കിയ ഷഡിംഗ് പുനരാരംഭിക്കണം.

8. കല്ലേറ്റുംകരയുടെ ഹൃദയഭാഗത്ത് കിടക്കുന്ന റയിൽവേയുടെ സ്ഥലങ്ങൾ അതിർത്തികെട്ടി സംരക്ഷിക്കുക.

## പഞ്ചായത്തിലെ റോഡ് സംബന്ധമായ പ്രശ്നങ്ങൾ

1. മിക്കവാറും റോഡുകൾക്ക് കാനയില്ല.

2. റോഡിനിരുവശവുമായി ടെലിഫോൺ, വാട്ടർ പൈപ്പ് ലൈൻ എന്നിവക്ക് വേണ്ടി വലിയ കുഴികളും കിടങ്ങുകളും നിർമ്മിക്കുന്നു. ഇവയിൽ പലതും ഉപയോഗത്തിനു ശേഷം മൂടിയിടാറില്ല.

3. റോഡുകളുടെ അറ്റകുറ്റപ്പണികൾ നടക്കുന്നില്ല.

4. റോഡരികിൽ നിൽക്കുന്ന മരങ്ങളുടെ ചില്ലകളിൽ നിന്നു വീഴുന്ന ചപ്പും ചവറും കൂടിക്കിടന്ന് റോഡ് വൃത്തികേടാക്കുന്നു.

5. റോഡിനിരുവശത്തുമായി അനധികൃത കുടിയേറ്റക്കാർ സ്ഥലം കയ്യടക്കി താമസിക്കുന്നു.

6. ടാറിംഗ് റോഡുകളുടെ അറ്റകുറ്റപ്പണികൾ വർഷാവർഷങ്ങളിൽ നടത്തുന്നില്ല.

7. റോഡുകളിൽ വെള്ളം കെട്ടിനിന്ന് വലിയ കുഴികളുണ്ടാകുന്നു.

8. റോഡിനനുവദിച്ചിട്ടുള്ള ഭൂമി അനധികൃതമായി കയ്യേറുന്നു.

### സാധ്യതകൾ

1. എല്ലാ റോഡുകൾക്കും കാനകൾ നിർമ്മിക്കണം.

2. റോഡരികിലുള്ള മരങ്ങളുടെ ചില്ലകൾ വെട്ടി തടസ്സം നീക്കണം.

3. മറ്റു ഡിപ്പാർട്ടുമെന്റുകളുടെ ആവശ്യങ്ങൾക്കായി കുഴിച്ച കിടങ്ങുകൾ മൂടണം.

4. റോഡുകൾ സംരക്ഷിക്കുന്നതിനു പഞ്ചായത്തിന്റെ നേതൃത്വത്തിൽ അതാതു സ്ഥലങ്ങളിൽ പൗരസമിതികൾ രൂപീകരിക്കണം.

5. ബഹുജന സഹകരണത്തോടെ പുതിയ റോഡുകൾ നിർമ്മിക്കുക.

### നിർമ്മാണം നടത്തേണ്ടത്

വാർഡ് നമ്പർ

I: 1. പൂപ്പച്ചിറ മുതൽ പാറേക്കാട്ടുകര - കാരൂർച്ചിറ ബസ് റോഡ്

II: 1. കല്ലേറ്റുംകര ഓവർബ്രിഡ്ജ്

2. കല്ലേറ്റുംകര ബ്രാഞ്ച് കനാൽ റോഡ് - മനപ്പടി റോഡ് - പരടിപ്പാടം റോഡ് എന്നിവ

ബന്ധിപ്പിക്കണം.

3. പരടിപ്പാടം ഫാം റോഡ് നിർമ്മിക്കണം.

4. കുറ്റിപ്പാടത്തുനിന്നും കനാൽപ്പാലം കോളനിറോഡ് നിർമ്മിക്കണം.

III 1. കുണ്ടുപ്പാടം-താഴേക്കാട് ചർച്ച് റോഡ്-വാസുപുരം ലിങ്ക്റോഡ് നിർമ്മിക്കണം.

2. താഴേക്കാട് പള്ളിഭാഗത്തുനിന്നും പാടംവഴി എസ്റ്റേറ്റ് ഭാഗത്തേക്ക് പുതിയ റോഡ് നിർമ്മിക്കണം.

3. കള്ളിശ്ശേരി ക്ഷേത്രത്തിൻെറ മുമ്പിലൂടെ വടക്കോട്ട് വല്ലക്കുന്നിലേക്ക് റോഡ് വേണം.

4. ചവറ്റുപാടം റോഡിൽനിന്നും വാസുപുരം അമ്പലത്തിലേക്കുള്ള വഴിയിൽക്കൂടി പേരി പാടത്തേക്ക്, കർഷകർക്ക് പോകുന്നതിനും, ടില്ലർ ഇറക്കുന്നതിനും, ഒരു പുതിയ റോഡ് നിർമ്മിക്കണം.

IV 1. കാരേക്കാട്ടു ചിറയിൽ നിന്നും പറക്കാടിക്കുള്ള റോഡിൻെറ നിർമ്മാണം നടത്തുക.

V 1. കുഴിക്കാട്ടുശ്ശേരി സെൻെററിൽനിന്നും വാണിയം പാടത്തുകുടി കോട്ടക്കുന്ന് വരദനാട് റോഡ് നിർമ്മിക്കുക.

2. വഴിക്കിലച്ചിറ കാരംകുളം പാടം വഴിയും കൊമ്പിടി വെള്ളാങ്കല്ലൂരിൽ നിന്ന് കാരം കുളം പാടത്തേക്കുള്ള ലിങ്കൊ റോഡ്.

3. കൊമ്പിടി, വെള്ളാങ്കല്ലൂർ വഴി കമ്പനിപ്പടി ലിങ്ക് റോഡ്.

4. കുഴിക്കാട്ടുശ്ശേരി, പടിഞ്ഞാട്ടുമുറിയിൽ നിന്നും കൊമ്പിടി- വെള്ളാങ്കല്ലൂരിലേക്ക് ലങ്ക് റോഡ് വേണം.

VI 1. തൈവളപ്പൻകുന്ന് റോഡ്, കാരൂർ പള്ളിയിലേക്ക് AKK റോഡുമായി ബന്ധിപ്പിക്കുക.

2. മുല്ലേലിപ്പടിറോഡ് വെള്ളഞ്ചിറ PWD റോഡുമായി ബന്ധിപ്പിക്കുക.

IX 1. എരണക്കുളം വഴി കുണ്ടൂപ്പാടത്തിലൂടെ എഴുന്നള്ളത്ത് റോഡിലേക്ക് വഴി വേണം.

X 1. ആളൂർ- പരടിപ്പാടത്തിന് സമാന്തരമായി ഇരിങ്ങാലപ്പിള്ളു അമ്പലം വരെ റോഡു വേണം.

2. POLY TECHNIC-ന് സമീപം ഫാം റോഡ് കല്ലേറ്റുംകരയുമായി ബന്ധിപ്പിക്കുക.

3. മാളവഴിയിൽ നിന്നും മാണിക്കിളത്തിന് സമീപം ഫാം റോഡ് നിർമ്മിക്കണം.

4. ചാച്ച് റോഡിൽ നിന്നു് അരിക്ക റോഡിലേക്ക് കനാൽ ബണ്ടു വഴി നിലവിലുള്ള റോഡ് ബന്ധിപ്പിക്കുക.

5. സെന്റ് മേരീസ് ചർച്ചിനു തെക്കോട്ട് റെയിൽവേ സൈഡിൽ റോഡ് ബന്ധിപ്പിക്കണം.

6. ആളൂർ ചർച്ച് റോഡിൽ നിന്നും മറ്റെക്കാട് പാടശേഖരത്തിലേക്ക് പുതിൽ റോഡ് നിർമ്മിക്കുക.

XIV 1. വെള്ളാഞ്ചിറ പള്ളി റോഡിൽ നിന്നും കല്ലൻതോടുവഴി പാറപ്പുറത്തേക്ക് റോഡ്.

2. പൊരുന്നുംകുന്ന് റൗണ്ട് റോഡിൽ നിന്നും പെരുമ്പങ്കുളം വഴി റെയിൽവെ ക്രോസ്സ് റോഡിലേക്ക് പുതിയ റോഡു വേണം.

3. ഉറുമ്പൻകുന്ന് കല്ലൻതോടിൽ നിന്ന് പാറയിലൂടെ റെയിൽവെ പാതയോര റോഡിലേക്ക് ഒരു പുതിയ റോഡ് വെട്ടണം.

IX 1. വെള്ളാഞ്ചിറ പള്ളിനട- to- ഗേറ്റുവഴിയിൽ പാറപ്പുറം വഴിയിലും, അരീക്കലത്തോടിനു കുറുകയ്യ് രണ്ടുപാലങ്ങൾ നിർമ്മിക്കണം.

IV 1. പിഗ്മെൻസ് കമ്പിനി- to- പതിക്കാട് കോളനി റോഡ്.

2. ചാതേലിക്കപന്ന് റോഡ് മെറ്റൽ ടാറിങ്ങ് നടത്തണം.

3. നമ്പിക്കുന്നിൽ നിന്നും കടുപ്പശ്ശേരി പാടത്തേക്ക് റോഡു നിർമ്മിക്കണം.

XI 1. കൊടകര മെയിൻ റോഡിൽ നിന്നു് മൽപ്പാടം തോടിന്റെ ബണ്ടിൽ കൂടി കൊടകര മെയിൻ കനാൽ വരെ ബണ്ട് റോഡ് നിർമ്മിക്കുക.

2. അയിനിച്ചിറ റോട്ടിഇൽ നിന്ന് ആരംഭിക്കുന്ന മൽപ്പാടിപ്പാടം റോഡ് താഞ്ഞിപ്പാറ റോഡിൽ എത്തിക്കുക.

3. മൽപ്പാടിപ്പാടം റോഡിൽ നിന്നും തുടങ്ങുന്ന മുരിയാട് ബ്രാഞ്ച് കനാലിന്റെ ബണ്ട് റോഡ് കൊടകര മേയിൻ കനാൽ ബണ്ടിൽ എത്തിക്കുക.

<u>മെറ്റൽ ചെയ്ത് ടാറിംഗ് നടത്തേണ്ടത്</u>

വാർഡ് നമ്പർ:

I 1. തെക്കേ മുണ്ടകപ്പാടം റോഡ് 8 മീറ്ററാക്കി ടാർ ചെയ്യണം.

2. കിഴക്കെ മുണ്ടകപ്പാടം റോഡ് 8 മീറ്ററാക്കി ടാർ ചെയ്യണം.

3. ആൽ മുതൽ വടക്കോട്ട് ഉപലിങ്ക് റോഡ് ടാർ ചെയ്യണം.

4. കോനിക്കത്താഴം റോഡ് ടാർ ചെയ്യണം.

II 1. ചെമ്മാൻചാൽ ഹരിജൻ സെറ്റിൽമെന്റ് റോഡ്.

2. റെയിൽവെഗേറ്റ് പരടിപ്പാടം റോഡ്.

III 1. കുണ്ടൂപ്പാടം R. M. H. S. റോഡ്.

2. താഴെക്കാട് പഴയ സെമിത്തേരി- മാള വഴി.

3. കനാൽ ക്വാർട്ടേഴ്സ് ലിങ്ക് റോഡ്.

4. താഴെക്കാട് P.W.D. റോഡിൽ നിന്ന് കൊച്ചിപ്പാടം റോഡ്.

5. താഴെക്കാട് P.W.D. റോഡിൽ നിന്ന് ശിവക്ഷേത്രം വഴി.

6. എസ്റ്റേറ്റ് റോഡ്

7. ചവറുപ്പാടം റോഡിൽ നിന്ന് വാസുപുരം റോഡ്

V 1. വഴിക്കിലിച്ചിറ- വരദനാട്- പറയ്ക്കൽ വഴി

2. ആളൂർ മാള വഴി കൊമ്പിടി മുസ്ലീം പള്ളി- 100 മീ. ലിങ്ക് റോഡ്

3. കുഴിക്കാട്ടുശ്ശേരി പോസ്റ്റോഫീസ് വാണിയംപാടം റോഡ്

4. വരദനാട് അമ്പലം- പാറയ്ക്കൽ ലിങ്ക് റോഡ്.

5. അബൂക്കൻ റോഡ്, പുത്തേലിപ്പടി അയ്യപ്പൻക്കാവ് റോഡ്, കേരകുളം റൗണ്ട് റോഡ്

VI 1. നാരായണത്ത്- എഴുന്നള്ളത്ത് പാത- റോഡ്

2. A. K. K. റോഡ്- ഉറത്തും പീടിക അണ്ണല്ലൂർ ലിങ്ക് റോഡ് ടാറിംഗ്.

3. A. K. K. റോഡ്- കൊമ്പിടി കമ്പനിപ്പടി ലിങ്ക് റോഡ് ടാറിംഗ്.

VII 1. കാരൂർ പാറങ്ങടി റോഡ്

2. ദുബായ് റോഡ്

3. തിരുത്തിപ്പറമ്പ് ഓട കോളനിറോഡ്

IX 1. ഇറ്റാമൺ സ്മാരക റോഡ്

2. പൊരുന്നും കുന്ന്- ലക്ഷം വീട് കോളനി റോഡ്

3. പൊരുന്നും കുന്ന്- റെയിൽവേ ക്രോസ് റോഡ്

4. പൊരുന്നും കുന്ന്

X 1. ചർച്ച് റോഡ് ആളൂർ

2. അരീക്ക റോഡിൽ 250 മീ. നീളത്തിലും, പോരുമറ്റപ്പാടം റോഡ് 500 മീ. നീളത്തലും ടാർ ചെയ്യണം.

3. സെന്റ് മേരീസ് കപ്പേളയിൽ നിന്നും പുൽപ്പാടം ബണ്ട് റോഡ്

4. ചങ്ങലിച്ചറ റോഡിൽ പെരുമഗപ്പാടത്തേക്ക് പോകുന്ന റോഡ് മെറ്റൽ ചെയ്യുക

5. ഉറമ്പൻകുന്ന് ലിങ്ക് റോഡ് മെറ്റൽ ചെയ്യുക

6. മറ്റേക്കാട് പാടശേഖരത്തേക്ക് പുതുതായി റോഡുണ്ടാക്കുക.

XII 1. ആനത്തടം റോഡ്

2. ഐനിച്ചറ റോഡ്

3. ലക്ഷംവീട് കോളനി റോഡ്-ചാലക്കുടി പി.ഡബ്ല്യൂ.ഡി റോഡ്

4. കൊടകര പി.ഡബ്ല്യൂ.ഡി റോഡ് -ആനത്തടം ചർച്ച് റോഡ്

5. ടി.വി. ലോനപ്പൻ മെമ്മോറിയൽ റോഡ്

6. ചാലക്കുടി പി.ഡബ്ല്യൂ.ഡി റോഡ്-കല്ലറപ്പാടം റോഡ്

XIII 1. ലക്ഷം വീട് കോളനി റോഡ്

2. ചിറങ്ങലം റോഡ്

3. എസ്റ്റേറ്റിന്റെ തെക്കോട്ടുള്ളവഴി

4. പൊരുന്നക്കുന്ന് റൗണ്ട് റോഡ്

5. പാലപ്പട്ടം അമ്പലം റോഡ്

IV 1. കപ്പേളറോഡ് ടാറിങ്ങ് നടത്തണം

2. എടവനപ്പാടം റോഡ് സഞ്ചാരയോഗ്യമാക്കിതീർക്കണം

ഗ്രാമസഭാതീരുമാനങ്ങൾ

വാർഡ് 1

1. കിഴക്കേ പഞ്ഞപ്പിള്ളി ടാറിംഗ് റോഡിൽ പാലം വീതികൂട്ടണം

2. കോനിക്കത്താഴം റോഡ് പണിമുഴുവനാക്കണം

3.. വടക്കേമുണ്ടകപ്പാടം റോഡ് പാറക്കാട്ട്കരവരെ വീതികൂട്ടണം

4. തെക്കേമുണ്ടകപ്പാടം റോഡ് പുൽപ്പാറയിലേക്ക് പണിതുടങ്ങിയത് പൂർത്തിയാക്കണം,

5. ചെന്നാങ്കുളം കനാൽ അപ്രോച്ച് റോഡ് ഗതാഗതയോഗ്യമാക്കുക.

6. സെന്റ് ആന്റണീസ് റോഡിൽനിന്ന് തെക്കേ മുണ്ടകൻപാടം റോഡിലേക്ക് ലിങ്ക് റോഡ് വേണം.

7. ക്യാബിൻ റോഡ് സഞ്ചാരയോഗ്യമാക്കണം

8. പൂപ്പച്ചിറ റോഡ് നന്നാക്കണം, പാലം വീതികൂട്ടണം

വാർഡ് 2

9. പഞ്ഞപ്പിള്ളി റോഡിൽനിന്ന് വെള്ളം നീർചാലുവഴി തിരിച്ചുവിടണം

10. പി.ഡബ്ല്യൂ.ഡി. റോഡ് നന്നാക്കണം.

11. വല്ലകുളംവഴി സഞ്ചാരയോഗ്യമാക്കണം

12. പടിഞ്ഞാറേവല്ലകുന്നിൽ പി.ഡബ്ല്യൂ.ഡി റോഡിൽ കാനയിൽ സ്ലാബുകളിടണം.

13. വല്ലക്കുന്നിനു പടിഞ്ഞാറുഭാഗത്ത് ബസ്സ്റ്റോപ്പ് അനുവദിക്കണം

വാർഡ് 3

14. പതിക്കാട് കോളനി റോഡ് വീതികൂട്ടണം

15. ചർച്ച് റോഡിൽനിന്ന് കനാൽ പാലത്തിൽ എത്തുന്ന റോഡ്നന്നാക്കണം

16. പതിക്കാട് സെന്ററിൽനിന്ന് കിഴക്കോട്ട് പാടത്തേക്കുള്ള റോഡ് വീതികൂട്ടണം

17. താഴെക്കാട് പഴയ സെമിത്തേരി ഇറിഗേഷൻ കനാൽ ബണ്ട് റോഡ് വേണം

18. ചർച്ച് റോഡിൽനിന്ന് പതിക്കാട് റോഡിലുള്ള കട്ടേക്കുളം റോഡ് വീതികൂട്ടണം.

വാർഡ് 4

19. പാറയ്ക്കൽ മുതൽ അമ്പലം വഴി വീതികൂട്ടണം

20. കുഴിക്കാട്ടുശേരി മുതൽ പാടംവരെ റോഡ് വീതിവേണം.

21. കുഴിക്കാട്ടുശേരി പോസ്റ്റോഫീസിൽനിന്ന് പടിഞ്ഞാട്ട് വാണിയംപാടത്തുകൂടി വഴിക്കിലച്ചിറ റോഡിൽ നിന്ന് ചാത്തൻകുളംവഴിയുമായി ബന്ധിപ്പിക്കണം.

22. വഴിക്കിലച്ചിറ അറക്കപ്പറമ്പ് റോഡ് ഗതാഗതയോഗ്യമാക്കണം

23. വാണിയംപാടത്തേക്കുള്ള രണ്ടുവഴിയും ട്രാക്ടറിറക്കുന്നതിന് സൗകര്യമുണ്ടാക്കണം

24. പുന്നേലിപ്പടി-വടക്കു-തെക്ക് റോഡ്

മുസ്ലീംപള്ളി പുതുപ്പാടംവഴി

വഴിക്കിലചിറ മുല്ലേപ്പാടംവഴി

വഴിക്കിലചിറ ചാത്തംകുളംവഴി നിർമാണപ്രവർത്തനം വേണം

25. കുഴിക്കാട്ടുശേരി ഹെൽത്ത് സെന്റർമുതൽ പാറക്കൽ കനാൽ ബണ്ട് റോഡ് നന്നാക്കുക.

വാർഡ് 6

26. കൊമ്പൊടിഞ്ഞാമാക്കലിൽ ടാക്സി-ഓട്ടോ സ്റ്റാൻഡ് വേണം.

27. കമ്പനിപ്പടി റോഡിനെ കുഴിക്കാട്ടുശേരി റോഡുമായി ബന്ധിപ്പിക്കുക.

28. മുള്ളേലിപ്പടി റോഡ് വെള്ളാംചിറയിൽ വരെ നീട്ടുക.

29. കൊമ്പൊടിയിൽ നിന്ന് പാടത്തിലേക്കുള്ള വഴി നന്നാക്കണം

വാർഡ് 7

30. പൂളോട്ടോതി നഗറിലെ റോഡു നന്നാക്കണം

31. തീപ്പെട്ടി കമ്പനി റോഡ് വീതികൂട്ടണം

32. കാരൂർ വലിയപാടം-സ്കൂൾ റോഡ് വീതികൂട്ടണം

33. കാരൂർ-കപ്പേള-കനാൽ റോഡ് വീതികൂട്ടണം

വാർഡ് 8

34. വുഴിച്ചിറ ബണ്ട് റോഡ് പണി പൂർത്തീകരിക്കണം

35. ചേനത്തടം റോഡ് പണി പൂർത്തീകരിക്കണം

36. മണ്ടാതറോഡ്, ഫാം റോഡായി വികസിപ്പിക്കണം

37. പള്ളി റോഡ് വികസിപ്പികണം

38. പഞ്ചായത്ത് റൗണ്ട് റോഡ് വികസിപ്പിക്കണം

39. വല്യാട്ടുകുന്ന്-കല്ലടറോഡ് വികസിപ്പിക്കണം

വാർഡ് 9

40. ദുർഗ്ഗാക്ഷേത്രം റോഡ്--പൊരുന്നംകുന്നിലേക്ക് വീതികൂട്ടണം

41. 9, 10 വാർഡിന്റെ മധ്യമംഗലത്തുചിറയിൽ ചണച്ചിറ പാടത്തെക്ക് 150 മി. റോഡ് നന്നാക്കണം

വാർഡ് 10

42. ആളൂർ ജംഗ്ഷൻ, മാളവഴി കാനവേണം

43. കൊടകര, മാള വഴിയിൽ തകർന്ന കലുങ്കുകൾ പുനർനിർമിക്കണം

44. ആളൂർ-മാളവഴി ബസ് റൂട്ടിൽ ഗതാഗതകുരുക്ക് ഒഴിവാക്കുക

45. ഇരിങ്ങാലക്കുട-ആളൂർ ഫിനാൻസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റണം.

ചാലക്കുടിവഴി-പി.എച്ച്.സി സെന്റർ

മാള-കമ്യൂണിറ്റിഹാൾ തെക്കുംഭാഗം

ചാലക്കുടി വില്ലേജ് ഓഫീസ്

46. ചർച്ച് റോഡ് കിഴക്കേ അറ്റത്തുനിന്ന് മറ്റേക്കാട് കൃഷിസ്ഥലത്തേക്കുള്ള റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കണം

47. ചർച്ച് റോഡിന്റെ കിഴക്കേ അറ്റത്തുനിന്ന് ഉറുമ്പുംകുന്നിന്റെ വലത്തേ ചെരുവിൽ പോക്കറ്റ് റോഡ് റിപ്പയർ ചെയ്യണം

വാർഡ് 11

48. ആളൂർ ഈസ്റ്റ് ഓട്ടോ സ്റ്റാൻഡ് വേണം.

49. സ്കൂൾ പ്രദേശത്ത് വാഹനം പാർക്ക് ചെയ്യുന്നത് തടയുക.

50. എല്ലാ ബസിലും വിദ്യാർത്ഥികളെ കയറ്റികൊണ്ടുപോകാൻ അവസരം ഉണ്ടാക്കണം.

വാർഡ് 12

51. കല്ലറപാടം പടിഞ്ഞാറേ ചാലക്കുടി പി.ഡബ്ല്യൂ.ഡി റോഡുമായി ബന്ധിപ്പിക്കുക.

വാർഡ് 13

52. പടിയൻചിറ റോഡ് നന്നാക്കണം

53. പള്ളിനട ചെറാണ്ടലം റോഡ് പാലം നിർമിച്ച് യാത്രാസൗകര്യമുണ്ടാക്കണം

54. ചാലക്കുടി ഇരിങ്ങാലക്കുട പ്രധാനറോഡിൽ എസ്റ്റേറ്റ് പരിസരത്ത് നിന്ന് താഴെക്കാട് പള്ളി, അമ്പലം, സ്കൂൾ തുടങ്ങിയവയെ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് പണി പൂർത്തീകരിക്കണം.

55. ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനിൽ ട്രെയിനുകളെല്ലാം നിറുത്തുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

56. കല്ലേറ്റുംകര ഓവർ ബ്രിഡ്ജ് ഉടൻവേണം

57. രശ്മി തീയേറ്ററിന്റെ ഇടതുഭാഗത്തുകൂടി കടന്നുപോകുന്ന കൈവഴിയിൽ പാലം വേണം

58. കല്ലേറ്റുംകര ടാക്സി, ഓട്ടോ സ്റ്റാൻഡ് നിർമിച്ച് റയിൽവേ സ്റ്റേഷൻ റോഡ് തുറസ്സാക്കി സഞ്ചാരയോഗ്യമാക്കുക.

വാർഡ് 14

59. വെള്ളാഞ്ചിറ റേയിൽവേ ഗേറ്റ് ബി. ക്ലാസ്സാക്കി ഉയർത്തണം

60. വെള്ളാഞ്ചിറ പള്ളിനടയിൽ നിന്ന് ഗേറ്റിലേക്കുള്ള റോഡിൽ പാറപ്പുറത്ത് പാലം വേണം.

61. കല്ലൻതോട് പാലത്തുനിന്ന് വെള്ളാഞ്ചിറ റെയിൽപ്പാതറോഡിനെ ബന്ധിപ്പിക്കണം. ലിങ്ക് റോഡ് ക്രോസ് ചെയ്യുന്ന സ്ഥലത്ത് പാലം വേണം.

62. വെള്ളാഞ്ചിറ പാറപ്പുറം റോഡ്, പൊരുന്നുംകുന്ന് റെയിൽവേ ക്രോസ് റോഡ്, ആളൂർ പള്ളിനട-വെള്ളാഞ്ചിറ ഗേറ്റ് റോഡ്, വെള്ളാഞ്ചിറ കനാൽ ബണ്ട് റോഡ്, R. M. H. S. വാച്ചാം കുളം റോഡ് എന്നിവ നന്നാക്കുക

വാർഡ് 4

അയ്യപ്പൻകാവ് റോഡ് - എം.പി. ഫണ്ട്

കണ്ണിക്കര - പതിക്കാട് റോഡ് പഞ്ചായത്ത് ഫണ്ട്

പിഗ്മെന്റ്സ് - പതിക്കാട് റോഡ് നിർമ്മിക്കണം

ചാതേലിക്കുന്ന് റോഡ് ടാറിംഗ് നടത്തണം

നമ്പിക്കുന്ന് റോഡ് വീതി കൂട്ടി പാടത്തേക്ക് റോഡ് നിർമ്മിക്കണം

എടമനപ്പാടം റോഡ് മണ്ണ് ഫിൽ ചെയ്ത് സഞ്ചാരയോഗ്യമാക്കണം

ടാറിംഗ് റോഡുകൾ

1. ആളൂർ അണ്ടികമ്പിനി - സിൽവൻ പ്ലൈവുഡ് മിൽ റോഡ് - ഫ്ലഡ് റിലീഫ് ഫണ്ട്

2. മാള പി.ഡബ്ല്യൂ.ഡി റോഡ് - അണ്ടികമ്പിനി റോഡ് 500 മീ. ടാറിംഗ് - ഫ്ലഡ് റിലീഫ് ഫണ്ട്

3. അരീക്ക റോഡ് - ഫ്ലഡ് റിലീഫ് ഫണ്ട്

4. ടി.വി. ലോനപ്പൻ സ്മാരക റോഡ് - ഫ്ലഡ് റിലീഫ് ഫണ്ട്

5. ആളൂർ ചർച്ച് - ഉറുമ്പൻകുന്ന് റോഡ് - RLEGPഫണ്ട്

6. കുണ്ടൂപ്പാടം റോഡ് - RLEGPഫണ്ട്

7. ആനത്തടം ചർച്ച് - കോതക്കുളം റോഡ് - MPഫണ്ട്

8. വെള്ളാംഞ്ചിറ പള്ളി - തുരുത്തിപ്പറമ്പ് ജംഗ്ഷൻ റോഡ് - ഫ്ലഡ് റിലീഫ് ഫണ്ട്

# വാർത്താവിനിമയം

ആധുനിക മാനുഷിക ജിവിതത്തിൽ വാർത്താവിനിമയ മാധ്യമങ്ങൾക്കുള്ളസ്ഥാനം വളരെ പ്രധാനമാണ് പണ്ട് മനുഷ്യർ വാർത്താവിനിമയത്തിനു വേണ്ടി പക്ഷികളെയും ദൂതൻമാരെയുമാണ് പ്രധാനമായി ആശ്രയിച്ചിരുന്നത് കൂടാതെ പെരുമ്പറയടിച്ച് ആളുകളെ വിളിച്ചുകൂട്ടിയും വാർത്തൾ അറിയിക്കാറുണ്ട്. എന്നാൽ കാലാന്തരത്തിൽ പോസ്റ്റൽ സംവിധാനം നിലവിൽ വന്നു. ഇത് വാർത്താവിനിമയരംഗത്ത് ഒരു പുതിയവിപ്ലവം തന്നെ സൃഷ്ടിച്ചു അതുപോലെ പിന്നീട് അങ്ങോട്ട് ആധുനികവാർത്താവിനിമയ ഉപകരണങ്ങൾ ദിനം പ്രതിയെന്നോണം വികസിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് മിക്കവാറും വീടുകളിൽ റേഡിയോ ഉണ്ട്. ഇതിനുശേഷം വാർത്താവിനിമയരംഗത്ത് പുതിയവിപ്ലവം സൃഷ്ടിച്ചത് ടെലിഫോൺ സംവിധാനമാണ്. ഇന്ന് ഗ്രാമപ്രദേശങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും ടെലിഫോണുകൾ ഉണ്ട്. നമ്മുടെ രാജ്യത്ത് T.V. യുടെ ആരംഭം 1990 കളിലാണ് ദശാപ്തങ്ങൾക്കുശേഷം ഇന്ന് T.V.ഒരു സാധാരണ വാർത്താവിനിമയ മാധ്യമമായി മാറിയിരിക്കുകയാണ് എന്നാൽ ടെലിഫോണിനെയും T.V.യെയും പിറകിലാക്കിക്കൊണ്ടാണ് ആധുനികവാർത്താവിനിമയ ഉപകരണങ്ങളായ ഫാക്സ്, പേജർ കോറിയർസർവീസുകൾ തുടങ്ങിയവയുടെ പ്രചാരം

ആളൂർ ഗ്രാമപഞ്ചായത്തിൽ വാർത്താവിനിമയത്തിനുവേണ്ട ആധുനികസൗകര്യങ്ങൾ ഉണ്ടെങ്കിലും അതുമുഴുവൻ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിലെ പോസ്റ്റോഫിസുകളുടെ പ്രവർത്തനം തൃപ്തികരമാണ്. വല്ലക്കുന്ന്, കൊടകര, മാള, ചാലക്കുടി, എന്നീ ടെലിഫോൺ എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട ടെലിഫോൺ കണക്ഷനുകളാണ് പഞ്ചായത്തിലുള്ളത്. ആളൂർ പഞ്ചായത്തിലെ ഏകടെലിഫോൺ എക്സ്ചേഞ്ച് വല്ലംകുന്നിലാണ് സ്ഥിതിചെയ്യുന്നത്. കൊമ്പിടിയിൽ ആരംഭിക്കുവാൻ തീരുമാനമായ 800 ലൈനുകളുള്ള എക്സ്ചേഞ്ച് ഒരു സ്വകര്യവ്യക്തി കേസ് നൽകിയതുകൊണ്ട് പണി ആരംഭിക്കാതിരിക്കുകയാണ്. പഞ്ചായത്തിലെ പുരോഗതിയെ തടസപ്പെടുത്തുന്ന ഇത്തരം പ്രവണതകളെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പ്രശ്നങ്ങളും സാധ്യതകളും.

1, എല്ലാ കോളനികളിലും T.V.സെന്ററുകൾ സ്ഥാപിക്കുക.

2, എല്ലാ കോളനികളിലും ഒന്നിലധികം പബ്ലിക് ടെലിഫോൺ ബൂത്ത് ആരംഭിക്കുക.

3, വെള്ളാംചിറ സൗത്ത് സെന്റർ, റൈസ്മിൽ പരിസരം, വെള്ളാംചിറ ഗെയ്റ്റ്, കാരൂർ റൈസ്മിൽ പരിസരം എന്നിവിടങ്ങളിൽ ലെറ്റർബോക്സ് സ്ഥാപിക്കുക.

4, ആളൂർ, കൊമ്പിടി, കല്ലേറ്റുംകര തുടങ്ങിയ പ്രധാന സെന്ററുകളിൽ പുതിയ ടെലിഫോൺ ബൂത്തുകൾ സ്ഥാപിക്കണം.

5, പഞ്ചായത്തിൽ പോസ്റ്റോഫീസുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സബ്പോസ്റ്റോഫീസുകളിൽഅനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

| പ്രധാന ബസ്സുറൂട്ടുകൾ | | PVT | KSRTC | |
|---|---|---|---|---|
| 1. | ഇരിങ്ങാലക്കുട (ആളൂർ-കല്ലേറ്റുംകര വഴി) ചാലക്കുടി | 37 | 5 | |
| 2. | തൃശ്ശൂർ (കൊടകര - മാള - ആളൂർ - കൊമ്പിടി - വഴി) മാള | 3 | 10 | |
| 3. | ഇരിങ്ങാലക്കുട - കൊടകര (കല്ലേറ്റുംകര - ആളൂർ വഴി) | 15 | - | |
| 4. | മാള വെള്ളാങ്കല്ലൂർ (അഷ്ടമിച്ചിറ - കൊമ്പിടി വഴി) | 35 | 1 | |
| 5. | ചാലക്കുടി (വെള്ളാങ്കല്ലൂർ - കാരൂർ - കൊമ്പിടി വഴി) ഇരിങ്ങാലക്കുട | 6 | - | |
| 6. | (എഴുന്നള്ളത്തുപാത വഴി പോട്ട) ഇരിങ്ങാലക്കുട | 2 | - | |
| 7. | ചാലക്കുടി ഇരിങ്ങാലക്കുട കണ്ണീക്കര വഴി | 5 | - | |
| 8. | മാള ഇരിങ്ങാലക്കുട കണ്ണീക്കര വഴി | 2 | - | |
| 9. | കൊടുങ്ങല്ലൂർ ചാലക്കുടി വഴിക്കിലച്ചിറ വഴി | 1 | - | |
| 10. | മാള ഇരിങ്ങാലക്കുട ആളൂർ വഴി | 1 | - | |
| 11. | കൊടുങ്ങല്ലൂർ ചാലക്കുടി പറമ്പി റോഡ് | 3 | - | |
| 12. | ഇരിങ്ങാലക്കുട കൊടകര പഞ്ഞപ്പിള്ളി വഴി | 1 | - | |

# ആളൂർ ഗ്രാമപഞ്ചായത്ത് ടാറുചെയ്യേണ്ട റോഡുകൾ

## പട്ടിക

| വാർഡ് നം | മെറ്റൽ ചെയ്യവ | വില്ലേജ് | ദൂരം |
|---|---|---|---|
| 1. | കല്ലേറ്റുംകര - ബൈപ്പാസ് റോഡ് | കല്ലേറ്റുംകര | 500മീ |
| 2 | മനപ്പടി റോഡ് | - | 1കീമീ |
| 3. | താഴേക്കാട് റോഡ് | - | 500മീ |
| | പതിക്കാട് കോളനി റോഡ് | താഴേക്കാട് | 1.250കീമീ |
| 4. | - | - | - |
| 5. | പാറക്കറോഡ് | - | 1.500കീമീ |
| 6. | കാരൂർച്ചിറ - അഞ്ചലങ്ങാടി റോഡ് | ആളൂർ | 1.750കീമീ |
| 7. | തുരുത്തിപ്പറമ്പ് റോഡ് | ആളൂർ | 700മീ |
| | കാരൂർ - പാലസ് റോഡ് | - | 2കീമീ |
| 10. | അരീക്ക റോഡ് | - | 300മീ |
| 11. | താണിപ്പാറ റോഡ് | - | 800മീ |
| | മൽപ്പാട്ടിപ്പാടം റോഡ് | - | 500മീ |
| | ആശാരിമൂല വീയറ്റ്നാംകോളനി റോഡ് | - | 400മീ |
| | കല്ലംതോട് കോളനി റോഡ് | - | 4കീമീ |
| 12. | ടി.വി. ലോനപ്പൻ മെമ്മോ. റോഡ് | - | 300മീ |
| 13. | സിൽവൻ പ്ലൈവുഡ് റോഡ് | - | 1കീമീ |
| 14. | കാരൂർ റൈസ് മിൽ റോഡ് | - | 350മീ |
| | ആളൂർ പള്ളിനട - വെള്ളാംഞ്ചിറ ഗേറ്റ് റോഡ് | - | 800മീ |
| | കിളവം കയറ്റം റോഡ് | - | 1കീമീ |

## വാഹനങ്ങൾ - ടാക്സി സ്റ്റാൻഡിൽ നിലവിലുള്ളത് -

| പേട്ട | ഓട്ടോ | കാർ | ടെമ്പോ | ലോറി |
|---|---|---|---|---|
| കൊമ്പിടി | 37 | 8 | 10 | - |
| ആളൂർ | 31 | 7 | 8 | - |
| കല്ലേറ്റുംകര | 35 | 9 | 12 | 2 |

## പഞ്ചായത്തു വക ടാറിംഗ് റോഡുകൾ

| ക്രമനമ്പർ | റോഡുകളുടെ പേര് | റോഡ് ഏതെല്ലാം വില്ലേജുകളിലൂടെ കടന്നു പോകുന്നു എന്ന് | റോഡിന്റെ നീളം മീറ്റർ | ഉടമസ്ഥ | വീതി |
|---|---|---|---|---|---|
| 1. | പടിഞ്ഞാറെ പഞ്ഞപ്പിള്ളി റോഡ് | കല്ലേറ്റുംകര | 3000 | പഞ്ചായത്ത് നിർമ്മിച്ചത് | 8 മീറ്റർ വീതി |
| 2. | കല്ലേറ്റുംകര പള്ളിനട റോഡ് | " | 0600 | -do- | -do- |
| 3. | കൊമ്പിടിഞ്ഞാമാക്കൽ മുസ്ലിം പള്ളി റോഡ് | താഴേക്കാട് | 0600 | -do- | -do- |
| 4. | മുസ്ലിം സ്റ്റ്രീറ്റ് റോഡ് മുതൽ കുഞ്ഞുപാടം വരെ | -do- | 3000<br>0600 | -do- | -do- |
| 5. | ആളൂർ ആനത്തടം റോഡ് | ആളൂർ | 3000 | പഞ്ചായത്ത് NREP സ്കീമിൽ പണിയിച്ചത് | -do- |
| 6. | ആളൂർ ചർച്ച് മുതൽ ഉറുമ്പൻകുന്ന് റോഡ് വരെ | -do- | 3500 | -do- | -do- |
| 7. | തുരുത്തിപ്പറമ്പ് (മെയിൻ റോഡ്) തുരുത്തിപറമ്പ് കോളിനി റോഡ് | -do- | 1000 | ജവഹർ റോസ്ഗാർ യോജനയിൽ നിർമ്മിച്ചത് ['89-'90] | 6 മീറ്റർ വീതി |
| 8. | വഴിത്തിലിച്ചിറ റോഡ് | -do- | 2000 | പഞ്ചായത്ത് നിർമ്മിച്ചത് | 6 മീറ്റർ വീതി |
| 9. | കിഴക്കേപഞ്ഞപ്പിള്ളി റോഡ് (വാ. 1) | കല്ലേറ്റുംകര | 500 | ഫ്ലഡ് റിലീഫ് വർക്ക് | |
| 10. | അയിനിച്ചിറ റോഡ് (വാ. 2) | ആളൂർ | 1000 | ഫ്ലഡ് റിലീഫ് ആന്റ് ബ്ലോക്ക് ജെ.ആർ.വൈ | |
| 11. | വെള്ളാംഞ്ചിറ, ആളൂർ പള്ളിനട റോഡ് | -do- | 300 | ഫ്ലഡ് റിലീഫ് | |
| 12. | കാരൂർ റൈസ്മിൽ റോഡ് | -do- | 500 | ഫ്ലഡ് റിലീഫ് | |
| 13. | നമ്പിക്കുന്ന് റോഡ് | -do- | 800 | ബ്ലോക്ക് ജെ.ആർ.വൈ | |
| 14. | ആർ.എം.എച്ച്.എസ് പൊരുന്നുകുന്ന് റോഡ് | -do- | 3300 | ഹരിജൻ കോപ്ലിമെന്റ് സ്കീം | |
| 15. | കിഴക്കേപഞ്ഞപ്പിള്ളി റോഡ് | കല്ലേറ്റുംകര | 500 | ജെ.ആർ.വൈ | |
| 16. | ആളൂർ പള്ളി വെള്ളാം ഞ്ചിറ റോഡ് | ആളൂർ | 500 | ജെ.ആർ.വൈ | |
| 17. | ഉറുവത്ത് റോഡ് | താഴേക്കാട് | 600 | ജെ.ആർ.വൈ | |
| 18. | വെള്ളാംഞ്ചിറ, പള്ളിനട റോഡ് | ആളൂർ | 500 | ജെ.ആർ.വൈ | |
| 19. | ഫാമിന്റ് റിലീഫ് റോഡ് (താഴേക്കാട്ട് പള്ളിനട) | താഴേക്കാട് | 500 | ജെ.ആർ.വൈ | |
| 20. | ഷോളയാർ പട്ടികജാതി കോളനി റോഡ് | ആളൂർ | 600 | ജെ.ആർ.വൈ | |

124

# ആരോഗ്യം

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്നചൊല്ല് വിരൽ ചൂണ്ടുന്നത് ആരോഗ്യത്തെകുറിച്ച് നമുക്കുള്ള സങ്കൽപ്പത്തിലേക്കാണ്. ഏതൊരു സമൂഹത്തിന്റേയും പുരോഗതിയുടെ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനമായത് ആ സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യമാണ്. അതുകൊണ്ടാണ് നല്ല ഒരു സമൂഹസൃഷ്ടിക്കായി ആരോഗ്യം, വിദ്യാഭ്യാസംതുടങ്ങിയ മേഖലകൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കേരളം രൂപം നൽകിയത്. പുറമേയ്ക്ക് അഭിമാനിക്കാവുന്ന തലത്തിലെത്തികഴിഞ്ഞുവെങ്കിലും ഇന്നത്തെ പ്രവർത്തനങ്ങൾ അതേപടി തുടരുന്നത് ആത്യന്തിക ലക്ഷ്യം നേടുന്നതിൽ നമ്മെ പ്രാപ്തരാക്കുമോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

താരതമ്യേന ഉയരങ്ങളിലെത്തി നിൽക്കുന്ന നമുക്ക് വന്നവഴിയേ തിരിഞ്ഞുനോക്കുന്നത് കൗതുകകരമായിരിക്കും. ആധുനിക വൈദ്യശാസ്ത്രം നാട്ടിൽ പ്രചരിക്കുന്നതിനുമുൻപ് ആളൂർ പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്തിരുന്നത് പാരമ്പര്യവൈദ്യൻമാരായ ആയുർവേദ വിദഗ്ദരായിരുന്നു. നാട്ടിൽ സുലഭമായി ലഭിച്ചിരുന്ന പച്ചിലമരുന്നുകൾ അന്നത്തെ മിക്ക രോഗങ്ങളേയും നിയന്ത്രണ വിധേയമാക്കിയിരുന്നു.

1942ൽ കുഴിക്കാട്ടുശേരിയിൽ സ്ഥാപിച്ച ആയുർവേദ ഡിസ്പെൻസറിയാണ് പഞ്ചായത്തിലെ ആദ്യ ചികിത്സാകേന്ദ്രം ആധുനിക ചികിത്സാ സമ്പ്രദായം നാട്ടിൽ വേരോടുന്നതിനുമുമ്പ് പഞ്ചായത്തുകാരുടെ പ്രതീക്ഷാകേന്ദ്രം മേൽപറഞ്ഞ വൈദ്യശാലയായിരുന്നു. ബാലചികിത്സയിൽ പ്രമുഖനായിരുന്ന ഇണ്ടായി വൈദ്യൻ, പഞ്ചായത്തു വൈദ്യൻ എന്ന് ഇന്നും നാട്ടുകാരോർക്കുന്ന എം.കെ. നാരായണൻവൈദ്യൻ, നേത്രചികിത്സകനായ മണക്കാട്ടിൽ ശങ്കരൻ വൈദ്യർ, എം.കെ.മാമൻ വൈദ്യർ, കുമാരക്കുറുപ്പ്തുടങ്ങിയവരെല്ലാം ഒരുകാലഘട്ടത്തിന്റെ പ്രതീക്ഷകളായിരുന്നു.

കാലത്തിന്റെ ഒഴുക്കിൽ ജനങ്ങളുടെ ചിന്താഗതിയിൽ മാറ്റംകുറിച്ചുകൊണ്ട് അലോപതി ചികിത്സാവൈദ്യശാസ്ത്രരംഗം ഏറെകുറെ കൈയടക്കിയ നാളുകളിലായിരുന്നു. ആളൂർ പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കപ്പെട്ടത് ഇന്ന് ആളൂർ പഞ്ചായത്തിൽ അലോപതി രംഗത്ത് രണ്ടു ആശുപത്രികളും ഒരു പ്രൈമറി ഹെൽത്ത് സെന്ററും 8 സബ്സെന്ററുകളും ഒരു ഇ.എസ്.ഐ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

ഒരു ആയുർവേദ ഡിസ്പെൻസറിയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പത്തോളം ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഹോമിയോ രംഗത്തും ഡിസ്പെൻസറിയടക്കം വിവിധ ചികിത്സാകേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്.

ഒരുസമൂഹത്തിന്റെ ആരോഗ്യ രംഗത്തുള്ള പ്രവർത്തനത്തെ വിലയിരുത്തുന്നതിൽ പ്രധാനപ്പെട്ട ഘടകങ്ങളാണ് ജനനനിരക്ക്, മരണനിരക്ക്, രോഗാതുരത തുടങ്ങിയവ. മൊത്തം 37456 ജനസംഖ്യയുള്ള പഞ്ചായത്തിലെ ജനനനിരക്കും മരണനിരക്കും പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

| കൊല്ലം | ജനനനിരക്ക് | മരണനിരക്ക് |
|---|---|---|
| 93-94 | 11.96 | 5.87 |
| 94-95 | 9 | 6.27 |
| 95-96 | 10.49 | 6.27 |

**രോഗാതുരത**

മാള ബ്ലോക്കിലെ ലീഡ് പ്രൈമറി ഹെൽത്ത് സെന്ററായ ആളൂർ പി.എച്ച്.സിയിൽ രോഗികളായി എത്തിയവരുടെ മൂന്നുവർഷത്തെ കണക്ക് പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

| വർഷം | ഇൻ പേഷ്യൻ | ഔട്ട് പേഷ്യന്റ് | ചികിത്സയ്ക്കായി എത്തിയവരുടെ മൊത്തമെണ്ണം |
|---|---|---|---|
| 92-93 | 1077 | 22176 | 23253 |
| 93-94 | 856 | 18291 | 19177 |
| 94-95 | 425 | 17321 | 17746 |

ഈ പട്ടികയിൽനിന്ന് വെളിവാകുന്ന സത്യം ചിന്താർഹമാണ്. ഓരോവർഷവും ഇവിടെയെത്തുന്ന രോഗികളുടെ എണ്ണം കുറഞ്ഞുവരുന്നു ജനം പ്രതീക്ഷിക്കുന്ന തരത്തിലുള്ള ചികിത്സ ഇവിടെ നിന്നും ലഭിക്കുന്നില്ല. കൂടുതൽ സൗകര്യവും സാധ്യതയുമുള്ള മറ്റു ചികിത്സാകേന്ദ്രങ്ങളിലേക്ക് സാമ്പത്തികമായി

ബുദ്ധിമുട്ടേണ്ടിവരുമെന്നറിഞ്ഞിട്ടും പോകാൻ തയ്യാറാകുന്നു.

എന്തെല്ലാം പരിമിതികളുണ്ടെങ്കിലും സാധാരണക്കാരന്റെ ആശാകേന്ദ്രമെന്നനിലയിൽ ആരോഗ്യരംഗത്ത് ഈ പ്രൈമറി ഹെൽത്ത് സെന്ററിന് വളരെയേറെ സംഭാവനകളർപ്പിക്കുവാൻ കഴിയുന്നുണ്ട്. കൂടാതെ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി 14 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും എട്ട്സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

സ്വാകര്യ മേഖലയിൽ 2 ആശുപത്രികളും ഒരു ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. ആശുപത്രികളിൽ 170 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമുണ്ട്. 11 ഡോക്ടർമാർ അവിടെ സേവന മനുഷ്ഠിക്കുന്നു. ഹെൽത്ത് സെന്ററിൽ സബ്സന്ററുകളിൽ കൂടി 3 ഡോക്ടർമാരും 29 ഇതര ജീവനക്കാരുമുണ്ട്. പട്ടിക താഴെ

പട്ടിക3

| നമ്പർ | പി.എച്ച്.സി സബ്സെന്ററുകൾ | വാർഡ് |
|---|---|---|
| 1 | താഴെക്കാട് | 3 |
| 2. | പൊരുന്നുകുന്ന് | 9 |
| 3. | കുഴിക്കാട്ടുശ്ശേരി | 6 |
| 4. | വെള്ളാംചിറ | 14 |
| 5. | കല്ലേറ്റുംകര | 1 |
| 6. | മാനാട്ടുകുന്ന് | 13 |
| 7. | ആളൂർ ഈസ്റ്റ് | 11 |
| 8. | വല്ലക്കുന്ന് | 2 |

പഞ്ചായത്തിൽ ശരാശരി 4682 പേർക്ക് ഒരു സബ് സെന്ററിന്റെ പ്രയോജനം ലഭിക്കുന്നു. പഞ്ചായത്തിൽ 3745 പേർക്ക് ഒരു ഡോക്ടറുടെ സേവനം ലഭിക്കുന്നു. 3405 പേർക്ക് ഒരായുർവേദ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുന്നു.

പ്രൈമറി ഹെൽത്ത് സെന്ററിൽ കുട്ടികളുടേയും ഗർഭിണികളുടേയും പ്രശ്നങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. സൗജന്യ കുത്തിവെയ്പുകളും, കുടുംബ ക്ഷേമ പ്രവർത്തനങ്ങളും നല്ലരീതിയിൽ നടക്കുന്നു. വിദ്യാർത്ഥികൾക്കുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള വിദ്യാലയ ആരോഗ്യ പദ്ധതിയും ഹെൽത്ത് സെന്ററിന്റെ നിയന്ത്രണത്തിൽ നടപ്പാക്കുന്നുണ്ട്.

ആരോഗ്യ സംരക്ഷണകാര്യത്തിൽ മരുന്നുകളോളമോ ഒരുവേള അതിലധികമോ പ്രാധാന്യം ബോധവത്കരണ പ്രവർത്തനങ്ങൾക്കുണ്ട്. സെമിനാറുകളും ചർച്ചകളും വഴി ഇക്കാര്യത്തിലും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഫീൽഡ് വർക്കർമാർ കുറേകൂടി ആത്മാർത്ഥതയോടേയും സേവന മനോഭാവത്തോടേയും ഇക്കാര്യം ഏറ്റെടുത്താൽ കൂടുതൽ ഫലം കൈവരിക്കുവാൻ കഴിയുമെന്ന വിശ്വാസമാണ് ഗ്രാമവാസികൾക്കുള്ളത്.

ഗുരുതരമായ രോഗാക്രമണങ്ങൾ ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നില്ലെങ്കിലും രക്തസമ്മർദ്ദം, പ്രമേഹം, ക്യാൻസർ, കുഷ്ഠം, ക്ഷയം, ഹൃദ്രോഗം എന്നിവ പൊതുവായി കാണുന്ന രോഗങ്ങളുടെ പട്ടികയിൽ പെടുത്താം.

സാമാന്യം ഭേദപ്പെട്ട രീതിയിൽ ആരോഗ്യരംഗത്ത് പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ജനങ്ങൾ ആരോഗ്യരംഗത്ത് കൂടുതൽ ഫലവത്തായ പ്രവർത്തനങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്ന് ഗ്രാമസഭ കളിൽവന്ന ചർച്ചകൾ വെളിവാക്കുന്നു. സബ്സെന്ററു കളുടെ പ്രവർത്തനം ലഭിക്കാത്ത വാർഡുകളിൽ സബ്സെന്റർ സ്ഥാപിക്കണമെന്ന ആവശ്യം വ്യാപകമായി ഉയർന്നുവന്നു. ആയുർവേദ ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യവും ശക്തമായി ഉയർന്നു. മാതൃശിശു സംരക്ഷണകേന്ദ്രങ്ങളും വ്യാപിപ്പിക്കണമെന്ന ആവശ്യത്തിനും ഗ്രാമസഭകളിൽ മുൻതൂക്കം കിട്ടി. ആയുർവേദ ഡിസ്പെൻസറിയും ഹോമിയോ ഡിസ്പെൻസറിയും പഞ്ചായത്തിന്റെ രണ്ടറ്റത്തായി കിടക്കുന്നതുകൊണ്ട് ഭൂരിഭാഗത്തിനും അതിന്റെ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. അതുകൊണ്ട് ആളൂർ ഈസ്റ്റ് ഭാഗത്ത് ആയുർവേദ ഡിസ്പെൻസറിയും കാരൂർ വെള്ളാംചിറ ഭാഗത്ത് ഹോമിയോ ഡിസ്പെൻസറിയും തുടങ്ങണം.

പഞ്ചായത്തിൽ ഒരു പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കണം.

### ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദേശങ്ങൾ

1. പി.എച്ച്.സിക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയകെട്ടിടം വേണം.
2. കിടക്കയുടെ എണ്ണം കൂട്ടണം
3. പി.എച്ച്.സി കമ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണം
4. കാഷ്വാലിറ്റി സൗകര്യം ഏർപ്പെടുത്തണം
5. ആംബുലൻസ് സൗകര്യമുണ്ടാക്കണം
6. വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം
7. ഓപ്പറേഷൻ സൗകര്യം എർപ്പെടുത്തണം
8. എക്സറേ, ലാബ്, സൗകര്യം ഏർപ്പെടുത്തണം
9. രോഗികൾക്ക് ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കണം
10. സർക്കാർ ആശുപത്രിയിൽ കാന്റീൻ വേണം.
11. നാലാം വാർഡിൽ സ്ഥലവാഗ്ദാനം ലഭിച്ച സാഹചര്യത്തിൽ പി.എച്ച്.സി സബ്സെന്റർ ആരംഭിക്കണം
12. കുഴിക്കാട്ടുശ്ശേരി സബ്സെന്ററിന്റെ കെട്ടിടം പുതുക്കിപണിയണം.
13. സബ്സെന്ററുകളിൽ ആഴ്ചയിൽ രണ്ടുദിവസമെങ്കിലും ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം

### പരിസരശുചിത്വം

താരതമ്യേന ശുചിത്വബോധമുള്ളവരാണ് കേരളീയർ എന്നാണ് ധാരണ. വ്യക്തിപരമായും വീടിനകത്തും ഏറെകുറെ ശരിയുമാണത്. എന്നാൽ പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ ഈ താല്പര്യം പ്രകടമായി കാണുന്നില്ല. രോഗാതുരതയിൽ ഭൂരിഭാഗവും പരിസരജന്യ രോഗങ്ങളാണ്.

പരിസരമലിനീകരണത്തിൽ നല്ലൊരു പങ്കു വഹിക്കുന്നത് മലമൂത്ര വിസർജനങ്ങളാണെന്ന കാര്യം ശ്രദ്ധേയമാണ്. പഞ്ചായത്തിൽ 23 ശതമാനം പേർക്കുമാത്രമേ സേപ്റ്റിക് ടാങ്ക് കക്കൂസുള്ളു. 28 ശതമാനം പേർ ഇ.എസ്.പി കക്കൂസുകൾ ഉപയോഗിക്കുമ്പോൾ 15 ശതമാനം പേർ ചെറിയ തോതിലുള്ള കക്കൂസുകളുടെ സൗകര്യം ഉപയോഗപ്പെടുത്തുന്നു. 33 ശതമാനം പേർക്ക് കക്കൂസുകളില്ലാ എന്നത് ഗൗരവമായി ആലോചിക്കേണ്ട വസ്തുതയാണ്.

855 വീടുകളോട് ചേർന്ന് കാലിത്തൊഴുത്ത് സ്ഥിതിചെയ്യുന്നത് പരിസരമലിനീകരണത്തിന് വഴിയൊരുക്കുന്നു.

പാവപ്പെട്ടവർ തിങ്ങിതാമസിക്കുന്ന കോളനി പ്രദേശങ്ങളാണ് കൂടുതൽ ശ്രദ്ധചെലുത്തേണ്ട മറ്റൊരു മേഖല.

പരിസര ശുചിത്വവുമായി ബന്ധപ്പെട്ട് ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഇവയാണ്.

1. പഞ്ചായത്തിലെ വികസിച്ചുകൊണ്ടിരിക്കുന്ന കൊമ്പൊടിഞ്ഞാമാക്കൽ, ആളൂർ, കല്ലേറ്റുംകര, പഞ്ഞപ്പിള്ളി, പ്രദേശങ്ങളിൽ കംഫർട്ട് സ്റ്റേഷൻസ്ഥാപിക്കണം.
2. പ്രധാനകേന്ദ്രങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ആളെ നിയമിക്കണം.
3. വാർഡ് 3,4 ഇവയിൽ പൊതു ശ്മശാനം സ്ഥാപിക്കണം
4. പാവപ്പെട്ടവർക്ക് കക്കൂസ് നിർമാണത്തിന് സഹായം കൊടുക്കണം
5. കക്കനീറ്റുകേന്ദ്രങ്ങളിലെ അന്തരീക്ഷ മലിനീകരണത്തിന് അറുതിവരുത്തണം
6. അഴുക്കുചാൽ പദ്ധതി വ്യാപകമാക്കണം
7. പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുവാൻ സാമ്പത്തിക സഹായം നൽകണം.
8. കംപോസ്റ്റ് നിർമാണം പ്രോത്സാഹിപ്പിക്കണം.

ആരോഗ്യരംഗത്ത് ഇന്നുള്ള പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കി തുടരുന്നതോടൊപ്പം വിപുലമായ ബോധവത്കരണപരിപാടി ആസൂത്രണംചെയ്ത് നടപ്പിലാക്കണം. ആരോഗ്യത്തെകുറിച്ച് ശരിയായ കാഴ്ചപ്പാടുണ്ടാക്കാൻ കഴിഞ്ഞാലെ അതുസംബന്ധിച്ച് പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ കഴിയൂ. പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കേണ്ട രണ്ടുനിർദ്ദേശങ്ങൾകൂടി അവതരിപ്പിക്കട്ടെ

ബയോജന ആരോഗ്യകേന്ദ്രം-പ്രായമായവരുടെ മാനസീകവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം

കൈകാര്യം ചെയ്യുവാൻ പരിശീലനം ലഭിച്ചവരെ ഉപയോഗിച്ച് പഞ്ചായത്തിൽ ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കണം.

ഹെൽത്ത് കാർഡ് സംവിധാനം-ചികിത്സയ്ക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണയം വേഗത്തിലും കുറ്റമറ്റതുമാക്കുവാൻ സഹായിക്കും ആരോഗ്യപ്രവർത്തകരേയും സന്നദ്ധപ്രവർത്തകരേയും ഏകോപിപ്പിച്ച് ഈ പരിപാടി നടപ്പിലാക്കാവുന്നതാണ്. രക്തഗ്രൂപ്പ് മുൻചികിത്സാ ക്രമങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ കാർഡിൽ രേഖപ്പെടുത്താവുന്നതാണ്. ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും കൂട്ടിയിണക്കിയാൽ ശുചിത്വഗ്രാമം ആരോഗ്യഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ നമുക്കു കഴിയും. അതിനാകട്ടെ നമ്മുടെ ഇനിയുള്ള മുഴുവൻ ശ്രമവും.

പട്ടിക4

## ആശുപത്രികൾ ഡിസ്പെൻസറികൾ

| സ്വാകര്യ ആശുപത്രികൾ | | | സർക്കാർ ആശുപത്രികൾ | സ്വകാര്യ ഡിസ്പെൻസറി | | | സർക്കാർപ്രൈമറി ഹെൽത്ത് സെന്റർ | | |
|---|---|---|---|---|---|---|---|---|---|
| നമ്പർ | കിടക്ക | ഡോക്ടർമാർ | Nil | നമ്പർ | കിടക്ക | ഡോക്ടർ | നമ്പർ | കിടക്ക | ഡോക്ടർ |
| 2 | 158 | 8 | | Nil | Nil | Nil | 1 | 12 | 3 |

# സാമൂഹ്യക്ഷേമം

സാമഹ്യക്ഷേമ രംഗത്ത് ദാരിദ്രരേഖക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദരിദ്ര നിർമ്മാർജ്ജന പദ്ധതിയിൽ തൊഴിലാളികളുടെ ക്ഷേമത്തിനുള്ള ക്ഷേമപദ്ധതിയുമാണ് നിലവിലുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സമൂഹത്തിലെ ദുർബലജന വിഭാഗത്തിനു വേണ്ടി പല ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഇത്തരം ആനുകൂല്യങ്ങൾക്ക് അർഹരായ അവശ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ ഇത്തരം ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി അറിയാറില്ല എന്നത് യാഥാർത്ഥ്യമാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് ഗ്രാമവികസന വകുപ്പുവഴിയും, പട്ടികജാതി വികസന വകുപ്പുവഴിയും കൃഷിഭവൻ വഴിയും, ജലവ്യവസായ വകുപ്പു വഴിയും, അംഗൻവാടികൾ വഴിയും ഹെൽത്ത്സെൻെറർ വഴിയും മൃഗസംരക്ഷണ വകുപ്പു വഴിയും മൽസ്യ കാർഷിക വികസന ഏജൻസികൾ വഴിയും ഭവന നിർമ്മാണ വകുപ്പുവഴിയും, തൊഴിലാളി ക്ഷേമനിധി ബോർഡുകൾ വഴിയുമാണ് പ്രധാനമായി നടപ്പിൽ വരുത്തുന്നത്.

### ഗ്രാമ വികസന വകുപ്പു വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. I.R.D.P. ദാരിദ്രരേഖക്കു താഴെയുള്ള കുടുംബങ്ങൾക്കു സ്വയം തൊഴിൽ കണ്ടെത്താൻ സംരഭങ്ങളിൽക്കൂടി വരുമാനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ അവർക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുകയാണ് I.R.D.P. യുടെ കാതലായ അംശം. I.R.D.P. ലിസ്റ്റിൽ നിന്ന് പട്ടികജാതി, പട്ടിക വർഗ്ഗക്കാർ, കർഷക തൊഴിലാളികൾ, നാമമാത്രകൃഷിക്കാർ, ചെറുകിട കർഷകർ, സ്ത്രീകൾ എന്നീ വിഭാഗങ്ങളിൻ നിന്നും ഒരാളിൽ നിശ്ചിത ആനുപാതിക ക്രമമനുസരുച്ച് പാവപ്പെട്ട കുടുംബങ്ങളെ തിരഞ്ഞെടുത്ത് സഹായിച്ചുകൊണ്ടിരിക്കുകയാണ് ഈ പദ്ധതി.

ആളൂർ പഞ്ചായത്തിൽ I.R.D.P. ലിസ്റ്റിൽ 3,308 കുടുംബങ്ങൾ ആണുള്ളത്. ഇതിൽ സഹായം ലഭിച്ചവർ 757 കുടുംബങ്ങൾ ഉണ്ട്.

ആളൂർ ഗ്രാമപഞ്ചായത്തിൽ 3 ഷെഡ്യൂൾ ബാങ്കുകളും കൂടി 1539807 ലക്ഷം രൂപ, ഐആർഡിപി ഇനത്തിൽ വായ്പ കൊടുത്തിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. നിയമത്തിനു വിരുദ്ധമായി ഷെഡ്യൂൾഡ് ബാങ്കുകൾ I.R.D.P ലോണിന് ജാമ്യം ആവശ്യപ്പെടുന്നു.
2. ഷെഡ്യൂൾഡ് ബാങ്കുകൾ സബ്സിഡി തുക മാത്രം ഗുണഭോക്താവിനു കൊടുക്കുകയും ബാക്കി സംഖ്യ ബാങ്കുകളിൽ നിർബന്ധിച്ച് ഡെപ്പോസിറ്റ് ചെയ്യിച്ചുകൊണ്ട് ഐആർഡിപിയുടെ ലക്ഷ്യംതന്നെ തകർക്കുന്നു.
3. വരുമാന മാർഗ്ഗം എന്ന നിലയിൽ തുടർന്ന് പോകുന്നതിന് I.R.D.P. ലോൺ കൊണ്ട് കഴിയുന്നില്ല.
4. ഐആർഡിപി പദ്ധതിവഴി ലഭിക്കുന്ന സാധന സാമഗ്രികൾ കൈമാറ്റം ചെയ്യുന്നു.

### പരിഹാരം

1. ഐ.ആർ.ഡി.പി നിയമം തെറ്റിക്കുന്ന ബാങ്കുകൾക്കെതിരെ കർശനമായ നടപടികൾ കൈകൊള്ളുക.

### ട്രൈസം

ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ 18മുതൽ 35 വരെ പ്രായവിഭാഗങ്ങളിലുള്ള യുവജനങ്ങൾക്ക് കൃഷിയും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ, വ്യവസായം, സേവനം, ബിസിനസ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശാല മേഖലകളിൽ സ്വയം തൊഴിൽ പരിപാടികൾ ഏറ്റെടുക്കാൻ കഴിയുംവിധം സാങ്കേതിക വൈദക്ത്യം പ്രധാനം ചെയ്യുകയാണ് ട്രൈസത്തിന്റെ ലക്ഷ്യം ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം, ട്രൈലിംഗ്, നൈറ്റിംഗ്, ഫർണിച്ചർവർക്ക്, ഹാന്റ്ലൂം, ഓട്ടോ വർക്ക്ഷോപ്പ്, വെൽഡിംഗ്, റോസറിംഗ്, പോളിട്ടറി, എയർകണ്ടീഷനിംഗ്, മോട്ടോർ വൈന്റിംഗ്, ഖാദിനൂൽ ഉത്പാദനം, പ്രിന്റിംഗ് ഷീട്ട് മെറ്റൽ, ടി.വി.റിപ്പയറിംഗ്, റേഡിയോ റിപ്പയറിംഗ് എന്നിവയാകുന്നു.

| വാർഡ്തലത്തിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം | | |
|---|---|---|
| വാർഡ് | വർഷം | പരിശീലനം ലഭിച്ചവരുടെ എണ്ണം |
| 1. | | 1 |
| 2. | | 4 |
| 3. | | 6 |
| 4. | 85 - 92 | 39 |
| 5. | Nil | |
| 6. | 93-94 | 11 |
| 7. | Nil | |
| 8. | 94-95 | 8 |
| 9. | " | 6 |
| 10. | " | 1 |
| 11. | " | 5 |
| 12. | " | 7 |
| 13. | " | 2 |

പ്രശ്നങ്ങൾ

1. പരിശീലനം ലഭിച്ചവർക്ക് തുടർന്ന ജോലി ലഭിക്കുന്നില്ല. ഇവർക്ക് വായ്പാ ഇനത്തിൽ മുൻഗണന കൊടുക്കണം
2. ഇവർക്ക് കൊടുക്കുന്ന സ്റ്റൈപ്പന്റ് തുക കിട്ടണം
3. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്നുള്ള പരാതി ഉദ്യോഗസ്ഥൻമാരിൽ നിലനൽക്കുന്നുണ്ട് ഇതിനായി ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണ്.

തൊഴിൽപരിപാടി

ജെ.ആർ.വൈ പദ്ധതിപ്രകാരം ഗ്രാമങ്ങളിൽ തൊഴിൽ അവസരങ്ങളും, അതോടൊപ്പം സ്ഥിരമായ സാമൂഹ്യ ആസ്തികളും സൃഷ്ടിക്കുകയാണ് കാതലായ ലക്ഷ്യം. ഗ്രൂപ്പുവീടുകൾ, ലിങ്ക്റോഡുകൾ, പാലങ്ങൾ, സ്കൂൾ, ആശുപത്രിമന്ദിരങ്ങൾ, ശുദ്ധജലകിണറുകളും, ജലവിതരണപദ്ധതികളും, ചെറുകിടജലസേചന പദ്ധതികൾ, മണ്ണുസംരക്ഷണ ജോലികൾ തുടങ്ങിയ വായ്പക്കു പുറമേ സാമൂഹ്യസേവന വൽകരണ പരിപാടികളും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നുണ്ട്. നാട്ടുകാരുടെ പങ്കാളിത്തവും, ശുദ്ധിയും ഉറപ്പുവരുത്താൻ ഈ പദ്ധതികളിൽ നിർവഹിക്കുന്ന എല്ലാ ജോലികളും അതാതു സ്ഥലങ്ങളിലെ ഗുണഭോക്താക്കളും അതാതു സ്ഥലങ്ങളിലെ ഗുണഭോക്ത സമിതികളുടെ കൺവീനർമാർക്കാണ് ചുമതല എൽപ്പിക്കുന്നത്. യാതൊരു കാരണവശാലും സ്ഥിരമായ കരാറുകാരെകൊണ്ട് ഈ ജോലി ഏറ്റെടുപ്പിക്കുവാൻ പാടില്ലാത്തതാണ്.

സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ഗ്രാമസേവകൻവഴി മാവ്, പുളി, പ്ലാവ്, നെല്ലി തുടങ്ങിയവൃക്ഷങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിമൂലം വൃക്ഷങ്ങൾ വിതരണം ചെയ്യാറുണ്ടെങ്കിലും വേണ്ടത്ര രീതിയിൽ നടപ്പിലാക്കുവാൻ കഴിയാറില്ല. ഗ്രാമപ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി കഴിഞ്ഞ വർഷങ്ങളിലായി രണ്ടുകിണറുകൾ കുഴിച്ചു. പഞ്ചായത്തും, ബ്ലോക്കുംകൂടി കഴിഞ്ഞ 5 വർഷമായി 550-ഓം ഇന കക്കൂസുകൾ നിർമിക്കുന്നതിന് പട്ടികജാതിയിൽപ്പെട്ടവർക്ക് നൽകുകയുണ്ടായി. ഗ്രാമീണറോഡുകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷകൊണ്ട് ഭീമമായ തുക ചിലവാക്കികൊണ്ട് 29ഓളം റോഡുകൾനിർമിക്കുകയുണ്ടായി. പതിക്കാട് പട്ടികജാതി കോളനി, കളപ്പുറക്കുന്ന് എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുത്തിട്ടുണ്ട്. അൺ ടൈയ്ഡ് ഫണ്ടിൽ ഉൾപ്പെടുത്തി 200ൽപരം വീടുകൾക്ക് വൈദ്യുതിക്കായി സൗജന്യ വയറിംഗ് നൽകിയിട്ടുണ്ട്. ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ട്.

14-ാം വാർഡിലെ ഫ്രൻസ് ഹോളോ ബ്രിക്സും, വിശ്വസ് വെള്ളാചിറയും ഉത്പാദനം കൂടിയിട്ടില്ല. മൂലധനത്തിന് വേണ്ടി ബാങ്ക് വായ്പകിട്ടാത്തതാണ് കാരണം. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനെ സഹായം നൽകുവാനും അതാതു പ്രദേശത്തെ സന്നദ്ധസംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം ഈ സ്കീമിലൂടെ ഉത്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

ഇതിലൂടെയുള്ള ഉത്പന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാകണം

### ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലാളികൾക്ക് വേണ്ടി, നവീന തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ് (ആർ.എ.പി) ഇതിന്റെ ഭാഗമായി 31 കുടുംബങ്ങൾക്ക് തൊഴിൽ ഉപകരണങ്ങൾ കൊടുത്തു. ഇനി 176ൽപരം കുടുംബങ്ങൾക്ക് കൊടുക്കേണ്ടതുണ്ട്.

### ആളൂർ പഞ്ചായത്ത്

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നപരിപാടി (ആർ.എ.പി)

കേരളത്തിലെ കാൽകോടിയോളം വരുന്ന പട്ടികജാതിക്കാരുടെ സാമ്പത്തികവും സാമൂഹ്യപരവുമായ വികസനത്തിനും സമഗ്ര പുരോഗതിയ്ക്കും വേണ്ടിയുള്ള പദ്ധതികളാണ് ഇതുവഴി നടപ്പിലാക്കുന്നത്. പ്രധാനമായും ഇവയെ സാമ്പത്തികോന്നമന പരിപാടികൾ, സാമൂഹ്യ വികസന പരിപാടികൾ വിദ്യാഭ്യാസ സാംസ്കാരിക പരിപാടികൾ എന്നിവയായി തരംതിരിക്കാം.

### സാമ്പത്തികോന്നമന പരിപാടികൾ

പട്ടികജാതിക്കാരുടെ സാമൂഹ്യവും സാംസ്കാരികവുമായ പുരോഗതി അവരുടെ സാമ്പത്തികപുരോഗതിയെ ആധാരമാക്കിയാണ് നിലകൊള്ളുന്നത്.

### ഭവനനിർമാണ പദ്ധതി

ആളൂർ ഗ്രാമപഞ്ചായത്ത് കഴിഞ്ഞ 5 വർഷംകൊണ്ട് 80ൽപരം വീടുകൾ പട്ടികജാതിക്കാർക്കു നിർമിച്ചു നൽകുകയുണ്ടായി. കൈരളി പദ്ധതിയിൽ 50ൽപരം വീടുകൾക്ക് ലോൺ അനുവദിക്കുകയും 37500 രൂപ ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിയിട്ടുണ്ട്. ആളൂർ പഞ്ചായത്തിൽ ഒട്ടനവധി ജനങ്ങൾ അന്തിയുങ്ങുവാനായി ഒരു കുടിൽ കെട്ടുന്നതിന് സ്ഥലം ഇല്ലാത്തവനാണ് പുറംപോക്കി ഒരുപാട് ജനങ്ങൾ താമസിക്കുന്നുണ്ട് ഇതര പുനരധിവസിപ്പിക്കുന്നതിനും ബൃഹത്തായ പദ്ധതി ഏറ്റെടുക്കുകയും ഈ ആവശ്യങ്ങൾക്കായി 8ഏക്കർ ഭൂമി പഞ്ചായത്ത് വിലയ്ക്കു വാങ്ങുകയും, 150ൽ പരം പേരെ പുനരധിവസിപ്പിക്കുകയുണ്ടായി. ഇതിൽ 3 ഏക്കർ ഭൂമി വിതരണം ചെയ്യുവാനും ഉണ്ട്.

### വിവാഹധനസഹായ പദ്ധതി

പട്ടികജാതിയിൽപ്പെട്ട 18 വയസ്സിന് കുറയാത്ത പ്രായമുള്ള പെൺകുട്ടികളുടെ വിവാഹത്തിന് 2000 രൂപ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിപ്രകാരം പഞ്ചായത്തിന് വേണ്ടത്ര സഹായംകൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ കാര്യത്തിനെകുറിച്ച് കാര്യമായ ബോധവത്കരണം നടന്നിട്ടില്ല.

### വിദ്യാഭ്യാസ സാംസ്കാരിക വികസനപരിപാടി

ഈ പദ്ധതിയിൽ വേണ്ടത്ര സഹായങ്ങൾ നൽകുവാൻ പഞ്ചായത്തിൽ സാധിച്ചിട്ടില്ല.

പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ

ഇതിന്റെ ഭാഗമായി പട്ടികജാതി ഒ.ബി.സി വിഭാഗക്കാർ, മറ്റു നിർധന വിഭാഗക്കാർ എന്നിവർക്ക് സ്കൂൾ മെട്രിക്കുലേഷൻ, കോളേജ് വിദ്യാഭ്യാസം എന്നിവയ്ക്ക് സഹായം ലഭിക്കുന്നുയ

സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപരിപാടികൾ

### 1. അംഗൻവാടികൾ

സാമൂഹ്യരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തികൾ കാഴ്ചവെയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 14 വാർഡുകളിൽ ആയി 29 എണ്ണം പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 1300 പേർക്ക് ഒരു അംഗൻവാടി എന്ന കണക്കിലാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. 1000 പേർക്ക് ഒരു അംഗൻവാടി എന്ന എന്ന I.C.D.S ന്റെ ലക്ഷ്യം നമ്മുടെ പഞ്ചായത്തിൽ നിറവേറ്റാൻ 'സാധിച്ചിട്ടില്ല. അംഗൻവാടികൾ വഴി പ്രതിരോധകുത്തിവെയ്പുകൾ നടത്തുന്നു. കുട്ടികൾക്ക് പോഷകാഹാര പരിപാടികൾ, ഇ.സി.ജി, ഡി.പി.ടി, പോളിയോ എന്നീ കുത്തിവെയ്പുകൾ നടത്തുന്നു. ഇതെല്ലാം വേണ്ടത്ര അളവിൽ വീടുകളിൽ എത്തിയ്ക്കുന്ന കാര്യത്തിൽ കുറവു സംഭവിക്കുന്നുണ്ട്.

പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം നമ്മുടെ പഞ്ചായത്തിൽ അപകടമാണ്. അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ നിലനിൽക്കുന്നില്ല. ഇത് കുട്ടികളിലും രക്ഷിതാക്കളിലും അസംതൃപ്തിയുണ്ടാക്കുന്നു. അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളും നിലനിൽക്കുന്നു.

ഗംഭീര ജോലി ഭാരമാണിവർക്കുള്ളത്. ഇവരുടെ വേതനം വളരെതുഛമാണ്.

### പ്രശ്നങ്ങൾ

അംഗൻവാടിവഴി നൽകുന്ന പോഷകാഹാരങ്ങൾക്ക് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക. അംഗൻവാടികളിൽ കളിപ്പാട്ടങ്ങൾ വാങ്ങാൻ പൈസ അനുവദിക്കുക. അംഗൻവാടികൾക്ക് കളിസ്ഥലം അനുവദിക്കുക. അംഗൻവാടി ജീവനക്കാർക്ക് സേവന വ്യവസ്ഥകൾ ഉയർത്തുക. സർക്കാർ ജീവനക്കാരായി അംഗീകരിക്കുക. അംഗൻവാടി സംരക്ഷണ കമ്മിറ്റികൾ ഫലപ്രദമായി സംഘടിപ്പിക്കുക.

### വികലാംഗ ക്ഷേമപരിപാടികൾ

വികലാംഗരുടെ പ്രാപ്തിക്കനുയോജ്യമായ ടെലിഫോൺ ബൂത്തുകൾ, ചെറിയ കച്ചവടം തുടങ്ങുന്നതിന്റെ നിലവിലുള്ളവ വിപുലപ്പെടുത്തുന്നതിനും, കറവുമാട് കോഴി എന്നിവ വളർത്തി ആദായകരമായ തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായപദ്ധതികൾ നടപ്പിലാക്കണം. നമ്മുടെ പഞ്ചായത്തിൽ 200ൽപരം വികലാംഗർ ഉണ്ട്. അവർക്കിപ്പോൾ ഫലപ്രദമായ പരിപാടികൾ ഒന്നും നടപ്പാക്കിയിട്ടില്ല ഇവരെ സഹായിക്കുന്നതിനായി പഞ്ചായത്തടിസ്ഥാനത്തിൽ വികലാംഗ ക്ഷേമസഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

### മിശ്രവിവാഹ ദമ്പതികൾക്കുള്ള സഹായപദ്ധതി

മിശ്രവിവാഹിതരായ ശേഷം കഷ്ടത അനുവദിക്കുന്ന ദമ്പതിമാർക്ക് സഹായം നൽകിവരുന്നുണ്ട്. പട്ടികജാതി പട്ടികവർഗക്കാരിൽ അല്ലാത്തവർക്കുവേണ്ടി സഹായം നൽകിവരുന്നുണ്ട്. അവരുടെ ഗ്രാന്റിന്റെ തുക വർധിപ്പിക്കണം. സ്വയംതൊഴിൽ പദ്ധതിപ്രകാരം മുൻഗണന നൽകണം.

### കൃഷിവകുപ്പ് പദ്ധതികൾ

കൃഷിവകുപ്പ് ദുർബലജനവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി വിപുലമായ പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. കൃഷിക്കാർക്ക് വിത്തുകൾ, നടീൽ വസ്തുക്കൾ, പമ്പുസെറ്റുകൾ, വളങ്ങൾ, ട്രാക്റ്റർ, ജൈവ വാതക പ്ലാന്റുകൾ, കൃത്രിമ കീടനാശിനി, ജലസേചന സൗകര്യം, കുളം, കിണർ, ട്രില്ലർ പട്ടികജാതി കൃഷിക്കാർക്ക് സാങ്കേതിക പരിജ്ഞാനം പ്രദാനംചെയ്യൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നു. മണ്ണുസംരക്ഷണത്തിന്റെ ഭാഗമായി പണപ്പിള്ളി പട്ടികജാതി കോളനി ഐ.എച്ച്.ഡി.പി കോളനിയായി പ്രഖ്യാപിക്കുകയും കാട്ടാംതോട് മണ്ണ് സംരക്ഷണ പരിപാടിയായി നടപ്പിലാക്കിയിട്ടുണ്ട് ഉറുംബുകുന്ന്, തിരുത്തിപറമ്പു ഈപദ്ധതി നടപ്പിലാക്കുവാൻ ഏറ്റെടുത്തിട്ടുണ്ട്. പഞ്ഞപ്പിള്ളി പട്ടികജാതി സങ്കേതത്തിൽ 2561065 രൂപ ചിലവഴിക്കുന്നുണ്ട്. കാട്ടാംതോട് 28000രൂപ ചിലവാക്കിയിട്ടുണ്ട്.

കാട്ടാംതോട് 96000 രൂപ ചിലവാക്കാൻ തീരുമാനിച്ചുവെങ്കിലും 28000 രൂപയെചിലവാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യണം.

### ക്ഷീരവകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

ഈ പദ്ധതിയനുസരിച്ച് ക്ഷീരവികസനവകുപ്പ്, കർഷകത്തൊഴിലാളി, പരിമിതകൃഷിക്കാർ, ചെറുകിട കർഷകർ എന്നീവിഭാഗത്തിൽപെട്ട ക്ഷീരകർഷകർക്ക് കന്നുകാലി തൊഴുത്തു നിർമിക്കുന്നതിന് ധനസഹായം നൽകിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഐ.എച്ച്.ഡി.പി ആയി പ്രഖ്യാപിച്ചു. കോളനികൾ എണ്ണത്തെ വിതരണം ചെയ്തിട്ടുണ്ട്. തിരുത്തിപറമ്പിൽ ഒരു മിൽമാഡയറി പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതിന്റെ പ്രവർത്തനം പുനസംഘടിപ്പിക്കണം. പഞ്ഞപ്പിള്ളിയിലും, ഉറുമ്പുംകുന്നിലും ക്ഷീരോത്പാദക സൊസൈറ്റിയുടെ കളക്ഷൻ സെന്റർ വേണം.

### റവന്യൂവകുപ്പ് നടപ്പിലാക്കുന്ന ഭവനനിർമാണപദ്ധതി

പ്രതിവർഷം വെള്ളപ്പൊക്കം തുടങ്ങിയവയിൽ വീടുകൾ നഷ്ടപ്പെടുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുള്ളവർക്കു പുനർനിർമാണത്തിനുള്ള ധനസഹായം നൽകുന്നതാണീ പദ്ധതി.

### പെൻഷൻ പദ്ധതികൾ

#### 1. വിധവാ പെൻഷൻ

പ്രായപൂർത്തിയായ ഒരു ആൺകുട്ടിയുണ്ടെങ്കിൽ ഒരുവിധവയ്ക്ക് പെൻഷൻ ലഭിക്കുകയില്ല. ഇതിനു മാറ്റം വരുത്തേണ്ടതാണ്.

#### കർഷകതൊഴിലാളി പെൻഷൻ

നമ്മുടെ പഞ്ചായത്തിൽ കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നവർ ഉണ്ട്. കാലതാമസം കൂടാതെ പെൻഷൻവിതരണംചെയ്യുവാൻ കഴിയേണ്ടത്

ആവശ്യമാണ്.

ക്ഷേമനിധി

### കെട്ടിനിർമാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ കെട്ടിനിർമാണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഒട്ടനവധി കുടുംബങ്ങൾ ഉണ്ട. അവർ എല്ലാവരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. കുടുംബവിഹിതം പിരിച്ചെടുക്കുന്നില്ല.

### കർഷകതൊഴിലാളി ക്ഷേമനിധി

ഈ പഞ്ചായത്തിലെ തൊഴിലാളികൾ ഭൂരിപക്ഷവും കർഷതൊഴിലാളികളാണ് രണ്ടായിരത്തിലധികം പേർ ഇതിൽ അംഗമായി ചേർത്തിട്ടുണ്ട്. തൊഴിലാളി യൂണിയനുകൾ മുൻകൈയെടുത്തിട്ടാണ് ഇവരെ അംഗങ്ങളായി ചേർത്തിട്ടുള്ളത്. ഈ പദ്ധതിയിൽ നിരവധി പ്രശ്നങ്ങളുണ്ട്. ഉടമവിഹിതം പിരിയ്ക്കുന്നില്ല. അറുപതു വയസു പൂർത്തിയായവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തികസഹായം നൽകുന്നില്ല.

### പൊതുവിതരണം

ഈ പഞ്ചായത്തിൽ ആകെ റേഷൻകടകൾ ഉണ്ട്. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ കൊമ്പടിയിൽ പ്രവർത്തിക്കുന്നു. ഓണകാലയളവിൽ സാധനവിലകൾ പിടിച്ചുനിറുത്തുന്നതിന് സഹകരണ സംഘങ്ങൾ പച്ചക്കറിചന്തകളും ഫലപ്രദമായി നടത്തിവരുന്നു.

### റേഷൻഷോപ്പ്

റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിനായി നടപടി സ്വീകരിക്കണം. റേഷൻ ഷോപ്പുകളിലെ കുത്തഴിഞ്ഞ പ്രവർത്തനങ്ങൾ തടയുന്നതിന് റേഷൻകടകൾക്കനുസരിച്ച് പഞ്ചായത്തുതലത്തിൽ ബഹുജന പിന്തുണയോടെ കമ്മിറ്റികൾ രൂപീകരിക്കണം. അളവുതൂക്കങ്ങളിൽ കൃത്യത പാലിക്കുന്നുണ്ടോ യെന്നറിയുക പഞ്ചായത്തിൽനിന്ന് പരിശോധന നടത്തേണ്ടതാണ്.

### ഗ്രാമസഭാ നിർദേശങ്ങൾ

1. ആളൂർ പഞ്ചായത്തിലെ കനാൽ ബണ്ടിലും പുറമ്പോക്കുസ്ഥലങ്ങളിലും താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക
2. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയേണ്ടതാണ്.
3. ക്ഷേമനിധി പെൻഷൻ തുടങ്ങിയ പഞ്ചായത്തിലെ മുഴുവൻ അർഹരായവർക്ക് നൽകുക.
4. മൂന്നാം വാർഡിൽ ഒരു ഹെൽത്ത് സബ്സെന്റർ ആവശ്യമാണ്.
5. മൂന്നാം വാർഡിൽ പതിക്കാട് പട്ടികജാതി കോളനിയിൽ സ്ഥിതിചെയ്യുന്ന കള്ളുഷാപ്പ് നിർത്തലാക്കണം.
6. പട്ടികജാതി കുടുംബങ്ങൾക്ക് കക്കൂസും വീടും അനുവദിക്കണം.
7. വാർധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ, വിധവാപെൻഷൻ എന്നിവ ഉടൻ തന്നെ കൊടുക്കണം.
8. അംഗൻവാടികൾ ആവശ്യമായസ്ഥലങ്ങളിൽ അനുവദിക്കുക. വാർഡുതോറും സബ്സെന്ററുകൾ സ്ഥാപിക്കുക.
9. പെൻഷൻ അതാതു മാസങ്ങളിൽ വിതരണം ചെയ്യുക.

| ആളൂർ പഞ്ചായത്തിൽ I.R.D.P. സഹായം ലഭിച്ച പട്ടികജാതി കുടുംബങ്ങൾ | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | സർവേ പ്രകാരം കണ്ടെത്തിയ ആകെ വീട് | SC/ST കുടുംബാം ഗങ്ങൾ | സഹായം ലഭിച്ചവരിൽ | സഹായം ലഭിച്ചവരിൽ | മുകളിൽ എത്തിയവർ | താഴെ എത്തിയവർ |
| 1 മുതൽ 14 വാർഡ് വരെ | 3308 | 550 | 757 | 274 | 444 | 2864 |

## I.R.D.P വായ്പകൾ കൊടുത്ത ബാങ്കുകൾ, കൊടുത്ത രൂപയും

| സ്ഥാപനങ്ങൾ | കൊടുത്ത രൂപ (1995 - 96) | കാലാവധി കഴിഞ്ഞ് തിരുച്ചുകിട്ടാനുള്ളത്. |
|---|---|---|
| ഫെഡറൽ ബാങ്ക്, കല്ലേറ്റുംകര | 1.5 ലക്ഷം. | 1.97 ലക്ഷം |
| ധനലക്ഷ്മി ബാങ്ക് ആളൂർ | 6.3 ലക്ഷം | 1.3 ലക്ഷം |
| കാത്തലിക് ബാങ്ക് കൊമ്പടി | 2.3 ലക്ഷം | 7 ലക്ഷം |
| 167 താഴെക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 27.7933 " | -- |
| കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്ക്. | 74.084 " | -- |
| ആളൂർ സർവ്വീസ് സഹകരണ ബാങ്ക് | 15.7709 " | 3.5608 " |

## ഡി.ഡബ്ല്യൂ.സി.ആർ.എ യൂണിറ്റുകൾ
## ആളൂർ പഞ്ചായത്ത്

| വാർഡ് | യൂണിറ്റിന്റെ പേര് | സ്ത്രീകൾ | വായ്പാ | കിഴിവിൽ | തിരിച്ചട ക്കേണ്ട തുക |
|---|---|---|---|---|---|
| 4. | ശ്രീകൃഷ്ണ നമ്പിക്കുന്ന് | 11 | 110000 | 53327 | 15200 |
| 6. | പ്രെചര്യ റോസറിംഗ് | 10 | 33500 | 26500 | 15200 |
| 8. | വനിത പൗൾട്രി ഫാം, തിരുത്തി | 11 | 110000 | 53327 | 15200 |
| " | ഗൃഹലക്ഷ്മി | 12 | | | |
| 10. | അക്ഷയ താഴെക്കാട് | 15 | | | |
| 14. | ഫ്രൻസ് ഹോളോ ബ്രിക്സ് | 12 | 188000 | 52000 | |
| " | വിശ്വാസ് വള്ളാച്ചിറ | | 250000 | 7000 | |

## 11.9 ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നപരിപാടി (ആർ.എ.പി)

| വാർഡ് നമ്പർ | IRDP സർവേ പ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ള വരുടെഎണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 12 | - | 12 | |
| 2 | 27 | 2 | 25 | |
| 3 | 12 | 2 | 10 | |
| 4 | 30 | 2 | | |
| 5 | 5 | Nil | | |
| 6 | 24 | 10 | | |
| 7 | 17 | 10 | | |
| 8 | 8 | 3 | | |
| 9 | 37 | 1 | 36 | |
| 10 | 8 | nil | 8 | |
| 11 | 16 | - | 16 | |
| 12 | 11 | - | 11 | |
| 13 | 4 | 1 | 3 | |
| 14 | 5 | nil | 5 | |

# കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഘടകങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഇനമാണ് കുടിവെള്ളം. വെള്ളത്തിന്റെ ദൗർലഭ്യം ജനങ്ങളെ തീരാദുരിതത്തിലാഴ്ത്തുന്നു. വേനൽകാലങ്ങളിൽ പാത്രങ്ങളുമായി കുടിവെള്ളത്തിനുള്ള നീണ്ടയാത്ര ഒരു പതിവു കാഴ്ചയാണ്. ഇതിനു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള തീവ്രയത്നത്തിലാണ് ഭരണാദികാരികൾ. അത്രത്തോളം കടുത്ത രൂപത്തിലല്ലെങ്കിലും ആളൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കുടിവെള്ളപ്രശ്നം തീവ്രയത്നം ആവശ്യമായ ഘടകമായി തീർന്നിരിക്കുന്നു. ഒന്നരലക്ഷത്തിലധികം രൂപ ചെലവുചെയ്ത് ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യേണ്ടിവരുന്നു. പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകൾ തന്നെയാണ്. മൊത്തം 8636 വീടുകളിൽ 4942 വീട്ടുകാർക്കും കിണർ ഒരു സ്വപ്നം മാത്രമാണ്. നിലവിലുള്ള കിണറുകളിൽ 35% അവശ്യാനുസരണം ജലം ലഭിക്കുന്നവയാണ്. മറ്റുള്ളവ വേനൽക്കാലത്ത് തീർത്തും വറ്റുന്നവയോ ആവശ്യത്തിന് ജലം ലഭിക്കാത്തവയോ ആണ്.

സ്വന്തമായി കിണറുകൾ ഇല്ലാത്തവർ പൊതു കിണറുകളേയും പൊതു ജലവിതരണ സംവിധാനത്തേയും ആശ്രയിക്കുന്നു. കിണറുകളിലെ ജലലഭ്യത അടുത്തുള്ള കുളങ്ങളുടേയും ചിറകളുടേയും ജലസാദ്ധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു. പഞ്ചായത്തിൽ മൊത്തം 68 പൊതുകിണറുകളും 66 കുളങ്ങളുമുണ്ട്. പൊതുകിണറുകളും കുളങ്ങളും വേണ്ടവിധം സംരക്ഷിച്ച് പരിപാലിക്കുന്നതുവഴി കുടിവെള്ളപ്രശ്നത്തിന് ഭാഗീകമായി പരിഹാരം കാണുവാൻ കഴിയും. വിവിധ വാർഡുകളിലായി കിടക്കുന്ന ചിറകൾ വർഷക്കാലത്ത് വെള്ളം സംഭരിച്ച് സംരക്ഷിക്കുന്നത് സമീപത്തുള്ള കിണറുകളിലെ ജലനിരപ്പ് താഴാതിരിക്കുവാൻ സഹായിക്കും. ശാസ്ത്രീയമായ ജല മാനേജ്മെന്റ് ഇല്ല. പഴയകാലത്തുള്ളതുപോലെ ഭൂമി തട്ടുതട്ടായി തിരിക്കുന്ന രീതിയും ഇപ്പോഴില്ല. അതുകൊണ്ട് മഴവെള്ളം ഇതിലേക്ക് കിനിഞ്ഞിറങ്ങുന്നു. മഴയുടെ 49% ഉം പാഴായി പോകുന്നു.

പഞ്ചായത്തിൽ വ്യാപകമായി അനുഭവപ്പെടുന്ന ജലദൗർലഭ്യം പരിഹരിക്കുവാൻ കേരള വാട്ടർ അതോറിറ്റി രൂപം കൊടുത്തിട്ടുള്ള 6പദ്ധതികൾ പഞ്ചായത്തിൽ നിലവിലുണ്ട്.

കുഴിക്കാട്ടുശ്ശേരി മദർതെരേസ ആശുപത്രിയോടനുബന്ധിച്ച് K. W. A. ആരംഭിച്ചിട്ടുള്ള ജലകേന്ദ്രത്തിൽ നിന്നും 4,6,13 വാർഡുകളിലായി 5കി. മീറ്ററോളം ദൂരത്തിൽ പൈപ്പ്ലൈൻ വഴി ജല വിതരണം നടത്തുവാൻ കഴിയുന്നുണ്ട്. കല്ലേറ്റുംകര കരപൂപ്പച്ചിറയിൽ നിന്നും 1,2 വാർഡുകളിൽ ജലവിതരണം നടത്തുവാനുള്ള സംവിധാനം ഉണ്ട്. ആളൂർ താഴേക്കാട് വില്ലേജുകളിൽ പൂർണ്ണമായും കുടിവെള്ളമെത്തിക്കുന്ന പദ്ധതിയാണ് ഉറുമ്പും കുന്ന് ശുദ്ധജല വിതരണപദ്ധതി ഉറുമ്പും കുന്നിൽ സ്ഥാപിച്ചിട്ടുള്ള Over Head Tank ലേക്ക് വെള്ളം പമ്പ് ചെയ്യുന്നത് കദളിച്ചിറയിൽ നിന്നാണ്. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ജലസ്രോതസ്സാണ് കദളിച്ചിറ പഞ്ചായത്തിൽ ഏതാനും ഭാഗമൊഴികെ മറ്റെല്ലായിടത്തും ഈ പദ്ധതിയുടെ സൗകര്യം ലഭ്യമാണ്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ ഉറുമ്പും കുന്നിൽ സ്ഥാപിച്ചിട്ടുള്ള Over Head Tank-ൽ വെള്ളം ശേഖരിച്ച് മറ്റു സ്കീമുകളുമായി ബന്ധപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി ഇനിയും കമ്മീഷൻ ചെയ്യപ്പെട്ടിട്ടില്ല. മാത്രമല്ല വളരെ വിപുലമായ പ്രദേശത്തേക്ക് വെള്ളമെത്തിക്കുവാൻ നിലവിലുള്ള സംവിധാനം കൊണ്ട് കഴിയുകയില്ല. കാരൂർ, വെള്ളാഞ്ചിറ, നമ്പിക്കുന്ന്, കുഴിക്കാട്ടുശ്ശേരി പ്രദേശങ്ങളിൽ ഇനിയും വെള്ളമെത്തിക്കുവാൻ കഴിഞ്ഞിട്ടില്ല കുളിച്ചിറയിൽ ബണ്ടുകെട്ടി സംരക്ഷിക്കാത്തതുകൊണ്ട് ജലമലിനീകരണം സംഭവിക്കുന്നു. ഇതുമൂലം ഗുരുതരമായ ആരോഗ്യപ്രശ്നമുണ്ടാകുവാൻ സാദ്ധ്യതയുണ്ട്. 60 ലക്ഷം രൂപ ചെലവുചെയ്ത് സ്ഥാപിച്ചിട്ടുള്ള ഈപദ്ധതി പൂർണ്ണതോതിൽ പ്രയോജനപ്പെടണമെങ്കിൽ ചാലക്കുടി പുഴയിൽ നിന്ന് Over Head Tank- ലേക്ക് വെള്ളമെത്തിക്കണം.

പൊരുന്നകുന്ന് പ്രദേശത്തുനിന്നുള്ള പദ്ധതിയുടെ പ്രയോജനം 9,14 വാർഡുകളിലെ നിവാസികൾക്ക് ലഭിക്കുന്നുണ്ട്. പഞ്ചായത്തിലാകെ 11 കുഴൽ കിണറുകൾ കുടിവെള്ളപ്രശ്നത്തിന്റെ ഭാഗമായി പരിഹാരം കണ്ടെത്തുവാൻ സഹായിക്കുന്നു.

പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായ Pigments India Ltd. ന്റെ പരിസരത്തുള്ള കിണറുകളിലെ വെള്ളം മലിനീകരിക്കപ്പെടുന്നു. അതിനാൽ തദ്ദേശവാസികൾ കുടിവെള്ളത്തിന്

മറ്റുമാർഗ്ഗങ്ങൾ തേടേണ്ട ദുരവസ്ഥയാണുള്ളത്.

ഇത്രയും വിപുലമായ ജലവിതരണ ശ്രേണികളുണ്ടായിട്ടും പഞ്ചായത്തിൽ ജലക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്നു. കേരള വാട്ടർ അതോറിറ്റിയുടെ വികലമായ സംവിധാനവും വേണ്ടസമയത്ത് അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലവുമാണ് ഈ അവസ്ഥ ഉണ്ടായിട്ടുള്ളത്. പഞ്ചായത്തിലെ 14 വാർഡു ഗ്രാമസഭകളിലും പ്രധാന ചർച്ചാ വിഷയം കുടി വെള്ള പ്രശ്നമായിരുന്നു. നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ് അറ്റകുറ്റപ്പണികൾ യഥാസമയത്ത് നടത്താത്തതു കൊണ്ട് പല ടാപ്പുകളും ഉപയോഗ ശൂന്യമായി രിക്കുകയാണ് പഞ്ചായത്തിലെ കുടിവെള്ളപ്രശ്നത്തിന് പരിഹാരമായി ഗ്രാമ സഭായോഗങ്ങൾ ചൂണ്ടി ക്കാണിച്ചത് പഞ്ചായത്തിലൂടെ പോകുന്ന ഇറിഗേഷൻ കനാലിൽ സ്ഥിരമായി വെള്ളമെത്തിക്കുവാനുള്ള സംവിധാനമുണ്ടാക്കുകയെന്നതാണ്.

ഗ്രാമസഭാവേദികളിലെ ചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും പരിഗണനാർഹമാണ്.

<u>വാർഡ് 1</u>

പൂപ്പച്ചിറ പദ്ധതി വിപുലീകരിച്ച് റെയിൽ വേഗേറ്റു മുതൽ പള്ളിനട വരെ പൈപ്പ്ലൈൻ നീട്ടണം. നമ്പ്യാംചിറ ആലിച്ചിറ നമ്പുഴക്കുളം ചേനംകുളം എന്നിവ വൃത്തിയായി സംരക്ഷിക്കണം. ഇറിഗേഷൻ കനാലിൽ കൂടി ആഴ്ചയിലൊരിക്കൽ വെള്ളം വിടണം.

<u>വാർഡ് 2</u>

റെയിലിന്റെ പടിഞ്ഞാറുഭാഗത്തുള്ള പൈപ്പുലൈനും എസ്റ്റേറ്റു ഭാഗത്തുള്ള പൈപ്പുലൈനും അറ്റകുറ്റപണികൾനടത്തി യോഗ്യമാക്കണം. ചാലക്കുടി പുഴയിൽ നിന്നും ഉറുമ്പൻ കുന്നിലേക്ക് വെള്ളമെത്തിച്ച് വിതരണം ചെയ്യുവാൻ കഴിയണം.

<u>വാർഡ് 3</u>

പതിക്കാട് കോളനിയിൽ നിന്ന് അങ്കൻവാടിയിലേക്ക് 50 മീറ്റർ പൈപ്പ് നീട്ടി ടാപ്പ് വെച്ച് തരണം. പതിക്കാട് കോളനി സെന്ററിൽ നിന്ന് കിഴക്കോട്ടുള്ള വഴിയിൽ 150 മീറ്റർ നീളത്തിൽ പൈപ്പ് നീട്ടി ടാപ്പ് വെച്ച് തരണം. താഴെക്കാട് ശിവക്ഷേത്രത്തിന് പടിഞ്ഞാറ് കനാൽ പാലത്തിൽ കൂടി വടക്കോട്ടു പോകുന്ന വഴിയിൽ കൂടിപോയി താഴെക്കാട് ശിവക്ഷേത്രത്തിന് പടിഞ്ഞാറേ കനാൽ പാലത്തിൽ കൂടി വടക്കോട്ടു പോകുന്നവഴിയിൽ കൂടി പോയി താഴേക്കാട് ശിവക്ഷേത്രത്തിനു പടിഞ്ഞാറു ഭാഗത്തുകൂടി പോകുന്ന വഴിക്ക് പൈപ്പ് നീട്ടി ടാപ്പ് സ്ഥാപിക്കുക. 250 മീറ്റർ നീളത്തിൽ പൈപ്പ് നീട്ടി ടാപ്പ് വച്ച് വെള്ളം ലഭ്യമാക്കണം. ചവറ്റുപാടം റോഡിൽ നിന്നും വാസുപുരം അമ്പലത്തിലേക്ക് പോകുന്ന വഴി 300 മീറ്റർ പൈപ്പ് നീട്ടി ടാപ്പ് വച്ച് വെള്ളം ലഭ്യമാക്കണം. കുണ്ടൂർപാടം റോഡിൽ നിന്ന് വാസുപുരം അമ്പലത്തിലേക്ക് പോകുന്ന വഴി 50 മീറ്റർ നീളത്തിൽ പൈപ്പ് നീട്ടി ടാപ്പ് വച്ച് വെള്ളം ലഭ്യമാക്കണം.

<u>വാർഡ് 4</u>

ആളൂർ താഴേക്കാട് സ്ക്കീമിന്റെ പരിധിയിൽപ്പെടുന്ന നമ്പിക്കുന്നിലേക്ക് വാട്ടർകണക്ഷൻ നടത്തി ടാപ്പ് ഇട്ടിട്ടുണ്ട്. പക്ഷേ, കുടിവെള്ളം ഉള്ള കണക്ഷനിലൂടെ നമ്പിക്കുന്നിലേക്ക് എത്താറില്ല. ആയതിനാൽ നമ്പിക്കുന്നിൽ മാത്രമായി പുതിയ കുടിവെള്ളപദ്ധതി നടപ്പാക്കേണ്ടതാണ്. അതിനായി നമ്പിക്കുന്നിൽ ഒരു കുഴൽകിണർ കുഴിച്ച് ടാങ്കിൽ വെള്ളം ശേഖരിച്ച് അത് നിലവിലുള്ള ടാപ്പുകളിലേക്ക് കണക്ട് ചെയ്യുകയും ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. പിഗ്മെന്റ് സെന്ററിൽ നിന്ന് അയ്യപ്പൻകാവ് റോഡിൽ 250 മീറ്റർ പൈപ്പ് ലൈനും കണ്ണിക്കര പതിക്കാട് റോഡിലെ ആശാരിമൂല ഭാഗത്തും 600 മീറ്റർ പൈപ്പ് ലൈൻ നീട്ടി ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുക. വാർഡിലെ കുളങ്ങൾ കെട്ടി സംരക്ഷിച്ചാൽ കിണറുകളിൽ വെള്ളം നിലനിർത്തുവാൻ കഴിയും. കാരക്കാട്ടു ചിറകെട്ടി വെള്ളം നിറച്ച് കിണറുകളിലെ ജലസാദ്ധ്യത വർദ്ധിപ്പിക്കണം. ഗാന്ധിനഗറിൽ നിന്നും അമ്പലപറമ്പുവരെ ടാപ്പുകൾ സ്ഥാപിക്കണം.

<u>വാർഡ് 5</u>

നിലവിലുള്ള പൈപ്പ് ലൈൻ അറ്റകുറ്റപണികൾ നടത്തി ഉപയോഗക്ഷമമാക്കണം. പാറയ്ക്കൽ റോഡ് പൈപ്പ് ലൈൻ നീട്ടണം (അയ്യപ്പൻകാവ് പുന്നേലിപ്പടി) പൈപ്പ് ലൈൻ സ്ഥാപിക്കുക. കണ്ണേകാട്ടിൽ റോഡ് അറക്കൽ പറമ്പ് റോഡ് തുടങ്ങിയവയും പൈപ്പ് ലൈൻ നീട്ടണം.

പറമ്പി റോഡ് മുട്ടത്തൂർകുന്നിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തു ഗ്രൗണ്ട് വഴി ഏകദേശം 200 മീറ്റർ പൈപ്പ് നീട്ടി ടാപ്പ് അനുവദിക്കണം.

വാർഡ് 6

കുണ്ടായി സ്കീമിൽ ഓവർഹെഡ് ടാങ്ക് സ്ഥാപിക്കണം കുഴിക്കാട്ട്ശേരി കോളനിയിൽ ചാമ്പുപൈപ്പിനുപകരം മോട്ടോർ സ്ഥാപിച്ച് ടാങ്കുമായി ബന്ധിപ്പിക്കുക. ഉറമ്പുംകുന്ന് സ്കീമിനെ കുണ്ടായി സ്കീമുമായി ബന്ധിപ്പിക്കുക. പറയൻ തോട് ബണ്ട് കെട്ടി വെള്ളം തുരുത്തി പറമ്പിലെത്തിച്ച് കുടിവെള്ളം പമ്പുചെയ്യുവാനുള്ള സംവിധാനമുണ്ടാക്കുക. കോട്ടാറ്റ് വെലിയാട്ടംകുന്നിൽ ഉയർന്ന പ്രദേശത്ത് ഓവർഹെഡ് ടാങ്ക് നിർമിച്ച് ജലക്ഷാമം പരിഹരിക്കുക.

വാർഡ് 7

കാരൂർ വെള്ളാംചിറ ഭാഗത്ത് മൂന്ന് കുഴൽകിണറുകൾ വേണം. നെടുംകുളം താഴ്ത്തി വെള്ളം പമ്പുചെയ്യണം. ഊളോത്ത് ഭൂരഹിതകോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടണം. കാരൂർ പാറങ്ങാടി ബസ് സ്റ്റോപ്പിന്റെ പരിസരത്തുള്ള തുറമ്പികുളം നീന്തൽ കുളമാക്കണം. സൈഡ് വെള്ളം കെട്ടിനിറച്ച് സംരക്ഷിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

വാർഡ് 8

തുരത്തിപറമ്പ് സ്കീം ടാങ്ക് കെട്ടി ജലം ശേഖരിച്ച് വിതരണംചെയ്യണം. ബോർവെൽ സ്കീമിൽ 2ഷിഫ്റ്റ് ഓപ്പറേറ്റർമാരെ നിയമിക്കണം

വാർഡ് 9

പൊരുന്നുകുന്ന് സ്കീമിൽനിന്ന് പൈപ്പ് ലൈൻ നീട്ടി കൂടുതൽ ടാപ്പുകൾ സ്ഥാപിക്കണം. ഇവിടെ ഓവർഹെഡ് ടാങ്ക് വളരെ അത്യന്താപേക്ഷിതമാണ്.

വാർഡ് 10

വാർഡുകളിലെ കുളങ്ങൾ വൃത്തിയായി സംരക്ഷിക്കണം. കുളഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം ചങ്ങലഗേറ്റ് എന്നീ പരിസരത്ത് ടാപ്പുകൾ സ്ഥാപിക്കണം. ചങ്ങലചിറവികസിപ്പിച്ച് 10,12,11,13, വാർഡുകളിലേക്ക് കുടിവെള്ളമെത്തിക്കുക.

വാർഡ് 11

വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ഉറുമ്പംകുന്ന് വാട്ടർ ടാങ്കിന് സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ആശാരിമൂല, വിയറ്റ്നാം കോളനി, അമ്പലംറോഡ് സ്കൂൾ ഗ്രൗണ്ട് പ്രദേശങ്ങളിൽ 350 മീറ്ററോളം പൈപ്പ് ലൈൻ നീട്ടുകയും താണിപ്പാറ ആമക്കുളം കെട്ടിവൃത്തിയാക്കുകയും ചെയ്യേണ്ടതാണ്. ആർ.എം.എച്ച്.എസ് ൽനിന്നും വെലിയകുന്നിലേക്ക് പൈപ്പുലൈൻ സ്ഥാപിക്കുക. വാഴപ്പിള്ളി ഹോസ്പിറ്റലിനടുത്ത് നിൽക്കുന്ന പൈപ്പ്ലൈൻ റെയിൽവേഗേറ്റിലേക്ക് ടാപ്പിടുക.

വാർഡ് 12

കുളപ്പരകുന്ന് കാടാംതോട്, വിശ്വനാഥപുരം ക്ഷേത്രം ലക്ഷംവീട് പരിസരം, കുളച്ചിറ, ലിഫ്റ്റ് ഇറിഗേഷൻ റോഡ് മാളവഴിയിൽനിന്ന് വടക്കോട്ടുള്ള പഞ്ചായത്തുറോഡ് വൈക്കത്താടൻ റോഡ് എന്നീസ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കണം.

വാർഡ് 13

മാനാട്ടുകുന്ന് പുതിലക്ഷംവീട് കോളനിയിൽ മുന്നൂറുമീറ്റർ ദൂരം പൈപ്പുലൈൻ നീട്ടി ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കണം. ചലാങ്ങലം സെന്ററിലും മാനാട്ടുകുന്ന് ലക്ഷംവീട്ഭാഗത്തും പൊതുകിണർ സ്ഥാപിക്കണം.

വാർഡ് 14

കദളിച്ചിറ സ്കീം എത്രയും വേഗം കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിക്കുക. കെളവൻകയറ്റം റോഡിൽ ആങ്കാരത്തിൽ അമ്പലപരിസരത്തുനിന്ന്

പ്രൊജക്റ്റ് റോഡിലേക്ക് 500 മീറ്ററും വെള്ളാംചിറ ട്രാൻസ്ഫോർമറിന്റെ അടുത്തുനിന്ന് സൗത്തം ജംഗ്ഷനിലേക്ക് 200 മീറ്ററും പാലപ്പെട്ടി ഭൂരഹിത കർഷക കോളനിയിലേക്ക് 200 മീറ്ററും വെള്ളാംചിറ ചർച്ച് റോഡിൽനിന്നും ഗേറ്റ് പരിസരത്തേക്ക് 800 മീറ്ററും കാരൂർ റൈസ് മിൽ റോഡിൽനിന്നും റൈസ് മിൽ പരിസരത്തേക്ക് 300 മീറ്ററും പൊരുന്നുകുന്ന് വാട്ടർ സ്കീമിന് ഓവർഹെഡ് ടാങ്കുംകൂടി സ്ഥാപിച്ചാൽ ഈ വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

നിലവിലുള്ള പൊതുകിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയായി സംരക്ഷിക്കുകയും ചാലക്കുടി പുഴയിൽനിന്നും വെള്ളംപമ്പുചെയ്ത് ഇന്റർലിങ്ക് സംവിധാനം നടപ്പാക്കുകയും ഇറിഗേഷൻ കനാലിൽകൂടി ആഴ്ചയിൽ ഒരുദിവസമെങ്കിലും വെള്ളം തുറന്നു വിടുകയും ചെയ്യണം.

പട്ടിക 4

## പൊതുകുളങ്ങൾ

| നമ്പർ | പേര് | വാർഡ് | നമ്പർ | പേര് | വാർഡ് |
|---|---|---|---|---|---|
| 1 | ആണിക്കുളം | IX | 34 | ചാത്തൻകുളം | XI |
| 2 | മാണിക്കുളം | X | 35 | നെടുങ്ങഴികുളം | VIII |
| 3 | പൊരുന്നുചിറ | XIV | 36 | നീരോലികുളം | VIII |
| 4 | ചക്കംകുളം | IX | 37 | മണ്ണാംഞ്ചൽ കോരൻകുളം | VIII |
| 5 | കരിപ്പാകുളം | XI | 38 | കോതേലികുളം | VIII |
| 6 | കരിമ്പനകുളം | XI | 39 | പെരുംകുളം | VIII |
| 7 | പൂപ്പച്ചിറ | I | 40 | പന്തലിച്ചിറ | II |
| 8 | ആശാരികുളം | XIV | 41 | കള്ളിശ്ശേരികുളം | III |
| 9 | പെരുംപുള്ളികുളം | VII | 42 | കാര്യങ്ങാട്ട്കുളം | I |
| 10 | അയിനിച്ചിറ | XI | 43 | ആലികുളം | I |
| 11 | ചാത്തൻകുളം | IX | 44 | നമ്പുഴകുളം | I |
| 12 | വല്ലികുളം | II | 45 | നമ്പ്യാർകുളം | I |
| 13 | പുതുച്ചിറ | II | 46 | കണ്ണംകുളം | I |
| 14 | ചക്കരകുളം | VII | 47 | ചേന്ദൻകുളം | I |
| 15 | കൂത്തൂകുളം | VII | 48 | വെള്ളാനിച്ചിറ | V |
| 16 | ഐശാരികുളം | VII | 49 | മറ്റത്തികുളം | V |
| 17 | കട്ടേകുളം | VI | 50 | കോരൻകുളം | V |
| 18 | കാരാകുളം | III | 51 | പറക്കാട്ടികുളം | V |
| 19 | കദളിച്ചിറ | XI | 52 | തോട്ടേകുളം | VI |
| 20 | പൂക്കുന്നികുളം | XIV | 53 | പഴുക്കാൻചാൽ | VIII |
| 21 | ഒട്ടുകുന്ന്കിഴക്കേകുളം | VII | 54 | ചക്കാത്തറകുളം | VIII |
| 22 | വിരിപ്പാട്ടികുളം | VII | 55 | ചടയൻകുഴി | VII |
| 23 | മുതലകുളം | VII | 56 | ആത്താക്കരകുളം | VIII |
| 24 | ചീക്കുളം | VII | 57 | കുറ്റിക്കാണികുളം | VIII |
| 25 | ശങ്കരകുളം | VII | 58 | എൽത്തുരുത്ത് വടക്കേകുളം | VIII |
| 26 | ചെരണക്കൽകുളം | VII | 59 | തുറുകുളം | VIII |
| 27 | മാങ്ങച്ചിറ | VII | 60 | പാറക്കുളം | VIII |
| 28 | പാൽകുളം | VII | 61 | ഒറ്റകുളം | VIII |
| 29 | തുരുത്തികുളം | VII | 62 | വിരുത്തിപടവ് | VIII |
| 30 | തടാശ്ശേരികുളം | VII | 63 | കോതകുളം | XII |
| 31 | മരപ്പട്ടികുളം | V | 64 | അത്യാരകുളം | VIII |
| 32 | ആനാട്ടികുളം | VI | 65 | നാരായണത്തുകുളം | IV |
| 33 | പറക്കാട്ടികുളം | IV | 66 | കലിക്കത്താഴം | VIII |



141

പട്ടിക 1

ജലസ്രോതസ്സുകൾ

| മൊത്തം വീടുകൾ | കിണറുകൾ ഉള്ളവർ | കിണറുകൾ ഇല്ലാത്തവർ | വറ്റാത്തവ | വറ്റുന്നവ | കുളങ്ങൾ | ചിറകൾ |
|---|---|---|---|---|---|---|
| 8636 | | | | | | |

പട്ടിക 2

പഞ്ചായത്തിലെ ചിറകൾ

| ക്രമ നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | VII | കാരൂർച്ചിറ |
| 2 | III | വടിയൻച്ചിറ |
| 3 | III | കാരേക്കാട്ടുച്ചിറ |
| 4 | II | മുരിയാടുച്ചിറ |
| 5 | I | പൂപ്പച്ചിറ |
| 6 | I | പുതുച്ചിറ |
| 7 | II | അയിനിച്ചിറ |
| 8 | XIV | പൊരുന്നുച്ചിറ |
| 9 | V | വെള്ളാംച്ചിറ |
| 10 | IV | ചാത്തൻച്ചിറ |

പട്ടിക 3

## കേരളവാട്ടർ അതോറിറ്റി വക ജലവിതരണ കേന്ദ്രങ്ങൾ

| നമ്പർ | സ്കീമിന്റെ പേര് | ദൂരം | നിലവിലുള്ള ടാപ്പുകൾ | പുതിയതായി ആവശ്യമുള്ള ടാപ്പുകൾ | പ്രയോജപ്പെടുന്ന വാർഡുകൾ |
|---|---|---|---|---|---|
| 1 | കുഴിക്കാട്ടുശ്ശേരി എം.ടി. ആശുപത്രി പരിസരം | 5കീ.മി | | | 4,5,6 |
| 2 | ആളൂർ സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ പരിസരം | 6കീ.മി | | | 4,6,13 |
| 3 | തുരുത്തിപ്പറമ്പ് | 6കീ.മി | | | 8 |
| 4 | കല്ലേറ്റുംകര പൂപ്പച്ചിറ | | | | 1,2 |
| 5 | കദളിച്ചിറ (താഴേക്കാട് ആളൂർവില്ലേജ് സ്കീം) | | | | 10,11,12 |
| 6 | പൊരുന്നുകുന്ന് | | | | 9,14 |

# പട്ടികജ്ജാതി വികസനം

ഇന്ത്യയിൽ കണക്കു പ്രകാരം പട്ടികജാതിയിൽപ്പെടുന്ന സമുദായങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ അഞ്ച് പട്ടികജാതി സമുദായങ്ങളും ഒരു പട്ടികവർഗ്ഗത്തിൽപെട്ട (മലമ്പണ്ടാരൻ) സമുദായവുമാണുള്ളത്. ആളൂർ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 12.067% പട്ടികജാതി വിഭാഗക്കാരാണ്. മൊത്തം 19 കോളനികളിൽ 10 അംഗീകൃത കോളനികളും 9 അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള കോളനികളും ഉണ്ട്. പഞ്ചായത്തിൽ ആകെ 4519 (പട്ടികജാതി/ പട്ടികവർഗ്ഗ)ജനങ്ങളാണ് അതിവസിക്കുന്നത്.

പട്ടിക 1

ആളൂർ പഞ്ചായത്തിൽ അയിത്തവും അനാചാരവും നിലനിന്നിരുന്നു. അമ്പലങ്ങളിൽ പട്ടികജാതിക്ക് ദേവപൂജക്ക് വേണ്ടി പ്രത്യേക സ്ഥലം തീരുമാനിച്ചിരുന്നു. ക്ഷേത്രപ്രവേശനം അനുവദിച്ചിരുന്നില്ല. 1957 നുശേഷം ആണ് ഈ വിഭാഗത്തിനിടയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. വിദ്യാഭ്യാസ സാമൂഹ്യ മേഖലയിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും, സാമ്പത്തികരംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഒട്ടനവധിക്കാലം ചൂഷണത്തിനു വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശം മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ സഹായിച്ചു. പട്ടികജാതി വിഭാഗത്തിൽ ഭൂവുടമകളുണ്ടായിരുന്നെങ്കിലും ഭൂമിയുടെ കൈവശാവകാശം നഷ്ടപ്പെടുകയും ഇവർ ഭൂരഹിതരായിതീരുകയുമാണുണ്ടായത്.

## വിദ്യാഭ്യാസം

പട്ടികജാതിയിൽപെട്ട എല്ലാകുട്ടികളും പ്രൈമറിതല വിദ്യാഭ്യാസം പൂർത്തീകരിക്കുന്നുണ്ട്. യു.പി, എച്ച്.എസ് തലത്തിൽ വളരെയധികം കൊഴിഞ്ഞുപോക്ക് കണ്ടുവരുന്നു. എസ്.എസ്.എൽ.സി വിജയികളായവർ ഉന്നതതല പഠനത്തിനായി, അടുത്ത ഗവ. സ്വകാര്യ കോളജുകളെ ആശ്രയിച്ചുവരുന്നു. ഡിപ്ലോമ, ഐടിഐ/ ഐടിസി തുടങ്ങിയ സാങ്കേതിക കേന്ദ്രങ്ങളിലും പഠനം നടത്തുന്നവർ ഇവരിൽ ധാരാളമായിട്ടുണ്ട്.

പട്ടിക 1

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | ആൺ | പെൺ | ആകെ |
|---|---|---|---|---|---|
| 1. | പഞ്ഞപ്പിള്ളി | 107 | 278 | 250 | 528 |
| 2. | വല്ലക്കുന്ന് | 34 | 78 | 61 | 139 |
| 3. | പതിക്കാട് | 19 | 48 | 41 | 89 |
| 4. | ചാതേലിക്കുന്ന് | 13 | 92 | 102 | 55 |
| 5. | നമ്പിക്കുന്ന് | 47 | 71 | 57 | 194 |
| 6. | തിരുത്തിപ്പറമ്പ് | 119 | 172 | 177 | 468 |
| 7. | പൊരുന്നുകുന്ന് | 98 | 197 | 184 | 381 |
| 8. | ഉറുമ്പുംകുന്ന് | 50 | 120 | 124 | 244 |
| 9. | കാട്ടാംതോട് | 60 | 132 | 170 | 302 |
| 10. | ഉറുവത്ത് പീടിക | 32 | 65 | 93 | 158 |

സ്കൂൾ കുട്ടികൾ പഞ്ചായത്തിലെ സ്കൂളിൽ

ആകെ 14 ആകെ 800 പഠിക്കുന്ന കുട്ടികളുടെ വിവരം

നമ്മുടെ പഞ്ചായത്തിലെ 14 സ്കൂളുകളിലായി 800 കുട്ടികൾ പഠിക്കുന്നു. എസ്.എസ്.എൽ.സി കഴിയുന്നതോട് കൂടി വിദ്യാർത്ഥികളിൽ കൊഴിഞ്ഞുപോക്ക് കാണുന്നു.

### കോളനിയായി പ്രഖ്യാപിക്കേണ്ട സ്ഥലങ്ങൾ

പട്ടിക 2

| നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | ആൺ | പെൺ | ആകെ |
|---|---|---|---|---|---|
| 1 | കല്ലേറ്റുംകര എസ്റ്റേറ്റ് | 16 | 26 | 25 | 51 |
| 2 | കാരൂർചിറ | 11 | 24 | 23 | 47 |
| 3 | കൊമ്പിടിഞ്ഞാലക്കൽ | 10 | 119 | 21 | 40 |
| 4 | കുഴിക്കാട്ടുശേരി എച്ച്സി | 32 | 82 | 69 | 151 |
| 5 | മാനാട്ടുകുന്ന് | 46 | 110 | 121 | 231 |
| 6 | വല്ലക്കുന്ന് പടന്ന | 34 | 76 | 61 | 137 |
| 7 | വെള്ളാച്ചിറ സാംബവ | 18 | 44 | 36 | 80 |
| 8 | താണിപ്പാറ | 12 | 26 | 30 | 56 |
| 9. | പൊരുന്നച്ചിറ കോളനി | 14 | 28 | 31 | 59 |

### തൊഴിൽ

കർഷകത്തൊഴിലാളികളാണ് അധികംപേരും. ചില വിഭാഗത്തിലുള്ളവർ സർക്കാർ ഗുമസ്തന്മാരായി ജോലി നോക്കുന്നു. 2% ആളുകൾ കർഷകരായുണ്ട്. വ്യവസായതൊഴിലിൽ 10 ശതമാനത്തിൽ താഴെ ആളുകൾ ബന്ധപ്പെട്ടുവരുന്നു. 38 സർക്കാർ ജീവനക്കാരാണിവിടെയുള്ളത് അധികം പേരും നാലാംക്ലാസ് ജീവനക്കാരാണ്. അധ്യാപകരുമുണ്ട്.

ജെ.ഡി.സി, എച്ച്.ഡി.സി പാസ്സായി സഹകരണസംഘങ്ങളിൽ ജോലി നോക്കുന്നവർ, ഡോക്ടർ, എഞ്ചിനീയർ തസ്തികപോലുള്ള ഉന്നത തസ്തികയിൽ ജോലിചെയ്യുന്നവരും ഈ പഞ്ചായത്തിലുണ്ട്. പറയവിഭാഗത്തിൽപെട്ടവർ കൊട്ട, പനമ്പ് നെയ്ത്ത് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവർ സാമ്പത്തിക സഹായ ലഭ്യതയില്ലായ്മ മൂലവും, മറ്റും മേഖലകളിൽ കുടിയേറപ്പെട്ടതുകൊണ്ടും പാരമ്പര്യ കുലത്തൊഴിലുകൾ പാടെ മന്ദീഭവിച്ചിരിക്കുകയാണ്.

### ദാരിദ്ര്യ നിർമാർജ്ജനം

1985 മാർച്ച് 31 വരെ 148SC/ST കുടുംബങ്ങൾക്ക് ഐആർഡിപി സഹായം ലഭിച്ചിട്ടുണ്ട്. മൊത്തം ദാരിദ്രരേഖയ്ക്ക് താഴെ 550 കുടുംബങ്ങളുണ്ട്. അതിൽ 304 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. 55.27 ശതമാനം കുടുംബത്തിന് ധനസഹായം ലഭിച്ചിട്ടുണ്ട്. മറ്റുകുടുംബങ്ങൾക്ക് ധനസഹായം ലഭിക്കേണ്ടതുണ്ട്.

SC/ST വിഭാഗക്കാർക്ക് ലഭിച്ച വീടുകളുടെ സ്ഥിതിവിവരകണക്ക്

| ആകെ വീട് | നൽകിയത് | പൂർത്തീകരിച്ചത് | ഇനി സഹായം ലഭിക്കേണ്ടവർ |
|---|---|---|---|
| 570 | 224 | 171 | 53 |

സഹായം ലഭിച്ചിട്ടുള്ള കുടുംബക്കാർ പലരും ഐആർഡിപി പദ്ധതിയുടെ കീഴിൽ ഉപജീവനം നടത്തിവരുന്നവരല്ല. സഹായവസ്തുക്കൾ കൈമാറുന്ന പ്രവണത ധാരാളമായി പഞ്ചായത്തിൽ കണ്ടുവരുന്നു.

ചിപ്പ് യൂണിറ്റ് പോലുള്ള പല യൂണിറ്റുകളും കോളനികളെ കേന്ദ്രീകരിച്ച് നടന്നുവരുന്നു. ആളൂർ ടൗണിൽ SC/ST കരിങ്കല്ല് സഹകരണസംഘം പ്രവർത്തിച്ചു വരുന്നു.

ഐആർഡിപിയിൽ നിന്നും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സഹായം ലഭിച്ച കുടുംബങ്ങളുടെ സ്ഥിതിവിവരകണക്ക്

| വാർഡ് നമ്പർ | ആകെ വീടുകൾ | സഹായം ലഭിച്ചത് |
|---|---|---|
| 1 | 29 | 17 |
| 2 | 96 | 69 |
| 3 | 45 | 23 |
| 4 | 41 | 30 |
| 5 | 29 | 11 |
| 6 | 30 | 11 |
| 7 | 15 | 8 |
| 8 | 43 | 37 |
| 9 | 86 | 19 |
| 10 | 11 | 2 |
| 11 | 36 | 17 |
| 12 | 43 | 30 |
| 13 | 46 | 30 |

## ആരോഗ്യം

കഴിഞ്ഞ അഞ്ചുവർഷക്കാലം കൊണ്ട് 500 കുടുംബങ്ങൾക്ക് കക്കൂസ് നിർമിച്ചു നൽകി. ഒരുവീടിന് 2000 രൂപ വീതം കക്കൂസ് നിർമാണത്തിന് ധനസഹായം നൽകി. വളരെ കുറച്ച് പട്ടികജാതി കുടുംബങ്ങൾക്ക് കൂടി കക്കൂസ് നിർമാണത്തിന് ധനസഹായം നൽകേണ്ടതുണ്ട്.

കുഴിക്കാട്ടുശേരി, പൊരുന്നുംകുന്ന്, പഞ്ഞപ്പിള്ളി എന്നീസ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ നിലവിലുണ്ട്. ഇവ വളരെ പരിതാപകരമായ അവസ്ഥയിലാണ്.

ആളൂർ പഞ്ചായത്തിൽ നിലവിലുള്ള ഡിസ്പെൻസറിയിൽ നിന്നും ലഭ്യമായ വൈദ്യസഹായം മാത്രമേ പൊതുവായി ലഭിക്കുന്നുള്ളു. കോളനികളിൽ പ്രത്യേകമായ രോഗപ്രതിരോധ ക്യാമ്പുകളോ ബോധവത്കരണമോ നടക്കുന്നില്ല. ഈ വിഭാഗത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ കൂടുതൽ ശ്രദ്ധചെലുത്തേണ്ട ഒന്നാണ്. കുടിവെള്ള ലഭ്യത, കൊതുകുനിവാരണം, പരിസരശുചീകരണം തുടങ്ങിയ ആരോഗ്യ പരിപാലന മാർഗങ്ങൾ ഈ വിഭാഗത്തിനാവശ്യമായ രീതിയിൽ നടത്തേണ്ടിയിരിക്കുന്നു.

## നടപ്പുപദ്ധതികൾ അവലോകനം :

| 1. കാട്ടാംതോട് പദ്ധതി | |
|---|---|
| അടങ്കൽ തുക | ചിലവാകിയ തുക |
| 9600 | 28000 |

### കട്ടാംതോട് പദ്ധതി

ആളൂർ ഗ്രാമപഞ്ചായത്ത് 12-ആം വാർഡിൽ സ്ഥിതിചെയ്യുന്ന കാട്ടാംതോട് കോളനിയിലും പരിസരത്തുമായി 60 കുടുംബങ്ങളിലായി 302ഓളം പേർ സ്ഥിരതാമസമുണ്ട്. ഇരുപതിന സാമ്പത്തിക പരിപാടിയുടെ ഭാഗമായിട്ടാണ് ഈ കോളനിയിലേക്ക് സർക്കാർ ആനുകൂല്യങ്ങൾ കടന്നുവന്നത്. ചെറുകിട കാർഷിക വികസന ഏജൻസിയിൽ നിന്നും (എസ്.എഫ്.ഡി.എ) പട്ടികജാതിക്കാർക്കുള്ള ആദ്യത്തെ കറവമാടിനെ ലഭിച്ചത് ഈ കോളനിയിലെ കുറുമ്പനായിരുന്നു. പിന്നീട് ആർ.എൽ.ഇ.ഇ.പി പദ്ധതിയിലുൾപ്പെടുത്തിയാണ് ഈ കോളനിയെ ചാലക്കുടി-ഇരിങ്ങാലക്കുട പിഡബ്ല്യുഡി റോഡും ആളൂർ കൊടകര പിഡബ്ല്യൂഡി റോഡുമായി ബന്ധിപ്പിക്കുന്ന കോളനി റോഡ് നിർമിച്ചത്. 10 വീടുകളും നിർമിച്ചു നൽകിയിരുന്നു. പിന്നീട് സമഗ്ര വികസന പദ്ധതിയിലുൾപ്പെടുത്തി (ഐഎച്ച്ഡിപി) ഈ കോളനിയിൽ സ്വന്തമായി ഭൂമി ഉള്ളവർക്കെല്ലാം വീടുകളും കക്കൂസുകളും. വൈദ്യുതി കുടിവെള്ളം മണ്ണുനിരപ്പാക്കൽ കറവുമാടിനെ നല്കൽ എന്നിവ നടപ്പിലാക്കി. കോളനി റോഡ് I. H. D. P സ്കീമിൽപെടുത്തി ടാറിങ്ങ് നടത്തുന്നതിനവേണ്ടി ടെണ്ടർ കഴിഞ്ഞിട്ടുള്ളതാണ്. കോളനിയുടെ സമഗ്ര വികസനത്തിന് സഹായകരമായ ഒട്ടനവധി കാര്യങ്ങൾ ഇനിയു് പൂർത്തീകരിക്കേണ്ടതുണ്ട്. കോളനിയിലെ ജനസേചനാവശ്യങ്ങൾക്ക് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക. കോളനിയിൽ ഒരു പൊതുശ്മശാനം കളിസ്ഥലം ചെറുകിട വ്യവസായങ്ങൾ എന്നിവയ്ക്ക് മുൻഗണന നല്കുകയും, സ്ട്രീറ്റ് ലൈറ്റുകൾ കൊടകര റോഡിൽനിന്നും കോളനിവരെയും, ചാലക്കുടി

ഇരിങ്ങാലക്കുട പി.ഡബ്ല്യൂഡി റോഡിൽ വർക്ക്ഷോപ്പ് മുതൽ ടി.വി. ലോനപ്പൻ മെമ്മോറിയൽ റോഡിൽ കളപ്പുരക്കുന്ന് വരെയുംസ്ഥാപിക്കേണ്ടതാണ്.

## II പണപ്പിള്ളി പട്ടികജാതി സങ്കേതം

25,61,065 രൂപ മൊത്തു അടങ്കൽ തുകയായി 1995-96 വർഷത്തെ തീവ്ര സങ്കേത വികസന പരിപാടിയനുസരിച്ച് പണപ്പിള്ളി കോളനിയിൽ ചിലവഴിക്കപ്പെടുന്നു.

3. ഉറുമ്പുംകുന്ന്, തിരുത്തിപറമ്പ് കോളനികളിൽ മണ്ണുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിരുന്നു.

### പ്രശ്നങ്ങൾ

1. വേണ്ടത്ര വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല
2. നിരക്ഷരത കോളനികളിൽ നിലനിൽക്കുന്നു
3. എല്ലാവർക്കും സ്വന്തമായി വീടില്ല.
4. കിട്ടുന്ന സഹായങ്ങൾ ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് ഉപയുക്തമല്ല.
5. വേണ്ടത്രശുദ്ധജലം ലഭിക്കുന്നില്ല.
6. ഐആർഡിപി, തുടങ്ങിയ മറ്റുപദ്ധതികൾ ഗുണപരമായി പ്രാവർത്തികമാക്കുന്നില്ല.
7. പട്ടികജാതി വികസന കോർപറേഷനിൽനിന്ന് അഭ്യസ്ഥവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സഹായങ്ങൾ ലഭിക്കുന്നില്ല.
8. പരമ്പരാഗതമായ കൈവേലകൾ ഇല്ലാതായികൊണ്ടിരിക്കുന്നു
9. ഐആർഡിപി വായ്പകൾ ബാങ്കുകൾ വേണ്ടത്ര കൊടുക്കുന്നില്ല.

### സാധ്യതകൾ

1. പായനെയ്ത്ത്, പനമ്പ്, കുട്ട എന്നിവയുടെ നിർമാണം ചെറുകിട വ്യവസായം എന്ന രീതിയിൽ സംഘടിപ്പിക്കുക.
2. കോളനികളിലെ വനിതകൾക്കും, തൊഴില്ലാത്ത യുവാക്കൾക്കും ആവശ്യമായ സാങ്കേതിക പരിശീലനം നൽകികൊണ്ട് തൊഴിലില്ലായ്മ പരിഹാരമാർഗങ്ങൾ നടപ്പിലാക്കുക.
3. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായി പൈപ്പുകൾ, കുഴൽക്കിണർ എന്നിവ സ്ഥാപിക്കുക.
4. ബാങ്കുകൾ കേന്ദ്രീകരിച്ച് ജനകീയ കമ്മിറ്റി ഐആർഡിപി വായ്പകൾകൊടുക്കുന്നതിനും, തിരിച്ചടയ്ക്കുന്നതിനുമായി രൂപീകരിക്കണം. വായ്പ നൽകാത്ത ബാങ്കുകൾക്കെതിരെ നടപടിയെടുക്കുക.
5. ആരോഗ്യപരിപാടികൾ സംഘടിപ്പിക്കുക.
6. വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്നരീതിയിലുള്ള നടപടികൾ സ്വീകരിക്കുക (വിജയികൾക്ക് സമ്മാനദാനം, ഗ്രാന്റ് എന്നിവ)

### ഗ്രാമസഭ നിർദ്ദേശങ്ങൾ

പട്ടികജാതി-പട്ടീകവർഗ്ഗത്തിന്റെ ജീവിത നിലവാരം വളരെ താഴ്ന്നരീതിയിലാണ്. ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള സത്വര നടപടികൾ ഉടൻ നടപ്പിൽ വരുത്തുന്നതാകുന്നു.

1. പട്ടികജാതി-പട്ടിവർഗ്ഗ വിഭാഗത്തിന് വീടുകളും, കക്കൂസുകളും നിർമിക്കാൻ വേണ്ട ധനസഹായം ലഭ്യമാക്കണം.
2. എല്ലാ കുടുംബങ്ങളിലും വൈദ്യുതി എത്തിക്കണം
3. പത്തുസെന്റ് ഭൂമിയുള്ള പട്ടികജാതിക്കാർക്ക് കൃഷി ഭവനിൽ നിന്ന് കിണറിനുള്ള ധനസഹായം നൽകുക.
4. IV, VIII, X, XII, XIII, XIV, എന്നീ വാർഡുകളിൽ പൊതുശ്മശാനം ആവശ്യമാണ്. നിലവിലുള്ള ശ്മശാനങ്ങൾ സംരക്ഷിക്കണം. കുഴിക്കാട്ടുശേരിയിലേത് വ്യാപ്തി കൂട്ടണം
5. പട്ടികജാതി കേന്ദ്രങ്ങളായ, പഞ്ഞപ്പിള്ളി, വല്ലകുന്ന്, പതിക്കാട്, നമ്പികുന്ന്, കുഴിക്കാട്ടുശേരി, തിരുത്തിപറമ്പ്, പൊരുന്നംകുന്ന്, ഉറുമ്പുംകുന്ന്, കാട്ടാൻതൊട്, മാനാട്ടുകുന്ന് എന്നീ കേന്ദ്രങ്ങളിൽ വായശാലയും, ടെലിവിഷൻ സെന്ററുകളും സ്ഥാപിക്കണം
6. പൊരുന്നംകുന്ന്, പതിക്കാട്, തിരുത്തിപറമ്പ്, എന്നീകേന്ദ്രങ്ങൾ ഐആർഡിപി കോളനികളാക്കണം.
7. കനാൽ ബണ്ട് റോഡ്, പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്ന 200 പട്ടികജാതിക്കാരെ പുനരധിവസിപ്പികണം
8. പൊരുന്നംകുന്നിൽ വാട്ടർടാങ്ക് നിർമിച്ച് കുടിവെള്ളം എല്ലാകാലത്തും ലഭ്യമാക്കണം.
9. പൊരുന്നംകുന്നിലെ സർവ്വെനമ്പറിന്റെ പേരിൽ റവന്യൂ അധികാരികളിൽ നിന്നുള്ള പ്രശ്നങ്ങൾ അടിയന്തിരമായി

പരിഹരിക്കണം.

10. പഞ്ചായത്തിന്റെ റവന്യൂ സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം/കൈവശ അവകാശ രേഖ നൽകണം.

11. ഉറുമ്പംകുന്നിലേക്ക് കാർഷികാവശ്യത്തിന് വെള്ളം ലഭിക്കുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉടൻ പ്രാവർത്തികമാക്കണം

12. ലക്ഷം വീടുകൾ പുനരുദ്ധരിക്കണം

13. പഞ്ഞപ്പിള്ളിയിലും, പതിക്കാട്ടുമുള്ള കള്ളുഷാപ്പുകളും ലൈസൻസ് 1997- മാർച്ചിൽ അവസാനിക്കുന്നു. തുടർന്ന് അടുത്ത വർഷം മുതൽ ഈ ഷാപ്പുകൾ ലേലത്തിൽനിന്ന് ഒഴിവാക്കണം.

14. ആളൂർ ധനലക്ഷ്മി ബാങ്ക്, കല്ലേറ്റുംകര ഫെഡറൽബാങ്ക്, കൊമ്പിടി കാത്തലിക് സിറിയൻ ബാങ്ക്, എന്നീ സ്ഥാപനങ്ങളിൽ നിന്ന് പട്ടികജാതി വിഭാഗക്കാർക്ക് ലോൺ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കണം.

15. ബാംബൂ കോർപറേഷന്റ ഈറ്റ സെയിൽസ് ഡിപ്പോ ആളൂർ പഞ്ചായത്തിൽ ആരംഭിക്കണം.

16. പട്ടികജാതി വിഭാഗത്തിൽപെട്ട അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കണം.

17. സ്കൂളിൽനിന്ന് ഈ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക.

18. സ്കൂളുകളോട് ചേർന്ന് ഗൈഡൻസ് കമ്മറ്റി രൂപീകരിക്കണം.

പഞ്ഞപ്പിള്ളി പട്ടികജാതി സങ്കേതം

| ക്രമ നമ്പർ | വകുപ്പ്/പദ്ധതി വിവരങ്ങൾ | ലക്ഷ്യം ഭൗതീകം | സാമ്പത്തികം |
|---|---|---|---|
| 1 | <u>കൃഷി</u> | | |
| | കിണർ | 15 | 1,12,500 |
| | 1.5 എച്ച്പി പമ്പ്സെറ്റ് | 3 | 24,000 |
| 2 | <u>മണ്ണുസംരക്ഷണം</u> | | |
| | മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ | | 4,75,000 |
| 3 | <u>മൃഗസംരക്ഷണം</u> | | |
| | കറവപ്പശു വിതരണം | 2 | 12,000 |
| | കന്നുകിടാരി വിതരണം | 4 | 14,000 |
| 4 | <u>ക്ഷീരവികസനം</u> | | |
| | കറവമാട് വിതരണം | 5 | 34,965 |
| 5 | <u>ഗ്രാമവികസനം</u> | | |
| | ഐആർഡിപി | 10 | 60,000 |
| | ഭവനനിർമാണം | 17 | 85,000 |
| | റോഡ് | | 2,00,000 |
| | മേശയും കസേരയും വിതരണം | 5 | 5,000 |
| | വയറിങ്ങ് | 5 | 3,750 |
| | ടെയ്ലറിങ്ങ്, ഗാർമെന്റ് യൂണിറ്റ് | 5 | |
| | ഓട്ടോറിക്ഷ ഡ്രൈവിങ്ങ് | 3 | 1,800 |
| | ലാട്രിൻ (സി.ആർ.എസ്.പി) | 5 | 10,000 |
| 6 | <u>പഞ്ചായത്ത്</u> | | |
| 7 | <u>വൈദ്യുതി</u> | | |
| | 850 മീറ്റർ സിംഗിൾ ഫെയ്സ് ലൈൻ മാറ്റി ത്രീഫേയ്സ് ലൈൻ വലിക്കുന്നതിന് | | 1,04,900 |
| 8 | <u>പിഡബ്ല്യുഡി ജില്ലാ പഞ്ചായത്ത് ഡിവിഷൻ</u> | | |
| | പഞ്ഞപ്പിള്ളി കോളനി റോഡ് | | 4,50,000 |
| 9 | <u>വാട്ടർ അതോറിറ്റി</u> | | |
| | ശുദ്ധജലവിതരണം | | |
| | ചിറ സംരക്ഷണം, പൈപ്പ് ലൈൻ നീട്ടുന്നതിന് | | 4,00,000 |
| 10 | <u>വ്യവസായം</u> | | |
| | തൊഴിലുപകരണങ്ങൾ വിതരണം | 15 | 7,500 |
| | കറിപൗഡർ യൂണിറ്റ് (45000രൂപ ലോൺ 5000 രൂപ ഗ്രാന്റ്) | 1 | 50,00011 |
| | <u>വാർത്താവിനിമയവും പ്രചാരണവും</u> | | |
| | കളർ ടിവി സെറ്റ് | 1 | 14, 590 |
| 12 | <u>പട്ടികജാതി വികസനം</u> | | |
| | ഭവന നിർമാണം | 20 | 3,00,000 |
| 13 | <u>പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപറേഷൻ</u> | | |
| | പാരമ്പര്യതൊഴിൽ | 5 | 50,000 |
| | ധനസഹായം | 2 | 20,000 |
| | പച്ചക്കറി സ്റ്റാൾ | 1 | 20,060 |
| | കറവപ്പശു വളർത്തുന്നതിന് | 5 | 1,00,000 |
| | ഹൗസിങ്ങ് | | |
| | ആകെ | | 25, 61,065 |

# പാർപ്പിടം

വിദ്യാഭ്യാസരംഗത്തും കലാകായികരംഗത്തും ഭേദപ്പെട്ട നിലവാരം പുലർത്തുന്ന ആളൂർ പഞ്ചായത്തിൽ താഴേക്കാട്, ആളൂർ, കല്ലേറ്റുംകര എന്നീ റവന്യു വില്ലേജുകൾ ഉൾപ്പെടുന്നു.

ഇടത്തരം കർഷകകുടുംബങ്ങൾക്ക് മേൽക്കൊയ്മയുള്ള ഈ പഞ്ചായത്ത് പുരോഗതിയുടെ പാതയിൽ അതിവേഗം മുന്നേറുവാനുള്ള വെമ്പലിൽ ആണ്. വൻകിട വ്യവസായങ്ങൾ ഒന്നുമില്ലെങ്കിലും ചെറുകിട ഇടത്തരം വ്യവസായങ്ങൾ പഞ്ചായത്തിൻെറ പുരോഗതിക്ക് ആക്കം കൂട്ടുന്നുണ്ട്. .ഗൾഫ് പണത്തിൻെറ സ്വാധീനവും പഞ്ചായത്തിൻെറ സാമ്പത്തിക മേഖലയെ പരിപോഷിപ്പിക്കുന്നു. ഇവയിൽ നിന്നെല്ലാമുള്ള പണം ക്രിയാത്മക രീതിയിൽ ഉപയോഗിക്കുവാനുള്ള പ്രവണത കുറയുകയും കോൺക്രീറ്റ് സാധനങ്ങൾ പടുത്തുയർത്തുന്നതിന് മുൻതൂക്കം കൊടുക്കുകയും ചെയ്യുന്ന അനുഭവമുണ്ട്.

പഞ്ചായത്തിലെ മൊത്തം 8636 വീടുകളിൽ 685 എണ്ണം ഒന്നിലധികം നിലയുള്ളതും 1948 എണ്ണം കോൺക്രീറ്റ് നിർമ്മിതവും 3822 എണ്ണം ഓടിട്ടതും 1193 എണ്ണം ഓലമേഞ്ഞതുമാണ്. 988 കുടിലുകളുമുണ്ട്. ഏറ്റവും കൂടുതൽ ഒറ്റനില, രണ്ടുനില, കോൺക്രീറ്റ് വീടുകൾ ഉള്ളത് 9-ാം വാർഡിലും (80) (775). ഓടിട്ട വീടുകൾ 2-ാം വാർഡിലും (378) ഓലപ്പുരകൾ 12-ാംവാർഡിലും (195) ആണ് ഉള്ളത്. ഓലപ്പുര ഏറ്റവും കുറവ് 1-ാം വാർഡിലാണ്. (10)

## പട്ടിക -1 വാർഡ് തലത്തിൽ വീടുകളുടെ തരംതിരിവ്.

| വാർഡ് നമ്പർ | ആകെവീടുകൾ | കോൺക്രീറ്റ് | ഓടിട്ടത് | ഒലപ്പുര | കുടിൽ |
|---|---|---|---|---|---|
| 1. | 485 | 190 | 249 | 10 | 36 |
| 2. | 835 | 220 | 378 | 107 | 130 |
| 3. | 646 | 180 | 300 | 40 | 126 |
| 4. | 685 | 157 | 294 | 167 | 67 |
| 5. | 621 | 236 | 239 | 123 | 23 |
| 6. | 756 | 227 | 325 | 330 | 74 |
| 7. | 493 | 183 | 225 | 43 | 42 |
| 8. | 527 | 97 | 340 | 53 | 37 |
| 9. | 850 | 200 | 375 | 150 | 125 |
| 10. | 626 | 182 | 282 | 64 | 98 |
| 11. | 588 | 225 | 243 | 53 | 67 |
| 12. | 814 | 220 | 329 | 195 | 70 |

| | | | | | |
|---|---|---|---|---|---|
| 13. | 455 | 162 | 226 | 24 | 43 |
| 14. | 587 | 154 | 349 | 34 | 50 |

റോഡരികിൽ നിന്നകന്ന് കൃഷിക്കനുയോജ്യമായ പ്രദേശങ്ങളിൽ വീടു പണിയുക എന്ന മനോഭാവമാണ് പണ്ടുള്ളവർക്കുണ്ടായിരുന്നത്. എന്നാൽ അടുത്തകാലത്തായി ഇതിന് മാറ്റം വന്നിരിക്കുന്നു. P.W.D റോഡരികിൽ ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്നതും, റോഡുസൗകര്യമുള്ള വയലുകൾ നികത്തി വീടുകൾ പണിയുന്നതും അടുത്തകാലത്താണ് വ്യാപകമായി വന്നിരിക്കുന്നു. അത്യാവശ്യസൗകര്യങ്ങൾ ഉണ്ടായിരിക്കണം വീടുകൾക്ക് എന്ന ചിന്തയ്ക്കു മാറ്റം വന്നിരിക്കുന്നു. പകരം, പലരും ആഡംബരത്തിന്റേയും പൊങ്ങച്ചത്തിന്റേയും പ്രതീകമാക്കി മാറ്റിയിരിക്കുന്നു വീടു നിർമ്മാണത്തെ. സ്വന്തമായി വീടില്ലാത്തവർ ഭൂരിഭാഗവും പുറമ്പോക്കുകളിലും, ഇറിഗേഷൻ കനാൽ ബണ്ടുകളിലും കുടിൽ കെട്ട താമസിക്കുന്നവരാണ്. ദാരിദ്ര്യരേഖക്കു താഴെ നിൽക്കുന്ന 3308 വീടുകൾ പഞ്ചായത്തിൽ ഉണ്ട്. അതിൽ 550 വീടുകൾ പട്ടികജാതി വിഭഗത്തിൽപ്പെടുന്നവരാണ്. I.R.D.P സഹായം ലഭിച്ച 757 പേരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ 274 ആണ്. I.R.D.P വായ്പാപദ്ധതിയനുസരിച്ചുള്ള സാമ്പത്തിക സഹായം കൊണ്ട് 444 പേരെ ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു.

## പട്ടിക രണ്ട്

*I.R.D.P സർവ്വേ പ്രകാരം - ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം*

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ വീട് | SC/ST കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ചവർ | SC/ST സാമ്പത്തിക സഹായധനം | സാമ്പത്തിക മുകളിൽ എത്തിയവർ | താഴെ യുള്ളവർ |
|---|---|---|---|---|---|---|
| 1. | 3 | 429 | 72 | 17 | 40 | 144 |
| 2 | 251 | 96 | 131 | 69 | 65 | 186 |
| 3 | 240 | 45 | 83 | 23 | 39 | 201 |
| 4 | 279 | 41 | 55 | 30 | 26 | 253 |
| 5. | 152 | 29 | 24 | 11 | 14 | 138 |
| 6. | 252 | 30 | 26 | 11 | 12 | 240 |
| 7. | 329 | 15 | 12 | 8 | 5 | 324 |

| | | | | | | |
|---|---|---|---|---|---|---|
| 8. | 277 | 43 | 64 | 37 | 24 | 253 |
| 9. | 389 | 86 | 48 | 19 | 50 | 339 |
| 10. | 208 | 11 | 18 | 2 | 10 | 198 |
| 11. | 249 | 36 | 29 | 17 | 10 | 239 |
| 12. | 247 | 43 | 105 | 30 | 64 | 183 |
| 13. | 251 | 46 | 91 | 30 | 85 | 166 |
| TOTAL | 3308 | 550 | 757 | 274 | 444 | 2864 |

ഏറ്റവും കൂടുതൽ ദരിദ്രർ 9-ാം വാർഡിലും ഏറ്റവും കുറവ് 5-ാം വാർഡിലുമാണ് താമസിക്കുന്നത് എന്ന് സർവ്വേയിൽനിന്ന് വ്യക്തമാകുന്നു.

വീടില്ലാത്തവരെ അധിവസിപ്പിക്കുന്ന പരിപാടി അനുസരിച്ച് (        ) വീട്ടുകാർ കല്ലേറ്റുംകര, താഴേക്കാട്, വെള്ളാംഞ്ചിറ, പൊരുന്നുകുന്ന്, ആളൂർ, മാനാടുംകുന്ന് എന്നീ പ്രദേശങ്ങളിലെ ലക്ഷം വീടു കോളിനികളിൽ താമസിക്കുന്ന (        ) കുടുംബങ്ങൾ ഇരങ്ങാലപ്പിള്ളി, പൊരുംകുന്ന്, കുഴിക്കാട്ടുശ്ശേരി, കാരൂർ, വെള്ളാംഞ്ചിറ, കാരൂർ സൗത്ത് എന്നീ പ്രദേശങ്ങളിലെ ഭൂരഹിതകോളിനികളിലും താമസിക്കുന്നു.

പട്ടിക 3

| വാർഡ് നമ്പർ | പേര് | വീടുകളുടെ എണ്ണം |
|---|---|---|
| 1. | കല്ലേറ്റുംകര | 18 |
| 2. | താഴേക്കാട് | 20 |
| 3. | വെള്ളാംഞ്ചിറ | 20 |
| 4. | ഇരിങ്ങാലപ്പിള്ളി | 20 |
| 5. | ആളൂർ | 22 |

പട്ടിക 4

# ഭൂരഹിത കോളനികൾ

| വാർഡ് നമ്പർ | പേര് | വീടുകളുടെ എണ്ണം |
|---|---|---|
| 1. | ഇരിങ്ങാലപ്പിള്ളി | 44 |
| 2. | പൊരുന്ന്കുന്ന് (നമ്പർ I) | 20 |
| 3. | കുഴിക്കാട്ടുശ്ശേരി | 10 |
| 4. | കാരൂർപ്ലോട്ട് | 8 |
| 5. | വെള്ളാംഞ്ചിറ | 63 |
| 6. | പൊരുന്ന്കുന്ന്(നമ്പർ 2) | 14 |
| 7. | പൊരുന്ന്കുന്ന് | 28 |
| 8. | കാരൂർ ഈസ്റ്റ് | 14 |
| 9. | മാനാടുംകുന്ന് | 17 |
| 10. | കുഴിക്കാട്ടുശ്ശേരി (പുതിയ) | 40 |
| 11. | പൊരുന്ന്കുന്ന് സൗത്ത് | 28 |
| 12. | പൊരുന്ന്കുന്ന് | 9 |

വിവിധ ഭവനനിർമ്മാണ പരിപാടികളനുസരിച്ച് ........................ കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചതിൽ .................... വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ..........ഓളം പേർക്ക് ഇനിയും പുതിയതായി വീടുകൾ അനുവദിക്കേണ്ടതുണ്ട്.

പട്ടിക - 5

## 11.5 ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (സർവ്വേ പ്രകാരം) | വിവിധ പരിപാടികളായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീ കരിക്കാനുള്ള വീട് | ഇനിയും അനു വദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | 36 | 5 | 3 | 2 | 31 |
| 2. | 130 | 17 | 12 | 5 | 90 |
| 3. | 126 | 7 | 5 | 2 | 85 |
| 4. | 67 | 22 | 13 | - | 47 |
| 5. | 23 | 13 | 8 | - | 12 |
| 6. | 74 | 14 | 7 | - | 60 |
| 7. | 42 | 9 | 4 | - | 37 |
| 8. | 37 | 31 | 22 | - | 23 |
| 9. | 125 | 28 | 25 | 3 | 20 |
| 10. | 98 | 13 | 13 | - | 10 |
| 11. | 67 | 14 | 12 | 2 | 20 |
| 12. | 70 | 19 | 16 | 3 | 48 |
| 13. | 43 | 17 | 16 | 1 | 30 |
| 14. | 63 | 9 | 11 | - | 15 |

വിവിധ പദ്ധതികൾ വഴി ദുർബല വിഭാഗങ്ങൾക്കു നൽകുന്ന സഹായങ്ങളും, വായ്പയും വർദ്ധിപ്പുക്കാതെ ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയാതെ വരുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഭവനനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും കുതിച്ചുയരുന്ന പണിച്ചിലവുകളും മൂലം നിശ്ചിതതുക കൊണ്ട് വീടു പണി പൂർത്തീകരിക്കുവാൻ കഴിയാതെ വരുന്നു. 75-76 കാലയളവിൽ ഒരു വിദഗ്ദ്ധ തൊഴിലാളിക്ക് 15 രൂപയും അവിദഗ്ദതൊഴിലാളിക്ക് 5 രൂപയും കൂലിനിരക്ക് ഉണ്ടായിരുന്നത്. 95-96 കാലയളവിൽ വിദഗ്ദതൊഴിലാളിക്ക്

100-150 രൂപയും അവിദഗ്ദതൊഴിലാളിക്ക് 80-100 രൂപ വരെയും എത്തി നിൽക്കുന്നു. സ്ത്രീകളെ പൊതുവിൽ അവിദഗ്ദതൊഴിലാളിയായി കണക്കാക്കുന്നതു കൊണ്ട് അവരുടെ കൂലി നിരക്ക് താരതമ്യേന കുറവാണെന്നു കാണാം.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയും ഭീമമായ വർദ്ധനവ് കാണാം. 87-88 ൽ സിമന്റിന് 70 രൂപയും 1 കിലോഗ്രാം കമ്പിക്ക് 13 രൂപയും ആയിരുന്നത് 95-96 ൽ യഥാക്രമം 16-50 രൂപയുമായി ഉയർന്നു. കോൺക്രീറ്റ് യൂണിറ്റിന് 87-88 ൽ 1800 രൂപ കൂലിയുണ്ടായിരുന്നത് 95-96ൽ 2500ൽ എത്തിയിരിക്കുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിലും കൂലിനിരക്കിലും അനുഭവപ്പെടുന്ന ഭീമമായ ഈ വർദ്ധനയും വിദഗ്ദതൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയും സാധാരണക്കാരന്റെ സ്വന്തമായ ഒരു വീട് എന്ന മോഹത്തെ ശിഥിലമാക്കുന്നു. ഇത്തരം സാഹചര്യത്തിൽ വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളും (ബ്ലോക്കു വഴി നൽകുന്ന R.L.E.G.P, N.R.E.P, J.R.Y, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയും തുടങ്ങിയവ) വർദ്ധിപ്പിക്കുവാനും വായ്പക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുവുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് നിലവിലുള്ള വായ്പാപദ്ധതികളോ സഹായങ്ങളോ കൊണ്ടു മാത്രം അടിയന്തര പരിഹാരം കാണാൻ കഴിയുകയില്ലെന്ന സത്യം നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. വാർഡ് തലത്തിൽ ഒരു ബൃഹത് പദ്ധതി ആവിഷ്ക്കരിച്ച് പ്രാവർത്തികമാക്കിയാലെ ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്തുവാൻ കഴിയുകയുള്ളൂ. ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളേയും സന്നദ്ധസംഘടനകളേയും സംയുക്തമായി വിളിച്ചു ചേർത്തു ഗുണഭോക്താക്കൾക്ക് എത്രമാത്രം മൂലധനം സമാഹരിക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിനു പുറമേ സാധനങ്ങളും അധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ ശ്രമിക്കേണ്ടതാണ

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കുവാൻ പ്രാഥമികമായി അവർക്കാവശ്യമായ ഭൂമി ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വിവിധഭാഗങ്ങളിലായി കിടക്കുന്ന പുറമ്പോക്ക് ഭൂമിയും, മിച്ചഭൂമിയും ഉണ്ടെങ്കിൽ അതും കൂടി ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് 5 സെന്റ് ഭൂമിയെങ്കിലും കൊടുത്ത് L.I.C. തുടങ്ങിയ പൊതുസ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ വായ്പക്കുള്ള സൗകര്യം ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം, നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെക്കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കളുടേയും സന്നദ്ധയുവജനസംഘടനകളുടേയും പരമാവധി മനുഷ്യസ്വാധീനം ഉപയോഗപ്പെടുത്തുവാനും കഴിയേണ്ടതാണ്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനുള്ള അധികാരം പഞ്ചായത്തിനായിരിക്കണം.

കോളനികളുടെ പാർപ്പിടപ്രശ്നം സങ്കീർണ്ണമായ മറ്റുപ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. അടുത്തടുത്ത് കൊച്ചുവീടുകളും അവയിലെ ജനബാഹുല്യവും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എല്ലാം സർക്കാർ ചെയ്തുതരും എന്ന മനോഭാവം സ്വന്തം ശക്തിയേയും കഴിവിനേയും നിർവ്വീര്യമാക്കുന്ന അവസ്ഥ നിലവിലുണ്ട്. ബോധവൽക്കരണം അത്യാവശ്യമായ ഒരു മേഖലയാണിത്. മൗലീകആവശ്യങ്ങളിൽ ഒന്നായ

പാർപ്പിട പ്രശ്നം സജീവമായി രൂപം കൊള്ളുകയും ഗൗരവമായി ചർച്ചയ്ക്ക് വിധേയമാകുന്നതും പഞ്ചായത്ത് ഗ്രാമസഭകൾക്ക് സാക്ഷ്യം വഹിക്കേണ്ടിവന്നു. അവിടത്തെ ചർച്ചകളിൽ ഉരുതിരിഞ്ഞ പ്രശ്നങ്ങളും നിർദ്ദേശങ്ങളും സജീവ പരിഗണന അർഹിക്കുന്നു.

## ലക്ഷംവീട് കോളനികൾ

ലക്ഷം വീട് കോളനി നിവാസികൾ അനുഭവിക്കുന്ന ക്ലേശങ്ങൾ നിരവധിയാണ്. പഴയ ലക്ഷം വീടുകളിൽ ഒരു വീട്ടിൽ രണ്ട് കുടുംബങ്ങൾ താമസിക്കുന്നു. പല വീടുകളും ജീർണ്ണാവസ്ഥയാണ്. ഏതു നിമിഷവും നിലംപതിക്കാവുന്ന അവസ്ഥയിലുള്ള അത്തരം വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിച്ച് താമസയോഗ്യമാക്കണം.

ഭൂരഹിത കോളനികളിൽ സ്വന്തമായി സ്ഥലം കൊടുത്തിട്ടുണ്ടങ്കിലും വീടുവയ്ക്കുവാൻ പലർക്കും കഴിഞ്ഞിട്ടില്ല. ഓലകുടിലുകളിൽ താമസിക്കുന്നവർക്ക് വീടുവയ്ക്കുവാനുള്ള ധനസഹായം കൊടുക്കണം. കക്കൂസ് തുടങ്ങിയ അത്യാവശ്യ സൗകര്യങ്ങൾ പലവീടുകളിലും ഇല്ല.(പട്ടിക നമ്പർ) പൊതു കിണറുകൾ വേണ്ടവിധം സംരക്ഷിക്കാത്തതുകൊണ്ട് കുടിവെള്ളക്ഷാമവും ഇത്തരം കോളനികളിൽ അനുഭവിക്കുന്നുണ്ട്. കോളനികളോട് ചേർന്ന് പൊതുസ്ഥലം സംരക്ഷിച്ച് ജനങ്ങൾക്ക് ഒത്തുകൂടുവാനുള്ള സൗകര്യമുണ്ടാക്കണം. കളിസ്ഥലമില്ലാത്ത കോളനികളിൽ അതിനുള്ള സൗകര്യം ഏർപ്പെടുത്തണം.

## 11.6 കക്കൂസുകൾ സംബന്ധിക്കുന്ന വിവരം.

| വാർഡ് നമ്പർ | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വെപ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവധിച്ച കക്കൂസുകളുടെ എണ്ണം(1992 M-6- നു ശേഷം) | പൂർത്തീകരിച്ച വയുടെഎണ്ണം | ഇനി കക്കുസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | | 2 | 2 | |
| 2 | | 12 | 7 | |
| 3 | | 6 | 6 | |
| 4 | | 9 | 9 | |
| 5 | | 16 | 16 | |
| 6 | | 13 | 10 | |
| 7 | | 5 | 5 | |
| 8 | | 5 | 4 | |
| 9 | 30 | 5 | 4 | 30 |
| 10 | 25 | 6 | 5 | 25 |
| 11 | 25 | 4 | 1 | 30 |
| 12 | 5 | 5 | | |
| 13 | | 3 | 3 | |
| 14 | 20 | 3 | 3 | 20 |

## വാർഡ് 1. :-

സ്വന്തമായി വീടില്ലാത്ത 30 കുടുംബങ്ങൾ പുനരധിവസിപ്പിക്കുവാനുള്ള ഏർപ്പാടുണ്ടാക്കണം. പട്ടയം കിട്ടാത്തവർക്ക് അത് കിട്ടുവാനുള്ള നടപടികൾ സ്വീകരിക്കണം. ലക്ഷംവീട് കോളനികളുടെ അറ്റകുറ്റപണികൾ നടത്തണം.

## വാർഡ് 2. :-

ദുർബലവിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിനാവശ്യമായ സഹായം നൽകണം. ഓലമേഞ്ഞവീടുകൾ നവീകരിക്കുവാൻ സഹായം ലഭ്യമാക്കണം

## വാർഡ് 3. :-

വീടില്ലാത്തവരേയും പുറംപോക്കുകളിൽ താമസിക്കുന്നവരേയും പുനരധിവസിപ്പിക്കണം.

## വാർഡ് 4. :-

പഞ്ചായത്ത് വക ഒരു വൃദ്ധമന്ദിരം വേണം. വീടില്ലാത്തവരെ പുനരധിവസിപ്പിക്കണം. കുടിലുകളിൽ കഴിയുന്നവർക്ക് വീടുവയ്ക്കുവാനുള്ള ധനസഹായം നൽകണം.

## വാർഡ് 6. :-

വർദ്ധിച്ചു വരുന്ന പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുവാൻ ഫ്ലാറ്റുകൾ പണിത് ഇൻസ്റ്റാൾമെൻറ് വ്യവസ്ഥയിൽ ആവശ്യക്കാർക്ക് വിതരണം ചെയ്യണം. വീടിനുള്ള ഗ്രാൻറ് കാലോചിതമായി പരിഷ്കരിക്കണം. പുറംപോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കണം.

## വാർഡ് 7. :-

ഓലമേഞ്ഞ വീടുകൾ നവീകരിക്കുവാൻ സഹായ ധനം കൊടുക്കണം

## വാർഡ് 8. :-

165 വീടുകൾ ഉൾപ്പെട്ട കോളനിയിൽ, താമസയോഗ്യമല്ലാത്ത 60 ഓളം വീടുകൾ അറ്റകുറ്റ പണി നടത്തി താമസയോഗ്യമാക്കണം. 77 വീടുകൾക്ക് കക്കൂസില്ല. 30 വീടുകൾക്ക് വൈദ്യുതി ഇല്ല ഇവ പരിഹരിക്കണം.

## വാർഡ് 9. :-

വടക്കും ഭാഗം ലക്ഷം വീട് കോളനിയിലായി അംഗീകരിക്കണം.

വാർഡ് 10. :-

വീടോ ഭൂമിയിലോ ഇല്ലാത്ത 100 ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള ഏർപ്പാടുണ്ടാക്കണം.

വാർഡ് 11. :- "

വാർഡ് 12. :- "

വാർഡ് 13. :- "

ഭവന നിർമ്മാണാപേക്ഷ നൽകിയവർക്കു കാലതാമസം കൂടാതെ അവ അനുവദിക്കണം.

വാർഡ് 14. :-

ഭവനരഹിതരായവരെ പുനരധി വസിപ്പിക്കുവാൻ ഏർപ്പാടുണ്ടാക്കണം. കുടിവെള്ളം സാനിറ്റേഷൻ സൗകര്യം ഉണ്ടാക്കണം

## പൊതു നിർദ്ദേശങ്ങൾ :-

1. പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലെത്തിക്കുന്ന ഏജൻസിയായി എൻജിനീയർ മുതൽ തൊഴിലാളികളെ വരെ സംഘത്തിലൂടെ വിതരണം ചെയ്യുക. ആളൂർ, കല്ലേറ്റുംകര, കൊമ്പൊടിഞ്ഞമാക്കൽ എന്നീ കേന്ദ്രത്തിൽ ഹൗസിംഗ് കോംപ്ലക്സ് സ്ഥാപിക്കണം.
2. കെട്ടിട നിർമ്മാണസാമഗ്രികളുടെ വിതരണം സിവിൽ സപ്ലൈസ് വഴിയാക്കുക
3. നിർമ്മാണചിലവ് രണ്ട് ലക്ഷത്തിനു മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുകയോ അത്തരം വീടുകൾക്ക് അഡീഷനൽ നികുതി ചുമത്തി ആ പണം ദുർബല വിഭാഗങ്ങളുക്ക് ഭവനനിർമ്മാണത്തിന് സഹായധനമായി കൊടുക്കുകയും ചെയ്യുക.
4. സർക്കാർ വായ്പകളുടെ സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
5. ഭവന നിർമ്മാണത്തിനുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്ത് കൈകാര്യം ചെയ്യുക.

6. സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കാനുള്ള മുഴുവൻ അവകാശം പഞ്ചായത്തിനെ ഏൽപ്പിക്കുക

7. ചിലവുകുറഞ്ഞ വീടുകൾക്ക് പ്രചാരണം സംഘടിപ്പിക്കുക.

8. ഭവന നിർമ്മാണ വായ്പതുക വർദ്ധിപ്പിക്കുക.

9. വീടും സ്ഥലവും ഒരിക്കൽ കൈപ്പറ്റിയവർ അവ കൈമാറാതിരിക്കുവാൻ ശ്രദ്ധിക്കുക

ചുരുങ്ങിയ വിഭവശേഷിയും ആവശ്യങ്ങളുടെ നീണ്ട പട്ടികയും ആണ് നമ്മുടെ മുന്നിൽ ഉള്ളത്. ചുരുങ്ങിയ നാളുകൊണ്ട് പരിഹരിക്കപ്പെടുന്നതല്ല പാർപ്പിടപ്രശ്നം. എങ്കിലും പരമാവധി വിഭവ സമാഹരണം നടത്തുകയും പ്രശ്നം പരിഹാരത്തിന് കൂട്ടായ ശ്രമം നടത്തുകയും ചെയ്യുകയും വഴി നമുക്ക് ഈ പ്രശ്നങ്ങളെ നേരിടാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

## ഉപസംഹാരം

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. റോഡുകളും പാലങ്ങളും കുടിവെള്ളവുമായാൽ വികസനമായെന്ന മനോഭാവം എവിടേയും നിറഞ്ഞുനിൽക്കുന്നു. ഉൽപാദന കാർഷിക വ്യവസായ മേഖലയുടെ വളർച്ചയാണ് വികസനംകൊണ്ട് നാം അർത്ഥമാക്കുന്നത്. വികസനം ഉദ്യോഗസ്ഥ ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുന്ന സ്ഥിതി മാറിയേതീരൂ. അഴിമതി പൂർണമായും ഉന്മൂലനം ചെയ്യുക. ഇതിനുവേണ്ട ജനപങ്കാളിത്തവും ജനജാഗ്രതയും ഉജ്ജ്വലമാകേണ്ടതുണ്ട്. എങ്കിൽമാത്രമാണ് വികസനപ്രക്രിയ മുന്നോട്ടുപോവുകയുള്ളൂ.

നമുക്കുള്ള വിഭവങ്ങൾ പരിമിതമാണ്. അതുകൊണ്ടാണ് ആസൂത്രണം അർത്ഥവത്തായിത്തീരുന്നത്. മുൻഗണനാടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങളെ രൂപപ്പെടുത്തേണ്ടതുണ്ട്. ഇന്നു നടത്തേണ്ട പ്രതിബദ്ധത പഞ്ചായത്തിനുണ്ട്. ഈ വികസനത്തെ കക്ഷി രാഷ്ട്രീയ ഭേദമന്യേ ഒറ്റക്കെട്ടായി നിന്നാൽ മാത്രമേ ത്വരിതപ്പെടുത്തുവാൻ കഴിയുകയുള്ളൂ. ഈ മഹത്തായ പ്രതീക്ഷ നൽകാൻ നിറവേറാൻ കഴിയുമെന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് സെമിനാറിനു മുന്നിൽ സമർപ്പിക്കുന്നു. വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും പദ്ധതി അവലോകനത്തിനും വേണ്ടി.....

# പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ

| | | |
|---|---|---|
| *പ്രസിഡണ്ട്* | : | *M.S. മൊയ്തീൻ* |
| *വൈസ് പ്രസിഡണ്ട്* | : | *P.C. ശാന്ത* |
| *സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ* | : | *കാതറിൻ പോൾ* |

*N.K. ജോസഫ്*

*റോസ്സി ദേവസ്സിക്കുട്ടി*

*M.M. ബൈജു*

*A.P. ഗോപി*

*ആനി ജോസഫ്*

*A.K. തങ്കപ്പൻ*

*ഭാരതി പുരുഷോത്തമൻ*

*A.C. ജോൺസൺ*

*ജോസ് പി. കളത്തിങ്കൽ*

*P.A. രാമൻ നമ്പൂതിരി*

*C.O. ബാബു.*

*Printed by* D.S. Offest Printers, Angamaly.

ം
ദ്ധതി
കീയ പദ്ധതി

# അന്നമനട ഗ്രാമപഞ്ചായത്ത്
# വികസന രേഖ







ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വികസന രേഖ

അന്നമനട ഗ്രാമ പഞ്ചായത്ത്

## പത്രാധിപ സമിതി

ശ്രീ. വി. വി. ജയരാമൻ (പ്രസിഡന്റ് ഗ്രാമ പഞ്ചായത്ത്)

ശ്രീ. പി. കെ. സിദ്ദിക് മാസ്റ്റർ

ശ്രീ. കെ. പി. പ്രതാപൻ മാസ്റ്റർ

ശ്രീ. ഇ. കെ. പരമൻ

ശ്രീ. എൻ. കെ. കൊച്ചയ്യപ്പൻ

ശ്രീമതി. കെ. രമ ടീച്ചർ

## കീ റിസോഴ്സ് പേഴ്സൺസ്


ശ്രീ. ടി. യു. രാധാകൃഷ്ണൻ

ശ്രീമതി. കെ. രമ ടീച്ചർ


അച്ചടി
മാർസ് കമ്മ്യൂണിക്കേഷൻസ്, തൃശൂർ

കമ്പോസിങ്
എഞ്ചിനീയേഴ്സ് ഗാലക്സി, അഷ്ടമിച്ചിറ?


# MAP OF KERALA




# MAP OF TRICHUR DISTRICT



# അന്നമനട പഞ്ചായത്ത്



# പഞ്ചായത്ത് സ്റ്റാഫ്









ലൂയിസ് കൊറിയ
സെക്രട്ടറി

## മുൻ പ്രസിഡണ്ടുമാർ



ജോസഫ് കണ്ണമ്പിള്ളി



വി.കെ.ജോസ്


## വാർഡ് മെമ്പർമാർ




വി.വി.ജയരാമൻ
പ്രസിഡണ്ട്



മേനക കൃഷ്ണൻകുട്ടി
വൈസ് പ്രസിഡണ്ട്



ടി.വി.സതീശൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



പി.ഡി.ജോസ്
വാർഡ് നമ്പർ-1



ഇ.വി.രാജൻ
വാർഡ് നമ്പർ-2



ഏലമ്മ പീറ്റർ
വാർഡ് നമ്പർ-3



ടി.ജി.രമേശൻ
വാർഡ് നമ്പർ-5



വർഗ്ഗീസ് കാച്ചപ്പിള്ളി
വാർഡ് നമ്പർ-7



സി.ടി.ചെറിയാക്കോ
വാർഡ് നമ്പർ-8



ലക്ഷ്മിബാലകൃഷ്ണൻ
വാർഡ് നമ്പർ-10



ആനി ജോസ്
വാർഡ് നമ്പർ-11

## ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. ചരിത്രം
4. ഭൂപ്രകൃതി
5. സാമൂഹ്യസാമ്പത്തിക മേഖലകൾ
    - 5.1 കൃഷി, ജലസേചനം
    - 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
    - 5.3 വ്യവസായം
    - 5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
    - 5.5 വിദ്യാഭ്യാസം
    - 5.6 കുടിവെള്ളവും, പൊതുജനാരോഗ്യവും
    - 5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും
    - 5.8 സംസ്കാരം
    - 5.9 വനിത
    - 5.10 സഹകരണം
    - 5.11 പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം
    - 5.12 വിഭവസമാഹരണം

# ആമുഖം

സാമൂഹ്യ പ്രതിബദ്ധതയ്ക്കും രാഷ്ട്രീയപ്രബുദ്ധതയ്ക്കും പേരു കേട്ട നാടാണ് കേരളം. ഐക്യരാഷ്ട്ര സംഘടന ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളുടെ വിശദമായ പഠനങ്ങൾക്ക് വിധേയമായതാണ് കേരള മോഡൽ. വികസ്വര രാജ്യമായ ഇന്ത്യയിൽ കേരളം മാത്രമാണ് 100% സാക്ഷരത, ഏറ്റവും കുറഞ്ഞ ശിശു മരണ നിരക്ക് എന്ന നിലകളിൽ അമേരിക്കപോലുള്ള മുതലാളിത്ത രാജ്യങ്ങളോട് കിടപിടിക്കുന്നത്.

ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭം മുതലേ ശക്തിപ്പെട്ട സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും അതിന്റെ തുടർച്ചയായി വളർന്നുവന്ന തൊഴിലാളി കർഷക സമര പ്രസ്ഥാനങ്ങളുമാണ് മേൽ സൂചിപ്പിച്ച സാമൂഹ്യ പുരോഗതിക്ക് നിദാനമായത്. ജന്മിത്വവും ജാതിമേധാവിത്തവും കടപുഴകിയതോടെ അവശ ജാതിക്കാരും പിന്നോക്ക ജനവിഭാഗങ്ങളും സാമൂഹ്യമായും സാമ്പത്തികമായും വളർച്ച പ്രാപിച്ചു. വിദ്യാഭ്യാസ ആരോഗ്യ സേവന മേഖലകളിൽ ഒരു കുതിച്ചു ചാട്ടത്തിന് നമ്മുടെ സംസ്ഥാനം സാക്ഷ്യം വഹിച്ചു.

എന്നാൽ സാമൂഹ്യ രംഗത്ത് നാം നേടിയ ഈ നേട്ടങ്ങൾ നിലനിർത്താൻ നമുക്ക് കഴിയാത്ത അവസ്ഥയാണ് ഇന്ന് സംജാതമായിട്ടുള്ളത്. ഉത്പാദന മേഖലകളായ കൃഷിയിലും, വ്യവസായത്തിലും നമ്മുടെ സംസ്ഥാനം ഭീഷണമാം വിധം പുറകോട്ട് പോവുകയാണ്. ആയതിനാൽ വെല്ലുവിളി നേരിടുന്ന കേരള മോഡലിനെ സംരക്ഷിച്ചേ മതിയാകൂ.

**ഒമ്പതാം പദ്ധതി ജനകീയ പദ്ധതി**

ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ വിഹിതത്തിന്റെ 40% പഞ്ചായത്തുകൾക്ക് കൊടുക്കണമെന്ന് കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ പണം ഇന്നലെവരെ ചിലവഴിച്ച പരമ്പരാഗത രീതിയിലൂടെ ദുർവ്യയം ചെയ്യുകൂടാ എന്ന ശക്തമായ കാഴ്ചപ്പാടാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ ഈ ഗവൺമെന്റിനെ പ്രേരിപ്പിച്ചത്.

73,74 ഭരണ ഘടനാ ഭേദഗതിയോടെ നിലവിൽ വന്ന പഞ്ചായത്തീരാജ് സ്ഥാപനങ്ങളേയും, സവിശേഷമായ ഗ്രാമസഭകളെയും സജീവമാക്കിക്കൊണ്ട് ജനപങ്കാളിത്തത്തോടെ ഒരു പദ്ധതി ഓരോ പഞ്ചായത്തിലും രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. റോഡുവെട്ടും, സൈഡ്കെട്ടും മാത്രമാണ് വികസനമെന്ന് ധരിച്ചിരുന്ന ഈ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്വം നാടിന്റെ ഉത്പാദന മേഖലയുടെ വികസനമാണ് എന്ന തിരിച്ചറിവ് നേടിക്കൊടുത്തു എന്നതാണ് പ്രധാന കാര്യം.

സാങ്കേതിക കാര്യങ്ങളിലുള്ള അറിവില്ലായ്മ കുറവും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള സന്നദ്ധത കുറവും മൂലം വികസന പ്രർത്തനങ്ങളിൽനിന്ന് ഒഴിഞ്ഞ് മാറി നടന്നിരുന്ന ഒരു ജനതക്ക് ഇത് തങ്ങളുടെ കൂടി പ്രശ്നങ്ങളാണ് എന്ന ബോധം ഉണ്ടാക്കിയെടുത്തു.

ഓരോ പഞ്ചായത്തിലുമുള്ള മനുഷ്യവിഭവത്തെയും, പ്രകൃതി വിഭവത്തേയും ശാസ്ത്രീയമായി പഠിച്ച് ആ പ്രദേശത്തിന്റെ വികസന മൂലധനമാക്കി മാറ്റുക എന്നതും പ്രധാന ലക്ഷ്യമാണ്.

**കല്യാശേരി മാതൃക**

സാമ്രാജ്യത്വ വാഴ്ചക്കെതിരെ പോരാടി തൂക്കുമരം വരിച്ച ദേശാഭിമാനികളാ

യ, വിപ്ലവകാരികളുടെ നാടായ കല്യാശേരി പഞ്ചായത്തിലാണ് ജനപങ്കാളിത്തത്തോടെയുള്ള വികസനം എന്ന ആശയം രൂപപ്പെട്ടത്. പഞ്ചായത്തിനെക്കുറിച്ച് പഠിച്ച് വിഭവ ഭൂപടം തയ്യാറാക്കി അവർ സംഘടിപ്പിച്ച ജനകീയ സഹകരണത്തോടെയുള്ള പല വികസനപ്രവർത്തനങ്ങളും ഈ പ്രസ്ഥാനത്തിന് മാർഗ്ഗ ദർശകമായി.

നമ്മുടെ പഞ്ചായത്തിൽ......

കൊല്ലവർഷം 1172 ചിങ്ങം 1ന് (1996 ആഗസ്റ്റ് 17) അന്നമനട ജി. യു. പി. എസി.ൽ നടന്ന വിപുലമായ യോഗത്തിൽ വെച്ച് നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ചാലക്കുടിയിൽ 5, 6, 7, 8 തിയ്യതികളിൽ നടന്ന ജില്ലാ പരിശീലന ക്യാമ്പിലും പഞ്ചായത്ത് തലത്തിൽ നടന്ന ഏകദിന ക്യാമ്പിലും ആയി നൂറ്റമ്പതിലോളം പേർ പരിശീലകരായിമാറി. സെപ്റ്റംബർ 27ന് പഞ്ചായത്തിലെ 8-ാം വാർഡിൽ ആദ്യ ഗ്രാമ സഭ മേലഡൂർ സമിതി ഹൈസ്കൂളിൽ സംസ്ഥാന റിസോഴ്സ് പേഴ്സൺ. ടി. യൂ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 6 ന് നടന്ന 1ഉം 3ഉം വാർഡുകളിലെ ഗ്രാമസഭകളോടെ ഒന്നാം ഘട്ടം പ്രവർത്തനം ആരംഭിച്ചപ്പോൾ, രണ്ടായിരത്തോളം ആളുകൾ വിവിധ ഗ്രാമസഭകളിലായി പങ്കെടുത്തു. 300 പേർ പങ്കെടുത്ത 9-ാംവാർഡ് ഗ്രാമസഭയായിരുന്നു ഏറ്റവും വലിയ ഗ്രാമസഭ.

രണ്ടാം ഘട്ടമായി വിദഗ്ധസംഘത്തിന്റെ രൂപീകരണം, ഡാറ്റാ കളക്ഷനുകൾ പഞ്ചായത്ത്ജില്ലാ തല പരിശീലനങ്ങൾ, പഠനപര്യടനങ്ങൾ എന്നിവ നടന്നു. കൺവീനറായ എൻ. കെ. കൊച്ചപ്പന്റെ നേതൃത്വത്തിലാണ് ശ്രമകരമായ പഠന പര്യടനങ്ങൾ നടന്നത്.

ആവേശകരമായ പ്രതികരണങ്ങളാണ് ഈ പ്രസ്ഥാനത്തിനു് ജനങ്ങളിൽ നിന്ന് ലഭിച്ചു കൊണ്ടിരിക്കുന്നത്. പൂർത്തികരിക്കപ്പെടാത്ത ജനകീയ ആവശ്യങ്ങളുടെ ഒരു മഹാപ്രവാഹമാണ് ഈ റിപ്പോർട്ടിൽ ഉടനീളം കാണുന്നത്. മുഴുവൻ നിർദ്ദേശങ്ങളെയും അതേ പടി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും നാളിതുവരെ വലിയ പണ്ഡിതൻമാർക്കോ, സാങ്കേതിക വിദഗ്ദ്ധർക്കോ പറയാൻ കഴിയാത്തത്ര സമഗ്രമായ നിർദ്ദേശങ്ങളാണ്. സാധാരണക്കാരിൽ സാധാരണക്കാരായ ജനങ്ങളിൽനിന്നും ഉയർന്നുവന്നത് . മുഴുവൻ നിർദ്ദേശങ്ങളും ഈ പദ്ധതി കാലയളവിൽ തന്നെ നടപ്പിലായില്ലെങ്കിൽ കൂടി, യഥാർത്ഥ ജനകീയ ആവശ്യങ്ങളിലേക്ക് വെളിച്ചം വീശിയ ഈ ചർച്ചകളും റിപ്പോർട്ടുകളും നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കുന്ന മാർഗരേഖയായിത്തീർന്നിരിക്കുകയാണ്. നഗരങ്ങളും രാഷ്ട്രങ്ങളും സാമ്രാജ്യങ്ങളും പടുത്തുയർത്താൻ വിയർപ്പൊഴുക്കിയ മനുഷ്യന്റെ അദ്ധ്വാനം ഐശ്വര്യപൂർണ്ണമന്നു ഒരു പുതിയ കേരളം കെട്ടിപ്പടുക്കാൻ അർത്ഥപൂർണ്ണമായി വിനിയോഗിക്കപ്പെടും എന്ന് വരികിൽ അത് ഇന്ത്യയുൾപ്പെടെയുള്ള മുഴുവൻ മൂന്നാം ലോകരാഷ്ട്രങ്ങൾക്കും മാതൃകയായിത്തീരും. വിശ്രുതമായൊരു സത്പാരമ്പര്യത്തിനുടമകളായ നമ്മൾ കൊളുത്തിയ ഈ കൈത്തരി പ്രകാശോജ്ജ്വലമായ ഒരു പുതിയ പ്രഭാതത്തിന് തുടക്കമാവട്ടെ എന്ന ആശംസകളോടെ

നിർത്തട്ടെ

നാം മുന്നോട്ട്, നമുക്ക് മുന്നേറാം.

എഡിറ്റോറിയൽ ബോർഡ്

അന്നമനട ഗ്രാമപഞ്ചായത്ത്

# അന്നമനട ഗ്രാമപഞ്ചായത്ത്

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. വി. വി. ജയരാമൻ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. മേനകാ കൃഷ്ണൻകുട്ടി |
| സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ | ശ്രീ.സതീശൻ |
| വിസ്തീർണ്ണം | 25.08 ച. കി. മീ. |
| വീടുകളുടെ എണ്ണം | 5252 |
| കുടുംബങ്ങൾ | 5292 |
| ജനസംഖ്യ | 26,448 |
| പുരുഷൻ | 12,984 |
| സ്ത്രീകർ | 13,464 |
| 6 വയസ്സിനു താഴെ | |
| ജനസംഖ്യ | 2700 |
| ആൺകുട്ടികൾ | 1325 |
| പെൺകുട്ടികൾ | 1375 |
| ആകെ പട്ടിക ജാതി പുരുഷൻ | 1394 |
| പട്ടിക ജാതി സ്ത്രീ | 1486 |
| വിദ്യാസമ്പന്നർ | |
| പുരുഷൻ | 10988 |
| സ്ത്രീ | 10476 |

## അതിരുകൾ

| | |
|---|---|
| വടക്ക് | കാടുകുറ്റി പഞ്ചായത്ത് |
| തെക്ക് | പാറക്കടവ് പഞ്ചായത്ത് |
| കിഴക്ക് | കൊരട്ടി പഞ്ചായത്ത് |
| പടിഞ്ഞാറ് | മാള, കുഴൂർ പഞ്ചായത്തുകൾ |

## അന്നമനട പഞ്ചായത്തിലേക്ക് നടപ്പ് പഞ്ചവത്സര പദ്ധതിക്കാലത്ത് വ്യവസായവകുപ്പിൽ നിന്നും ചെലവായ തുക

| നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | മാർജിൻ മണി വായ്പ | 250000 |
| 2 | 15% സംസ്ഥാന സബ്സിഡി | 200000 |
| 3 | വനിതാ വ്യവസായങ്ങൾക്ക് ഗ്രാന്റ് | 124900 |
| 4 | ഗ്രാമീണ കൈതൊഴിൽ പദ്ധതി പ്രകാരം ഗ്രാൻ | 30000 |
| 5 | ഗിരിജന പദ്ധതിപ്രകാരം വായ്പ | 130000 |
| 6 | ഗിരിജന പദ്ധതിപ്രകാരം ഗ്രാന്റ് | 35000 |

## അന്നമനട പഞ്ചായത്തിന്റെ കടത്ത് സംബന്ധിച്ച വിവരങ്ങൾ 1995-96

| നമ്പർ | കടത്തിന്റെ പേര് | വരുമാനം | മറ്റു വിവരങ്ങൾ |
|---|---|---|---|
| 1 | പുളിക്കകടവ് | 250000 | ജംഗാർ സർവീസ് നടത്താൻ തീരുമാനിച്ചിരിക്കുന്നു |
| 2 | മാമ്പ്ര കടത്ത് | 200000 | |
| 3 | പാലപ്പുഴ കടത്ത് | 124900 | |

## അന്നമനട പഞ്ചായത്തിലെ 1979 1995 കാലഘട്ടത്തിലെ വികസന പ്രവർത്തനങ്ങൾ

1. മാമ്പ്ര പ്രൈമറി ഹെൽത്ത് സെന്റർ
2. എരയാംകുഴി ആയുർവേദ ഡിസ്പെൻസറി
3. അന്നമനട ആസ്ഥാനത്ത് പഞ്ചായത്ത് വക വ്യാപാര കേന്ദ്രം
4. അന്നമനട സബ്റജിസ്ട്രാർ ഓഫീസ്
5. പൂവ്വത്തുശ്ശേരി ഹോമിയോ ഡിസ്പെൻസറി
6. അന്നമനട സബ് ട്രഷറി

# ചരിത്രം

## പിന്നിട്ട പാതകളിലേക്ക്

ഏതൊരു നാടിന്റെയും യഥാർത്ഥ ചരിത്രം ആ നാട്ടിലെ ജനത ജീവിക്കാൻ വേണ്ടി നടത്തിയ മഹാസമരങ്ങളുടെ ചരിത്രമാണ്. ചരിത്രരചനക്ക് ആവശ്യമായ സാമഗ്രികളുടെ അഭാവവും, സമയ പരിമിതിയും നമ്മുടെ പഞ്ചായത്തിന്റെ ചരിത്ര രചനയിൽ ഇതിന് ചില പോരായ്മകൾ വരുത്തിയേക്കാം.

ആയിരം കൊല്ലങ്ങൾക്ക് മുമ്പ് തൈക്കൂട്ടത്തിന് സമീപം കല്ലൂർ ആല് എന്നറിയപ്പടുന്ന സ്ഥലം വരെ പറവൂർ തമ്പുരാന്റെ (നാടുവാഴി) ഭരണത്തിൻ കീഴിലായിരുന്നു. ക്രമേണ ഈ സ്ഥലം തിരുവിതാംകൂർ ആക്രമിച്ചു കയ്യടക്കി. ഏതാണ്ട് ഇരുന്നൂറ് വർഷം മുമ്പ് തിരുവിതാംകൂറും കൊച്ചിയുമായി അതിർത്തി തർക്കം രൂക്ഷമായതോടെ ബ്രീട്ടീഷ് അധികാരികൾ ഇടപ്പെട്ടു. ഏകാംഗകമ്മീഷനെ നിയമിച്ച് അതിർത്തി നിർണ്ണയിച്ചുകൊടുത്തു. അങ്ങനെയാണ് പൂവ്വത്തുശ്ശേരി പ്രദേശത്തെ രണ്ടായി വിഭജിച്ചു കൊണ്ട് പോകുന്ന ആറടിപാതയും കൊച്ചി തിരുവിതാംകൂർ അതിർത്തി കല്ലും (കൊ-തി കല്ല്) രൂപം കൊണ്ടത്.

പ്രസിദ്ധമായ അന്നമനട മഹാദേവ ക്ഷേത്രം കൊച്ചി രാജവംശത്തിന്റെ കീഴിലായി. ഇന്ന്കാണുന്ന ക്ഷേത്രത്തിന്റെ രൂപകല്പനയും പത്ത് ദിവസങ്ങൾ നീളുന്ന ഉത്സവാഘോഷപരിപാടികളും കൊച്ചി രാജഭരണത്തിനു മുമ്പ് തുടങ്ങിയതാണ്.

600 കൊല്ലത്തിനുമേൽ പഴക്കം വരുന്ന വൃത്താകൃതിയിലുള്ള ക്ഷേത്ര നിർമ്മിതിയും അതിന്റെ ആസ്ഥാനവും പുറക്കാട്ടുപുള്ളിമന വകയാണ്. പരിസരത്തുള്ള ബ്രാഹ്മണ കുടുംബങ്ങളെ ക്ഷേത്ര ഊരായ്മക്കാരായി നിശ്ചയിച്ച് ക്ഷേത്രപരിപാടികൾ നടത്തിപോന്നു.

ഈ പ്രദേശം കൊച്ചിരാജഭരണത്തിൻ കീഴിൽ വന്നതോടെ വികസനത്തിന് തുടക്കം കുറിച്ചു. കൊച്ചി രാജകുടുംബം സുഖവാസകേന്ദ്രമായി തിരഞ്ഞെടുത്തത് ഇവിടെയാണ്. വിശ്രമിച്ച് കുളിച്ച് താമസിക്കുന്നതിന് ക്ഷേത്രത്തോടനുബന്ധിച്ച് കോവിലകം നിർമ്മിച്ചു.

ചാലക്കുടിപ്പുഴയുടെ ഇരുകരകളിലും ഉള്ള, അഡൂർ ഫർക്കയിൽപ്പെട്ട ഭൂമികൾ 9 ബ്രാഹ്മണ ജന്മികുടുംബങ്ങളുടേയും ദേവസ്വങ്ങളുടേയും വകയായിത്തീർന്നു. സർക്കാരുമായി നേരിട്ട് ബന്ധമുളള പണ്ടാരവക ഭൂമികൾ വളരെ അപൂർവ്വമായിരുന്നു.

ഉദ്ദേശം 60 കൊല്ലങ്ങൾ മുമ്പ് പ്രാകൃതമായ പ്രയോഗങ്ങളും സാംസ്കാരങ്ങളും ആചാരങ്ങളും നാട്ടിൽ നിലനിന്നിരുന്നു. ക്ഷേത്രങ്ങളിൽ പ്രവേശനം സവർണ്ണർക്ക് മാത്രമായിരുന്നു. അയിത്തം അക്കാലത്തുണ്ടായിരുന്നു. ഉയർന്ന ജാതിയിൽപ്പെട്ടവരോട് അവർണ്ണവർഗ്ഗത്തിൽപ്പെവർ സംസാരിച്ചിരുന്നത് തന്നെ വ്യത്യസ്തരീതിയിലായിരുന്നു. ഉദാഹരണത്തിന് 'നാണയത്തുട്ട്' 'ചെമ്പ്കാശ്' എന്നും നെല്ലിനെ 'നെൽപതിര്' എന്നും ഞാൻ എന്നതിന് 'അടിയൻ' എന്നുമായിരുന്നു. അവർണ്ണവർഗ്ഗത്തിൽപ്പെട്ടവർ ഉപയോഗിച്ചിരുന്നത്.

തിരുവിതാംകൂർ ഭരണത്തിൽനിന്നും കൊച്ചി രാജാക്കന്മാരുടെ ഭരണത്തിൻ കീഴിൽ വന്നതോടെ പുതിയ ഭരണപരിഷ്ക്കാരങ്ങൾ നിലവിൽ വന്നു. അഡൂർഫർക്ക രൂപീകരിച്ചതോടെ മേലഡൂർ, കീഴഡൂർ തുടങ്ങി ഏഴര ഗ്രാമങ്ങൾക്ക് ആസ്ഥാനം അന്നമനടയായി.

സ്ഥലവാസികൾക്ക് അനായാസേന ഉച്ചരിക്കാൻ കഴിയുന്നതും അന്യദേശ



183

ക്കാർക്ക് ഉച്ചരിക്കാൻ ഏറെ വൈഷമ്യം അനുഭവപ്പെടുന്നതുമായ അന്നമനട എന്ന താളാത്മകമായ സ്ഥലനാമത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വ്യക്തമായ ചരിത്ര രേഖകൾ ലഭ്യമല്ല. അന്നമനട മഹാദേവക്ഷേത്രവുമായി ബന്ധപ്പെട്ട് അന്നം കൊടുത്തിയിരുന്ന നട അന്നമനടയായി പരിണമിച്ചുവത്രെ. ജന്മിത്വത്തിനെതിരായി കേരളത്തിൽ ഉയർന്നുവന്ന ശ്രീനാരായണ ഗുരുവിന്റെയും അയ്യൻകാളിയുടേയും ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും നേതൃത്വത്തിൽ നടന്ന സമരങ്ങൾ ഇവയുടെ അലയൊലി അന്നമനടയിലും പ്രതിധ്വനിച്ചിട്ടുണ്ട്. ആധുനിക കേരളത്തിന്റെ പുനഃസൃഷ്ടിക്കായി സ്വാതന്ത്രത്തിനുമുമ്പും ശേഷവും നടന്ന ചെറുതും വലുതുമായ സമരങ്ങളിൽ പെട്ട ഒരു പ്രദേശിക സമരമാണ് കുമ്പിടി കർഷക സമരം. 1954 ജനുവരി 8 നാണ് ഈ സമരം ആരംഭിച്ചത്. നിരവധി മർദ്ദനങ്ങൾ നടന്ന സമരത്തിൽ ശ്രീ. വി. പി. അറുമുഖൻ, ഇ. കെ. വേലായുധൻ, കെ.കെ. വിശ്വംഭരൻ, കെ. കെ. സരോജിനി, വി. പി. പത്മനാഭൻ എന്നിവർ പങ്കെടുത്തു (പേര് വ്യക്തമല്ലാത്തവരും ഉണ്ട്)

അന്നമനടയിൽ ആദ്യകാലത്ത് മജിസ്ട്രേറ്റ് കോടതി, പോലീസ്സ്റ്റേഷൻ, പാർവ്വത്യ കച്ചേരി, ദേവസ്വം കച്ചേരി, അഞ്ചൽ ആപ്പീസ് തുടങ്ങിയവ നിലവിൽ ഉണ്ടായിരുന്നു. 110 വർഷങ്ങൾക്ക്മുമ്പ് മഹാദേവ ക്ഷേത്രത്തോട് ചേർന്നുള്ള ഊട്ടുപുരയിൽ ആരംഭിച്ചതാണ് ഇന്നത്തെ അന്നമനട സർക്കാർ യു. പി. സ്ക്കൂൾ. അന്നത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമായി ഊട്ടുപുരയിൽ സ്ഥാപിച്ച സ്ക്കൂളിലും അയിത്ത ജാതിക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ദിവംഗതരായ പനമ്പിള്ളി ഗോവിന്ദമേനോൻ, പഞ്ചവാദ്യചക്രവർത്തി അന്നമനട അച്ചുതമാരാർ തുടങ്ങിയവർ ആദ്യാക്ഷരം പഠിച്ചത് ഈ സ്ക്കൂളിലാണ്.

പടിഞ്ഞാറെ കൊരട്ടിയിലെ കൊരട്ടിസ്വരൂപവും കല്ലൂർഭാഗത്തെ പാലിയം കച്ചേരിയും പാലിയം ക്ഷേത്രവും സ്മരണീയമാണ്. കൊരട്ടി പള്ളിയുടെ ഉത്ഭവ ചരിത്രത്തിൽ കൊരട്ടി സ്വരൂപത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഈ ചരിത്ര സംഭവം മതേതരത്വത്തിന് ഉത്തമ ദൃഷ്ടാന്തമാണ്.

അന്നമനട ക്ഷേത്രത്തെക്കുറിച്ച് പറയുമ്പോൾ ഉറവങ്കരരാജൻ എന്ന നിമിഷ കവിയേയും കടക്കവെട്ടം കുടുംബത്തിലെ എട്ട് കലാകാരന്മാരെയും വിസ്മരിക്കാൻ കഴിയില്ല.

നൂറു വർഷങ്ങൾക്കുമുമ്പ് മറ്റെങ്ങും ഇല്ലാത്ത പഞ്ചായത്ത് കോടതി സംവിധാനം നടപ്പാക്കിയത് കൊച്ചി രാജവംശം കാഴ്ചവെച്ച നല്ല ഭരണത്തിന്റെ പ്രതീകമാണ്. കോടതിയിൽ ഈ പ്രദേശക്കാർ നാമ നിർദ്ദേശം ചെയ്തവരുടെ ഒരു ജൂറിയും അവരിൽ ഒരു പ്രസിഡന്റും ഉണ്ടായിരുന്നു. ഇതിന്റെ ആദ്യ പ്രസിഡന്റ് പനമ്പിള്ളി കൃഷ്ണൻകുട്ടിമേനോൻ ആയിരുന്നു. കണ്ടരുമഠത്തിൽ കുഞ്ഞുമുഹമ്മത് മേത്തർ, കണിച്ചായി അന്തപ്പൻ മാസ്റ്റർ, കുമ്പിടി കുടിലിങ്ങൽ ലോനകുഞ്ഞ്, ചേലക്കാടൻ ചാക്കപ്പൻമാസ്റ്റർ തുടങ്ങിയവർ പ്രസിഡന്റുപദം അലങ്കരിച്ചിട്ടുണ്ട്.

അമ്പത് രൂപയിൽ താഴെ സലയുള്ള എല്ലാ പണമിടപാട് തർക്കങ്ങളും ജൂറി കോടതി തീർപ്പുകൽപ്പിച്ചിരുന്നു. ഈ കോടതി ജനങ്ങൾക്ക് ഒരനുഗ്രഹമായിരുന്നു.

പഞ്ചായത്ത് കോടതിയുടെ പ്രവർത്തനം ഒരു പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിന്റെ രൂപകൽപ്പനക്ക് പ്രേരിതമായി. അതുപ്രകാരം ഇവിടെ പഞ്ചായത്ത് സ്ഥാപിച്ചു. ശ്രീ വെട്ടത്ത് രാമൻമേനോനായിരുന്നു ആദ്യ പ്രസിഡന്റ്. നൂറ് വർഷങ്ങൾക്കുമുമ്പാണ്

ഇതിന്റെ തുടക്കം. അക്കാലത്ത് പാലു പുഴറോഡ്, മാളറോഡ്, പൊറക്കുളംപാലം, മലവെള്ളപാച്ചിൽ നിയന്ത്രിക്കുന്നതിനുള്ള തോടുകൾ, കൽവർട്ടുകൾ തുടങ്ങിയവ ഉണ്ടാക്കി. വാളൂർകൂട്ടാലചിറയും കല്ലൂർചിറയും ഈ കാലത്ത് നിർമ്മിച്ചവയാണ്.

ഉയർന്നഭാഗങ്ങളിൽ വെള്ളം കെട്ടി നിർത്തി താഴെ കൃഷി ചെയ്യുന്ന രീതി നിലനിന്നിരുന്നു. കാലാന്തരത്തിൽ കൃഷി സമ്പ്രദായത്തിലും രണ്ടു മേഖലകളിലെ കൃഷിക്കാർ തമ്മിലുള്ള ധാരണ പിശകുകൾ മൂലം 1960-70 കാലഘട്ടത്തിൽ ഈ ചിറകളുടെ പ്രവർത്തനം അന്നത്തെ പഞ്ചായത്ത് ഭരണസമിതി നിർത്തി വെപ്പിച്ചു.

ചാലക്കുടി പുഴയുടെ ഇരുകരകളിലും കാണുന്ന കല്ലുപാലംതോട്, കൊാക്കോതോട്, വാളൂർതോട് കണ്ടോത്ത്ചിറ മുതലായവ മലവെള്ളം മൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ കുറയ്ക്കുവാൻ സഹായകമായി. അതോടൊപ്പം പാടശേഖരങ്ങളിൽ എക്കലും സുലഭമായി.

സർവ്വശ്രീ. വേലുകുട്ടിമേനോൻ, എം. കെ. പൗലോസ്, പുളിക്കൽ കൊച്ചപ്പൻ, ഐ. പ്രഭാകരമേനോൻ, സി. സി. തരിയത്, ജോസഫ് കണ്ണമ്പിള്ളി, വി. കെ. ജോസ് എന്നിവർ പഞ്ചായത്തിന്റെ പ്രസിഡന്റുപദം അലങ്കരിച്ചിട്ടുണ്ട് ജോസഫ് കണ്ണമ്പിള്ളി തുടർച്ചയായി 17 കൊല്ലവും, വി. കെ. ജോസ് 2 തവണകളായി 16 വർഷവും പ്രസിഡന്റുമാരായിരുന്നിട്ടുണ്ട്.

കുന്നിൻപുറങ്ങളിൽ വെള്ളം നൽകുന്ന ഡ്രൈ-ലാന്റ് ജലസേചന സമ്പ്രദായം പ്രചാരമില്ലാതിരുന്ന കാലഘട്ടത്തിൽ കുമ്പിടി, മേലഡൂർ, മാമ്പ്രചെട്ടിക്കുന്ന് എന്നീ പ്രദേശങ്ങളിൽ ഈ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയത് ശ്രീ ജോസഫ് കണ്ണമ്പിള്ളിയാണ് പിന്നീട് ഈ പദ്ധതികളെല്ലാം ഗവൺമെന്റ് ഏറ്റെടുത്തു. പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചത് ഈ കാലഘട്ടത്തിനാണ്.

കൃഷിക്ക് അനുകൂലമായ പ്രകൃതി ഘടകങ്ങൾ ഏറെയുള്ള പ്രദേശമാണ് അന്നമനട. ചാലക്കുടി പുഴയുടെ സാന്നിദ്ധ്യം നമ്മുടെ സമൃദ്ധിയിൽ വലിയ പങ്ക് വഹിക്കുന്ന ഘടകമാണ്. കൊരട്ടിചാൽ, കരിക്കാട്ട്ചാൽ, പെഞ്ചേരിചാൽ, വെണ്ണൂത്തുറ, ചിറയംചാൽ എന്നീ കോൾ പുഞ്ചപാടശേഖരങ്ങൾ ഫലഭൂയിഷ്ഠമാണ്.

അടുത്തയിടെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും നിന്ന് കണ്ടെടുത്ത മൺചാറകളും അവയ്ക്കുള്ളിൽ കണ്ടെടുത്ത ധാന്യപൊടികളും ഇരുമ്പായുധങ്ങളും പഴയ ജനസംസ്കൃതിയുടെ തെളിവുകളാണ്.

ഫലഭൂയിഷ്ഠമായ മണ്ണ് സുലഭമായിരുന്നതിനാൽ ജനങ്ങളിൽ ഏറിയ പങ്കും നല്ലകൃഷിക്കാരായിരുന്നു. കാലം കൃഷിരീതിയിലും മാറ്റങ്ങൾ വരുത്തികൂട്ടായി പ്രവർത്തിക്കുന്ന ചക്രങ്ങൾ, ഒറ്റക്ക് ഉപയോഗിക്കുന്ന വേത്ത്, കയറ്റുകൊട്ട, തുലാതേക്ക്, കാളതേക്ക്, തുടങ്ങിയവ വഴിമാറികഴിഞ്ഞു. മനുഷ്യാദ്ധ്വാനം ലഘൂകരിക്കാനുള്ള മധുരഗാനങ്ങളും ഇന്ന് അന്യമായിക്കഴിഞ്ഞു.

പുഴയുടെ ഇരു കരകളിലുമായി പ്രവർത്തിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, സ്വകാര്യവ്യക്തികളുടെ മോട്ടറുകൾ, നല്ല നിലവാരം പുലർത്തുന്ന റോഡുകൾ തുടങ്ങിയവ പഞ്ചായത്ത് പ്രവർത്തനത്തിന്റെ നേട്ടങ്ങളാണ്. വൈദ്യുതി പഞ്ചായത്തിന്റെ മിക്കവാറും ഭാഗങ്ങളിൽ എത്തിക്കഴിഞ്ഞു.

മൂന്ന് പതിറ്റാണ്ടിലധികം മാള നിയോജക മണ്ഡലത്തെ പ്രതിനിധാനം ചെയ്ത ശ്രീ. കെ. കരുണാകരൻ മുൻകൈ

യെടുത്ത് നടത്തിയ വികസന പ്രവർത്തനങ്ങൾ പ്രത്യേകം സ്മരണീയമാണ്. ഇതിൽ കൺട്രോൾഡ് ലിമിറ്റഡ്, മാമ്പ്ര പ്രൈമറി ഹെൽത്ത് സെന്റർ, എരയാംകുടി ആയുർവേദ ഡിസ്പെൻസറി, അന്നമനട ആയുർവേദ ആശുപത്രി രജിസ്റ്റർ ഓഫീസ്, സബ് ട്രഷറി, ഷോപ്പിംഗ് കോംപ്ലക്, , ടെലിഫോൺ എക്സ്ചേഞ്ച, അന്നമനട പോസ്റ്റോഫീസ് കെട്ടിടം എടുത്തുപറയേണ്ടതാണ്. അന്നമനടയുടെ മുഖച്ഛായമാറ്റുന്നതിൽ സുപ്രധാന പങ്ക് വഹിച്ച ഷോപ്പിംഗ് കോംപ്ലക്സും, സബ് ട്രഷറിയും ശതാബ്ദി പിന്നിട്ട അന്നമനട സർക്കാർ എൽ.പി.സ്ക്കൂൾ യു. പി. സ്ക്കൂൾആയി ഉയർത്തിയതും ആയുർവേദ ആശുപത്രി പണിയുന്നതിനുവേണ്ടി സർക്കാർസ്ഥലം അനുവദിച്ചതും പഞ്ചായത്ത് അതിർത്തിയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചതും കഴിഞ്ഞകാല ഇടതുപക്ഷ സർക്കാരുകളുടെ ഗണനീയമായ സമ്മാനങ്ങളാണ്.

സമ്മോഹനമായ ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിലൂടെ കടന്നുപോയി നാടുവാഴികളുടെയും ഭൂപ്രഭുക്കന്മാരുടേയും കൊടിയ ക്രൂരതകൾ മൃഗതുല്യരായി ഏറ്റുവാങ്ങേണ്ടിവന്ന ഒരു ജനത ഇവിടെ ഉണ്ടായിരുന്നു. രേഖകളിൽ സ്ഥാനം പിടിക്കാതെ പോയ അവരുടെ ചോരയുടെയും വിയർപ്പിന്റെയും ആകെതുക കൂടിയാണ് നമ്മുടെ ഗ്രാമത്തിന്റെ ചരിത്രം.

ഇന്നലെ ചെയ്തോരബദ്ധം
മൂഢർക്കിന്നത്തെ ആചാരമാവാം
നാളത്തെ ശാസ്ത്രമതാകാം. അതിൽ
മൂളായ്ക സമ്മതം രാജൻ

# ഭൂപ്രകൃതി

കേരളത്തിലെ 44 പ്രധാന നദികളിൽ ഒന്നായ ചാലക്കുടിപുഴ അന്നമനട പഞ്ചായത്തിലൂടെ ഒഴുന്നു. 1, 2, 3 വാർഡുകൾ പുഴയുടെ കിഴക്കെ കരയിൽ സ്ഥിതി ചെയ്യുന്നു, മറ്റുള്ള വാർഡുകൾ പടിഞ്ഞാറെ കരയുലും. ആകെ 11 വാർഡുകളാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിന്റെ ഭൂപ്രകൃതി താഴെ പറയും വിധമാണ്.

1. ഉയർന്ന കുന്നിൻ പ്രദേശങ്ങൾ
2. ചരിവു പ്രദേശങ്ങൾ
3. സമതലങ്ങൾ
4. വളരെ താഴ്ന്ന പ്രദേശങ്ങൾ

### 1. കുന്നിൻ പ്രദേശങ്ങൾ

പഞ്ചായത്തിൽ കരിക്കട്ടക്കുന്ന്, ചെട്ടിക്കുന്ന്, ചൂരപ്പുറത്തുകുന്ന് എന്നീ കുന്നിൻ പ്രദേശങ്ങൾ പുഴയുടെ കിഴക്കെ കരയിലാണ്. മലയാംകുന്നും മേലഡൂർ പള്ളിപ്പരിസരവും വാർഡ് എട്ടിൽ സ്ഥിതി ചെയ്യുന്നു. ഇവ വെട്ടുകൽ പ്രദേശങ്ങളാണ്. ചെട്ടിക്കുന്നിൽ മാത്രമാണ് കുറച്ച് കരിങ്കൽ പാറകളുള്ളത്. മണ്ണൊലിപ്പ് ഈ കുന്നിൻ പ്രദേശങ്ങളിലെ പ്രശ്നമാണ്.

മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലകൾ കെട്ടുകയും രാമച്ചം വച്ച്പിടിപ്പിക്കുകയും ചെയ്യേണ്ടതാണ്. വൈവിധ്യമാർന്ന നിരവധി വൃക്ഷലതാദികൾ സ്ഥിതി ചെയ്യുന്ന 1,2,3 വാർഡുകളിലെ സസ്യസമ്പത്ത് നശിക്കാതെ പരിരക്ഷിക്കേണ്ടതാണ്. ഈ കുന്നിൻ പ്രദേശങ്ങളിൽ വളരുന്ന ഔഷധചെടികൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യുവാൻ കേന്ദ്ര ഗവർമേന്റിൽനിന്നും ധനസഹായം ലഭ്യമാക്കണം.

### 2. ചരിവുള്ള പ്രദേശങ്ങൾ

പഞ്ചായത്തിൽ 2,3,8,9,10 വാർഡുകളിലാണ് ചരിവുള്ള പ്രദേശങ്ങൾ അധികവും ഉള്ളത്. ഭൂരിഭാഗം പ്രദേശങ്ങളിലും നല്ലചരൽ കലർന്ന പശിമരാശി മണ്ണാണ്. ചില സ്ഥലങ്ങളിൽ വെട്ടുകല്ലുണ്ട്. മണ്ണൊലിപ്പിന്റെ ഭീഷണി ഈ പ്രദേശങ്ങളിലും നിലനിൽക്കുന്നു. വൈവിധ്യമാർന്ന ധാരാളം ഫലവൃക്ഷങ്ങൾ ഈ പ്രദേശങ്ങളിൽ വളരുന്നു. പ്രധാനമായും തെങ്ങ്, പ്ലാവ്, മാവ്, കശുമാവ്, വാഴ അല്പം ചിലയിടങ്ങളിൽ ജാതി, കവുങ്ങ് എന്നിവയാണ് വളരുന്നത്. ഈ ഭാഗങ്ങളിൽ തരിശ്ഭൂമി തീരെ ഇല്ല. കിണറുകളാണ് പൊതുവെ ജലസേചനത്തിനുപയോഗിക്കപ്പെടുന്നത് അല്പം ചിലയിടങ്ങളിൽ ഇറിഗേഷൻ സൗകര്യങ്ങൾ ഉണ്ട്. ഭൂമി തട്ടുകളായി തിരിച്ച് രാമച്ചം വച്ച് പിടിപ്പിച്ച് ഇവിടങ്ങളിൽ ഒരു പരിധിവരെ മണ്ണൊലിപ്പ് തടയാം. അതിനുള്ള സ്കീം പഞ്ചായത്തിൽ തുടങ്ങേണ്ടതുണ്ട്. ജലസേചന സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഇറിഗേഷൻ പദ്ധതികൾവഴി വെള്ളം എത്തിച്ചാൽ ധാരാളം പച്ചക്കറികൾ ഉല്പാദിപ്പാക്കാൻ കഴിയും.

### 3. സമതലപ്രദേശം

പഞ്ചായത്തിലെ 1,4,5,6,7,10,11 എന്നീ വാർഡുകൾ പൊതുവേ സമതല പ്രദേശങ്ങൾ ആണ്. ഇതിൽ 1,4,5,6 വാർഡുകൾ പുഴയുടെ ഇരുകരളിലായതിനാൽ മണ്ണ് നല്ല ഫലഭൂയിഷ്ഠമാണ്. തെങ്ങ്, ജാതി, വാഴ എന്നിവ നന്നായി വളരുന്നു. ജനസാന്ദ്രത കുറവുള്ളത് 1, 5, 6 വാർഡുകളിലാണ്, തരിശുഭൂമി തീരെ .ഇല്ല. ഇറിഗേഷൻ സൗകര്യങ്ങളൾ ധാരാളം ഉണ്ട്.

## 4, താഴ്ന്ന പ്രദേശങ്ങൾ

പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങൾ പൊതുവെ നെൽപാടങ്ങളിൽ ആണ്. പാടങ്ങളിൽ നിരവധി വലിയ കുളങ്ങളും ചാലുകളും തോടുകളും ഉണ്ട്. ഇവയിൽ പ്രധാനപെപട്ടവ കരിക്കാട്ടുചാൽ, ചിറയംചാൽ, വെണ്ണൂർതുറ, എരയാംകുടിതുറ, ഐനിതുറ വാളൂർതോട്, എക്കാട്ടിതോട്, എന്നിവയാണ്. പഞ്ചായത്തിലെ പാടശേഖരങ്ങളിൽ എരയാംകുടി വാളൂർ പാടങ്ങളിലെ മേൽമണ്ണ് എക്കൽ കലർന്ന ചളിയും അടിഭാഗം നല്ല കളിമണ്ണുമാണ് മറ്റു പാടങ്ങളിൽ അധികവും മണൽകലർന്ന ചളിയാണുള്ളത്. വാളൂർ പാടം ഇഷ്ടിക കളങ്ങൾ നടത്തുന്നതിനും, ഓടുവ്യവസായത്തിനും മണ്ണ് ഖനനം ചെയ്തതു കൊണ്ട് കൃഷിയോഗ്യമല്ലാതായി. വെള്ളം കെട്ടികിടക്കുന്ന ചതുപ്പ് നിലങ്ങളായി മാറി വളരെ വികൃതവും അസഹനീയവുമായിരിക്കുന്നു. മറ്റു പാടശേഖരങ്ങളിൽ ഈ പ്രതിഭാസം ഇതേവരെ വ്യാപിച്ചിട്ടില്ല. അതുകൊണ്ട് വരും തലമുറക്ക് കൈമാറേണ്ട സുന്ദരമായ ഭൂമി വികൃതമാക്കപ്പെടാതെ സൂക്ഷിക്കേണ്ടത് സംസ്കാരസമ്പന്നരായ ജനതയുടെ കടമ എന്ന നിലക്ക് പാടശേഖരങ്ങളെ സംരക്ഷിക്കാൻ പഞ്ചായത്തിലെ കർഷകരും തൊഴിലാളികളും തെയ്യാറാകണം. പഞ്ചായത്തിലെ ചാലുകളും തോടുകളും കുളങ്ങളും സംരക്ഷിച്ചുകൊണ്ട് മത്സ്യ വളർത്തി വലിയ തോതിൽ വരുമാനം കണ്ടെത്താൻ കഴിയും വെള്ളകെട്ട് ഒഴിവാക്കുവാനും അതുവഴി നെൽകൃഷി മെച്ചപെടുത്തുവാനും കഴിയും.

### പഠനപര്യടനത്തിൽ കണ്ടെത്തിയ സസ്യലതാദികൾ

തെങ്ങ്

പ്ലാവ്

മാവ്

കശുമാവ്

മുരിങ്ങ

മുള്ളിലം

മുക്കൈനി (മുള്ളുവേങ്ങ)

പഞ്ഞി

ഞാവൽ

വെള്ളക്കരള്

എടന്ന

ചൊറിഞ്ഞനം (തുമ്പ)

കീഴാർനെല്ലി

കുരുമുളക് (പന്നിയൂർ)

കുരുമുളക്(കരിമുണ്ട)

കാഞ്ഞിരം

വാളൻപുളി

കുടപ്പന

ചുണ്ടപ്പന

കുറന്തോട്ടി

മലന്തകര

ചന്ദനം

ശീമകൊന്ന

നീലഊരി

പൊന്നോം

പുത്തുമ്പ

ആനപ്പെരു

വെള്ളപെരു

ആനത്തുമ്പ

കുന്നി (ചുവപ്പ്)

മുയൽചെവി,

| | |
|---|---|
| നിലമാരകം | പാണൽ |
| അഞ്ചിലച്ചി | കരിനൊച്ചി |
| താന്തോന്നി | ചെറുകടലാടി |
| പൂവാംകുരുന്നില | ഓരില |
| ചെറൂള | ഏഴിലംപാല |
| ബലിക്കറുക | മൈലെള്ള് |
| വെറ്റില | പാവട്ട |
| ചെമ്പരത്തി | ആഞ്ഞിലി |
| പിച്ചകം | എലഞ്ഞി |
| രാജമല്ലി | മരോട്ടി |
| തേക്ക് | ചെങ്കരള് |
| പരത്തി | വറങ്ങ് |
| ചുവന്ന ചാമ്പ | കൂവ |
| കൃഷ്ണക്രാന്തി | മധുരചേമ്പ് |
| ചെറുതേക്ക് | വള്ളിനാരകം |
| കുടപ്പുളി | സീതപ്പഴപ്ലാവ് |
| കരിംതകര | നിത്യകല്യാണി |
| കുന്നിവാക | ആര്യവേപ്പ് |
| കരിമുരിക്ക് | മാതളം |
| നിലംപരണ്ട | മുക്കുറ്റി |
| കയ്യൂന്നി | പർപ്പടക പുല്ല് |
| കടലാടി | ഇഞ്ചി പുല്ല് |
| പൂവരശ്(പൂപ്പരത്തി) | നറുനീണ്ടി |
| മഞ്ഞ് | ചെത്തി |
| നീർമാതളം | ചൂളമരം |
| അത്തി | കുന്തിരിക്കമരം |
| വയൽചുള്ളി | കാട്ടുപീച്ചി |
| കറിക്കൊഴുപ്പ | കൊക്കോ |

| | |
|---|---|
| റബ്ബർ | മണിമരുത് |
| കുടപ്പില്ലാ ചിങ്ങൽ വാഴ | ഉഴിഞ്ഞ |
| അമൽപൊരി | ലൂവി |
| കുളച്ചേമ്പ് | കൈത |
| അമേരിക്കൻ മുന്തിരി (റെയിൻട്രി) | അലറിപ്പാല |
| ഇത്തി | ഇഞ്ച |
| കാട്ടുഴുന്ന് | തൊടലി |
| മട്ടിപ്പൊങ്ങില്യം | പാൽവള്ളി |
| വെള്ളടമ്പ് | ജാതി |
| കാട്ടുറബർ | കരയാംമ്പൂ |
| പൂകൈത | മാഞ്ചിയം |
| കാട്ടുചേന | അക്കേഷ്യ |
| മുത്തങ്ങ | ഈട്ടി |
| പുളിയാറൽ | മൈലാഞ്ചി |
| മന്ദാരം | കൊടവൻ |
| പൂന്ന | നിലപ്പന |
| കൊടകപ്പാല | കാവള |
| എലിപ്പത്തായം (ആനമകുടം) | പൂവം |
| കപ്പ (പപ്പായ) | ശംഖു പുഷ്പം |
| നെല്ലി | കരിംകുറിഞ്ഞി |
| വള്ളിച്ചീര | ചടയൻ |
| മധുരച്ചീര (ഡയബറ്റിക് ചീര) | വെള്ളാംമ്പൽ |
| കൂവളം | ചുവന്ന ആമ്പൽ |
| നിശാഗന്ധി | കരീം കൂവളം |
| പാരിജാതം(വൃക്ഷം) | ആഫ്രിക്കൻ പായൽ |
| ആന്ത മരം | ആടലോടകം |
| കരിങ്ങോട്ട | കർളം(കരളയം) |
| മരുത് | ശീമ അമ്പഴം |

| | |
|---|---|
| പനികൂർക്ക | വട്ട |
| ബ്രഹ്മി | കോളാമ്പി പൂ |
| കാട്ടുബദാം | മരവാഴ |
| അരയാൽ | നീലഉമ്മം |
| തേറം | ചണ്ണക്കിഴങ്ങ് |
| പേരാൽ | പാടത്താളി |
| മൂക്കാപിരിയം | പീനാറി(ഉങ്ങ്) |
| പൂത്തരിചുണ്ട | നിലപാല |
| ചുണ്ട | വള്ളിക്കാഞ്ഞിരം |
| ചെറുവഴുതന | കരിനൊച്ചി |
| ശതാവരി | അമൃത് |
| താന്നി | മഞ്ചാടി |
| കുളമാവ് | കറുക (കറുക പ്പെട്ട) |
| തമ്പകം | സപ്പോട്ട |
| ഇല്ലി | കശുമാങ്ങ ചാമ്പ |
| ചേര് | പനീനീർചാമ്പ |
| പെര്യ | മങ്കൊസ്റ്റിൻ |
| ആനപരീൽ | നെല്ലിപ്പുളി |
| തൊണ്ടി | ഇരുമ്പൻ പുളി |
| ലാങ്കി | ഞെറളവള്ളി |
| ഇത്തിൾ | പുല്ലാനി |
| കാട്ടുതീപ്പല്ലി | എലവ് |
| പലകപയ്യാനി | വാതകൊടി |
| അരണമരം | പട്ടിക്കാവത്ത് |
| സ്റ്റാർ ആപ്പിൾ | പാൽമുതുക്കൻകിഴങ്ങ് |
| കറിവേപ്പ് | പടറ്റി വാഴ |
| തിരുതാളി | ചെട്ടിവാഴ |
| ഞൊട്ടാൻ ഞൊടിയൻ | ഞൊലിപൂവൻ |

കണ്ണൻ വാഴ
പാളേൻകുടൻ
ആറ്റ് നേന്ത്രൻ
ആവണക്ക്
മഹാഗണി
പൂവാക
കണിക്കൊന്ന
വെടംകൊരണ
ചെമ്പകം
അശോകം
പൈൻ
മൂവില
വരമ്പത്തെ കൊടുവേലി
കൂടൽ ചുരുക്കി
മുള്ളൻ ചീര
വേങ്ങ
കൊട്ടോൻ
അടമ്പ്
തൊട്ടാൽ വാടി
തഴ്താമ (തവിഴാമ)
ചെറുചീര
കൊടുവേലി
കച്ചോലം
കൃഷ്ണതുളസി
നമ്പ്യാർ വട്ടം
വെള്ളചാമ്പ
ഇത്തിൾകണ്ണി
മഞ്ഞമുള

ഞാങ്ങണ
കരിമ്പ് (വെള്ള കരിമ്പ്)
ചമത
എരുക്ക്
നീലഅമരി
കരിമ്പന
വെള്ളിലം
കുമിഴ്
ആമി
കോഴിഅപ്പ
മാങ്ങനാറി
അടയ്ക്കാ മണിയം
വിഴാൽ (വിഴാലരിക്കാമ്പ്)
വെറ്റില
കാര
ചുവന്നകാര
വാതപ്പോള
പൊന്നാര്യവീര്യം
തകര
നീരോട്ടി
കടപ്ലാവ്

# പഠനപര്യടനം

- 8 Km -

| ഭൂപ്രകൃതി | സമതലം (വയൽ) | ചെറിയ കുന്നിൻ പ്രദേശം. | സമതലം (വയൽ) | കര പ്രദേശം | പുഴയുടെ തീരം | | പുഴയുടെ തീരം | സമതലം (വയൽ) | ചെറിയ കുന്നിൻ പ്രദേശം | [illegible] | കുന്നിൻ പ്രദേശം | താഴ്വര | കുന്നിൻ പ്രദേശം | സമതലം (വയൽ) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| മണ്ണിനം | മണൽ കലർന്ന ചെളി | ചരൽ ഭൂമി (വെട്ടുകല്ല് പ്രദേശം) | മണൽ കലർന്ന ചെളിമണ്ണ് | മണൽ കലർന്ന പശിമരാശി, വണ്ണ | എക്കൽ മണ്ണ് | ചാലക്കുടി പുഴ | എക്കൽ മണ്ണ് | കളിമണ്ണ് | ചരൽ ഭൂമി | കരിങ്കൽ പാറ | ചരൽ ഭൂമി (വെട്ടുകല്ല്) | മണൽ കലർന്ന ചെളി | ചരൽ ഭൂമി (വെട്ടുകല്ല്) | മണൽ കലർന്ന ചെളി. |
| കൃഷി | നെൽ കൃഷി! | തെങ്ങ്, കവുങ്ങ്, ജാതി. | നെൽ കൃഷി | തെങ്ങ്, കവുങ്ങ്, ജാതി, വാഴ | തെങ്ങ്, ജാതി | | തെങ്ങ്, ജാതി | നെൽ കൃഷി | തെങ്ങ്, കവുങ്ങ്, മാവ് | [illegible] | തെങ്ങ്, മാവ്, പ്ലാവ് | നെൽ കൃഷി | തെങ്ങ്, മാവ്, പ്ലാവ്, മറ്റു വൃക്ഷങ്ങൾ | നെല്ല് |
| ജലലഭ്യത | പരിമിതം (ജലസേചനം) | വളരെ കുറവ് (കിണറുകൾ) | വെള്ളക്കെട്ട് പ്രദേശം | ആവശ്യത്തിന് (കിണറുകൾ) | ആവശ്യത്തിന് (കിണർ) | | ആവശ്യത്തിന് (കിണർ) | വെള്ളക്കെട്ട് | വളരെ കുറവ് | വളരെ കുറവ് | വളരെ കുറവ് | ധാരാളം | തീരെ ഇല്ല. | വെള്ളം കുറവ് |
| മൃഗസമ്പത്ത് | വളരെ കുറവ് | മിതമായ തോതിൽ | പരിമിതം (ശോഷിച്ചു വരുന്നു) | കൂടുതൽ | പരിമിതം | | പരിമിതം | ഇല്ല. | വളരെ കുറവ് | വളരെ കുറവ് | കൂടുതൽ | ഇല്ല. | മിതമായ തോതിൽ | വളരെ കുറവ് |
| സാമൂഹ്യ-സാംസ്കാരികം | | സമൃദ്ധി വളരുന്ന (വിവിധ തരം) | | നല്ല പോലെ വളരുന്നു | [illegible] | | [illegible] | | [illegible] | — | [illegible] | - | [illegible] | |
| പരിസ്ഥിതി പ്രശ്നം | പാടം നികത്തി വീട് വെക്കൽ, തോട്ടുകൾ | പരിമിതമായി പൊരുത്തപ്പെട്ടു | തോട്ടുകൾ നികത്തുന്നു, വെള്ളക്കെട്ട് | പ്രശ്നം ഇല്ല. | [illegible] | | [illegible] | [illegible] | മണ്ണൊലിപ്പ് | — | മണ്ണൊലിപ്പ് | I | മണ്ണൊലിപ്പ് | |

# കൃഷിയും ജലസേചനവും

അന്നമനട ഗ്രാമപഞ്ചായത്ത് കാർഷിക പ്രാധാന്യമുള്ള ഒരു പഞ്ചായത്താണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയും കൃഷിയോടനുബന്ധിച്ച തൊഴിലിലും ഏർപ്പെട്ടു ജീവിക്കുന്നു.

നെൽകൃഷിചെയ്യുന്ന പ്രദേശങ്ങൾക്ക് ജലലഭ്യത കുറവും, ജലബാഹുല്യവും കൊണ്ട് ഒട്ടേറെ നാശനഷ്ടങ്ങൾ ഉണ്ടാകാറുണ്ട്. തെങ്ങുകൃഷി കൂടുതലുള്ള ഈ പ്രദേശത്ത് രോഗവും, ഗുണനിലവാരമില്ലാത്ത തൈകളും മൂലം ഉൽപാദനക്ഷമത കുറഞ്ഞു വരുന്നു. ധാരാളം കവുങ്ങുണ്ടായിരുന്ന ഈ പഞ്ചായത്തിൽ രോഗാധിക്യംമൂലം അവ നിശ്ശേഷം നശിച്ചുപോയി. എന്നാൽ അടുത്തകാലത്തായി ഈ കൃഷി പുരോഗമിച്ചിട്ടുണ്ട്.

സമ്മിശ്ര കൃഷിസമ്പ്രദായമാണ് ഇവിടെ നിലവിലുള്ളത് മണൽകലർന്ന പശിമരാശിമണ്ണ്, എക്കൽമണ്ണ്, ചെങ്കൽമണ്ണ്, കളിമണ്ണ് എന്നിവയാണ് പഞ്ചായത്തിൽ പൊതുവെയുള്ളത്.

വ്യാപകമായ മണൽവാരലും പാടങ്ങളിലെ മണ്ണെടുക്കലും മൂലം പുഴയുടെ ജലവിതാനം ക്രമാതീതമായി താഴ്ന്നു. ഇതുമൂലം കാർഷികാവശ്യത്തിനും കുടിവെള്ളത്തിനും ക്ഷാമം നേരിടുന്നു.

പഞ്ചായത്തിന്റെ നെൽകൃഷി മുൻകാലങ്ങളിൽ വിരിപ്പ് മുണ്ടകൻ മാത്രമായിരുന്നു. 1952ൽ കെ. സി. പദ്ധതി കമ്മീഷൻ ചെയ്തതോടെ കൃഷി മുപ്പൂവായി. വിരിപ്പുകൃഷിക്ക് ആര്യൻ, വട്ടൻ, എരുമക്കാരി, തവളക്കണ്ണൻ തുടങ്ങിയവയും മുണ്ടകൻ കൃഷിക്ക് അനിയൻ, ചെമ്പാവ്, ചീര, നവര എന്നിവയും നെൽവിത്തുകളായിരുന്നു. വിളവ് ഹെക്ടറിന് 800 കി. ഗ്രാം മാത്രമായിരുന്നു.

കഴിഞ്ഞ 10 വർഷത്തെ കണക്ക് പരിശോധിച്ചാൽ നെൽകൃഷിയുടെ ഉല്പാദന വർദ്ധനവ് ഹെക്ടറിന് 230 കി. ഗ്രാം മാത്രമാണ്. നെൽകൃഷിയിടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരികയാണ്. ഈ കൃഷി ആദായകരമല്ലാത്തതിനാൽ പാടങ്ങൾ നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടുവരുന്നു.

രാസവളങ്ങളുടേയും കീടനാശിനികളുടേയും അമിതമായ വിലവർദ്ധനവും തൊഴിലാളികളുടെ ലഭ്യതകുറവ് കൃഷി ആദായകരമല്ലാതാക്കി തീർക്കുന്നു. മറ്റ് കാർഷികോൽപന്നങ്ങളുടെ ഉല്പാദനം വർദ്ധിക്കുന്നതുകൊണ്ട് ഭക്ഷ്യധാന്യ കമ്മി കുറക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ എന്തു വിലകൊടുത്തും നെൽകൃഷി സംരക്ഷിക്കേണ്ടതും നില നിർത്തേണ്ടതും ആവശ്യമാണ്.

തെങ്ങുകൃഷിയുടെ കാര്യത്തിൽ വളരെ പരിതാപകരമായ സ്ഥിതിയാണ് ഈ പഞ്ചായത്തിലുള്ളത്. ആകെയുള്ള 3,07,978 തെങ്ങുകളിൽ 53,804 തെങ്ങുകൾ രോഗബാധിതമാണ്. ഇത്തരം തെങ്ങുകളിൽ ഭൂരിപക്ഷവും 30 വർഷത്തിൽ താഴെ പ്രായമുള്ളവയാണ്.

**കൃഷിയുടെ സമഗ്രവികസനത്തിനുള്ള നിർദ്ദേശങ്ങൾ.**

എ. 1. ഓരോ പാടശേഖരങ്ങളിലും സംഘങ്ങൾ രൂപീകരിച്ച് ആദ്യവർഷത്തിൽ കൃഷിചെലവിന്റെ 75% 2-ാം വർഷം 50% 3-ാം വർഷം 25% സബ്സിഡിയായി സംഘം വഴി കൊടുക്കേണ്ടതാണ്.

2. എല്ലാ പാടശേഖരങ്ങളിലും കരപ്രദേശത്തും കാലാകാലങ്ങളിൽ മണ്ണുപരിശോധന നടത്തി വളപ്രയോഗത്തിന് നിർദ്ദേശങ്ങൾ കൊടുക്കണം.

സൗജന്യ നിരക്കിൽ കൃഷിക്കാവശ്യമായ വസ്തുക്കൾ വിതരണം ചെയ്യണം.

3. നാണ്യവിളകളടക്കം കാർഷികോൽപന്നങ്ങളുടെ സംഭരണ വിതരണ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

4. കീടനാശിനി പ്രയോഗത്തിനുള്ള കുറ്റിപ്പമ്പുകളും യന്ത്രവൽകൃത മെതിയന്ത്രങ്ങളും കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.

5. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിക്കാർക്ക് കാലാകാലങ്ങളിൽ ലഭ്യമാക്കണം.

6. എല്ലാത്തരം കൃഷിയേയും വെള്ളക്കരത്തിൽ നിന്നും കരണ്ടു ചാർജ്ജിൽ നിന്നും ഒഴിവാക്കണം.

7. കൃഷിക്ക് വൈദ്യുത കണക്ഷൻ നൽകുന്നതിന് മുൻഗണന നൽകണം

8. കോൾ കർഷകർക്ക് സൗജന്യ നിരക്കിൽ 'പെട്ടിയും പറയും' നൽകണം.

9. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു അഗ്രോസർവീസ് സെന്റർ ആരംഭിക്കണം

10. വർഷത്തിലൊരിക്കൽ കാർഷിക വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് കാർഷിക സെമിനാർ നടത്തണം

11. കൃഷിഭവനിൽ വേണ്ടത്ര ജീവനക്കാരെ നിയമിക്കുകയും വേണ്ടിടത്ത് പുതിയ കൃഷി ഭവനുകൾ സ്ഥാപിക്കുകയും ചെയ്യുക.

12. നെൽകൃഷിക്കാർക്ക് പ്രൊഡക്ഷൻ ഇൻസന്റീവ് നൽകണം.

13. പഞ്ചായത്ത് ആസ്ഥാനത്ത് കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ആഴ്ച ചന്തകൾ തുടങ്ങുക.

14. ജൈവവള ഉല്പാദനവും പ്രാധാന്യവും ബോധ്യപ്പെടുത്തുന്നതിന് സംവിധാനങ്ങൾ ഉണ്ടാക്കുക.

15. സ്ഥിരം കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയും സഹായധനമായി നൽകുക.

16. നെൽപ്പാടങ്ങൾ നികത്തുന്നതും പരിവർത്തനം ചെയ്യുന്നതും നിയമം മൂലം കർശനമായി തടയുക

17. പച്ചകറികൃഷി, ഔഷധസസ്യകൃഷി, കുറ്റിമുല്ല തുടങ്ങിയ പൂകൃഷികൾ പ്രോൽസാഹിപ്പിക്കുന്നതിന് കൃഷിക്കാർക്ക് സഹായധനം നൽകുക

18. വിള ഇൻഷൂറൻസ് എല്ലാ വിളകൾക്കും ബാധകമാക്കുക

19. കർഷകർക്ക് വിനോദ വിദ്യാഭ്യാസ പര്യടനങ്ങൾ ഏർപ്പെടുത്തണം

20 പഴവർഗ്ഗസംസ്ക്കരണം, അടക്ക സംസ്കരണം എന്നിവക്ക് വ്യവസായ ശാലകൾ ആരംഭിക്കാവുന്നതാണ്.

കേരകൃഷി വികസനം.

1. കേരകർഷകസംഘത്തിന്റെയും കൃഷിവകുപ്പിന്റെയും ആഭിമുഖ്യത്തിൽ വ്യാപകമായ തോതിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തണം.

2. നാളികേരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങണം.

3. കേടുപാടുകൾ വന്ന തെങ്ങുകൾ വെട്ടി മാറ്റുന്നതിനായി നൽകുന്ന തുക 500രൂപയായി വർദ്ധിപ്പിക്കുക.

4. സമഗ്ര എലിനശീകരണ പരിപാടി ബഹുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുക

5. വാഴകൃഷിക്ക് അനുഭവപ്പെടുന്ന രോ



197

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 0 മുതൽ 0.5 വരെ | 4218 |
| 2 | .5 മുതൽ 1 ഹെക്ടർ വരെ | 2874 |
| 3 | 1 മുതൽ 2 ഹെക്ടർ | 1326 |
| 4 | 2 ഹെക്ടറിന് മുകളിൽ | 10 |

ഗങ്ങൾക്ക് നിവാരണമാർഗ്ഗങ്ങൾ ലഭ്യമാക്കണം.

6. 60 വയസ്സു കഴിഞ്ഞ എല്ലാ കർഷകർക്ക് പെൻഷൻ അനുവദിക്കണം
7. പഞ്ചായത്തിൽ കാർഷിക വികസന ബാങ്കിന്റെ ശാഖകൾ സ്ഥാപിക്കണം.

ഭൂവിതരണ പട്ടികയിൽ നിന്നും പഞ്ചായത്തിൽ ചെറുകൃഷിക്കാരാണ് ബഹുഭൂരിപക്ഷവും എന്നു കാണാൻ കഴിയും

പട്ടിക 2. ഭൂവിനിയോഗം

എ. ഭക്ഷ്യവിളകൾ

| നമ്പർ | വിനിയോഗം | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | നെല്ല് a. വിരിപ്പ് | 275 | 18.12 |
| | b. മുണ്ടകൻ | 525 | 34.6 |
| | c. പുഞ്ച | 450 | 29.6 |
| 2 | വാഴ | 210 | 13.84 |
| 3 | മരച്ചീനി | 20 | 1.31 |
| 4 | പയർ | 30 | 1.9 |
| 5 | മറ്റ് വിളകൾ | 7 | 0.46 |

ഭക്ഷ്യവിളകളിൽ ഏറ്റവും കാര്യമായ കൃഷി നെൽകൃഷിയാണ്. മൊത്തം ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്ന കൃഷിയിടം 1517 ഹെക്ടറാണ്. ഇതിന്റെ 82.3% നെൽകൃഷിയാണ്. എന്നാൽ മൊത്തം ഭൂവിനിയോഗവുമായി താരതമ്യം ചെയ്യുമ്പോൾ നെൽകൃഷിക്കുവേണ്ടി ഉപയോഗിക്കുന്ന കൃഷിയിടം 38 ശതമാനത്തോളമേ വരൂ.

പട്ടിക 3.

ബി. നാണ്യവിളകൾ

| നമ്പർ | വിനിയോഗം | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | തെങ്ങ് | 1500 | 86.2 |
| 2 | കവുങ്ങ് | 100 | 5.7 |
| 3 | കുരുമുളക് | 100 | 5.7 |
| 4 | കശുമാവ് | 5 | .28 |
| 5 | റബ്ബർ | 35 | 2 |

| | |
|---|---|
| മൊത്തം തെങ്ങുകളുടെ എണ്ണം | 307978 |
| രോഗബാധിതം | 53804 |
| ശരാശരി നെല്ലുല്പാദനം | 2000 |

പട്ടിക 4.

## ജലസേചന സൗകര്യങ്ങൾ

| നമ്പർ | ആസ്തികൾ | എണ്ണം/ വിസ്തീർണ്ണം |
|---|---|---|
| 1 | കിണർ | 4290 |
| 2 | കുളം | 257 |
| 3 | ലിഫ്റ്റ് ഇറിഗേഷൻ | 14 |
| 4 | ഫിൽറ്റർ പോയിന്റ് വെൽസ് | 7 |
| 5 | പമ്പു സെറ്റ്(വൈദ്യുത) | 1322 |
| 6 | ഓയിൽ എഞ്ചിൻ | 28 |

പട്ടിക 5.

## ആധുനിക കാർഷികോപകരണങ്ങൾ

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പവർ ടില്ലറുകൾ | 16 |
| 2 | ട്രാക്ടർ | 3 |
| 3 | മെതിയന്ത്രം | 28 |
| 4 | പി.കെ.സ്പ്രെയറുകൾ | 68 |
| 5 | പവർ സ്പ്രെയറുകൾ | 1 |

പട്ടിക 6.

## ജലസേചന വിസ്തീർണ്ണം

| നമ്പർ | പദ്ധതി / സ്രോതസിന്റെ വിവരം | വിസ്തീർണ്ണം |
|---|---|---|
| 1 | മൈനർ ഇറിഗേഷൻ | 450 |
| 2 | കിണർ, കുളം | 250 |
| 3 | ചാലക്കുടി മേജർ ഇറിഗേഷൻ | 100 |

# മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

ഇന്ന് ഏറ്റവും കൂടുതൽ പ്രോത്സാഹനവും സഹായവും അർഹിക്കുന്ന മേഖലയാണ് കാർഷിക രംഗം. ഇതിന്ന് സമാന്തരമായി ശ്രദ്ധിക്കേണ്ട മേഖലയാണ്. മൃഗസംരക്ഷണവും മത്സ്യബന്ധനവും ഗ്രാമീണ സമ്പത്ത്‌വ്യവസ്ഥയിൽ പ്രാധ്യന്യം നൽകുന്നത് പശു, എരുമ, ആട്, പന്നി, കോഴി, താറാവ്, മുയൽ എന്നീ ഇനങ്ങളെ കാഷികാടിസ്ഥാനത്തിൽ പരിപാലിക്കുന്നതിലാണ്.

ഇതു മൂലം കൂടുതൽ തൊഴിവലസരങ്ങൾ, വരുമാനം, ആരോഗ്യസംരക്ഷണം, ഔഷധനിർമ്മാണം, ജൈവവളഉല്പാദനം എന്നിവ വർദ്ധിപ്പിക്കുവാൻ കഴിയും. വ്യവസായിക സംരംഭങ്ങൾക്കും സഹായകമാകും. മൃഗസംരക്ഷണത്തിലും മത്സ്യബന്ധനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവർ സാധാരണക്കാരായ ജനവിഭാഗങ്ങളാണ്. ചുരുങ്ങിയ കാലയളവിൽ കൂടുതൽ വരുമാനം ഉണ്ടാക്കാവുന്ന ഒരു മേഖല കൂടിയാണിത്. ആരോഗ്യകരമായ കാരണങ്ങളാലോ കൂടുതൽ ആദായകരമായ മറ്റേതെങ്കിലും തൊഴിലിലേക്കു മാറുന്നതിനോ എപ്പോൾ വേണമെങ്കിലും ഈ മേഖലയിൽ നിന്നും പിന്മാറാവുന്നതാണ്. ഉൽപന്നങ്ങളുടെ വിപണിയാകട്ടെ ദിനം പ്രതി വികസിച്ചു കൊണ്ടിരിക്കുകയുമാണ്.

വളർത്തു മൃഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ച് ഈ മേഖലയിലുള്ളവർക്ക് ആശ്വാസം നൽകുന്ന നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

പൂർവ്വകാലാനുഭവങ്ങൾ: പഞ്ചായത്തിൽ

1. മൃഗസംരക്ഷണം

ഏകദേശം 30 വർഷം മുമ്പ് വരെ 1, 2, ലിറ്റർ വരെ പാൽ മാത്രം ലഭിച്ചിരുന്ന നാടൻ പശുക്കളെയാണ് വളർത്തിയിരുന്നത് . സങ്കരയിനങ്ങൾ തീരെ ഉണ്ടായിരുന്നില്ല. കേവലം വീട്ടാവശ്യത്തിനുമാത്രമായിട്ടായിരുന്നു കന്നുകാലികളെ വളർത്തിയിരുന്നത്. കാർഷിക ജോലികൾക്കും ഭാരവണ്ടികൾ വലിക്കുന്നതുനു വേണ്ടിയും കന്നുകാലികളെ സംരക്ഷിച്ചിരുന്നു. (ഇന്നു പഞ്ചായത്തിൽ കാളവണ്ടി ഇല്ലെന്നു തന്നെ പറയാം) ജൈവവളവും പ്രധാനരലക്ഷ്യമായിരുന്നു. വീടുകളിൽ കോഴി വളർത്തൽ സർവ്വസാധാരണമായിരുന്നെങ്കിലും പാവപ്പെട്ടകുടുംബങ്ങൾ കോഴിമുട്ട വിറ്റ് മറ്റാവശ്യങ്ങൾക്ക് പണം കണ്ടെത്തുകയായിരുന്നു. കാലിരോഗങ്ങൾക്ക് പരമ്പരാഗത ചികൽസ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇറച്ചികോഴി വളർത്തൽ സമ്പ്രദായം തീരെ ഉണ്ടായിരുന്നില്ല. പരിമിതമായി ആടുവളർത്തൽ ഉണ്ടായിരുന്നെങ്കിലും പന്നി, മുയൽവളർത്തൽ ഉണ്ടായിരുന്നില്ല.

2. മത്സ്യബന്ധനവും വിപണനവും

കടപ്പുറത്ത് നിന്ന് മത്സ്യം വാങ്ങി തലച്ചുമടായി കൊണ്ടു വന്ന് നാട്ടിൻപുറങ്ങളിൽ വിറ്റ് ഉപജീവനം കഴിച്ചിരുന്നവരും പഞ്ചായത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മത്സ്യം പിടിച്ച് ജീവിതമാർഗ്ഗം കണ്ടെത്തിയവരും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഉർനാടൻ മത്സ്യബന്ധനം ഇന്ന് തീരെ കുറവാണ്. എന്നാൽ കടൽ മത്സ്യം ചന്തകളിൽ നിന്നും വാങ്ങി നാട്ടിൻ പുറങ്ങളിൽ വിറ്റ് ജീവിക്കുന്നവർ പഞ്ചായത്തിൽ ഉണ്ട്. ഇവർ ഇരുചക്രവാഹനങ്ങൾ ഉപയോഗിച്ചാണ് വിപണനം നടത്തുന്നത് എന്നാൽ പരമ്പാഗത മത്സ്യ തൊഴിലാളികളുടെ ജീവിതം അസാധ്യമാകുന്നതിനും,

15. വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും സർക്കാർ ഇൻഷൂർ ചെയ്യണം.

16. പാരമ്പര്യ മൃഗചികൽസ പ്രോൽസാഹിപ്പിക്കുക.

17. കന്നുകാലി പ്രദർശനം പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

18. മത്സ്യതൊഴിലാളി സഹകരണസംഘം രൂപീകരിക്കുക.

**മൃഗസംരക്ഷണം**

**അന്നമനട പഞ്ചായത്ത്**

**1. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി**

ഈ പരിപാടിയുടെ ആനുകൂല്യം ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലൂടെ വളരെ കുറച്ച് കർഷകർക്ക് മാത്രമെ ഇപ്പോൾ ലഭ്യമാകുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിന പശുക്കളെയും എരുമ ക്കുട്ടികളെയും ഉൾപ്പെടുത്തണം. കാലിതീറ്റ വില വർദ്ധവനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

**2. ബീജ സങ്കലന സൗകര്യങ്ങൾ**

ബീജസങ്കലന കേന്ദ്രങ്ങൾ പരിമിതമാണ്. ഇപ്പോൾ കുമ്പിടി മൃഗാശുപത്രി, മാമ്പ്ര മൃഗാശുപത്രി, വെണ്ണൂർ സബ്സെന്റർ എന്നിവടങ്ങളിൽ മാത്രമെയുള്ളൂ. വർഗോദ്ധാരണശശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന കണക്കിൽ പഞ്ചായത്തിൻരെ വിവിധ പ്രദേശങ്ങളിൽ ബീജ സങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

**3. എഗ്ഗർ നഴ്സറി**

ഇപ്പോൾ ഈ പഞ്ചായത്തിൽ ഇല്ല. മുട്ടകോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് എഗ്ഗർ നഴസറികൾ ഈ പഞ്ചായത്തിൽ 2 നഴ്സറികളെങ്കിലും തുടങ്ങാവുന്നതാണ്.

**4. അടുക്കളമുറ്റത്തെ കോഴി വളർത്തൽ**

ഇപ്പോൾ 300 കുടുംബങ്ങൾക്ക് 5 കോഴിക്കുഞ്ഞുങ്ങളെ വീതം കൊടുക്കുന്ന പദ്ധതിയുണ്ട്. കോഴികുഞ്ഞുങ്ങളുടെ ലഭ്യത കുറവായതിനാൽ ഈ പദ്ധതി നടപ്പലാക്കിയിട്ടില്ല. അപേക്ഷകരുടെ എണ്ണം കുറവാണ്.

**5. ആടു വളർത്തൽ പദ്ധതി**

പത്തുകുടുംബങ്ങൾക്ക് ആട്ടിൻകുട്ടികളെ കൊടുക്കുന്ന പദ്ധതി നിലവിലുണ്ട്. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന ഈ പദ്ധതി ഈവർഷംതന്നെ നടപ്പിലാക്കുന്നതാണ്. ആട്ടിൻകുഞ്ഞുങ്ങളുടെ അപര്യാപ്തതയാണ് പ്രശ്നം.

**6. പന്നി വളർത്തൽ**

20 കുടുംബങ്ങൾക്ക് 2 എണ്ണം വീതം നൽകുന്ന പദ്ധതി പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യത അനുസരിച്ച് നടപ്പിലാക്കുന്നതാണ്.

**പ്രതിരോധ കുത്തിവെപ്പുകൾ**

വാക്സിനുകൾ ലഭ്യമാണ്. കർഷകരുടെ സഹകരണം ഈ കാര്യത്തിൽ വളരെ കുറവാണ്. വിജ്ഞാന വ്യാപനമാണ് ഈ കാര്യത്തിൽ ഏക പോംവഴി.

**ഗോരക്ഷാക്ലാസ്**

ഈ പഞ്ചായത്തിൽ 2 ക്യാമ്പുകൾ നടത്തേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ നടത്തുന്നതാണ്. ഈ ക്യാമ്പുകർക്കുള്ള സാമ്പത്തിക സഹായം (ഒരു ക്യാമ്പിന് 200 രൂപ മാത്രം) വളരെ അപര്യാപ്ലമാണ്.

**മൃഗാശുപത്രികളിലെ മരുന്ന് വിതരണം.**

വളരെ പരിമിതമായ രീതിയിലെ മരുന്നുകൾ മൃഗാശുപത്രിയിൽ ലഭ്യമാകുന്നുള്ളു.

# വ്യവസായം

അന്നമനട ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപെട്ട സ്ഥലങ്ങൾ ഭൂരിഭാഗവും കാർഷിക മേഖലയായതുകൊണ്ട് പഞ്ചായത്തിന്റെ കഴിഞ്ഞകാല ചരിത്രത്തിൽ കാർഷിക അഭിവൃദ്ധിക്കു വേണ്ട മുന്നൊരുക്കങ്ങളിലായിരുന്നു പഞ്ചായത്തിന്റെ മുഴുവൻ ശ്രദ്ധയും. അതുകൊണ്ടുതന്നെ ഈ പഞ്ചായത്തിൽ ദ്വിതീയ മേഖലയായ വ്യവസായം വേണ്ടത്ര പരിപോഷിക്കപ്പെട്ടിട്ടില്ല. കാർഷികമേഖല വൻ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിന്റെ ശ്രദ്ധ കൂടുതലായി വ്യവസായ വൽക്കരണത്തിലേക്ക് തിരിയേണ്ടത് ഇന്നിന്റെ ഒരാവശ്യമായിത്തീർന്നിരിക്കയാണ്. എങ്കിൽ മാത്രമേ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുവാൻ സാധിക്കുകയുള്ളു.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളെപ്പറ്റി ഒരവലോകനം നടത്താം. ഈ പഞ്ചായത്തിന്റെ പുഴയുടെ കിഴക്കെകരയിലുള്ള ഒന്ന്, രണ്ട്, മൂന്ന് വാർഡുകളിൽ പ്രധാനമായും കളിമൺ വ്യവസായമാണ് അഭിവൃദ്ധിപ്പെട്ടിരിക്കുന്നത്. ഈ വ്യവസായശാലകളുടെ പ്രവർത്തനത്തിൽ വളരെയധികം അപാകതകൾ നമുക്ക് ദർശിക്കാൻ കഴിയും. ഒന്നാമതായി ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഭൂരിഭാഗം തൊഴിലാളികൾക്കും ജോലി സ്ഥിരത ലഭിച്ചിട്ടില്ല എന്നുള്ളതാണ്! ഈ വ്യവസായശാലകൾ ഈ പ്രദേശത്തെ പരിസര മലിനീകരണത്തിന് ധാരാളം അവസരം നൽകുന്നുണ്ട്. ഇവിടെ വിറകിന് പകരം ഉപയോഗിക്കുന്ന അണ്ടിത്തൊണ്ട് പരിസരവാസികളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നു.

കളിമൺ വ്യവസായത്തിന് ആവശ്യമായ മണ്ണ് നെൽപ്പാടങ്ങളിൽനിന്നും ശേഖരിക്കുന്നതുകൊണ്ട് നെൽപാടങ്ങളിൽ കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയും ഉണ്ടായിട്ടുണ്ട്. ആയതുകൊണ്ട് വ്യവസായാവശ്യത്തിന് പാടം കുഴിക്കുമ്പോൾ ഒരു പരിധി നിശ്ചയിച്ച് താഴ്ത്തിയാൽ പാടം കൃഷിക്കുപയുക്തമാക്കാം.

പുഴയുടെ പടിഞ്ഞാറെ കരയിലുള്ള എട്ടു വാർഡുകളുടെ പരിതസ്ഥിതി പരിശോധിച്ചാൽ ഓരോ വാർഡിലും ഒറ്റയും തെറ്റയുമായി ഒരു വൻകിട വ്യവസായശാലയും ചില ചെറുകിട വ്യവസായ യൂണിറ്റുകളും സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലുമായി പ്രവർത്തിക്കുന്നതായി കാണാം.

**വ്യവസായ യൂണിറ്റുകൾ വാർഡ് 1**

1. മലബാർ പോട്ടറീസ് പ്രൈ. ലിമിറ്റഡ്
2. മലബാർ പൈപ്സ് & സിറാമിക്സ് പ്രൈ. ലിമിറ്റഡ്
3. മലബാർ ഡെക്കറേഷൻസ്
4. പ്രീമിയർ സിറാമിക്സ്
5. പ്രീമിയർ ക്ലേ പ്രോഡക്ട്സ്

കൂടാതെ ചെറുകിട വ്യവസായ യൂണിറ്റുകളായി 9 ഇഷ്ടിക കളങ്ങൾ പ്രവർത്തിക്കുന്നു.

**വാർഡ് 2**

1. മലബാർ ക്ലേ പ്രോഡക്ട്സ്
2. കൈരളി പ്ലാസ്റ്റിക്ക് പ്രോഡക്ട്സ്
3. അൻസാർ ക്ലേ പ്രോഡക്ട്സ്
4. ബെസ്റ്റ് പേപ്പർ ബാഗ്സ്
5. മാർത്തിമോത്തിയോസ് ക്ലേ പ്രോഡക്ട്സ്
6. ഒ. എൻ. എൽ. എഞ്ചിനീയറിങ്ങ് വർക്സ്

7. ക്വാളിറ്റി ക്ലേ പ്രോഡക്ട്സ്
8. സിമി ഓയിൽമിൽ

സഹകരണമേഖല

മഹാത്മ വില്ലേജ് & ഖാദി ഇന്റസ്ട്രീസ്

വാർഡ് 3

വ്യവസായയൂണിറ്റുകൾ

1. മഹാത്മ വില്ലേജ് ഇന്റസ്ട്രീസ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി ലി. മി
2. ശിവശംഭോ ക്ലേ പ്രോഡക്ട്സ

ചെറുകിട വ്യവസായ യൂണിറ്റുകൾ

1. സരിഗ ഓയിൽമിൽ
2. ജെ. കെ. മെറ്റൽ ഇന്റസ്ട്രീസ്

വാർഡ് 4

ചെറുകിട വ്യവസായയൂണിറ്റുകൾ

1. അബിനി പ്രിന്റേഴ്സ്
2. ശ്രീകുമാർ ബുക്ക് ബൈന്റിങ്ങ്

വാർഡിൽ പരമ്പരാഗത വ്യവസായത്തിൽ കുട്ട നെയ്ത്ത് മാത്രമാണ് നിലവിലുള്ളത്.

വാർഡ് 5

ചെറുകിട വ്യവസായയൂണിറ്റുകൾ

1. ഗ്രാമലക്ഷ്മി ഇലക്ട്രോണിക്സ് ചോക്ക് യൂണിറ്റ്
2. വൈരക്കല്ല് യൂണിറ്റ് (അരവിന്ദ് ഡൈമഡ്സ്)
3. ബിജിലി സോമിൽ & വുഡ് ഇന്റസ്ട്രീസ്
4. ബ്രാഹ്മിൻസ് കറിപൗഡർ
5. ഫാൽക്കൻ മാച്ച് വർക്സ്
6. രോഹിണി മാച്ച് വർക്സ്
7. റോസാ റൈസ് മിൽ
8. തങ്കം എഞ്ചീനിയറിങ്ങ് വർക്സ്
9. വിജയൻ ഓയിൽ മിൽ
10. വീനസ് ഓട്ടോമോബൈൽ വർക്ഷോപ്പ്

വാർഡ് 6

ചെറുകിട വ്യവസായ യൂണിറ്റുകൾ

1. സി. വി. എൻ മാച്ച് വർക്സ്

ഖാദിബോർഡിന്റെ കീഴിൽ നൂൽനൂൽപ്പ്, വ്യവസായം, തീപ്പെട്ടി വ്യവസായം, ചൂരൽ കസേര ഉണ്ടാക്കുന്ന യൂണിറ്റ് എന്നിവ നിലകൊള്ളുന്നു.

വാർഡ് 7

ചെറുകിട വ്യവസായയൂണിറ്റുകൾ

1. രോഹിണി എന്റർപ്രൈസസ്സ്
2. ഫാൽക്കൻ മാച്ച് വർക്സ്

ഖാദി ബോർഡിന്റെ കീഴിൽ 15 പേർ ജോലി ചെയ്തു വരുന്ന ഒരു സ്പിന്നിംഗ് മിൽ പ്രവർത്തിക്കുന്നു.

വാർഡ് 8

ചെറുകിട വ്യവസായയൂണിറ്റുകൾ

1. മിൽ കൺട്രോൾ ഇന്ത്യ ലിമിറ്റഡ്
2. ദിവ്യ വുഡ് ഇന്റസ്ട്രീസ്
3. സെ.ആന്റണീസ് ഡയമണ്ട്സ്
4. ദേവകി നന്ദൻ ഇന്റസ്ട്രീസ്

സഹകരണമേഖലയിൽ ജീവൻ ടൈൽസ് പ്രവർത്തിക്കുന്നു.

വാർഡ് 8

ചെറുകിട വ്യവസായ യൂണിറ്റുകൾ

1. മഹാലക്ഷ്മികറി പൗഡർ DWCRA

ഖാദി ബോർഡിന്റെ കീഴിൽ അലുമിനിയം പാത്ര നിർമാണ യൂണിറ്റും, ഒരു ഓട് നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നു.

വാർഡ് 9

വ്യവസായ യൂണിറ്റുകൾ ഒന്നും നിലവിലില്ല

നിർദ്ദേശങ്ങൾ

1. അന്നമനട പഞ്ചായത്തിൽ ഒരു കൊപ്ര ഡ്രൈയർ ഓയിൽ പ്ലാന്റ് ഉചിതമായ സ്ഥലത്ത് ആരംഭിക്കണം. ഇപ്രകാരം ഒന്ന് ആരംഭിക്കുകയാണെങ്കിൽ നൂറോളം പേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് പഞ്ചായത്ത് അനുമാനിക്കുന്നു. ഇതിനോടനുബന്ധമായി നാളികേര തൊണ്ട് അടിച്ചു ചകിരിയാക്കി വിവിധതരം കയർ ഉൽപന്നങ്ങൾ നിർമ്മിക്കാം. ചിരട്ടയിൽ നിന്നും കരകൗശല വസ്തുക്കളും നിർമ്മിക്കാവുന്നതാണ്. ഇതുപോലെ ഒരു പ്ലാന്റ് സ്ഥാപിച്ചാൽ നാളികേര കർഷകർക്ക് ഇടത്തട്ടുകാരെ ഒഴിവാക്കി കിട്ടുകയും നേരിട്ട് വില്പന നടത്തുന്നതുമൂലം 40 പൈസ മുതൽ 50 പൈസ വരെ കൂട്ടികിട്ടുകയും ചെയ്യും

2. അന്നമനട പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തീപ്പെട്ടി വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. ഇവർക്ക് അസംസ്കൃത വസ്തുക്കൾ വേണ്ടത്ര ലഭ്യമാകുന്നില്ല. ഇതുമൂലം തീപ്പെട്ടി വ്യവസായികൾ ബുദ്ധിമുട്ടുകയാണ്. ഇത് കണക്കിലെടുത്ത് പഞ്ചാടയത്തിൽ അസംസ്കൃത വസ്തുക്കൾ തയ്യാർചെയ്യുന്ന ഒരു യൂണിറ്റ് സ്ഥാപിച്ച് തീപ്പെട്ടി വ്യവസായികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കണം

3. ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ കളിമൺ വ്യവസായം ആരംഭിക്കുന്നതു കൊണ്ട് ഡക്കറേഷൻ ടൈൽസും പൂച്ചട്ടി എന്നിവയും നിർമ്മിച്ചാൽ ധാരാളം പേർക്ക് തൊഴിൽ സാധ്യതയുണ്ട്. മണ്ണിന്റെ അളവ് ഡക്കറേഷൻ ടൈൽസിന് കുറവായതു കൊണ്ട് സാമ്പത്തിക നേട്ടം കൈവരിക്കാം.

4. ഈ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിച്ചാൽ കുറച്ചുപേർക്ക് തൊഴിൽ ലഭിക്കുകയും കാലിത്തീറ്റയുടെ ലഭ്യതകുറവ് പരിഹരിക്കുകയും ചെയ്യാം

5. കൃഷിക്കാരുടെ നെല്ല് സംഭരിച്ച് അരിയാക്കി വിതരണം ചെയ്യുന്ന ഒരു സ്ഥാപനം (റൈസ് മിൽ & ഡിസ്ട്രിബ്യൂഷൻ സെന്റർ) സഹകരണ മേഖലാടിസ്ഥാനത്തിൽ ആരംഭിക്കണം.

6. റബർ തടി സംസ്ക്കരിച്ച് അതുകൊണ്ടുള്ള ഫർണിച്ചർ ഉണ്ടാക്കുന്ന കമ്പനി സ്ഥാപിക്കുന്നത് നല്ലതായിരിക്കും.

7. സിമന്റു കൊണ്ട് നിർമ്മിക്കുന്ന ഹോളോ ബ്രിക്സ്, ക്രാസി, ജനൽ, കട്ടിള എന്നിവയുടെ ഒരു യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

8. നിലവിലുള്ള ഖാദി ബോർഡിന്റെ 7 സ്പിൻഡിൽ ഉള്ള മെഷിനിനു പകരം 8 സ്പിൻഡിൽ ഉള്ള മെഷിൻ സ്ഥാപിക്കണം. ഈ നൂൽ ഉപയോഗിച്ച് കൈത്തറി വസ്ത്രങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റും കൂടി സ്ഥാപിച്ചാൽ കുറെ പേർക്ക് തൊഴിൽ സാദ്ധ്യതയുണ്ട്.

9. ഈറ്റ, ചൂരൽ എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് നവീനരീതിയിലുള്ള ഫർണിച്ചർ ഉണ്ടാക്കണം. കൊട്ട, പനമ്പ് നെയ്ത്ത് എന്നീ പാരമ്പര്യ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം.

10. ഈ പഞ്ചായത്തിൽ ഒരു ഫ്ലവർമിൽ (ഗോതമ്പുപൊടി, അരിപ്പൊടി, ഗോതമ്പ്റവ) എന്നിവ ഉൽപാദിപ്പിക്കുന്ന

ഒരു യൂണിറ്റും കൂടാതെ 9ാം വാർഡിൽ നിലവിലുള്ള മഹാലക്ഷ്മി കറി പൗഡർ യൂണിറ്റിന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സഹായവും മല്ലി,മുളക്, മഞ്ഞൾ മുതലായ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടിയും ഉണ്ടാക്കേണ്ടതാണ്.

11. കല്ലോര വ്യവസായം നിലവിലുള്ളത് പ്രോത്സാഹിപ്പിക്കുകയും, പുതിയത് ഒരെണ്ണം സഹകരണ മേഖലാടിസ്ഥാനത്തിൽ സ്ഥാപിക്കുകയും വേണം.

12. ഈ പഞ്ചായത്തിൽ ഗ്രാനൈറ്റ്, മൊസൈക്ക് ചിപ്സ് & പൗഡർ മുതലായവ ഉൽപാദിപ്പിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുകയാണെങ്കിൽ 11ാം വാർഡിൽ വൈക്കോ ക്ലബ് ഇതിനു വേണ്ടി സ്ഥലവും കെട്ടിടവും വാടകക്ക് തരുമെന്ന് ഏറ്റിട്ടുണ്ട്.

13. ഒരു പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

14. റബ്ബർ അധിഷ്ഠിത വ്യവസായം പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

15. ഈ പഞ്ചായത്തിൽ വിവിധ വാർഡുകളിലുള്ള പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് സാങ്കേതികമായും സാമ്പത്തികമായും സഹായിക്കേണ്ടതാണ്.

16. വ്യവസായശാലകളിൽനിന്നും മറ്റു പല തരത്തിലുമുള്ള പരിസ്ഥിതി മലിനീകരണം കർശനമായും നിരോധിക്കേണ്ടതും അതുവഴി പൊതുജനാരോഗ്യം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഇതിനെതിരെ ധിക്കാരമായി പ്രവർത്തിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കേണ്ടതാണ്.

17. കളിമൺ വ്യവസായത്തിനായി പാടങ്ങളിൽനിന്നും മണ്ണെടുക്കുന്നത് രണ്ടടി മാത്രം താഴ്ത്താവുന്ന രീതിയിൽ പെർമിറ്റു സമ്പ്രദായം ഏർപ്പെടുത്തി കൃഷിക്ക് ഉപയുക്തമാക്കണം.

വാർഡ് 11

1. തൊണ്ട് തല്ലുന്ന ഒരു ഫാക്ടറി സഹകരണ മേഖലയിൽ ആരംഭിക്കണം.
2. ബേക്കറി ഉൽപ്പന്നങ്ങളുടെ യൂണിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കണം.
3. റബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കണം.
4. കുട, കാൻവാസ് ബാഗുകൾ, റെഡിമെയ്ഡ് എന്നിവയുടെ യൂണിറ്റുകൾ വനിത സഹകരണമേഖലയിൽ ആരംഭിക്കണം.
5. പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കണം.
6. മൊസൈക്ക് ചിപ്സ് യൂണിറ്റ്, മാർബിൾയൂണിറ്റ് എന്നിവ ആരംഭിക്കണം.
7. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് 11ാം വാർഡിലെ വൈക്കോ ക്ലബ് സ്ഥലവും കെട്ടിടവും തരുവാൻ തയ്യാറാണ്.
8. വ്യവസായം തുടങ്ങുന്നതിന് എം. ബി. ശിവരാമൻ, മാടത്തറ വീട്, ആലത്തൂർ, കെ. ആർ. സുബ്രഹ്മണ്യൻ, കരയത്തുംപറമ്പിൽ ആലത്തൂർ, എഞ്ചിനിയറിങ്ങ് ജോസഫ് ഫീനാ സേവ്യർ, എടക്കുളം ആലത്തൂർ, (ഗാർമെൻസ്) എന്നീ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ചെയ്തു കൊടുക്കണം.

# ഊർജ്ജം-ഗതാഗതം

## ഗതാഗതം

തൃശൂർ ജില്ലയുടെ തെക്കേ അതിർത്തിയിൽ ദേശീയപാത 47ൽ നിന്നും 5 കി.മി. പടിഞ്ഞാറും 17ൽനിന്ന് 16 കിലോ മീറ്റർ കിഴക്കുമായി ചാലക്കുടി പുഴയാൽ വിഭജിക്കപ്പെട്ടു കിടക്കുന്ന ഒരു പഞ്ചായത്താണ് അന്നമനട ഗ്രാമ പഞ്ചായത്ത്. മലയോര നിവാസികൾക്ക് തീരദേശമായും തീരദേശവാസികൾക്ക് മലയോര പ്രദേശവുമായി വാണിജ്യ സംബന്ധമായി ബന്ധപ്പെടുന്നതിനുള്ള ഏറ്റവും ചുരുങ്ങിയ പാതയാണ് കൊരട്ടി-പൂളിക്കക്കടവ്, അന്നമനട-മാള, പുത്തൻചിറ-കൊടുങ്ങല്ലൂർ പാത ചാലക്കുടി[redacted]ക് കുറുകെ ഈ പഞ്ചായത്തിൽ ഒരു പാലം നിർമ്മിക്കേണ്ടതിന്റെ പ്രാധാന്യം കേരളപ്പിറവി മുതൽ ഉയർന്നു വരുന്നതുമാണ്.

പട്ടിക ഒന്നിൽ 25ാം ഇനമായ പൊതു കാര്യങ്ങളിൽ ഈ പാലത്തിനു, പ്രഥമ പരിഗണന നൽകണം. പാലം പണി പൂർത്തിയാകുന്നതു വരെ യാത്രാ ക്ലേശം ഒഴിവാക്കുന്നതിനായി പൂളിക്കക്കടവിൽ ജംഗാർ സർവ്വീസ് തുടങ്ങേണ്ടതാണ്.

## ഊർജ്ജം.

അന്നമനട പഞ്ചായത്തിൽ വൈദ്യുതി രംഗത്ത് 80 കി. മീ. 11 കെ. വി ലൈനുകളും 150 കി. മീ. എൽ. റ്റി. ലൈനുകളും 51 ട്രാൻസ്ഫോർമറുകളുമുണ്ട്. 6595 ഗാർഹികം 610 വാണിജ്യം 148 വ്യാവസായികം 2415 കൃഷി എന്നീ തലങ്ങളിലായി കണക്ഷനുകൾ നൽകിയിട്ടുണ്ട്. തെരുവു വിളക്കുകളായി 700 ബൾബുകളും 115 ട്യൂബുകളും സ്ഥാപിച്ചിട്ടുണ്ട്. 96, 97 വർഷത്തിൽ 57 സാധാരണ വിഭാഗത്തിലും 15 ഒ. ടി. പി. 105 ഒ. വൈ. ഇ. സി. വിഭാഗങ്ങളിലും കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ 354 സാധാരണ വിഭാഗത്തിലും 17ഒ. ടി. പിയിലും 106 ഒ. വൈ. ഇ. സി. വിഭാഗങ്ങളിൽ പണമടച്ച് വൈദ്യുതി കണക്ഷനുകൾക്കായി കാത്തിരിക്കുന്നു.

പട്ടിക ഒന്ന് പ്രകാരം 84.700 കി. മീ. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തണം.

പട്ടിക രണ്ട് പ്രകാരം 24.400 കി. മീ. റോഡ് പുതുതായി നിർമ്മിക്കണം.

പട്ടിക മൂന്ന് പ്രകാരം പഞ്ചായത്തിൽ 217 ബൾബുകളും 60 ട്യൂബ് ലൈറ്റുകളും പുതുതായി സ്ഥാപിക്കണം.

ഊർജ സംരക്ഷണം കണക്കിലെടുത്ത് പുതിയതനുവദിക്കുന്നതുൾപ്പെടെ 917 ബൾബുകളും ട്യൂബുകളായി മാറ്റേണ്ടതാണ്. അങ്കമാലി സബ്സ്റ്റേഷനിൽ നിന്നും ഉണ്ടാക്കിയ സംവിധാനം പുനരുദ്ധരിച്ച് തെക്കൻഭാഗങ്ങൾ ആ ഫീഡറിൽ നിന്നുള്ള വൈദ്യുതി ഉപയോഗപ്പെടുത്തുമാറാക്കണം. കൂടാതെ കറുകുറ്റി സബ്സ്റ്റേഷനിൽ നിന്നുള്ള അന്നമനട ഫീഡർ, അന്നമനട സെക്ഷന്റെ ഉപയോഗത്തിനായി അത്യാവശ്യം വന്നാൽ എടുക്കാവുന്ന സംവിധാനം ഉണ്ടാക്കണം. ഇപ്പോൾ ഈ ഫീഡറിന് അന്നമനട ഫീഡർ എന്ന പേര് മാത്രമേയുള്ളു.

പുതുതായി തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട ചിലവുകുറക്കുന്നതിനായി സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ പോകുന്ന ലൈനുകൾ പൊതുവഴികളിലേക്ക് മാറ്റേണ്ടതാണ്. ഇക്കാര്യത്തിൽ 1, 2, 3 വാർഡുകൾ മുൻഗണന അർഹിക്കുന്നു. മാമ്പ്ര സ്കൂളിനടുത്ത് കെ. എസ്. ഇ. ബി. ക്യാഷ് കളക്ഷൻ സെന്റർ സ്ഥാപിക്കണം. പൂളിക്കകടവ്, മാമ്പ്ര കടവ്, പാലുപുഴ കടവ് എന്നീ കടവുകൾക്ക് ഇരുവശവും സോഡിയം വാപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

വൈകീട്ട് പീക്ക് സമയങ്ങളിൽ വൈദ്യുതി ഉപയോഗം കുറക്കാനായി ബോധവൽക്കരണ പരിപാടി നടപ്പാക്കണം. കോംപാക്ട് ഫ്ലൂറസെൻറ് ലാമ്പുകളുടെ ഉപയോഗം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിർബന്ധമാക്കണം. പൊതുജനങ്ങൾക്കിടയിലും ഇവ പ്രചരിപ്പിക്കണം. ഗോബർ ഗ്യാസ് പ്ലാന്റുകൾ പുകയില്ലാത്ത അടുപ്പുകൾ എന്നിവ പ്രചരിപ്പിക്കണം. ഇലക്ട്രിസിറ്റി ലൈനുകളിൽ മുട്ടി നിൽക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റുന്നതിന് വാർഡുതോറും ജനകീയ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കണം.

പട്ടിക നാലിൽ വിവരിക്കുന്നത് പൊതു ആവിശ്യങ്ങളുടെ സംക്ഷിപ്ത വിവരമാണം ഇവ ടപ്പാക്കുന്നതിന് പ്രത്യേക കർമ്മപദ്ധികൾ (ആക്ഷൻ പ്ലാൻ) തെയ്യാറാക്കണം

പട്ടിക 5ൽ വാർത്താവിതരണരംഗത്ത് വേണ്ട ആവിശ്യങ്ങൾ പറയുന്നു. ഇവ നടപ്പാക്കുന്നതിന് വന്ധപ്പെട്ടഡിപ്പാർട്ട്മെന്റ അധികാരികളുമായി ആലോചിച്ച് വഴി കണ്ടെത്തണം.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഗതാഗതഊർജ്ജരംഗത്ത് പഞ്ചായത്തിന്റെ നേട്ടങ്ങൾ വെട്ടിപ്പിടിക്കാൻ കഴിയും ബസ്സ് റൂട്ടുകളെ സംബന്ധിച്ചിടത്തോളം റോഡുകളുടെ വികസനം വന്നുകഴിഞ്ഞാൽ സ്വാഭാവികമായി ട്രാൻസപോർട്ട് ഏജൻസ്സികൾ രംഗത്ത് വന്നുകൊളളും അതു വേണ്ടവിധം പ്രയോജനപ്പെടുത്തിയാൽ മതിയാകും.

## പട്ടിക.1

### അറ്റകുറ്റപണികൾ നടത്തേണ്ട റോഡുകൾ

| ക്രമനമ്പർ | റോഡിന്റെ പേര് | ഉദ്ദേശനീളം |
|---|---|---|
| | വാർഡ് 1 | മീറ്റർ |
| 1 | തീരദേശറോഡ് ജില്ലാതലത്തിൽ നടത്തേണ്ടത് | |
| 2. | ഐ. എച്ച്.ഡി.പി. കോളനി-പാറവഴി-നടവരമ്പ് റോഡ്:ടാർ | 900 |
| 3. | ചെട്ടിക്കുന്ന്-കോളനി-ബണ്ടുറോഡ്:ടാർ | 1000 |
| 4. | ചെട്ടിക്കുന്ന്-കുറ്റിച്ചിറ-ലിങ്ക് റോഡ് ടാർ | 1000 |
| 5. | വാളൂർ ചില്ലേലി-വടക്കുഭാഗത്തേക്ക്-അംഗൻവാടി | 1000 |
| 6. | എരയാംകുടി-തുററോഡ് | 800 |
| 7. | ജനതാ റോഡ് | 750 |
| 8. | കടവുകൾ കെട്ടി സഞ്ചാരയോഗ്യമാക്കണം,(2) | |
| | ആകെ | 5450 |

വാർഡ് 2

1. ചൂരപ്പുറത്തു കുന്ന്-തത്തമത്ത് റോഡ് റീടാർ............................ 2000
2. വെള്ളിലം സ്ക്കൂൾ-കയ്യാല റോഡ്-എൻ. യു. പി. സ്ക്കൂൾ2000
3. വി.ഇ.ഒ. ജംഗ്ഷൻ-കരിക്കട്ടക്കുന്ന് റോഡ് ........................................ 500
4. ചെറിയംകുളം റോഡ് വീതി കൂട്ടി ടാർചെയ്യുക.......................... 500
5. അൻസാർ ഓട്ടുകമ്പനി റോഡ് വീതി കൂട്ടി ടാർ.......................... 500
6. തൃക്കത്താഴത്ത് അമ്പലം റോഡ് ................................................ 250
7. ചുറപ്പുറത്ത് കുന്ന് വഴമ്പനക്കാവ് എൽ. ഐ. എസ് റോഡ്500

ആകെ ....................................................................................... 6250

വാർഡ് 3

[illegible]പുഴ[illegible] വക്കീൽപടി റോഡ് ടാർ............................................. 600
2. മാമ്പ്ര ജംഗ്ഷൻ മുസ്ളീം പള്ളി റോഡ് ടാർ ................................ 500
3. ചെട്ടിക്കുന്ന് റോഡ് ടാർ ചെയ്യണം............................................. 500
4. കരിക്കട്ടക്കുന്ന് റോഡ് ടാർ ചെയ്യണം. ....................................... 1000
5. മാമ്പ്ര മൃഗാസ്പത്രി റോഡ് പമ്പ് ഹൗസ് ടാർ............................ 500
6. തുററോഡ്-ഒന്നും മൂന്നും വാർഡ് ബന്ധം .................................. 800
7. മാമ്പ്ര ഹൈസ്ക്കൂൾ മുതൽ വടക്കോട്ട് പോകുന്ന റോഡ് .. 700
8. പൈങ്കാവ് കനാൽ ബണ്ട് റോഡ്................................................ 1000
9. തുറയിലേക്കുളള റോഡ് ............................................................ 300

ആകെ ....................................................................................... 5600

വാർഡ് 4

1. പുളിക്കക്കടവ് പാലം പ്രഥമ പരിഗണന
2. പുളിക്കക്കടവ് അപ്പിനിക്കടവ്ലിങ്ക് റോഡ് ടാർ ............................ 750
3. മാർക്കറ്റ് റോഡ്-ആര്യംപറമ്പ് റോഡ് നന്നാക്കി ടാർ............ 1000
4. അന്നമനട അമ്പലത്തിന്റെ പടിഞ്ഞാറും വടക്കും ...................... 1000
5. കാടുകുറ്റി പഞ്ചായത്തുമായി ബന്ധപ്പെടുന്ന ............................. 1000

6. എക്കാട്ടി തോടുമായി ബന്ധപ്പെട്ട് കനാൽ റോഡ് .................... 1000
7. വെണ്ണൂർപാടം-കല്ലൂർചന്ത റോഡ് പൂർത്തീകരണം .................... 1000
8. പടിഞ്ഞാറില്ലത്ത് ഭഗവതിക്ഷേത്ര റോഡ് .................... 200
9. യു. പി. സ്ക്കൂൾ-മഞ്ഞളി റോഡ് .................... 200
10. പഞ്ചായത്ത് ഓഫീസ് എതിർമൂതൽ സൊസൈറ്റി .................... 300
11. ചെറുകുഴി പുഞ്ച-കോളനി റോഡ് .................... 1000

ആകെ .................... 7450

വാർഡ് 5

1. ശ്മശാനം റോഡ് പൂർത്തികരിച്ച് നന്നാക്കുക .................... 500
2. നെടും കുന്ന് റോഡ് ഉയർത്തി ടാർ ചെയ്യുക .................... 500
3. ആശ്രമം ബ്രാഞ്ച്-റോഡ് അമ്പലബന്ധം .................... 1000
4. ചെമ്പിക്കാട്ട് കടവ് റോഡ് .................... 500
5. മുല്ലക്കൽ റോഡ്-ഇന്ദിരാഗാന്ധി റോഡ് .................... 1000
6. കനാൽ ബണ്ട്-നെടുംകുന്ന് റോഡ് ലിങ്ക് .................... 500
7. അമ്പലം തെക്ക് വശം റോഡ് .................... 200
8. കണ്ണംപുഴ അമ്പലം റോഡ് .................... 500
9. ടെലഫോൺ എക്സ്ചേഞ്ച് റോഡ് .................... 200
10. പാലിശ്ശേരി ഇറിഗേഷൻ റോഡ് .................... 300
11. പാറപ്പുറം-കണംപുഴ ലിങ്ക് റോഡ് .................... 500

ആകെ .................... 5700

വാർഡ്. 6

1. ജ്ഞാനോദയം റോഡ് ടാർ പൂർത്തീകരണം .................... 1500
2. ഊർച്ചത്തറ പട്ടികജാതി കോളനി റോഡ് .................... 1000
3. പേടകുളം അത്തിമറ്റം റോഡ് .................... 650
4. വാരുപറമ്പ് പ്ലാക്കത്തറ റോഡ് പൂർത്തീകരണം .................... 800
5. പേടകുളം കനാൽ ബണ്ടുറോഡ് .................... 500
6. എസ്. എൻ. ഡി. പി. എച്ച്. എസ്-തൊടുവാപുഴ റോഡ് കടവ് . 500

7. കപ്പേളപ്പടി പി. ഡബ്ലിയു. ഡി. റോഡ് മുതൽ മറ്റത്തികടവ് റോഡ് 1000
8. എൻ. എൽ. പി. സ്ക്കൂൾ പരിസരത്ത് ഡ്രൈനേജ്-ജ്ഞാനോദയം റോഡ്
9. എൻ. എൽ. പി. സ്ക്കൂൾ ജയന്തി റോഡ് കാന ........................ 125
10. പൂവ്വത്തുശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ വടക്കോട്ട് പോന്നതായ കനാൽ ജീപ്പ് റോഡ് ........................ 5675

വാർഡ്.9

1. മേലഡൂർ പി.എച്ച്, സെന്റർ റിംഗ് റോഡ് എച്ച്.എസ്സ് വഴി 2000
2. ആലത്തൂർ പി. എച്ച് സെന്റർ റോഡ് ഉയർത്തണം. ............... 1000
3. മേലഡൂർ ആലത്തൂർ മഹിളാ സമാജം ........................ 500
4. നടുറോഡ്-എൽ. പി. എസ് റോഡ്-അരീക്ക ........................ 100
5. ചർച്ച് റോഡ്-എൽ. പി.എസ് റോഡ് ........................ 50
6. കോട്ടമുറി പി ഡബ്ലിയു ഡി റോഡ് റീ ടാർ ........................ 5000
7. എൽ പി സ്ക്കൂൾ മലയാംകുന്ന് റോഡ് ........................ 2000
8. ആലത്തൂർ പറക്കുണ്ടം കനാൽ പാലം ........................ 1000
9. കുളമാവ് റോഡ് ടാറിങ്ങ്

ആകെ ........................ 11650

വാർഡ് (10)

1. പൊറക്കുളം പാലം പൊളിച്ചുപണിയൽ
2. ആര്യം പറമ്പ് കോളനി-കല്ലൂർ കനാൽ റോഡും പാലവും .. 1000
3. കളരിയമ്പലം ലക്ഷംവീടു വഴി ടാർ ........................ 1000
4. കുമ്പിടി കനാൽ എടയാറ്റൂർ റോഡ്-മൂലാട്ട് ........................ 600
5. മേലഡൂർ റേഷൻകട മൂലാട്ട് കുന്നു ശ്മശാനം ........................ 1500
6. മേലഡൂർ ജംഗഷൻ വടക്ക് ടാർ റോഡ് കിഴക്ക് പാടം .......... 300
7. എടയാറ്റൂർ നടു-തൊണ്ടപ്പിള്ളി റോഡ് ........................ 1000
8. കടവത്ത് റോഡ്-കൾവർട്ട് ........................ 300
9. എടയാറ്റൂർ കുണ്ടംകുളം റോഡ് ........................ 1500

ആകെ ........................ 7200

## വാർഡ് (11)

1. പ്രതിഭാ സെന്റർ-പുന്നക്കാട്ടു പാലം റോഡ് .................... 700
2. വെണ്ണൂർ പള്ളിപ്പടി-ചക്കാം പറമ്പ് റീ ടാർ .................... 1000
3. ആലത്തൂർ ലക്ഷം വീട് കോളനി റോഡ് .................... 1000
4. ആലത്തൂർ എൽ. പി. സ്ക്കൂളിനടുത്ത റോഡ് ടാർ .................... 150
5. എ. എൽ. ആർ സ്റ്റോപ്പ് വടക്കോട്ട്-ചാരുപടി റേഷൻ ഷോപ്പ് 1000
6. ആലത്തൂർ അമ്പലം പടിഞ്ഞാറ് റോഡ് .................... 1000
7. വെണ്ണൂർ ചർച്ച് റോഡ് .................... 800

ആകെ .................... 5650

മൊത്തം .................... 84700 മീറ്റർ

## വാർഡ് (7)

1. ഇന്ദിരാഗാന്ധി റോഡ് .................... 2800
2. പീടികക്കുന്ന്-കനാൽ റോഡ് .................... 1900
3. അത്തിത്താഴം റോഡ് .................... 300
4. കുമ്പിടി ചർച്ച് റോഡ് .................... 500
5. സെന്റ് പിയൂസ്, റോഡ് .................... 1500
6. ഇന്ദിരാഗാന്ധി-അന്നമനട കനാൽ-ലിങ്ക് .................... 800
7. പാരിക്കപ്പിള്ളി റോഡ് .................... 800
8. എടത്താത്തറ റോഡ് .................... 2000
9. കുമ്പിടി നോർത്ത് റോഡ് ടാർ .................... 400
10. പെരുമ്പിള്ളി റോഡ് .................... 250

ആകെ .................... 10550

## വാർഡ് (8)

1. മിൽ കൺട്രോൾ-ആലത്തൂർ റോഡ് ഉയർത്തി ടാർ .................... 1250
2. മലയാം കുന്ന്-ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ബാക്കി .................... 500
3. പൈനാട്ടുകര-അംഗൻവാടി-വലിയപറമ്പ് .................... 750

4. മണ്ണം തുരുത്ത് റോഡ് ........................................ 800

5. വി. എസ്. എസ്. കമ്പനി റോഡ് ........................................ 1500

6. ലക്ഷം വീടും കീഴഡൂർ റോഡ് ........................................ 500

7. മേലഡൂർ രാജീവ് റോഡ് ........................................ 1250

8. മലയാംകുന്ന് ശ്മശാനം-ഭുവനേശ്വരി കേന്ദ്ര റോഡ്-ആലത്തൂർ. 2000

9. സമതി സ്ക്കൂൾ-കീഴഡൂർ ജംഗ്ഷൻ റോഡ് ........................................ 400

10. സമതി സ്ക്കൂൾ കമ്പനി റോഡ് ........................................ 500

11. പരുപ്പത്തേത്-എലമ്പലശ്ശേരി റോഡ് ........................................ 700

12. സെന്റ് സെബാസ്റ്റ്യൻ തെക്കേക്കര റോഡ് ........................................ 2000

13. മലയാം കുന്ന്-കാരപ്പിള്ളി അർപ്പാടൻ, കൊടിയൻ റോഡ് . 2000

14. വേലത്തിക്കടവ് പരുപ്പത്തോട് റോഡ് ........................................ 1000

15. ശ്മശാനം റോഡിൽ കിണർ കെട്ടണം

ആകെ ........................................ 15150

### പട്ടിക രണ്ട് പുതിയ റോഡുകൾ വേണ്ടവ

#### വാർഡ് ഒന്ന്

1. എരയാംകുടി-പുല്ലററോഡ് നിർമ്മിക്കണം ........................................ 1000

2. രണ്ടു കടവുകൾ കെട്ടി സംരക്ഷിക്കുക

#### വാർഡ് രണ്ട്

1. ചാൽ റോഡ്-കൊരട്ടി ദൂരം പകുതിയാവും ........................................ 1000

2. വൻപുഴക്കാവ് കോളനിയിൽ നിന്ന് വഴി ........................................ 500

3. കരിക്കട്ടക്കുന്ന് പറപ്പള്ളി റോഡ് ........................................ 500

4. കോട്ടവളപ്പ് കോളനി റോഡ് ........................................ 250

#### വാർഡ് മൂന്ന്

1. മൂവേലിറോഡ്-മാമ്പ്രപള്ളികിഴക്ക് ടാർ ........................................ 1000

2. മാമ്പ്രസൊസൈറ്റി ജംഗ്ഷൻ കരിക്കട്ടകുന്ന് വഴി ........................................ 1500

3. വഴി ഫ്രം റോഡ് പാടത്തേക്കുള്ള വഴി ........................ 1000

## വാർഡ് നാല്

1. അതിരക്കാട് മുതൽ പാടം വഴി ആര്യംപറമ്പ് ........................ 1000
2. തളിയപ്പാടം റോഡ്-കല്ലൂർ ചന്ത റോഡ് ........................ 1000

## വാർഡ് ഏഴ്

1. കൂനഞ്ചേരി കൊച്ചിത്താഴം ........................ 1000
2. പാറപ്പുറം-പൂവത്തുശ്ശേരി ലിങ്ക് റോഡ് ........................ 1000
3. പാറപ്പുറം കെ.കെ. റോഡ് ........................ 350
4. കുരുവേലി മണ്ണംതുരുത്ത് റോഡ് ........................ 1500
5. പള്ളിക്കുന്ന് ഈൗർച്ചത്തറ ........................ 1000
6. പാലിശ്ശേരി തുരുത്ത് വടക്കോട്ട് ........................ 500
7. കുമ്പിടി കിഴക്കെപ്പള്ളം ........................ 800
8. കുമ്പിടിച്ചിറ ........................ 250

## വാർഡ് എട്ട്

1. മുള്ളംകുഴി ആലത്തൂർ റോഡ് മണ്ണിട്ട് നികത്തുക ........................ 350
2. കീഴഡൂർ മറിയം തുരുത്ത് റോഡ് ........................ 2000
3. കീഴഡൂർ ലക്ഷം വീട്-കൊരട്ടിപ്പള്ളം-പൈനാട്ടുകര ........................ 2000
4. ഐരാട് ബണ്ട് റോഡ്-മണ്ണംതുരുത്ത് വരെ ........................ 1500

## വാർഡ് അഞ്ച്

1. പാലിശ്ശേരി ഫണ്ട് റോഡ് ........................ 700

## വാർഡ് ഒമ്പത്

1. മേലഡൂർ പള്ളിപ്പടി-അത്തിലിപ്പാടം റോഡ്
2. നടുറോഡ്-വെണ്ണൂർ ലിങ്ക് റോഡ് ........................ 2000
3. മേലഡൂർ പി. എച്ച്. സെന്റർ ആസ്പത്രി കൂട്ടാല പറമ്പിൽ ... 400
4. വെണ്ണൂർ റേഷൻകട കളരിറോഡ് ........................ 2000
5. ആലത്തൂർ ഓയിൽമിൽ സമീപം ........................ 200

6. വെണ്ണൂർപാടം കോളനി-ഡെന്നോ ഫൈബർ ................................500
7. ആലത്തൂർ എച്ച്. സി. കണിച്ചാംതുറ എൽ. ഐ. എസ് കനാൽ 500

വാർഡ് പതിനൊന്ന്

1. പ്രതിഭ സെന്ററിൽ നിന്നുള്ള വഴി വൈന്തല റോഡ് ............. 2000

**ആകെ പുതിയ റോഡ് ................................26.400 കി. മീ.**

## പട്ടിക നാല് കോളനി വൈദ്യുതീകരിക്കേണ്ടത്

1. ചെട്ടിക്കുന്ന് കോളനിയിൽ ശേഷിക്കുന്ന കണക്ഷനുകൾ കൊടുക്കണം.
2. വൻപുഴക്കാവിനടുത്ത് പത്തോളം വീടുകളിൽ വൈദ്യുതി എത്തിക്കണം.
3. ലക്ഷം വീടുകോളനി നെടുംകുന്ന് കോളനി എന്നിവ അഞ്ചാം വാർഡിൽ വൈദ്യുതീകരിക്കുക.
4. ആറാം വാർഡിൽ ഈർച്ചത്തറ ഹരിജൻ കോളനി വൈദ്യുതീകരിക്കണം.
5. ഏഴാം വാർഡിൽ സാമ്പവ കോളനി കുമ്പിടി പടിഞ്ഞാറെ തറ എന്നിവ വൈദ്യുതീകരിക്കണം.
6. പത്താം വാർഡിൽ ചേലഡൂർ പുനരധിവാസ കോളനി വൈദ്യുതീകരിക്കണം.
7. ഇന്ദിരാഗാന്ധി റോഡ്-എടയാറ്റൂർ റോഡിനിരുവശവുമുള്ള ഹരിജൻ വീടുകൾ വൈദ്യുതീകരിക്കണം.
8. പതിനൊന്നാം വാർഡിൽ ലക്ഷം വീടുകോളനിയും മുത്തിത്തറ കോളനിയും വൈദ്യുതീകരിക്കണം.
9. 9-ാം വാർഡിൽ മേലഡൂർ പുനരധിവാസ കോളനി വൈദ്യുതീകരിക്കണം.

# പട്ടിക അഞ്ച്

## വാർത്താ വിതരണം ആവശ്യങ്ങൾ

1. കൊരട്ടി ടെലിഫോൺ എക്ചേഞ്ച് വികസിപ്പിച്ച് അന്നമനട പഞ്ചായത്തിന്റെ ഒന്നും രണ്ടും മൂന്നും വാർഡുകളിൽ ഫോൺ കണക്ഷനുകൾ ലഭ്യമാക്കണം.
2. അന്നമനട എക്സ്ചേഞ്ച് വികസിപ്പിച്ച് ആവശ്യമായ എല്ലാ കണക്ഷനുകളും നൽകണം.
3. വെണ്ണൂർബ്രാഞ്ച് പോസ്റ്റ് ഓഫീസ് വേണം.
4. വെസ്റ്റ് കൊരട്ടിയിൽ പോസ്റ്റ് ഓഫീസ് വേണം.
5. വെണ്ണൂർ ആലത്ത് എസ്. എൻ. ഡി. പി. പബ്ലിക്ക് ബൂത്ത് വികസിപ്പിക്കുക.
6. മാമ്പ്ര പരിസരത്ത് പബ്ലിക്ക് ബൂത്ത് വേണം.
7. കുമ്പിടിയിൽ ബൂത്തും പോസ്റ്റ് ഓഫീസും വേണം.
8. കീഴവൂർ പോസ്റ്റ് ഓഫീസ് വികസനത്തിന് പഞ്ചായത്ത് സ്ഥലവും കെട്ടിടവും കൊടുക്കണം.
9. കീഴഡൂരിൽ ബൂത്തു വേണം.
10. ആറാം വാർഡിൽ ബൂത്തു വേണം.
11. താഴെ പറയുന്നിടങ്ങളിൽ ടി. വി. സ്ഥാപിക്കണം.

a. ഒമ്പതാം വാർഡിൽ എടയാറ്റൂർ കോളനിയിൽ.

b. മാമ്പ്ര സ്ക്കൂൾ.

c. കുമ്പിടി സാമ്പവ കോളനി.

d. വാളൂർ വായനശാലയിൽ.

e. ആലത്തൂർ വായനശാല.

f. വെണ്ണൂപ്പാടം കോളനി.

g. കുമ്പിടി ജംഗഷൻ പരിസരത്ത് കേബിൾ ടി. വി. വേണം.

# വിദ്യാഭ്യാസം

ഇന്നു കടന്നുകയറ്റം നടന്നുകൊണ്ടിരിക്കുന്ന കച്ചവടസംസ്കാരത്തെയും അവർ തങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി മാദ്ധ്യമങ്ങളെ ഉപയോഗിക്കുന്നത് തിരിച്ചറിയാനും അവരുടെ ശ്രമങ്ങളെ പരാജയപ്പെടുത്താനും ശക്തി പകരുന്ന ഒരു വിദ്യാഭ്യാസ രീതി രൂപപ്പെടുത്തേണ്ടത് ഇന്നത്തെ അവശ്യമാണ്. ഈ പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസ ചർച്ചാ പ്രശ്നങ്ങളെ കണ്ടെത്തിയത്. ഇന്നത്തെ പോരായ്മകളും പ്രതിവധികളും ചർച്ച ചെയ്യപ്പെട്ടു.

അറിവുനേടുന്നതിനോടൊപ്പം തന്നെ തിരിച്ചറിവ് നേടലാണ് പ്രധാന ലക്ഷ്യമെന്ന് കണ്ടെത്തി. നാടിന് യോജിച്ചതും തന്റെ ചുറ്റുപാടുള്ള സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി തന്റെയും നാടിന്റെയും പുരോഗതി കൈവരിക്കലാണ് വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം.

പൊതുവിദ്യാഭ്യാസത്തിന്റെ തുടക്കം ഈ ഗ്രാമത്തിൽ അന്നമനടയിലെ പ്രൈമറി വിദ്യാലയത്തിൽ നിന്നുമാണ്. സമീപ പ്രദേശത്തുള്ള ജനങ്ങൾക്കുപോലും അശ്രദ്ധമായിരുന്നത് ഈ സ്ഥാപനമത്രെ, കാലങ്ങൾക്കുശേഷം മാത്രമാണ് ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഏതാനും വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. ഈ സ്ഥാപനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി പൊതു വിദ്യാഭ്യാസരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഏറെ പ്രധാന്യമുണ്ട്. കൂട്ടുകുടുംബജീവിതം പൂർണ്ണമായും ഇല്ലാതാവുകയുമാണ്. കൂട്ടുകുടുംബങ്ങളുടെ ആവിർഭാവവും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അത്യന്താപേക്ഷിതമാക്കിതീർത്തിരിക്കുന്നു. മറ്റുള്ളവരുമായി ഇടപഴകാനും ഇഴുകിച്ചേരാനും ഇത് അത്യാവശ്യമാണ്. ഈ രംഗത്ത് 27 അംഗൻവാടികൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. ഇവരിൽ 13 എണ്ണത്തിന് സ്വന്തമായി കെട്ടിടവും 10 എണ്ണത്തിന് കെട്ടിടം പണിയുവാനുള്ള സ്ഥലവും ലഭിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം അത്ര മെച്ചപ്പെട്ട രീതിയിലല്ല ഇന്ന് നടക്കുന്നത്. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ എല്ലാ അംഗൻവാടികളും ഏറെ പിന്നിലാണ്. ഒരൊറ്റ അംഗൻവാടിയിൽപോലും വൈദ്യുതി ലഭിച്ചിട്ടില്ല. ശുദ്ധജല വിതരണത്തിനുള്ള ഏർപ്പാടുകളും ഇല്ല. കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ വികാസത്തിന് ആവശ്യമായ കളിപ്പാട്ടങ്ങൾ തീരെ ഇല്ല. ആരോഗ്യപരമായ ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ ആവശ്യമായ സൗകര്യങ്ങളില്ല.

പ്രൈമറി മേഖലയിൽ വിദ്യാലയങ്ങൾ വേണ്ടത്ര ഇന്ന് നിലവിലുണ്ട്. 7 പ്രൈമറി വിദ്യാലയങ്ങളാണ് പഞ്ചായത്തിലുള്ളത്. ഒരു കുട്ടിക്ക് പ്രൈമറി വിദ്യാലയത്തിലെത്താൻ 2 കി. മീറ്ററിൽ കൂടുതൽ നടക്കേണ്ടതായി വരുന്നില്ല. എന്നാൽ പഞ്ചായത്തിലെ പ്രാഥമിക വിദ്യാഭ്യാസമേഖല ഇന്ന് പല വെല്ലുവിളികളും നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിൽ രണ്ടെണ്ണം അടച്ചുപൂട്ടലിന്റെ ഭീഷണിയിലായിരുന്നു. പുതിയ സർക്കാരിന്റെ നയം മൂലം തൽക്കാലം അടക്കപ്പെട്ടിട്ടില്ല എന്നുമാത്രം. പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന വിദ്യാലയവും ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തു തന്നെയുണ്ട്. മെച്ചപ്പെട്ട വിദ്യാഭ്യാസം നേടി പഞ്ചായത്തിനു വെളിയിൽ പോകുന്ന കുട്ടികളുടെ എണ്ണം കൂടികൂടി വരികയാണ്. ഇത് ഈ മേഖലയിലെ പ്രശ്നങ്ങളെ ഒന്നുകൂടി സങ്കീർണ്ണമാക്കുന്നു. മിക്ക സ്കൂളിലേയും ഭൗതിക

സാഹചര്യങ്ങൾ തീരെ അപര്യാപ്തമാണ്. നിലവാരത്തകർച്ചയും ഒരു പ്രശ്നമായി കാണുന്നു.

അപ്പർ പ്രൈമറി സ്കൂളുകൾ, 2 എണ്ണമാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിൽ അപ്പർ പ്രൈമറി മാത്രമായി പ്രവർത്തിക്കുന്ന ഒരു സ്കൂൾ മാത്രമാണുള്ളത്. ആ സ്കൂളിന്റെ ശോച്യാവസ്ഥക്കുള്ള കാര്യങ്ങൾ വിശദമായി ഇവിടെ വിവരിക്കുന്നില്ല. എടുത്തു പറയത്തക്ക ഒരു നേട്ടം ഈ പഞ്ചായത്തിൽ 3 ഹൈസ്കൂളുകൾ ഉണ്ട് എന്നുള്ളതാണ്. അതിൽ ഒരെണ്ണം സർക്കാർ ഹൈസ്കൂളും മറ്റു രണ്ടെണ്ണം സ്വകാര്യമേഖലയിലുമാണ്. വർഷം തോറും കുട്ടികളുടെ പ്രവേശന നിരക്ക് കുറഞ്ഞു വരുന്നതിന്റെ ഫലമായി ഈ സ്ഥാപനങ്ങൾ നിലനിൽപിനുള്ള ഭീഷണി നേരിടുകയാണ്. ഭൗതിക സാഹചര്യങ്ങളുടെ കുറവും മറ്റു പല ഘടകങ്ങളും തകർച്ചയുടെ വേഗത കൂട്ടിക്കൊണ്ടിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തിന് അഭിമാനിക്കാവുന്ന ഒന്നും തന്നെയില്ല. കേവലം ഒരു പ്ലസ്. ടു സ്ഥാപനം മാത്രമാണ് ഇന്ന് നിലവിലുള്ളത്. ശാസ്ത്രവിഷയങ്ങൾ പഠിക്കുവാനുള്ള സൗകര്യം അവിടെ ഇല്ലതാനും. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളോ -സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ മേഖലയിലില്ല. നാമമാത്രമായ തൊഴിൽ പരിശീലനം നൽകുന്ന 2 സ്വകാര്യ സ്ഥാപനങ്ങളാണ് ഇവിടെയുള്ളത്. അതിൽ "സീ ടെക്" എന്ന സ്ഥാപനത്തിൽ കംപ്യൂട്ടർ പരിശീലനം നൽകുന്നുണ്ട്.

പ്രാഥമിക വിദ്യാഭ്യാസരംഗത്ത് വൻപിച്ച പുരോഗതി നേടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ച് -സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഈ പ്രദേശം വളരെ പിന്നിലാണ്. നിലവിലുള്ള സാഹചര്യങ്ങളെ പരമാവധി വിനിയോഗിച്ച് എത്രയും പെട്ടെന്ന് നേട്ടങ്ങൾ കൈവരിക്കണം.

പ്രശ്നങ്ങൾ പ്രീപ്രൈമറി

1. കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് ഉടനെ കെട്ടിടങ്ങൾ നിർമ്മിക്കുക.
2. കെട്ടിടങ്ങളുടെ വൈദ്യുതീകരണം.
3. ശുദ്ധജലവിതരണം ഏർപ്പെടുത്തൽ.
4. ആധുനിക കളിപ്പാട്ടങ്ങളും മറ്റും ശേഖരിക്കുക.
5. കക്കൂസ് മുതലായ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള സൗകര്യം ഉണ്ടാക്കുക.
6. അംഗൻവാടി പ്രവർത്തകർക്ക് കാലോചിതമായി പരിശീലനം നൽകൽ.

എൽ. പി. വിഭാഗം

1. പി, ടി. എ.യുടെ പ്രവർത്തനം പരമാവധി ശക്തിപ്പെടുത്തുക.
2. പൊതു വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക.
3. സ്കൂളും പരിസരവും ആകർഷകമാക്കുക.
4. പഞ്ചായത്തിനു വെളിയിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ പോക്ക് തടയുവാനുള്ള ശ്രമം നടത്തുക.
5. പഠനനിലവാരം പരമാവധി ഉയർത്തു.
6. പാഠ്യേതര പ്രവർത്തനങ്ങൾ വിപുലീകരിക്കുക.
7. ഭൗതീക സാഹചര്യങ്ങൾ പരമാവധി വർദ്ധിപ്പിക്കുക.

ഹൈസ്കൂൾ വിഭാഗം

1. ശാസ്ത്രീയമായി സർവേ നടത്തി

മാത്രം. പുതിയ സ്കൂളുകൾ അനുവദിക്കുക.

2. അധ്യയന നിലവാരം ഉയർത്തുക.
3. പി. ടി. എ. പ്രവർത്തനം വിപുലീകരിക്കുക.
4. നിലവിലുള്ള ഹൈസ്കൂളുകളിൽ ശാസ്ത്ര വിഷയങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് പ്ലസ്. ടു. കോഴ്സ് ആരംഭിക്കുക.
5. മേലഡൂർ ഗവ:ഹൈസ്കൂൾ ഹയർ സ്ക്കന്ററി ആയി ഉയർത്തുക.
6. സഹകരണ മേഖലയിൽ ഒരു കോളേജ് ആരംഭിക്കുക.
7. പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുക.
8. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു സ്പോർസ് കൗൺസിൽ ആരംഭിക്കുക.
2. കലാസാംസ്കാരിക പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കലാകേന്ദ്രം സ്ഥാപിക്കുക.
3. "അക്ഷര" ക്ലബിന്റെ മാതൃകയിലുള്ള പ്രവർത്തനങ്ങൾ പ്രൈമറി ഘട്ടം മുതൽ ആരംഭിക്കുക.

പ്രശ്നങ്ങളും, നാർദ്ദേശങ്ങളും L.P. വിഭാഗം

വാർഡ് 2

1. എൻ. യു. പി. എസ്. വെസ്റ്റ് കൊരട്ടി മാനേജ്മെന്റ് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. റോഡുകൾ സഞ്ചാരയോഗ്യമല്ല. സ്കൂളിന്റെ മറ്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

വാർഡ് 3

1. യു. എൽ. പി. എസ്. മാമ്പ്ര P. T. A കാര്യക്ഷമമാക്കണം.

വാർഡ് 4

1. ജി. എൽ. പി. എസ്. അന്നമനട കെട്ടിടവും, ഫർണിച്ചറും മെച്ചപ്പെടുത്തണം. വിദ്യാഭ്യാസ നിലവാരത്തിന്റെ ഉയർച്ചക്കായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതവും പ്രമോഷൻ നിയമവും പരിഷ്കരിക്കണം. പ്യൂൺ വേണം എൽ.പി. സ്കൂളുകളോട് അനുബന്ധിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണം.

വാർഡ് 6

1. എൻ. എൽ. പി. എസ്. പൂവ്വത്തുശ്ശേരിഭൗതീക സാഹചര്യങ്ങൾ അപര്യാപ്തമാണ്. പഠന നിലവാരം മോശമാണ്. പി.ടി.എ സജീവവും കാര്യക്ഷമവുമാകണം. നിലവിലുള്ള ഹൈസ്കൂളുകളുമായി കൂട്ടിചേർത്ത് നിലവാരം ഉയർത്താൻ കഴിയും.

വാർഡ് 7

1. എൽ.എഫ്.എൽ. പി.എസ്. കുമ്പിടി മെയ്ന്റിനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കണം. മൈക്ക് വാങ്ങാനുള്ള പി. ടി. എ. യുടെ ശ്രമത്തിന് പഞ്ചായത്തിന്റെ സഹായം വേണം.

വാർഡ് 9

1. ഗവ: എൽ. പി. മേലഡൂർ. പഠനനിലവാരം മെച്ചപ്പെടുത്താൻ സത്വര ഇടപെടൽ. ഭൗതീക സഹചര്യങ്ങൾ മെച്ചപെടുത്തണം. എൻറോൾമെന്റ് വർദ്ധിപ്പിക്കുന്നന് പി. ടി. എ പരിശ്രമിക്കണം. ജനകീയ ഇടപെടൽ ആവിശ്യമാണ്.

വാർഡ് 11

1. സെന്റ് ആന്റണീസ് എൽ. പി. ആലത്തൂർ-ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം. മാനേജ് മെന്റിന്റെ ശ്രദ്ധ അത്യാവശ്യമാണ്. പി. ടി. എ പ്രവർത്തനം സജീവമാണം.

പൊതുനിർദ്ധേശങ്ങൾ

എൽ.പി. വിഭാഗം

1. പ്രഥമിക വിദ്യാലയങ്ങൾ ആകർഷകമാക്കാനുള്ള നടപടികൾ സത്വരമായി കൈക്കൊള്ളണം. മാതൃഭാഷയോട് ആഭിമുഖ്യം വളർത്താനുള്ള ബോധവൽക്കരണം അവശ്യം ആവശ്യമാണ്. കായികപാഠ്യേതര വിഷയങ്ങളിൽ പ്രൈമറി തലത്തിൽ നിന്ന് പരിശീലനം നൽകുന്നതിന് സൗകര്യം വേണം. സ്പോർട്സ് ക്ലബ് സ്കൂൾതലത്തിൽ വേണം. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് ആർട്ടസ് കൗൺസിൽ രൂപീകരിക്കണം. പഞ്ചായത്ത് തലത്തിൽ ആർട്ട്സ് സ്പോർട്സ് ഡേ സംഘടിപ്പിക്കുക. കായിക-കലാ പ്രതിഭകൾക്ക് സ്പോൺസർഷിപ്പ് ഏർപ്പെടുത്തണം. യൂണിഫോം നിർബന്ധമാക്കണം.

യു. പി. വിഭാഗം

വാർഡ് 2 എൻ. യു. പി. എസ്. ഹൈസ്കൂളാക്കണം.

വാർഡ് 4 ഗവ: യു. പി. സ്കൂൾ ഹൈസ്കൂളാക്കണം. എസ്. എൻ. യു. പി. എസ്. നിലമെച്ചപെടുത്താനുള്ള നടപടികൾ ഉണ്ടാകണം. മതിൽ പണിയുന്നതിന് മാനേജ്മെന്റിനോട് അപേക്ഷിക്കണം

വാർഡ് 11 അടുത്ത് കിടക്കുന്ന ചക്കാം പറമ്പ് യു. പി. ഹൈസ്കൂളായി ഉയർത്തണം.

ഹൈസ്കൂൾ

യൂണിയൻ ഹൈസ്കൂൾ മാമ്പ്ര (വാർഡ് 3)

പി. ടി. എ. സജീവമാക്കണം, പ്രമോഷൻ സമ്പ്രദായം പരിഷ്കരിക്കണം, അക്ഷര ക്ലബുകൾ സ്കൂൾതലത്തിൽ പ്രവർത്തിക്കണം. ലാബ്-ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ആഡിറ്റോറിയം വേണം.

+2 സയൻസ് ഗ്രൂപ്പ് അനുവദിക്കണം

എസ്. എൻ. ഡി. പി. എച്ച്. എസ്. പാലിശേരി (വാർഡ് 6)

പി. ടി. എ പ്രവർത്തനം മെച്ചപ്പെടുത്തണം. മാദ്ധ്യമങ്ങളുടെ അതിപ്രസരം നിയന്ത്രിക്കാനുതകുന്ന ബോധവൽകരണംവേണം. സിലബസ് പരിഷ്കരണം. പുതിയ സ്കൂളുകൾ അനുവദിക്കരുത്. +2 കോഴ്സ് അനുവദിക്കണം. മാതൃസംഗമം വേണം

ഗവ:ഹൈസ്കൂൾ മേലഡൂർ

ഷെഡ്ഡിൽ പ്രവർത്തിക്കുന്ന ഡിവഷനുകൾക്ക് പുതിയ കെട്ടിടം പണിയണം. സ്കൂളിന് ടാപ് അനുവദിക്കണം. +2 വേണം സ്പോർട്സ് ആർട്സ് സൗകര്യം മെച്ചപെടുത്തണം. ലാബ്-ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തണം.

പൊതു നിർദ്ദേശങ്ങൾ

സമീപപ്രദേശങ്ങളിലെ പഞ്ചായത്തുളെ കൂടി ഉൾപെടുത്തി ഒരു കോളേജിന് ശ്രമിക്കണം. ഹയർ-സെക്കന്ററി സ്കൂൾ സ്ഥാപിക്കണം. അക്വാറ്റിക് മത്സരങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കണം

അംഗൻ വാടി പ്രശ്നങ്ങൾ



215

വാർഡ് 1

കുട്ടികളുടെ എണ്ണ കുറവ്. വൈദ്യുതി ഇല്ല. പഠനോപകരണങ്ങളുടെ അപര്യാപ്തത. കളിപ്പാട്ടങ്ങൾ ഇല്ല. ചില്ലേലി അംഗനവാടിക്കടുത്തുള്ള കുളത്തിന് മതിൽ കെട്ടണം. കെട്ടിടം ചോർന്ന് ഒലിക്കുന്നു.

വാർഡ് 5

കുടിവെള്ളം ലഭ്യമാകുന്നില്ല.

വാർഡ് 7

ശുദ്ധജലം ലഭ്യമല്ല

വാർഡ് 8

കുടിവെള്ളം, കെട്ടിടം

വാർഡ് 10

അംഗനവാടി പ്രവർത്തനം മോശം (മേലഡൂർ) കുട്ടികൾ കുറവാണ്.

നിർദ്ദേശങ്ങൾ

വാർഡ് 1

1. ചില്ലേലി അംഗനവാടിക്കടുത്തുള്ള കുളത്തിന് മതിൽ കെട്ടി സുരക്ഷിതമാക്കണം.
2. കളിപ്പാട്ടങ്ങൾ ലഭ്യമാക്കണം
3. വൈദ്യുതി ലഭ്യമാക്കണം
4. എരയാം കുടി അംഗനവാടി (ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്നത്) സ്ഥലം തിരിച്ച് സ്വന്തം കെട്ടിടം പണിയണം.
5. ചില്ലേലി അംഗനവായിടുടെ അറ്റകുറ്റപണി പെട്ടെന്ന് തീർക്കണം

വാർഡ് 3

1. പ്രവർത്തനം നിർത്തിവെച്ച അംഗനവാടി തുറന്ന് പ്രവർത്തിപ്പിക്കണം

വാർഡ് 4

ഒരു അംഗനവാടികൂടി സ്ഥാപിക്കണം

വാർഡ് 5

1. കുടിവെള്ളം ലഭ്യമാക്കണം

വാർഡ് 6

1. അംഗനവാടിക്ക് വേണ്ടി പുറംപോക്ക് ഭൂമി ലഭ്യമാക്കണം.

വാർഡ് 7

1. ശുദ്ധജലം ലഭ്യമാക്കണം

വാർഡ് 9

1. സ്ഥിരമായ ടീച്ചറെ ആവശ്യമാണ്
2. യൂണിഫോം ആവശ്യമാണ്

വാർഡ് 10

1. അംഗനവാടിയുടെ പ്രവർത്തനം മോശം (മേലഡൂർ)

1. നിലവിലുള്ള അംഗനവാടികളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനും അംഗനവാടി ടീച്ചർമാർക്ക് പരിശീലനവും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥക അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.
2. അംഗനവാടി കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചക്ക് ആവശ്യമായ ആധുനിക പഠനോപകരണങ്ങളും കളിക്കോപ്പുകളും (വീഡിയോഗെയിംസ്) ഉൾപ്പെടുത്തേണ്ടതാണ്.
3. സമൂഹത്തിന്റെ ഏറ്റവും ശക്തവും നിരന്തരവുമായ ഇടപെടലുകളും ആവശ്യമാണ്.

# പഞ്ചായത്തിലെ വിദ്യാഭാസ സ്ഥാപനങ്ങൾ

| വാർഡ് നമ്പർ | അംഗൻവാടി | എൽ. പി. | യു. പി. | ഹൈസ്ക്കൂൾ | പ്ലസ്. ടു. |
|---|---|---|---|---|---|
| 1 | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | 3 | 1 | 1 | ഇല്ല | ഇല്ല |
| 3 | 3 | 1 | 1 | 1 | 1 |
| 4 | 1 | 1 | 2 | - | - |
| 5 | 2 | - | - | - | - |
| 6 | 2 | 1 | - | 1 | 1 |
| 7 | 2 | 1 | - | - | - |
| 8 | 3 | - | - | 1 | - |
| 9 | 3 | 1 | - | - | - |
| 10 | 3 | - | - | - | - |
| 11 | 2 | 1 | - | - | - |
| ആകെ | 27 | 7 | 4 | 3 | - |

# അംഗൻവാടി സ്വന്തം കെട്ടിടങ്ങൾ ഉള്ളവർ ഇല്ലാത്തവർ

| വാർഡ് നമ്പർ | സ്വന്തം കെട്ടിടങ്ങൾ ഉള്ളവർ | ഇല്ലാത്തവർ |
|---|---|---|
| 1 | 3 | ഇല്ല |
| 2 | 3 | 1 |
| 3 | 3 | 1 |
| 4 | 1 | 1 |
| 5 | 2 | - |
| 6 | 2 | 1 |
| 7 | 2 | 1 |
| 8 | 3 | - |
| 9 | 3 | 1 |
| 10 | 3 | - |
| 11 | 2 | 1 |
| ആകെ | 27 | 7 |

# അംഗൻവാടി സ്വന്തം കെട്ടിടങ്ങൾ ഉള്ളവർ ഇല്ലാത്തവർ

| പേര് | സർക്കാർ മേഖല | എയ്ഡ്ഡ് മേഖല |
|---|---|---|
| എൽ.പി. വിഭാഗം | 2 | 5 |
| യു. പി. വിഭാഗം | 1 | 2 |
| ഹൈസ്ക്കൂൾ വിഭാഗം | 1 | 2 |
| പ്ലസ് ടു വിഭാഗം | - | 1 |
| ആകെ | 4 | 10 |

| സ്കൂളിന്റെ പേര് | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | ക്യാമ്പസിന്റെ വിസ്തീർണ്ണം | മറ്റു കുറിപ്പുകൾ ചുറ്റുമതിൽ അറ്റകുറ്റപണികൾ, ഫർണിച്ചർ റിപ്പയർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| St. Antony's L.P.S Alathoor | - | Yes | - | - | 40 | 42 | 82 | 4 | 4 | - | - | 50 Cent | ഉണ്ട് |
| G.L.P.S. Meladoor | Yes | - | - | - | 117 | 78 | 195 | 7 | 8 | - | - | 73 Cent | ഉണ്ട് |
| S.N.U..P.S. Annamada | - | yes | - | - | 26 | 18 | 44 | 5 | 6 | - | - | 1.4 Acrs | ഉണ്ട് |
| G.U.P.S. Annamada | Yes | - | - | - | 233 | 199 | 422 | 16 | 16 | - | - | 1.4Acrs | ഉണ്ട് |
| U.H.S.S.Mambra | - | Yes | - | - | 287 | 230 | 517 | 24 | 24 | - | - | 3.5Acrs | ഫർണിച്ചർ റിപ്പയർ |
| പ്ലസ് ടു | - | Yes | - | - | | | 149 | 7 | 7 | - | - | | ചുറ്റുമതിൽ ഉണ്ട് |
| U.L.P.S.Mambra | - | Yes | - | - | 218 | 84 | 134 | 8 | 7 | - | - | | ചുറ്റുമതിൽ ഇല്ല |
| N.U.P.S. Koratty | - | Yes | - | - | 222 | 195 | 417 | 17 | 17 | - | - | | ചുറ്റുമതിൽ ഉണ്ട് |
| G.S.H.S.Meladoor | Yes | - | - | - | 519 | 324 | 843 | 31 | 30 | 1 | - | 3Acrs | ചുറ്റുമതിൽ ഉണ്ട് |
| S.N.D.P.H.S. Palissery | - | Yes | - | - | 259 | 106 | 365 | 18 | 21 | - | 1 | 2Hcrs | ചുറ്റുമതിൽ ഇല്ല |
| National L.P.S Poovathussery | - | Yes | - | - | 17 | 30 | 47 | 4 | 4 | - | 1 | 50Cent | ചുറ്റുമതിൽ ഉണ്ട് |
| L.F.L.P.S. Kumpadi | - | Yes | - | - | 90 | 130 | 220 | 8 | 8 | - | - | 1Acrs | ചുറ്റുമതിൽ ഉണ്ട് |

# ആരോഗ്യം

പ്രധാനമായും ദേശീയ ആരോഗ്യപരിപാടികളാണ് നമ്മുടെ പഞ്ചായത്തിലും നടത്തി വരുന്നത്. കുട്ടികൾക്കുവേണ്ടിയുള്ള പ്രതിരോധ കുത്തിവെയ്പ്പുകളിലും അമ്മമാർക്കുള്ള ടി. ടി. ഇൻജക്ഷൻ രംഗത്തും നാം പൂർണ്ണമായ പ്രയോജകർത്താക്കളാണ്. മലേറിയ നിർമാർജനപരിപാടികളുടെ ഭാഗമായി രക്തപരിശോധന നടത്തുന്നതിനും അത് പൂർണ്ണമായി ചികത്സിച്ച് ഭേദമാക്കാനും നമുക്കു കഴിയും. ക്ഷയരോഗ നിർമാർജന പരിപാടികളുടെ ഭാഗമായി സൗജന്യമായി കഫം പരിശോധിക്കുന്നതിനും രോഗം ഉണ്ടെന്ന് കണ്ടാൽ രോഗിക്ക് വസതിയിൽത്തന്നെ മരുന്നുകൾ എത്തിച്ച് ചികിത്സിക്കുവാനും നമുക്കു കഴിയും. അതുപോലെത്തന്നെ വൈറ്റമിൻ എയുടെ അഭാവം ഉണ്ടാകാതിരിക്കാൻ കുട്ടികൾക്കെല്ലാം 5 തവണകളായി വൈറ്റമിൻ എ ലായനി കൊടുത്തു വരുന്നു.

കുടുബക്ഷേമ പരിപാടിയുടെ ഭാഗമായി നടത്തുന്ന ലപ്രോസ്കോപ്പിക് സ്റ്റെറിലൈസേഷൻ, വാസ്കോറ്റമി എന്നിവ നടത്തുന്നതിന്നു് സന്നദ്ധരായവർക്ക് സൗജന്യമായി ആ ശസ്ത്രക്രിയ നടത്തുന്നതിന് ചെറിയതോതിൽ ഇൻസെന്റീവ് നൽകുന്നതിന്നു് നമുക്ക് കഴിയും. ദേശീയ ആരോഗ്യ പരിപാടികളിൽപെട്ട കാര്യങ്ങളായതുകൊണ്ട് ആവശ്യത്തിന് പണം ലഭിക്കുന്നുണ്ട്,

സ്ക്കൂൾ ആരോഗ്യപരിപാടിയുടെ ഭാഗമായി നമുടെ പഞ്ചായത്തിലെ 1, 5, 10, ക്ലാസുകളിലെ കുട്ടികൾക്ക് പൂർണ്ണമായ കുത്തിവെയ്പ് നടത്തിയിട്ടുണ്ട്. അതേപോലെ 4, 7 ക്ലാസ്സുകളിലെ കുട്ടികളുടെ പരിശോധനയും നടത്തുന്നു. കഴിഞ്ഞവർഷം പ്രത്യേക സ്ക്കൂൾ ആരോഗ്യപരിപാടിയുടെ ഭാഗമായി എല്ലാ എൽ. പി. സ്ക്കൂളുകളിലെയും കുട്ടികളെ പരിശോധിക്കുകയും 180 കുട്ടികളെ കൂടുതൽ വിദഗ്ഗ പരിശോധനക്കും ചികത്സക്കും അയക്കുകയുണ്ടായി. പോളിയൊ പ്രതിരോധ കുത്തിവെയ്പ് കഴിഞ്ഞവർഷം നമ്മുടെ പഞ്ചായത്തിൽ നല്ല രീതിയിൽ നടന്നിട്ടുണ്ട് അത് പൂർണ്ണ വിജയമായിരുന്നു. ഈ വർഷം ഡിസംബർ 7നും ജനുവരി 18നും നടക്കുന്ന പ്രസ്തുത പരിപാടിയുടെ വിജയത്തിന് എല്ലാ സഹായങ്ങളും പഞ്ചായത്തിൽ നിന്നും ഉണ്ടാകണം.

**മൃഗസംരക്ഷണം**

മാമ്പ്ര മൃഗാസുപത്രിയുടെ റിപോർട്ട്.

കഴിഞ്ഞവർഷം നവംമ്പറിൽ ഒരു വന്ധ്യത നിവാരണ ക്യാമ്പ് നടത്തി. മാർച്ച് മാസത്തിൽ പുനപരിശോധനയും നടന്നു. ഈ രണ്ടു ക്യാമ്പുകൾക്കും കൂടി 1200 രൂപയുടെ അലോട്ട്മെന്റ് ഉണ്ടായിരുന്നു. കുളമ്പു രോഗത്തിനും പേപ്പട്ടി വിഷബാധയ്ക്കും സൗജന്യനിരക്കിൽ കുത്തിവെയ്പ് നടത്തുകയുണ്ടായി. കൂടാതെ ഒരു ഗൊരക്ഷക്യാമ്പും നടത്തി.

96, 97 വർഷത്തിൽ ഗൊരക്ഷക്യാമ്പിന് 200 രൂപയും പേപ്പട്ടി വിഷബാധയെകുറിച്ച് സെമിനാർ നടത്തുന്നതിനും നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തുന്നതിനും വേണ്ടി 1000രൂപയും അനുവദിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ തിരെഞ്ഞെടുപ്പിന്നു് വിധേയമായി 120 യൂണിറ്റ് കോഴികുഞ്ഞുങ്ങളേയും 55 ദിവസം പ്രായമായ മുട്ടകോഴികളേയും വിതരണം ചെയ്യുന്നുണ്ട് ഒരാൾക്ക് 5 കോഴി. കോഴിഒന്നിന്നു് 15 രൂപ സബ്സിഡി. അന്നമനട പഞ്ചായത്തിലേക്ക് 10 യൂണിറ്റ് ആടിനേയും അനുവദിച്ചിട്ടുണ്ട്. ഒരു യൂണി

റ്റിൽ 2 ആട്ടിൻകുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നത്. ഇൻഷൂർ ചെയ്യാനുള്ള വിഹിതം അടക്കം 450 രൂപയാണ് വില 6 മാസത്തിനും 9 മാസത്തിനും ഇടയ്ക്ക് പ്രായമുള്ളവയായിരിക്കും കുഞ്ഞുങ്ങൾ.

സബ് സെന്ററായിരുന്ന ഈ സ്ഥാപനം മൃഗാശുപത്രിയായി 12.6.80 ലാണ്. 16 വർഷങ്ങൾക്ക് ശേഷവും ഒട്ടേറേ പോരയ്മകളും പരാധീനതകളും ഈ സ്ഥാപനത്തിനുണ്ട്.

1. ഇതുവരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.
2. വാക്സിനുകളും മരുന്നുകളും സൂക്ഷിക്കുന്നതുന് റെഫ്രിജറേറ്റർ ഇല്ല.
3 മൈക്രോസ്കോപ്പ് ഇല്ല.
4. കിണറോ ടാപ്പ് കണക്ഷനോ ഇല്ല.
5. മൃഗങ്ങളെ കയറ്റി നിർത്തി പരിശോധിക്കുന്നതിനുള്ള ട്രവിസ് ഉപയോഗശൂന്യമാണ്.
6. തൊഴുത്തിൽ നിന്നും ചാണകവും മൂത്രവും പുറത്തേക്ക് പോകുന്നതിന് സൗകര്യമില്ല.
7. തൊഴുത്ത് ഉയരത്തിൽ ആയത് കൊണ്ട് ഉരുക്കളെ കയറ്റാനും ഇറക്കാനും ബുദ്ധിമുട്ടാണ്.
8. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തുന്നില്ല.
9. ലാട്രിൻ സൗകര്യമില്ല.
10. കോമ്പൗണ്ട്വാളോ ഫെൻസിങ്ങോ ഇല്ല.

അത്കൊണ്ട് ആസ്പത്രിയുടെ പരാധീനതകൾ പരിഹരിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

അന്നമനടയിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. അന്നമനടയിലെ വീടുകളിൽ 12% ഓലമേഞ്ഞതും 59% ഓടുമേഞ്ഞതും 29% കോൺഗ്രീറ്റും മേൽപുരയുള്ളതുമാണ്. 80% വീടുകളുടേയും ചുമർ വെട്ടുകല്ലോ ഇഷ്ടിക കൊണ്ടോ പണിതിരിക്കുന്നു. 20% വീടുകളുടെ തറ ചാണകവും മണ്ണും കൊണ്ട് നിർമ്മിച്ചിരിക്കുന്നു. നാമമാത്രമായ വീടുകൾക്കെ മോസൈക്ക് ഉള്ളു. ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ അന്നമനട ഗ്രാമപഞ്ചായത്തിൽ എണ്ണം ഉണ്ട്. 200 ചതുരശ്ര അടിയിലും കുറഞ്ഞ വിസ്തീർണ്ണമുള്ള ഭവനങ്ങൾ %വും 200 മുതൽ 500 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള ചെറുകിട ഭവനങ്ങൾ%വും കാണുന്നു. 10% വീടുകളും താമസയോഗ്യമല്ല. 15 വീടുകൾ പുറംപോക്കിലാണ്. അടുത്തകാലത്ത് കോൺക്രീറ്റ് വീടുകളോട് ഭ്രമം വർദ്ധിച്ചുവരുന്നു.

സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിപ്രകാരം വർഷത്തിനുമുമ്പ് ലഭിച്ച 6000 രൂപയുടെ 294 വീടുകളും 9000 രൂപയുടെ 66 വീടുകളും കൈരളി ഭവനനിർമ്മാണ പദ്ധതി പ്രകാരം 26 വീടുകളും ഉണ്ട്. ലക്ഷംവീട് കോളനികളും 3 പുനരധിവാസകോളനികളും ഉണ്ട്. 1990, 91 വർഷം മുതൽ 95, 96 കൂടി സ്കീം പ്രകാരം 46 വീടുകൾ നിർമ്മിച്ചിട്ടുണ്ട് മുകുന്ദപുരം താലൂക്ക് ഭവന നിർമ്മാണ സഹകരണ സംഘമാണ് കെട്ടിട നിർമ്മാണരംഗത്തുള്ള എക സഹകരണ സംഘം. സ്ഥിരവരുമാനകാർക്ക് മാത്രം ഉപകരിക്കുന്ന ഈ സംഘത്തിൽ നിന്നും വായ്പ എടുത്ത് പണി തീർത്ത വീടുകൾ അരശതമാനം മാത്രമാണ്. ഹൗസിംഗ് ബോർഡിന്റെ സഹായത്താൽ പണി തീർത്ത നാമമാത്രമായ വീടുകളും ഉണ്ട. വീട് വെയ്ക്കുവാൻ സ്ഥലമുള്ള എന്നാൽ വീടില്ലാത്ത കുടുംബങ്ങളും താമസയോഗ്യമല്ലാത്ത 650 വീടുകളും ഉണ്ട്. പാർപ്പിട രംഗത്തെ സ്ഥിതിഗതികൾ മെച്ചപെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ നിർമ്മിതി കേന്ദ്രംപോലെയുള്ള ഒരു ജനകീയ സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്.

## സാമൂഹ്യക്ഷേമം

ധാരിദ്ര നിർമ്മാജനപദ്ധതികളും വിവവി വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായപദ്ധതികളുമാണ് സാമൂഹ്യക്ഷേമ രംഗത്ത് നടപ്പാക്കി കൊണ്ടിരിക്കുന്നത്. 1992 ദാരിദ്ര രേഖക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം ആണ്. ഇതിൽ ഐ. ആർ. ഡി. പി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ള കുടുംബങ്ങൾ മാത്രമാണ്. ട്രൈസം പരിശീലനം ലഭിച്ചിട്ടുള്ളവർ പേരുണ്ട്. ഈ മേഖലയിൽ പേർ തൊഴിൽ ചെയ്യുന്നു. DWCRA പദ്ധതി പ്രകാരം മേഖലകളിലായി ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. അതു വഴി പുതുതായി തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. 1995ലെ കണക്കനുസരിച്ച് വിവിധ ധനസഹായം ലഭിക്കുന്നവരുടെ എണ്ണം താഴെ കൊടുക്കുന്നു.

വാർദ്ധക്യകാല പെൻഷൻ 33

വികലാംഗ പെൻഷൻ 98

വിധവാ പെൻഷൻ 71

പഞ്ചായത്തിൽ 26 അംഗൻവാടികളും മഹിളാസമാജങ്ങളും ഉണ്ട് അംഗൻവാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്ത 10 എണ്ണവും അതിൽ സ്വന്ത

മായിസ്ഥലമില്ലാത്തത് 4 എണ്ണവുമാണ്.

ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച കുടുംബങ്ങളിൽ 75% ത്തിനും ദാരിദ്ര്യ രേഖയിൽ നിന്നും ഉയരാൻ കഴിഞ്ഞിട്ടില്ല. ഐ. ആർ. ഡി. പി. DWCRA തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്ന രംഗത്തുണ്ടാകുന്ന അഴിമതിയും അനുവദിച്ച ആനുകൂല്യങ്ങൾ മറ്റു ആവിശ്യങ്ങൾക്കായി വനിയോഗിക്കുനതും അവസാനിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണമെങ്കിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ വിനിയോഗം പരിശോധിക്കുന്നതിനും ഒരു ജനകീയ സംവിധാനം ആവശ്യമാണ്. ദുർബല വിഭാഗങ്ങൾക്ക് നൽകിവരുന്ന പെൻഷൻ തുടങ്ങിയ ധനസഹായ പദ്ധതികൾക്ക് കാലോചിതമായി വരുമാന പരിധി പുനർ നിർമ്മാണം ചെയ്യണം.

പ്രശ്നങ്ങൾ

1. സ്ഥിരവരുമാനമില്ലാത്തവർക്ക് ഭവന നിർമ്മാണ വായ്പ ലഭിക്കുന്നില്ല.
2. കെട്ടിട നിർമ്മാണ സാമഗ്രഹികൾ ആവശ്യത്തിന് ലഭിക്കുന്നില്ല.
3. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സമഗ്രികൾ ഉൽപ്പാദിപ്പിയ്ക്കാനുള്ള സംരംഭങ്ങൾ നിലവിലില്ല.
4. ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനില്ല.
5. നിർമ്മാണതൊഴിലാളികളുടെ വർദ്ധിച്ച കൂലി നിരക്ക് സാധാരണക്കാർക്കും ദുർബല വിഭാഗങ്ങൾക്കും താങ്ങാനാകുന്നില്ല.
6. ഐ. ആർ. ഡി. പി. ലിസ്റ്റിൽ അർഹതയില്ലാത്ത അനവധി കുടുംബങ്ങളുണ്ട്.
7. വികലാംഗരല്ലാത്തവരും വിധവകളല്ലാത്തവരും കർഷകതൊഴിലാളി വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ പെൻഷന്റെ പ്രായപരിധി എത്താത്തവരും എന്നാൽ മറ്റു വരുമാന മാർഗ്ഗമില്ലാത്തവരും ഉപജീവനത്തിനു വേണ്ടി തൊഴിൽ ചെയ്യുന്നതിന് ആരോഗ്യമില്ലാത്തവരുമായ ദുർബല വിഭാഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള പദ്ധതി ഇന്നുനിലവിലില്ല.
8. തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരുടെ അർഹതയെ സംബന്ധിച്ച് ഒരു പ്രവശ്യമെങ്കിലും പുനർപരിശോധന നടത്താത്തതിനാൽ അർഹത നഷ്ടപ്പെട്ടവരും തുടർന്ന് വാങ്ങികൊണ്ടിരുക്കുന്നു.
9. പെൻഷൻ അതതുമാസങ്ങളിൽ ലഭിക്കുന്നില്ല.
10. അംഗൻ വാടികളോടനുബന്ധിച്ച് കളിസ്ഥലങ്ങളില്ല. കളിക്കോപ്പുകളും ഇല്ല. ആവശ്യത്തിനുള്ള ഫർണീച്ചർ അഗൻവാടികളിൽ ഇല്ല. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഓരോ അംഗൻവാടിയും കേന്ദ്രീകരിച്ച് വെൽഫെയർ കമ്മിറ്റികൾ ഇന്ന് നിലവിൽ ഇല്ല.

# സംസ്ക്കാരം

ഒരു ജനതയുടെ ജീവിത രീതിയിൽ നാടിന്റെ സംസ്ക്കാരത്തിന് അതിയായ പ്രാധാന്യമുണ്ട്. സംസ്ക്കാരം എന്നു പറയുന്നത് ചുരുങ്ങിയ കാലംകൊണ്ട് സമൂഹം നേടിയെടുക്കുന്ന ഒന്നല്ല. ജീവിതത്തോട് ഒരു ജനത തലമുറകളായി വെച്ചു പുലർത്തുന്ന വീക്ഷണമാണിത്. ജീവിതത്തെക്കുറിച്ച് നല്ല വീക്ഷണം വെച്ചു പുലർത്തുന്നവരാണ് നല്ല സംസ്ക്കാരമുള്ളവർ. ഇത് വളർത്തിയെടുക്കാൻ സഹായിക്കുന്നതിൽ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾക്ക് കാര്യമായ പങ്കുണ്ട്. സംസ്ക്കാരം വളർത്തുന്നതിലും നിലനിർത്തുന്നതിലും കലകൾക്കും, സാഹിത്യത്തിനും, ആരാധനാലയങ്ങൾക്കും, സ്മാരകങ്ങൾക്കും, മറ്റു സാംസ്ക്കാരിക കേന്ദ്രങ്ങൾക്കും, വ്യക്തികൾക്കും നിർണ്ണായക പങ്കുണ്ട്.

ചാലക്കുടിപ്പുഴയുടെ തലോടലേറ്റ് വളർന്നു വന്ന അന്നമനടക്കും സ്വന്തമായ സാംസക്കാരികതനിമയുണ്ടെന്ന് നാം തിരിച്ചറിയുന്നു. സങ്കുചിതമായ അർത്ഥത്തിലേക്ക് സംസ്ക്കാരത്തെ വലിച്ചിഴക്കുകയല്ല ഇവിടെ ചെയ്യുന്നത്. കുറച്ചുകൂടി ഒതുങ്ങിയ നിർവ്വചനത്തിലേക്ക് പോകുകാണെങ്കിൽ ഓരോ വ്യക്തിക്കും സ്വന്തമായ സംസ്ക്കാരമുണ്ട്. അതോടൊപ്പം അയാളെ ഈ ഗ്രാമജീവിതത്തിന്റെ മുഖ്യ ധാരയിലേക്ക് നയിക്കുന്നതിന് സഹായിക്കുന്നു. മേൽക്കാര്യങ്ങളാണ് ഇവിടെ പ്രതിപാദ്യമായിട്ടുള്ളത്.

അന്നമനട എന്നു കേൾക്കുമ്പോൾ ആരുടേയും മനസ്സിൽ ആദ്യം ഓടിയെത്തുന്നത് അന്നമനട മഹാദേവക്ഷേത്രവും, പഞ്ചവാദ്യ കലയുമാണ്. മഹാദേവക്ഷേത്രം കേരളത്തിലെ പ്രശസ്തമായ ആരാധനാലയങ്ങളിലെ ഒന്നാണ്. ഇവിടെ ആണ്ടിലൊരിക്കൽ നടക്കുന്ന ഉൽസവാഘോഷം ഈ നാട്ടിലെ ജനതയുടെ ജീവിതരീതിയുടെ ഭാഗമായി മാറിയിരിക്കുന്നു. ജാതി മതഭേദമെന്യേ, ക്ഷേത്രാചാര മര്യാദകൾ നിലനിർത്തിക്കൊണ്ട്, ഈ ഉത്സവത്തെ എല്ലാവരും സഹർഷം സ്വാഗതം ചെയ്തു വരുന്നു. പഞ്ചവാദ്യങ്ങളിലൊന്നായ തിമില എന്ന വാദ്യോപകരണത്തിന് ഇത്രയും പ്രാമുഖ്യം ഉണ്ടാകുവാൻ കാരണം അന്നമനടയാണ്. അന്നമനട അച്ച്യുതമാരാർ, പരമേശ്വരമാരാർ, പീതാംബരമാരാർ എന്നിവർ തിമിലയിൽ കരുത്താർജ്ജിച്ചപ്പോൾ അന്നമനടയുടെ പ്രശസ്തി ദൂരദേശങ്ങളിലേക്കും വ്യാപിച്ചു.

നിരവധി പുരസ്ക്കാരങ്ങൾ ഈ ത്രിമൂർത്തികളെ തേടിയെത്തി. വീരശൃംഖല, പൊന്നാട എന്നിവയ്ക്കു പുറമെ പഞ്ചവാദ്യ പഞ്ചാനൻ എന്ന ബഹുമതിയും അച്ച്യുതമാരാരെ തേടിയെത്തി. പരമേശ്വരമാരാർക്ക് കാലാചാര്യ ബഹുമതിയും ലഭിച്ചു. ഇവർ മൂന്നു പേരും ഇപ്പോൾ ജീവിച്ചിരിപ്പില്ല.

പുരോഗമനകലാസാഹിത്യ പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവ പുതിയ സംസ്ക്കാരം രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്ക് ഒഴിച്ചു നിർത്താനാവില്ല. അന്നമനടയിലെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന അന്നമനട കലാസമിതി, കൂടാതെ പ്രതിഛായ, അന്നമനട യുണൈറ്റഡ് ഫ്രൻഡ്സ് സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബ്, വെസ്റ്റ് കൊരട്ടിയിലെ ജ്ഞാനോദയം വായനശാല, വാളൂർ ഗ്രാമീണ വായനശാല, ചക്കാംപറമ്പ് ജനകീയ കലാസമിതി, പാലുപ്പുഴ ജ്ഞാനോദയം വായനശാല എന്നിവയുടെ സംഭാവനകൾ ചെറുതല്ല. ഏകദേശം 75 വർഷത്തോളം പ്രവർത്തന പാരമ്പര്യമുള്ള വാളൂർ ഗ്രാമീണ വായനശാലയിൽ നാലായിരത്തോളം ബുക്കുകളുടെ ശേഖരമുണ്ട്.

അന്നമനട കലാസമിതയുടെ സംഭാവനകൾ എടുത്തു പറയേണ്ടതാണ്.

കലാരംഗത്ത് പ്രശസ്തിയിൽ നിൽക്കുന്ന മാള അരവിന്ദൻ, കൊടകര മാധവൻ, പ്രതീപ് അഷ്ടമിച്ചിറ, കരീം. കെ. കല്ലൂർ, എം. പി. തങ്കപ്പൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ഹസ്സൻ. കെ.വാളൂർ, കെ. എം. അക്ബർ, വിജു ഐക്കര തുടങ്ങിയവർ ഈ കലാസമിതിയുടെ സംഭാവനകളാണ്. അക്ബറുടെ സ്മരണ നിലനിർത്താൻ പുതിയ സമിതി രൂപീകരിച്ചിട്ടുണ്ട്. അന്നമനട കലാസമിതിയുടെ ആവിർഭാവം മുതൽ കലാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും, സംഗീതം, നാടകം എന്നീ കലകളിൽ കഴിവുള്ളവരെ കോർത്തിണക്കി ഒരു നല്ല കലാസംസ്കാരം വളർത്തുവാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ് പരമൻഅന്നമനട.

അന്നമനട കലാസമിതിയുടെ വളർച്ചക്കുവേണ്ടി പ്രവർത്തിച്ച ഒട്ടനവധി വ്യക്തികൾ കാലയവനികക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു. ഒരു ചരിത്ര പശ്ചാത്തലം രേഖപ്പെടുത്തുമ്പോൾ ഇത്തരം മുഴുവൻ പേരുകൾ രേഖപ്പെടുത്തുവാൻ കഴിയില്ലെങ്കിലും അവരെ നന്ദിയോടെ സ്മരിക്കാൻ ഇത്തരം സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തുന്നു. വെസ്റ്റ് കൊരട്ടി ജ്ഞാനോദയം വായനശാലയെക്കുറിച്ച് പറയുമ്പോൾ കേരളത്തിലെ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളിലെ മുന്നണിപോരാളികളായിരുന്നു ശ്രീ. എം. എസ്. നമ്പൂതിരി. ഈ സ്ഥാപനം ഉൽഘാടനം ചെയ്ത മഹാകവി ജി. ശങ്കരക്കുറുപ്പ്, ശ്രീ. എം. ആർ. ബി, ശ്രീ. പരിയാനംപറ്റ വർഗീസ്സാർ എന്നിവരുടെ സാന്നിദ്ധ്യം സ്മരണീയമാണ്.

പൂവ്വത്തുശ്ശേരിക്കാരനായ സി. വി. നാരായണൻമാസ്റ്റർ, വാസ്തുശിൽപിയായ പരമേശ്വരൻ, നോബിൾ, മേലഡൂർ സ്വദേശി എം. സി. പോൾ (കഥ, കവിത) തുടങ്ങിയവർ അന്നമനടയുടെ സംഭാവനകളാണ്.

നിർദ്ദേശങ്ങൾ

ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾക്ക് ഉപയോഗപ്രദമായരീതിയിൽ ഒരു സാംസ്ക്കാരിക കേന്ദ്രം വേണം. വാളൂർ ഗ്രാമീണ വായനശാലയ്ക്ക് സ്വന്തമായി കെട്ടിടം പണിയണം. വെസ്റ്റ് കൊരട്ടി ജ്ഞാനോദയം വായനശാലയോട് ചേർന്നുള്ള അര ഏക്കറോളം പുറംപോക്കു ഭൂമി വായനശാല കെട്ടിടം പണിയുന്നതിനോ കളിസ്ഥലം ഉണ്ടാക്കുന്നതിനോ ഉപയോഗിക്കാം.

മാമ്പ്രയിലെ ഗ്രാമീണ വായനശാല, ഫാസ്ക്, വാസ്ക്, ധന്യ ആർട്ട്സ് സൊസൈറ്റി പ്രോഗ്രസ്സീവ് ക്ലബ് എന്നിവയെ കേന്ദ്രീകരിച്ച് കലാസാംസ്ക്കാരിക പ്രവർത്തനം സംഘടിപ്പിക്കണം.

അന്നമനട കലാസമിതിയുടെ തുടർച്ചയായ "പ്രതിച്ഛായ"യുടെ പ്രവർത്തനം പുനർജീവിപ്പിക്കണം. പ്രണവം സംഗീതസഭയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം. നിർദ്ദിഷ്ട പൊതുകളിസ്ഥലത്തിന്റെ നിർമ്മാണം ഉടൻ പൂർത്തിയാക്കണം. സ്പോർട്ട്സ് കൗൺസിലുമായി ബന്ധപ്പെടുത്തി ഒരു സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കണം. അന്നമനട പഞ്ചായത്ത് വായനശാല പബ്ലിക് റഫറൻസ് ലൈബ്രറിയായി ഉയർത്തി അതിനോടനുബന്ധിച്ച് പഠനകേന്ദ്രം തുടങ്ങണം. ഇതിനായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയുടേയോ അക്കാദമിയുടേയോ സഹായം ലഭിക്കുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. അന്നമനടയിൽ പ്രവർത്തിക്കുന്ന പഞ്ചവാദ്യ പഠനകേന്ദ്രത്തെ പ്രോത്സാഹിപ്പിച്ച് സർക്കാർ അംഗീകാരം വാങ്ങിയെടുക്കണം.

മന്നം വായനശാല പുനരുദ്ധരിക്കുകയോ പഞ്ചായത്തു വായനശാലയിൽ

ലയിപ്പിക്കുകയോ ചെയ്യണം. മഹിളാ സമാജം വായനശാലയുടെ പ്രവർത്തനത്തിൽ വരുത്തിയിട്ടുള്ള ഗുരുതരമായ വീഴ്ചകളെക്കുറിച്ച് പഞ്ചായത്ത് കമ്മിറ്റി അന്വേഷിക്കണം. ചെറുപാലിശ്ശേരിയിലും സമീപ പ്രദേശങ്ങളിലുമുള്ള നാദസ്വര കലാകാരന്മാരെ പ്രോത്സാഹിപ്പിക്കണം. എസ്. എൻ. ഡി. പി. ഹൈസ്കൂൾ കേന്ദ്രമാക്കി ഒരു പൊതുഗ്രന്ഥശാല ആരംഭിക്കണം. പൂവ്വത്തുശ്ശേരി പട്ടിക ജാതി കോളനിയിൽ ടി. വി. സ്ഥാപിക്കണം. കുമ്പിടിയിൽ സാംസ്ക്കാരിക നിലയം പണിയണം. കേരള ആർട്ട്സ് & സ്പോർട്ട്സ് അസോസിയേഷനെ പ്രോത്സാഹിപ്പിക്കണം.

കീഴഡൂർ പ്രദേശത്ത് നാടൻ കലകളായ ശാസ്താംപാട്ട്, കാവിടിചിന്ത് എന്നിവ പ്രോത്സാഹിപ്പിക്കണം.

വാർഡ് ഒമ്പതിലുള്ള ബ്രദേഴ്സ് ക്ലബിന് സ്വന്തമായുള്ള സ്ഥലവും കെട്ടിടവും പഞ്ചായത്ത് ഏറ്റെടുത്ത് സാംസ്ക്കാരിക നിലയമാക്കി മാറ്റണം. ഈ വാർഡിലെ I.H.D.P കോളനിയിൽ പ്രവർത്തിക്കുന്ന ക്ലബിന് സാമ്പത്തിക സഹായം വേണം.

വാർഡ് 10ൽ ക്ലബുകളുണ്ടെങ്കിലും ഒന്നിനും സ്ഥലവും കെട്ടിടവും ഇല്ല. ഇടയാറ്റൂർ കേന്ദ്രമാക്കി ഒരു മിനി കമ്മ്യൂണിറ്റി ഹാളും വായനശാലയും വേണം. ഇത് അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രമാക്കി നിർദ്ധനരായ വിദ്യാർത്ഥികളെ സഹായിക്കണം.

11ാം വാർഡിലെ ഗ്രാമീണ വായനശാല വൈക്കോക്ലബ്, ബ്രദേഴ്സ് റിക്രിയേഷൻക്ലബ് എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തനം സംഘടിപ്പിക്കണം.

മാറ്റുവിൻ ചട്ടങ്ങളെ സ്വയം
അല്ലെങ്കിൽ മാറ്റുമതുകളീനിങ്ങളെതാൻ

## വനിത

കേരളത്തിലെ മൊത്തംസ്ത്രീകളുടെ അവസ്ഥയോട് താദാത്മ്യമുള്ള ചരിത്രമാണ് വനിതാരംഗത്ത് പഞ്ചായത്തിനുള്ളത്. എടുത്തു പറയത്തക്ക വനിതാ പ്രവർത്തന ചരിത്രമൊന്നും ഇല്ല.രണ്ടാം വാർഡിൽ പ്രവർത്തിച്ചിരുന്ന ജ്ഞാനോദയം, ആറാം വർഡിലെ പ്രിയദർശിനി, ആലത്തൂർ മഹിളാ സമാജം എന്നിവ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുരുന്നവയാണെതങ്കിലും ഇന്ന് പ്രവർത്തനക്ഷമല്ല. അവയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന തൊഴിൽ സംരംഭങ്ങളുംനിശ്ചലമാണ്.

ഇന്ന് പഞ്ചായത്തിൽ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ വളരെ കുറവാണ്, ടി. കെ. ലീല, കേരള ശാസ്ത്ര സാഹിത്യപരിഷത്ത് സംസ്ഥാനകമ്മറ്റി അംഗമായ കെ. രമ,മഹിളാ സമാജം പ്രവ്വത്തകരായ കെ. കെ. സരോജനി, സാവത്രി രാജൻ എന്നിവരെ മാത്രമാണ് പ്രത്യേകമായി സൂചിപ്പിക്കാനുള്ളു.

പഞ്ചായത്തിൽ മൊത്തം ജനസംഖ്യ 26448 ആണ്.14464 പേർ വനിതകളാണ് ഇത് മൊത്തം ജനസംഖ്യയുടെ 50. 9%മാനം വരും 1000പുരുഷന് 1040 സ്ത്രീകളെന്ന അനുപാതമാണ്. നിലവിലുള്ളത്. ഈ പഞ്ചായത്തിലെ സ്ത്രീ സാക്ഷരത 77.88% മാനമാണ് ആരോഗ്യരംഗത്തുംവിദ്യാഭ്യാസ രംഗത്തും പുരുഷന് തുല്യമായ പങ്കാളിത്തമാണ്.കാണുന്നതെങ്കിലും തൊഴിൽ പങ്കാളിത്ത നിരക്കിൽ വളരെ വിന്നിലാണ്. 24.52%ആണ് സ്ത്രീതൊഴിൽ പങ്കാളിത്ത നിരക്ക് ഓരോ മേഖലയിലേയും തോഴിൽ പങ്കാളിത്തനിരക്ക് താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു

| | ആൺ | പെൺ |
|---|---|---|
| കർഷകർ | 1151 | 135 |
| കർഷക തൊഴിലാളി | 1279 | 988 |
| മൃഗസംരക്ഷണം | 327 | 15 |
| ചെറുകിട വ്യവസായം | 82 | 46 |
| ഗതാഗതം,വാർത്താ വിനിമയം | 357 | 17 |
| വ്യാപാരം | 813 | 54 |
| മറ്റ് തൊഴിൽ മേഖലകർ | 520 | 401 |
| ഭാഗികമായി തൊഴിൽ ചെയ്യുന്നവർ | 445 | 424 |
| തൊഴിലില്ലാത്തവർ | 6642 | 11138 |

75.48%ത്തോളം സ്ത്രീകൾ തൊഴിലില്ലാത്തവരാണ്. ഇതിനുള്ള കാരണം പഠനവിഷയമാക്കേണ്ടതാണ്. തൊഴിലിൽ തന്നെ കൂലിപണിക്കാരാണ് കൂടുതൽ. സ്വന്തമായി കൃഷിയുള്ളവരും വ്യാപാരം നടത്തുന്നവരും വളരെ കുറവാണ്. മെച്ചപ്പെട്ട കൂലി നിരക്ക് സ്ത്രീകളെ കാർഷിക വൃത്തിയിൽനിന്നും കെട്ടിട നിർമ്മാണ തൊഴിലിലേക്ക് ആകർഷിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് ആദ്യകാലത്ത് അന്നമനട ഗവ. എൽ. പി. സ്കൂൾ മാത്രമാണ് ഉണ്ടായിരുന്നത്. അതിനാൽ അക്കാലത്ത് 1, 2, 3 വാർഡുകളിലെ സ്ത്രീകൾക്ക് പ്രാഥമിക വിദ്യാഭ്യാസം പോലും നേടുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. ഇന്ന് വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ മുൻപന്തിയിൽ തന്നെയുണ്ട് കഴിഞ്ഞ മൂന്നു വർഷമായി എസ്.എസ്.എൽ.സിക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി ജയിച്ചത് പെൺകുട്ടികളായിരുന്നു. അദ്ധ്യപകരിലും കൂടുതൽ വനിതകൾ തന്നെ. പഞ്ചായത്തിൽ പെൺകുട്ടികൾക്ക് മാത്രമായി പഠിക്കാവുന്ന വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല. ഒരു വനിതാ വായനശാല ഉണ്ടെങ്കിലും ശരിയായി പ്രവർത്തിക്കുന്നില്ല. മൂന്ന് വനിതാ വ്യവസായ യൂണിറ്റുകൾ ഉണ്ട്.

അഞ്ചാംവാർഡിൽ ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണ യൂണിറ്റിൽ 15 പേരും ഒമ്പതാം വാർഡിലെ മഹാലക്ഷമി കറി പൗഡർ യൂണിറ്റിൽ 12 പേരും മൂന്നാം വാർഡിലെ ലാവണ്യ കയർ യൂണിറ്റിൽ 11 പേരും പണിയെടുക്കുന്നു. ഈ യൂണിറ്റുകൾ എല്ലാം നല്ല രീതിയിൽ നടക്കുന്നുണ്ട്. വിപണരംഗത്ത് മഹാലക്ഷ്മി കറിപൗഡർ യൂണിറ്റിന് ചില്ലറ പ്രശ്നങ്ങൾ ഉള്ളതായി അറിയുന്നു. അന്നമനട മഹിളാ സമാജത്തിനു കീഴിൽ തയ്യൽ പരിശീലന കേന്ദ്രം നടക്കുന്നുണ്ട്. കല്ലുര വ്യസായരംഗത്തും, കളിമൺ വ്യവസായ രംഗത്തും സ്ത്രീകൾക്ക് ഗണ്യമായ തൊഴിലവസരങ്ങൾ നൽകിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. നിലവിലുള്ള സാമൂഹികപശ്ചാത്തലം സ്ത്രീകൾക്ക് സാമൂഹ്യ പ്രവർത്തനങ്ങൾ അസാധ്യമാക്കുന്നു.
2. സ്ത്രീകൾക്ക് ഒരുമിച്ചുകൂടാനും പ്രവർത്തിക്കുവാനും ഉള്ള പൊതുവേദികൾ ഇല്ല.
3. ഗൃഹജോലികളുടെ ആധിക്യം സ്ത്രീകളെ അടുക്കളയിൽ തളച്ചിടുന്നു.
4. സ്ത്രീ പീഡനം സ്ത്രീധനപ്രശ്നങ്ങൾ ഉണ്ടെങ്കിലും അവയൊന്നും റിപ്പോർട്ട് ചെയ്യുന്നില്ല.
5. സ്ത്രീകൾ ധാരാളമായി പണിയെടുക്കുന്ന ഇഷ്ടികക്കളങ്ങളിൽ സ്ത്രീകൾക്ക് മലമൂത്ര വിസർജ്ജനത്തിന് സൗകര്യമില്ല.
6. സ്ത്രീകൾധാരാളമായി പണിടെയുക്കുന്ന ഓട്ടുകമ്പനികളിൽ ഒന്നിൽ പോലും ക്രഷ് സൗകര്യമില്ല.
7. വനിതകൾക്ക് ലഭ്യമായികൊണ്ടിരുക്കുന്ന തൊഴിൽസംരംഭങ്ങളെക്കുറിച്ച് സ്ത്രീകൾക്കിടയിലുള്ള അജ്ഞത.
8. വനിതാ വ്യവസായശാലയുണ്ടെങ്കിലും പ്രവർത്തനം ഫലപ്രദമല്ല.
9. മദ്യപാനത്തിന്റെ ഏറ്റവും വലിയ ദുഷ്യം സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്നു സ്ത്രീപീഡനത്തിനും സ്ത്രീകൾക്കെതിരേയുള്ള ക്രമങ്ങൾക്കും മദ്യപാനം കാരണമാകുന്നു.

സാധ്യതകൾ

1. വാർഡ് തലത്തിൽ ഒരു വനിതാ വ്യവസായ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം. വിപണനത്തിന് പഞ്ചായത്തിന്റെ സഹായവും ആവശ്യമാണ്. വിപണനത്തിനായി ഉപഭോക്യത സഹകരണസംഘങ്ങൾ ഉണ്ടാക്കുക. ആരംഭിക്കാവുന്ന വ്യവസായങ്ങൾ റെഡിമെയിഡ് ഇലക്ട്രോണിക് ചോക്ക്, ബുക്ക് ബൈന്റിങ്ങ് സോപ്പ് നിർമ്മാണം.
2. കാർഷിക മേഖലയിൽ വനിതകളുടെ കൂട്ടുസംരംഭങ്ങൾ ആരംഭിക്കുക. ഉദ്യാനകൃഷി, കൂൺകൃഷി, പച്ചക്കറി കൃഷി. മുതലായവ
3. പഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ അവതരിപ്പക്കുന്നതിന് ജനകീയ ജാഗ്രത സമിതികൾ ലീഗൽസെൽ എന്നിവ ആരംഭിക്കുക
4. മഹിളാ സമാജത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപെടുത്തുകയും പഞ്ചായത്ത് തലത്തിൽ എകോപിപ്പിക്കുകയും വേണം.
5. വ്യജമദ്യപിൽപ്പനതടയുന്നതിന് ജനകീയ സമിതികൾ രൂപീകരിക്കുക
6. സ്ത്രീകൾക്ക് ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസുകൾ നടത്തുക
7. സ്ത്രീകൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ പരിശീലനം നൽകുക
8. സ്ത്രീ പ്രശ്നങ്ങളെ കുറിച്ച് സ്ത്രീകളുടെ നേതൃത്വത്തിൽ പ്രചരണ പരിപാടികൾ നടത്തുക വനിതാ പ്രവർത്തകരുടെ പഞ്ചായത്തുതല കോഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുകയും ഇടപെടുകയും അവർക്ക് ധാർമ്മിക പിൻതുണ നെൽകുകയും ചെയ്യുക.

# സഹകരണ മേഖല

ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ സഹകരണപ്രസ്ഥാനത്തിന് വലിയ പങ്കുണ്ട്. ഗ്രാമ'സ്വരാജി'ൽ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടത് സഹകരണ മേഖലയാണ്. കാർഷിക വ്യാവസായിക നിക്ഷേപങ്ങൾക്ക് ഗ്രാമതലത്തിൽ പണം കണ്ടെത്തുകയെന്നത് ബുദ്ധിമുട്ടാണ്. സഹകരണമേഖല ഈ പോരായ്മ നികത്തുന്നു. മാത്രമല്ല വിഭവസമാഹരണവും ഉറപ്പുവരുന്നു. പ്രാഥമിക ജനകീയ സ്ഥാപനങ്ങളുടെ പട്ടികയിൽപ്പെടുത്താവുന്നതാണ് സഹകരണ സംഘങ്ങൾ.

ഈ പശ്ചാത്തലത്തിൽ സഹകരണ മേഖലയുടെ പ്രാധാന്യം വർദ്ധിക്കുന്നു. നിലവിലുള്ള സഹകരണ പ്രസ്ഥാനങ്ങൾ പരിപോഷിപ്പിക്കപ്പെടുകയും ആവശ്യമായ മേഖലകളിൽ പുതിയവ ഉണ്ടാകുകയും വേണം. രാഷ്ട്രീയ അതിപ്രസരം സഹകരണമേഖലയിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

അന്നമനട പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ വിജയകരമായി നടപ്പിലാക്കാൻ പറ്റിയ പശ്ചാത്തലമാണുള്ളത്.

159-ാം നമ്പർ അന്നമനട സർവ്വീസ് സഹകരണ സംഘമായ പഞ്ചായത്തിലെ പ്രഥമ സഹകരണ സംരംഭം, ഏകദേശം 70 വർഷങ്ങൾക്കപ്പുറം കൊല്ലവർഷം 1101 കന്നിമാസം 11-ാം തിയ്യതിയാണ് പ്രവർത്തനമാരംഭിച്ചത്. യശശ്ശരീരരായ ശ്രീ. T. G. ബാലകൃഷ്ണപ്രഭു. K. B. മുഹമ്മദ് സാഹിബ് എന്നിവരായിരുന്നു ഇതിന്റെ ആരംഭകാല പ്രവർത്തകർ. അതിനുശേഷം ക്രഡിറ്റ്, നോൺ ക്രഡിറ്റ്, വ്യവസായ-ക്ഷീര മേഖലകളിലായി 21 സഹകരണ സംഘങ്ങൾ ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 3 ക്രഡിറ്റ് സംഘങ്ങൾ 5 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ, 2 തീപ്പെട്ടി വ്യവസായ സംഘങ്ങൾ, 2 വനിതാ വ്യവസായ യൂണിറ്റുകൾ, 9 മറ്റു വ്യവസായ സഹകരണ സംഘങ്ങൾ തുടങ്ങിയവയാണ്. ഇതിൽ 4 വ്യവസായ സഹകരണ സംഘങ്ങളും 1 ക്രഡിറ്റ് സംഘവും പട്ടിക ജാതി സംരംഭങ്ങളാണ് എന്നത് എടുത്ത് പറയേണ്ടതുണ്ട്. ഇതിൽ തന്നെ 1 വനിതാ വ്യവസായവും ഒരു സാംബവർ ബാംബൂ കെയിൻ സഹകരണ സംഘവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പട്ടിക ജാതി ക്രഡിറ്റ് സഹകരണ സംഘത്തിന്റെ ക്രഡിറ്റ് സംവിധാനങ്ങൾ നിലവിലില്ല. കുമ്പിടി ആസ്ഥാനമായി ഒരു Aged Welfare Co-op. Society യും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ജനങ്ങൾ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ബോധവാന്മാരാണ്. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സംഘങ്ങളുടെ പൂർണ്ണ വിവരങ്ങൾ ചേർക്കുന്നു.

## ക്രഡിറ്റ് സംഘങ്ങൾ

അന്നമനട സർവ്വീസ് സഹകരണ ബാങ്ക്, വെണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവ ഇവിടുത്തെ സാധാരണക്കാരുടേയും കർഷകരുടേയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടേയും പ്രശ്നങ്ങളിൽ നിരന്തരമായി ഇടപെട്ട് പ്രവർത്തിക്കുന്നു. എങ്കിലും പൂർണ്ണമായും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ഇവർക്കു കഴിയുന്നില്ല. ആരംഭകാലങ്ങളിൽ അന്നമനട സർവ്വീസ് സഹകരണ ബാങ്കിൽ ഉദ്യോഗതലത്തിൽ നടന്ന രണ്ടു പ്രാവശ്യത്തെ പണാപഹരണങ്ങൾ ടി. സ്ഥാപനത്തെ ജനങ്ങളിൽനിന്നും അകറ്റി. വിഭവസമാഹരണത്തിന് ജനങ്ങളുടെ സഹകരണക്കുറവും ഒരു ഘടകമായി. ജില്ലാ സഹകരണ ബാങ്കിനേയും നബാർഡിന്റേയും മാത്രം സഹായത്താൽ മാത്രം ഒരു ക്രഡിറ്റ് സംഘത്തിനും ജനങ്ങളുടെ ആവശ്യ

പേർക്ക് തൊഴിൽ നൽകുന്നു. മൂലധനത്തിന്റെ അഭാവവും കൂലി കുറവായതിനാൽ ജോലിക്കാരെ ലഭിക്കാനുള്ള ബുദ്ധിമുട്ടുമാണ് ഈ രംഗത്തെ പ്രശ്നങ്ങൾ.

ഡി. ഡബ്ല്യു. സി. ആർ. എ., ഐ. ആർ. ഡി. പി.യിൽ പെടുത്തിയിട്ടുള്ള വനിതാ വ്യവസായ യൂണിറ്റ് പ്രശ്നങ്ങൾ ഏറേയുണ്ടെങ്കിലും പ്രവർത്തനക്ഷമമാണ്. മറ്റൊരു യൂണിറ്റായ അലുമിനിയ സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

ഇരിഞ്ഞാലക്കുട ഭൂവികസനബാങ്ക് ഈ പഞ്ചായത്തിലെ കാർഷിക ആവശ്യങ്ങളിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. വീടു വെക്കുന്നതിന് വായ്പ നൽകുന്ന ഇരിഞ്ഞാലക്കുട ആസ്ഥാനമായുള്ള മുകുന്ദപുരം താലൂക്ക് ഹൗസിംഗ് സഹകരണസംഘത്തിന്റെ പ്രവർത്തനവും ഈ പഞ്ചായത്തിൽ നാമമാത്രമായുണ്ട് ഇടത്തരകാർക്കും തൊഴിലാളികൾക്കും ഇവരുടെ പദ്ധതിയിൽ നിന്ന് പ്രയോജനം ലഭിക്കുന്നില്ല. കുറേക്കൂടി ഉദാര വ്യവസ്ഥകളിൽ ഈ രംഗത്തുള്ള പ്രവർത്തനം ഈ പഞ്ചായത്ത് അതിർത്തിയിലെ ജനങ്ങൾക്ക് ഉപകാരപ്രദമാണ്.

## വിവിധ വാർഡുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

ഒന്നാം വാർഡ് ഗ്രാമസഭ ക്ഷീരസഹകരണ സംഘം ആരംഭിക്കണമെന്നും അന്നമനട സർവ്വീസ് സഹകരണബാങ്കിന്റെ ഒരുശാഖ പുഴയുടെ മറുകരയിൽ സ്ഥാപിക്കുവാനും ചെറുകിട വ്യവസായ സഹകരണ സംഘങ്ങളും, വനിതാ വ്യവസായ സഹകരണ സംഘങ്ങളും സ്ഥാപിച്ച് തൊഴിലില്ലായ്മക്ക് പരിഹാരം കാണേണ്ടതാണെന്നും നിർദ്ദേശിച്ചു. നിലവിലുള്ള ക്വാറി തൊഴിലാളി സഹകരണ സംഘവും ഇഷ്ടിക നിർമ്മാണ സഹകരണ സംഘവും പുനർജീവിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

രണ്ടാം വാർഡ് ഗ്രാമസഭ അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തീപ്പെട്ടി കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കാർഷിക വായ്പകൾക്ക് നിലവിലുണ്ടായിരുന്ന പലിശ സബ്സിഡി പുനസ്ഥാപിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

മൂന്നാം വാർഡിൽ പ്രവർത്തന രഹിതമായി കിടക്കുന്ന എണ്ണയാട്ട് സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുകയോ മറ്റേതെങ്കിലും വ്യവസായ സംരംഭം ആരംഭിക്കുകയോ ചെയ്യണമെന്നും വിദേശ മലയാളികളെ സഹകരിപ്പിച്ച് സഹകരണമേഖല ഒരു വ്യവസായം ആരംഭിക്കണമെന്ന് നിർദ്ദേശിച്ചു. ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത നാലാം വാർഡ് ഗ്രാമസഭ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഐ. എർ. ഡി. പി. യുടെ ഡി. ഡബ്ല്യു. സി. ആർ. എ. ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണ യൂണിറ്റ് ഒരെണ്ണം പാലിശ്ശേരിയിൽ ആരംഭിക്കണമെന്നും ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രി അന്നമനട പഞ്ചായത്തിൽ സഹകരണമേഖലയിൽ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചു. കൊപ്രസംസ്കരണ യൂണിറ്റ്, തൊണ്ട് തല്ലൽ യൂണിറ്റ്, പി. വി. സി. പൈപ്പ് നിർമ്മാണ യൂണിറ്റ് എന്നിവ തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുമെന്നും സാധാരണക്കാർക്ക് വീട് വെക്കാൻ വായ്പ ലഭിക്കാവുന്ന ഒരു സംരംഭം പഞ്ചായത്തുതലത്തിൽ ആരംഭിക്കണമെന്നും അഭിപ്രായപ്പെട്ടു.

6ാം വാർഡിലെ ആവശ്യക്കാർക്ക് അന്നമനട സർവ്വീസ് സഹകരണബാങ്കിൽ അംഗത്വവും വായ്പാ സൗകര്യങ്ങളും ഉറപ്പാക്കണം എന്ന് നിർദ്ദേശിച്ചു. കോഴികൃഷിക്കാരുടെ ഒരു സഹകരണ സംഘവും വനിതാ വ്യവസായ സഹകരണസംഘവും വാർഡിൽ ആരംഭിക്കണെ

മെന്ന് നിർദ്ദേശിച്ചു. ക്ഷീരസംഘങ്ങളിൽ ഡോക്ടറുടെ സേവനം ഉറപ്പാക്കണം എന്നും കർഷകസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ആരംഭിക്കണമെന്നും അഭിപ്രായപെട്ടു.

പൂട്ടികിടക്കുന്ന വ്യവസായ യൂണിറ്റ് പുനർജീവിപ്പിക്കണമെന്നും കൊപ്ര സംസ്ക്കരണം കോഴിവളർത്തൽ പനമ്പ്നെയ്ത്ത്, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവ സഹകരണ മേഖലയിൽ ആരംഭിക്കണമെന്നും 7ാം വാർഡ് ഗ്രാമസഭയിൽ ചർച്ചയുണ്ടായി. വെണ്ണൂർ സഹകരണബാങ്കിൽ അതിന്റെ പ്രവർത്തന പരിധിയിൽ വരുന്ന 18 വയസ്സ് പൂർത്തിയായ ആവശ്യക്കാർക്കൊക്കെ അംഗത്വം ലഭിക്കേണ്ടതാണെന്നും 8ാം വാർഡ് ഗ്രാമസഭയിൽ അഭിപ്രായമുണ്ടായി. കീഴഡൂരിൽ വെണ്ണൂർ സഹകരണ ബാങ്കിന്റെ ഒരു ശാഖ ആരംഭിക്കണമെന്നും കാർഷിക സംഭരണ വിപണന സംസ്ക്കരണ യൂണിറ്റുകൾ സഹകരണാശുപത്രി എന്നിവ ആരംഭിക്കണമെന്നും നിർദ്ദേശിച്ചു.

ഒമ്പതാം വാർഡിൽ നിലവിലുള്ള അലുമിനിയ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും വാർഡിലെ മറ്റു വ്യവസായ യൂണിറ്റുകൾക്ക് മൂലധനവും സാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കണമെന്നും അഭിപ്രായപ്പെട്ടു. വെണ്ണൂചിറയും ചിറയംചാലും കെട്ടി സംരക്ഷിച്ച് മത്സ്യകൃഷിക്ക് ഉപയുക്തമാക്കണമെന്ന് മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളും കൂട്ടുകൃഷി സഹകരണ സംഘങ്ങളും ആരംഭിക്കാനും നിർദ്ദേശിച്ചു.

ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ വഴി തൊഴുത്ത് കറവുമാട് എന്നിവക്കുള്ള വായ്പ ലഭ്യമാക്കണമെന്നും ഗ്രൂപ്പ് ഫാമിംഗ് വഴി പവർടില്ലർ പ്രവർത്തിപ്പിക്കുവാനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും 10ാംവാർഡ് ഗ്രാമസഭ നിർദ്ദേശിച്ചു.

വെണ്ണൂർ സഹകരണ ബാങ്കിൽ അർഹരായ എല്ലാവർക്കും അംഗത്വവും വായ്പയും ലഭ്യമാക്കേണ്ടതാണെന്ന് പഞ്ചായത്ത് തലത്തിൽ തൊഴിൽ രഹിതരെ സങ്കടിപ്പിച്ച് വ്യവസായ സഹകരണസംരംഭങ്ങൾ ആരംഭിക്കേണ്ടതാണെന്ന് 11ാം ഗ്രാമസഭ നിർദ്ദേശിച്ചു.

### സഹകരണ രംഗത്തെ പൊതുവായപ്രശ്നങ്ങൾ

1. കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം
2. അനാവശ്യമായ ചിലവുകൾ
3. ഡിപ്പാർട്ടുമെന്റിന്റേയും ജില്ലാ സഹകരണ ബാങ്കിന്റെയും മേധാവിത്വം.
4. മാനേജുമെന്റിന്റെ ദീർഘവീക്ഷണം ഇല്ലായ്മ
5. അഴിമതി, സ്വജനപക്ഷപാതം
6. ജീവനക്കാരുടേയും സഹകാരികളുടേയും സഹകരണകുറവ്
7. പുതിയ പ്രവർത്തന രംഗത്തേക്ക് പ്രവേശിക്കാനുള്ള ഭയം
8. ബാങ്കിങ്ങ് ഇടപാടുകളിൽ കൃത്യനിഷ്ട പാലിക്കായ്ക.
9. നിസ്വാർത്ഥരും സത്യസന്ധരുമായ പ്രവർത്തകരുടെ അഭാവം

### പൊതു നിർദ്ദേശങ്ങൾ.

1. പുതിയ സഹകരണസംഘങ്ങൾ ആരംഭിക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ച് കാര്യക്ഷമമാക്കുകയും ചെയ്യുക.
2. മാനേജുമെന്റിനും തൊഴിലാളികൾക്കും പ്രത്യേക പഠന ക്ലാസുകൾ സംഘടിപ്പിക്കുക.

3. സോഷ്യോ ഓഡിറ്റിങ്ങ് ഏർപ്പെടുത്തുക
4. വനിതകളുടെ പ്രാധിനിധ്യം ഉറപ്പാക്കുക
5. പഞ്ചായത്ത് വികസന പദ്ധതികളുമായി ബന്ധപ്പെടുത്തി മാർക്കറ്റിങ്ങ് സംഘങ്ങൾ ആരംഭിക്കുക
6. ജനറൽ ബോഡികളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുക
7. ക്രെഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുക.
8. പാഴ്ചിലവ് ഒഴിവാക്കുക

ഒത്തൊരുമിച്ചാൽ മലയും പോരും

ജനകീയാസൂത്രണം ജനനന്മയ്ക്ക്

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമവും സാമൂഹ്യക്ഷേമവും

കഴിഞ്ഞ ഒരു പതിറ്റാണ്ടുകാലത്തിലേറെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ഒരു സമൂഹമാണ്. ഇന്ത്യയിലെന്ന പോലെ കേരളത്തിലെയും പട്ടികജാതി പട്ടികവർഗ്ഗം എന്നറിയപെടുന്ന ഹരിജനങ്ങൾ തൊട്ടുകൂടായ്മ തീണ്ടികൂടായ്മ എന്നിവയുടെ തിക്ത ഫലങ്ങൾ ആവശ്യത്തിലേറെ അനുഭവിച്ചവരാണ്. കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർ എന്തിനേറെ പട്ടിക്കും , പൂച്ചക്കും കയറാവുന്നിടത്തടക്കം നിഷിദ്ധമായിരുന്നു. പൊതുകിണറിൽ നിന്നും വെള്ളം കുടിക്കാൻ, പൊതുവഴിയിലൂടെയുള്ള യാത്ര അമ്പലത്തിൽ പോയി പ്രർത്ഥിക്കാൻ ചായകടയിൽ കയറി ഭക്ഷണം കഴിക്കുക തുടങ്ങിയവയെല്ലാം ഹരിജനങ്ങൾക്ക് നിഷിദ്ധവും കുറ്റകരവുമായിരുന്നു. ചണ്ഡാലൻ വിദ്യ അഭ്യസിച്ചാൽ അവന്റെ നാവ് അറുക്കാൻ പോലും നമ്മുടെ രാജ്യത്തു നിയമമുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഈ വിഭാഗത്തിലെ സ്ത്രീകൾക്ക് മാറ് മറക്കാനുള്ള അവകാശവും നിഷേധിക്കപ്പെട്ടിരുന്നു. ഇത്തരം പ്രശ്നങ്ങൾ അന്നമനട പഞ്ചായത്തിലും രൂക്ഷമായി നിലനിന്നിരുന്നു.

**പൊതു സ്ഥിതി വിവരകണക്കുകൾ**

പഞ്ചായത്തിൽ 11 വാർഡുകളിലായി 8ലക്ഷംവീടു കോളനികൾ ഉണ്ട്. ആയതിൽ 144 പട്ടികജാതി കുടുബങ്ങളും 42 മറ്റു പാവപ്പെട്ട കുടുംബങ്ങളും താമസിക്കുന്നു. പഞ്ചായത്തിൽ 3 IHDP കോളനികൾ ഉണ്ട്. 3 കോളനികളിലുമായി 215 വീടുകൾ ഉണ്ട്.

മൊത്തം പഞ്ചായത്തിൽ 730 പട്ടികജാതി കുടുംബങ്ങൾ ഉള്ളതായി കണക്കാക്കുന്നു. പട്ടിക വർഗ്ഗക്കാരും ഗിരിജനങ്ങളും പഞ്ചായത്തിൽ ഇല്ല. മേൽ പറഞ്ഞ 730 കുടുബങ്ങളിൽ തന്നെ ഒന്നിലധികം അടുക്കളകളോടെ രണ്ടായി താമസിക്കുന്ന 100 കുടുബമെങ്കിലും മേൽപറഞ്ഞ വീടുകളിൽ തന്നെ താമസിക്കുന്നുണ്ട് അവരെ പുനരധിവസിപ്പിക്കാൻ പദ്ധതി ഉണ്ടാക്കണം..

**വാർഡുതിരിച്ചുള്ള പട്ടികജാതി കുടുംബങ്ങളുടെ കണക്ക്**

| വാർഡ് നമ്പർ | മൊത്തം വീടുകൾ | കോൾക്രീറ്റ് വീടുകൾ | ഓട് മേഞ്ഞവ | ഓലക്കുടിൽ |
|---|---|---|---|---|
| 1 | 60 | 6 | 30 | 24 |
| 2 | 75 | 6 | 40 | 29 |
| 3 | 63 | 8 | 29 | 26 |
| 4 | 10 | 2 | 6 | 2 |
| 5 | 50 | 4 | 30 | 16 |
| 6 | 45 | 1 | 27 | 17 |
| 7 | 60 | 1 | 42 | 17 |
| 8 | 55 | 2 | 27 | 16 |
| 9 | 123 | 8 | 66 | 49 |
| 10 | 132 | 5 | 75 | 52 |
| 11 | 57 | 6 | 38 | 15 |
| ആകെ | 730 | 49 | 408 | 273 |

കണ്ടെത്തി വഴിയുണ്ടാക്കണം.

ടാർചെയ്യേണ്ട റോഡുകൾ

- കോളനി - വഴമ്പനക്കാവ് റോഡ്
- നെടുംകുന്ന് ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ്
- വാർഡ് 8ലെ ശ്മശാനം റോഡ്
- കല്ലൂർചന്ത— കനാൽറോഡ്
- മേലഡൂർ, 4 സെന്റ് കോളനികളുലേക്കുള്ള റോഡുകൾ
- ആലത്തൂർ പ്രദേശത്ത് പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണസംഘത്തിൽ എല്ലാ പട്ടികജാതിക്കാർക്കും മെമ്പർ ഷിപ്പ് ഉറപ്പുവരുത്തുക

പൊതുസാമൂഹ്യാവശ്യങ്ങൾ

എല്ലാ വാർഡുകളിലും സഹകരണാടിസ്ഥാനത്തിൽ കുടിൽ വ്യവസായങ്ങൾ (കുട്ട, മുറം, പായ്, നെയ്ത്ത് മാലനിർമ്മാണം, ചോക്ക് നിർമ്മാണം, മെഴുകുതിരി, സോപ്പ് എന്നിവ) തുടങ്ങണമെന്നു എല്ലാവാർഡിൽ നിന്നും പൊതുവായി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

പൊതുസ്മശാന പ്രശ്നം എല്ലാവാർഡിൽ നിന്നും നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്,

സാംസ്കാരിക നിലയങ്ങൾ എല്ലാ വാർഡിലും ആവശ്യപ്പെട്ടിട്ടുണ്ട്

ഹരിജനങ്ങൾ കൂടുതൽ താമസിക്കുന്നിടത്തേക്ക് റോഡുകൾ വേണമെന്ന ആവശ്യം

പട്ടികജാതിക്കാരുടെ വീടുകളിൽ വെള്ളവും വെളിച്ചവും ഉറപ്പാക്കുക

സക്ഷരതാ പ്രവ2ത്തനം തുടർവിദ്യാഭ്യാസ് എന്നിവ വേണം

സാമ്പത്തിക ഉന്നമനനാണ് സാമൂഹ്യ പദവിയുടെ ആണിക്കല്ല്. 10% സംവരമതത് എല്ലാതൊഴിൽ രംഗത്തും മറ്റുരംഗങ്ങളിലും നടപ്പാക്കണം.

ഹരിജനങ്ങൾക്ക് വീടിനു ലഭിക്കുന്ന ഗ്രാന്റ് തുക വർധിപ്പിക്കണം.

തെങ്ങ് കയറ്റ തൊഴിലാളികൾക്ക് പഞ്ചായത്ത് തലത്തിൽ സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്തണം

കാർഷിക രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളെ ഉൾകൊള്ളിച്ച് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നയപ്പിലാക്കുക

ഹരിജൻ കോർപ്പറേഷൻ വഴി നടപ്പാക്കുന ഭൂമി വാങ്ങുന്നതിനുള്ള ലോൺ വൈദ്ധിപ്പിച്ച് അർഹതപ്പെട്ട മുഴുവൻ പേർക്കും നൽകണം

ഹരിജൻ കോർപ്പറേഷൻ കമ്മിറ്റികളിൽ പഞ്ചായത്തു തലത്തിൽ പ്രാധിനിത്യം ഉണ്ടാകണം

വിദ്യാഭ്യാസത്തിനു നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കണം

ഹരിജൻ വിദ്യാർത്ഥികർക്ക് പ്രത്യേക ട്യൂഷൻ നൽകാൻ കഴിയണം

കേരളത്തിലെയും മന്നുടെ പഞ്ചായത്തിലെയും പട്ടികജാതിക്കാരെ സാമ്പത്തികമായും സാമൂഹ്യമായും ഉദ്ധരിക്കുന്നതിന് മേൻപറഞ്ഞ കാര്യങ്ങൾ ചെയ്യുമ്പോൾ തന്നെ നൂറ്റാണ്ടുകളായി അവന്റെ മനസിലുള്ള അപകർഷതാബോധം മാറ്റിയെടുക്കാൻ കൂട്ടായ സഹവർത്തിത്വം അനിവാര്യഘടകമാണ്. രാഷ്ട്രിയ, കലാകായികർഗത്തും ശോഭിക്കുന്ന പട്ടകജാതിക്കാരുടെ എണ്ണവും തുഛമാണ്. ായതിനെല്ലാം നാനാവിഭാഗം ജനങ്ങളുടേയും ജനകീയ പ്രസ്ഥാനങ്ങളുടേയും പ്രോൽസാഹനം പ്രധാന ഘടകങ്ങളാണ്.

# വിഭവസമാഹരണം

അന്നമനട പഞ്ചായത്തിന്റെ ഒമ്പതാം പദ്ധതിക്കുവേണ്ടിയുള്ള വിഭവസമാഹകരത്തെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ അതു മുഴുവൻ ജനങ്ങളുടേയും വിഭവശേഷിയെ കോർത്തിണക്കുയിട്ടുള്ള ഓരു ചരിത്രം ആയിരിക്കണം. പഞ്ചായത്തിന്റെ വിഭവസമാഹരണത്തിന് പരമ്പരാഗത സ്രോതസ്സുകളെ മാത്രം ആശ്രയിക്കാതെ പ്രദേശികമായ ഇടപെടുലുകളിലൂടെ വികസനം പൂർത്തിരിക്കുന്ന ഒരു ജനകീയ ശൈലി രൂപപ്പെടുത്തേണ്ടതുണ്ട്


വിഭവ സമാഹരണ സാധ്യതൾ

1. കെട്ടിടനികുതി ശാസ്ത്രീയമായി പുനർനിർണയിക്കണം. ആഡംഭരപൂർണ്ണമായ കെട്ടിടങ്ങൾക്ക് ആനുപാതികമായ നികുതി വർദ്ധനവ് ഉണ്ടാക്കണം
2. പ്രകൃതി വിഭവങ്ങൾക്ക് മൈനിംഗ് സെസ്സും, ഇഷ്ടിക കളങ്ങൾക്ക് പ്രത്യേഗമായി ലൈസൻസ് ഫീസും ഏർപ്പെടുത്തണം
3. പ്രധാന വിഭവ നിക്ഷേപങ്ങളിലൊന്നായ മാമ്പ്രപാറ റപന്ന്യൂ വകുപ്പിൽ നിന്നും പഞ്ചായത്തിന് വിട്ടുകിട്ടണം
4. പഞ്ചായത്ത് പുറംപോക്ക് കുളങ്ങൾ കെട്ടി സംരക്ഷിച് മത്സ്യബന്ധനം നടത്തി ലേലം ചെയ്യാവുന്നതാണ്.
5. വിദേശമലയാളികളിൽ നിന്ന് ലഭ്യമാകുന്ന പണം പഞ്ചായത്ത് ഇടപ്പെട്ട് ഉൽപാദനമേഖലകളിൽ നിക്ഷേപിക്കാൻ വേണ്ട പദ്ധതി ഉണ്ടാക്കണം. ഇതിനായി പഞ്ചായത്ത് അതിർത്തിയിലുള്ള ബാങ്കുകളിലെ എൻ. ആർ. ഐ. എക്കൗണ്ടുകളുടെ മുഴുവൻ വിവരങ്ങളും ശേഖരിക്കണം.
6. മഹിളാ പ്രധാൻ ഏജന്റുമാരെ പഞ്ചായത്തിന്റെ വിഭവ സമാഹരണശ്രമത്തിൽ ഉൾപ്പെടുത്തണം.ദേശീയസമ്പാദ്യപദ്ധതിയിൽ വിഹിതം ശാസ്തിയമായി ഉപയോഗപെടുത്തണം.മുഴുവൻ സാധ്യതകളും വിനിയോഗിക്കണം.
7. നിർദ്ധിഷ്ട ബസ്സ്റ്റാന്റിനോട് ചേർന്ന് ഷോപ്പിംഗ് കോപ്ലക്സ് പണിത് വരുമാനം വർദ്ധിപ്പിക്കണം
8. മാനവശേഷിയും പ്രകൃതി സമ്പത്തും പരമാവധി ഉപയോഗപ്പെടുത്തണം. അന്നമനട ക്ഷേത്രത്തിലെ ശിവരാത്രി ഉത്സവാഘോഷത്തോടനുബന്ധിച്ച് വിപുലമായ എക്സിബിഷൻ സംഘടിപ്പിക്കണം. കലാപരിപാടികളും പ്രചീന കലയുടെ അവതരണവും ഇതിനോടൊപ്പം നടത്താം
9. കരിക്കാട്ട്ചാൽ ഉപയോഗപ്പെടുത്തി ഗവ: സഹായത്തോടെ പൊയ്യ പഞ്ചായത്തിലുള്ള മാതൃകയിൽ മത്സ്യഫാം നടത്താം സംസ്ഥാന കേന്ദ്ര ഗവൺമെന്റുകളുടെ സഹായം ഇതിന് ലഭ്യമാക്കാം
10. പുറംപോക്കു ഭൂമികൾ അളന്ന് തിട്ടപെടുത്തി നിയന്ത്രണത്തിലാക്കി പാട്ടത്തിനു കൊടുക്കാവുന്നതാണ്.
11. മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസ് നിർബന്ധമാക്കണം.
12. പഞ്ചായത്തിൽ ഒരു റസ്റ്റ്ഹൗസ് നിർമ്മിക്കാവുന്നതാണ്. സംസ്ഥാന ഏജൻസികളുടെ സഹായം തേടാവുന്നതാണ്.








കുഴൂര് ഗ്രാമപഞ്ചായത്ത്

# കുഴൂർ ഗ്രാമപഞ്ചായത്ത്
## വികസനറിപ്പോർട്ട്
## 1996

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

അധികാരം ജനങ്ങളിലേക്ക്

കുഴൂർ ഗ്രാമപഞ്ചായത്ത്

# ഉള്ളടക്കം



1. കുഴൂർ ഗ്രാമപഞ്ചായത്തിന്റെ മാപ്പ്
2. ഇതുവരെയുള്ള പ്രസിഡന്റുമാർ
3. പഞ്ചായത്തിന്റെ പൊതുവിവരണം
4. ഭരണസമിതി അംഗങ്ങൾ
5. ആമുഖം
6. പഠനപര്യടനം
7. ചരിത്രം
8. വിദ്യാഭ്യാസം
9. കുടിവെള്ളം, ആരോഗ്യം, പരിസരശുചിത്വം

വിഭവസമാഹരണം.


10. വ്യവസായം
11. സഹകരണമേഖല
12. സാമൂഹ്യക്ഷേമം
13. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
14. കൃഷി, ജലസേചനം
15. മൃഗസംരക്ഷണം
16. സംസ്ക്കാരം
17. റോഡുകൾ
18. ഊർജ്ജം
19. പാർപ്പിടം
20. മത്സ്യമേഖല
21. വനിത
22. ഉപസംഹാരം


245

ജില്ല: തൃശ്ശൂർ
ബ്ലോക്ക്: മാള
ഗ്രാമപഞ്ചായത്ത്: കുഴൂർ



# പഠനപര്യടനം.



മാള
പഠനയാത്ര-1
പഠനയാത്ര-2
പഠനയാത്ര-3
III
II
I
IV
IX
V
VIII
VI
VII
പൊയ്യ
പുത്തൻ വേലിക്കര
അന്നമനട.
പാറക്കടവ്
എറണാകുളം ജില്ല

# ഇതുവരെയുള്ള പ്രസിഡന്റുമാർ

1. നെല്ലിക്കായിൽ നാരായണമേനോൻ
2. കെ.ഗോപാലകൃഷ്ണമേനോൻ
3. ടി.ഐ.പത്മനാഭമേനോൻ (ഉണ്ണിമാസ്റ്റർ)
4. പി.കെ.രാഘവൻനായർ
5. എ.ഒ.വർഗ്ഗീസ് മാസ്റ്റർ
6. ജോസ് ഐനിക്കൽ



പി.എ.അബ്ദുൾകരിം
(പ്രസിഡന്റ്, കുഴൂർഗ്രാമപഞ്ചായത്ത്)



പി.ശാന്തകുമാരി
വൈ.പ്രസിഡന്റ്



എം.എ.ജോജൊ
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ



എം.ആർ.അപ്പുക്കുട്ടൻ
മെമ്പർ



കെ.പി.തങ്കപ്പൻ
മെമ്പർ



വി.ഒ.ലിസ്സി
മെമ്പർ




പി.ജെ.ജോയ്
മെമ്പർ



മേരി ജോൺസൺ
മെമ്പർ



എ.എൻ.രവിനമ്പൂതിരി
മെമ്പർ



# കുഴൂർ ഗ്രാമപഞ്ചായത്ത്
## വികസനസെമിനാർ 1996

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കുഴൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | 1) തിരുമുക്കുളം<br>2) കാക്കുളിശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | മാള ബ്ലോക്ക്പഞ്ചായത്ത് |
| ബ്ലോക്ക്പഞ്ചായത്ത് ഡിവിഷൻ | : | 1) കുഴൂർ (പട്ടികജാതിസംവരണം)<br>2) ഐരാണിക്കുളം (വനിത സംവരണം) |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | മാള |
| താലൂക്ക് | : | മുകുന്ദപുരം |
| അസംബ്ലിമണ്ഡലം | : | മാള |
| പാർലിമെന്റ് മണ്ഡലം | : | മുകുന്ദപുരം |
| വിസ്തീർണ്ണം | : | 19.11 ച.കി.മി. |
| അതിരുകൾ | : | വടക്ക് : മാള പഞ്ചായത്ത്, അന്നമനട പഞ്ചായത്ത്<br>പടിഞ്ഞാറ്: പൊയ്യപഞ്ചായത്ത്, പുത്തൻവേലിക്കര പഞ്ചായത്ത്<br>തെക്ക് : ചാലക്കുടി പുഴ<br>കിഴക്ക് : അന്നമനട പഞ്ചായത്ത്, പാറക്കടവ് പഞ്ചായത്ത് |
| ജനസംഖ്യ | : | 18569 (1991) |
| വാർഡുകൾ | : | 9 |
| പ്രസിഡന്റ് | : | ശ്രീ.പി.എ.അബ്ദുൾകരിം |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി.പി.ശാന്തകുമാരി |

# പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| ക്രമനമ്പർ | വാർഡ് നമ്പർ | പേര് |
|---|---|---|
| 1. | 8 | **പി.എ.അബ്ദുൾകരിം** (പ്രസിഡന്റ്) |
| 2. | 2 | **പി.ശാന്തകുമാരി** (വൈസ് പ്രസിഡന്റ്) |
| 3. | 6 | **എം.എ.ജോജോ** (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ) |
| 4. | 1 | **എം.ആർ.അപ്പുക്കുട്ടൻ** |
| 5. | 3 | **കെ.പി.തങ്കപ്പൻ** |
| 6. | 4 | **വി.ഒ.ലിസ്സി** |
| 7. | 5 | **പി.ജെ.ജോയ്** |
| 8. | 7 | **മേരി ജോൺസൺ** |
| 9. | 9 | **എ.എൻ.രവിനമ്പൂതിരി** |

# കുഴൂർ ഗ്രാമപ്പഞ്ചായത്ത്
# വികസന റിപ്പോർട്ട്.

## ആമുഖം

ഒരു ജനതയുടെ സമഗ്രമായ പുരോഗതിയാണ് വികസനം. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും നിരന്തരവുമായ പുരോഗതിയാണിതിലൂടെ ലക്ഷ്യമിടുന്നത്. ആഹാരം, വസ്ത്രം, പാർപ്പിടം മുതലായ പ്രാഥമികാവശ്യങ്ങൾ ഇതിന്റെ ആദ്യഘടകങ്ങളാണ്. കാർഷിക, വ്യവസായ, സേവന മേഖലകളുടെ ദ്രുതഗതിയിലുള്ള വർദ്ധന ഇതിനാവശ്യമാണ്. സാമ്പത്തികമായ താല്കാലിക വർദ്ധനവല്ല ഇതിലൂടെ ലക്ഷ്യമിടുന്നത്. സ്ഥിരവും നിരന്തരവുമായ വർദ്ധനവിന് ശ്രമിക്കുന്നതോടൊപ്പം ഗുണപരമായ അവസ്ഥ നിലനിറുത്തിക്കൊണ്ടും കൂടിയായിരിക്കണമത്. ഈ ഒരു സമീപനം വികസനത്തിന്റെ രംഗത്ത് കൈക്കൊണ്ടാലേ രാജ്യം പുരോഗതിയിലേക്ക് നീങ്ങൂ.

വികസനത്തിന്റെ അടിക്കല്ല് ആസൂത്രണത്തിലാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തിലെ പ്രശ്നങ്ങളെ ക്രമമായി വർഗീകരിച്ചുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ വികസന പ്രക്രിയകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നു. അതിനുശേഷം സാധ്യമായ വിഭവങ്ങൾ നീക്കിവെക്കുകയുമാണ്. ഒരു പദ്ധതി രൂപപ്പെടുത്തുമ്പോൾ അതിന്റെ ഗുണഭോക്താക്കൾക്കുണ്ടാകാൻ പോകുന്ന നേട്ടങ്ങളെക്കുറിച്ച് മുൻകൂട്ടി വിലയിരുത്തണം. ചുറ്റുപാടുകളെക്കുറച്ചും അവിടുത്തെ സാഹചര്യങ്ങളെക്കുറിച്ചും വ്യക്തമായ ധാരണകളില്ലാതെ പദ്ധതി തയ്യാറാക്കിയാൽ ചെലവാക്കുന്ന തുക പാഴിലായിപ്പോയേക്കാം. മാത്രമല്ല ചിലപ്പോൾ പ്രസ്തുത പദ്ധതി ഒരു ശാപവുമായി ആ പ്രദേശത്തിന് അനുഭവപ്പെട്ടേക്കാം. അതിനാൽ ഏതു പ്രദേശത്തേക്കാണോ പദ്ധതി തയ്യാറാക്കേണ്ടത് ആ നാട്ടിലെ എല്ലാ വസ്തുതകളും കൃത്യമായി നേരിട്ടറിഞ്ഞിരിക്കണം. വികസനം ഒരിക്കലും ഭാവനാസൃഷ്ടിയല്ല. കേന്ദ്രീകൃതമായ ആസൂത്രണത്തിന്റെ എല്ലാ വൈകല്യങ്ങളും കഴിഞ്ഞ എട്ടു പദ്ധതികളിലൂടെ മൂർത്തരൂപത്തിൽ നമ്മുടെ മുൻപിലുണ്ട്. കഴിഞ്ഞവയുടെ നേട്ടങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പോരായ്മകൾ പരിഹരിക്കലാണ് ജനകീയാസൂത്രണത്തിന്റെ ചരിത്ര നിയോഗം.

ജനകീയം എന്നു നിർവചിക്കുമ്പോൾ ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ നിർദ്ദേശിക്കുന്നു. പ്രശ്നങ്ങളും സാധ്യതകളും ഉൾക്കൊണ്ടുകൊണ്ട് പരിഹാരനിർദ്ദേശങ്ങളും ജനങ്ങളിൽനിന്നു വരുന്നു. അനുഭവങ്ങളുടെ ദാർഢ്യം കൊണ്ട് അവ സമ്പന്നമായിരിക്കുമെങ്കിലും ശാസ്ത്രീയത ഒരു പക്ഷേ കുറവായിരിക്കും. സാങ്കേതികമായ വൈദഗ്ദ്യം അവർക്കു നൽകാനാവുമെങ്കിൽ ശാസ്ത്രീയമായ ഒരു ആസൂത്രണ പ്രക്രിയക്ക് നമുക്കിവിടെ ജീവൻ നൽകാനാവും. അങ്ങനെയൊരു സംസ്കാരം രൂപപ്പെടുമ്പോഴേ വികേന്ദ്രീകൃതമായ ആസൂത്രണത്തിന്റെ ലക്ഷ്യത്തിലേക്ക് നമുക്ക് ഇറങ്ങിച്ചെല്ലാനാവൂ.

അര നൂറ്റാണ്ടു മുൻപ് നിലനിന്നിരുന്ന ഗ്രാമസൗഭഗം ചോർന്നുപോയിരിക്കുന്നു. കേരളീയത ചോദ്യം ചെയ്യപ്പെട്ടുകഴിഞ്ഞു. പകരം ഒരു തരം കമ്പോളവല്കരണം നമ്മെ അടിമുടി വിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു. ഉല്പന്നങ്ങളുടെ മൂല്യമല്ല ലാഭമാണ് ലക്ഷ്യം. ലാഭാധിഷ്ഠിതമായ ഒരു സമൂഹത്തിൽ കുടുംബബന്ധങ്ങൾ പോലും ശിഥിലമായിക്കഴിഞ്ഞിരിക്കുന്നു. മാധ്യമങ്ങൾപോലും ചൂഷണോപാധികളായി മനുഷ്യനുചുറ്റും നിൽക്കുന്നു. ഗ്രാമീണർ പോലും ഇത്തരത്തിലുള്ള വ്യാപകമായ പ്രേരണകൾക്കു വശംവദരാണ്. തങ്ങൾക്ക് ഉല്പാദിപ്പിക്കാൻ കഴിയുന്ന സാധനങ്ങൾ പോലും കമ്പോളത്തിൽനിന്നു വാങ്ങാൻ കഴിയുമോ എന്നാണ് ഭൂരിപക്ഷം പേരുടേയും നോട്ടം. സ്വകാര്യവ്യക്തികൾക്ക് ലാഭം മാത്രമേ ലക്ഷ്യമായിട്ടുള്ളൂ. സാമൂഹികമായ കാഴ്ചപ്പാട് അക്കൂട്ടർക്ക് അന്യമായിരിക്കും. അസന്തുലിതമായ ഈ കാഴ്ചപ്പാട് അസമത്വത്തെ വർദ്ധിപ്പിക്കുകയും ദാരിദ്ര്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. വിഭവങ്ങൾ അനാവശ്യമായി വിനിയോഗിക്കപ്പെടുകയും

252

കാര്യക്ഷമതയില്ലായ്മ രൂക്ഷമാകുകയും ചെയ്യും. ഇക്കാര്യത്തിൽ സ്ഥായിയായതും നീതി പൂർവ്വകവുമായ സാമ്പത്തികവളർച്ചയാണ്. അതിന് ആസൂത്രണം അനിവാര്യമായ ഒരു ഘടകമാണ്.

സ്വതന്ത്ര ഇന്ത്യയിൽ നടപ്പാക്കിയ പഞ്ചവത്സര പദ്ധതികൾ ഒരളവോളം വികസനത്തെ സഹായിച്ചിട്ടുണ്ട്. എട്ടു പഞ്ചവത്സര പദ്ധതികൾ ഇതുവരെ കഴിഞ്ഞു. ഇക്കാലയളവിൽ ചെലവഴിച്ച സംഖ്യയിൽ മുപ്പതു ശതമാനം പോലും ജനങ്ങൾക്ക് പ്രയോജനപ്പെട്ടില്ലെന്ന ദുഖസത്യം കേന്ദ്രീകൃത വികസനത്തിന്റെ ദയനീയത നമ്മെ ബോധ്യപ്പെടുത്തുന്നു. കേന്ദ്രഗവണ്മെന്റിന്റെ കണക്കുകൾ തന്നെ ഇക്കാര്യത്തിൽ നമ്മുടെ മുൻപിലുണ്ട്. കേന്ദ്രവിഹിതത്തിന്റെ പതിനഞ്ചു ശതമാനവും സംസ്ഥാനവിഹിതത്തിന്റെ മുപ്പത്തിയഞ്ചു ശതമാനവുമാണ് ചെലവഴിച്ചപ്പോൾ ജനങ്ങൾക്ക് ഉപകാരപ്പെട്ടുള്ളു. ജനങ്ങൾ വെറും കാഴ്ചക്കാരായിരുന്നു. അതിന്റെ ന്യൂനത കഴിഞ്ഞ കാലങ്ങളിലെല്ലാം അനുഭവപ്പെട്ടു. കാരണം അന്വേഷിക്കുമ്പോൾ വ്യക്തമാകുന്നൊന്നുണ്ട്. ഓരോ വകുപ്പും വാട്ടർ ടൈറ്റ് കമ്പാർട്ടുമെന്റുകളായാണ് പ്രവർത്തിക്കുന്നത്. വിഭവസമാഹരണത്തിന്റെ പരിധികൾ മനസ്സിലാക്കാതെ ഓരോ വകുപ്പും പദ്ധതികൾ തയ്യാറാക്കുകയും ഒന്നും പൂർത്തിയാകാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു. ഇതിനെല്ലാം പരിഹാരമുണ്ടാകേണ്ടിയിരിക്കുന്നു. അതിന് വികേന്ദ്രീകൃത ആസൂത്രണം മാത്രമേ പോംവഴിയായുള്ളു.

നമ്മുടെ ഗ്രാമത്തിൽ വികേന്ദ്രീകൃത ആസൂത്രണം എങ്ങനെയെല്ലാം നടത്താമെന്ന് നാം ആലോചിക്കേണ്ടിയിരിക്കുന്നു. ഭൂമിയുടെ ഘടന, അതിന്റെ ഉപയോഗം, ജനങ്ങളുടെ ആവശ്യങ്ങൾ ഇവ കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ നമ്മൾ നമ്മുടെ പഞ്ചായത്തിലിരുന്നുകൊണ്ട് ഒരു പരിപാടി തയ്യാറാക്കുമ്പോൾ അതു മുൻപോട്ടു കൊണ്ടുപോകാനുള്ള ബാധ്യതയും നമുക്ക് വന്നു ചേരും. ആ ഉത്തരവാദിത്വം കൂട്ടായ്മയിലേക്കും അതു വഴി പരിപാടിയുടെ നടത്തിപ്പിലേക്കും ഗതിവേഗം വർദ്ധിപ്പിക്കും. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങൾ പരിശോധിക്കുമ്പോൾ, ജനങ്ങൾക്ക് കാര്യം പറയാൻ ഒരു വേദി ഉണ്ടായിരിക്കുന്നു എന്ന തോന്നൽ ഉളവാക്കിയിട്ടുണ്ട്.

ജനങ്ങളുടെ താല്പര്യങ്ങൾ അവരുടെ നിർദ്ദേശങ്ങളിലൂടെ പരിഹരിക്കാൻ ശ്രമിക്കുമ്പോൾ മുൻപെല്ലാം പഴിച്ചിരുന്നതുപോലെ മറ്റൊരാളെ നമുക്ക് കണ്ടെത്താൻ കഴിയില്ല. വിധിക്കാനും വിധി വാങ്ങാനും നാം തന്നെ ഉണ്ടാവുകയുള്ളു. നമ്മുടെ പ്രശ്നങ്ങൾ നമുക്ക് മുൻകൈയ്യെടുത്ത് തീർക്കാനാവുമോ എന്നു നോക്കാം. നാം പദ്ധതികൾ നിർദ്ദേശിക്കുമ്പോൾ വിവിധ മേഖലകളുടെ പരസ്പര ബന്ധം നമുക്ക് ബോധ്യപ്പെടും. ആ മേഖലകളെ അടുപ്പിച്ചു നിറുത്തിക്കൊണ്ട് നമുക്ക് പദ്ധതികൾ രൂപീകരിക്കാനും കഴിയും. വികസനത്തിനാവശ്യമായ പ്രാദേശിക വിഭവങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ നിന്ന് നമുക്കല്ലാതെ മറ്റാർക്കാണ് കണ്ടെടുക്കാനാവുക. അതോടെ ചൂഷകവിഭാഗമായി നിന്ന ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് ജനപങ്കാളിത്തവും സേവനസന്നദ്ധതയും ഫലപ്രാപ്തിയിലെത്തുന്നതുകാണാം. സർക്കാരിൽ നിന്നു ലഭിക്കുന്ന തുക പൂർണ്ണമായും ജനോപകാരപ്രദമായ വിധത്തിൽ നാട്ടിൽത്തന്നെ നിക്ഷേപിക്കാനും അഴിമതി മുഴുവനായും നിർമ്മാർജ്ജനം ചെയ്യാനും കഴിയും.

ഇതൊക്കെ സാധ്യമാണോ എന്ന് ചിലരെങ്കിലും സംശയിക്കുന്നുണ്ടാകാം. അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. എന്തെന്നാൽ കേരളത്തിൽ, എന്തിന് ഇന്ത്യയിൽത്തന്നെ ഇത്തരമൊരു സംരംഭം ഇതിനു മുൻപു നടന്നിട്ടില്ല. അതിനാൽ ഉദ്യോഗസ്ഥരിൽനിന്നും, ഭരണരംഗത്തു നിന്നും ചില തടസ്സവാദങ്ങളും ഉടക്കുകളും വന്നിട്ടുണ്ടാകും. എന്നാൽ പദ്ധതിയുടെ നടത്തിപ്പാകുന്നതോടെ പഞ്ചായത്തിന്റെ പ്രവർത്തനത്തിന് പുതിയ ചട്ടങ്ങളും പ്രമാണങ്ങളും എത്തിയിരിക്കും. അതിലൂടെ അധികാരവും കൈവന്നിരിക്കും.

അപ്പോൾ ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യത്തിന്റെ പ്രസക്തി യാഥാർത്ഥ്യമാകുന്നു. സംസ്ഥാന ഗവൺമെന്റും, സംസ്ഥാന ആസൂത്രണബോർഡും ത്രിതല പഞ്ചായത്ത് മുൻസിപ്പൽ തലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പതിനയ്യായിരത്തോളം വരുന്ന ജനപ്രതിനിധികളും അവരെ സഹായിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ദർ എന്നിവരും അടങ്ങിയ അതിവിപുലമായ ഒരു ശ്രേണിയാണിതിന്റെ പിന്നിൽ അണിനിരന്നിട്ടുള്ളത്. ഔദ്യോഗികം, അർദ്ധഔദ്യോഗികം, അനൗദ്യോഗികം എന്നിങ്ങനെ മൂന്നു തലങ്ങളിൽപ്പെട്ട ലക്ഷക്കണക്കിനാളുകൾ ഈ

പ്രവർത്തനത്തിൽ സജീവ പങ്കാളികളായിരിക്കും.

ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും പരിശീലനം നടന്നു കഴിഞ്ഞു. കുഴൂർ പഞ്ചായത്തിൽ നിന്നും ജില്ലാതല പരിശീലനത്തിന് ജനപ്രതിനിധികൾ മാത്രമാണ് പങ്കെടുത്തത്. മാള ബ്ലോക്ക് അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തിരുന്നു. ജില്ലാതല പരിശീലനം ചാലക്കുടിയിൽ വച്ച് സെപ്റ്റംബർ 6 മുതൽ 8 വരെ തീയ്യതികളിൽ നടന്നു. പരിശീലനം തീർന്ന ദിവസം തന്നെ അവിടെ വച്ച് സമിതികൂടി ഭാവി പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി. വാർഡുകളുടെ ചുമതല അംഗങ്ങൾ തന്നെ വീതിച്ചെടുത്തു. 16.9.1996 ൽ പഞ്ചായത്തുതല പരിശീലനം നടത്തുന്നതിനും ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടതാരെല്ലാമാണെന്നും തീരുമാനമെടുത്തു.

ഓരോ വാർഡിലും ഗ്രാമസഭ കൂടുന്നതിനും അതിൽ ജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും വേണ്ടി സ്വാഗതസംഘം രൂപീകരിച്ചു. അതോടനുബന്ധിച്ച് ജനകീയാസൂത്രണത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിച്ചു. ഗ്രാമസഭകളുടെ വിവരം പഞ്ചായത്ത് അംഗങ്ങൾ നോട്ടീസടിച്ച് ഓരോ വീട്ടിലും എത്തിച്ചു. കൂടാതെ ഉച്ചഭാഷിണിയിലൂടെ വിവരം അറിയിക്കുകയും ചെയ്തു. 30.9.96 തീയ്യതിയോടുകൂടി ഒൻപതു വാർഡുകളിലും ഗ്രാമസഭകൾ നടന്നു. അഞ്ചു ഗ്രൂപ്പുകളായിട്ടാണ് ചർച്ചകൾ നടത്തിയത്. ഓരോ ഗ്രൂപ്പിനും ഓരോ എൽ.ആർ.പി. മാർ നേതൃത്വം നൽകി. അവരെ സഹായിച്ചുകൊണ്ട് പഞ്ചായത്ത് അംഗങ്ങളും. സ്ത്രീകളുടെ പങ്കാളിത്തം ചില ഗ്രാമസഭകളിൽ കുറവായിരുന്നു.

ഒക്ടോബർ 25, 26, 27 തീയ്യതികളിൽ രണ്ടാം ഘട്ട ഡി.ആർ.പി. മാരുടെ പരിശീലനം മാളയിൽ വെച്ചുനടന്നു. പഞ്ചായത്ത് അംഗങ്ങളെ കൂടാതെ ചന്ദ്രൻമാസ്റ്റർ, സെക്രട്ടറി, ഹെഡ്ക്ലാർക്ക് എന്നിവർ പിശീലനത്തിൽ പങ്കെടുത്തു. അവിടെ വച്ച് പഞ്ചായത്ത് സമിതി കൂടി പഞ്ചായത്ത് വികസന സമിതി ജനറൽ കൺവീനറായി കെ.വി. ചന്ദ്രൻ മാസ്റ്ററെ തെരഞ്ഞെടുത്തു. ഒക്ടോബർ 26-ാം തീയ്യതി ഡി.ആർ.പി. മാരുടെ യോഗം ചേർന്ന് വികസന സെമിനാർ സംഘടിപ്പിക്കുന്നതിനുള്ള ചർച്ച നടത്തുകയും ഒരു സമയ ബന്ധിത പരിപാടി തയ്യാറാക്കുകയും ചെയ്തു. ഒക്ടോബർ 30-ാം തീയ്യതി പഞ്ചായത്തുതല ഏകദിന പരിശീലനം. നവംബർ 2ന് പഠന പര്യടനം, ക്രോഡീകരണം. നവംബർ 1ന് പുനരർപ്പണദിനം. റിപ്പോർട്ടു തയ്യാറാക്കൽ, ഉദ്യോഗസ്ഥ വിഭാഗത്തിന്റെ യോഗം. വിദഗ്ദ്ധന്മാരുടെ കൂടിച്ചേരൽ, 12 വിഭാഗങ്ങൾക്ക് കൺവീനർ, ജോ. കൺവീനർ എന്നിവരെ നിശ്ചയിക്കൽ. 15നു നടക്കുന്ന പരിശീലനത്തിൽ അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ തീരുമാനം.

**ഗ്രാമസഭകളിലെ പങ്കാളിത്തം.**

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ | ഉദ്യോഗസ്ഥർ |
|---|---|---|---|---|
| 1 | 94 | 17 | 111 | 3 |
| 2 | 89 | 9 | 98 | 11 |
| 3 | 73 | 32 | 105 | 8 |
| 4 | 88 | 34 | 122 | 5 |
| 5 | 86 | 15 | 101 | 1 |
| 6 | 89 | 64 | 153 | 2 |
| 7 | 87 | 28 | 115 | 4 |
| 8 | 82 | 17 | 99 | 4 |
| 9 | 85 | 12 | 97 | 2 |

# പഠനപര്യടനം I


റൂട്ട് : താണിശ്ശേരി - പോളക്കുളം - പാറപ്പുറം - കുഴൂർസ്ക്കൂൾ - വിളക്കുംകാൽ - വായനശാലവഴി - കോൾനിലം - മേലാംന്തുരുത്ത്




| | | | | | | | | |
|---|---|---|---|---|---|---|---|---|
| മണ്ണ് | ചരൽകലർന്ന ചെമ്മണ്ണ് | ചെമ്മണ്ണ് | ചരൽ കലർന്ന ചെമ്മണ്ണ് | ചെമ്മണ്ണ് മണൽ കലർന്ന മണ്ണ് | ചെമ്മണ്ണ് | മണൽകലർന്ന മണ്ണ് | ചെളിനിലം | പശിമരാശി മണ്ണ് |
| സസ്യാവരണം | തെങ്ങ്, കശുമാവ്, കുരുമുളക്, മരച്ചീനി | തെങ്ങ്, ജാതി, കവുങ്ങ് | തെങ്ങ്, കുരുമുള ക്, മരച്ചീനി | തെങ്ങ് വാഴ കുരുമുളക് | തെങ്ങ്, കുരുമുള ക് | തെങ്ങ്, കവുങ്ങ്, ജാതി, പച്ചക്കറി, പ്ലാവ് | നെല്ല് | നെല്ല്, തെങ്ങ്, ജാതി |
| ജല സ്രോതസ് | കിണർ, വാട്ടർ അതോറിറ്റി സ്കീം | കുളം, തോട് | കിണർ വാട്ടർഅ തോറിറ്റി സ്കീം | L.I. സ്കീം കിണർ | L.I. സ്കീം കിണർ | കിണർ, കുളം, L.I. സ്കീം, വാട്ടർഅതോറിറ്റി | L.I. സ്കീം, കരിക്കാട്ടി ചാൽ | L.I. സ്കീം, കരിക്കാട്ടി ചാൽ |
| പരിസ്ഥിതി പ്രശ്നം | മണ്ണൊലിപ്പ് | | മാർക്കറ്റിലെ ദുർഗന്ധം | | | | | കൃഷിനിലം താഴ്ത്തിമണ്ണെടു ക്കുന്നു. |

# പഠനപര്യടനം II

റൂട്ട് : കല്ലാർകുന്ന് - തിരുമുക്കുളം - തിരുത്തപ്പാടം - മുത്തുക്കുളങ്ങര - ആലമറ്റം - കുണ്ടൂർ - കുഴിയേലിപാടം - വയലാർ - ചെത്തിക്കൊട്




ഭൂപ്രകൃതി : ചരിവ് കുന്ന് ചരിവ് സമതലം കുന്ന് സമതലം സമതലം സമതലം

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മണ്ണ് | വരണ്ടമണ്ണ്, കനത്ത തോതിൽ പാറനിക്ഷേപം, ഇരുപതടിതാഴെ ജലനിക്ഷേപം | കറുത്ത ഫലഭൂയിഷ്ഠമായ മണ്ണ് | തെങ്കൽ കലർന്ന മണ്ണ്,കരിങ്കൽപാറ | പശിമരാശിയുള്ള എക്കൽമണ്ണ് | പശിമരാശിയുള്ള എക്കൽമണ്ണ് | പശിമരാശിയുള്ള എക്കൽമണ്ണ് | പശിമരാശിയുള്ള എക്കൽമണ്ണ് | പശിമരാശിയുള്ള എക്കൽമണ്ണ് |
| സസ്യാവരണം | കുറ്റിച്ചെടികൾ, കശുമാവ്, മുളംപട്ടിൽ, ചരിവിൽ വാഴ, തെങ്ങ്, സമ്മിശ്രകൃഷി | നെൽകൃഷി | സമ്മിശ്രകൃഷി, തെങ്ങ്, മാവ്, പ്ലാവ് | തെങ്ങ്, വാഴ, കവുങ്ങ് നെൽകൃഷി | തെങ്ങ്, വാഴ, കവുങ്ങ്, നെൽകൃഷി | തെങ്ങ്, വാഴ, കവുങ്ങ്, നെൽകൃഷി | തെങ്ങ്, വാഴ, കവുങ്ങ്, നെൽകൃഷി | തെങ്ങ്, വാഴ, കവുങ്ങ്, നെൽകൃഷി |
| ജല സ്രോതസ് | പാറക്കുളം, 10സെന്റിലധികം 2കുളങ്ങൾ, തിരുമുക്കുളം കയറ്റത്ത കുളം, ഐരാണിക്കുളം L.I.സ്കിം | എളയാനം വലിയതോട് വഞ്ചിയൂരത്താഴം. L.I.സ്കിം | രണ്ട് വലിയപാറക്കുളങ്ങൾ | തോട് | പുഴയിൽനിന്നും എത്തിക്കണം | തോട് പുഴയിൽ നിന്നും വെള്ളം എത്തിക്കുന്നു. | തോട് P.W.D. വാട്ടർ അതോറിറ്റി | തോട് |
| പരിസ്ഥിതി പ്രശ്നം | ലക്ഷംവീട്, കല്ലാർകുന്ന് പ്രദേശത്ത് മണ്ണൊലിപ്പ് പാറപൊട്ടിക്കൽ | വലിയതോതിൽ മണ്ണെടുക്കാൻ കൃഷിനിലങ്ങൾ എടുത്തുപോയിരിക്കുന്നു. | കരിങ്കൽ ക്വാറികൾ | മണ്ണ് എടുക്കൽ | വെള്ളം എത്തിക്കണം | | | |

# പഠനപര്യടനം III

റൂട്ട് : പാറപ്പുറം തെക്ക് - അയിനിക്കാട്ടികയറ്റം - കണ്ണിയംകാട്ടിക്കുളം - കുഴൂർ കുണ്ടൂർ റോഡ് - കൊളത്തേരി - കൊച്ചുകടവ്




ഭൂപ്രകൃതി : കുന്ന് ചരിവ് ചരിവ് സമതലം സമതലം സമതലം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മണ്ണ് | കാടകല്ല്, ചെങ്കല്ല് | ചരൽ കലർന്ന ചെമ്മണ്ണ് | ചെളിമണ്ണ് | ചരൽ കലർന്ന ചെമ്മണ്ണ് | പശിമരാശി മണ്ണ് ചെമ്മണ്ണ് | ചെളിമണ്ണ് പശിമരാശി മണ്ണ് | മണൽ കലർന്ന മണ്ണ്, ചെളിമണ്ണ് | കണൽ കലർന്ന മണ്ണ്, ചെളിമണ്ണ് | എക്കൽ കലർന്ന മണ്ണ്, മണൽ ചേർന്ന പൂഴിമണ്ണ് |
| സസ്യാവരണം | കശുമാവ്, മാവ്, തെങ്ങ് | തെങ്ങ്, ജാതി | നെല്ല്, തെങ്ങ് | തെങ്ങ്, ജാതി | തെങ്ങ്, ജാതി, കവുങ്ങ്, വാഴ | നെല്ല്, തെങ്ങ്, ജാതി | നെല്ല്, തെങ്ങ് | നെല്ല്, തെങ്ങ്, ജാതി, കവുങ്ങ്, വാഴ | നെല്ല്, തെങ്ങ്, ജാതി, കവുങ്ങ്, വാഴ |
| ജല സ്രോതസ് | കിണർ വാട്ടർ അതോറിറ്റി സ്കീം | കിണർ | കുളം | കിണർ | കുളം, കിണർ, വാട്ടർ അതോറിറ്റി സ്കീം | കിണർ തോട് | തോട്, കുളങ്ങൾ, L.I. സ്കീം | തോടുകൾ, L.I. സ്കീം, കിണർ | L.I.സ്കീം, തോടുകൾ കിണർ |
| പരിസ്ഥിതി പ്രശ്നം | | | | | | | കൃഷിഭൂമി നികർത്തുന്നതും മണ്ണെടുക്കുന്നതും | കൃഷിഭൂമിയിൽ നിന്നും മണ്ണ് എടുക്കൽ | മണൽവാരൽ |

# ചരിത്ര സാംസ്ക്കാരിക പശ്ചാത്തലം

നാഗരികത നദീതീരങ്ങളിലാണ് രൂപപ്പെട്ടതെന്ന് ചരിത്രം സാക്ഷ്യപ്പടുത്തുന്നു. കുഴൂർ ഗ്രാമപഞ്ചായത്തിനും അത്തരത്തിലൊരു പൗരാണിക പാരമ്പര്യം ഉണ്ടായിരുന്നിരിക്കണം. എന്തെന്നാൽ അതിനും ഒരു നദീതട പശ്ചാത്തലമുണ്ടല്ലൊ. പക്ഷേ നമ്മുടെ പൂർവ്വീകർ ചരിത്രം രേഖപ്പെടുത്തന്നതിൽ വിമുഖരായിരുന്നു. അതിനാൽ ഒരു ചരിത്ര പശ്ചാത്തലം എഴുതപ്പെട്ടീട്ടില്ലെന്നത് ദുഃഖകരമാണ്. ചിതറികിടക്കുന്ന വസ്തുതകളെ പരിശോധിക്കുകയും ആധികാരികമെന്ന് തോനിയ കാര്യങ്ങളെ കോർത്തിണക്കുകയുമാണിവിടെ ചെയ്തിരിക്കുന്നത്. ചിലത് വിട്ടുപോയുട്ടുണ്ടാവാം. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പരിമിതികളിൽ നിന്നു കൊണ്ടു് ഈ ചരിത്ര സാംസ്ക്കാരിക പശ്ചാത്തലത്തെ വിവരിക്കാം.

**സ്ഥലനാമം:** കുഴൂർ എന്ന സ്ഥലത്തിന് ഒരു ഐതീഹ്യത്തിന്റെ അകമ്പടിയുണ്ട്. ഇന്നത്തെ ചാലക്കുടിപുഴ പൂവ്വത്ത്ശ്ശേരിയിൽവെച്ച് പടിഞ്ഞാറോട്ട് തിരിഞ്ഞ് ഐരാണിക്കുളം വഴി ഒഴുകിയാണ് അറബിക്കടലിൽ പതിച്ചിരുന്നത്. പിന്നീട് ഈ പുഴ ഗതിമാറി പൂവ്വത്തുശ്ശേരിയിൽ വെച്ച് തിരിഞ്ഞ് തെക്കോട്ട്ഒഴുകിമാറിപ്പോന്നു തിരിഞ്ഞ സ്ഥലമാകാം ഇന്നത്തെ തിരിപ്പറമ്പ്. ആപോരലിനിടയിൽ ആറാട്ട് കടവിൽ രൂപം കൊണ്ട അഗാധമായ ചുഴി - ചുഴിയിൽനിന്നും ഉയർന്നുവന്ന ഊര് - ചുഴിയൂർ, കുഴിയിൽനിന്നും രൂപപ്പെട്ട ഊര് - കുഴിയൂർ - കുഴൂരായിമാറിയെന്ന് നമ്മുടെ പഴമക്കാർ പറയുന്നത്.

തൃശൂർ, എറണാകുളം ജില്ലക്കും അതിരിട്ടുകൊണ്ട് ഭൂഭാഗങ്ങളെ ഫലപുഷ്ടമാക്കികൊണ്ടു് കുഴൂരിന്റെ തെക്കെ അറ്റത്തുടെ ചാലക്കുടിയാറൊഴുകുന്നു. പുഴയുടെ തീരം സ്നേഹസമ്പന്നരായ, അദ്ധ്വാനശീലരായ ഗ്രാമീണരുടെ ആവാസകേന്ദ്രമാണ്. അവർ മണ്ണിൽ വിണ്ണിന്റെ ചരിത്രഗാഥകൾ വിരചിച്ചു. അവർ കലാകാരന്മാർക്കും, നാടുവാഴികൾക്കും നാടിന്റെ നിർമ്മാതാക്കൾക്കും ചോര നീരാക്കി. അദ്ധ്വാനിക്കുന്നവന്റെ കഥകൾക്ക് ചരിത്രത്തിൽ ഇടമില്ലല്ലോ. അതിനാൽ ഭൂരിപക്ഷം ഗ്രാമീണരും ചരിത്രത്തിൽ രേഖപ്പെടാത്തവരായി.

ക്ഷേത്രാങ്കണങ്ങളിൽ നിന്നുള്ള ഓങ്കാരോച്ചാരണവും പള്ളിമണികളും ബാങ്ക്വിളികളും കുഴൂർ ഗ്രാമവാസികളുസ പുലരികളെ കുളിരണിയിച്ചുണർത്തി. ജാതീമതാതീതമായ ഒരു ദർശനമിവിടെ രൂപപ്പെട്ടു. എങ്കിലും കാലത്തിന്റെ ചരിത്രരഥ്യകളിലുണ്ടായ കുത്തൊഴുക്കുകൾ ഫ്യൂഡലിസത്തിന്റെ കറുത്ത നിഴലുകളെ നമ്മുടെ ഗ്രാമത്തിലും നിരത്തി. ജന്മി-കുടിയാൻ വേണ്ടത്ര പരിപോഷിപ്പിച്ചില്ല. ഹിന്ദു, കൃസ്ത്യൻ, മുസ്ലീം മതസമുദായത്തിൽ ഐക്യത്തിന്റെ ചരടുകൾ അതോടെ ദുർബലമായി.

ചാതുർവണ്യത്തിന്റെ ബലിമൃഗങ്ങളായി പിന്നോക്കക്കാർ അധഃപതിച്ചു. ഭൂവുടമാവകാശം കേന്ദ്രീകൃതമായി. ഭൂരിപക്ഷം വരുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും മുസ്ലീങ്ങളും, കൃസ്ത്യാനികളും ജന്മികുടിയാൻ വ്യവസ്ഥയുടെ പീഢനങ്ങൾക്കിരയായി. അതുവഴി ജാതിവ്യവസ്ഥയുടെ ജീർണ്ണത സമൂഹത്തെ ബാധിക്കുകയും ചെയ്തു. ഈഴവരും പുലയർ തുടങ്ങിയ പിന്നോക്കക്കാരും പൊതുവേദികളിൽ നിന്ന് ആട്ടിയകറ്റപ്പെട്ടു.

സഞ്ചാരസ്വാതന്ത്ര്യമില്ല. ആരാധനസ്വാതന്ത്രമില്ല. വിദ്യാഭ്യാസത്തിനുള്ള അവകാശവും നിഷേധിക്കപ്പെട്ടു. മൃഗതുല്യരായ ജനതക്ക് നല്ല വസ്ത്രംപോലും ധരിക്കാനവകാശമുണ്ടായിരുന്നില്ല. അരക്ക് മുകളിലോ, മുട്ടിനു താഴെയോ വരുന്ന വസ്ത്രം ധരിക്കാനവകാശം നിഷേധിക്കപ്പെട്ടിരുന്നു. ആഭരണം ധരിക്കാൻ പാടില്ലായിരുന്നു. കല്ലുമാലയും ഓലത്തക്കയുമായിരുന്നു പിന്നോക്കക്കാർക്ക് അനുവദിക്കപ്പെട്ടിരുന്ന ഭൂഷകൾ. തീണ്ടായ്മ കർശനമായി നിലനിന്നു. സവർണ്ണരിൽനിന്ന് ഈഴവനും പുലഴനും നാല്പതും അറുപതും അടി അകലെനിന്നു വേണം കാര്യങ്ങൾ പറയാനും

258

ചെയ്യാനും. അയിത്തക്കാർ വഴി മാറി കൊടുക്കണം. സ്വരക്തജാതനായ ശിശുവിന് തനിക്കിഷ്ടപ്പെട്ട പേരിട്ടു വിളിക്കാൻ പോലും അവകാശമില്ലാത്ത ഒരു ജനത രക്തവും മതവും കഴിക്കുന്ന ചാമുണ്ഡിയക്ഷി, മറുത, ഒറ്റമുലമ്പി മുതലായ ഭീകര ദൈവങ്ങളായിരുന്നു. ആരാധനക്ക് കോഴി, ആട് മുതലായ പക്ഷി മൃഗാധികളുടെ ചോരയും കുടൽമാലയും അണിഞ്ഞുകൊണ്ടു് ഭീകരരായ ആരാധന സമ്പ്രദായങ്ങളായിരുന്നു പിന്നോക്കക്കാർക്ക് അനുവദിച്ചിരുന്നത്. അങ്ങനെ എല്ലാവിധത്തിലും മൃഗതുല്യരായ ഒരു ജനത സാമൂഹിക പുരോഗതിക്ക് തടസ്സമാണെന്ന് ഭരണാധികാരികളും മനസ്സിലാക്കിയില്ല.

എല്ലാവരേയും എക്കാലത്തും അടിച്ചമർത്താനാവില്ലല്ലോ. ജന്മി-കുടുയാൻ വ്യവസ്ഥയുടെ ആധാരശിലകളിളക്കിക്കൊണ്ടുള്ള പ്രസ്ഥാനങ്ങൾ നാട്ടിൽ രൂപം കൊണ്ടു. സ്വാതന്ത്ര്യസമരപ്രവർത്തനങ്ങൾ ദേശീയമായ കാഴ്ചപ്പാടിൽ പുത്തൻ നാമ്പുകൾ വിരിയിച്ചു.

1888-ൽ ശ്രീ നാരായണഗുരുദേവന്റെ ശിവലിംഗ പ്രതിഷ്ഠ അനാചാരമണ്ഡലഛത്രരായി വാണിരുന്ന സവർണാധിപത്യത്തിന് ഇടിവാളായി-പുതിയൊരുണർവ്വ് പിന്നോക്കകാരിൽ ദൃശ്യമായി. അതോടൊപ്പം പുലയവിഭാഗത്തിന്റെ അജയ്യനായ നേതാവ് അയ്യൻകാളിയുടെ പ്രവർത്തനം അവരിൽ ഒരു മുന്നേറ്റത്തിന് തുടക്കമിട്ടു. പണ്ഡിറ്റ് കറുപ്പന്റെ ഉശിരുള്ള നേതൃത്വം വാലസമുദായത്തിന് ഉത്തേജനം നൽകി. മലബാറിന്റെ ഖിലാഫത്ത് പ്രസ്ഥാനം കാലത്തിന്റെ ഉണർത്തുപാട്ടിന് കാതോർക്കാൻ അവസരം നൽകിക്കൊണ്ട് മന്നത്ത്പത്മനാഭന്റെ കീഴിൽ രൂപംകൊണ്ട പ്രസ്ഥാനവും, വി. ടി. ഭട്ടതിരിപ്പാട്ടിന്റെ ആശീർവാദമുൾക്കൊണ്ട നമ്പൂതിരിയോഗക്ഷേമസഭയും കേരളത്തിന്റെ ഇരുളടഞ്ഞ അദ്ധ്യായനത്തിന് തിരശ്ശീലയിട്ടു.

കാലത്തിന്റെ ഈ മാറ്റങ്ങളെല്ലാം കുഴൂരിനേയും കാലകാലങ്ങളിൽ ബാധിച്ചു. കുഴൂരിലെ ഭൂസ്വത്ത് അന്ന് ചെറുവള്ളി സ്വരൂപേ, കാരങ്ങാമ്പിള്ളി സ്വരൂപം. ഒറവങ്കരമന, അരയണമംഗലം, നേത്രമംഗലം തുടങ്ങിയ ഇവിടത്തുകരായ നമ്പൂതിരി ഗ്രഹങ്ങളിലും പാലിയം, ആലപ്പാട്ട് സ്വരൂപം, സംക്രമത്ത് മുതലായ ജന്മി കുടുംബങ്ങളിലും നിക്ഷേപിക്കപ്പെട്ടിരുന്നു.

എരവത്തുർഭാഗത്തുണ്ടായിരുന്ന ആളേത്ത് കർത്താക്കന്മാരും പ്രഭുക്കന്മാരായിരുന്നു. ആറാട്ടുകടവിനുമേലെ ചുങ്കത്ത് എന്നൊരുകടവുണ്ടായിരുന്നു. അതിലൂടെ കടന്നുപോകുന്നവരിൽനിന്ന് ചുങ്കം പിരിക്കാനുള്ള അവകാശം ആളേത്ത് കർത്താക്കന്മാർക്കായിരുന്നു. ചുങ്കം പിരിവ് നിറുത്തിയൊരു കഥ ചരിത്രത്തിന്റെ ഭാഗമായിക്കിടപ്പുണ്ട്. മങ്ങാട്ടച്ചനും, കർത്താവും തമ്മിൽ നീരസം നിലനിന്നിരുന്നു. അതിന് പരിഹാരംകാണാൻ മങ്ങാട്ടച്ചൻ ആഗ്രഹിച്ചിരിക്കേ ഒരു സംഭവം വീണു കിട്ടി. കാഞ്ഞിരപ്പിള്ളിയിൽ നിന്ന് തൃപ്പൂണിത്തറകോവിലകത്തേക്ക് വിവാഹത്തിനുസാ സാധനങ്ങളുമായിപ്പോയ വള്ളത്തിൽ നിന്ന് ചുങ്കം പിരിച്ചു. ഇതിലൂടെ ഒരു പാഠം പഠിപ്പിക്കാൻ നിശ്ചയിച്ച മങ്ങാട്ടച്ചൻ മനഃപൂർവ്വം വള്ളം വൈകിച്ചാണ് കോവിലകത്ത് എത്തിച്ചത്. ക്ഷുഭിതനായ രാജാവ് കാര്യം ആരാഞ്ഞപ്പോൾ ആളേത്ത് കർത്താവ് തടഞ്ഞതാണ് വൈകാൻ കാരണമെന്ന് മങ്ങാട്ടച്ചൻ ബോധിപ്പിച്ചു. കുപിതനായ രാജാവ് സൈന്യത്തെ അയച്ച് കർത്താവിനെ വധിച്ച് ചുങ്കം പിരിവ് നിറുത്തി എന്നാണ് കഥ.

തിരുവിതാംകൂറും കൊച്ചിയും അതിരുകളിടുന്ന കണ്ടൂർ പുഴയിൽ തീരത്ത് ഒരു പാണ്ഡികശാലടുണ്ടായിരുന്നു. ഉപ്പ്, പുകയില മുതലായവക്ക് അന്ന് കരം അടയ്ക്കണം. അങ്ങോട്ടുമിങ്ങോട്ടും കടത്തുന്നത് നിയമവിരുദ്ധമായിരുന്നു. പാണ്ഡികശാല ഉണ്ടായിരുന്നത് കൊണ്ട് പാണ്ഡ്യാലക്കടവ് എന്ന് പേരു വീണു. ഉൾനാടൻ ജലഗതാഗതം അന്നു പരമാവധിപ്രയോജനപ്പെട്ടു. പൂവ്വത്തുശ്ശേരി മുതലായ പ്രദേശങ്ങളിൽനിന്ന് കൊച്ചി, പറവൂർ, കോട്ടപ്പുറം മുതലായ വ്യാപാര കേന്ദ്രങ്ങളിലേക്ക് പോയിരുന്ന കച്ചവട വള്ളങ്ങൾക്ക് ഇടത്താവളമായിരുന്നു കുണ്ടൂർ കടവ്.

കുണ്ടൂരിൽനിന്ന് കൊച്ചി, പറവൂർ, കോട്ടപ്പുറം മുതലായ സ്ഥലങ്ങളിലേക്ക് ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു. ഇടനിലക്കാരില്ലാതെ കർഷകർ ഉല്പാദിപ്പിച്ചരുന്ന വിളകൾ വിറ്റഴിക്കാൻ ധാരാളം അവസരങ്ങളുണ്ടായിരുന്നു. ഒരു കാർഷിക സംസ്ക്കാരമാണിവിടെ പൂർണ്ണമായും നിലനിന്നുപോന്നത്.

മുണ്ടകൻ, പുഞ്ച, വിരിപ്പ് എന്നു മൂന്നു തരം കൃഷിയാണ് ചെയ്തിരുന്നത്. ഇന്നത്തെ വയലുകളിൽ ഭൂരിപക്ഷവും നിബഡമായ കുറ്റിക്കാടുകളായിരുന്നു. കാളത്തേക്ക്, ചക്രം, വേത്ത്, കൊട്ട

ത്തേക്ക് മുതലായ പാരമ്പര്യ രീതികളിലൂടെയാണ് കൃഷിക്ക് വെള്ളം തേകിയിരുന്നത്. കർഷകതൊഴിലാളികൾ തികച്ചും അസംഘടിതരായിരുന്നു. കൂലിയായി നെല്ലായിട്ടാണ് കൊടുത്തിരുന്നത്. ആദ്യകാലങ്ങളിൽ പിന്നോക്കക്കാർക്ക് നെല്ല് ആയിരുന്നു കൂലി കൂടെ കീറിയ വസ്ത്രങ്ങളും ലഭിക്കുമായിരുന്നു.

കുഴൂർ പഞ്ചായത്തിലെ ഐരാണിക്കുളം വളരെ പ്രസിദ്ധമാണ്. 32 മൂല ഗ്രാമങ്ങളിൽ ഒന്നായി കേരളോല്പത്തിയി ഐരാണിക്കുളം പരമാർശിക്കപ്പെടുന്നുണ്ട്. ഊരകം, പെരുമനം പോലെ തന്നെ ഐരാണിക്കുളവും ഒരു ഭരണ സിരാകേന്ദ്രംതന്നെയായിരുന്നു. നൂറിൽപ്പരം ബ്രാഹ്മണ കുടുംബങ്ങൾ ഇതിന്റെ ഊരായ്മക്കാരായുണ്ടായിരുന്നു.

മഹോദയപുരം (ഇന്നത്തെ തിരുവഞ്ചിക്കുളം കഴിഞ്ഞാൽ കേരള ചരിത്രത്തിൽ മുഖ്യമായ സ്ഥാനം അലങ്കരിച്ചിരുന്ന ഈ ഗ്രാമത്തെപ്പറ്റി പ്രാചീന കൃതിയായ ചന്ദ്രോത്സവത്തിലും കേരളോല്പത്തിയിലും ഇളങ്കോവടികളുടെ ചിലപ്പതികാരത്തിലും വിശ്വവിജ്ഞാന കോശം മൂന്നാം വാല്യത്തിലും, ശ്രീധരമേനോൻ രചിച്ച കേരളചരിത്രത്തിലും എ. ബാലകൃഷ്ണപ്പിള്ളയുടെ ചേരരാജധാനികൾ എന്ന ലേഖനത്തിലും പരമാർശിക്കുന്നുണ്ട്. മഹോദയപുരം എന്ന് പേരുള്ള ചേരന്മാരുടെ കോലിലകം സ്ഥിതി ചെയ്തിരുന്ന കൊടുങ്ങല്ലൂരിന് ചുറ്റുമായി ബ്രാഹ്മണരുടെ നാലു മൂല ഗ്രാമങ്ങളുണ്ടായിരുന്നു. അതിലൊന്നാണ് ഐരാണിക്കുളം. പറവൂർ, ഇരിങ്ങാലക്കുട. മൂഴിക്കുളം എന്നിവയാണ് മറ്റ് മൂന്ന് ഗ്രാമങ്ങൾ.

ചേരമാൻ പെരുമാളിന്റെ സഭയിലെ പണ്ഡിതനായിരുന്ന തോലൻ ഐരാണിക്കുളം ഗ്രാമത്തിലെ ഒരു ബ്രാഹ്മണനായിരുന്നു.

കൂടിയാട്ടത്തിന്റെ അഭിനയ സങ്കേതങ്ങളെക്കുറിച്ച് വിസ്തരിച്ച് പ്രതിപാദിക്കുന്ന പല ആട്ട പ്രകാരങ്ങളും, അവയുടെ അനുബന്ധമെന്ന നിലയിൽ ദീർഘവും വിശദവുമായ നാടകാഭിനയ നിർദ്ദേശങ്ങളടങ്ങുന്ന ക്രമദീപകയും തോലന്റെ കൃതികളാണെന്ന് വിശ്വസിക്കപ്പെടുന്നു. വലിയൊരു ഫലിതപ്രിയനുമായിരുന്നുവത്രേ തോലൻ.

1500 വർഷത്തിലേറെ പഴക്കമുള്ള ഐരാണിക്കുളംക്ഷേത്രം. പല സവിശേഷതകളും ഉൾക്കൊള്ളുന്നു. കേരളത്തിലെ ഏറ്റവും വലിയ ഇരുനില വട്ട ശ്രീകോവിലും ബലിക്കല്ലുകളും ഇവിടെയുണ്ട്. ഒക്ഷേ ക്ഷേത്രവളപ്പിൽ രണ്ട് മഹാക്ഷേത്രങ്ങളാണ് നിലകൊള്ളുന്നത്. ഒരു പീഠത്തിൽ ശിവ, പാർവ്വതി, സുബ്രമണ്യ പ്രതിഷ്ഠതന്നെ വളരെ അപൂർവ്വമാണ്. വരദമുദ്രയോടെ ധ്യാനലീനനായിരിക്കുന്ന ശിവന്റെ സമ്പൂർണ്ണ പ്രതിഷ്ഠയാണിവിടെ. പൗരാണിക സംസ്ക്കാരത്തിന്റെ പ്രതാപൈശ്വര്യങ്ങളോടെ ഐരാണിക്കുളം ഒരിക്കൽ നിലനിന്നതിന്റെ സ്മാരകമുദ്രകൾ ഈ ക്ഷേത്രം പേറുന്നു.

മഹോദയപുരം ആസ്ഥാനമായുള്ള ചേരവംശത്തിന്റെ ആസ്ഥാനകവിയായിരുന്ന കണ്ണനാരുടെ ജന്മസ്ഥലത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ കണ്ടൂർ, ഗൂഢല്ലൂർ, ഗുണ്ടൂർ എന്നിവ ഉൾപ്പെടുന്നു. ഇതിൽ സാമീപ്യംകൊണ്ട് കണ്ടൂർ ആകാനാണിട. അങ്ങനെയെങ്കിൽ കുഴൂർ പഞ്ചായത്തിന്റെ ചരിത്രത്തിന് ഏറെ പ്രധാന്യവും പെരുമയും വന്നുചേരുന്നു.

ചാലക്കുടി പുഴയോരത്ത് അരിങ്ങാമ്പിള്ളി സ്വരൂപം. അവിടെ പഴയകാലത്ത് ഒരു സംസ്കൃതവിദ്യാപീഠം നിലനിന്നിരുന്നു. യാഥാസ്ഥിതികത്വത്തിന്റെ തടവറകൾക്കുള്ളിൽ ഒതുങ്ങിക്കൂടാതെ ജാതിമാങ്ങൾക്കതീതമായി പിന്നോക്കാക്കാർക്ക് പോലും ഇവിടെ വിദ്യാഭ്യാസം നൽകിയിരുന്നു. അന്തർജ്ജനങ്ങൾക്ക് മാത്രം ആരാധിക്കാനായി ഒരു ദേവീ ക്ഷേത്രം ഇവിടത്തെമാത്രം പ്രത്യേകതയാണ്.

14 ാം നൂറ്റാണ്ടിലെ പ്രസിദ്ധമായ ശുകസന്ദേശം രചിച്ച ലക്ഷ്മിദാസൻ കരിങ്ങമ്പള്ളി സ്വരൂപത്തിലെ അംഗമാണ്. ചരിത്രദൃഷ്യാ പ്രാധാന്യമുള്ള ഈ കൃതിയിൽ നായകൻ സന്ദേശവാഹകനായ ശുകത്തിന് രാമേശ്വരം മുതൽ തൃക്കണാമതിലകം വരെയുള്ള മാർഗ്ഗം പറഞ്ഞുകൊടുക്കുന്നു. പെരിയാറും മറ്റും ഇതിൽ വർണ്ണിക്കപ്പെടുന്നുണ്ട്.

കൂഴൂരിലെ സുപ്രസിദ്ധമായ ശ്രീ സുബ്രമണ്യസ്വാമിക്ഷേത്രവും പ്രതാപൈശ്വര്യങ്ങളുടെ വിലനിലമായി നിലകൊള്ളുന്നു. വൃശ്ചികത്തിലെ 8 ദിവസം നീണ്ടു നിൽക്കുന്ന തിരുവുത്സവവും കലാപരിപാടികളും ഗ്രാമത്തിന്റെ മുഴുവൻ ആഹ്ലാദമാണ്. ക്ഷേത്രകലകളായിരുന്ന കഥകളി, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, പാഠകം മുതലായവക്ക് വളരാനും പന്തലിക്കാനും ഈ ക്ഷേത്രം വലിയൊരളവിൽ പ്രചോദനമായിട്ടുണ്ട്. മകരത്തിലെ പൂയം, തുലാത്തിലെ ഷഷ്ഠി എന്നിവ വളരെ പ്രാധാന്യത്തോടെ ഇവിടെ ആചരിച്ചു വരുന്നു. ക്ഷേത്രത്തിന്റെ തണലിൽ അഖിലേന്ത്യാ പ്രശസ്തരായ പല വാദ്യകലാകാരന്മാരും രൂപപ്പെട്ടിട്ടുണ്ട്. കുഴൂർ കുട്ട

പ്പമാരാർ അഖിലേന്ത്യാ പ്രശസ്തനായ തിമില വിദഗ്ദ്ധനായിരുന്നു. അദ്ദേഹം ഇന്ത്യൻ പ്രസിഡന്റിന്റെ നാദബ്രഹ്മം മെഡൽ നേടിയ അപൂർവ്വകലാകാരനാണ്. ആ പാത പിന്തുടർന്ന മറ്റൊരുകലാകാരനാണ് കുഴൂർ നാരായണമാരാർ.

അമ്പഴക്കാട് ഇടവകയിൽ നിന്ന് പിരിഞ്ഞ് പുതിയ ഇടവകകളായി താണിശ്ശേരി, കുണ്ടൂർ, പാറക്കടവ്, പൂവ്വത്ത്ശ്ശേരി എന്നിവ രൂപം കൊണ്ടു. ഇതിൽ പഴക്കമേറിയത് താണിശ്ശേരി സെന്റ്. സേവിയേഴ്സ് പള്ളി. "വെള്ളാട്ട് കുന്ന്" പള്ളിയും പെരുന്നാളും പ്രസിദ്ധമാണ്. ഒരു ഗ്രാമത്തിന്റെ ഹൃദയതുടിപ്പുകൾ മുഴുവനും ഉൾക്കൊണ്ട പെരുന്നാളാണിവിടെ നടന്നിരുന്നത്. വീട്ടുപകരണങ്ങളും, പച്ചക്കറികളും, കിഴങ്ങുകളും ധാന്യങ്ങളും ഇതിനോടനുബന്ധിച്ച് ക്രയവിക്രയം ചെയ്തിരുന്നു. ഓരോ കുടംബത്തിലും ഒരു വർഷത്തേയ്ക്കാവശ്യം വന്നിരുന്ന എല്ലാ സാധനങ്ങളും വാങ്ങാനും കരുതി വയാക്കാനും ഈ പള്ളിയിലെ പെരുന്നാൾ ഉപകരിച്ചിരുന്നു.

കാലം ഇങ്ങനെ കടന്ന് പോകുമ്പോൾ ചലനാത്മകമായ ചരിത്ര സംഭവങ്ങൾ ഇന്ത്യയിൽ സംഭവിച്ച്കൊണ്ടിരുന്നു. അതിന്റെ അലയൊലികൾ കേരളത്തിലും മുഴങ്ങി. സ്വാതന്ത്ര്യത്തിന്റെ ഉജ്ജ്വലമായ ഒരു കാലഘട്ടം ഇവിടെ രൂപം കൊണ്ടു. ജാതിവ്യവസ്ഥക്കെതിരായുള്ള ശ്രീനാരായണഗുരുദേവന്റെ പ്രവർത്തനം കേരളത്തിലങ്ങോളമിങ്ങോളം വ്യാപിക്കാൻ തുടങ്ങി. പി. ഗംഗാധരൻ, പി. കെ. കുമാരൻ, വി. കെ. കുഞ്ഞയ്യപ്പൻമാസ്റ്റർ എന്നിവർ കുഴൂരിലെത്തി ശ്രീനാരായണ പ്രസ്ഥാനത്തിന് തുടക്കമിട്ടു. വൈക്കം സത്യാഗ്രഹത്തിന്റെ ശംഖനാദം പുതിയൊരുണർത്തുപാട്ടായി പിന്നോക്കക്കാർക്ക്. ഇരിങ്ങാലക്കുടയിലെ കുട്ടംകുളം സമരം അതിൽനിന്നുയിർകൊണ്ടതാണ്. ശ്രീ.കെ. വേലായുധൻ, ശ്രീ. എ.വി. കുട്ടപ്പൻ എന്നിവർ അതിൽ പങ്കൊണ്ട് പോലീസ് മർദ്ദനം അനുഭവിച്ചവരാണ്.

ശ്രീ. പി.കെ. ചാത്തൻമാസ്റ്ററുടെ നേതൃത്വത്തിൽ പുലയ മഹാസഭയുടെ പ്രവർത്തനം കുഴൂരിൽ ആരംഭിച്ചതും അധഃസ്ഥിതവർഗ്ഗത്തിന് പുതിയൊരു ഉത്തേജനം നൽകി.

മലബാറിലെ ഖിലാഫത്ത് പ്രസ്ഥാനം മാപ്പിള ലഹളയായി രൂപം കൊണ്ടത് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായാണ്. മുസ്ലീങ്ങളുടെ ആത്മാഭിമാനത്തിന്റെ ആ ഉയിർത്തേഴുന്നേല്പ് നമ്മുടെ മുസ്ലീം സഹോദരങ്ങളേയും ആഴത്തിൽ സ്പർശിച്ചു. അവരും മോചനത്തിന്റെ രഥ്യ വീണ്ടെടുത്തു. സവർണ്ണാധിപത്യത്തിന്റെ മേൽക്കോയ്മക്കെതിരെ മന്നത്ത് പത്മനാഭന്റെ നായർ സർവ്വീസ് സൊസൈറ്റിയും വലിയൊരളവിൽ സ്വാധീനം ചെലുത്തി. കൂടുതൽ പുരോഗമനപരമായ ഒരു വീക്ഷണം അതിലൂടെ രൂപപ്പെട്ടു.

ഗാന്ധിയുടെ നേതൃത്വത്തിലുള്ള ദേശീയ പ്രസ്ഥാനം കുഴൂരിന്റെ ഹൃദയത്തിലും ആവേശത്തിന്റെ വേലിയേറ്റം സൃഷ്ടിച്ചു. സ്വാതന്ത്ര്യദാഹം ആത്മ പ്രചോദനമായി മാറിയപ്പോൾ യുവാവായ മങ്ങാക്കുഴി ശങ്കരൻകുട്ടിനായർ ആ തീച്ചൂളയുടെ നടുവിലേക്കെടുത്ത് ചാടി. അദ്ദേഹം INA യിൽ അംഗമായി. 1943ൽ മലേഷ്യയിലും ബർമ്മയിലും സേവനം അനുഷ്ഠിച്ചു. ഇതിൽ 10 മാസം തടവിലാകുകയും ചെയ്തു.

"സ്വാതന്ത്ര്യം തങ്ങളുടെ ജന്മാവാകാശമാണെന്ന്" ആഹ്വാനം ജീവിതമഹാമന്ത്രമായികരുതിയ ഒരുപറ്റം ധീരദേശാഭിമാനികളുടെ ചോരചിന്തിയ പോരാട്ടമാണ് നാമിന്നനുഭവിക്കുന്ന സ്വാതന്ത്ര്യം. ഗാന്ധിജിയുടെ വശ്യമായ വ്യക്തിത്വംഅധീരപോരാട്ടത്തിലേക്ക് യുവാക്കളെ കാന്തം ഇരുമ്പിനെയെന്നപോലെ ആകർഷിച്ചു. അതിലൊരാളാണ് എരമംഗലത്ത് കുഞ്ഞമുഹമ്മദ്. സ്വാതന്ത്ര്യസമരസേനാനിക്കുള്ള താമ്രപത്രം നൽകിക്കോണ്ട് രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യസമരപോരാട്ടങ്ങളും ജാതിനശീകരണ പ്രവർത്തനങ്ങളും സാമ്രാജ്യത്തിന്റെ പതനവും പുതിയ കാഴ്ചപ്പാടുകൾ അധഃസ്ഥിതവിഭാഗത്തിന് നൽകി. ജന്മിവ്യവസ്ഥയുടെ കരിന്തിരി കത്താൻതുടങ്ങി. പുതിയ വിദ്യാഭ്യാസനയം അകറ്റിനിറുത്തിയിരുന്ന വലിയൊരു വിഭാഗത്തെ അതിന്റെ കീഴിലേക്ക്കൊണ്ടുവന്നു. പുതിയ ഒരു ചര്യാക്രമം കുഴൂരിൽ രൂപപ്പെട്ടതങ്ങനെയാണ്. അതിലൂടെ തൊഴിലാളി പ്രസ്ഥാനവും കർഷക പ്രസ്ഥാനവും കുഴൂരിലേക്ക് പിച്ചവച്ച് നടന്നുവന്നു.

ഗ്രാമസ്വരാജശില്പി ഗാന്ധിജിയും നെഹ്റുജിയും ഇന്ദിരാജിയും അധികാരം ജനങ്ങളിലേക്ക് പകർന്ന രാജീവ്ജിയും കരുണാകരനും സ്വതന്ത്ര ഇന്ത്യയുടെ സംസ്ക്കാര പണിപ്പുരയിലെ പെരുന്താച്ചന്മാരായിരുന്ന കാലഘട്ടം പിന്നിട്ട കുഴൂർ ഗ്രാമപഞ്ചായത്ത്. അന്ന് കേരളം പനമ്പിള്ളിയും, ഏ.കെ.ജി.യും. കെ. കരുണാകരനും, സി.എച്ച്. മുഹമ്മദ്കോയയും, അച്ചു

തമേനോനും സാരഥ്യം വഹിച്ചിട്ടുള്ള വിവിധ രാഷ്ട്രീയ നവത്ഥാന മുന്നേറ്റങ്ങൾ, വിവിധ വർണ്ണ ക്കൊടി പാറിച്ച് സംസ്ക്കാരംതിട്ടപ്പെടുത്തുകയും കുഴൂർ ഗ്രാമപഞ്ചായത്തും ആ പ്രത്യയശാസ്ത്രങ്ങളി ലെ ഭാഗധേയങ്ങളായിരുന്നു. ത്രിവർണ്ണപതാക യും ചെങ്കൊടിയും. കലപ്പയേന്തിയ കർഷകനും നുകംവെച്ച കാളയും അരിവാളും നെൽക്കതിരും, അരിവാൾ ചുറ്റിക നക്ഷത്രവും, പശുവും കിടാ വും അന്നത്തെ കോളാമ്പി പ്രചരണവും തിരഞ്ഞെ ടുപ്പ് കോലാഹലങ്ങളും ഇന്നത്തേതിൽ നിന്നും വ്യത്യസ്തമായി എല്ലാം തന്നെ നമ്മുടെ ഓർമ്മക ളുടെ താളുകളിൽ നിറം പിടിപ്പിച്ചിട്ടുണ്ട്.

ഓണവും, ഓണത്തുമ്പിയും പൂക്കുടയും പൂക്കുട കുഞ്ഞുങ്ങളും പൂക്കളവും ഓണക്കളിയും തിരു വാതിരക്കളിയും ഇന്നലകളിലും ഇന്നും ഗ്രാമ ചാതുര്യം നിറഞ്ഞുനിൽക്കുന്നു.

കുഴൂരിന്റെ അന്നത്തെ ചരിത്രം ഇടവഴികളും, കയ്യാ ലകളും നെൽവരമ്പുകളുമായിരുന്നെങ്കിൽ മഴപെ യ്താൽ കരയിൽ നിന്നും മറുകര പറ്റാൻ ഓടങ്ങളും വള്ളങ്ങളും ഉപയോഗിച്ചിരുന്നതിൽനിന്ന് വികസ നത്തിന്റെ പാത വെട്ടിത്തെളിയിക്കപ്പെട്ടു. പനമ്പി ള്ളിയും, കരുണാകരനും ഈ മേഖലയിൽ സ്തുത്യർഹ മാല സേവനങ്ങൾ ചെയ്തിട്ടുണ്ട്. അങ്ങിനെ മാറ്റങ്ങളുടെ വരവേല്പ് കുറിക്കപ്പെട്ടു. ഇടവഴി കൾ റോഡുകളായി. കയ്യാണികൾ കനാലുകളാ യി. ഒരു പൂകൃഷി മുപ്പൂകൃഷിയായി. വട്ടക്കുള വും കുഴൂർ ലിഫ്ററ് ഇറിഗേഷനും വഞ്ചിപ്പുരത്താ ഴവും കർഷകരുടെ തേക്കുപാട്ടുകൾ ഓർമ്മകളായി മാറി. എന്നാൽ പ്രകൃതിക്ഷോഭങ്ങൾ നാൾക്കു നാൾ നാശം വിതക്കുന്ന വികസനം വഴിമുട്ടിവ ന്നു. കുന്നുകളും ഇടവഴികളും നടവരമ്പുകളും ഗ്രാമരേഖകളെങ്കിൽ ചാലക്കുടിപ്പുഴയും, പുഴയോ രവും, കർഷകരും കൊയ്ത്തുപാടങ്ങളും പുല്ല്മേ യുന്ന പശുക്കളും കന്നുകാലികളുടെ പുറത്തെ സവാരിക്കാരായ മാടത്തകളും, പ്രാവുകളും, കൊക്കു കളും, കൊച്ചയ്യപ്പനും, കണ്ടൻകോരനും, കാളിപ്പു ലയിയും, വയറോണിപുലയനും അവരുയെ കൊയ്ത്ത് തർക്കവും ഉത്സവത്തിമിഷ്ഠം പൊയ്പ്പോയ കാലത്തിന്റെ മാററ് ഉരക്കുന്നു.

ഇന്നലകളിലെ കർഷകന്റെ വെളുപ്പാംകാലത്തെ തേക്കുപ്പാട്ടും. ചക്രം ചവുട്ടി എന്തോ കീഴടക്കി യുള്ള പ്രതീതി ഉണർത്തുമാറ് വയലേലകളിലേക്ക് ജലപാനമെത്തിക്കുന്നതും സ്മരണകളുടെ അഭ്രപാ ളികളിൽ വർണ്ണചിത്രംമെനയുന്നു.

വിദ്യാഭ്യാസം: 19.11 ചതുരശ്രകിലോമീററർ മാത്രം വിസ്തീർണ്ണമുള്ള ഈ ഗ്രമത്തിൽ മൂന്നു ഹൈസ്ക്കൂ ളുകൾ അടക്കം 6 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. കുണ്ടൂരിലെ മലയാളം മാദ്യമത്തിന് പഠിച്ച് ഈ നാട്ടുകാരനായ ശ്രീ. കെ. ഗോപാലകൃഷ്ണൻ അമേരിക്കയിൽ ഹവായ് യൂണിവേഴ്സിറ്റിയിൽ അ ദ്ദേഹത്തിന്റെ സഹോദരൻ മോഹനനും അമേരി ക്കയിൽ മൂത്തസഹോദരനായ മുരളിധരൻ, തിരു വനന്തപുരം എഞ്ചിനിയറിംഗ് കോളേജിലെ കമ്പ്യൂ ട്ടർ വിഭാഗത്തിൽ വകുപ്പ് മേധാവിയായി റിട്ടയർ ചെയ്തു. ഉണ്ണകൃഷ്ണൻ ISROയിൽ സയന്റിസ്റ്റ് ആയി ജോലിനോക്കുന്നു. ആദ്യബിരുദധാരിയായ മഞ്ഞ പ്പിള്ളി അമ്പാട്ട് നാരായണമേനോൻ കാത്തലിക്ക് സിറിയൻ ബാങ്കിൽ നിന്ന് റിട്ടയർ ചെയ്ത ആളാ ണ്. കൂടാതെ Dr. T.I രാധാകൃഷ്ണൻ M.R.C.P.(ല ണ്ടൻ) കുഴൂർ, ഐരാണിക്കുളം സ്ക്കൂളിൽ നിന്നു വിദ്യാഭ്യാസം നേടിയവരാണ്. കുഴൂർ ഗവ. സ്ക്കൂ ളിൽ നിന്നും പഠിച്ചുപോയവരാണ്. കുഴൂർ പഞ്ചാ യത്തിൽ നിന്നും ആദ്യമായി M.B.B.S ഉം M.D യും എടുത്ത് ഡോക്ടറായ മാട്ടമ്പിള്ളി ദിവാകരമേ നോനും, ആദ്യമായി ഡോക്ടറേറ്റ് എടുത്ത് ദില്ലി യിൽ ജോലിചെയ്തുക്കൊണ്ടിരിക്കുന്ന M.A മുരളീധരനും യൂണിവേഴ്സിറ്റിതല M.Sc.ക്ക് ഒന്നാം റാങ്ക് നേടിയ ബ്രിട്ടോയുജോസഫ് B.Com. ഒന്നാം റാങ്ക് നേടിയ നാഗരാജനും ഈപഞ്ചായത്തിന്റെ അഭിമാനങ്ങൾ തന്നെ. 198 പഞ്ചായത്തിൽ S.S.L.Cപരീക്ഷയിൽ ഒന്നാം റാങ്ക്നേടിയ ശാരാ ദാ മുരളിധരനും 198 തന്നെയാണ് പഞ്ചായത്തിലെ ആദ്യത്തെ I.A.Sകാരിയും ക്യാൻസറിന് "ഗോപാൽ മൈസിൻ" എന്ന അപൂർവ്വ മരുന്ന് കണ്ടുപിടിച്ച ആഗോളപ്രശസ്തനായ ശാസ്ത്രജ്ഞൻ ശ്രീ. ജി. മുര ളിധരന് ജന്മം കൊടുത്ത് ധന്യമായതും കുഴൂർ പഞ്ചായത്ത് തന്നെയാണ്.

ആര്യഭട്ടയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സുപ്ര ധാനസ്ഥാനം വഹിച്ചിരുന്ന ISRO യിലെ ശാസ്ത്ര ജ്ഞൻ ശ്രീ. പി. പദ്മനാഭനും മാല്യങ്കരകോളേ ജിന്റെ പ്രിൻസിപ്പൾ ആയിരുന്ന പ്രൊ: C.K.D. പണിക്കരും ഈ നാട്ടുകാരനെന്നത് നമുക്ക് അഭി മാനം നൽകുന്നു.

**സാംസ്ക്കാരികം**

ചരിത്രവും സംസ്ക്കാരവും ഇഴപിരിഞ്ഞുനിൽക്കുന്ന ഒരു പൗരാണിക കേന്ദ്രമാണ് കുഴൂർ. വ്യത്യസ്ത

മതവിശ്വാസികൾ ആത്മൈക്യത്തോടെ ഇവിടെ കഴി ച്ചുകൂട്ടുന്നു.

ഐരാണുക്കുളം മഹാദേവക്ഷേത്രം, കുഴൂർ സുബ്രഹ്മണ്യസ്വാമിക്ഷേത്രം മുതലായ പ്രാചീന ക്ഷേത്രങ്ങളും താന്നശ്ശേരി സെന്റ് സേവിയേഴ്സ് ചർച്ച്, സെന്റ് മേരീസ് ചർച്ച് കുണ്ടൂർ എന്നീ പഴയകാല കൃസ്ത്യൻ ആരാധനാ കേന്ദ്രങ്ങളും, മുസ്ലീം ദേവാലയമായ പഴക്കമേറിയ കൊച്ചുകടവ് മൊഹിയുദ്ദീൻ പള്ളിയും കൂടായെ ആധുനികങ്ങളായ വളരെയേറെ ഹിന്ദു, കൃസ്ത്യൻ, മുസ്ലീം ആരാധനാലയങ്ങളും ഈ നാടിന്റെ സാംസ്ക്കാരിക മഹിമയെ ഉയർത്തിപ്പടിക്കുന്നു. "വായിച്ചു വളരുക" എന്ന സന്ദേശം ഗ്രാമതലത്തിലേക്ക് കൊണ്ടുവന്നത് ഗ്രന്ഥശാലാ പ്രസ്ഥാനമാണ്. നാടിന് ദിശാബോധം നൽകിയ ചർച്ചകളും, തീരുമാനങ്ങളും രൂപപ്പെട്ടത് വായനശാലകളിലൂടെയാണ്. കുഴൂർ പഞ്ചായത്തിലെ പഴക്കമേറിയ ആദ്യ ഗ്രന്ഥശാല കുഴൂർ വായനശാലയാണ്. T.I പത്മനാഭമേനോൻ ആണ് ഇതിന്റെ സ്ഥാപകൻ. കൂടാതെ കുണ്ടൂർ ഗ്രാമീണ വായനശാലയും ഉണ്ട്. ഇന്ന് നടിന്റെ വിവിധഭാഗങ്ങളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന മൂന്നു ഗ്രന്ഥശാലകൾ വേറെയുമുണ്ട്. നിവധി കലാസമിതികൾ ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ഉപഭോക്തൃ സംരക്ഷണ സമിതിയും ഇവിടെ അതിന്റെ സേവനം കാഴ്ചവെക്കുന്നു.

**സാഹിത്യം:-**

സംസ്ക്കാരത്തിന്റെ ഒരു ഭാഗമാണല്ലോ സാഹിത്യം. നിരവധി സാഹിത്യകാരന്മാരേയും ഗ്രന്ഥകാരന്മാരേയും സംഭാവന ചെയ്തിട്ടുള്ള ഒരു ഗ്രാമമാണിത്. പ്രാചീനകാലം മുതൽ ആരംഭിക്കുന്നുണ്ട്. ആധുനികരായ വിദ്വാൻ ടി.കെ. രാമൻമേനോൻ അദ്ദേഹത്തിന്റെ വിഖ്യാത ഗ്രന്ഥമാണ് രാമചരിത മാനസം. വിവിർത്തനം, നോവലുകളും അദ്ദേഹം രചിച്ചിട്ടുണ്ട്. സിനിമാ ഗാനരചയിതാവായ I.S. കുണ്ടൂർ വളർന്നു വരുന്നൊരു കവിയാണ്. റേഡിയോ നാടക രചയിതാവായ തോമാസ് പാറപ്പുറവും(പി.കെ. തോമാസ് ഇന്നാട്ടുകാരൻ തന്നെ. ഗ്രന്ഥങ്ങൾ പ്രസിദ്ധികരിച്ചിട്ടില്ലെങ്കിലും ആനുകാലികങ്ങളിൽ എഴുതിക്കൊണ്ടരിക്കുന്ന ധാരാളം സാഹിത്യകാരന്മാരും ഇവുടെയുണ്ട്. നിരൂപണ ഗ്രന്ഥരചയിതാവായ പ്രൊ. പി. അരവിന്ദാക്ഷനും അറിയപ്പെടുന്ന സാഹിത്യകാരനാണ്. നല്ല നാടക നടനുള്ള സംസ്ഥാന അവാർഡ് നേടിയ മാള രവി ഈ കൊച്ചുനാടിന്റെ അഭിമാലമാണ്.

**യാത്രിക്കളി:-**

ബ്രാഹ്മണരുടെ വിവാഹത്തോടനുബന്ധിച്ച് നടന്നിരുന്ന ഒരു കലാരൂപം. സാമൂഹിക വിമർശനവുംസ ഫലിതരസികതയും ഇതിന്റെ മുഖമുദ്രയായിരുന്നു. "ചെമ്പു കൊട്ടിയാർക്കുക" എന്ന് ഇതിന്റെ ഭാഗമായിരുന്നു.

**മുടിയഴിച്ചാട്ടം:-**

മകരമാസത്തിലെ ഉത്സവത്തോടനുബന്ധിച്ച് പുലയസ്ത്രീകൾ താലവാദ്യത്തിന്റെ അകമ്പടിയോടെ കൊളുത്തി വെച്ച വിളക്കിനു മുൻപിൽ മുടയഴിച്ചിട്ട് താളാത്മകമായി തുള്ളും. കൈകൊണ്ട് മുടി വശങ്ങളിലേക്ക് തട്ടിയിട്ടകൊണ്ടിരിക്കും. മുടിയാട്ടത്തിനുശേഷം ഗൃഹനാഥൻ ആദരവോടെ നൽകുന്ന നെല്ലുമായി അവർപോകും. വീട്ടുകാരും ഇതിനെ ഭക്തിയോടെ കണ്ടിരുന്നു. ഇന്ന് ഗ്രാമത്തിൽ മുടിയാട്ടം തീരെ കാണാറില്ല.

ഐതിഹ്യങ്ങളും, യാഥാർത്ഥ്യങ്ങളും ഇടകലർന്നു കിടക്കുന്ന ഈ ഗ്രാമഭംഗിയിൽ പുതിയ പ്രശ്നങ്ങൾ ഉയർന്നു വന്നിരിക്കുന്നു. കാർഷിക മേഖലയിലെ മുരടിപ്പ്, പഠിച്ചവരുടെ തൊഴിലില്ലായ്മ, പാരമ്പര്യമായ തൊഴിൽമേഖലയിൽനിന്ന് തൊഴിലാളികളുടെ ഒഴിച്ചുപോക്ക്, പുതിയ തലമുറയുടെ സാമൂഹികമായ പ്രതിബദ്ധതയില്ലായ്മ എല്ലാം പുതിയ രൂപത്തിൽ നമ്മെ തുറിച്ചുനോക്കന്നു. ഇതിനൊക്കെ പരിഹാരം കണ്ടുകൊണ്ട് നമ്മുടെഎ ചുറ്റുപാടുകൾക്ക് അനുസൃതമായ ഒരു വികസന സംസ്ക്കാരം രൂപപ്പെടേണ്ടിയിരിക്കുന്നു. അതിനായിരിക്കട്ടെ നമ്മുടെ കൂട്ടായ യത്നം.

# വിദ്യാഭ്യാസം

തൃശൂർ ജില്ലയുടെ തെക്കേ അറ്റത്ത് എറണാകുളം ജില്ലയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന കുഴൂർ പഞ്ചായത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമായിരുന്നു. കൊടുങ്ങല്ലൂർ, മാള, ചാലക്കുടി, പറവൂർ, ചേന്ദമംഗലം പ്രദേശങ്ങളെയാണ് ഇവിടത്തുകാർ ആശ്രയിച്ചിരുന്നത്. എങ്കിലും ഉയർന്ന വിദ്യാഭ്യാസം നേടുന്നതിൽ ഈ നാട്ടുകാർ ഔൽസുക്യം കാണിച്ചിരുന്നതായി കാണാൻ കഴിയുന്നു. കുഴൂർ ഗവ. ലോവർ പ്രൈമറി സ്കൂൾ, ആണ് ഈ ഗ്രാമപ്രദേശത്തെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയം. പിന്നീട് എസ്. കെ. വി. എൽ. പി. എസ്. എരവത്തൂർ, ഗവ. ഹൈസ്കൂൾ ഐരാണിക്കുളം, സെ. സേവിയേഴ്സ് എൽ. പി. എസ്. സൗത്ത് താണിശ്ശേരി, സെ. ആൻറണീസ് ഹൈസ്കൂൾ സൗത്ത് താണിശ്ശേരി, ജി. യു. പി. എസ്. കുണ്ടൂർ തുടങ്ങിയവ ആരംഭിച്ചു. ഇന്ന് ഈ പഞ്ചായത്തിൽ 4 എൽ. പി. സ്കൂളും, 4 യു. പി. സ്കൂളും 3 ഹൈസ്കൂളും ഉണ്ട്. ഇതിൽ ഐരാണികളും ഗവ. ഹൈസ്കൂൾ സ്വകാര്യമേഖലയിൽ ഏറ്റവും ആദ്യം വന്നതാണ്. സ്കൂൾ സൗകര്യങ്ങളുടെ കാര്യത്തിൽ നാം പുറകിലാണെന്ന് പറഞ്ഞുകൂടാ. ഇതിൽ ഐരാണികുളം ഗവ. ഹൈസ്കൂൾ സ്വകാര്യമേഖലയിൽ ആരംഭിച്ചതാണെങ്കിലും സർക്കാരിലേക്ക് ഏല്പിച്ചുകൊടുത്തതാണ്. 4 എൽ. പി. സ്കൂളിൽ 2 എണ്ണം ഗവൺമെൻറും 2 എണ്ണം പ്രൈവറ്റുമാണ്. യു. പി. 2 ഗവ. ഉം 1 പ്രൈവറ്റുമാണ്. ഹൈസ്കൂളിൽ 2 എണ്ണം ഗവ. ഉം 1 പ്രൈവറ്റും ആണ്. വിദ്യാഭ്യാസത്തെ തൊഴിലടിസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കുഴൂർ ഗവ. ലോവർ പ്രൈമറി സ്കൂളിനെ ജൂനിയർ ബേസിക് സ്കൂൾ ആക്കി മാറ്റി. എങ്കിലും സംസ്ഥാനത്തുമൊത്തം സംഭവിച്ചതുപോലെ വലിയ ചലനം ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഇത്രയെങ്കിലും വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിൽ കുഴൂർ യു. പി. എസ്. അപ്പ് ഗ്രേഡ് ചെയ്തതിനു പിന്നിൽ പ്രവർത്തിച്ച എം. നാരായണമേനോൻ, ഇ. വിജയൻ മേനോൻ, ശാന്ത ടീച്ചർ എന്നിവരേയും 75 സെൻറ് സ്ഥലവും ആപ്പീസ് കെട്ടിടവും വിട്ടുകൊടുത്ത പഞ്ചായത്ത് കമ്മിറ്റിയെയും കൃതജ്ഞതയോടെ സ്മരിക്കട്ടെ. മേല്പറഞ്ഞ സ്കൂളുകളിൽ 2 എണ്ണം ക്രിസ്ത്യൻ മിഷനറിമാരുടേയും 1 എണ്ണം സ്റ്റാഫ് മാനേജ്മെൻറിൻേറയും ആണ്.

ജനസംഖ്യയും 5459 വീടുകളുമുള്ള പഞ്ചായത്തിൽ 3648 വിദ്യാർത്ഥികളും 134 അദ്ധ്യാപകരുമുണ്ട്. ടേബിൾ I A വിദ്യാലയങ്ങളിൽ ചേരാതെയുള്ളവർ ആരും തന്നെയില്ല. കൊഴിഞ്ഞുപോക്ക് ഇല്ലയെന്ന് തന്നെ പറയാം.

ടേബിൾ I B

ടേബിൾ I C

ടേബിൾ I D

പൊതുവിദ്യാഭ്യാസത്തോട് വിമുഖത കാട്ടുന്നവരല്ല ഇവിടത്തുകാർ. വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാൻ നടന്ന ബോധപൂർവമായ ശ്രമങ്ങൾ നാട്ടിൻപുറത്തെ ഇടത്തരക്കാരിൽ ചെലുത്തിയ സ്വാധീനത്തിൻെറ ഫലമായി 200 ഓളം കുട്ടികൾ സമീപത്തുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളെ ആശ്രയിക്കുന്നു. ഹൈസ്കൂളുകളുടെ വിജയശതമാന നിരക്ക് കുറവല്ല. എങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു കുറവും നമുക്കില്ല. മാളയിലെ ഐ. ടി. ഐ. വനിതാ കോളജ്, ചാലക്കുടിയിലെ കോളജുകൾ, കൊടുങ്ങല്ലൂർ കോളജ്, ആലുവ കോളജ് എന്നിവയെയാണ് നാം ആശ്രയിക്കുന്നത്. നല്ലൊരു ശതമാനം വിദ്യാർത്ഥികൾ പാരലൽ വിദ്യാലയങ്ങളെ ആശ്രയിക്കുന്നു. ഐരാണിക്കുളം ഗവൺമെൻറ് ഹൈസ്കൂളിൽ കമ്പ്യൂട്ടർ പഠനസൗകര്യമുണ്ടെങ്കിലും അദ്ധ്യാപകൻെറ അഭാവത്തിൽ പഠനം ഫലപ്രദമായി നടക്കുന്നില്ല. ഗവൺമെൻറ് ഹൈസ്കൂൾ കുഴൂരിൽ ഒരു ഇലക്ട്രോണിക് ക്ലാസ് തുടങ്ങിയെങ്കിലും അധ്യാപകൻെറ സ്ഥലം മാറ്റത്തോടുകൂടി അത് നിർത്തലാക്കേണ്ടിവന്നു.

ടേബിൾ II

ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ട് 2 എണ്ണമുണ്ട്. 17 അംഗൻവാടികൾ ഈ പഞ്ചായത്തിലുണ്ട്. അംഗൻവാടികളുടെ സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ആകർഷണീയമാകുന്നില്ല.

## പട്ടിക I A

| നമ്പർ | സ്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പു | സ്ത്രീ | ആകെ |
| 1. | കുഴൂർ L. P. | Govt. | 219 | 160 | 379 | 2 | 9 | 11 |
| | U.P. | ,, | 300 | 215 | 515 | 5 | 11 | 16 |
| | H.S. | ,, | 348 | 257 | 605 | 7 | 17 | 24 |
| 2. | ഐരാണികുളംU.P. | ,, | 221 | 99 | 320 | 4 | 6 | 10 |
| | H.S. | ,, | 237 | 102 | 339 | 4 | 14 | 18 |
| 3. | കുണ്ടൂർ L.P. | ,, | 119 | 121 | 240 | 4 | 5 | 9 |
| | U.P. | ,, | 90 | 113 | 203 | 3 | 5 | 8 |
| 4. | S. K. V. L. P. S.എരവത്തൂർ | എയ്ഡഡ് | 117 | 113 | 230 | 2 | 7 | 9 |
| 5. | സെൻറ് സേവിയേഴ്സ് L. P. S. താണിശ്ശേരി | ,, | 156 | 142 | 298 | 1 | 7 | 8 |
| 6. | സെൻറ് ആൻറണീസ് ഗേൾസ്U. P. S. | ,, | | 213 | 213 | | 8 | 8 |
| | താണിശ്ശേരിH. S. | ,, | | 306 | 306 | | 13 | 13 |
| | ആകെ | | 1807 | 1841 | 3648 | 32 | 102 | 134 |

പ്രൈമറി വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുക എസ്. എസ്. എൽ. സി. വിജയശതമാനം കൂട്ടുക. ഇതിനുവേണ്ടി വിദ്യാലയങ്ങളെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി ആരംഭിച്ച ഈ പരിപാടികൾ വിദ്യാർത്ഥികളിലും, അധ്യാപകരിലും, രക്ഷാകർത്താക്കളിലും, പൊതുപ്രവർത്തകരിലും പുത്തൻ ഉണർവുണ്ടാക്കിയിട്ടുണ്ട്. രക്ഷാകർത്തൃ സമിതികളും മാതൃസംഘങ്ങളും വികസന സമിതികളും താല്പര്യത്തോടുകൂടിയാണ് ഇത് ഏറ്റെടുത്തത്. ഐരാണിക്കുളം ഗവൺമെൻറ് എച്ച്. എസിലും കുഴൂർ ഗവൺമെൻറ് എച്ച്. എസിലും നിരവധി വികസന പ്രവർത്തനങ്ങൾ ബഹുജനപങ്കാളിത്തത്തോടുകൂടി നടന്നുവരുന്നു. ഇനിയും പലതും ചെയ്തു തീർക്കാനുണ്ട്. എല്ലാ വിദ്യാലയങ്ങളിലും മിടുക്കന്മാരായ വിദ്യാർത്ഥികളെ പ്രോൽസാഹിപ്പിക്കുന്നതിന് നിരവധി അവാർഡുകൾ നടപ്പിലാക്കിയിട്ടുണ്ട്. കുണ്ടൂർ ഗവൺമെൻറ് യു. പി. സ്കൂളിൽ നടപ്പിലാക്കിയിട്ടുള്ള എം. എൽ. എ. പരിപാടി മാതൃകാപരമാണ്.

വിദ്യാലയങ്ങളിൽ മെച്ചപ്പെട്ട അക്കാഡമിക് സൗകര്യങ്ങളും ഭൗതിക സൗകര്യങ്ങളും നടത്തുന്ന കാര്യത്തിൽ നാം പുറകിലല്ല. എങ്കിലും ഇനിയും പലതും വേണ്ടതുണ്ട്. നിലവിലുള്ള സൗകര്യങ്ങൾ ചേർക്കുന്നു.

വിദ്യാലയങ്ങളിൽ മെച്ചപ്പെട്ട അക്കാഡമിക് സൗകര്യങ്ങളും ഭൗതിക സൗകര്യങ്ങളും നടത്തുന്ന കാര്യത്തിൽ നാം പുറകിലല്ല. എങ്കിലും ഇനിയും പലതും വേണ്ടതുണ്ട്. നിലവിലുള്ള സൗകര്യങ്ങൾ ചേർക്കുന്നു.

ടേബിൾ IV
ടേബിൾ V
ടേബിൾ VI

ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ കടന്നുകയറ്റവും നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളും വിദ്യാഭ്യാസ നിലവാരം താഴുന്നതിനു കാരണമായിട്ടുണ്ട്. ഗൈഡുകളേയും ട്യൂഷൻ കേന്ദ്രങ്ങളെയും നമ്മുടെ വിദ്യാർത്ഥികൾ കാര്യമായി ആശ്രയിക്കുന്നു.

## പട്ടിക I B

### L.P., U.P., H.S. വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | L. P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 3648 | 611 | 536 | 32 | 611 | 640 | 34 | 585 | 665 | 34 |

## പട്ടിക I C

### പട്ടികജാതി / പട്ടിക വർഗ വിദ്യാർത്ഥികളുടെ കണക്ക്

| L. P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1147 | 121 | 1.05 | 1251 | 145 | 1.1 | 1250 | 222 | 1.7 |

**ഗ്രാമസഭാ സമ്മേളനങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന ആവശ്യങ്ങൾ:**

1. 1500-ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്ന കുഴൂർ ഗവൺമെൻറ് ഹൈസ്കൂളിൽ വേണ്ടത്ര ക്ലാസ് മുറികൾ ഇല്ല. സ്ഥലപരിമിതിമൂലം വീർപ്പുമുട്ടുന്ന വിദ്യാലയത്തിൽ 30 ക്ലാസ് മുറികളുള്ള ഒരു ബഹുനില കെട്ടിടം പണിയണം. ബഹുജനപങ്കാളിത്തവും സർക്കാർ സഹായവും സമന്വയിപ്പിക്കണം.

2. ഈ പഞ്ചായത്തിലെ സ്കൂളുകൾ Copound wall കെട്ടി സുരക്ഷിതമായി സംരക്ഷിക്കണം. ഇതിന് ജനപങ്കാളിത്തം ഉറപ്പാക്കണം.

3. നമ്മുടെ പഞ്ചായത്തിൽ അയൽപക്ക വിദ്യാഭ്യാസ സമ്പ്രദായം നിർബന്ധമായും നടപ്പിലാക്കണം. വളരെയേറെ ബോധവൽക്കരണം നടത്തണം. ഇതോടൊപ്പം വിദ്യാലയങ്ങൾ ആകർഷണീയമാക്കണം.

4. കൊച്ചുകടവിൽ ഒരു എൽ. പി. സ്കൂൾ ആരംഭിക്കണം.

5. കുണ്ടൂർ ഗവൺമെൻറ് യു. പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണം.

6. വിദ്യാലയങ്ങളിലെ പഠനനിലവാരം ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കണം. അധ്യാപകർ. രക്ഷാകർത്തൃ സമിതികൾ വിദ്യാഭ്യാസ തല്പരർ തുടങ്ങിയവരുടെ കൂട്ടായ ചർച്ച വേണം.

7. നമ്മുടെ ഹൈസ്കൂളിലെ ലബോറട്ടറിയും ലൈബ്രറിയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. ലൈബ്രറിക്കും ലബോറട്ടറിക്കും പ്രത്യേക മുറികളും ഡമോൺസ്ട്രേഷൻ മുറികളും ഉണ്ടാക്കണം.

8. കുഴൂർ ഗവൺമെൻറ് ഹൈസ്കൂളിൽ നിന്നും എൽ. പി. വിഭാഗം വേർപെടുത്തണം.

9. സ്കൂളുകളിലെ കളിസ്ഥലം സംരക്ഷിക്കണം. കുഴൂർ ഗവൺമെൻറ് ഹൈസ്കൂളിന് കളിസ്ഥലം ഉണ്ടാക്കണം. കുഴൂർ പഞ്ചായത്തിലെ മറ്റു പരിപാടികൾക്ക് ഈ കളിസ്ഥലം ഉപയോഗിക്കുവാൻ കഴിയും.

10. ഐരാണിക്കുളം ഹൈസ്കൂളിൽ നിർബന്ധമായും Compound wall കെട്ടി സംരക്ഷിക്കുവാനും സ്കൂളിൻെറ അറ്റകുറ്റപണികൾ നടത്തുകയും വേണം. ഹൈസ്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ഫലപ്രദമായി നടപ്പിലാക്കണം. ഹൈസ്കൂളിൽ നിന്നും പുറത്തുവരുന്ന കുട്ടി ഏതെങ്കിലും ഒരു തൊഴിലിൽ പ്രാവിണ്യം നേടിയെന്ന് ഉറപ്പുവരുത്തണം.

11. സർക്കാർ വിദ്യാലയങ്ങളിലെ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കണം.

12. ഐരാണിക്കുളം ഗവൺമെൻറ് ഹൈസ്കൂളിൽ കമ്പ്യൂട്ടർ പഠനത്തിന് അധ്യാപകനെ നിയമിക്കണം.

13. ഐരാണിക്കുളം ഗവൺമെൻറ് ഹൈ

## പട്ടിക (D)
## പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ ആകെ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 3 | 4 | 7 | 28 | 18 | 46 |

## പട്ടിക II
## ഗവ. സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | ഗവ. വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ഗവ. അധ്യാപകരുടെ എണ്ണം % | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 134 | 96 | 71.6 | 3648 | 2601 | 71 |

## പട്ടിക IV
## അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ. | മാതൃസംഘം സജീവം | ക്ലാസ് പി. ടി. എ. (പ്രവർത്തനക്ഷമം) |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് 5 | - | 4 | - | 6 | 2 | 1 | 1 | 2 | 2 | 30) | സജീവം | ഉണ്ട് |
| ഇല്ലാത്തത്-- | - | 2 | - | - | 4 | 5 | 5 | 4 | 4 | - | - | - |

സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കണം.

14. ഉപരിപഠന സൗകര്യം തീരെയില്ലാത്ത ഈ പഞ്ചായത്തിൽ ഒരു കോളജും ഒരു സാങ്കേതിക പഠനകേന്ദ്രവും ആരംഭിക്കണം. സഹകരണ മേഖലയിൽ ഇത് ആരംഭിക്കാവുന്നതാണ്.

15. അംഗൻവാടി അധ്യാപകർക്കും ഹെൽപ്പർമാർക്കും വേണ്ടത്ര പരിശീലനം നൽകണം.

17. സാക്ഷരതാ ക്ലാസുകൾ പുനർജീവിപ്പിക്കണം. ടി. വി., റേഡിയോ തുടങ്ങിയവ ഈ കേന്ദ്രങ്ങളിൽ സൗജന്യമായി വിതരണം ചെയ്യണം.

18. ഈ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും സൗജന്യമായി ശുദ്ധജല വിതരണം ആരംഭിക്കണം.

വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ ചെലവഴിക്കുന്നതോടൊപ്പം തന്നെ ബഹുജന പങ്കാളിത്തം സ്വീകരിക്കേണ്ടിയിരി

## പട്ടിക V
## ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | ജി. എച്ച്. എസ്. കുഴൂർ | 1499 | 51 | 2 | 2 | കിണർ | ഭാഗികം |
| 2. | ജി. എച്ച്. എസ്. ഐണാണികുളം | 659 | 28 | 3 | 2 | ഉണ്ട് | ഉണ്ട് |
| 3. | ജി. യു. പി. എസ്. കുണ്ടൂർ | 443 | 17 | 2 | 2 | കിണർ | ഉണ്ട് |
| 4. | എസ്. കെ. എൽ. വി. എസ്. എരവത്തൂർ | 230 | 9 | 2 | - | കിണർ | ഇല്ല |
| 5. | താണിശ്ശേരി എൽ. പി. | 298 | 8 | ഇല്ല | 1 | പള്ളിയിൽ നിന്നും പൈപ്പ് | ഉണ്ട് |
| 6. | ഹൈസ്കൂൾ | 519 | 13 | 1 | 4 | കിണർ പൈപ്പ് | ഉണ്ട് |

## പട്ടിക VI A

| | സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| 1. | ജി. എച്ച്. എസ്. കുഴൂർ | 86% | 81% | 67% | 63% | 53% |
| 2. | ജി. എച്ച്. എസ്. ഐരാണികുളം | 74-2% | 54.5% | 85% | 55% | 67% |
| 3. | സെൻറ് ആൻറണീസ് ഗേൾസ് ഹൈസ്കൂൾ താണിശ്ശേരി | 91% | 90% | 92% | 94% | 91% |

ക്കുന്നു. വിദ്യാലയം സമൂഹത്തിൻെറ സ്വത്താണെന്ന ബോധം ജനങ്ങളിലെത്തിക്കാൻ കഴിയണം. അയൽപക്ക വിദ്യാഭ്യാസ സമ്പ്രദായം പ്രോൽസാഹിപ്പിക്കുന്നതിന് ജനങ്ങളിലെ മനോഭാവം മാറ്റുന്നതിനുള്ള ബോധവൽക്കരണം അനിവാര്യമാണ്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ നിലവാരം ഉയർത്തിയെടുക്കുന്നതിന് വിദ്യാഭ്യാസ തല്പരരുടെ സേവനം സ്വീകരിച്ചേ മതിയാകൂ. വളരെയേറെ കാര്യങ്ങൾ സർക്കാരിനെക്കൊണ്ട് നടത്തിയെടുക്കുന്നതിനുള്ള പ്രേരണ ചെലുത്തുന്നതിന് എല്ലാ വിദ്യാലയങ്ങളിലേയും പി. ടി. എ. കളും മറ്റു സമിതികളും പ്രവർത്തിക്കണം.

വിദ്യാഭ്യാസത്തിൻെറ ചവിട്ടുപടി എന്ന രീതിയിൽ അംഗൻവാടികളെ കണ്ടേ മതിയാകൂ. അവരുടെ സേവന വേതന വ്യവസ്ഥ മെച്ചപ്പെടുത്തുക, അംഗൻവാടി കമ്മിറ്റികളും മറ്റും കൂടുതൽ സജീവമായാൽ കളിക്കോപ്പുകൾ സംഭരിക്കാൻ കഴിയും.

വിദ്യാഭ്യാസരംഗത്ത് അടിയന്തിരമായ കൂടുതൽ ശ്രദ്ധ ചെലുത്തുന്ന പക്ഷം നിലവാരം ഉയർത്തുവാൻ കഴിയുമെന്നത് തികച്ചും അന്വർത്ഥ മാണ്.

മേൽപറഞ്ഞതിന് ഉദാഹരണമായി 1987-ൽ കുഴൂർ ഗവൺമെൻറ് ഹൈസ്കൂളിന് എസ്. എസ്. എൽ. സി. ആദ്യ ബാച്ചിന് 100% വിജയം നേടുവാൻ കഴിഞ്ഞു. 1988-ൽ ഈ പഞ്ചായത്തിൽ തന്നെ 3 ഹൈസ്കൂളിനും എസ്. എസ്. എൽ. സി. ക്ക് 100% വിജയം നേടുവാൻ കഴിഞ്ഞുവെന്നത് വലിയ നേട്ടം തന്നെയാണ്. ഇവിടത്തെ കുഴൂർ ഹൈസ്കൂളിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടിക്ക് ധീരതക്കുള്ള അവാർഡ് രാഷ്ട്രപതിയിൽ നിന്ന് ഈ വർഷം ലഭിച്ചത് തികച്ചും സ്മരിക്കേണ്ടതാണ്.

# കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം എന്നിവ. ഡോക്ടറും മരുന്നും ചേർന്നതാണ് ആരോഗ്യമെന്ന ധാരണ മാറി. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 85 ശതമാനം ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. ആകെയുള്ള 1943 കിണറുകളിൽ 32 പൊതുകിണറുകളാണ്. നമ്മുടെ പഞ്ചായത്തിൻെറ അതൃത്തിയിലൂടെ ഒഴുകുന്ന ചാലക്കുടിപ്പുഴയിൽ നിന്നും അനിയന്ത്രിതമായ രീതിയിൽ മണലെടുക്കുന്നത് ഇവിടത്തെ കിണറുകളിലെ - കുണ്ടൂർ കൊച്ചുകടവ് ഭാഗത്തെ - ജലം മോശമാകുന്നതിന് കാരണമായിട്ടുണ്ട്. സ്വതവേ ഉണ്ടായിരുന്ന കുളങ്ങളും തോടുകളും നികത്തപ്പെട്ടതുമൂലം ഭൂഗർഭജലം വേണ്ടത്ര ലഭിക്കുന്നില്ല. ഭൂരിഭാഗം കിണറുകളിലും വേനൽക്കാലത്ത് വരൾച്ചയുണ്ടാകുന്നുണ്ട്. വീടുകളിലെ കിണറുകളിലെ ജലത്തിലെ നല്ലൊരു ഭാഗം കൃഷി ആവശ്യത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു. കേരള വാട്ടർ അതോററ്റിയുടെ ഒരു ജലവിതരണ പദ്ധതി - വൈന്തല സ്കീം - ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ട്. 109 വീടുകളിൽ പൈപ്പ് കണക്ഷൻ ഉപയോഗിക്കപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിൽ 111 പൊതുടാപ്പുകൾ ഉണ്ട്. ഈ പഞ്ചായത്തിൽ കുഴൂർ വിളക്കുംകാൽ പരിസരം, ഐരാണിക്കുളം, താണിശ്ശേരി, മോറത്തോട്, മുത്തുക്കുളങ്ങര തുടങ്ങിയ പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. മൊത്തം ജനസംഖ്യയുടെ 20 ശതമാനം കുടിവെള്ള ക്ഷാമം അനുഭവിക്കുന്നു.

1995-96 വർഷത്തിൽ 286 ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങളിൽ നല്ലൊരു ശതമാനം പേർ മറ്റു ആശുപത്രികളെ സമീപിക്കുന്നതുകൊണ്ട് ഈ കണക്ക് അപൂർണ്ണമാണ്. കുടിവെള്ളത്തിനായി 2 കി. മീ. ദൂരം സഞ്ചരിക്കേണ്ടവരും ഉണ്ട്. പത്തിരുപത് വീട്ടുകാരെ ചേർത്തുകൊണ്ട് ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുന്നത് കൃഷിക്കെന്നപോലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനും ഉതകും. എരവത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇതിന് ഉദാഹരണമാണ്. വിശേഷാൽ ഗ്രാമസഭകളിൽ കുടിവെള്ള പ്രശ്നത്തെക്കുറിച്ച് ദീർഘമായ ചർച്ചകളും പ്രശ്ന പരിഹാരത്തിനുള്ള നിരവധി നിർദ്ദേശങ്ങളും ഉയർന്നുവന്നു.

1. ചാലക്കുടിപുഴയിൽ നിന്നും അനിയന്ത്രിതമായ മണൽവാരൽ കടുത്ത ജലക്ഷാമത്തിനു കാരണമാകുന്നു. മണൽ വാരുന്നത് നിയമം മൂലം നിയന്ത്രിച്ച് ഇതിനു പരിഹാരം കാണാവുന്നതാണ്. എത്രയും വേഗത്തിൽ ഇതു നടപ്പാക്കിയില്ലെങ്കിൽ കുണ്ടൂർ, ആലമിറ്റം, കൊച്ചുകടവ് ഭാഗങ്ങളിൽ - പുഴയുടെ തീരത്തായിട്ടുപോലും ജലക്ഷാമം ഉണ്ടാകും. പുഴയുടെ തീരങ്ങൾ സംരക്ഷിച്ച് ജല സംഭരണ ശേഷി ഉയർത്തേണ്ടതുണ്ട്.

2. ഒന്നാം വാർഡിൽ ആലുങ്ങത്താഴം, എരവത്തൂർ കിഴക്കേത്താഴം, തലയാക്കുളം, പാലത്താംകുഴി, തട്ടാൻതോട് പമ്പ് ഹൗസിനു സമീപം, തച്ചുപറമ്പ്, കുഴൂർ കിഴക്കുംമുറി, ഒന്നാം വാർഡിൻെറ വടക്കേ അറ്റം എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ നിർമ്മിക്കുക. (10)

3. രണ്ടാം വാർഡിൽ ശ്രീ മുരുകൻ ടാക്കീസിൻെറ തെക്കുപടിഞ്ഞാറ് ഭാഗത്ത് ടാപ്പുകൾ നിർമ്മിക്കുക. എല്ലാ അംഗന വാടികൾക്കു സമീപത്തും ടാപ്പ് സ്ഥാപിക്കുക.

4. താണിശ്ശേരി മംഗലം റോഡിൽ മൂന്നും കൂടിയ സ്ഥലം, പാറപ്പുറം മാർക്കറ്റിനു സമീപം, താണിശ്ശേരി വാരപറമ്പ് റോഡ്, ഭൂവനേശ്വരി ക്ഷേത്രത്തിനു തെക്കുവശം, പട്ടികജാതി കോളനി എന്നിവിടങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുക. (5)

5. വാർഡിൻെറ വിവിധ ഭാഗങ്ങളിൽ 15 ടാപ്പുകൾ സ്ഥാപിക്കുക.

6. തിരുമുകുളം പള്ളിമുതൽ മുട്ടക്കടവുവരെ, തിരുമുകുളം - ചെത്തിക്കോട്, സൊസൈറ്റി വഞ്ചിപ്പുരത്താഴം റോഡ്, മോറത്തോട് റോഡ്, വയലാർ, അംഗൻവാഡി കേന്ദ്രം, സൊസൈറ്റി ഭാഗത്തുനിന്ന് തെക്കോട്ടും വടക്കോട്ടും പൈപ്പുലൈനുകൾ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കുക.

7. 6-ാം വാർഡിൽ മുത്തുക്കുളങ്ങര ലക്ഷം വീട്, വയലാർ ലക്ഷം വീട് ഭാഗങ്ങളിൽ ടാപ്പ് സ്ഥാപിക്കുക. ഈ പ്രദേശത്തെ കിണറുകളിൽ റിങ് ഇറക്കുക.

8. തിരുത്തിപ്പുറം - തറേക്കാട്, കടുകപ്പാടം, മണപ്പുറം, നെറ്റിച്ചിറ, കാട്ടുതറ, ഇരുമ്പു കോളനി, കൊച്ചുകടവ് ഭാഗത്ത് ടാപ്പുകൾ സ്ഥാപിക്കുക.

9. കൈനാട്ടുതറ കോളറിയിലും തെക്കു ചേരി ട്രാൻസ്ഫോർമറിനു സമീപവും ടാപ്പുകൾ സ്ഥാപിക്കുക.

വിവിധ വാർഡുകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ പരിശോധിക്കുമ്പോൾ ഈ പഞ്ചായത്ത് കുടിനീർക്ഷാമം അനുഭവിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം. വിവിധ സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്യേണ്ടതുണ്ട്. കാർഷികാവശ്യങ്ങൾക്ക് ഉയർന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൻെറ ഫലമായി കിണറുകളിൽ സുലഭമായി ഉറവുജലം ലഭിക്കുന്നതാണ്. കൃഷി ജലസേചനം രംഗത്തുണ്ടാകുന്ന വികസനം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉപകരിക്കും. നീർമറി പദ്ധതികൾക്കൊന്നും ഈ പഞ്ചായത്തിൽ വലിയ സാദ്ധ്യതയില്ലെങ്കിലും ഉയർന്ന പ്രദേശങ്ങളിൽ നീരൊഴുക്ക് നിയന്ത്രിച്ച് പൊതുകുളങ്ങളിലും മറ്റും സംഭരിക്കുന്നത് ഭൂഗർഭ ജലത്തിൻെറ അളവ് കൂട്ടുന്നതിന് സഹായിക്കും. ഐരാണിക്കുളം, തിരുമുക്കുളം തുടങ്ങിയ പ്രദേശങ്ങൾ ഇതിന് ഉദാഹരണമാണ്. സഹകരണാടിസ്ഥാനത്തിൽ ചെറുകിട ജലസേചന പദ്ധതികൾ തുടങ്ങുന്നതും ഇതിന് പരിഹാരമാണ്. നമ്മുടെ കിണറുകളിൽ ചേർക്കുന്നതിന് ബ്ലീച്ചിങ് പൗഡർ, പൊട്ടാസിയം പെർമാംഗനേറ്റ് തുടങ്ങിയവ ചേർക്കുന്നതിന് സൗകര്യം ഒരുക്കിക്കൊടുക്കുകയും ബോധവൽക്കരണം നടത്തുകയും വേണം. അയൽ കൂട്ടങ്ങളെ കുടിവെള്ള പ്രശ്ന പരിഹാരത്തിന് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

## ആരോഗ്യം

അടുത്ത കാലംവരെ ആരോഗ്യരംഗത്ത് സർക്കാർ സംരംഭങ്ങൾ ഉണ്ടായിരുന്നില്ല. പാരമ്പര്യ വൈദ്യ കുടുംബമായ കണ്ടംകുളത്തി വൈദ്യന്മാരാണ് ഈ രംഗത്തുണ്ടായിരുന്നത്. അതിനുമുമ്പ് പ്രാകൃതമായ ചികിൽസാ സമ്പ്രദായങ്ങളും ഇവിടെ നിലനിന്നിരുന്നതായി കേട്ടറിവുണ്ട്. എങ്കിലും ആയുർവേദ രംഗത്ത് വൻ നേട്ടങ്ങൾ ഉണ്ടാക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. കണ്ടംകുളത്തി പൗലോസ് വൈദ്യനും ടിയാൻെറ മക്കളായ ഫ്രാൻസിസ് വൈദ്യൻ, പത്രോസ് വൈദ്യൻ തുടങ്ങിയവരും, കുണ്ടൂർ രാധാകൃഷ്ണ മേനോൻ, എരവത്തൂർ മാധവൻകുട്ടി വൈദ്യർ, ഐരാണികുളം നമ്പ്യാർ വൈദ്യന്മാർ, എന്നിവരും ചികിൽസാ വൈദ്യൻ തോട്ടോത്ത് ശങ്കരൻകുട്ടി വൈദ്യനും ഈ രംഗത്തുണ്ടായിരുന്നു. ആയുർവേദ മരുന്നു നിർമ്മാണ രംഗത്തെ പ്രശസ്ത സ്ഥാപനമായ കെ. പി. പത്രോസ് വൈദ്യൻസ് കണ്ടംകുളത്തി ആയുർവേദ ഔഷധ ഫാക്ടറി ഈ നാടിൻെറ മുതൽക്കൂട്ടാണ്.

ഇന്ന് ഈ പഞ്ചായത്തിൽ, ഹോമിയോ ഡിസ്പൻസറി, ആയുർവേദ ഡിസ്പൻസറി, പ്രൈമറി ഹെൽത്ത് സെൻറർ എന്നിവയും 3 സബ്ബ് സെൻററുകളും പ്രവർത്തിക്കുന്നുണ്ട്. ഹോമിയോ ഡിസ്പൻസറിക്കും ആയുർവേദ ഡിസ്പൻസറിക്കും കെട്ടിടം പണിയേണ്ടതുണ്ട്. ഐരാണികുളം പ്രൈമറി ഹെൽത്ത് സെൻററിൽ 10 രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യമുണ്ട്. ഇവിടേക്ക് വാഹന സൗകര്യം കുറവായതുകൊണ്ട് ഇവിടത്തെ സൗകര്യങ്ങൾ ജനങ്ങൾ ശരിക്കും ഉപയോഗിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. (1995-96 ലെ ഈ സ്ഥാപനങ്ങളുടെ സ്ഥിതിവിവരക്കണക്ക് താഴെ കൊടുക്കുന്നു - 2 സ്വകാര്യ ഡിസ്പൻസറികളും 5 വൈദ്യശാലകളും ഉണ്ട്.

ഈ പഞ്ചായത്തിൽ 1995-96 വർഷത്തിൽ 93 മരണവും 206 ജനനവുമാണ് നടന്നിട്ടുള്ളത്. 18569 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 95-96ലെ കണക്കനുസരിച്ച് രോഗികളുടെ എണ്ണം 15758 ആണ്. ജനങ്ങൾ മറ്റു പ്രദേശങ്ങളിൽ ചികിൽസക്കു സമീപിക്കുന്നുണ്ടെന്ന് വ്യക്തമാക്കുന്നു.

6 വിദഗ്ദ്ധ അലോപ്പതി ഡോക്ടർമാർ ഇന്നാട്ടിൽ ഉണ്ടെങ്കിലും അവരുടെ സേവനം ഇവിടെ ലഭ്യമല്ല. എങ്കിലും അവർ ഇന്നാട്ടിലെ ആരോഗ്യരംഗത്തിൽ തല്പരരാണെന്നത് നമുക്ക് ആശ്വാസകരമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. ആരോഗ്യസംരക്ഷണ രംഗത്ത് മരുന്നുകളോളം തന്നെ ബോധവൽക്കരണത്തിന് പ്രാധാന്യമുണ്ട്. Field worker മാരുടെ സേവനം കുറെക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളേയും സാദ്ധ്യതകളേയും ഇങ്ങിനെ ക്രോഡീകരിക്കാം.

1. പഞ്ചായത്തിൻെറ ഹൃദയഭാഗമായ കുഴൂർ കേന്ദ്രീകരിച്ച് ആധുനിക സൗകര്യങ്ങളുള്ള ഒരു ആശുപത്രി സ്ഥാപിക്കുക. ഇത് സഹകരണ മേഖലയിൽ നടത്താവുന്നതാണ്.

2. കുഴൂർ ആയുർവേദ ഡിസ്പൻസറിക്കു സ്വന്തമായി കെട്ടിടം പണിത് ആശുപത്രിയായി ഉയർത്തുക.

3. ഹോമിയോ ഡിസ്പൻസറിക്കു കെട്ടിടംപണിത് ചികിൽസാ സൗകര്യം വർദ്ധിപ്പിക്കുക.

4. കുഴൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനം വിപുലപ്പെടുത്തുക.

5. ഐരാണികുളം പ്രാഥമിക ആരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് സഹകരണ മേഖലയിൽ മെഡിക്കൽ സ്റ്റോർ തുടങ്ങുക. പി. എച്ച്. സി. യിലേക്ക് എത്തുന്നതിന് ബസ് സർവീസ് ഏർപ്പെടുത്തുക.

6. തിരുത്ത ഹെൽത്ത് സെൻറർ പുതുക്കി പണിയുക.

7. പി. എച്ച്. സി. യിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുക.

8. ആലമിറ്റത്ത് പി. എച്ച്. സി. സ്ഥാപിക്കുക.

9. ഈ പഞ്ചായത്തിൽ സഞ്ചരിക്കുന്ന മെഡിക്കൽ സെൻറർ വേണം.

10. കൊച്ചുകടവിൽ പ്രാഥമിക ആയുർവേദ ആരോഗ്യകേന്ദ്രം വേണം.

11. കൊച്ചുകടവിൽ ഹോമിയോ ഡിസ്പൻസറി തുടങ്ങുക.

12. 19-ാം വാർഡിൽ പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കുക.

13. ഐരാണികുളം പി. എച്ച്. സി. യിൽ അടുക്കള പണിയുക.

14. കുണ്ടൂരിൽ ഒരു ആയുർവേദ ഡിസ്പൻസറിയും ഹോമിയോ ഡിസ്പൻസറിയും വേണം.

ഗ്രാമസഭകളിലെ ചർച്ചകളിൽ ഉന്നയിക്കപ്പെട്ട നിരവധി ആവശ്യങ്ങൾ ബഹുജന പങ്കാളിത്തത്തോടുകൂടി നടപ്പാക്കാൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല. ഒപ്പം ബോധവൽക്കരണവും അനിവാര്യമാണ്.

## പരിസര ശുചിത്വം

ആരോഗ്യമുള്ള ഒരു ജനതയ്ക്ക് ഏറ്റവും അത്യാവശ്യമായി വേണ്ടത് വ്യക്തിപരമായ ശുചിത്വവും പരിസര ശുചിത്വവുമാണ്. ഈ രണ്ടു കാര്യങ്ങളിലും മറ്റു കേരളീയരെ പോലെ തന്നെ നാം ഉന്നത നിലവാരം പുലർത്തുന്നു. വ്യവസായവൽക്കരണം വൻ തോതിൽ ഇവിടെ നടന്നിട്ടില്ലാത്തതുകൊണ്ട് വലിയ മലിനീകരണങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിലും ശുചീകരണത്തിൻെറ അഭാവം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റു മാത്രമാണുള്ളത് -അതിൻെറ നില ശോചനീയമാണ്.

ഗ്രാമസഭകളിലെ പൊതുചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളേയും നിർദ്ദേശങ്ങളേയും ഇങ്ങനെ ക്രോഡീകരിക്കാം.

1. പാറപ്പുറത്ത് പൊതുമാർക്കറ്റുണ്ടെങ്കിലും വ്യാപാരം കൂടുതലായും നടക്കുന്നത് പാതയോരത്താണ്. പൊതുജനാരോഗ്യ തത്വങ്ങളെ അവഗണിച്ചുകൊണ്ടാണ് അവിടെ മാംസ വ്യാപാരവും മൽസ്യ വ്യാപാരവും നടക്കുന്നത്. മാർക്കറ്റ് കെട്ടിടം കുറെ കൂടി വിപുലീകരിക്കുകയും വ്യാപാരം മാർക്കറ്റിനുള്ളിലാക്കുവാൻ നിർബന്ധിക്കുകയും വേണം. അധികാരികളുടെ നിർദ്ദേശങ്ങൾ ലംഘിക്കുന്നവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കണം.

2. മാർക്കറ്റിലെ അവശിഷ്ട വസ്തുക്കൾ സംഭരിക്കുന്നതിന് മാർക്കറ്റിൻെറ ഏതെങ്കിലും ഭാഗത്ത് സൗകര്യമുണ്ടാക്കണം. അതിൽ നിന്നുള്ള മലിന വസ്തുക്കൾ പരിസര മലിനീകരണം ഉണ്ടാക്കരുത്.

3. മാസത്തിൽ ഒരു ദിവസം മാർക്കറ്റ് ശുചീകരിക്കണം.

4. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നടക്കുന്ന മാംസ മൽസ്യ വ്യാപാരം നിയമാനുസൃതമാണോ എന്ന് പരിശോധിക്കണം.

5. സ്വകാര്യ വ്യക്തികളുടെ സ്ഥലത്താണെങ്കിലും പരിസര മലിനീകരണം ഉണ്ടാക്കുന്നുണ്ടെങ്കിൽ നിരോധിക്കുക.

6. പാതയോരങ്ങളിലെ വ്യാപാരങ്ങൾ നിരോധിക്കണം. അവശിഷ്ടങ്ങൾ റോഡിനരുകിൽ കുന്നുകൂടാൻ ഇടയാക്കുന്നു -കുഴൂർ വിളക്കുംകാൽ പരിസരത്തും മറ്റും ഇത്തരം സംഭവം നടക്കുന്നുണ്ട്.

7. കുഴൂർ വിളക്കുംകാൽ, എരവത്തൂർ, കൊച്ചുകടവ്, കുണ്ടൂർ എന്നീ സ്ഥലങ്ങളിൽ മാർക്കറ്റ് നിർമ്മിക്കണം. മാർക്കറ്റുകളോടനുബന്ധിച്ച് ഷോപ്പിങ്ങ് സെൻറർ പണിയുന്നത് ലാഭകരമാകും.

8. മാംസ വില്പന നടത്തുന്നതിനുള്ള മൃഗങ്ങളെ കൊല്ലുന്നതിനുള്ള Slaughter house നിർമ്മിക്കണം.

9. നമ്മുടെ എല്ലാ റോഡുകളുടേയും അരികിൽ കാനകൾ നിർമ്മിക്കണം. ഇങ്ങനെ ചെയ്യാത്തതുകൊണ്ട് മലിന ജലം കെട്ടികിടക്കുന്നതിനും റോഡുകൾ കേടാകുന്നതിനും ഇടയാകുന്നുണ്ട്.

10. പ്രധാന കേന്ദ്രങ്ങളിൽ Dust Bin കൾ സ്ഥാപിക്കുകയും ആഴ്ചയിലൊരിക്കലെങ്കിലും

271

അത് വ്യത്തിയാക്കുമെന്ന് ഉറപ്പാക്കുകയും വേണം.

11. ഈ പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടാക്കണം.

12. എരവത്തൂർ ലക്ഷം വീട് കോളനിയിൽ നിന്നും മലിനജലം നീക്കം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക – മറ്റു കോളനികളിലും ഇങ്ങനെ ചെയ്യേണ്ടിയിരിക്കുന്നു.

13. Socio Economic scheme പ്രകാരമുള്ള കക്കൂസുകൾ വ്യാപകമായി പ്രചരിപ്പിക്കണം. Survey നടത്തി ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതിനുള്ള സഹായം നൽകണം. ഒരു വീട്ടിൽ ഒരു കക്കൂസുണ്ടാകും എന്ന് ഉറപ്പാക്കണം.

14. ഇഷ്ടിക നിർമ്മാണ ശാലകളിൽ നിന്നും പുറത്തുവരുന്ന പുക സമീപ പ്രദേശങ്ങളിലെ ജനങ്ങൾക്കു വലിയ ശല്യമായി മാറിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ഇത് ഒഴിവാക്കണം. ഇതിൽ നിന്നും പുറത്തുവരുന്ന പുക വലിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. മണ്ണെടുത്ത് ഭൂമി നശിപ്പിക്കുന്നതോടൊപ്പം തന്നെ ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ഇതിന് പരിഹാരം കണ്ടേ മതിയാകൂ. ഈ വ്യവസായത്തെക്കുറിച്ച് കൂടുതൽ പഠനം വേണം.

15. പണ്ടപന്തലുകളിലും ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങളിലും യാതൊരുവിധ രാസവസ്തുക്കളും ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കണം.

D.W.C.R.A.

16. പുഴയിലെ മണൽ വാരൽ ദൂരവ്യാപകമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുകൊണ്ട് അത് നിർബന്ധമായും നിരോധിക്കണം.

17. കൊതുകു നശീകരണത്തിനും എലിനശീകരണത്തിനും അലയുന്ന നായ്ക്കളെ പിടിക്കുന്നതിനുമുള്ള തീവ്രയത്ന പരിപാടികൾ സംഘടിപ്പിക്കണം.

18. അഞ്ചാം വാർഡിൽ പൊതുവായി കാണുന്ന ആസ്മരോഗത്തെക്കുറിച്ച് പഠനം നടത്തി പരിഹാരം കണ്ടെത്തണം.

19. കോളനി നിവാസികൾക്ക് പൊതുജനാരോഗ്യ ക്ലാസുകൾ സംഘടിപ്പിക്കണം.

20. ഇന്ന് ഈ പഞ്ചായത്തിലെ ഏറ്റവും ഗുരുതരമായ പരിസര മലിനീകരണം കീടനാശിനി പ്രയോഗമാണ്. കീടനാശിനി പ്രയോഗം പരമാവധി കുറക്കുന്നതിന് കർഷകർക്കു ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. പ്ലാസ്റ്റിക് തുടങ്ങിയവയുടെ ഉപയോഗം കുറക്കണം.

പരിസര ശുചിത്വ രംഗത്തെ പ്രശ്നങ്ങൾ നേരിടുന്നതിന് ബഹുജന പങ്കാളിത്തം ഉറപ്പാക്കണം. സന്നദ്ധ സംഘടനകളുടെ സഹായം ഇക്കാര്യത്തിൽ ലഭിക്കും. എല്ലാ സന്നദ്ധ സംഘടനകളുടേയും കൂട്ടായ പ്രവർത്തനം കൊണ്ട് ഒരു Clean Kuzhoor Panchayath സൃഷ്ടിക്കാൻ കഴിയും. എന്തെല്ലാം ചെയ്താലും പരിസര ശുചിത്വം നിലനിറുത്തുന്നതിന് ബോധവൽക്കരണം നടത്തണം.

## വിഭവ സമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ ഇല്ല എന്നുള്ളതാണ്. ചെറുകിട വ്യവസായ രംഗവും പരിതാപകരമായ അവസ്ഥയിലാണ്. ഈ രണ്ട് രംഗത്തും ആവശ്യമായ പ്രോൽസാഹനം നൽകി പുതിയ മാർഗങ്ങൾ ആരായേണ്ടതാണ്. എന്നാൽ വൈദ്യുതിയുടെ അപര്യാപ്തത കാരണം ഈ രംഗത്തുനിന്നുള്ള വിഭവ സമാഹരണത്തിനുള്ള സാദ്ധ്യത വളരെ വിരളമാണ്.

കാർഷിക രംഗം ഇന്ന് മുരടിപ്പു നേരിടുകയാണ്. കൃഷി ഭൂമി താമസപ്പറമ്പുകളായും ഇഷ്ടികകളങ്ങളായും മാറുന്നു. കർഷകർ കർഷക തൊഴിലാളികളായി മാറുന്നു. ഇതിന് പരിഹാരം കാണേണ്ടത് അത്യന്താപേക്ഷിതമാണ്. കൂട്ടുകൃഷി സമ്പ്രദായം വ്യാപകമാക്കണം. രാസവള പ്രയോഗം കൊണ്ടുള്ള ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിന് കർഷകരെ ബോധവൽക്കരണം നടത്തണം. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ മാത്രമേ ഈ രംഗത്ത് വിഭവ സമാഹരണം നടത്താനാകൂ. ഈ രംഗങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരവും, ആത്മാർത്ഥതയും ഉണ്ടെങ്കിൽ ഗുണഫലങ്ങൾ നേടാൻ കഴിയും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും ഇല്ലാതെ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് നിയമനിർമ്മാണം നടത്തണം. കഴിഞ്ഞ 5 വർഷം പഞ്ചായത്തിനു ലഭിച്ച ഗ്രാൻറുകൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക ഒന്നിൽ വിവരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടേയും മറ്റും ലൈസൻസ് ഫീസായി 7623.00 രൂപ കഴിഞ്ഞ വർഷത്തിൽ വസൂലാക്കിയിട്ടുണ്ട്. മുഴുവൻ ബിസിനസുകാരേയും നികുതി കൊടുക്കുന്നവരായി മാറ്റിയെടുക്കാൻ കഴിയണം. ബാങ്കുകളിൽ നിന്നും മറ്റും വായ്പ എടുക്കേണ്ട ആവശ്യമുള്ളപ്പോൾ മാത്രമാണ് ലൈസൻസ് എടുക്കുന്നതിന് കൂടുതൽ താല്പര്യം കാണുന്നത്. പിന്നീടുള്ള വർഷങ്ങളിൽ നികുതി അടക്കുന്നതിന് താല്പര്യം കാണിക്കാത്ത നിലപാടാണ് കണ്ടുവരുന്നത്. അതു മാറ്റി

പട്ടിക 1

| ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| വി. ആർ. എം. ഗ്രാൻറ് | 76542.00 | 74955.00 | 74116.00 | 73571.00 | 72590.00 |
| മൈനർ ഇറിഗേഷൻ ഗ്രാൻറ് | 69780.00 | 69780.00 | 78000.00 | 78000.00 | 90000.00 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാൻറ് | -- | 100000.00 | 100000.00 | -- | -- |
| വി. റ്റി. സി. | 21774.00 | 43084.00 | 50000.00 | -- | 603051.00 |
| സ്ട്രീറ്റ് ലൈറ്റ് ഗ്രാൻറ് | 10000.00 | 10000.00 | -- | -- | 10000.00 |
| c / വ്വ / റ്റ വ്വ / | 18866.00 | 18692.00 | 18694.00 | 24513.00 | 69105.00 |
| സ്പെഷൽ ഗ്രാൻറ് | 50000.00 | -- | -- | -- | 50000.00 |
| ജെ. ആർ. വൈ. | 282300.00 | 286900.00 | 259950.00 | -- | 394140.00 |
| അൺ ടൈഡ് ഫണ്ട് | 176000.00 | 184500.00 | 192600.00 | 263000.00 | 274700.00 |
| ആകെ | **705262.00** | **787911.00** | **1223360.00** | **439084.00** | **1563586.00** |

എടുക്കുന്നതിന് നടപടി സ്വീകരിക്കണം. പഞ്ചായത്തിൻെറ വികസനത്തിൽ തങ്ങളും പങ്കാളികളാണ് എന്ന് സ്വയം ബോദ്ധ്യം വരത്തക്ക രീതിയിൽ ബോധവൽക്കരണം നടത്തണം. നികുതി ഘടന കാലോചിതമായി പരിഷ്ക്കരിക്കണം.

## കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് തികച്ചും ശാസ്ത്രീയമായ രീതിയിലല്ല. പണി പൂർത്തീകരിക്കുന്നതിനു മുമ്പ് നമ്പറിട്ട് നികുതി ചുമത്തുന്നതുമൂലം യഥാർത്ഥത്തിൽ ലഭിക്കേണ്ട നികുതി ലഭിക്കുന്നില്ല. തറവിസ്തീർണ്ണവും മുറികളുടെ എണ്ണവും കണക്കാക്കി നികുതി നിർണ്ണയിക്കുന്നതു കൂടാതെ ആഡംഭര വസ്തുക്കളുടെ ഉപയോഗവും മറ്റും കണക്കിലെടുത്ത് നികുതി ചുമത്തുവാൻ കഴിയണം. സ്ഥിരമായ ചുമരുകളുള്ളതും സാമാന്യം നല്ലതെന്നു തോന്നുന്നതുമായ എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് യഥാർത്ഥ വാടകയുടെയടിസ്ഥാനത്തിൽ നികുതി ചുമത്തുകയും വേണം. ഈ രംഗത്തെ അഴിമതി കുറക്കുന്നതിന് ഭരണ പ്രതിപക്ഷ അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു അസസ്മെൻറ് കമ്മിറ്റി രൂപീകരിക്കുന്നത് ഉചിതമായിരിക്കും. ലക്ഷങ്ങൾ മുടക്കി വീട് പണിയുന്നതിന് ബുദ്ധിമുട്ട് ഇല്ലാത്തവർപോലും നികുതി പരമാവുധി കുറക്കുന്നതിനാണ് താല്പര്യം കാണിക്കുന്നത്. അത് മാറണം.

നികുതി പിരിച്ചെടുക്കുന്ന സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട് ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും സമയവും മുൻകൂട്ടി അതതു വാർഡിലുള്ള ഗ്രാമസഭ കമ്മറ്റികളെ അറിയിച്ച് അവരുടെ സഹകരണത്തോടെ നികുതി പിരിച്ചെടുക്കുന്നത് സഹായകരമായിരിക്കും.

## തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ, സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ കാര്യക്ഷമ

മായി തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ. ലൈസൻസ് ഉള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിൻെറ തോതനുസരിച്ച് തൊഴിൽ നികുതി പിരിക്കേണ്ടതാണ്. മറ്റു വ്യക്തികളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായ രീതിയിൽ നടക്കുന്നുണ്ടെന്ന് പറയാനാവില്ല. അത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ ശ്രമിക്കണം.

### നികുതി പിരിവ് സംബന്ധിച്ച വിവരം
### പട്ടിക-2

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | വിനോദ നികുതി | ആകെ തനതു വരുമാനം |
|---|---|---|---|---|
| 1991-92 | 104385.00 | 55026.00 | 12303.00 | 394438.00 |
| 1992-93 | 111594.00 | 61021.00 | 11862.00 | 434216.00 |
| 1993-94 | 140495.00 | 68921.00 | 12895.00 | 552398.00 |
| 1994-95 | 142467.00 | 85325.00 | 14591.00 | 587800.00 |
| 1995-96 | 157656.00 | 98508.00 | 19371.00 | 619329.00 |

## വിനോദ നികുതി

ഈ പഞ്ചായത്തിൽ ഒരു സിനിമാ തിയേറ്റർ മാത്രമാണ് ഉള്ളത്. അതിൽ നിന്നുള്ള പ്രതിമാസ വിനോദ നികുതി 1600 രൂപയാണ്. വിനോദ നികുതി പിരിവ് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് കഴിയുകയാണെങ്കിൽ കാര്യമായ വിധത്തിലുള്ള വിഭവസമാഹരണം ആ രംഗത്തുനിന്നും പ്രതീക്ഷിക്കാവുന്നതാണ്.

## ഖനനം

നമ്മുടെ പഞ്ചായത്തതൃത്തിയിലെ പുഴയിൽ നിന്നും യാതൊരു തത്വദീക്ഷയുമില്ലാതെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മണൽ വാരുകയാണ് ചെയ്തുവരുന്നത്. കഴിഞ്ഞ വർഷം മണൽ വാരുന്നതിനുള്ള അവകാശം ലേലം ചെയ്തെങ്കിലും ലേലം റദ്ദു ചെയ്യേണ്ട സാഹചര്യം വരുകയും സംഖ്യ തിരിച്ചു നൽകുകയും ചെയ്തതിനാൽ മണൽ ലേലം ഇനത്തിൽ വരുമാനം ഉണ്ടായില്ല. പുഴയിൽ നിന്നും മണൽ വാരുന്നതിനുള്ള കുത്തക അവകാശം മണൽ വാരൽ തൊഴിലാളികളുടെ സഹകരണ സംഘം ഉണ്ടാക്കി അവരെ ഏല്പിച്ചുകൊടുക്കുക വഴി മാത്രമേ നിയന്ത്രണം വരുത്തുവാൻ കഴിയുകയുള്ളൂ. പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാനും, ഇടത്തട്ടുകാരെ ഒഴിവാക്കുവാനും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള നിയന്ത്രണ രഹിതമായ ചൂഷണം അവസാനിപ്പിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനും ഇതുമൂലം കഴിയും.

## ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്കും, ഒരു സഹകരണ സംഘവും, ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് എന്നിവയുടെ ഓരോ ശാഖയും ഉണ്ട്. ബാങ്കുകൾ സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി വിതരണം ചെയ്യേണ്ടതാണ്. സഹകരണ സ്ഥാപനങ്ങൾ നിക്ഷേപങ്ങളുടെയടിസ്ഥാനത്തിൽ പരമാവുധി വായ്പ നൽകുന്നുണ്ടെങ്കിലും മറ്റു ബാങ്കുകൾ നിക്ഷേപത്തിനനുസരിച്ചുള്ള വായ്പ നൽകുന്നില്ല. ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാദ്ധ്യസ്ഥരാകുന്ന നിയമം ഉണ്ടാകണം.

## ബാങ്കുകളുടെ പ്രവർത്തനം
### പട്ടിക – 3

| | സ്ഥാപനത്തിൻെറ പേര് | നിക്ഷേപം | വായ്പ നൽകിയത് |
|---|---|---|---|
| 1. | സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 540, കുഴൂർ | 245 ലക്ഷം | 210 ലക്ഷം |
| 2. | ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക്, കുഴൂർ ശാഖ | 637 ലക്ഷം | 281 ലക്ഷം |
| 3. | കാത്തലിക് സിറിയൻ ബാങ്ക്, കുഴൂർ ശാഖ | 236 ലക്ഷം | 72 ലക്ഷം |

## ചെലവുകൾ

സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്ന നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് പ്രത്യുല്പാദനപരമല്ലാത്ത രീതിയിലായിരുന്നു.

പൊതുമരാമത്ത് പണികൾക്ക് 31.54 ശതമാനവും, ഭരണ ചെലവുകൾക്ക് 78.11 ശതമാനവും, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവക്ക് 2.92 ശതമാനവും, തെരുവുവിളക്കുകൾക്ക് 10.71 ശതമാനവും വീതമാണ് കഴിഞ്ഞ വർഷം പഞ്ചായത്ത് തുക ചെലവഴിച്ചത്. ഇതിൽ ഭൂരിഭാഗവും പഞ്ചായത്തു റോഡുകളുടെ റിപ്പയർ ജോലികൾക്കായിരുന്നു. 5000 രൂപ വീതം ചെലവഴിച്ചുകൊണ്ടുള്ള റിപ്പയർ ജോലികൾ എല്ലാ വാർഡുകളിലും നടത്തിയിട്ടുണ്ട്. ഇത്തരം റിപ്പയർ പണികൾ നടത്തി ഒരു മഴ കഴിയുമ്പോഴേക്കും റോഡ് പഴയതിനേക്കാളും മോശമാവുന്നു. ഇത്തരത്തിലുള്ള റിപ്പയർ പണികൾ ഒരു ഗുണവും ചെയ്യുന്നില്ലെന്നു മാത്രമല്ല പഞ്ചായത്തു ഫണ്ട് പാഴായി പോവുകയും ചെയ്യുന്നു. പഞ്ചായത്തിൻെറ വിഭവചോർച്ച തടയുന്നതിന് മണ്ണ് റോഡുകളുടെ സംരക്ഷണം റോഡുകൾക്കിരുവശവുമുള്ള താമസക്കാർ ചെയ്യുന്ന നിലയിൽ ജനപങ്കാളിത്തത്തോടെ വരണം. മഴക്കാലം ആരംഭിക്കുന്നതിനു മുമ്പ് റോഡുകളിലുള്ള കാനകൾ സന്നദ്ധ പ്രവർത്തനം വഴി നന്നാക്കിയാൽ ഒരു പരിധിവരെ റോഡ് നാശമാകാതെ സംരക്ഷിച്ചു നിറത്തുന്നതിന് കഴിയും.

പഞ്ചായത്തിൻെറ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകളിൽ കാര്യമായ മാറ്റമൊന്നും വരുത്താൻ കഴിയില്ല. മാത്രമല്ല വരുംകാലങ്ങളിൽ കൂട്ടുവാനാണ് സാദ്ധ്യത. വർദ്ധിച്ചുവരുന്ന വിലക്കയറ്റവും സാമ്പത്തിക മേഖലയിലെ മുരടിപ്പും ഇതിനുകാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

ഇപ്പോൾ നിലവിലുള്ള ഭൂനികുതി നിരക്ക് (ഏക്കറിന് 20/– ക.) വളരെ കുറവാണ്. ഇത് ഉയർത്തുന്നതോടൊപ്പം ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടതാണ്. തരിശിട്ടിരിക്കുന്ന കൃഷി യോഗ്യമായ ഭൂമിക്കും, വയൽനികത്തിയുണ്ടാക്കുന്ന പുരയിടത്തിനും പരമാവുധി നിരക്കും, വയലുകൾക്ക് ഏറ്റവും കുറഞ്ഞ നിരക്കും നിശ്ചയിക്കണം. ഇത് ഗ്രാമസഭ കമ്മിറ്റിയുടെ സഹായത്തോടെ പിരിച്ചെടുക്കുന്നതിനും പഞ്ചായത്തിനെ ഏല്പിക്കണം. കുണ്ടൂർ ബസ് സ്റ്റാൻഡിൽ സ്ഥലം അക്വയർ ചെയ്ത് ബസ് സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചാൽ വരുമാനം വർദ്ധിപ്പിക്കാനാകും. പാറപ്പുറത്തെ മാർക്കറ്റിൽ കൂടുതൽ മുറികളോട് കൂടിയ ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിച്ചാൽ കൂടുതൽ വരുമാനം പ്രതീക്ഷിക്കാവുന്നതാണ്.

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രയുടെ 25 ശതമാനം വരെ ആ പഞ്ചായത്തിനു തന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അത് 40 ശതമാനം എങ്കിലും ആയി ഉയർത്തുന്നതിന് സമ്മർദ്ദം ചെലുത്തണം. ഭരണ സമിതിയും ഗ്രാമസഭ കമ്മിറ്റികളും ഇടപെട്ടുകൊണ്ട് പഞ്ചായത്തിൽ നിന്നും പരമാവുധി സമ്പാദ്യനിക്ഷേപം (മഹിളാ പ്രധാൻ ഏജൻറു മുഖേന) ഉണ്ടാക്കിയാൽ പഞ്ചായത്തിന് നല്ലവരുമാനം ഉണ്ടാക്കാൻ കഴിയും.

#### ഗ്രാമസഭ നിർദ്ദേശങ്ങൾ

1. ശ്രമദാനം വഴി വിവിധ മരാമത്ത് പണികളും

വികസന പ്രവർത്തനങ്ങളും നടത്തിക്കുക വഴി അത്തരം മേഖലകളിലെ മൊത്തം ചെലവിൻെറ 30 ശതമാനം ലാഭിക്കാൻ കഴിയും.

2. ബസ് സ്റ്റാൻറ്, മാർക്കറ്റ്, കശാപ്പുശാല, കാർഷിക വിളകളുടെ വിപണന കേന്ദ്രങ്ങൾ എന്നിവ പുതുതായി സ്ഥാപിച്ച് കൂടുതൽ ധനമാർജിക്കുവാൻ കഴിയും.

3. നിലവിലുള്ള നികുതി, ലൈസൻസ് ഫീസ് തുടങ്ങിയ വരുമാന സ്രോതസുകളിലെ അർഹമായ തുക മുഴുവൻ പിരിച്ചെടുക്കുക വഴി കൂടുതൽ വരുമാനമുണ്ടാക്കാം.

4. പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കാം.

5. ബാങ്കുകളിലെ ഡെപ്പോസിറ്റിൻെറ തോതനുസരിച്ച് കുറഞ്ഞ പലിശനിരക്കിൽ വായ്പ അനുവദിക്കുക വഴി ആരംഭിക്കാവുന്ന തൊഴിൽ സംരംഭങ്ങളിൽ നിന്നും കൂടുതൽ വരുമാനം കണ്ടെത്താം.

## വ്യവസായം

കുഴൂർ പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഇല്ല. ചെറുകിട മേഖലയിലെ സ്വകാര്യ യൂണിറ്റുകളും, സഹകരണ മേഖലയിലുള്ള ഒരു ഓട്ടുകമ്പനിയും ആണ് പ്രധാന വ്യവസായ യൂണിറ്റുകൾ. നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി ആകെ പേർ ജോലി ചെയ്യുന്നു. അതിൽ പുരുഷന്മാർ സ്ത്രീകൾ മാണ്.

സ്വകാര്യ മേഖലയിലുള്ളതും മറിയൻ തുരുത്തിൽ സ്ഥിതി ചെയ്യുന്നതുമായ ഓട്ടു കമ്പനി, എരവത്തൂറിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലുമുള്ള ഓട്ടുകമ്പനികൾ എന്നീ മൂന്ന് യൂണിറ്റുകളിലും കൂടി ജോലി ചെയ്യുന്നവർ പേരുണ്ട്.

പാറപ്പുറത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആയുർവേദ മരുന്നു നിർമ്മാണ ഫാക്ടറി, കുഴൂർ, ഐരാണികുളം എന്നിവിടങ്ങളിലുള്ള സ്റ്റീൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ, പാറപ്പുറം, കുഴൂർ, കുണ്ടൂർ എന്നിവിടങ്ങളിലുള്ള ഓയൽ മില്ലുകൾ, V, VI എന്നി വാർഡുകളിൽ വ്യാപിച്ചു കിടക്കുന്ന ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ, I, II, III വാർഡുകളിൽ പ്രവർത്തിക്കുന്ന യന്ത്രവൽകൃത ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ തന്ത്രവൽകൃതവും അല്ലാത്തതുമായ സിമൻറിഷ്ടിക നിർമ്മാണ യൂണിറ്റുകൾ കുണ്ടൂരിൽ പ്രവർത്തിച്ചുവരുന്ന തീപ്പെട്ടി വ്യവസായം, എരവത്തൂരിൽ പ്രവർത്തിച്ചു വരുന്ന ബീഡി നിർമ്മാണ യൂണിറ്റ്. താണിശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന റോൾഡ് ഗോൾഡ് ആഭരണ നിർമ്മാണ യൂണിറ്റ് എന്നിവ പ്രവർത്തിച്ചു വരുന്നു. ഈ വ്യവസായങ്ങളിൽ എല്ലാം തന്നെ സ്ത്രീ തൊഴിലാളികൾ ആണ് കൂടുതലായി ജോലി ചെയ്തുവരുന്നത്.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ കളിമൺ പാത്ര നിർമ്മാണമാണ് പ്രധാനമായിട്ടുള്ളത്. ചെറുകിട വ്യവസായ മേഖലയിലധികവും ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ ആണ്. നാളികേരം കൊപ്രയാക്കി മാറ്റുന്ന വ്യവസായങ്ങളും ഒട്ടും പിന്നിലല്ല. 8 പൈങ്ങ (പാകമാകാത്ത അടക്ക) സംസ്ക്കരണ യൂണിറ്റുകൾ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു. വ്യവസായ യൂണിറ്റുകളിലധികവും കാർഷിക മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായങ്ങളുടെ വളർച്ചക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളിൽ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷരത. ജനക്ഷേമ പ്രവർത്തനങ്ങൾ, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തല്പരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും.

1. ധനസഹായം കിട്ടുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
2. ഗതാഗത സൗകര്യങ്ങൾ.
3. സാങ്കേതിക പരിജ്ഞാനക്കുറവ്.
4. വാർത്താ വിനിമയ സൗകര്യങ്ങൾ.
5. വിപണന സാദ്ധ്യതകുറവ്.
6. വനിതകൾക്ക് തൊഴിലവസരം കുറവ്.
7. വ്യവസായ വികസനവുമായുള്ള ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.
8. സാങ്കേതിക പരിശീലനം സിദ്ധിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുവാനുള്ള സാദ്ധ്യതകുറവ്.
9. വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്.
10. മുഖ്യകാർഷികോല്പന്നമായ നാളികേരം, നെല്ല് എന്നിവ വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.

## സാദ്ധ്യതകൾ

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരവും നെല്ലുമാണെങ്കിലും നാളികേരം ഉപയോഗിച്ചു പ്രവർത്തിക്കുന്ന വ്യവസായങ്ങൾ വളരെ കുറവാണ്, തെങ്ങ്, തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാൻ കഴിയും. ഒരു നാളികേര കോംപ്ലക്സ് (പ്രൊസസിങ് യൂണിറ്റ്) തന്നെ സ്ഥാപിക്കാനുള്ള സാദ്ധ്യത ഈ പഞ്ചായത്തിലുണ്ട്.

പാടശേഖര കമ്മിറ്റികൾ വഴി നേരിട്ട് നെല്ലു സംഭരിച്ച് അവ അരിയാക്കി മാർക്കറ്റിലെത്തിച്ച് കുറഞ്ഞ വിലക്കു വില്ക്കാൻ സാധിച്ചാൽ സാധാരണക്കാരായ ഉപഭോക്താക്കൾക്ക് വലിയൊരു അനുഗ്രഹമായി തീരുകയും, അങ്ങിനെ സഹകരണ സംഘത്തിന് ലാഭം ഉണ്ടാക്കാനും സാധിക്കും. നെല്ലു പ്രൊസസിങ് യൂണിറ്റു സ്ഥാപിക്കാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.

കുടുംബങ്ങൾ അപ്രത്യക്ഷമാവുകയും പകരം അനേകം ചെറുകുടുംബങ്ങൾ രൂപാന്തരപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നതിൻെറ ഫലമായി, വീടുകളുടെ നിർമ്മാണ പ്രവർത്തനം ദിനം പ്രതി വർദ്ധിച്ചുവരികയാണ്. കഴിയുന്നതും മരങ്ങളെ ഒഴിവാക്കി. പകരം കോൺക്രീറ്റു കൊണ്ടുള്ള ഫ്രെയിമുകളാണ് ഉപയോഗിച്ചുവരുന്നത്. ഇത്തരുണത്തിൽ കോൺക്രീറ്റുകൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾക്ക് സാധ്യത യേറെയാണ്.

അതുപോലെ തന്നെ മരത്തിനെ പിൻതള്ളിക്കൊണ്ടു മുന്നേറിക്കൊണ്ടിരിക്കുന്ന ഒന്നാണ് അലൂമിനിയം, അലൂമിനിയം ഫാബ്രിക്കേഷൻ യൂണിറ്റുകൾക്ക് സാധ്യതയേറെ കാണുന്നു.

കൃഷിയിടങ്ങളിൽ നിന്നും മണ്ണെടുക്കാൻ നിരോധനം ഉണ്ടാകാവുന്നതുകൊണ്ട് ഹോളോ ബ്രിക്സ് നിർമ്മാണത്തിനും, കോൺക്രീറ്റ് ആവശ്യത്തിനും വേണ്ട മെറ്റിൽ രൂപാന്തരപ്പെടുത്തി എടുക്കുന്നതിന് ആവശ്യമായിട്ടുള്ള ക്രഷർ സ്ഥാപിക്കുന്നതിന് സാധ്യതകാണുന്നു.

വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധരാണെങ്കിലും കുഴൂരിലെ വിപണികൾ മാത്രം ലഭിച്ചാൽ പോലും വളരുവാൻ സാധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ മുന്നോട്ടു വരാത്ത നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിയെടുക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കി എടുക്കേണ്ടതുണ്ട്.

വ്യവസായം തുടങ്ങാൻ തയ്യാറുള്ളതും സാമ്പത്തികമായി കഴിവുള്ളവർക്കും വ്യവസായം തുടങ്ങുന്നതിനാവശ്യമായ പരിശീലനം പഞ്ചായത്തുതലത്തിൽ, പഞ്ചായത്തുതന്നെ മുൻകൈ എടുത്ത് നടത്തിയാൽ നമ്മുടെ പഞ്ചായത്തിൽ വ്യവസായ മേഖലക്ക് ഒരു പുത്തൻ ഉണർവുണ്ടാക്കാൻ സഹായകമായിരിക്കും. കാലതാമസം ഒഴിവാക്കി അവർക്കു ലൈസൻസ് വേഗം തരപ്പെടുത്തി കൊടുക്കാൻ സഹായിക്കുക.

ചുരുങ്ങിയ മുതൽ മുടക്കിൽ, കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

| വിഭാഗം | ക്രമനമ്പർ | ഇനം |
|---|---|---|
| 1 | 1 | ശാസ്ത്രീയമായ കോഴി വളർത്തൽ |
| | 2 | ആധുനിക രിതിയിലുള്ള ആയുർവേദ മരുന്നു നിർമ്മാണം |
| | 3 | ഹവായ് ചെരുപ്പ് |
| | 4 | അലൂമിനിയം പാത്രങ്ങൾ |
| | 5 | അലൂമിനിയം ഫാബ്രിക്കേഷൻ |

| | | |
|---|---|---|
| ജനറൽ S.S.I. | 6 | ഫാൻസി ലതർ ഗുഡ്സ് |
| | 7 | പ്ലാസ്റ്റിക് ബട്ടൺസ് |
| | 8 | ക്ലീനിങ് പൗഡർ |
| | 9 | അലക്കുകട്ട നിർമ്മാണം |
| | 10 | ഓട്ടോ ഇലക്ട്രിക് ഷോപ്പ് |
| | 11 | ഇരുചക്ര വാഹനങ്ങളുടെ വർക്ക്ഷോപ്പ് |
| | 12 | ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ |
| | 13 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| | 14 | എമർജൻസി ലൈറ്റു നിർമ്മാണം |
| വനിത | 15 | ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 16 | സോപ്പ് പൊടി നിർമ്മാണം |
| | 17 | കുട, നോട്ടു ബുക്കു നിർമ്മാണം |
| | 18 | കറി പൗഡർ |
| സഹകരണ സംഘം | 19 | സിമൻറു കൊണ്ടുള്ള ജനാല, വാതിൽ തുടങ്ങിയവ |
| | 20 | നെയ്ത്ത് |
| | 21 | ഹോളോബ്രിക്സ് |
| | 22 | സ്റ്റീൽ ഫർണീച്ചർ |
| | 23 | കൂൺ കൃഷി |
| | 24 | കിടക്ക നിർമ്മാണം |
| | 25 | പനമ്പു നിർമ്മാണം |

## വൻകിട വ്യവസായം

1. കുഴൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കണം.

2. സഹകരണ മേഖലയിൽ സ്പിന്നിംഗ് മിൽ സ്ഥാപിക്കണം.

3. ഒരു നെല്ലു സംസ്കരണ യൂണിറ്റു സ്ഥാപിക്കണം.

## ടൂറിസ വികസനം

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുവാൻ കുഴൂർ പഞ്ചായത്തിലെ ടൂറിസ്റ്റ് സാധ്യതയുള്ള പ്രദേശങ്ങൾ പ്രത്യേകിച്ച് കുണ്ടൂർ ബോട്ടുജട്ടിയും അതിനോടു ചേർന്ന സ്ഥലവും കെട്ടി ഉയർത്തി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതരത്തിൽ രൂപകല്പന ചെയ്യുകയും, ഉല്ലാസത്തിന് ബോട്ടുയാത്രയും ഏർപ്പെടുത്തണം.

പായത്തുരുത്ത്, ചെമ്പോതുരുത്ത് എന്നീ തുരുത്തുകൾ ടൂറിസ്റ്റു കേന്ദ്രങ്ങൾ ആക്കി മാറ്റുക.

## മിനി വ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാധ്യതയുള്ളതിനാൽ III, IV, V വാർഡുകളിലെ കുന്നുകളിൽ ഐരാണികുളത്തെ കുന്നിൽ ഏതെങ്കിലുമൊന്നിൽ വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരംഭകരെ സഹായിക്കുന്ന പദ്ധതി നടപ്പിൽ വരുത്തണം. (ഷെഡുകൾ നിർമ്മിച്ചോ, സ്ഥലം പ്ലോട്ടുകൾ തിരിച്ചോ ആകാം).

## മറ്റു ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. പരമ്പരാഗത വ്യവസായം പുനരുജ്ജീവിപ്പിക്കുകയും കുടിൽ വ്യവസായങ്ങൾ ആരംഭിക്കുകയും വേണം.

2. റെഡിമെയ്ഡ്, അലങ്കാര വസ്തു എന്നിവ വ്യവസായ യൂണിറ്റ് വനിതകൾക്കായി ആരംഭിക്കണം.

3. കളിമൺ വ്യവസായത്തിന് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം.

4. നെല്ല് സംസ്കരണ യൂണിറ്റ് ആരംഭിച്ച് കൃഷിക്കാരിൽ നിന്നും ന്യായമായ വിലക്ക് നെല്ലു സംഭരിക്കണം.

5. നാളികേര സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുക. വിറ്റഴിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

6. ബീഡി തൊഴിലാളികൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുക.

7. സഹകരണ മേഖല കേന്ദ്രീകരിച്ച് റെഡിമെയ്ഡ് വ്യവസായം ആരംഭിക്കുക.

8. വനിതാ വ്യവസായ സംഘങ്ങൾ രൂപീകരിക്കുക.

9. ഖാദി ബോർഡിൽ നിന്നും ചെറുകിട നെയ്ത്തു ശാല സ്ഥാപിക്കുക.

10. പട്ടുനൂൽ പുഴു വളർത്തൽ ഓർക്കിഡു കൃഷി കുറ്റിമുല്ല കൃഷി എന്നിവ തുടങ്ങണം.

11. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ചെരിപ്പുനിർമ്മാണം ആരംഭിക്കുക.

12. അച്ചാറുകൾ, ജാമുകൾ, കറിപൗഡർ, ചിപ്സ് വ്യവസായങ്ങൾ തുടങ്ങണം.

13. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.

14. ചെറുകിട വ്യവസായങ്ങൾ തുടങ്ങാനാഗ്രഹിക്കുന്നവർക്ക് പ്രോൽസാഹനം നൽകുക.

15. 4-ാം വാർഡിന് ഉപയുക്തമായ ഒരു ബാങ്ക് ഇല്ല. അത് ഈ വാർഡിൽ ഉള്ളതും വരാൻ പോകുന്നതുമായ വ്യവസായങ്ങളെ ദോഷമായി ബാധിക്കുന്നു.

16. 4-ാം വാർഡിലെ തൊഴിൽ രഹിതരെ ഉൾപ്പെടുത്തി വ്യവസായ സ്ഥാപനം തുടങ്ങണം.

17. വ്യവസായങ്ങൾ തുടങ്ങാൻ കഴിവുള്ളവരെ പഞ്ചായത്തു തലത്തിൽ മാർഗ്ഗനിർദ്ദേശം നൽകി പ്രോൽസാഹിപ്പിക്കുക.

18. ബാംബു കോർപ്പറേഷനുമായി സഹകരിച്ച് പനമ്പു ചെയ്തു തുടങ്ങണം.

19. സഹകരണാടിസ്ഥാനത്തിൽ മെഴുകുതിരി, ബുക്ക് ബൈയൻറിംഗ്, ചന്ദനതിരി എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

20. ഖാദി വ്യവസായ യൂണിറ്റ് സ്ഥാപിക്കണം.

21. കെട്ടിട നിർമ്മാണത്തിനാവശ്യമായ ജനാല, കട്ടിള, ഇഷ്ടിക വ്യവസായ യൂണിറ്റുവേണം.

22. പി. വി. സി. പൈപ്പ് നിർമ്മാണ യൂണിറ്റു വേണം.

23. പ്ലാസ്റ്റിക്, മരം, കളിമൺ എന്നിവ ഉപയോഗിച്ചുള്ള കരകൗശല യൂണിറ്റു വേണം.

24. മൽസ്യ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കണം.

25. പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ഒരു യൂണിറ്റ് സ്ഥാപിക്കുക.

26. സഹകരണാടിസ്ഥാനത്തിൽ പനമ്പ്, കുട്ട നെയ്ത്തു തുടങ്ങുക.

27. സഹകരണാടിസ്ഥാനത്തിൽ കുണ്ടൂരിൽ ഒരു ഹോട്ടൽ തുടങ്ങുക.

28. കൈത്തറി യൂണിറ്റ് സ്ഥാപിക്കുക.

29. കുടിൽ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കണം.

30. തീപ്പെട്ടി നിർമ്മാണ യൂണിറ്റു തുടങ്ങണം.

## നിർദ്ദേശങ്ങൾ

1. നവീന രീതിയിലുള്ള പ്രോസസിങ് യൂണിറ്റുകൾ സ്ഥാപിച്ച് കാർഷിക വിളകളായ നെല്ല്, നാളികേരം, അടയ്ക്ക എന്നിവ സംസ്ക്കരിച്ച് വില്പന നടത്തുന്നതിനാവശ്യമായ മിഷനറികൾ സ്ഥാപിക്കയും, അതോടൊപ്പം തന്നെ, തൊഴിലാളികൾക്ക് നല്ല രീതിയിൽ പരിശീലനവും നൽകണം. യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നതായിരിക്കും ഉത്തമം.

2. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവരെ പ്രത്യേകിച്ച് വനിതകളെ കണ്ടെത്തി സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള സാദ്ധ്യതകളെപ്പറ്റിയും വിപണനത്തെപ്പറ്റിയും വിദഗ്ദ്ധ പരിശീലനം നൽകണം.

3. വ്യവസായങ്ങൾക്ക് ഒട്ടും ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് വൈദ്യുതി. അവ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.

4. ഖാദി ബോർഡിൻെറ കീഴിൽ ഓർക്കിഡ്, കുറ്റിമുല്ല, ഔഷധ സസ്യം, പട്ടുനൂൽപ്പുഴു വളർത്തൽ, മെഴുകുതിരി, ചെരുപ്പ്, അച്ചാർ, ജാം, കറി പൗഡർ, ബുക്ക് ബൈൻറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക. പരിശീലനം നൽകുക.

5. വ്യവസായങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിന് വിജയകരമായി പ്രവർത്തിക്കുന്ന വ്യവസായികളുമായി ആശയ വിനിമയം നടത്തുന്നതിനും വ്യവസായങ്ങൾ നേരിൽ കണ്ട് പ്രവർത്തനം മനസ്സിലാക്കുന്നതിനും സാഹചര്യം ഉണ്ടാക്കുക.

6. കരകൗശല രംഗത്ത് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ജില്ലാ അധികൃതരുമായി ബന്ധപ്പെട്ട് ഒരു ക്രാഫ്ട് ഡവലപ്മെൻറ് സെൻറർ സ്ഥാപിക്കുക.

7. വ്യവസായ കേരളം, വാണിജ്യകേരളം എന്നീ പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിലെങ്കിലും വരുത്തണം (വായനശാലകളിലും ആകാം).

8. ബാംബൂ കോർപ്പറേഷൻെറ യൂണിറ്റു തുടങ്ങി പനമ്പു നെയ്ത്ത്, പായ നെയ്ത്ത്, കലണ്ടർ മുതലായ കലാരൂപങ്ങൾ പ്രോൽസാഹിപ്പിക്കുക.

9. സഹകരണാടിസ്ഥാനത്തിൽ കൈത്തറി യൂണിറ്റ്, ചിലവു കുറഞ്ഞ ഗൃഹനിർമ്മാണ സാമഗ്രി യൂണിറ്റ്, പി. വി. സി. പൈപ്പു നിർമ്മാണ യൂണിറ്റ്, ഹോസിയറി യൂണിറ്റ്, മൽസ്യസംസ്കരണ യൂണിറ്റ്, ഹോട്ടൽ, സ്റ്റീൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റ്. ബോൾപെൻ നിർമ്മാണ യൂണിറ്റ്, പാൽപൊടി യൂണിറ്റ് എന്നിവ സ്ഥാപിക്കണം.

10. ഫോം ബെഡു നിർമ്മാണ യൂണിറ്റ്, ഫാൻസി ഫൈബർ യൂണിറ്റ്, പേപ്പർ പൾപ്പ്, കരകൗശല യൂണിറ്റുകൾ സ്ഥാപിക്കുക.

11. കരിക്കിൻ വെള്ളം ഉപയോഗിച്ച് ശീതളപാനിയ യൂണിറ്റ് സ്ഥാപിക്കണം.

12. ഖാദി മേഖലയിലെ നിലവിലുള്ള യൂണിറ്റുകളെപ്പറ്റി വ്യവസായ സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനാവശ്യമായ ഉയർന്ന നിലവാരം പുലർത്തുന്ന ഉപദേശക സമിതി രൂപീകരിക്കണം.

13. പരസ്യം ചെയ്ത് വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിക്കുകയും, അവർക്ക് വ്യവസായ രംഗത്ത് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്യുക.

# സഹകരണ മേഖല

വ്യവസായ വിപ്ലവത്തെ തുടർന്നുണ്ടായ സാമ്പത്തിക സാമൂഹ്യസ്ഥിതിഗതികളാണ് സഹകരണ പ്രസ്ഥാനത്തിന് ഇംഗ്ലണ്ടിൽ ജന്മം കൊടുത്തത്. ക്രിസ്തു വർഷം 1843 ൽ റോക്ഡയലിലെ 28 നെയ്ത്തുതൊഴിലാളികൾ ചേർന്ന് റോക്സയൽ ഇക്യുറ്റബിൾ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘത്തിന് രൂപം നല്കിയതോടെ സഹകരണ പ്രസ്ഥാനത്ത്ന് തുടക്കം കുറിച്ചു. ഇത് ഒരു ഉപഭോക്യത സഹകരണ പ്രസ്ഥാനമായിരുന്നുവെങ്കിൽ ജർമ്മനിയിൽ നിന്നാണ് സഹകരണ വായ്പാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. സഹകരണപ്രസ്ഥാനത്തിന്റെ തുടക്കത്തിന് പ്രചോദനം നല്കിയ ശ്രീ. റോബർട്ട് ഓവനെ സഹകരണപ്രസ്ഥാനത്തിന്റെ പിതാവ് എന്നു വിളിയ്ക്കപ്പെടുന്നു.

കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തോടുകൂടി മരിക്കുന്ന ഇന്ത്യൻ കർഷകസമൂഹത്തെ രക്ഷിയ്ക്കുന്നതിനായി 1904 ലെ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണപ്രസ്ഥാനം തുടക്കം കുറിയ്ക്കുന്നത് അക്കാലത്തുണ്ടായിരുന്ന അപര്യാപ്തമായ നിയമങ്ങളുടേയും നിബന്ധനകളുടേയും അടിസ്ഥാനത്തിൽ സഹകരണ മേഖലയ്ക്ക് അശാവഹമായ വളർച്ച കൈവരിയ്ക്കുവാൻ കഴിയാതെ പോകുകയും രൂപീതമായ നിരവധി സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം ആരംഭഘട്ടത്തിൽതന്നെ നിലച്ചുപോകുകയുണ്ടായുമുണ്ടായി. അങ്ങിനെ സഹകരണപ്രസ്ഥാനത്തോട് ജനൽക്ക് കാര്യമായ പ്രതിപത്തി ഇല്ലാതിരിക്കുന്ന കാലഘട്ടത്തിലാണ് കുഴൂർ പഞ്ചായത്തിൽ ആദ്യത്തെ സഹകരണസ്ഥാപനം കുഴൂർ പരസ്പര സഹായസംഘം എന്ന പേരിൽ 29.11.1946 ൽ 200 ൽ താഴെ അംഗങ്ങളുമായി ദിവംഗതനായ ശ്രീ.ടി.എ.പത്മനാഭമേനോൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആരംഭിച്ചത്. അതിനുശേഷം കുണ്ടൂരിൽ ഒരു കർഷക സംഘം രൂപീകരിച്ച് പ്രവർത്തിച്ചുവെങ്കിലും സംഘം ഭരണത്തിന്റെ കെടുകാരസ്ഥത കാരണം പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയാതെ പോകുകയും പിന്നീട് അത് കുഴൂർ സർവ്വീസ് സഹകരണ സംഘത്തിൽ ലയിപ്പിക്കുകയും ചെയ്തു. 596 നമ്പർ തിരുമുക്കുളം കർഷകസംഘം ME 29.6.1122 ൽ ആരംഭിയക്കുകയുണ്ടായി. ശ്രീ. ഗോപാലൻ മാസ്റ്റർ, ഔസോ മാസ്റ്റർ എന്നിവർ ഇതിന്റെ സ്ഥാപക പ്രവർത്തകരായിരുന്നു. 767 നമ്പർ ഐരാണിക്കുളം സഹകരണസംഘം എം.ഇ.28.10.1124 ൽ ശ്രീ പി.കെ.രാഘവൻ നായർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി. 18.7.1974 ൽ തിരുമുക്കുളം സംഘവും ഐരാണിക്കുളം സംഘവും ലയിപ്പിച്ച് 22.7.1974 ൽ മുതൽ തിരുമുക്കുളം-ഐരാണിക്കുളം സർവ്വീസ് സഹകരണസംഘം എന്നപേരിൽ പ്രവർത്തനം ആരംഭിച്ചു. വിവിധ മേഘലകളിലായി 17 സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു.

**സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ**

കാർഷിക മേഘലയിലും കാർഷികേതര മേഘലയിലും കുഴൂർ സർവ്വീസ് സഹകരണബാങ്ക് സാമാന്യം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. തിരുമുക്കുളം-ഐരാണിക്കുളം സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം ഏറെ പരിമിതികളോടെ കാർഷികമേഖലയിൽ മാത്രമായി ഒതുങ്ങുകയും ചെയ്തിരിക്കുന്നു. കുഴൂർ പഞ്ചായത്തിന്റെ പരിധിയിൽ 4 ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ പ്രവർത്തനം നടത്തിവരുന്നു. മൾബറി കർഷകരെ ഉദ്ദേശിച്ച് രൂപീകൃതമായ കുഴൂർ പഞ്ചായത്ത് മൾബറി സഹകരണസംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഘാതി ഗ്രാമവ്യവസായവകുപ്പിന്റെ കീഴിൽ എരവത്തൂർ കളിമൺ വ്യവസായ സഹകരണസംഘം സാമാന്യം നന്നായി പ്രവർത്തിച്ചു. വനിതകൾ മാത്രം അംഗങ്ങളായി കുഴൂരിൽ പ്രവർത്തിച്ചുവരുന്ന മാളബ്ലാക്ക് വനിത കുടിൽ വ്യവസായ സഹകരണസംഘം നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിച്ച് പ്രവർത്തിച്ചുവരുന്നു. കുഴൂർ പഞ്ചായത്തിലെ 4 സ്ക്കൂൾ സഹകരണസംഘങ്ങൾ പുസ്തകവിതരണം മാത്രം നടത്തിവരുന്നു. പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ള നക്ഷത്രമാർക്ക് ബുക്ക്ബൈന്റിഗ് സഹകരണസംഘവും കുഴൂർ പഞ്ചായത്ത കോഴിവളർത്തൽ കർഷക സഹകരണസംഘവും പ്രവർത്തനങ്ങൾ തുടങ്ങിവരുന്നതേയുള്ളു.

## കുഴൂർ സർവ്വീസ് സഹകരണബാങ്ക്

| | | |
|---|---|---|
| പ്രവർത്തനം ആരംഭിച്ചത് | : | 29.11.1946 |
| അംഗങ്ങൾ | : | 5800 |
| ഓഹരിമൂലധനം | : | 9.75 ലക്ഷം രൂപ |
| കടം | : | 75 ലക്ഷം രൂപ |
| നിക്ഷേപങ്ങൾ | : | 170 ലക്ഷം രൂപ |
| വായ്പകൾ | : | 210 ലക്ഷം രൂപ |
| പ്രവർത്തന മൂലധനം | : | 255 ലക്ഷം രൂപ |
| ലാഭം | : | 5.39 ലക്ഷം രൂപ |
| ജീവനക്കാർ | : | 6 |
| കമ്മീഷൻ ഏജന്റമാരും മറ്റുള്ളവരും. | : | 6 |

ഏകദേശം ആയിരത്തി അഞ്ഞൂറോളം കർഷ കകുടുംബങ്ങളുള്ള ഒരു ഗ്രാമീണ പ്രദേശമാണ് കുഴൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിലെ 4, 5 വാർഡുകൾ ഒഴികയെള്ള മറ്റ് ഏഴ് വർഡുകൾ അട ങ്ങുന്നതാണ് ഈ ബാങ്കിന്റെ പ്രവർത്തനമേഖല. വർഷങ്ങൾ ഏറെ പിന്നിട്ടെങ്കിലും പല കാരണങ്ങ ളാലും സംഘം പ്രവർത്തനങ്ങളിൽ കാര്യമായ പുരോ ഗതി കൈവരിക്കുവാൻ സാധിച്ചില്ല. 1969 ൽ സർവ്വീസ് സഹകരണമായും 1983 ൽ സർവ്വീസ് സഹകരണബാങ്കായും മാറ്റുകയുണ്ടായി. 1988-89 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ബാങ്ക് 10 ലക്ഷം രൂപയ്ക്കുമേൽ നഷ്ടത്തോടുകൂടിയാണ് പ്രവർത്തിച്ചിരുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങ ളിലെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കൊണ്ട് ബാങ്കിന്റെ ക്ലാസിഫിക്കേഷൻ മൂന്നായി ഉയരുകയും ബാങ്ക് പ്രവർത്തനം ലാഭത്തിലാകുകയും ചെയ്തിട്ടുണ്ട്.

കാർഷിക മേഖലയുടെ അഭിവൃത്തിക്കാവശ്യ മായ വായ്പാ പദ്ധതികൾ പലതും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായിപ്പാ ഇനത്തിൽ 55 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. 1996-97 വിള വർഷത്തേയ്ക്ക് ഈ ബാങ്കിന് 66 ലക്ഷം രൂപയുടെ ക്രെഡിറ്റ് ലിമിറ്റ് അനുവദിച്ചുകിട്ടിയിട്ടുണ്ട്. അതിൽ 45 ലക്ഷം രൂപ യുടെ വിതരണം ഇതിനകം നടത്തികഴിഞ്ഞിട്ടുണ്ട്. കാർഷികാംഗങ്ങളുടെ സാമ്പത്തികാ ആവശ്യങ്ങൾ നിറവേറ്റുവാൻ 1 കോടി രൂപ ആവശ്യമാണ്. നബാർഡ് നിലവിലുള്ള കാർഷികാ വായിപ്പാ സംവി ധാനത്തിൽ മാറ്റം വരുത്തുകയും അംഗങ്ങൾ യഥാ സമയം വായിപ്പ തിരിച്ചടയ്ക്കുകയയും ചെയ്താൻ മാത്രമേ ഉദ്ദേശിച്ച രൂപത്തിൽ വായിപ്പാ വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളു. കർഷകർക്കാവ ശ്യമായ വളം, കീടനാശിനികൾ എന്നിവ മിതമായ വിലയ്ക്ക് ബാങ്കിന്റെ ആഭിമുഖ്യത്തിൽ കുഴൂർ, കുണ്ടൂർ, എരവത്തൂർ, കൊച്ചുകടവ് എന്നീ നാല് കേന്ദ്രങ്ങളിലൂടെ വിതരണം നടത്തിവരുന്നുണ്ട്. കാർഷികാവശ്യങ്ങൾക്കുള്ള ജലസേചന സൌകര്യ ങ്ങൾക്കായി കിണർ, കുളം നിർമ്മിക്കുന്നതിന്, മോട്ടോർ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നിതനും ദീർഘ കാല വായിപ്പൾ കൃഷിഭവൻ സബ്സീഡിയോടു കൂടിയും അല്ലാതെയും ബാങ്കിൽ നിന്നും 143 പേർക്ക് വിതരണം ചെതിട്ടുണ്ട്.

കൃഷി അനുബന്ധ തൊഴിലുകൾക്ക് സബ്സീ ഡിയോടുകൂടിയും ഐ.ആർ.ഡി.പി. വായിപ്പാ പദ്ധ തികളിലും ക്ഷീരവികസന പദ്ധതിപ്രകാരം കറവ മാടു കൾക്ക് വായ്പ നൽകുന്നതിനുമായി 4.50 ലക്ഷം രൂപ മദ്ധ്യകാല വായിപ്പയായി വിതരണം ചെയ്യു ന്നു. കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഏറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ബാ ക്കിയുണ്ടെങ്കിലും ഈ രംഗത്ത് കാര്യമായ പങ്ക് ബാങ്ക് വഹിച്ചിട്ടുണ്ടെന്നുള്ളതാണ്. ദീർഘകാല കാർഷിക വായിപ്പാവിതരണത്തിൽ ഈ പഞ്ചായത്ത് പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്ന ഇരിങ്ങാലക്കുട സഹകരണകാർഷിക ഗ്രാമവികസനബാങ്ക് മുഖ്യ പങ്ക് വഹിച്ചിട്ടുണ്ടെങ്കിലും വായിപ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകാരണം വേണ്ടത്ര ഫണ്ടു കൾ ഉണ്ടായിട്ടും കർഷകർ വായ്പ്പ വിനിയാഗി ക്കാത്ത അവസ്ഥയാണ്. ഇത്തരം സ്ഥിതിവിശേഷ ങ്ങൾഒഴിവാക്കുന്നതിന് സർവ്വീസ് സഹകരണബാങ്കു കൾ ഈ പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ടതാ ണ്.

കുഴൂർ സർവ്വീസ് സഹകരണബാങ്കിൽ നിന്നും ഒരു അംഗത്തിനുള്ള പരമാവധി വായ്പാപരിധി 50,000 രൂപയാക്കി ഉയർത്തുകയും ആയതുപ്രകാരം വിവാഹം, കച്ചവടം, വീട് റിപ്പയറിംഗ്, കൈത്തൊഴി ലുകൾ, ഗൃഹോപകരണങ്ങൾ വാങ്ങൽ വൈദ്യസ ഹായം വിദ്യഭ്യാസം സ്വർണ്ണപണയം എന്നീ വിവിധ ആവശ്യങ്ങൾക്കായി 145 ലക്ഷം രൂപ വായ്പ്പയായി വിതരണം ചെയ്തിട്ടുണ്ട്. 1984ന് മുമ്പുള്ള കാലഘട്ട ത്തിൽ ദുർബലവിഭാഗങ്ങൾക്കായുള്ള ഭലനനിർമ്മാ ണപദ്ധതിപ്രകാരം വായ്പ്പകൾ 165 അംഗങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും ഗുരുതരമായ പാർപ്പിടപ്രശ്ന ത്തിന് പരിഹാരമെന്നോണം ഭവനവായ്പ്പകൾ നൽകു വാൻ കഴിയാതെ പോയിരിക്കുകയാണ്. മുഴുവൻ അംഗങ്ങളുടേയും വായ്പ്പാവശ്യങ്ങൾ നിറവേറ്റുന്ന തിന് ഫണ്ടുകളുടെ ലഭ്യത കുറവുകാരണം ബാങ്കിന് കഴിഞ്ഞിട്ടുല്ല.

തുരുമുക്കുളം-ഐരാണിക്കുളം സർവ്വീസ് സഹകര ണസംഘം

| | |
|---|---|
| പ്രവർത്തനമാരംഭിച്ചത് | 18.7.1974 |
| അംഗങ്ങൾ | 1486 |
| ഓഹരിമൂലധനം | 78000 രൂപ |
| നിക്ഷേപങ്ങൾ | 3 ലക്ഷം രൂപ |
| വായ്പ്പകൾ | 6.43 ലക്ഷം രൂപ |
| പ്രവർത്തനമൂലധനം | 10 ലക്ഷം രൂപ |
| നഷ്ടം | 15 ലക്ഷം രൂപ |
| ജീവനക്കാർ | 3 |

കുഴൂർ പഞ്ചായത്തിലെ വിവിധവാർഡുകളി ലായി പ്രവർത്തനമേഖല വ്യാപിച്ചുകിടപ്പുണ്ടെങ്കിലും മുഖ്യമായും 4,5 വാർഡുകൾ കേന്ദ്രീകരിച്ചാണ് സംഘം പ്രവർത്തനം നടത്തിവരുന്നത്. ഡെപ്പോ സിറ്റ് സംഭരണകാര്യത്തിൽ വളരെശോചനീയമായ അവസ്ഥയായതുകൊണ്ട് ജില്ലാസഹകരണ

ബാങ്കിൽ നിന്നുള്ള ധനസഹായത്തോടുകൂടിയ വായ്പാ പദ്ധതികൾ മാത്രമേ ഈ സംഘത്തിനുള്ളൂ. കാർഷിക വായ്പാ ഇനത്തിലും അനുബന്ധ വായ്പാ ഇനങ്ങളിലുമായി 6.10 ലക്ഷം രൂപയും മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഈ പ്രദേശത്തുള്ള അംഗങ്ങളുടെ കാർഷിക ആവശ്യങ്ങൾക്കായി 25 ലക്ഷം രൂപയുടെ വായ്പാ വിതരണം ആവശ്യമുണ്ടെങ്കിലും സംഘത്തിൻെറയും, നബാർഡ്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ വായ്പാ വിതരണത്തിലുള്ള സംവിധാനങ്ങൾ തടസ്സം നില്ക്കുന്നതുകൊണ്ട് കാർഷിക മേഖലയ്ക്ക് ഈ സംഘത്തിനെക്കൊണ്ട് പൂർണ്ണത കൈവരിയ്ക്കുവാൻ സാധിയ്ക്കാതെ വന്നിരിയ്ക്കുന്നു. 2 വളം ഡിപ്പോകൾ നടത്തിവരുന്നുണ്ട്. ഡെപ്പോസിറ്റിൻെറ കാര്യത്തിലും മറ്റു ഏജൻസികളിൽ നിന്നും പണം സ്വരൂപിയ്ക്കേണ്ട കാര്യത്തിലും സംഘം വളരെ പിറകോട്ടു പോയിട്ടുള്ളതുകൊണ്ട് അംഗങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയ്ക്കാവശ്യമായ കാർഷികേതര വായ്പകൾ നൽകുവാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് അടിയന്തര ശ്രദ്ധ പതിപ്പിയ്ക്കേണ്ട സംഗതിയാണ്. ഇപ്പോഴത്തെ ഭരണ സമിതി കാര്യക്ഷമമായ പ്രവർത്തനങ്ങൾ എം. ഡി. എസ്. തുടങ്ങിയ വിവിധ പദ്ധതികളിലൂടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

## സഹകരണ ബാങ്കിംഗ് മേഖലയെ പരിപോഷിപ്പിക്കേണ്ടതിൻെറ ആവശ്യകത:

637 ലക്ഷം രൂപ ഈ പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റായി സമാഹരിച്ചിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മുൻഗണനാ മേഖലയായ കാർഷിക മേഖലയ്ക്കായി വെറും 40 ലക്ഷം രൂപയും കാർഷികേതരവും വ്യവസായികവുമായ ആവശ്യങ്ങൾക്കായി 241 ലക്ഷം രൂപയും കൂടി മൊത്തം 281 ലക്ഷം രൂപയാണ് കുഴൂർ പഞ്ചായത്തിലും മാള ബ്ലോക്കിൽപ്പെട്ട വിവിധ സ്ഥലങ്ങളിലും കൂടി വിതരണം ചെയ്തിട്ടുള്ളത്.

236 ലക്ഷം രൂപ ഈ പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റായി സമാഹരിച്ചിട്ടുള്ള കാത്തലിക് സിറിയൻ ബാങ്ക് മുൻഗണന മേഖലയായ കാർഷിക മേഖലയ്ക്കായി കേവലം 5 ലക്ഷം രൂപയിൽ താഴെ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. കാർഷികേതരവും വ്യവസായികവുമായ ആവശ്യങ്ങൾക്ക് ഉൾപ്പെടെ മൊത്തം 67 ലക്ഷം രൂപയാണ് വായ്പയായി നൽകിയിട്ടുള്ളത്. കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൻെറ കാർഷികാഭിവൃദ്ധിക്കുവേണ്ടി ഈ രണ്ടു ബാങ്കുകൾ ചെയ്തിട്ടുള്ള പങ്കും, ഈ പഞ്ചായത്തിൽ നിന്നും സമാഹരിച്ചിട്ടുള്ള കോടി കണക്കിന് രൂപയുടെ വിഭവം (ഡെപ്പോസിറ്റ്) മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുക്കുന്നതുകൊണ്ടും നമ്മുടെ പഞ്ചായത്തിനെ സാമ്പത്തികമായി വളരെ അധപതിപ്പിച്ചിരിയ്ക്കുന്നുവെന്നത് ഏറെ ഖേദകരമാണ്.

സഹകരണ മേഖലയുമായി നമ്മുടെ പഞ്ചായത്തിലെ ബാങ്കുകളെ താരതമ്യപ്പെടുത്തുമ്പോൾ കുഴൂർ സർവ്വീസ് സഹകരണ ബാങ്ക് ഡെപ്പോസിറ്റായും കടമായും വാങ്ങിയിട്ടുള്ള 245 ലക്ഷം രൂപയിൽ 210 ലക്ഷം രൂപയും ഈ നാടിൻെറ മാത്രം വികസനത്തിനു ഉതകുന്ന ഉല്പാദനവും പ്രത്യുല്പാദനപരവുമായ കാര്യങ്ങൾക്ക് വിനിയോഗിച്ചു കാണുന്നു. തിരുമുക്കുന്നു സഹകരണ സംഘവും വിഭവ സമാഹരണത്തിൽ നിന്നും പരമാവധി സംഖ്യ വായ്പകളായി നൽകിയിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് നമ്മുടെ നാടിൻെറ വികസനത്തിനു മാത്രം ഉപയോഗിക്കേണ്ടതായ വിഭവം മറ്റു സ്ഥലങ്ങളിലേക്ക് തിരിച്ചു വിടുന്നതിന് ഇടകൊടുക്കാതെ സഹകരണ മേഖലയെ പരിപോഷിപ്പിക്കേണ്ട ചുമതലയിൽ നിന്നും ആരും പുറകോട്ടു പോകരുതെന്നുള്ള വലിയ സത്യം പ്രത്യേകം ഓർമ്മിപ്പിയ്ക്കട്ടെ.

## ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

കുഴൂർ ക്ഷീരോല്പാദക സഹകരണ സംഘം 1-11-1985 ൽ കുഴൂർ പഞ്ചായത്തിലെ 2, 3 വാർഡുകൾ പ്രവർത്തന മേഖലയായി ആരംഭിച്ചു. സംഘത്തിൻെറ ആദ്യപ്രസിഡൻറ് ശ്രീ. എം. നാരായണ മേനോനായിരുന്നു. 370 അംഗങ്ങളുണ്ട്. കാക്കുളിശ്ശേരി വില്ലേജിൽ 0.12 1/2 സെൻറ് സ്ഥലവും കെട്ടിടവും സ്വന്തമായിട്ടുണ്ട്. ദിനംപ്രതി 510 ലിറ്റർ പാൽ സംഭരിയ്ക്കുന്നു. 3 ജീവനക്കാരുള്ള ഈ സംഘം കാലിത്തീറ്റ വിതരണം നടത്തിവരുന്നതിനു പുറമേ 96 ഏപ്രിൽ മുതൽ കുഴൂരിൽ ഒരു ക്ഷീരോല്പാദന യൂണിറ്റ് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവസാന ഓഡിറ്റു റിപ്പോർട്ടു പ്രകാരം 31,453 രൂപ ലാഭത്തിലാണ് പ്രവർത്തനം.

എരവത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം 5-10-1982 ൽ കുഴൂർ പഞ്ചായത്തിലെ 1, 8, 9 വാർഡുകൾ പ്രവർത്തന മേഖലയായി ആരംഭിച്ചു. ശ്രീ. എ. ഒ. വർഗീസ് മാസ്റ്റർ സംഘത്തിൻെറ പ്രഥമ പ്രസിഡൻറായിരുന്നു. 510 അംഗങ്ങളുണ്ട്.

കാക്കുളിശ്ശേരി വില്ലേജിൽ 4.2 സെൻറ് സ്ഥലവും കെട്ടിടവും സ്വന്തമായിട്ടുണ്ട്. ദിനം പ്രതി 325 ലിറ്റർ പാൽ സംഭരിയ്ക്കുന്നു. 2 ജീവനക്കാരുള്ള ഈ സംഘം കാലിത്തീറ്റ വിതരണം നടത്തിവരുന്നുണ്ട്. അവസാന ഓഡിറ്റു റിപ്പോർട്ടു പ്രകാരം 62,000 രൂപയുടെ ലാഭമുണ്ട്.

ഐരാണികുളം ക്ഷീരോല്പാദക സഹകരണ സംഘം 24-3-1983 ൽ കുഴൂർ പഞ്ചായത്തിലെ 4, 5 വാർഡുകൾ പ്രവർത്തന മേഖലയായി ആരംഭിച്ചു. ചീഫ് പ്രൊമോട്ടർ ശ്രീ. പി. ആർ. നാരായണൻ നായർ ആയിരുന്നു. 272 അംഗങ്ങളുണ്ട്. തിരുമുക്കുളത്ത് ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ട്. ദിനംപ്രതി 400 ലിറ്റർ പാൽ സംഭരണം നടത്തുന്നുണ്ട്. കാലിത്തീറ്റ വിതരണം നടത്തിവരുന്നുണ്ട്.

ആലമറ്റം ക്ഷീരോല്പാദക സഹകരണ സംഘം 9-10-1976 ൽ പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഇടക്കാലത്ത് പ്രവർത്തനം നിലച്ചുപോയി. പിന്നീട് 22-5-86 ൽ കുഴൂർ പഞ്ചായത്തിലെ 6, 7 വാർഡുകൾ പ്രവർത്തന മേഖലയായി കുണ്ടൂർ ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചു. ശ്രീ. ഇ. ഡി. ജോർജ് ആയിരുന്നു ആദ്യത്തെ പ്രസിഡൻറ്. തിരുമുക്കുളം വില്ലേജിൽ 0.09 സെൻറ് സ്ഥലം സ്വന്തമായിട്ടുണ്ട്. ദിനംപ്രതി 390 ലിറ്റർ പാൽ സംഭരിയ്ക്കുന്നുണ്ട്. ഒരു പാൽ കളക്ഷൻ സെൻറർ ആലമറ്റത്ത് പ്രവർത്തിക്കുന്നു. 2 ജീവനക്കാരുള്ള സംഘം കാലിത്തീറ്റ വിതരണം നടത്തിവരുന്നുണ്ട്. അവസാനത്തെ ഓഡിറ്റു റിപ്പോർട്ടുപ്രകാരം 14,000 രൂപ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

## സ്കൂൾ സഹകരണ സംഘങ്ങൾ:

കുഴൂർ പഞ്ചായത്തിലെ കുഴൂർ, താണിശ്ശേരി, ഐരാണികുളം എന്നീ ഹൈസ്കൂളുകളിലും കുണ്ടൂർ യു. പി. സ്കൂളിലും സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. പാഠപുസ്തകങ്ങൾ ഈ സംഘങ്ങളിലൂടെ വിതരണം നടത്തിവരുന്നതു കൂടാതെ മറ്റു പ്രവർത്തനങ്ങൾ ഒന്നും കാര്യമായിട്ടില്ല.

## കുഴൂർ പഞ്ചായത്ത് കോഴി വളർത്തൽ സഹകരണ സംഘം

27 അംഗങ്ങളുമായി 17-11-1995 ൽ പ്രവർത്തനം ആരംഭിച്ചു. ശ്രീ. പി. എം. ജോസഫ്, ശ്രീ. വി. ഒ. ഡേവീസ് എന്നിവർ സംഘാടകരാണ്. 5600 രൂപ ഓഹരി മൂലധനമായുണ്ട്. 95 ഓളം പേർ ഈ പഞ്ചായത്തിൽ കോഴിവളർത്തലിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ശേഷിക്കുന്നവർ ഈ സംഘത്തിൽ അംഗങ്ങളല്ല. കോഴി വളർത്തൽ കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശം, വിപണനം എന്നീ കാര്യങ്ങളിൽ ഈ സംഘം നേതൃത്വം നൽകിവരുന്നുണ്ട്. മറ്റു പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

## ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ

കുഴൂർ പഞ്ചായത്തിൽ ഒരു മൾബറി കർഷക സഹകരണ സംഘം രജിസ്റ്റർ ചെയ്തുവെങ്കിലും അതിൻെറ പ്രവർത്തനങ്ങൾ പിന്നീട് ഉണ്ടായില്ല.

7-11-1988-ൽ സഹകരണാടിസ്ഥാനത്തിൽ എരവത്തൂർ കളിമൺ വ്യവസായ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചു. 180 പേർ അംഗങ്ങളായിട്ടുണ്ട്. ഓഹരി മൂലധനം, 1,94,000 രൂപ. സംഘത്തിന് സ്വന്തമായി 1 ഏക്കർ 45 സെൻറ് സ്ഥലമുണ്ട്. സ്ഥാപക പ്രവർത്തകർ ശ്രീ. ഐ. എ. കുട്ടപ്പൻ, ശ്രീ. എം. എൻ. കുട്ടൻ എന്നിവരാണ്. 4 ജീവനക്കാരും 24 തൊഴിലാളികളും പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൻെറ വാർഷിക ടേൺ ഓവർ 6 ലക്ഷം രൂപയാണ്. 6,27,000 രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഇടക്കാലം കൊണ്ട് പ്രവർത്തനങ്ങൾ മെച്ചപ്പെട്ടുവരുന്നുണ്ട്. വിവിധ തരം ഇഷ്ടികകൾ, ടൈൽസ്, ഡെക്കറേഷൻ ടൈൽസ് എന്നിവയുടെ നിർമ്മാണം നടത്തിവരുന്നു.

കുഴൂർ പഞ്ചായത്ത് പ്രവർത്തന മേഖലയായി നക്ഷത്രമാർക്ക് ബുക്ക് ബൈൻറിംഗ് സഹകരണ സംഘം 18-9-93 ൽ രജിസ്റ്റർ ചെയ്തു. 106 അംഗങ്ങളുണ്ട്. ചീഫ് പ്രൊമോട്ടർ ശ്രീ. ലിൻസൺ പോൾ ആണ്. ഖാദി ബോർഡിൽ നിന്നും ധനസഹായം ലഭിക്കാത്തതുകൊണ്ട് സംഘം പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ല.

മാള ബ്ലോക്ക് വനിത കുടിൽ വ്യവസായ സഹകരണ സംഘം കുഴൂർ ആസ്ഥാനമാക്കി 20-12-1959 ൽ പ്രവർത്തനം ആരംഭിച്ചു. ഓഹരി മൂലധനം 36,800 രൂപയാണ്. ഒരു ഓഹരിയുടെ വില 10 രൂപയാണ്. മാള ബ്ലോക്ക് അതിർത്തിയിലുള്ള 15 വർക്കേഴ്സും പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൻെറ വാർഷിക ടേൺ ഓവർ ഒരു ലക്ഷം രൂപയാണ്. അവസാന വർഷ (1994-95) ഓഡിറ്റ് പ്രകാരം 1,01,159/96 രൂപയാണ് നഷ്ടം. 20-ാം നമ്പർ നൂൽ വാങ്ങി ഈരെഴ നെയ്ത്തും, പാരഫിൻ വാക്സ് പെർമിറ്റ് പ്രകാരം കിട്ടുന്നത് മെഴുകുതിരി ഉണ്ടാക്കിയും വില്പന നടത്തുന്നു.

# സഹകരണ മേഖലയിലൂടെ നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ

## I കാർഷിക മേഖല

1. കുഴൂർ സർവീസ് സഹകരണ ബാങ്ക്, ഐരാണികുളം, തിരുമുക്കുളം സഹകരണ സംഘം എന്നീ സ്ഥാപനങ്ങളിൽ ഈ പഞ്ചായത്തിലെ മുഴുവൻ കർഷകരെ അംഗങ്ങളാക്കുക. അതുവഴി സ്ഥാപനങ്ങളുടെ ഓഹരി മൂലധനം വർദ്ധിപ്പിക്കുകയും കർഷകരുടെ വിവിധ തരത്തിലുള്ള വായ്പാവശ്യങ്ങൾ സമയാസമയങ്ങളിൽ നിറവേറ്റുവാൻ സാധിക്കുകയും ചെയ്യും.
2. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.
3. കാർഷിക ഉൽപാദക ചെലവിന് ആനുപാതികമായി കാർഷിക വായ്പാ തോതുകൾ ഉയർത്തുക.
4. കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് 'കീ ലോൺ' അനുവദിച്ചു കൊടുക്കുവാൻ സംവിധാനം ഉണ്ടാക്കുക.
5. ഓരോ പാടശേഖരങ്ങൾ പ്രവർത്തന മേഖലയാക്കി നെല്ലുൽപാദന സഹകരണ സംഘങ്ങൾ രൂപീകരിയ്ക്കുക. നിലവിലുള്ള നെല്ലുൽപാദക സമൂഹത്തെ നെല്ലുൽപാദക സഹകരണ സംഘത്തിൽ ലയിപ്പിയ്ക്കുക.
6. കുണ്ടൂർ, കൊച്ചുകടവ് എന്നിവിടങ്ങളിൽ കർഷകരുടെ കൂടുൽ സൗകര്യാർത്ഥം കുഴൂർ സർവ്വീസ് സഹകരണ ബാങ്കിൻെറ ഓരോ ബ്രാഞ്ചുകൾ തുറന്ന് പ്രവർത്തിപ്പിക്കുക.
7. കുഴൂർ പഞ്ചായത്ത് പ്രവർത്തന മേഖലയാക്കി കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്ക്കരണം, വിപണനം എന്നീ ആവശ്യങ്ങൾക്ക് ഒരു മാർക്കറ്റിംങ് സഹകരണ സംഘം രൂപീകരിയ്ക്കുക.

   a) നെല്ല് കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് സംസ്ക്കരണം നടത്തി അരിയാക്കി വിപണനം നടത്തുക.

   b) നാളികേരം സംഭരിച്ച് സംസ്ക്കരിച്ച് വെളിച്ചണ്ണയാക്കി വിപണനം നടത്തുക.

   d) പച്ചക്കറി കൃഷിയുടെ സമഗ്രവികസനത്തിന് കേരള സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ദരത്തെടുക്കൽ പ്രകാരം കുഴൂർ പഞ്ചായത്തിൽ അധികം ഉൽപാദനം വരുന്ന പച്ചക്കറി വസ്തുക്കൾ സംഭരിച്ച് വിപണനം നടത്തുക. അതുവഴി പുതുതായി 10 പേർക്ക് പ്രത്യക്ഷമായും 150 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നതാണ്.

## II കൃഷി-അനുബന്ധതൊഴിലുകൾ

1. ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ:

   a) നിലവിലുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും വൈവിധ്യവൽക്കരിയ്ക്കുകയും ചെയ്യുക വഴി ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളെ പരമാവധി ഒഴിവാക്കുക.

   b) വാർഡുകൾ തോറും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

   c) സംഘം മുഖേന നല്ലയിനം കറവമാടുകളെ വിതരണം ചെയ്യുവാനും അതുവഴി ഇപ്പോൾ ഈ പഞ്ചായത്തിൽ ദിനംപ്രതി സംഭരിച്ച് വരുന്ന 1625 ലിറ്റർ പാലിന് പകരം അടുത്ത 5 വർഷം കൊണ്ട് സംഭരണ ശേഷി 500 ലിറ്റർ ആയി വർദ്ധിപ്പിക്കുവാൻ നടപടികൾ എടുക്കുക.

   d) ക്ഷീരോല്പാദക കർഷകർക്ക് ആവശ്യമായ ധനസഹായം നൽകുക, ശാസ്ത്രീയമായ കന്നുകാലി വളർത്തൽ രീതികൾക്ക് വിദഗ്ദ്ധമായ ഉപദേശം നൽകുക, തക്കസമയത്ത് കന്നുകാലികൾക്ക് ആവശ്യമായ വൈദ്യ ശുശ്രൂഷകൾ ലഭ്യമാക്കുക.

   e) ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ പാൽ സംഭരണം അളവിന് പകരം തൂക്കമാക്കി മാറ്റുക.

   f) ഓരോ ക്ഷീരോല്പാദക സഹകരണ സംഘത്തിൻെറയും ആഭിമുഖ്യത്തിൽ ഓരോ ക്ഷീരോല്പാദക യൂണിറ്റുകൾ ആരംഭിക്കുക.

285

**2. കോഴി വളർത്തൽ:**

a) കുഴൂർ പഞ്ചായത്തിൽ 95 ഓളം പേർ കോഴി വളർത്തൽ മുഖ്യതൊഴിലായി സ്വീക രിച്ചിട്ടുണ്ട്. എല്ലാ കോഴി വളർത്തൽ കർഷ കരെയും പുതുതായി രൂപീകരിച്ചിട്ടുള്ള കുഴൂർ പഞ്ചായത്ത് കോഴി വളർത്തൽ കർഷക സഹകരണ സംഘത്തിൽ അംഗ ങ്ങളാക്കുക.

b) ഈ മേഖലയുടെ വികസനത്തിനും, വിപുലീകരണത്തിനും വേണ്ടതായ ധനസ ഹായം, വിദഗ്ദ്ധ ഉപദേശം, ചികിൽസ, വിപണനം എന്നിവയ്ക്കുവേണ്ട സൗകര്യ ങ്ങൾ സംഘം വഴി ഏർപ്പെടുത്തുക.

c) എല്ലാ കർഷകർക്കും കോഴി തീറ്റ വിതര ണം സംഘം ഏറ്റെടുത്ത് നടത്തുക അതുവ ഴി ഇടത്തട്ടുകാരെ ഒഴിവാക്കുക.

d) കോഴി മുട്ട ഉല്പാദനത്തിനുള്ള കോഴി വളർത്തൽ ഏർപ്പെടുത്തുക.

**3. പന്നി വളർത്തൽ:**

a) വളരെ കൂടുതൽ വിപണന സാദ്ധ്യതയു ള്ള മേഖലയാണ് പന്നി വളർത്തൽ. രൂക്ഷ മായ തൊഴിലില്ലായ്മയ്ക്ക് ഒരു ചെറിയ പരിഹാരം എന്ന നിലയ്ക്ക് ഒരു പന്നി വളർ ത്തൽ കർഷക സഹകരണ സംഘം രൂപീക രിയ്ക്കുക.

b) പന്നി വളർത്തൽ കൃഷിയ്ക്ക് ആവശ്യ മായ ധനസഹായം, വിദഗ്ദ്ധ ഉപദേശം, വിപണനം എന്നീ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

4 പേർക്ക് പ്രത്യക്ഷമായും, 50 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിയ്ക്കുന്നതാ ണ്.

# III ആരോഗ്യം

ആതുര ശശ്രൂഷ രംഗത്ത് കുഴൂർ പഞ്ചായത്ത് മറ്റു പഞ്ചായത്തുകളെ അപേ ക്ഷിച്ച് വളരെ പിറകിലാണ്. വിദഗ്ദ്ധ ചികിൽസ ലഭിയ്ക്കാവുന്ന ഒരു ആശുപത്രി യും ഇപ്പോൾ ഇവിടെ ഇല്ല. കുഴൂർ പഞ്ചായ ത്ത് നിവാസികളുടെ സൗകര്യാർത്ഥവും, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വരുടെ വൈദ്യ ശുശ്രൂഷകൾ നിറവേറ്റുന്ന തിനും വേണ്ടി കുഴൂർ പഞ്ചായത്ത് പ്രവർ ത്തന മേഖലയാക്കി സഹകരണാടിസ്ഥാ നത്തിൽ ആധുനിക സൗകര്യങ്ങളോടുകൂ ടിയ ഒരു ആശുപത്രി രൂപീകരിക്കുക.

a) ചികിൽസാ ചെലവുകൾ അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതി നു പരിഹാരം എന്ന നിയ്ക്ക് ചികിൽസാ ചെലവുകൾ വഹിയ്ക്കുന്നതിന് ടി ആശു പത്രി മുഖേന ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം നടപ്പിലാക്കുക.

b) തൊഴിൽ സാദ്ധ്യതകൾ ആശുപത്രിയു ടെ വികസനത്തിന് അനുസരിച്ച് വർദ്ധിക്കു ന്നതാണ്.

# IV തൊഴിൽ പരിശീലന സഹകരണ സംഘങ്ങൾ രൂപീകരിക്കുക

കമ്പ്യൂട്ടർ പഠന കേന്ദ്രം, ടൈപ്പ് റൈറ്റിം ഗ് ഇൻസ്റ്റിറ്റ്യൂട്ട്, നിനിംഗ് ആൻറ് ഡൈയിം ഗ്, തയ്യൽ എന്നിവയിൽ പരിശീലനം നൽകുക.

# V ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം

വ്യവസായിക വികസനത്തിനുവേണ്ടി കുഴൂർ പഞ്ചായത്ത് പ്രവർത്തന മേഖലയാ ക്കി ചെറുകിട വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.

താഴെ പറയുന്ന യൂണിറ്റുകൾ ടി സംഘത്തിൻെറ പേരിൽ പ്രവർത്തനക്ഷമ മാക്കുക.

a) ഫർണീച്ചർ നിർമ്മാണ യൂണിറ്റ്.

b) പ്ലാസ്റ്റിക് കവർ നിർമ്മാണ യൂണിറ്റ്.

c) കളിപ്പാട്ട നിർമ്മാണ യൂണിറ്റ്.

d) ഡിസ്പോസബിൾ കപ്പ്സ് ആൻറ് പ്ലേറ്റ്സ് നിർമ്മാണ യൂണിറ്റ്.

e) കരകൗശല വസ്തു നിർമ്മാണ യൂണിറ്റ്.

f) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്.

g) മെറ്റൽ ക്രെഷർ യൂണിറ്റ്.

h) കൊച്ചുകടവ് കേന്ദ്രമാക്കി പുതുതായി ഒരു കളിമൺ വ്യവസായ യൂണിറ്റ്.

അതുവഴി 500 പേർക്ക് തൊഴിൽ സാദ്ധ്യതകൾ ലഭിക്കുന്നതാണ്.

## VI ലേബർ കോൺട്രാക്ട് സഹകരണ സംഘം

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ കീഴൂർ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. പഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും കൂടാതെ പഞ്ചായത്തിലെ മറ്റു നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതാണ്.

## VII പട്ടികജാതി സഹകരണ സംഘം

കുഴൂർ പഞ്ചായത്ത് പ്രവർത്തന മേഖലയാക്കി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും, ഇവർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ഒരു പട്ടികജാതി സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

## VIIIവനിതാ സഹകരണ സംഘങ്ങൾ

1. ഇപ്പോൾ കുഴൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന മാള ബ്ലോക്ക് വനിതാ കുടിൽ വ്യവസായ സഹകരണ സംഘത്തിലെ നൂൽ നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നിവ വിപുലീകരിക്കുക.

2. കുണ്ടൂർ ആസ്ഥാനമാക്കി പുതുതായി വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.

a) പനമ്പ് നെയ്ത്ത്

b) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

c) കറി പൗഡറുകൾ, അച്ചാറുകൾ, സ്ക്വാഷ് എന്നിവയുടെ നിർമ്മാണം.

d) ചെരിപ്പ് നിർമ്മാണം

e) ഓല മെടച്ചിൽ

## IX കൺസ്യൂമർ മേഖല

കുഴൂർ സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ കുഴൂർ, കുണ്ടൂർ എന്നിവിടങ്ങളിൽ ഓരോ കൺസ്യൂമർ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നെങ്കിലും ഇടക്കാലത്ത് ആയതിന്റെ പ്രവർത്തനം നിലച്ചു.

നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചു നിർത്തുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിനും കുഴൂർ പഞ്ചായത്ത് പ്രവർത്തന മേഖലയാക്കി ഒരു കൺസ്യൂമർ സഹകരണ സംഘം രൂപീകരിക്കുക.

a) ടി കൺസ്യൂമർ സംഘത്തിന്റെ പേരിൽ കുഴൂർ പഞ്ചായത്തിലെ 9 വാർഡുകളിലും ഓരോ സ്റ്റോറുകൾ തുറന്ന് പ്രവർത്തിപ്പിക്കുക.

b) കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും ഗുണമേന്മ നിലനിർത്തുന്നതിനും കേരള സഹകരണ കൺസ്യൂമർ ഫെഡറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക.

c) ഓരോ വീട്ടിലും നിത്യോപയോഗ സാധനങ്ങൾ എത്തിയ്ക്കുവാൻ ഉപഭോക്താക്കളിൽ നിന്നും 'ട്രേഡ് ഡെപ്പോസിറ്റ്' സ്വീകരിച്ച് ഡോർ-ഡെലിവറി സിസ്റ്റം നടപ്പിലാക്കുക.

d) ടി കൺസ്യൂമർ സംഘത്തിന് വിവിധ സിമൻറ് കമ്പനികളുടെ ഏജൻസി എടുത്ത് കുറഞ്ഞ നിരക്കിൽ സിമൻറ് വിതരണം നടത്തുക.

30 പേർക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നതാണ്.

## X സ്കൂൾ സഹകരണ സംഘങ്ങൾ

കുഴൂർ പഞ്ചായത്തിൽ നിലവിലുള്ള 4 സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുക. ഇപ്പോൾ പാഠപുസ്തക വിതരണം മാത്രമേ നടന്നുവരുന്നുള്ളൂ. വിദ്യാർത്ഥികൾക്ക് ആവശ്യമായ യൂണിഫോമുകൾ, കോസ്മെറ്റിക്, സ്റ്റേഷനറി, മറ്റു പഠനോപകരണങ്ങൾ എന്നിവ ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്. ഇതിനായി ഓരോ വില്പനക്കാരെ നിയമിക്കുകയും അതിലൂടെ 4 പേർക്ക് തൊഴിൽ നൽകുവാൻ സാധിക്കുന്നതുമാണ്.

സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹക

രണ സെൽ രൂപികരിക്കാവുന്നതും സഹകരണ സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാവുന്നതുമാണ്.

ആഗോള വൽക്കരണവും സ്വകാര്യവൽക്കരണവും പുതിയ സാമ്പത്തിക വ്യവസ്ഥിതികളുടെ മുഖ്യഘടകങ്ങളായി കഴിഞ്ഞതുകൊണ്ട് പൊതുമേഖലയുടെ പ്രസക്തി ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ മഹാത്മാഗാന്ധി വിഭാവനം ചെയ്ത 'ഗ്രാമ സമാജ്' എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധിക്കുന്നതാണ്.

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി കുഴൂർ പഞ്ചായത്തിലെ 9 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രാമസഭ റിപ്പോർട്ട് സ്ഥലത്തെ സഹകാരികളുമായി ചർച്ച ചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും, ഭാവത്തിലും നടപ്പിലാക്കുക വഴി കുഴൂർ പഞ്ചായത്തിലെ കാർഷിക രംഗത്തും, തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്തുവാൻ സാധിക്കുന്നതും, സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കുവാൻ കഴിയുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക – സാമൂഹിക – സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനമെന്ന നിലയിൽ കുഴൂർ പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.

★ ★ ★

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമാർജന പദ്ധതിയും, സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസന കോർപ്പറേഷനും വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര നിർമാർജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് ലഭ്യമാകുന്നത്. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത, പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക പ്രശ്നങ്ങൾ എന്നിവ മൂലം വേണ്ടത്ര ഉപയോഗപ്പെടുത്തുന്നതിന് കഴിയുന്നില്ലെന്നുള്ളത് വാസ്തവമാണ്. ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം ഇന്നും കാര്യക്ഷമമായിട്ടില്ല. മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. വനിതാ വികസന കോർപ്പറേഷൻ മുഖേനയുള്ള ആനുകൂല്യങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ സ്ത്രീകൾക്ക് കഴിയുന്നില്ല. സ്ത്രീകൾക്ക് ഇതേക്കുറിച്ച് അറിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. സാമൂഹ്യക്ഷേമ വകുപ്പിൻകീഴിൽ ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസ് മുഖേന സഹായം ലഭിച്ചവരുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1

I.R.D.P. സർവ്വെ സഹായ ലഭ്യത കണക്ക് 1992 മുതൽ

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്.സി./എസ്.ടി. | നാളിതു വരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്.സി./എസ്.ടി. | സഹായം ലഭിച്ചതു വഴി ദാരിദ്ര രേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര രേഖക്കു താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 193 | - | 29 | - | 4 | 189 |
| 2 | 239 | 1 | 21 | 1 | 5 | 234 |
| 3 | 217 | 8 | 35 | 6 | 7 | 210 |
| 4 | 143 | 1 | 28 | 1 | 7 | 136 |
| 5 | 173 | 5 | 30 | 4 | 9 | 164 |
| 6 | 208 | 8 | 34 | 5 | 8 | 198 |
| 7 | 132 | 7 | 25 | 8 | 12 | 124 |
| 8 | 127 | 10 | 30 | 8 | 12 | 115 |
| 9 | 232 | 8 | 14 | 6 | 5 | 227 |
| ആകെ | 1664 | 48 | 246 | 39 | 69 | 1597 |

ദാരിദ്രരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ കണക്കനുസിച്ച് സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം വെറും തുച്ഛമാണ്.

ഈ പഞ്ചായത്തിൽ രണ്ട് സഹകരണ സ്ഥാപനങ്ങളും രണ്ട് ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്. ദാരിദ്രരേഖക്ക് താഴെയുള്ളവരുടെ പദ്ധതികൾ താമസംവിനാ നടപ്പിലാക്കുന്നതിന് ബാങ്കുകളെ നിർബന്ധിക്കുകയും നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുകയും വേണം. ഇതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുകയും അവർ ബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തുകയും വേണം.

## D.W.C.R.A സഹായലഭ്യത:

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഇത്.

ഈ പഞ്ചായത്തിൽ 1-ാം വാർഡിൽ എരവത്തൂരും, 4-ാം വാർഡിൽ ഐരാണിക്കുളത്തും, 8-ാം വാർഡിൽ കൊച്ചു കടവിലും ഓരോ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4-ാം വാർഡിലെ യൂണിറ്റിലെ 13 വനിതകൾക്ക് സർക്കാർ ചെലവിൽ ജട്ടി, ബനിയൻ നിർമാണത്തിന് 6 മാസത്തെ ട്രെയിനിങ് ലഭിച്ചിട്ടുണ്ട്. അവർക്ക് സ്വന്തമായി ഒരു സ്ഥാപനം തുടങ്ങുന്നതിനുവേണ്ടി ഏതാണ്ട് 3 ലക്ഷം രൂപയുടെ ഒരു പദ്ധതി രൂപപ്പെടുത്തി അപേക്ഷ കാത്തലിക് സിറിയൻ ബാങ്കിൽ കൊടുത്തിട്ടുണ്ട്. 8-ാം വാർഡിലെ വനിതകൾക്ക് ക്ഷീരോൽപാദന രംഗത്ത് ഒരു യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടി അപേക്ഷ ട്രാവൻകൂർ സ്റ്റേറ്റ് ബാങ്കിൽ കൊടുത്തിട്ടുണ്ട്.

## ട്രൈസം:

18 മുതൽ 35 വയസുവരെയുള്ള യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവരുടെ വിവരം പട്ടിക 2 ൽ വിവരിക്കുന്നു.

ട്രൈസം പരിശീലന ലഭ്യത

**പട്ടിക II**

| വാർഡ് നമ്പർ | പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | ഭക്ഷണ സംഭരണം | 2 | 1 | 1 | - |
| 2 | കൈത്തറി, ഓട്ടോ ഡ്രൈവിംഗ് | 3 | - | 3 | - |
| 3 | ടൈപ്പ് റൈറ്റിംഗ് | 1 | - | 1 | - |
| 4 | ജട്ടി, ബനിയൻ നിർമ്മാണം | 13 | - | - | 13 |
| 5 | റെഫ്രിജറേറ്റർ | 1 | - | 1 | - |
| 6 | ടൈപ്പ് റൈറ്റിംഗ് | 2 . | - | 2 | - |
| 7 | ഭക്ഷ്യ സംസ്ക്കരണം | 1 | - | 1 | - |
| 8 | ഭക്ഷ്യ സംസ്ക്കരണം | 4 | - | 4 | - |
| 9 | | - | - | - | - |
| | ആകെ | 27 | 1 | 13 | 13 |

1992-93 വർഷം മുതൽ 1995-96 വരെ കുഴൂർ പഞ്ചായത്തിൽ ട്രൈസം പരിശീലനം ലഭിച്ചവരുടെ കണക്കാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകുവാനും, പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുവാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിച്ചവർക്ക് തുടർന്ന് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലയെന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്കുമാത്രമേ ഈ പദ്ധതിയിലൂടെ പരിശീലനം നൽകുവാൻ കഴിയുന്നുള്ളു. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം വർധിപ്പിക്കുകയും, ഇവർക്ക് ഇപ്പോൾ നൽകിവരുന്ന സ്റ്റൈപ്പൻറ് തുക വർദ്ധിപ്പിക്കുകയും വേണം.

## ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

1992-93 മുതൽ 1995-96 വരെ കുഴൂർ പഞ്ചായത്തിൽ ടൂൾ കിറ്റ് സഹായലഭ്യത പട്ടിക.

ഈ പദ്ധതിയെക്കുറിച്ച് പാവപ്പെട്ട ഗ്രാമീണ കൈത്തൊഴിലുകാർ ഇന്നും അജ്ഞരാണ്. ഈ പഞ്ചായത്തിലെ ദാരിദ്രരേഖക്കു താഴെയുള്ള മുഴുവൻ ഗ്രാമീണ കൈത്തൊഴിലുകാർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുവാൻ ശ്രമിക്കണം.

## C.R.S.P.

ദാരിദ്രരേഖക്കു താഴെയുള്ളവർക്ക് സ്വന്തമായി കക്കൂസ് നിർമിക്കുവാൻ ധനസഹായം ലഭിക്കുന്ന പദ്ധതിയാണ് ഇത്.

സാനിട്ടറി കക്കൂസുകൾ ലഭിക്കുന്നതിന് അർഹതയുള്ള ദാരിദ്രരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ വിവരം പട്ടിക IV ൽ കൊടുക്കുന്നു.

പട്ടിക III

| വാർഡ് നമ്പർ | ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ഗ്രാമീണ കൈ തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | 13 | - | 13 |
| 2 | 4 | 1 | 3 |
| 3 | 8 | - | 8 |
| 4 | 5 | 1 | 4 |
| 5 | 20 | 2 | 18 |
| 6 | 28 | 3 | 25 |
| 7 | 5 | 1 | 4 |
| 8 | 9 | 2 | 7 |
| 9 | 16 | 2 | 14 |
| ആകെ | 108 | 12 | 96 |

291

പട്ടിക IV

| വാർഡ് നമ്പർ | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത ദാരിദ്രരേഖയ്ക്ക് താഴെ ഉള്ളവർ | വിവിധ പദ്ധതികൾ മുഖേന അനുവദിച്ച കക്കൂസുകൾ | | | ഇനി കക്കൂസ് വേണ്ട കുടുംബ ങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| | | S.E.U. | മറ്റ് സ്കീമുകൾ മുഖേന | ആകെ | |
| 1 | 124 | -- | 11 | 11 | 113 |
| 2 | 134 | 109 | 11 | 120 | 14 |
| 3 | 131 | 80 | 9 | 89 | 42 |
| 4 | 77 | 70 | 6 | 76 | 1 |
| 5 | 112 | 85 | 8 | 93 | 19 |
| 6 | 168 | 101 | 14 | 115 | 53 |
| 7 | 141 | 37 | 15 | 52 | 89 |
| 8 | 133 | 64 | 14 | 78 | 55 |
| 9 | 145 | 69 | 8 | 77 | 68 |
| ആകെ | 1165 | 615 | 96 | 711 | 454 |

മുകളിൽ കൊടുത്ത പട്ടികയനുസരിച്ച് സാനിട്ടറി കക്കൂസുകൾ ആവശ്യമുള്ള മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാർ സ്കീമുകൾ പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നവർ കക്കൂസുകൾ പണിയുന്നതിന് വേണ്ടത്ര താൽപര്യം പ്രകടിപ്പിക്കാത്ത ഒരു സ്ഥിതി ഇന്ന് നിലനിൽക്കുന്നുണ്ട്. അതു മാറ്റി എടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായങ്ങളുമാണ് ലഭ്യമാക്കുന്നത്. അർഹരായ മുഴുവൻ പേർക്കും പ്രസ്തുത ധനസഹായം ലഭിക്കുന്നില്ല. അതിനാൽ അർഹരായ മുഴുവൻ പേർക്കും ധനസഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം അനർഹർ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഒഴിവാക്കുകയും വേണം. വിധവാപെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവ അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 17 എണ്ണം പ്രവർത്തിക്കുന്നു. അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിലും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടി ഉണ്ടാക്കുന്നുണ്ട്. അംഗൻവാടി പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാത്തതും സ്ഥലം ഇല്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്താത്തതും കളിപ്പാട്ടങ്ങൾ വേണ്ടത്ര ഇല്ലാത്തതും വലിയ പ്രശ്നങ്ങളാണ്. വരും തലമുറയെ വാർത്തെടുക്കുന്ന അങ്കകളരിയായി നാം കാണുന്ന

അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതി വളരെ ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 മണി മുതൽ മൂന്നര മണിവരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർജനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്.

കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി തയ്യൽ തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി തുടങ്ങിയ വിവിധ മേഖലകളിലെ ക്ഷേമനിധികളെക്കുറിച്ച് മുഴുവൻ തൊഴിലാളികളും ബോധവാന്മാരാണെന്ന് പറയാനാകില്ല. അതുകൊണ്ട് തന്നെ മുഴുവൻ തൊഴിലാളികളും അംഗങ്ങളുമല്ല. ക്ഷേമനിധികളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് പറയാനാകില്ല. അത് കാര്യക്ഷമമാകണം.

## പൊതുവിതരണം

പഞ്ചായത്തിലാകെ 10 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണരംഗത്ത് ഒരു മാവേലിസ്റ്റോർ ആണ് പഞ്ചായത്തിലുള്ളത്. മാവേലിസ്റ്റോർ പൊതുവിതരണത്തിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. കഴിഞ്ഞ ഓണം കാലയളവിൽ ആവശ്യസാധനങ്ങളുടെ വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചുനിർത്തുന്നതിന് മാവേലിസ്റ്റോറിൻേറയും സഹകരണ സംഘങ്ങൾ മുഖേന നടത്തിയ ഓണചന്തകളുടേയും പ്രവർത്തനംകൊണ്ട് സാധിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങൾ സ്ഥിരമായി നിലനിർത്തുകയും ഫലപ്രദമായി പ്രവർത്തിക്കുകയും വേണം. പഞ്ചായത്തിന് ആദ്യമായി ഒരു വെയിറ്റിങ് ഷെഡ് സൗജന്യമായി പണിതീർത്തുതന്ന നാരായണൻനായരെ ഈ അവസരത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു.

## പ്രശ്നങ്ങൾ

1. കുഴൂർ, മേലാംതുരുത്, വിളക്കുംകാൽ, മൂന്നുമുറി എന്നിവിടങ്ങളിൽ പോസ്റ്റ്ബോക്സുകൾ സ്ഥാപിക്കണം.
2. പഞ്ചായത്തിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുക.
3. അംഗൻവാടികൾക്ക് ചുറ്റുമതിൽ കെട്ടുക, കറണ്ടും മറ്റ് പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തുക.
4. പാറപ്പുറത്ത് ശാസ്തീയമായ രീതിയിൽ ഒരു അറവുശാല നിർമ്മിക്കുക.
5. പഴം, പച്ചക്കറി, മൽസ്യം, മാംസം എന്നിവയുടെ പുതിയ മാർക്കറ്റ് സ്ഥാപിക്കുക.
6. പാറപ്പുറത്ത് വെയിറ്റിങ്ഷെഡ് സ്ഥാപിക്കുക.
7. ഐരാണിക്കുളം പോസ്റ്റ്ഓഫീസിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.
8. ടെലഫോൺ കണക്ഷനു അപേക്ഷിച്ചിട്ടുള്ള എല്ലാവർക്കും എത്രയുംപെട്ടെന്ന് കണക്ഷൻ നൽകുക.
9. അംഗൻവാടി കെട്ടിടങ്ങൾ പുതുക്കി പണിയുക.
10. മോറത്തോട്, തിരുത്തപ്രദേശങ്ങളിൽ താമസിക്കുന്നവർക്കുവേണ്ടി ഒരു പൊതുവിതരണകേന്ദ്രം അനുവദിക്കുക.
11. സർക്കാരിൽ നിന്നും പാവപ്പെട്ടവർക്ക് നൽകുന്ന എല്ലാ സഹായങ്ങളും അർഹതപ്പെട്ടവർക്ക് നൽകണം.
12. റോഡുകൾക്കിരുവശങ്ങളിലും പുറമ്പോക്ക് പ്രദേശങ്ങളിലും തണൽ മരങ്ങൾ വച്ചുപിടിക്കുക.
13. കുണ്ടൂരിൽ പബ്ലിക് ടെലഫോൺ സ്ഥാപിക്കുക. പോസ്റ്റാഫീസിൽ ടെലഗ്രാം സർവീസ് ആരംഭിക്കുക.
14. കണ്ടൂർ താഴത്തുംമുറിയിലെ എഴുത്തുകൾ ദിവസവും എടുക്കുവാൻ സൗകര്യം ചെയ്യുക.
15. കുണ്ടൂർ ബോട്ട്ജെട്ടിയിൽ അന്തിച്ചന്ത ആരംഭിക്കുക.
16. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വിൽപന അവസാനിപ്പിക്കുക.
17. കിടപ്പുതറ-വൻതോടു ഭാഗത്ത് പുതിയ അംഗൻവാടി സ്ഥാപിക്കണം.
18. കൊച്ചുകടവിൽ ഒരു ഷെൽട്ടർ ഹോം പണിയണം.
19. കൊച്ചുകടവിൽ മാവേലിസ്റ്റോർ സ്ഥാപിക്കണം.
20. കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകൾക്കും കക്കൂസുകൾ നിർമിച്ചു നൽകണം.
21. കൊച്ചുകടവിൽ പോസ്റ്റ് ഓഫീസ് സ്ഥാപിക്കണം, പബ്ലിക് ടെലഫോൺ സ്ഥാപിക്കണം.
22. താഴ്ന്നവരുമാനക്കാർക്ക് വീട് നിർമിക്കുന്നതിന് സബ്സിഡി ഏർപ്പെടുത്തണം.
23. താഴ്ന്നവരുരമാനക്കാരുടെ വീടുകൾ വൈദ്യുതികരിക്കുവാൻ ധനസഹായം നൽകണം.
24. കൊച്ചുകടവ് പള്ളിബസാർ ഭാഗത്ത് ഒരു പോസ്റ്റ്ബോക്സ് സ്ഥാപിക്കണം.

25. കൊച്ചുകടവ് പള്ളി ബസാറിൽ ഒരു റേഷൻ ഷാപ്പ് സ്ഥാപിക്കുക.

26. മണപ്പുറം ഭാഗത്ത് ഒരു റേഷൻ ഷാപ്പ് സ്ഥാപിക്കണം.

27. നിർദ്ധന വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾക്ക് അറ്റകുറ്റപണികൾക്ക് ധനസഹായം നൽകുക.

28. 9-ാം വാർഡിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

# പട്ടികജാതി-പട്ടികവർഗ ക്ഷേമം

തൃശൂർജില്ലയുടെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന കുഴൂർ പഞ്ചായത്തിൽ പട്ടികജാതിക്കാരായ 1491 പേർ താമസിക്കുന്നു. പട്ടികജാതിക്കാർക്ക് കുഴൂർ ദേവസ്വം, താനൂർ ദേവസ്വം എന്നിവയുമായി അഭേദ്യമായ ബന്ധമുണ്ട്. ദേവസ്വങ്ങളിലെ അമ്പലങ്ങളിൽ പുല്ല് ചെത്തി വൃത്തിയാക്കുക, മേലാളന്മാരുടെ ബന്ധുക്കളിൽ, ഓണക്കാലങ്ങളിൽ കാഴ്ചക്കുലകൾ എത്തിക്കുക ഇവരുടെ മുഖ്യതൊഴിലായിരുന്നു. പറയൻ എന്നു വിളിക്കപ്പെടുന്നവർ അമ്പലത്തിൽ പൂക്കുട നെയ്യാൻ പ്രത്യേകമായി താമസിപ്പിച്ചവരാണ്. മനകളിലെ ആത്തോലമ്മമാർക്ക് ഓലക്കുട (പനയോല) നിർമ്മിക്കുക ഇവരായിരുന്നു. കുറവർ എന്ന് പറയപ്പെടുന്നവർ പാമ്പുകാവുകളിൽ കളമെഴുത്തും പാട്ടും നടത്തിയിരുന്നു.

ക്ഷേത്രാരാധന താഴ്ന്നജാതിക്കാർക്ക് നിഷിദ്ധമായിരുന്നു. പുരാതനകാലത്ത് ഈ വർഗക്കാർ അവരുടേതായ ദൈവങ്ങളെ ആരാധിച്ചിരുന്നു. പ്രധാനമായും മരിച്ചുപോയ കാരണവന്മാർക്ക് ദൈവികശക്തി സങ്കൽപ്പിച്ചു ആരാധിച്ചിരുന്നു. ഇങ്ങനെ ആരാധന നടത്തിയിരുന്ന സ്ഥലങ്ങളെ 'പതി' അല്ലെങ്കിൽ 'കൊട്ടിൽ' എന്നും വിളിച്ചിരുന്നു. ഇവിടെ കോഴികുരുതി, തുള്ളൽ മുതലായവ നടത്തിയിരുന്നു. അതിനായി പ്രധാന കാർമ്മികൻ ഉണ്ടായിരുന്നു. അദ്ദേഹത്തെ വെളിച്ചപ്പാട് (കോമരം) എന്നു വിളിച്ചിരുന്നു. ആതികാലത്ത് കുഴൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ 'തൃപ്പുത്തരി' കൊയ്യുക എന്ന പതിവുണ്ടായിരുന്നു. ഇതിനായി എരവത്തൂർ ചിറയ്ക്കടുത്ത് ഉള്ള 3 പറ കണ്ടത്തിലാണ് കൃഷി ചെയ്തിരുന്നത്. ഒരുപറ നിലം പുലയനുള്ളതാണ്. ആമ്പക്കാട്ട് കണ്ണൻ, ചെറിയ വള്ളോൻ, വലിയ വള്ളോൻ എന്നിവരാണ് ഇതിന് നേതൃത്വം നൽകിയവർ.

വെളിപ്പാട്ട് നിൽക്കുക എന്ന സമ്പ്രദായം ഉണ്ടായിരുന്നു. മൂന്നു പറ നിലത്തിനടുത്തുള്ള തറയിൽ കയറിനിന്ന് 'നാളെ തൃപ്പൂത്തരിക്കണ്ടം കൊയ്ത്താണ് എല്ലാവരും കൊയ്യണം" എന്നു തപ്പ്, തുടി എന്നിവ കൊട്ടി അറിയിച്ചിരുന്നു. സ്ത്രീ പുരുഷ ഭേദമെന്യെ കുഴൂർ അമ്പലത്തിൻെറ നടയ്ക്കൽ വെള്ള പനമ്പ് നിരത്തി അതിൽ മെതിയ്ക്കുന്നു. ഒരു പറ ഒരു ഇടങ്ങഴി അമ്പലത്തിലേക്ക് എടുത്ത് ബാക്കി എല്ലാവരും കൂടി വീതിച്ചെടുക്കുന്നു.

അമ്പലങ്ങളിലും തറകളിലും തുള്ളൽ, മുടിയാട്ടം തുടങ്ങിയ കലകൾ നടത്തിയിരുന്നു. താന്നൂർ ക്ഷേത്രത്തിന് പടിഞ്ഞാറുവശത്തുള്ള കോലേപ്പാടം തറ ഇതിന് ഉദാഹരണമായിരുന്നു. കോലെപ്പാടം ദൈവങ്ങൾ എന്നു അറിയപ്പെട്ടിരുന്നു. ഇന്ന് ഇതിൻെറ പുനരാവിഷ്ക്കാരമാണ് താന്നൂർ ക്ഷേത്രത്തിൽ ആണ്ടുതോറും മേടമാസത്തിൽ തിരുവോണനാളിൽ നടത്തിവരാറുള്ള ആഘോഷം. ആലമിറ്റം ക്ഷേത്രത്തിലും ഈ ആഘോഷം നടത്തുന്നുണ്ട്. ആദ്യകാലത്ത് ഈ കലയുടെ പ്രചാരകര കരിമ്പിൻ ചാത്തൻ, വള്ളച്ചേരി ചാത്തൻ എന്നിവരായിരുന്നു. ഇന്നത്തെ നായകർ കരിമ്പൻ വേങ്ങൂർ, തെട്ടിപ്പറമ്പിൽ താമിക്കുട്ടി, മാരിക്കൽ കാവലൻ എന്നിവരാണ്.

സാമ്പവരിലും ഈ വിധത്തിലുള്ള ക്ഷേത്രകല നടത്തുന്നുണ്ട്. ഇവരുടെ മൂപ്പൻ പടയാട്ടി കണ്ടൻ എന്ന ആളായിരുന്നു. ഇന്നത്തെ മൂപ്പൻ പടയാട്ടി രാമൻ ആണ്. പരമ്പരാഗത തൊഴിലായ കുട്ട, വട്ടി, വീട്ടാവശ്യത്തിനുള്ള മുറം, പനമ്പ്, ചോറ്റുകുട്ട, അടച്ചൂറ്റി, കൈയ്യിൽകുട്ട എന്നിവ നെയ്ത് ഉപജീവനം നടത്തിയിരുന്നു. ഇന്ന് ഇവയെല്ലാം പ്ലാസ്റ്റിക്കിൻെറ അതിപ്രസരംകാരണം അന്യമായിരിക്കുന്നു. തന്മൂലം ഈ രംഗത്ത് തൊഴിൽ നഷ്ടപ്പെട്ടവർ ഏറെയാണ്. ഇവരുടെ കാര്യത്തിൽ പ്രത്യേക പരിഗണന ആവശ്യമാണ്.

പുലയരുടെ പ്രധാന തൊഴിൽ വേലികെട്ടി പുരയിടം സംരക്ഷിക്കുക എന്നതായിരുന്നു. മുളയുടെ അഭാവവും മതിൽ നിർമാണവും ഇവരുടെ തൊഴിൽ നഷ്ടപ്പെടുത്തി. ഇവരെയും പ്രത്യേകം പരിഗണിക്കണം.

പഞ്ചായത്തിൽ പട്ടികവർഗങ്ങൾ കുടുംബങ്ങൾ ഒന്നുംതന്നെയില്ല. സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ ജനസംഖ്യ 18,569 ആകുന്നു. ഇതിൽ 1491 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. 280 ൽ പരം കുടുംബങ്ങൾ കുഴൂർ പഞ്ചായത്തിൽ ഉണ്ട്. കോളനികളിലായും ഒറ്റപ്പെട്ടും ഇവർ താമസിക്കുന്നു.

വിദ്യാഭ്യാസ മേഖലയിലായും സാമൂഹ്യമേഖലയിലായും നേട്ടങ്ങൾ ഉണ്ട്. സർക്കാർ ജോലി നിരക്കിലും സാമ്പത്തിക രംഗത്തും നേട്ടങ്ങൾ നാമമാത്രമാണ്. സർക്കാർ അംഗീകരിച്ച കോളനികൾ 4 എണ്ണമാണ്. അവ താഴെ ചേർക്കുന്നു.

1. പാറപ്പുറം പട്ടികജാതി കോളനി.
2.
3. ഇരുമ്പ്ങ്ങത്തറ പട്ടികജാതി കോളനി.
4. കൈനാട്ട്തറ ലക്ഷംവീട് കോളനി.

സർക്കാർ അംഗീകാരത്തിനായി പഞ്ചായത്ത് അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ള കോളനികൾ താഴെ പറയുന്നു.

| വാർഡ് | പട്ടികജാതി കോളനികളുടെ പേര് വിവരം | വീടുകളുടെ എണ്ണം |
|---|---|---|
| I | എരവത്തൂർ പട്ടികജാതി കോളനി | 14 |
| II | പാറപ്പുറം പട്ടികജാതി കോളനി | 14 |
| III | 1. പാറപ്പുറം പട്ടികജാതി സങ്കേതം | 36 |
| | 2. താണിശ്ശേരി പട്ടികജാതി സങ്കേതം | 19 |
| IV | ഐരാണിക്കുളം ലക്ഷം വീട് കോളനി | 6 |
| V | നീലുരുത്തിത്താ കോളനി | 10 |
| VI | 1. മുത്തുക്കുളങ്ങര കോളനി | 11 |
| | 2. വയലാർ ലക്ഷംവീട് പട്ടികജാതി കോളനി | 12 |
| VII | 1. കുളത്തേരി ലക്ഷം വീട് പട്ടികജാതി കോളനി | 12 |
| | 2. പെരിങ്ങാണം പട്ടികജാതി സങ്കേതം | 10 |
| | 3. കോളായിത്തറ പട്ടികജാതി സങ്കേതം | 11 |
| | 4. അമക്കുഴി പട്ടികജാതി സങ്കേതം | 12 |
| | 5. പെരിങ്ങണം പട്ടികജാതി സങ്കേതം | 21 |
| VIII | കൊച്ചുകടവ് വട്ടതിരുത്തി പട്ടികജാതി സങ്കേതം | 22 |
| IX | കള്ളിയാട്ട് തറ പട്ടികജാതി കോളനി | 11 |

ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായി മോചനം നേടിയിട്ടുണ്ട്. പൊതുപരിപാടികളിൽ മോശമില്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. സർക്കാർ നൽകുന്ന വിവിധ ആവശ്യങ്ങൾക്കുള്ള സാമ്പത്തിക സഹായം അപര്യാപ്തമാണ്. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ മേഖലയിൽ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണ്. എന്നാൽ എസ് എസ് എൽ സിക്കുശേഷം ഉപരിവിദ്യാഭ്യാസം നടത്തുന്നവർ കുറവാണ്. ഈ മേഖലയിൽ രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ല. കുടുംബബാധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തിയവരും ഉണ്ട്.

96-97 വർഷത്തിൽ ഈ പഞ്ചായത്തിലെ 6 വിദ്യാലയങ്ങളിലായി 488 വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. 6 പേർ പഠനം നിർത്തി പോയിട്ടുണ്ട്.

## തൊഴിൽ

പട്ടികജാതിയിൽപ്പെട്ട ഭൂരിപക്ഷം പേരും കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്. കാർഷിക മേഖലയിൽ വന്ന തകർച്ച മറ്റ് മേഖലയിൽ പണിയെടുക്കുവാൻ ഇവരെ നിർബന്ധിതരാക്കി. അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവ് മൂലം പരമ്പരാഗത കൈതൊഴിലുകളായ പായനെയ്ത്ത്, കൊട്ടനെയ്ത്ത് എന്നിവ നടക്കുന്നില്ല. കൂലിവേല ചെയ്തുമാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ

വിഭാഗത്തിന് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണമായും പരിഹരിക്കുവാൻ സാധിച്ചിട്ടില്ല. 45 ശതമാനം പേർ പാർപ്പിടം ഇല്ലാത്തവർ ആകുന്നു. 125 വീടുകൾ പുതുതായി അനുവദിക്കേണ്ടതായിട്ടുണ്ട്.

| പട്ടികജാതി – വീടുകൾ | ആവശ്യമുള്ളവ |
|---|---|
| ward I- 5 | ward II- 5 |
| ward III-26 | ward IV- 12 |
| ward V- 5 | ward VI- 20 |
| ward VII-30 | ward VIII- 25 |
| ward IX-18 | |

വീടുകൾക്ക് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. സാമ്പത്തിക സഹായം കൂട്ടേണ്ടതായിട്ടുണ്ട്. വീട് വെയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് വീട് വയ്ക്കുവാനുള്ള സാമ്പത്തിക സഹായം നൽകണം. വീടുകളുടെ അറ്റകുറ്റപണികൾക്ക് സാമ്പത്തിക സഹായം നൽകണം.

പല വീടുകളിലും ഇന്ന് കക്കൂസില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ച് കൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. ലക്ഷംവീട് കോളനികളിൽ ഒരു വീട്ടിൽ രണ്ട് കുടുംബങ്ങൾ ഉള്ളത് മാറ്റി ഒരു കുടുംബത്തിന് മാത്രം താമസിക്കാനുള്ള സൗകര്യം ഉണ്ടാക്കാം.
2. വീടില്ലാത്തവർക്ക് ഗവൺമെൻറ് സ്ഥലംനൽകി വീട് വയ്ക്കുവാനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കണം.
3. കുടിവെള്ളം, കളിസ്ഥലം, കക്കൂസ് അർഹതപ്പെട്ട വഴി പൊതുശ്മശാനം, വൈദ്യുതീകരിക്കൽ എന്നിവയും ആഴ്ചയിലൊരിക്കലെങ്കിലും കോളനികളിൽ ഡോക്ടർ സന്ദർശിച്ച് പരിശോധനാ സൗകര്യം നൽകേണ്ടതാണ്.
4. സാക്ഷരതാ പ്രവർത്തനം ഊർജിതപ്പെടുത്തുക.
5. കോളനികളുടെ അതിർത്തികൾ സംരക്ഷിക്കുക.
6. ലക്ഷംവീടുകളിൽ ടി വി സെറ്റ് സ്ഥാപിക്കുക.
7. SC - ST കോളനി റോഡുകൾ ടാർ ചെയ്യുക.
8. വളർത്തുമൃഗങ്ങളെ നൽകുക.
9. I H D P അല്ലാത്ത കോളനികൾ IHDP ആക്കുവാൻ ശ്രമിക്കണം.
10. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടവർക്ക് വേണ്ട സഹായം നൽക. ബാംബു കോർപ്പറേഷൻെറ ഒരു ഡിപ്പോ ആരംഭിക്കുക. കയറുപിരിയ്ക്ക് ആവശ്യമായ സഹായം നൽകുക.
11. കുണ്ടൂരിൽ പട്ടികജാതി-പട്ടികവർഗ വനിതാ വ്യവസായ സഹകരണ സംഘം ആരംഭിക്കുക.
12. കോളനികളിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.
13. എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും പട്ടയം ലഭ്യമാക്കണം.
14. പട്ടികജാതികൾക്ക് ഒരു കമ്യൂണിറ്റി ഹാൾ പണിയണം.
15. വിവാഹധനസഹായം അനുവദിക്കണം.
16. കൈനാട്ടുതറയിൽ ഒരു വായനശാല ആരംഭിക്കുക.
17. താണിശേരിയിൽ DWRCA യൂണിറ്റ് തുടങ്ങുക.
18. 1980 ൽ IRDP തുടങ്ങിയതു മുതൽ പട്ടികജാതിക്കാർക്ക് അൽപമെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ട്.
19. IRDP വായ്പ കുടുംബത്തിൽ ഒരാൾക്ക് എന്ന വ്യവസ്ഥമാക്കി 3 പേർക്ക് എങ്കിലും കൊടുക്കണം.

★ ★ ★

# കൃഷിയും ജലസേചനവും

കാർഷിക പശ്ചാത്തലമുള്ള ഒരു പ്രദേശത്തിന്റെ പരിമിതികളും പ്രശ്നങ്ങളും നിറഞ്ഞു നില്ക്കുന്ന ഒരിടമാണ് കുഴൂർ പഞ്ചായത്ത്. താണിശ്ശേരി, ഐരാണിക്കുളം, തിരുത്ത, പടിഞ്ഞാറേ തിരുത്ത, കോമലക്കുന്ന് എന്നീ കുന്നിൻ പ്രദേശങ്ങളും ചാലക്കുടി പുഴയോടു ചേർന്നു കിടക്കുന്ന തീരപ്രദേശങ്ങളും, ആ പ്രദേശങ്ങളിൽ വിസ്തൃതമായി കിടക്കുന്ന നെൽവയലുകളും ചേർന്നുകിടക്കുന്നതാണ് കുഴൂരിന്റെ ഭൂപ്രദേശം.

മുഖ്യകൃഷി നെല്ല്, തെങ്ങ്, കവുങ്ങ്, ജാതി, ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ കശുമാവും കൃഷിചെയ്തുവരുന്നുണ്ട്. ഇടവിളകളായി കിഴങ്ങു വർഗങ്ങൾ, ധാന്യങ്ങൾ, കുരുമുളക്, വാഴ മുതലായവയും കൃഷിചെയ്യുന്നു. പഴയ കാലത്ത് നെൽകൃഷിയും കൃഷിയുടെ അനുബന്ധ പ്രവർത്തനങ്ങളുമായിരുന്നു ജനങ്ങളുടെ മുഖ്യജീവിതോപാധി.

ഭൂരിഭാഗം ജനങ്ങളും നാമമാത്ര കൃഷിക്കാരാണ്. അതോടൊപ്പം ചെറുകിട ഭൂ ഉടമസ്ഥരുടേയും കണക്കും യോജിക്കുമ്പോൾ കുഴൂർ പഞ്ചായത്തിലെ കാർഷിക വ്യവസ്ഥിതിയുടെ ചിത്രം വ്യക്തമാകും. കൃഷി മുഖ്യ വരുമാനമാനമാർഗ്ഗമല്ലാത്തതുകൊണ്ടാകാം ഭൂരിപക്ഷം ഭൂ ഉടമസ്ഥരും കൃഷിയിൽ താല്പര്യം കാണിക്കുന്നില്ല.

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിന്റേത് 0.09 ഹെക്ടറാണ്. ആദ്യകാലത്ത് നെൽകൃഷിക്കാണ് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത്. ഒരു പുണ്യപ്രവൃത്തിയായും സത്യസന്ധമായ ഒരു കർമ്മമായും കൃഷിയെ പണ്ടുള്ളവർ നോക്കിക്കണ്ടു. ആ കാലയളവിൽ കർഷകന് സമൂഹത്തിൽ മാന്യമായ സ്ഥാനവും അതുവഴി കൈവന്നു.

മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിയായിരുന്നു പ്രധാനമായും കുഴൂരിൽ. ധാരാളം കുളങ്ങളും തോടുകളും ജലലഭ്യതയെ സഹായിച്ചുകൊണ്ട് നിലവിലുണ്ടായിരുന്നു. ഭൂഉടമസ്ഥത നാല് നമ്പൂതിരി കുടുംബങ്ങളിലും ദേവസ്വത്തിലുമായി പരിമിതപെട്ടിരുന്നു. മുണ്ടകൻ, പുഞ്ച, വിരിപ്പ് എന്നീ മൂന്ന് കൃഷികളാണ് കാലാവസ്ഥയ്ക്ക് അനുസരിച്ച് ഇവിടെ കൃഷി ചെയ്തിരുന്നത്.

ആകെ കൃഷിഭൂമിയുടെ ....... ശതമാനത്തോളം നെൽകൃഷിയായിരുന്നു. പ്രകൃതിയുമായിണങ്ങിപ്പോകുന്ന കൃഷിരീതികളും വിത്തിനങ്ങളുമായിരുന്നു അന്നത്തേത്. ആര്യൻ, അധിയൻ, വെളുത്ത ചിറ്റേനി, കറുത്ത ചിറ്റേനി, തവളക്കണ്ണൻ, എരുമക്കാരി, ചീര, നകര മുതലായ നാടൻ വിത്തിനങ്ങൾ വയലുകളിൽ മാറി മാറി കൃഷി ചെയ്തിരുന്നു. കർഷകർ പ്രധാനമായും ജൈവ വളമാണ് ഉപയോഗിച്ചിരുന്നത്. കൃഷിക്ക് അഭിമുഖീകരിക്കേണ്ടിയിരുന്ന ഒരു ശല്യം ചാഴി ബാധയായിരുന്നു. ചാഴിക്കേടിന് ചാഴിപ്പൊടി തൂകുന്നതോടൊപ്പം ചിലർ ചാഴിയെ വിലക്കുകയും ചെയ്തിരുന്നു.

ഹരിതവിപ്ലവത്തിന്റെ ആഹ്വാനവുമായി പുതിയ സമീപനം നെൽകൃഷിരംഗത്ത് അത്യുല്പാദന വിത്തുകളുടെ രംഗപ്രവേശത്തിന് കളമൊരുക്കി. പുതിയ വിത്തുകൾ പഴയവയെ പിൻതള്ളി. ഉല്പാദന വർധന ലക്ഷ്യമിട്ടുകൊണ്ടുവന്ന വിത്തിനങ്ങളും കൃഷി രീതികളും പരമ്പരാഗതമായി നിലനിന്ന കാർഷിക സംസ്കാരത്തെ മാറ്റി മറിച്ചു. ആധുനികകൃഷി മുന്നോട്ടു പോയപ്പോൾ പുതിയ പ്രശ്നങ്ങൾ ഉയർന്നുവന്നു. കീടബാധക്ക് വിഷപ്രയോഗങ്ങളും, അത്യുല്പാദനത്തിന് രാസവളപ്രയോഗവും കൃഷിയുടെ മുഖമുദ്രയായി. പടിഞ്ഞാറൻ നാടുകളിൽ നിരോധിച്ച വിഷങ്ങളും രാസവളങ്ങളും കടൽ കടന്ന് ഇന്ത്യൻ മണ്ണിൽ ആധിപത്യം ചെലുത്താൻ തുടങ്ങി. ശാസ്ത്രീയമല്ലാത്ത രാസവളപ്രയോഗം മണ്ണിലെ അമ്ലത്വം വർധിപ്പിച്ചു. കൃഷിയിടങ്ങൾ പ്രതിസന്ധിയിലേക്ക് നീങ്ങാൻ തുടങ്ങിയത് ഇതിലൂടെയാണ്.

ജലസേചനത്തിന് മോട്ടോർ പമ്പുകളും ഓയിൽ എഞ്ചിനുകളും വ്യാപകമായി. സബ്സിഡി നിരക്കിൽ കർഷകന് മണ്ണെണ്ണ കൊടുത്തത് ആശ്വാസകരമായിരുന്നു. സബ്സിഡി വെട്ടിക്കുറച്ചതും അളവുകുറച്ചതും കാർഷികരംഗത്തുനിന്ന് ഓയിൽ എഞ്ചിനുകളെ ആട്ടിയകറ്റി. പാടത്തു നിന്ന് വേത്ത് കൂട്ടം, കൊട്ടത്തേക്ക്, ചക്രം എന്നിവയോടൊപ്പം തേക്കുപാട്ടുകളും കൊയ്ത്തുപാട്ടുകളും അപ്രത്യക്ഷമായിക്കഴിഞ്ഞു.

പാടങ്ങളിൽ ഇടവിളയായി ചാമ, എള്ള്, മുതിര, തിന, പുല്ല് (റാഗി), കിഴങ്ങു വർഗ്ഗങ്ങളായ

ചേന, ചേമ്പ്, മധുരച്ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, കരിമ്പ് എന്നിവയും കുറച്ച് ഉയർന്ന പ്രദേശങ്ങളിൽ (തേമാലി നിലങ്ങൾ) വാഴ, മരച്ചീനി, മധുരക്കിഴങ്ങ്, വേനൽക്കാല പച്ചക്കറികൾ എന്നിവയും വ്യാപകമായി കൃഷി ചെയ്തിരുന്നു. പഞ്ഞമാസങ്ങളിൽ കാട്ടുചേമ്പ്, കുടപ്പന ചോറ്, തോടുകളിൽ സമൃദ്ധമായിരുന്ന ഞണ്ട്, ഞവുണി (നത്തങ്ങ), നാടൻ ചെമ്മീൻ, മീൻ മുതലായ ഭക്ഷ്യോല്പന്നങ്ങളായി മാറിയിരുന്നു.

കാർഷികോല്പന്നങ്ങൾ പറവൂർ, കോട്ടപ്പുറം ചന്തയിലാണ് കൊണ്ടുപോയി കൈമാറ്റം ചെയ്തിരുന്നത്. ഉൾനാടൻ ജലഗതാഗതമാർഗ്ഗമാണ് കൃഷിക്കാർ പരമാവധി ഉപയോഗപ്പെടുത്തിയിരുന്നത്.

ഭൂപരിഷ്ക്കരണനടപടികളോടെ കർഷകത്തൊഴിലാളികൾ കർഷകരായി മാറി. സ്വന്തം മണ്ണിൽ കിടപ്പാടം എന്ന സങ്കല്പം ഉയർന്നുവന്നു. വയലുകൾ നികത്തി വീടു വെക്കാനും, പരിചരണം കുറച്ചുമാത്രം ആവശ്യമായ തെങ്ങുകൃഷി വ്യാപകമാകാനും തുടങ്ങി. ഭൂമിയുടെ ആദിഘടനയിൽ വ്യാപകമായ മാറ്റം വന്നു. അന്നമനട പഞ്ചായത്തിൽപ്പെട്ട പൂവ്വത്തുശ്ശേരി, പാലിശ്ശേരി പ്രദേശങ്ങളിൽനിന്നും വന്നിരുന്ന മഴവെള്ളം വലിയ തോട്ടിലൂടൊഴുകി എരവത്തൂർ, കുഴൂർ, കുണ്ടൂർ എത്തി എളയാനം തോട്ടിലൂടെ ചാലക്കുടിപ്പുഴയിൽ പതിക്കുകയായിരുന്നു പതിവ്. ഇതിനു വ്യത്യാസം വന്നു. നീരൊഴുക്ക് കുറവായി. പല സ്ഥലത്തും വെള്ളക്കെട്ടുകൾ പതിവാ യി. ഇത് കൃഷിയെ പ്രതികൂലമായി ബാധിച്ചു.

കൃഷി ആദായകരമല്ലാതായതോടെ കൃഷിക്കാർ മറ്റു തൊഴിൽ മേഖലകൾ തേടി. ചിലരെല്ലാം ഭൂമി തരിശിട്ടു. ഇഷ്ടികക്കളങ്ങൾ വ്യാപകമായി. വലിയ വിലയ്ക്ക് കൃഷിഭൂമി മണ്ണിന്റെ ആവശ്യത്തിന് വിറ്റഴിക്കപ്പെട്ടു. ലക്കും ലഗാനുമില്ലാതെ കൃഷിയിടങ്ങൾ താഴ്ത്തി മണ്ണെടുത്തു. തൊഴിൽ മേഖലയിൽ മറ്റൊരു സംസ്കാരം രൂപപ്പെട്ടു. കുട്ടികൾ പോലും ആ തൊഴിൽ മേഖലയിലേക്ക് ആകർഷിക്കപ്പെട്ടു. വരുമാനം വർദ്ധിച്ചു. അതേസമയം കൃഷിയും കൃഷിയുടെ അനുബന്ധപ്രവർത്തനങ്ങളും അനാകർഷകങ്ങളായി. അവഗണിക്കപ്പെട്ട അവസ്ഥയിലായി കൃഷി.

ഇഷ്ടികക്കളങ്ങളിൽ തൊഴിലാളികൾ സംഘടിക്കപ്പെട്ടു. കാലാകാലങ്ങളിൽ തൊഴിൽ വർദ്ധനവ് നേടിയെടുക്കാനവർക്ക് സാധിച്ചു. ഉപഭോഗസംസ്ക്കാരം വളർന്നു. സ്വന്തം കൃഷിയിടങ്ങളിൽ നിന്നും സ്വന്തം ആവശ്യത്തിനു പോലും പച്ചക്കറികൾ ഉല്പാദിപ്പിച്ചിരുന്ന അവസ്ഥക്ക് മാറ്റം വന്നു. എല്ലാം കടയിൽ നിന്നു വാങ്ങുന്ന പ്രവണത വർദ്ധിച്ചു. പറമ്പുകളിൽ വ്യാപകമായിരുന്ന കാച്ചിൽ, ചെറുകിഴങ്ങ്, ചേമ്പ് എന്നീ കിഴങ്ങുവർഗ്ഗങ്ങൾ പോലും അന്യമായിക്കഴിഞ്ഞു. പുരയിടങ്ങളിലിപ്പോൾ തെങ്ങൊഴികെയുള്ള മറ്റ് കൃഷിയിനങ്ങളെല്ലാം നാമാവശേഷമായിക്കഴിഞ്ഞുവെന്നു പറഞ്ഞാൽ അതിശയോക്തിയല്ല. പറമ്പുകളിലെ അടിമണ്ണിളക്കുന്നതിനും ജൈവഘടന നിലനിറുത്തുന്നതിനം മൺപൊലിക്കൂട്ടുന്ന സ്വഭാവംപോലും ഇന്നു കാണിക്കുന്നില്ല. പകരം യന്ത്രവൽക്കരണത്തിലേയ്ക്ക് ജനങ്ങൾ മാറിയിരിക്കുന്നു.

പൂങ്കോഴിയുടെ പുഷ്ക്കല കണ്ഠനാദത്തോടൊപ്പം ഗ്രാമപ്പുലരികളെ കുളിരണിയിച്ച്, ഉറക്കമുണർത്തിയിരുന്ന തേക്കുപാട്ടുകൾ ഇന്ന് എങ്ങും കേൾക്കാറില്ല. കുണ്ടൂർ പുഴയിൽ സ്ഥാപിച്ചിരിക്കുന്ന പമ്പു സെറ്റും, കനാൽ സിസ്റ്റവും കൊച്ചുകടവ്, വട്ടക്കുളം എൽ.ഐ. സ്കീമുകളും ഒരളവോളം കാർഷിക മേഖലയെ സഹായിച്ചിട്ടുണ്ട്.

അശാസ്ത്രീയമായ റോഡുനിർമ്മാണവും ഇഷ്ടികക്കളങ്ങളുടെ വ്യാപനവും നീർക്കെട്ടിന് വലിയ പ്രോത്സാഹനം കൊടുത്തു. ചെറിയൊരു വർഷം വന്നാൽ കായലുകളാകുന്ന വയലാർ, തിരുത്ത, ചെത്തിക്കോട്, ആലമറ്റം, കൊച്ചുകടവ് എന്നീ പ്രദേശങ്ങൾ അക്ഷരാർത്ഥത്തിൽതന്നെ ഒറ്റപ്പെട്ടുപോകുന്നു. അതേസമയം കുഴൂരിന്റേയും പരിസരപ്രദേശങ്ങളുടേയും വേനൽദാഹം തീർത്തിരുന്ന കരിക്കാട്ടുചാലും, കുണ്ടൂരിന്റെ ജലസ്രോതസ്സായ കുളക്കരച്ചാലും കർഷകർ മത്സരിച്ച് നികത്തിയെടുക്കുന്നത് ഭാവിയിലെ ജലക്ഷാമത്തിന് കാരണമാകും.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1910.48 ഹെക്ടർ ആണ്. ഇത് ഉയർന്ന പ്രദേശം, താഴ്വര, തീരപ്രദേശം, തുരുത്ത്, പുഴ എന്നിങ്ങനെയാണ് കാണുന്നത്. പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ മണൽ കലർന്ന കറുത്ത മണ്ണും പുഴയോരങ്ങളിലും തുരുത്തുകളിലും എക്കൽ മണ്ണുമാണ്. ഇത് ഏതാണ്ട് 65 ശതമാനത്തോളം വരും. ബാക്കി 30 ശതമാനം ചരൽകലർന്ന ചുവന്ന മണ്ണാണ്.

### പട്ടിക

### ഭൂപ്രകൃതി

| നമ്പർ | ഭൂമി | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന പ്രദേശം | 76.87 | |
| 2. | സമതലം | 1811.43 | |
| 3. | കുത്തനെയുള്ള ചരിവ് | .... | |
| 4. | തുരുത്ത് | 48.58 | |
| 5. | പുഴ | 73.73 | |
| | ആകെ | | |

### ഭൂവിനിയോഗം

| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | മിശ്രതവിളകൾ | 323 | |
| 2. | മിശ്രമരങ്ങൾ | 1 | |
| 3. | കശുമാവ് | 3 | |
| 4. | കുളം | 18.03 | |
| 5. | ചതുപ്പ് നിലം | ഇല്ല | |
| 6. | പുഴ | 73.73 | |
| 7. | കൃഷിക്കനുയോജ്യമായ തരിശുനിലം | ഇല്ല | |
| 8. | നെല്ല് | 366 | |

ഐരാണിക്കുളം, താണിശ്ശേരി, തിരുമുക്കുളം മുതലായ സ്ഥലങ്ങളിൽ കശുമാവു കൃഷിയുണ്ടെങ്കിലും നല്ലയിനം കശമാവുകളില്ലാത്തതും, പരിചരണക്കുറവും, ശാസ്ത്രീയരീതികൾ അവലംബിക്കാതിരിക്കലും വിളയെ മോശമാക്കുന്നു. ഇടവിളയായി കുറച്ചുകാലം മുൻപ് കൊക്കൊകൃഷി കുഴൂരിൽ വ്യാപകമായെങ്കിലും വിലയിടിവ് കർഷകരെ തളർത്തി. ആ മേഖലയിൽനിന്ന് കർഷകർ പൂർണ്ണമായും പിൻവലിഞ്ഞുകഴിഞ്ഞു.

### നെൽകൃഷി പട്ടിക

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | നെല്ല് (ഒന്നാംവിള) | 254 |
| 2. | നെല്ല് (രണ്ടാംവിള) | 366 |
| 3. | നെല്ല് (മൂന്നാംവിള) | 186 |

പുതിയ കൃഷിരീതി പഴയ നെൽവിത്തിനങ്ങളെ കൈയൊഴിക്കാൻ കർഷകനെ പ്രേരിപ്പിച്ചു. എരുമാക്കാരി, കരുമാങ്കാരി, തിരിഞ്ഞുവെള്ള, ചീമച്ചീര, നഗരത്തുവൽ, കല്ലട ആര്യൻ, തുളോക്ക് മുതലായ നെൽവിത്തുകളെക്കുറിച്ച് തീരെ കേൾക്കാറുതന്നെയില്ല.

ഐ.ആർ.8, എച്ച് 4, എച്ച്.ആർ. 19, തൈനാൻ, തൈച്ചൂൺ, മാല, കൾച്ചർ 8, പങ്കജം മുതലായ അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളെ കർഷകന്റേയും കൃഷിയുടേയും സംസ്കാരത്തെ മാറ്റി മറിച്ചു. കൃഷിയുടെ ശീലങ്ങളും രീതികളും തകിടം മറിഞ്ഞു. കീടനാശിനികളുടേയും, രാസവളങ്ങളുടേയും തള്ളിക്കയറ്റം ജൈവവളങ്ങളെ കീഴടക്കി. മണ്ണിന്റെ സംസ്കൃതി മാറി. ഏക കൃഷിരീതി നമ്മുടെ വയലുകളുടെ ഫലഭൂയിഷ്ഠതയെ വല്ലാതെ ബാധിച്ചിട്ടുണ്ട്. അതിലൂടെ ഉല്പാദനത്തളർച്ചയും സംഭവിച്ചു. ഇടവിളകളുടെ വ്യാപനത്തിന് ഇടിവുസംഭവിച്ചു.

മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷമത 50 എണ്ണമാണ്. സംസ്ഥാനശരാശരിയോട് ഈ ശതമാനം സൗഹൃദം പുലർത്തുന്നു. പുഴയോരങ്ങളിലാണ് കൂടുതൽ വിളവു ലഭിക്കുന്നത്. പക്ഷേ ആ പ്രദേശങ്ങളിൽ വ്യാപകമായ തെങ്ങുരോഗം പടർന്നു വരുന്നതായി കാണുന്നു. വയൽ നികത്തി തെങ്ങുകൃഷി നടത്തുന്ന സ്ഥലത്ത് നീർകെട്ടിന്റെ ഫലമായി കുറഞ്ഞ ശതമാനം വിളവാണ് ലഭിക്കുന്നത്. ഇത് കർഷകനെ തളർത്തുന്നുണ്ട്. എന്നാൽ ഇതിലൊരു മറുവശം തിരുത്ത, ഐരാണികുളം തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ പരിമിത തോതിലെങ്കിലുംലഭിക്കുന്ന ജലവിതരണം കൊണ്ട് തെങ്ങുകൾ നല്ല നിലവാരം പുലർത്തുന്നതായും കാണുന്നുണ്ട്. അശാസ്ത്രീയമായ ജലസേചനം, വളപ്രയോഗം, അനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കാത്തത് ഒക്കെ തെങ്ങുകൃഷിയെ മോശമായി ബാധിക്കുന്നു.

## വളം

സഹകരണ മേഖലയിലുള്ള 6 ഉം സ്വകാര്യ മേഖലയിലുള്ള 2 ഉം ഉൾപ്പെടെ 8 വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ സഹകരണമേഖലയിലുള്ള വിപണനകേന്ദ്രങ്ങൾ കർഷകരുടെ ഉത്തമമിത്രമായി മാറിയിരിക്കുന്നു. ആശ്വാസകരമായൊരു കാര്യമാണിത്. ഏതാണ്ട് 88 ശതമാനം രാസവളമാണ് കൃഷിക്കുപയോഗിക്കുന്നത്. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലൊന്നുമല്ല വളപ്രയോഗം നടക്കുന്നത്. രാസവള പ്രയോഗം

കൃഷിനിലങ്ങളുടെ ജൈവപ്രകൃതി നഷ്ടപ്പെടുത്തിയിട്ടുണ്ട്. അമ്ലത്വം വർദ്ധിച്ചതിന്റെ ഫലമായി മണ്ണിരകൾ നിലങ്ങളിൽ നിന്ന് അപ്രത്യക്ഷമായി. തോടുകളിൽ നിന്ന് ഞണ്ടും, ഞവിണിയും, ചെറുമീനുകളും, ചെമ്മീനും ഗതകാലസ്മരണകളായി.

## കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചു വരുന്നത്. കശുമാവ്, മാവ് എന്നിവക്കും ഇപ്പോൾ കീടനാശിനി സ്പ്രേയിംഗ് നടത്തുന്നുണ്ട്. എന്നാൽ ഇവയെല്ലാം തളിക്കുമ്പോൾ എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചെല്ലാം കർഷകർ അജ്ഞരാണെന്നുതോന്നും പ്രവൃത്തി കണ്ടാൽ.

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 8 പാടശേഖരസമിതികളാണ് ഇപ്പോൾനിലവിലുള്ളത്. പലതും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷിഭവന്റെ സഹായത്തോടെ കാലാകാലങ്ങളിൽ പാടശേഖര സമിതികളെ ബോധവൽക്കരിച്ചാൽ നിലവാരം മെച്ചപ്പെടും.

കാർഷികവൃത്തി ഉപജീവനമായി കരുതിവരുന്നവരുടെ എണ്ണം ദിനം പ്രതി കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസലക്ഷ്യങ്ങളിൽഗാന്ധിയൻ സമീപനത്തിൽനിന്ന് അകന്നുപോയത് ഇന്നത്തെ ന്യൂനതയാണ്. ഒരു തരം വെള്ളക്കോളർ മനോഭാവം വിദ്യാർത്ഥികളിൽ രൂപപ്പെട്ടുവന്നിരിക്കുന്നു. കർഷകത്തൊഴിലാളികളിൽ പുരുഷന്റെ നിരക്ക് 100 രൂപയും സ്ത്രീയുടേത് 65 രൂപയുമാണ്.

രണ്ടു സഹകരണസ്ഥാപനങ്ങളടക്കം നാലു ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഇതുകൂടാതെ കാർഷികവികസന ബാങ്കിന്റെ മാള ശാഖയിൽനിന്നും ലോണുകൾ നൽകുന്നു. കാർഷികവായ്പകൾ പലപ്പോഴും വഴിമാറി ചെലവു ചെയ്തുപോകുന്ന പ്രവണത ഇവിടെ കാണുന്നുണ്ട്.

## ജലസേചനം

മഴയെ ആശ്രിയിച്ചാണ് പ്രധാനമായും കുഴൂരിലെ കാർഷികരംഗം മുന്നോട്ടുപോകുന്നത്. രണ്ടു ഘട്ടങ്ങളിലാണ് മഴ പ്രധാനമായും ലഭിക്കുന്നത്. ജൂൺ മുതൽ ഓഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും ആണ് ജലലഭ്യതയുടെ പ്രധാന സ്രോതസ്. പ്രധാനതോടുകളെല്ലാം ചാലക്കുടിപ്പുഴയിൽ വന്നവസാനിക്കുന്നു. 6,7,8 വാർഡുകളെ സ്പർശിച്ചുകൊണ്ട് ചാലക്കുടിപ്പുഴ ഒഴുകുന്നു.

എരവത്തൂർ, ആലമറ്റം എന്നീ സ്ഥലങ്ങളിലും വൻതോട്ടിലും ചീർപ്പാകൾ ഉണ്ട്. കണക്കൻകടവ് ലിഫ്റ്റ് ഇറിഗേഷന്റെ ഭാഗമായി വർഷം തോറും ഓരു കയറാതെ മണൽച്ചിറ കെട്ടുന്നതുകൊണ്ട്കുഴൂർ പഞ്ചായത്തിലെ ഒരുപ്പൂ നിലങ്ങളെല്ലാം ഇരുപ്പൂവായി മാറി.

ചെറുതും വലുതുമായി 44 കുളങ്ങൾ പഞ്ചായത്തിലുണ്ട്. കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കപ്പെടാറില്ല. 5-ാം വാർഡിലുള്ള തിരുമുക്കുളം കുളം കാടുകയറി ഉപയോഗശൂന്യമായി കിടക്കുകയാണ്. രണ്ടേക്കറിൽ കൂടുതൽ വിസ്തൃതിയുണ്ടതിന്. വേനൽക്കാലത്ത് വൃത്തിയാക്കാൻ സാധിക്കുകയില്ല. പോളക്കുളവും 2.86 ഏക്കർ വിസ്തീർണ്ണമുള്ള നല്ലൊരു കുളമാണ്. മുൻകാലങ്ങളിൽ വരമ്പുകളിട്ടും മരങ്ങൾ അതിരുകളിൽ വച്ചുപിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണുജലസംരക്ഷണപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജീവിതക്രമത്തിലുണ്ടായ പരിവർത്തനങ്ങളും ഭൂമിയുടെ തുണ്ടുവൽക്കരണവും കാർഷികവൃത്തിയോടു വന്ന വിമുഖതയും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. വിസ്തൃതമായ തോടുകൾ പലതും നികന്നും ആഴം കുറഞ്ഞും പോയിരിക്കുന്നത് നീർവാർച്ചയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. തോടുകളിലെ കൈയേറ്റം, നികത്തി നിലമാക്കുന്നതിൽ കലാശിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ തെങ്ങുകൾക്ക് വ്യാപകമായി രോഗം ബാധിച്ചിരിക്കുന്നു. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനും രോഗപ്രതിരോധശക്തിയുള്ള തെങ്ങുകൾ വച്ചുപിടിപ്പിക്കുന്നതിനും പദ്ധതികൾ രൂപപ്പെടണം. പഞ്ചായത്തിൽ ജലസേചന സൗകര്യങ്ങൾ പരിമിതമാണ്.

തൊഴിലാളികളുടെ എണ്ണക്കുറവ്, ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷവ്യതിയാനങ്ങൾ, കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ്, ഇളന്തിക്കര, കണക്കൻകടവ് പുഴക്ക് കുറുകെയുള്ള ബണ്ട് നിർമ്മാണം

വൈകൽ ഇതെല്ലാം പഞ്ചായത്തിലെ കൃഷിയെ വിപരീതമായി ബാധിക്കുന്നു.

രാസവളങ്ങളെ അമിതമായി ആശ്രയിക്കുന്നതുമൂലം മണ്ണിന്റെ ഫലപുഷ്ടി നാൾതോറും കുറഞ്ഞു വരുന്നു. സബ്സിഡി വെട്ടിക്കുറക്കലും പ്രകൃതി ക്ഷോഭം മൂലം വരുന്ന നാശങ്ങൾക്കുള്ള ആശ്വാസം എത്തിക്കാൻ വൈകുന്നതും കർഷകന്റെ ആത്മ വീര്യം കെടുത്തുന്നു. ഉല്പന്നങ്ങൾക്ക് ലാഭകരമയ വിലകിട്ടാത്ത് വലിയ പ്രശ്നമായി നിലകൊള്ളും. ഉല്പാദനച്ചെലും, ഉല്പന്നത്തിനു ലഭിക്കുന്ന വിലയും പൊരുത്തപ്പെടുന്നില്ല. ജൈവവളം രൂപപ്പെടുത്തുന്നത് ഒരു സംസ്കാരമായിവളർത്താത്തതുകൊണ്ട് കൃഷിയും മണ്ണും നാശമാകുന്ന അവസ്ഥ. കുണ്ടൂർ, കോമല ക്കുന്ന്, പടിഞ്ഞാറേത്തിരുത്ത, തിരുത്ത, ഐരാണി ക്കുളം, താണിശ്ശേരി പ്രദേശങ്ങളിലെ മണ്ണൊലിപ്പ്. ഈ ഉയർന്ന സ്ഥലങ്ങൾ കശുമാവുകൃഷിക്ക് അനുയോജ്യമാണെങ്കിലും പൂർണ്ണമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

മണ്ണുപരിശോധനയില്ലാതെയുള്ള അശാസ്ത്രീയ വളത്തിന്റെ ഉപയോഗം കൃഷിയുടെ വിളവിനെ വല്ലാതെ ബാധിച്ചിട്ടുണ്ട്.

ഒരു കാലത്ത് നെൽപ്പാടങ്ങളിൽ ഇടവിളകളായി കൃഷിചെയ്തിരുന്ന വേനൽക്കാല പച്ചക്കറികളും കപ്പ എന്നിവയും കുറഞ്ഞുവരികയാണ്. ജലസേചനസൗകര്യം ലഭിക്കാത്തതും ജൈവവളങ്ങളുടെ ലഭ്യതക്കുറവും ഉല്പന്നങ്ങൾക്ക് വിലകിട്ടാത്തതും ഉല്പാദനക്കുറവിന്റെ കാരണങ്ങളാണ്. വെൺകതിര്, മുഞ്ഞരോഗം, പോളരോഗം, ഈച്ചരോഗം, തണ്ടുതുരപ്പൻ പുഴു, പഴുപ്പ്, എന്നിവ നെല്ലിനും കൂമ്പു ചീയൽ, കാറ്റുവീഴ്ച, മഞ്ഞളിപ്പ്, തെങ്ങോലപ്പുഴു എന്നിവ തെങ്ങിനും കണ്ടുവരുന്നു. കുരുമുളകിന് ദ്രുതവാട്ടം കണ്ടുവരുന്നു.

പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനം വ്യാപകമാക്കാത്തതിന്റെ പോരായ്മകളുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ ലഭിക്കായ്ക, വിദഗ്ദ ഉപദേശങ്ങൾ കിട്ടായ്ക, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയെല്ലാം കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വ്യാപകമായി ഇഷ്ടികക്കളത്തിന് മണ്ണെടുക്കുന്നതുമൂലം വയലുകൾ വല്ലാതെ കുഴിഞ്ഞ് വെള്ളക്കെട്ടുകളായി വർഷകാലത്ത് മാറുന്നു. വേനൽക്കാലത്ത് ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു.

## വാർഡുകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ :

കൃഷിഭൂമി നാൾക്കുനാൾ കുറയുന്ന മണ്ണെടുക്കുന്നത് തടയണം.

കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ വളം, അർഹമായ പ്രൊഡക്ഷൻ ബോണസ് എന്നിവ നൽകണം.

പാടശേഖര കമ്മിറ്റികൾ എല്ലാ ഭാഗത്തും രൂപീകരിക്കുകയും പ്രവർത്തനം ശക്തമാക്കുകയും വേണം. ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം വ്യാപകമായ രീതിയിൽ നടപ്പാക്കണം.

## ജലസേചനവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട നിർദ്ദേശങ്ങൾ:

കുഴൂർ നെയ്യാണ്ണിപ്പറമ്പ് സ്കീം നടപ്പിലാക്കണം. 1,2,6,8,9 വാർഡുകൾക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി നെന്മേനിച്ചിറയുടെ കേടുപാടുകൾ തീർത്ത് പ്രസ്തുത സ്ഥലത്ത് ഒരു 75 എച്ച്.പി. മോട്ടോർ സ്ഥാപിക്കണം.

അരൂപ്പറമ്പിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീം ഉപയോഗയോഗ്യമാക്കണം.

കരിക്കാട്ടുചാലിൽ വെള്ളം ലഭിക്കുന്നതിനു വേണ്ടി കല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം പ്രവർത്തനക്ഷമമാക്കണം.

പോളക്കുളം, താണിശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പാക്കണം.

പൂത്തിരുത്തി, പാറപ്പുറം പട്ടികജാതി കോളനി ലിഫ്റ്റ് ഇറിഗേഷൻ സ്കീം പൂർത്തിയാക്കണം.

ആലമറ്റം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ കനാലുകൾ പുത്തൻതോട്ടിലേക്കും കൊഴവക്കാട്ടിലേക്കും നീട്ടുക.

മുത്തുകുളങ്ങര ലിഫ്റ്റ് ഇറിഗേഷൻ സ്കീം ആരംഭിക്കുക. ഇതിലൂടെ 6-ാംവാർഡ് തിരുത്ത പട്ടികജാതി കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

പുള്ളൻകേരി പാടത്ത് എത്തിനിൽക്കുന്ന കനാൽ കക്കാട്ടുതറയിലേക്ക് ലിഫ്റ്റ് ഇറിഗേഷൻ സ്കീം വഴി വെള്ളം എത്തിക്കുക.

7-ാം വാർഡ് കോമലക്കുന്ന് ലിഫ്റ്റ് ഇറിഗേ

ഷൻ സ്കീം നടപ്പാക്കുക.

കൊച്ചുകടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം പൂർണ്ണമായി കമ്മീഷൻ ചെയ്ത് കൊച്ചുകടവ് എരവത്തൂർ കനാൽ പുതുക്കിപ്പണിയുക.

വഞ്ചിപ്പുരത്താഴം ലിഫ്റ്റ് ഇറിഗേഷൻ സ്കീം കമ്മീഷൻ ചെയ്യുക.

തെക്കുംചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുക.

തട്ടാൻതോട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം മോട്ടോർ 25 എച്ച്.പി. ആക്കുക.

മുണ്ടൻചിറ, മുണ്ടകപ്പാടം തോടുകൾ നന്നാക്കുക.

കരിക്കാട്ടുചാൽ റീസർവ്വെ നടത്തി തോടു താഴ്ത്ത് സംഭരണശേഷി വർദ്ധിപ്പിക്കുക. വൻതോടിന്റെ വീതിയും ആഴവും കൂട്ടി സംരക്ഷിച്ച് വെള്ളം പുഴയിലേക്ക് തിരിച്ചു വിടുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.

തുപ്പൻചിറ മുതൽ ഇളയാനംചിറ വരെയുള്ള തോട് വീതിയും ആഴവും കൂട്ടി വെള്ളക്കെട്ട് ഒഴിവാക്കണം.

മുട്ടക്കടവിൽ നിന്നുള്ള തോട് വീതിയും ആഴവും കൂട്ടി മതിപ്പാടം വഴി വഞ്ചിപ്പാറത്താഴം തെക്കേത്തിരുത്ത വഴി കണക്കൻകടവുവരെ എത്തിക്കുക.

വട്ടക്കുളത്തിന്റെ താഴ്ച കൂട്ടി ഓരോ മോട്ടോർ കൂടി സ്ഥാപിക്കണം. അതുവഴി ജലസേചനം കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാനുകും.

വട്ടക്കുളം, പോളക്കുളം കനാലിന്റെ ചോർച്ച മാറ്റുക.

പഞ്ചായത്തിലെ പൊതുകുളങ്ങൾ അറ്റകുറ്റപ്പണി നടത്തി സംഭരണശേഷി വർദ്ധിപ്പിക്കുക. പഞ്ചായത്തിലെ ഏറ്റവും വലിയ കുളമായ പോളക്കുളം ശുദ്ധീകരിച്ച് ഷട്ടർ സ്ഥാപിക്കണം.

ചിറ്റേലിക്കുളം, പൊയ്യക്കുളം എന്നിവ സൈഡ് കെട്ടി നന്നാക്കണം. ഇത് കൃഷി ആവശ്യത്തിനും മത്സ്യം വളർത്തുന്നതിനും അതുവഴി തൊഴിലവസരത്തിനും ഉപകാരപ്പെടും. പൊരിക്കട്ട പാടത്തേക്ക് കുണ്ടൂരിൽ നിന്നും കുളത്തേരി വഴി വെള്ളം എത്തിക്കുക. അവിടേക്ക് സബ്കനാൽ നീട്ടുക.

ഇളയാനം തോട്ടിൽ സ്ലൂയിസ് കം ട്രാക്ടർ ബ്രിഡ്ജ് നിർമ്മിച്ച് തിരുത്ത പാടത്തേയ്ക്കുള്ള ഓരുവെള്ളം തടയുന്നതിനും കഴിയും. ഇത് ഗതാഗതത്തിനും ഉപയോഗിക്കാം.

മുതലിംഗ കനാൽ കുണ്ടൂർ മുതൽ പൊളിച്ചു പണിയുകയും കക്കുളം വഴി മുട്ടക്കടവിലേക്ക് വെള്ളം പോകുന്നതിന് കനാൽ കോൺക്രീറ്റ് ചെയ്യുകയും വേണം.

കണ്ണിയാട്ടുകുളം നന്നാക്കുകയും കുളത്തിൽ നിന്നും ബുധനാട്ടുപാടത്തേക്ക് കനാൽ നന്നാക്കുകയും ചെയ്യുക.

പച്ചക്കറി ഉല്പന്നങ്ങൾക്ക് വിപണനമേഖല കണ്ടെത്തുന്നതിന് കുഴൂർ, വിളക്കുംകാൽ, കുണ്ടൂർ, പാറപ്പുറം എന്നീ സ്ഥലങ്ങളിൽ സ്റ്റാളുകൾ തുടങ്ങുക. പച്ചക്കറി കൃഷി വ്യാകമാക്കുന്നതിനുവേണ്ടി വിത്തും വളവും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. അടുക്കളത്തോട്ടം വ്യാപകമാക്കുക. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി സഹകരണസംഘം രൂപീകരിക്കുക.

കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ കൃഷി സ്ത്രീകൾക്ക് തൊഴിൽ നൽകാൻ ഉപകരിക്കും.

പഞ്ചായത്തിൽ ഒരു ഔഷധസസ്യത്തോട്ടം ആരംഭിക്കണം.

കോൾനിലങ്ങൾക്ക് ചുറ്റും ബണ്ട് കെട്ടി സംരക്ഷിക്കണം.

പാടശേഖരങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ മൂന്ന് ട്രാക്ടർ, മൂന്ന് ഓയിൽ എഞ്ചിൻ, 50 മെതിയന്ത്രം, 125 സ്പ്രെയർ എന്നിവ ലഭ്യമാക്കണം.

4,5,6 വാർഡുകളിൽ റബ്ബർകൃഷിയും, കശുമാവ് കൃഷിയും നടപ്പിലാക്കണം.

തെങ്ങിനും കവുങ്ങിനും ഇപ്പോൾ ബാധിച്ചിരിക്കുന്ന രോഗനിവാരണത്തിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ മരുന്നുതളിക്കുക.

എലിനശീകരണം ശക്തമാക്കുക.

പഞ്ചായത്തിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ കൂൺകൃഷി വ്യാപകമായി പ്രചരിപ്പിക്കണം. അതിനു വേണ്ട പരിശീലനവും നൽകണം.

മേലാംതിരുത്ത് - മണ്ണാം തിരുത്ത് ബണ്ട് റോഡ്, താണിശ്ശേരി - ഐരാണിക്കുളം വാരപ്പടപ്പ് റോഡ്, കുണ്ടൂർ - മൈത്രി ബണ്ട് റോഡ്, ബോട്ടുജെട്ടി - ആലിൻകുഴി റോഡ്, കുന്നത്തുംകാട് - കൊഴവക്കാട്, വയലാർ, ഒ.എൽ.എച്ച്. കോളനി റോഡ്, പെരിങ്ങനം റോഡ്, താഴത്തുമുറി പടിഞ്ഞാറേ തിരുത്ത റോഡ്, കുളക്കര - പീച്ചനാട് മാത്തിക്കടവ് റോഡ്, കോമലക്കുന്ന് - കുളക്കര, - പെരിഞ്ഞനം റോഡ്, കുളക്കര കുളത്തേരി റോഡ്,

# മൃഗസംരക്ഷണം

## ആമുഖം.

### A. പ്രത്യാശ ഉണർത്തുന്ന മൃഗസംരക്ഷണ മേഖല :

കഴിഞ്ഞ മൂന്നു ദശാബ്ദകാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക - സാമ്പത്തിക വളർച്ചയ്ക്ക് മൃഗസംരക്ഷണ മേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഒരു കാർഷിക ഗ്രാമമായ കുഴൂരിലും ഇതിന്റെ പ്രതിഫലനം നമുക്കു കാണാൻ കഴിയും. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും വ്യവസായ മേഖലയുടെ മുരടിപ്പുമൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധന മുടക്കിൽ സമ്പദ് വർദ്ധനവിന് ഉതകുന്ന മേഖല യാണിത്.

പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും കഴിഞ്ഞ രണ്ടു ദശാബ്ദകാലയളവിൽ ഉണ്ടായ വർദ്ധനവ് അസൂയാവഹമാണ്. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും, ജനിതകഗുണമേൻമ വർദ്ധനവും, ഉല്പാദനവർദ്ധനവും സാധ്യമാക്കാൻ നമുക്കു കഴിഞ്ഞു.

കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ഉപഭോഗത്തിലും വളരെയധികം വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തരഉല്പാദനം ഇനിയും വർദ്ധിച്ചിട്ടില്ല. അതുപോലെ തന്നെ മാംസത്തിന്റെ ആവശ്യം കേരളത്തിൽ അനുദിനം വർദ്ധിച്ചുവരികയാണ്. മാംസോല്പാദന സംസ്കരണ വിപണനരംഗമാകട്ടെ അസംഘടിതവുമാണ്. കേരളത്തിലെ മാംസോല്പാദനത്തിനുള്ള മൃഗങ്ങളിൽ 85 മുതൽ 90 ശതമാനം വരെ അന്യസംസ്ഥാനങ്ങളിൽനിന്നാണ് കൊണ്ടു വരുന്നത്. ഇതുമൂലം നമ്മുടെ സമ്പത്തിന്റെ ഏറിയ പങ്കും അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നു. മാംസോത്പാദനമേഖല സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ ഈ സമ്പത്ത് ഗ്രാമീണ കർഷകന്റെ കൈകളിലെത്തിച്ചേരും.

നമ്മുടെ കന്നുകാലിസമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലിയുടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകതൊഴിലാളികളുമാണ്. ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്നഒരു സാമൂഹികപ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതുപുരോഗതിയും ഗ്രാമീണസമ്പദ്ഘടനയെ സമ്പന്നമാക്കുമെന്ന് വ്യക്തം.

മൃഗസംരക്ഷണ മേഖല നൽകുന്ന സംഭാവനകളെ ഇപ്രകാരം ക്രോഡീകരിക്കാം.

1. തൊഴിലവസരങ്ങൾ : തൊഴിലുള്ളവർക്ക് ഉപതൊഴിലായും ഇല്ലാത്തവർക്ക് മുഖ്യതൊഴിലായും ഈ മേഖല പ്രയോജനപ്പെടുന്നു. ഈ മേഖലയിലെ 60 ശതമാനം അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.
2. ദൈനംദിന വരുമാനവർദ്ധനവ് :
3. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനവും വിപണനവും.
4. ബയോഗ്യാസ് : പാചകാവശ്യത്തിനുള്ള ബയോഗ്യാസ് ഉല്പാദനം.
5. കൃഷിക്കാവശ്യമായ ജൈവവളവും മൃഗശക്തിയും.
6. വ്യവസായികാവശ്യത്തിനുള്ള തുകൽ, ജെലാറ്റിൻ, കൊഴുപ്പ് എന്നിവ ഉല്പാദിപ്പിക്കുന്നു.
7. പൊതുജനാരോഗ്യം : പൊതുജനാരോഗ്യ രംഗത്ത് - പേവിഷബാധ നിയന്ത്രണം, മാംസപരിശോധനയിലൂടെ ശുദ്ധമായ മാംസഉല്പാദനം.

### B. കുഴൂർ ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല :

ഒരു കാർഷിക ഗ്രാമമായ കുഴൂരിൽ പഴയകാലത്തും മൃഗസംരക്ഷണ മേഖല കൃഷിയുടെ ഒരവിഭാജ്യഘടകമായിരുന്നു. ഉല്പാദനക്ഷമത കുറഞ്ഞ നാടൻ കന്നുകാലികളെയാണ് പഴയകാലങ്ങളിൽ കർഷകർ വളർത്തിയിരുന്നത്. കൃഷി ആവശ്യത്തിനും വണ്ടി വലിക്കുന്നതിനും മൃഗശക്തി വലിയതോതിൽ ഉപയോഗിച്ചിരുന്നു. ആധുനിക യന്ത്രങ്ങളുടെ ആവിർഭാവത്തോടെ ഈ രംഗത്ത് മൃഗശക്തി വളരെ കുറച്ചു മാത്രമെ ഉപയോഗിക്കുന്നുള്ളു.

ആധുനിക ചികിത്സാസൗകര്യം പഴയകാലങ്ങളിൽ ഈ ഗ്രാമത്തിൽ ലഭ്യമായിരുന്നില്ല. കുളമ്പുരോഗം, അടപ്പൻ, കുരലടപ്പൻ തുടങ്ങി രോഗങ്ങൾ പഴയകാലങ്ങളിൽ കർഷകർക്ക് നാശനഷ്ടങ്ങൾ സൃഷ്ടിച്ചിരുന്നു. ആധുനിക ചികിത്സാസമ്പ്രദായങ്ങൾ ലഭ്യമായതോടെ ഇവയെല്ലാം ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കൃത്രിമ ബീജദാനപദ്ധതിയിലൂടെ ഈ പഞ്ചായത്തിലെ 70, 80 ശതമാനം കന്നുകാലികളെ ഉയർന്ന ജനിതകഗുണമുള്ള സങ്കരവർഗ്ഗ കന്നുകാലി കളാക്കി മാറ്റുവാനും അതുവഴി ഉല്പാദനം വർദ്ധിപ്പി ക്കുവാനും നമുക്കു കഴിഞ്ഞു. ആടുവളർത്തൽ, മുട്ടകോഴി വളർത്തൽ, പന്നിവളർത്തൽ എന്നീ മേഖലകളിൽ വേണ്ട പുരോഗതി ഉണ്ടായിട്ടില്ല. ശാസ്ത്രീയ പരിപാലനത്തിലൂടെ പാലിന്റെ ഉല്പാദനവും കോഴി വളർത്തൽ, പന്നിവളർത്തൽ, ആടുവളർത്തൽ മേഖലകളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ചും നമുക്ക് ഈ മേഖലകളിലെ സ്ഥിതി മെച്ചപ്പെടുത്താം.

**1987 ലെ കന്നുകാലി സെൻസസ്-വിവരങ്ങൾ**

| കന്നുകാലികൾ സങ്കരയിനം | നാടൻ | എരുമ | കോഴി, താറാവ് |
|---|---|---|---|
| 865 | 705 | 159 | 19264 |

**കൃത്രിമ ബീജസങ്കലനം 1995 - 96**

| മൃഗം,ഇനം | കൃത്രിമബീജ സങ്കലനം നടത്തിയത് | ഗർഭധാരണത്തിന് രണ്ടിലധികംബീജസങ്കലനം വേണ്ടിവന്നത് |
|---|---|---|
| പശു | 750 | 75 |
| കിടാരി | 340 | 90 |
| എരുമ | 91 | 5 |

## C. കുഴൂർ ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണസ്ഥാപനങ്ങൾ

രണ്ടു മൃഗാസ്പത്രികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കുണ്ടൂർ പ്രദേശത്തു പ്രവർത്തിക്കുന്ന - കുണ്ടൂർ മൃഗാസ്പത്രിയും തുമ്പരശ്ശേരി ഗ്രാമത്തിൽ പ്രവർത്തിക്കുന്ന - കാക്കളിശ്ശേരി മൃഗാസ്പത്രിയും. 1958ൽ ഒരു വെറ്ററിനറി സബ്സെക്ടറായി മാള എൻ.ഇ.എസ്. ബ്ലോക്കിന്റെ കീഴിൽ തുടങ്ങിയ ഇന്നത്തെ കുണ്ടൂർ മൃഗാസ്പത്രിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ മൃഗസംരക്ഷണ സ്ഥാപനം. ഒരു ലൈവ്സ്റ്റോക് ഇൻസ്പെക്ടറുടെ ചുമതലയിലായിരുന്ന ഈ സ്ഥാപനം 1990ൽ ഒരു വെറ്ററിനറി ഡോക്ടറുടെ ചുമതലയോടുകൂടി ഒരു വെറ്ററിനറി ഡിസ്പെൻസറിയാക്കി ഉയർത്തി. രണ്ടു മുറികളോടുകൂടിയ ഒരു ചെറിയ സർക്കാർവക കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. കാലപഴക്കം മൂലം കെട്ടിടത്തിന്റെ സ്ഥിതി ശോചനീയമാണ്. കറന്റ്, വെള്ളം, പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ സ്ഥാപനത്തിൽ ലഭ്യമല്ല. മൃഗങ്ങൾക്ക് ഓപ്പറേഷൻ ചെയ്യുന്നതിനുള്ള സൗകര്യം, മൈക്രോസ്കോപ്പ്, സ്റ്ററിലൈസർ, ഫോൺ എന്നീ സൗകര്യങ്ങളും ഇവിടെ ലഭ്യമല്ല. ചികിത്സ, കൃത്രിമ ബീജസങ്കലനം വന്ധ്യതാപരിശോധന, പേവിഷബാധ നിർമ്മാർജ്ജനം എന്നീ സേവനങ്ങൾ ഈ സ്ഥാപനത്തിൽ ലഭ്യമാണ്.

1993 - 94ൽ തുമ്പരശ്ശേരി പ്രദേശത്താരംഭിച്ച കാക്കുളിശ്ശേരി മൃഗാസ്പത്രിയുടെ സ്ഥിതി മേൽവിവരിച്ചതിലും ശോചനീയമാണ്. പീടികമുറിപോലുള്ളൊരു വാടക കെട്ടികത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. കന്നുകാലികളെ കൊണ്ടുകെട്ടുന്നതിനുള്ള സൗകര്യം, കറന്റ്, വെള്ളം, വാഹനസൗകര്യം പ്രാഥമീകാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം എന്നിവ ഇവിടെ ലഭ്യമല്ല. ഈ സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യം വച്ചു കൊണ്ടുള്ള പദ്ധതികൾ കൂടുതൽ പ്രധാന്യം അർഹിക്കുന്നു. കുഴൂരിൽ ശ്രീ. മണമേൽ ഉണ്ണികൃഷ്ണമേനോൻ എന്ന മാന്യവ്യക്തിയിൽ നിന്ന് സൗജന്യമായി ലഭിച്ച സ്ഥലത്തു മൃഗസ്പത്രി എത്രയും വേഗം പണിയേണ്ടതാണ്.

## D. കഴിഞ്ഞ പഞ്ചവത്സരപദ്ധതികാലത്ത് നടപ്പാക്കിയ സ്കീമുകൾ.

1. ജനറൽ സ്കീമിൽ 1991 - 92 വർഷത്തിൽ തിരഞ്ഞെടുത്ത 5 കർഷകർക്ക് ആറുമാസം പ്രായമായ രണ്ടുപെൺ ആട്ടിൽ കുട്ടികളെ 250 രൂപ സബ്സിഡിയോടുകൂടി നൽകുകയുണ്ടായി.

2. 1991 - 92ൽ പട്ടകജാതിക്കാർക്കുള്ള പ്രത്യേകഘടകപദ്ധതിയിൽ ഉൾപ്പെടുത്തി 4 പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ടുരണ്ടര വയസ്സുപ്രായമുള്ള ഓരോ കിടാരികളെ വിതരണം ചെയ്തു.

3. 1992 - 93ൽ 120 (50 ദിവസം പ്രായമായ) കോഴിക്കുഞ്ഞുങ്ങളെ പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടകപദ്ധതിപ്രകാരം 8-ാം വാർഡിലെ ഇരുമ്പങ്ങതറ കോളനിയിൽ വിതരണം ചെയ്തു.

4. എം.എൽ.പി.പി. പദ്ധതിപ്രകാരം 94 - 95ൽ 50 ദിവസം പ്രായമായ 972 കോഴിക്കുഞ്ഞുങ്ങളെ 324 കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.

## E. പാലുൽപ്പാദനരംഗം

നാലു അപ്കോസ് (APCOS) സൊസൈറ്റികളും രണ്ടു ഇതര സൊസൈറ്റികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏകദേശം 13,32104 ലിറ്റർ പാൽ ഒരു വർഷം ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നു. ഇതിന്റെ മൂല്യം ഏകദേശം 1.5 കോടി രൂപയോളം വരും. പാലുൽല്പാദന മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കാലിതീറ്റയുടെ വിലകയറ്റവും തന്മൂലം ഉല്പാദനചെലവിൽ ഉണ്ടായ വൻവർദ്ധനവുമാണ്. കൂടാതെ ഉയർന്ന ഉല്പാദനക്ഷമതയുള്ള പശുക്കളിൽ കാണുന്ന ഉല്പാദനരോഗങ്ങൾ (ഉദാ. കാത്സ്യത്തിന്റെ കുറവ്), അകിടുവീക്കം, തുടങ്ങിയ രോഗങ്ങൾ കർഷകർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു. താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചാൽ ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.

1. പ്രാദേശികമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റയൂണിറ്റുകൾ തുടങ്ങുക.

2. തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കുക.

3. പാൽവിപണന സ്ഥാപനങ്ങൾ കർഷകർക്ക് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും ചെയ്യുക.

4. മൃഗാസ്പത്രികളിൽ ആവശ്യം മരുന്നുകൾ ലഭ്യമാക്കുക.

5. പഞ്ചായത്തിലെ കറവമാടുകൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.

## F. മാംസോത്പാദനരംഗം

ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച അറവുശാല ഈ പഞ്ചായത്തിലില്ല. തികച്ചും അശാസ്ത്രീയമായ രീതിയിലാണ് ഇവിടെ മാംസവിപണനം നടക്കുന്നത്. തികച്ചും അസംഘടിതമായ ഈ മേഖല ഏകോപിപ്പിച്ച് ഒരു മാംസോൽപ്പാദക സഹകരണ സംഘം രൂപീകരിക്കുന്നത് ഈ മേഖലയുടെ പുരോഗതിക്ക് സഹായിക്കും. ആടു വളർത്തൽ, പന്നിവളർത്തൽ, കാളക്കുട്ടി പരിപാലനം, മുയൽ വളർത്തൽ, തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുകയാണെങ്കിൽ നമുക്ക് മാംസോൽപ്പാദനരംഗത്ത് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും. മാംസോല്പാദനം, സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന വ്യക്തികൾക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ അത് പൊതുജനങ്ങൾക്ക് ശുദ്ധമായ മാംസത്തിന്റെ ലഭ്യത ഉറപ്പുവരുത്തും.

## G. ഇറച്ചികോഴി ഉല്പാദന രംഗം.

ബ്രോയിലർ കോഴികളുടെ ഉല്പാദനത്തിൽ ഈ പഞ്ചായത്തിൽ വൻപുരോഗതിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഏകദേശം നൂറോളം ബ്രോയിലർ ഫാമുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഇറച്ചികോഴി വളർത്തുന്ന കർഷകരുടെ ഒരു സഹകരണസംഘം കുഴൂരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കിയാൽ ഇറച്ചിക്കോഴി ഉല്പാദന രംഗത്ത് വൻപുരോഗതി നേടാൻ കഴിയുന്നതാണ്. ഈ മേഖലയിലെ കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കോഴിതീറ്റയുടെ അമിതമായ വില, കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, ഇറച്ചികോഴികളുടെ വിപണനത്തിനുള്ള പ്രശ്നങ്ങൾ തുടങ്ങിയവയാണ്.

## H. കാലിതീറ്റ ഉല്പാദന രംഗം.

കാലിതീറ്റയുടെ അമിതമായ വിലകയറ്റം ക്ഷീരകർഷകനു ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. ഇത് ഒരു പരിധി വരെ പരിഹരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

1. ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, പുറമ്പോക്കു സ്ഥലം, വഴിയോരങ്ങൾ, കനാൽതിണ്ടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ തീറ്റപുൽകൃഷി ചെയ്യുക.

2. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വൈക്കോൽ ശേഖരിക്കുക. വൈക്കോലിന്റെ പോഷകമൂല്യം വർദ്ധിപ്പിക്കുന്നതിന് യൂറിയ ട്രീറ്റ്മെന്റ

പോലുള്ള രീതികൾ അവലംബിക്കുക.

3. പ്രാദേശികമായി സമാഹരിക്കാവുന്ന വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ മിശ്രണ യൂണിറ്റുകൾ സ്ഥാപിക്കുക.

4. കർഷകർക്ക് ശാസ്ത്രീയമായ കന്നുകാലി പരിപാലനത്തെക്കുറിച്ച് പരിശീലനം നൽകുക.

5. കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പു വരുത്തുക.

## I. മുട്ടയുൽപാദനരംഗം

കോഴിമുട്ടയുടെ ഉപഭോഗത്തിൽ വൻവർദ്ധനയാണ് കഴിഞ്ഞ ദശകങ്ങളിൽ ഉണ്ടായിട്ടുള്ളത്. പക്ഷെ ആഭ്യന്തര ഉല്പാദനം ആവശ്യത്തിലധിഷ്ഠിതമായി വർദ്ധിച്ചിട്ടില്ല. അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ നമുക്ക് ഈ രംഗത്ത് വൻപുരോഗതി നേടുവാൻ സാധിക്കും. കോഴികുഞ്ഞുങ്ങളുടെ ലഭ്യത, കോഴിത്തീറ്റയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ ആലമറ്റം, തിരുത്ത ഭാഗങ്ങളിൽ താറാവുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. കോഴിവളർത്തൽ രംഗത്ത് താല്പര്യമുള്ളവർക്ക് ശാസ്ത്രീയമായ പരിശീലനം ലഭ്യമാക്കുന്നത് ഈ രംഗത്തെ പുരോഗതിക്ക് സഹായിക്കും.

## J. ജൈവവളം

കൃഷിക്കാവശ്യമായ ജൈവവളം മൃഗസംരക്ഷണ മേഖലയിൽനിന്നുലഭിക്കുന്നു.

## K. ഊർജ്ജം (ബയോഗ്യാസ്)

കന്നുകാലി വളർത്തലിൽനിന്നും ലഭിക്കുന്ന ചാണകവും പന്നി വളർത്തലിൽനിന്നും ലഭിക്കുന്ന കാഷ്ഠവും ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിപ്പിച്ച് ബയോഗ്യാസ് ഉല്പാദിപ്പിക്കാം.

## L. മൃഗശക്തി

വളരെ ചുരുങ്ങിയ തോതിലാണെങ്കിലും ഇപ്പോഴും കൃഷി ആവശ്യത്തിന് മൃഗശക്തി ഉപയോഗിക്കുന്നു.

## M. കർഷകപരിശീലനം

തൃശൂർ ജില്ല ആസ്ഥാനത്ത് ഒരു ലൈവ് സ്റ്റോക് മാനേജ്മെന്റ് ട്രെയിനിങ്ങ് സെന്റർ തുടങ്ങിയിട്ടുണ്ട്. തല്പരരായ കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## N. വന്ധ്യത നിവാരണം

പശുക്കളിലെ വന്ധ്യത ക്ഷീരകർഷകരെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. വിദഗ്ദ്ധഡോക്ടർമാരെ പങ്കെടുപ്പിച്ച് പഞ്ചായത്തുതല ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് പ്രയോജനപ്രദമായിരിക്കും.

## O. പേവിഷബാധ നിർമ്മാർജ്ജനം

ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതുജനാരോഗ്യപ്രശ്നമാണിത്. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏർപ്പെടുത്തേണ്ടതാണ്. എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവെയ്പും ലൈസൻസും കർശനമായി നടപ്പിലാക്കേണ്ടതാണ്. പേവിഷബാധ നിർമ്മാർജ്ജനത്തിന് സൗജന്യനിരക്കിൽ വാക്സിൻ ലഭ്യമാക്കേണ്ടതാണ്. 1995 - 96ൽ ഈ പഞ്ചായത്തിൽ നടത്തിയ പ്രതിരോധകുത്തിവയ്പുകൾ, 136 വളർത്തു നായ്ക്കൾക്ക് പേവിഷബാധക്കെതിരെ പ്രതിരോധ കുത്തിവെയ്പു നടത്തി.

## P. അറവുശാല മാംസപരിശോധന

തികച്ചും അശാസ്ത്രീയമായ രീതിയിലാണ് ഇവിടെ മാംസോൽപാദനവും വിപണനവും നടക്കുന്നത്. അസംഘടിതമായ ഈ മേഖലയെ ഏകോപിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കുന്നത് നന്നായിരിക്കും. അറവുശാലകൾക്ക് ലൈസൻസിങ്ങ് ഏർപ്പെടുത്തി വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിലുള്ള മാംസപരിശോധന ഉറപ്പുവരുത്തേണ്ടതാണ്.

## Q. കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽനിന്ന് കർഷകർക്ക് പരിരക്ഷ.

സമഗ്ര ഇൻഷൂറൻസ് സംവിധാനമില്ലാത്തതുകൊണ്ട് കന്നുകാലികളുടെ ആകസ്മികമരണം മൂലമുണ്ടാകുന്ന നഷ്ടം മുഴുവൻ കർഷകന് താങ്ങേണ്ടി വരുന്നു. നേരിട്ടു ഇൻഷുർ ചെയ്യുന്നതിനുള്ള പ്രീമിയം ഒരു സാധാരണ കർഷകനു താങ്ങാവുന്നതിലും കൂടുതലാണ്. ഈ സാഹചര്യത്തിൽ ഒരു സമഗ്ര കന്നുകാലി ഇൻഷൂറൻസ്

ഏർപ്പെടുത്തി (മാസ്റ്റർ പോളിസി) പഞ്ചായത്തിലെ എല്ലാ കറവമാടുകളെയും ഇൻഷൂർ ചെയ്യേണ്ടതാണ്.

**R. കർഷകർക്ക് അംഗീകാരം (അവാർഡ്)**

മൃഗസംരക്ഷണ മേഖലയിലെ കർഷകരെ ആദരിക്കുന്നതിനു പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതല അവാർഡുകൾ ഏർപ്പെടുത്തുന്നത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ഉപകരിക്കും.

**S. പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ.**

1. പഞ്ചായത്തിലെ രണ്ടു മൃഗാസ്പത്രികളുടെ വികസനം.
2. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിപുലീകരണം. (സങ്കരയിനം പശുകുട്ടികളെയും എരുമ കുട്ടികളെയും ഉൾപ്പെടുത്തി എല്ലാ വിഭാഗം കർഷകർക്കും പ്രാതിനിധ്യം ലഭിക്കുന്ന തരത്തിൽ വിപുലീകരിക്കണം)
3. പേവിഷബാധ നിർമ്മാർജ്ജനപദ്ധതി.
4. വന്ധ്യതാ പരിശോധനക്യാമ്പുകൾ സംഘടിപ്പിക്കുക.
5. കാലിരോഗ നിയന്ത്രണപദ്ധതി നടപ്പിലാക്കുക.
6. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി നടപ്പി ലാക്കുക.
7. ആടുവളർത്തൽ പദ്ധതി.
8. ഇറച്ചി കോഴി വളർത്തൽ പദ്ധതി.
9. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് എഗ്ഗർ നേഴ്സറി സ്ഥാപിക്കുക.
10. അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതി.
11. കർഷകർക്കുള്ള പരിശീലന പരിപാടികൾക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
12. ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക. മുൻ - പിൻ മാംസപരിശോധന ഉറപ്പുവരുത്തുക.
13. കറവമാടുകൾക്ക് സമഗ്ര ഇൻഷുറൻസ് പദ്ധതി (മാസ്റ്റർ പോളിസി) ഏർപ്പെടുത്തുക.
14. മൃഗസംരക്ഷണ മേഖലയിലെ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുക.

# സംസ്കാരം

തൃശൂർ ജില്ലയുടെ തേക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്ത് പഴയ കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. തിരുവിതാം കൂറിനോട് തൊട്ടുകിടക്കുന്ന ഈ പ്രദേശം ഒരു സമ്മിശ്രസംസ്കാരത്തിന്റെ പ്രതീകമായിരുന്നു. വിദ്യാഭ്യാസത്തിൽ പണ്ടു മുതലേ കാണിച്ചിരുന്ന ഔത്സുക്യം ചരിത്രബോധം വളർത്തുന്നതിനും ഉന്നതസാംസ്കാരികാവബോധം നിലനിറുത്തുന്ന തിനും ഉപകരിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്വവാഴ്ച ക്കെതിരെ ഇൻഡ്യയിൽ അലയടിച്ച സമരാവേശ ത്തിന്റെ അലയടികൾ ഈ ഗ്രാമത്തിലും ചെറിയ തോതിലെങ്കിലും ചലനം ഉളവാക്കി. അക്കാലത്ത് വിദ്യാഭ്യാസപ്രചരണത്തിനും സാംസ്കാരിക നവോത്ഥാനത്തിനും വേണ്ടി പ്രവർത്തിച്ച നിരവധി മഹാരഥന്മാരെ നാം കൃതജ്ഞതയോടുകൂടി സ്മരിക്കുന്നു. ഈ നാട് ഉയർത്തിപ്പിടിച്ചിരുന്ന ഉന്നത സാംസ്കാരിക പാരമ്പര്യമായിരിക്കണം വർഗ്ഗീയക ലാപങ്ങളെ ഇന്നാട്ടിൽ അംഗീകരിക്കാതിരുന്നത്. അപൂർവ്വം ചില സന്ദർഭങ്ങളിൽ ഇത്തരം കലാപ ങ്ങൾക്ക് തിരികൊളുത്തുന്നതിനുള്ള ബോധപൂർവ്വ മായ നീക്കങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നാട്ടിലെ സാമൂഹ്യപ്രവർത്തകരുടെ ശ്രമം അതെല്ലാം തല്ലികെടുത്തുന്നതിന് ഉപകരിച്ചു.

നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന് അതിന്റേതായ കാരണങ്ങൾ ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ തല്പരരായ നിരവധിപേരുടെ അക്ഷീണ വും അനവരതവുമായ പ്രവർത്തനവും നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ആവിർഭാവത്തിനു വഴി തെളിച്ചു. പുരുഷന്മാരോടൊപ്പം തന്നെ സ്ത്രീകളും രംഗത്തു വന്നില്ലെങ്കിലും, ഈ വിദ്യാഭ്യാസ സ്ഥാപ നങ്ങൾ, നല്ലൊരു ശതമാനം സ്ത്രീകൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് ഉപകരിച്ചു. ഇന്നുകാണു ന്ന വിദ്യാഭ്യാസ ഉന്നമനത്തിനു കാരണമായി ഇതു ചൂണ്ടികാട്ടാവുന്നതാണ്.

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നു വിശേഷിപ്പിക്കാവുന്ന ഗ്രന്ഥശാലകൾ നമ്മുടെ ഗ്രാമത്തിന്റെ തിലകക്കുറികളാണ്. സ്വാതന്ത്ര്യ കാല ഘട്ടത്തിനുമുൻപേ തന്നെ, 30കളുടെ അന്ത്യഘട്ട ത്തിൽ ഈ പഞ്ചായത്തിൽ രണ്ടു ഗ്രന്ഥശാകൾ തലയുയർത്തിനിന്നിരുന്നു. കുഴൂർ ഗ്രാമീണവായന ശാലയും കുണ്ടൂർ ഗ്രാമീണവായനശാലയും വളരെ പഴക്കമുള്ളതാണെങ്കിലും ഇന്നും നാടിന്റെ സാംസ്കാരികകേന്ദ്രങ്ങളായി നിലനില്ക്കുന്നു. ഇന്ന് ഈ പഞ്ചായത്തിൽ ഗ്രാമീണവായനശാല കുഴൂർ, ഗ്രാമീണവായനശാല കുണ്ടൂർ, ഗ്രാമീണവായനശാല എരവത്തൂർ, ടാഗോർ വായനശാല ഐരാണിക്കുളം, ഹരിശ്രീ ഗ്രന്ഥാലയം പാറപ്പുറം എന്നിങ്ങനെ 5 ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നു. ധാരാളം ക്ലബ്ബുകൾ നിലവിലുണ്ട്. ഒരു അഫിലിയേഷൻ സ്വഭാവം നിലവിലില്ലാത്തതുകൊണ്ട് പേരുകൾ രേഖപ്പെടുത്താൻ കഴിയുന്നില്ല. കുഴൂർ ദർശന ഫൈൻ ആർട്ട് സൊസൈറ്റി നമ്മുടെ നാട്ടിലെ കലാസാംസ്കാരിക പ്രവർത്തനത്തിന് നേതൃത്വം നൽകുവാൻ പര്യാപ്തമാണ്.

സ്ത്രീ ക്ഷേമത്തെ മുൻനിറുത്തി പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ ചുരുക്കം ചിലതുണ്ട്. അഭ്യസ്തവിദ്യരായ സ്ത്രീജനങ്ങൾ ഈ കാര്യത്തിൽ ബോധപൂർവ്വമായി ഇടപെട്ടാൽ നമുക്ക് ഈ രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്താം.

ക്ഷേത്ര കലകളായ പഞ്ചവാദ്യം, ചെണ്ടമേളം തുങ്ങിയവയുടെ ഈറ്റില്ലമായിരുന്നു ഈ പഞ്ചാ യത്ത്. പഞ്ചവാദ്യവിദഗ്ദ്ധരായ കുഴൂർ കുട്ടപ്പമാരാർ, നാരായണമാരാർ തുടങ്ങിയവർ ദേശീയ അംഗീകാരം നേടിയ കലാകാരന്മാരാണ്. ഇവരുടെ തറവാട് ക്ഷേത്രകലകളെ മാത്രമല്ല, സംഗീതപ്രോത്സാഹകർ കൂടിയായിരുന്നു. അവിടുത്തെ സ്ത്രീകൾ സംഗീത അദ്ധ്യാപികമാരായിരുന്നു. വീപ്പട്ടുവാരിയത്ത് അമ്മിണിവാരസ്യാർ ഇന്നാട്ടിലെ ആദ്യത്തെ സംഗീത അദ്ധ്യാപികയായിരുന്നു.

ചുരുക്കത്തിൽ സംഗീതനാടകാദികലകളെ പ്രോത്സാഹിപ്പിക്കുന്ന പാരമ്പര്യം നമുക്കുണ്ടാ യിരുന്നു. കായികരംഗവും നമുക്ക് അപ്രാപ്യമായി രുന്നില്ല. കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന്

കുഴൂർ വൈ.എം.എ. വലിയസേവനം നടത്തിയിട്ടുണ്ട്. ജില്ലാസംസ്ഥാനടീമുകളിൽ പ്രാതിനിധ്യം നേടുന്നതിനും കഴിഞ്ഞിട്ടുണ്ട്. വർഷങ്ങൾക്ക് മുൻപ് കുഴൂർ വൈ.എം.എ. യുടെ ആഭിമുഖ്യത്തിൽ നടന്നിരുന്ന വോളിബോൾ ടൂർണ്ണമെന്റുകൾ ഇന്നും നമ്മുടെ മനസ്സിൽ മായാതെ നില്കുന്നു. നമ്മുടെ നാട്ടിൽ ഫുട്ബോൾ മേളകൾ ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു.

സിനിമാനാടക രംഗങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി കലാകാരന്മാർ നമുക്കുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്തുപറയാവുന്ന പേരാണ് സംസ്ഥാന അവാർഡുനേടിയ മാള രവി, ഐ.എസ്. കുഞ്ചൻ എന്നിവർ. ഇതോടൊപ്പം തന്നെ നിരവധി എഴുത്തുകാരുടെ നീണ്ട പട്ടിക തന്നെയുണ്ട്.

ഇത്രയേറെ സാംസ്കാരിക പൈതൃകം അവകാശപ്പെടാവുന്ന നമ്മുടെ പഞ്ചായത്തിന്റെ ഇന്നത്തെ സ്ഥിതി പരിശോധിക്കുന്നതിനുള്ള ചാർട്ട് ചുവടെ ചേർക്കുന്നു.

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിരവധി പ്രശ്നങ്ങൾ താഴെ ചേർക്കുന്നു :

1. ഈ പഞ്ചായത്തിന് സ്വന്തമായി ഒരു കളിസ്ഥലമില്ല.

2. 5 വായനശാലകൾ ഉണ്ടെങ്കിലും സ്വന്തമായ സ്ഥലവും കെട്ടിടവും ഇല്ലാത്ത ഒരു വായനശാല ശാലയുണ്ട്.

3. വായനശാകളിൽ പുസ്തകങ്ങളും പത്രമാസികകളും കുറവാണ്.

4. എല്ലാ വായനശാലകളിലും ടി.വി., റേഡിയോ, തുടങ്ങിയ മാദ്ധ്യമങ്ങളില്ല.

5. നാടൻ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല..

6. പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയമില്ല.

7. നിരവധി ക്ലബ്ബുകൾ ഉണ്ടെങ്കിലും പരിമിതികൾ ഉള്ളതുകൊണ്ട് അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

8. സർഗ്ഗാത്മക ഭാവനകൾക്കുവേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല.

9. പഞ്ചായത്തിൽ ഒരു ഇൻഫോർമേഷൻ സെന്റർ ഇല്ല.

10. സ്കൂളുകളിലെ ഗ്രന്ഥശാലകളും മറ്റും ഇന്ന് രേഖയിൽ മാത്രമാണ്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന ആവശ്യങ്ങൾ പരിശോധിക്കുമ്പോൾ പലതും ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കുന്ന വികസന പ്രവർത്തകർക്ക് പരിഹരിക്കാവുന്നതാണെന്ന് തോന്നും.

1. നമ്മുടെ പഞ്ചായത്തിൽ കലാസാംസ്കാരിക കായിക രംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിയ ഒരു കേന്ദ്ര സംഘടനക്കു രൂപം നൽകണം. പഞ്ചായത്തിലെ വിവിധ വായനശാലകളും ക്ലബ്ബുകളും മറ്റും ഇതിൽ അഫിലിയേറ്റ് ചെയ്യേണ്ടതും ഈ സംഘടന ഇവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഇതിന് വ്യക്തമായ നിയമാവലിയും മറ്റും വിദഗ്ദരുടെ സഹായത്തോടുകൂടി ഉണ്ടാക്കണം.

2. ഈ സംഘടനയുടെ നേതൃത്വത്തിൽ ഇന്നാട്ടിലെ എഴുത്തുകാരേയും കലാകാരന്മാരേയും മറ്റും പ്രോത്സാഹിപ്പിക്കുന്ന ഒരു സ്ഥിരമായ പ്രസിദ്ധീകണം ആരംഭിക്കണം.

3. വായനശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ തുക നൽകണം. പത്രമാസികകൾ വരുത്തുന്നതിന് സാമ്പത്തിക സഹായം നൽകിയേ മതിയാകൂ.

4. എരവത്തൂർ ഗ്രാമീണവായനശാലക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിനുള്ള സഹായം നൽകണം.

5. പഞ്ചായത്തിനോടനുബന്ധിച്ച് ഒരു സാംസ്കാരികനിലയം ആരംഭിക്കണം. സാംസ്കാരിക ജീർണ്ണതക്കെതിരായ പ്രചരണം സംഘടിപ്പിക്കുന്നതിന് ഈ വേദി ഉപയോഗിക്കണം.

6. കൺസ്യൂമർ ഗൈഡൻസ് സെന്ററിന് ആസ്ഥാനം ഉണ്ടാക്കുകയും വേണ്ട പ്രോത്സാഹനം നൽകുകയും വേണം. ഗ്രാമസഭകളിൽ പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ഇക്കാര്യത്തിൽ ജനങ്ങളുടെ സംശയദൂരീകണത്തിന് അവസരം നൽകണം.

7. മുത്തുക്കുളങ്ങര, ആലമിറ്റം ഭാഗങ്ങളെ കേന്ദ്രീകരിച്ച് വായനശാലയും 8, 9 വാർഡുകളിലും വായനശാല ആരംഭിക്കണം.

8. അനുയോജ്യമായ സ്ഥലത്ത് ഒരു പഞ്ചായത്ത് ലൈബ്രറി ആരംഭിക്കണം.

9. ഇന്നാട്ടിലെ കലാകാരന്മാരെ ഉൾപ്പെടുത്തി വാർഡുതോറും സംഘടന രൂപീകരിക്കുക.

10. വായനാശീലം വളർത്തുന്നതിന് ഗൃഹ സന്ദർശന പരിപാടികളിലൂടെ ബോധവൽക്കരണം നടത്തണം.

11. ലക്ഷം വീട്, വായനശാലകൾ എന്നിവിട ങ്ങളിൽ ടി.വി. നൽകണം.

12. നാടൻ പാരമ്പര്യ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക.

13. ദർശന ഫൈൻ ആർട്സ് സൊസൈറ്റി ക്കുവേണ്ട സഹായങ്ങൾ നൽകി നമ്മുടെ പഞ്ചായ ത്തിലെ പ്രധാനപ്പെട്ട സ്ഥാപനമായി വളർത്തണം. ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിനുള്ള സഹാ യം നൽകണം.

14. നമ്മുടെ പഞ്ചായത്തലെ എഴുത്തു കാരേയും കലാകായികപ്രതിഭകളേയും വളർത്തിയെ ടുക്കുന്നതിന് സമഗ്രമായ പരിപാടികൾ ആവിഷ്ക രിക്കുക.

15. അവധിക്കാലങ്ങളിൽ കലാരംഗത്തും സാഹിത്യരംഗത്തും കായികരംഗത്തും കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

നമ്മുടെ പഞ്ചായത്തലെ സന്നദ്ധസംഘട നകളുടേയും സന്നദ്ധ പ്രവർത്തകരുടേയും സേവനം ഉപയോഗിച്ച് ചിട്ടയായ നേതൃത്വത്തിലൂടെ നമ്മുടെ സാംസ്കാരിക രംഗം ഉദ്ധരിക്കാവുന്നതാണ്. വായന ശാലകളുടേയും ക്ലബ്ബുകളുടേയും അഭാവമുള്ള സ്ഥലങ്ങളിൽ അവ രൂപീകരിക്കുന്നതിനുള്ള നേതൃത്വം നൽകണം. ഒരു നാടിന്റെ വളർച്ചയിൽ സാംസ്കാരികരംഗത്തിന് വലിയ സ്വാധീനമുണ്ടെ ന്നുള്ളത് കണക്കാക്കി വേണ്ടത്ര ഫണ്ട് അനുവദി ക്കാൻ കഴിയണം.

# റോഡുകൾ

ഈ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ 220.042 കി.മീറ്റർ റോഡുകളുള്ളതിനുപുറമെ 15.775 കി.മീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുകളുമുണ്ട്.

**പഞ്ചായത്ത് റോഡുകൾ**

| | | |
|---|---|---|
| ടാറിംഗ് റോഡുകൾ | : | 16.500 കി.മീ. |
| മെറ്റൽ റോഡുകൾ | : | 8.050 കി.മീ. |
| ഗ്രാവൽസ് റോഡുകൾ | : | 103-150 കി.മീ. |
| മണ്ണു റോഡുകൾ | : | 82-302 കി.മീ. |

റോഡുകൾ അത്യാവശ്യത്തിനുണ്ടെങ്കിലും ഇനിയുംഒട്ടേറെ കിലോമീറ്റർ റോഡുകൾ വിവിധ വാർഡുകളിലായി പുതുതായി നിർമ്മിക്കേണ്ടതായുണ്ട്. നിലവിലുള്ള റോഡുകളുടെ അവസ്ഥ തൃപ്തികരമല്ല. കൊല്ലം തോറും കാലവർഷകെടുതി സാരമായി ബാധിക്കുന്നതാണ്, ഈ പഞ്ചായത്ത് പ്രദേശം. തന്മൂലം സാമാന്യം മെച്ചപ്പെട്ട റോഡുകൾ പോലും മലവെള്ളപാച്ചിലിൽ കുത്തിഒലിച്ചുപോകുന്ന അവസ്ഥയെ പ്രതിരോധിക്കാൻ വളരെ ഏറെ മുതൽമുടക്ക് ആവശ്യമാണ്. വരുമാനത്തിൽ വളരെ പിന്നിൽ നില്ക്കുന്ന ഈ പഞ്ചായത്തിന് സർക്കാരിന്റെ വി.ആർ.എം., ജെ.ആർ.വൈ., അൺടൈസ്, വെള്ളപ്പൊക്ക ദുരിതാശ്വാസം, എം.പി. ഫണ്ട് എന്നിങ്ങനെയുള്ള സ്കീമുകളെ ആശ്രയിക്കേണ്ടിവരുന്നു. ഈ പദ്ധതികൾ വഴി ലഭിക്കുന്ന ധനസഹായം ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറഞ്ഞ ശതമാനമാണ്. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി സഞ്ചാരസൗകര്യം വർദ്ധിപ്പിക്കുന്നതിന് പുതിയ വിഭവസ്രോതസ്സുകൾ കണ്ടെത്തേണ്ടതുണ്ട്. ഈ കാര്യത്തിൽ ജനപങ്കാളിത്തത്തിന് ഗണ്യമായ സംഭാവന നൽകുവാൻ കഴിയും. കാലഘട്ടത്തിന്റെ നേട്ടമനുസരിച്ച് ജനകീയ പങ്കാളിത്തം അതിന്റെ എല്ലാ നല്ല വശങ്ങളോടും കൂടി ലഭ്യമായാൽ സമഗ്രമായ അറ്റകുറ്റപണികൾ നടത്തിയിട്ട് ഒത്തിരിയേറെ കാലം പിന്നിട്ട പഴയ റോഡുകളും ഇനിയും പുതുതായി നിർമ്മിക്കപ്പെടേണ്ട റോഡുകളും ജനാഭിലാഷത്തിനനുസരിച്ച് പുനർനിർമ്മിക്കാവുന്നതാണ്. ഡ്രൈനേജ് സിസ്റ്റം തീരെ ഇല്ലാത്ത അവസ്ഥ റോഡുകളുടെ നില കൂടുതൽ മോശകരമാക്കുന്നു. നിലവിലുള്ള ഓവുചാലുകളും, കാനകളും പലതും കയ്യേറ്റം മൂലം കൂടുതൽ ഇടുങ്ങിയതാക്കപ്പെടുന്നത് മൂലം വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് തടസ്സപ്പെടുന്നു. ഇതും റോഡ് നാശത്തിന്റെ ഗതിവേഗം കൂട്ടുന്നു. പഞ്ചായത്തിന്റെ മുഴുവൻ റോഡുകളും ഉപകാരപ്രദവും ഗതാഗതയോഗ്യവും അതേ സമയം സംരക്ഷിതവും ആക്കുന്നതിന് പൊതുജനപങ്കാളിത്തത്തോടെ തീവ്രയജ്ഞ പരിപാടി ആസൂത്രണം ചെയ്യേണ്ടതുണ്ട്. പട്ടികജാതികോളനികളിലേക്കും പാടശേഖരങ്ങളിലേക്കും കടന്ന് ചെല്ലേണ്ട റോഡുകളും ബണ്ട് റോഡുകളും പ്രത്യേകപരിഗണനയോടും പ്രാധാന്യത്തോടും പണിയിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

**A.** ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്ന പി.ഡബ്ല്യൂ.ഡി റോഡുകൾ കൂടുതൽ വളവുകൾ ഒഴിവാക്കി വീതി കൂട്ടി മുഴുവൻ വീതിയും ലെവൽ ചെയ്തുകെട്ടി സംരക്ഷിക്കുകയും റീടാറിംഗ് നടത്തുകയും വേണം. പല റോഡുകളും നടുവിൽ കേവലം 3 മീറ്റർ വീതിയിൽ ടാറിട്ടത് കഴിച്ച് ബാക്കി വീതി ഇരുവശങ്ങളിലും കുഴിയായും ഇടിഞ്ഞുപോയും കിടക്കുന്നത് അപകടങ്ങൾക്ക് ആക്കം കൂട്ടുന്നു. ഇത് ഒഴിവാക്കേണ്ടതിന് സത്വര നടപടികളുണ്ടാകണം.

**B.** റീ ടാറിംഗ് ഉൾപ്പെടെ ഉദ്ധാരണപണികൾ നടത്തേണ്ടത് :

1. കൊച്ചുകടവ് - കുണ്ടൂർ - ആലമിറ്റം രാജീവ് ഗാന്ധി റോഡ്
2. കുഴൂർ - ഐരാണിക്കുളം ഇന്ദിരാഗാന്ധി റോഡ്.
3. എരവത്തൂർ - തലയാക്കളം റോഡ്.
4. പനമ്പിള്ളി - ഐരാണിക്കുളം റോഡ്.

311

**C.** പുതുതായി ടാറിംഗ് നടത്തേണ്ട റോഡു കൾ

വാർഡ് 1

1. എരവത്തൂർ - പുലയം തുരുത്ത് റോഡ്.
2. വിളക്കുകാൽ - തച്ചുപറമ്പ് റോഡ്.
3. എമ്പ്രാന്തിരി റോഡ്.
4. ഇളയത് - തുർക്ക റോഡ്.
5. തലയാക്കുളം - മന റോഡ്.
6. മേലാംതുരുത്ത് - റോഡ്.

വാർഡ് 2.

1. ടി.ഐ.പി. മേനോൻ റോഡ് - കാക്കുളിശ്ശേരി റോഡ്.
2. ഞാറക്കാട്ടിപറമ്പ് - തുമ്പരശ്ശേരി റോഡ്.
3. അരൂപറമ്പ് - തുമ്പരശ്ശേരി റോഡ്.
4. തുമ്പരശ്ശേരി - മേലാംതുരുത്ത് ബണ്ടു റോഡ്.
5. വിളക്കുകാൽ - തുമ്പരശ്ശേരി റോഡ്.
6. ജെ. ആൻഡ് ജെ. കമ്പനിപ്പടിറോഡ്.
7. കാവിൽകാട്ടിക്കുളം റോഡ്.

വാർഡ് 3.

1. കണ്ടംകുളത്തി റിംഗ് റോഡ്.
2. ജയകേരള - ഹനുമാൻകോവിൽ -ഭുവനേശ്വരി കോവിൽ റോഡ്.
3. കാക്കുളിശ്ശേരി - മംഗലം റോഡ്.
4. താണിശ്ശേരി - മംഗലം റോഡ്.
5. പാറപ്പുറം ഹരിജൻ കോളനി താണൂർ റോഡ്.
6. പാറപ്പുറം പട്ടികജാതികോളനി - പോളക്കുളം റിംഗ് റോഡ്.
7. താണിശ്ശേരി പള്ളി - ആലുങ്ങപാടം റോഡ് (ഊക്കൻ റോഡ്)
8. പനമ്പിള്ളി - ഹനുമാൻകോവിൽ റോഡ്.
9. താണിശ്ശേരി - താണൂപ്പാടം റോഡ്.
10. താണിശ്ശേരി - ഒ.എൽ.എച്ച്. കോളനി റോഡ്.
11. ഹോമ്യോ ഡിസ്പൻസറി റോഡ്.
12. മുളയ്ക്കാംപിള്ളി റോഡ്.
13. കാക്കുളിശ്ശേരി - മാവേലിക്കര റോഡ്.

വാർഡ് 4.

1. പോളക്കുളം പട്ടികജാതി പൂത്തുരുത്തി - മുട്ടക്കടവ് റോഡ്.
2. ഐരാണിക്കുളം ആശുപത്രി പുതുക്കുളം റിംഗ് റോഡ്.
3. കൃഷ്ണന്റെ അമ്പലം റോഡ്.
4. വെള്ളിചിറ്റത്തറ റോഡ്.
5. കണ്ടംകുളത്തി ഐരാണിക്കുളം റോഡ്.
6. ഐരാണിക്കുളം ഹൈസ്കൂൾ പടിഞ്ഞാറ് വശം റോഡ്.
7. തറയിൽകുളം റോഡ്.
8. താണൂർ ചാത്തൻകുളം റോഡ്.
9. തോട്ടോത്ത് റോഡ്.

വാർഡ് 5

1. തിരുത്ത സൊസൈറ്റി വഞ്ചിപ്പുരത്താഴം റോഡ്.
2. ഹെൽത്ത് സെന്റർ റോഡ്.
3. തിരുമുക്കുളം വാറുതറ ചെത്തിക്കോട് റോഡ്.
4. കമ്പനിപ്പടി റോഡ്.
5. മോറത്തോട് റോഡ്.
6. മനപ്പടി റോഡ്.
7. നീലിരുത്തിത്തറ റോഡ്.

വാർഡ് 6.

1. കുണ്ടൂർ മൈത്രി റോഡ്.
2. ബോട്ടു ജെട്ടി - ആലുംകുഴി - കൊഴവക്കാട്- കുന്നത്തുംകാട് വയലാർ റോഡ്.
3. സഹൃദയ റോഡ്.
4. ചെത്തിക്കോട് മുത്തുകുളങ്ങര റോഡ്.
5. കുണ്ടൂർ - ചെത്തിക്കോട് റോഡ്.
6. ആലമിറ്റം പള്ളി കൊഴവക്കാട് റോഡ്.
7. തൈക്കെതിരുത്ത മഠത്തുംപടി റോഡ്.
8. കുണ്ടൂർ - വയലാർ - മുത്തുകുളങ്ങര റോഡ്.

വാർഡ് 7.

1. കൊളത്തേരി വൻതോട് റോഡ്.
2. പെരിങ്ങണം റോഡ്.
3. കൊക്കരാട് റോഡ് കൈനാട്ടുതറ.
4. പീച്ചനാട് താഴത്തുംമുറി റോഡ്.
5. മാതിരപ്പിള്ളി റോഡ്.

വാർഡ് 8.

1. തിരുത്തുപ്പുറം തറേക്കാട്ട് റോഡ്.
2. മണപ്പുറം നെന്മേനിച്ചിറ - കൊട്ടാരത്തുപടി റോഡ്.
3. കനാൽ ബണ്ട് വൻതോട് റോഡ്.

4. ഇരുമ്പങ്ങൽ ഹരിജൻ കോളനി റോഡ്.
5. പള്ളത്തുകടവ് റോഡ്.
6. കണ്ടപ്പൻകടവ് റോഡ്.
7. വാലത്തുകടവ് റോഡ്.
8. പുലയംതുരുത്ത് കിടപ്പുത റോഡ്.

വാർഡ് 9.

1. ഗ്രാമസേവക് കോർട്ടേഴ്സ് ഇന്ദിരാഗാന്ധി റോഡ്.
2. കൈനാട്ടുതറപട്ടികജാതി റോഡ്.
3. മനപ്പടി കുഴൂർപ്പള്ളി റോഡ്.
4. കുഴൂർ അമ്പലം പടിഞ്ഞാറേനട റോഡ്.
5. എസ്.ബി.റ്റി. റോഡ്.
6. നെന്മേനിച്ചിറ കൊട്ടാരത്തുംപടി റോഡ്.
7. നാരായണൻകുളങ്ങര ക്ഷേത്രം റോഡ്.
8. തെക്കുംഞ്ചേരി ട്രാൻസ്ഫോമർ കോക്കരാട് റോഡ്.

## പുതിയ നിർമ്മാണ റോഡുകൾ

വാർഡ് 1

1. തച്ചുപറമ്പ് മേലാത്തുരുത്ത് ബണ്ട് റോഡ്.
2. ആലുക്കൽ തറേക്കാട്ടി റോഡ്.
3. ചീരാത്താംകുഴി ബണ്ട് റോഡ്

വാർഡ് 2.

1. തെരേപ്പാടം റോഡ്.
2. തുമ്പരശ്ശേരി മേലാത്തുരുത്ത് ബണ്ട് റോഡ്.

വാർഡ് 3.

1. താണിശ്ശേരി ആലുങ്ങപ്പാടം വലിയപറമ്പ് റോഡ്.
2. മംഗലം താണിശ്ശേരി ലിങ്ക് റോഡ്.
3. താണിശ്ശേരി താണൂർ പാടം റോഡ്.

വാർഡ് 4.

1. ഐരാണിക്കുളം വാരപ്പടവ് താണിശ്ശേരി റോഡ്.

വാർഡ് 5.

1. കൈപ്പിശ്ശേരി റോഡ്.
2. വള്ളിപ്പുരത്താഴം തിരുത്ത ആലമിറ്റം റോഡ്.

വാർഡ് 6.

1. ആലമിറ്റം അംഗൻവാടി മുത്തുകുളങ്ങര ബണ്ട് റോഡ്.
2. കുന്നത്തുകാട് കുണ്ടൂർ സ്കൂൾ ഗ്രൗണ്ട് റോഡ്.
3. ചെമ്പോത്തുരുത്ത് റോഡ്.

വാർഡ് 7.

1. രാജീവ്ജി സദ്ഭാവന റോഡ്.

വാർഡ് 8.

1. കനാൽ സ്റ്റോപ്പ് വൻതോട് റോഡ്.
2. ഇരുമ്പങ്ങൽ കോളനി മുഹ്‌യിദ്ദീൻപള്ളി റോഡ്.
3. കിടപ്പുതറ കോത്തലം പുലയൻതുരുത്ത് റോഡ്.
4. കോത്തലം വൻതോട് റോഡ്,

വാർഡ് 9.

1. നെന്മേനിച്ചിറ കൊട്ടാരത്തുംപടി റോഡ്.
2. തോപ്പുതറ റോഡ്.

## പുതിയപാലം.

1. തച്ചുപറമ്പ് പാലം.
2. വാരപ്പടവ് പാലം.
3. ഇളയാനം തോടിനുകുറുകെ സ്ലൂയിസ് കം ബ്രിഡ്ജ്.
4. പി.ഐ.പി. മേനോൻ കാക്കുളിശ്ശേരി റോഡിൽ ഒരപ്പൻ തോടിനു കുറുകെ പാലം പൊളിച്ചുപണിയൽ.
5. കുണ്ടൂർ ചെത്തിക്കോട് റോഡിൽ കൽവർട്ട് പൊളിച്ചുപണിയൽ.
6. ചെമ്പോതുരുത്ത് പാലം.
7. പാഴ്ത്തുരുത്ത് പാലം.
8. ഇരുമ്പ്ങ്ങൽ കോളനി റോഡ് കുറുകെ പാലം.
9. താണിശ്ശേരി താണൂർ പാടം തോടിന് കുറുകെ പാലം (കൽവർട്ട്)
10. താണിശ്ശേരി പട്ടികജാതി കോളനിയിൽ പാലം (കൽവർട്ട്)
11. താണിശ്ശേരി കോട്ടപ്പാറ നിലത്തിൽ തോടിന് പാലം (കൽവർട്ട്)
12. താണിശ്ശേരി മംഗലം റോഡിൽ തോടിന് കുറുകെ പാലം (കൽവർട്ട്).

## ഗതാഗതം.

ആയിരത്തി തൊള്ളായിരത്തിനാല്പതുകളുടെ ഒടുവിൽ തന്നെ ഈ പഞ്ചായത്തിലെ പ്രധാന തെരുവുകളിലൂടെ ഒറ്റപ്പെട്ട ബസ്സ് സർവ്വീസ് ആരംഭിച്ചു. 20ാം നൂറ്റാണ്ടിന്റെ ഈ അന്ത്യഘട്ടത്തിലും മതിയായ ബസ്സ് സർവ്വീസ് ഇല്ല. ഇനിയും ഒട്ടേറെ റോഡുകളിലൂടെ ബസ്സ് സർവ്വീസുകൾ പുതുതായി ആരംഭിക്കേണ്ടതുണ്ട്. റോഡുകളുടെ വളവും ക്രമം തെറ്റിയുള്ള ഇലക്ട്രിക്കൽ, ടെലഫോൺ പോസ്റ്റുകളുടെ നില്പും പുതിയ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സമാണ്. ഈ പോരായ്മ അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്.

### പുതിയതായി ബസ്സ് സർവ്വീസ് ആരംഭിക്കേണ്ട റൂട്ടുകൾ.

1. മാളയിൽനിന്ന് കാക്കുളിശ്ശേരി, തുമ്പരശ്ശേരി മേലാത്തുരുത്ത് എരവത്തൂർ വഴി ആലുവായിലേക്ക് ബസ്സ് സർവ്വീസ് വേണം.

2. മാളയിൽനിന്ന് പൂപ്പത്തി പറമാട് ഐരാണിക്കുളം കുഴൂർ പാറക്കടവ്, അന്നമനടയിലേക്കും തിരിച്ചും സർക്കുലസർവ്വീസ്സ് ആരംഭിക്കുക.

3. മാളയിൽനിന്ന് ഐരാണിക്കുളം വഴി ആലുവായിലേക്കുള്ള ബസ്സ് സർവ്വീസ്സ് പുനരാരംഭിക്കുക.

4. കുണ്ടൂർ ഭാഗത്തേക്കുള്ള എല്ലാ ബസ്സ് സർവ്വീസും ഒരു ട്രിപ്പ് തിരുത്ത ഐരാണിക്കുളം വഴി തിരിച്ചുവിടണം.

5. കുണ്ടൂർ വയലാർ വഴി മാള തൃശൂർ ബസ്സ് സർവ്വീസ് വേണം.

6. തിരുത്തിപ്പുറം - തിരുമുക്കുളം - കുഴൂർ കൊച്ചുകടവ്, വട്ടപ്പറമ്പ്, അങ്കമാലി വഴി ബസ്സ് റൂട്ട് വേണം.

7. മാത്തുംപടി എളന്തിക്കര പുത്തൻവേലിക്കര ബസ്സ് ആലുവായിൽനിന്നും അങ്കമാലിയിൽ നിന്നും ആരംഭിക്കണം.

8. കണക്കൻ കടവിൽനിന്ന് ആലമിറ്റം, കൊച്ചുകടവ് വഴി തൃശൂർക്ക് ബസ്സ് വേണം.

9. പുത്തൻവേലിക്കര - ആലമിറ്റം കൊച്ചുകടവ് - അങ്കമാലി - പെരുമ്പാവൂർ ബസ്സ് വേണം.

10. എറണാകുളം - ആലുവ - കൊച്ചുകടവ് കുഴൂർ - മാള - കൊടുങ്ങല്ലൂർ - ഗുരുവായൂർ ഫാസ്റ്റ് കെ.എസ്.ആർ.ടി.സി. പാസ്സഞ്ചർ വേണം.

11. മുത്തുകുളങ്ങര - വയലാർ - മുക്കുളം ഐരാണിക്കുളം - മാള ബസ്സ് സർവ്വീസ് വേണം.

12. നിറുത്തലാക്കിയ ആലമിറ്റം കുണ്ടൂർ കൊച്ചുകടവ് കൊടുങ്ങല്ലൂർ ബസ്സ് പുനരാരംഭിക്കുക.

13. പെരിങ്ങൽകുത്ത് നിന്ന് ചാലക്കുടി വഴി കൊച്ചുകടവ് വഴി കുണ്ടൂർ ആലമിറ്റം പുത്തൻവേലിക്കര ബസ്സ് വേണം.

14. ആലുവ കൊച്ചുകടവ് എരവത്തൂർ മാള കൊടകര തൃശൂർ എഫ്.പി. വേണം (കെ.എസ്.ആർ.ടി.സി.).

15. കൊച്ചുകടവ് കൊളത്തേരി തിരുത്ത തിരുത്തിപ്പുറം മാള ബസ്സ് വേണം.

16. ആലുവ എരവത്തൂർ വിളക്കുംകാൽ തുമ്പരശ്ശേരി കാക്കുളിശ്ശേരി വലിയപറമ്പ് മാള ബസ്സ് വേണം.

മേൽപ്പറഞ്ഞ റൂട്ടുകളിലൂടെ ബസ്സ് സർവ്വീസ്സ് ആരംഭിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾക്കു പുറമെ പട്ടികജാതിവികസനകോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കുഴൂരിൽ ഒരു പട്ടികജാതി സഹകരണസംഘം ആരംഭിച്ച് സർക്കാരിൽനിന്ന് ബസ്സ് അനുവദിച്ച് ബസ്സ് സർവ്വീസ്സ് ആരംഭിക്കേണ്ടതാണ്. കൂടാതെ പൊതുജനഹിതം പരിഗണിച്ചു കണക്കൻകടവ് മുതൽ ചാലക്കുടിവരെ ബോട്ടുസർവ്വീസ്സ് ആരംഭിക്കേണ്ടതാണ്. അങ്ങനെ നെടുമ്പാശ്ശേരി വിമാനത്താവളത്തിന് 10കി.മീ. ദൂരത്തുള്ള കുഴൂർ പഞ്ചായത്തിലെ ചാലക്കുടിപ്പുഴയും തീരമനോഹരതീരവും ജനശ്രദ്ധയാൽ ആകർഷിക്കപ്പെടുന്നതുമാണ്.

# ഊർജ്ജം

1951ൽ പൊയ്യ വില്ലേജ് പഞ്ചായത്തിന്റെ ഭാമായിരുന്ന കുഴൂർ വിളക്കുകാൽ പരിസരത്ത് ശ്രീ. ഐ. നാരായണൻനായരുടെ അമ്പാട്ട് വീട് എന്നയാളുടെ വീട്ടിലെ ബൾബ് പ്രകാശിച്ചതോ ടുകൂടിയാണ് ഇന്നത്തെ കുഴൂർ ഗ്രാമപഞ്ചായത്തിൽ ആധുനിക പുരോഗതിയുടെ അടിസ്ഥാനഘടകമായ വൈദ്യുതി കടന്ന് വന്നത്. വർഷങ്ങൾ പിന്നിട്ടിട്ടും പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശ ത്തും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. 31 വർഷ ങ്ങൾക്ക് മുമ്പാണ് ഈ പഞ്ചായത്തിൽ കുഴൂർ ആസ്ഥാനമായി ഒരു വാടക കെട്ടിടത്തിൽ കെ.എസ്. ഇ.ബി. യുടെ ഒരു സബ്ഡിവിഷൻ ആഫീസ് പ്രർത്തനമാരംഭിച്ചത്. ഈ പഞ്ചായത്തിലെ ഐരാ ണിക്കുളം പ്രദേശം ഒഴികെ വൈദ്യുതി എത്തുന്നത് മാളയിലെ കോട്ടമുറിയിൽ സ്ഥാപിച്ചിട്ടുള്ള 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ്. ഐരാണിക്കുളം മേഖലയിൽ വൈദ്യുതി എത്തുന്നത് കൊടുങ്ങല്ലൂർ സബ്ബ്സ്റ്റേഷനിൽ നിന്നുമാണ്. കുഴൂർ ഗ്രാമപഞ്ചാ യത്തിൽ 4414 വൈദ്യുതി ഉപഭോക്താക്കളാണ് ഉള്ളത്. ഇതിൽ ഗർഹികാവശ്യത്തിന് 2791 കണക്ഷനും വ്യാപാരാവശ്യത്തിന് 65 കണക്ഷനും കാർഷികാവശ്യത്തിന് 1270 കണക്ഷനുമാണ് നിലവിലുള്ളത്. ഈ പഞ്ചായത്തലെ മൊത്തം വാർഡുകളിലായി 423 സ്ട്രീറ്റ് ലൈറ്റുകളും 29 ട്യൂബ് ലൈറ്റുകളുമാണ് ഉള്ളത്. എന്നാൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ നിരന്തരമായി കത്തുന്നില്ല എന്ന പരാതി വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. വഴിവിളക്കുകൾ കത്തിയ്ക്കുന്നതിന് വേണ്ടി 5530 രൂപ പ്രതിമാസം പഞ്ചായത്ത് കെ.എസ്.ഇ.ബി. യിൽ അടയ്ക്കുന്നുണ്ട്.

വൈദ്യുതി ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിലെ സംബന്ധിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ട് തന്നെ പല ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോമറുകൾ വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ഈ പഞ്ചായത്തിലെ ആകെ വൈദ്യുതലൈനിന്റെ നീളം

11 കെ.വി. ലൈൻ 16.465 കി.മീ.

എൽ.റ്റി. 3 ഫേസ് ലൈൻ 72.578 കി.മീ.

എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 52.216 കി.മീ.

| നിലവിലുള്ള ഉപഭോക്താക്കൾ ആകെ 4414 | | | | കണക്ഷൻ ലഭിക്കാനുള്ളവർ | | | വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ | തെരുവ് വിളക്കുകളുടെ എണ്ണം | ട്രാൻസ്ഫോമറുകളുടെ എണ്ണം | സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി പഞ്ചായത്ത് പ്രതിവർഷം അടയ്ക്കുന്ന തുക. |
|---|---|---|---|---|---|---|---|---|---|---|
| ഗാർഹികം | കാർഷികം | വ്യവസായം | വ്യാപാരം | ഓർഡിനറി | ഒ.ടി.പി. | ഒ.വൈ.ഇ.സി. | | | | |
| 2791 | 1270 | 65 | 288 | 208 | 12 | 48 | 7 | 423 ബൾബ് 29 ട്യൂബ് | 30 | 66360 |

## പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

| നമ്പർ | പേര് | കപ്പാസിറ്റി |
|---|---|---|
| 1. | മണ്ടി | 100 കെ.വി.എ. |
| 2. | പാറപ്പുറം 1 | 100 കെ.വി.എ. |
| 3. | പടയാട്ടി | 100 കെ.വി.എ. |
| 4. | പാറപ്പുറം 2 | 100 കെ.വി.എ. |
| 5. | കുഴൂർ | 250 കെ.വി.എ. |
| 6. | ഐരാണിക്കുളം | 150 കെ.വി.എ. |
| 7. | കള്ളിയാട് | 100 കെ.വി.എ. |
| 8. | എരവത്തൂർ 1 | 100 കെ.വി.എ. |
| 9. | കണിമൺ | 50 കെ.വി.എ. |
| 10. | എരവത്തൂർ 2 | 100 കെ.വി.എ. |
| 11. | കർഷകസംഘം (എരവത്തൂർ) | 100 കെ.വി.എ. |
| 12. | തലയാക്കുളം | 100 കെ.വി.എ. |
| 13. | തച്ചുപറമ്പ് | 100 കെ.വി.എ. |
| 14. | വട്ടക്കുളം | 250 കെ.വി.എ. |
| 15. | കുണ്ടൂർ | 100 കെ.വി.എ. |
| 16. | സ്വരൂപം | 63 കെ.വി.എ. |
| 17. | അതിരാത്രം | 100 കെ.വി.എ. |
| 18. | തിരുമുക്കുളം 1 | 160 കെ.വി.എ. |
| 19. | തിരുമുക്കുളം 2 | 63 കെ.വി.എ. |
| 20. | കൊച്ചുകടവ് | 160 കെ.വി.എ. |
| 21. | വയലാർ | 100 കെ.വി.എ. |
| 22. | തിരുത്ത | 100 കെ.വിഎ. |
| 23. | ആലമിറ്റം എൽ.ഐ.എസ്. | 100 കെ.വി.എ. |
| 24. | ഓട്ടോ പേൺ | 100 കെ.വി.എ. |
| 25. | വഞ്ചിപുരത്താഴം എൽ.ഐ.എസ്. | 250 കെ.വി.എ. |
| 26. | ചേലൂർ | 100 കെ.വി.എ. |
| 27. | പുതുക്കളം | 160 കെ.വി.എ. |
| 28. | ന്യൂ ഇന്ത്യാ ഡിറാമിക്സ് | 100 കെ.വി.എ. |
| 29. | കള്ളിയാട് | 100 കെ.വി.എ. |

## ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | പട്ടികജാതി കോളനികളുടെ പേര് | വൈദ്യുതി ലഭിച്ച കുടുംബങ്ങൾ | സൗജന്യ സ്ലാബ് | പണം നൽകുന്നവർ |
|---|---|---|---|---|
| 1. | തലയാക്കുളം | 13 | 10 | 3 |
| 3. | പാറപ്പുറം | 17 | 13 | 4 |
| 4. | താണിശ്ശേരി | 10 | 5 | 5 |
| 5. | നീലിരുത്തിത്തറ (ലൈൻ വലിച്ചിട്ട് ആരും കണക്ഷൻ എടുത്തിട്ടില്ല) | | | |
| 6. | കൊഴുവക്കാട് | 5 | 4 | 1 |
| 7. | കോളായിക്കോളനി | 5 | 3 | 2 |
| 7. | പെരിങ്ങനം | 7 | 5 | 2 |
| 8. | കൈനാട്ടുതറ | 12 | 10 | 2 |
| 8. | ഇരിമ്പങ്ങത്തറ | 8 | 6 | 2 |

| വാർഡ് സ്ട്രീറ്റ്ലൈൻ വലിക്കേണ്ടത് | കി.മീ. |
|---|---|
| **വാർഡ് 1** | |
| 1. എരവത്തൂർ ആലുവ റൂട്ടിൽ നിലവിലുള്ളിടത്തു നിന്ന് | 15 മീ. |
| 2. എരവത്തൂ പള്ളിക്ക് സമീപം പാലത്തുൻകുഴി | 300 മീ. |
| 3. എരവത്തൂർ തലാക്കുളം റോഡിൽ (കെ.സുധാകരന്റെ വഴി) | 300 മീ. |
| 4. എരവത്തൂർ സഹകരണ ഓട്ടുകമ്പനി റോഡ് | 500 മീ. |
| **വാർഡ് 2** | |
| 1. ടി.ഐ.പി. മെനോൻ റോഡിൽ കാക്കുളിശ്ശേരി പള്ളി വരെയും, ഞാറക്കാട്ട് പറമ്പ് വഴി തുമ്പര ശ്ശേരി പള്ളിയിലേക്ക് | 2 കി.മീ. |
| 2. കുഴൂർ പി.ഡബ്ല്യു.ഡി. റോഡിൽ അഞ്ചുവീടു വരെ | 200 മീ. |
| 3. വിളക്കും കാൽ തുമ്പരസ്സശേരി റോഡ് | 100 മീ. |
| 4. തുമ്പരശ്ശെരി പള്ളിമുതൽ പാടം വരെ | 500 മീ. |
| 5. കണ്ടംകുളത്തി കോളനി റോഡ് | 300 മീ. |
| 6. കുഴൂർ ഡബ്ല്യു.ഇ.ഒ. ഓഫീസ് പരിസരം | 50 മീ. |

വാർഡ് 3

1. താണിശ്ശേരി താണൂർപാടം റോഡ് 150 മീ.
2. ഭുവനേശ്വര ക്ഷേത്രത്തിനും തെക്കുവശം 200 മീ.
3. കാക്കുളിശ്ശേരി പള്ളിക്കു വടക്ക് പഞ്ചായത്തു വഴി 200 മീ.
4. താണിശ്ശേരി വള്ളയുടെ തെക്ക് പടിഞ്ഞാറുവശം 200 മീ.
5. കാക്കുളിശ്ശേരി മുളയ്ക്കാമ്പിള്ളി പാറപ്പുറം 500 മീ.
6. ഹോമിയോ ഡിസ്പെൻസറി റോഡിൽ 200 മീ.
7. മംഗലം റോഡ് ഭുവനേശ്വരി ക്ഷേത്രം വഴി 300 മീ.
8. ഹനുമാൻകോവിൽ റോഡിൽ 150 മീ.
9. കണ്ടംകുളത്തി റോഡ് 500 മീ.
10. കെടാകുളം റോഡ് 100 മീ.

വാർഡ് 4

1. വെള്ളിമിററത്തറ റോഡ് 400 മീ.
2. താണിശ്ശേരി റൈസ്മിൽ റോഡ് 500 മീ.
3. തറയിൽകുളം റോഡ് 150 മീ.
4. തോട്ടോത്തു റോഡ് 300 മീ.
5. ഐരാണിക്കുളം കൃഷ്ണന്റെഅമ്പലം റോഡ് 300 മീ.
6. ഐരാണിക്കുളം സ്കൂളിന്റെ പടിഞ്ഞാറ് റോഡ് 300 മീ.

വാർഡ് 5

1. തിരുമുക്കുളം കൈപ്പിശ്ശേരി റോഡ് 300 മീ.
2. തിരുമുക്കുളം പള്ളി മുതൽ ഹെൽത്ത് സെന്റർ വരെയും ഐരാണിക്കുളം പാടം വരെയും 500 മീ.
3. തിരുമുക്കുളം പള്ളി മുതൽ മുട്ടക്കടവ് വരെ 500 മീ.
4. പനയ്ക്കാമുകം പഞ്ചായത്തു റോഡിൽ 250 മീ.
5. എരുമേലി റോഡ് 100 മീ.
6. വഞ്ചിപ്പുരത്താഴം ലിഫ്റ്റ് ഇറിഗേഷൻ റോഡ് 100 മീ.
7. കുഴിയാല റോഡ് 250 മീ.
8. തിരുമുക്കുളം ചെത്തിക്കോട് റോഡ് 1 കി.മീ.
9. മോറത്തോട് പി.ഡബ്ല്യു.ഡി. റോഡ് 300 മീ.
10. മോറത്തോട് പഞ്ചായത്ത് റോഡ് 300 മീ.

വാർഡ് 6

1. കുണ്ടൂർ മൈത്രി റോഡ് 300 മീ.
2. ബോട്ട് ജെട്ടി ആലുംകുഴികുന്നത്ത്കാട് റോഡ് 500 മീ.
3. ബോട്ട് ജെട്ടി ആലുംകുള കുന്നത്തുംകാട് റോഡ് (എം.ഡി. വർഗ്ഗീസ് ആറ്റിക്കുളത്ത് ദേവസ്സി) 150 മീ.
4. തെക്കേ തിരുത്ത ട്രാൻസ്ഫോമറിന്റെ പടിഞ്ഞാറു വശത്തുള്ള പോസ്റ്റ് നിലവിലുള്ളതു മുതൽ മുത്തുകുളങ്ങര വരെ 1 കി.മീ.
5. കുണ്ടൂർ മൈത്രി റോഡ് മുഴുവനും (നിലവിൽ പോസ്റ്റില്ലാത്തത്) 1 കി.മീ.

വാർഡ് 8

1. കുണ്ടൂർ കൊളത്തേരി റോഡ് മുതൽ കുണ്ടൂർ പള്ളി വരെ 1 കി.മീ.
2. കുണ്ടൂർ മാതിരപ്പള്ളി റോഡിൽ 200 മീ.
3. കുണ്ടൂർ കോളായിത്തറ റോഡിൽ 150 മീ.
4. കുണ്ടൂർ ചുങ്കത്ത്കടവ് റോഡിൽ 200 മീ.
5. കുണ്ടൂർ കിഴിയേലി റോഡിൽ 100 മീ.
6. കുണ്ടൂർ പി.ഡബ്ല്യു.ഡി. റോഡ് സ്കൂളിനുസമീപം 200 മീ.
7. കുണ്ടൂർ ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ് 300 മീ.

വാർഡ് 8

1. വൻതോട് പാലത്തിന് സമീപം തുടങ്ങി കൊച്ചുകടവ് കോളനി റോഡ് 200 മീ.
2. മണപ്പുറം റോഡ് 500 മീ.
3. പരുത്തിപ്പിള്ളികടവ് റോഡ് 150 മീ.
4. കൊച്ചുകടവ് ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് 100 മീ.
5. കൊച്ചുകടവ് ജംഗ്ഷൻ മുതൽ വടക്കോട്ട്
6. കടവിൽപറമ്പിൽ റോഡ് 150 മീ.
7. കണ്ടപ്പൻ കടവ് റോഡ് 100 മീ.

317

8. കൊച്ചുകടവ് പള്ളി ബസാറിൽ 100 മീ.

വാർഡ് 9

1. ഇന്ദിരാഗന്ധി സ്വർണ്ണപള്ളം റോഡ്
2. കൊട്ടാരം വഴി കൈനാട്ടുതറ റോഡ്
3. കൊട്ടാരംപടി തൈവാലത്തു റോഡ്

## വൈദ്യുതീകരിച്ച വീടുകൾ

| | |
|---|---|
| ആകെ വീടുകൾ | 3888 |
| വൈദ്യുതീകരിച്ച വീടുകൾ | 2791 |
| വൈദ്യുതീകരിക്കേണ്ടത് | 1097 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡിലും പല സ്ഥലങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

2. പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ചു മരച്ചില്ലകളും മറ്റും മുറിയ്ക്കാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.

3. കെ.എസ്.ഇ.ബി. രജിസ്റ്ററുകളിൽ കാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു.

4. സമ്പന്നകുടുംബങ്ങളിലെ സ്റ്റെപ് അപ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.

5. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി എന്നിവ പ്രശ്നം രൂക്ഷമാക്കുന്നു.

6. പഞ്ചായത്തിലെ മൊത്തമുള്ള 3888 വീടുകളിൽ 2791 വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

## സാദ്ധ്യതകൾ

1. വൈദ്യുതി ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും, പ്രേഷണ വിതരണ രംഗങ്ങളിൽ വരുന്ന തകരാറുകളും മരച്ചില്ലകളും മറ്റു ലൈനുകളിൽ തട്ടിയുണ്ടാകുന്ന തടസ്സങ്ങളും മറ്റും നിത്യസംഭവങ്ങളാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക സംവിധാനങ്ങൾ ഉണ്ടാക്കണം.

2. പഞ്ചായത്തിലെ ലിഫ്റ്റ് ഇരിഗേഷനിൽ സ്ഥാപിച്ചിട്ടുള്ള കപ്പാസിറ്റി കുറഞ്ഞ ട്രാൻസ്ഫോമറുകൾക്ക് പകരം കപ്പാസിറ്റി കൂടിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം. പ്രത്യേകിച്ച് 100 എച്ച്.പി. യുടെ മോട്ടോർ ഒരുമിച്ച് പ്രവർത്തിപ്പി ക്കേണ്ട വഞ്ചിപുരംത്താഴം ലിഫ്റ്റ് ഇരിഗേഷൻ സ്കീമിൽ നിലവിലുള്ള 250 കെ.വി.എ. ട്രാൻസ്ഫോ മറിന് പുറമെ ഒരു 250 കെ.വി.എ. ട്രാൻസ്ഫോമർ കൂടി സ്ഥാപിക്കണം. ഇതുമൂലം കാർഷികമേഖല യുടെ സംരക്ഷണം ഉറപ്പാക്കാൻ സാധിക്കും.

3. പഞ്ചായത്തിൽ നിലവിൽ ദക്ഷത കൂടിയ അടുപ്പ് ഉപയോഗിക്കുന്നവർ 5% മാത്രമാണ്. ദക്ഷത കൂടിയ അടുപ്പുകൾ വ്യാപകമാക്കുക.

4. ബോർഡ് ജീവനക്കാരുടെ അഴിമതി, അനാസ്ഥ എന്നിവ പരിഹരിക്കുന്നതിന് ബോർഡിന്റെ നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന് പങ്കാളിത്തം നൽകുക.

318

# പാർപ്പിടം

സ്വന്തമായിത്തിരി മണ്ണു വേണം. അതിൽ തല ചായ്ക്കാനൊരു കൂര വേണം. ഇതാണ് ഏവരുടെയും ആഗ്രഹം. തൃശൂർ ജില്ലയുടെ തെക്കേഅററത്ത് ചാലക്കുടി പുഴയോട് ചേർന്ന് കിടക്കുന്ന കുഴൂർ ഗ്രാമപഞ്ചായത്ത് നിവാസികളുടെയുംആഗ്രഹം മറ്റൊന്നല്ല. വൻകിടവ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. ചെറുകിട വ്യവസായങ്ങളുടെ സ്ഥിതിയും പരിതാപകരമാണ്. നമ്മുടെ പഞ്ചായത്തിന്റെ ജനസംഖ്യയിൽ ഭൂരിഭാഗവും ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ്. പഞ്ചായത്തിൽ ആകെയുള്ള 3883 വീടുകളിൽ 104 എണ്ണം ഒന്നിൽ കൂടുതൽ നിലകളുള്ളതും 1006എണ്ണം ടെറസ്സും 1029 എണ്ണം ഓടു മേഞ്ഞതും 1055 എണ്ണം ഓലമേഞ്ഞതുമാണ്. തരംതിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 1

| വാർഡ് | ഇരുനില | ടെറസ്സ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | 19 | 140 | 104 | 73 | 51 |
| 2 | 15 | 161 | 129 | 154 | 106 |
| 3 | 13 | 142 | 126 | 176 | 113 |
| 4 | 8 | 82 | 119 | 72 | 68 |
| 5 | 7 | 96 | 115 | 110 | 59 |
| 6 | 5 | 92 | 113 | 130 | 48 |
| 7 | 14 | 105 | 108 | 106 | 72 |
| 8 | 10 | 65 | 110 | 125 | 76 |
| 9 | 13 | 123 | 105 | 109 | 96 |
| ആകെ | 104 | 1006 | 1029 | 1055 | 689 |

നമ്മുടെ പഞ്ചായത്തിൽ 72 ലക്ഷം വീടുകളുണ്ട്. ഈ കെട്ടിടങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. ദുർബലജനവിഭാഗങ്ങൾക്ക് വീട് വയ്ക്കാൻ 4 സെന്റ് ഭൂമി വീതം നൽകപ്പെട്ട 3 കോളനികൾ നമ്മുടെ പഞ്ചായത്തിൽഉണ്ട്. കൂടാതെപട്ടികജാതി കോളനികളും മറ്റ് ദുർബലവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളും ഉണ്ട്. പട്ടകജാതി വിഭാഗങ്ങൾക്ക് പട്ടികജാതിവകുപ്പ് മുഖേന വീട് വയ്ക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 499ആണ്. അതിൽ വിവിധ പദ്ധതികളിലായി 79 വീടുകൾ അനുവദിച്ചു നൽകുകയുണ്ടായി. നിർമ്മാണ രംഗത്തെ പ്രവണത പരിശോധിച്ചാൽ കോൺക്രീറ്റ് കെട്ടിടങ്ങളോടാണ് ഭൂരിഭാഗം പേർക്കും ഭ്രമംഎന്ന് കാണാം.കുറഞ്ഞ ചിലവിൽ പരമാവധി സൗകര്യങ്ങൾ ലഭിക്കുന്ന തരത്തിലുള്ള വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രവണത വേണ്ടത്ര കാണുന്നില്ല. ചെലവു കുറഞ്ഞനിർമ്മാണശൈലി വ്യാപകമായി പ്രചരിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തണം. കെട്ടിട നിർമ്മാണ സാമഗ്രികൾ ഭൂരിഭാഗവുംനമ്മുടെപഞ്ചായത്തിൽ തന്നെലഭ്യമാണ്. കെട്ടിടനിർമ്മാണ തൊഴിലാളികൾ ആവശ്യവുമായി പൊരുത്തപ്പെുന്നരീതിയിലല്ലെങ്കിലുംഒരു പരിധിവരെ ഉണ്ട്.ചെലവു കുറഞ്ഞ വീടുകൾ നിർമ്മിച്ചു നൽകുന്ന കോസ്റ്റ്ഫോർഡ് പോയെുള്ള സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലും ആരംഭിക്കുകയും തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്താൽ മെച്ചപ്പെട്ട ഫലങ്ങൾ ഉണ്ടാക്കാൻ കഴിയും. വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളുടെ പട്ടികതാഴെ കൊടുക്കുന്നു.

| വർഷം | I.A.Y. | M.W.S. | J.R.Y. | ആകെ |
|---|---|---|---|---|
| 1992 - 93 | 3 | 2 | – | 5 |
| 1993 - 94 | 4 | 3 | 5 | 12 |
| 1994 - 95 | 5 | 3 | – | 8 |
| 1995 - 96 | 21 | 8 | 3 | 32 |
| 1996 - 97 | 22 | – | – | 22 |
| ആകെ | 55 | 16 | 8 | 79 |

**പ്രശ്നങ്ങൾ**

1. ഈ പഞ്ചായത്തിൽ വീട് ഇല്ലാത്ത 1200കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകണം.

2. വീട് ഇല്ലാത്ത എല്ലാ പട്ടിക ജാതിവിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കണം.

3. വീടില്ലാത്ത വിധവകൾ, രോഗികൾ, അഗതികൾ, വൃദ്ധജനങ്ങൾ, വികലാംഗർ എന്നിവർക്ക് പ്രത്യേക പരിഗണന നല്കണം.

4. പഞ്ചായത്തിലെ ഓലമേഞ്ഞ എല്ലാ വീടുകളും ഓട്വച്ച് പണിയുവാൻ സഹായം നല്കുക.

5. വീടില്ലാത്ത തുച്ഛവരുമാനക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ ഭവനനിർമ്മാണവായ്പ്പ അനുവദിക്കുക.

6. വായ്പകൾ ലഭ്യമാകാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കണം.

7. ഹൗസിംഗ് സോസൈറ്റി ആരംഭിക്കണം.

8. ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ധരുടെ സേവനം വേണ്ടത്ര ലഭ്യമാക്കണം.

# മത്സ്യബന്ധനം

കുഴൂർ പഞ്ചായത്തിന്റെ തെക്ക്ഭാഗം 5 കി.മീ. നീളത്തിൽ ചാലക്കുടി പുഴയോരമാണ്. പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗത്തായി കരിക്കാട്ട്ചാലും പഞ്ചായത്തിൽ 13 ഓളം തോടുകളും ഈ തോടുകൾ ചാലക്കുടി പുഴയിൽ എത്തിച്ചേരുന്നു. വൻതോട്, നെന്മിനിച്ചിറ, കുളക്കരചാൽ, പോളക്കുളം, ചക്കൻചാൽ, കൊയ്യാടം, ഞണ്ടാടി, കുട്ടാടൻ പാടം തുടങ്ങിയവയാണ് പഞ്ചായത്തിലെ മത്സ്യബന്ധനവുമായിബന്ധപ്പെട്ട പ്രധാനജലാശയങ്ങൾ. പഞ്ചായത്തിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 120 ഓളം പേർ പ്രവർത്തിയ്ക്കുന്നുണ്ട്. പഞ്ചായത്തിലെ ഏറ്റവും വലിയ കുളമാണ് പോളക്കുളം. പഞ്ചായത്തിലെ പ്രധാനതൊഴിൽ മേഖല മത്സ്യബന്ധനമല്ല. ഈപഞ്ചായത്ത് കടലുമായി ഏറെ അകന്ന് സ്ഥിതിചെയ്യുന്നത്കൊണ്ട് കടൽ മത്സ്യബന്ധനം പ്രോത്സാഹനമല്ല. എങ്കിലും ഉൾനാടൻ ജലാശയവുമായി ബന്ധപ്പെട്ട് 15 ഓളം കുടുംബങ്ങൾ പ്രവർത്തിക്കുന്നു. കുഴൂർ ഗ്രാമപഞ്ചായത്തിൽ സാധാരണ കാണപ്പെടുന്ന മത്സ്യഇനങ്ങൾ ഇവയാണ്.

1. ബ്രാൽ
2. കരിമീൻ
3. കടു (കാരി)
4. മുഷി
5. കുറുവ
6. ചെമ്മീൻ
7. പള്ളത്തി
8. മലിഞ്ഞീൻ
9. വാള
10. തൂളി
11. ചെമ്പല്ലി
12. തിരുത
13. ഏരി
14. കൊഞ്ച്
15. കാളാഞ്ചി
16. പരൽ
17. ഫിലോപ്പി
18. കൂരി
19. മഞ്ഞകൂരി

### മത്സ്യബന്ധനവും അനുബന്ധവും

തൊഴിലാളികളുടെ എണ്ണം മത്സ്യവിപണനം 120. ഉൾനാടൻ മത്സ്യബന്ധനം 30

### മത്സ്യവിപണനം

കുഴൂർ ഗ്രാമപഞ്ചായത്തിൽ സാധാരണയായി ഇവിടെ നിന്നും ലഭിക്കുന്ന മത്സ്യഇനങ്ങൾ ഒട്ടും സ്വയം പര്യാപ്തമല്ല. ചാലക്കുടി, അഴിക്കോട്, എടമുട്ടം, മുനമ്പം എന്നിവിടങ്ങളിൽ നിന്നും മത്സ്യം വാങ്ങിക്കൊണ്ടുവന്ന് സൈക്കിളിൽ വിപണനം നടത്തികയാണ് പതിവ്. ഈ മേഖലയിൽ 120 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു.

### മത്സ്യത്തൊഴിലാളികളുടെ കുടുംബവും പഞ്ചാത്തലവും

പരമ്പരാഗത മത്സ്യതൊഴിലാളികളായി 20 ഓളം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉപജീവനമാർഗമായി മത്സ്യബന്ധനം നടത്തുന്നതാണെങ്കിലും ഇവരുടെ ജീവിതക്രമം വളരെ ശോചനീയമാന്. നല്ലരീതിയിലുള്ള പാർപ്പിടസൗകര്യങ്ങളോ ആരോഗ്യപരിപാലനരംഗത്തെ ശോചനീയാവസ്ഥയും ഇവരുടെ കുടംബജീവിതം ദയനീയാവസ്ഥയിലാക്കുന്നു.

### പ്രശ്നങ്ങൾ

ഉൾനാടൻ മത്സ്യസമ്പത്ത് അമിതമയി കീടനാശിനി പ്രയോഗം കൊണ്ട് ഇല്ലാതായികൊണ്ടിരിക്കുകയാണ്. കീടനാശിനി പ്രയോഗം കഴിയുന്നത്ര ലഘൂകരിക്കാൻ കർഷകരെ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. ജൈവകീട നിയന്ത്രണം വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കണം. മത്സ്യകുഞ്ഞുങ്ങൾ നശിച്ചുപോകുന്ന രീതിയിലുള്ള തോട്ടപൊട്ടിക്കൽ, നഞ്ച്കലക്കൽ ഇവ നിരോധിക്കണം.

### സാധ്യതകൾ

1. മത്സ്യബന്ധനം ഉപജീവനമാക്കിയ കുടുംബങ്ങളിലെ ആളുകളേയും മത്സ്യബന്ധനത്തിൽ താല്പ

ര്യമുള്ളവരേയും ഉൾപ്പെടുത്തി ഒരു സഹകരണ സംഘം രൂപീകരിച്ച് ഈമേഖല സജീവമാക്കി മാറ്റാം.

2. ഉപയോഗശൂന്യമായികിടക്കുന്ന കൃഷിയിടങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും നടത്തുന്നതിന് വേണ്ടി ഉപയോഗിക്കുക.

3. സ്വാകാര്യവ്യക്തികളുടെ കുളങ്ങളിൽ മത്സ്യകൃഷിനടത്തുന്നതിനുവേണ്ടി സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക.

4. ഇഷ്ടിക കുളത്തിനായി ഉപയോഗിച്ച നെൽപ്പാടങ്ങളിൽ കൊഞ്ച്, ചെമ്മീൻ ഇവയുടെ സാധ്യതകൾ പരിശോധിക്കുക.

5. മണ്ണ് നിറഞ്ഞുനിൽക്കുന്ന കുളങ്ങൾ വൃത്തിയാക്കിചാലുകളിമായി ബന്ധപ്പെടുത്തി മത്സ്യ വളർത്തൽ കേന്ദ്രങ്ങളാക്കി മാറ്റാം.

6. സഹകരണസംഘത്തിന്റെ കീഴിൽ മത്സ്യം, മാംസം എന്നില ലഭിക്കുന്നതിന് കോൾഡ്സ്റ്റോറെജ് സ്ഥാപിക്കുക.

**നിർദ്ദേശങ്ങൾ**

1. എരപത്തുർ, കൊച്ചുകടവ്, തിരുത്ത, ആലമിററം എന്നീ പ്രദേശങ്ങളിലെ സ്വകാര്യവ്യക്തികളുടെ ജലസംഭരണികളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുക.

2. എല്ലാ പൊതുകുളങ്ങളും മത്സ്യവളർത്തൽ കേന്ദ്രങ്ങളാക്കുക.

3. മത്സ്യബന്ധനം ഉപജീവനമാർഗമാക്കി സ്വീകരിച്ചിട്ടുള്ള 98 കുടുംബാംഗങ്ങൾ ഉണ്ട്. അവർക്ക് തൊഴിൽ സംരക്ഷണവും വഞ്ചിയും വലയും മറ്റു ആനുകൂല്യങ്ങളും നൽകണം.

4. പുറംപോക്ക് ഭൂമിയായ കുളക്കരച്ചാൽ സംരക്ഷിച്ച് മീൻ വളർത്തുന്നതിന് വേണ്ടി സൗകര്യപ്പെടുത്തണം.

5. താഴ്ന്നപ്രദേശങ്ങളിൽ ബണ്ടുകൾ കെട്ടി ചെമ്മീൻകൃഷിയും കൊഞ്ചുകൃഷിയും നടപ്പിലാക്കുക.

6. നല്ലയിനം മത്സ്യകുഞ്ഞുങ്ങളേയും സാമ്പത്തികസഹായവും നൽകി തൽപരരായ കർഷകരെ പ്രോത്സാഹിപ്പിക്കുക.

7. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഫ്രീസർ സ്ഥാപിക്കുക.

8. ഉൾനാടൻ മത്സ്യസമ്പത്തിന് കീടനാശിനിയുടെ വർദ്ധമാനകമായ ഉപയോഗം പരമാവധി കുറയ്ക്കുക.

322

# വനിത

സ്ത്രീ അബലയല്ല. അദൃശ്യമായ ശക്തിയുടെ കരുത്തും കാതലുമാണ് ഒരുനാടിന്റെ വളർച്ചയും പുരോഗതിയും കലാ-സാഹിത്യം, വിദ്യാഭ്യാസം, ആരോഗ്യം, കായികം തുടങ്ങിയ എല്ലാരംഗങ്ങളിലും സ്ത്രീകളുടെ അഭൂതപൂർവ്വമായ വളർച്ച നമുക്ക് കാണാൻ കഴിയുമെങ്കിലും ഈ കാലഘട്ടത്തിലും സാമൂഹികമാറ്റത്തിന്റെ പ്രചോദനകേന്ദ്രങ്ങളാകേണ്ട സ്ത്രീസമൂഹം ഇന്നും സംഘടിതമല്ല. കുഴൂർ ഗ്രാമപഞ്ചായത്തിലും ഈ പ്രവണത വിഭിന്നമല്ല.

സാമൂഹിക പ്രവർത്തന മേഘലകളിൽ സ്ത്രീ പ്രാതിനിധ്യപങ്കാളിത്തവും പഴയകാലങ്ങളിൽ കുറവായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്ക്കൂൾ വിദ്യാഭ്യാസം ഒരുവിഭാഗത്തിൽ മാത്രം ഒതുങ്ങിനിന്നിരുന്നു. ആശാൻപള്ളിക്കൂടങ്ങളും എഴുത്തുപള്ളിക്കൂടങ്ങളിൽനിന്നുമാണ് സ്ത്രീകൾ ആദ്യാക്ഷരം പഠിച്ചത്. അയിത്തവും തൊട്ടുകൂടായ്മയും തുടങ്ങിയ അനാചരങ്ങൾ മറ്റുമതസ്ഥരും ഇത്തരം കുടിപ്പള്ളികൂടങ്ങളിൽനിന്ന് അകറ്റിനിർത്തി. വിശേഷാവസരങ്ങളിലോ, ആഘോഷചടങ്ങുകളിലോ സ്ത്രീകളുടെ പങ്കാളിത്തം വളരെകുറവായിരുന്നു. സ്ത്രീകൾ ഉദ്യോഗത്തിന് പോകുക വളരെ വിരളമായിരുന്നു.

കെട്ടുകല്ല്യാണം, കാതുകുത്തുകല്ല്യാണം തുടങ്ങിയ ഏർപ്പാടുകൾ നിലവിലുണ്ടായിരുന്നു. പെൺകുട്ടികൾക്ക് ഏറെ പ്രവർത്തനസ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിഒന്നിലെ സെൻസസ് പ്രകാരം കുഴൂർ ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ ജനസംഖ്യ 9559 ആണ്. പുരുഷ ജനസംഖ്യയേക്കാൾ 549 കൂടുതലാണ്. ജനസംഖ്യയിൽ സ്ത്രീകലുടെ എണ്ണം കൂടുതലാണെങ്കിലും സമൂഹത്തിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ല.

1912കളിൽ പ്രാഥമികവിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നുവെങ്കിലും ഉന്നതകുലജാതർക്കുമാത്രമെ ഈ സൗകര്യം പൂർണ്ണമായി ഉപയോഗിക്കാൻ കഴിഞ്ഞിരുന്നുള്ളു. ഉന്നചവിദ്യാഭ്യാസത്തമന് യാതൊരു സൗകര്യവും ലഭിച്ചിരുന്നില്ല. സംഗീതം, നൃത്തം എന്നിവയൊഴിച്ചാൽ സ്ത്രീസളുടെ ജോലി അടുക്കളഭരണം തന്നെയായിരുന്നു. പരിമിതമായ തൊഴിൽമേഘലകളിൽ സ്ത്രീകൾ തൊഴിലെടുത്തിരുന്നുവെങ്കിലും എണ്ണംപരിമിതമാണ്. അദ്ധ്യാപനരംഗത്ത് പുരുഷന്മാരെക്കാൾ മുൻപന്തിയിലാണ്.

തൊഴിൽമേഘലകളിലെ സ്ത്രീ പങ്കാളിത്തം സുചിപ്പിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

| തൊഴിൽമേഖല | സ്ത്രീകളുടെഎണ്ണം | പുരുഷന്മാരുടെഎണ്ണം |
|---|---|---|
| കർഷകർ | | |
| കർഷകതൊഴിലാളികൾ | | |
| മൃഗസംരക്ഷണം | | |
| ചെറുകിടവ്യവസായം | | |
| കെട്ടിടനിർമ്മാണം | | |
| വ്യാപാരം | | |
| ഗതാഗതം - വാർത്താവിനിമയം | | |
| മറ്റുള്ളവ. | | |

ഈ പട്ടികയിൽനിന്നും തൊഴിലിൽ സ്ത്രീകളുടെ എണ്ണംവളരെ കുറവാണെന്ന് നമുക്ക് മനസ്സിലാക്കാം. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ സാമൂഹ്യപരിവർത്തനം സാദ്ധ്യമല്ല. സാമൂഹ്യപ്രതിലോമശക്തികളെ തടുക്കുന്നതിന് സ്ത്രീ സ്വയം സംഘടിതരാകേണ്ടതാണ്. ചെറുകിട വ്യവസായങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ അടുക്കളതോട്ടം എന്നിവ പ്രധാനമാണ്. ഇവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുനുള്ള തീവ്രയജ്ഞം അടിയന്തരാവശ്യമാണ്.

ദേശീയ സമരങ്ങളിലോ പ്രക്ഷോഭങ്ങളിലോ സ്ത്രീകളുടെ പങ്കാളിത്തം ഇല്ല എന്നുതന്നെ പറയാം. പൊതുരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തകുറവ്ഇന്നും തുടരുകയാണ്. കുഴൂർ ഗ്രാമപഞ്ചായത്തിൽ രണ്ട് മഹിളാസമാജങ്ങളുണ്ട്. ഇവയിൽ ഒന്നിന്റെ പ്രവർത്തനം സജീവമല്ല. ദീർഘകാലമായി ശ്രീമതി:പത്മാവതിയമ്മ മഹിളാസമാജം പ്രസിഡണ്ടാണ്. ആദ്യത്തെ നോമിനേറ്റഡ് പഞ്ചായത്ത് മഹിളാമെമ്പർ ലക്ഷ്മിവേലായുധനാണ്. തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് വനിതാ മെമ്പർ സെലീനാതോമാസ് ആയിരുന്നു. ഈ അടുത്ത കാലത്തായി പൊതുരംഗത്തും ,സന്നദ്ധ പ്രവർത്തനമേഖലകളിലും സ്ത്രീകളുടെ പങ്ക് ശ്രദ്ധേയമാണ്. വനിതകളുടേത് മാത്രമായി തൊഴിൽസംരംഭങ്ങൾ ഒന്നും തന്നെ ഈപഞ്ചായത്തിലില്ല. DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് 682 വീടുകളിൽ പഞ്ചായത്തിൽ സ്ത്രീകളാണ് കുടുംബനാഥകൾ. സ്കൂൾ കുട്ടികളുടെ എണ്ണത്തിലും ഉന്നതവിദ്യാഭ്യാസരംഗത്തും പെൺകുട്ടികളാണ് മുൻപന്തിയിൽ. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ പൊതുവേ ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. ഒറ്റപ്പെട്ട സ്ത്രീ പീഠനകേസുകൾ റിപ്പോർട്ട്ചെയ്യപ്പെട്ടിട്ടുണ്ട്.

## പ്രശ്നങ്ങൾ

തൊഴിലില്ലായ്മ സ്ത്രീകളുടെ ഇടയിൽ രൂക്ഷമാണ്. തൊഴിൽ മേഖലയിൽ സ്ത്രീ പുരുഷവിവേചനംനിലനൽക്കുന്നു.

| തൊഴിൽമേഖല | സ്ത്രീ | പുരുഷൻ |
|---|---|---|
| കർഷകതൊഴിലാളി | 60-65 | 120-125 |
| നിർമ്മാണതൊഴിലാളി | 75-80 | 140-150 |

ഇതിൽനിന്നും സ്ത്രീ പുരുഷകൂലിനിരക്കുകളുടെ വിവേചനം മനസ്സിലാക്കാവുന്നതാണ്.

സാമുഹികസാമ്പത്തികരംഗത്ത് വളരെക്കാലമായി പിന്നോക്കാവസ്ഥയിൽ തള്ളപ്പെട്ട സ്ത്രീസമൂഹത്തെ സാമൂഹ്യവിദ്യാഭ്യാസഅവബോധത്തിലൂടെ കർമ്മശേഷിയുള്ളവരാക്കിമാറ്റുകയും തൊഴിൽ മേഖലയിൽ ആത്മവിശ്വാസമുള്ളവരാക്കി മാറ്റേണ്ടതും അത്യാവശ്യമാണ്. എണ്ണത്തിൽ പുരുഷന്മാരേക്കാൾ മുൻപന്തിയിൽ നിൽക്കുന്ന സ്ത്രീകളുടെ പങ്കാളിത്തം സമസ്ത മേഖലകളിലും ഉണ്ടാകേണ്ടതും ഗൗരവപൂർവ്വം സ്ത്രീകളെ ബോധ്യപ്പെടുത്തേണ്ടതുമാണ്. വിദ്യാഭ്യാസനിലവാരത്തിൽ പുരുഷനേക്കാൾ മുൻപന്തിയൽ ആണെങ്കിലും പ്രവർത്തനരംഗത്ത് പുരുഷനോടൊപ്പം നിൽക്കാനുള്ള സാമർത്ഥ്യം ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. അവകാശം ഔദാര്യമല്ല എന്ന ബോധം സ്ത്രീകൾക്കുണ്ടാകേണ്ടതാണ്. സമരപരിപാടിയിലൂടെയും പ്രക്ഷോഭങ്ങളിൽകൂടിയും തന്നെയാണ് ഏത്രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയിട്ടുള്ളത്. സ്ത്രീകൾ ഈമാർഗ്ഗം തന്നെയാണ് വിമോചനത്തിനുള്ളപാത എന്ന് തിരിച്ചറിയേണ്ടതുണ്ട്.

സാമൂഹികരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പ്രത്യേക പരിശീലനക്ലാസ്സുകൾ, രാഷ്ട്രീയസാംസ്ക്കാരിക സംഘടനയിൽ പ്രത്യേക പ്രാതിനിധ്യം, വനിതാതൊഴിൽ സംരംഭകർക്കായി പ്രത്യേക പഠനക്ലാസ്സുകളും സഹായങ്ങളും തുടങ്ങിയവ നാടിന്റെ സ്ത്രീ പങ്കാളിത്തത്തിന് ആവശ്യം വേണ്ടഘടകങ്ങൾ ആണ്.

വനിതാ തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1). തൊഴിൽ മേഖലയിലെ വിദ്യാലയങ്ങളൊഴികെയുള്ളതിൽ സ്ത്രീകളുടെ അവഗണന.

2). സാമൂഹ്യസേവനരംഗത്ത് സ്ത്രീകളുടെ പ്രവർത്തനത്തിലുള്ള വിമുഖത.

3). തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന്റെ പോരായ്മ

4). തുല്ല്യ ജോലിക്ക് തുല്ല്യ വേതനം

5). സർക്കാർ സഹായപദ്ധതികൾ, പെൻഷനുകൾ എന്നിവയുടെ അറിവില്ലായ്മ.

6). അംഗനവാടി അദ്ധ്യാപികമാരുടെ സേവനവേതന വ്യവസ്ഥകൾ തൃപ്തികരമല്ല.

7). അംഗനവാടികളുടെ ശോചനീയാവസ്ഥ.

8). ശാസ്ത്രീയബോധനിലവാരത്തിന്റെ കുറവ് അന്ധ വിശ്വാസങ്ങളും അനാചരങ്ങളും വർദ്ധിക്കാൻ കാരണമാകുന്നു.

9). സാമ്പത്തിക ഞെരുക്കം സ്വയംതൊഴിൽ സംരംഭ ങ്ങൾ ആരംഭിക്കുന്നതിനെതിരെ സ്ഥായിയായ തടസ്സമാണ്.

## പ്രശ്നങ്ങളും സാദ്ധ്യതകളും

1). വനിതകളുടെ സാമ്പത്തിക പുരോഗതിക്ക് ചെറു കിട വ്യവസായ യൂണിറ്റുകളും സ്വയം തൊഴിൽ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

ഭക്ഷണസാധനങ്ങൾ പാക്കറ്റുകളിലാക്കി വിൽക്കുന്നതിനുള്ള യൂണിറ്റികൾ ആരംഭിക്കു ക.

2). വിധവകളായ എല്ലാസ്ത്രീകൾക്കും പെൻഷൻ അനുവദിക്കുക.

3). തൊഴിലില്ലാത്ത സ്ത്രീകൾക്ക് തയ്യൽമെഷ്യൻ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുക.

4). സ്ത്രീ പീഢനത്തിനെതിരെ ശക്തമായ നടപടി കൾ സ്വീകരിക്കുക.

5). പെൺകുട്ടികൾക്ക് മാത്രമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

6). വനിതകളുടെ നിയന്ത്രണത്തിലുള്ള വ്യവസാ യങ്ങൾ പ്രോത്സാഹിപ്പിക്കുക.

7). റേഷൻകടകളിലും മാവേലിസ്റ്റോറിലും നടത്തി പ്പിൽ സ്ത്രീ സംവരണം നടപ്പിലാക്കുക.

8). ചെറുപ്പക്കാരായ വിധവകൾക്ക് തൊഴിലവസര ങ്ങൾ ഉണ്ടാക്കുകയും വീടില്ലാത്തവർക്ക് വീട് വയ്ക്കുവാനും വിദ്യാഭ്യാസത്തിനും മുൻഗണന കൊടുക്കേണ്ടതാണ്.

9). 65 വയസ്സ് കഴിഞ്ഞ എല്ലാ വനിതകൾക്കു് പെൻഷൻ നൽകണം.

10). എല്ലാകോളനികളിലും മഹിളാസമാജങ്ങൾ സ്ഥാപിക്കുവാൻ ശ്രമിക്കണം.

11). അശ്ലീല പോസ്റ്ററുകൾ നിയമം മൂലം തടയണം.

12). സ്ത്രീക്കും പുരുഷനും കൂലിനിരക്കിൽ തുല്ല്യത പാലിക്കുക.

13). റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സഹായം നൽകുക.

14). വാർഡിലെ വനിതകൾക്കായി ഒരു പ്രസ്സും ബയന്റിംഗ് യൂണിറ്റും, മുത്തുമാല ഉണ്ടാക്കുന്ന തിനുള്ള ഒരു യൂണിറ്റും ആരംഭിക്കുക.

15). DWCRA, PMRY, IRDP എന്നിവയെ ഉൾപ്പെടുത്തി രണ്ട് പ്രൊജക്ടുകൾ വിവിധവാർഡുകളിൽ ആരംഭിക്കണം.

16). വനിതകൾക്ക് അടുക്കളത്തോട്ടം നിർമ്മിക്കുന്ന തിനാവശ്യമായ വിത്ത്, വളം, കീടനാശിനികൾ എന്നിവ വിതരണം ചെയ്യുക.

17). വനിതകൾക്ക് മാത്രമായി കൊച്ചുകടവിൽ ഒരു സഹകരണ സംഘവും, ഖാദിയൂണിറ്റും ആരംഭി ക്കുക.

18). സഹകരണാടിസ്ഥാനത്തിൽ വനിതകളുടെ നിയ ന്ത്രണത്തിൽ പച്ചക്കറി സഹകരണ ഫാമുകൾ തുടങ്ങണം.

19). വനിതകൾക്കായി ഒരു അഗതിമന്ദിരം തുടങ്ങണം.

# ഉപസംഹാരം

നിങ്ങൾ ഒരു വർഷത്തേക്കാണ് ആസൂത്രണം നടത്തുന്നതെങ്കിൽ ധാന്യങ്ങൾ വിതയ്ക്കുക, പത്ത് വർഷത്തേക്കാണ് ആസൂത്രണം നടത്തുന്നതെങ്കിൽ മരങ്ങൾ നട്ടുപിടിപ്പിക്കുക. ഒരു ആയുഷ്കാലത്തേക്കാണ് ആസൂത്രണം നടത്തുന്നതെങ്കിൽ മനുഷ്യരെ പഠിപ്പിക്കികയും പരിശീലിപ്പിക്കുകയും ചെയ്യുക. ഇതൊരു ചൈനീസ് പഴമൊഴിയാണ്.

നാമിപ്പോൾ നടത്തുന്ന ആസൂത്രണം 9-ാം പഞ്ചവത്സരപദ്ധതിക്കായിട്ടുള്ളതാണ്. എന്നാൽ നാമിവിടെ ലക്ഷ്യമാക്കേണ്ടത് ഒരായുഷ്കാലത്തേയ്ക്കുള്ള ആസൂത്രണമാണ്. ഒരായുഷ്കാലത്തേക്കുള്ള ആസൂത്രണം എന്നത്കൊണ്ടു നാം അർത്ഥമാക്കേണ്ടത് ഒരു ജനതയെ സ്വാശ്രയബോധത്തിൽ ഊന്നി നിന്നുകൊണ്ടുള്ള സമഗ്രമായ ആസൂത്രണത്തിന് അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്.

നമ്മുടെ ഗ്രാമസഭകളിൽനിന്നു വന്നിട്ടുള്ള ആവശ്യങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ചാൽ അവ നടപ്പാക്കുന്നതിന് പഞ്ചായത്തിലെ വിഭവങ്ങളും സർക്കാർ ഫണ്ടും തീർത്തും അപര്യാപ്തമാണ് എന്നു മനസ്സിലാകും. നാമിപ്പോൾ ലക്ഷ്യമാക്കേണ്ടത് നമ്മുടെ പഞ്ചായത്തിലെ ലഭ്യമായ വിഭവങ്ങളും കേന്ദ്രസംസ്ഥാനസർക്കാരുകളിൽനിന്നു വരിക്കുന്ന ഫണ്ടും ഉപയോഗിച്ച് പഞ്ചായത്തിലെ ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ്. ഏതുതരം ആസൂത്രണത്തേയും നിയന്ത്രിക്കുന്ന മുഖ്യഘടകം ഫണ്ടിന്റെ വലിപ്പമാണ്. എന്നാൽ ജനകീയ ആസൂത്രണം ആരംഭിച്ച ഘട്ടത്തിലും ഇപ്പോഴും 9-ാം പഞ്ചവത്സരപദ്ധതിയുടെ വിഹിതമായി നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടിനെ പറ്റി വ്യക്തമായ ഒരു ധാരണയില്ല. പക്ഷേ നമ്മുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തതും പദ്ധതികൾ ആവിഷ്ക്കരിക്കാൻ പോകുന്നതും ഫണ്ടിന്റെ ലഭ്യതയെ അടിസ്ഥാനമാക്കിയല്ല. ഫണ്ട് ഒരു പ്രശ്നമായി ഒരു ഘട്ടത്തിലും ഇതു വരെ ചർച്ചചെയ്തിട്ടില്ല എന്നുള്ളതാണ് സത്യം. പദ്ധതിവിഹിതമായ ഫണ്ടുകൊണ്ടു് ഇതെല്ലാം ചെയ്തുതീർക്കാമെന്ന വ്യാമോഹവും നമുക്കില്ല.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ അടിസ്ഥാനശിലതന്നെ ജനപങ്കാളിത്തമാണ്. ജനതയുടെ ഇച്ഛാശക്തിക്കും ദൃഢനിശ്ചയത്തിനും മുന്നിൽ ഫണ്ടിന്റെ അപര്യാപ്തത ഒരു പ്രശ്നമേ അല്ല.

ഇവിടെ നമുക്കൊരു പുതിയ വികസന സംസ്ക്കാരം ആരംഭിക്കാം. രാജ്യത്തിനാകമാനം, മാതൃകയായി പരിണമിക്കവുന്ന ഒരു വികസന സംസ്ക്കാരത്തിന് 1997 ഏപ്രിൽ 1ന് നാം ഇവിടെ

അടിക്കല്ലിട്ടു. കഴിഞ്ഞ ചിങ്ങം ഒന്നിന് ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ രണ്ടു ഘട്ടങ്ങൾ പിന്നിടുകയാണ്. ഒന്നാം ഘട്ടത്തിന്റെ ഉല്പന്നമായ ഗ്രാമസഭകളും ഗ്രൂപ്പുചർച്ചകളും വിജയകരമായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ഗ്രാമസഭകളിൽനിന്നു ഗ്രൂപ്പ് ചർച്ചകളുടെ അടിസ്ഥാത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും അവയുടെ പരിഹാരത്തിനായിട്ടുള്ള ചില സാദ്ധ്യതകളും ഉൾക്കൊള്ളുന്ന വികസന റിപ്പോർട്ട് പഞ്ചായത്ത്തല ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാംഘട്ട ഉല്പന്നമാണ്.

ഈ വികസനറിപ്പോർട്ട് പൂർണ്ണമാണെന്ന വിശ്വാസമില്ല. ഇനിയും കൂട്ടിച്ചേർക്കലും കുറയ്ക്കലും വേണ്ടി വന്നേക്കാം. തുറന്ന മനസ്സോടെ വികസന സെമിനാറിനായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു. അജയ്യമായ ജനശക്തിയിൽ പരിപൂർണ്ണമായ വിശ്വാസം അർപ്പിച്ചുകൊണ്ടു് എല്ലാ മാന്യജനങ്ങളേയും ജനകീയ അസൂത്രണ പ്രസ്ഥാനത്തിന്റെ മൂന്നാംഘട്ട പ്രവർത്തനത്തിലേയ്ക്ക് സ്വാഗതം ചെയ്തുകൊണ്ടു് ഈ റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കുന്നു.

# മാള ഗ്രാമപഞ്ചായത്ത്

# വികസന രേഖ



ജനകീയാസൂത്രണ
ജനനന്മയ്ക

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വികസനരേഖ -1996

## മാള ഗ്രാമപഞ്ചായത്ത്

332



എല്ലാവരുടെയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടേയും
ദുരയെ
തൃപ്തിപ്പെടുത്തു
വാൻ
വിഭവങ്ങളില്ലതാനും.

*എഡിറ്റർ*

എം.കെ. സുബ്രഹ്മണ്യൻ

*സബ് എഡിറ്റർമാർ*

വി.എം. ഹംസ മാരേക്കാട്
ഡെന്നി ദേവസ്സി
വർഗ്ഗീസ് പള്ളിപ്പാട്ട്

*മുഖ്യ ഉപദേഷ്ടാക്കൾ*

പി.കെ. വിജയൻ
(കീറിസോഴ്സ് പേഴ്സൺ)

ടി.കെ. രാധാകൃഷ്ണൻ
(ബ്ലോക്ക് കൺവീനർ &
കീറി സോഴ്സ് പേഴ്സൺ)


*സഹായികൾ*

പി.ആർ രാഘവൻ
കെ.കെ. സുധാകരൻ മാസ്റ്റർ
ജോൺ കെന്നഡി
കെ.എച്ച്.എം. സുബൈർ
എം.കെ. രവി
പി.കെ. വേലായുധൻ
ലീലാമണി പ്രസന്നൻ
കെ.പി. പുഷ്പാവതി ( കൃഷി ഉദ്യോഗസ്ഥ.)


എ.ആർ. രാധാകൃഷ്ണൻ
ആനി ജോസ്
എച്ച്. ഹനീഷ്
പി. നാരായണൻ മേനോൻ
എ.എ. അഷറഫ്
ടി.കെ. ഹൈദ്രോസ്
വാസന്തി [illegible]
സരോജിനി രാമൻകുട്ടി


ട്രാൻസെക്ട്
പഞ്ചായത്ത് മാപ്പ് : കെ.സി. ത്യാഗരാജൻ

# MAP OF KERALA



# MAP OF TRICHUR DISTRICT




മാള ഗ്രാമപഞ്ചായത്ത്
തോത് 1:15,000.
സൂചിക

## മുൻ പ്രസിഡണ്ടുമാർ




എ.ഡി. ജോസ്




ശ്രീ.എം.കെ.അലി



പി.ടി.തോമൻകുട്ടി



പി.കെ. ചന്ദ്രൻ



വർഗ്ഗീസ് പള്ളിപ്പാട്ട്

## ഇപ്പോഴത്തെ ഭരണസമിതി



ശ്രീമതി. സുഹറാബാവ
പ്രസിഡണ്ട്



ശ്രീ. പി.സി.സുബ്രഹ്മണ്യൻ
വൈസ് പ്രസിഡണ്ട്



ശ്രീ.ജോർജ്ജ് നെല്ലിശ്ശേരി
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



ശ്രീ. എ.എ.അഷറഫ്
ഒന്നാം വാർഡ്



ശ്രീമതി. സരോജിനി രാമൻകുട്ടി
മൂന്നാം വാർഡ്



ശ്രീ.പി.കെ.പരമേശ്വരൻ
നാലാം വാർഡ്



ശ്രീമതി. വാസന്തി ബാബു
അഞ്ചാം വാർഡ്




ശ്രീമതി ആനിജോസ്
ആറാം വാർഡ്



ശ്രീ.വി. പ്രഭാകരൻ നായർ
ഏഴാം വാർഡ്



ശ്രീ. വർഗ്ഗീസ് പള്ളിപ്പാട്ട്
എട്ടാം വാർഡ്



ശ്രീ. എ.ആർ. രാധാകൃഷ്ണൻ
ഒമ്പതാം വാർഡ്



ശ്രീമതി. ലീലാമണി പ്രസന്നൻ
പന്ത്രണ്ടാം വാർഡ്

## ഉള്ളടക്കം

1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരണം

3. ചരിത്രം

4. ഭൂപ്രകൃതി

5. സാമൂഹ്യസാമ്പത്തിക മേഖലകൾ

 5.1 കൃഷി, ജലസേചനം

 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

 5.3 വ്യവസായം

 5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

 5.5 വിദ്യാഭ്യാസം

 5.6 കുടിവെള്ളവും, പൊതുജനാരോഗ്യവും

 5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

 5.8 സംസ്കാരം

 5.9 വനിത

 5.10 സഹകരണം

 5.11 പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം

 5.12 വിഭവസമാഹരണം

6. ഉപസംഹാരം

# സമർപ്പണം



സുഹ്റബാവ
മാളഗ്രാമ പഞ്ചായത്ത്
പ്രസിഡന്റ്

പ്രിയ സുഹൃത്തേ,

സ്വാതന്ത്ര്യത്തിനുശേഷം 8 പദ്ധതികൾ നമ്മുടെ രാജ്യത്ത് നടപ്പിലാക്കി. 9-ാം പദ്ധതി 1997 ഏപ്രിൽ ഒന്ന് മുതൽ ആരംഭിക്കുകയാണ്. പദ്ധതിയുടെ രൂപരേഖകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ കേന്ദ്രവും വിവിധസംസ്ഥാനങ്ങളും വ്യാപൃതരായിരിക്കുകയാണ്.

നാം നേടിയെടുത്ത നേട്ടങ്ങളുട പശ്ചാത്തലത്തിൽ ഇന്നത്തെ പ്രതിസന്ധികളേയും കോട്ടങ്ങളേയും തരണം ചെയ്യുവാൻ ഒരു പുതിയ മാർഗ്ഗം അവലംബിക്കുകയാണ് കേരളം. 9-ാം പദ്ധതി ജനകീയ പദ്ധതിയായി വർദ്ധിച്ച് ജനപങ്കാളിത്തത്തോടെ താഴത്തട്ടിൽ ചർച്ചനടത്തി പദ്ധതി ആസൂത്രണം ചെയ്യുക എന്നുള്ളതാണ് ആ പുതിയ മാർഗ്ഗം. അധികാര വികേന്ദ്രീകരണം നടത്തി ഗ്രാമസഭകൾക്ക് കൂടുതൽ അധികാരം കൈവന്ന സാഹചര്യത്തിൽ ആസൂത്രണ പ്രക്രിയയിൽ ജനങ്ങളെ നേരിട്ട് പങ്കാളികളാക്കുകയും പഞ്ചായത്തുകൾക്ക് കൂടുതൽ ഫണ്ടും അധികാരവും നൽകി ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. വിവിധ മേഖലകളിൽ കേരളം മാതൃകയായിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ വൻനേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ സേവനതുറകളിൽ നാം ആർജ്ജിച്ച ഈ നേട്ടങ്ങൾക്കനുസൃതമായി സാമ്പത്തിക ഉൽപ്പാദനരംഗം മെച്ചപ്പെടുത്താനായില്ല. കാർഷിക-വ്യവസായികരംഗം മുരടിച്ചു നിൽക്കുകയാണ്.

ഈ സാഹചര്യത്തിൽ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ 9-ാം പദ്ധതി നടപ്പിലാക്കുമ്പോൾ കാർഷിക-വ്യവസായിക മേഖലക്ക് മുൻഗണന നൽകേണ്ടതുണ്ട്. ഈ ദിശയിൽ ചിന്തിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാനപ്ലാനിംഗ് ബോർഡ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയത്. പദ്ധതിയുടെ 35-40%തുക പഞ്ചായത്തിന്റെ തനതായ പദ്ധതികൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുമെന്നാണ് കരുതുന്നത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ടപ്രവർത്തനം നമ്മുടെ ഗ്രാമപഞ്ചായത്തിൻ ഫലപ്രദമാക്കുന്നതിനുവേണ്ടി ഒരു സ്റ്റേറ്റ് റിസോഴ്സ് പേഴ്സണേയും 14 ജില്ലാ റിസോഴ്സ്സ് പേഴസൺമാർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഒരു വാർഡിൽ നിന്ന് 5 പേർ വീതം പങ്കെടുപ്പിച്ച് 60 പേരെ പഞ്ചായത്തുതലത്തിൽ ലോക്കൽ റിസോഴ്സ് പേഴ്സൺമാരായും പരിശീലനം നൽകുകയുണ്ടായി. ഇവരുടെയെല്ലാം നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാവീടുകളിലും സർവ്വെ നടത്താനും ഗ്രാമസഭ ചേരുന്നതിന്റെ പ്രാധാന്യം വിശദമാക്കാനും ഒരു തീവ്രശ്രമം നടത്തുകയുണ്ടായി. എന്നാൽ ചുരുങ്ങിയ ദിവസംകൊണ്ട് വളരെ ധൃതിപ്പെട്ട് സംഘടിപ്പിച്ച സ്ഥിതി വിവരണകണക്കുകൾ പൂർണ്ണമായി എന്ന് ഞാനവകാശപ്പെടുന്നില്ല. പഠനപര്യടനത്തിലൂടെ കുറേയേറെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇതിന്റെയാകെ ഫലമായി എല്ലാ ഗ്രാമസഭകളിലും ജനങ്ങൾ ആവേശപൂർവ്വം പങ്കെടുത്തു. നിരവധി ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. നിരവധി ഉദ്യോഗസ്ഥന്മാരും പങ്കെടുക്കുകയുണ്ടായി. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് പ്രാപ്തമാകും വിധം ഒട്ടനവധി നിർദേശങ്ങളും ആവശ്യങ്ങളും ഉയർന്നുവരികയുണ്ടായി. ജനങ്ങളുടെ സഹകരണത്തോടെ അവയെല്ലാം ഒന്നൊന്നായി പ്രാവർത്തികമാക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനം വഴി സാധിക്കുമെന്ന് എനിക്കുറപ്പുണ്ട്. നിങ്ങളുയർത്തിയ നിർദ്ദേശങ്ങളും ആവശ്യങ്ങളും സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചുകൊണ്ട് പഞ്ചായത്തിന്റെ വികസനറിപ്പോർട്ടിന്റെ കരടുരൂപരേഖ വികസനസെമിനാറിൽ അവതരിപ്പിക്കപ്പെടുകയാണ്. കൂടുതൽ അർത്ഥപൂർണ്ണമായ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുംവേണ്ടി നിങ്ങളുടെ സഹകരണം ഉറപ്പാക്കികൊണ്ട് സവിനയം സമർപ്പിച്ചുകൊള്ളുന്നു.

എന്ന് സ്നേഹപൂർവ്വം

Sd/-

മാള
23-11-1996

സുഹറാബാവ
മാളഗ്രാമപഞ്ചായത്ത്

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മാളഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കുരുവിശ്ശേരി, വടമ – വടക്കുഭാഗം, അണ്ണല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | മാള |
| താലൂക്ക് | : | മുകുന്ദപുരം |
| ജില്ല | : | തൃശൂർ |
| അസംബ്ലിമണ്ഡലം | : | മാള |
| വിസ്തീർണ്ണം | : | 28.35 ചതുശ്ര കി.മീ. |
| അതിരുകൾ | : | വടക്ക് ആളൂർ പഞ്ചായത്ത്, കിഴക്ക് അന്നമനട പഞ്ചായത്ത്, ചലക്കുടിമുൻസിപ്പാലിറ്റി, കാടുകുറ്റി പഞ്ചായത്ത് തെക്ക്, കുഴൂർ – പൊയ്യ പഞ്ചായത്തുകൾ പടിഞ്ഞാറ് പുത്തൻചിറ പഞ്ചായത്ത് |
| ജനസംഖ്യ | : | 32572 |
| പുരുഷന്മാർ | : | 16239 |
| സ്ത്രീകൾ | : | 16333 |
| സാക്ഷരത | : | 98% |
| വാർഡുകൾ | : | 12 |
| പ്രസിഡണ്ടിന്റെ പേര് | : | സുഹറബാവ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | പി.സി. സുബ്രഹ്മണ്യൻ |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ | : | ജോർജ്ജ് നെല്ലിശ്ശേരി |

# സാമൂഹികസാംസ്കാരിക ചരിത്രം

'മൾഹ്അ' അഭയസ്ഥാനം എന്ന അർത്ഥം വരുന്ന ഹീബ്രു ഭാഷയിൽ നിന്നാണ് മാള എന്ന പേരുണ്ടായത്. യഹൂദന്മാരുടെ പ്രാചീനസ്വാധീനം ഈ പേരിനുണ്ടായിട്ടുണ്ടെന്ന് കരുതി പോരുന്നു. നമ്മുടെ പഞ്ചായത്തിന്റെ ചരിത്രം വളരെ കാലങ്ങൾക്ക് മുമ്പ് തന്നെ മാളയുടെ ഹൃദയഭാഗത്ത് അധിവസിച്ചുപോന്നിരുന്ന യഹൂദന്മാരുടെ ചരിത്രവുമായി ഇഴപിരിഞ്ഞുകിടക്കുന്നു ഈഭാഗത്ത് ജൂതതെരുവായി അറിയപ്പെട്ടിരുന്ന ഈ പ്രദേശം ഇന്നും വലിയ മാറ്റങ്ങളില്ലാതെ മാള അങ്ങാടിയായി നിലകൊള്ളുന്നു. തെരുവിന്റെ പടിഞ്ഞാറുഭാഗത്ത് യഹൂതന്മാരുടെ ആരാധനലയമായ 'സിനഗോഗ്' നിലകൊള്ളുന്നു. പള്ളിക്കുള്ളിലെ ശില്പകലയും ചിത്രപ്പണിയും യഹൂത സംസ്കാരത്തിന്റെ കലാപാരമ്പര്യത്തെ എടുത്തു കാണിക്കുന്നു. ഇവരുടെ പൂർവ്വീകന്മാർ അന്ത്യ വിശ്രമം കൊള്ളുന്ന കല്ലറകൾ ഇന്നും മതിൽകെട്ടി പഞ്ചായത്ത് സംരക്ഷിച്ചു പോരുന്നു. അവരുടെ ഉപജീവന മാർഗ്ഗം കച്ചവടമായിരുന്നു. മതസൗഹാർദ്ദത്തിന്റെ നിത്യ സ്മാരകമെന്നോണം യഹൂതതെരുവിന്റെ തെക്കേ ഭാഗം മുഹിയുദ്ദീൻ പള്ളിയും, പരിസരങ്ങളിൽ മുസ്ളിം ജനവിഭാഗങ്ങൾ താമസിച്ചിരുന്നതുകൊണ്ട് മുസ്ലിം തെരുവായും പടിഞ്ഞാറ് ഭാഗത്ത് വള്ളപ്പണി എടുത്തു പോന്ന പട്ടികജാതിയിൽപ്പെട്ട പടന്ന സമുദായത്തിൽപ്പെട്ടവർ താമസിച്ചിരുന്നതുകൊണ്ട് പടന്ന കോളനി (പിന്നീട് വള്ളോൻ സ്മാരക കോളനിയായി നാമകരണം ചെയ്തു.) യെന്നും വടക്കെ ഭാഗം സെന്റ് സ്റ്റാനിസ്ലോവോസ് ദേവാലയപരിസരം ക്രിസ്ത്യൻ കേന്ദ്രമായും വടക്ക് കിഴക്ക് ഭാഗത്ത് താമസിച്ചിരുന്നത് ഗൌഡ സാരസ്വത ബ്രാഹ്മണ (കൊങ്കിണി) സമുദായത്തിൽപ്പെട്ടവരായതുകൊണ്ട് കൊങ്കിണി ഭാഗമായും അറിയപ്പെട്ടിരുന്നു.

ഒരു കിലോമീറ്റർ പടിഞ്ഞാറുഭാഗത്ത് കൂട്ടമായി താമസിച്ചിരുന്ന കുടുംബി സമുദായത്തിൽപ്പെട്ടവരുടെ സ്ഥലം കുടിബി പ്രദേശമായും അറിയപ്പെട്ടിരുന്നു. (നെയ്തക്കുടി). മാളയിലെ ചിരപുരാതനമായ മുഹിയുദ്ദീൻ പള്ളി ഹിജറ വർഷം 610ൽ സ്ഥാപിതമായതെന്ന് അറിയുന്നു. മുസ്ലികൾ തിങ്ങി പാർക്കുന്ന മാരേക്കാട് പ്രദേശത്തുള്ള ഉമർഫാറൂഖ് ജുമാമസ്ജീദിന് ഒമ്പത് പതിറ്റാണ്ട് പഴക്കമുണ്ട്. ക്രിസ്റ്റ്യൻ സമുദായത്തിന്റെ സംസ്കാരമായി നിലനിൽക്കുന്നത് സെൻസ്റ്റാനിസ്ലാവോസ് ദേവാലയവും ചക്കാലമറ്റത്ത് കണിച്ചായി തോമ്മാ ഇട്ടുപ്പ് എന്ന ഔദാര്യനിധി സുറിയാനി കർമ്മലീത്ത സഭയുടെ ആശ്രമസ്ഥാപനത്തിനായ് 'പടനായർ കോട്ടപറമ്പ്' എന്ന പേരിൽ അറിയപ്പെട്ടിരുന്ന വിശാലമായ സ്ഥലവും മൂന്നൂറിൽപരം പറയ്ക്ക് നിലവും ഇഷ്ടദാനമായി നല്കുകയുണ്ടായി. ആ സ്ഥലത്ത് 1866ൽ ഒരു ആശ്രമം സ്ഥാപിച്ചു. അതാണ് അമ്പഴക്കാട് കൊവേന്ത എന്നറിയപ്പെട്ടിരുന്ന കോട്ടയ്ക്കൽ സെന്റ് തേരാസസ് ആശ്രമം. തീർത്ഥാടകർ സന്ദർശിച്ചകൊണ്ടിരിക്കുന്ന ദൈവദാസി മറിയം ത്രേസ്യയെ അടക്കം ചെയ്തിരിക്കുന്ന കബറിടം കുഴിക്കാട്ടുശ്ശേരിയിലാണ്. ടിപ്പു സുൽത്താന്റെ കോട്ട അമ്പഴക്കാട് മുതൽ വട്ടകോട്ട വരെ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇത് നിശ്ശേഷം ഇല്ലാതായിരിക്കുന്നു. പാമ്പിൻമേയ്ക്കാട് മന തെക്കേ ഇന്ത്യയിൽ പരക്കെ അറിയപ്പെടുന്ന ആരാധന കേന്ദ്രങ്ങളിൽ ഒന്നാണ്. വർഷന്തോറും വൃശ്ചികം ഒന്നാം തിയ്യതി പ്രത്യേക ആരാധനദിനമാണ്. കേരളത്തിനു പുറത്ത് തെക്കേഇന്ത്യയിൽനിന്നുംപോലും നോമ്പും വ്രതവും അനുഷ്ഠിച്ച് പ്രാചീനകാലം മുതൽ ആളുകൾ എത്താറുണ്ട്. ടിപ്പു സുൽത്താന്റെ പടയോട്ടത്തിൽ തകർന്ന പതിയാരിക്ഷേത്രം അഷ്ടമിച്ചിറ മഹാദേവക്ഷേത്രം, സ്പടികം ശിവക്ഷേത്രം, പഴൂക്കര പേരുകാവ് ഭഗവതി ക്ഷേത്രം, വലിയപറമ്പുത്തുപ്പേലി ഭഗവതി ക്ഷേത്രം, അതിയാരത്ത് ഭവനേശ്വരിക്ഷേത്രം, ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, അന്നപൂർണ്ണേശ്വരി ക്ഷേത്രം, തിരുത്തി കൊളങ്ങര ഭഗവതിക്ഷേത്രം, കലിക്കൽ ഭഗവതി എന്നീ ക്ഷേത്രങ്ങളിലെ ഉത്സവാഘോഷങ്ങളുടേയും ഭാഗമായി നമ്മുടെ പഞ്ചായത്തിൽ പണ്ടു മുതൽക്കെ മതസൗഹാർദ്ദ അന്തരീക്ഷം നിലനിന്നുപോന്നിരുന്നുയെന്ന് കാണാൻ കഴിയും. മുഖ്യതൊഴിൽ കൃഷി ആണെങ്കിലും പ്രൗഡഗംഭീരമായ ഒരു പ്രാചീന കച്ചവടകേന്ദ്രമായിരുന്നു മാള ടൗൺ. കാർഷിക ഉൽപ്പന്നങ്ങളായ കുരുമുളക്, വെറ്റില, അടയ്ക്ക, മരച്ചീനി എന്നിവയും തേക്കിൻതടി, വെട്ടുക്കല്ല്, ഇല്ലിമുളള്, തുകൽ, കരിങ്കല്ല് എന്നിവയും മാള കടവിൽ നിന്ന് കെട്ടുവള്ളങ്ങളിൽ ജലമാർഗ്ഗം തിരുവിതാക്കൂറിന്റെ ആസ്ഥാനമായ തിരുവനന്തപുരത്തേക്കും പ്രധാന വ്യവസായ തുറമുഖമായ കൊച്ചിയിലേക്കും മുസീരിസ്സ് എന്നറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂരിലേക്കും കയറ്റി അയച്ചിരുന്നു. അരിയും ഉപ്പ് തുടങ്ങിയ പലചരക്ക് സാ

ധനങ്ങൾ ഇറക്കുമതി ചെയ്തുകൊണ്ടിരുന്നു. കടവിനടുത്ത് ചന്തയുണ്ടായിരുന്നു. ഇവിടെ നിന്ന് കാളവണ്ടിയിൽ അരിയും പലചരക്ക് സാധനങ്ങളും ചാലക്കുടി ഇരിങ്ങാലക്കുട എന്നിവടങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ഹൈക്കോടതി പണിയാൻ ഉപയോഗിച്ച വെട്ടുകല്ല് മാളയിലെ ആണെന്ന് പഴമക്കാർ പറയുന്നു. ബോട്ട് സർവ്വീസ് നടത്തിയിരുന്ന മാള കടവ് ഇന്ന് നിശ്ചലമാണ്.

ഭൂസ്വത്തുകൾ മുഴുവനായും കോടശ്ശേരി കർത്ത, പാമ്പ്മേയ്ക്കാട് മന, കരിങ്ങാപ്പിള്ളി സ്വരൂപം, പാലിയം, തിരുവഞ്ചിക്കുളം ദേവസ്വം, കൂടൽമാണിക്യം ദേവസ്വം, ശ്രീ കുറുമ്പ ഭഗവതി ദേവസ്വം എന്നീ ജന്മിമാരുടെ ആയിരുന്നു. ഇവർ ഭൂമി ഭൂപ്രഭുക്കൾക്കായി വീതിച്ചുകൊടുത്തു. കുടികിടപ്പുകാർക്ക് പുറമെ കൃഷിക്കാർ പാട്ടത്തിനെടുത്തു കൃഷിചെയ്തുപോന്നിരുന്നു. സാമൂഹ്യ നവോത്ഥാന മുന്നേറ്റം രാജ്യമെമ്പാടും ഉയർന്നുവന്നു. നമ്മുടെ പഞ്ചായത്തിലും ചെറുല്ലാന്ന സ്വാധീനം ചെലുത്തുകയുണ്ടായി. പാമ്പിൻ മേക്കാട്ടിലെ അന്നത്തെ വലിയ നമ്പൂതിരിക്കെതിരായി ഹരിജനങ്ങളും പിന്നോക്കകാരും അണിനിരന്ന സമരം നടക്കുകയുണ്ടായി. ജന്മിമാർക്കെതിരെയുള്ള നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സമരമായിരുന്നു അത്. ഈ സമരത്തിൽ മഹാനായ ഏ.കെ.ഗോപാലൻ പങ്കെടുക്കാമെന്ന് പറഞ്ഞിരുന്നു. കൊച്ചിയിലെ നിരോധനത്തെ തുടർന്ന് പങ്കെടുക്കാൻ കഴിഞ്ഞില്ല. പി.കെ. ചാത്തൻമാസ്റ്റർ, എം.പി. വേലായുധൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സമരം. പൊതുനിരത്തിൽ കൂടി അവർണ്ണ സമുദായത്തിൽപ്പെട്ടവർക്ക് യാത്രാ സ്വാതന്ത്ര്യം നേടുന്നതിനും അയിത്തോച്ചാടനത്തിനുംവേണ്ടി അഷ്ടമിച്ചിറയിൽ സമരം സംഘടിപ്പിച്ചിട്ടുണ്ട്. ഈ സമരത്തിന് നേതൃത്വം കൊടുത്തത് സവർണ്ണജാതിയിൽപ്പെട്ട വി.വി. ശങ്കരൻനായർ, പി. എ. നാരായണമേനോൻ കെ. കൃഷ്ണൻകുട്ടി മേനോൻ, കെ.പി. കുഞ്ഞുണ്ണിമേനോൻ എന്നിവരെ കൂടാതെ കെ.കെ.പാപ്പു മാസ്റ്റർ, കെ.കെ. കുമാരൻ വൈദ്യർ തുടങ്ങിയ മഹൽ വ്യക്തികളും ഉണ്ടായിരുന്നു. പാലിയം സമരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ചെത്ത് തൊഴിലാളികൾ പാലിയം നടയിലേക്ക് ജാഥ നയിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ട്രേഡുയൂണിയൻ ചെത്തുതൊഴിലാളികളുടേതാണ്. ഏറ്റവും കൂടുതൽ ചെത്തുതൊഴിലാളികളും ഈ പഞ്ചായത്തിലായിരുന്നു. പ്രജാമണ്ഡലം പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീ. കെ. കരുണാകരൻ നമ്മുടെ പഞ്ചായത്തിൽ നിരവധി തവണ വന്നിട്ടുണ്ട്. പനമ്പിള്ളി ഗോവിന്ദമേനോന്റെയും സാന്നിദ്ധ്യം ഉണ്ടായിട്ടുണ്ട്. ദേശീയപ്രസ്ഥാനത്തിന് നമ്മുടെ പഞ്ചായത്തിൽ നിന്ന് സംഭാവന നൽകിയ ശ്രീമാൻമാർ എം.റ്റി. ലാസ്സർ, കെ.എ. തോമസ്സ്, ഐ.കെ. അയ്യപ്പൻ അതിയാരത്ത് എ.പി. ശങ്കരൻ, അതിയാരത്ത് ഏ.കെ. രാമൻ സഹോദരൻ അയ്യപ്പന്റെ ജേഷ്ഠപുത്രൻ കെ.കെ. കുമാരൻ വൈദ്യർ, കെ.കെ. പാപ്പു മാസ്റ്റർ, കരിയാട്ടു പൈലി എന്നിവരെ സ്മരിക്കപ്പെടേണ്ടതാണ്. രാജ്യത്താകെ ഉയർന്നുവന്നിട്ടുള്ള ജന്മിത്വത്തിനും നാടുവാഴിത്വത്തിനും എതിരായിട്ടുള്ള പോരാട്ടം നമ്മുടെ പഞ്ചായത്തിൽ വിവിധരൂപത്തിൽ അലയടിച്ചു. ഇവയെല്ലാം തന്നെ സാമൂജത്വത്തിനെതിരായിട്ടുള്ള ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായി തീർന്നു. ഇത്തരം സമരങ്ങൾ നമ്മുടെ പഞ്ചായത്തിലെ ട്രേഡുയൂണിയൻ കർഷക പ്രസ്ഥാനങ്ങൾക്ക് അടിത്തറ പാകി. ഭൂപരിഷ്കരണ നിയമത്തെ തുടർന്ന് നമ്മുടെ പഞ്ചായത്തിലെ ഭൂമികൾ കർഷകർക്കും കർഷകതൊഴിലാളികൾക്കും ലഭിച്ചതിന്റെ ഭാഗമായി അവർ ഭൂമിയുടെ അവകാശികളായി മാറി. സ്വന്തമായി ഭൂമി ലഭിച്ചതിനെ തുടർന്ന് കർഷകർ ഉത്സാഹപൂർവ്വം കാർഷിക മേഖലയിൽ ശ്രദ്ധ പതിപ്പിക്കുകയും ഉല്പാദനരംഗത്ത് വലിയൊരു കുതിച്ചു ചാട്ടത്തിന് ഇടയാക്കുകയും ചെയ്തു.

പഴയ കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്നു മാള. പട്ടയമുള്ളവർക്ക് വോട്ടവകാശം ഉണ്ടായിരുന്ന കാലത്ത് മാള ടൗണിൽ ഒരു വില്ലേജ് കോടതിയുണ്ടായിരുന്നു. പ്രായപൂർത്തി വോട്ടവകാശം വന്നതോടുകൂടി 1953 ആഗസ്റ്റ് 15ന് ഇന്നത്തെ മാള പഞ്ചായത്ത് നിലവിൽ വന്നു. ആദ്യത്തെ പ്രസിഡണ്ട് ശ്രീ ഏ.ഡി. ജോസഫ് ആയിരുന്നു. തുടർന്ന് ശ്രീ. ഏ.എം. അലിമാസ്റ്റർ, കെ.കെ. ഗോപാലൻ, പി.ടി. തോമൻകുട്ടി, പി.കെ. ചന്ദ്രൻ, വർഗ്ഗീസ് പള്ളിപ്പാട്ടു എന്നിവരായിരുന്നു. പുതിയ പഞ്ചായത്ത്‌രാജ് പ്രകാരം ഈ പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുകയാണ്. പ്രഥമ വനിത ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സുഹ്റബാവയാണ്.

മാള മുഹ്‌ലിദ്ദീൻ പള്ളി





കോട്ടയ്ക്കൽ പള്ളി



ചക്കാംപറമ്പ് അമ്പലം



സിനഗോഗ്

മാള കടവ്





പാമ്പുമേക്കാട് മന

# ഭൂപ്രകൃതി

## (അവലംബം നടന്നുകാണൽ)

മാള ഗ്രാമപഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് നാലായി തരംതിരിക്കാം.

1. കുന്നിൻ പ്രദേശം
2. ചെരിവ് പ്രദേശം
3. സമതലം
4. ചതുപ്പു പ്രദേശങ്ങൾ

**1. കുന്നിൻ പ്രദേശം**

പഞ്ചായത്തിന്റെ തെക്ക് കിഴക്കൻ പ്രദേശങ്ങൾ വലിയപറമ്പ്, അമ്പലക്കുന്ന്, കുടകുത്തുകുന്ന്, മോഡൻ കുന്ന് എന്നീ കുന്നുകളും വടക്കൻ പ്രദേശങ്ങളിൽ കോൾക്കുന്ന് കാട്ടിക്കരക്കുന്ന് എന്നീ കുന്നുകളും ഏകദേശം മദ്ധ്യഭാഗത്ത് പടിഞ്ഞാറ് പരനാട്ടുകുന്നും സ്ഥിതി ചെയ്യുന്നു. ചരിവ് കുറവായതുകൊണ്ട് മണ്ണൊലിപ്പ് കുറവാണ്.

**2. ചരിവ് പ്രദേശം**

താരതമ്യേന കുത്തനെയുള്ള ചരിവുകളില്ല. അതുകൊണ്ട് കുന്നുകളും സമതലങ്ങളും ബന്ധപ്പെട്ടുകിടക്കുന്നു.

**3. സമതലം**

മാളയുടെ കൃഷിഭൂമിയുടെ 90% സമതലങ്ങളിൽ സ്ഥിതിചെയ്യുന്നു. ഈ സമതലങ്ങളിലാണ് നെൽ വയലുകൾ മിക്കവാറും തോടുകൾ, കുളങ്ങൾ മുതലായ ജലസ്രോതസ്സുകളും സംഭരണികളും സമതലങ്ങളിൽ സ്ഥിതിചെയ്യുന്നു. കുന്നുകളിൽ ചരൽമണ്ണും ചെമ്മണ്ണും സമതലങ്ങളിൽ, പറമ്പുകളിൽ പശകലർന്ന ചെമ്മണ്ണും പശാവരാശി മണ്ണും, വയലുകളിൽ ചളിമണ്ണും മണലും ചളിയും കലർന്ന മണ്ണുമാണ് കാണുന്നത്.

കാലവർഷവും തുലാവർഷവുമാണ് ജലലഭ്യതക്കുള്ള മാർഗ്ഗങ്ങൾ. കുന്നിൻ പ്രദേശത്തും ചരിവുകളിലും സമതലങ്ങളിലും തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ വാഴ, ചേന, പച്ചക്കറികൾ ജാതി ഗ്രാമ്പു മുതലായ സമൃദ്ധമായി വളർന്ന് തിക്കായ സസ്യാവരണം നൽകുന്നു. മുൻകാലങ്ങളിൽ വെട്ടുകല്ല് ഖനനം നന്നായി നടന്നിരുന്നു. സമതലങ്ങളിലെ നല്ലൊരു ശതമാനം പ്രദേശങ്ങൾ വയലുകളാണ്. ഈ വയലുകളിൽ ചിറാപ്പാടം എന്നിവയിൽ മൂന്നു പൂകൃഷി നടക്കുന്നു. കാരൂർ പുഞ്ചപ്പാടം, കോച്ചില പാടം, പാങ്ങിപ്പാടം പുഞ്ചപ്പാടം എന്നീ വയലുകൾ പുഞ്ചകൃഷിക്ക് കേളി കേട്ടതാണ്. വടമപാണ്ഡിപ്പാടം മുണ്ടുകൻകൃഷിക്കും ചുണ്ടേക്കാട്ടുപാടം വട്ടൻകൃഷിക്കും മുണ്ടുകൻ കൃഷിക്കും യോജിച്ചതാണ്.

സമതലങ്ങളിൽ കൂടി പോകുന്ന തൃശൂർ–മാള റോഡ് ആളൂർ അഷ്ടമിച്ചിറക്കൂടി മാളയിൽ വന്ന് കൃഷ്ണൻകോട്ട, പുത്തൻമാവേലിക്കര, കണക്കൻകടവ്, കുണ്ടൂർ, അന്നമനട എന്നീ പ്രദേശങ്ങളിലേക്ക് പിരിഞ്ഞുപോകുന്നു. മാള ആലുവ റൂട്ടും ഈ പ്രദേശത്തുകൂടി പോകുന്നു.

**4. ചതുപ്പു പ്രദേശങ്ങൾ**

നെയ്തക്കുടി, മുട്ടിക്കൽ, പുത്തൻചിറ, മാള പ്രൈവറ്റ് ബസ്സ് സ്റ്റാന്റിനു സമീപം തെക്കുവശം എന്നിവടങ്ങളിൽ ഉപ്പുവെള്ളം കയറിക്കിടക്കുന്നതുകൊണ്ട് ചതുപ്പുപ്രദേശങ്ങളായി അറിയപ്പെടുന്നു. പാങ്ങി (പൊക്കാളി) എന്ന നെൽകൃഷിക്കും ചെമ്മീൻകൃഷിക്കും പറ്റിയ ഭൂപ്രദേശമാണിത്. മാള പഞ്ചായത്തിനെയും പൊയ്യ പഞ്ചായത്തിനെയം വേർതിരിക്കുന്ന മാളച്ചാൽ നെയ്തക്കുടി ചുങ്കം ഭാഗത്ത് കൃഷ്ണൻ കോട്ട കായലിൽ ചേരുന്നു.

**ജനപ്രകൃതി**

മാള പഞ്ചായത്തിലെ ജനസംഖ്യ 32572 ആണ്. ഇതിൽ 16239 പുരുഷന്മാരും 16333 സ്ത്രീകളുമാണ്.വാർഡ് തിരിച്ചുള്ള കണക്കുകൾ പട്ടിക പ്രകാരംകൊടുക്കുന്നു. മൊത്തം 7651 വീടുകളാണുള്ളത്.നിരക്ഷരരുടെ എണ്ണം വളരെ കുറവാണ്. സാക്ഷരതാനിരക്ക് 98%വരും. 15 വയസ്സിനുമേൽ പ്രായമുള്ളവരിൽ 55% എസ്സ്.എസ്.എൽ.സി. പാസ്സായവരാണ്. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനെ അപേക്ഷിച്ച് കുറവാണെന്ന് കാണുന്നു.

ട്രാൻസെക്ട് 1




| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | സമ തലം | കയറ്റം | സമ തലം | ചെറിയ കയറ്റം | കുത്തനെ കയറ്റം | സമതലം | സമതലം | സമതലം | ചെറിയ കയറ്റം | സമ തലം | ചെറിയ കയറ്റം |
| മൺതരം | ചളി | ചരൽ മണ്ണ്, വെട്ടുകല്ല് കമ്മണി പ്പാറ | ചളി മണ്ണ് | ചരൽ മണ്ണ് | ചരൽമണ്ണ്, വെട്ടുകല്ല് | ചരൽ മണ്ണ് | ചളിമണ്ണ്, ചതുപ്പ് | ചളിമണ്ണ് | ചരൽമണ്ണ്, വെട്ടുകല്ല് | ചളിമ | ചരൽ മണ്ണ് |
| സസ്യാ വരണം | നെല്ല് | തെങ്ങ്, ഫലവൃ ക്ഷങ്ങൾ | നെല്ല്, തെ ങ്ങ് | തെങ്ങ്, ഫലവൃ ക്ഷങ്ങൾ | തെങ്ങ്, കവുങ്ങ്, വാഴ, പറങ്കിമാവ് | തെങ്ങ്, കവുങ്ങ്, പച്ചക്കറി, കപ്പ | നെല്ല്, കപ്പ, തെങ്ങ്, വാഴ, പച്ചക്കറി | നെല്ല് | റബർ, തെങ്ങ്, പ്ലാവ്, മാവ്, പച്ചക്കറി | നെല്ല്, തെ | തെങ്ങ്, കവുങ്ങ്, കപ്പ, വാഴ, ഫലവൃ ക്ഷങ്ങൾ |
| പരിസ്ഥിതി പ്രശ്നങ്ങൾ | വെ ള്ളം കുറവ് | കാറ്റു വീഴ്ച, കല്ലുവെട്ട് | വെ ള്ളം കുറവ് | കാറ്റു വീഴ്ച | വെള്ളമില്ല, കാറ്റു വീഴ്ച | വെള്ളം കുറവ് | വെള്ളം കുറവ് | വെള്ളം കുറവ് | കാറ്റു വീഴ്ച | | കാറ്റു വീഴ്ച |


## ട്രാൻസെക്ട് 2

മാവേലിക്കര　　　　　　　　　　　　　　　　　　　　　　മാരേക്കാട്



| | | | | | | | |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | സമതലം | ചെറിയ കയറ്റം | സമതലം | കയറ്റം | സമതലം | ചെറിയ കയറ്റം |
| മൺതരം | മണൽ കലർന്ന ചളി | ചരൽ മണ്ണ്, വെട്ടുകല്ല് | ചളിമണ്ണ് | ചരൽമണ്ണ് | ചളി | ചരൽമണ്ണ് |
| സസ്യാവരണം | നെൽ കൃഷി | തെങ്ങ്, ഫലവൃക്ഷങ്ങൾ, കവുങ്ങ്, വാഴ, പച്ചക്കറി | പൊക്കാളി കൃഷി, തെങ്ങ് | തെങ്ങ്, കവുങ്ങ്, ഫലവൃക്ഷങ്ങൾ, വാഴ | നെല്ല് | തെങ്ങ്, കവുങ്ങ്, വാഴ, ഫലവൃക്ഷങ്ങൾ |
| പരിസ്ഥിതി പ്രശ്നങ്ങൾ | വെള്ളം കുറവ് | വെട്ടുകൽ ഖനനം | ഉപ്പുവെള്ളം കാറ്റു വീഴ്ച | വെള്ളം കുറവ്, കാറ്റു വീഴ്ച | വെള്ളം കുറവ്, | വെട്ടുകൽ ഖനനം, വെള്ളം കുറവ് |

ട്രാൻസെക്ട് 3




| ഭൂപ്രകൃതി | താഴ്‌വര | കുന്ന് കയറ്റം | ഇറക്കം | ചെറിയ കയറ്റം | സമതലം ♦ | ചെറിയ കയറ്റം | സമതലം | ചെറിയ കയറ്റം | സമതലം | തോട് |
|---|---|---|---|---|---|---|---|---|---|---|
| മൺതരം | ചളിമണ്ണ് | പാറ, കണ്ണിപ്പാറ, വെട്ടുകകല്ല് | ചെങ്കല്ല് | ചെങ്കല്ല് | മണൽ കലർന്ന ചളി | ചരൽമണ്ണ്, വെട്ടുകല്ല് | ചളിമണ്ണ് | പശിമ രാശി മണ്ണ്, നരിപ്പാറ | ചളി | |
| സസ്യാവരണം | വിവിധ തരം ഫലവൃക്ഷങ്ങൾ, നെല്ല് | ഫലവവൃക്ഷങ്ങൾ, തെങ്ങ് | ഫലവവൃക്ഷങ്ങൾ, തെങ്ങ് | തെങ്ങ്, പ്ലാവ്, മാവ് | തെങ്ങ്, വയൽ, ഭാഗികം | തെങ്ങ്, ഫലവൃക്ഷങ്ങൾ | നെൽകൃഷി | തെങ്ങ്, കവുങ്ങ്, വാഴ, ഫലവൃക്ഷങ്ങൾ | നെൽകൃഷി | |
| പരിസ്ഥിതി പ്രശ്നങ്ങൾ | പാറപൊട്ടിക്കൽ | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | വയൽ നികത്തൽ | വെട്ടുകൽ ഖനനം, മണ്ണൊലിപ്പ് | വെള്ളകെട്ട് (സീസണൽ) | | ഓരു കയറൽ, വെള്ളകെട്ട് (സീസണൽ) | |

പഠനപര്യടനം പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ







# കൃഷിയും, ജലസേചനവും

മാള ഗ്രാമപഞ്ചായത്ത് കാർഷിക മേഖലയിൽ സ്ഥിതിചെയ്യുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ നെൽകൃഷിയും മദ്ധ്യത്തോടെ തെങ്ങുകൃഷിയും ആരംഭിച്ചതായി കാണാം.

തെങ്ങിനോടൊപ്പം കവുങ്ങ് നേന്ത്രവാഴ, മൈസൂർ പൂവൻ, മാവ്, പ്ലാവ്, പേര, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ പല മരങ്ങൾ എന്നിവയും ഓരോ പുരയിടങ്ങളിൽ തിങ്ങി നിന്നിരുന്നു.

ആദ്യകാലങ്ങളിലെ ഇടവിളകൾ വെറ്റിലക്കൊടി, കുരുമുളക്, പച്ചമുളക് മുതലായവും കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, ചെറുകിഴങ്ങ്, കാച്ചിൽ, നനകിഴങ്ങ്, കൂർക്ക, ചേന, ചേമ്പ്, മധുരക്കിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, മാങ്ങയിഞ്ചി എന്നിവയും സുലഭമായി കൃഷി ചെയ്തിരുന്നു. ചാമ, എള്ള്, മുതിര എന്നിവ പറമ്പുകളിലെ കണ്ടങ്ങളിലുംവയലുകളിലും കൃഷി ചെയ്യുക പതിവായിരുന്നു.പഞ്ഞപ്പുല്ല്, പയറുവർഗ്ഗങ്ങൾ, ഉഴുന്ന് എന്നിവയും കൃഷി ചെയ്യാൻ അന്നത്തെ കർഷകർക്ക് താല്പര്യമായിരുന്നു.

വെണ്ട, വഴുതിന, മത്തൻ, കുമ്പളം എന്നിവയുടെ കൃഷി കർഷകരുടെ ഹോബികൃഷിയായിരുന്നു.

പച്ചക്കറി കൃഷിയെക്കുറിയെക്കുറിച്ച് സ്മരിക്കുമ്പോൾ കുറ്റിപ്പുറത്തു കേശവൻ നായരുടെ രണ്ടുവരിക്കവിത ഇവിടെ സ്മരിക്കട്ടെ.

ആൺപൂവിടും കുമ്പളവള്ളിയെക്കണ്ടാ–

മോദമുൾക്കൊണ്ടവൾനിന്നുപോയി

കൂടാതെ കുന്നിൻ മുകളിലും ചരുവുകളിലും സമതലങ്ങളിലെ പറമ്പുകളിലെ മൂലകളിലും അതിരുകളിലും ഇല്ലിപട്ടിൽ, ഇഞ്ചിപ്പുല്ല്, ചാടൻപുല്ല്, തുലാപ്പുല്ല്, കുവ, കാടുചേന, കാട്ടുചേമ്പ്, പുല്ലാനി ഇഞ്ചവല്ലം എന്നിവ സർവ്വസാധാരണമായിരുന്നു. നിരോലി, ഈടാമിക്കി, ഒടുച്ചുകുത്തി, കമ്മട്ടി, കുരുട്ടുപാല, പെരു എന്നിവ തിക്കായി വളരുന്ന മുക്കുവൂലകൾ കാവുകൾ പാറുവള്ളി അമൃത് മുതലായവ കൊണ്ടുള്ള വള്ളിക്കുടിലുകളും എവിടെയും ദൃശ്യമായിരുന്നു. പുണ്ട മരോട്ടി ആവണക്ക്, വേപ്പ്, എന്നീപ്രത്യേകതരം എണ്ണകൾ പ്രദാനം ചെയ്യുന്ന എണ്ണക്കുരമരങ്ങളും ഇല്ലാത്ത പുരയിടങ്ങൾ കുറവായിരുന്നു. പച്ചപ്പട്ടു വിരിച്ചപോലെയുള്ള പുൽമേടുകളും അവിടെ മേഞ്ഞിരുന്ന കാലികൂട്ടങ്ങളും സമൃദ്ധിയുടെയും സംതൃപ്തിയുടെയും കാഴ്ചയായിരുന്നു.

മുല്ല, പീച്ചകം, കോഴിവാലൻ ചെടി, പുഷ്കര മുല്ല, ചെമ്പകം, ചെത്തി, പനിനീർ കൂർക്ക, അരളി, ആടലോടകം, ചെമ്പരത്തി പ്ലാവില ച്ചെടി, അശോകം, പാരിജാതകം മുതലായ ചെടികൾ വീട്ടുമുറ്റത്തെയും പരിസരത്തെയും അലങ്കരിച്ചിരുന്നു. വിവിധതരം പുല്ലിനങ്ങളും ഔഷധചെടികളും തൊടികൾക്ക് സാന്ദ്രമായ സസ്യാവരണം പ്രദാനം ചെയ്തു. മൊട്ടക്കുന്നുകളും പുൽമേടുകളും വിവിധതരം കുറ്റിക്കാടുകളും അവിടെ മേഞ്ഞിരുന്ന ആട്ടിൻപ്പറ്റങ്ങളും മറ്റൊരു കാഴ്ച തന്നെ.

പ്രധാനകുന്നുകൾ

കൊടവത്തുകുന്നു വലിയപറമ്പ് അമ്പലക്കുന്ന് മോഡൻകുന്ന് കാട്ടിക്കരക്കുന്ന് കോൾക്കുന്ന് പരനാട്ടുകുന്ന് എന്നിവയാണ്.

ഈ പഞ്ചായത്തിന്റെ തെക്കുക്കിഴക്കൻ പ്രദേശങ്ങളെ ടിപ്പുവിന്റെ കോട്ട വലയം ചെയ്തിരുന്നു. ഇതിന്റെ പരിസരം തരിശുഭൂമികളും പുറമ്പോക്ക് ഭൂമികളും ആയിരുന്നു.

ഈ പഞ്ചായത്തിലെ വയലുകൾ ഇവയാണ്. കോട്ടപാടം, തവളപ്പാടം ചാരുപടിപ്പാടം കോട്ടപ്പാടം പുല്ലം കുളങ്ങരപ്പാടം (ചുണ്ടേക്കാട്ടപാടം) പാണ്ടിപാടം ഉതിയേലിപ്പാടം കരിങ്കുളം മങ്കുഴിപ്പാടം, വടമവടാപ്പാടം, ചെറാപ്പാടം, ചേരപ്പാടം, കൊച്ചിലിപ്പാടം, കെങ്ങപ്പാടം, മാവേലിപ്പാടം, കാരൂർ പുഞ്ചപ്പാടം കൂരയച്ചിറപ്പാടം, കട്ടപ്പാടം, വാണിയംപാടം പരനാട്ടുകുന്നുപാടം പുഞ്ചപ്പാടം എന്നറിയപ്പെടുന്ന പാടം. മുതലായവയാണ്.

ഈ പഞ്ചായത്തിന്റെ പ്രധാന ജലസ്രോതസ്സ് ജൂൺ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന മഴയും ചാലക്കുടി പുഴയുമാണ്. ഒരുകിലോ മീറ്റർ കിഴക്കുമാറി കാടുകുറ്റി അന്നമനട കുണ്ടൂർ പൊയ്യ എന്നീ പഞ്ചായത്തുകളിൽകൂടി ഒഴുകി ചാലക്കുടി പുഴകൊടുങ്ങല്ലൂർ കായലിലും അവിടെ നിന്ന് അഴിക്കോട് വെച്ച് അറബിക്കടലിലും പതിക്കുന്നു..

കൂടാതെ വൈന്തോട് ചിറയിൽ നിന്നാരംഭിച്ച് പുത്തൻചിറ പഞ്ചായത്തിൽ കൂടി കടന്ന് കരിങ്ങോൾ ചിറയിലെത്തുന്ന പെരുന്തോട്, കരിങ്ങോൾ ചറതോടും അതിശാഖാ തോടായ മുരിക്കൻതോട്, വെരുന്തോടിന്റെ ശാഖ, തോട്ടുപുറം ക

ടവ് വരെയെത്തുന്നു. കണിച്ചാംതുറയിൽ നിന്നാരംഭിച്ച് ചാരുപടി ചാലിൽകൂടി മാളച്ചാലിൽ എത്തുന്ന വയിന്തോട്, മാളച്ചാൽ, നെയ്തുക്കുടി, പറങ്കിത്തോട് കൊച്ചിലിപ്പാടം തോട്, കെങ്ങപ്പാടം തോട്, കരിക്കാടുചാൽ പഴുക്കരപുഞ്ചപ്പാടത്തുകൂടി ഒഴുകിചാലക്കുടി പുഴയിലെത്തുന്ന പറയംതോട്. കുറവൻചിറയിൽനിന്ന് കുരുങ്ങോൻ ചാലിൽ എത്തുന്ന ചാങ്ങിപ്പാടം തോട് ചുണ്ടേക്കാട് പാടത്തുനിന്ന് പെരുത്തോടിന്റെ ശാഖയിൽ പതിക്കുന്ന തോട്. ഈ തോട് പൊട്ടച്ചിറ, തൊയേലി, മാങ്കുഴി എന്നീവയലുകളിൽ കൂടിയും 12-5 എന്നീ വാർഡുകളിലെകരകളെ സ്പർശിച്ചും ഒഴുകുന്നു. കൂടാതെ മേൽപറഞ്ഞ തോടുകൾക്ക് ശാഖതോടുകളും വയലുകളിൽ നെടുകേയും കുറുകെയും മറ്റുതോടുകളും കുളങ്ങളും ഉണ്ട്. ഇവയെല്ലാം തന്നെ ആവശ്യമായ സംരക്ഷണമില്ലാതെ കിടക്കുകയാണ്.

പറമ്പുകളിലെ കിണറുകളും കുളങ്ങളും പറമ്പുകൃഷി നനക്കുന്നതിനു ഉപയോഗപ്പെടുത്തുന്നു. ഈ പ്രധാന തോടുകളിലും ശാഖകളിലും വെള്ളം നിറച്ചിട്ടാൽ വേനൽക്കാലത്തു പറമ്പ് കൃഷിക്കും പുഞ്ചകൃഷിക്കും മറ്റു ജലസേചനത്തിന് ഉപകരിക്കും.

കരിങ്ങേകൾ ചിറബണ്ട് 4-4-12 5 വാർഡുകളിലെ വയലുകളിൽ ഉപ്പുവെള്ളം കടക്കാതെ തടയുന്നു. മാളചാൽ ബണ്ട് മാള പുഞ്ചാപ്പാടം വയലുകളെയും ഉപ്പുവെള്ളം കയറാതെ സംരക്ഷിക്കുന്നു. പണ്ട് വയലുകളിൽ കൃഷിചെയ്തിരുന്ന നാടൻ വിത്തുകൾ തഴെ പറയുന്നവയാണ്. നൊവ്വ, ചീര, ചീമ നവര അരുവകരി ഓണവട്ടൻ, എരുമക്കാരി ആര്യൻ തവളകണ്ണൻ കൊടിയൻ മുണ്ടകൻ വെള്ളമുണ്ടകൻ, അതിയൻ, ചെമ്പാവ്, കുട്ടാടൻ, ചിറ്റേനി,പട്ടാമ്പി പാലക്കാടൻ മട്ട, പൊച്ചമണി എന്നിവയാണ്.

കിണറുജലം കൈത്തേക്ക്, കാളത്തേക്ക് മുതലായവ മുഖേന തേവി പറമ്പുകൾ നനക്കുകയും ഞാല് തേമാലി എന്നിവ വിതക്കുവാൻ കർഷകരും കർഷകത്തൊഴിലാളികളും ബദ്ധശ്രദ്ധരായിരുന്നു.

പാടങ്ങളിൽ വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ കൃഷികളായിരുന്നു.

വലിയ പറമ്പ് കുന്ന് പരനാട്ടുകുന്ന് കാട്ടികര കുന്ന്, കോൾകുന്ന് എന്ന് കുന്നുകളിലും ചരവുകളിലും ചരൽമണ്ണും ചുവന്നമണ്ണുമാണ്. സമതലങ്ങളിലും ചുമന്ന മണ്ണുണ്ട്. എന്നാൽ പശമണ്ണുംപശിമരാശി മണ്ണുമാണ് കൂടുതൽ. ചളിമണ്ണും ചളിയും മണലും കലർന്ന മണ്ണും വയലുകളിൽ കാണപ്പെടുന്നു. ചുണ്ടേക്കാട്ടുപാടത്തും വടമപാടത്തും മണൽ നിറഞ്ഞ മണ്ണ് കൂടുതലാണ്. പാണ്ടിപ്പാടത്തു ചളിമണ്ണാണ്. കൂടുതൽ വെള്ളം കെട്ടിനില്ക്കുന്ന സ്ഥലവുമാണ്. വേനക്ക് കട്ട വിള്ളുന്നു.

പാണ്ടിപ്പാടം, പുഞ്ചപ്പാടം എന്നീ പാടങ്ങളിൽ ചക്രം വേത്തു, കയറ്റുകൊട്ട മുതലായവ മുഖേന ജലസേചനം നടത്തി പുഞ്ചകൃഷി ചെയ്തിരുന്നു.

1960കളിൽ ജപ്പാൻ മോഡൽ കൃഷിയും മറ്റു ശാസ്ത്രീയ അത്യുല്പാദനവിത്തുകളുടെ അടിച്ചുകയറ്റവും പഴയ നാടൻ നെല്ലുവിത്തുകൾ അപ്രത്യക്ഷമാവാൻ കാരണമായി

പട്ടിക 1 വിളനെല്ല്, കൃഷിഭവൻ രേഖ

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1 | വിരിപ്പ് | 490ഹെ. |
| 2. | മുണ്ടകൻ | 532ഹെ |
| 3. | പുഞ്ച | 190ഹെ. |

പട്ടിക 2

വിളകൾ ഇടവിളകൾ കൃഷിഭവൻരേഖ

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1. | തെങ്ങ് 309280, 247807 കാറ്റുവീഴ്ച | 1755ഹെ. |
| 2. | വാഴ | 536 ഹെ. |
| 3. | കുരുമുളക് | 428ഹെ. |
| 4. | കവുങ്ങ് | 426ഹെ. |
| 5. | കശുമാവ് | 40 ഹെ |
| 6. | ജാതി | 162ഹെ. |
| 7. | പയർവർഗ്ഗങ്ങൾ | 111ഹെ. |
| 8. | പച്ചക്കറി | 142 ഹെ. |

കൃഷിഭവൻ വഴി വിതരണം ചെയ്തവ

| | | |
|---|---|---|
| 1. | പമ്പുസെറ്റ് | 66 എണ്ണം |

| | | |
|---|---|---|
| 2. | റോക്കർ സ്പെയർ | 9 എണ്ണം |
| 3. | തെങ്ങുകയറ്റയന്ത്രം | 1 എണ്ണം |
| 4. | കിണർ | 65 എണ്ണം |
| 5. | നടീൽ വസ്തുക്കൾ | |
| | തെങ്ങ് | 1708 എണ്ണം |
| | ഫലവൃക്ഷതൈ | 240 എണ്ണം |
| | ഗ്രാമ്പു | 100 എണ്ണം |
| | കറുകപ്പട്ട | 30 എണ്ണം |

ഇന്ന് പഞ്ചായത്തിന്റെ എല്ലാ മുക്കുമൂലകളിലും തെങ്ങും കവുങ്ങും മറ്റു കൃഷികളും സർവ്വസാധാരണമാണ്. ജാതി ഗ്രാമ്പു മുതലായ കൃഷികളുമുണ്ട്.

മുൻകാലങ്ങളിൽ നെല്ലു രണ്ടും, മൂന്നും പൂ കൃഷി ചെയ്തിരുന്ന വയലുകളായിരുന്നു മിക്കതും. അതുപോലെ നാളികേരവും അടക്കയും നാണ്യവിളകളായും - നെല്ലും നാളികേരവും ഇവിടത്തെ കർഷകന്റെ ഒരു മടിശീലയായിരുന്നു. മഴയും ജലസ്രോതസ്സുകളുമാണ് അതിനെ സഹായിച്ചിരുന്നത്. ഇന്ന് തെങ്ങും കവുങ്ങും രോഗങ്ങൾമൂലം അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. ജലസ്രോതസ്സുകൾ കുറഞ്ഞു വരുന്നു എന്നതും കൃഷിയെ സാരമായി ബാധിക്കുന്ന വസ്തുതകളാണ്.

പറമ്പുകളും പാടങ്ങളും അധീനപ്പെടുത്തിയിരുന്നത് ജന്മികളും മനകളും സ്വരൂപങ്ങളുമായിരുന്നു.

ജന്മി - കുടിയാൻ - കൃഷിപ്പണിക്കാരൻ എന്നീങ്ങനെ മൂന്നു തട്ടിലുള്ള ഒരു കൃഷി മാനേജമെന്റാണ് അന്നുണ്ടായിരുന്നത്. കുടിയാന്റെ പറമ്പിൽ തന്നെയായിരുന്നു കൃഷിപ്പണിക്കാരന്റെ വീട്.

സമയത്തിന് നിലമൊരുക്കി വിതയും നടീലും നടത്തി തക്കസമയത്തു വളവും വെള്ളവും നല്കി ഒരു മണിയും നഷ്ടപ്പെടാതെ സമയത്തുതന്നെ കൊയ്തു നെല്ലുണക്കി അറയിലാക്കാൻ അന്നു സാധിച്ചിരുന്നു. അതുപോലെ വൈക്കോൽ ഉണക്കി സൂക്ഷിക്കാനും. വൈക്കോൽ ഉണക്കി തല്ലി വൈക്കോൽ നെല്ല് എടുത്തിരുന്നു. കൃഷിപ്പണിക്കാർക്കു ഓണവല്ലിയും മറ്റും ഓണത്തിന് നല്കിയിരുന്നു

പറമ്പിൽ വേനലിന്റെ വരവോടെ പൊലി തട്ടി നനകൂട്ടാൻ കൃഷിപ്പണിക്കാരൻ വളരെ ശുഷ്കാന്തികാണിച്ചിരുന്നു. വർഷക്കാലപണികൾ തേങ്ങയിടൽ പൈങ്ങവലിയെല്ലാം എളുപ്പമായിരുന്നു. കൃഷിക്കാരനും കൃഷിപ്പണിക്കാരനും തമ്മിലുള്ള സഹകരണം വളരെ ഹൃദ്യമായിരുന്നു.

വയലുകൾ, കുളങ്ങൾ, തോടുകൾ മുതലായ നികത്തുവാൻ ജന്മികളും ഒരിക്കലും സമ്മതിച്ചിരുന്നില്ല. കുളം, തോടുകൾ മുതലായവ നിലനിന്നിരുന്നതുകൊണ്ട് പച്ചക്കറി പാടങ്ങൾ അന്ന് സർവ്വസാധാരണമായിരുന്നു.

പാട്ടക്കുടിയായ്മ നിയമസംരക്ഷണം കടാശ്വാസ ബിൽ എന്നീ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടെ ജന്മികളുടെ അധീനത്തിൽ നിന്ന് ഭൂമികൾ കർഷകരുടേതായി. ഈ കാലയളവിൽ ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേക്കും ഈ പ്രക്രിയ കൈമാറ്റമായി. വയലുകളും പറമ്പുകളും തുണ്ടു ഭൂമികളായി പരിണമിക്കാനും നിലങ്ങളും കുളങ്ങളും നീർചാലുകളും നികത്തി തുടങ്ങാനും തുടങ്ങി. വയലുകളിലെ ചണ്ടിയും പായലും നിറഞ്ഞ പുറമ്പോക്കുകൾ കയ്യേറപ്പെട്ടു. വഴിയോരങ്ങളും ടിപ്പുസുൽത്താന്റെ കോട്ടയും പരിസരവും കയ്യേറ്റത്തിന് വിധേയമായി.

വയലുകൾ നികത്തി തെങ്ങുകൃഷി തുടങ്ങി. നാളികേരത്തിന് വിലക്കൂടുകയും നെല്ലിന് താരതമ്യേന താഴ്ന്നവിലയുമായി. അതോടെ പകുതി നെല്പാടങ്ങളും നികത്തിയതായി കാണുന്നു. അമിതമായ രാസവള പ്രയോഗം മുമ്പേ തന്നെ വയലുകളും ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തി.

ചൂണ്ടേക്കാട്ടുപാടം, കട്ടപ്പാടം, കാറൂർപുഞ്ചപ്പാടം എന്നിവ നികത്തൽ ഭീഷണി അനുഭവപ്പെടുന്ന ചില നെൽവയലുകളാണ്.

ജനസംഖ്യാ വർദ്ധവ്, പാർപ്പിടസൗകര്യങ്ങളുടെ അഭാവം കെട്ടിടനിർമ്മാണത്തിന്റെ ആധിക്യം ഭൂമിയുടെ ക്രമാതീതമായ വില എന്നിവയും നികത്തു ഭീഷണിക്ക് ഹേതുവാണ്. 1994-95 കാലങ്ങളിൽ JCB Tripper മുതലായ ഹൈഡ്രോളിക്ക് യന്ത്രങ്ങളുടെ കടന്നുവരവ് വയലുകളും ജലസ്രോതസ്സുകളും ധൃതഗതിയിൽ നികത്താൻ തുടങ്ങിയിട്ടുണ്ട്.

കൃഷി ഭൂമിയുടെ തുണ്ടുവൽക്കരണം പറമ്പുകളിൽ കിണറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും പമ്പ് സെറ്റുപയോഗിച്ചുള്ള ജലസേചന വർദ്ധമാനമായ തോതിൽ ഭൂമിയിലെ Water Deposit പുറത്ത് കൊണ്ടുവരാൻ കാരണമാക്കുന്നു. കൂടാതെ

ചാലക്കുടിപ്പുഴ കൂടുതൽ താഴോട്ടുപോയതും ജല സ്രോതസ്സ് നഷ്ടമാക്കാൻ കാരണമാണ്. മാർച്ച് മാസം മുതൽ പറമ്പുകൃഷിയും പുഞ്ചകൃഷിയും ഉണങ്ങി നശിക്കാൻ കാരണമാകുന്നു.

ഈ രംഗത്തു കർഷർക്കു പ്രതീക്ഷ നല്കുന്ന അഷ്ടമിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ എത്രയുംവേഗം പൂർത്തീകരിക്കേണ്ടതാണ്. ചാലക്കുടി ഇറിഗേഷൻ കനാലിൽ കൂടി ഫെബ്രുവരി മാർച്ച് മാസങ്ങളിൽ വെള്ളമൊഴുക്കി പുത്തൻ ചിറ പെരുത്തോട്ടിലെക്കും മറ്റു ബന്ധപ്പെട്ടതോടുകളിലേക്കും തിരിച്ചുവിടുക. പ്രധാനമന്ത്രിയുടെ പദ്ധതികളിൽപ്പെട്ട കരിങ്ങാചിറ പാണ്ടിപാടം പദ്ധതി പുത്തൻ ചിറ പദ്ധതിയും ജലസ്രോതസ്സ് സംരക്ഷിക്കാൻ സഹായമാണ്. ഓരോ വാർഡിലും നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്റ്റുകളുടെ പൂർത്തീകരണവും പുതിയവയടെ നിർമ്മാണവും കാർഷികവൃത്തി സുഗമമാക്കുന്നതാണ്.

കാർഷികവൃത്തിയെ നേരിടുന്ന ഗുരുതരമായ മറ്റൊരു പ്രശ്നം ആധുനിക വിദ്യാഭ്യാസം ലഭ്യമായതോടെ കർഷകതൊഴിലാളികളുടെ പിൻ തലമുറക്കാർ മറ്റു മേഖലകളെ സ്വീകാര്യമായി കണ്ടതാണ്. കൃഷിക്ക് തൊഴിൽ മാന്യത നഷ്ടപ്പെട്ടതും വേറെ കാരണമാണ്. കെട്ടിടനിർമ്മാണം ഓടു നിർമ്മാണം എന്നീമേഖലകളിലേക്കുള്ള ഒഴുക്കും കാർഷികവൃത്തി നേരിടുന്ന ഭീഷണിയാണ്. കാർഷികവൃത്തിക്കുള്ള കൂലി വർദ്ധനയും കർഷകനെ വിഷമിപ്പിക്കുന്നു.

മുൻകാലങ്ങളിൽ കൊയ്തൊഴിഞ്ഞ പാടങ്ങളിൽ കൂട്ടം കൂട്ടമായി മേഞ്ഞു നടന്നിരുന്ന കാലികൾ വയലുകൾക്ക് ജൈവവളം പ്രദാനം ചെയ്തുവന്നു. തൊഴുത്തുകൾ നിറയെ കാലികളെ വളർത്തിയിരുന്നതുമൂലം ജൈവവളം കർഷകനു ധാരാളം ലഭിച്ചിരുന്നു. വിറകു ഉപയോഗിച്ചിരുന്ന ആ കാലഘട്ടത്തിൽ ചാരത്തിനും ക്ഷാമമില്ലായിരുന്നു. ചാരത്തിന്റെ അഭാവം ഇന്ന് രോഗങ്ങളെ ക്ഷണിച്ചു വരുത്തുന്നുണ്ട്. ആട്, കോഴി മുതലായ യഥേഷ്ടം വളർത്തിയിരുന്ന ഒരു കാലമായിരുന്നു അത്.

വയലേലകളിൽ നിന്ന് തലചുമടായി കറ്റകൾ ചുമന്ന് കളങ്ങളെത്തിക്കുന്ന കാലം കടന്നുപോയി. കരകളും തുരുത്തുകളും വിവിധ വാർഡുകളെ ബന്ധിപ്പിക്കുന്ന റോഡുകളും വയലേലകളിലേക്കുള്ള അപ്പറോച്ചുറോഡുകളും ഇന്നു വന്യമായിരിക്കുന്നു.

കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം നെല്ലിന്റേയും തേങ്ങയുടെ ഉലപാദനക്ഷമത കുറച്ചു എന്നതു യാഥാർത്ഥ്യമാണ്. പരമ്പരാഗതമായി തങ്ങൾക്കു ലഭിച്ച കാർഷികവൃത്തി ഇന്ന് ഒരു ജീവിത മാർഗ്ഗമോ അദ്ധ്വാനത്തിനുള്ള ഫലം പ്രദാനം ചെയ്യുന്നതോ അല്ലെങ്കിലും മുൻതലമുറക്ക് ക്ഷേമാശൈര്യങ്ങൾ നല്കിയതാണല്ലോ എന്നോർത്തു കൈവിടാതെ സൂക്ഷിക്കുന്നത് 45–50 വയസ്സിന് മേലുള്ള ഒരു ജനവിഭാഗം മാത്രമാണ്. ആ പ്രായപരിധിക്ക് താഴെയുള്ളവർക്കു യാതൊരു പ്രശ്നമേയല്ല. ആധുനികവിദ്യാഭ്യാസ സമ്പ്രദായവും പ്രതീക്ഷയിലുള്ള വൈറ്റ് കോളർ ജോബും ഇതിന് കാരണമാകാം.

ജലസേചനത്തിനുള്ള അസൗകര്യവും, കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവ്, പ്രത്യേകിച്ച് നാളികേരത്തിന്റെ വിലക്കുറവ് തൊഴിലാളികളുടെ കൂലിവർദ്ധന, കൃഷിത്തൊഴിലാളികളുടെ കമ്മി എന്നീ കാര്യങ്ങൾ ചെറുകിട കർഷകരെ കാർഷികവൃത്തി ഉപേക്ഷിക്കാൻ പോലും പ്രേരിപ്പിക്കുന്ന എന്നത് ഒരു തിക്തയാഥാർത്ഥ്യമാണ്.

കൃഷി രോഗങ്ങൾ വർദ്ധിച്ചു വന്നതോടെ നാടൻ നെൽവിത്തനങ്ങളും നാടൻ വിത്തുതേങ്ങയും ആണ് ഇന്ന കർഷകൻ ഇഷ്ടപ്പെടുന്നത്. രോഗങ്ങളോടും കാലാവസ്ഥയോടും മല്ലിടുവാൻ ഇത്തരം വിത്തുകൾക്ക് സാധിക്കുമെന്ന വിശ്വാസമാകാം ഇതിന് കാരണം.

കർഷത്തൊഴിലാളികൾ രംഗത്തുനിന്നും അപ്രത്യക്ഷമാകുന്നതോടെ ബദൽ സംവിധാനമായി ട്രാക്ടർ ട്രില്ലർ, മെതി യന്ത്രം, കൊയ്തതുയന്ത്രം സ്പ്രേയർ മുതലായ യന്ത്രങ്ങളുടെ ഉപയോഗം കർഷകരുടെ ഇടയിൽ നാമ മാത്രമാണ്. പാടശേഖര സമൂഹങ്ങളോ കർഷകസമിതികളോ ഈ വിഷയത്തിൽ അവസരോചിതം ഉണർന്നു പ്രവർത്തിക്കുന്നതനുസരിച്ചാണ് ഈ രംഗത്തുള്ള പുരോഗതിക്ക് നിദാനം.

അനുബന്ധ തൊഴിലായ കാലിവളർത്തൽ കർഷകന് എളുപ്പമായി അനുഭവപ്പെടണം. മുൻകാലങ്ങളിൽ കമ്പോസ്റ്റ് വളം നിർമ്മാണം വീടുകളിൽ പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. രാസവളങ്ങളുടെ കടന്നുകയറ്റം ഈ കണ്ണി നഷ്ടപ്പെടുത്തി.

ഈ പഞ്ചായത്തിലെ കൃഷിഭവൻ വടമയിലെ പുതിയ കെട്ടിടത്തിലാണ്.

1957 മുതൽ 1960 വരെ NES ബ്ലോക്ക് വലിയ പറമ്പ് വഴിയാണ് കൃഷിക്കും മൃഗസംരക്ഷണത്തി

നും ആവശ്യമായ നിർദ്ദേശങ്ങളും വളങ്ങളും പ്രദാനം ചെയ്തിരുന്നത്.

ഒരു അഗ്രോ ക്ലിനിക്ക് ഈ പഞ്ചായത്തിലില്ല. വാർഡുതോറും ക്ലിനിക്കുകൾ ആവശ്യമാണെന്നാണ് ഗ്രാമസഭകളുടെ ആവശ്യം.

**രാസവളവിപണനം**

അണ്ണല്ലൂർ ആനപ്പാറ അഷ്ടമിച്ചിറ മാള വലിയപറമ്പ് എന്നീ പ്രദേശങ്ങളിൽ സഹകരണ മേഖലയിലും വടമ അഷ്ടമിച്ചിറ മാള എന്നീ പ്രദേശങ്ങൾ സ്വകാര്യ മേഖലയിലും രാസവള വിപണന കേന്ദ്രങ്ങളുണ്ട്. കൂടാതെ രാസവളങ്ങൾ വിതരണം ചെയ്യുന്നതിന്ന് കൃഷി ഡിപ്പാർട്ടുമെന്റ് സംവിധാനം വേണം. കൃഷി ഡിപ്പാർട്ടുമെന്റ് തെരഞ്ഞെടുക്കുന്ന വിതരണം ( ടത്തേണ്ട വളം കമ്മീഷൻ ഏജന്റുകൾക്ക് കൊടുത്ത് വിതരണം നടത്തുക വഴി കർഷകന് ഗുണകരമല്ലാത്ത വളമാണ് ലഭിക്കുന്നത്. ഈ സംവിധാനം നിലനില്ക്കാൻ പാടില്ല.

**ഗ്രാമസഭകളിൽ നിന്ന് ഉയർന്നവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും**

1. ജലസേചന സൗകര്യം അപരിമിതമാണ്. കൃഷി മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. മഴ ജൂൺ മുതൽ ഒക്ടോബർ വരെ മാത്രമെ കാര്യമായി ലഭിക്കുന്നു.
2. ജലസേചനത്തിനുള്ള ബുദ്ധിമുട്ടു കൃഷി അഭിവൃദ്ധിപ്പെടുത്താൻ തടസ്സമാണ്. ഇത് കർഷകരെ കാർഷികവൃത്തി ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്നു.
3. പറമ്പുകൃഷിയിൽ ലാഭകരമാക്കാവുന്ന നേന്ത്രവാഴ, ജാതി, ഗ്രാമ്പു, വെറ്റിലക്കൊടി മുതലായ ഇടവിളകൾ മാർച്ചു മുതൽ വെള്ളം ലഭ്യമല്ലാത്തതിനാൽ ഉണങ്ങി നശിക്കുന്നു.
4. നെല്ലും വയ്ക്കോലും നഷ്ടപ്പെടാതെ കിട്ടുന്ന പുഞ്ച കൃഷി ചില വർഷങ്ങളിൽ ഉണങ്ങി നശിക്കുന്നു. വെള്ളം ലഭ്യമല്ലാത്തതുകൊണ്ട് മുൻകാലങ്ങളിൽ പുഞ്ചകൃഷി ചെയ്തിരുന്ന പാണ്ടിപ്പാടം മുതലായ വയലുകൾ ഇപ്പോൾ വെറുതെ കിടക്കുന്നു. ചുണ്ടേക്കാട്ടുപാടം മുതലായവകളിൽ മുണ്ടകൻ കൃഷിയും ഈ കാരണത്താൽ നശിക്കുന്നു.
5. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ മുതലായ ഇറക്കാനും വളം സപ്ലൈ ചെയ്യാനും കറ്റകൾ കളത്തിലെക്ക് കൊണ്ടുവരാനും വാഹനസൗകര്യത്തിനാവശ്യമായ അപറോച്ചുറോഡുകളും തുരുത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളും ആവശ്യമാണ്.
7. മൂന്നു പൂകൃഷി നടത്തുന്ന ചെറാപ്പാടത്ത് വർഷക്കാലത്തുണ്ടാകുന്ന വെള്ളം തുറന്നുവിടുവാൻ ആവശ്യമായ തോടുകളും നിർഗമന ചാലുകളും വേണം.
8. വേനൽക്കാലത്തു മാള ചാലിലും കരുങ്ങു ചിറാബണ്ടിലൂടെയും ഓരു കടക്കുന്നു. പാണ്ടിപ്പാടത്തിന്റെ തെക്കെ ഭാഗങ്ങൾ ഓരു നിറഞ്ഞ് കൃഷിയോഗ്യമല്ലാതായിട്ടുണ്ട്.
9. നിലങ്ങൾ നികത്തുന്നത് നിയന്ത്രിക്കണം.
10. പാടശേഖര സമൂഹങ്ങളുടെ പ്രവർത്തനം ഊർജ്ജിതമല്ല.
11. തെങ്ങിന് വ്യാപകമായി ഉണ്ടാകുന്ന രോഗമാണ് മഞ്ഞപ്പ്, കാറ്റുവീഴ്ച, കുരുടിപ്പ് മുതലായവ
12. തെങ്ങുകയറ്റതൊഴിലാളികൾ കുറഞ്ഞുവരുന്നു.
13. കേടുവന്ന തെങ്ങ് വെട്ടിമാറ്റുന്നതിന് ഇന്നു നല്കുന്ന പ്രതിഫലം തുച്ചമാണ്.
14. തെങ്ങുക്കയറ്റകൂലി വർദ്ധിച്ചിരിക്കുന്നു. കൂടാതെ നാളികേരവും എടുക്കുന്നു.
15. കർഷകതൊഴിലാളികളുടെ കൂലി വർദ്ധിച്ചിരിക്കുന്നു. അവരുടെ സേവന നിലവാരം കുറഞ്ഞും വരുന്നു.
16. കാർഷിക തൊഴിലാളികളെ കിട്ടാനില്ല
17. നല്ല ഇനം നടീൽ വസ്തുക്കൾ ലഭ്യമല്ല
18. തേങ്ങക്ക് ന്യായമായ വില ലഭ്യമല്ല
19. കൊപ്ര വിപണനത്തിന് പ്രാദേശിക സൗകര്യമില്ല
20. പച്ചക്കറി, വാഴക്കുലകൾ എന്നിവക്ക് പ്രാദേശിക വിപണന സൗകര്യമില്ല. അതുകൊണ്ട് കർഷകനും ന്യായമായ വില ലഭിക്കുന്നില്ല.
21. വളപ്രയോഗം മണ്ണ് പരിശോധനാടിസ്ഥാനത്തിലല്ല നടക്കുന്നത്.
22. ജൈവവള പ്രയോഗം കുറഞ്ഞുവരുന്നു. കമ്പോസ്റ്റുകുഴികൾ പ്രോത്സാഹിപ്പിച്ച് കമ്പോസ്റ്റ് വളം ലഭ്യമാക്കണം.
23. ചാരം ഇന്ന് വേണ്ടത്ര ലഭ്യമല്ല. രാസവളങ്ങൾ

വേണ്ട അവസരത്തിൽ ലഭ്യമല്ല.

24. ശാസ്ത്രീയ കൃഷിരീതികൾ ഇപ്പോൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

25. കാർഷികയന്ത്രങ്ങൾ വേണ്ടത്ര ലഭ്യമല്ല

26. എലി ശല്യം വർദ്ധിച്ചിരിക്കുന്നു.

27. കൃഷിഭവന്റെ സേവനങ്ങൾ വേണ്ടപോലെ വേണ്ട അവസരത്തിൽ ലഭിക്കുന്നില്ല

28. ഗുരുതിപ്പാല കേന്ദ്രമാക്കി ഒരു രാസവള വിപണന കേന്ദ്രം വേണം.

29. ഒരു അഗ്രോ ക്ലീനിക്ക് ഇപ്പോൾ ഈ പഞ്ചായത്തിലില്ല. 12 വാർഡിലും ആവശ്യമാണെന്ന് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

30. ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു കേര വികസന സമിതി പോര. വാർഡുകൾതോറും സമിതികൾ ആവശ്യമാണ്.

ജലസേചനത്തിനുള്ള അസൗകര്യം ഇല്ലാതാക്കണം.

1. അഷ്ടമിച്ചിറ, പുത്തൻചിറ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കുക.

2. ചാലക്കുടി ഇറിഗേഷൻ പ്രോജക്റ്റ് കനാലിൽ കൂടി ഇപ്പോൾ ആളൂർ വരെ വെള്ളമെത്തുന്നുള്ളൂ. മുൻകാലങ്ങളിൽ അഷ്ടമിച്ചിറയിൽ വെള്ളമെത്തിയിരുന്നു. ഈ കനാലിന്റെ Tail End വരെ വെള്ളമെത്തിച്ച് പഞ്ചായത്തിലെ വിവിധ തോടുകളും കുളങ്ങളും പാടങ്ങളും നിറച്ചിടുക.

3. Prime Ministers Scheme-ൽ പ്പെട്ട പാണ്ടിപ്പാടം പദ്ധതി പുത്തൻ ചിറ പദ്ധതി എന്നിവ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കണം.

4. വിവിധ വാർഡുകളിലെ Minor Lift Irrigation തുടങ്ങി വെച്ചിട്ടുള്ളതും അറ്റകുറ്റ പണികൾ ആവശ്യമുള്ളതും ഉടനെ പൂർത്തികരിച്ച് അതാതു വാർഡുകളിലെ നെൽകൃഷിക്കും പറമ്പുകൃഷിക്കും ജലമെത്തിക്കുക.

5. മാനകുളം, കുറവൻചിറ, പൈങ്ങകുളം തുടങ്ങി വിവിധ വാർഡുകളിൽ പുതുതായി തുടങ്ങാൻ സാദ്ധ്യതയുള്ള പുതിയ പദ്ധതികൾക്ക് രൂപം നല്കുക.

6. ആവശ്യമായ തോടുകളിൽ തടയിണകൾ നിർമ്മിച്ച് വർഷാവസാനത്തിനുമുമ്പ് ജലസ്രോതസ്സ് സംരക്ഷിക്കുക. ഇതിന്നും Ward Man power ഉപോഗിക്കാവുന്നതാണ്.

7. പാറമടക്കുളം സൈഡുകൾ കെട്ടി ജലസംഭരണിയാക്കാവുന്നതാണ്.

31. പച്ചക്കറി എല്ലാ വീടുകളിലും പ്രോത്സാഹിപ്പിക്കുന്ന സംവിധാനം വേണം.

32. അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന നെൽവയലുകളിലെ തോടുകളുടെ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി ഉപയോഗയോഗ്യമാക്കുന്നതിന് ഓരോ വാർഡിലെയും Man Power ഉപയോഗിക്കാവുന്നതാണ്.

33. താരതമ്യേന നല്ല വിലകിട്ടുന്ന കാർഷിക വിളകളായ നേന്ത്രവാഴ, ജാതി, ഗ്രാമ്പു, ചേന പച്ചമുളക്, വെറ്റിലക്കൊടി എന്നീ കൃഷികൾ പ്രോത്സാഹിപ്പിക്കണം.

34. ഔഷധസസ്യങ്ങൾ, പൂകൃഷി, പട്ടുനൂൽ പുഴു വളർത്തൽ എന്നിവക്ക് ഈ പഞ്ചായത്തിൽ സാദ്ധ്യതകളുണ്ട്.

## ജലസേചനം

മഴയേയും, ഉപരിതലജലസ്രോതസ്സുകളായ തോട്, ചാൽ, കുളം, കിണർ എന്നിവയേയും ആശ്രയിച്ചാണ് മാളയിലെ കാർഷിക വ്യവസ്ഥ നിലനിൽക്കുന്നത്. കാലവർഷം ആരംഭിച്ച് ഒരു മാസം കഴിയുമ്പോൾ ശക്തിപ്പെടുന്ന മഴ താഴ്ന്ന പ്രദേശങ്ങളായ നെൽപ്പാടങ്ങളിൽ വെള്ളപ്പൊക്കവും, കെടുതികളും ഉണ്ടാക്കാറുണ്ട്. കട്ടപ്പാടം, കരിങ്ങാച്ചിറപ്പാടം, പാണ്ടിപ്പാടം, മാള പുഞ്ചപ്പാടം എന്നിവ ഇങ്ങനെ കെടുതികൾ അനുഭവിക്കുന്ന പ്രദേശങ്ങളാണ്.

മഴക്കാലത്തെ വെള്ളം ചാലക്കുടി പുഴവഴിയും, ചെറുതോടുകൾ വഴിയും കൊടുങ്ങല്ലൂർ കായലിൽ ചെന്നുചേരുന്നു. ഡിസംബർ മാസങ്ങളിൽ മഴതീരെ ലഭിക്കാറില്ല. ഡിസംബർ പകുതി കഴിയുമ്പോൾ പറമ്പുകളിൽ നന ആരംഭിക്കുന്നു. കാളത്തേക്ക്, തുലാത്തേക് എന്നിവ വഴി പറമ്പുകളിലും, വേർത്ത്, ചക്രം, കഴുക്കൊട്ട എന്നിവഴി പാടത്തും ജലസേചനം നടത്തിയിരുന്നത് ഇന്ന് അപൂർവ്വദൃശ്യങ്ങളായി മാറിക്കഴിഞ്ഞു. ചെറുതും വലുതമായ മോട്ടോറുകളും, എഞ്ചിനുകളും ഈ

സ്ഥാനം കൈയ്യടക്കിയിരിക്കുന്നു. കിണറുകളിലേയും, കുളങ്ങളിലേയും ജലം പരമാവധി ഉപയോഗപ്പെടുത്താനുള്ള വ്യഗ്രതയിൽ കിണറുകളുടെ എണ്ണം കൂടുകയും ഇതുമൂലം ഭൂമിയിലെ ജലവിതാനം താഴുകയും ചെയ്തിട്ടുണ്ട്. മാളയുടെ തെക്കുവശത്താറും അതിർത്തികൾ കൊടുങ്ങല്ലൂർ കായലുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ മാള, ചുങ്കം, നെയ്തക്കുടി, പരനാട്ടുകുന്ന്, കുന്നത്തുകാട്, കടുപ്പൂക്കര എന്നീ പ്രദേശങ്ങളിൽ ഉപ്പുവെള്ളം നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ വേണ്ടിവരികയം മാളച്ചാൽ പരക്കത്തോട് കരുങ്ങുചിറ ചാൽ എന്നിവടങ്ങളിൽ ഉപ്പുവെള്ളം നിയന്ത്രിക്കുന്നതിന്ബണ്ടുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നെയ്തക്കുടി, പരനാടുകുന്ന്, കുന്നത്തുകാട്, കരുങ്ങുചിറക്ക് വടക്കുള്ള ഭാഗങ്ങൾ എന്നിവടങ്ങളിൽ ഓരു കടന്ന് മണ്ണിന് ഉപ്പു രസം വന്നിട്ടുണ്ട്.

### പഞ്ചായത്തിലെ പ്രധാന ജലാശയങ്ങളും തോടുകളും

| *തോടുകൾ* | *കുളങ്ങൾ* |
|---|---|
| പെരുന്തോട് | മാനക്കുളം |
| പറയൻതോട് | കുറവൻചിറ |
| വായ്ത്തോട് | റോക്കിക്കുളം |
| പറങ്കിത്തോട് | മാളകുളം |
| വെട്ടുക വട് തോട് | നെയ്തക്കുടി കുളം |
| കാവനാട്ട് ചിറ | ആലുങ്ങാകുളം |
| കരുങ്ങുചിറ ചാൽ | മുള്ളൻ കുഴികുളം |
| കൊച്ചിലിപ്പാടം തോട് | മണികൊട്ടിക്കുളം |
| ചുണ്ടേക്കാട്പാടം തോട് | പങ്ങുക്കുളം |
| പൊട്ടച്ചിറ തോട് | ചവററിലക്കുളം |
| കോട്ടുപാടം തോട് | ഐനിക്കൽ കുളം |
| അഷ്ടമി അമ്പലം തോട് | സി.കെ. കുളം |
| കോൺവെന്റ് പുഞ്ചപ്പാടം | പോത്തുട്ടികുളം |
| അഷ്ടമിച്ചിറ P. W. D. തോട് | പുത്തൻകുളം |
| കുറവൻചിറ തോട് | പഴുചിറ |
| കെണ്ടപ്പാടം തോട് | നായ്കുളം |
| | മുരിയാൻകുളം |
| | കോട്ടുപ്പാടംകുളം |
| | കോളൂർകുളം |
| | പൊട്ടകുളം |
| | മുള്ളൻകുഴികുളം ( കുണ്ടായി) |

എന്നിവയാണ് ജലനിർഗ്ഗമന ശേഖരണമാർഗ്ഗങ്ങൾ

പഞ്ചായത്തിലെ മുഴുവൻ കർഷകരുടേയും ആശയും അഭിലാഷവുമായി നിലകൊള്ളുന്ന മുഖ്യ ജലസ്രോതസ്സ് പഞ്ചായത്തിന്റെ 8, 9, 10 എന്നീ വാർഡുകളിൽനിന്നും 1കി.മി. കിഴക്കോട്ടു മാറി കാടുകുറ്റി, അന്നമനട പഞ്ചായത്തുകളിൽ കൂടി ഒഴുകുന്ന ചാലക്കുടി പുഴയാണ്. ഈ ജലത്തിന്റെ ചെറിയ ഒരംശം മാത്രമെ വിവിധ പദ്ധതികളിലൂടെ ഈ പ്രദേശത്ത് ഉപയോഗപ്പെടുത്തുന്നുള്ളൂ. ബാക്കി വരുന്ന ജലം മുഴുവൻ അറബികടലിൽ ചെന്നുചേരുന്നു. 1994-95ൽ ആരംഭിച്ച കൊണ്ടഴിഞ്ഞാൻ മാളച്ചാൽ പദ്ധതിയും, അഷ്ടമിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും മുഴിക്കകടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ചാലക്കുടി പുഴയിൽ നിന്ന് മാള പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങളെ ക്രോഡീകരിച്ച് പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ മൂന്നായി തരംതിരിക്കാം.

1. നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണം.
2. പൂർത്തീയാകാത്ത പദ്ധതികളുടെ പൂർത്തീകരണം.
3. പുതിയ പദ്ധതികൾ നടപ്പിലാക്കൽ

പുനരുദ്ധാരണം ആവശ്യമായ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ചാലക്കുടി മേജർ ഇറിഗേഷൻ വലതുകര കനാലിൽ കൂടി വരുന്ന വെള്ളം മാള ടെയിൻ എന്റിൽ എത്താറില്ല. വെള്ളം ടെയിൻ എന്റിൽ എത്തിയാൽ മാത്രമേ ഈ പഞ്ചായത്തിലെ ജലക്ഷാമത്തിന് പരിഹാരമാവൂ. ആയതിൻ വെള്ളം എത്തിച്ചുകൊണ്ടു മാത്രമേ പരിഹരിക്കാൻ കഴിയൂ.

   *പുതുക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി*

   കൊണ്ടൊഴിഞ്ഞാൽ മാളച്ചാൽ ട്രങ്ക് കനാലിൽനിന്ന് പുതുക്കളതതിലേക്ക് എത്തുന്ന കനാലിന്റെ അറ്റകുറ്റപണികൾ നടത്താത്തുമൂലം കുളത്തിലേക്ക് വേണ്ടത്ര വെള്ളം ലഭിക്കുന്നില്ല. ഈ പദ്ധതി വേണ്ടവിധത്തിൽ നടപ്പിലായാൽ കോട്ടമുറി സ്നേഹഗിരി തുടങ്ങിയ സ്ഥലങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമത്തിന് അറുതിവരുത്താൻ സാധിക്കും.

3. 7-ാം വാർഡിലെ മോട്ടോർ സ്ഥാപിച്ചിട്ടുള്ള കുളം വിപുലീകരിച്ചാൽ സമീപത്തുള്ള കൃഷിയിടങ്ങളിൽ 3 പൂ കൃഷി ചെയ്യുവാൻ സാധിക്കും.
4. പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ

നിന്ന് ഒരു വാൽവ് 7-ാം വാർഡിന്റെ മദ്ധ്യഭാഗത്ത് സ്ഥാപിച്ചാൽ ഈ വാർഡിന്റെ മദ്ധ്യഭാഗത്ത് ഈ വാർഡിന്റെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.

5. മാള പുഞ്ചപ്പാടത്ത് ഉപ്പുജലം കയറാതിരിക്കുന്നതിന് തെക്കെച്ചിറയിലും കിഴക്കേച്ചിറയിലും നിർമ്മിച്ചിരിക്കുന് സ്ക്രെയിസുകൾ ആധുനീക രീതിയിൽ പുനർനിർമ്മിക്കണം.

6. കാട്ടിക്കരക്കുന്നിലേയും, കോൾക്കുന്നിലേയും വാട്ടർ സപ്ലൈക്ക് ഉപയോഗിച്ചിരുന്ന വാട്ടർടാങ്കും കിണറും ജലസേചനത്തിന് ഉപയോഗിക്കണം.

7. കാടപദ്ധതിയിൽപെട്ട ചെമ്പാളകർ പദ്ധതിയിൽ നിന്നു കൊണ്ടപ്പാടത്തേക്ക് വരുന്ന കനാൽ ഇപ്പോൾ നിൽക്കുന്നിടത്തുനിന്ന് ഏകദേശം 500 മീറ്റർ കൂടി നീട്ടിയാൽ 100 ഏക്കർ വരുന്ന നിലം മൂന്ന് പൂകൃഷി ചെയ്യുവാൻ സാധിക്കും.

8. കൊണ്ടാപ്പാടത്തുനിന്ന് ചാലക്കുടി പുഴയിലേക്ക് ഒഴുകുന്ന തോടും, കൊച്ചിലപ്പാടത്തുനിന്ന് പറയൻതോട്ടിലേക്ക് വെള്ളമെത്തുന്ന തോടും മണ്ണ് നിറഞ്ഞ് ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ തോടുകൾ പുനരുദ്ധരിച്ച് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കണം.

9. മുരിയാക്കുളം, കോട്ടപ്പാടംകുളം, പൊട്ടക്കുളം തുടങ്ങിയ കുളങ്ങൾ ആഴം വർദ്ധിപ്പിച്ച് അതിരുകൾ കെട്ടി കൃഷിക്കാർക്ക് വെള്ളമെത്തിക്കാന് പദ്ധതി നടപ്പിലാക്കണം.

10. പുല്ലാംകുളങ്ങര - ചുണ്ടേക്കാട്ട്പ്പാടം തോട്, അഷ്ടമിച്ചിറ പാണ്ഡിപ്പാടം തോട്, അഷ്ടമിച്ചിറ ബാറിന്റെ സമീപത്തുകൂടി പോകുന്ന തോട് എന്നിവ ഇരുവശവും കെട്ടിസംരക്ഷിക്കണം.

**പൂർത്തീകരിക്കേണ്ട പദ്ധതികൾ**

***1. അഷ്ടമിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ***

ചമ്പാളൂർ ഭാഗം പുഴയിൽ നിന്ന് വെള്ളം പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷന്റെ അതേ ട്രങ്ക് കനാലിലൂടെ പുതുതകുളത്തിൽ എത്തിച്ച അവിടെനിന്ന് റീലിഫ് ചെയ്ത് പളിയിലക്കുന്ന് വഴി അഷ്ടമിച്ചിറ - പുല്ലൻകുളങ്ങര പാടത്തെത്തുന്ന ഈ പദ്ധതിയുടെ അടങ്കൽ തുക 35.2 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ ഒന്നാം ഘട്ട പമ്പ്ഹൗസിന്റെ പണി ആരംഭിച്ചിട്ടില്ല. രണ്ടാംഘട്ടത്തിന്റെ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതി നടപ്പിലായാൽ ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന വാർഡുകൾക്കും ഗുണകരമായിരിക്കും.

***2. വടമ - പാണ്ഡിപ്പാടം പദ്ധതി***

250 ഏക്കർ നിലത്തിൽ ജലസേചന സൗകര്യം ലഭിക്കുന്ന ഈ ബണ്ട് നിർമ്മാണ പദ്ധതി 1994ൽ പണി ആരംഭിച്ചു. ഇതിന്റെ എസ്റ്റിമേറ്റ് തുക 7, 62000/- രൂപയായിരുന്നു. ഇതിന്റെ പണി പൂർതതിയാക്കണമെങ്കിൽ 3 ലക്ഷം രൂപ കൂടി ചെലവഴിക്കണം.

***3. തിരുത്തിക്കുളങ്ങര ലിഫ്റ്റ് ഇറിഗേഷൻ***

കുരുവിലശ്ശേരി ഗ്രാമവികസന സേവനസംഘത്തിൽനിന്നും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്ത ഈ പദ്ധതിക്ക് 10.4 ലക്ഷം രൂപയാണ് അടങ്കൽ തുക. 88.8 ഏക്കർ ആയ കെട്ടുള്ള ഈ പദ്ധതിക്ക് 1994ൽ പണി ആരംഭിച്ചതാണ്. ഒന്നാം ഘട്ടം പൂർത്തീകരിച്ചു. എന്നാൽ രണ്ടാം ഘട്ടം പൂർത്തീകരിച്ചിട്ടില്ല.

***4. പുതുക്കുളം ലിഫ്റ്റ് ഇറിഗേഷൻ***

കൊണ്ടൊഴിഞ്ഞാൽ - മാളച്ചാൽ കനാലിന്റെ ഒരു ശാഖ പുതുക്കുളത്തിലെത്തി അവിടെനിന്ന് റീലിഫ് ചെയ്ത് വലിയപറമ്പ് വശത്തെ 100 ഏക്കർ സ്ഥലം നനക്കുന്ന ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 1993ൽ പൂർത്തികരിച്ചു. സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 15 ലക്ഷം രൂപയായിരുന്നു. ഡിസ്ട്രിബ്യൂഷൻ കനാലിന്റെ പണി പൂർത്തിയാക്കാത്തതിനാൽ ഈ പദ്ധതിയുടെ ആയക്കെട്ട് സ്ഥലം മുഴുവൻ നനക്കുവാൻ സാധിക്കുന്നില്ല.

***5. വലിയപറമ്പ് ഹരിജൻ കോളനി മില്ല്യൻ - വെൻസ്കീം പദ്ധതി***

കനാലിന്റെ പണി മുഴുവൻ പൂർത്തീകരിച്ചിട്ടുള്ള ഈ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കിയിട്ടില്ല. സ്നേഹഗിരിയിൽ നിന്ന് ഹരിജൻ കോളനിവരെ പൈപ്പിട്ട് വെള്ളമെത്തിച്ചാൽ മാത്രമെ പദ്ധതി പൂർത്തീകരിക്കാനാവൂ.

***6. ചേരച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ***

ഷെഡ്മോട്ടാർ എന്നിവ സ്ഥാപിച്ചിട്ടുള്ളതും ടി. വെള്ളം പമ്പുചെയ്യുന്നതിന് കുളവും, കുളത്തിലേക്ക് വെള്ളം ധാരാളം വരുന്നതിന് കോൺക്രീറ്റ് പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളതു

മാണ്. ഈ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

7. ***മാളച്ചാൽ – കോട്ടമുറി – തങ്കുളം പദ്ധതി***

മാളച്ചാൽ മുതൽ കോട്ടമുറിവരെ പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ള ഈ പദ്ധതിയുടെ ഗുണം തങ്കുളം മേഘലയിലേക്ക് ലഭിക്കുന്നതിന് പൈപ്പ് അവിടെ വരെ നീട്ടണം. കൂടാതെ പദ്ധതിക്കാവശ്യമായ മോട്ടാർ സ്ഥാപിച്ച് വെള്ളമെത്തിക്കണം.

8. അണ്ണല്ലൂർ – ആനപ്പാറ ഹരിജൻ കോളനിയിൽ ജലവിതരണതതിനായി ബ്ലോക്കിൽ നിന്നും വില്ല്യമാ വെൻസീം പ്രകാരം കുളംകുത്തി എന്നാൽ പണിപൂർത്തിയായിട്ടില്ല. അത് പൂർത്തീകരിക്കണം

9. പഴുക്കര മോഡേൺ കുന്ന് ഹരിജൻ കോളനിയിൽ കൃഷിഭവൻ മുഖേന ടാങ്ക് കെട്ടി മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. സ്കീമിന്റെ പണി പൂർത്തീകരിക്കണം.

**പുതിയ പദ്ധതികൾ**

1. കൊണ്ടൊഴിഞ്ഞാൽ മാളച്ചാൽ പദ്ധതിയുടെ വെള്ളം അവിടെനിന്ന് മാളക്കുളത്തിൽ ചാടിച്ച് അവിടെനിന്ന് കട്ടപ്പാടം വഴി നെയ്തക്കുടി പാടത്തേക്കും അവിടത്തെ നെയ്തക്കുടി വെള്ളത്തിൽ ഒരു മോട്ടോർ സ്ഥാപിച്ച് വെള്ളം നെയ്തക്കുടി ചുങ്കം ഭാഗത്തേക്കും എത്തിച്ചാൽ അവിടെ അനുഭവപ്പെടുന്ന ഉപ്പു ജലഭീഷണിക്ക് പരിഹാരം കാണാനും. കട്ടപ്പാടം, നെയ്തക്കുടി പാടം എന്നിവിടങ്ങളിൽ 3 പൂ കൃഷി ചെയ്യാനും സാധിക്കും.

2. മാള – വൈന്തോട് കോട്ടമുറി തട്ടുപ്പാലം മുതൽ മാളചാൽ വരെ കനാലായി നിർമ്മാണ പ്രവർത്തനം നടത്തി കനാലിന്റെ ഒരു വശം റോഡാക്കി മാറ്റണം. ഈ കനാലിന്റെ മാളച്ചാൽ മുതൽ കാവനാട് പെണത്തറവരെയുള്ള കനാൽ റോഡ് മാള–വടമ P.W.D. റോഡിൽ എത്തിച്ചാൽ അത് ഈ പ്രദേശത്തിന്റെ മൊത്തം വളർച്ചക്കും, മാളയിലെ ഗതാഗതകുരുക്ക് അഴിക്കുന്നതിനും ഉപകരിക്കും.

3. അഷ്ടമിച്ചിറ കനാൽ പദ്ധതി പൂർത്തീകരിച്ച് ചുണ്ടേക്കാട് പാടംവഴി പഞ്ചക്കുളം കെട്ടി സംരക്ഷിച്ച് അതിൽ വെള്ളമെത്തിച്ച് അവിടെനിന്ന് പമ്പ് ഉപയോഗിച്ച് വടമ പ്രദേശത്ത് വെള്ളമെത്തിക്കണം

4. JRY 96–97 ലെ DRDA പദ്ധതിയിൽ പെടുത്തിയ വൈന്തോട് കാവനാടുചിറ കനാൽ പദ്ധതി നടപ്പിലാക്കിയാൽ കൊല്ലിക്കൽ കുനമ്പറമ്പ്, കുനമ്പറസ് ശാരങ്കപാണി കൊടവന്നുപൂവിന്റെ താഴം ക്ഷേത്രപരിസരങ്ങളിൽ വെള്ളമെത്തിക്കാൻ സാധിക്കും.

5. അഷ്ടമിച്ചിറ പദ്ധതിയിൽ നിന്നുള്ള വെള്ളം കുറമ്പൻചിറയിൽ ചാടിച്ച് അവിടെനിന്ന് കരുങ്ങുച്ചിറയിൽ എത്തിച്ചാൽ അവിടെ ജലസേചനസൗകര്യം ഏർപ്പെടുത്താൻ സാധിക്കും.

6. കണിച്ചാന്തുറയിൽ അഷ്ടമിച്ചിറ പദ്ധതിയിൽ നിന്ന് വെള്ളമെത്തിച്ച് ജലസേചനം ലഭ്യമാക്കണം.

7. പറങ്കിത്തോട് വൃത്തിയാക്കി ഷട്ടർ സ്ഥാപിക്കണം.

8. പൊട്ടച്ചിറയിൽ തടയണകെട്ടി വെള്ളം സംഭരിച്ച് കൃഷിക്ക് ലഭ്യമാക്കണം.

9. താഴ്ക്കുളം കെട്ടി സംരക്ഷിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

10. പൊട്ടച്ചിറയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കോൾക്കുന്ന് കോളനിയിലും കാട്ടിക്കരക്കുന്നിലെ കനാൽ വഴി വെള്ളമെത്തിക്കണം.

11. മാണിയം പാടത്തേക്ക് വെള്ളമെത്തിക്കുന്നതിന് പദ്ധതി നടപ്പിലാക്കണം.

12. കാലവർഷക്കാലത്ത് ചൊപ്പാടത്തെ വെള്ളം ഒഴിഞ്ഞുപോകുന്നതിന് പാടത്തിന് നടുവിൽ കൂടി തോട് നിർമ്മിക്കണം.

13. പുല്ലൻകുളങ്ങര, ചുങ്ങേപ്പാടത്തുനിന്ന് വരുന്ന വെള്ളം വരുന്നതിനും ഒഴിഞ്ഞുപോകുന്നതിനും ഉള്ള തോട് കെട്ടി ബലപ്പെടുത്തണം.

14. കൊണ്ടൊഴിഞ്ഞാൽ കനാലിൽ നിന്ന് വരുന്ന വെള്ളം ചാരുപടി വഴി അമ്പഴക്കാട് ചക്കാംപറമ്പ് പാടത്തിന്റെ അരികിൽ കൂടി കടന്നുപോകുന്ന തോടുകളിലേക്ക് തിരിച്ചുവിട്ട് ആ വെള്ളം വൈന്തോട്ടിലേക്ക് വന്നാൽ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജലവിതാനം കൂട്ടാൻ സാധിക്കും.

15. കോട്ടമുറി – കുട്ടൻകുളം പദ്ധതി

കൊണ്ടൊഴിഞ്ഞാൽ – മാളച്ചാൽ ട്രങ്ക് കനാലിൽനിന്ന് വരുന്ന ശാഖ ലിഫ്റ്റ് ചെയ്യുന്ന പദ്ധതി കൃഷിഭവൻ വഴി പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് സംഖ്യ 4 ലക്ഷം.

16. കരിക്കാട്ടുച്ചാൽ – ആലങ്ങാടുക്കുളം പദ്ധതി

കരിക്കാട്ടുചാലിൽ നിന്ന് ആലങ്ങാട്ടുകുളത്തി ലേക്ക് വെള്ളമെത്തിച്ച് അവിടെനിന്ന് കുരുവി ലശ്ശേരി പരിസരത്ത് വെള്ളമെത്തിക്കുന്ന ഈ പദ്ധതിയും കൃഷിഭവൻ മുഖേന ശുപാർശ ചെ യ്തിട്ടുണ്ട്.

17. പഴുക്കര – മുഴിക്കകടവ് പദ്ധതി

ഈ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതും 92 ലെ ബജറ്റിൽ 1632000/– വക കൊള്ളിച്ചതുമാ ണ്. എന്നാൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

18. പറയൻതോട് സൂയിസ് കം ബ്രിഡ്ജ്

ധാരളം വെള്ളമുള്ള പറയൻതോടിൽ ഒരു സു യിസ് കം ബ്രിഡ്ജ് പണിയുന്ന ഈ പദ്ധതിക്ക് സർക്കാർ അനുമതി ഉള്ളതാണ്. പണി തുട ങ്ങിട്ടില്ല.

19. കോട്ടുപ്പാടത്ത് പുതുതായി നിർമ്മിച്ച കുള ത്തിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് നിലങ്ങ ളിൽ എത്തിക്കണം

20. അഷ്ടമിച്ചിറ ലിഫ്റ്റ് ഇറിഗേഷന്റെ പൈപ്പ് ലൈൻ 11–ാം വാർഡിലേക്ക്, 1 കി.മീ. നീട്ടിയിട ണം. എന്നാൽ മാത്രമെ ഈ പദ്ധതിയിടുടെ ഗുണം ഈ വാർഡിന് ലഭിക്കുകയുള്ളു.

21. മാള മുസ്ലിം പള്ളിക്ക് സമീപം ശുദ്ധജലം ലഭ്യ മല്ല. മാളച്ചാലിൽ നിന്ന് പള്ളിക്ക് പരിസരത്ത് ശുദ്ധജലം ലഭ്യമാക്കാൻ പദ്ധതി നടപ്പിലാക്ക ണം.

22. ചുണ്ടോകാട് പാടത്തുനിന്ന് വരുന്ന തോട് സം രക്ഷിച്ച് ഡാം നിർമ്മിക്കണം.

23. പുത്തൻച്ചിറ പദ്ധതിയിൽ നിന്ന് 5–ാം വാർഡിൽ വെള്ളം ലഭിക്കുന്നതിന് കനാൽ നിർമ്മിക്കണം.

24. വടമ കുഴൽ കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ജലസേചനത്തിന് ലഭ്യമാക്കണം.

25. ചേരപ്പാടം, ഒടിഞ്ഞിലിപ്പുറം പാടം എന്നിവിട ങ്ങളിലെ വെള്ളം ഒഴുകി പോകുന്നതിന് തോട് കെട്ടി സംരക്ഷിക്കണം.

26. കൊച്ചിലപ്പാടത്ത് തോട് കെട്ടി സംരക്ഷിക്കണം.

മാള പഞ്ചായത്തിലെ ജലവിതാനവുമായി വളരെ അടുത്ത് ബന്ധമുള്ള ചാലക്കുടി പുഴയിലെ ജലവിതാനം അനുദിനം കുറഞ്ഞുവരികയാണ്. ഇ തുമൂലം മാള പഞ്ചായത്തിലെ ജലവിതാനത്തിലും കുറവുണ്ടായിട്ടുണ്ട്. ഇതിന് പരിഹാരമെന്ന നില യിൽ ചാലക്കുടി പുഴയുടെ ജലവിതാനം ഉയർത്തു വാനുള്ള നടപടികൾ ഉടൻ തന്നെ ആരംഭിക്കേണ്ട താണ്. ചാലക്കുടി പുഴയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ചാൽ പുഴ യുടെ ജലവിതാനം ഉയർത്തുവാനും, ഈ പുഴ യിൽ നിന്ന് വിവിധ പദ്ധതികൾ വഴി ലഭിക്കുന്ന ജ ലത്തിന്റെ അളവ് കൂട്ടുവാനും സാധിക്കും. കൂടാ തെ മാള പഞ്ചായത്തിലെ ഭൂജലനിരപ്പ് കൂട്ടുവാനും സാധിക്കും. ഇത് മാള അടക്കം ഒട്ടനവധി പഞ്ചായ ത്തിന്റെ വളർച്ചക്ക് ആക്കം കൂട്ടാൻ ഉതക്കുന്ന ശാ ശ്വതമായ ഒരു പരിഹാരമാണ്.

ഗ്രാമസഭയിൽ നിന്ന് ഉയർന്ന് വന്ന ഒരു പൊതു ആ വശ്യം പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്ക് ഉപ യോഗപ്രദമാകുന്ന കനാൽ തിണ്ടുകൾ നിരത്തി ഗ താഗത യോഗ്യമാക്കണം.



# മൃഗസംരക്ഷണം - മത്സ്യബന്ധനം

**മൃഗസംരക്ഷണം**

പണ്ട് കൃഷിയുടെ ഭാഗമായിരുന്ന മൃഗപരിപാലനം ഒരു തൊഴിലായി കരുതി പോന്നിരുന്നില്ല. മനുഷ്യന്റെ വളർച്ചക്കനുസരിച്ച് മൃഗപരിപാലനം ഒരു തൊഴിലായി സ്വീകരിച്ചുതുടങ്ങിയപ്പോൾ പഞ്ചായത്തിൽ പണ്ടുണ്ടായിരുന്ന മൃഗങ്ങളേക്കാൾ കുറവായി. ഗ്രാമീണ ജനതക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ദൈനംദിനവരുമാനം, പോഷക പ്രധാനമായ ഭക്ഷ്യവസ്തുക്കളായ പാൽ, മുട്ട, മാംസം മുതലായവയുടെ ഉൽപ്പാദനം ഔഷധനിർമ്മാണം ജൈവവളങ്ങൾ എന്നിവ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകളാണ്. മൃഗസംരക്ഷണമേഖലിയ്ല ഉണ്ടാവുന്ന പുരോഗതി ഗ്രാമീണ സമ്പദ്ഘടന ഉറപ്പ് വരുത്തുന്ന ഗ്രാമീണ സ്ത്രീ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ ധാരാളമാണ്. ഈ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്നത് ഏറിയ പങ്കും ഇവിടെ തന്നെ വിറ്റഴിക്കുന്നു. മുട്ട, പാൽ മാംസം എന്നിവയുടെ ആവശ്യം വർദ്ധിച്ചതോടുകൂടി നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്ത് വേണ്ടത്ര പുരോഗതിയില്ല.

**1996ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ കന്നുകാലി സെൻസസ്**

| നമ്പർ | ഇനവിവരം | എണ്ണം |
|---|---|---|
| 1. | നാടൻ പശുക്കൾ | 1025 |
| 2. | സങ്കരഇനം പശുക്കൾ | 2050 |
| 3. | എരുമ | 20 |
| 4. | ആട്ട് | 3060 |
| 5. | പന്നി | 15 |
| 6. | കോഴി | 33778 |
| 7. | താറാവ് | 573 |

**മത്സ്യബന്ധനം**

അഴിക്കോട് കൊച്ചി എന്നിവടങ്ങളിൽ നിന്ന് വെള്ളത്തിൽ മത്സ്യം മാള കടവിൽ എത്തിച്ച് വിതരയം നടത്തിയിരുന്നു. കാവുകളിലും തലചുമടുമായി മാളയിലെ സമീപപഞ്ചായത്തുകളിലും ചാലക്കുടി ഇരിഞ്ഞാലക്കുട മേഖലകളിലേക്കും കൊണ്ടുപോയിരുന്നു. ഏകദ്ദേശം 300 ഓളം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുത്തിരുന്നു. പാരമ്പര്യമായി മത്സ്യം പിടിച്ചിരുന്നവർ 125 ഓളം പേരുണ്ടായിരുന്നു. ഇപ്പോൾ മത്സ്യ വിതരണ രംഗത്ത് പഞ്ചായത്തിൽ 500 ഓളം പേരുണ്ട്. അവരുടെക്ഷേമനിധി ഫലപ്രഥമായി പ്രവർത്തിപ്പിക്കേണ്ടതുണ്ട്.

**ഗ്രാമസഭ നിർദ്ദേശങ്ങൾ**

1. 12-ാം വാർഡിൽ മാരക്കാട് ഒരു കൃത്യമ ബീജ ദാന ഉപകേന്ദ്രം സ്ഥാപിക്കണം
2. 2-ാം വാർഡ് നെയ്തക്കുടിയിൽ ഒരു വിസിറ്റിങ്ങ് സെന്റർ സ്ഥാപിക്കണം
3. പഞ്ചായത്തിൽ ഒരു ഇറച്ചി സംസ്കരണം കേന്ദ്രം സ്ഥാപിക്കണം.
4. ഇടവിളയായി പുൽകൃഷിയെ പ്രോത്സാഹിപ്പിക്കുക. നല്ലയിനം പുൽവിത്തുകൾ ലഭ്യമാക്കുക.
5. ഗ്ലാപ്, സുബംബുൾ, ശീമകൊന്ന് എന്നിവ വ്യാപകമായി നട്ടുപിടിപ്പിച്ച് ആടിനും പശുവിനും തീറ്റ ഉറപ്പാക്കുക. ആട് വളത്തൽ പ്രോത്സാഹിപ്പിക്കുക.
6. കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക. കോഴി കുഞ്ഞുങ്ങളെ വിരിയിപ്പിച്ച് സർക്കാർ തലത്തിൽ വിതരണം ചെയ്യുക. സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കുക.
7. മൃഗസംരക്ഷണരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ബോധവൽകരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.
8. പഞ്ചായത്തിൽ ഒരു പാൽ സംസ്കരണശാല സ്ഥാപിക്കുക.
9. പേപ്പട്ടി വിഷബാധ നിർമ്മാജ്ജനം പൂർണ്ണായി നടപ്പിലാക്കുക. അലഞ്ഞു നടക്കുന്ന നായ്ക്കളെ പിടിക്കുന്നതിന് നടപടിയെടുക്കുക.
10. 2-4-12 എന്നീ വാർഡുകളിൽ താറാവ് കൃഷി നടത്തുന്നതിന് പ്രോത്സാഹനം കൊടുക്കുക.
11. 2, 4 വാർഡുകളിൽ ശാസ്ത്രീയ ചെമ്മീൻ കൃഷി നടത്തുന്നതിന് പ്രോത്സാഹനം കൊടുക്കുക.
12. നെയ്തക്കുടി - പറങ്കിതോട് 4-ാം വാർഡിലും 12-ാം വാർഡിലും ഉള്ള കടപ്പുക്കര എന്നീ ഭാഗങ്ങളിലും പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കുളങ്ങളിലും ഉൾനാടൻ മത്സ്യകൃഷിക്ക് വേണ്ട നടപടികൾ കൈകൊള്ളുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
13. അഷ്ടമിച്ചിറ ഗവ. മൃഗാസ്പത്രിക്ക് സ്വന്തമായ കെട്ടിടം പണിയാൻ ആവശ്യമായ പണം അനുവദിക്കണം.
14. ഗുരുതി പാലയിൽ ഇപ്പോൾ നിലവിലുള്ള കൃത്രിമ ബീജസങ്കലനകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

# വ്യവസായം

### ചരിത്ര പശ്ചാത്തലം

മാള പഞ്ചായത്തിന്റെ വ്യവസായിക ചരിത്ര പശ്ചാത്തലം പരിശോധിക്കുമ്പോൾ കാലത്തിനനുസൃതമായി എടുത്തു പറയാവുന്ന വ്യവസായ സ്ഥാപനങ്ങളോ, വ്യവസായമോ ഇല്ല. കേരളത്തിൽ അറിയപ്പെട്ടിരുന്ന വാണിജ്യ കേന്ദ്രങ്ങളിൽ ഒന്നായിരുന്നു മാള. പ്രാജീന ഇന്ത്യയിൽ മുസീരിസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂർ വാണിജ്യ കേന്ദ്രത്തേയും വിദേശ രാജ്യങ്ങളുമായി കച്ചവട ബന്ധം പുലർത്തി പോന്നിരുന്ന കൊച്ചി തുറമുഖമായും മാള കടവ് മുഖേന വാണിജ്യബന്ധം പുലർത്തിയിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് തടികൾ ജല മാർഗ്ഗം കയറ്റി അയച്ചിരുന്നതായി ചരിത്ര രേഖ പറയുന്നു. ഭൂമിയെയും കൃഷിയെയും ഉപയോഗിച്ചു കൊണ്ടുള്ള ഒരു വ്യവസായിക പശ്ചാത്തലമാണ് മാളക്കുള്ളത്. ഓടും, ചകിരിയും സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തേക്കും കെട്ടുവള്ളങ്ങളിൽ ഇവിടെ നിന്നും കയറ്റി പോയിരുന്നു. കൂടാതെ കാളകളെ പൂട്ടി കൊപ്ര മരച്ചക്കിലാട്ടി വെളിച്ചെണ്ണ എടുക്കുന്ന കുടിൽ വ്യവസായവും കള്ള് ചെത്ത് വ്യവസായവുമായിരുന്നു നമ്മുടെ പഞ്ചായത്തിലെ എടുത്തുപറായുന്ന സമ്പത്തുല്പാദന മേഖലകൾ.

### വ്യവസായിക നിലവാരം

പഞ്ചായത്തിൽ വൻകിട വ്യവസായങ്ങളൊന്നും ഇല്ല. ചെറുകിട വ്യവസായങ്ങളായി വിവിധ വാർഡുകളിൽ വിരലിലിൽ എണ്ണാവുന്ന വ്യവസായങ്ങൾ ഉണ്ട്. ഇവ തന്നെ വിവിധ പ്രശ്നങ്ങൾ നേരിട്ട് പീഡിത വ്യവസായങ്ങളിലായി നിലകൊള്ളുന്നു. മിനി എസ്റ്റേറ്റിലെ വ്യവസായങ്ങളൊന്നും തന്നെ ലാഭകരമായി പ്രവർത്തിക്കുന്നില്ല.

പട്ടിക 1

സഹകരണ - ഖാദി യൂണിറ്റുകൾ

| നമ്പർ | പേര് | തൊഴിലെടുക്കുന്നവർ | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1. | മാള ഹരിജൻ കൈത്തറി സഹകരണ സംഘം | 2 | 20 | 22 |
| 2. | വനിത തീപ്പട്ടി വ്യവസായ സഹ. സംഘം ഖാദി യൂണിറ്റുകൾ | 1 | 19 | 20 |
| 3. | ഖാദി നൂൽനൂർപ്പ് | 5 | 75 | 80 |
| 4. | വസ്ത്ര നിർമ്മാണം, കുട നിർമ്മാണം കരകൗശലം എന്നിവ | 27 | 160 | 187 |

പട്ടിക 2

**സ്വകാര്യ മേഖലയിൽ തൊഴിലെടുക്കുന്നവർ**

| നമ്പർ | പേര് | എണ്ണം | പുരു. | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1. | ഓട് വ്യവസായം | 11 | 870 | 1250 | 2120 |
| 2. | കള്ള് ചെത്ത് വ്യവസായം | | 325 | | 325 |
| 3. | ടിമ്പർ മില്ല് (മരക്കമ്പിനി) | 7 | 54 | | 54 |
| 4. | വെളിച്ചെണ്ണ മില്ല് | 7 | 32 | | 32 |
| 5. | സിമന്റ് ബ്രിക്സ് & ക്രാസി | 4 | 13 | 6 | 19 |
| 6. | സോപ്പ് കമ്പിനി | 2 | 5 | 12 | 17 |

പട്ടിക 3

**ചെറുകിട യൂണിറ്റുകളിൽ തൊഴിലെടുക്കുന്നവർ**

| നമ്പർ യൂണിറ്റിന്റെ പേര് | എണ്ണം | പുരു. | സ്ത്രീ | ആകെ |
|---|---|---|---|---|
| 1. കൺസ്ട്രക്ഷൻ കമ്പനി | 2 | 3 | | |
| 2. അലൂമിനീയം | 1 | 5 | | |
| 3. ചകിരി പ്രൊഡക്സ് | 1 | 2 | | |
| 4. ബാക്ക് & റീറ്റ് (ഇലക്ട്രിക്) | | 1 | 1 | |
| 5. റൈസ് ഫ്ളവർ മില്ല് | 2 | 3 | | |
| 6. കൊപ്ര യൂണിറ്റ് | 1 | 5 | | |
| 7. ബേക്കറി | 4 | 7 | 35 | |

| | | | |
|---|---|---|---|
| 8. കോഴി യൂണിറ്റ് | 4 | 3 | 10 |
| 9. എൻജിനീയറിങ്ങ് വർക്സ് | 2 | 6 | |
| 10. ടയർ റീസോളിങ്ങ് | 1 | 3 | |
| 11.സർവ്വീസ് സ്റ്റേഷൻ | 1 | 3 | |
| 12.പെയിന്റിങ്ങ് വർക്ക്സ് | 2 | 14 | |
| 13.വയർ പ്ലാസ്റ്റിക് & സോഫ വർക്സ് | 2 | 1 | 7 |
| 14.പ്ലാസ്റ്റിക് വർക്സ് | 1 | 4 | 3 |
| 15.സൈക്കിൾ മെക്കാനിക്കൽ | 4 | 4 | |
| 16.ഐസ് കമ്പനി | 1 | 1 | |
| 17.ഓട്ടോ വർക്ഷോപ്പ് | 9 | 48 | |
| 18 ഫ്രിഡ്ജ് റിപ്പയർ | 2 | 7 | |
| 19 തയ്യൽ ഷോപ്പ് | 18 | 29 | 30 |
| 20ഫോട്ടോസ്റ്റാറ്റ് | 5 | 4 | 8 |
| 21 സ്റ്റുഡിയോ | 7 | 18 | |

സഹകരണ മേഖലയിൽ രണ്ട് വ്യവസായ സ്ഥാപനങ്ങളാണ് ഉള്ളത്. സർക്കാർ നൽകി വരുന്ന പ്രോത്സാഹനങ്ങളുടെ അപര്യാപ്തയും, പരിസ്ഥിതി പ്രശ്നങ്ങളും ശരിയായ മേൽനോട്ട കുറവുകളും വിപണി സാധ്യതകളെല്ലാം തന്നെ ഇത്തരം വ്യവസായങ്ങളുടെ പീഡിതാവസ്ഥക്ക് കാരണങ്ങളായി ചൂണ്ടി കാട്ടാം. ലാഭകരമായി പ്രവർത്തിക്കുന്ന ഏതാനും കമ്പനികളും സ്ഥാപനങ്ങളും നമുക്കുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒമ്പതോളം ഓട്ടുകമ്പനികൾ വിവിധ വാർഡുകളായി സ്ഥിതിചെയ്യുന്നു. ആധുനിക സങ്കേതങ്ങളുപയോഗപ്പെടുത്തി അലങ്കാര ഓടുകൾ വരെ ഇവിടെ നിർമ്മിക്കുന്നു. രണ്ടായിരത്തിൽ താഴെ വരുന്ന തൊഴിലാളികൾ ഈ കമ്പനികളിൽ പണിയെടുത്തുവരുന്നു. വളരെ ലാഭകരമായി പ്രവർത്തിക്കുന്ന ഒരു വ്യവസായമാണിത്. ഈ വ്യവസായതതിന്റെ അഭിവൃദ്ധി അനുസൃതമായ നിലയിൽ ഇവിടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിത സൂചിക ഉടമകളിൽ നിന്നും ഉണ്ടാകാത്ത സ്ഥിതിയും നിലനില്ക്കുന്നു. സർക്കാർ അംഗീകരിച്ച വേതന വ്യവസ്ഥകൾ പോലും നടപ്പിൽ ഇല്ലാത്ത കമ്പനികളും ഉണ്ട്. സ്നേഹഗിരി ചാരിറ്റബൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വസ്ത്ര നിർമ്മാണം കുട നിർമ്മാണം കരകൗശലം എന്നീ യൂണിറ്റുകൾ വളരെ നല്ല രീതിയിലും ലാഭകരമായി പ്രവർത്തിപ്പിക്കുന്നതുമായ സ്ഥാപനങ്ങളാണ്. പഞ്ചായത്തിലെ ഏക ഖാദി നൂൽനൂൽപ്പ് കേന്ദ്രവും സ്നേഹഗിരിയിലാണ് പ്രവർത്തിക്കുന്നത്.

**ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ**

1. വ്യവസായി രംഗത്തേക്ക് സംരംഭകർ കടന്നുവരാൻ തയ്യാറില്ല.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കുറവ്
3. വ്യവസായം ആരംഭിക്കുന്നതിനെക്കുറിച്ചുള്ള അറിവില്ലായ്മ
4. നാടൻ വ്യവസായങ്ങളോടുള്ള സമൂഹത്തിന്റെ പിന്തിരിപ്പൻ കാഴ്ചപ്പാട്
5. സംരംഭകരോട് ഔദ്യോഗിക രംഗത്തുനിന്നുള്ള സാങ്കേതിക തടസ്സങ്ങൾ
6. ധനകാര്യ സ്ഥാപനങ്ങളുടെ അവഗണന
7. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ വർദ്ധിച്ച പലിശനിരക്ക്
8. വൈദഗദ്യപോഷണത്തിന് പ്രോത്സാഹനവും സൗകര്യമില്ലായ്മ
9. അടിസ്ഥാന സൗകര്യങ്ങളുടെ (ജലം, സ്ഥലം, വൈദ്യുതി, റോഡ്) അപര്യാപ്തത
10. അസംസ്കൃത പദാർത്ഥങ്ങളുടെ അപര്യാപ്തത
11. പരിസ്ഥിതി പ്രശ്നം
12. ഊർജ്ജ പ്രതിസന്ധി
13. വിപണി കണ്ടെത്തൽ

**നിർദ്ദേശങ്ങളും സാധ്യതകളും**

1. പഞ്ചായത്തിന്റെ വക കാട്ടിക്കരകുന്ന് പ്രദേശത്തെ 63 സെന്റ് സ്ഥലവും അഷ്ടമിച്ചിറ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിന്റെ പുറകുവശത്തുള്ള സ്ഥവവും വലിയപറമ്പിൽ പട്ടികജാതി കോർപ്പറേഷന്റെ വക 6000 സ്വയർഫിറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം തുടങ്ങിയ സ്ഥലങ്ങളിൽ തൊഴിൽ സമൂഹങ്ങൾ കൊണ്ടുവന്ന് വ്യവസായം തുടങ്ങുക.
2. സഹകരണ മേഖലയിൽ വ്യവസായങ്ങൾ സ്ഥാപിക്കുക.
3. ഖാദി ബോർഡിന്റെ വിവിധ യൂണിറ്റുകൾ തുടങ്ങുക

4. സമൂഹ അടിസ്ഥാനത്തിൽ കൂട്ടായ വ്യവസായം തുടങ്ങുക

5. സിമന്റ്, ഇഷ്ടിക & ക്രാസി നിർമ്മാണം, കുട നിർമ്മാണം, ചെരിപ്പ്, ഫർണ്ണീച്ചർ, ഇഷ്ടിക മുതലായ വിവധ മേഖലയിൽ വൈദ്ഗദ്യമുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

6. ചിപ്പ്സ്, നോട്ടുബുക്ക് പലഹാര നിർമ്മാണം തുടങ്ങിയ ചെറുകിട യൂണിറ്റുകൾ ആരംഭിച്ച് സ്ത്രീകളെ പ്രോത്സാഹിപ്പിക്കുക.

7. കാർഷികാനുബന്ധ വ്യവസായങ്ങൾക്ക് മുൻതൂക്കം കൊടുത്ത് അവ പ്രോത്സാഹിപ്പിക്കുക.

8. വലിയപറമ്പിലെ മാളിക ഫുഡ് പ്രൊഡക്റ്റിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക

9. പാരമ്പര്യതൊഴിലുകളെ ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി പരിഷ്കരിച്ചെടുക്കുക.


10. സഹകരണ ബാങ്കുകൾ വഴി സ്വയം തൊഴിൽ സംരംഭകർക്ക് ധനസഹായം ലഭ്യമാക്കുക.

11. ദേശസാൽകൃത ബാങ്കുകൾ തൊഴിൽ സംരഭകരോടു എടുക്കുന്ന അവഗണന മനോഭാവത്തിൽ പഞ്ചായത്ത് ഇടപ്പെട്ടു തടസ്സങ്ങൾ നീക്കി കൊടുക്കുക

12. സ്വയംതൊഴിൽ പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ പഞ്ചായത്തു തലത്തിൽ സ്ഥിരം സംവിധാനം വേണം.

13. വനിതാ തൊഴിൽ സംരഭകരെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട പ്രോത്സാഹനവും പരിശീലനവും നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിക്കുക

14. പഞ്ചായത്ത് അടിസ്ഥാനത്തിൽ തൊഴിൽ എക്സ്ചേഞ്ചുകൾ രൂപീകരിച്ച് സംരംഭകരെ കണ്ടെത്തുകയും അവർക്ക് പ്രോത്സാഹനവു പരിശീലനവും നല്കി തൊഴിലിന് പ്രാപ്തരാക്കുക.



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

**ഗതാഗതം**

ഒരു പഞ്ചായത്ത് പ്രദേശമെന്ന നിലയിൽ വിലയിരുത്തുമ്പോൾ ഗതാഗതരംഗത്ത് വളരെ ഭേദപ്പെട്ട നിലവാരം കൈവരിച്ചു എന്ന് പറയാൻ കഴിയില്ല. കുറ്റമറ്റ PWD റോഡുകളും ഓരോ വാർഡിലേയും പ്രധാന റോഡുകളും ടാർ ചെയ്തിരിക്കുന്നു എന്നു കാണാൻ കഴിയും പഞ്ചായത്തിന്റെ നാനാഭാഗത്തുനിന്നും ബസ്സ് സൗകര്യം ലഭ്യമാണെന്നുള്ളതും പഞ്ചായത്തിന്റെ സ്ഥിതി വിശകലനം ചെയ്യുമ്പോൾ കാണുന്നു.

മാള – ആളൂർ റോഡാണ് പഞ്ചായത്തിലെ ആദ്യത്തെ PWD റോഡ്. അഷ്ടമിച്ചിറ – ചാലക്കുടി റോഡ് മാള അന്നമനട റോഡ് – മാള കൃഷ്ണൻകോട്ട റോഡ് വലിയ പറമ്പ് – കുണ്ടൂർ റോഡ്, മാള പുത്തൻചിററോഡ്, വലിയപറമ്പ് ചെട്ടിപറമ്പ്റോഡ്, മാള എളത്തിക്കര റോഡ് ഏറ്റവും ഒടുവിൽ കെ.കെ. റിംഗ് റോഡ് എന്നിങ്ങനെ നിലവിൽ 9 PWD റോഡുകൾ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. 1975–76 കാലഘട്ടത്തിൽ മാള–ആളൂർ–കൊടകര റോഡും, മാള ആലുവ റോഡും ദേശവൽക്കരിക്കുകയുണ്ടായി.

154–691 മീറ്റർ നീളമുള്ളതാണ് വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് റോഡുകൾ. ഇവയിൽ 40% വരുന്ന റോഡുകളും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കിയരിക്കുന്നു. എന്നാൽ മിക്ക റോഡുകൾക്കും ഓവു ചാലുകളില്ല. തന്മൂലം വർഷകാലം കഴിഞ്ഞാൽ മിക്കവാറും റോഡുകളുടെയും സ്ഥിതി മോശമായി വന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നത് ചുരുക്കമാണ്. കഴിഞ്ഞ വർഷം പഞ്ചായത്തിന്റെ ഫണ്ടിൽ 49 ശതമാനം പൊതുമരാമത്ത് പണികൾക്ക് ചിലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള അറ്റകുറ്റപണികൾക്ക് ജനപങ്കാളിത്തം തീരെ ഉണ്ടാകാറില്ല. അതുകൊണ്ട് തന്നെ ഇത്തരം പണികൾ കുറേയേറെ ഉദ്ദേശിച്ച ഫലങ്ങൾ കിട്ടാതെ പോകുന്നു. ഇത്തരം പണികളിൽ ജനപങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തി അതു വഴി പാഴ്ചിലവുകൾ ഒഴിവാക്കുവാനും കുറ്റമറ്റതാക്കുവാനും കഴിയുമെന്ന് മിക്കവാറും ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ പ്രധാനമാണ്.

നിലവിൽ ടാറിട്ട പഞ്ചായത്ത് റോഡുകൾക്ക് വേണ്ട അറ്റകുറ്റ പണികൾ ഏറ്റെടുത്തു നടത്തുന്ന പരിപാടി പഞ്ചായത്തിനിതുവരെയില്ല. പഞ്ചായത്ത് നേരിട്ടു അൺടൈഡ്, പദ്ധതിയനുസരിച്ചും JRY പദ്ധതിയനുസരിച്ചും ടാർ ചെയ്യുന്നത്. റോഡുകൾ റിപ്പയർ ചെയ്യുന്നതിൽ പഞ്ചായത്തോ, ബ്ലോക്ക്തല JRY പദ്ധതിയനുസരിച്ചും, വെള്ളപൊക്ക കെടുതികളിലുൾപ്പെടുത്തി സർക്കാർ തരുന്ന ഫണ്ട് ഉപയോഗിച്ച് ടാർ ചെയ്യുന്നതുമായ റോഡുകൾ റിപ്പയർ ചെയ്യുന്നതിൽ ബ്ലോക്ക് പഞ്ചായത്തോ സാമ്പത്തിക പരാതീനതകൾ കാരണം നടത്താറില്ല. തന്മിത്തം ഒരിക്കൽ ടാർ ചെയ്തു കഴിഞ്ഞാൽ പിന്നെ ഈ റോഡുകളൊന്നും ഒരു കാലത്തും റിപ്പയർ ചെയ്യപ്പെടുന്നില്ലയെന്ന അവസ്ഥ തുടരുന്നു. വാട്ടർ അതോറിറ്റി കണക്ഷൻ കൊടുക്കുവാൻ ടാർ റോഡുകൾ കുത്തിപൊളിക്കുന്നതും പിന്നീട് ആ റോഡുകൾ അങ്ങിനെ തന്നെ പൊളിഞ്ഞു കിടക്കുന്നതും നിലവിലുള്ള ടാറിങ്ങ് റോഡുകൾ മോശമാകുന്നതിന് ഒരു പ്രധാന കാരണമായി ചൂണ്ടി കാണിക്കപ്പെടുന്നു.

ചാലക്കുടി, ഇരിഞ്ഞാലക്കുട, അങ്കമാലി, ആലുവ എന്നിവയാണ് പഞ്ചായത്തിന്റെ ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷനുകൾ ഇതിൽ ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ 18 കി.മീ. ൽ സ്ഥിതിചെയ്യുന്ന ചാലക്കുടിയാണ്. കൊച്ചിയാണ് ഏറ്റവും അടുത്ത വിമാനതാവളം.

ഇന്ന് കാണുന്ന മാള ടൗണിലെ റോഡുകൾ പഴയകാല ജൂതതെരുവുകളാണ്. ഗതാഗത തിരക്കു വളരെയേറെ വർദ്ധിച്ചിട്ടും ഇന്നും ആ ജൂതതെരുവ് അതേപടി നിലനിൽക്കുന്നു. കാലഘട്ടങ്ങൾക്ക് ഈ രൂപത്തിന് യാതൊരു മാറ്റങ്ങളും വരുത്തിയിട്ടില്ല. മാള പഞ്ചായത്തിന്റെ ശാപമെന്ന് ആരാലും കേൾക്കേണ്ടിവരുന്ന ഈ ട്രാഫിക്ക് സംവിധാനത്തിന് ഒരു പരിഹാരമെന്ന നിലയിലാണ് മാള റിംഗ് റോഡ് പ്രാവർത്തികമാകുന്നതോടുകൂടി ഗതാഗത കുരുക്ക് ഒഴിവാക്കുവാൻ കഴിയും.

വാഹന ഗതാഗത രംഗത്ത് പഞ്ചായത്തിന്റെ ചരിത്രം കാളവണ്ടിയിലാരംഭിക്കുന്നു. ആളുകൾക്ക് യാത്ര ചെയ്യുവാനും ചരക്കുകൾ കയറ്റിയിറക്കുവാ

നും കാളവണ്ടിയാണ് ഉപയോഗിച്ചിരുന്നത്. ഈ രംഗത്ത് കാലങ്ങൾ പിന്നിട്ടപ്പോൾ എണ്ണിയാലൊതുങ്ങാത്തവിധം പുരോഗതി കൈവരിച്ചുവെങ്കിലും ഉണ്ടായിരുന്ന സൗകര്യം ഇപ്പോൾ നമുക്ക് നഷ്ടപ്പെട്ടിരിക്കുന്ന അനുഭവം നമ്മുടെ മുന്നിലുണ്ട്. യാത്ര രംഗത്ത് ബസ്സുകൾ പഞ്ചായത്തിൽ വരുന്നതിനുമുമ്പ് മാള കടവിൽ ബോട്ട് സർവ്വീസുണ്ടായിരുന്നു. മാള – കൊച്ചി ട്രാൻസ്പോർസ് സർവ്വീസ് എന്നറിയപ്പെട്ടിരുന്ന ഈ സൗകര്യമായിരുന്നു അന്ന് ഈ നാട്ടുകാരുടെ ഈ രംഗത്തെ മറ്റൊരാശ്രയം. മാള കടവിൽ നിന്നാരംഭിച്ച് അഴിക്കോട് കോട്ടപ്പുറം വഴി കൊച്ചിയിലെത്തുന്ന ഈ സർവ്വീസ് 1950-ാംമാണ്ടോടു കൂടി നിലച്ചു എന്നാണ് ചരിത്രാന്വേഷണത്തിൽ മനസ്സിലായിട്ടുള്ളത്.

മാളയ്ക്കടുത്ത് കൊമ്പിടിത്താമാക്കലിൽ പ്രദേശത്തുക്കാരനായ ഒരു നായിഡു അഷ്ടമിച്ചിറ സ്വദേശികളായ കെ. ശങ്കരപ്പണിക്കർ, കെ. ഗോവിന്ദപ്പണിക്കർ എന്നിവരാണ് പഞ്ചായത്തിലെ ആദ്യത്തെ ബസ്സ് സർവീസ് നടത്തിപ്പുകാർ. അഷ്ടമിച്ചറയിലെ പരേതനായ ശ്രീ. കെ. ശങ്കരപ്പണിക്കർ ആദ്യമായി ഇന്നേക്ക് 67 വർഷം മുമ്പ് പണിക്കർ മോട്ടോർഴ്സ് എന്ന ബസ്സ് ഇരിഞ്ഞാലക്കുട–കല്ലേറ്റുക്കര റൂട്ടിൽ ആയിരുന്നു. പിന്നീട് ഈ സർവ്വീസ് അന്നമനട–ഇരിഞ്ഞാലക്കുട, അന്നമനട–തൃശൂർ എന്നീ റൂട്ടുകളിൽ 15 പേർക്ക് സീറ്റുള്ള ബസ്സും ആയിരുന്നു. 1929ൽ ആരംഭിച്ച പണിക്കർ ബ്രദേഴ്സ് എന്ന ഈ ബസ്സ് സർവ്വീസ് കരി കത്തിച്ചാണ് ഓടിച്ചിരുന്നത്. 13 കൊല്ലം സർവ്വീസ് നടത്തി. 1942 ൽ ഈ സർവ്വീസ് നിർത്തി. പിന്നീട് UCT, UMT, PSN, ABT, NTP എന്നിങ്ങനെയുള്ള വിവിധ പ്രൈവറ്റ് ബസ്സ് സർവ്വീസുകൾ വിവിധ കാലഘട്ടങ്ങളിലായി ആരംഭിച്ചു. എരവത്തൂർ – തൃശൂർ റൂട്ടിലോടിയിരുന്ന ഒരു ഓർഡനറി സർവ്വീസാണ് പഞ്ചായത്തിലൂടെ കടന്ന് പോയ ആദ്യത്തെ K.S.R.T.C. ബസ്സ്. മാള പോലീസ് സ്റ്റേഷൻ മൈതാനിയിൽ നിന്നാരംഭിച്ച് അഷ്ടമിച്ചിറ, ചാലക്കുടി, അങ്കമാലി വഴി എറണാകുളത്തേക്ക് പോകുന്ന K.B.T. എക്സ്പ്രസ്സാണ് പഞ്ചായത്തിലെ ആദ്യത്തെ അന്തർജില്ലാ സർവ്വീസ്. ഇന്ന് 31 സർവ്വീസുള്ള K.S.R.T.C. ഡിപ്പോയും 65 സർവ്വീസുകളുള്ള പ്രൈവറ്റ് ബസ്സ് സ്റ്റാന്റും പഞ്ചായത്തിൽ ഉണ്ട്. മാള, വലിയപറമ്പ് അഷ്ടമിച്ചിറ, കുണ്ടായി എന്നിവടങ്ങളിൽ 100 ഓളം കാറുകൾ ഉണ്ട്. ഓട്ടോറിക്ഷ, ടെമ്പോവാൻ എന്നിവയും നല്ല ശതമാനം ഉണ്ട്. എന്നാൽ ഇവർക്ക് പാർക്ക് ചെയ്യുന്നതിന് സൗകര്യ പ്രഥമായ സ്റ്റാന്റുകൾ ഇല്ല.

**ഗ്രാമസഭ ആവശ്യങ്ങൾ**

***I. പുതിയ റോഡുകൾ (PWD തലത്തിൽ)***

1. മാള റിംഗ് റോഡ്
2. മാള പുഞ്ചപ്പാടം റോഡ്
3. നെയ്തക്കുടി ചുങ്കം റോഡ്
4. അഷ്ടമിച്ചിറ, മാരേക്കാട് പുത്തൻചിറ റോഡ്

***II. പുതി റോഡുകൾ പഞ്ചായത്ത് തലത്തിൽ***

1. മാള പോലീസ് സ്റ്റേഷൻ ശങ്കരങ്കാവ് അംബേദ്ക്കർ കോളനി റോഡ്
2. കുനംപറമ്പ് – കാവനാട് റോഡ്
3. കോട്ടപാതി – അഷ്ടമിച്ചിറ റോഡ്
4. വേലൻ കോളനി റോഡ്
5. തങ്കുളം – ഉപ്പിലായി പ്പാടം റോഡ്
6. തങ്കുളം – നാൻ വഴി കുരുവിലശ്ശേരി റോഡ്
7. കാട്ടിക്കര കുന്ന് – മാരേക്കാട് റോഡ്
8. കോൾകുന്ന് കോളനി – കോൺവെന്റ് റോഡ്
9. വർക്ക്ഷോപ്പ് – കലിക്കൽ അമ്പലം കോൺവെന്റ് റോഡ്
10. കോൺവെന്റ് – കാട്ടിക്കരകുന്ന് പൊട്ടചിറ മാനിയം കാവ് റോഡ്
11. ഗ്രമോദ്ധാരണം റോഡ് – മാവേലിപ്പാടം AKK റോഡ്
12. അപ്പേലിഅമ്പലം – കോച്ചാപ്പിള്ളി റോഡ്
13. രാജീവ് ഗാന്ധി – കൊല്ലത്തറ റോഡ്
14. വലിയപറമ്പ് – താണിശ്ശേരി റോഡ്
15. സമ്പാളൂർ – കനാൽ ബസ്സ് റോഡ്
16. പഴുക്കര – പേരുകാവ് അമ്പലം ചാലക്കുടി
17. ജൂബിലിനഗർ പഴൂക്കര റോഡ്
18. കോച്ചാട്ടി ആനപ്പാറ റോഡ്
19. മാരേക്കാട് – മുസ്ല്യാർ പീടിക – നെടുകുന്ന് റോഡ്
20. മാരേക്കാട് നെങ്ങുംതുരുത്ത് കടുപ്പൂക്കര റോഡ്
21. പല്ലംകുളങ്ങരപ്പാടം കോട്ടവാതിൽ ലിങ്ക് റോഡ്
22. മാരേക്കാട് പതിയാരികുളം റോഡ്
23. ചുങ്കം – മുട്ടിക്കൽ റോഡ്
24. പങ്ങക്കുളം റോഡിൽ നിന്ന് അമ്പഴക്കാട് റോ

ഡിലേക്ക്

25. കുണ്ടായി – ആനപ്പാറ റോഡ് മെറ്റൽ ചെയ്തു ടാർ ഇടണം
26. കോൾക്കുന്ന് – ആനപ്പാറ റോഡ് മെറ്റൽ ഇട്ട് ടാർ ഇടണം.
27. ജൂബിലി നഗർ – പഴൂക്കര റോഡ് (കോട്ടപ്പാടം നികത്തി ഒരു ചെറിയ പാലത്തോട് കൂടി) മെറ്റൽ ഇട്ട് ടാർ ചെയ്യണം.
28. ജൂബിലി നഗർ – അഷ്ടമിച്ചിറ റോഡ് (കോട്ടപ്പാടം തോട് വഴി) നികത്തി വിതീ ഉണ്ടാക്കിമെറ്റൽ വിരിച്ച് ടാർ ചെയ്യണം.
29. മൂന്നംമ്പലം ക്രോസ് റോഡ് (ചാലക്കുടി റോഡിനെ മാള ആളൂർ റോഡുമായി ബന്ധിപ്പിയ്ക്കുന്ന) നികത്തി മെറ്റൽ ഇട്ട് ടാർ ചെയ്യണം.
30. കോൾക്കുന്ന് – കോട്ടപ്പാടം, പാലപറമ്പൻ റോഡ് മെറ്റൽ ഇട്ട് ടാർ ചെയ്യണം.
31. കുരിയാക്കാട് – കോളനി റോഡ് വീതിവച്ച് മെറ്റൽ ഇട്ട് ടാർ ചെയ്യണം
32. കോഴക്കുന്ന് അമ്പലത്തിന്റെ മുൻവശത്ത് കൂടി കിഴക്കെപ്പാടത്തേക്കുള്ള റോഡ് മെറ്റൽ ഇട്ട് ടാർ ചെയ്യണം.
33. ആനപ്പാറ – ഗ്രാമോദ്ധാരണ റോഡിൽ നിന്ന് ആരംഭിച്ച് പൊട്ടകുളത്തിനടത്തുകൂടി പോകുന്ന റോഡ് കുണ്ടായി വരെ മെറ്റൽ ഇട്ട് ടാർ ചെയ്യണം.
34. ആനപ്പാറ – ലക്ഷംവീട് കോളനി റോഡ് നിർമ്മിച്ച് മെറ്റൽ ഇട്ട് ടാർ ചെയ്യണം.
35. പുളിയിലകുന്ന് – ചുണ്ടേക്കാട്ട്പ്പാടം വഴിയുള്ള റോഡ് (കെ.കെ. മോഹൻദാസിന്റെ വീട് വഴി പോകുന്നത്) മെറ്റൽ ഇട്ട് ടാർചെയ്യണം.

### *II. വീതി കൂട്ടി പുതിയതായി ടാർ ചെയ്യേണ്ടത്*

ഗതാഗതം : റോഡ് ടാറിംഗ്

1. ജനകീയ റോഡ്
2. നെയ്തക്കുടി ചൂളക്കൽകുന്ന് റോഡ്
3. നെയ്തക്കുടി ചുങ്കംറോഡ്
4. കിഴക്കെ അങ്ങാടി – മാമ്പിള്ളി റോഡ്, ചുങ്കം – മൂട്ടിക്കൽ റോഡ്
5. കൂനംപറമ്പ് റോഡ്
6. തോട്ടപായി മന റോഡ്
7. കൂനംപറമ്പ് വടമ കണക്ഷൻ റോഡ്
8. വടമ പൈങ്ങംകുളം റോഡ്
9. വടമ പുല്ലം കുളങ്ങരപ്പാടം റോഡ്
10. കുന്നത്തുകാട് ഹരിജൻ കോളനി റോഡ്
11. പതിയാരി ആമ്പിലിപ്പാടം കോളനി റോഡ്
12. പതിയാരി പള്ളി റോഡ്
13. കടുപ്പൂക്കര പള്ളിറോഡ്
14. വേലൻ കോളനി റോഡ്
15. തട്ടാൻ റോഡ് (പാമ്പുംമേക്കാട് മനയുടെ താഴം)
16. കരുണാകരൻ റോഡ്
17. മുസ്ലീം പള്ളി
18. തോട്ടുപുറം റോഡ് കടവുവരെ
19. അഷ്ടമിച്ചിറ പുല്ലംകുളങ്ങര അമ്പഴക്കാട് റോഡ്
20. പുളിയിലക്കുന്ന് ട്രാൻസ്ഫോർമർ റോഡ്
21. ഗുരുതിപാല പള്ളത്തുകുളംറോഡ്
22. മോഡേൺകുന്ന് ഹരിജൻ കോളനി റോഡ്
23. തൊടുവിലപ്പടി കോട്ടവാതിൽ റോഡ്
24. പുളിയിലക്കുന്ന് ഉരുങ്ങോളി അമ്പലംറോഡ്
25. അമ്പഴക്കാട് കോട്ടരുറോഡ്
26. കുരിയക്കാട് ചെറാല പാടം റോഡ്
27. പുളിയിലക്കുന്ന് പുല്ലം കുളങ്ങര റോഡ്
28. അഷ്ടമിച്ചിറ പ്രതിഭ കോളേജ് റോഡ്
29. പുളിയിലക്കുന്ന് എയ്ജ്ഡ് ഹോം റോഡ്
30. കോട്ടവാതിൽ ചുണ്ടേക്കാട് ഇല്ലം റോഡ്
31. ഗുരുതിപാല പട്ടശ്ശേരി പാടം റോഡ്
32. ചുണ്ടേക്കാട്ടില്ലം കനാൽ സൈഡ് റോഡ്
33. ഗ്രാമോദ്ധാരണ റോഡ്
34. കുടവത്തുകുന്നു കനാൽ റോഡ്
35. കോട്ടമുറി 10 സെന്റ് റോഡ്
36. അതിയാരത്ത് ഭുവനേശ്വരി ക്ഷേത്രം റോഡ്
37. വലിയപറമ്പ് താണിശ്ശേരി റോഡ്
38. വലിയപറമ്പ് മാവേലിക്കര റോഡ്
39. ചെട്ടിപറമ്പ് കണ്ണാട്ട് റോഡ്
40. ചെട്ടിപറമ്പ് കുന്നത്തുപാടംറോഡ്
41. കോട്ടരു കുന്നത്തുപാടം റോഡ്
42. കോട്ടരു റോഡ്

43. വലിയപറമ്പ് ഹരിജൻ കോളനി റോഡ്
44. പൈനാട്ടുകര റോഡ്
45. കുരുവിലശ്ശേരി താണിശ്ശേരി റോഡ്
46. കുന്നത്തുപാടം റോഡ്
47. വലിയപറമ്പ് പൈനാട്ടുകര റോഡ്
48. പൈനാട്ടുകര – കുഴൂർ റോഡ്
49. വലിയപറമ്പ് – കുഴൂർ സൗത്ത് റോഡ്
50. ചെട്ടിപറമ്പ് കുഴൂർ റോഡ്
51. മധുരഞ്ചേരി റോഡ്
52. എൽ.സി.എം. റോഡ്
53. കുരുവിലശ്ശേരി പള്ളി റോഡ്
54. കൊക്കാല കുന്നത്തുപാടം റോഡ്
55. കൊക്കാലത്തടം റോഡ്
56. പൂമേലി റോഡ്
57. തേവൻ ഹരിജൻ കോളനി റോഡ്
58. കുഞ്ഞൻതടം റോഡ്
59. സി.ജി. റോഡ്
60. കൊക്കാല റോഡ്
61. തിരുത്തികുളങ്ങര റോഡ്
62. കുഞ്ഞൻതടം – പാതിയാട്ടി റോഡ്
63. ഗുരുതി പാലമൂഴിക്കൽ കടവ് റോഡ്
64. മോഡേൽകുന്ന് ചമ്പാളൂർ കനാൽ ബണ്ട് റോഡ്
65. പാറമട അണ്ണലൂർ റോഡ്
66. വെട്ടുകടവ് കൊച്ചിലിപാടം റോഡ്
67. പഴൂക്കര കോട്ടകടവ് റോഡ്
68. ആനപ്പാറ കോൾക്കുന്ന് റോഡ്
69. ആനപ്പാറ കുണ്ടായി റോഡ്
70. കോൾക്കുന്ന് കുഴിക്കാട്ടുശ്ശേരി റോഡ്
71. അഷ്ടമിച്ചിറ എൽ.പി. സ്ക്കൂൾ പൊട്ടച്ചിറ റോഡ് വരെ
72. മാരെക്കാട് മാണിയംകാവ് പൊട്ടച്ചിറ റോഡ്
73. മാരെക്കാട് നെടുകുന്ന് റോഡ്
74. മാരെക്കാട് എൽ.പി. സ്ക്കൂൾ മുസ്ലീം പള്ളി റോഡ്
75. മാരെക്കാട് വടമ പാണ്ടിപ്പാടം റോഡ്
76. അഷ്ടമിച്ചിറ കണ്ണങ്കാട്ടി അമ്പലംറോഡ്
77. മാരെക്കാട് പള്ളി അമ്പലംറോഡ്
78. അണ്ണലൂർ – ആനപ്പാറ – ജൂബില നഗർ പഴൂക്കര റോഡ്
79. അഷ്ടമിച്ചിറ – പുളിയിലക്കുന്ന് കിഴക്ക് ഭാഗം കെ.കെ. മോഹൻദാസ് മാസ്റ്റർ റോഡ്
80. മാരെക്കാട് – പതിയേരി റോഡ്
81. കുറവൻ ചിറയിലേക്കുള്ള റോഡ്
82. മൂരിക്കുളം മാരെക്കാട് ലിങ്ക് റോഡ്
83. മാരെക്കാട് മാനകുളം റോഡ്
84. ചവറ്റിലക്കുളം റോഡ്
85. പൊട്ടച്ചിറ റോഡിൽ നിന്ന് മാനകുളത്തിലേക്ക്
86. കണ്ണങ്കാട്ടി അമ്പലം – വടമ പാണ്ടി പാടം റോഡ്
87. മാരെക്കാട് – തെങ്ങുംതുരുത്ത് റോഡ്
88. പള്ളിറോഡ് – പാണ്ടിപ്പാടം റോഡ്
89. മാരെക്കാട് കടവ് റോഡ് എൽ.പി. സ്ക്കൂൾ റോഡ്
90. കടവിൽ നിന്ന് നെടുകുന്ന് റോഡ്
91. മാരെക്കാട് റോഡ് – കരിക്കുളം നെടുകുന്ന് റോഡ്
92. മാരെക്കാട് റോഡിൽ നിന്ന് പാലാരി വഴി
93. റേഷൻ കട – മാരെക്കാട് – പാടം തെക്കോട്ട് റോഡ്
94. അഷ്ടമിച്ചിറ P.W.D. റോഡിൽ നിന്ന് അഷ്ട മിച്ചിറ ക്ഷേത്രക്കുളം റോഡ്
95. രാജീവ്ഗാന്ധി റോഡ് കോട്ടമുറി – കാവനാട്
96. കോട്ടമുറി അന്നമനട P.W.D. ലിങ്ക് റോഡ്
97. ജനകീയ റോഡ്
98. കുന്നത്തുകാട് .– സമുദായം റോഡ്
99. തോട്ടപ്പായിമന – പടിഞ്ഞാറു പാടം റോഡ്
100. വടമ – കട്ടപ്പാടം റോഡ്
101. കൊല്ലിക്കൽ – കുര്യക്കാട് റോഡ്
102. മണ്ഡകത്ത് – സിനമിക് റോഡ്
103. കോട്ടവാതിൽ – പുല്ലറണപ്പാടം റോഡ്
104. കോട്ടവാതിൽ വാട്ടർ ടാങ്ക് റോഡ്
105. കൂനംപറമ്പ് – വടമ കണക്ഷൻ റോഡ്
106. കൂനംപറമ്പ് – കാവനാട് ചിറ റോഡ്
107. കൊല്ലിക്കൽ – പുഞ്ചപ്പാടം റോഡ്

108. പുഞ്ചപ്പാടം റോഡ്

109. കുന്നത്തുക്കാട് – കട്ടപ്പാടം റോഡ്

110. കുന്നത്തുകാട് – കിണർ റോഡ്

111. പാറക്കൂട്ടം തേമാലി റോഡ്

112. കോൾക്കുന്ന് – കാട്ടിക്കരക്കുന്ന്

**ഗതാഗതം റിപ്പയർ ചെയ്യേണ്ട റോഡുകൾ**

**റിപ്പയർ, ഇംപ്രൂവ്മെന്റ് റീ – ടാറിംഗ്**

| | | |
|---|---|---|
| 1. | മാള – ഇളന്തിക്കര റോഡ് | 600 മീറ്റർ |
| 2. | ആളൂർ – മാള റോഡ് | 60000 മീറ്റർ |
| 3. | മാള – പുത്തൻചിറ | 2000 മീറ്റർ |
| 4. | മാള – അന്നമനട | 4000 മീറ്റർ |
| 5. | ചാലക്കുടി – മാള | 4000 മീറ്റർ |
| 6. | അഷ്ടമിച്ചിറ – അന്നമനട | 2000 മീറ്റർ |
| 7. | കല്ലൂർ – ആലത്തൂർ – കോട്ടമുറി | 2000 മീറ്റർ |
| 8. | വലിയപറമ്പ് – കുഴൂർ | 1000 മീറ്റർ |
| 9. | കരുണാകരൻ റോഡ് | 500 മീറ്റർ |
| 10. | കിഴക്കേ അങ്ങാടി റോഡ് | 790 മീറ്റർ |
| 11. | ചെട്ടിപറമ്പ് റോഡ് | 1500 മീറ്റർ |

12. ജനകീയ റോഡ് ( 2–10 വാർഡ്)
13. മിൽ റോഡ്
14. കിഴക്കേ അങ്ങാടി റോഡ്
15. വടമ സ്ക്കൂളിന് മുൻപിലുള്ള റോഡ്
16. കാട്ടികരക്കുന്ന് കോളനിയിൽ ടാങ്കിന്റെ വടക്ക് ഭാഗത്തേയ്ക്ക് പോകുന്ന റോഡു
17. അമ്പഴക്കാട് കോട്ടമുറി റോഡ്
18. അമ്പഴക്കാട് കോട്ടവാതിൽ റോഡ്
19. അഷ്ടമിച്ചിറ – വൈന്തല P.W.D. റോഡ്
20. പുളിയിലകുന്ന് – സമ്പാളൂർ റോഡ്
21. ഗുരുതിപാല – അഷ്ടമിച്ചിറ – വൈന്തല റോഡ്
22. അഷ്ടമിച്ചിറ വൺവേ റോഡ് (വിഷവൈദ്യശാല റോഡ്)
23. പുളിയില കുന്ന – വെട്ടിക്കടവ് റോഡ്
24. A.K.K. റോഡ് (അണ്ണലൂർ)
25. അണ്ണല്ലൂർ ബ്രാഞ്ച് കനാൽ ബസ് റോഡ്
26. കോട്ടപ്പാടം റോഡ്
27. കാരക്കുഴിപ്പാടം റോഡ്
28. പൂഴിച്ചിറ ബസ് റോഡ്
29. അഞ്ചരങ്ങാടി റോഡ്
30. കോട്ടമുറി – കോട്ടപ്പാടം റോഡ്
31. പുളിയിലകുന്ന് – വെട്ട്കടവ് റോഡ്
32. കുഴിക്കാട്ടുശ്ശേരി – പഴൂക്കര റോഡ്
33. കുരിയക്കാട് കോളനി റോഡ്
34. ആനപ്പാറ – കോട്ടപ്പാടം റോഡ്
35. പുളിയിലകുന്ന് – പുല്ലംകുളം റോഡ്
36. അഷ്ടമിച്ചിറ – മാരേക്കാട് റോഡ്
37. മാമ്പിള്ളി റോഡ്
38. വടമ – അമ്പഴക്കാട് റോഡ്
39. കുനംപറമ്പ് – കോട്ടമുറി റോഡ്
40. വടമ – കുന്നത്ത് കാട് സമുദായം റോഡ്
41. കാട്ടികരകുന്ന് പള്ളിറോഡ്
42. കാട്ടിക്കരകുന്ന് – പൊട്ടച്ചിറ – കോളനി റോഡ്
43. കോക്കുന്ന് കോളനി റോഡ്
44. കോൾക്കുന്ന് കലിക്കറോഡ്
45. തോട്ടുപുറം – പുത്തൻച്ചിറ റോഡ്
46. കാട്ടികരകുന്ന് മുസ്ലിം പള്ളി റോഡ്
47. വിഷവൈദ്യ ശാല റോഡ്
48. വൈന്തല – അമ്പഴക്കാട് റോഡ്
49. പഴൂക്കര – കോട്ടപ്പാടം റോഡ്
50. അണ്ണല്ലൂർ പുഞ്ചപ്പാടം റോഡ്
51. പൂഴിച്ചിറ ബസ് റോഡ്
52. തോംസൺ ടൈൽ ഫാക്ടറി റോഡ്
53. പുളിയിലകുന്ന് – വെട്ട്കടവ് റോഡ്

**പാലങ്ങൾ**

1. ചുങ്കം – മുട്ടിയ്ക്കൽ പാലം
2. വെട്ടുകടവ് – പാലം
3. വൈന്തോടിനു കുറുകെയുള്ള പാലം
4. വെട്ടുകടവ് പാലം
5. മാരെക്കാട് കടവ് പുത്തൻചിറ പാലം
6. കുണ്ടായി – ആനപ്പാറ റോഡിൽ പാലം

**മാളയിൽ ആരംഭിക്കേണ്ട പുതിയ ബസ്സ് സർവ്വീസുകൾ**

1. മാള – ചാലക്കുടി വഴി കൊല്ലിക്കൽ, കോട്ടവാതിൽ, ഗുരുതിപ്പാല

2. പ്ലാവുംമുറി– വട്ടക്കോട്ട – കോട്ടമുറി വഴി മാള – ചാലക്കുടി
3. ചാലക്കുടി – കൊടുങ്ങല്ലൂർ വഴി വടമപതിയേരി റോഡ്
4. മാരെക്കാട് – ചാലക്കുടി
5. മാരെക്കാട് – ഇരിഞ്ഞാലക്കുട, തൃശൂർ

**പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

1. അന്നമനട – തൃശൂർ വഴി വൈന്തല, അഷ്ടമിച്ചിറ
2. അന്നമനട – തൃശൂർ – മാള വഴി
3. മാള – ചാലക്കുടി (വഴി) കോട്ടമുറി അമ്പഴക്കാട്, ഗുരുതിപ്പാല
4. അന്നമനട–ഇരിഞ്ഞാലക്കുട (വഴി) വൈന്തല, അഷ്ടമിച്ചിറ
5. കുണ്ടൂർ – ചാലക്കുടി (വഴി) വലിയപറമ്പ് ചക്കാംപറമ്പ്, കോട്ടവാതിൽ
6. മാള–ആലുവ (വഴി) പോലീസ് സ്റ്റേഷൻ, പ്ലാവുംമുറി, വട്ടകൊട്ട, കോട്ടമുറി വെണ്ണൂർ
7. കൃഷ്ണൻകോട്ട – ചാലക്കുടി (വഴി) മാള പള്ളിപ്പുറം, പ്ലാവുംമുറി
8. മാള–അഷ്ടമിച്ചിറ – പുളിയിലക്കുന്ന്, ഗുരുതിപ്പാല, ചാലക്കുടി

**ഗ്രാമസഭ നിർദ്ദേശങ്ങൾ**

1. അണ്ണല്ലൂർ – ചാലക്കുടി പറയംതോട് പാലംപുതിക്കി പണിയുക (P.W.D.)
2. അഷ്ടമിച്ചിറ – മാരെക്കാട് കടവ് – പുത്തൻചിറ റോഡ് പാലം പണിത് ബന്ധിപ്പിക്കുക (P.W.D.)
3. കോട്ടമുറി – അമ്പഴക്കാട് റോഡ് റീടാർ ചെയ്യുക
4. മാളയിൽ നിന്ന് കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിലേക്ക് പുതിയ K.S.R.T.C. ബസ്സുകൾ അനുവദിക്കുക.
5. മാളയിൽ നിന്ന് – ജില്ലാ തലസ്ഥാനമായ തൃശൂരിലേക്ക് ചെയിൻ സർവ്വീസ് K.S.R.T.C. ആരംഭിക്കുക.
6. മാളയിൽ നിന്നും ഓടിയിരുന്ന നിർത്തലാക്കിയ ദീർഘദൂര സർവ്വീസ്സുകളായ ഗുരുവായൂർ, പാലക്കാട്, സുൽത്താൻ ബത്തേരി, വേളാങ്കണ്ണി, തിരുവനന്തപുരം എന്നീ സർവ്വീസുകൾ പുനരാരംഭിക്കുക.
7. കോയമ്പത്തൂർ, പൊള്ളാച്ചി, പളനി, മധുര, ട്രിച്ചി, മംഗലാപുരം, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കുക
8. പ്രധാന പുണ്യ/ടൂറിസ്റ്റ് കേന്ദ്രങ്ങളായ ശിവഗിരി, കന്യാകുമാരി, അരുവിപ്പുറം, തേക്കടി, ഗുരുവായൂർ, മലമ്പുഴ, പീച്ചി, പൊന്നാനി, ഏഴിമല, മലയാറ്റൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് K.S.R.T.C. ബസ്സുകൾ ആരംഭിക്കുക.
9. പഴൂക്കര–കുഴിക്കാട്ടുശ്ശേരി–കോൾക്കുന്ന് റോഡിലൂടെ ചാലക്കുടി, ഇരിഞ്ഞാലകുട, തൃശൂർ എന്നീ സ്ഥലങ്ങളിക്ക് ബസ്സ് വേണം.
10. ചാലക്കുടി, ഇരിഞ്ഞാലക്കുട, തൃശൂർ, കുണ്ടൂർ എന്നീ ഭാഗങ്ങളിൽ നിന്നും അഷ്ടമിച്ചിറ വഴി പോകുന്ന ഏതാനും ബസ്സുകള് മാരെക്കാട് കടവിൽ വന്നു തിരിച്ചുപോകണം.

**ഊർജ്ജം**

1950ലാണ് ഈ പഞ്ചായത്തിൽ ആദ്യമായി കരന്റ് എത്തുന്നത്. 46 വർഷം പിന്നിട്ടപ്പോൾ ഇന്ന് മാള പഞ്ചായത്തിൽ വൈദ്യുതി എത്താത്ത മേഖലകളൊന്നുമില്ലെന്ന് തീർത്തു പറയാം. എട്ടു ചിമ്മിനി വഴി വിളക്കുകളോടെ ആരംഭിച്ച പഞ്ചായത്തിലെ സ്ട്രീറ്റ്ലൈറ്റുകളുടെ ചരിത്രം ഇന്ന് ആയിരത്തിൽ പരം ഇലക്ട്രിക് ലൈറ്റുകളിലെത്തി നിൽക്കുന്നുവെങ്കിലും, ഈ സൗകര്യം എത്താത്ത വിരലിലെണ്ണാവുന്ന സ്ഥലങ്ങൾ ഇനിയും ബാക്കി നിൽക്കുന്നുണ്ട്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി 52 ട്രാൻസ്ഫോർമറുകൾ സ്ഥിതിചെയ്യുന്നുണ്ടെങ്കിലും ഇതിൽ ഭൂരിഭാഗവും അധികഭാരം ചുമക്കുന്നവയാണ്. നാൾക്കുനാളുതോറുമുള്ള ഉപഭോക്താക്കളുടെ വർദ്ധനവും, കണക്റ്റഡ് ലോഡിന്റെ വർദ്ധനവുമാണ് ഇതിനു പ്രധാന കാരണമായി വിലയിരുത്തപ്പെട്ടിട്ടുള്ളത്. ഇതിനാൽ പഞ്ചായത്തിന്റെ 20 ശതമാനം വരുന്ന ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

മാള പഞ്ചായത്തിന്റെ ഭൂരിഭാഗം വരുന്ന പ്രദേശങ്ങളിലും വൈദ്യുതി വിതരണത്തിന്റെ പ്രധാനചുമതല മാള പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന മാള ഇലക്ട്രിക്കൽമേജർ സെക്ഷനാണെ



387

ങ്കിലും, പഞ്ചായത്തിന്റെ ചുരുക്കം പ്രദേശങ്ങളിൽ വൈദ്യുതി വിതരണ ചുമതല, ചാലക്കുടി, കൊമ്പി ടിഞ്ഞാമാക്കൽ, അന്നമനട എന്നി ഇലക്ട്രിക്കൽ സെക്ഷനുകൾക്കാണ്. മേൽപറഞ്ഞ നാലുസെ ക്ഷനുകളിലായി 421 സാധാരണ അപേക്ഷ കർക്കും, 38 OTP അപേക്ഷകർക്കും, 125 OYEC അ പേക്ഷകർക്കും ഇനി കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട്.

വൈദ്യുതി ഉപയോഗത്തിന്റെ കണക്കനുസ രിച്ച് 5893 പേർ ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗി ക്കുമ്പോൾ കർഷകാവശ്യക്കാർ 2163 ആണ്. വ്യാ വസായികരംഗത്ത് 269 പേരും, 437 പേർ വ്യാപാര രംഗത്തും വൈദ്യുതി ഉപയോഗിക്കുന്നു. മാള ടെ ലിഫോൺ എക്സേഞ്ചാണ് പഞ്ചായത്തിലെ ഏറ്റ വും വലിയ വൈദ്യുതി ഉപഭോക്താവ്.

1023 ഓർഡിനറി ബൾബുകളും 141 റ്റ്യൂബുക ളും അടങ്ങിയ ഈ പഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈറ്റ് വിതരണത്തിനായി വർഷംതോറും 206298 രൂപ പ ഞ്ചായത്ത് ചിലവിടുന്നു.

മാള പഞ്ചായത്തിലെ സർക്കാർ അംഗീകരി ച്ച എല്ലാ ഹരിജൻ കോളനികളും വൈദ്യുതികരിച്ച താണ്. 1991-96 വർഷ കാലയളവിൽ ദുർബലവിഭാ ഗത്തിൽ പ്പെട്ട 508 കുടുംബങ്ങൾക്ക് പഞ്ചായത്ത് സൗജന്യമായി വയറിംങ്ങ് ചെയ്തുകൊടുക്കുക യും OTPയിൽ കണക്ഷൻ ലഭ്യമാക്കുകയും ചെ യ്തിട്ടുണ്ട്.

ആറ് മാസത്തിലൊരിക്കൽ മീറ്റർ പരിശോ ധിച്ച് ഉപഭോക്താവിന്റെ ബില്ല് നിർണ്ണയിക്കുന്ന രീ തിയാണ് ഇന്ന് നിലവിലുള്ളത്. എന്നാൽ ഇക്കാര്യ ത്തിൽ നീതി ലഭിക്കാത്ത ഉപഭോക്താവ് പഞ്ചായ ത്ത് തന്നെയാണ്. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റ് സംവിധാനത്തിന്റെതകരാറും, ഇതിന്റെ ബില്ല് നിർണ്ണയിക്കുന്ന രീതിയിലുള്ള അപാകതയുമാണ് ഇതിനുകാരണമായി കണ്ടെത്താൻ കഴിഞ്ഞിട്ടുള്ള ത്. പ്രേരണ വിതരണം ധാരാളം വൈദ്യുതി ന ഷ്ടം സംഭവിക്കുന്നുണ്ട്. മാളയുടെ ചിരകാലസ്വ പ്നമായിരുന്ന മാള ഇലക്ട്രിക് സബ്സ്റ്റേഷൻ 66KV 1994 ൽ മാള പഞ്ചായത്തിൽ കോട്ടമുറിയിൽ പ്രവർത്തനമാരംഭിച്ചതോടെ വോൾട്ടേജ് പ്രശ്ന ത്തിന് കുറെ പരിധിവരെ പരിഹാരമായി.

ആറ് പഞ്ചായത്തുകളുടെ വിതരണ ചുമത ലയുള്ള ഗ്യാസ് ഏജൻസി മാള ടൗണിൽ സ്ഥിതി ചെയ്യുന്നു. ഈ രംഗത്ത് വർഷങ്ങളായി രജിസ്റ്റർ ചെയ്ത് കണക്ഷനായി കാത്തു നിൽക്കുന്നവരുടെ നീണ്ട നിരതന്നെയുണ്ട്.

**പ്രശ്നങ്ങളും, നിർദ്ദേശങ്ങളും**

ഗ്രാമസഭാചർച്ചകളും, സർവ്വേ പഠനവും (ആധാരം)

1. അപേക്ഷകർക്ക് കണക്ഷൻ കൊടുക്കുന്നതിന് ഇപ്പോഴുള്ള ദീർഘിച്ച കാലതാമസം ഒഴിവാ ക്കുക.

   ആവശ്യമുള്ള മെറ്റീരിയൽസ് ബോർഡിൽ നി ന്നും വേഗം ലഭ്യമാക്കുക.

2. സ്ട്രീറ്റ് ലൈറ്റുകളുടെ പ്രവർത്തനം കാര്യക്ഷ മമാക്കുക.

   (i) ഉപയോഗിക്കുന്ന കറന്റിന് മാത്രം ചാർജ് ഇ ടാക്കുന്നതിനായി മീറ്റർ സംവിധാനം ഏർപ്പെ ടുത്തുക.

   (ii) അഞ്ച് പോയിന്റുകൾക്ക് ഒരാളുടെ സംര ക്ഷണം എന്ന നിലയിൽ വാർഡ് നിവാസിക ളെ ചുമതലപ്പെടുത്തുക.

   (iii) ബൾബ് - റ്റ്യൂബ് എന്നിവയുടെ പർചേ സിംങ്ങ് പഞ്ചായത്തിനെ ഏൽപ്പിക്കുക.

3. വൈദ്യുതി വിതരണ നഷ്ടം ഒഴിവാക്കുക.

   (i) ടച്ചിംങ്ങ് വെട്ടി മാറ്റുന്ന പരിപാടി കുറെകൂടി കാര്യക്ഷമമാക്കിയാൽ നഷ്ടം കുറെയേറെ ഒ ഴിവാക്കാനാകും.

   (ii) സ്ട്രീറ്റ് ലൈറ്റുകൾ രാവിലെ തന്നെ കെടു ത്തുന്നത് നിർബന്ധമായും പാലിക്കുക.

   അനർട്ടുക്ഷമതകൂടി പരമ്പരാഗതരീതിയിൽ വിറക് - ഊർജ്ജം മണ്ണെണ്ണ

**ഗ്രാമസഭയിൽ വന്ന വിവിധ ആവശ്യങ്ങൾ**

1. മാള 66 k.v. ഇലക്ട്രിക് സബ്സ്റ്റേഷൻ 110 k.v. ആക്കി ഉയർത്തുക
2. വർഷംതോറും വർഡൊന്നിന് 10 ട്യൂബ് ലൈ റ്റുകളും 2 Sodium Vaper lampകൾ വീതം സ്ഥാപിക്കുക. നിലവിലുള്ള ബൾബുകൾ (ടൗൺ പ്രദേശങ്ങളിലെങ്കിലും) റ്റ്യൂബുകളാ ക്കി മാറ്റുക
3. സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ അത് എത്തിക്കുക.

4. പറമ്പുകളിലൂടെ പോകുന്ന ഇലക്ട്രിക് ലൈറ്റുകൾ തൊട്ടടുത്ത റോഡുകളിലേക്ക് മാറ്റി സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

5. വൈദ്യുതി സൗജന്യം എല്ലാ കൃഷിക്കും ബാധകമാക്കുക.

6. 63 KVA ട്രാൻസ്ഫോർമറുകൾ 100 KVA ട്രാൻസ്ഫോർമറുകളായി Capacity ഉയർത്തുക

7. വൈദ്യുതി കമ്മി പരിഹരിക്കുവാൻ ഒരു തെർമൽ പ്ലാന്റ് സ്ഥാപിക്കുക.

8. പഞ്ചായത്ത് സൗജന്യമായി വയറിംങ്ങ് ചെയ്തു കൊടുക്കുന്ന പാവപ്പെട്ടവർക്ക് OTPയിൽ കണക്ഷൻ പെട്ടെന്ന് നൽകുക.

9. മാള – വലിയപറമ്പ് മേഖലയിലെവിടെയെങ്കിലും ഒരു K.S.E.B. ബില്ലിംങ്ങ് കൗണ്ടർ ആരംഭിക്കുക.

10. കോട്ടവാതിൽ, തങ്കുളം, പഴൂക്കര, നെയ്തകുടി എന്നീ പ്രദേശങ്ങളിൽ ഒരു Complaint Book സ്ഥാപിക്കുക.

11. പുകയില്ലാത്ത അടുപ്പുകൾ ആവശ്യക്കാർക്ക് സബ്സിഡിനിരക്കിൽ വിതരണം ചെയ്യുക.

12. കൃഷി ഭവനുകൾ വഴി വിറകു വൃക്ഷതൈകൾ വിതരണം ചെയ്യുക.

13. ഗ്യാസ് കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

14. ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു വേണ്ട പ്രോത്സാഹനം നൽകുകയും, അതിന് പഞ്ചായത്തു തലത്തിൽ സബ്സിഡി നൽകുകയും ചെയ്യുക.

15. ഗ്യാസ് കണക്ഷനിൽ സീനിയോരിറ്റി കർശനമായി പാലിക്കാൻ വേണ്ടുന്ന നിർദ്ദേശം പഞ്ചായത്ത് നല്കുക

**താഴെ പറയുന്നിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക**

1. പ്ലാവുംമുറി
2. കാട്ടിക്കരക്കുന്ന്
3. കോൾകുന്ന്
4. കോൺവെന്റ് പരിസരം
5. കൊല്ലിക്കൽ റോഡ്
6. നെയ്തകുടി
7. പാറക്കൂട്ടം
8. കുന്നത്ത് കാട്
9. കുരുവിലശ്ശേരി സെന്ററിൽ

**താഴെപറയുന്ന സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.**

വാർഡ് 1. രാജീവ് ഗാന്ധി റോഡ്, കനകക്കുന്ന് തെക്കെതാഴംറോഡ്, കാവനാട് സർക്കിൾറോഡ്, മാള–എളന്തിക്കര റോഡ്, തങ്കുളം – ഉപ്പിലായിപ്പാടം റോഡ്

വാർഡ് 2. ജനകീയ റോഡ് (വടക്കെഭാഗം ഉൾപ്പെടെ) യൂണിയൻ ബാങ്ക് റോഡ്, ചുങ്കം തെക്കെഭാഗം, കുടുംബി അമ്പലപ്രദേശം, മാമ്പിളി റോഡ്, കിഴക്കേ അങ്ങാടി കൊങ്കിണി അമ്പലപ്രദേശം, മാമ്പിളി റോഡ്

വാർഡ് 3. കൂനംപറമ്പ് കൊല്ലിക്കൽ റോഡ്, കൂനം പറമ്പ് – കാവനാട് ചിറ റോഡ്, കൊല്ലിക്കൽ പുഞ്ചപ്പാടം റോഡ്, കുന്നത്ത്കാട് – കട്ടപ്പാടം റോഡ്, കോട്ടവാതിൽ – വാട്ടർ ടാങ്ക് റോഡ്, കൂനം പറമ്പ് – കോട്ടമുറി റോഡ്, വടമ മുണ്ടകത്ത് സിറാമിക് റോഡ്, കൊല്ലിക്കൽ കുരിയക്കാട് റോഡ്. തോട്ടപ്പായി – പടിഞ്ഞാറ് പാടം റോഡ്, കോട്ടവാതിൽ പുഞ്ചപ്പാടം റോഡ്, കുന്നത്ത്കാട് കിണർ റോഡ്, വടമ – പാണ്ടിപ്പാടം റോഡ്, വടമ – പുല്ലാർകുളങ്ങരപ്പാടം റോഡ്

വാർഡ് 4. കുന്നത്ത്കാട് – കടുപ്പൂക്കര പള്ളിത്താഴം, വേലൻ കോളനി, ആമ്പിലിപ്പാടം റോഡ്

വാർഡ് 5. കോൾകുന്ന് – തോട്ടുപുറം കടവ്, വാണിയംപാടം റോഡ്, കോൺവെന്റ് – പുത്തൻചിറ റോഡ്, കാട്ടിക്കരക്കുന്ന് – പള്ളി റോഡ്.

വാർഡ് 6. കോട്ടവാതിൽ അലങ്കാർ ഓട്ടുകമ്പനി, ഗുരുതിപ്പാല – പള്ളത്തുകുളം റോഡ്, പഴൂക്കര കിണർ, – പഴൂക്കര റോഡ് (pwd), ഗുരുതിപ്പാല – പട്ടശ്ശേരിപാടം റോഡ്, പുളിയില കുന്ന് – മുങ്ങേക്കാട്ടുപാടം റോഡ്, തൊടിയിലപ്പടിപാടം റോഡ്, കോട്ടവാതിൽ ഇളയതുപ്പടി റോഡ്,

പുളിയിലകുന്ന് – ചിറാപ്പാടം – കല്ലൂപ്പാലം റോഡ്, പുളിയിലകുന്ന് – ഉരുണ്ടോളി അമ്പലം വരെ, പഴൂക്കര ബൾ ബ് കമ്പനി കിഴക്കെ റോഡ്

**വാർഡ് 7.** അഷ്ടമിച്ചിറ – കാരൂർ റോഡ്, അണ്ണല്ലൂർ കാരൂർ റോഡ്, പുഞ്ചപ്പാടംറോഡ്, അഞ്ചരങ്ങാടി റോഡ്, ഗ്രാമോദ്ധാരണ റോഡ്, അണ്ണല്ലൂർ ബ്രാഞ്ച് കനാൽ ബണ്ട് റോഡ്, ലക്ഷം വീടം കോളനി റോഡ്, മാവേലിപ്പാടം റോഡ്

**വാർഡ് 8.** സാംബർ കോളനി – കൊടകത്തുകുന്ന് റോഡ്, കോട്ടയ്ക്കൽ ആശ്രമം, ചള്ളിപ്പടി PWD റോഡ്, മാള പഞ്ചായത്ത് അതിർത്തി

**വാർഡ് 9.** വലിയപറമ്പ് – പള്ളിയിൽ റോഡ്, കുരുവിളശ്ശേരി, മധുരഞ്ചേരി റോഡ്, കരുവിളസ്ശേരി ലക്ഷംവീട് കോളനി റോഡ്, കരുവിലശ്ശേരി പനയ്ക്കൽ റോഡ്, കുരുവിലശ്ശേരി – ഇ.എ. റോഡ്, കുരുവിലശ്ശേരി – കുന്നത്തു പാടം റോഡ്

**വാർഡ് 10.** പുളിയിലകുന്ന് – വെട്ടുകടവ് റോഡ്, ചമ്പാളൂർ കനാൽ ബണ്ട് റോഡ്, മുഴിക്കക്കടവ് റോഡ്, കൊച്ചിലപ്പാടം റോഡ്, കൊച്ചിലപ്പാടം – വെട്ടുകടവ് റോഡ്, പേരൂക്കാവ് അമ്പലം റോഡ്, അമ്പഴക്കാട് പള്ളി – പാളയം പറമ്പ് റോഡ്, വെട്ടുകടവ് – മുഴിയ്ക്കൽ ലിങ്ക് റോഡ്.

**വാർഡ് 11.** കുണ്ടായി, ആനപ്പാറ റോഡ്, കോൾകുന്ന് – ആനപ്പാറ – ജൂബിലി നഗർ റോഡ്, കോൾകുന്ന് – ആനപ്പാറ റോഡ്, അഷ്ടമിച്ചിര – കുര്യേക്കാട് റോഡ്, പുളിയിലകുന്ന് – ചുണ്ടേക്കാട്ട് പാടം റോഡ്, കുര്യേക്കാട് മൂന്നമ്പലം റോഡ്, കോൾകുന്ന് – പാലാപറമ്പിൽ റോഡ്, ജൂബിലിനഗർ, പഴൂക്കര ലിങ്ക് റോഡ്, ജൂബിലി നഗർ – പഴൂക്കര റോഡ്, ആനപ്പാറ ഗ്രാമോദ്ധാരണ റോഡ്, ഗ്രാമോദ്ധാരണ റോഡിൽനിന്നാരംഭിച്ച് കുണ്ടായിൽ എതതുന്ന വി.വി. കുഞ്ഞിരാമൻ റോഡ്.

**വാർഡ് 12.** മാരേക്കാട് – പാലാറിൽ റോഡ്, അഷ്ടമിച്ചിറ റേഷൻകട തെക്കെറോഡ്, വടമ ദേവീ വിലാസം സ്ക്കൂൾ – ആശ ഓഡിറ്റോറിയം വരെയുള്ള P.W.D. റോഡ്.

## മാർക്കറ്റ്

ചരിത്രപരമായി പരിശോധിക്കുമ്പോൾ കേരളത്തിലെ തന്നെ അറിയപ്പെടുന്ന ഒരു വാണിജ്യകേന്ദ്രമായി നമ്മുടെ പഞ്ചായത്തിലെ മാള ടൗൺ നില കൊണ്ടിട്ടുണ്ട് എന്നു മനസ്സിലാക്കാൻ കഴിയും. എന്നിരുന്നാലും ആധുനിക മാളയുടെ വിപണനകേന്ദ്രങ്ങൾ പരിശോധിക്കുമ്പോൾ ആസൂത്രിതവും ശാസ്ത്രീയവുമായ യാതൊരു വിപണന കേന്ദ്രസംവിധാനവും നമുക്കില്ലെന്നുപറയാം. മാള ടൗണിന്റെ പടിഞ്ഞാറുഭാഗത്തുള്ള മാള കടവിനു പരിസരത്തു സ്ഥിതി ചെയ്യുന്ന അറവുശാലയും മത്സ്യവിപണനകേന്ദ്രവുമാണ് മാർക്കെറ്റെന്ന നിലയിൽ എടുത്തുപറയാവുന്നത്. അത് വേണ്ടത്ര രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടില്ല.

### ഗ്രാമസഭകളിൽ നിന്ന് ഉയർന്നവന്ന പ്രശ്നങ്ങളും സാധ്യതകളും

1. മാള ടൗൺ ബന്ധപ്പെടുത്തി ആഴ്ചയിൽ ഒരു പച്ചക്കറി ചന്ത നടപ്പിൽ വരുത്തുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ആയതിന് സ്ഥലം പുതിയ ബസ്സ് സ്റ്റാന്റ് പരിസരം ഉപയോഗിപ്പെടുത്തണം.
2. വലിയപറമ്പ്, അഷ്ടമിച്ചിറ, ഗുരുതിപാല എന്നിവടങ്ങളിൽ പച്ചക്കറി അന്തി ചന്ത നടത്തുന്നതിന് വേണ്ട നടപടി എടുക്കണം.
3. സ്വയംതൊഴിൽ പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണനകേന്ദ്രം പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം.
4. പഴൂക്കര ഗുരുതിപാല സെന്ററിൽ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കുക
5. ഒരു മൊബയിൽ പച്ചക്കറി ചന്ത് ആരംഭിക്കണം.

# വിദ്യാഭ്യാസം

## മാളഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണം

ഔരചാരിക വിദ്യാഭ്യാസരംഗത്ത് മാള ഗ്രാമ പഞ്ചായത്തിൽ ഇരുപതാംനൂറ്റാണ്ടിനുമുമ്പ് ആരംഭിച്ച ഏക സ്ക്കൂൾ മാള ഗവ.പ്രൈമറി മോഡൽ സ്ക്കൂൾ ആകുന്നു. അക്കാലത്ത് സെക്കണ്ടറി തല വിദ്യാഭ്യാസത്തിന് ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ ഹൈസ്ക്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. തുടർന്ന് മാള സി.എം.എസ്. എൽ.പി. സ്ക്കൂൾ നിലവിൽ വന്നു. 1920 കളിൽ R.V.L.P. സ്കൂൾ കുരുവിലശ്ശേരി, N.S.S.L.P. സ്കൂൾ പഴൂക്കര, D.V.L.P.S വടമ എന്നിവ പ്രവർത്തനം തുടങ്ങി. A.D. 1940 നും 1950 നും ഇടയ്ക്ക് മറ്റു ചില വിദ്യാലയങ്ങളും ആരംഭിച്ചു. ഒരേ ഒരു ഗവ. പ്രൈമറി സ്കൂളും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 9 പ്രൈമറി സ്കൂളുകളും ഒരു U.P. സ്കൂളും 4 ഹൈസ്കൂളുകളും ഒരു അൺഎയിഡഡ് ഒരു ഇംഗ്ളീഷ് മീഡിയം സ്കൂളും കൂടി ആകെ 18 വിദ്യാലയങ്ങൾ നിലവിലുണ്ട്. 7319 കുട്ടികൾ ഈ വിദ്യാലയങ്ങളിൽ അദ്ധ്യായനം നടത്തുന്നു. എന്നാൽ മാള പഞ്ചായത്തിലുള്ള 12 വാർഡുകളിൽ 3 എണ്ണത്തിൽ യാതൊരു വിധ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. 12 വാർഡുകളിലും അംഗൻ വാടികളുണ്ട്. ആകെ 27 അംഗൻ വാടികളുള്ളതിൽ 15 എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങളുണ്ട്. ഇനി 12 എണ്ണത്തിന് കെട്ടിടം ഉണ്ടാകേണ്ടതുണ്ട്. ഇതിൽ രണ്ടെണ്ണത്തിന് പഞ്ചായത്തിൽ നിന്നുള്ള സ്ഥലം ലഭിച്ചിട്ടുണ്ട്. ബാക്കി 10 എണ്ണത്തിന് സ്ഥലവും കെട്ടിടവും വേണം.

മാള പഞ്ചായത്തിൽ ആദ്യമായി I.A.S. ലഭിച്ച ശ്രീ. P.S. അപ്പു അഷ്ഠമിച്ചിറ സ്വദേശിയാണ്. അദ്ദേഹത്തിനു ശേഷം വേറെ ആർക്കും തന്നെ I.A.S. കേഡറിലേക്ക് സെലക്ഷൻ ലഭിച്ചിട്ടില്ല. സ്റ്റേറ്റ് അവാർഡുകൾ ലഭിച്ച ശ്രീമതി. കെ. അമ്മിണിയമ്മ, ശ്രീ. കെ. അച്ചുതൻ മാസ്റ്റർ, ഗുരു ശ്രേഷ്ഠ അവാർഡു നേടിയ ശ്രീ. കെ. പീതാംബരൻ മാസ്ററർ, ദേശീയ അവാർഡു നേടിയ ശ്രീ. റഹ്മത്തുള്ള മാസ്ററർ, ശ്രീ. പി. രാമൻ മാസ്ററർ എന്നിവർ ഈ ഗ്രാമ പഞ്ചായത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരാണ്. ജില്ലാ തലത്തിലും ദേശീയതലത്തിലും അവാർഡുകൾ ലഭിച്ചിട്ടുള്ള പ്രതിഭകൾ ഈ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. മെറിറ്റ് അടിസ്ഥാനത്തിൽ സ്കോളർ ഷിപ്പു ലഭിച്ചിട്ടുള്ള 18 വിദ്യാർത്ഥികൾ വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്നു. അതിൽ 12 പേരും മാള ഗവ.മോഡൽ പ്രൈമറി സ്ക്കൂളിലെ കുട്ടികൾ ആണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. പ്രസ്തുത സ്ക്കൂൾ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

ഹൈക്കോടതി ചീഫ് ജസ്റ്റീസായിരുന്ന ശ്രീ. വർഗീസ് കള്ളിയത്ത്, സാഹിത്യകാരനായ പ്രൊഫ. എം. അച്ചുതൻ, അന്തർദ്ദേശീയ പ്രശസ്തനായ എഞ്ചിനീയർ ഡോ. പി. സോമസുന്ദരം എന്നിവരും ഈ ഗ്രാമപഞ്ചായത്തുവാസികളാണ്.

അക്ഷരാഭ്യാസത്തിന് ആവശ്യമായ വിദ്യാലയങ്ങൾ ഈ ഗ്രാമപഞ്ചായത്തിലുണ്ടെന്നു പറയാം. വിദ്യാലയങ്ങളെ സംബന്ധിക്കുന്ന വിശദമായ സ്ഥിതിവിവരം കണക്കുകൾ കാണിക്കുന്ന പട്ടിക നാല്ലെണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസത്തിന് ആവശ്യമായ കോളേജ് ഒന്നു മാത്രമേ ഈ പഞ്ചായത്തിലുള്ളൂ. അതും പെൺകുട്ടികൾ മാത്രം പഠിക്കുന്നതായ കാർമ്മൽ കോളേജ്. അതിനാൽ ഉന്നതവിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾ ചാലക്കുടി, ഇരിഞ്ഞാലകകുട, കൊടുങ്ങല്ലൂർ, ആലുവ, തൃശൂർ മുതലായ സ്ഥലങ്ങളിലെ കോളേജുകളെ ആശ്രയിക്കുന്നു. അവിടങ്ങളിൽ പ്രവേശനം ലഭിക്കാത്തവർ പാരൽ ടൃൂട്ടോറിയൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്.

സാങ്കേതിക വിദ്യാഭ്യാസസൗകര്യവും ഈ ഗ്രാമപഞ്ചായത്തിൽ ദുർലഭമാണ്. ഗവ. തലത്തിൽ ഒരു ഐ.റ്റി.ഐയും ഒരു കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ടും സ്വകാര്യമേഖലയിൽ ഒരു ഐ.റ്റി.സി.യും ഒരു Bed കോളേജും 3 കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടകളുമാണുള്ളത്.

കാക്കക്കും തൻപിള്ള പൊൻപിള്ള എന്നാണല്ലൊ പഴംചൊല്ല്. തങ്ങളുടെ മക്കൾ പിൻതള്ളപ്പെടരുതെന്നും മക്കളുടെ ഭാവി ശ്രേയസ്സാണ് തങ്ങളുടെ ലക്ഷ്യമെന്നും ആഗ്രഹിക്കുന്ന മാതാപിതാക്കൾ അവർ പാവപ്പെട്ടവരും കഷ്ടത അനുഭവിക്കുന്നവരും ആയാൽപോലും ഇംഗ്ലീഷ് മീഡിയം സ്ക്കുളുകളെ തേടിപ്പോകുന്നു. അതിനുസാദ്ധ്യതയില്ലാത്ത ഭൂരിഭാഗം സാധാരണ ജനങ്ങൾ ഗത്യന്ത

രമില്ലാതെ മറ്റു സ്ക്കുളുകളിലേക്ക് തങ്ങളുടെ കുട്ടികളെ അയ്ക്കുന്നു. അങ്ങിനെ രണ്ടുതരം പൗരന്മാരെ വാർത്തെടുക്കുന്നു. കൂടാതെ ഇതിന്റെ ഫലമായി ചില സ്ക്കുളുകളിൽ കുട്ടികളുടെ എണ്ണം കുറയുകയും അതനുസരിച്ച് ക്ലാസ്സ് ഡിവിഷനുകളും കുറയുന്നു.

സുന്ദരമായ കുരുന്ന മനസ്സുകളെ നേർവഴിക്ക് ചിന്തിക്കുവാൻ പ്രാപ്തരാക്കിത്തീർക്കുന്നതിന് പഴയകാലത്തെ അദ്ധ്യാപകവൃന്ദം ശ്രമിച്ചിട്ടുണ്ട്. പലവിധം വെല്ലുവിളികളും സഹിച്ച് പ്രവർത്തിച്ച അന്നത്തെ അദ്ധ്യാപകർ സ്വയം സമർപ്പിച്ച് വിടരാൻ വെമ്പുന്ന പൂക്കളെ പ്രബുദ്ധരാക്കണമെന്ന് ലക്ഷ്യം വച്ച് പ്രവർത്തിച്ചുവെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. പണ്ടത്തെപ്പോലെയുള്ള ഗുരുശിഷ്യബന്ധം ഇന്ന് ഉണ്ടോ എന്ന് സംശയമാണ്. അതിന് ആരാണ് ഉത്തരവാദി. അവർ സ്വയം തിരുത്തട്ടെ.

**മാള ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസരംഗത്ത് അത്യാവശ്യം നടപ്പിൽ വരുത്തേണ്ടതായ വികസന നിർദ്ദേശങ്ങൾ**

1. ഉന്നതവിദ്യാഭ്യാസത്തിന് ഒരു ഗവ. കോളേജ് ആരംഭിക്കുക
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കിയിട്ടുള്ള ഒരു വനിതാ ഐ.റ്റി.ഐ., ഒരു പോളിടെക്നിക്ക്, ഗവ. തലത്തിൽ മാള ഗവ. ഐ.റ്റി.ഐ. യോടനുബന്ധിച്ച് ആരംഭിക്കുക.
3. നഴ്സറി സ്ക്കൂൾ, അൺഎയ്ഡ്സ് സ്ക്കൂളുകൾ, അഗൻവാടികൾ എന്നിവിടങ്ങളിൽ പരിശീലനം സിദ്ധിച്ച അദ്ധ്യാപകരെ നിയമിക്കുക
4. മാതൃഭാഷാപഠനം കേന്ദ്രീകരിച്ച് ഇംഗ്ലീഷ് മീഡിയം സ്ക്കുളുകളെ നിരുത്സാഹപ്പെടുത്തുക
5. 3 കി.മീറ്ററുനുള്ളിൽ വിദ്യാലയങ്ങൾ ഇല്ലാത്ത സ്ഥലത്ത് പുതിയ വിദ്യാലയങ്ങൾ അനുവദിക്കുക
6. പഠിപ്പിനും പാഠ്യേതരവിഷയങ്ങൾക്കും പ്രാധ്യാന്യം നൽകി, സമരങ്ങളില്ലാത്ത വിദ്യാലയാന്തരീഷം ഉണ്ടാക്കുവാൻ രാഷ്ട്രീയക്കാർ, മാനേജ്മെന്റ്, അദ്ധ്യാപകർ, രക്ഷിതാക്കൾ മുതലായവർ പ്രത്യേകം ശ്രദ്ധിക്കണം. എന്നാൽ മാത്രമേ തങ്ങളുടെ പിഞ്ചുകുഞ്ഞുങ്ങൾ നല്ല പൗരന്മാരായി വളരുകയുള്ളൂ. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കണം.
7. ചക്കാംപറമ്പ് ഡോ. പൽപ്പു മെമ്മോറിയൽ യു. പി. സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തുക
8. വടമ D.V.L.P.S. U.P. സ്ക്കൂൾ ആയി ഉയർത്തുക
9. അഷ്ടമിച്ചിറ ഗവ. കൊമേർഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്വന്തമായ സ്ഥലത്തും കെട്ടിടത്തിലും പ്രവർത്തിപ്പിക്കുക.
10. പി.റ്റി.ഐ. യിൽ പഞ്ചായത്ത് അദ്ധ്യാപകസംഗമം നടത്തണം.
11. പഞ്ചായത്തുതലത്തിൽ അദ്ധ്യാപകസംഘമങ്ങൾ ഉറപ്പ് വരുത്തുക.



## മാള പഞ്ചായത്തിലെ വിദ്യാലയ വിവരങ്ങൾ

| | സ്കൂളിന്റെ പേര് | വാർഡ് | മാനേജ് മെന്റ് | ആകെ കുട്ടികൾ | അദ്ധ്യാപകർ | | | വിദ്യാഭ്യാസ യോഗ്യത | |
|---|---|---|---|---|---|---|---|---|---|
| | | Ward | | 96.97 | M | F | Total | Bed | T.T.C |
| 1 | S. C. L. P. School kottakkad | I | Aided | 648 | | 12 | 12 | | 12 |
| 2 | S. C. Girls H.S. kottakkad | I | Aided | 975 | | 27 | 27 | 17 | 10 |
| 3 | C. M. S. L. P . S. Mala | II | Aided | 44 | 3 | 2 | 5 | | 5 |
| 4 | Govt. L. P. S. Mala | II | Govt. | 259 | 1 | 10 | 11 | | 11 |
| 5 | St. Antony's High School Mala | II | Aided | 658 | 7 | 23 | 30 | 23 | 7 |
| 6 | D. V. L. P. Vadama | IV | Aided | 160 | 1 | 6 | 7 | | 7 |
| 7 | St. Mary's L. P. S. Kuzhikkattussery | V | Aided | 459 | | 12 | 12 | | 12 |
| 8 | St. Mary's Girls H.S | V | Aided | 1266 | | 35 | 35 | | |
| 9 | D. P. M. U. P. S. Chakkam parambu | VIII | Aided | 213 | 4 | 7 | 11 | 1 | 10 |
| 10 | R. V. L. P. S. Kuruvilassery | IX | Aided | 231 | 2 | 7 | 9 | | 9 |
| 11 | H. C. C. English Medium, H. P. Snehagiri | IX | Unaided | 445 | | 15 | 15 | | |
| 12 | N. S. L. P. S. Pazhukkara | X | Aided | 133 | 1 | 3 | 4 | | 4 |
| 13 | N. S. L. P. S. Annallur | XI | Aided | 73 | 2 | 2 | 4 | | 4 |
| 13 | Gandhi Smaraka H. S. Ashtamichira | XII | Aided | 249 | 2 | 7 | 9 | | 9 |
| 14 | A. M. L. P. S. Marekkad | XII | Aided | 93 | 2 | 3 | 5 | | 5 |
| 15 | Gandhi Smaraka H. S. Ashtamichira | XII | Aided | 1413 | 5 | 48 | 53 | 38 | 15 |

## മാള പഞ്ചായത്തിലെ വിദ്യാലയ സൗകര്യങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം ഏക. | സെ. | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ, കുടിവെള്ള സംവിധാനം | ഇനി ആവശ്യമുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | S.C.L.P.S. Kottakkal | 3 | | Yes | Yes | Nil | Nil | Yes | Yes | Yes | Nil | Yes | Yes | |
| 2 | S.G. Girls H.S. " | | | Yes | Yes | Yes | Yes | Yes | Yes | Yes | Yes | 1.00 | Yes | |
| 3 | C.M.S. L.P.S. Mala | 0 | 46 | Yes | Yes | Nil | Nil | Yes | Yes | Yes | Nil | 0.30c | Yes | |
| 4 | Govt. L.P.S. Mala | 0 | 57 | Yes | Yes | Yes | Yes | Yes | Yes | Yes | Yes | 0.20c | Yes | |
| 5 | St. Antony's H.S. Mala | 3 | - | Yes | Yes | Yes | Yes | Yes | Yes | Nil | Yes | 1.00a | Yes | |
| 6 | D.V.L.P.S. Vadama | 1 | 2 | Yes | Nil | Nil | Yes | Yes | Yes | Yes | Yes | 0.25c | Yes | |
| 7 | St. Mary's L.P.S. Kuzhikkattussery | 1 | 50 | Yes | Nil | Nil | Yes | Yes | Yes | Yes | Yes | 0.75c | Yes | |
| 8 | St. Mary's Girls H.S. Kuzhikkattussery | 3 | - | Yes | Yes | Yes | Yes | Yes | Yes | Yes | Yes | 1.00a | Yes | |
| 9 | D.P.M.U.P.S. Chakkamparamb | 3 | 25 | Yes | Yes | Yes | Yes | Yes | Yes | Yes | Yes | 1.00a | Yes | |
| 10 | R.V.L.P.S. Kuruvilassery | 2 | 30 | Yes | Nil | Yes | Yes | Yes | Yes | Yes | Nil | 1.50a | Yes | |
| 11 | H.C.C.E.M. H.S. Snehagiri | 3 | 0 | Yes | Yes | Yes | Yes | Yes | Yes | Nil | Yes | 2.00a | Yes | |
| 12 | N.S.L.P.S. Pazhukkara | 0 | 80 | Yes | Yes | Nil | Yes | Yes | Yes | Yes | Yes | 0.20c | Yes | |
| 13 | N.S.L.P.S. Annallur | 1 | 27 | Yes | Nil | Nil | Nil | Yes | Nil | Nil | Nil | 0.50c | Yes | |
| 14 | Gandhi Smaraka L.P.S. Ashtamichira | 1 | 20 | Yes | Yes | Nil | Nil | Yes | Yes | Yes | Yes | 0.60c | Yes | |
| 15 | A.M.L.P.S. Manekkad | 1 | - | Yes | Nil | Nil | Nil | Yes | Yes | Nil | Nil | 0.50c | Yes | |
| 16 | G.S.H.S. Ashtamichira | 2 | 75 | Yes | Yes | Yes | Yes | Yes | Yes | Yes | Yes | 1.00a | Yes | |

| മാള പഞ്ചായത്ത് 96–97<br>കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Std | B | G | Tot. | B | G | Tot. | Sc/St students | | | Other Students | | | Sc/St Students | | | Other Students | | | പഠനം നിർത്തിയവരുടെ മൊത്തം |
| | | | | | | | B | G | Tot. | B | G | Tot. | B | G | Tot. | B | G | Tol. | |
| I | 257 | 300 | 557 | 41 | 40 | 81 | | | | | | | 3 | 0 | 3 | | 1 | 1 | 4 |
| II | 253 | 302 | 555 | 57 | 45 | 102 | 6 | 2 | 8 | 10 | 18 | 68 | | 1 | 1 | | 2 | 2 | 3 |
| III | 286 | 272 | 558 | 42 | 35 | 77 | 10 | 5 | 15 | 19 | 8 | 27 | | | | | | | |
| IV | 269 | 318 | 587 | 38 | 48 | 86 | 2 | 6 | 8 | 12 | 5 | 17 | | | | | | | |
| V | 378 | 459 | 837 | 52 | 75 | 127 | 4 | 2 | 12 | 25 | 33 | 58 | 2 | 1 | 3 | 1 | | 1 | 4 |
| VI | 427 | 450 | 877 | 75 | 75 | 150 | 12 | 2 | 14 | 42 | 15 | 57 | 2 | 2 | 4 | 4 | | 4 | 8 |
| VII | 366 | 492 | 858 | 62 | 78 | 140 | 9 | 14 | 23 | 34 | 60 | 94 | 2 | 4 | 6 | 5 | | 5 | 11 |
| VIII | 377 | 543 | 920 | 71 | 88 | 159 | 14 | 13 | 27 | 42 | 63 | 105 | 3 | 3 | 6 | 8 | 4 | 12 | 18 |
| IX | 361 | 528 | 886 | 60 | 75 | 135 | 14 | 15 | 29 | 49 | 61 | 110 | 5 | 3 | 8 | 6 | 2 | 8 | 16 |
| X | 227 | 407 | 684 | 45 | 50 | 95 | | | | | | | 1 | 1 | 2 | | 2 | 2 | 4 |
| | | | | 543 | 609 | 1152 | 71 | 65 | 136 | 133 | 263 | 496 | 18 | 15 | 33 | 24 | 11 | 35 | 68 |

## Std. wise Strength : Boys and Girls Separately

| No. | Name of School | Std. 1 | | | Std.. II | | | Std. III | | | Std. IV | | | Std. V | | | Std. VI | | | Std. VII | | | Std. VIII | | | Std. IX | | | Std. X | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total |
| 1 | S. C. L. P. S. Kottakkal | 46 | 112 | 158 | 58 | 119 | 177 | 61 | 100 | 161 | 57 | 95 | 152 | | | | | | | | | | | | | | | | | | |
| 2 | S. C. Girls. H. S | | | | | | | | | | | | | | 127 | 127 | | 136 | 136 | | 160 | 160 | | 208 | 208 | | 192 | ·192 | | 152 | 152 |
| 3 | C. M. S. L. P. S. Mala | 5 | 6 | 11 | 6 | 4 | 10 | 11 | 2 | 13 | 8 | 2 | 10 | | | | | | | | | | | | | | | | | | |
| 4 | Govt. L. P. S. Mala | 35 | 17 | 52 | 21 | 14 | 35 | 32 | 25 | 57 | 34 | 25 | 59 | 37 | 19 | 56 | | | | | | | | | | | | | | | |
| 5 | St. Antony's. H.S. Mala | | | | | | | | | | | | | 47 | 7 | 54 | 82 | 21 | 103 | 73 | 27 | 100 | 114 | 32 | 146 | 113 | 32 | 145 | 74 | 36 | 110 |
| 6 | D. V. L. P. S. Vadama | 12 | 11 | 23 | 16 | 13 | 29 | 11 | 9 | 20 | 22 | 30 | 52 | 20 | 16 | 36 | | | | | | | | | | | | | | | |
| 7 | St. Mary's. L. P. S. Kuzhikkattussery | 54 | 62 | 116 | 52 | 62 | 114 | 60 | 56 | 116 | 47 | 66 | 113 | | | | | | | | | | | | | | | | | | |
| 8 | St. Mary's. G. H. S. Kuzhikkattussery | | | | | | | | | | | | | 102 | 175 | 277 | 105 | 159 | 264 | 85 | 178 | 263 | | 186 | 186 | | 155 | 155 | | 121 | 121 |
| 9 | D. P. M. U. P. S. Chakkamparambu | | | | | | | | | | | | | 33 | 22 | 55 | 67 | 31 | 98 | 36 | 24 | 60 | | | | | | | | | |
| 10 | R. V. L. P. S. Kuruvilassery | 28 | 27 | 55 | 29 | 30 | 59 | 37 | 23 | 60 | 28 | 29 | 57 | | | | | | | | | | | | | | | | | | |
| 11 | H. C. C. E. M. Snehagiri | | | | | | | | | | | | | 61 | 45 | 106 | 54 | 40 | 94 | 39 | 38 | 77 | 31 | 28 | 59 | 35 | 33 | 68 | 25 | 16 | 41 |
| 12 | N. S. L. P. S. Pazhukkara | 21 | 10 | 31 | 15 | 22 | 37 | 19 | 12 | 31 | 21 | 13 | 34 | | | | | | | | | | | | | | | | | | |
| 13 | N. S. L. P. S. Annallur | 13 | 16 | 29 | 10 | 4 | 14 | 8 | 4 | 12 | 10 | 8 | 18 | | | | | | | | | | | | | | | | | | |
| 14 | G. S. L. P. S. Ashtamichira | 31 | 26 | 57 | 31 | 24 | 55 | 33 | 30 | 63 | 33 | 41 | 74 | | | | | | | | | | | | | | | | | | |
| 15 | L. P. S. Marekkad | 12 | 13 | 25 | 15 | 10 | 25 | 14 | 11 | 25 | 9 | ·9 | 18 | | | | | | | | | | | | | | | | | | |
| 16 | G. S. H. S. Ashtamichira | | | | | | | | | | | | | 78 | 48 | 126 | 119 | 63 | 182 | 133 | 65 | 198 | 232 | 89 | 321 | 213 | 113 | 326 | 178 | 82 | 260 |
| | Total | 257 | 300 | 557 | 253 | 302 | 555 | 286 | 272 | 558 | 269 | 318 | 587 | 378 | 454 | 837 | 427 | 450 | 877 | 366 | 492 | 858 | 377 | 543 | 920 | 361 | 525 | 886 | 277 | 407 | 684 |
| | L.P. | | Boys | | | Girls | | | Total | | | | | | | | | | | | | | | | | | | | | | |
| | | | 1065 | | | 1192 | | | 2257 | | | | | | | | | | | | | | | | | | | | | | |
| | U.P. and H.S. | | 2186 | | | 2876 | | | 5062 | | | | | | | | | | | | | | | | | | | | | | |
| | **G.T.** | | **3251** | | | **4068** | | | **7319** | | | | | | | | | | | | | | | | | | | | | | |

393

# കുടിവെള്ളവും, പൊതുജനാരോഗ്യവും

**പരിസരശുചിത്വം, കുടിവെള്ളം**

പരിസര ശുചിത്വമില്ലായ്മ പല വിധ രോഗങ്ങൾ വരുവാൻ കാരണമാകും. കൂടുതൽ രോഗങ്ങളും മലിന ജലത്തിൽ നിന്നാണ് പകരുന്നത്. ജലത്തിൽ നിന്നും ഈ രോഗങ്ങൾ ഒഴിവാകുവാൻ ശുദ്ധമായ വെള്ളവും പരിസരശുചിത്വവും വേണം. ജലവും ആഹാരവും ഒരുപോലെ മലിനമാകാതെ സംരക്ഷിക്കണം. ശ്സ്ത്രീയമായ സാനിറ്ററി സമ്പ്രദായം ഉണ്ടെങ്കിലും ഭൂരിഭാഗം അതു വേണ്ട വിധത്തിൽ ഉപയോഗിക്കുന്നില്ല. കുടിവെള്ളത്തിന് നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗവും കിണറുകളെയാണ് ആശ്രയിക്കുന്നത്. 65 ശതമാനം വീട്ടുകാർക്കും സ്വന്തമായ കിണറുകൾ ഉണ്ട്. 35 ശതമാനം മാത്രമാണ് പൊതുകണറുകളും അയൽവീട്ടിലെ കിണറുകളും, ടാപ്പുകളും ഉപയോഗിക്കുന്നത്. ഫെബ്രുവരി മാസം മുതൽ പഞ്ചായത്തിൽ പൊതുവെ കുടിവെള്ളക്ഷാമമുണ്ടാകുന്നു. സമീപപ്രദേശത്തുകൂടി പോകുന്ന പുഴയിൽനിന്ന് മണൽ വാരുന്നതുമൂലം ഒരളവുവരെ പഞ്ചായത്തിലെ ജലശേഷിയെ ഗണ്യമായി കുറക്കുന്നുണ്ട്. പ്രകൃതിദത്തമായ ജലസ്രോതസ്സുകളെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല. പൈപ്പുവഴിയുള്ള ജലത്തിന് മുഖ്യമായ പ്രധാന്യം നൽകുന്നതായിട്ടാണ് കണ്ടുവരുന്നത്. പൈപ്പുവഴി വരുന്ന ജലം യഥാസമയം അറ്റകുറ്റപണികൾ നടത്താത്തത് കാരണം 30 ശതമാനത്തോളം ജലം പാഴായി പോകുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ ഉപ്പുവെള്ളമുള്ളതായി കാണപ്പെടുന്നു. ജലശുദ്ധീകരണത്തിനായി ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജലശുദ്ധീകരണത്തിന്റെ ആവശ്യകതയെപറ്റി ജനങ്ങളിൽ അവബോധം വളർത്തുകയും ചെയ്യണം. ഭൂഗർഭജലത്തിന്റെ ലഭ്യത കുറവാണ് ചില മേഖലകളിൽ. കുഴൽ കിണർ കുത്തിയാലും പ്രയോജനപ്പെടുന്നില്ല.

**നിർദ്ദേശങ്ങൾ**

**കിണർ ടാപ്പ്**

1. വട്ടക്കോട്ട-വട്ടപ്പറമ്പ്, കോട്ടമുറി നിലംപതി ഹൗസിംഗ് കോളനി, രാജീവ് ഗാന്ധി റോഡ്, കാവനാട് സർക്കാർ റോഡ്, കനകക്കുന്ന് തെക്കേതാഴം, കനകകുന്ന് മുസ്ലിം പള്ളി റോഡ് എന്നിവടങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കണം.
2. മാളകുളം ശുദ്ധിചെയ്ത് പമ്പിങ്ങ് സംവിധാനമുണ്ടാക്കി നെയ്തക്കുടിയിൽ പൈപ്പുവഴി ജലം എത്തിക്കണം.
3. ഉപയോഗശൂന്യമായവ വൃത്തിയാക്കണം. പൊതുകിണറുകൾ ചപ്പ് ചവറുകൾ വീഴാതെ നെറ്റിട്ട് സംരക്ഷിക്കണം. കുന്നത്ത് ക്കാട്ടിൽ ഒന്ന് സ്ഥാപിക്കണം.

   നിലവിലുള്ള ടാപ്പുകൾ കേടുപാടുകൾ തീർക്കണം

   വടമ - തോട്ടപ്പായിറോഡി, (2) വടമ-കാവനാട്ട് റോഡിൽ 100മീ. എത്തുന്ന സ്ഥലത്ത് (1) ഒന്ന്, കൊടകത്ത് കുന്ന് കലങ്കിനടുത്ത് ഒന്ന്, കൂനംപറമ്പ് ഓട്ട് കമ്പനി റോഡിൽ (150മീ.) ഒന്ന്, കുന്നത്ത്ക്കാട് വാട്ടർ ടാങ്കിൽ കിഴക്ക് ഭാഗത്ത് ഒന്ന് എന്നിങ്ങനെ ടാപ്പുകൾ വേണം.
4. പൈപ്പ്ലൈൻ കടുപ്പൂക്കര വരെ നീട്ടണം, കുന്നത്ത് കാട്ടിൽ ഒരു ടാപ്പ് വേണം.
5. പൊതുകിണറുകൾ മെയിന്റനൻസ് ചെയ്ത് സംരക്ഷിക്കണം.

   കോൾകുന്ന് - 3, കാട്ടിക്കരക്കുന്ന് - 3 പുതിയ കിണറുകൾ വേണം. തോട്ടുപ്പുറം റോഡിൽ- 2
6. കോട്ടവാതിൽ വടക്കെ കനാലിന് പടിഞ്ഞാറ് ഭാഗത്തായി - 2, തൊടുവിൽപടി റോഡ് - 2, സോപ്പുകമ്പനി - 1, പുളിയിലകുന്ന് എയ്ജഡ് ഹോം - 1, ഉരുണ്ടോളിൽ അമ്പലംവഴിയിൽ - 1, കുരിയക്കാട് ചെറാലെപാടം - 1, പഴുക്കര ബെൻസ് കമ്പനിക്ക് കിഴക്ക് - 1, പഴൂക്കര വടശ്ശേരി പാടം റോഡ് - 1, മൊത്തം 10 ടാപ്പുവേണം.
7. പുതിയ കിണറുകൾ വേണം, പുതിയതായി ടാപ്പുവേണം
8. 6 പൊതു കിണറുകൾക്ക് പ്ലാറ്റ്ഫോം നിർമ്മിക്കണം.

   കോട്ടമുറി പത്ത് സെന്റ് കോളനി, സാംബവ കോളനി എന്നിവിടങ്ങളിൽ ലൈൻ വലിച്ച് ടാപ്പിടണം.
9. കുരുവിലശ്ശേരി ലക്ഷംവീട് കോളനിയിലടക്കം മൊത്തം 50 ടാപ്പുകൾ വേണം. (P.H.C. സമീപവും കൂടി)

10. പുളിയിലകുന്ന് - വെട്ടുക്കടവ് റോഡ് - 3, പേരുക്കാവ് അമ്പലനട - 3, എടത്തലപറമ്പിൽ ജോർജ്ജിന്റെ പരിസരം - 2, മേലേടത്ത് കുഞ്ഞുണ്ണിയുടെ വടക്ക് ഭാഗത്ത് - ഒന്ന്, കോളേക്കാട്ട് തോമാലി റോഡി - ഒന്ന്, വെട്ടുക്കടവ് - മുഴിക്കകടവ് ലിങ്ക് റോഡിൽ - ഒന്ന്, അറപ്പാടൻ വാസുവിന്റെ പടി - ഒന്ന്, മൊത്തം - 12 ടാപ്പുകൾ വേണം.

NSLP സ്ക്കൂളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കണം.

11. അനാഥശാലക്ക് തെക്ക് ഭാഗത്ത് ലൈൻ നീട്ടി ഒന്ന്, അഷ്ടമിച്ചിറ -ചാലക്കുടി റോഡിൽ മൂന്ന്, അമ്പലത്തിന് സമീപം ലൈൻ നീട്ടി - ഒന്ന്, മിച്ചഭൂമി നൽകിയ ആനപ്പാറയിൽ ലൈൻ നീട്ടി ടാപ്പിടണം. ആനപ്പാറ - കുണ്ടായി റോഡിൽ ലൈൻ നീട്ടി - 12, ആനപ്പാറ - കുഴിക്കാട്ടുശ്ശേരി റോഡ് - 2, കുരിയക്കാട് കോളനി ലൈൻ നീട്ടി - 5, ജൂബിലി നഗർ - ഒന്ന്, കോൾക്കുന്ന് - ആനപ്പാറ റോഡിന് തെക്ക് ഭാഗത്ത് ലൈൻ നീട്ടി - ഒന്ന്, അഷ്ടമിച്ചറ - കോൾക്കുന്നിനുമിടയിൽ മെയിൻ റോഡ് - ഒന്ന് എന്നിങ്ങനെ 18 ടാപ്പുകൾ വേണം.

12. അഷ്ടമിച്ചിറ ജംഗ്ഷനിൽ ചപ്പുചവറുകൾ ശേഖരിക്കാൻ സ്ഥലം വേണം.

എൽ.പി. സ്ക്കൂളിൽ തെക്കുവശത്തുകൂടി പോകുന്ന കാന കെട്ടി സ്ക്കൂളിലേക്ക് വരുന്ന ദുർഗന്ധം ഒഴിവാക്കണം.

വാർഡ് - 12 കുടിവെള്ളത്തിന് പൈപ്പ് ലൈൻ

(1) മാരേക്കാട് പാണ്ടിപ്പാടം റോഡ് 1-ൽ 500മീറ്റർ

(2) മാരേക്കാട് പാണ്ടിപ്പാടം റോഡ് 2-ൽ 400 മീറ്റർ

(3) കരിക്കുളം റോഡ് - 300 മീറ്റർ

(4) മാരേക്കാട് എൽ.പി.എസ്.ൽ തെങ്ങിൻതുരുത്തിലെക്ക് - 600 മീറ്റർ

(5) കണ്ണങ്കാട്ടി അമ്പലം വടമ പാടം 200 മീറ്റർ

(6) കണ്ണങ്കാട്ടി അമ്പലം പൂച്ചക്കാട് 400 മീറ്റർ മൊത്തം 2200 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ വേണം.

1. പഞ്ചായത്തിൽ എല്ലാ വാർഡിലും ഫെബ്രുവരി മാസം മുതൽ കുടിവെള്ളക്ഷാമമുണ്ടാകുന്നു.

2. അഷ്ടമിച്ചിറയിലും, വലിയപറമ്പിലും കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ച് പൊതുജനത്തിന് സൗകര്യം ഉണ്ടാക്കുക.

3. കോളനികളിൽ എല്ലാവർക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുക

പഴൂക്കരചിറ, പുല്ലൻചിറ വൃത്തിയാക്കി സംരക്ഷിക്കുക.

ആരോഗ്യം

നമ്മുടെ പഞ്ചായത്തിന്റെ ആരോഗ്യാവസ്ഥയെക്കുറിച്ച് പറയുമ്പോൾ ആദ്യകാല നാട്ടുവൈദ്യന്മാരേയും പാരമ്പര്യ വൈദ്യന്മാരേയും പ്രതിപാദിയ്ക്കാതെ കടന്നുപോകുക അസാദ്ധ്യമാണ്. മാളയിലെ അപ്പു വൈദ്യർ, ചേറ്റിപറമ്പിൽ പാപ്പു വൈദ്യർ, കെ. കെ. കുമാരൻ വൈദ്യർ, ഉഴിച്ചിലിൽ വിദഗ്ധനും, നാട്ടു വൈദ്യനുമായ പണിക്കരു വൈദ്യർ, ഹോമിയോ പോൾ എന്നിവരെ സ്മരിക്കാതിരിക്കാൻ നിവൃത്തിയില്ല. കാരണം സാമ്പത്തിക ലാഭത്തേക്കാൾ ഇവർ ചികിത്സ ഒരു സാമൂഹ്യ സേവനത്തിനു വേണ്ടി കൂടി ഉപയോഗിച്ചു. ഉദ്ദേശം 80 വർഷങ്ങൾക്കു മുൻപ് തുടങ്ങിയ മാള സർക്കാർ ധർമ്മാശുപത്രിയുടെ ആവിർഭാവത്തോടെയാണ് അലോപ്പതി ചികിത്സ ഇവിടേക്ക് വരുന്നത്.

5000 പേർക്ക് ഒരു ജൂനിയർ ഹെൽത്ത് സെന്റർ എന്നതാണ് രീതി. പഞ്ചായത്തിൽ മൊത്തം 32,572 ആണ് ജനസംഖ്യ. പുരുഷൻമാർ 16,239, സ്ത്രീകൾ 16,333 എന്ന തോതിൽ മേൽ സൂചിപ്പിച്ച കണക്ക് പ്രകാരം ഒരു ഹെൽത്ത് സെന്ററിനു കൂടി അവസരം ഇവിടെയില്ല. 5 സബ് സെന്ററുകൾ പ്രവർത്തിക്കുന്നു.1 പ്രവർത്തനം ആരംഭിച്ചിട്ടില്ല. അണ്ണല്ലൂർ, വടമ, ചക്കാംപറമ്പ്, വലിയ പറമ്പ്, നെയ്തകുടി എന്നിവിടങ്ങളിൽ കോൾകുന്നിൽ പണി പൂർത്തീകരിച്ച് വെള്ളവും, വെളിച്ചവുമില്ലാതെ നോക്കു കുത്തിയായി നില നില്ക്കുന്നു. ഇതിൽ നെയ്തുകുടി ഒഴികെ മറ്റെല്ലാം സർക്കാർ കെട്ടിടത്തിലാണ്, നെയ്തുകുടി വാടക കെട്ടിടത്തിലും.14 ജൂനിയർ ഹെൽത്ത് നേഴ്സ് ആളൂർ സെന്ററിൽ ഉണ്ടെങ്കിലും ഇവിടെ കാര്യമായ പ്രവർത്തനത്തിന് അവരെ ലഭ്യമല്ല. അഷ്ടമിച്ചിറ, വടമ, ആണ്ണല്ലൂർ, വലിയ പറമ്പ് എന്നീ കേന്ദ്രങ്ങളിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഹെൽത്ത് വിസിറ്റേഴ്സിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. P.H.C. വഴി മലേറിയ, ചിക്കൻപോക്സ് എന്നിവയ്ക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തുന്നു. ചർദി, അതിസാരത്തി



396

ന് കുത്തിവെയ്പില്ല. പഞ്ചായത്തിന് വേണ്ടി ഒരു ഹെൽത്ത് ഇൻസ്പെക്ടറുമുണ്ട്. ഹെൽത്ത് വിസിറ്റേഴ്സ് ഗർഭിണികളും, കുട്ടികളും ഉള്ള വീടുകൾ മാത്രം കയറിയാൽ പോരാ, മുഴുവൻ വീടുകളും കയറുന്ന അവസ്ഥയുണ്ടാവണം. 7651 വീടുകളാണ് പഞ്ചായത്തിൽ ഉള്ളത്. വേണ്ട വിധത്തിൽ നേഴ്സിന്റെ സേവനം വാർഡുകൾക്ക് ലഭ്യമാക്കണം. എങ്കിൽ മാത്രമേ പരിസര ശുചിത്വത്തേയും, ആരോഗ്യത്തേയും കുറിച്ച് കൂടുതൽ ബോധവൽക്കരണം നടത്തുവാൻ സാധിതമാകൂ.

**ഗ്രാമസഭ നിർദ്ദേശങ്ങൾ**

1. മാള സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തണം.
2. 2 – ാം വാർഡിൽ P.H.C. സബ് സെന്റർ പണിയുക. (നെയ്തുകുടിയിൽ)
3. 3 – 6 12 വാർഡുകളിൽ P.H.C. സെന്റർ അനുവദിക്കണം.
4. 4 – 9 വാർഡുകളുടെ P.H.C. സെന്ററിൽ ഡോക്ടറെ നിയമിച്ച് ഡിസ്പെസറിയായി ഉയർത്തണം.
5. 5,8,9,12 വാർഡുകളിൽ ഹോമിയോ, ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണം.
6. രോഗങ്ങൾ വരാതിരിക്കുവാൻ പ്രതിരോധകുത്തിവെയ്പ്, മരുന്ന് തളി മുതലായവ നടത്തുകയും, മാസത്തിലൊരിക്കൽ ബോധവൽക്കരണ പരിപാടികൾ വാർഡുകളിൽ നടത്തുക.
7. P.H.C. യും ആയുർവേദ ആശുപത്രികെട്ടിടവും 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.
8. P.H.C. യിലും ആയുർവേദ ആശുപത്രിയിലും വെള്ളവും, വെളിച്ചവും ആവശ്യത്തിന് മരുന്നുകളും ലഭ്യമാക്കുക.

**സർക്കാർ സ്ഥാപനങ്ങൾ**

1. സർക്കാർ ആശുപത്രി മാള
2. ഹോമിയോ ഡിസ്പെൻസറി മാള
3. ആയുർവേദ ആശുപത്രി പഴൂക്കര
4. ഇ.എസ്സ്.ഐ മാള വലിയപറമ്പ്
5. p.h. സെന്റർ കുന്നത്തുകാട്
   കോൾകുന്ന് പഴൂക്കര
6. ആനപ്പാറ ആയുർവേദ ആശുപത്രി

**സ്വകാര്യ സ്ഥാപനങ്ങൾ**

ഹോമിയോ ക്ലീനിക്ക് മാള

കണ്ണ് ചികിത്സ മാള

സ്റ്റാൻലി നഴ്സിംഗ് ഹോം മാള

കടിച്ചീനി നഴ്സിംഗ് ഹോം മാള

ചേറ്റിപറമ്പിൽ നഴ്സിംഗ് ഹോം വടമ

സന്തോഷ് ഫാർമസി വലിയപറമ്പ്

നിർമ്മല ക്ലീനിക്ക് അഷ്ടമിച്ചിറ

ദന്താശുപത്രി അഷ്ടമിച്ചിറ

ഹോമിയോ അഷ്ടമിച്ചിറ

# പാർപ്പിടവും - സാമൂഹ്യക്ഷേമവും

## പാർപ്പിടം

മാള പഞ്ചായത്തിലെ പാർപ്പിട സ്ഥിതി തൃപ്തികരമാണെന്ന് അവകാശപ്പെടുവാനില്ല. പഞ്ചായത്തിൽ ആകെ വീടുകൾ 7651 എണ്ണമാണ്.

ഇനം തിരിച്ച് താഴെ കൊടുക്കുന്നു

| കോൺക്രീറ്റ് | ഓട് | ഓല | കുടിൽ |
|---|---|---|---|
| 2954 | 3256 | 778 | 663 |

പഴയവീടുകൾ പരമ്പരാഗത രീതിയിലുള്ള വാസ്തുശില്പ മാതൃകയിലുള്ളവയായിരുന്നു. മേൽക്കൂര ഓല, ഓട്, മരം എന്നിവ കൊണ്ടായിരുന്നു. ഇന്ന് അതിന്റെ തനിമ നഷ്ടപ്പെട്ടു. ആധുനിക രീതിയിൽ എല്ലാ സൗകര്യങ്ങളുമുള്ള വീടുകളിൽ ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്. കോൺക്രീറ്റ് വീടുകളുടെ ആധിപത്യം മൂലം വിദേശ രാജ്യങ്ങളിൽ നിന്ന് നമ്മുടെ നാട്ടുകാർ സമ്പാദിച്ചുകൊണ്ടു വരുന്ന പണം പടുകൂറ്റൻ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഉപയോഗപ്പെടുത്തുകയാണ്. മനുഷ്യന്റെ സാമൂഹ്യജീവിതരംഗത്ത് അസന്തുലിതാവസ്ഥ സൃഷ്ടിക്കാൻ ഇടയാകുന്നുണ്ട്. ഉല്പാദനരംഗത്ത് ഇവരുടെ സമ്പാദ്യം നമ്മുടെ നാടിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മൂലധനമായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പണിത വീടുകളിലെ സ്ഥിതി വെച്ചുനോക്കുമ്പോൾ തൃപ്തികരമല്ല.

അവയിൽ ഭൂരിഭാഗവും പണി പൂർത്തികരിക്കുവാൻ കഴിയാത്ത അവസ്ഥയിലാണ്. സാമ്പത്തിക പരാധീനത മൂലം പാർപ്പിടപ്രശ്നം രൂക്ഷമായ സ്ഥിതിക്ക്, ഈ രംഗത്ത് സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിന്, സർക്കാർ സംവിധാനങ്ങൾ കാര്യമായ ശ്രദ്ധ പതിപ്പിയ്ക്കേണ്ടതുണ്ട്. ഇതിനായി കൂടുതൽ ഫലപ്രദമായ ജനകീയ സംവിധാനം രൂപപ്പെടുത്തേണ്ടതും ഉണ്ട്.

## സാമൂഹ്യക്ഷേമം

വിവിധ തരത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്നത്. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും, വിവധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 1995ലെ IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2931 ആണ്. പ്രതിവർഷ ശരാശരി കുടുംബങ്ങൾക്ക് IRDP പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിയ്ക്കുവാൻ അർഹരായവരിൽ, വളരെ ചെറിയൊരു വിഭാഗം കുടുംബങ്ങൾക്കു മാത്രമെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൊണ്ടുള്ള ആനുകൂല്യം ലഭിക്കുന്നുള്ളൂ എന്ന കാര്യം വ്യക്തമാണ്.

വിദ്യാഭ്യാസ നിലവാരത്തിൽ ഏറെക്കുറെ തുല്ല്യത കൈവന്നുവെങ്കിലും തൊഴിൽ രംഗങ്ങളിൽ സ്ത്രീ പുരുഷ അന്തരം വലിയ തോതിൽ പ്രകടമാണ്. തൊഴിൽരംഗത്തേയ്ക്ക് കൂടുതൽ സ്ത്രീകളെ കൊണ്ടുവരേണ്ടതുണ്ട്.

1995ലെ കണക്കനുസരിച്ച് വിവിധ ധനസഹായം ലഭിച്ചവരുടെ എണ്ണം

| | |
|---|---|
| 1. വാർദ്ധക്യകാല പെൻഷൻ | 40 |
| 2. വികലാംഗ പെൻഷൻ | 20 |
| 3. വിധവാ പെൻഷൻ | 10 |
| 4. തൊഴിലില്ലായ്മ വേതനം | 120 |
| 5. കർഷക തൊഴിലാളി പെൻഷൻ | 150 |

ധനസഹായം ലഭിക്കുന്നവർ അതിന് അർഹരാണ്. എന്നാൽ അർഹതയുള്ള നല്ലൊരുവിഭാഗം ജനങ്ങൾ യാതൊരുവിധ സഹായവും ലഭിയ്ക്കാതെ പുറംതള്ളപ്പെട്ടിരിയ്ക്കുകയാണ് എന്ന് പ്രാഥമിക പരിശോധനയിൽ തന്നെ ബോധ്യപ്പെടുത്തുന്നുണ്ട്. നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതിപ്പോലെ ചില പദ്ധതികളുടെ നടത്തിപ്പ് ഇനിയും കാര്യക്ഷമമാക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. നിലവിലുള്ള എല്ലാ ക്ഷേമ പദ്ധതികളുടേയും വ്യാപ്തി വർദ്ധിപ്പിയ്ക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങളും സാധ്യതകളും

1. ദുർബല ജനവിഭാഗങ്ങൾക്ക് വർഷത്തിൽ 100 വീതം വീടുകൾ ജനകീയ സഹകരണത്തോടെ സൗജന്യമായി നിർമ്മിച്ചുകൊടുത്തുകൊണ്ട് പാർപ്പിട പ്രശ്നത്തിന് പരിഹാരം കണ്ടെത്താവുന്നതാണ്.
2. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് അവയുടെ കീഴിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുക

യും, അവരുടെ മേൽനോട്ടത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുകയും ചെയ്യുക വഴി കോൺട്രാക്റ്റർമാരെ ഒഴിവാക്കാൻ കഴിയും.

3. പാവപ്പെട്ടവരുടെ വീട് ഇൻഷ്വർ ചെയ്യുകയും തകർന്നുപോയ വീടുകൾ പുനർനിർമ്മിച്ചു കൊടുക്കുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം.

4. വീടില്ലാത്ത പുറമ്പോക്കിൽ താമസിക്കുന്നവരെ അടിയന്തിര പ്രാധാന്യമായി പുനരധിവസിപ്പിയ്ക്കണം.

5. ദുർബല വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും വീട് നിർമ്മിക്കുവാൻ സഹായം കൊടുക്കുന്നതുവരെ, പുര, ഓല കെട്ടി മേയുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നല്കണം.

6. കെട്ടിടം നിർമ്മിക്കുമ്പോൾ പൊതുവഴിയിൽ നിന്ന് 3 മീറ്റർ ദൂരം വിടണമെന്ന നിബന്ധന മതിൽ നിർമ്മിക്കുന്നതിനും കർശനമാക്കുന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

7. സ്ഥിര വരുമാനമില്ലാത്തവർക്ക് കെട്ടിട നിർമ്മാണ വായ്പ ലഭ്യമാക്കണം. പഞ്ചായത്തിൽ വിവിധ ഏജൻസികൾ വഴി ദുർബല വിഭാഗങ്ങൾക്ക് നല്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ മേൽനോട്ടം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കണം.

8. IRDP ലിസ്റ്റിൽ ഇനിയും ധാരാളം കുടുംബങ്ങളെ ഉൾപ്പെടുത്താനുണ്ട്.

9. ട്രൈസം പദ്ധതി പ്രകാരം പരിശീലനത്തിന് തെരഞ്ഞെടുക്കുന്നത് കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള ഖാദി, കൈത്തറി, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കുട നിർമ്മാണം എന്നിവയ്ക്ക് മുൻഗണന കൊടുക്കുകയും, പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ വേണ്ട സഹായങ്ങൾ ചെയ്യുക.

10. അവശ വിഭാഗങ്ങളിൽ അർഹതയുള്ള ധാരാളം പേർ അപേക്ഷ നല്കിയിട്ട് ധനസഹായം ലഭിക്കുന്നില്ല. പഞ്ചായത്തിൽ ദുർബല വിഭാഗങ്ങളുടെ അടിയന്തിര ആവശ്യങ്ങൾക്ക് (ചികിത്സ) പ്രസിഡന്റ് നല്കാവുന്ന, പഞ്ചായത്ത് പ്രസിഡന്റ് ദുരിതാശ്വാസ നിധിക്ക് രൂപം നൽകേണ്ടതാണ്.

11. I.R.D.P. യിൽ അർഹരായവരെ കണ്ടെത്തി വായ്പ അനുവദിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.


12. I.R.D.P. ലിസ്റ്റ് തയ്യാറാക്കുന്നതിന് (സർവ്വേ) ജനകീയ കമ്മറ്റിയ്ക്ക് രൂപം കൊടുക്കുക.

13. അംഗൻവാടികളിലെ കുട്ടികൾക്ക് മാനസിക വളർച്ചയ്ക്ക ഉതകുന്ന വിധത്തിൽ കളിക്കോപ്പുകൾ അനുവദിയ്ക്കേണ്ടതാണ്. സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗനവാടികൾക്ക് സ്ഥലവും, കെട്ടിടവും നിർമ്മിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

14. തകർന്നു വീഴാറായ അംഗൻവാടി കെട്ടിടങ്ങളെ പുനർ നിർമ്മിക്കുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കുക

സ്വന്തം കെട്ടിടമുള്ള അംഗൻവാടികൾക്ക് വയറിംഗ് ചെയ്ത് കറന്റ് കണക്ഷനും, വാട്ടർ കണക്ഷനും ഫ്രീയായി അനുവദിക്കുക.

15. സാമൂഹ്യപ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുന്നതിന് പഞ്ചായത്തിൽ ഒരു ഇൻഫോർമേഷൻ സെന്റർ സ്ഥാപിച്ച് മാസത്തിലൊരിക്കൽ ബോധവൽക്കരണ സെമിനാർ നടത്തേണ്ടതാണ്.



## അനുബന്ധം II

### മാള ഗ്രാമ പഞ്ചായത്ത്

### ഐ. ആർ . ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര രേഖക്ക് താഴെയുള്ളവരുടെ പേരു വിവരം

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങ ങ്ങളുടെ എണ്ണം | ഇതിൽ എസ്സ്.സി. എസ്സ്.റ്റി. | നാളിതു വരെ സഹായം ലഭിച്ച കുടുംബങ്ങ ങ്ങളുടെ എണ്ണം | ഇതിൽ എസ്സ് സി എസ്സ് റ്റി | സഹായം വഴി ദാരിദ്ര രേഖക്ക് മുകളിലെത്ത ത്തിയ കുടുംബങ്ങൾ | ദാരിദ്ര രേഖക്ക് താഴെയുള്ള കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| I | 272 | 15 | 72 | 14 | 8 | 287 |
| II | 153 | 14 | 39 | 12 | 4 | 167 |
| III | 212 | 37 | 55 | 25 | 12 | 249 |
| IV | 157 | 19 | 36 | 14 | 10 | 176 |
| V | 210 | 101 | 132 | 96 | 52 | 241 |
| VI | 237 | 16 | 62 | 16 | 32 | 232 |
| VII | 349 | 41 | 119 | 76 | 48 | 390 |
| VIII | 213 | 12 | 42 | 10 | 12 | 225 |
| IX | 379 | 54 | 65 | 38 | 14 | 433 |
| X | 175 | 19 | 54 | 34 | 20 | 200 |
| XI | 171 | 5 | sc35 | 20 | 15 | 190 |
| XII | 115 | 29 | 37 | 21 | 22 | 121 |
| | **2643** | **362** | **348** | **376** | **349** | **2911** |

# സംസ്കാരം

പഞ്ചായത്തിൽ ചരിത്രകാലം മുതലേ നിലനിന്നിരുന്ന സംസ്കാരം ജാതി – മത വിഭിന്ന വർഗ്ഗ സംസ്കാരമാണ്. ആയതിനാൽ പൊതുവായ ഒരു മാനവിക സംസ്കാരത്തെ കണ്ടെത്തുവാൻ കഴിയില്ല. എങ്കിലും മത സൗഹാർദ്ദത്തിന്റെ മാനുഷിക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ വളർന്നുവന്നിട്ടുള്ള സംസ്കാരം വളരെ മന്ദഗതിയിലായിരുന്നു. കാരണം ലക്ഷ്യത്തോടെ നിരന്തരമായി പ്രവർത്തിക്കുന്ന വായനശാലകളും ഗ്രന്ഥശാലകളും പഞ്ചായത്തിൽ പൊതുവെ കുറവായിരുന്നു. അവയുടെ പ്രവർത്തനങ്ങളുടെ പ്രയോജനം ജനങ്ങളുടെ ഹൃദയങ്ങളിൽ ഫലപ്രദമായ ബോധവൽക്കരണം അലിഞ്ഞുചേർന്നിരുന്നില്ല. പഞ്ചായത്തിൽ ആദ്യമായി രൂപംകൊണ്ട കലാസമിതി പരനാട്ടുകുന്ന് ഐക്യകേരള കലാസമിതിയും അതിന്റെ കീഴിലുള്ള വായനശാലയുമാണ്. സി.കെ. കുമാരൻ, സി.ആർ ദേവസ്സി, ഒ.എൻ. പുഷ്പൻ, പി.കെ. ദേവസ്സി, വി.പി. മാധവൻ എന്നിവരായിരുന്നു അതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നത്. പിന്നീട് അഷ്ടമിച്ചിറ ഗ്രാമീണ വായനശാല കുരുവിലശ്ശേരി ഗ്രാമീണ വായനശാല, ആനപ്പാറ, വടമ, ഗുരുതിപ്പാല എന്നിവടങ്ങളിൽ ഗ്രാമീണ വായനശാലകൾ രൂപീകൃതമായി. പ്രാചീനകലകൾ നാമാവിശേഷമാകാനും പകരം പുതിയ കലാവേദികൾ രൂപപ്പെടുത്തുവാനും കഴിഞ്ഞില്ല. ആരാധാനലയങ്ങളിലെ ആഘോഷങ്ങളുടെഭാഗമായി രൂപപ്പെട്ട കലാസമതികൾ കലകളുടെ സമ്മേളന ബിന്ദുവായ നാടകരചന – അവതരണവേദികൾ അവിടവിടെ വളർന്നു വന്നിട്ടുണ്ടെങ്കിലും അത് നിലനിർത്താനായില്ല.

വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന പ്രതിഭകളെ ഇതരകലാരംഗങ്ങളിലേക്ക് കൊണ്ടുവരുവാനുള്ള പ്രോത്സാഹനം കിട്ടാതെ അവർ അവരുടെ ജീവിത മാർഗ്ഗത്തിന്റെ പോരാളികളായി മാത്രം പരിണമിച്ചു. ആരാധനാലയങ്ങളെ ചുറ്റിപ്പറ്റിയിരുന്ന കലയും സാഹിത്യങ്ങളും പിൽകാലത്ത് ക്ഷയിക്കുകയും അതിൽ നിന്ന് ആവേശത്തോടെ പുതിയ കലകൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇതിൽ പ്രധാനമായും ഏകാങ്കനാടകമാണ്. ഈ രംഗത്ത് മികവ് പ്രകടിപ്പിച്ച വ്യക്തിയാണ് ശ്രീ. കെ. എച്ച്. എം. സുബൈർ. നാടകരംഗത്ത് നിന്ന് സിനിമാരംഗത്തേക്കുയർന്ന് പ്രശസ്തനായ നടനാണ് ശ്രീ മാള അരവിന്ദൻ. സാഹിത്യത്തിൽ പ്രഗത്ഭനായ ശ്രീ. പ്രൊ. അച്ചുതൻ. ആദ്യകാലങ്ങളിൽ ഗാനമേള രംഗത്ത് ശോഭിച്ചിരുന്ന ഗായകനായരുന്നു ശ്രീ. എ.എ. ഇസ്മായിൽ. അഭിനയത്തിലും നൃത്തത്തിലും പ്രശസ്തനായിരുന്ന ശ്രീ. അനിയാരത്ത് വാസുവിനേയും സ്ക്കൂൾ കലോത്സവങ്ങളിൽ പ്രതിഭകളായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന അഷ്ടമിച്ചിറയിലെ ശ്രീ. അച്ചുതൻ മാസ്റ്റർ എന്നിവരെ നമ്മുടെ പഞ്ചായത്തിന് സംഭാവന ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രതിഭകളെ വളർത്തിയെടുത്ത് ദേശീയ രംഗത്തും അന്തർദേശിയരംഗത്തും കൊണ്ടുവരുന്നതിന് പഞ്ചായത്ത് കേന്ദ്രീകരിച്ച് കലാവിജ്ഞാന പരിചരണ പരിശീലനകേന്ദ്രം ആരഭിക്കണം.

**പഞ്ചായത്തിലെ പ്രധാന ആരാധാനാലയങ്ങളിലെ ഉത്സവങ്ങളും പെരുന്നാളുകളും**

1. മാള മുഹയുദ്ദീൻ പള്ളി ചുറ്റിപറ്റി നടന്നിരുന്ന പരിചമുട്ട്, മാപ്പിളപ്പാട്ട്, ഒപ്പന, അറബനമുട്ട്, കോൽകളി എന്നിവയായിരുന്നു. പ്രസ്തുതകലാരൂപങ്ങൾ നാമവിശേഷമായെങ്കിലും വിദ്ഗ്ധ വ്യക്തികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കണം.

2. മാള സെന്റ് സ്റ്റനിസ്ലാവോസ് ദേവാലയത്തിൽ ആണ്ടുതോറും രണ്ടു പെരുന്നാളുകൾ തുടർച്ചയായി നടന്നുവരുന്നു. ഭക്തി ഗാനങ്ങൽ പുത്തൻപാന, മാർഗ്ഗംകളി, ചവിട്ട് നാടകം എന്നിവയുണ്ടായിരുന്നു.

3. പാമ്പിൻ മേയ്ക്കാട് എല്ലാ വൃശ്ചികമാസം ഒന്നാം തിയ്യതി മുതൽ 8 ദിവസം നീണ്ടു നില്ക്കുന്ന സർപ്പാരധന എന്ന ഉത്സവം കൊണ്ടാടുന്നു. ഇതിന്റെ പ്രശസ്തി കേരളത്തിനു പുറമേ തെക്കേ ഇന്ത്യയിൽ വരെയാണ്.

4. പുരാതന ക്ഷേത്രങ്ങൾ ഒന്നായ ചക്കാംപറമ്പ് ഭഗവതി ക്ഷേത്രത്തിൽ 8 ദിവസം നീണ്ടു നിൽക്കുന്ന കുംഭമാസ ഭരണി ഉത്സവത്തോടുനുബന്ധിച്ചുള്ള തെണ്ട്–പന്തീരാഴിയും പ്രസിദ്ധമാണ്. അകലെയുള്ളവർ ജലമാർഗ്ഗം വഴി പണ്ട് ഭക്തർ ക്ഷേത്രത്തിൽ എത്തിയിരുന്നു.


അഷ്ടമിച്ചിറ മാണിയം കാവ് ക്ഷേത്രം, കണ്ണൻ കാട്ടിൽ അമ്പലം, അഷ്ടമിച്ചിറ മഹാദേവ ക്ഷേത്രം, അണ്ണല്ലൂർ സ്പടിക മഹാക്ഷേത്രം, പഴുക്കര പേരുകാവ് ഭഗവതിക്ഷേത്രം, വടമ വടക്കെ കെട്ടിൽ അമ്പലം, പതിയാരി അമ്പലം, വലിയ പറമ്പ് ശ്രീ ഭുവനേശ്വരിക്ഷേത്രം, തുപ്പേലി ഭഗവതി

ക്ഷേത്രം, തിരുത്തി കൊളങ്ങഭഗവതി ക്ഷേത്രം, കാവനാട് അയ്യപ്പക്ഷേത്രം, കലിക്കൻ ഭഗവതിക്ഷേത്രം, മണ്ടേക്കാട്ട് ഭഗവതിക്ഷേത്രം, വലിയപറമ്പ് ശ്രീ സുബ്രബ്മണ്യസ്വാമി ക്ഷേത്രം എന്നിവടങ്ങളിലെ ഉത്സവങ്ങൾ മുടക്കം കൂടാതെ നടക്കുന്നു. കുടുംബി സമുദായത്തിൽ നൂറ്റാണ്ട് പഴക്കമുള്ള തെണ്ടനാൻ കണ്ണൻകുളങ്ങര ശ്രീ കുറുമ്പ ഭഗവതി ക്ഷേത്രത്തിൽ കുംഭമാസത്തിൽ മഞ്ഞോണം എന്ന ഉത്സവം ആഘോഷപൂർവ്വം കൊണ്ടാടുന്നു. പാമ്പിൻമേക്കാട്, തിരുത്തികുളങ്ങര എന്നീ ക്ഷേത്രങ്ങളിലാണ് മുടിയേറ്റ് എന്ന ഉത്സവമുള്ളത്.

മാള മുഹയദ്ധീൻ പള്ളി, മാരേക്കാട് ജുമ മസ്ജിദ് എന്നിവ കൂടാതെ മാള ഐ.എസ്.റ്റി മസ്ജീദും മുസ്ലീം കേന്ദ്രങ്ങളിൽ സ്ഥിതിചെയ്യുന്നു.

**ഗ്രമാസഭാ നിർദ്ദേശങ്ങൾ**

1. വാർഡുകളിൽ നിലനിൽക്കുന്ന ഗ്രാമീണ വായനശാലകൾക്ക് സ്വന്തമായ കെട്ടിടം സൗകര്യപ്പെടുത്തികൊടുക്കുക.
2. ഗ്രാന്റുകൾ വർദ്ധിപ്പിക്കുകയും സർക്കാർ ധനസഹായം കാലതാമസം കൂടാതെ ന്യായമായ ഇന്നത്തെ നിലവാരത്തിൽ വിതരണം ചെയ്യുക.
3. എല്ലാ വായനശാലകൾക്കും അവ ഇല്ലാത്ത വാർഡുകളിൽ പ്രധാന ക്ലബിനും ടി.വി. ഉൾപ്പെടെയുള്ള മറ്റു മാദ്ധ്യമങ്ങൾ വിതരണം ചെയ്യുക.
4. നീന്തൽ കായികരംഗത്ത് പ്രതിഭകളെ വളർത്തിയെടുക്കുന്നതിന് മാള കുളം സൗകര്യപ്പെടുത്തുക.
5. യഹൂദശ്മശാനം നിലനിർത്തികൊണ്ട് അവിടെ കലാ–കായിക മത്സരവേദികൾക്ക് പ്രയോജനമായ സ്റ്റേഡിയം നിർമ്മിക്കുക.
6. 12–ാം വാർഡിന്റെ വടമ അംഗൻവാടിയുടെ അടുത്തുള്ള പഞ്ചായത്ത് വക പുറമ്പോക്ക് സ്ഥലത്ത് സൗകര്യങ്ങളോടുകൂടിയ പൊതു കളിസ്ഥലമാക്കുക.
7. കലാ –സാഹിത്യ സംസ്കാരിക വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചാക്ലാസ്സുകളും പഠന ക്ലാസ്സുകളും സംഘടിപ്പിക്കുക.
8. നിലവിലുള്ള വായനശാലകളെ അടിയന്തിരമായി ഉദ്ധരിച്ച് നിലവാരം മെച്ചപ്പെടുത്തുക.



# വനിത


മാള പഞ്ചായത്തിലെ ജനസംഖ്യയിൽ 51 ശതമാനം സ്ത്രീകളാണ്. വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കുറവാണ്. സ്ത്രീതൊഴിലാളികൾ 30 ശതമാനം ഭാഗികതൊഴിലാളികൾ ആണ്. വനിതകൾ മാത്രം ജോലിചെയ്യുന്ന തീപ്പെട്ടി കമ്പനി, കൈത്തറി, നെയ്ത്ത്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം കുട നിർമ്മാണം എന്നിവക്ക് പരിശീലനം കൊടുത്തുകൊണ്ട് സ്ത്രീകളുടെ ഗ്രൂപ്പ് ഉണ്ടാക്കി തൊഴിൽ സംരംഭങ്ങൾ തുടങ്ങുകവഴി സ്ത്രീകളുടെ സാമ്പത്തിക പരാശ്രയത്വം അവസാനിപ്പിക്കുക. എന്നാൽ മാത്രമേ സ്ത്രീകളെ സാമൂഹ്യരംഗങ്ങളിൽ കർമ്മനിരതരാക്കുവാൻ കഴിയൂ. പഞ്ചായത്തിൽ സ്ത്രീ പ്രതിനിധ്യം വർദ്ധിച്ചതോടുകൂടി പൊതുപ്രവർത്തകരായ സ്ത്രീകളുടെ എണ്ണം കൂടിയിട്ടുണ്ട്. എങ്കിലും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല. വനിതകളുടെ തൊഴിൽ സംരംഭയൂണിറ്റുകളോട് ചേർന്ന് സ്ത്രീകളുടേയും ആരോഗ്യ സംരക്ഷണത്തിനായുള്ള കേന്ദ്രങ്ങൾ ഉണ്ടാകേണ്ടതാണ്.

മാള പഞ്ചായത്തിൽ DWCRA 2 യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പൊതു പ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്വം ഉണ്ടെങ്കിലും മെച്ചപ്പെട്ട രീതിയിലല്ല. ഈ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് വനിതയാണ്. പ്രസിഡണ്ടിനെ കൂടാതെ നാലു വനിത മെമ്പർമാർ ഉണ്ട്. മഹിള സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം വേണ്ടത്ര നല്ല രീതിയിലല്ല. തൊഴിൽ മേഖലയിൽ കാണുന്ന അസമത്വം അവസാനിപ്പിക്കുന്നതിന് വേണ്ടത്ര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

അദ്ധ്വാനത്തിന് അനുസൃതമായി കൂലി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തണം. സമൂഹത്തിലെ സ്ഥാനമാണ് വനിതകളെ അലട്ടുന്ന മറ്റൊരു പ്രശ്നം. സാമൂഹ്യക സമത്വവും അവസരസമത്വവും ഉറപ്പ് വരുത്തേണ്ടതാണ് സ്ത്രീകളുടെ ഉന്നമനത്തിന് ആവശ്യം.

**ഗ്രാമസഭ നിർദ്ദേശങ്ങളും സാദ്ധ്യതകളും**

1. സ്ത്രീകളുടെ മാത്രമായ തൊഴിൽ യൂണിറ്റുകൾക്ക് രൂപം കൊടുക്കുക.
2. സ്ത്രീകളിൽ സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണം നടത്തുന്നതിന് പഞ്ചായത്തിൽ സ്ത്രീകളുടെ മാത്രമായ ഒരു പഠനകളരി തുറക്കുക.
3. വനിത സഹകരണസംഘങ്ങൾക്ക് രൂപം കൊടുക്കുക.
4. അംഗൻവാടി അദ്ധ്യാപികമാർക്ക് ന്യായമായ വേതനം കിട്ടുന്നില്ല.
5. തൊഴിൽ യൂണിറ്റിനോടനുബന്ധിച്ച് മാതൃസംരക്ഷണത്തിനും കുട്ടികളുടെ പരിപാലനത്തിനും സംവിധാനം ഏർപ്പെടുത്തുക.
6. തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുക.
7. സ്ക്കൂളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്വം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യുക.
8. വിധവ പെൻഷൻ, അഗതി പെൻഷൻ മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
9. പഞ്ചായത്തിൽ സ്ത്രീകൾക്ക് വേണ്ടി ഒരു നിയമസെൽ രൂപീകരിക്കുക.





404

# സഹകരണം

കർഷക സമൂഹത്തെ രക്ഷിക്കുന്നതിന് വേണ്ടി 1904ലെ സഹകരണനിയമത്തിന്റെ (കോ–ഓപ്പറേറ്റീവ് സൊസൈറ്റിസ് ആക്ട് & ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷികവായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്. മാള പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം അഷ്ടമിച്ചിറ സർവ്വീസ് സഹകരണ സംഘമായിരുന്നു. അതിനെ തുടർന്ന് കുരുവിലശ്ശേരിസർവ്വീസ് സഹകരണസംഘം അണ്ണല്ലൂർ സർവ്വീസ് സഹകരണസംഘം എന്നിവ രൂപീകരിച്ചു. ഈ മൂന്ന് സംഘങ്ങളും ഇന്ന് ബാങ്കായി ഉയർന്നു. പഞ്ചായത്തിൽ മെച്ചപ്പെട്ട നിലവാരത്തോടുകൂടിയാണ് ഇവ പ്രവർത്തിക്കുന്നത്. മൊത്തം ജനസംഖ്യയുടെ മൂന്നിൽ 2ഭാഗം ഈ സഹകരണ സ്ഥാപനങ്ങളിൽ അംഗങ്ങളാണ്. ആദ്യ കാലഘട്ടത്തിൽ പ്രതിസന്ധികളെ വെല്ലുവിളിച്ച് ഈ രംഗത്ത് പ്രവർത്തിച്ച അഷ്ടമിച്ചിറയിലെ വി.വി. ശങ്കരനായർ, ഡി.എ. നാരായണമേനോൻ, കെ. കൃഷ്ണൻകുട്ടിമേനോൻ, കെ.കെ. പാപ്പു മാസ്റ്റർ, കരുവിലശ്ശേരിയിലെ അതിയാരത്ത് എം.എ. ശങ്കരൻ, അതിയാരത്ത് ഏ.കെ. രാമൻ, അടൂർപറമ്പിൽ ശ്രീധരപൈ ഹരിദത്തൻ നമ്പൂതിരി അണ്ണല്ലൂരിലെ വടക്കേടത്ത് ജാതവേദൻ നമ്പൂതിരി, ടി.കെ. ചാത്തുണ്ണി. വി.വി. കുഞ്ഞിരാമൻ എന്നിവരെ ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. മേൽ പറഞ്ഞ മൂന്നു ബാങ്കുകൾ കൂടാതെ കാർഷിക ഭൂപണയ ബാങ്കിന്റേയും, ജില്ലാ സഹകരണ ബാങ്കിന്റേയും ബ്രാഞ്ചുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ക്രെഡിറ്റ് മേഖലയിൽ മുകുന്ദപുരം താലൂക്ക് മദ്യ വ്യവസായ തൊഴിലാളി സഹകരണ സംഘവും മാള പഞ്ചായത്ത് പട്ടിക ജാതി സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മദ്യ വ്യവസായതൊഴിലാളി സംഘത്തിന് സർക്കാരിന്റേയൊ മറ്റു അപക്സ് സ്ഥാപനങ്ങളിൽ നിന്നോ യാതൊരു വായ്പകളും ലഭിക്കുന്നില്ലെങ്കിലും സ്വന്തമായി ഫണ്ടുകൾ ഉപയോഗിച്ചു തരക്കേടില്ലാത്ത വിധം പ്രവർത്തിക്കുന്നു.

**പട്ടിക 1**
**ക്രെഡിറ്റ് മേഖല**

| നമ്പർ | പേര് |
|---|---|
| 1. | കാർഷിക വികസന ബാങ്ക്, മാള ബ്രാഞ്ച് |
| 2. | അഷ്ടമിച്ചിറ സഹകരണ ബാങ്ക് |
| 3. | കുരുവിലശ്ശേരി സഹകരണ ബാങ്ക് |
| 4. | അണ്ണല്ലൂർ സഹകരണ ബാങ്ക് |
| 5. | ജില്ലാ സഹകരണ ബാങ്ക്, മാള ബ്രാഞ്ച് |
| 6. | മാള പഞ്ചായത്ത് പട്ടിക ജാതി സഹകരണ സംഘം |
| 7. | മുകുന്ദപുരം താലൂക്ക് മദ്യ വ്യവസായ തൊഴിലാളി സഹകരണ സംഘം |

**പട്ടിക 2**
**ക്ഷീര സഹകരണസംഘം**

| നമ്പർ | പേര് |
|---|---|
| 1. | വലിയപറമ്പ് ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 2. | മാള ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 3. | അഷ്ടമിച്ചിറ ക്ഷീരോൽപ്പാദക സംഘം |

**പട്ടിക 3**
**വ്യവസായ സംഘം**

| | |
|---|---|
| 1. | മാള ഹരിജൻ കൈത്തറി സഹകരണ സംഘം |
| 2. | മാള വനിത തീപ്പട്ടി വ്യവസായ സഹകരണ സംഘം |

**പട്ടിക 4**
**കോമേഴ്സൽ ബാങ്ക്**

1. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
2. ബറോഡ ബാങ്ക് അഷ്ടമിച്ചിറ
3. കാത്തലിക് സിറിയൻ ബാങ്ക് മാള, അഷ്ടമിച്ചിറ
4. ലോഡ് കൃഷ്ണ ബാങ്ക് മാള


പട്ടികജാതി സംഘത്തിൽ കാര്യമായ പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല. സ്ഥലവും കെട്ടിടമില്ലായ്മയാണ് പ്രധാന കാരണമായി പറയുന്നത്. ക്ഷീര കർഷകരെ സഹായിക്കുന്നതിന് പഞ്ചായത്തിൽ മാള, അഷ്ടമിച്ചിറ വലിയപറമ്പ് എന്നിവട

ങ്ങളിലായി 3 ക്ഷീര സഹകരണസംഘങ്ങൾ ഉണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ നല്ല നിലവാരം പുലർത്തുന്നവയാണ്. പ്രതിദിനം മൊത്തം അളക്കുന്ന പാലിന്റെ 40 ശതമാനവും നമ്മുടെ പഞ്ചായത്തിൽ തന്നെ വിപണനം നടക്കുന്നു. ഈ രംഗത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ഓരോ സംഘവും 4 പേരെ വീതം പരിശീലനത്തിന് അയക്കുകയും അവർ പരിശീലനം പൂർത്തീകരിച്ച് എത്തിയിട്ടുണ്ട്. അവരിൽ വലിയപറമ്പിലൊഴിച്ച് മറ്റുള്ളവർ താല്പര്യം കാണിക്കുന്നു. അവരെ ഉപയോഗിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. അതും കൂടിയായാൽ ഈ രംഗത്തെ സംഘങ്ങളുടേയും ക്ഷീര കർഷകരുടേയും വളർച്ചക്ക് സഹായകമാകും. വ്യവസായ രംഗത്ത് രണ്ട് സംഘങ്ങൾ ഉണ്ട്. ഒന്ന് ഹരിജൻ വിഭാഗത്തിലും, മറ്റൊന്ന് വനിത വിഭാഗത്തിലുമാണ്. ഹരിജൻ സംഘം കൈത്തറി മേഖലയിലാണ് കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള ഇതിൽ ആവശ്യമായ നൂല് ലഭിക്കുന്നതിനും ഫണ്ട് കൃത്യ സമയങ്ങളിൽ ലഭിക്കാത്തതുമാണ് തളർച്ചക്ക് കാരണം. വനിത മേഖലയിൽ തീപ്പട്ടി വ്യവസായമാണ്, ആയതിന്റെ വിപണിയിലുള്ള മത്സരമാണ് തളർച്ചക്ക് കാരണം.

കാർഷിക വായ്പയെടുക്കുന്നതിൽ 40 ശതമാനം മാത്രമാണ് ഈ മേഖലയിൽ വിനിയോഗിക്കുന്നത്. കാർഷിക ലോൺ ലഭ്യമാകുന്ന വിധത്തിൽ തന്നെ മറ്റു ഗാർഹിക ലോൺ കൊടുക്കുവാൻ സംവിധാനം ഉണ്ടാകണം.

ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. മിതമായ നിരക്കിൽ കാലിതീറ്റ ലഭ്യമാക്കുവാനും, പാലിന് തൃപ്തികരമായ വില ലഭ്യമാക്കുവാനും വേണ്ട നടപടി കൈകൊള്ളുക.
2. വനിത സഹകരണ സംഘങ്ങൾക്ക് രൂപം കൊടുക്കുക
3. പട്ടികജാതി സംഘത്തിന് സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ടാക്കി കൊടുക്കുക. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഓഹരി പങ്കാളിത്വവും അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിപ്പിക്കുക.
4. സഹകരണ സംഘങ്ങളിൽ തിരിച്ചടവിന്റെ കാര്യത്തിൽ ഓഹരികാർ വിമുഖരാണ്. അവക്ക് പരിഹാരം കാണണം.
5. ജില്ലാ ബാങ്കിന്റെ വായ്പ ഒരു പരിധി നിശ്ചയിച്ച് മെമ്പർന്മാരിൽ നിന്ന് പിരിയുന്ന മുറക്ക് തിരിച്ചടക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.
6. ഡെപ്പോസിറ്റ് പലിശ കൊമേഴ്സൽ ബാങ്കിന്റെ ഏറ്റകുറവിന്റെ 2% വർദ്ധനവോടുകൂടി സഹകരണബാങ്കുകൾക്ക് സ്വീകരിക്കുന്നതിന് നടപടി കൈകൊള്ളുക.
7. എൻ.ആർ.ഇ. എക്കൗണ്ട് മുഖേനെ ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതിന് അവസരം ഉണ്ടാകണം.
8. കാർഷികാവശ്യങ്ങൾക്കുള്ള വളങ്ങൾകകും കീടനാശിനികൾക്കും വിലയിളവ് നൽകണം.
9. സഹകരണശുപത്രി പ്രിന്റിങ്ങ് പ്രസ്സ് വാഹന തൊഴിലാളി, പാരമ്പര്യ നെയ്ത് തൊഴിലാളി, ചെമ്മീൻ കൃഷി എന്നീ സഹകരണസംഘങ്ങൾക്ക് രൂപം നൽകുക.
10. ആനപ്പാറ കേന്ദ്രീകരിച്ച് ക്ഷീരോൽപ്പാദക സഹകരണസംഘത്തിന് രൂപം നൽകുക.



# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

മാള പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യാനുപാതത്തിൽ ഹരിജനങ്ങൾ 6.43 ശതമാനമാണ്. ജനപങ്കാളിത്തത്തിലുള്ള അവരുടെ പങ്ക് നിർണ്ണായകമാണ്. പട്ടിക വർഗ്ഗക്കാർ ഈ പഞ്ചായത്തിൽ ഇല്ലയെന്നു പറയാം. മാള പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി 10 ഹരിജൻ കോളനികളുണ്ട്. കൂടാതെ ഹരിജനങ്ങൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളുമുണ്ട്.

| വാർഡ് നമ്പർ | കോളനിയുടെ പേര് |
|---|---|
| 2 | വള്ളോൻ സ്മാരക കോളനി മാള |
| 3 | കുന്നത്തുകാട് ഹരിജൻ കോളനി |
| 3 | കുനംപറമ്പ് സെറ്റിൽമെന്റ് |
| 5 | കാട്ടിക്കരകുന്ന് ഹരിജൻ കോളനി |
| 5 | വെസ്റ്റ് കുഴിക്കാട്ടുശ്ശേരി സെറ്റിൽമെന്റ് |
| 5 | കോൾക്കുന്ന് സെറ്റിൽമെന്റ് |
| 7 | ആനപ്പാറ ഹരിജൻ കോളനി |
| 7 | പഴൂക്കര മോഡേൺ കുന്ന് കോളനി |
| 9 | വലിയപറമ്പ് ഹരിജൻ കോളനി |
| 10 | പാറകൂട്ടം സെറ്റിൽമെന്റ് കോളനി |
| 11. | കുര്യയക്കാട് സെറ്റിൽമെന്റ് |

മൊത്തം 816 ഹരിജൻ കുടുംബങ്ങളിലായി 5039 ജനങ്ങൾ ഉണ്ട്. ഇവരുടെ ആളോഹരി വരുമാനം പൊതുവെ ശോചനീയമായ അവസ്ഥയിലാണ്. എങ്കിലും സാമ്പത്തികമായും ഉദ്യോഗപരമായും വിദ്യാഭ്യാസപരമായും ഉന്നതനിലവാരം പുലർത്തുന്നവരുമുണ്ട്. കോളനികളെകുറിച്ച് പരാമർശിക്കുമ്പോൾ പൊതുവെ മെച്ചപ്പെട്ട സൗകര്യങ്ങൾ ഇല്ലെന്ന് പറയാം. കുര്യയക്കാട് കോളനി ആനപ്പാറ കോളനിയിലെ ചിലഭാഗങ്ങളിലും കുന്നത്തുകാട്, കാട്ടിക്കരകുന്ന്, കോൾകുന്ന് കോളനികളിലെ ചില ഭാഗങ്ങളിൽ ശുദ്ധജലം വൈദ്യുതി എന്നിവയുടെ അഭാവമുണ്ട്. കോളനികളിലെ റോഡുകൾ ഒന്നും തന്നെ തൃപ്തികരമായ രീതിയിൽ പണി തീർത്തിട്ടില്ല. കോളനികളിലും ഹരിജനങ്ങൾ കൂട്ടമായി താമസിക്കുന്നിടങ്ങളിലും ജനുവരി മാസം മുതൽ വരൾച്ചയുടെ രൂക്ഷത അനുഭവപ്പെടുന്നു. വിദ്യാഭ്യാസ നിലവാരം പുരുഷന്മാർ 43 ശതമാനവും സ്ത്രീകൾ 41 ശതമാനവും സാക്ഷരരാണ്. പക്ഷെ വൃദ്ധജനങ്ങളിൽ ബഹുഭൂരിപക്ഷവും അക്ഷരജ്ഞാനമില്ലാത്തവരാണ്. അവരെ ഇപ്പോഴും അടക്കി വാഴുന്നത് പാരമ്പര്യമാമൂലുകളാണ്. കോളനികളിൽ ജീവിക്കുന്നവർ ഭൂരിഭാഗവും സമൂഹത്തിന്റെ പൊതുസംസ്കാരവുമായി ഒത്തുപോകാത്തതിന്റെ അടിസ്ഥാനത്തിൽ സമൂഹം കോളനികളെ വേർതിരിച്ചുകാണുന്ന പ്രവണത നിലനിൽക്കുന്നു. ആയതിനാൽ കോളനി എന്ന സങ്കൽപ്പങ്ങൾ തന്നെ ഇല്ലാതാക്കി ഒരു വിഭാഗം ആളുകൾ മാത്രം തിങ്ങി പാർക്കുന്നതിനു പകരം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെ കൂട്ടായ താമസം ഉറപ്പാക്കേണ്ടതാണ്. ഉയർന്ന സംസ്കാരത്തിന്റെ ബോധവൽക്കരണ കുറവുമൂലം പല കോളനികളിലും അടിമബോധത്തിന്റെ നിലവാരം പുലർത്തുന്നവർ ധാരാളമായി കാണാം. ഇത്തരം ആളുകളുടെ കുട്ടികൾ വിദ്യാഭ്യാസപരമായി താഴ്ന്ന നിലവാരം പുലർത്തുന്നു. പലരും ഹയർസെക്കന്ററിയോടുകൂടി വിദ്യാഭ്യാസം നിർത്തുന്ന അവസ്ഥയാണ്. വളരെ കുറച്ചുപേർ മാത്രമാണ് കലാലയജീവിതത്തിൽ പ്രവേശിക്കുന്നത്. അഭ്യസ്തവിദ്യരായിട്ടും അർഹതപ്പെട്ട തൊഴിലുകൾ ലഭിക്കാത്തതു തന്നെയാണ് ഒരു പരിധിവരെ വിദ്യാഭ്യാസ വിമുഖതയ്ക്ക് മറ്റൊരു കാരണം.

തൊഴിലിന്റെ കാര്യത്തിലും ഈ വിഭാഗം പിന്നോക്കാവസ്ഥയിലാണ് ബഹുഭൂരിപക്ഷവും കൂലിപണിയെടുത്താണ് ഉപജീവനം കഴിക്കുന്നത്. മുൻകാലങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവന്നിരുന്നവരാണ്. എന്നാൽ കാർഷിക മേഖലയിലെ തകർച്ച തൊഴിൽ നഷ്ടപ്പെടുവൻ ഇടയായി തൻമൂലം മറ്റു മേഖലയിൽ തൊഴിൽ തേടി നിർമ്മാണ് മേഖലയിലാണ് ഭൂരിഭാഗവും എത്തിചേർന്നിട്ടുള്ളത്. സ്ത്രീകൾക്ക് 75ഉം പുരുഷന്മാർക്ക് 125ഉം ഈ മേഖലയിൽ കൂലി ലഭിക്കുന്നുണ്ട്. അപൂർവ്വം കുറച്ചു പേരാണ് കാർഷികമേഖലയിൽ പണിയെടുക്കുന്നത്. ഒരു ന്യൂനപക്ഷം ഇതിൽ നിന്ന് വ്യത്യസ്തമായി സർക്കാർ-സ്വകാര്യ തലങ്ങളിൽ ഉദ്യോഗങ്ങൾ വഹിക്കുന്നവരും ഉണ്ട് ഈ കൂട്ടർ എല്ലാംകൊണ്ടും ഉന്നതനിലവാരം പുലർത്തി പോരുന്നു. പട്ടികജാതികാർക്ക് കിട്ടുന്ന സഹായങ്ങൾ അജ്ഞതകൊണ്ടും ബോധവൽക്കരണകുറവുകൊണ്ടും വേണ്ട വിധം ഉപയോഗപ്പെടുത്തുന്നില്ല. ഇവരുടെ ക്ഷേമ



468

പ്രവർത്തനങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗകോർപ്പറേഷൻ, ഹരിജൻ വെൽഫയർ ഡിപ്പാർട്ട് എന്നിവ പല പദ്ധതികളും നടപ്പാക്കുന്നുണ്ട്. പല പദ്ധതികളും ഇവരെ മുൻനിർത്തി ഇടത്തടുക്കാർ ചൂഷണം ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ പട്ടികജാതി സർവ്വീസ് സംഘം, കൈത്തറി വ്യവസായ സഹകരണ സംഘം എന്നിങ്ങനെ രണ്ടു സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമായ വിധത്തിൽ അല്ല. കൈത്തറി മേഖലയിൽ തൊഴിൽ സാധ്യത കൂടുതലായുള്ള ഈ സംഘത്തിന്റെ പ്രവർത്തനത്തിന് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. സർവ്വീസ് സഹകരണ സംഘം ഇവരുടെ എല്ലാ ക്ഷേമപ്രവർത്തനങ്ങൾക്കായി നിലകൊള്ളുകയും എല്ലാം ഹരിജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ കാര്യക്ഷമമാക്കേണ്ടതാണ്. ജീർണ്ണിച്ച നാടൻ കലകളായ കുതിരകളി, മുടിയാടം, പറകളി എന്നിവ തലമൂത്ത കാരണവന്മാർ ഇന്നും കൊണ്ടുനടക്കുന്നുണ്ട്. സാമൂഹ്യപരമായും ഇവർ ഇന്നും പിന്നിൽ തന്നെയാണ്. വാക്കുകൾ കൊണ്ട് സാമൂഹികപരമായ ഉച്ചനീചത്വം ഇവിടെ നിലനിൽക്കുന്നില്ലെന്ന് പറയുന്നുണ്ടെങ്കിലും, അക്ഷരാർത്ഥത്തിൽ ഒരു പരിധി വരെ ഇവിടെ അത് നിലനിൽക്കുന്നുണ്ട്.

പൊതുവേദികളിലും, പാർട്ടികളിലും ഇവർക്കുള്ള പങ്കാളിത്തം കുറവാണ്. മാത്രമല്ല, സാമുദായികമായും, സാമ്പത്തികമായും മേലെക്കിടയിൽ നിൽക്കുന്നവരിൽ പലരും ഹരിജനങ്ങളെ ഇന്ന് വേർതിരിച്ചുകാണുവെന്ന് പറയേണ്ടിയിരിക്കുന്നു.

**ഗ്രാമസഭാ നിർദ്ദേശങ്ങളും സാധ്യതകളും**

1. ഹരിജൻ കോളനികളിൽ തുടർ വിദ്യാഭ്യാസപരിപാടി നടപ്പാക്കുക.
2. വീടില്ലാത്ത എല്ലാ ഹരിജനങ്ങൾക്കും വീടു നിർമ്മിക്കുന്നതിനുള്ള സമ്പാത്തികസഹായം നൽകുക (സഹായ ധനം വർദ്ധിപ്പിക്കുക)
3. കോളനികൾ അല്ലാതെ ഹരിജനങ്ങൾ കൂട്ടമായി താമസിക്കുന്നിടങ്ങളിൽ പ്രത്യേക ശ്രദ്ധ കൊടുത്ത് പദ്ധതികൾ നടപ്പിലാക്കുക.
4. സ്വന്തമായി സ്ഥലമില്ലാത്ത ഹരിജനങ്ങൾക്ക് പഞ്ചായത്ത് ഭൂമി നൽകുക.
5. ഐ.എച്ച്.ഡി.പി. കോളനികൾക്ക് ലഭിക്കുന്ന എല്ലാ വിധ സർക്കാർ ആനുകൂല്യങ്ങളും ഈ പഞ്ചായത്തിൽ താമസിക്കുന്ന മുഴുവൻ ഹരിജനങ്ങൾക്കും ലഭ്യമാക്കണം.
6. ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിനും, അവരെ ബോധവൽക്കരിക്കപ്പെടുന്നതിനും പഞ്ചായത്ത് തലത്തിൽ പട്ടികജാതി ഉപദേശക സമിതി രൂപീകരിക്കുക.
7. പഞ്ചായത്തിൽ വിവിധ മേഖലകൾ കണ്ടെത്തി തൊഴിൽ ലഭിക്കുന്നതിന് വേണ്ട വിവിധ ഇനം ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
8. ഹരിജനശ്മാശനങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് വേണ്ട നടപടികൾ കൈകൊള്ളണം.
9. പട്ടികജാതി സഹകരണസംഘത്തിന് സ്ഥലവും, കെട്ടിടവും ഉണ്ടാക്കികൊടുക്കുന്നതിന് നടപടി കൈകൊള്ളണം.
10. ഐ.ആർ.ഡി.പി. ലോൺ മറ്റു തൊഴിലിനുവേണ്ടി എടുത്ത വായ്പകൾ അടയ്ക്കാതെ വന്നാൽ ആർ.ആർ നടപടി മുഴുവനായും റദ്ദ് ചെയ്യുക.
11. ഐ.എച്ച്.ഡി.പി. കോളനികളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.
12. പരമ്പരാഗതതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പായനെയ്ത്ത്, കൊട്ട നെയ്ത്ത് എന്നിങ്ങനെയുള്ള വിവിധഇനം തൊഴിലുകൾ പരിപോഷിപ്പിക്കുകയും വിപണി കണ്ടെത്തേണ്ടതായും ആവശ്യമാണ്.
13. ഹരിജനങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലെ വഴികൾ കണ്ടെത്തി സാഞ്ചാരയോഗ്യമാക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. യാത്ര സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

# വിഭവസമാഹരണം.

നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യവസായിക മേഖലയിലെ നിശ്ചലതയാണ് കാര്യമായ ഒരു വലിയ വ്യവസായ സ്ഥാപനങ്ങളും മാളയിൽല്ലില്ല. ചെറുകിട വ്യവസായങ്ങൾ പേരിനുണ്ട്. ഈ രംഗത്ത് മുന്നേറ്റം നടത്തികൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾക്ക് വഴി കണ്ടെത്തി മുന്നോട്ട് പോകണം.

കാർഷിക രംഗം ഇന്നു മുരടിക്കുകയാണ്. കൃഷിനിലങ്ങൾ മണ്ണിട്ട് നികത്തി താമസപറമ്പുകളാകുകയാണ്. ഇതുമൂലം ഉൽപ്പാദനക്ഷമത അനുദിനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കർഷകർ കർഷകതൊഴിലാളികളായി മാറുന്നു. രാസവള ഉപഭോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകണം. കൃഷിക്കാരിൽ അത്തരം ഒരു ചിന്താഗതി വളർത്തിയെടുക്കുന്നതിനുവേണ്ട ബോധവൽക്കരണം നടത്തണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ ഈരംഗത്ത് വിഭവസമാഹരണം വർദ്ധിപ്പിക്കാനാവില്ല. ഈ രണ്ടു മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപ്പെടുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ താമസമേന്യ നേടാനാവും.

സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ കണ്ട് സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ വച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമ നിർമ്മാണം നടത്തണം. ദാരിദ്ര്യരേഖക്കിടയിലെ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതത്തിൽ മാത്രമേ ഗ്രാന്റുകൾ വിതരണം ചെയ്യുവാൻ പാടുള്ളു. ഗ്രാന്റുകളുടെ നീതിപൂർവ്വമായ വിതരണത്തിന് ഇത് ആവശ്യമാണ്. ഗൾഫ്മേഖലയിൽ ജോലിചെയ്യുന്നവർ നമ്മുടെ പഞ്ചായത്തിൽ ധാരാളമായിട്ടുണ്ട്. ഇവരിൽ ഉയർന്ന സാമ്പത്തികനില കൈവരിച്ചവർ കുറവായിട്ടാണ് കാണുന്നത്. ഇവരുടെ പണം ഉല്പാദനമേഖയിൽ ചിലവഴിച്ചകാണുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 20336 ലഭിച്ചിട്ടുണ്ട്. പക്ഷെ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കുവാൻ കഴിഞ്ഞിട്ടില്ല.

കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ മറ്റൊരു വിഭാഗം.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായതതിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും.

**കഴിഞ്ഞ വർഷത്തെ പഞ്ചായത്തിലെ**
**വരവ് – ചിലവ്**

| വരുമാനം | ചിലവ് |
|---|---|
| തൊഴിൽ നികുതി | 258194.00 |
| എസ്റ്റാബ്ലിഷ്മെന്റ് | 656072.00 |
| കെട്ടിടനികുതി | 414844.00 |
| പൊതുമരാമത്ത് | 1162854.50 |
| വിനോദനികുതി | 46456.00 |
| മറ്റു വികസന ചിലവുകൾ | 1057419.00 |
| നികുതിയേതര വരുമാനം | 1030390.00 |
| കടം തിരിച്ചടവ് | 319774.00 |
| സംസ്ഥാന നികുതി വിഹിതം | 211431.00 |
| അൺടൈഡ് ഫണ്ട് | 299700.00 |
| ഗ്രാന്റുകൾ | 305413.00 |

**കെട്ടിടനികുതി**

ഇപ്പോൾ പഞ്ചായതതിലെ കെട്ടിടനികുതി കണക്കാക്കുന്ന രീതി ശരിയല്ല. ഇത് ശാസ്ത്രീയമായ രീതിയിൽ ആക്കണം തറ വിസ്തീർണ്ണവും, ആഡംബരത്വവും, വില കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും കണക്കിലെടുക്കണം. വീട് നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ ഇന്നുള്ള ശതമാനത്തിൽ വർദ്ധനവ് ഉണ്ടാക്കണം. വീട് അസ്സെസ്സ് ചെയ്തത് എങ്ങിനെയാണെന്ന് ഓരോ വീട്ടുടമ

സ്ഥനേയും ബോദ്ധ്യപ്പെടത്തുവാൻ ഉദ്യോഗസ്ഥന്മാർ തയ്യാറാവണം. നികുതി പിരിച്ചെടുക്കുന്നതിന് വാർഡു വികസനസമിതിയുടെ നേതൃത്വത്തിൽ അയൽകൂട്ട സമതികൾ വിളിച്ചുകൂട്ടി അവരുടെ കൂടി സഹകരണത്തോടെ നികുതി പിരിച്ചെടുത്തുകൊണ്ട് കുടിശ്ശിക ഇല്ലാതാക്കുവാൻ കഴിയും.

**വിനോദ നികുതി**

വിനോദ നികുതി ഇപ്പോഴുള്ളതിനേക്കാൾ കുറച്ച് കൂടി കൂട്ടാവുന്നതാണ്. ചുരുങ്ങിയത് 30% മെങ്കിലും ആക്കണം. മാളയിൽ ഒരു സ്റ്റേഡിയം ഇല്ല. ഒരു സ്റ്റേഡിയം സ്ഥാപിച്ച് അതിൽ നടക്കാവുന്ന പരിപാടികൾക്ക് നികുതി ചുമത്താവുന്നതാണ്.

**മറ്റു ധനമാർഗ്ഗങ്ങൾ**

മാള കടവ് വിപുലീകരിച്ച് ബോട്ട് സർവ്വീസ് അനുവദിക്കുകയും കോട്ടപ്പുറം - ചാലക്കുടി എന്നീ ചന്തകളെ ബന്ധിപ്പിക്കാവുന്ന തരത്തിൽ കടവിനടുത്തുള്ള മാർക്കറ്റ് ആധുനീകരിച്ച് വിപുലമായ ഒരു മാർക്കറ്റിൽ രൂപംകൊടുക്കുക. പഞ്ചായത്ത് ആഫീസിന്റെ പടിഞ്ഞാറുവടക്ക് ഭാഗങ്ങളിൽ മിനി പാർക്ക് മോഡൽ ആക്കുകയും അതിനോടനുബന്ധമുള്ള ചാൽ വൃത്തിയാക്കി സൗകര്യ പ്രദമായ അലങ്കാരങ്ങൾ ചെയ്തു ചിൽഡ്രൻസ് ബോട്ട് ഏർപ്പെടുത്തുകയും ചെയ്യുക. ഈ രണ്ടിനത്തിൽ നിന്നും പഞ്ചായത്തിന് വരുമാനം കണ്ടെത്തുവാൻ കഴിയും.പഞ്ചായത്തിന്റെ പൊതു സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കാവുന്നതാണ്. അഷ്ടമിച്ചിറ, മാള, വലിയപറമ്പ് എന്നീ മൂന്നു അങ്ങാടിയും പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് അവിടങ്ങളിൽ നിന്ന് വരുമാനം കണ്ടെത്താവുന്നതാണ്.

**ചെലവുകൾ**

പ്രത്യുപ്പാദകപരമല്ലാത്ത രീതിയിലായിരുന്നു നമ്മുടെ പഞ്ചായത്തിലെ ഫണ്ടുകൾ ചിലവഴിച്ചിരുന്നത്. പൊതുമരാമത്ത് ചിലവ് തന്നെ 49 ശതമാനം വരുന്നുണ്ട്. ഇത് പഞ്ചായത്ത് റോഡുകളുടെ റിപ്പയർ പണിക്കാണ്. 5000ക വീതം ചിലവഴിച്ചുകൊണ്ടുള്ള റിപ്പയർ വർക്കുകൾ എല്ലാ വാർഡിലും നടത്തിയിട്ടുണ്ട്. പഴയറോഡിന് മണ്ണിടുന്നത് മഴകാലത്ത് ഒലിച്ചുപോകുന്നു. പഞ്ചായത്തിന്റെ ഫണ്ട് പാഴായി പോകുന്നു എന്നതുകൊണ്ടല്ലാതെ ഇത്തരം വർക്കുകൾ ഒരു ഗുണഫലവും ചെയ്യുന്നില്ല. ഇത്തരം ഫണ്ട് ചോർച്ച തടയുന്ന വിധത്തിൽ റോഡിന്റെ സംരക്ഷണം ഉറപ്പുവരുത്തണം. പഞ്ചായത്തിലെ മണ്ണ് റോഡുകൾ സംരക്ഷിക്കേണ്ടത് ആ റോഡിന്റെ ഇരുവശവും താമസിക്കുന്നവർ തന്നെയായിരിക്കണം. സന്നദ്ധപ്രവർത്തനങ്ങൾ വഴി റോഡിന്റെ സംരക്ഷണം ഉറപ്പാക്കണം. ആവശ്യമായ പഞ്ചായത്ത് സഹായം ആവശ്യപ്പെടാവുന്നതാണ്. വില്ലേജ് കായികശേഷി ഉപയോഗപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിലെ ഭരണ ചെലവുകൾ കുറക്കുന്നതിനോ കാര്യമായ മാറ്റം വരുത്താവാനോ കഴിയുകയില്ല.

മനുഷ്യദ്ധാനമാണ് നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവങ്ങളിൽ ഒന്ന്. എല്ലാ ഗ്രാമസഭകളിലും മനുഷ്യദ്ധാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി മത കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്നെ അദ്ധ്വാനം കൊണ്ട് സംഭാവന ചെയ്യുക എന്നത് മഹത്തരമായ ഒരു ആശയമാണ്.

**നിർദ്ദേശങ്ങൾ**

1. നികുതി പിരിക്കുവാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളും വികസനസമിതികളും തയ്യാറാവണം. ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ പഞ്ചായത്തിലെ ബഹുജന നേതാക്കൾക്കുണ്ടാകണം.
2. നികുതി കൊടുക്കുന്നതുവഴി നിങ്ങളും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കുചേരുക്കയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. അതുകൊണ്ടുതന്നെ ചിലവിന്റെ കാര്യത്തിൽ സുതാര്യത ഉണ്ടായിരിക്കണം.
3. കണക്കുകൾ കൃത്യമായി സൂക്ഷിക്കണം. അതു ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനുള്ള സംവിധാനം പഞ്ചായത്ത് ആഫീസിൽ ഉണ്ടാകണം.

# ഉപസംഹാരം

**ഒമ്പതാം പദ്ധതി ജനകീയ പദ്ധതി**

അധികാരം ജനങ്ങളിലേക്ക് എന്ന മഹത്തായ ലക്ഷ്യത്തിൻെറ സാക്ഷാൽക്കാരത്തിന് തുടക്കം കുറിക്കുന്നതിന് ഒമ്പതാം പദ്ധതി ജനകീയ ആസൂത്രണത്തോടെ നടപ്പിലാക്കുവാൻ പോവുകയാണല്ലോ. ഇതുവരെ ഒരു കേന്ദ്രീകൃതാടിസ്ഥാനത്തിൽ ആസൂത്രണം നടത്തിയതിനു പകരം ഗ്രാമീണ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും തേടിക്കൊണ്ട് പഞ്ചായത്ത് തലത്തിൽ ഒരു വികസനരേഖക്ക് രൂപം കൊടുക്കുകയാണ്. ഇതുവരെ പഞ്ചായത്തിലെ ജനങ്ങളുടെ എല്ലാവിധ കാര്യങ്ങളും അറിയണമെങ്കിൽ അകലങ്ങളിലുള്ള വിവിധ ഓഫീസുകൾ കയറി ഇറങ്ങേണ്ട അവസ്ഥയായിരുന്നു. അതിൽ നിന്ന് വ്യത്യസ്ഥമായി നമ്മുടെ പഞ്ചായത്തിൻെറ സ്ഥിതി വിവരകണക്കുകളുടേയും പ്രശ്ന പരിഹാരമാർഗങ്ങളുടേയും ഒരു ശേഖരണം മാത്രം. ഈ ഒരു വികസനരേഖ രൂപപ്പെടുത്തുന്നതിൽ കൂട്ടായ പരിശ്രമത്തിലൂടെയാണ് ശ്രമിച്ചിട്ടുള്ളത്. പോരായ്മകൾ സവിനയം ക്ഷമിച്ചുകൊണ്ട് സഹകരണ മനസ്സോടെ ഇതിനെ കാണണമെന്ന് അപേക്ഷിക്കുന്നു. ഈ പ്രവർത്തനത്തിൽ എന്നെ അവിശ്രമം സഹായിച്ച എല്ലാവരോടും നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം<br>
(Sd/)<br>
എം.കെ.സുബ്രഹ്മണ്യൻ<br>
ജനറൽ കൺവീനർ<br>
മാള ഗ്രാമപഞ്ചായത്ത്<br>
9-ാം ജനകീയാസൂത്രണസമിതി



# പൊയ്യ ഗ്രാമ പഞ്ചായത്ത്
## വികസന റിപ്പോർട്ട്
## 1996

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

അധികാരം ജനങ്ങളിലേക്ക്

പൊയ്യ ഗ്രാമ പഞ്ചായത്ത്

പി. ഒ. പൂപ്പത്തി

416

# പൊയ്യ ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട്

## 1996

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

അധികാരം ജനങ്ങളിലേക്ക്

പൊയ്യ ഗ്രാമ പഞ്ചായത്ത്

പി. ഒ. പൂപ്പത്തി

418

# പൊയ്യ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരും



പ്രസിഡന്റ്
ശ്രീമതി. ഭാർഗ്ഗവി ടീച്ചർ



വൈസ് പ്രസിഡന്റ്
ശ്രീ. M. K. മുരളി



സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
അഡ്വ: ജോജി ജോർജ്ജ്



1–ാം വാർഡ്
ശ്രീമതി. ഇന്ദിരാ കുട്ടൻ




2–ാം വാർഡ്
ശ്രീ. T. V. രാജു



3–ാം വാർഡ്
ശ്രീ. C. D. തോമസ്



4–ാം വാർഡ്
ശ്രീമതി. ഉഷാ ശിവാനന്ദൻ



5–ാം വാർഡ്
ശ്രീ. T. K. കുട്ടൻ



9–ാം വാർഡ്
ശ്രീ. C. A. തോമസ്



10–ാം വാർഡ്
ശ്രീമതി. മോളി ഫ്രാൻസീസ്

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

| | | |
|---|---|---|
| 1 | ആമുഖം | N.T. വാസു, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 2 | കൃഷി, ജലസേചനം | A.K. രവീന്ദ്രൻ, കൃഷി അസിസ്റ്റന്റ് പൊയ്യ D.S. കുട്ടൻ,<br>C.A. തോമസ് (പ: മെമ്പർ), A.T. പൗലോസ് മാസ്റ്റർ |
| 3 | മത്സ്യമേഖല മൃഗപരിപാലനം | K.C. വേലായുധൻ, A.K. രവീന്ദ്രൻ, C.A. തോമസ് (പ: മെമ്പർ) |
| 4 | വിദ്യാഭ്യാസം | കടലായി പരമേശ്വരൻ നമ്പൂതിരി, A.K. ശശിധരൻ മാസ്റ്റർ,<br>R.K. ഭാർഗ്ഗവിടീച്ചർ (പ്രസിഡണ്ട്) |
| 5 | ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം | അഡ്വ: സന്തോഷ് പണിക്കശ്ശേരി, ഇന്ദിരാ കുട്ടൻ (പ: മെമ്പർ) |
| 6 | വ്യവസായം | C.S. രാജൻ(ലക്ച്ചറർ ഇലക്ട്രിക്കൽ എൻജിനീയറിംഗ്),<br>T.V. രാജു(പഞ്ചായത്ത് മെമ്പർ), K.K. വർഗ്ഗീസ് |
| 7 | ഭവനനിർമ്മാണം ക്ഷേമപ്രവർത്തനം | M.C. കുഞ്ഞപ്പൻ (UDC, ഏറിയാട് പഞ്ചായത്ത്),<br>T.K. കുട്ടൻ (പ:മെമ്പർ) |
| 8 | റോഡുകൾ – ഊർജ്ജം | C.S. രാജൻ, V.M. സഹജൻ, M.D. ബാലകൃഷ്ണൻ(Rtd. Engineer),<br>ഉഷാ ശിവാനന്ദൻ (പ: മെമ്പർ) |
| 9 | സംസ്ക്കാരം | A.K. ശശിധരൻ മാസ്റ്റർ, N.K. ദാമോദരൻ നമ്പൂതിരി,<br>കടലായി പരമേശ്വരൻ നമ്പൂതിരി |
| 10 | വനിത | N.T. വാസു, മോളി ഫ്രാൻസീസ് (പ: മെമ്പർ) |
| 11 | സഹകരണമേഖല | M.K. മുരളി (വൈ: പ്രസിഡണ്ട്), V.R. വാമനൻ,<br>K.C. സുബ്രഹ്മണ്യൻ, C.D. തോമസ്(പ: മെമ്പർ) |
| 12 | പട്ടികജാതി പട്ടികവർഗ്ഗം | അഡ്വ: സന്തോഷ് പണിക്കശ്ശേരി, T.K. കുട്ടൻ |
| 13 | വിഭവസമാഹരണം | N.T. വാസു, M.K. മുരളി, M.V. സജീവ്കുമാർ |
| 14 | ഭരണചരിത്രം | N.K. ദാമോദരൻ നമ്പൂതിരി (Rtd. BDO), K.K. വർഗ്ഗീസ് |
| | ജനറൽ കൺവീനർ | അഡ്വ: ജോജി ജോർജ്ജ് കളപ്പുരയ്ക്കൽ (സ്റ്റാ: കമ്മറ്റി ചെയർമാൻ) |

## പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ

1. R.K. ഭാർഗ്ഗവി ടീച്ചർ (പ്രസിഡന്റ്)
2. M.K. മുരളി (വൈ: പ്രസിഡന്റ്)
3. അഡ്വ: ജോജി ജോർജ്ജ് (സ്റ്റാ: കമ്മറ്റി ചെയർമാൻ)
4. ഇന്ദിരാ കുട്ടൻ (പ: മെമ്പർ)
5. T.V. രാജു "
6. മോളി ഫ്രാൻസീസ് "
7. ഉഷാ ശിവാനന്ദൻ "
8. C.D. തോമസ് "
9. C.A. തോമസ് "
10. T.K. കുട്ടൻ "

## എഡിറ്റോറിയൽ ബോർഡ്

1. R.K. ഭാർഗ്ഗവി ടീച്ചർ (പ്രസിഡന്റ്)
2. M.K. മുരളി (വൈ: പ്രസിഡന്റ്)
3. N.T. വാസു (സെക്രട്ടറി)

## ചീഫ് എഡിറ്റർ

R.K. ഭാർഗ്ഗവി ടീച്ചർ

## പഞ്ചായത്ത് സ്റ്റാഫ്

1. N.T. വാസു (സെക്രട്ടറി)
2. K.A. അനീഫ (ഹെഡ് ക്ലർക്ക്)
3. P.D. നാരായണൻ (UD Clerk)
4. E.A. കുഞ്ഞിബീവാത്തു (LD Clerk)
5. P.M. ഹസീബ് അലി (LD CLerk)
6. P.K. ദാക്ഷായനി (പ്യൂൺ)
7. K.K. കണ്ണൻ P.T.S. (ഡെയിലി വേജസ്സ്)

420



# അഭ്യർത്ഥന

സ്നേഹിതരേ,

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിന്റെ മൊത്തം വാർഡുകളിലും ചേർന്ന "ഗ്രാമസഭ" കൾ വഴി ജനങ്ങൾ ഉയർത്തിക്കൊണ്ടുവന്ന നിരവധി വൈവിധ്യമാർന്ന പ്രശ്നങ്ങളിൽ ഞങ്ങൾ ഗ്രാമത്തിന്റെ ഹൃദയത്തുടിപ്പുകൾ തൊട്ടറിഞ്ഞു! മഹാഭൂരിപക്ഷം ജനങ്ങളും വികസനപ്രശ്നങ്ങൾ ചർച്ചചെയ്യാൻ ഏകമനസ്സോടെ ഒത്തൊരുമിച്ച സന്ദർഭം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല എന്നാണ് എന്റെ വിശ്വാസം. പങ്കെടുത്ത ജനങ്ങൾ മുൻഗണനാക്രമത്തിൽ ചൂണ്ടിക്കാണിച്ച വികസനപ്രശ്നങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ കണ്ടെത്തുക, അവയെ പ്രായോഗിക പ്രസക്തിയുള്ള സ്കീമുകളാക്കി മാറ്റുക, തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് വികസന സെമിനാറിനു ശേഷം നമുക്ക് ഏറ്റെടുക്കുവാനുള്ളത്.

നിങ്ങൾ വായിക്കുന്ന "വികസനറിപ്പോർട്ട്" തയ്യാറാക്കുന്നതിന് ഞങ്ങൾ പിന്നിട്ട വഴികളെ സന്ദർഭവശാൽ പരിചയപ്പെടുത്തുന്നത് ഉചിതമെന്ന് തോന്നുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ആദ്യപടിയായി പഞ്ചായത്ത് രൂപം കൊണ്ടതു മുതലുള്ള ഭരണചരിത്രത്തിലൂടെ കണ്ണോടിക്കുവാനും ദേശീയപ്രസ്ഥാനത്തിന്റേയും നവോത്ഥാനപ്രസ്ഥാനത്തിന്റെയും കാലഘട്ടം മുതലുള്ള സാമൂഹ്യസാംസ്ക്കാരിക ചരിത്രപശ്ചാത്തലം അന്വേഷിച്ച് മനസ്സിലാക്കുവാനും ശ്രമം നടത്തി. പിന്നീട് ഭൂപ്രകൃതിയും വിഭവങ്ങളും കാലാവസ്ഥയും, ജലലഭ്യതയും നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ പഠനസംഘങ്ങളെ നിയോഗിച്ചു. മണ്ണ് പരിശോധിക്കുവാനും, ഭൂവിനിയോഗവും, ജൈവസമ്പത്തും, മനുഷ്യവിഭവവും, കണ്ടെത്തുവാനും മേൽ പഠനസംഘങ്ങളെ തന്നെ ഉപയോഗപ്പെടുത്തി. പിന്നീട് വികസന മേഖലകൾ കണ്ടെത്തുവാനുള്ള തീവ്രശ്രമത്തിലായി. അതോടുകൂടി നിരവധി പ്രശ്നങ്ങൾ പൊന്തിവന്നു. പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സാധ്യതകൾ കണ്ടെത്തുന്നതിനുമായി ദിനരാത്രങ്ങൾ പിന്നിട്ടു. സാധ്യതകൾ കണ്ടെത്തിയപ്പോൾ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിന് എളുപ്പമായി. ഇവിടെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് പൂർണ്ണമാവുകയായിരുന്നു.

ചുരുങ്ങിയ സമയത്തിനുള്ളിൽ പഞ്ചായത്തിന്റെ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ആദ്യാവസാനം ഞങ്ങളോടൊത്തു പ്രവർത്തിച്ച വിവിധമേഖലകളിലെ പരിചയസമ്പന്നരും വിദഗ്ദ്ധരായ ഓരോരുത്തരുടേയും ആത്മാർത്ഥതയ്ക്കും അർപ്പണബോധത്തിനും അനുഭവിച്ച മാനസികസംഘർഷങ്ങൾക്കും പഞ്ചായത്തിന്റെ മണ്ണിലും, ചുറ്റിത്തിരിയുന്ന പങ്കയ്ക്ക് കീഴിലും ഒഴുക്കിയ വിയർപ്പിനും മുമ്പിൽ ഹൃദയത്തിന്റെ ഭാഷയിൽ അഭിവാദ്യം അർപ്പിക്കട്ടെ.

പഞ്ചായത്തിന്റെ വികസനറിപ്പോർട്ട് പരമാവധി കുറ്റമറ്റതാക്കാൻ ഞങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും വസ്തുതാപരമായ വല്ല പിശകുകളും സംഭവിച്ചിട്ടുണ്ടെങ്കിൽ സമയപരിമിതിമൂലം സംഭവിച്ച പാകപ്പിഴയായി കണക്കാക്കി സദയം ക്ഷമിക്കണമെന്നും തെറ്റുകൾ ചൂണ്ടിക്കാട്ടി അവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകണമെന്നും അറിയിക്കുന്നു.

ഭാവിപ്രവർത്തനങ്ങളിൽ മുൻപെന്നപോല സഹകരിക്കണെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും നന്ദി..........

സ്നേഹപൂർവ്വം

**R.K. ഭാർഗ്ഗവി ടീച്ചർ**
പ്രസിഡണ്ട്
പൊയ്യ ഗ്രാമപഞ്ചായത്ത്

**പൂപ്പത്തി,**
**11-11-1996.**

# ആമുഖം

കോടിക്കണക്കിനാളുകൾ കേട്ടുതഴമ്പിച്ചതും പറഞ്ഞുപതിഞ്ഞതുമായ പദമാണ് "അധികാരവികേന്ദ്രീകരണം" അസംഭവ്യവും അപ്രാപ്യമെന്നും നാം കരുതിയിരുന്ന അസുലഭമായ ആ പളുങ്കുപാത്രം പൂർണ്ണമായിട്ടല്ലെങ്കിലും നമുക്ക് ലഭിച്ചിരിക്കുന്നു. ഈ വിഷയം അതീവശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി കൈകാര്യം ചെയ്യേണ്ടതാണ് എന്നുള്ള അവബോധം ജനങ്ങളിൽ ഉണ്ടാക്കുന്നതിന് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഒരു പരിധിവരെവിജയിച്ചിട്ടുണ്ടെന്ന് സമീപകാലസംഭവങ്ങൾ വിരൽ ചൂണ്ടുന്നു. വികേന്ദ്രീകൃത അധികാരം ആത്മാർത്ഥതയോടെ നിസ്വാർത്ഥപ്രവർത്തനം വഴി ശാസ്ത്രീയമായി നിർവ്വഹിക്കാത്ത പക്ഷം "കുടത്തിൽ നിന്നും തുറന്നുവിട്ട ഭൂതത്തെപ്പോലെ സംഹാരരുദ്രനായി നമ്മെ ഓരോരുത്തരേയും ഭാഗികമായോ, പൂർണ്ണമായോ തദ്വാരാ നാടിനേയും നശിപ്പിച്ചുവെന്നുവരാം."

ഇൻഡ്യൻ ഭരണ ഘടനയുടെ 73-ഉം 74-ഉം ഭരണഘടനാഭേദഗതിയിലൂടെ പാർലമെന്റ് മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ പാസ്സാക്കി, അനുബന്ധമായി സംസ്ഥാനഗവൺമെന്റ് 13-ാം വകുപ്പ് പ്രകാരം നിയമഭേദഗതി വരുത്തിയതിനെത്തുടർന്ന് നമുക്ക് ഓരോരുത്തർക്കും കൈവന്ന ഭരണഘടനാപരമായ അവകാശം ഭാരിച്ച ഉത്തരവാദിത്വത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ശേഷിയും ശേമുഷിയും ആർജ്ജിക്കേണ്ടസമയം ആഗതമായിരിക്കുന്നു.

അധികാരവികേന്ദ്രീകരണത്തിലൂടെ ലഭിച്ച അധികാരം ഉപയോഗിച്ച് നമ്മുടെ നാടിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി നാനാതുറകളിൽപെട്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ നടപ്പിലാക്കുന്നതിനും നാം അവകാശികളായിത്തീർന്നിരിക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ ഹൃദയത്തുടിപ്പുകൾ നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ള നമ്മേക്കാൾ കാര്യക്ഷമമായി പ്രശ്നങ്ങൾ കണ്ടെത്തുവാനും പരിഹാരം നിർദ്ദേശിക്കുവാനും ആർക്ക് കഴിയും? പെറ്റമ്മക്കില്ലാത്ത കാരുണ്യം പോറ്റമ്മയ്ക്കുണ്ടാകുമോ?

നമ്മുടെ രാജ്യം 8 പഞ്ചവത്സരപദ്ധതികൾ പിന്നിട്ടു കഴിഞ്ഞു. എണ്ണമറ്റ നേട്ടങ്ങൾക്ക് പുറമേ ശാസ്ത്രസാങ്കേതികരംഗത്ത് വമ്പിച്ച മുന്നേറ്റം തന്നെ നാം നടത്തി. നമ്മുടെ കൊച്ചുകേരളം ഭാരതത്തിനു മാത്രമല്ല, ലോകത്തിനുതന്നെ മാതൃകയാക്കാവുന്ന അത്ഭുതസിദ്ധികളുടെ ഉറവിടമായി നിലകൊള്ളുന്നു. ലോകത്തിൽ 95% സാക്ഷരത നേടിയ സംസ്ഥാനം ശുചിത്വത്തിന്റെ കാര്യത്തിൽ സ്കാന്റിനേവിയൻ രാഷ്ട്രത്തെ വെല്ലുവിളിക്കുന്ന സംസ്ഥാനം. ആരോഗ്യരംഗത്ത്, ഭൂപരിഷ്ക്കരണരംഗത്ത്......... പട്ടിക നീളുന്നു. ഇങ്ങനെയൊക്കെ മുന്നിൽ നിൽക്കുന്ന നമ്മൾ സൂക്ഷ്മപരിശോധനയിൽ ചില കാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്നതായി കാണാം. ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ പിന്നിലാണ്. രൂക്ഷമായ തൊഴിലില്ലായ്മ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആത്മഹത്യാപരമായ കാലതാമസം, വ്യവസായ മേഖലയിലെ മുരടിപ്പ്, തുടങ്ങിയ പിന്നോക്കാവസ്ഥ തരണം ചെയ്യുന്നതിന് മുങ്ങിത്താഴുന്നവന് ലഭിച്ച കച്ചിത്തുരുമ്പ് പോലെ രക്ഷാമാർഗ്ഗമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. "ജനകീയാസൂത്രണം" ഇനി ആത്മവിശ്വാസത്തോടെ മുന്നോട്ടുപോവുകയേ വേണ്ടൂ. അവിടെയാണ് ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി കുടികൊള്ളുന്നത്.

ഇനി "അധികാരം ജനങ്ങൾക്ക്" എന്ന ആശയത്തിലൂടെ ഒമ്പതാം പദ്ധതി ആസൂത്രണം പഞ്ചായത്ത് രൂപപ്പെടുത്തിയ പശ്ചാത്തലം പരിശോധിക്കാം.

ജില്ലാ അടിസ്ഥാനത്തിൽ ട്രെയിനിംഗ് ലഭിച്ച പഞ്ചായത്ത് ബോർഡ് വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട് 50 പേർക്ക് 15-9-1996ന് ഏകദിനപരിശീലന ക്യാമ്പ് നടത്തി. തുടർന്ന് പഞ്ചായത്ത് ബോർഡിന്റെ ആഭിമുഖ്യത്തിൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേരുന്നതിന് മുന്നോടിയായി ബാനറുകൾ, വാൾപോസ്റ്ററുകൾ എന്നിവകൂടാതെ മൈക്ക് പ്രചരണവും സംഘടിപ്പിച്ചു. സന്നദ്ധസംഘടനകൾ വീടുവീടാന്തരം കയറിയിറങ്ങി ഒമ്പതാം പദ്ധതിയുടെ വിശദാംശങ്ങൾ കുടുംബാംഗങ്ങളെ ധരിപ്പിച്ചു.

തുടർന്ന് 21-9-96 1.30ന് 1-ാം നിയോജകമണ്ഡലത്തിൽ ആരംഭിച്ച ഗ്രാമസഭ, ഗാന്ധിജയന്തി ദിനത്തോടുകൂടി 10 നിയോജകമണ്ഡലത്തിലും പൂർണ്ണമായി നാടിന്റെ പ്രശ്നങ്ങൾ "ഗ്രാമസഭ"കളിൽ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നതിനും പങ്കെടുക്കുന്നതിനും ജനങ്ങൾ കാണിച്ച ആവേശോജ്ജ്വലമായ പ്രതികരണങ്ങൾ പഞ്ചായത്തിനെ അക്ഷരാർത്ഥത്തിൽ കോരിത്തരിപ്പിച്ചു. രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങൾ മറന്ന് വിഭാഗീയചിന്തകൾക്കതീതമായി വികസനരാഷ്ട്രീയത്തിന്റെ പാതയിൽ പഞ്ചായത്തിലെ പ്രബുദ്ധരായ ജനങ്ങൾ ഒന്നിച്ചണിനിരന്ന കാഴ്ചകണ്ട് സന്തോഷാശ്രുക്കൾ പൊഴിഞ്ഞിരിക്കാം.

രാഷ്ട്രപിതാവിന്റെ പാവനമായ സ്മരണനിലനിർത്തിക്കൊണ്ട് ഗാന്ധിജയന്തിദിനത്തിൽ "ഗ്രാമസഭ" പര്യവസാനിച്ചത് എന്തുകൊണ്ടും അന്വർത്ഥമായി. ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം ഒക്ടോബർ 12ന്

എൽ. ആർ. പി. കളും, പഞ്ചായത്തിലെ പ്രധാനഅധ്യാപകർ, എഞ്ചിനീയർമാർ, നിയമജ്ഞർ, സാമൂഹ്യപ്രവർത്തകർ, പ്രധാന ഉദ്യോഗസ്ഥർ, അടങ്ങുന്ന കോർഗ്രൂപ്പ് രൂപീകരിക്കുകയും, ഗ്രാമസഭാറിപ്പോർട്ടുകൾ ക്രോഡീകരിച്ച് വികസന റിപ്പോർട്ടിന്റെ കരട് തയ്യാറാക്കുകയും ചെയ്തു. രണ്ടാം ഘട്ട ട്രെയിനിംഗ് ക്യാമ്പിനുശേഷം കോർഗ്രൂപ്പും, എൽ.ആർ.പികളും അടങ്ങുന്ന ആളുകൾക്ക് ഒരു ദിവസത്തെ പരിശീലനം പഞ്ചായത്ത് നൽകുകയുണ്ടായി.

ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിന് പരിശ്രമിക്കുകയും ആസൂത്രണപ്രക്രിയയുടെ വിവിധഘട്ടങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്ത സംസ്ഥാനപ്ലാനിംഗ് ബോർഡിലെ പ്രതിനിധികളായ ശ്രീ. ടി.യു. രാധാകൃഷ്ണൻ, ശ്രീ. പി. കെ. വിജയൻ, ശ്രീ. ടൈസൻ എന്നിവരുടെ സേവനങ്ങൾ ഇത്തരുണത്തിൽ സ്മരിക്കാതെ പോയാൽ അത് അതിരുകടന്ന അവിവേകമായിപ്പോകും. ബ്ലോക്ക് പഞ്ചായത്തും ഇക്കാര്യത്തിൽ സർവ്വാത്മനാ സഹകരിച്ചിട്ടുള്ള കാര്യം കൂടി എടുത്തുപറയട്ടെ.

നവംബർ മാസം 13-ാം തീയതി മുതൽ ദ്വിതീയ വിവരശേഖരണം നടത്തുന്നതിന് എൽ.ആർ.പികളും പഞ്ചായത്ത് മെമ്പർമാരും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തി ചുരുങ്ങിയ കാലയളവിൽ പ്രയാസമേറിയ കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് ഓജസ്സും, ധൈര്യവും പകർന്നത് പ്രവർത്തകരുടെ ആത്മാർത്ഥതയും ജനങ്ങളുടെ അകമഴിഞ്ഞ സഹകരണവും ആണെന്ന് അടിവരയിട്ട് രേഖപ്പെടുത്തുന്നു. രണ്ടാംഘട്ട പരിശീലനത്തിന്റെ സമാപനദിവസം തന്നെ വിഭവഭൂപടം തയ്യാറാക്കുന്നതിന് കമ്മറ്റി രൂപീകരിക്കുകയും അടുത്ത രണ്ടുദിവസങ്ങളിലായി പഞ്ചായത്തിൽ തലങ്ങും വിലങ്ങും കാൽനടയായി നടന്ന് വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുകയും ചെയ്തു. അതോടൊപ്പം എല്ലാ ഗവ: ഓഫീസുകളിൽനിന്നും 8-ാം പദ്ധതിയിൽ നടപ്പാക്കിയ കാര്യങ്ങളെക്കുറിച്ചും 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെക്കുറിച്ചുമുള്ള വിശദാംശങ്ങളും ശേഖരിച്ചു.

വികസനറിപ്പോർട്ടിന്റെ പണിപ്പുരയിൽ രാപ്പകൽ അദ്ധ്വാനിച്ച പണ്ഡിതപ്രമുഖരേയും, ചരിത്രപരമായ കടമ നിർവ്വഹിക്കാൻ പ്രതിഫലേച്ഛകൂടാതെ അക്ഷീണം പ്രവർത്തിച്ച ഓരോരുത്തരേയും പഞ്ചായത്തിന്റെ ചരിത്രം പഠിക്കുന്ന വരുംതലമുറ അനുസ്മരിക്കുക തന്നെ ചെയ്യും.

പിന്നിട്ട വഴികൾ കല്ലും മുള്ളും നിറഞ്ഞതായിരുന്നു. ഗ്രാമവികസനമെന്ന ലക്ഷ്യം മാത്രമായിരുന്നു മനസ്സുനിറയെ. ജനങ്ങളുടെ ബുദ്ധിയും, ശക്തിയും, ഉപദേശനിർദ്ദേശങ്ങളും പ്രചോദനങ്ങളുമാണ് കൈമുതൽ. വികസനത്തിന്റെ പാതയിലൂടെ നമുക്ക് ഒന്നായി നീങ്ങാം.................ലക്ഷ്യം വിദൂരമല്ല............

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | : | പൊയ്യ ഗ്രാമ പഞ്ചായത്ത് |
| 2. | ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര് | : | പൊയ്യ, മടത്തുംപടി, പള്ളിപ്പുറം |
| 3. | ബ്ലോക്ക് പഞ്ചായത്ത് – ഡിവിഷൻ | : | പൊയ്യ |
| | | | ഐരാണിക്കുളം (വനിത) |
| 4. | ബ്ലോക്ക് പഞ്ചായത്ത് | : | മാള |
| 5. | താലൂക്ക് | : | കൊടുങ്ങല്ലൂർ |
| 6. | ജില്ല | : | തൃശൂർ |
| 7. | അസംബ്ലി മണ്ഡലം | : | മാള |
| 8. | വിസ്തീർണ്ണം | : | 19.78 sq. k.m. |
| 9. | ജനസംഖ്യ | : | 20474 (1991 സെൻസസ്സ്) |
| 10. | വാർഡുകളുടെ എണ്ണം | : | 10 |
| 11. | പ്രസിഡണ്ടിന്റെ പേര് | : | ശ്രീമതി R. K. ഭാർഗ്ഗവി ടീച്ചർ |
| 12. | വൈസ് പ്രസിഡണ്ടിന്റെ പേര് | :: | M. K. മുരളി |

# സാമൂഹിക സാംസ്ക്കാരിക ചരിത്രപശ്ചാത്തലം

തിരുകൊച്ചി സംയോജനത്തിനുമുമ്പ് പൊയ്യ പഞ്ചായത്ത് നിലവിലുണ്ടായിരുന്നു. കൃത്യമായി പറഞ്ഞാൽ 1093 മിഥുനം 29ന് തഹസിൽദാരുടെ ഉത്തരവുപ്രകാരം കർക്കിടകം പതിനഞ്ചിന് അമ്പൂക്കൻ ഇട്ടീര ലോനപ്പൻ ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ടായി ചാർജ്ജെടുത്തു. താമരശ്ശേരിമേയ്ക്കാട്ട് ദാമോദരൻ നാരായണൻ നമ്പൂതിരി, കിഴിയേടത്ത് കുഞ്ഞൻ ശങ്കരമേനോൻ, അറക്കപ്പറമ്പിൽ സന്ദലൻ ഗോപാലൻ, എക്സ് ഓഫീഷ്യൽ ആയി വില്ലേജ് പാറോത്ത്യം എന്നിവർ മെമ്പർമാരായിരുന്നു. ഇവരെല്ലാം കൊച്ചിരാജാവിന്റെ നോമിനേറ്റഡ് പ്രതിനിധികളായിരുന്നു.

ഈ പഞ്ചായത്തിൽ പൊയ്യ, മടത്തുംപടി, പള്ളിപ്പുറം, റവന്യൂവില്ലേജുകൾ ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ കിഴക്ക് കുഴൂർ പഞ്ചായത്തിലെ കാക്കുളിശ്ശേരി വില്ലേജും, മാള പഞ്ചായത്തിലെ കുരുവിലാശേരി വില്ലേജും, പടിഞ്ഞാറ് കൃഷ്ണൻകോട്ട കായലും, വടക്ക് മാളപഞ്ചായത്തും, തെക്ക് പുത്തൻവേലിക്കര പഞ്ചായത്തും ആകുന്നു. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 19.78 sq. km ഉം ജനസംഖ്യ 20474-ഉം (സ്ത്രീകൾ - 10399 പുരുഷന്മാർ - 10075) ആണ്. ആകെ വീടുകൾ 4781-ഉം പഞ്ചായത്തിലെ ജനസാന്ദ്രത 1035-ഉം ആകുന്നു.

## ചരിത്രപശ്ചാത്തലം :

നോമിനേറ്റഡ് പഞ്ചായത്തിൽ കുഴൂർ പഞ്ചായത്തിലെ തിരുമുക്കുളം, കാക്കുളിശ്ശേരി വില്ലേജുകൾ, പൊയ്യ പഞ്ചായത്തിൽ ഉൾപ്പെട്ടതായിരുന്നു. കേരളത്തിലെ 64 ഗ്രാമങ്ങളിൽ ഒന്നായിരുന്നു ഐരാണിക്കുളം ഗ്രാമം. ഐരാണിക്കുളം ഗ്രാമത്തിലെ 10 ദേശവാഴികളുള്ള പ്രഭുകുടംബങ്ങളിൽ പ്രധാനപ്പെട്ടതാണ് കുണ്ടൂരിലെ കരിങ്ങാംപള്ളി സ്വരൂപം. ടി സ്വരൂപം നല്ല ഗുരുകുലവിദ്യാഭ്യാസ കേന്ദ്രമായിരുന്നു. അവിടുത്തെ മഹാവിദ്വാനായ ലക്ഷ്മീദാസനാണ് ശുകസന്ദേശം കാവ്യത്തിന്റെ രചയിതാവ്. കാളിദാസന്റെ മേഘസന്ദേശം കഴിഞ്ഞാൽ തൊട്ടടുത്ത സ്ഥാനമാണ് ശുകസന്ദേശകാവ്യത്തിനുള്ളത്. കുണ്ടൂരിലെ ഗുരുകുലത്തിൽനിന്നും നിരവധി വിദ്വാന്മാർക്ക് വിദ്യാഭ്യാസം നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

ഐരാണിക്കുളം മഹാദേവക്ഷേത്രം ഗ്രാമത്തിന്റെ തിലകമായിരുന്നു. ക്ഷേത്രമതിലിനകത്ത് രണ്ട് മഹാദേവക്ഷേത്ര സമുച്ചയങ്ങളാണുള്ളത്. തെക്കേടത്ത്, വടക്കേടത്ത്. തെക്കേടത്തുള്ളതുപോലെ ശിവപ്രതിഷ്ഠയുള്ള ഇരുനിലവട്ട ശ്രീകോവിലും ബലിക്കല്ലും കേരളത്തിൽ വേറെയുണ്ടോയെന്ന് സംശയമാണ്. തെക്കേടത്ത് പ്രതിഷ്ഠാസ്ഥാനം പണ്ട് ത്രേതായുഗത്തിൽ പരശുരാമൻ ധ്യാനത്തിലിരുന്ന സ്ഥലമായിരുന്നു എന്ന ഐതിഹ്യമുണ്ട്. വടക്കേടത്ത് ഒരു പീഠത്തിൽ വരദമുദ്രയോടെ ധ്യാനത്തിലിരിക്കുന്ന മഹാദേവനും പാർവ്വതിയും സുബ്രഹ്മണ്യനുമാണ്.

ഐരാണിക്കുളത്ത് 5 അത്ഭുതങ്ങളുണ്ടായിരുന്നത്. 1. വരദമുദ്രയോടെ ധ്യാനത്തിലിരിക്കുന്ന ശിവനും പാർവ്വതിയും സുബ്രഹ്മണ്യനും ഒരു പീഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. 2. കിണറിൽ കിണർ 3. പൂവിൽ പൂവ് 4. കുളത്തിൽ കുളം 5. ഇലയിൽ മഞ്ഞൾ

ഒറവങ്കര രാജൻ എന്ന കവിശ്രേഷ്ഠന്റെ ജന്മദേശവും ഐരാണിക്കുളമായിരുന്നു. കുലശേഖരസദസ്സിലെ "അരകവി"എന്ന് വിശേഷിപ്പിക്കപ്പെട്ട തോലന്റെ ജന്മംകൊണ്ടും ധന്യമാക്കപ്പെട്ടിട്ടുണ്ട്.

നോമിനേറ്റഡ് പഞ്ചായത്തിലെ ആദ്യപ്രസിഡണ്ട് അമ്പൂക്കൻ ഇട്ടീരലോനപ്പന് ശേഷം അപ്രേം അമ്പൂക്കൻ, നെല്ലിക്കായി നാരായണമേനോൻ, ടി.എം. ദാമോദരൻ നമ്പൂതിരിപ്പാട്, ശ്രീധരൻനായർ പതിപിള്ളിയത്ത് ടി.എം. നാരായണൻ നമ്പൂതിരിപ്പാട് എന്നിവരായിരുന്നു.

പ്രായപൂർത്തി വോട്ടവകാശത്തിലൂടെയാണ് പിന്നീടുവന്ന പഞ്ചായത്തു ഭരണസമിതികൾ. തെരഞ്ഞെടുപ്പിൽക്കൂടിവന്ന ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി.ടി. കൊച്ചൗസേഫും തുടർന്ന് ശ്രീ. കെ. എ. തോമാസ്, ഇട്ടിര അമ്പൂക്കൻ, ശ്രീ. വി.ആർ. രാമൻ, ശ്രീ പി.കെ. ഡേവീസ്, എം.എ. ഇട്ടീര, പി.കെ. വേലായുധൻ എന്നിവരും ഇപ്പോഴത്തെ ഗ്രാമപഞ്ചായത്തിന്റെ ഭരണസാരഥ്യം ശ്രീമതി ആർ.കെ. ഭാർഗ്ഗവിടീച്ചറാണ്. ടീച്ചറിവിടുത്തെ ആദ്യത്തെ വനിതപ്രസിഡണ്ടുകൂടിയാണ്.

പഞ്ചായത്തിൽ മടത്തുംപടിയിൽ ഒരു വില്ലേജ് കോടതി ഉണ്ടായിരുന്നു. പ്രസ്തുതകോടതി ഗ്രാമത്തിലെ ചെറിയ കേസുകൾക്ക് തീർപ്പുകൽപിക്കുവാൻ വേണ്ടി സ്ഥാപിക്കപ്പെട്ടതാണ്. കോടതി ജഡ്ജിമാരെ നോമിനേറ്റ് ചെയ്യുകയാണ് പതിവ്. പിന്നീടു ഗ്രാമകോടതി നിർത്തലാക്കി മുൻസിഫ്കോടതിയിൽ ലയിപ്പിച്ചു.

കൊച്ചി രാജകുടുംബത്തിലെ ഒരു കോവിലകം പൊയ്യ കാർത്തികക്കാവ് അമ്പലത്തിന് പടിഞ്ഞാറുവശത്തുണ്ടായിരുന്നു. കാർത്തികക്കാവിൽ ഭജനമിരിക്കാനും ദർശനത്തിനുംവരുന്ന രാജാക്കന്മാർക്ക് താമസിക്കുന്ന

തിനും വേണ്ടിയാണ് ഇത് ഉപയോഗിച്ചിരുന്നത്. നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഈ പഞ്ചായത്തിൽ ഗതാഗതയോഗ്യ മായ റോഡുകൾ ഒന്നുംതന്നെയില്ലായിരുന്നു. ആദ്യത്തെ റോഡ് ചെട്ടിപ്പറമ്പ് വലിയപറമ്പ് റോഡ്, അപ്രേം അമ്പൂ ക്കന്റെ ഭരണകാലത്താണ് വെട്ടിയത്. പഞ്ചായത്തിലെ പഴയ റോഡുകളും അദ്ദേഹത്തിന്റെ കാലത്താണ് നിർമ്മിച്ചി ട്ടുള്ളതെന്ന് അറിയുന്നു.

കേരളത്തെ രണ്ടായി പകുത്തുകൊണ്ട് അറബിക്കടൽ മുതൽ ആനമലവരെ നീണ്ടുകിടന്നിരുന്ന നെടു ങ്കോട്ട എന്ന അത്ഭുതം ഈ പഞ്ചായത്തിൽ കൂടിയാണ് കടന്നുപോകുന്നത്. സാമൂതിരിയുടെ നിരന്തരമായ ആക്ര മണത്തെ തടയാൻ കൊച്ചിയുടെ അനുമതിയോടും സഹായത്തോടുംകൂടി തിരുവിതാംകൂർ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവ് 56കി.മീ. ദൈർഘ്യമുള്ള കോട്ട ചുരുങ്ങിയദിവസം കൊണ്ടാണ് പണി കഴിപ്പിച്ചത്. ഹൈദ രാലിയുടേയും ടിപ്പുവിന്റെയും ആക്രമണത്തിന് ഈ കോട്ട തടയായിരുന്നു. ഇന്നോർമ്മ മാത്രമായി തീർന്നിരി ക്കുന്ന നെടുങ്കോട്ട A.D.1761നു ശേഷമാണ് നിർമ്മിച്ചത്. തിരുവിതാംകൂർ സേനാനായകൻ യൂ സ്റ്റേഷ്യസ് ബെന ഡിക്ട് ഡിലനോയ് നിർമ്മാണപദ്ധതിയുടെ രൂപരേഖ തയ്യാറാക്കി കോട്ടയുടെ ആരംഭമായ കൃഷ്ണൻകോട്ടയിൽ നൂറോളം പേർക്ക് ഒളിച്ചിരിക്കാവുന്ന ഗുഹയുണ്ടായിരുന്നു. അതിന്റെ അവശിഷ്ടങ്ങൾ അടുത്തകാലത്ത് പുരപ ണിക്ക് അസ്തിവാരമെടുത്തപ്പോൾ കാണുകയുണ്ടായി. ടിപ്പുവിന്റെ രണ്ടായിരം സൈനികർ ഈ കോട്ടയുടെ കിട ങ്ങിൽ പെട്ട് മരണപ്പെട്ടുവെന്നും ടിപ്പുവിന്റെ കാലിന് പരിക്കുപറ്റിയെന്നുമാണ് ചരിത്രം.

ഈ പഞ്ചായത്തിലെ ആദ്യവിദ്യാലയങ്ങൾ 1918ൽ സ്ഥാപിച്ച A.G.M.L.P.S. പൊയ്യ, 1920ലെ സെ.മേരീസ് എൽ.പി.എസ്. കൃഷ്ണൻകോട്ട, 1928ലെ N.S.S.L.P.S. മടത്തുംപടി, 1929ലെ A.L.P.S പൂപ്പത്തിയും ആദ്യത്തെ ഗ്രന്ഥ ശാല 1939ൽ സ്ഥാപിച്ച പൂപ്പത്തി ഗ്രാമീണവായനശാലയുമായിരുന്നു. പിന്നെ ഒരു വായനശാല പൊയ്യ സാംസ്ക്കാ രിക നിലയത്തിൽ തുടങ്ങിയതും സെ.തോമാസ് യു.പി. സ്ക്കൂൾ പുളിപ്പറമ്പും, സെ.ആന്റണീസ് യു.പി.എസ്. മാള പള്ളിപ്പുറവും, പൊയ്യയിലെ A.K.M.H.S.ഉം 1950നു ശേഷം ഉണ്ടായിട്ടുണ്ട്.

## ഭൂപ്രകൃതി :

പഞ്ചായത്തിന്റെ ഭൂപ്രകൃതി നിമ്നോന്നതമായിട്ടാണ്.

മണ്ണ് : എക്കൽ മണ്ണ്, ചുമന്ന മണ്ണ്, മണൽകൂട്ടുള്ള മണ്ണ്, പശിമരാശിമണ്ണ്, കരിങ്കൽപാറ, വെട്ടുകല്ല്, തുട ങ്ങിയവ കാണുന്നു. പഞ്ചായത്തിലെ പ്രധാനവിഭവങ്ങൾ കാർഷികോല്പന്നങ്ങളാണ്. അവയെല്ലാം മഴയേ മാത്രം ആശ്രയിച്ചാണ് ഇരിക്കുന്നത്. പഞ്ചായത്തിൽ യാതൊരു വിധ ജലസേചനപദ്ധതിയും ഇല്ല. പ്രധാനവിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, പച്ചക്കറിക്കൃഷി, പൈനാപ്പിൾ, നാമമാത്രമായ റബ്ബർ മറ്റു പല വൃക്ഷങ്ങൾ എന്നിവയാണ്. പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള കൃഷി പലപ്പോഴും ഉല്പാദനക്ഷമതയെ ബാധിക്കുന്നുണ്ട്.

ക്ഷീരോൽപാദനരംഗത്തെ മൃഗസമ്പത്ത് ആദ്യകാലത്തേക്കാൾ കൂടുതലാണ്. ഉല്പാദിപ്പിക്കപ്പെടുന്ന പാൽ വിതരണം ചെയ്യുവാനുള്ള സൗകര്യം ഉണ്ട്.

പറയത്തക്ക വ്യവസായങ്ങളൊന്നും തന്നെയില്ല. ഒന്നുരണ്ട് തടിമില്ലുകളും, നാമമാത്രമായ ചെറിയ വർക്കുഷോപ്പുകളും, ഉണ്ടെന്ന് പറയാം. കാം കോവിന്റെ മേൽനോട്ടത്തിൽ മടത്തുംപടിയിൽ കളരിക്കൽ ഇൻഡ സ്ട്രീസും പ്രവർത്തിക്കുന്നുണ്ട്.

വൈദ്യുതി ജനകീയ പഞ്ചായത്ത് വന്നതിനുശേഷമാണ് ഈ പഞ്ചായത്തിൽ എത്തിയത്.

പഞ്ചായത്തിൽ വ്യവസായികാവശ്യത്തിന് കിട്ടാവുന്ന അസംസ്ക്കൃതവസ്തുക്കൾ ഇല്ലെങ്കിലും കുറച്ച് സാധ്യത കൊപ്ര സംസ്ക്കരണത്തിനാണ്.

## 1900 മുതൽ നാളിതുവരേയുള്ള മാറ്റങ്ങൾ

### 1. വിദ്യാഭ്യാസ സാംസ്ക്കാരികരംഗം:-

5 എൽ.പി. സ്ക്കൂളുകളും 2 യു.പി. സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും, 20 അംഗനവാടികളും, 2 വായന ശാലകളും ഉണ്ട്. കുടുംബി സമുദായത്തിന്റേതു മാത്രമായ കാട്ടൂക്കാരൻ ചാന്തു സന്നപ്പൻ മെമ്മോറിയൽ (K.C.S.M.) കഥകളി നാട്യസംഘം, 1920 മുതൽ പ്രവർത്തിക്കുന്നുണ്ട്. ആദ്യത്തെ കഥകളി ഗുരുവായി വന്നത് ഏഴി ക്കര പത്മനാഭൻ നായരായിരുന്നു. ഇപ്പോഴും പ്രസ്തുത നാട്യസംഘം ഉണ്ട്.

### 2. ആരോഗ്യം:-

ഒരു P.H.C യും ഒരു ആയുർവ്വേദ ഡിസ്പെൻസറിയും ഹോമിയോ ഡിസ്പെൻസറിയും, സ്വകാര്യമേഖല യിൽ നാമമാത്രമായ വൈദ്യശാലകളും ഉണ്ട്.

എന്നാൽ ഈ പഞ്ചായത്തിൽ അഷ്ടാംഗ ഹൃദയത്തിൽ അഗാധപണ്ഡിതനായ പുതിയേടത്ത് രാമൻമേനോൻ എന്നും സ്മരിക്കപ്പെടുന്ന വ്യക്തിയാണ്. അദ്ദേഹം അഷ്ടാംഗ ഹൃദയത്തിലെ ആറു സ്ഥാനങ്ങളിൽ അതി പ്രധാനമായ സൂത്രസ്ഥാനത്തിന്റെ സാരാർത്ഥബോധിനിയെന്ന വ്യാഖ്യാനവും, പഞ്ചകർമ്മചികിത്സ പ്രതിപാദിക്കുന്ന ശിരസ്സേക്കദി വിധി എന്ന ഗ്രന്ഥവും എഴുതിയിട്ടുണ്ട്. കലാകായികരംഗത്ത് വേണ്ടത്ര പുരോഗതി നേടിയിട്ടില്ല. കലാരംഗത്ത് ഉയർന്നുവന്ന സിനിമാനടൻ ശ്രീനാഥ് ഈ പഞ്ചായത്തിന്റെ സന്തതിയാണ്. ഒരു സാധാരണ തൊഴിലാളിയായിരുന്ന പി.സി. തോമസ് സ്വപ്രയത്നംകൊണ്ടും ജന്മനായുള്ള കലാഭിരുചികൊണ്ടും കഥാപ്രസംഗ രംഗത്ത് അറിയപ്പെടുന്ന കലാകാരനായിത്തീർന്നു. 'രക്തപുഷ്പങ്ങൾ' എന്ന പുസ്തകത്തിന്റെ കർത്താവാണ് ഇദ്ദേഹം. അവശകലാകാരന്മാർക്കുള്ള പെൻഷൻ ഇദ്ദേഹത്തിനും ലഭിക്കുന്നുണ്ട്.

അതുപോലെ കായികരംഗത്ത് സുരേഷ് എന്ന ചെറുപ്പക്കാരൻ 1993ൽ വേൾഡ് ചെസ്സ് ചാമ്പ്യൻ ഷിപ്പിൽ അർഹതനേടി പങ്കെടുത്ത ആദ്യത്തെ മലയാളി ഈ പഞ്ചായത്തിന്റെ അഭിമാനമാണ്. സുരേഷ് അഞ്ചുകൊല്ലം തുടർച്ചയായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ചെസ് ചാമ്പ്യനായിരുന്നു. 1989മുതൽ സ്റ്റേറ്റ് ജൂനിയർ ചെസ്സ് ചാമ്പ്യനും 1995ൽ Sports Authority of Indiaയുടെ ദേശീയ അവാർഡും നേടി. സുരേഷ്കുമാറിന്റെ ഈ വിജയത്തിന്റെയെല്ലാം ശില്പി ഈ നാട്ടുകാരനായ ടി.എം.എസ്. നമ്പൂതിരിപ്പാടാണെന്നുള്ള വിവരം അധികമാർക്കും അറിയില്ല.

3. ദേശീയപ്രസ്ഥാനം :-

ദേശീയപ്രസ്ഥാനത്തിൽ ശ്രീ. കെ.എ. തോമസ് സജീവമായി പങ്കെടുത്തിരുന്നു. അദ്ദേഹത്തിന് സ്വാതന്ത്ര്യഭടന്മാർക്കുള്ള പെൻഷൻ കിട്ടുന്നുണ്ട്. ശ്രീ. തോമസ് നീണ്ടകാലം ഈ പഞ്ചായത്തിന്റെ ഭരണസാരഥ്യവും വഹിച്ചിട്ടുണ്ട്.


രാഷ്ട്രഭാഷയായ ഹിന്ദി നാട്ടിൽ ആദ്യമായി പ്രചരിപ്പിക്കുന്നതിന് ശ്രീ. കെ.ആർ. രാമൻനായർ നിസ്സീമമായ പങ്കാണ് വഹിച്ചിട്ടുള്ളത്. അദ്ദേഹം ചേർത്തല തുറവൂർ സ്വദേശിയായിരുന്നു.


അയിത്തോച്ചാടനത്തിന്റെ ഭാഗമായി പാലിയം സത്യാഗ്രഹസമരം വളരെ കോളിളക്കം സൃഷ്ടിച്ച ഒന്നായിരുന്നു. ഈ പഞ്ചായത്തിൽ നിന്നും ശ്രീ. കെ.എ. തോമാസിന്റെയും എം.കെ. കുട്ടിരാമന്റെയും, കെ.എ. കാവുട്ടിയുടേയും നേതൃത്വത്തിൽ കുറച്ചുപേർ പങ്കെടുക്കുകയുണ്ടായി. കർഷകതൊഴിലാളിസമരം ഈ പഞ്ചായത്തിലും നടന്നു. ഒരു ഭൂവുടമയുടെ അക്രമത്തിന് എതിരായി അവിടുത്തെ കർഷകതൊഴിലാളികൾ സംഘടിച്ച് സമരം നടത്തി വിജയിക്കുകയുണ്ടായി.


## ഭൂ ഉടമയിൽ വന്ന മാറ്റങ്ങൾ

ആദ്യകാലത്ത് ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂമികളും വിരലിലെണ്ണാവുന്ന വ്യക്തികളുടെ പേരിലും ദേവസ്വങ്ങളുടെ കയ്യിലും ആയിരുന്നു. ഭൂപരിഷ്ക്കരണനിയമം പ്രാബല്യത്തിൽ വന്നപ്പോൾ ഭൂമിയിൽ പണിയെടുത്തിരുന്നവർ 10സെന്റ് ഭൂമിക്ക് അവകാശികളായി. ഈ പരിഷ്ക്കരണം നാട്ടിലൊരു സാമ്പത്തിക വിപ്ലവത്തിന് പ്രചോദനം നൽകിയ ഒരു വസ്തുതയാണ്. അതോടൊപ്പം ആദ്യകാല ഭൂവുടമകളിൽ ചിലർക്കെല്ലാം ബുദ്ധിമുട്ടുകൾ നേരിട്ടു.


ഹൈന്ദവക്ഷേത്രങ്ങളും, ക്രിസ്തീയ, മുസ്ലീം പള്ളികളും പണ്ടുമുതലെ ഇവിടെ ഉണ്ടായിരുന്നത് മതസൗഹാർദ്ദത്തിന്റെ തെളിവാണ്.


POYYA PANCHAYATH
N
WARD BOUNDARY
MAIN ROADS
CUT ROADS
DRAWN BY
VASTHUSILPA
MALA
MALA Panchayath
To police station
KSRTC SUB DEPO
To kottamury
MALA PANCHAYATH
Kuzhur Panchayath
Kuzhur pamchayath
Puthenvelikkara Panchayath
Tovaliyapuram Jn
Community hall
Thuruthy road
POYYA JN
Bank
H.S.
V.O
Convent
KRISHNANKOTTA MALA ROAD
CHETTIPARAMBU VALIYAPARAMBU ROAD
MALAPALLIPURAM KOTTAMURI ROAD
MALA KRISHNANKOTTA ROAD
POYYA PUTHENVELIKKARA ROAD
Malapallipuram Jn
Poopathy Jn
Pulipparambu Jn
Nalavazhi Jn
Pulipparambu
Manalikkad
Anganvadi
L.P.S
N.S.L.P.S
O.H.T
V.E.O and Veterinary office
Coir factory
Plywood factory
colony
chappal road
Athikkadavu Road
Thiruthoorkadavu road
Kunnathukadavu road
Jnaniikkulam road
Panchayath office
school road
Thuruthu road
Vathukkulam road
Khadi centre
Edavazhikkadavu road
IX
VIII
IV
VII
V
VI
III
II
X
I


POYYA PANCHAYATH
N
WARD BOUNDARY
MAIN ROADS
CUT ROADS
THODU, CHAAL
Mala panchayat
MALA PANCHAYAT
Kuzhur Panchayat
Kodungallur Municipality
Puthenvelikkara Panchayat
Backwater
Fish Farm
Field
Poyya Jn.
Krishnankotta Ferry
KRISHNANKOTTA MALA ROAD
Mala Palliport Kottamury Road
To Kottamury
IX
VIII
VII
VI
V
IV
III
II
I
X
DRAWN BY
VASTHUSILPA
MALA



POYYA PANCHAYATH
N
WARD BOUNDARY
THODU
POND
IX
VIII
VII
IV
V
VI
III
II
X
I
POKKALI FIELD
FARM
POYYA FISH FARM
FIELD
EDAPADAM AND PANI PADAM THODU
UDAMBURUTHY CHENTHURUTHY THODU
POOPPATHY CHULLUR PADAM THODU
POOPPATHY FIELD
ELICHIRA THODU
APPU EMBRANTHIRI SOOTA THODU
DRAWN BY
VASTHUSILPA
MALA

490




വടക്ക് തെക്ക് ദിശയിലെ പഠന പര്യടന റിപ്പോർട്ട്

432




പടിഞ്ഞാറ് – കിഴക്ക് ദിശയിലെ പഠന പര്യടന റിപ്പോർട്ട്

# കൃഷിയും ജലസേചനവും

## ചരിത്രം

മഴയെ മാത്രം ആശ്രയിച്ചു കൃഷിചെയ്യുന്ന അവസ്ഥയായിരുന്നു പൊയ്യയിലെ കാർഷികജനതയ്ക്ക്. ഈ നൂറ്റാണ്ടിനിടയ്ക്ക് ഇതിന് കാര്യമായ മാറ്റം സംഭവിച്ചിട്ടില്ല. ഈ ഗ്രാമപഞ്ചായത്തിൽ 80 ശതമാനവും കർഷകരാണ്. ആകെ വിസ്തൃതിയുടെ 1/4 ഭാഗം നെൽകൃഷി ചെയ്തിരുന്നു. ബാക്കിസ്ഥലത്ത് തെങ്ങ് പ്രധാനവിളയായി ഉപയോഗിക്കുന്നു. ഇടവിളകളായിട്ടാണ് വാഴ, കമുക്, കുരുമുളക്, പച്ചക്കറി, ഇഞ്ചി, വെറ്റില, ജാതി, കൊക്കോ തുടങ്ങിയവ കൃഷി ചെയ്തിരുന്നത്. ഇപ്പോഴും ഇതിന് കാര്യമായ മാറ്റം സംഭവിച്ചിട്ടില്ല.വലിയ നെൽപ്പാടങ്ങൾ ഒന്നോ രണ്ടോ വ്യക്തിയുടെ കൈയിൽ മാത്രം കേന്ദ്രീകരിച്ചിരുന്നു. ക്രമേണ തുണ്ടുതുണ്ടുകളായി കൃഷിയിടം വിഭജിക്കപ്പെട്ടു. പഴയകാലത്ത് രാസവളമില്ലാതെ ജൈവവളം മാത്രം ഉപയോഗിച്ച് നാടൻ ഇനങ്ങളായ ഓണാട്ടൻ, ചീര, അതിയൻ, ആര്യൻ, പൊന്നാര്യൻ, ചിറ്റേനി, ചെമ്പാവ് ഇത്യാദി ഇനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇന്ന് ചീരയും ചിറ്റേനിയും അപൂർവ്വം ചില കൃഷിക്കാർ ഉപയോഗിക്കുന്നുണ്ട്. കൂലി വളരെ കുറവായിരുന്നു. ഉല്പാദനചെലവും കുറഞ്ഞതായിരുന്നു. വിതയ്ക്കുന്ന സമ്പ്രദായമായിരുന്നു അന്നൊക്കെ. ഏറ്റവും ചിലപ് കുറഞ്ഞ കൃഷിസമ്പ്രദായമാണ് വിത. നുരിവയ്ക്കലും പണ്ടത്തെ കർഷകർ അനുവദിച്ചിരുന്നു.പാടശേഖരങ്ങളിലെ നീർച്ചാലുകൾ വളരെ വീതികൂടിയതായിരുന്നു. വിത്തും വളവും കറ്റയുമായി വലിയ വള്ളങ്ങൾ ഇത്തരം തോടുകളിലൂടെ സഞ്ചരിച്ചിരുന്നു. ഇന്ന് ഈ നീർച്ചാലുകൾ വീതിയും ആഴവും കുറഞ്ഞ് ജലനിർഗ്ഗമനവും സഞ്ചാരസൗകര്യവും അസാദ്ധ്യമായിരിക്കുന്നു. ഇതുമൂലം ശക്തിയായ ഒരു മഴപെയ്താൽ ഇവിടെയുള്ള പാടശേഖരങ്ങളിലെ കൃഷി വെള്ളപ്പൊക്കം മൂലം നശിച്ചുപോകുന്ന ഒരവസ്ഥയെ നേരിടുകയാണ്. കർഷകർ കാണാതെ രാത്രിയിൽ രാസവളം കണ്ടത്തിൽ വിതറുമായിരുന്നു. രാസവളം ഉപയോഗിക്കാൻ അന്നത്തെ കർഷകർക്ക് ഭയമായിരുന്നു. ഇന്ന് ആവശ്യത്തിന് ജൈവവളം ചേർക്കാതെ അശാസ്ത്രീയ കണക്കിൽ രാസവളം വാരിവിതറുന്ന സ്വഭാവത്തിലേക്ക് കർഷകർ മാറിയിരിക്കുന്നു. തെങ്ങ് ധാരാളമായി വളരുന്ന ഈ ഗ്രാമപഞ്ചായത്തിൽ തെങ്ങുകൃഷിമാത്ര കർഷകർ ഇല്ലെന്നുതന്നെ പറയാം. നാടൻ ഇനങ്ങൾ മാത്രം കൃഷിചെയ്യുന്ന പതിവാണ് മിക്ക കൃഷിക്കാർക്കും. ജൈവവളപ്രയോഗമാണ് എല്ലാവരും അനുവർത്തിച്ചിരിക്കുന്നത്. അപൂർവ്വം ചില കർഷകർ മാത്രം രാസവളം ഉപയോഗിക്കുന്നുണ്ട്. തെങ്ങിൻതോട്ടത്തിൽ വാഴ, പച്ചക്കറികൾ, കവുങ്ങ്, കുരുമുളക്, ജാതി, കൊക്കോ, ഇഞ്ചി, വെറ്റില, തുടങ്ങിയ വിളകൾ ചെയ്തിരുന്നു. വളരെ അകലത്തിൽ തന്നെ തെങ്ങിൻതൈകൾ വച്ചുപിടിപ്പിച്ചിരുന്നു. എന്നാൽ ഇന്ന് തെങ്ങുകളുടെ അകലം കുറഞ്ഞിരിക്കുന്നു. ഒരേക്കറിൽ 80 തെങ്ങ് എന്നത് 100ഉം 110ഉം തെങ്ങുകളായി മാറിയിരിക്കുന്നു. ഈ പ്രവണത തെങ്ങിൽ നിന്നും ഉദ്ദേശിച്ച വിളവ് ലഭിക്കുന്നില്ല എന്നു മാത്രമല്ല, രോഗകീടബാധ അധികമാവുകയും ചെയ്യും എന്ന് കർഷകർ അനുഭവത്തിലൂടെ പഠിച്ചുകൊണ്ടിരിക്കുന്നു.

## വിളചേരുവയും ഉല്പാദനക്ഷമതയും

ഇന്ന് ഈ ഗ്രാമപഞ്ചായത്തിൽ കൃഷിചെയ്യുന്ന പ്രധാനവിളകളും അവയുടെ ഉല്പാദനക്ഷമതയും പട്ടികയായി താഴെ കൊടുത്തിരിക്കുന്നു.

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് വിരിപ്പ് | 350 Ha | 700 MT | 2 MT |
| നെല്ല് മുണ്ടകൻ | 385 Ha | 1116.5 MT | 2.90 MT |
| നെല്ല് പുഞ്ച | 10 Ha | 24 MT | 2.40 MT |
| തെങ്ങ് | 800 Ha | 20,000 Nuts | 25 Nuts per palm |
| വാഴ | 60 Ha | 840 MT | 14 MT |
| പയർ | 50 Ha | 12.5 MT | 50 MT |
| പച്ചക്കറികൾ | 2 Ha | 1 MT | 50 MT |
| മരച്ചീനി | 62 Ha | 620 MT | 10 MT |
| കുരുമുളക് | 20 Ha | 36 MT | 1.8 MT |
| കവുങ്ങ് | 55 Ha | 68.75 MT | 1.25 MT |
| കശുമാവ് | 25 Ha | 45 MT | 1.8 MT |
| എള്ള് | 15 Ha | 2.625 MT | 175 MT |
| പ്ലാവ് | 25 Ha | 37.5 MT | 1.5 MT |
| മാവ് | 25 Ha | 25 MT | 1 MT |
| റബ്ബർ | 3 Ha | – | – |

434

നെല്ല്, തെങ്ങ്, മരച്ചീനി എന്നിവയൊഴിച്ച് ബാക്കി എല്ലാ വിളകളും തെങ്ങിൻതോപ്പിൽ ഇടവിളയായിട്ടാണ് കൃഷിചെയ്തുവരുന്നത്. മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും പഞ്ചായത്തിലെ ഉല്പാദനക്ഷമത സംസ്ഥാനത്തിന്റേതിനേക്കാൾ കുറവാണെന്ന് കാണാവുന്നതാണ്.

## ഉല്പാദനക്ഷമതയെ ബാധിക്കുന്ന വിവിധ ഘടകങ്ങൾ

### ജലസേചനസൗകര്യങ്ങൾ :-

ഏതൊരു കൃഷിയെ സംബന്ധിച്ചിടത്തോളം ജലം അവിഭാജ്യഘടകമാണെന്നുള്ളതിന് പക്ഷാന്തരമില്ല. ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന ചെയ്യേണ്ടിവരുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. ഇതിന് അപവാദമായി പഞ്ചായത്തിലെ മടത്തുംപടിയിലുള്ള ത്രൈഗ്രാം ലിഫ്റ്റ് ഇറിഗേഷൻ മാത്രമാണ്. ഇതാകട്ടെ 10 ഹെക്ടർ നെൽകൃഷിക്ക് മാത്രമേ പ്രജോയനമുള്ളൂ. നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായ പൊതുക്കുളങ്ങളും കിണറുകളുമേയുള്ളൂ. തടയണകൾ പണ്ട് ഉണ്ടായിരുന്നുവെങ്കിലും അതെല്ലാം നാമാവശേഷമായിരിക്കുന്നു. തോടുകളുടെ വീതിയും ആഴവും കുറഞ്ഞത് ജലനിർഗ്ഗമനമാർഗ്ഗങ്ങൾ കുറഞ്ഞുപോയതിനാൽ ശക്തിയായ ഒരു മഴപെയ്താൽ നെൽക്കൃഷി മുഴുവനും വെള്ളത്തിൽ മുങ്ങി കൃഷി നശിച്ചുപോകുന്ന അവസ്ഥയാണുള്ളത്. ഒന്നാംവിളയ്ക്ക് വെള്ളപ്പൊക്കഭീഷണിയും രണ്ടാംവിളയ്ക്ക് ഉണക്കും നേരിട്ട് കൃഷിക്കാർ വലയുകയാണ്. സ്വകാര്യവ്യക്തികൾ പറമ്പിൽ നനയ്ക്കുന്നത് പമ്പ്സെറ്റ് ഉപയോഗിച്ചാണ്.

വൈദ്യുത മോട്ടോർ 575 Nos<br>
ഓയിൽ എൻജിൻ 80 Nos<br>
ഇവ പറമ്പ് നനയ്ക്ക് യുക്തമാക്കുന്നു.

### ഉല്പന്നങ്ങളുടെ വിലയും വിപണനവും :-

കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില കൃഷിക്കാരന് ഉറപ്പുവരുത്തുന്ന സംവിധാനങ്ങളൊന്നുംതന്നെ നമ്മുടെ പഞ്ചായത്തിലില്ല. വിവിധപ്രദേശങ്ങളിൽനിന്നും നെല്ല് സംഭരിക്കുന്നതിന് കൊയ്ത്ത് തുടങ്ങുന്നതിനു മുമ്പേ ആളുകൾ ഇവിടെവന്ന് കൃഷിക്കാരനുമായി ധാരണയിലെത്തും. അരിവില കൂടിയാലും ഇല്ലെങ്കിലും മുമ്പ് പറഞ്ഞ എഗ്രിമെന്റ് അനുസരിച്ചു മാത്രമേ വില ലഭിക്കുകയുള്ളൂ. അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങളാണെങ്കിൽ നാടൻ നെല്ലിനങ്ങളെക്കാൾ വില കുറവും ആയിരിക്കും. കൃഷിക്കാരന്റെ പറമ്പിലെ തേങ്ങ കൊപ്രയാക്കി വിപണനം നടത്തുന്ന പതിവ് വളരെക്കുറവാണ്. ചില ഇടത്തട്ടുകാർ തേങ്ങ സംഭരിക്കുന്ന പതിവാണ് നാളേറെയായിട്ടും ഇവിടെ നടക്കുന്നത്. കൃഷിക്കാരൻ ഉല്പാദിപ്പിക്കുന്ന തേങ്ങ സ്വന്തമായി വെട്ടി ഉണക്കി വെളിച്ചെണ്ണയാക്കി വില്ക്കാനുള്ള സൗകര്യം ഈ പഞ്ചായത്തിൽ കുറവാണ്. അടയ്ക്ക, കുരുമുളക്, ജാതി തുടങ്ങിയ മറ്റ് വിളകളുടെ കാര്യത്തിലും 'മുറിഞ്ഞ് കൊടുക്കുക' എന്നൊരു കച്ചവടസിസ്റ്റം ഇവിടെ നിലനിൽക്കുന്നു. കുരുമുളക് തിരിയിടുമ്പോൾ തന്നെ കച്ചവടം ഉറപ്പിക്കുകയായി. യഥാർത്ഥ വിളവ് കർഷകന് മനസ്സിലാകുന്നതിനുമുമ്പ് തന്നെ ഉല്പന്നങ്ങൾ വില്ക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതുതന്നെയാണ്. പച്ചക്കറി ഇനങ്ങളുടെ ഉല്പാദനം തീരെ കുറവായതിനാൽ അടുത്തടുത്തുള്ള കടകളിൽ കിട്ടിയ പൈസയ്ക്ക് കർഷകർ വിറ്റഴിക്കുകയാണ്. കൃഷിക്കാരിൽ നിന്നെടുക്കുന്ന ഉല്പന്നങ്ങൾ ഇരട്ടിവിലയ്ക്കാണ് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ഈ പ്രവണത ഒഴിവാക്കുവാൻ സഹകരണസംഘങ്ങളും കൃഷിഭവനും വഴി കൃഷിക്കാരുടെ ഉല്പന്നങ്ങൾ ന്യായവിലയ്ക്കെടുത്ത് മിതമായ ലാഭത്തിന് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് തയ്യാറാകേണ്ടിയിരിക്കുന്നു.

### കാർഷികബന്ധങ്ങൾ :-

കൃഷിയിടങ്ങൾ ചെറുതുണ്ടുകളായി വീതിച്ചുപോയിരിക്കുന്നു. ജനസംഖ്യയുടെ വർദ്ധനവിനനുസൃതമായി ഭൂമിയുടെ ഈ വിഘടനസ്വഭാവം കൂടിക്കൊണ്ടിരിക്കും. പാർപ്പിടം എന്ന ഏകലക്ഷ്യപ്രാപ്തിമാത്രമാണ് ഭൂമി വാങ്ങുന്നതിന് ആധാരമായിട്ടുള്ളത്. സാമ്പത്തികശേഷിക്കനുസൃതമായി അതിന്റെ വലിപ്പച്ചെറുപ്പം വ്യത്യാസപ്പെട്ടിരിക്കും എന്നുമാത്രം. 3800 ചെറുകിട കൃഷിക്കാരും, 525 ചെറുകിട പരിമിത കൃഷിക്കാരും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സ്വന്തമായി കൃഷിപ്പണി ചെയ്യുന്ന കർഷകരാണ് 75 ശതമാനവും. കൃഷിപ്പണിചെയ്തു ഉപജീവനം നടത്തുന്ന കർഷകത്തൊഴിലാളികൾ എണ്ണം വരും.

### കൂലിസേവനവ്യവസ്ഥകൾ :-

ഒരു വിളയെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയരീതിയിലുള്ള കൃഷിപ്പണികൾ അവലംബിക്കുക മൂലം ഉല്പാദനക്ഷമത വർദ്ധിപ്പിക്കും എന്നുള്ളതാണ്. ശരിയായ പരിശീലനം സിദ്ധിച്ച കർഷകത്തൊഴിലാളികൾ ഈ രംഗത്ത് ഒരു മുതൽക്കൂട്ടാണ്. പരമ്പരാഗതമായി കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. കാലഘട്ടത്തിനനുസൃതമായി കൂലിവർദ്ധന ലഭിക്കാറുണ്ടെങ്കിലും തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. നെൽക്കൃഷിയിടങ്ങളിൽ

സ്ത്രീത്തൊഴിലാളികളാണ് കൂടുതൽ. ഞാറ്പറിക്കൽ, നടീൽ, കട്ടതല്ലൽ, കൊയ്ത്ത് എന്നീ പണികൾക്കാണ് സ്ത്രീത്തൊഴിലാളികൾ കൂടുതലും ഉള്ളത്. ഞാറിന്റെ തലപ്പ് നുള്ളിക്കളയുന്ന പഴയരീതി ഇന്നും തുടരുന്നു. കാർഷികമേഖലയിൽ പണിയെടുക്കുന്ന എല്ലാത്തൊഴിലാളികൾക്കും നല്ലരീതിയിൽ പരിശീലനം നടത്തേണ്ടതും യുവതലമുറയെ തൊഴിലുമായി ബന്ധിപ്പിക്കുവാൻ ആകർഷകമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമാണ്. തൊഴിൽ വൈദഗ്ദ്യം പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ കണ്ടെത്തേണ്ടതും ഈ രംഗത്തെ വളർച്ചക്ക് ഉപകരിക്കും.

## വള ഉപഭോഗം :-

രാസവളം ഉപയോഗിക്കുന്ന നെൽകൃഷിക്കാർ പൊതുവെ കൂടുതലാണ്. യാതൊരു തത്വദീക്ഷയുമില്ലാതെയാണ് നെൽക്കൃഷിയിടങ്ങളിലെ രാസവളപ്രയോഗം. ജൈവവളം ആവശ്യത്തിന് നലൽകാതെ രാസവളം മാത്രം പ്രയോഗിക്കുന്നത് നെൽക്കൃഷിക്കാരുടെ ഇടയിൽ കൂടുതലായിക്കാണുന്നു. ശാസ്ത്രീയമായ രീതിയിലുള്ള രാസവളപ്രയോഗത്തിന്റെ പ്രസക്തി കൂടി വരികയാണ്. ഈ രംഗത്ത് ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ അനിവാര്യമായിരിക്കുന്നു. സമതുലിതവളപ്രയോഗരീതി അവലംബിക്കേണ്ടത് ഉല്പാദനക്ഷമതയുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ജൈവവളപ്രയോഗം മണ്ണിന്റെ ഘടനയെ നിലനിർത്തുന്നുവെന്ന യാഥാർത്ഥ്യം കൃഷിക്കാരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. പറമ്പ് നനയുള്ള കർഷകർ മാത്രമാണ് മറ്റിനങ്ങൾക്ക് രാസവളപ്രയോഗം നടത്തുന്നത്.

# നടപ്പ് പദ്ധതികളുടെ അവലോകനം

## ഉല്പാദനബോണസ്സ് :-

സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ് ഉല്പാദനബോണസ്സ്. നെൽക്കൃഷിക്കാരെ നെൽക്കൃഷിയിൽത്തന്നെ പിടിച്ചുനിർത്തുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച ഒരു പദ്ധതിയാണിത്. ഉല്പാദനവർദ്ധനവിന്റെ അടിസ്ഥാനത്തിൽ ബോണസ്സായി ഏക്കറൊന്നിന് 100 രൂപ കൃഷിക്കാരന് നൽകും. പാടശേഖരസമിതികൾ മുഖേന അപേക്ഷകൾ സ്വീകരിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ ബോണസ്സ് അനുവദിക്കുക എന്നതാണ് പദ്ധതി. ഗ്രൂപ്പ്ഫാമിംഗിൽ ഉൾപ്പെടാത്ത നെൽക്കൃഷിക്കാർക്ക് ഈ ആനുകൂല്യം ലഭിക്കും.

## കാർഷികോപകരണങ്ങൾ :-

ഗ്രൂപ്പ് ഫാമിംഗ് വഴി ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം എന്നിവ വാങ്ങിക്കുന്നതിന് സബ്സിഡി കൊടുത്തിരുന്നു. 3, 4 വർഷങ്ങളായി ഈ ആനുകൂല്യം കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ഈ രംഗത്ത് കാതലായ മാറ്റം അനിവാര്യമാണ്.

## ഉല്പാദനോപാധികളുടെ വിതരണം :-

നെൽക്കൃഷിക്കാർക്ക് ആവശ്യമായ നെൽവിത്ത് പ്രത്യേകിച്ച് അത്യുല്പാദനശേഷിയുള്ള വിത്തുകൾ വിതരണം ചെയ്യുന്നതിന് പകരം ട്രയൽസീഡുകളാണ് കൃഷിഭവൻ വിതരണം ചെയ്യുന്നത്. ട്രയൽ സീഡുകളോടൊപ്പം തന്നെ സമയാസമയങ്ങളിൽ നെൽവിത്തുകൾ കൃഷിഭവൻ വഴി കർഷകസമിതികൾക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്. അതുപോലെ തന്നെ നല്ലയിനം തെങ്ങിൻതൈകൾ കൃഷിഭവൻ വഴി വിതരണം നടത്തുന്നുണ്ട്. പച്ചക്കറികൃഷിയ്ക്ക് ആവശ്യമായ വിത്തുകൾ വിതരണം നടത്തിയിരുന്നുവെങ്കിലും ഇപ്പോൾ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള വിത്ത് വിതരണമാണ് നടക്കുന്നത്.

## സി.സി.ഡി.പി. :-

സമഗ്രനാളികേരവികസന പദ്ധതിപ്രകാരം കിണർ കുഴിക്കുന്നതിനും മോട്ടോർ സ്ഥാപിക്കുന്നതിനും വായ്പാ സൗകര്യവും സബ്സിഡിയും ഏർപ്പെടുത്തിയിട്ടുണ്ട്. കേരവികസനസമിതിയിൽ അംഗങ്ങളായവർക്കു മാത്രം ഈ ആനുകൂല്യം ലഭിക്കൂ. കുറഞ്ഞത് 30 സെന്റ് പറമ്പ് എങ്കിലുമുള്ള കർഷകർക്കേ ഇതിന് അപേക്ഷിക്കാൻ കഴിയൂ. 2500 രൂപായാണ് സബ്സിഡി നൽകുന്നത്. ഈ പദ്ധതിപ്രകാരം തന്നെ കാറ്റുവീഴ്ചരോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി 200 രൂപ നൽകുന്ന പദ്ധതിയും 5 രൂപ സബ്സിഡിനിരക്കിൽ 10രൂപ പ്രകാരം തെങ്ങിൻതൈകളും നൽകിവരുന്നു. കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന തെങ്ങിൻതൈകൾ കൃഷി ചെയ്യുന്നതിന് കർഷകർക്ക് വേണ്ടത്ര താല്പര്യം കാണുന്നില്ല. രോഗമില്ലാത്ത സ്ഥലങ്ങളിൽ നിന്നും വിത്തുതേങ്ങ സ്വീകരിച്ച് ശാസ്ത്രീയമായ രീതിയിൽ ഉല്പാദിപ്പിക്കുന്ന തൈകളാണ് കൃഷിഭവൻ വഴി വിതരണം ചെയ്യുന്നത്.

H36

## വിത്ത്

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്യുവാൻ കർഷകർ മുന്നോട്ടുവരുന്നില്ല. പൊക്കം കുറവായതാണ് പ്രധാനം. പൊയ്യ പഞ്ചായത്തിലെ കർഷകർ വൈയ്ക്കോൽ കൃഷിയാണ് അവലംബിക്കുന്നത് എന്നതാണ് രസകരം. വൈയ്ക്കോൽ കൂടുതൽ കിട്ടും എന്നുള്ളത് നാടൻ വിത്തിനങ്ങളുടെ പ്രത്യേകതയാണ്.

## വളപ്രയോഗം

ഒരു ഹെക്ടറിൽ രണ്ട് ടൺ ജൈവവളമോ കമ്പോസ്റ്റോ അടിസ്ഥാനവളമായി ചേർക്കണം എന്ന് നിഷ്ക്കർഷിച്ചാൽ ആരും അത് ചെയ്യുവാൻ തയ്യാറല്ല. കാരണം ജൈവവളത്തിന്റെ ദൗർലഭ്യമാണ് പ്രധാനകാരണം. ശാസ്ത്രീയരീതിയിൽ കമ്പോസ്റ്റ് കുഴി നിർമ്മിച്ച് കമ്പോസ്റ്റ് നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായവും സാമ്പത്തികസഹായവും കൃഷിക്കാർക്ക് നൽകേണ്ടതുണ്ട്. കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് 25 രൂപയാണ് കൃഷിവകുപ്പിൽനിന്നും കർഷകന് ലഭിക്കുന്നത്. ഈ തുക അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

പച്ചിലവളച്ചെടികൾ വെച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിവരങ്ങൾ കൃഷിക്കാരന് നൽകേണ്ടതുണ്ട്. ദീർഘകാല പച്ചിലവളച്ചെടികൾ പാടത്തിന്റെ ഇരുകരകളിലും വെച്ചുപിടപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ പാടശേഖരസമിതികൾക്ക് എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതുണ്ട്. അതുപോലെ വയലിൽ പച്ചിലച്ചെടികളുടെ വിത്ത് വിതച്ച് വയലിൽ ഉഴുത് ചേർക്കുന്ന പ്രക്രിയയേക്കുറിച്ചും അതിനാവശ്യമായ വിത്ത് ശേഖരിക്കുന്നതിനും കൃഷിഭവനും പാടശേഖരസമിതികളും ആലോചിക്കേണ്ടതുണ്ട്.

## കുമ്മായം

ചെമ്പാടകാണുന്ന പാടശേഖരങ്ങളിൽ കുമ്മായം വിതറി പുളിരസം അകറ്റേണ്ടതിന്റെ ആവശ്യകത കൃഷിക്കാർക്ക് അറിയാമെങ്കിലും കൃത്യമായ അളവിൽ അത് ചേർക്കാൻ ആരും തയ്യാറല്ല. കൃഷിഭവന്റെയും പാടശേഖരസമിതികളുടേയും സംയുക്താഭിമുഖ്യത്തിൽ കുമ്മായവസ്തുക്കൾ മണ്ണിൽ ചേർക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് സാങ്കേതികമായ അറിവ് കൃഷിക്കാരിലെത്തിക്കുകയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി ഏർപ്പാടാക്കുകയും ചെയ്യേണ്ടതുണ്ട്.

## രാസവളപ്രയോഗം

ചെടിക്കാവശ്യമായ പ്രധാനമൂലകങ്ങൾ ശാസ്ത്രീയമായിക്കഴിഞ്ഞിട്ടുണ്ട്. ജൈവവളപ്രയോഗംകൊണ്ടു മാത്രം നെൽച്ചെടിക്ക് ആവശ്യമായ മൂലകങ്ങൾ ലഭിക്കില്ല എന്നത് യാഥാർത്ഥ്യമാണ്. അതിനാൽ രാസവളപ്രയോഗം അടിയന്തിരപ്രാധാന്യം അർഹിക്കുന്ന സംഗതിയാണ്. വിത്തിന്റെ ഇനം നോക്കി മണ്ണിന്റെ ഫലഭൂയിഷ്ഠത മനസ്സിലാക്കി വേണം വളം ചെയ്യാൻ. അടിവളമായി ഉപയോഗിക്കേണ്ട രാസവളങ്ങൾ അവസാനച്ചാൽ ഉഴവിനു മുമ്പ് പ്രയോഗിക്കേണ്ടതാണ്. ശാസ്ത്രീയമായ രാസവളപ്രയോഗം നിശ്ചയമായും കൃഷിക്കാർ അനുവർത്തിക്കേണ്ടതുണ്ട്.

## മരുന്നുതളി

അശാസ്ത്രീയമായ രാസവളപ്രയോഗവും മരുന്നുതളിയും പരിസരമലിനീകരണം ജലമലിനീകരണം, അന്തരീക്ഷമലിനീകരണം എന്നിവ സൃഷ്ടിക്കുന്നതിനു പുറമെ മിത്രകീടങ്ങൾ നശിച്ചുപോകുകയും കീടങ്ങൾക്ക് മരുന്നുകളെ അതിജീവിക്കുന്നതിനുള്ള സാധ്യതയും ഉണ്ടാകുന്നു. 'ഇന്ന' കീടത്തിന് 'ഇന്ന' മരുന്ന് ഇത്ര അളവ് ഇത്ര വെള്ളത്തിൽ ഉപയോഗിക്കണം എന്നുള്ളതിന് വളരെ വ്യക്തമായ കണക്കുകൾ ഉണ്ട്. തികച്ചും ശാസ്ത്രീയമായ രീതിയിൽ അവലംബിക്കേണ്ടതിന്നുപകരം അല്പലാഭത്തിനുവേണ്ടി അശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന വൻനാശത്തെക്കുറിച്ച് കൃഷിക്കാർ ഇനിയെങ്കിലും ബോധവാന്മാരാകേണ്ടതുണ്ട്.

പാടശേഖരങ്ങളുടെ നിയന്ത്രണം കൃഷിവകുപ്പിന്റെ കീഴിൽ വന്നാലെ ഇതിനൊരു പരിഹാരമുള്ളൂ. കൃഷിയിറക്കുന്നതുമുതൽ കൊയ്ത്ത് നടക്കുന്നതുവരെ കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുടെ പൂർണ്ണനിയന്ത്രണത്തിലായിരിക്കണം ഓരോ പാടശേഖരങ്ങളും.

ഒരേയിനം വിത്തിട്ട് ഒരേ രീതിയിൽ ഉള്ള കൃഷിരീതികൾ അവലംബിച്ച് ഒരുമിച്ച് വളപ്രയോഗം നടത്തി ഒരുമിച്ച് മരുന്നടിച്ച് ഒരുമിച്ച് കൊയ്ത് ഓരോ പാടശേഖരവും ശാസ്ത്രീയകൃഷിരീതികൾ സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും ഉല്പാദനം കൂട്ടുന്നതിന് സാധിക്കും.

ഓരോ പാടശേഖരത്തിലും ഓരോ അഗ്രോ ക്ലിനിക്കുകൾ സ്ഥാപിച്ച് കൃഷിക്കാർക്കുവേണ്ട സാങ്കേതിക നിർദ്ദേശങ്ങൾ നല്കാവുന്നതാണ്. ഇത്തരം അഗ്രോ ക്ലിനിക്കുകളിൽക്കൂടി ഉല്പാദനോപാധികൾ സബ്സിഡിനിര

ക്കൾ വിതരണം ചെയ്യാവുന്നതാണ്. പണം മുടക്കാതെ ഉല്പാദനം കൂട്ടാം എന്ന ഉദ്ദേശം കൃഷിക്കാർ ഉപേക്ഷിക്കാത്തിടത്തോളം കാലം നെൽക്കൃഷി ഒരു പരാജയമായിരിക്കും.

## തെങ്ങ്

ഒരു തൈവച്ച് 10 മുതൽ 12 വർഷം കഴിയുമ്പോഴാണ് ശരിയായ വിളവ് തെങ്ങിൽനിന്നു ലഭിക്കുന്നത്. വിത്ത് തേങ്ങ തെരഞ്ഞെടുക്കുന്നതുമുതൽ ശ്രദ്ധിച്ചാലേ നല്ല കായ്ഫലം തരുന്ന തെങ്ങുകളെ വളർത്തിയെടുക്കാൻ കഴിയൂ. സർക്കാർവക ഫാമുകളിൽനിന്നും വരുന്ന തെങ്ങിൻതൈകൾ വില കുറച്ച് കൃഷിക്കാർക്ക് എത്തിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. തെങ്ങിന് തടമെടുക്കുന്ന കാര്യത്തിലായാലും വളപ്രയോഗം നടത്തുന്ന കാര്യത്തിലായാലും ശാസ്ത്രീയകൃഷിരീതികൾ അവലംബിക്കേണ്ടതുണ്ട്. തൈകൾ നടുമ്പോൾ പാലിക്കേണ്ട അകലം ആരും അത്ര ശ്രദ്ധിക്കാറില്ല. 10 സെന്റിൽ 8 തെങ്ങുകളാണ് വേണ്ടത്. എന്നാൽ 10ഉം 12ഉം തെങ്ങുകൾ വീതം ചില സ്ഥലങ്ങളിൽ കാണാവുന്നതാണ്.

തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് വാർഡ്തലകേരവികസനസമിതികൾ ഉണ്ടായിരുന്നു. അവയെ പുനരുദ്ധരിപ്പിക്കുകയും അതിലൂടെ തെങ്ങുകൃഷിക്കാർക്ക് വേണ്ട ശാസ്ത്രീയജ്ഞാനവും ആനുകൂല്യങ്ങളും നൽകാവുന്നതാണ്. തെങ്ങുസംരക്ഷണസ്ക്വാഡുകൾക്ക് രൂപംനൽകി കീടരോഗബാധയിൽ നിന്നും തെങ്ങിനെ എപ്രകാരം സംരക്ഷിക്കാമെന്ന് പരിശോധിക്കേണ്ടതാണ്. കേടുവന്ന തെങ്ങ് വെട്ടിമാറ്റുന്നതിന് നൽകുന്ന സഹായധനം 200 രൂപയിൽനിന്നും വർദ്ധിപ്പിക്കേണ്ടതാണ്. വിളവുതരുന്ന തെങ്ങ് ഏതുരോഗം മൂലം നഷ്ടപ്പെട്ടാലും ഈ ആനുകൂല്യം നൽകേണ്ടതാണ്.

## വാഴ

വാഴക്കൃഷിക്കാരുടെ ഒരു സംഘം രൂപീകരിക്കുകയും വാഴക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്. ശാസ്ത്രീയനിർദ്ദേശങ്ങൾ സ്വീകരിക്കുന്ന കാര്യത്തിലും ഉല്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് വാഴക്കൃഷിക്കാർക്ക് എത്തിക്കുന്ന കാര്യത്തിലും ഈ സംഘങ്ങൾക്ക് പ്രവർത്തിക്കാനാകും.

## പച്ചക്കറിക്കൃഷി

നമ്മുടെ സംസ്ഥാനം പച്ചക്കറികൾ അടുത്ത സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നത് ശോചനീയമായ അവസ്ഥയാണ്. പഞ്ചായത്തിൽ പച്ചക്കറികൃഷിക്കാരുടെ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. വിത്ത്,വളം മുതലായവ ഉല്പാദനോപാധികൾ യഥാസമയം കൃഷിക്കാർക്ക് എത്തിക്കേണ്ട കാര്യത്തിലും ഗുണനിലവാരമുള്ള വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യുന്ന കാര്യത്തിലും കൃഷിഭവനും ഈ സംഘവും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പച്ചക്കറിക്കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി പച്ചക്കറിക്കൃഷി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. അടുക്കളത്തോട്ടനിർമ്മാണത്തിന് വീട്ടമ്മമാരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്. സന്നദ്ധ സംഘടനകൾക്ക് ഈ രംഗത്ത് ഒട്ടനവധി നല്ലകാര്യങ്ങൾ ചെയ്യുവാൻ കഴിയും. നമ്മുടെ പഞ്ചായത്തിലുള്ള കലാകായിക സാംസ്ക്കാരികസംഘടനകൾ മുന്നോട്ടുവരികയും 25 സെന്റിൽ കുറയാത്ത സ്ഥലത്ത് വിവിധയിനം പച്ചക്കറികൾ കൃഷിചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. സ്വന്തമായി സ്ഥലസൗകര്യങ്ങളില്ലാത്ത സംഘടനകൾ അതാത് പ്രദേശത്ത് കൃഷിചെയ്യാതിരിക്കുന്ന സ്ഥലങ്ങളിൽ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ കൃഷിചെയ്യാൻ തയ്യാറാകേണ്ടതാണ്. വിലമത്സരം സംഘടിപ്പിച്ച് ആകർഷകമായ സമ്മാനങ്ങൾ നൽകി ഇത്തരം സംഘടനകളേയും വീട്ടമ്മമാരേയും കൃഷിക്കാരേയും പ്രത്യേകം പ്രത്യേകം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

## കുരുമുളക്

വിദേശനാണ്യം നേടിത്തരുന്ന കുരുമുളക് കൃഷി ഇന്ന് ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. നല്ലയിനം കുരുമുളകുവള്ളികൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കീടരോഗബാധയിൽ നിന്നും കുരുമുളക് ചെടിയെ സംരക്ഷിക്കുന്നതിന് കൂട്ടായ പ്രവർത്തനം കൊണ്ടേ കഴിയൂ. പഞ്ചായത്തിലുള്ള കുരുമുളക് കൃഷിക്കാർ ഒത്തുകൂടി ഒരു സംഘത്തിന് രൂപം നൽകാവുന്നതാണ്. ശാസ്ത്രീയമായ കൃഷിരീതികളും മരുന്നുതളിയും കാലാകാലങ്ങളിൽ നടത്തുന്നതിനാവശ്യമായ സാങ്കേതികസാമ്പത്തികസഹായം ഇത്തരം സംഘങ്ങൾ വഴി നൽകാവുന്നതാണ്. ദ്രുതവാട്ടമെന്ന ഒരു മഹാരോഗമാണ് കുരുമുളകുചെടിയെ ബാധിക്കുന്ന പ്രധാന രോഗം. ഈ രോഗം വരാതിരിക്കുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്ന കാര്യത്തിൽ കൃഷിഭവന്റെ നിർദ്ദേശം പാലിക്കാൻ കൃഷിക്കാർ തയ്യാറാകേണ്ടതാണ്. അപ്രകാരം മരുന്നുതളിനടത്തിയിട്ടും കുരുമുളകുചെടി നഷ്ടപ്പെടുന്ന കൃഷിക്കാരന് സാമ്പത്തികസഹായം നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

## കശുമാവ

മാള ബ്ലോക്കിൽത്തന്നെ പൊയ്യ ഗ്രാമപഞ്ചായത്തിലായിരിക്കും ഏറ്റവും കൂടുതൽ കശുമാവ് കൃഷിനടത്തുന്നത്. കശുമാവിന് ഒരു കൃഷിക്കാരനും മരുന്നുതളിയും വളപ്രയോഗവും ജലസേചനവും നടത്താറില്ല എന്നതാണ് വാസ്തവം. നാം ഇവിടെ ഉല്പാദിപ്പിക്കുന്ന കശുവണ്ടി വലിയൊരു വ്യവസായത്തിന് സംഭാവന ചെയ്യുന്നതിന് കർഷകർ തിരിച്ചറിയേണ്ടതാണ്. കശുമാവ് കൃഷിക്കാർക്കും സംഘങ്ങളുണ്ടാക്കി കശുമാവുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശാസ്ത്രീയകാര്യങ്ങളും കൃഷിഭവന്റെ സഹായത്തോടെ ചെയ്യാവുന്നതാണ്. വളക്കിറ്റ് നൽകുന്ന ഒരു പദ്ധതിമാത്രമാണ് കൃഷിഭവൻ വഴിയുള്ളത്. യഥാസമയങ്ങളിൽ മരുന്നുതളിക്കുന്നതിനുള്ള മരുന്ന് സബ്സിഡിനിരക്കിൽ കൃഷിക്കാർക്ക് ഈ സംഘം വഴി വിതരണം ചെയ്യാവുന്നതാണ്.

## പയർവർഗ്ഗങ്ങൾ

മനുഷ്യന് ആരോഗ്യം നൽകുന്നതോടൊപ്പം മണ്ണിൽ ധാരാളം നൈട്രജൻ നിക്ഷേപിക്കുന്ന മഹത്തായ ഒരു കടമകൂടി നിർവ്വഹിക്കുന്ന ഒരു വിളയാണ് പയർവർഗ്ഗങ്ങൾ.സ്ഥലസൗകര്യമുള്ള എല്ലാ കർഷകരും പയർകൃഷിചെയ്യുന്നതിന് തയ്യാറാവുകയും ആവശ്യമായ സാങ്കേതിക അറിവും പുതിയ ഇനം വിത്തും കൃഷിഭവൻ വഴി കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാവുന്നതാണ്.

# ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ചില പൊതുകാര്യങ്ങൾ

# കൃഷി

## 1. ഗ്രൂപ്പ്ഫാമിംഗ്

നെൽക്കൃഷിയെ ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്തിലുള്ള പാടശേഖരങ്ങളെ അവയുടെ കിടപ്പ് അനുസരിച്ച് വിവിധസംഘങ്ങളായി വേർതിരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശമാണ്. കൃഷിപ്പണികൾ ഏകോപിപ്പിച്ച് കൃഷി എത്രമാത്രം ലാഭകരമാക്കാൻ കഴിയും എന്നതാണ് ഗ്രൂപ്പ്ഫാമിംഗ് സമിതികൾ പരിശോധിക്കേണ്ടത്. വളം ചെയ്യുന്ന കാര്യത്തിലായാലും മരുന്ന് തളിക്കുന്ന കാര്യത്തിലായാലും ഒരുമിച്ച് നടത്തുന്ന കൃഷിപ്പണികൾ കൊണ്ട് പാഴ്ച്ചെലവ് കുറയ്ക്കാൻ സഹായിക്കും. ഇത്തരം സന്ദർഭങ്ങളിലാണ് ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെ പ്രസക്തി വർദ്ധിച്ചുവരുന്നത്.

കൂട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാക്രമം വാങ്ങി കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതും ഈ സമിതികളാണ്. എന്നാൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഇപ്പോൾ നിലവിലുള്ള 10 രജിസ്റ്റേഡ് സമിതികളും സബ്സിഡി മാത്ര സമിതികളായി മാറിയിരിക്കുന്നു. ഈയവസ്ഥയ്ക്ക് മാറ്റം വരണമെങ്കിൽ പ്രസ്തുതസമിതികളിലെ ഓരോ അംഗങ്ങളേയും ഗ്രൂപ്പ് ഫാമിംഗിന്റെ പ്രസക്തിയെക്കുറിച്ച് ബോധവാന്മാരാക്കിയിരിക്കണം.

ഒരു ഗ്രൂപ്പ് ഫാമിംഗ് സമിതിയിലും ഇല്ലാത്ത കൃഷിക്കാർ പ്രാദേശികമായ പാടശേഖരങ്ങളിലെ പ്രത്യേകതയനുസരിച്ച് സമിതികൾക്ക് രൂപം നൽകി പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

## 2. ജലനിർഗ്ഗമനത്തോടുകൾ

പാടശേഖരങ്ങളിലെ നിലവിൽ ഉണ്ടായിരുന്ന തോടുകൾ ആഴവും വീതിയും കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥ പരിഹരിക്കുക എന്ന ആവശ്യവും പൊതുവെ എല്ലാ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്.

വളരെ പണ്ടുകാലത്ത് നല്ലവീതിയും ആഴവും ഉണ്ടായിരുന്ന തോടുകളിലൂടെ വലിയ വള്ളങ്ങളിൽ വളം, വിത്ത്, മുതലായവ എത്തിക്കുകയും കറ്റ കരയ്ക്ക് കൊണ്ടുവരികയും ചെയ്തിരുന്ന തോടുകൾ വീതികുറഞ്ഞ് ആഴം കുറഞ്ഞ് ഉപയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നതിന് ഉത്തരവാദികൾ അതാത് പാടശേഖരങ്ങളിലെ തോടിന് ബന്ധപ്പെട്ടുകിടക്കുന്ന നിലത്തിന്റെ ഉടമകളാണ്. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ഇത്തരം ഉടമസ്ഥന്മാർ തോട് വീതികൂട്ടുന്നതിന് ആവശ്യമായ നിലം വിട്ടുകൊടുക്കുന്നതിന് സന്മനസ്സ് കാണിക്കുകയും പാടശേഖര സമിതികൾ ബഹുജനപങ്കാളിത്തത്തോടെ ആഴവും വീതിയും കൂട്ടുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാകുന്നു.

ഇപ്രകാരം ചെയ്യുകയാണെങ്കിൽ കാലവർഷത്തിൽ ഒഴുകിപ്പോവുന്ന വെള്ളത്തെ തടയണകൾ കെട്ടി നിർത്തി ജലസേചനത്തിന് ഉപയോഗിക്കാവുന്നതാണ്.

## 3. മണ്ണുപരിശോധന

കൃഷിയിടങ്ങളിലെ മണ്ണ് യഥാസമയം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കണമെന്ന ആവശ്യം പൊതുവെ ഉയർന്നുവന്നിട്ടുണ്ട്. മണ്ണറിഞ്ഞുവളം ചെയ്യുക എന്നത് ശാസ്ത്രീയകൃഷിരീതിയുടെ ആദ്യനടപടിയാണ്. ഇന്ന് ജില്ലയിൽ രണ്ടുസംവിധാനങ്ങളാണ് ഈ രംഗത്തുപ്രവർത്തിക്കുന്നത്. തൃശൂർ ചെമ്പുക്കാവിലുള്ള മണ്ണുപരിശോധനകേന്ദ്രവും മറ്റൊന്ന് സഞ്ചരിക്കുന്ന മണ്ണുപരിശോധന ലബോറട്ടറിയും. ഇത് ഫലപ്രദമായി ഉപയോഗിക്കുവാൻ പാടശേഖരസമിതികളും കേരവികസന സമിതികളും കൃഷിഭവനും സംയുക്തമായി തയ്യാറായാൽ മണ്ണ് പരിശോധന യഥാസമയം നടത്താൻ കഴിയും.

## 4. പ്രത്യേകതൊഴിൽദാനപദ്ധതി

തൊഴിലില്ലാത്ത യുവതീയുവാക്കളെക്കൊണ്ട് 1000രൂപ കൃഷിഭവനിൽ അടപ്പിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് കൃഷിഭവനുകൾ വഴി തൊഴിൽ കിട്ടാനുള്ള നടപടികൾ ഉണ്ടാവണം എന്ന് പല ഗ്രാമസഭകളും നിർദ്ദേശിക്കുകയുണ്ടായി.

പൊയ്യ കൃഷിഭവന്റെ പരിധിയിൽ 91 യുവതീയുവാക്കളാണ് ഇപ്രകാരം പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഒരു പഞ്ചായത്തിൽ 100 പേർ എന്ന കണക്കിനാണ് ഇതുപോലെ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവർ. ഇത്രയും പേർക്ക് ഒരുമിച്ച് തൊഴിൽസൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നത് പ്രായോഗികമല്ല. ഘട്ടംഘട്ടമായി അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ പഞ്ചായത്തിൽ 6 ഇനം പദ്ധതികളാണ് അനുവദിച്ചുവരുന്നത്.

## 5. കാർഷികോല്പന്നങ്ങൾക്ക് ന്യായവില

കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് വേണ്ടനടപടികൾ ആവിഷ്ക്കരിക്കണമെന്നതിൽ നിർദ്ദേശമുണ്ടായി.

സർവ്വീസ് സഹകരണ സംഘം വഴി ഇതിനുവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്.

## 6. ഉല്പാദനോപാധികളുടെ വിതരണം

കൃഷിഭവൻ വഴി കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ യഥാസമയവും അർഹതപ്പെട്ടവർക്കും ലഭിക്കത്തക്ക നടപടിയുണ്ടാകണമെന്ന് പൊതുവെ ഉയർന്നുവന്ന ആവശ്യമാണ്.

കൃഷിഭവൻ വഴി പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള പാടശേഖരസമിതികൾ കേരവികസനസമിതി, എന്നിവരുമായി ബന്ധപ്പെട്ട് യഥാസമയം അപേക്ഷ നൽകുകയും അത് ലഭിക്കുന്നതിനുവേണ്ടി കൃഷിഭവനുമായി ബന്ധപ്പെടുകയും ചെയ്താൽ ഉല്പാദനോപാധികൾ ലഭിക്കും. വികസനസമിതികൾ, പഞ്ചായത്ത് കമ്മറ്റികൾ എന്നിവ കൃഷിഭവനുമായി സഹകരിച്ച് പ്രവർത്തിക്കുമ്പോൾ കാര്യങ്ങൾ എല്ലാവരും അറിയുകയും അർഹതപ്പെട്ടവർക്കും പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യും.

ട്രാക്ടർ, ട്രില്ലർ തുടങ്ങിയ സബ്സിഡി നിരക്കിൽ ലഭിക്കണമെന്ന ആവശ്യം അംഗീകരിക്കേണ്ടതും സംസ്ഥാനസർക്കാർ അതിനുവേണ്ട നിർദ്ദേശം കൃഷിഭവനുകൾക്ക് നൽകേണ്ടതുമാണ്.

വിത്ത്, രാസവളം, കീടനാശിനി, എന്നിവയ്ക്ക് സബ്സിഡി ഏർപ്പെടുത്തണമെന്ന് ആവശ്യവും അംഗീകരിക്കേണ്ടതാണ്. അതും സംസ്ഥാനസർക്കാരിന് മാത്രം ചെയ്യാൻ പറ്റുന്ന കാര്യങ്ങളാണ്.

## 7. കൃഷി ആവശ്യത്തിന് കറണ്ട് കണക്ഷൻ

ജലസേചനസൗകര്യങ്ങൾ തീരെ ഇല്ലാത്ത നമ്മുടെ ഗ്രാമപഞ്ചായത്തുകളിൽ കിണർകുത്തി മോട്ടോർ സ്ഥാപിച്ച് ജലസേചനം നടത്തണമെങ്കിൽ വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം നേരിടുന്നതായി പല ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നു.

ഇത്തരം കാലതാമസം ഒഴിവാക്കുന്നതിന് വൈദ്യുതബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

മറ്റുള്ള സർക്കാർ സ്ഥാപനങ്ങൾക്കുള്ളതുപോലെ പഞ്ചായത്ത് തല ഉപദേശകസമിതി പ്രാദേശികതലത്തിലുള്ള വൈദ്യുത ഓഫീസിനും അനിവാര്യമാണ്.

440

## 8. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന്

കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് സർക്കാർ നൽകുന്ന 200 രൂപ പര്യാപ്തമല്ലെന്നും 500 മുതൽ 1000വരെ വർദ്ധിപ്പിക്കേണ്ടതാണെന്നും ഗ്രാമസഭകളിൽ ഉയർന്നുവന്ന പൊതുവായ ആവശ്യങ്ങളാണ്.

പൊതുവെ കേടുവന്ന തെങ്ങ് എന്ന് പറയുമ്പോൾ തന്നെ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങ് മാത്രമേ വെട്ടിക്കളയുന്നതിനുള്ള ആനുകൂല്യം ഉള്ളൂ. വർഷംപ്രതി 1000ൽ പരം തെങ്ങുകൾ കാറ്റുവീഴ്ചരോഗം ബാധിച്ച് ഒരു പഞ്ചായത്തിൽത്തന്നെ വ്യാപിച്ചുകാണുന്നു. ഘട്ടംഘട്ടമായല്ലാതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയില്ല.

## 9. സാമ്പത്തികസഹായം ലഭിക്കുന്നത്

കൃഷിഭവനുകളിൽനിന്നും ലഭിക്കുന്ന സാമ്പത്തികസഹായം ട്രെഷറിയിൽ നിന്നും മാറ്റി കൃഷിഭവനിലൂടെത്തന്നെ വിതരണം ചെയ്യണമെന്ന് പൊതുവെ ഉയർന്നുവന്ന ആവശ്യമാണ്.

ചെക്ക് സിസ്റ്റം ഏർപ്പാടാക്കിയതിനുപിന്നിൽ ഗുണകരമായ കാര്യമുണ്ട്. അർഹതപ്പെട്ട ആനുകൂല്യം യഥാർത്ഥ വ്യക്തിക്കുതന്നെ ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിനുവേണ്ടിയാണ് അപ്രകാരം ചെയ്യുന്നത്. കേരള മന്ത്രിസഭ തീരുമാനമെടുക്കാതെ ഇക്കാര്യത്തിൽ മാറ്റം വരുത്തുവാൻ സാധ്യമല്ല.

## 10. ജൈവവളപ്രയോഗം

രാസവളപ്രയോഗം കുറച്ച്, ജൈവവളപ്രയോഗത്തിന് ഊന്നൽ കൊടുക്കണമെന്ന് പല ഗ്രാമസഭകളും നിർദ്ദേശിച്ചിട്ടുണ്ട്. ജൈവവളപ്രയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ജൈവവളത്തിൽ നിന്നുമാത്രം ഒരുചെടിയുടെ വളർച്ചയ്ക്കാവശ്യമായ മൂലകങ്ങൾ ലഭിക്കണമെങ്കിൽ ധാരാളം അളവ് ജൈവവളങ്ങൾ ആവശ്യമായിവരും. ജൈവവളവും രാസവളവും സംയുക്തമായി ശാസ്ത്രീയമായ അനുപാതത്തിൽ ഉപയോഗിക്കുന്നതു കൊണ്ട് യാതൊരു അപകടവും ഇല്ലെന്ന് ശാസ്ത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട്. രാസവളം മാത്രം ഉപയോഗിക്കുന്ന രീതിയാണ് അപകടമായിട്ടുള്ളത്.

## 11. ഇടവിളക്കൃഷി പ്രോത്സാഹനം

തെങ്ങിൻതോപ്പുകളിൽ പച്ചക്കറി, പയർ, ഇഞ്ചി, മഞ്ഞൾ വാഴ, ഇത്യാദി കാർഷികവിളകൾ കൃഷിചെയ്യുന്നതിനാവശ്യമായ സാങ്കേതികസാമ്പത്തികസഹായങ്ങൾ നൽകണമെന്ന് പൊതുവെ ഉയർന്നുവന്ന ആവശ്യമാണ്

വളരെ സ്വാഗതാർഹമായ നിർദ്ദേശമാണിത്. കൃഷിഭവൻ, പ്രാദേശിക സഹകരണസംഘങ്ങൾ പഞ്ചായത്ത് കേരവികസനസമിതികൾ പാടശേഖരസമിതികൾ ഇത്യാദി സ്ഥാപനങ്ങൾ സംയുക്തമായി ഏറ്റെടുത്ത് മേൽപറഞ്ഞ ഇടവിള കൃഷിയെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിനാവശ്യമായ ഉല്പാദനോപാധികൾ കണ്ടെത്തുന്നതിലും വിതരണം ചെയ്യുന്നതിലും മേൽനോട്ടം വഹിക്കുന്നതിനും പറ്റിയ പഞ്ചായത്തിലെ സമിതികൾക്ക് രൂപം നൽകാവുന്നതാണ്.

## 12. കൃഷിസ്ഥലം നികത്തൽ

നെൽക്കൃഷി ഭൂമി നികത്തി മറ്റവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശക്തമായി തടയണമെന്ന് ഉയർന്നുവന്ന ആവശ്യമാണ്.

നെൽക്കൃഷി ലാഭകരമാക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്ത് കർഷകസംഘങ്ങളുടെ സഹകരണത്തോടെ നടപ്പിൽ വരുത്തുകയും നിലം നികത്തുന്ന വ്യക്തികളെ വ്യക്തമായി രേഖാമൂലം ചൂണ്ടിക്കാണിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സമിതികളും സർക്കാരും തീരുമാനിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരമായി.

## 13. കർഷകത്തൊഴിലാളികൾക്ക് ഏകീകൃതകൂലി

പഞ്ചായത്തിലുള്ള വിവിധ കർഷകത്തൊഴിലാളികൾക്ക് നൽകുന്ന കൂലിയെ സംബന്ധിച്ച് ഒരേകീകരണം വേണമെന്ന് എല്ലാ ഗ്രാമസഭകളും അഭിപ്രായപ്പെടുകയുണ്ടായി.

കർഷകത്തൊഴിലാളികൾ ഇന്ന് സംഘടിതരാണ്. കർഷകത്തൊഴിലാളി സംഘടനകളും കർഷകസംഘടനകളും ഒത്തൊരുമിച്ച് ഇതിനൊരു പരിഹാരം കാണാവുന്നതാണ്. കർഷകത്തൊഴിലാളികൾക്ക് സാങ്കേതിക ജ്ഞാനവും ഉപകരണങ്ങളും, നൽകി തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് തലത്തിലും കൃഷിഭവൻ വഴിയും നൽകാവുന്നതാണ്.

## 14. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം

ആവശ്യത്തിന് കർഷകത്തൊഴിലാളികളെ കിട്ടുന്നതിന് ബുദ്ധിമുട്ടാണെന്ന് പല ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നു.

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലാതെ നടക്കുന്ന ഒട്ടനവധി യുവതീയുവാക്കൾ ഉണ്ട്. തൊഴിൽ ചെയ്യുന്ന പ്രായമായവരും അല്ലാത്തവരും ഉണ്ട്. കാർഷികമേഖലയിൽ പണിയെടുക്കുവാൻ തയ്യാറുള്ളവരെ കൃഷിഭവനിൽ രജിസ്റ്റർ ചെയ്യിക്കുക. ആവശ്യമായ തൊഴിലാളികളെ കൃഷിഭവൻ വിട്ടുതരുന്നരീതിയിൽ സംവിധാനം ചെയ്യുക. സർക്കാരിൽ നിന്നും വേതനമായി ഒരു നിശ്ചിതസംഖ്യയും കർഷകരിൽ നിന്നും നിശ്ചയിക്കപ്പെട്ട കൂലിയും കൊടുത്ത് ഈ രംഗത്ത് പുതിയ തൊഴിലാളികളെ സൃഷ്ടിക്കാൻ കഴിയും.

# ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പ്രാദേശിക പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. മടത്തുംപടി പാടശേഖരങ്ങളെ സൗകര്യാർത്ഥം ഫാമിംഗ് സമിതികളുടെ പരിധിയിൽ കൊണ്ടുവന്നിരിക്കുകയാണ്.
   a. മടത്തുംപടി കിഴക്ക് ഭാഗം പാടശേഖരസമൂഹം
   b. മടത്തുംപടി പടിഞ്ഞാറ് ഭാഗം പാടശേഖരസമൂഹം

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തെ പുനരുദ്ധരിക്കുക എന്നുള്ളതാണ് ഒന്നാം വാർഡിൽ നിന്നും കിട്ടിയ ഒരു നിർദ്ദേശം.

മുകളിൽ പറഞ്ഞ രണ്ടു സമിതികളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്ക്കരിക്കത്തക്ക പ്രവർത്തനം നടത്തുന്നില്ല എന്നുള്ളത് വളരെ ശരിയാണ്. പാടശേഖരസമിതികൾ ഉൾപ്പെട്ടിരിക്കുന്ന അംഗങ്ങളും അവയെ നിയന്ത്രിക്കുന്ന കമ്മറ്റികളും ആത്മാർത്ഥമായി വിചാരിച്ചെങ്കിൽ മാത്രമേ യഥാർത്ഥ ലക്ഷ്യം പൂർത്തീകരിക്കാനാവൂ. സബ്സിഡി മാത്ര സമിതിയായി തരംതാഴാതെ ബൈലോയിൽ എഴുതിച്ചേർത്തിരിക്കുന്ന കാര്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ഓരോ സമിതികളും പ്രവർത്തിച്ചാൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തെ ഊർജ്ജസ്വലമാക്കുവാൻ കഴിയും.

2. ഉദ്യാനകൃഷിയെ പ്രോത്സാഹിപ്പിക്കുക

മടത്തുംപടി 1-ാം വാർഡിൽ ത്രൈഗ്രാം ലിഫ്റ്റ് ഇറിഗേഷനും, വഞ്ചിപ്പുരത്താഴം ലിഫ്റ്റ് ഇറിഗേഷനും നിലവിലുള്ളതുകൊണ്ട് ഇവിടെയുള്ള കർഷകർക്ക് ഉദ്യാനക്കൃഷി ചെയ്യുന്നതിന് സൗകര്യമുണ്ട്.

ഉദ്യാന(ഓർക്കിഡ്) കൃഷി ചെയ്യുന്ന കർഷകരുടെ ഒരു സൊസൈറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കാവുന്നതാണ്. കൃഷിവകുപ്പിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കുന്നതാണ്.

3. കൈതച്ചിറമുതൽ ചക്കാട്ടിക്കുന്ന് കോളനിയിലേക്ക് പാടശേഖരത്തിലൂടെ ഒരു റോഡ് നിർമ്മിച്ച് കാർഷികാവശ്യങ്ങൾക്ക് ഉപയോഗപ്രദമാക്കാവുന്നതാണ്.

റോഡിനാവശ്യമായ സ്ഥലം കൃഷിക്കാർ വിട്ടുതരികയും ശ്രമദാനം വഴി റോഡ്നിർമ്മാണത്തിന് സഹകരിക്കുകയും ചെയ്യാവുന്നതാണ്.

# വാർഡ് 2

1. പനച്ചിച്ചാൽ മുതൽ ഊളൻചിറ വരേയും, കണ്ണൻചിറമുതൽ എലിച്ചിറവരെയും നീണ്ടുകിടക്കുന്ന തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കുക.

   പൊയ്യ പഞ്ചായത്തിലെ എല്ലാ പാടശേഖരങ്ങളിലുമുള്ള ഒരു പൊതുപ്രശ്നമാണ്, ഉണ്ടായിരുന്ന തോടുകളുടെ ആഴവും വീതിയും കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥ. പാടശേഖരസമിതികളും ഗുണഭോക്താക്കളും കൃഷിയുടമകളും വിചാരിച്ചാൽ മാത്രം സാധ്യമാകുന്ന ഒരു കാര്യമാണ്.

2. പുതുപ്പനത്ത് പാടശേഖരത്തിന്റെ പടിഞ്ഞാറ് ഭാഗം തരിശിട്ടിരിക്കുന്നു. അത് കൃഷിക്ക് ഉപയോഗ്യമാക്കുക.

   കൃഷിക്ക് ഉപയോഗ്യമാകുന്ന സ്ഥലങ്ങളിൽ കൃഷിയിറക്കുന്നതിന് വേണ്ട നടപടികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നു. വിവിധകാരണങ്ങളാൽ തരിശിടുന്നത് വെള്ളക്കെട്ട്, നീർവാർച്ച സൗകര്യമില്ലായ്മ ഇത്യാദി കാരണങ്ങൾ കൊണ്ടാണ്.

442

## വാർഡ് 3

1. കോനേക്കാട്ട് കുളത്തിന് സമീപം വരെയുള്ള റോഡ് കാർഷികാവശ്യത്തിനും വേണ്ടി ഗതാഗതയോഗ്യമാക്കുകയും ടി. റോഡിനെ മാലിപ്പാടം വഴി പാലത്തിങ്കൽ എലിച്ചിറ സൗത്ത് റോഡുമായി ബന്ധിപ്പിച്ചാൽ നടുവശ്ശേരി പാടശേഖരത്തിലെ കുറേ കൃഷിക്കാർക്കും ട്രാക്ടർ, ട്രില്ലർ, ഉടനേ കൊണ്ടുപോകുന്നതിന് സൗകര്യമായിരിക്കും.

2. കാർത്തിക്കാവ് അമ്പലക്കുളം പരിസരത്തുനിന്നും ആരംഭിക്കുന്ന തോടിന്റെ വീതികൂട്ടി രണ്ടുവശവും കല്ലുകൊണ്ടുകെട്ടി, വടക്കുവശം വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക.

3. പാലത്തിങ്കൽ തോടിന്റെ കിഴക്ക് ഭാഗത്ത് പാലവും ചീർപ്പും നിർമ്മിച്ച് കിഴക്കോട്ട് പുതിയ റോഡ് പണിത് മണലിക്കാട് പുളിപ്പറമ്പു റോഡുമായി ബന്ധിക്കുക.

4. പാലത്തിങ്കൽ ചെട്ടിപ്പറമ്പുമായി ബന്ധിപ്പിക്കുന്ന ഇടവഴി വീതികൂട്ടി കൃഷിആവശ്യങ്ങൾക്കായി ഉപകാരപ്പെടുത്തുക.

5. തെന്നാംപാടത്ത് നടുവിലുണ്ടായിരുന്ന റോഡ് പുനഃസ്ഥാപിക്കുക.

## വാർഡ് 4

1. പൊക്കാളിക്കൃഷിചെയ്തിരുന്ന 250 ഏക്കറോളം നിലത്തിൽ ഇപ്പോൾ കൃഷിചെയ്യുന്നില്ല. ഈ അവസ്ഥ മാറ്റി പൊക്കാളിക്കൃഷി ചെയ്യുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുക.

2. കാർഷികാവശ്യത്തിനുവേണ്ടി ഉടുമ്പുരുത്തി പൊയ്യ ഭാഗങ്ങളെ ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കുക.

## വാർഡ് 5

1. പൊയ്യ ഉടുമ്പുരുത്തി ശ്മശാനത്തിന്റെ തെക്കുവശത്തെ പാടശേഖരത്തേക്ക് ട്രില്ലർ ട്രാക്ടർ എന്നിവ കടക്കുന്നതിന് ആവശ്യമായ ചരിവ് ഉണ്ടാക്കുക.

2. പൊയ്യ കാർത്തിക്കാവ് ക്ഷേത്രത്തിന്റെ വടക്കുഭാഗത്തുനിന്നും കരുണാകരൻ മാസ്റ്ററുടെ മുൻവശത്തുകൂടി പോകുന്ന റോഡ് പാടത്തേക്ക് തുറന്ന് ട്രില്ലർ, ട്രാക്ടർ എന്നിവ കൊണ്ടുപോകുന്നതിന് ഉപയോഗ്യമാക്കുക.

3. നിലം നികത്തൽ എടപ്പാടം തോടിന്റെ നാലുവശവും നികത്തി തൈവച്ചതുമൂലം കൃഷിനിലത്തിലേക്ക് കർഷകന് ഇറങ്ങാൻ സാധിക്കുന്നില്ല. ഇതിന് പരിഹാരം കാണുക.

പാടശേഖരസമിതിയും പഞ്ചായത്ത് പ്രതിനിധിയുമായി ചർച്ചചെയ്ത് പരിഹാരം തേടാവുന്നതാണ്. അല്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

## വാർഡ് 7

1. തൻകുളം മയ്യപ്പാടം എടപ്പാടം കുറുപ്പം പറമ്പ് പാടം എന്നിവയിലേക്ക് വെള്ളം എത്തിച്ചുതരുന്ന കണ്ണൻചിറ തോട് മയ്യപ്പാടം തോട് എന്നിവ വീതിയും ആഴവും വർദ്ധിപ്പിക്കുക.
2. മയ്യപ്പാടത്ത് വളം കറ്റ എന്നിവകൊണ്ടു വാഹനം പോകുന്നതിനാവശ്യമായ റോഡ് നിർമ്മിക്കുക.
3. എടപ്പാടത്ത് കൃഷിസ്ഥലം കമ്പിവേലികെട്ടിയതിനാൽ കൃഷിക്കാർക്ക് വയലിലേക്ക് പോകുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇത് പരിഹരിക്കുക.
4. മരച്ചീനി കൃഷിയെ പ്രോത്സാഹിപ്പിക്കുക.
5. എലിനശീകരണം നടത്തുക.

## വാർഡ് 8

1. ആഴ്ചയിലൊരിക്കൽ കൃഷി ഉദ്യോഗസ്ഥന്റെ സേവനം ഉറപ്പുവരുത്തുക.

## വാർഡ് 9

1. തെങ്ങ് കവുങ്ങ് എന്നിവയുടെ രോഗത്തിനെതിരെ സമഗ്രമായ മരുന്നുനടപ്പി[illegible]ുക.

443

# വാർഡ് 10

1. കൃഷിഭവൻ വാർത്താബോർഡുകൾ സ്ഥാപിക്കുക.

പൊതുവെ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ പരിഹരിക്കപ്പെടേണ്ടതു തന്നെയാണ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ സമഗ്രപദ്ധതികൾ ആസൂത്രണംചെയ്ത് ഘട്ടംഘട്ടമായി നടപ്പിലാക്കിയാൽ പൊയ്യ പഞ്ചായത്തിലെ വിവധകൃഷി വളരെ ലാഭകരമായി നടത്തുന്നതിന് സാധിക്കും. മഴയെ മാത്രം ആശ്രയിക്കുന്ന അവസ്ഥ മാറിയാലെ പൊയ്യ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കാർഷികമേഖല പുഷ്ടിപ്പെടുകയുള്ളൂ.

## ജലസേചനം (ചരിത്രം)

പൊയ്യഗ്രാമപഞ്ചായത്തിന്റെ തെക്കും കിഴക്കും വടക്കും പഞ്ചായത്തുകളിൽ ജലസേചന സൗകര്യമുണ്ട്. കണക്കൻകടവിലൂടെ ഒഴുകിപ്പോകുന്ന വെള്ളത്തെ ലിഫ്റ്റിറിഗേഷൻ വഴി പൊതുപഞ്ചായത്തിലെത്തിച്ചാൽ ഇവിടെ ആവശ്യത്തിന് ജലമായി. യാതൊരു കനാൽ സൗകര്യമില്ലാത്ത ഈ പഞ്ചായത്തിന്റെ ചരിത്രം ഇതുവരെ തിരുത്തിക്കുറിക്കാൻ കഴിഞ്ഞിട്ടില്ല. ആഴവും വീതിയും വേണ്ടത്ര ഉണ്ടായിരുന്ന തോടുകളിൽ ചക്രംവച്ച് ചവിട്ടിയാണ് പാടത്തേക്ക് വെള്ളം കയറ്റിയിരുന്നത്. അതുപോലെ കുളങ്ങളിലും കിണറുകളിലും തേക്കകൊട്ട ഉപയോഗിച്ച് കാളയെക്കൊണ്ട് വലിപ്പിച്ചാണ് പറമ്പുകളിലെ ജലസേചനം സാദ്ധ്യമാക്കിയിരുന്നത്. വൈദ്യതിയുടെ വരവോടുകൂടി തേക്ക്കൊട്ടയ്ക്ക് പകരം മോട്ടോർ പമ്പുസെറ്റുകൾ സ്ഥാപിച്ചു.

## ത്രൈഗ്രാം ലിഫ്റ്റിറിഗേഷൻ

പൊയ്യ പഞ്ചായത്തിൽ ആകെയുള്ള ഒരേയൊരു ജലസേചന സൗകര്യമാണ് മടത്തുംപടിയിലുള്ള ത്രൈഗ്രാം ലിഫ്റ്റിറിഗേഷൻ . ചെറുകിടകർഷകവികസനസമിതി വഴിയാണ് ഈ ജലസേചനപദ്ധതി നടപ്പിലാക്കിയത്. 175 ഏക്കറോളം ഭൂമിയാണ് ഇതുവഴി ജലസേചനസൗകര്യമുള്ളത്. K.E.S.S. എന്ന വികാരിമാരുടെ സംഘവും മടത്തുംപടിയിലെ കൃഷിക്കാരുടെ സംഘവും ഒത്തുചേർന്ന് രൂപം നൽകി നടപ്പിലാക്കിയതാണ് മേൽപ്പദ്ധതി. 1976ൽ പണിയാരംഭിച്ച് 1978ൽ ഇതു പൂർത്തിയാക്കി. വെള്ളം ഉപയോഗിക്കുന്നതിനനുസരിച്ച് വെള്ളക്കരം കൊടുക്കേണ്ടതുണ്ട്.

95-96 കുടുംബവർഷത്തിൽ ജലധാര പദ്ധതി വഞ്ചിപ്പുരത്താഴം സ്ക്കീമിന്റെ മടത്തുംപടി സബ്കനാലിന്റെ കോൺക്രീറ്റ് ലൈനിങ്ങ് പണിക്ക് 2,45,581 രൂപ ചെലവുചെയ്തിട്ടുണ്ട്. 96-97 വർഷത്തിൽ കാദംബരി മയ്യപ്പാടം തോടിന്റെ ഉദ്ധാരണപ്പണികൾ സെക്കന്റെ റീച്ച് പണിയുന്നതിന് വേണ്ട സംഖ്യയും അനുവദിച്ചിട്ടുണ്ട്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പൊതുസ്വഭാവമാർജ്ജിക്കുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. വഞ്ചിപ്പുരത്താഴം ലിഫ്റ്റിറിഗേഷൻ സബ്ബ് കനാലുകൾ പൂർത്തിയാക്കുക.
2. ത്രൈഗ്രാം ലിഫ്റ്റ് ഇറിഗേഷൻ സർക്കാർ ഏറ്റെടുക്കുക.
3. പാടശേഖരത്തോടുകളിലൂടെ ഒഴുകിപ്പോവുന്ന വെള്ളത്തെ തടഞ്ഞുനിർത്തി(ചെക്ക് ഡാം) ജലസേചനത്തിന് ഉപയോഗിക്കുക.
4. കൊടപ്പുറം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അടിയന്തിര പ്രാധാന്യം നൽകി നടപ്പിലാക്കുക.
5. കൊമ്പൊടിഞ്ഞാൽ പദ്ധതി വേഗത്തിൽ പൂർത്തിയാക്കുക.
6. എലിച്ചിറ പാലത്തിന്റെ തെക്കുഭാഗം പുഴയിലുള്ള മണ്ണുതിട്ട എടുത്തുകളഞ്ഞ് വേഗത്തിൽ വെള്ളം ഒഴിഞ്ഞു പോകാൻ സൗകര്യമുണ്ടാക്കുക.
7. ഉപ്പുവെള്ളം കയറാതിരിക്കുന്നതിന് കോട്ടമുറി ലീപ്പ് പുനർനിർമ്മിക്കുകയും ചെന്തുരുത്തി ഭാഗത്ത് പുതിയ ചീപ്പ് ഇടുകയും ചെയ്യുക.
8. വെള്ളക്കെ്ട് ഒഴിവാക്കുന്നതിന് പുറമ്പോക്ക് തോടുകൾ പുനരുദ്ധാരണം ചെയ്യുക
9. സാമൂഹ്യജലസേചന പദ്ധതികൾ ആരംഭിക്കുക
10. പൊതുക്കുളങ്ങൾ വൃത്തിയാക്കി മോട്ടോർ പമ്പുസെറ്റുകൾ സ്ഥാപിച്ച് ഉപയോഗ്യമാക്കുക.

## വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളും ആവശ്യങ്ങളും.

## വാർഡ് 1,2,3,4,5,6,7,8,9,10

1. കിഴക്കേക്കുന്ന് കോളനിയിൽ തുടങ്ങിവച്ച റീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കണം. പഞ്ചായത്തിൽനിന്നും മോട്ടോർ പമ്പുസെറ്റ് നൽകിയിട്ടുള്ളതാണ്.

2. എരട്ടപ്പടിയിലുള്ള കുഴൽക്കിണർ ഉപയോഗിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക.

3. നിർദ്ദിഷ്ട പൂപ്പത്തി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുളിപ്പറമ്പ് വഴി പൊയ്യയിലേക്ക് നീട്ടുക.

4. മംഗലക്കുളം പൂപ്പത്തി കോളനി ലിഫ്റ്റ് ഇറിഗേഷൻ പണി ആരംഭിക്കുക.

5. വടക്കേക്കോട്ട പ്രദേശത്ത് എത്തിനിൽക്കുന്ന മാളച്ചാലിലെ വെള്ളം കുന്നത്തുപാടത്തുള്ള കുളത്തിൽ ചാടിച്ച് വട്ടക്കോട്ടയിൽ നിന്നും പടിഞ്ഞാറോട്ടൊഴുക്കി പ്ലാവുംമുറി തങ്കുളം റോഡിൽക്കൂടി കാനയുണ്ടാക്കി കണ്ണഞ്ചിറ ത്തോടിന്റെ തെക്കുഭാഗത്ത് എത്തിക്കേണ്ടതാണ്.

6. മാള തെക്കേച്ചിറയിൽ നിന്നും മാളത്തോട് വഴി കടലിലേക്ക് ഒഴുകുന്ന വെള്ളം ചിറയുടെ പടിഞ്ഞാറേ അതിർത്തിയിൽ തടയിണ കെട്ടി ശേഖരിച്ച് ലിഫ്റ്റ് ചെയ്ത് PVC പൈപ്പ് വഴി പാറക്കുളം പാങ്കുളം എന്നിവയിൽ ശേഖരിച്ച് അവിടെനിന്നും മോട്ടോർ ഉപയോഗിച്ച് വിതരണം ചെയ്യുക.

7. പാങ്കുളം പാടത്ത് നിന്ന് ആരംഭിച്ച് 9–ാം വാർഡിൽ അണ്ടിക്കമ്പനിയിൽ അവസാനിക്കുന്ന തോട്ടിൽ ചെക്ക് ഡാം നിർമ്മിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

8. മാളച്ചാലിൽ നിന്നും പാങ്കുളത്തിൽ വെള്ളം എത്തിച്ച് അവിടെ നിന്നും നിലവിലുള്ള തോടുവഴി പടിഞ്ഞാറ് അതിർത്തിയിലുള്ള നെൽക്കൃഷിയിടത്തിൽ എത്തിച്ചാൽ 250 ഏക്കറിന് പ്രയോജനം ലഭിക്കും.

9. മാളച്ചാലിൽ നിന്നും തെക്കേ കലുങ്ക് വഴി അണ്ടിക്കമ്പനിത്തോട് ഉയർത്തി ഉപ്പുവെള്ളം കയറാതെ ഇടതോടുകൾ അടച്ച് സംരക്ഷിച്ചാൽ ഉപ്പുവെള്ളം കയറാതെ നെൽക്കൃഷിയെ രക്ഷിക്കാം.

10. പാങ്കുളം വഴി ചേമ്പാലം പാടംകൂടി പോകുന്ന പുറമ്പോക്ക് തോട് കൈവശം വച്ചിരിക്കുന്നവരിൽനിന്ന് തിരിച്ചെടുത്ത്, പഴയ അവസ്ഥയിലാക്കി വെള്ളംകൊണ്ടുവരുന്ന പക്ഷം ഈ പ്രദേശത്തുള്ള നെൽക്കൃഷി മുപ്പൂവും പണിയുവാൻ സാധിക്കും. തോടിന്റെ ഒരു വശം വീതി കൂട്ടി കൃഷിസ്ഥലത്തേക്ക് യന്ത്രസാമഗ്രികളും വളവും മറ്റും കൊണ്ടുവരുന്നതിനു സൗകര്യം ഉണ്ടാക്കണം.

11. കൃഷ്ണൻകോട്ട, കഴിഞ്ചിത്തറ, നാലുവഴി പ്രദേശങ്ങളിലെ സ്വകാര്യവ്യക്തികളുടെ കുളങ്ങൾ കിണറുകൾ എന്നിവ വൃത്തിയാക്കി ഉടമസ്ഥരെ നേരിൽക്കണ്ട് ജലവിതരണത്തിനുള്ള നടപടികൾ ആസൂത്രണം ചെയ്യുക.

ഇത്യാദി ജലസേചനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിലൂടെ ജനങ്ങൾ സമർപ്പിക്കുകയുണ്ടായി. പഞ്ചായത്തിൽ ദീർഘകാലഗുണം ലഭിക്കുന്നതും മൊത്തം ജനങ്ങൾക്ക് ഉപകാരപ്രദമാകാവുന്നരീതിയിലുള്ള ഇറിഗേഷൻ പദ്ധതി ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു സംഗതിയാണ്. മഴവെള്ളക്കാലത്ത് ഒലിച്ച് പോകുന്ന മഴവെള്ളത്തെ പാടശേഖരങ്ങളിലെ തോടുകളിൽ സംഭരിച്ച് വേനൽക്കാലത്ത് ഉപയോഗിക്കാവുന്ന രീതി പരിശോധിക്കേണ്ടതാണ്. പൊയ്യ ഗ്രാമപഞ്ചായത്തിലെ നെൽപ്പാടശേഖരങ്ങളിലെ നീർച്ചാലുകൾ വീതിയും ആഴവും കുറഞ്ഞിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വേണമെന്ന് എല്ലാ ദിക്കിൽ നിന്നും ഉയർന്നുവന്നിട്ടുള്ളതാണ്.

കൃഷിയും ജലസേചനവും പരസ്പരപൂരകങ്ങളാണെങ്കിലും രണ്ടിനും പൊയ്യ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യം അർഹിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന ഓരോ കാര്യവും പരിശോധിച്ച് മുൻഗണന ക്രമത്തിൽ നടപ്പിൽ വരുത്തത്തക്കവിധത്തിലും പുതിയവ ചർച്ച ചെയ്യുന്നതിനും പ്രത്യുത ഈ റിപ്പോർട്ട് നിങ്ങളേവരുടേയും സജീവ ചർച്ചക്കായി അവതരിപ്പിക്കുന്നു.

# മത്സ്യബന്ധനം, മൃഗസംരക്ഷണം

പൊയ്യ ഗ്രാമപഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗം അറബിക്കടലുമായും പെരിയാർനദിയുമായും ബന്ധപ്പെട്ടു കിടക്കുന്നതിനാൽ കായലും പരപ്പുകളും തോടുകളും പൊക്കാളി നിലങ്ങളും ചതുപ്പു പ്രദേശങ്ങളും ഒരു ജലമേഖലയാകുന്നു. കിഴക്കുതെക്കുഭാഗം ശുദ്ധജലമേഖലയുമാകുന്നു.

പ്രസ്തുത ശ്രോതസ്സുകളിൽ പരമ്പരാഗത മത്സ്യബന്ധനോപകരണങ്ങളായ ഊന്നിവല, ചീനവല, തൂമ്പുവല, വീശുവല, ഒഴുക്കുവല, അടിച്ചിൽ, പാച്ചിൽചങ്ങാടം, കൂട്ട്, ചൂണ്ട, മുതലായവ ഉപയോഗിച്ചാണ് മത്സ്യബന്ധനം നിർവ്വഹിച്ചുപോകുന്നത്.

ഈ ഗ്രാമപഞ്ചായത്തിന്റെ മാളപള്ളിപ്പുറം കുറുപ്പം പറമ്പ്, ചെന്തുരുത്തി, കൊശോവർകുന്ന്, കഴിഞ്ചിത്തറ, കൃഷ്ണൻകോട്ട, എന്നീ പ്രദേശങ്ങളിലാണ് മത്സ്യത്തൊഴിലാളികളും ചെമ്മീൻവാറ്റു കൃഷിക്കാരുമുള്ളത്. മറ്റുപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ പൊതുവേ വിരളമാണ്.പൊതുവെ മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസ സാമൂഹ്യസാംസ്ക്കാരിക നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും സാമ്പത്തികമായി ദാരിദ്ര്യരേഖക്കു താഴെയാണ്.

ഫിഷറീസ് വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികളായ 1. സമ്പാദ്യ ആശ്വാസപദ്ധതി 2. മാതൃകമത്സ്യത്തൊഴിലാളി ഗ്രാമവികസനപദ്ധതി 3.റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ 4.പ്രത്യേകഘടകപദ്ധതി എന്നിവപ്രകാരം ഈ പദ്ധതിക്കാലത്ത് പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾക്ക് യാതൊന്നും ലഭ്യമായിട്ടില്ല.

## വിദ്യാഭ്യാസആനുകൂല്യങ്ങൾ :-

ഈ പദ്ധതിയനുസ്സരിച്ച് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ആനുകൂല്യം നൽകിവരുന്നു. ആനാപ്പുഴകാട്ടൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമസഹകരണസംഘം No.(R)27/91/CZ ഈ പഞ്ചായത്തിൽ നിന്നും മത്സ്യത്തൊഴിലാളികൾ അംഗങ്ങളാണ്. വനിത മത്സ്യത്തൊഴിലാളി സേവനബാങ്കിൽ തൊഴിലാളികൾക്ക് ഓഹരിയെടുക്കാവുന്നതാണ്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികളുണ്ടിവിടെ. പ്രസ്തുത ബോർഡിൽനിന്നും നടപ്പാക്കുന്ന വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതാണ്.

രണ്ടുമൂന്നു പതിറ്റാണ്ടുകൾക്കുള്ളിൽ വ്യക്തിഗത കൈമാറ്റത്താൽ വിസ്തൃതമേറിയ പല ഓരുജലപ്രദേശങ്ങളും ചെറുതുണ്ടുകളായി മാറുകയും ചെമ്മീൻ വാറ്റ് കർഷകരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്തു. കൂടാതെ തൊഴിലില്ലായ്മയുടെ രൂക്ഷതമൂലം കായലുകളിലും, പരപ്പുകളിലും, തോടുകളിലും, മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവാണുണ്ടായത്. മത്സ്യസമ്പത്തിന് വിപണനരംഗത്തുണ്ടായ വിലവർദ്ധനയാണ് മത്സ്യബന്ധനരംഗത്തെ വളർച്ചയ്ക്ക് മറ്റൊരുകാരണം. ഇതുമൂലം യാതൊരു തത്വദീക്ഷയുമില്ലാതെയുള്ള മത്സ്യബന്ധനം തുടരുന്നതിനാൽ വംശോല്പാദനം നശിക്കുകയും മത്സ്യസമ്പത്തിന്റെ ഉല്പാദനക്ഷമത കൈവരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു.

ഈ അടുത്തകാലത്തായി മത്സ്യങ്ങൾക്ക് കണ്ടുവരുന്ന വൈറസ് രോഗം മൂലം മത്സ്യകൃഷിയിടങ്ങൾ അപ്പാടെ നശിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത രോഗത്തിനുള്ള പ്രതിരോധ നടപടികൾ ശാസ്ത്രസാങ്കേതിക രംഗത്ത് വിജയിച്ചുകാണുന്നില്ല.

പൊയ്യ ഗ്രാമപഞ്ചായത്തിലെ പള്ളിപ്പുറം, പൊയ്യ, മടത്തുംപടി, വില്ലേജുകളിലായി ഓരുജലാശയങ്ങൾ ആകെ 1232.55 ഹെക്ടറാണ്. ഇതിൽ 299.41 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത ചെമ്മീൻ കെട്ടുകളും, പൊയ്യമാതൃക ചെമ്മീൻകൃഷി ഫാം ഉൾപ്പെടെ 104.35 ഹെക്ടറിൽ ശാസ്ത്രീയചെമ്മീൻ ഫാമുകളും നടത്തുന്നു. 828.77 ഹെക്ടർ കായലും, പരപ്പും, തോടുകളുമാണ്. ഇതിൽ സ്ഥിരം പട്ടയം ലഭിച്ചിട്ടുള്ള സ്ഥലത്ത് സ്വകാര്യവ്യക്തികൾ ഊന്നിവലയും ചീനവലയും ഉപയോഗിച്ച് മീൻ പിടിക്കുന്നു. മറ്റു ഉപകരണങ്ങളുപയോഗിച്ചും മത്സ്യബന്ധനവും നിർബാധം നടക്കുന്നുണ്ട്.

പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതിക്കാലത്ത് അഡാക്കിന്റെ പൊയ്യ ഫാം ഉൾപ്പടെ 104.35 ഹെക്ടർ ശാസ്ത്രീയ ചെമ്മീൻകൃഷിയും 299.41 ഹെക്ടർ പരമ്പരാഗത ചെമ്മീൻകെട്ടും നടത്തുകയുണ്ടായി. ഇതിൽ നിന്നും ഉല്പാദനം 284 ടൺ വിറ്റുവരവ് 6.96 കോടിരൂപ. പ്രവർത്തനച്ചിലവ് 2.38കോടിരൂപയാണ്. ഈ വസ്തുത വിരൽചൂണ്ടുന്നത് ഈ പഞ്ചായത്തിലെ കനകം വിളയുന്ന ഓരുജല സ്രോതസ്സിനെ വികസിപ്പിക്കുവാൻ ബന്ധപ്പെട്ടവർ ഗൗരവമായി ആലോചിക്കേണ്ടതാണ്.

446

ശുദ്ധജലമേഖലയിൽ തോടുകളും, കുളങ്ങളും, പഞ്ചായത്തിന്റെ അധീനതയിലും വ്യക്തികളുടെ അധീനതയിലും രണ്ടുസെന്റുമുതൽ ഒന്നര ഏക്കർ വരെ വിസ്തീർണ്ണമുള്ളവയാണെങ്കിലും ഈ രംഗത്ത് പരമ്പരാഗതമത്സ്യങ്ങളും മത്സ്യബന്ധന രീതികളുമാണ് നിലനിൽക്കുന്നത്. കാലാവസ്ഥയിലുണ്ടായ മാറ്റവും, മറ്റുജലസേചനപദ്ധതികളും ഇല്ലാത്തതിനാലും പ്രസ്തുത തോടുകളും ജലദൗർലഭ്യത്താൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്രോതസ്സ് ശാസ്ത്രീയ വീക്ഷണത്തോടെ വികസിപ്പിക്കുകയാണെങ്കിൽ തൊഴിലില്ലാത്ത കുറച്ചു യുവാക്കൾക്ക് ഒരു തൊഴിൽ മേഖലയായും ശുദ്ധജലമത്സ്യോല്പാദനത്തിന്റെ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയും. ആയതിന് വ്യക്തികളും പഞ്ചായത്തധികൃതരും മുന്നോട്ടുവരേണ്ടതാണ്.

# പൊയ്യ പഞ്ചായത്ത്

## മത്സ്യബന്ധന വിവരണപട്ടിക

| | | |
|---|---|---|
| ഓരുജലകായൽ, പരപ്പ്, തോട് | – | 828.77 ഹെക്ടർ |
| പരമ്പരാഗത ചെമ്മീൻകെട്ട് | – | 299.41 " |
| ശാസ്ത്രീയ ചെമ്മീൻകൃഷി | – | 104.35 " |
| ആകെ വിസ്തീർണ്ണം | – | 1232.55 " |
| ആകെ ചെമ്മീൻ ഉല്പാദനം | – | 284 ടൺ |
| പ്രവർത്തനചെലവ് | – | 2.38 കോടി രൂപ |
| വിറ്റുവരവ് | – | 6.96 കോടി രൂപ |
| മത്സ്യത്തൊഴിലാളിബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ | – | 137 പേർ |
| പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങൾ | – | ചീനവല, ഊന്നിവല, തൂമ്പുവല, വീശുവല, ഒഴുക്കുവല, അടിച്ചിൽ, പാച്ചിൽ ചങ്ങാടം, കൂട്, ചൂണ്ട |
| ശാസ്ത്രീയ ചെമ്മീൻ കൃഷിയിൽ | – | മോട്ടോർ പമ്പുസെറ്റ് വൈദ്യുതി |
| വിപണനം സംസ്ക്കരണം | – | കൊടുങ്ങല്ലൂർ മേഖലയിൽ |

## ശുദ്ധജലമേഖല

| | | |
|---|---|---|
| പഞ്ചായത്തുവക കുളം, തോട് | – | 39 എണ്ണം |
| പഞ്ചായത്തുവക കിണർ | – | 38 എണ്ണം |
| വ്യക്തിഗത കുളം | – | 26 എണ്ണം |
| വിസ്തീർണ്ണം | – | 2 സെന്റുമുതൽ 1.50 ഏക്കർ വരെ |
| ശുദ്ധജലമത്സ്യങ്ങൾ | – | വിരാൽ, മുഷി, വാള, കരിമീൻ, മൽഞ്ഞീൻ, ചെറുമത്സ്യങ്ങൾ |
| വൈറസ് രോഗം മൂലം | – | വംശനാശം സംഭവിക്കുന്നുണ്ട്. |
| മത്സ്യബന്ധനം | – | പരമ്പരാഗത രീതി |
| വിപണനം | – | അതാത് പ്രദേശത്ത് തന്നെ നടക്കുന്നു. |

## ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പൊയ്യപഞ്ചായത്തിലെ ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു

### വാർഡ് 1, 3

1. പൊതുകുളങ്ങളിൽ മത്സ്യം വളർത്തൽ ഏർപ്പെടുത്തുക.

2. സ്വകാര്യ വ്യക്തികൾക്ക് മത്സ്യം വളർത്താൻ വായ്പാസൗകര്യം ഏർപ്പെടുത്തുക.

### വാർഡ് 2

1. വാർഡിലെ തോടുകൾ കെട്ടി സംരക്ഷിച്ച് മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.

### വാർഡ് 3

1. മത്സ്യസഹകരണസംഘം സ്ഥാപിക്കുക.

447

### വാർഡ് 4

1. മത്സ്യക്കൃഷിക്കാർക്ക് മത്സ്യരോഗബാധയാൽ നാശനഷ്ടത്തിനും സാമ്പത്തികസഹായവും സാങ്കേതിക ഉപദേശങ്ങളും നൽകുക.

### വാർഡ് 7

1. മത്സ്യബന്ധനോപകരണങ്ങൾക്കാവശ്യമായ വലയും, മറ്റുപകരണങ്ങളും കുറഞ്ഞനിരക്കിൽ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
2. മത്സ്യത്തൊഴിലാളി മേഘലയായ കുറുച്ചുംപറമ്പിലേക്ക് വൈദ്യുതി എത്തിയ്ക്കുക.

### വാർഡ് 9.

1. സ്വകാര്യവ്യക്തികൾ ശാസ്ത്രീയ ചെമ്മീൻകൃഷി പൊക്കാളി നിലങ്ങളിൽ നടത്തുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെട്ടതിനാൽ പ്രസ്തുത കൃഷിയിടങ്ങളിൽ അവർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുക.

### വാർഡ് 10

1. ചെമ്മീൻകൃഷി ലാഭകരമാക്കുന്നതിന് സാങ്കേതികസാമ്പത്തിക സഹായം ലഭ്യമാക്കുക.
2. കഴിഞ്ചിത്തറ തോട്ടിൽ ചൈനീസ് മോഡൽ നെറ്റുകൾ വളച്ചുകെട്ടി മത്സ്യക്കൃഷി നടത്തുക.
3. ശുദ്ധജലമത്സ്യക്കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുക.
4. മത്സ്യത്തൊഴിലാളികളുടെ പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
5. മത്സ്യവിപണനത്തൊഴിലാളികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
6. മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികൾക്കുള്ള ലപ്സം ഗ്രാന്റ് യഥാസമയം ലഭ്യമാക്കുക.
7. പൊയ്യ മാതൃക ചെമ്മീൻ ഫാം (അഡാക്ക്) പഞ്ചായത്തിന് കൈമാറുക.

## പൊതുനിർദ്ദേശം

1. സംസ്ഥാനസർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഏജൻസികൾ തൃശൂർജില്ലയിലുള്ള ശുദ്ധജലക്കൃഷിയിൽ കർഷകരെ സഹായിക്കുന്നതിനായി മത്സ്യകർഷകവികസന ഏജൻസി (F.F.D.A.) ഓരുജലമത്സ്യകർഷകസഹകരണ ഏജൻസി (B.F.F.D.A.), സംസ്ഥാന ജലകൃഷിവികസന ഏജൻസി (A.D.A.K.) എന്നീ സ്ഥാപനങ്ങൾ വഴി സാങ്കേതിക ഉപദേശവും സാമ്പത്തിക സഹായവും ലഭ്യമാക്കണം.
2. മത്സ്യവിത്തുല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
3. അക്വാസ്റ്റേറ്റുകൾ വഴി കൃഷിക്കാർക്ക് ആവശ്യമായ വളം, തീറ്റ വിവിധതരം കൃഷി ഉപകരണങ്ങൾ കീടനാശിനികൾ തുടങ്ങിയ വസ്തുക്കൾ വിതരണം ചെയ്യണം.
4. മത്സ്യ അവശിഷ്ടങ്ങൾ കൊണ്ട് ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ഫിഷ്മിൽ യൂണിറ്റ് ആരംഭിക്കണം.
5. മത്സ്യഭവൻ പൊയ്യപഞ്ചായത്തിൽ സ്ഥാപിക്കണം.
6. മത്സ്യം, ചെമ്മീൻ മുതലായവയുടെ സംസ്ക്കരണത്തിന് അക്വാ ഇൻഡസ്ട്രീസ് അനുവദിക്കണം.

## മൃഗസംരക്ഷണം – അവലോകനം

മൃഗപരിപാലനരംഗത്ത് കഴിഞ്ഞ ഒന്നുരണ്ട് ദശാബ്ദക്കാലത്തിനിടയ്ക്ക് പൊയ്യ ഗ്രാമപഞ്ചായത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഒന്നുപരിശോധിക്കാം. മറ്റു ഗ്രാമപഞ്ചായത്തുകളുമായി താരതമ്യംചെയ്യുമ്പോൾ, അത്യുല്പാദനശേഷിയുള്ള ഇനങ്ങളുടെ വ്യാപനത്തിലും, ഉല്പാദനത്തിലും, ഉല്പാദനക്ഷമതയിലും, പൊയ്യഗ്രാമപഞ്ചായത്ത് വേണ്ടത്ര വളർച്ച നേടിയിട്ടില്ല എന്നുകാണാം. ഇതിനേക്കാളുപരി വേണ്ടത്ര പ്രതിരോധശേഷിയുള്ള നാടൻ ഇനങ്ങൾ അപ്രത്യക്ഷമാവുകയുമാണ്.

448

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനം കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയാൽ ഈ മേഖലയിൽ കൂടുതൽ സാധ്യതകൾ ഉണ്ട്. മുൻകാലഘട്ടങ്ങളെ അപേക്ഷിച്ച് കോഴി, കാലി എന്നിവയ്ക്ക് പ്രകൃതിയിൽനിന്ന് ലഭിച്ചുകൊണ്ടിരുന്ന തീറ്റവസ്തുക്കൾ വളരെ കുറവാണ്. ഇതിന് ബദലായി സ്ഥാപിതതാല്പര്യക്കാരുടെ തീറ്റവസ്തുക്കൾ അമിതവിലയ്ക്ക് വിറ്റഴിക്കുമ്പോൾ കർഷകരുടെ ചിലവ് വർദ്ധിക്കുന്നതിനാൽ പ്രസ്തുത മേഖലയിൽ മുരടിപ്പ് അനുഭവപ്പെടുന്നുണ്ട്.

ഈ കാലഘട്ടത്തിൽ മൃഗപരിപാലനരംഗത്തെ പരമ്പരാഗതരീതി, ശാസ്ത്രീയമൃഗപരിപാലനപരിപാടി എന്നിവയെപ്പറ്റി കർഷകർക്ക് കൂടുതൽ അറിവുപകരാൻ ബന്ധപ്പെട്ട വകുപ്പ് താല്പര്യമെടുക്കുകയുണ്ടായി. നമ്മുടെ പഞ്ചായത്തിൽ വിവിധ ക്ഷീരോല്പാദകസഹകരണസംഘങ്ങൾ സ്ഥാപിതമായതോടെ ക്ഷീരോല്പാദന രംഗത്ത് മുന്നേറ്റമുണ്ടായി. വിപണനസൗകര്യം വർദ്ധിച്ചതോടെ ഈ രംഗത്തേക്ക് കൂടുതൽ കർഷകർ കടന്നുവരികയുണ്ടായി. സംഘങ്ങളുടെ പ്രവർത്തനത്തോടെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകർ മോചിതരായി. എന്നിരുന്നാലും ഇന്നത്തെ ഉല്പാദനച്ചെലവ് താരതമ്യം ചെയ്യുമ്പോൾ കർഷകർ നഷ്ടം നേരിടുന്നു. അതുകൊണ്ട് തന്നെ പ്രസ്തുത മേഖലയിൽ നിന്നും കർഷകർ മാറുന്ന സ്ഥിതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു കാഴ്ച പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തി ക്ഷീരോല്പാദകർക്ക് ആശ്വാസപരിപാടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ആട്, കോഴി, പന്നി എന്നിവ വ്യവസായിക അടിസ്ഥാനത്തിൽ വളർത്തേണ്ടതിന്റെ ആവശ്യകതയെപറ്റി ജനങ്ങളെ ബോധവാന്മാരാക്കേണ്ടതിന് സത്വര നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## അനുബന്ധം 1

## മൃഗസംരക്ഷണം – 1996ലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ

| Sl.No. | പൊയ്യ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദകസഹകരണസംഘങ്ങളുടെ പേരുവിവരം | അംഗങ്ങളുടെ എണ്ണം | ശേഖരിക്കപ്പെടുന്ന പാൽ ലിറ്റർ | പഞ്ചായത്തിൽ വിൽക്കുന്ന പാൽ ലിറ്റർ | കയറ്റി അയയ്ക്കുന്ന പാൽ ലിറ്റർ |
|---|---|---|---|---|---|
| 1 | മാള പള്ളിപ്പുറം ക്ഷീരോല്പാദന സഹകരണസംഘം | 161 | 300 | 35 | 265 |
| 2 | പൂപ്പത്തി ക്ഷീരോല്പാദനസഹകരണ സംഘം | 746 | 600 | 35 | 565 |
| 3 | പൊയ്യ ക്ഷീരോല്പാദനസഹകരണസംഘം | 567 | 3875 | 957 | 2917 |
| 4 | മടത്തുംപടി ക്ഷീരോല്പാദനസഹകരണ സംഘം | 94 | 275 | 15 | 260 |
| 5 | P.D.D.P. സൊസൈറ്റി, മാള പള്ളിപ്പുറം | 247 | 210 | 25 | 185 |
| 6 | P.D.D.P. സൈസൈറ്റി, പൂപ്പത്തി | 169 | 250 | 40 | 210 |
| 7 | P.D.D.P. സൊസൈറ്റി, മടത്തുംപടി | 87 | 425 | 5 | 420 |
| | ആകെ | 2071 | 5935 | 1112 | 4832 |

409

## പൊയ്യ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയുടെ സ്ഥാപിതം 11–1–87

## പ്രസ്തുത ആസ്പത്രിയിൽനിന്നും നടത്തിവരുന്ന വികസന പ്രവർത്തന പട്ടിക

| | |
|---|---|
| കൃത്രിമബീജസങ്കലനം | 3000 |
| പ്രതിരോധകുത്തിവയ്പ് | 2000 |
| കോഴികളുടെ പ്രതിരോധകുത്തിവയ്പ് | 10000 |
| ചികിത്സിച്ച മൃഗങ്ങളുടെ എണ്ണം | 12000 |
| പേവിഷബാധയ്ക്ക് കുത്തിവെച്ച നായ്ക്കൾ | 300 |
| വിതരണം നടത്തിയ കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം | 3000 |
| വിതരണം ചെയ്ത പന്നിക്കുട്ടികൾ | 25 |
| വിതരണം ചെയ്ത കിടാരികൾ | 10 |
| വിതരണം ചെയ്ത ആടുകൾ | 25 |
| വിതരണം ചെയ്ത പോത്ത് | 1 ജോഡി |

**പൊയ്യ പഞ്ചായത്തിലുള്ള മൃഗങ്ങളുടെ പട്ടിക**

| ഇനം | എണ്ണം |
|---|---|
| പശു | 1288 |
| കാള | 112 |
| ആട് | 5275 |
| കോഴി | 18420 |

## ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

1. കോഴി, പന്നി, കന്നുകാലികൾ, എന്നിവ ശാസ്ത്രീയമായി വളർത്തുന്നതിന് സാങ്കേതിക പരിശീലനവും സാമ്പത്തികസഹായവും നൽകുക.
2. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടേയും വില കുറയ്ക്കുന്നതിനുള്ള നടപടികളോ അല്ലെങ്കിൽ ന്യായമായ സബ്സിഡി ഏർപ്പെടുത്തി കർഷകർക്ക് ആശ്വാസനടപടികൾ നൽകുക.
3. പൊയ്യയിൽ ഒരു മൃഗാശുപത്രി അനുവദിക്കണം. നിലവിലുള്ള മൃഗാശുപത്രിയിൽ സേവനം ഞായറാഴ്ചകളിലും ലഭ്യമാക്കുക.
4. പാലിന്റെ വില വർദ്ധിപ്പിക്കുക.
5. കാലാവസ്ഥയ്ക്ക് അനുയോജ്യമായി അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ വിതരണം ചെയ്യുക.
6. ബീജസങ്കലനത്തിനുള്ള ഫീസിന്റെ പരിധി മൂന്നുമാസമായി നിജപ്പെടുത്തുക.
7. മൃഗങ്ങൾക്കുള്ള ഇൻഷുറൻസ് സംഖ്യ കുറയ്ക്കുകയോ കാലാവധി വർദ്ധിപ്പിക്കുകയോ ചെയ്യുക.
8. മുഴുവൻ സമയ സേവനത്തിന് ഡോക്ടറെ നിയമിക്കുക.
9. കശാപ്പിനുള്ള മൃഗങ്ങൾക്ക് പരിശോധനസംവിധാനം ഏർപ്പെടുത്തുക.
10. മുട്ടക്കോഴി വളർത്തലിന് സാമ്പത്തികസഹായം നൽകുക.
11. ക്ഷീരോല്പാദന സഹകരണസംഘങ്ങൾ ഇല്ലാത്ത വാർഡുകളിൽ ഡയറി സംഘങ്ങൾ സ്ഥാപിക്കുക.
12. ഗോവർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തികസഹായം നൽകുക.
13. തൊഴിൽരഹിതരായ ഗ്രാമീണ സ്ത്രീകളെ മൃഗസംരക്ഷണ മേഖലയിൽ ബോധവൽക്കരണം നടത്തുക.
14. മൃഗചികിത്സകേന്ദ്രത്തിലെ സജ്ജീകരണങ്ങൾ അടിയന്തിരമായി ആധുനീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുക.

H50

15. പേവിഷ നിർമ്മാർജ്ജനത്തിന് ജനപങ്കാളിത്തത്തോടെ സമ്പൂർണ്ണവും ആസൂത്രിതവുമായ പരിപാടികൾ നടപ്പാക്കുക.

16. കന്നുകുട്ടികളെ വളർത്തുന്നതിന് യൂണിറ്റ് ആരംഭിക്കുക.

17. ആടുവളർത്തൽ കേന്ദ്രം ആരംഭിക്കുക.

18. താറാവ്, കോഴി, മുയൽ, പന്നി തുടങ്ങിയവ വളർത്തുന്നതിന് സാമ്പത്തികസഹായം നൽകുക.

## പരിഹാരനിർദ്ദേശങ്ങൾ

കാലിവളർത്തൽ ലാഭകരമാക്കുന്നതിന് തീറ്റയിനത്തിൽ സബ്സിഡി ലഭ്യമാക്കണം. പുല്ലുകൃഷി വികസിപ്പിക്കുവാൻ വേണ്ട കേന്ദ്രങ്ങൾ ഗവൺമെന്റ് സഹായത്തോടെ കണ്ടെത്തണം. പാലിന് ന്യായമായ വില ഉറപ്പുവരുത്തുക. അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെയും കോഴിക്കുഞ്ഞുങ്ങളേയും വിതരണം ചെയ്യുക.. ബീജസങ്കലന സൗകര്യവും, ചികിത്സകൾക്കായി മൃഗാശുപത്രിയുടെ സൗകര്യവും വർദ്ധിപ്പിക്കുക. ക്ഷീരോല്പാദന സഹകരണസംഘങ്ങൾ ക്ഷീരകർഷകരുടെ നേതൃത്വത്തിൽ കൂടുതൽ വനിതാഗ്രാമപഞ്ചായത്തിലെ വാർഡിൽ സ്ഥാപിക്കുക.

# വ്യവസായം

ആധുനിക മനുഷ്യന്റെ ആവശ്യങ്ങൾ ആദിമമനുഷ്യന്റേതിൽനിന്ന് ഏറെ വ്യത്യസ്തമാണല്ലോ? വിവിധ ങ്ങളായ ഓരോ ആവശ്യങ്ങളും നിറവേറുമ്പോൾ തന്നെ പുതിയ ആവശ്യങ്ങൾ ഉയർന്നുവരികയും ചെയ്യുന്നു. ഈ വെല്ലുവിളികൾ ഏറ്റെടുത്ത് തൃപ്തികരമായി പരിപാലിക്കുവാനുള്ള ശ്രമത്തിലാണ് നൂതനസാങ്കേതികവിദ്യകളുടെ ഉത്ഭവം കുടികൊള്ളുന്നത്. എല്ലാ തുറകളിലേയും ആവശ്യപൂർത്തീകരണത്തിനുവേണ്ടി വ്യയം ചെയ്യുന്ന ഭൗതി കപദാർത്ഥങ്ങളും മനുഷ്യാദ്ധ്വാനവും ഒത്തുചേരുമ്പോൾ പുതിയ ഉല്പന്നമുണ്ടാകുകയും ഉല്പാദനരീതി വ്യവ സായമായിത്തീരുകയും ചെയ്യുന്നു. പരീക്ഷണാടിസ്ഥാനത്തിൽ ഉല്പാദനപ്രക്രിയ പൂർത്തീകരിച്ചാൽ തുടർന്നുള്ള അന്വേഷണം ഉയർന്ന ഗുണമേന്മയിലേക്കും കുറഞ്ഞ ഉല്പാദനച്ചെലവിലേക്കുമാണ്.

ഇത്തരത്തിൽ ഉല്പാദനപ്രക്രിയ പരമ്പരാഗതമാർഗ്ഗങ്ങളെ പുറംതള്ളി ആധുനിക ഉല്പാദനസമ്പ്രദായം ഉയർന്നുവരുന്നതോടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും ഉയർന്ന ഗുണമേന്മ ഉറപ്പുവരുത്തുവാനും കഴിയുന്നു. അതോടെ പ്രാദേശിക പരിമിതികളെ അതിജീവിച്ച് ഉല്പന്നങ്ങളുടെ വിപണന ശൃംഖല അതിവിപുലമാകുകയും മത്സരസ്വഭാവം കൈവരുകയും ചെയ്യുന്നു.

മേൽപറഞ്ഞ വ്യവസായപശ്ചാത്തലത്തിൽ ഇന്നത്തെ ഉല്പാദന പ്രക്രിയകളെ പരമ്പരാഗതമെന്നും ആധുനികമെന്നും വേർതിരിക്കാൻ കഴിയുന്നു. ആധുനികവ്യവസായത്തിന്റെ വ്യാപനം ഉണ്ടെങ്കിലും പരമ്പരാഗത വ്യവസായങ്ങൾ പാടെ അപ്രത്യക്ഷമാകുന്നില്ല എന്ന വസ്തുതയും ഓർക്കേണ്ടതാണ്. എന്നാൽ കമ്പോളത്തിൽ ഈ രണ്ടുതുറകളിലൂടെയും എത്തിച്ചേരുന്ന ഉല്പന്നങ്ങൾ അങ്ങേയറ്റത്തെ കുടിപ്പകയോടെ നിലകൊള്ളുന്നു. ഉല്പന്നങ്ങളുടെ വികസിതരൂപത്തിലുള്ള മാതൃകകളെ അതിജീവിക്കാൻ കഴിയാത്ത പരമ്പരാഗതവ്യവസായരീ തിയും ഉല്പന്നങ്ങളും വിപണിയിൽ ഉപഭോക്താവിനാൽ തിരസ്ക്കരിക്കപ്പെടാൻ കഴിയാത്ത വിധത്തിൽ ഉല്പാദ നരീതിയും വിപണനതന്ത്രവും രൂപപ്പെടുത്തിയാൽ മാത്രമേ വ്യവസായരംഗത്ത് ,സംതുലിതമായ വികസനം സാദ്ധ്യമാകുകയുള്ളൂ. വ്യവസായരംഗം തൊഴിൽദായകമായതിനാൽ വെറും ലാഭനഷ്ടങ്ങളെ മാത്രം വിലയിരു ത്താതെ തൊഴിലില്ലായ്മ അനുദിനം വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ അനേകം പേരുടെ നിലനി ല്പിന്റെ കൂടി പ്രശ്നമായി കണ്ടുകൊണ്ടുവേണം ഈ രംഗത്ത് നമ്മുടെ സമീപനം രൂപപ്പെടുത്തിയെടുക്കാൻ.

വ്യവസായത്തിലെ ചേരുവ ഭൗതികവസ്തുക്കളും (അസംസ്ക്കൃതരൂപത്തിൽ) മനുഷ്യപ്രയത്നവുമാണ് എങ്കിലും അതിന്റെ പശ്ചാത്തലവും വിപണനവുമാണ് ഒരു വ്യവസായത്തിന്റെ നിലനിൽപിനെ നിർണ്ണയിക്കുന്നത്. അതുകൊണ്ട് വ്യവസായവികസനത്തിന്റെ ഉപാധികളായ

1. അസംസ്ക്കൃതവസ്തു
2. തൊഴിൽവൈദഗ്ദ്യം
3. ഭൗതികപശ്ചാത്തലം
4. വിപണി

എന്നിവയുടെ വസ്തുനിഷ്ഠമായ വിലയിരുത്തൽ ആവശ്യമാണ്.

ആധുനിക വ്യവസായം അർഹിക്കുന്നത്ര വികസിച്ചിട്ടില്ലാത്തപ്പോൾത്തന്നെ ഉണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങൾ പുറകോട്ടുപോകുന്നതുമായിട്ടാണ് പൊയ്യ പഞ്ചായത്തിൽ കണ്ടുവരുന്നത്.

പരമ്പരാഗതവ്യവസായരംഗത്തെ താഴ്ന്ന വരുമാനത്താൽ ഇന്ന് ഈ മേഖലയിലെ ആരുംതന്നെ മുന്നോ ട്ടുവരുന്നില്ല എന്നുമാത്രമല്ല മറ്റ് മേഖലകളിലേക്ക് വിശിഷ്യാ കെട്ടിടനിർമ്മാണരംഗത്തേക്ക് ചേക്കേറുന്നതുമായി ട്ടാണ് കാണാൻ കഴിയുന്നത്. പഞ്ചായത്തിലെ മനുഷ്യവിഭവത്തിന്റെ ഈ ഒഴിഞ്ഞുമാറൽ കാർഷികരംഗത്ത് തൊഴി ലാളികളുടെ ക്ഷാമം എന്ന പ്രതിഭാസത്തിന് ദിനം പ്രതി ആക്കം കൂട്ടുകയാണ്.

പഞ്ചായത്തിലെ വ്യവസായങ്ങളുടെ ഇന്നത്തെ സ്ഥിതി.

## പരമ്പരാഗതം

### കുടിൽ വ്യവസായങ്ങൾ

വളരെ ശുഷ്ക്കമായ പ്രവർത്തനം നടക്കുന്ന മേഖലയാണിത്.പായ, പനമ്പ്, കൊട്ട, വട്ടി, ഓലമെടച്ചിൽ കൊല്ലപ്പണി , മൂശാരിപ്പണി, ആശാരിപ്പണി, സ്വർണ്ണപ്പണി, ബീഡിതെറുപ്പ്, സ്ക്രീൻപ്രിന്റിംഗ് എന്നി തൊഴിൽ മേഖ ലയിൽ വളരെ കുറച്ചുപേർ മാത്രം പണിയെടുക്കുന്നു.

പഞ്ചായത്തിന്റെ വികസനത്തിലേക്ക് ചൂണ്ടുപലകയെന്നോണം ലഭ്യമായ ചകിരി ഉപയോഗിച്ച് കയർപി രിക്കുന്നവർ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗത്ത് ഉണ്ട്. വളരെ തുച്ഛമായ വരുമാനം മാത്രമേ അവർക്ക് ലഭിക്കുന്നുള്ളൂ.

452

## ചെറുകിടവ്യവസായം

ഇത്തിൾനീറ്റി കുമ്മായം ഉണ്ടാക്കുന്ന ഒരു യൂണിറ്റ്, രണ്ടു സോഡാഫാക്ടറി, നൂലുൽപാദനകേന്ദ്രങ്ങളായ രണ്ടു ഖാദിയൂണിറ്റുകൾ, എന്നിവയാണ് ഈ വിഭാഗത്തിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ.

പരമ്പരാഗതമായ വ്യവസായരംഗത്ത് പ്രസക്തമാകുന്ന ഒരു സ്ഥാപനമാണ് അഞ്ചാംവാർഡിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യസ്ഥാപനമായ തുണിനെയ്ത്തുകേന്ദ്രം. ഇവിടെ അടുത്ത കാലത്തായി പവർലൂം നിലവിൽ വന്നിട്ടുണ്ട്. എട്ടുപേരോളം പേർ ഇവിടെ ജോലി ചെയ്തുവരുന്നു. കൂടാതെ ട്രൈസം സ്ക്കീം അനുസരിച്ച് തൊഴിൽ പരിശീലനവും നൽകിവരുന്നു.

പഞ്ചായത്തിൽ ലഭ്യമായ അസംസ്ക്കൃത വസ്തു ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ഒരു കയറുല്പാദനയൂണിറ്റ് യന്ത്രറാട്ടുകളുടെ സഹായത്തോടെ സ്വകാര്യമേഖലയിലുണ്ട്.

പഞ്ചായത്തിലെ ഏകതൊഴിൽ ദായകസഹകരണസംഘമാണ് കൃഷ്ണൻകോട്ട ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കയർസഹകരണസംഘം. സംഘത്തിന്റെ നേതൃത്വത്തിൽ മടൽ ശേഖരിച്ച് പരമ്പരാഗതമാർഗ്ഗത്തിലൂടെ കയറാക്കി മാറ്റുന്ന പ്രവർത്തനത്തിൽ 15 പുരുഷന്മാരും അമ്പതോളം സ്ത്രീകളും പണിയെടുക്കുന്നു. പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നതും വികസനം അർഹിക്കുന്നതുമായ ഒരു വ്യവസായസംരംഭമാണിത്.

# ആധുനികവ്യവസായം

## (a) വൻകിട

ഈ വിഭാഗത്തിൽ പെടുത്താവുന്ന രണ്ടുവ്യവസായങ്ങൾ പഞ്ചായത്തിന്റെ 10ാം വാർഡിൽ സ്ഥിതിചെയ്യുന്നുണ്ട്.

1. പാറയിൽ ഇംപോർട്ട്സ് ആന്റ് എക്സ്പോർട്ട്സ്
2. മോളിക്യം അലോയ്സ് എന്നിവയാണ്

ഇതിൽ ഒന്നാമത്തെ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നത് ഖേദകരമാണ്. മൂന്നു ഷിഫ്ടിലായി 75 പേർ പ്രവർത്തിച്ചിരുന്നു. മാസശമ്പളം 1500രൂപ (ആയിരത്തി അഞ്ഞൂറ് രൂപ) എന്ന തോതിൽ വേതനം കിട്ടിക്കൊണ്ടിരുന്നവരാണ് ഇവർ. ഇവരെക്കൂടാതെ അപ്രന്റീസുകളായി 120 പേർ ഈ സ്ഥാപനത്തിൽ തൊഴിൽപരിശീലനത്തിൽ ഉണ്ടായിരുന്നു. ഈ വ്യവസായത്തിനാവശ്യമായ മരത്തടികൾ വിദേശങ്ങളിൽ നിന്നാണ് സംഭരിച്ചിരുന്നത്. അസംസ്ക്കൃത വസ്തുവായ തടി ഉപ്പുവെള്ളത്തിലിട്ട് പാകപ്പെടുത്തി പ്ലൈവുഡാക്കി മാറ്റുന്ന പ്രവർത്തനമാണ് ഇവിടെ നടന്നിരുന്നത്.

ഈ വ്യവസായ സ്ഥാപനം ആരംഭിച്ച് ഏഴു വർഷക്കാലം പ്രവർത്തനം തുടരുന്നു. ഇതിനിടയിൽ തൊഴിൽപ്രശ്നങ്ങൾ ഉണ്ടായതിനെത്തുടർന്ന് കമ്പനി അടച്ചിടുകയും ഒത്തുതീർപ്പിന് ശേഷം തുറന്ന് പ്രവർത്തിക്കുകയും ചെയ്തു.

വ്യവസായ സ്ഥാപനങ്ങൾക്കു നേരെ ഉയർന്നുവരാറുള്ള പരിസരമലിനീകരണപരാതി ഇവിടെയും ഉയർന്നെങ്കിലും അടിസ്ഥാനരഹിതമാണ് ഈ ആരോപണം.

ഇപ്പോൾ സ്ഥാപനത്തിന്റെ പ്രവർത്തനതടസ്സമായി നിൽക്കുന്നത് അസംസ്കതവസ്തുക്കളുടെ ദൗർലഭ്യവും തൊഴിലാളികളുടെ പ്രശ്നങ്ങളുമാണെന്ന വാദഗതി ഉടമ പറയുമ്പോൾ പ്രവർത്തനമൂലധനം തിരിച്ചു വിട്ടതാണെന്ന ആരോപണവും ഉണ്ടായിട്ടുണ്ട്.

ഈ വിഭാഗത്തിലെ പഞ്ചായത്തിലെ രണ്ടാമത്തെ വ്യവസായമാണ് "മോളിക്യം അലോയ്സ്" വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. ഒരു ഷിഫ്ടിൽ പത്തുപേർവീതം മൂന്നു ഷിഫ്ടിലായി മുപ്പതോളം പേർക്ക് തൊഴിൽ നൽകുന്ന ഒരു സ്ഥാപനമാണിത്.

ഇവിടുത്തെ ഉല്പന്നമായ കാർബൈഡ് പ്രോഡക്ട്സ് ദൂരെ സ്ഥലങ്ങളിലേക്ക് കയറ്റിപ്പോകുന്നത്. അസംസ്ക്കൃതവസ്തുക്കൾ ദൂരെ നിന്നു എത്തിച്ചേരുകയും ചെയ്യുന്നു.

സ്ഥാപനത്തെ സംബന്ധിച്ച് പരിസരവാസികൾക്ക് ഇവിടെനിന്നും പുറന്തള്ളുന്ന പുക ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്ന പരാതിയുണ്ട്.

## ചെറുകിട വ്യവസായം :-

ഈ വിഭാഗത്തിൽ പഞ്ചായത്തിൽ രണ്ടു ഈർച്ചമില്ലുകൾ, ഒരു അലുമിനിയപാത്രനിർമ്മാണകേന്ദ്രം, ഒരു ആട്ടോമൊബൈൽ സ്പെയർപാർട്ട്സ് നിർമ്മാണകേന്ദ്രം, രണ്ടു എണ്ണയാട്ടുകേന്ദ്രങ്ങൾ, ഏഴ് ഫ്ലവർമില്ലുകൾ,

അഞ്ച് വെൽഡിംഗ് വർക്കുഷോപ്പുകൾ, ഒരു ആട്ടോവർക്കുഷോപ്പും പാലുൽപ്പന്നങ്ങളുണ്ടാക്കുന്ന ഒരു യൂണിറ്റുമാണുള്ളത്. സിമന്റ് ഇഷ്ടിക ഉണ്ടാക്കുന്ന ഏഴു യൂണിറ്റുകളും സ്വിച്ച് ബോർഡ് നിർമ്മാണത്തിനായി രണ്ടുകേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്. ആറാം വാർഡിൽ D.W.C.R.A. സ്കീമിൽ 11 വനിതകളുടെ ഒരു വസ്ത്രനിർമ്മാണ യൂണിറ്റുണ്ട്. മൂന്ന് വുഡ് വർക്കുഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

## നടപ്പു പദ്ധതികൾ

| | | | |
|---|---|---|---|
| 1. | മാർജ്ജിനൽ മണി വായ്പ | – | 254374 |
| 2. | 15% സബ്സിഡി | – | 168740 |
| 3. | ഗ്രാമീണ കൈത്തൊഴിൽ പദ്ധതി | – | 20000 |
| 4. | ഹരിജൻ വികസന പദ്ധതി | – | 70000 |
| 5. | ഹരിജൻ വികസന ഗ്രാന്റ് | – | 16000 |

### അസംസ്ക്കൃതവസ്തുക്കൾ

കാർഷികവൃത്തിയിൽ ഊന്നിനിൽക്കുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ പ്രധാന അസംസ്ക്കൃവസ്തു വാങ്ങി ലഭിക്കുന്നത് കാർഷികോൽപന്നങ്ങളും പാലുമാണ്.

ശരാശരി ഇരുപതിനായിരം നാളികേരം ഒരു മാസത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കിയിരിക്കുന്നു. അത്രയും നാളികേരത്തിന്റെ മടൽ, ചിരട്ട എന്നിവയും ലഭ്യമാണ്. ഒരു സീസണിൽ ശരാശരി 45 മെട്രിക് ടൺ കശുവണ്ടിയും, 25 മെ.ടൺ മാങ്ങയും, 450 മെ.ടൺ കശുമാങ്ങയും, അടക്കയും, വാഴകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

മറ്റു അസംസ്ക്കൃതവസ്തുക്കൾ കാര്യമായ അളവിൽ ലഭ്യമല്ല എന്നും മനസ്സിലാക്കുന്നു.

## ആവശ്യങ്ങൾ

ഗ്രാമസഭകളിൽ നിന്ന് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ റെഡിമെയ്ഡ് വസ്ത്രം, സോപ്പ്, മെഴുകുതിരി, തീപ്പെട്ടി, കറിപൗഡർ, നിർമ്മാണയൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികൾ ഉണ്ടാക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

ചകിരി, ചിരട്ട, വെളിച്ചെണ്ണ, പാൽ, പഴം, പച്ചക്കറി, എന്നീ അസംസ്ക്കൃത വസ്തുവാക്കി ഉണ്ടാക്കാവുന്ന ഉല്പന്നങ്ങളുടെ ആരംഭവും പഞ്ചായത്തിൽ ഉണ്ടാകണമെന്നും ഗ്രാമസഭാ റിപ്പോർട്ടുകൾ പ്രകടമാക്കുന്നു.

2, 3,10 എന്നീ വാർഡുകൾ നിലവിലുള്ള നെയ്ത്തു സംഘത്തിന്റെയും കയർസംഘത്തിന്റെയും വികസനപ്രവർത്തനങ്ങൾ 9–ാം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. കാർഷികേതര അസംസ്ക്കൃതവസ്തുക്കളുടെ ക്ഷാമം.
2. വ്യവസായ സംരംഭത്തിന് ആവശ്യമായ സ്ഥലദൗർലഭ്യവും ഉയർന്നനിരക്കും.
3. വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ അഭാവം.
4. വിപണനസാദ്ധ്യതയുള്ള ഉല്പന്നങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
5. വ്യവസായത്തിന് ആവശ്യമായ ജലക്ഷാമം.
6. വിപണനസൗകര്യക്കുറവ്.
7. വ്യവസായസംരംഭകർക്കുള്ള വായ്പാസൗകര്യമില്ലായ്മ.
8. വ്യവസായസംരംഭത്തിനുള്ള മാനസികഭീതി.
9. വ്യവസായസംരംഭകരുടെ കുറവ്.

10. സഹകരണപ്രസ്ഥാനത്തിന്റെ അഭാവം.

11. സർക്കാർ സ്ഥാപനങ്ങളുടെ നിയന്ത്രണമനോഭാവവും പ്രചോദനക്കുറവും.

12. മിഥ്യാഭിമാനത്തിലധിഷ്ഠിതമായ ഉപഭോഗസംസ്ക്കാരം.

13. കുത്തകഉല്പാദകരുടെ അതിശയോക്തി പരമായ രഹസ്യങ്ങൾ.

## പരിഹാരനിർദ്ദേശങ്ങൾ

1. പഞ്ചായത്തിലേയും സമീപപ്രദേശങ്ങളിലേയും നാളികേരം സംഭരിച്ച് കേരഫെഡിന്റെ സഹായത്തോടെ സഹകരണമേഖലയിൽ കൊപ്രസംസ്ക്കരണയൂണിറ്റും വെളിച്ചെണ്ണ മില്ലിനും ഏറെ സാദ്ധ്യതയുണ്ട്.

2. വെളിച്ചെണ്ണ, ഉല്പാദനത്തിന്റെ ഉപ ഉല്പന്നമായ പിണ്ണാക്ക് ഉപയോഗ്യമായ ചേരുവകൾ ചേർത്ത് കാലിത്തീറ്റ സംരംഭവും ഏറെ സാദ്ധ്യതകളുള്ളതാണ്.

3. തേങ്ങമടലിൽനിന്ന് പരമ്പരാഗതമാർഗ്ഗങ്ങളിലൂടെയല്ലാതെ തന്നെ നേരിട്ട് ചകിരി ഉല്പാദകയൂണിറ്റ്, ഈ ഉല്പന്നം K.S.R.T.C. പോലുള്ള വൻകിട ആവശ്യക്കാർക്ക് ഉപയോഗിക്കാവുന്ന തരത്തിൽ സംസ്ക്കരിച്ചെടുക്കേണ്ടിയിരിക്കുന്നു.

4. തെങ്ങിന്റെ ഓലമെടഞ്ഞ് സംഭരിച്ച് വിപണികണ്ടെത്തുക.

5. കേരോല്പന്നങ്ങൾ ഉപയോഗപ്പെടുത്തി കരകൗശലവസ്തുക്കൾ നിർമ്മിക്കുന്ന കേന്ദ്രങ്ങൾ ഖാദിബോർഡിന്റെ സഹായത്തോടെ പ്രവർത്തനമാരംഭിക്കുക.

6. പ്രായംകൂടിയ ഉല്പാദനക്ഷമത കുറഞ്ഞതും, രോഗംവന്നതുമായ തെങ്ങുകൾ ഉപയോഗപ്പെടുത്തി തടിസംസ്ക്കരണയൂണിറ്റ് ആരംഭിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്ക് അസംസ്ക്കൃതവസ്തുവാക്കി മാറ്റുക.

7. പഞ്ചായത്തിലുള്ള മുഴുവൻ യുവതീയുവാക്കളേയും സ്വയംതൊഴിൽ എക്സ്ചേഞ്ചിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുക. ഇങ്ങനെ ലഭ്യമാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മേഖലകളിലേക്ക് മനുഷ്യവിഭവം ഉപയോഗപ്പെടുത്താവുന്നതും, യഥാർത്ഥ വ്യവസായസംരംഭകരെ കണ്ടെത്തി പരിശീലനംകൊടുത്ത് ഫലപ്രദമായി വ്യവസായം തുടങ്ങാനും സാദ്ധ്യമാകുന്നതാണ്.

8. പഞ്ചായത്തിലെ വ്യവസായ വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു കർമ്മസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ഇതിനായി സന്നദ്ധപ്രവർത്തകരുടേയും പഞ്ചായത്ത് മെമ്പർമാരുടേയും സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

9. പഞ്ചായത്തിൽ ലഭ്യമായ വാഴത്തടകൾ സംഭരിച്ച് നാരുകൾ ഉപയോഗിച്ച് കരകൗശലവസ്തുക്കൾ നിർമ്മിക്കാനുള്ള സാദ്ധ്യതയും പരിഗണിക്കേണ്ടത്.

10. പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിലെ ചപ്പുചവറുകൾ ഉപയോഗപ്പെടുത്തി കമ്പോസ്റ്റ് നിർമ്മാണത്തിനുള്ള സാദ്ധ്യതയുണ്ട്.

# ഊർജ്ജം

നമ്മുടെ സംസ്ഥാനം ഊർജ്ജരംഗത്ത് നേരിടുന്ന പ്രതിസന്ധി ഇന്നാരേയും പറഞ്ഞു ബോധ്യപ്പെടുത്തേണ്ട ആവശ്യമില്ല. 1996ലെ വേനൽക്കാലത്ത് നമ്മുടെ സംസ്ഥാനത്തെ പ്രധാന ഊർജ്ജമായ വൈദ്യുതി ഉല്പാദനം സ്തംഭിക്കുകയും, 100 % പവർ കട്ട് ഏർപ്പെടുത്തേണ്ടിവരികയും ചെയ്തകാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ? സംസ്ഥാനത്തെ വ്യവസായികവളർച്ചയെ മുരടിപ്പിക്കുന്നതിന് പ്രധാനമായ ഒരു കാരണം ആവശ്യമായ ഊർജ്ജത്തിന്റെ ദൗർലഭ്യമാണ് എന്നതും തർക്കമറ്റ വിഷയമാണ്. ഊർജ്ജോല്പാദനശ്രോതസ്സുകൾ പരിമിതമായിരിക്കുമ്പോൾത്തന്നെ ഉല്പാദിപ്പിക്കപ്പെടുന്ന ഊർജ്ജത്തിന്റെ അളവ് വളരെ കുറഞ്ഞ ശതമാനമാണെന്നുള്ളത് ഈ രംഗത്ത് നമ്മളോരുരുത്തരും പുലർത്തുന്ന അലംഭാവത്തിലേക്കും അശ്രദ്ധയിലേക്കും വിരൽ ചൂണ്ടുന്നു. ഈ സാഹചര്യത്തിൽ ഊർജ്ജ ഉപഭോക്താക്കളായ ഓരോ പൗരനും ഊർജ്ജരംഗത്ത് പുലർത്തേണ്ട ജാഗ്രതയും പൗരബോധവും അതീവപ്രാധാന്യമർഹിക്കുന്നു. ഊർജ്ജശ്രോതസ്സുകൾ പരിമിതവും ഊർജ്ജാവശ്യം വർദ്ധിച്ചുവരുന്ന സന്ദർഭത്തിലാണ് സമഗ്ര ഊർജ്ജ ആസൂത്രണം പ്രസക്തമാകുന്നത്.

## സമഗ്ര ഊർജ്ജ ആസൂത്രണം

വ്യവസായം, കാർഷികം, ഗാർഹികം തുടങ്ങിയ വിവിധ മേഖലകളിൽ ഉപയോഗപ്പെടുത്തുന്ന വൈദ്യുതി പെട്രോളിയം ഉൽപ്പന്നങ്ങൾ, പ്രകൃതിവാതകം, ജൈവാവശിഷ്ടങ്ങൾ മുതലായ എല്ലാ ഊർജ്ജശ്രോതസ്സുകളുടേയും ഉപയോഗം കണക്കിലെടുക്കുന്നതും അവയുടെ ഉപയോഗം മെച്ചപ്പെടുത്താനും ലാഭകരമാക്കാനും അതുവഴി സാമാന്യജനത്തിന്റെ ജീവിതനിലവാരം ഉയർത്താൻ ഉതകുന്ന സമഗ്ര ഊർജ്ജ ആസുത്രണമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഊർജ്ജ ആസൂത്രണം ആറാം പദ്ധതിമുതൽ നമ്മുടെ ലക്ഷ്യങ്ങളിലൊന്നായിരുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടിയാണ് സംയോജിത ഗ്രാമീണ ഊർജ്ജപദ്ധതി (IR.E.P.) അനെർട്ട് (ANERT) തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനം ആരംഭിച്ചതെങ്കിലും കേന്ദ്രീകൃത ഊർജ്ജാസൂത്രണപദ്ധതികൾ സ്വാഭാവിക പരിണാമം എന്നനിലയ്ക്ക് ഇത്തരം പദ്ധതികൾ ജനപങ്കാളിത്തമില്ലാതെ സർക്കാർ പദ്ധതികളായി അന്യവൽക്കരിക്കപ്പെട്ടതിനാൽ പരാജയപ്പെടുകയാണുണ്ടായത്. അതുകൊണ്ട് 9–ാം പദ്ധതിയിൽ സമഗ്ര ഊർജ്ജാസൂത്രണം തികഞ്ഞ ജനപങ്കാളിത്തത്തോടെ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുവാനും വിജയിപ്പിക്കാനും ഓരോരുത്തരും ബാദ്ധ്യസ്ഥരാണ്.

പൊയ്യ പഞ്ചായത്ത് കാർഷികവൃത്തിയിൽ മുന്നിലും വ്യവസായികമായി പിന്നോക്കവുമാണ്. നഗരവൽക്കരണം ഒട്ടുതന്നെ പ്രകടമാകാത്ത കൊച്ചുകൊച്ചുകവലകളും ജനക്കൂട്ടവും ഗ്രാമീണ ശാലീനതയും ഒത്തുചേർന്ന ഒരു പ്രദേശമാണ് പൊയ്യ ഗ്രാമപഞ്ചായത്ത്.

ഊർജ്ജത്തിന്റെ പ്രധാന ശ്രോതസ്സുകളായി പഞ്ചായത്തിൽ നിലനിൽക്കുന്നത് വൈദ്യുതിയും ജൈവാവശിഷ്ടങ്ങളുമാണ്. രണ്ടാം സ്ഥാനത്ത് പെട്രോളിയം ഉൽപ്പന്നങ്ങളായ മണ്ണെണ്ണയും മറ്റു ഇന്ധനങ്ങളും അല്പമാത്രമായി പ്രകൃതിവാതകം ആവശ്യത്തിന് ഉപയോഗിച്ചുവരുന്നു. പാചകത്തിൽ ആറു ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തിക്കുന്നു. 4781 വീടുകളുള്ള ഈ പഞ്ചായത്തിൽ 3244 വീടുകൾ വൈദ്യുതീകരിച്ചത് കഴിച്ച് 1537 വീടുകളിൽ ഇന്നും വൈദ്യുതി എത്തിയിട്ടില്ല. ഇവയിൽ ഏതാനും വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള സൗകര്യമുണ്ടായിട്ടും ഉപയോഗപ്പെടുത്താത്തവയാണ്. പഞ്ചായത്തിലെ കുറുപ്പംപറമ്പ് മത്സ്യത്തൊഴിലാളികളുടെ കോളനിയൊഴിച്ചാൽ മറ്റെല്ലാകോളനികളിലും വൈദ്യുതീകരിച്ചവയാണ്.

വൈദ്യുതി എത്തിയിട്ടില്ലാത്ത വീടുകളിൽ വെളിച്ചത്തിനുവേണ്ടി പ്രധാനമായും മണ്ണെണ്ണയെ ആശ്രയിക്കുന്നു. പാചക ആവശ്യത്തിന് ഏതാണ്ട് 90% വീടുകളിലും വിറകാണ് ഉപയോഗപ്പെടുത്തുന്നത്. ശേഷിക്കുന്ന 10% പാചകത്തിന് എൽ.പി.ജി. ബയോഗ്യാസ്, മണ്ണെണ്ണ എന്നിവ ഉപയോഗിക്കുന്നു. പഞ്ചായത്തിലുള്ള 9 റേഷൻ കടകൾ വഴിയും മാളയിലുള്ള ഭാരത് പെട്രോളിയത്തിന്റെ സർക്കാർ ഏജൻസിവഴിയും കോൾഡ്രിഗ്യാസ് എന്ന പ്രൈവറ്റ് ഏജൻസിയിലൂടെയും തൃശൂർ എറണാകുളം ജില്ലയിലുള്ള വിവിധ ഗ്യാസ് ഏജൻസികൾ വഴിയുമാണ് യഥാക്രമം മണ്ണെണ്ണയും ഗ്യാസും നമ്മുടെ പഞ്ചായത്തിലേക്ക് എത്തിച്ചേരുന്നത്. പഞ്ചായത്തിൽ 4003 കാർഡുകളും 256 പെർമിറ്റുകളും വഴി 152184 ലിറ്റർ മണ്ണെണ്ണ വിതരണം നടത്തുന്നു.

വൈദ്യുത ഊർജ്ജം വിതരണം ചെയ്യുന്നതിലേക്കായി നമ്മുടെ പഞ്ചായത്തിൽ 100 KV ലൈൻ വീതം കപ്പാസിറ്റിയുള്ള 22 ട്രാൻഫോമറുകൾ നിലവിലുണ്ട്.

456

# പട്ടിക 1

**പൊയ്യ പഞ്ചായത്തിലെ ട്രാൻഫോമറുകൾ**

| Sl. No. | സ്ഥലം | എണ്ണം |
|---|---|---|
| 1 | പൂപ്പത്തി | 4 |
| 2 | മണലിക്കാട് | 1 |
| 3 | അത്തിക്കടവ് | 1 |
| 4 | പൊയ്യകമ്പനിപ്പടി | 1 |
| 5 | പൊയ്യഫിഷറീസ് | 4 |
| 6 | പ്ലൈവുഡ് | 1 |
| 7 | കൃഷ്ണൻകോട്ട | 1 |
| 8 | പൊയ്യക്കടവ് | 1 |
| 9 | മടത്തുംപടി | 2 |
| 10 | വട്ടേക്കാട്ടുകുന്ന് | 1 |
| 11 | പുളിപ്പറമ്പ് | 1 |
| 12 | മാളപള്ളിപ്പുറം | 4 |
| | ആകെ | 22 |

## പ്രശ്നങ്ങൾ

## (a) വൈദ്യുതീകരിക്കാത്തവീടുകൾ

**1–ാം വാർഡ്**

1. മടത്തുംപടി കൈതച്ചിറ റോഡ് പരിസരത്തെ 12 വീടുകൾ
2. ദുർഗ്ഗ അമ്പലം റോഡിന് പടിഞ്ഞാറുവശത്തെ 10 വീടുകൾ
3. കൈതച്ചിറ റോഡ് തെക്കുവശത്ത് 20 വീടുകൾ

**2–ാം വാർഡ്**

1. പുളിപ്പറമ്പ് മിച്ചഭൂമി പരിസരത്ത് 25വീടുകൾ
2. മണലിക്കാട് കണിച്ചായി ട്രസ്റ്റ് കോളനിപരിസരത്ത് 20 വീടുകൾ

**3–ാം വാർഡ്**

1. കോലാമ്പുറം ചണ്ണൂർ ഭാഗം
2. പൊയ്യ ആശുപത്രിക്കും സൂയസ് റോഡിനും ഇടയിൽ

**4–ാം വാർഡ്**

1. കോശവർകുന്ന് ഭാഗത്ത് 15 വീടുകൾ
2. ചെന്തുരുത്തികിഴക്കുഭാഗത്ത് 15 വീടുകൾ
3. ഗ്രീൻലാന്റ് പ്രദേശത്ത് 15 വീടുകൾ
4. അത്തിക്കടവ് തുരുത്ത് ഭാഗത്ത് 5 വീടുകൾ
5. ചണ്ണൂർ ഭാഗത്ത് 3 വീടുകൾ

**5–ാം വാർഡ്**

1. ഉടുമ്പുരുത്തി കോളനിയിൽ 20 വീടുകൾ

**6–ാം വാർഡ്**

1. തറയിൽ ക്ഷേത്രപരിസരത്ത് 18 വീടുകൾ
2. ഖാദിബോർഡ് പരിസരം 25 വീടുകൾ
3. പുതിയ ലക്ഷംവീടിന് തെക്കുവശം 20 വീടുകൾ

7–ാം വാർഡ്

1. കുറുപ്പം പറമ്പ് മത്സ്യത്തൊഴിലാളി കോളനി 100 വീടുകൾ
2. പൂപ്പത്തി വായനശാലയ്ക്ക് പടിഞ്ഞാറുവശം 15വീടുകൾ
3. പൂപ്പത്തി സാംബവർ റോഡിന്റെ പരിസരം 10 വീടുകൾ
4. ചേനാട് കുമാരന്റെ വീടും പരിസരവും 5 വീടുകൾ

8–ാം വാർഡ്

1. താന്നിക്കാട് I.H.D.P. കോളനി 10 വീടുകൾ
2. അംബേദ്കർ കോളനി 10 വീടുകൾ

9–ാം വാർഡ്

1. മാള പള്ളിപ്പുറം പള്ളിക്ക് വടക്കുവശം (മറ്റപ്പിള്ളിപ്പറമ്പ്) 14 വീടുകൾ
2. ചെന്തുരുത്തി അണ്ടിക്കമ്പനി റോഡ് 4 വീടുകൾ

10–ാം വാർഡ്

1. കഴിഞ്ചിത്തറ ഭാഗത്ത് 30 വീടുകൾ
2. കൃഷ്ണൻകോട്ടതൈച്ചിറഭാഗം 10 വീടുകൾ
3. കഴിഞ്ചിത്തറ തിരുത്തൂർ റോഡ് 20 വീടുകൾ

## (b) രൂക്ഷമായ വോൾട്ടേജ് കുറവ്

1–ാം വാർഡ്

1. മടത്തുംപടി കിഴക്കേ കോളനി
2. ചക്കാട്ടിക്കുന്ന് കോളനി

2–ാം വാർഡ്

1. മണലിക്കാട് പ്രദേശം

3–ാം വാർഡ്

1. പാലത്തിങ്കൽ പ്രദേശം

5–ാം വാർഡ്

1. പാറപ്പുറം പ്രദേശം

6–ാം വാർഡ്

1. പൂപ്പത്തി കോളനി

## (c)വഴിവിളക്കുകൾ

പഞ്ചായത്തിന്റെ വിവിധവാർഡുകളിലായി ഏതാണ്ട് 8 കി.മീ. ദൂരത്തിൽ വഴിവിളക്കുകൾ വേണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

1–ാം വാർഡ്

| | | |
|---|---|---|
| 1. മൈത്രേഗ്രാം കൈതേരിക്കടവ് റോഡ് | – | 500 M |
| 2. മടത്തുംപടി കപ്പേള സ്ക്കൂൾ റോഡ് | – | 1000 M |

2–ാം വാർഡ്

| | | |
|---|---|---|
| 1. ഇരട്ടപ്പള്ളി റോഡ് | – | 1000 M |
| 2. ഇരട്ടപ്പള്ളി മണലിക്കാട് റോഡ് | – | 500 M |
| 3. പൂപ്പത്തി മണലിക്കാട് റോഡ് | – | 750 M |

3–ാം വാർഡ്

എലിച്ചിറയിൽ രണ്ടും മൂന്നും വാർഡുകൾ യോജിപ്പിച്ച് ലൈനുകൾവലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കണം.

458

4–ാം വാർഡ്

1. അത്തിക്കടവ് K.C.S.M. നാട്യസംഘം റോഡ്
2. പൊയ്യ ചെന്തുരുത്തി മെയിൻ റോഡ്
3. അത്തിക്കടവ് കുടുംബിക്ഷേത്രം റോഡ്

5–ാം വാർഡ്

1. അത്തിക്കടവ് കോട്ടമുറി പാലംവരെ
2. ആശാരിപ്പറമ്പ് ലക്ഷംവീടുകോളനിയിലേക്കുള്ള വഴി
3. ഐലന്റ് പാറപ്പുറം റോഡ്
4. തിരുത്തുംമുറി ഉടുമ്പുരുത്തി റോഡ്

6–ാം വാർഡ്

1. ഖാദിബോർഡ് പൂപ്പത്തി റോഡ് – 400 M
2. പൂപ്പത്തി താണിശ്ശേരി റോഡ് – 600 M
3. തറയിൽ ക്ഷേത്രപരിസരം – 500 M

7–ാം വാർഡ്

1. പ്ലാവിൻമുറി തൻകുളം റോഡ് – 500 M
2. വടക്കേപൂപ്പത്തി ഷാപ്പുംപടി റോഡ് – 1000 M
3. പൂപ്പത്തിഷാപ്പുംപടി കോളനി റോഡ് – 200 M
4. രാജവീഥി റോഡ്
5. പൂപ്പത്തി സ്ക്കൂളിനുപടിഞ്ഞാറുവശത്തേക്കുള്ള റോഡ്

8–ാം വാർഡ്

1. കനകക്കുന്ന് വട്ടക്കോട്ട റോഡ്
2. താണിക്കാട് ബൈപാസ് റോഡ്
3. കളപ്പുരയ്ക്കൽ റോഡ്
4. ശങ്കരൻ കാവ് റോഡ്

9–ാം വാർഡ്

1. മാള പള്ളിപ്പുറം അണ്ടിക്കമ്പനി റോഡ് – 1000 M
2. മാള പള്ളിപ്പുറം ചർച്ച് റോഡ് – 500 M

10–ാം വാർഡ്

1. കൃഷ്ണൻകോട്ട ചാപ്പൽ റോഡ് – 300 M
2. പൊയ്യ നാലുവഴി തിരുത്തൂർ റോഡ് – 200 M
3. നാലുവഴി അമ്പലത്തിനു കിഴക്കുവശത്തുള്ള റോഡ്

## (d) ബയോഗ്യാസ്

പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ ഭാരിച്ച സാമ്പത്തികച്ചിലവ്, അസംസ്കൃത വസ്തുവായ ചാണകത്തിന്റെ ലഭ്യതക്കുറവ് സ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ബുദ്ധിമുട്ട്, ഈ രംഗത്തുള്ള അജ്ഞത എന്നിവയാണ് ജനശ്രദ്ധ ഈ ദിശയിലേക്ക് തിരിയാതിരിക്കാൻ കാരണം.

## (e) കാർഷികാവശിഷ്ടങ്ങൾ

നമ്മുടെ പഞ്ചായത്തിൽ വിറകായി പ്രധാനമായും ഉപയോഗിക്കുന്നത് തെങ്ങിന്റെ ഉല്പന്നങ്ങളും വൃക്ഷങ്ങളുമാണ്. തെങ്ങിന്റെ എണ്ണത്തിൽ വന്നുകൊണ്ടിരിക്കുന്ന കുറവും വീടുകളുടെ എണ്ണത്തിലുള്ള വർദ്ധനവും ഈ രംഗത്ത് അസന്തുലിതാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. വിറകിന്റെ ക്ഷാമം, ഈർച്ചപ്പൊടി,മണ്ണെണ്ണ, ഗ്യാസ്, എന്നീ ഊർജ്ജശ്രോതസ്സുകളെ ആശ്രയിക്കാൻ നിർബന്ധിതരാക്കിയിരിക്കുന്നു.

## (f) മണ്ണെണ്ണയും ഗ്യാസും

വളരെ ഉയർന്ന വരുമാനക്കാർക്കുമാത്രം ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കളായി നിലകൊള്ളുന്നു. മണ്ണെണ്ണ പെർമിറ്റ് ഉള്ളവർക്കു തന്നെ വളരെ പരിമിതമായ തോതിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

ഗ്യാസ് കിട്ടുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്ത് വർഷങ്ങളോളം കാത്തിരിക്കേണ്ടുന്ന അവസ്ഥയാണ് ഈ രംഗത്ത്.

## പരിഹാരനിർദ്ദേശങ്ങൾ

ഊർജ്ജോല്പാദനരംഗത്ത് പാരമ്പര്യേതര മാർഗ്ഗങ്ങൾക്കുള്ള സാധ്യതകൾ അന്വേഷിക്കുകയും ലഭ്യമായ സൗകര്യങ്ങൾ പരമാവധി ചൂഷണം ചെയ്യുകയുമാണ് കരണീയമായിട്ടുള്ളത്.

എന്നാൽ ഊർജ്ജസംരക്ഷണരംഗത്ത് വളരെ ഫലപ്രദമായി പഞ്ചായത്തുകൾക്ക് ഇടപെടാൻ കഴിയുമെന്നതുകൊണ്ട് ഈ ദിശയിൽ രൂപപ്പെടുത്തേണ്ട ക്രിയാത്മകമാർഗ്ഗങ്ങളാണ് ആരായേണ്ടത്.

1. നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന ഊർജ്ജത്തിന്റെ 75%വും പാചക ആവശ്യത്തിനായതിനാൽ വീട്ടമ്മമാരുടെ ബോധവൽക്കരണത്തിലൂടെ മാത്രമേ വിജയിക്കാൻ സാധിക്കൂ. അതിനാൽ ഓരോ വാർഡിലും രണ്ടുകേന്ദ്രങ്ങൾ വീതം തെരഞ്ഞെടുത്ത് പാചകരംഗത്ത് ആശ്രയിക്കാവുന്ന നൂതനമാർഗ്ഗങ്ങൾ അതുവഴി ഊർജ്ജ സംരക്ഷണവും ഉയർന്ന ക്ഷമതയും കൈവരിക്കാൻ കഴിയുന്നതരത്തിൽ ഊർജ്ജസംരക്ഷണവും ബഹുജനപങ്കാളിത്തവും എന്ന വിഷയത്തെ ആസ്പദമാക്കി അനുയോജ്യരായ വിദഗ്ദരെ പങ്കെടുപ്പിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

2. ഒന്നാമത്തെ നിർദ്ദേശം പ്രാവർത്തികമാക്കാൻ പഞ്ചായത്ത് മെമ്പർമാരും സന്നദ്ധസംഘടനാ പ്രവർത്തകരും സാധാരണക്കാരും ചേർന്ന ഒരു കമ്മറ്റിക്കു രൂപം കൊടുക്കുക. ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്നവരിൽ പകുതിയിലധികംപേരും സ്ത്രീകളായിരിക്കണമെന്നും നിർദ്ദേശിക്കുക.

3. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുക. പഞ്ചായത്തിൽ ആവശ്യമായ അടുപ്പുകളുടെ എണ്ണം സമാഹരിച്ച് ഈ രംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും സന്നദ്ധസംഘടനകളുടേയും സഹകരണത്തോടെ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ കുറഞ്ഞ നിരക്കിൽ അടുപ്പുകൾ സ്ഥാപിച്ചുകൊടുക്കുക.

4. കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവരുടെ കുടുംബങ്ങളെ മൃഗസംരക്ഷണത്തിലേക്ക് ആകർഷിക്കുന്നതിനും അതുവഴി കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ സർവ്വത്രികമാക്കുന്നതിനുമുള്ള നടപടികൾ മൃഗസംരക്ഷണവകുപ്പിന്റേയുംകൃഷിവകുപ്പിന്റേയും സഹായത്തോടെയും ANERT തുടങ്ങിയ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ പഞ്ചായത്തിൽ നടപ്പിൽ വരുത്തുക.

5. കാർഷികാവശ്യത്തിനാവശ്യത്തിനും മറ്റാവശ്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്ന പമ്പുസെറ്റുകൾ ഉയർന്ന ക്ഷമതയിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യ സാങ്കേതികജ്ഞാനം ബോധവൽക്കരണത്തിലൂടെ സാധാരണ ജനങ്ങളിലെത്തിക്കുക.

6. പഞ്ചായത്തതിർത്തിയിലുള്ള വയലുകളിലും ഉയർന്നപ്രദേശങ്ങളിലും സൗരോർജ്ജപദ്ധതികൾ നടപ്പിലാക്കാനുള്ള സാദ്ധ്യതകളെ വിലയിരുത്താനും നടപ്പിലാക്കാനും പാരമ്പര്യേതര ഊർജ്ജരംഗത്തെ സർക്കാർസ്ഥാപനത്തിന്റെ സഹായം തേടുക.

7. പഞ്ചായത്തതിർത്തിയിൽ സ്ഥിതിചെയ്യുന്ന മുഴുവൻ വിതരണ ട്രാൻഫോമറുകൾക്കും, തൊട്ടടുത്ത മാള സബ്സ്റ്റേഷനിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി ഉദ്യോഗസ്ഥതലത്തിൽ സമ്മർദ്ദം ചെലുത്തുന്ന ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുക.

8. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നിലവിലുള്ള സിങ്കിൾ ഫേസ് ലൈനുകൾ മാറ്റി ത്രീഫേസ് ലൈനുകളാക്കുകയും ആവശ്യമെങ്കിൽ പുതിയ ട്രാൻഫോമറുകൾ സ്ഥാപിക്കുകയും ചെയ്യുക.

9. പഞ്ചായത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്നതും നിലവിലുള്ളതുമായ വൈദ്യുത ബൾബുകൾക്കുപകരം ഫ്ളൂറസന്റ് വിളക്കുകൾ സ്ഥാപിക്കുക വഴി ഊർജ്ജസംരക്ഷണം നടത്താവുന്നതാണ്.

10. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പഴക്കം ചെന്ന ചെമ്പുകമ്പികൾക്കുപകരം ACSR വൈദ്യുതലൈനുകൾ ഉപയോഗിച്ചാൽ വൈദ്യുതി വിതരണം നിലച്ചുപോയ പ്രശ്നം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും. ഇക്കാര്യം K.S.E.B. അധികൃതരെ ബോധ്യപ്പെടുത്തുക.

11. അഞ്ചാം വാർഡിലെ പുറളിപ്പറമ്പുപാലത്തിനടുത്തുള്ള ട്രാൻഫോമറുകൾ താഴെ വീഴാൻ പാകത്തിലാണ്. ആയത് നല്ല നിലയിലാക്കുകയും, ഒമ്പതാം വാർഡിലെ പള്ളി ജംഗ്ഷനിലെ ജീർണ്ണിച്ച ഇലക്ട്രിക്കൽ പോസ്റ്റ് പുനസ്ഥാപിച്ച് ജീവാപായം ഒഴിവാക്കുക.

460

12. പഞ്ചായത്തിൽ വരുന്ന മുഴുവൻ വഴിവിളക്കുകളുടേയും സ്ഥാപനവും അറ്റകുറ്റപ്പണികളും, നിയന്ത്രണവും, K.S.E.B. മുഖേന സേവനം ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ സേവനപരിധിയിൽ കൊണ്ടുവരിക.

13. പൊയ്യ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പാചകാവശ്യത്തിനുള്ള മണ്ണെണ്ണയുടെ അളവ് പെർമിറ്റുകൾക്ക് വർദ്ധിപ്പിക്കുക.

14. വൈദ്യുതീകരിച്ച വീടുകൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന രണ്ടുലിറ്റർ മണ്ണെണ്ണ അപര്യാപ്തമാണ്. ദിവസവും പവർകട്ട് ഏർപ്പെടുത്തിയിരിക്കുന്ന ഈ സന്ദർഭത്തിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കാൻ വേണ്ട നടപടി ഗവൺമെന്റ് തലത്തിൽ എടുക്കുന്നതിന് നടപടി സ്വീകരിക്കുക.

15. പഞ്ചായത്തിൽ വിതരണം ചെയ്യുന്ന ഗ്യാസ് കണക്ഷനുകളുടെ എണ്ണം ത്വരിതഗതിയിൽ വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടി എടുക്കുന്നതോടൊപ്പം ഈരംഗത്ത് സീനിയോറിറ്റി സ്ഥാനത്തിൽ അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

194

## ഗതാഗതം

കഴിഞ്ഞ എട്ടുപദ്ധതികളിലും ഏറ്റവും മുൻഗണനനൽകി വികസിപ്പിച്ച മേഖലയാണ് ഗതാഗതം. പൊതുവേ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലേക്കും ഗതാഗതസൗകര്യമുള്ള റോഡുകൾ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനിയും പല റോഡുകളും നിർമ്മിക്കണമെന്നുള്ള നിർദ്ദേശം പല ഗ്രാമസഭകളിലും ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്ത് അതിർത്തിയിൽ വരുന്ന റോഡുകളെ P.W.D. റോഡുകളെന്നും, പഞ്ചായത്ത് റോഡുകളെന്നും രണ്ടായി തരം തിരിക്കാം. ദേശീയപാതകൾ ഒട്ടുംതന്നെ സ്പർശിക്കാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. പൊയ്യ പഞ്ചായത്തിൽ 22 കി.മീ. നീളത്തിൽ P.W.D. റോഡുകളും, 66.216 കി.മീ. നീളത്തിൽ പഞ്ചായത്ത് റോഡുകളുമുണ്ട്. ഗതാഗതത്തിന്റെ മറ്റൊരുമേഖലയാണ് ജലമാർഗ്ഗം. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറൻ മേഖലയാണ് ജലഗതാഗതത്തിന് ഉപയുക്തമായിട്ടുള്ളത്. ആദ്യകാലങ്ങളിൽ പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ നിന്ന് മാളതോടു വഴി കോട്ടപ്പുറം, എറണാകുളം ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ചരക്കുകൾ കയറ്റി വലിയ കെട്ടുവള്ളങ്ങൾ യാത്രചെയ്യുക പതിവായിരുന്നു. യാത്രാസൗകര്യത്തിനായി ബോട്ടുകളും, വള്ളങ്ങളും, ദീർഘദൂരസർവീസുകൾ നടത്തിയിരുന്നു. ഏകദേശം 25 വർഷമായി ഈ ജലപാത നിരാകരിക്കപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ മാളയിൽ നിന്നും കൊടുങ്ങല്ലൂർഭാഗത്തേക്ക് മടൽ കയറ്റിപ്പോകുന്ന ജലപാതമാത്രമാണ് നാമമാത്രമായി നിലനിൽക്കുന്നത്. റോഡുമാർഗ്ഗമുള്ള ഗതാഗതസൗകര്യങ്ങൾ വർദ്ധിച്ചതും, മാള തോടിന്റെ വിസ്തൃതിയിൽ വന്ന വ്യത്യാസവും ഈ ജലപാതയുടെ പ്രസക്തി നഷ്ടപ്പെടാൻ കാരണമായി. അയൽപ്രദേശങ്ങളായ ആനാപ്പുഴ, തുരുത്തൂർ, തുടങ്ങിയ പ്രദേശങ്ങളിലെ ബന്ധിപ്പിക്കുന്നതാണ് കൃഷ്ണൻകോട്ട ഫെറിയും, തുരുത്തൂർ കടത്തുമാണ്. കൃഷ്ണൻകോട്ട ഫെറി P.W.D.യുടെ ഉത്തരവാദിത്വത്തിലും, തുരുത്തൂർ കടത്ത് പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെയും പൊയ്യ ഗ്രാമപഞ്ചായത്തിന്റെയും ഉത്തരവാദിത്വത്തിലുമാണ് നിയന്ത്രിച്ചുപോരുന്നത്.

നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ ഭൗതീകാവസ്ഥ ഏറെക്കുറെ തൃപ്തികരമാണെങ്കിലും അർഹിക്കുന്നത്ര പൊതുവാഹനസൗകര്യം ലഭ്യമാക്കാത്ത അവസ്ഥയാണ്. പഞ്ചായത്തിലെ പ്രധാന റോഡുകൾ മാള കൃഷ്ണൻകോട്ട , മാള ഇളന്തിക്കര, വലിയപറമ്പ് ചെട്ടിപ്പറമ്പ്, പൊയ്യ പുത്തൻവേലിക്കര തുടങ്ങിയവയാണ്. ഇവയെല്ലാം തന്നെ P.W.D. റോഡുകളാണ്. ബാക്കിവരുന്ന പഞ്ചായത്ത് റോഡുകളിൽ ചുരുങ്ങിയ ശതമാനം മാത്രമേ ടാറിങ്ങ് നടത്തിയിട്ടുള്ളു.

പഴയകാലങ്ങളിൽ യാത്രാസൗകര്യത്തിനായി പ്രധാനമായും അവലംബിച്ചിരുന്നത് കാളവണ്ടികളെയായിരുന്നു. കാളവണ്ടിയുഗത്തിനുശേഷം ഉണ്ടായ കരിവണ്ടികൾ പഞ്ചായത്തിൽ പ്രധാനമായും സർവീസ് നടത്തിയിരുന്നു. ഇപ്പോൾ പഞ്ചായത്തിൽ പ്രധാനമായും പൊതുയാത്രാസൗകര്യത്തിനുവേണ്ടി ഉപയോഗിക്കുന്നത് ബസ്സ്, ഓട്ടോറിക്ഷ, കാറ് തുടങ്ങിയവയാണ്. മാള, കൃഷ്ണൻകോട്ട, പുത്തൻവേലിക്കര റൂട്ടിൽ ഏകദേശം 20 ബസ്സുകളും മാള, ഇളന്തിക്കര റൂട്ടിൽ 9 ബസ്സുകളും, മാളയിൽ നിന്നും വലിയപറമ്പ് വഴി 4 ബസ്സുകളും മടത്തുംപടിആലുവ റൂട്ടിൽ മൂന്ന് K.S.R.T.C. ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തതിർത്തിയിലെ ഓട്ടോറിക്ഷ, ടാക്സി കേന്ദ്രങ്ങൾ പൂപ്പത്തിസെന്റ്ർ പൊയ്യ കമ്പനിപ്പടി എന്നിവിടങ്ങളിലാണ്. പൂപ്പത്തി സെന്ററിൽ ഏകദേശം 10 ഓട്ടോറിക്ഷയും, നാല് കാറും, പൊയ്യ കമ്പനിപ്പടിക്കൽ 14 ഓട്ടോറിക്ഷയും രണ്ടുകാറും ലഭ്യമാണ്. തൊട്ടടുത്ത പഞ്ചായത്തുകളായ മാള, പുത്തൻവേലിക്കര, കുഴൂർ തുടങ്ങി സ്ഥലങ്ങളിൽ നിന്നുള്ള ഓട്ടോറിക്ഷകളേയും, ടാക്സികളേയും ആശ്രയിക്കാറുണ്ട്.

പഞ്ചായത്തിലേക്കാവശ്യമായ ചരക്കുകൾ എത്തിക്കാൻ പ്രധാനമായും ആശ്രയിക്കുന്നത് ലോറി, ടെംപോ, ഓട്ടോറിക്ഷ കാളവണ്ടി എന്നിവയാണ്. കാളവണ്ടികൾ രംഗത്തുനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഒരേയൊരു കാളവണ്ടിയാണ് ചരക്കുഗതാഗതത്തിന് ഉപയോഗിക്കുന്നത്. ഭാരവണ്ടികൾ വളരെ നാമമാത്രമായേ ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നുള്ളൂ. എണ്ണമറ്റ സൈക്കിളുകളും, ആനുപാതികമായി മോട്ടോർ സൈക്കിളുകളും വളരെക്കുറച്ച് സ്വകാര്യവാഹനങ്ങളും യാത്രസൗകര്യത്തിനായി ഉപയോഗിക്കുന്നു.

## പ്രശ്നങ്ങൾ

റോഡുകളെ സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ വളരെയധികം പ്രശ്നങ്ങൾ ഗ്രാമസഭകളിൽ ഉയർന്നുവരികയുണ്ടായി. അതെല്ലാം ഓരോ വാർഡായി തരംതിരിച്ച് താഴെകൊടുക്കുന്നു.

### PWD റോഡുകൾ

പൊയ്യ പഞ്ചായത്തിലെ P.W.D. റോഡുകളുടെ ഇന്നത്തെ നില വളരെ ശോചനീയമാണ്. വേണ്ട സമയത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതുകാരണം ഈ റോഡുകളെല്ലാം വീണ്ടും ടാർചെയ്യേണ്ട സാഹചര്യമാണുള്ളത്. 8 വർഷം മുമ്പ് പണി പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കിയ മാള. ഇളന്തിക്കര റോഡിന്റെ അവസ്ഥ ഇന്ന്

462

വളരെ ദയനീയമാണ്. പൊയ്യ പുത്തൻവേലിക്കര റോഡിന്റെയും,വലിയപറമ്പ് ചെട്ടിപ്പറമ്പ് റോഡിന്റെയും സ്ഥിതി തികച്ചും വിഭിന്നമല്ല. മാളകൃഷ്ണൻകോട്ട റോഡ് മാത്രമാണ് നല്ലരീതിയിൽ നിലനിൽക്കുന്നത്.

## പഞ്ചായത്ത് റോഡുകൾ

പൊയ്യ പഞ്ചായത്തിൽ 66.216കി.മീ. നീളത്തിൽ 140 എണ്ണം പഞ്ചായത്ത് റോഡുകളുണ്ട്. അതിൽ 14 എണ്ണം ടാർചെയ്തതും, 6 എണ്ണം മെറ്റൽ ചെയ്തതുമാണ്.

## 1–ാം വാർഡ്

### ടാറിങ്ങ് നടത്തേണ്ട റോഡുകൾ

1. മടത്തുംപടി കൈതച്ചിറ റോഡ്
2. ചക്കാട്ടിക്കുന്നിൽ നിന്നും ആരംഭിക്കുന്ന തിരുത്ത റോഡ്
3. മടത്തുംപടി പോസ്റ്റ് ഓഫീസ് അമ്പലനട റോഡ്
4. മടത്തുംപടി എൽ.പി.സ്ക്കൂൾ മാള ഇളന്തിക്കര റോഡ് വരെ ടാറിങ്ങ് നടത്തണം.

### അറ്റകുറ്റപ്പണികൾ

1. വാണ്യം കുളങ്ങര റോഡ്
2. കുറ്റിക്കാട് വേലൻകോളനി റോഡ്
3. ചക്കാട്ടിക്കുന്ന് ഹരിജൻകോളനി റോഡ്

## 2–ാം വാർഡ്

### ടാറിങ്ങ് നടത്തേണ്ടത്

1. സെമിനാരിയുടെ പടിഞ്ഞാറ് ഭാഗത്തുകൂടി തെക്കോട്ടുപോകുന്ന റോഡ്
2. പറയൻകുന്ന് മണലിക്കാട് ലിങ്ക് റോഡ്
3. മണലിക്കാട് എലിച്ചിറ ലിങ്ക് റോഡ്
4. എരട്ടപ്പടി ലിങ്ക് റോഡ്
5. ഊളൻചിറ ബണ്ട് റോഡ് പൂർത്തിയാക്കി ടാറിങ്ങ് നടത്തണം.
6. എരട്ടപ്പടി വഴിച്ചാൽ റോഡ് പൂർത്തിയാക്കി ടാറിങ്ങ് നടത്തണം.

## 3–ാം വാർഡ്

1. പൊയ്യ പാലത്തിങ്കൽ എലിച്ചിറ റോഡിന്റെ പണി പൂർത്തിയാക്കണം.
2. പൊയ്യ നാലുവഴിമുതൽ എലിച്ചിറ പാലംവരെ കാന നിർമ്മിക്കണം.
3. അഞ്ചങ്ങാടി മിച്ചഭൂമിയിലേക്ക് പോകുന്ന വഴിയിലെ മരങ്ങൾ മുറിച്ചുമാറ്റണം.
4. ചെട്ടിപ്പറമ്പ് പാലത്തിങ്കൽ ബണ്ട് റോഡ് നന്നാക്കണം.

## 4–ാം വാർഡ്

### ടാറിങ്ങ് നടത്തേണ്ടത്

1. അത്തിക്കടവ് റോഡ്
2. കൊശവൻകുന്ന് റോഡ് കടവുവരെ എത്തിച്ച് ടാറിങ്ങ് നടത്തണം.
3. ചെന്തുരുത്തി അണ്ടിക്കമ്പനി റോഡ്

### അറ്റകുറ്റപ്പണികൾ നടത്തേണ്ടവ

1. തിരുത്തുഭാഗം റോഡ്
2. അത്തിക്കടവ് റോഡിൽ നിന്നും നടവരമ്പിലേക്ക് പോകുന്ന റോഡ്
3. അത്തിക്കടവ് മെയിൻ ലിങ്ക് റോഡ്
4. ചെന്തുരുത്തിയിൽ നിന്നും ഓം മഹാവിഷ്ണു ക്ഷേത്രത്തിലേക്കുള്ള വഴി.
5. ചന്നൂർ മെയിൻ റോഡിൽ നിന്നും തിരിയുന്ന ഇടവഴിയിലെ വൃക്ഷങ്ങൾ മുറിച്ചുമാറ്റി സഞ്ചാരയോഗ്യമാക്കണം.

423

## 5–ാം വാർഡ്

**ടാറിങ്ങ് നടത്തേണ്ടത്**

1. പുളിപ്പറമ്പ് മാളപള്ളിപ്പുറം റോഡ്
2. കാർത്തിക്കാവ് അമ്പലറോഡ്
3. രാജവീഥി പാറപ്പുറം ബണ്ട് റോഡ്
4. ചെട്ടിപ്പറമ്പ് പൂപ്പത്തി റോഡ്

**അറ്റകുറ്റപ്പണികൾ നടത്തേണ്ടവ**

1. ഉടുമ്പുരുത്തി വടക്കേപ്പാടത്ത് കേടുവന്ന മരപ്പാലത്തിനു പകരം പാലം നിർമ്മിച്ച് റോഡിന്റെ അറ്റകുറ്റപ്പണി നടത്തണം.
2. സി.ഡി. തോമസിന്റെ വീടിന്റെ കിഴക്കോട്ടുള്ള റോഡ്

## 6–ാം വാർഡ്

**ടാറിങ്ങ് നടത്തേണ്ടത്**

1. പൂപ്പത്തി കോളനികൾക്കകത്തുള്ള വഴികൾ
2. പൂപ്പത്തി ഷാപ്പുംപടി വായനശാല റോഡ്
3. ഖാദിബോർഡ് റോഡ്

**അറ്റകുറ്റപ്പണികൾ നടത്തേണ്ടവ**

1. തറയിൽ ക്ഷേത്രപരിസരത്തേക്കുള്ള വഴി
2. എരിമ്മൽ ക്ഷേത്രത്തിന് കിഴക്കോട്ടുള്ള വഴി

## 7–ാം വാർഡ്

**ടാറിങ്ങ് നടത്തേണ്ടത്**

1. മാളപള്ളിപ്പുറം രാജവീഥി റോഡ്
2. പൂപ്പത്തി വായനശാല ഷാപ്പുംപടി റോഡ്
3. പൂപ്പത്തി തൻകുളം ബണ്ട് റോഡ്
4. രാജവീഥി റോഡിൽ നിന്നും ആരംഭിക്കുന്ന ജനതാമഹിളാസമാജം അംഗനവാടി റോഡ്

**അറ്റകുറ്റപ്പണികൾ നടത്തേണ്ടവ**

1. മാള ഇളന്തിക്കര റോഡ്
2. മാള പള്ളിപ്പുറം കുറുപ്പംപറമ്പ് മത്സ്യത്തൊഴിലാളി കോളനി റോഡ്
3. വടക്കേപൂപ്പത്തി വായനശാലയ്ക്ക് പടിഞ്ഞാറ് വശം, ബാലവാടി റോഡും, തെക്കോട്ട് പാടത്തേക്ക് പോകുന്ന റോഡും
4. പൂപ്പത്തി ഷാപ്പുംപടി ലക്ഷംവീട് കോളനിറോഡ് വീതി കൂട്ടണം.
5. കുറുപ്പംപറമ്പ് കെ.വി. രാജന്റെ പടിമുതൽ താഴെ പാടംവരെ എത്തുന്ന റോഡ്
6. മാള ഇളന്തിക്കര റോഡിനേയും, തൻകുളം ബണ്ട് റോഡിനേയും ബന്ധിപ്പിക്കുന്ന റോഡ് സഞ്ചാര യോഗ്യമാക്കണം.
7. പൂപ്പത്തി സാംബവ റോഡ്
8. തൻകുളം മഹാദേവക്ഷേത്രവും, ശ്രീ. മഠാധിപതി മുത്തപ്പൻ ക്ഷേത്രവും ബന്ധിപ്പിക്കുന്ന തൻകുളം കൊട്ടാരം ബണ്ട് റോഡ്
9. മാളപള്ളിപ്പുറം ഷാപ്പുംപടി കിഴക്ക് മാറി തെക്കോട്ട് മാളപള്ളിപ്പുറം പാറപ്പുറം ബണ്ട് റോഡ് മണ്ണിട്ടുയർത്തി സഞ്ചാരയോഗ്യമാക്കണം.
10. തൻകുളം റോഡിന്റെ രണ്ടുവശത്തും കാന നിർമ്മിക്കണം.

## 8–ാം വാർഡ്

**ടാറിങ്ങ് നടത്തേണ്ടത്**

1. കളപ്പുരയ്ക്കൽ റോഡ്
2. ശങ്കരൻ കാവ് റോഡ്
3. മദ്രസ താണിക്കാട് കോളനി റോഡ്

HGH

**റീ ടാറിങ്ങ് നടത്തേണ്ടവ**

1. മാളപള്ളിപ്പുറം ഇളന്തിക്കര റോഡ്
2. മദ്രസ റോഡ്
3. മാളപള്ളിപ്പുറം പോസ്റ്റോഫീസ് കോട്ടമുറി റോഡ്
4. കനകക്കുന്ന് വടക്കേക്കോട്ട കോളനി റോഡ്

**അറ്റകുറ്റപ്പണികൾ നടത്തേണ്ടവ**

1. താണിക്കാട് കോളനി റോഡ്
2. അംബേദ്കർ കോളനി റോഡ്
3. വട്ടക്കോട്ട സെമിത്തേരി റോഡ്

## 9–ാം വാർഡ്

**ടാറിങ്ങ് നടത്തേണ്ടത്**

1. അണ്ടിക്കമ്പനി റോഡ്

**അറ്റകുറ്റപ്പണികൾ നടത്തേണ്ടവ**

1. മാളപള്ളിപ്പുറം പടിഞ്ഞാറേ ട്രാൻസ്ഫോമർ ജങ്ഷനിൽനിന്നും ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കണം.
2. ലക്ഷംവീട് കോളനിയിലേക്കുള്ള കൈവഴി സഞ്ചാരയോഗ്യമാക്കണം.

## 10–ാംവാർഡ്

**ടാറിങ്ങ് നടത്തേണ്ടത്**

1. നാലുവഴി അമ്പലം റോഡിന് കിഴക്കുഭാഗത്തുകൂടി തെക്കോട്ട് പോകുന്ന റോഡ്
2. അമ്പലറോഡ്
3. കഴഞ്ചിത്തറം റോഡ്
4. കൃഷ്ണൻകോട്ടയിലെ കടവിൽ നിന്നും തെക്കോട്ട് പോകുന്ന റോഡ്
5. കൃഷ്ണൻകോട്ട ചാപ്പൽ റോഡ്
6. ചർച്ച് റോഡ്

# പുതിയ റോഡുകൾ

പുതിയ റോഡുകൾക്കായുള്ള വളരെയധികം നിർദ്ദേശങ്ങൾ ഏതാണ്ടെല്ലാ ഗ്രാമസഭകളിലും വളരെ ശക്തമായി ഉയർന്നുവരികയുണ്ടായി. ഓരോ വാർഡുകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ ഓരോ വാർഡ് തിരിച്ച് താഴെക്കൊടുക്കുന്നു.

## 1–ാം വാർഡ്

1. കൈതച്ചിറയിൽ നിന്നും ചക്കാട്ടിക്കുന്നിലേക്ക്
2. മടത്തുംപടി ലക്ഷംവീട് കോളനിയിൽ നിന്നും കൃഷ്ണന്റെ അമ്പലം വരെ
3. മാള ഇളന്തിക്കര റോഡിൽ നിന്നും കോട്ടപ്പുറത്തേക്ക് പോകുന്ന ഇടവഴി വീതികൂട്ടണം.
4. പൂപ്പത്തി ആറാം വാർഡിൽ നിന്നും തെക്കോട്ട് പോകുന്ന റോഡ് ഒന്നാം വാർഡ് വരെ നീട്ടി പുതിയ റോഡ് നിർമ്മിക്കണം.

## 2–ാം വാർഡ്

1. ഊളൻചിറ ബണ്ട് റോഡ് പൂർത്തിയാക്കി ടാറിങ്ങ് നടത്തണം.
2. ഇരട്ടപ്പടി വഴിച്ചാൽ റോഡ് പൂർത്തിയാക്കി ടാറിങ്ങ് നടത്തണം.

## 3–ാം വാർഡ്

1. പൊയ്യ പാലത്തിങ്കൽ എലിച്ചിറ റോഡ്
2. നെയ്ത്തുശാലയുടെ തെക്കുവശം കിഴക്കോട്ടുപോകുന്ന വഴി പുനർനിർമ്മിച്ച് പാടത്തെ വഴിയിൽ മുട്ടിക്കണം.

3. കാർത്തികക്കാവ് പാലത്തിങ്കൽ റോഡ് പുതിയതായി നിർമ്മിക്കണം.
4. കോനേക്കാട് പാലത്തിങ്കൽ ബണ്ട് റോഡ് നിർമ്മിക്കണം.
5. കോലംപുറം ബസ് സ്റ്റോപ്പിൽ നിന്ന് വാർഡിന്റെ തെക്കേ അറ്റത്തേക്ക് പുതിയ റോഡ് നിർമ്മിക്കണം.
6. കോലാപ്പുറത്തേക്ക് പോകുന്ന റോഡ് സൂയസ് റോഡുമായി ബന്ധിപ്പിക്കണം.
7. കൊല്ലന്റെ വഴി എന്ന റോഡ് പാലത്തിങ്കൽ റോഡുമായി ബന്ധിപ്പിക്കണം.
8. വടക്കേപ്പാടം വട്ടച്ചിറ റോഡ് പുതിയതായി നിർമ്മിക്കണം.
9. തരിശുഭാഗത്ത് കലുങ്കോടുകൂടി റോഡ് നിർമ്മിക്കണം.

## 4-ാം വാർഡ്

1. ഗ്രീൻലാന്റ് സ്റ്റോപ്പിൽനിന്നും നടവരമ്പിലേക്ക് റോഡ്
2. ചാന്നൂർ റോഡ് അത്തിക്കടവ് വരെ എത്തിക്കണം.
3. പൊയ്യ സ്റ്റേറ്റ് ബാങ്കിന്റെ വടക്കുഭാഗത്തുനിന്നും ആരംഭിക്കുന്ന ഇടവഴി നന്നാക്കി പാടത്ത് വരെ എത്തിക്കണം.
4. പൊയ്യ ചെന്തുരുത്തി ആൽമരം സ്റ്റോപ്പിൽ നിന്നും പാറപ്പുറം കൂടി കുടുംബിക്ഷേത്രം വരെ പുതിയ റോഡ്
5. ചെന്തുരുത്തിയിൽ നിന്നും ഉടുമ്പുരുത്തിയിലേക്ക് പുതിയ റോഡ്

## 5-ാം വാർഡ്

1. കൊപ്പറമ്പ് ഉടുമ്പുരുത്തി ബണ്ട് റോഡ്
2. കാർത്തികക്കാവ് അമ്പലപ്പരിസരത്തുനിന്നും വടക്കോട്ടുള്ള റോഡ് പാടത്തേക്ക് തുറന്നുകിട്ടണം.
3. ശ്മശാനറോഡ് പണി തീർക്കണം.
4. ആശാരിപ്പറമ്പ് റോഡ് വീതി കൂട്ടണം.
5. പുളിപ്പറമ്പ് ലക്ഷംവീടുമുതൽ കിഴക്കേ റോഡുവരെ പുതിയ റോഡ് നിർമ്മിക്കണം.

## 6-ാം വാർഡ്

1. പൂപ്പത്തി കോളനിയിൽ നിന്നും ഐരാണിക്കുളത്തേക്ക്
2. മടത്തിക്കാവ് ക്ഷേത്രം കണ്ണോലിപ്പാടം റോഡ്
3. ഖാദിബോർഡിന്റെ വടക്കോട്ടുപോകുന്നതും, പടിഞ്ഞാറ് പാടശേഖരങ്ങളിൽ വന്നുനിൽക്കുന്നതുമായ റോഡിനെ മാള ഇളന്തിക്കര റോഡുമായി ബന്ധിപ്പിക്കണം.

## 7-ാം വാർഡ്

1. വടക്കേ പൂപ്പത്തി വായനശാലയുടേയും, രാജവീഥി റോഡിന്റെയും ബന്ധിപ്പിക്കാൻ പാടത്തുകൂടി ബണ്ട് റോഡ്
2. മേക്കാട്ടുകുളം കല്ലൻകുളം എന്നിവയിലേക്ക് പുതിയ റോഡ്

## 8-ാം വാർഡ്

1. മാളപള്ളിപ്പുറം മദ്രസയിൽ നിന്നും വടക്കോട്ടുപോകുന്ന ഇടവഴി വീതികൂട്ടി മാളചാലിൽ പാലം നിർമ്മിച്ച് കെ.കെ. റോഡുമായി ബന്ധിപ്പിക്കണം.
2. മദ്രസയിൽ നിന്നും പോകുന്ന റോഡ് താണിക്കാട് ഹരിജൻകോളനി റോഡുമായി ബന്ധിപ്പിക്കണം.
3. മാള ഇളന്തിക്കര റോഡിലെ മാളപള്ളിപ്പുറം ട്രാൻസ്ഫോർമർ പോയന്റിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന റോഡ് താണിക്കാട് ഹരിജൻ കോളിനിയുമായി ബന്ധിപ്പിക്കണം.
4. പ്ലാവിൻമുറി വടക്കുവശത്തുനിന്നു പടിഞ്ഞാറോട്ടുപോകുന്ന വഴി പാങ്കുളം ബണ്ടുറോഡായി നിർമ്മിച്ച് താണിക്കാട് ഹരിജൻ കോളനി റോഡുമായി ബന്ധിപ്പിക്കണം.
5. അംബേദ്കർ കോളനിയെ കനകക്കുന്ന് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്
6. കന്നാലിക്കുളം റോഡും, മൊതേപ്പാടം റോഡും, കനകക്കുന്ന് റോഡുമായി ബന്ധിപ്പിക്കണം.

## 9-ാം വാർഡ്

1. ലക്ഷംവീട് കോളനിക്കടുത്തുനിന്നും വടക്കോട്ടുപോകുന്ന വഴി മാള ഇന്ദിരാഭവൻ വരെ നീട്ടണം.
2. പാങ്കുളം റോഡിൽ നിന്നം ആരംഭിച്ച് പടിഞ്ഞാറോട്ടുപോകുന്ന കനാലിന്റെ അരികത്തുകൂടി ബണ്ട് റോഡ് നിർമ്മിക്കണം.

റോഡ് നിർമ്മിക്കണം.

3. മാള പള്ളിപ്പുറം ചർച്ച് സ്കൂൾ റോഡ് വടക്കോട്ട് നീട്ടി അണ്ടിക്കമ്പനി റോഡുമായി ബന്ധിപ്പിക്കണം.
4. പള്ളി റോഡ് അണ്ടിക്കമ്പനി റോഡുമായി ബന്ധിപ്പിക്കണം.

## 10-ാം വാർഡ്

1. കഴഞ്ചിത്തറ പാലത്തിന് വടക്കുമാറി കിഴക്കുപടിഞ്ഞാറുകിടക്കുന്ന തോടുനികത്തി റോഡ് നിർമ്മിക്കണം.
2. കൃഷ്ണൻകോട്ട ചാപ്പൽ റോഡ് തോടുനികത്തി വടക്കേ കടലോരം വരെ നീട്ടണം.
3. കൃഷ്ണൻകോട്ട സെമിത്തേരിക്ക് സമീപത്തുകൂടി വടക്കോട്ടുപോകുന്ന New Chappel Road നിർമ്മിക്കണം.
4. കൃഷ്ണൻകോട്ട പള്ളിയുടെ കിഴക്കുഭാഗത്ത് മെയിൻ റോഡിനേയും തെക്കുഭാഗത്ത് ചർച്ച് റോഡിനേയും ബന്ധിപ്പിക്കുന്ന റോഡ് വേണം.

## പുതിയതായി നിർമ്മിക്കേണ്ട പാലങ്ങൾ

10-ാം വാർഡിലെ ഗ്രാമസഭാ ചർച്ചയിലാണ് ഏതാണ്ട് പൂർണ്ണമായും പാലങ്ങളുടെ ആവശ്യകത ഉയർന്നുവന്നിട്ടുള്ളത്. കൃഷ്ണൻകോട്ട ആനാപ്പുഴ പാലം, തുരുത്തൂർ പാലം, കഴഞ്ചിത്തറ പാലം, കൃഷ്ണൻകോട്ട തെക്കേച്ചിറയിലെ തോട്ടിൽ നടപ്പാലം എന്നിവയാണ്.

10-ാം വാർഡിൽ നിർമ്മിക്കേണ്ട പാലങ്ങൾ

8-ാം വാർഡിൽ മാള ചാലിനു കുറുകേ പാലം നിർമ്മിച്ച് മദ്രസയിൽ നിന്നും വടക്കോട്ടുള്ള വഴി നീട്ടി കെ.കെ. റോഡുമായി ബന്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

## ഗതാഗതരംഗത്തെ പ്രശ്നങ്ങൾ

ഇന്ന് ഫെയർ സ്റ്റേജ് നിർണ്ണയത്തിലെത്തിയ അപാകതകൾ മൂലം യാത്രക്കാർ കൂടിയ നിരക്കിൽ കുറഞ്ഞ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു. അതുകൊണ്ട് സാമ്പത്തികനഷ്ടം ഒഴിവാക്കാൻ ഫെയർസ്റ്റേജ് പുനർനിർണ്ണയം ചെയ്യണമെന്ന അഭിപ്രായം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

ഈ പഞ്ചായത്തിൽ പൊതുവേ ബസ്സ് ഷെൽട്ടറുകളുടെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്. വെയ്റ്റിംഗ് ഷെഡുകളുടെ എണ്ണം വളരെ പരിമിതമാണ്. അതുകൊണ്ട് പഞ്ചായത്തിന്റെ പ്രധാന സെന്ററുകളിൽ ബസ്സ് ഷെൽട്ടറുകൾ സ്ഥാപിക്കണമെന്ന് ഗ്രാമസഭയിൽ ആവശ്യം ഉയർന്നിട്ടുണ്ട്.

## പുതിയ ബസ്സ് സർവ്വീസുകൾ

1. മാളപള്ളിപ്പുറം രാജവീഥി തുരുത്തും മുറി പുളിപ്പറമ്പ് വഴി പൂപ്പത്തിയിലേക്ക് പുതിയ റൂട്ട്
2. മാള ഇളന്തിക്കര റൂട്ടിൽ ആലുവയിലേക്ക് KSRTC പുതിയ സർവ്വീസ് നടത്തുക.
3. പൂപ്പത്തിയെ ബന്ധപ്പെടുത്തി ഇരിങ്ങാലക്കുട തുരുത്തിപ്പുറം ബസ്സ് സർവ്വീസ്
4. മാളയിൽ നിന്നും ആലുവയ്ക്ക് പോകുന്ന ബസ്സുകളിൽ ചിലത് അംബേദ്കർ കോളനി വഴിപോകണം.
5. പൊയ്യ കൃഷ്ണൻകോട്ട ഭാഗങ്ങളിൽ നിന്ന് മാളയ്ക്ക് വരുന്ന വണ്ടികൾ അംബേദ്കർ കോളനി വഴി പോകണം.

## ജലഗതാഗതം

ജലഗതാഗതരംഗത്ത് കൃഷ്ണൻകോട്ടയെ തുരുത്തിപ്പുറവുമായി ബന്ധിപ്പിക്കുന്ന കടത്ത് വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പ്രധാനപ്പെട്ട PWD റോഡുകൾ പലതും പൊട്ടിപ്പൊളിഞ്ഞ് കുണ്ടുംകുഴിയുമായിക്കിടക്കുകയാണ്. ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ട് വളരെയധികം കാലമായി. ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർത്ത് സഞ്ചാരയോഗ്യമാക്കുവാനുള്ള നടപടികൾ എത്രയും പെട്ടെന്ന് നടപ്പാക്കാൻ പഞ്ചായത്ത് ഭരണ

സമിതി ഉദ്യോഗസ്ഥതലത്തിൽ സമ്മർദ്ദം ചെലുത്തണം.

2. പല പഞ്ചായത്ത് റോഡുകളും മെറ്റൽ ചെയ്തിട്ട് കാലങ്ങളായെങ്കിലും ഇപ്പോഴും ടാർ ചെയ്തിട്ടില്ല. പല റോഡുകളും മെറ്റലെല്ലാം ഇളകിയതുകൊണ്ട് വീണ്ടും മെറ്റൽ ചെയ്യേണ്ട സ്ഥിതിയാണുള്ളത്. പഞ്ചായത്തിന് ഇരട്ടി സാമ്പത്തിക ഭാരം ഉണ്ടാകുന്ന ഇത്തരം പ്രവർത്തനങ്ങൾ അഭികാമ്യമല്ല. മെറ്റൽ ചെയ്തിട്ടുള്ള റോഡുകൾ എത്രയും വേഗം ടാർ ചെയ്യുന്നതിനും, ഫണ്ട് നഷ്ടപ്പെടുത്താതിരിക്കാനും പഞ്ചായത്ത് ഭരണസമിതി കൂടുതൽ ശ്രദ്ധകൊടുത്ത് പ്രവർത്തിക്കേണ്ടതാണ്.

3. ടാറിടാത്ത സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ പൊതുജനപങ്കാളിത്തത്തോടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ജനപ്രതിനിധികൾ നേതൃത്വം നൽകേണ്ടതാണ്.

4. സൗകര്യമുള്ള സ്ഥലങ്ങളിലെല്ലാം പൊതുജന പങ്കാളിത്തത്തോടെതന്നെ പുതിയ റോഡുകൾ വെട്ടിയുണ്ടാക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളെടുത്ത് നടപ്പാക്കേണ്ടതാണ്.

5. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുന്നതിന് നേതൃത്വം നൽകാനും, പരാതികൾ അവതരിപ്പിക്കാനും പ്രാദേശികതലത്തിൽ റോഡ് സംരക്ഷണസമിതികൾ ഉണ്ടാക്കി വേണ്ട ചുമതലകൾ നൽകേണ്ടതാണ്.

6. അനധികൃതമായി റോഡ് കയ്യേറ്റം തടയുന്നതിന് ഈ പ്രാദേശിക സമിതികളെ ചുമതലപ്പെടുത്തേണ്ടതാണ്.

7. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് കൃത്യമായി സർവ്വീസ് നടത്താത്ത ബസ്സുകൾക്കെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളാൻ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കേണ്ടത് ഭരണസമിതി അംഗങ്ങളുടെ ചുമതലയാണ്.

468

# പാർപ്പിടം

നമ്മുടെ പഞ്ചായത്തിൽ പണ്ടുപണ്ട് സ്വയം നിർമ്മിച്ച ഇഷ്ടിക ഉപയോഗിച്ച് ഭിത്തികെട്ടി തെങ്ങോലകൾകൊണ്ട് മേഞ്ഞ വീടുകളാണ് അധികവും താഴെക്കിടയിലുള്ള ആളുകൾ വാസസ്ഥലമായി ഉപയോഗിച്ചിരുന്നത്. മേലേക്കിടയിലുള്ള ആളുകൾക്ക് ഇഷ്ടികയും കുമ്മായവും, സിമന്റും ചേർത്ത് നിർമ്മിച്ച വീടുകളും ഓടിട്ട മേൽക്കൂരയും ഉണ്ടായിരുന്നു.

പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിൽ കാലാകാലമായി വളരെയധികം പുരോഗതി ഉണ്ടായിട്ടുണ്ട്. ഗവ: തലത്തിലും പഞ്ചായത്ത് തലത്തിലും മറ്റു ഏജൻസികൾ മുഖേനയും താഴ്ന്ന വരുമാനക്കാർക്ക് വീടു നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. ഈ ആനുകൂല്യം മൂലം ഭൂരിഭാഗത്തിനും വാസയോഗ്യമായ ഓടിട്ട വീടുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് നൽകിയ 4 സെന്റ് കോളനികളിലും മറ്റു ഒറ്റപ്പെട്ട സ്ഥലങ്ങളിലും ഹരിജൻ കോളനികളിലും വീട് നിർമ്മിക്കുന്നതിന് ആനുകൂല്യം ലഭിക്കേണ്ട ആളുകൾ നിരവധിയുണ്ട്. ഇപ്പോൾ ഉയർന്ന നിലവാരത്തിലുള്ള കുടുംബങ്ങൾ കോൺക്രീറ്റ് ഉപയോഗിച്ച് സൗധങ്ങൾ പടുത്തുയർത്തുന്നത് കാണുമ്പോൾ നാം ഒരു കോൺക്രീറ്റ് സംസ്ക്കാരത്തിലേക്ക് വഴുതിപ്പോകുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ മൊത്തം 4781 വീടുകളുണ്ട്. ഇതിൽ 1704 വീടുകളും കുടിലുകളാണ്. സൗകര്യപ്രദമായ 3077 വീടുകൾ ഉള്ളതിൽ 800 വീടുകൾക്ക് അടിയന്തിരമായ അറ്റകുറ്റപ്പണികൾ നടത്തേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

വീടില്ലാത്തവർക്ക് വീടു നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനുള്ള ഭൂമി വാങ്ങിക്കൊടുക്കുന്ന പദ്ധതിയിൽ ഇന്നുള്ള തുക (ഭൂമി വാങ്ങുന്നതിന് സർക്കാർ നിശ്ചയിച്ച തുക) വളരെ അപര്യാപ്തമാണ്. ഈ തുക വർദ്ധിപ്പിച്ച് പഞ്ചായത്ത് മുഖേന ഭൂമി വാങ്ങുന്നതിനുള്ള സൗകര്യമുണ്ടാക്കേണ്ടതാണ്. അങ്ങനെ ഭൂരഹിതരെ പുനരധിവസിപ്പിക്കുക.

ഇന്ന് ഓലമേഞ്ഞിട്ടുള്ള എല്ലാ വീടുകളും ഓട് മേയുന്നതിനും, അവ പുനരുദ്ധരീകരിക്കുന്നതിനുമുള്ള സാമ്പത്തികസൗകര്യം ലഭ്യമാക്കുക.

ലക്ഷംവീടുകൾ പുനരുദ്ധരിക്കുക. ലക്ഷം വീട് പദ്ധതിയിൽ സ്ഥലം മാത്രം ലഭിച്ചിട്ടുള്ളവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.

ലക്ഷം വീടുകൾ നാലുസെന്റ് കോളനികൾ എന്നിവ നിർമ്മിക്കുമ്പോൾ ഗ്രാമസമൂഹങ്ങളിൽ നിന്നും അകറ്റിപ്പണിയാതിരിക്കുക, ഒരു പ്രത്യേകവിഭാഗത്തെ മാത്രം അധിവസിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുക.

ദുർബ്ബലവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായവും, ഭൂമി വാങ്ങി വീടുവയ്ക്കുന്നതിനുള്ള നടപടിയുണ്ടാക്കുക.

### പട്ടിക - 1

| പഞ്ചായത്തിലെ മൊത്തം വീടുകൾ | നികുതിയുള്ളത് | നികുതി ഒഴിവ് | കുടിലുകൾ | വളരെ മോശം വീടുകൾ |
|---|---|---|---|---|
| 4781 | 3077 | 1704 | 1704 | 800 |

### പട്ടിക - 2

| കോളനികൾ | വാർഡ് | എണ്ണം |
|---|---|---|
| ലക്ഷംവീട് കോളനി | I, III, V, VII, IX | 5 |
| 4 സെന്റ് കോളനി | VI | 2 |
| IHDP കോളനി | VIII | 1 |
| അംബേദ്കർ കോളനി | VIII | 1 |

269

## പരമ്പരാഗത വാസ്തുശില്പ മാതൃക

പുതുതായി നിർമ്മിക്കുന്ന വീടുകളെല്ലാം തന്നെ കോൺക്രീറ്റു ബിൽഡിംഗുകളാണ്. കൂടുതൽ കാലം ഈട് നിൽക്കണമെന്ന ഉദ്ദേശവും, മരോൽപ്പന്നങ്ങളുടെ ദൗർല്ലഭ്യവും, വിലക്കൂടുതലും, ഉപയോഗിക്കുന്നതിനുള്ള അസൗകര്യവും, കൂലിപ്രശ്നങ്ങളും, എല്ലാം ഈ മാറ്റത്തിനുള്ള കാരണമാവാം. പൊയ്യ പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് കല്ല് നമുക്ക് ലഭ്യമാണ്.

ചുടുകട്ട, മണൽ എന്നിവയും മറ്റു പടിഞ്ഞാറൻ മേഖലയെ വച്ചുനോക്കുമ്പോൾ ലഭിക്കാനെളുപ്പമുണ്ട്. കൂടാതെ സാമൂഹ്യ വളർച്ചയിൽ വന്ന മാറ്റം കൂടി കണക്കിലെടുത്താൽ ഇത്തരം പരമ്പരാഗതമായ മാറ്റങ്ങൾ അനിവാര്യം തന്നയെന്ന് കാണാൻ കഴിയും. വീടുകൾ താമസിക്കാനുള്ളത് എന്ന യാഥാർത്ഥ്യത്തിൽ നിന്ന് സമൂഹത്തിൽ ആഭിജാത്യം നിലനിർത്താൻകൂടി എന്ന സങ്കല്പത്തിലേക്ക് വഴിമാറിയിരിക്കുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. ചുരുക്കത്തിൽ കോൺക്രീറ്റ് ഭ്രമം വളരെ കൂടുതലായിരിക്കുന്നു എന്നത് ഒറ്റ നോട്ടത്തിൽ മനസ്സിലാകും.

## നിർമ്മാണരംഗത്തെ അനാവശ്യചെലവുകൾ - പ്രവണത
## ചെലവുകുറഞ്ഞ വീടുകളുടെ പ്രചരണം

ലാളിത്യം കുറഞ്ഞ വീടിന്റെ നിർമ്മാണം ഇല്ലാതായിരിക്കുന്നു. വീട് എന്ന സങ്കല്പം അന്തസ്സിന്റെ പര്യായമായി മാറിയിരിക്കുന്നു. പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ കമ്പിയും, സിമന്റും ഉപയോഗിച്ച് വലിയ കെട്ടിടങ്ങൾ നിർമ്മിക്കാനുളള പ്രവണത കൂടിക്കൂടിവരുന്നു. ചെലവുകുറഞ്ഞ വീടുകളുടെ പ്രചാരണം പൊയ്യ പഞ്ചായത്തിൽ ഇല്ല. അതുകൊണ്ടുതന്നെ, അത്തരം വീടുകൾ വളരെ കുറവാണെന്നാണ് സങ്കല്പം.

പൊയ്യ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നിർമ്മാണ സാമഗ്രികൾ, (കല്ല്, മണൽ, ഇഷ്ടിക) ലഭ്യമാണ്. ഇഷ്ടിക മാത്രമാണ് കുറച്ചകലെ നിന്നും കൊണ്ടുവരുന്നത്. എന്നിരുന്നാലും മറ്റുപടിഞ്ഞാറൻ മേഖല വച്ചുനോക്കുമ്പോൾ അത്ര ബുദ്ധിമുട്ടില്ല എന്നുപറയാം. പക്ഷേ മുൻകാലങ്ങളിൽ നടന്നുവന്നിരുന്നതുപോലെ, നാട്ടിലെ മണ്ണ് തന്നെ കുഴച്ച് നാടൻ രീതിയിൽ ഇഷ്ടികയുണ്ടാക്കുന്ന രീതി പൂർണ്ണമായും നിലച്ചിരിക്കുന്നു.

സാമ്പത്തികമായി ഉയർന്നവരാണ് ഏറെയും തങ്ങളുടെ പുരയിടങ്ങൾക്ക് ചുറ്റും മതിലുകൾ കെട്ടിയുയർത്തിയിട്ടുള്ളത്. മറ്റുള്ളവർ സാധാരണ ജൈവവേലികൾ തന്നെയാണ് ഇന്നും നിർമ്മിക്കുന്നത്. സാമ്പത്തികം അതിന്റെ ഒരു പ്രധാന പ്രശ്നമാണ്.

## നിർമ്മാണത്തൊഴിലാളികൾ

നിർമ്മാണത്തൊഴിലാളികൾ ആവശ്യത്തിനുണ്ടെങ്കിലും കൂടുതൽ തൊഴിൽ സാദ്ധ്യതകളും, സാമ്പത്തിക നേട്ടങ്ങളുമുള്ള ഇടങ്ങളിലാണ് ചേക്കേറുന്നത്. സ്ത്രീത്തൊഴിലാളികളും ഈ രംഗത്ത് ധാരാളം ഉണ്ട്.

## കൂലി

നിർമ്മാണത്തൊഴിലാളികളുടെ കൂലിനിരക്ക് വർദ്ധിച്ചിട്ടുണ്ട്. കൊല്ലംതോറുമുള്ള വർദ്ധനവാണ് ഇപ്പോഴുള്ളത്. സ്ത്രീത്തൊഴിലാളികൾക്ക് 50, 60 രൂപയും, പുരുഷത്തൊഴിലാളികൾക്ക് 100 മുതൽ 150 രൂപയും കൂലി ലഭിക്കുന്നതുകൊണ്ട് മെച്ചപ്പെട്ട ജീവിതനിലവാരം നിലനിർത്തുവാൻ കഴിയും. തൊഴിൽ വൈദഗ്ദ്യം തൃപ്തികരമാണ്. കോൺട്രാക്റ്റ് വ്യവസ്ഥയിലുള്ള വീട് നിർമ്മാണം ചുരുക്കമാണ്.

## പുറമ്പോക്ക്

പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്ന വളരെ ചുരുങ്ങിയ ആളുകളേ ഈ പഞ്ചായത്തിലുള്ളൂ. ഏകദേശം 20 പേരോളമാണ് ഇവിടെ താമസിക്കുന്നത്.

## ഹൗസിങ്ങ് സൊസൈറ്റി വായ്പ

ഹൗസിങ്ങ് സൊസൈറ്റി വഴി വീടുനിർമ്മാണം ഈ പഞ്ചായത്തിൽ കുറവാണെന്ന് പറയാം. ഉയർന്ന വരുമാനമുളളവരും, വായ്പാമേഖലയെക്കുറിച്ച് അറിയുന്നവരുമാണ് ഹൗസിങ്ങ് ബോർഡ്, മറ്റു മേഖലകൾ എന്നിവയിൽ നിന്നും ലോണുകൾ എടുത്ത് പുര പണിയുന്നത്. എന്നാൽ താഴെക്കിടയിലുള്ളവർ ഭൂരിപക്ഷവും ഗവൺമെന്റ് സഹായങ്ങളെ ആണ് ആശ്രയിക്കുന്നത്.

470

## സാദ്ധ്യതകൾ

- ❑ ഹൗസിങ്ങ് സൊസൈറ്റി, ബോർഡ് മുതലായ സ്ഥാപനങ്ങളിൽ നിന്നും എളുപ്പത്തിൽ വായ്പ ലഭിക്കുന്നതിനുള്ള മാർഗ്ഗം ടി സ്ഥാപനങ്ങളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കിയാൽ ഗുണകരമായിരിക്കും. നടപടിക്രമങ്ങളിലെ ലാളിത്യം ഒരു പ്രധാനപ്പെട്ട ഘടകമായിരിക്കും. (ഭവനനിർമ്മാണത്തിന് വായ്പകൾ നൽകുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് ഒറ്റ ഏജൻസി വഴി വായ്പകൾ ലഭ്യമാക്കുന്നതും സൗകര്യമായിരിക്കും.)

- ❑ കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും, വിപണനവും, ഏകോപിപ്പിച്ച് പഞ്ചായത്ത് തലത്തിൽ കൊണ്ടുവരേണ്ടതാണ്.

- ❑ കോസ്റ്റ് ഫോർഡുപോലുള്ള ഏജൻസികളുടെ പ്രവർത്തനവും, വ്യാപകമായ പ്രചാരണവും, ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് സഹായകമാവും. പഞ്ചായത്തിൽ തന്നെയുള്ള വിദഗ്ദതൊഴിലാളികൾക്ക് അത്തരം നിർമ്മാണ വൈദ്ഗ്ദ്യം നൽകാനുള്ള പരിശീലനം നൽകാനുള്ള സൗകര്യം പഞ്ചായത്തടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

- ❑ ഭൂരഹിതർക്കും, നിർദ്ധനർക്കും ഇന്നു നൽകിക്കൊണ്ടിരിക്കുന്ന ഭവന നിർമ്മാണപദ്ധതികൾ, കൂടുതൽ വ്യാപകമാക്കണം. വായ്പയായും, ഗ്രാന്റായും, നൽകുന്ന തുകകൾ ഇന്നത്തെ വിലക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ അപര്യാപ്തമാണെന്ന് കാണാം. തുക വർദ്ധിപ്പിക്കുക. പഞ്ചായത്തിൽ ഇന്നുള്ള മുഴുവൻ ഭൂരഹിതർക്ക് ഭൂമിയും, വീടും നൽകാനുള്ള ഒരു സമഗ്രപദ്ധതി പ്രത്യേകമായി ആവിഷ്ക്കരിച്ചെടുക്കേണ്ടത് വളരെ ആവശ്യമായിരിക്കുന്നു.

- ❑ പഞ്ചായത്തിൽ കെട്ടിട മെയിന്റനൻസിന് വേണ്ട സാമഗ്രികളും ധനവും നൽകുന്ന സർവ്വീസ് സംഘങ്ങൾ സ്ഥാപിച്ചാൽ മറ്റ് ഏജൻസികളെ തേടിപ്പോകുന്ന പതിവും, ബുദ്ധിമുട്ടും ഒഴിവാകുമെന്നുമാത്രമല്ല, വളരെയേറെപ്പേർക്ക് തൊഴിൽ സാദ്ധ്യതകളുമുണ്ടാക്കുന്നതാണ്.

- ❑ പഞ്ചായത്തിനു ലഭ്യമാകുന്ന ഭൂമി ഉപയോഗിച്ച്, പൂർണ്ണമായും വെള്ളം, വെളിച്ചം, മറ്റടിസ്ഥാനസൗകര്യങ്ങൾ എന്നിവ കോർത്തിണക്കി വിവിധ ജാതി മതസ്ഥരെ ഒന്നിച്ചു താമസിപ്പിക്കാനുള്ള കോളനികൾ ഉണ്ടാക്കാവുന്നതാണ്. ഒരു ജാതിയെ അല്ലെങ്കിൽ മതസ്ഥരെ മാത്രം കോളനികളിലാക്കി തിരിച്ച് താമസിപ്പിക്കുന്ന സമ്പ്രദായം ഒട്ടുംതന്നെ ആശാസ്യമല്ല. വിവിധ സംസ്ക്കാരങ്ങൾ കൂട്ടിച്ചേർത്താലേ ഇന്നു കാണുന്ന അനാചാരങ്ങളും, ജാതിമതവർഗ്ഗീയ സ്പർദ്ധയും ഇല്ലാതാകൂ.

## ചുരുക്കം

നിലവിൽ വീടില്ലാത്തവർക്കും, സ്ഥലമില്ലാത്തവർക്കും, വീടും സ്ഥലവും ലഭ്യമാക്കി സമ്പൂർണ്ണമായ ജീവിതസൗകര്യമേർപ്പെടുത്തുന്നതിന് 9–ാം പദ്ധതിയിലൂടെ നമുക്കു കഴിയണം.

വീടും മറ്റടിസ്ഥാന സൗകര്യങ്ങളുമുണ്ടാകുമ്പോൾ, പട്ടികജാതി, വർഗ്ഗക്കാർക്കുണ്ടാകുന്ന അടിമ അധമബോധം, ഇല്ലാതാവുകയും, മറ്റു ജനങ്ങൾക്കൊപ്പം തലയുയർത്തി നിൽക്കാനുള്ള താല്പര്യം സംജാതമാകും എന്നതാണ് മറ്റൊരു കാര്യം.

നിലവിലുള്ള എല്ലാ കോളനികളിലും അടിസ്ഥാന സൗകര്യങ്ങളോടെ വിപുലപ്പെടുത്തിയാൽ "കോളനി" എന്ന വാക്കിൽ നിന്നുണ്ടാകുന്ന ഇപ്പോഴത്തെ ജനതയുടെ മനോവികാരത്തിന് മാറ്റം വരാം.

ഒരിക്കലും ഒരു കോളനിയെന്നാൽ ഒരു വർഗ്ഗത്തെ, ജാതിയെ, മതത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയാകരുത്.

ഈ റിപ്പോർട്ട് പൂർണ്ണമാക്കുക, ആയതിലൂടെ നമ്മുടെ പഞ്ചായത്ത് എന്ന സങ്കല്പം പരിപൂർണ്ണമാക്കുക.

## വാർഡ് തല ക്രോഡീകരണം

### വാർഡ് 1

1. വീടില്ലാത്തവർക്ക് മുൻഗണനാക്രമത്തിൽ അടിയന്തിരമായി വീട് നിർമ്മിക്കുക.

2. വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങിക്കൊടുക്കുക.

## വാർഡ് 2

ഈ വാർഡിൽ 150 വീടുകൾ ഓല മേഞ്ഞതാണ്. അതിൽത്തന്നെ 75 വീടുകൾ കുടിലുകളാണ്. ഇവർക്ക് വീടുവയ്ക്കാൻ ലോണുകൾ എളുപ്പത്തിൽ ലഭ്യമാക്കണം. ഹൗസിങ്ങ് ബോർഡ് ലോണുകളുടെ കാലതാമസം ഒഴിവാക്കാനുള്ള നടപടിയുണ്ടാകണം.

## വാർഡ് 3

ലക്ഷംവീട്, കോളനിയിലെ വീടുകൾ പുനരുദ്ധീകരിക്കണം. സ്ഥലം മാത്രമുള്ളവർക്ക് വീട് നിർമ്മിക്കാൻ പദ്ധതിയുണ്ടാക്കണം. ജില്ലാകളക്ടറുടെ ഫണ്ടിൽ നിന്നും പണം ലഭ്യമാക്കിയാൽ മനുഷ്യാദ്ധ്വാനശേഷിയും, പൊതുജനപങ്കാളിത്തവും ഉണ്ടാകും. 30 വീടുകൾ ഓലമേഞ്ഞവയാണ്. ആയത് ഓട് മേയുന്നതിനുള്ള നടപടികളുണ്ടാവണം.

## വാർഡ് 4

സ്വന്തമായി ഭവനങ്ങൾ ഇല്ലാത്തവർ ധാരാളമുണ്ട്. അങ്ങനെയുള്ളവർക്ക് ആയത് നിർമ്മിക്കാനുള്ള സൗകര്യമുണ്ടാക്കണം.

## വാർഡ് 5

ലക്ഷംവീടുകൾ ഗ്രാമസമൂഹത്തിൽ നിന്നും അകറ്റിപ്പണിയുന്ന പതിവ് അവസാനിപ്പിക്കണം.
പാർപ്പുകാരുടെ ആധിക്യത്താൽ അനുഭവപ്പെടുന്ന ഞെരുക്കം കുറയ്ക്കാനുള്ള നടപടിയുണ്ടാകണം.

## വാർഡ് 6

ആറാം വാർഡിൽ 150ൽ പരം വീടുകൾ ചെറ്റപ്പുരകളാണ്. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ ഏജൻസികൾ സന്നദ്ധ സംഘടനകൾ മുഖേനയും സംയുക്തവും പാർപ്പിടപ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകണം.

## വാർഡ് 7

ദുർബ്ബലവിഭാഗത്തിൽപ്പെട്ട 60 കുടുംബങ്ങൾ ഈ വാർഡിലുണ്ട്. അതിൽത്തന്നെ സ്വന്തം സ്ഥലമില്ലാത്തവരുണ്ട്. കുടിൽ കെട്ടിത്താമസിക്കുന്നവരുണ്ട്. പൊതുജനപങ്കാളിത്തത്തോടെ ഏതെങ്കിലും പദ്ധതിവഴി സ്ഥലവും, വീടും ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകണം.

## വാർഡ് 8

200 പേരോളം സ്വന്തമായി വീടില്ലാത്തവരായി ഈ വാർഡിൽ ഉണ്ട്. അതിലേറെപ്പേർക്ക് സ്വന്തമായി സ്ഥലമില്ലാത്തവരായി ഉണ്ട്.

ജനറൽ വിഭാഗത്തിൽ വീടുകൾ അനുവദിക്കണം.

## വാർഡ് 9

ഈ വാർഡിൽ കുടിലുകൾ കുറവാണ്. ഭവനനിർമ്മാണ സഹകരണസംഘം ഇല്ല. ലക്ഷംവീട് കോളനിയിൽ അടിസ്ഥാനസൗകര്യങ്ങളും ഉണ്ട്.

## വാർഡ് 10

കൃഷ്ണൻകോട്ട കഴഞ്ചിത്തറ ഭാഗത്ത് ഏകദേശം 15 കുടിലുകൾ ഉണ്ട്. ഇവരിൽത്തന്നെ സ്വന്തമായി സ്ഥലമില്ലാത്തവരും ഉൾപ്പെടുന്നു. പല വീടുകളും ഓടുമേയാനും, അറ്റകുറ്റപ്പണികൾ നടത്താനുമുണ്ട്.

ഏറ്റവും താഴെക്കിടയിലുള്ളവർക്ക് തിരിച്ചടയ്ക്കാത്ത വായ്പകൾ ലഭ്യമാക്കണം.

1472

# ആരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

## ആരോഗ്യം

ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അവിടത്തെ ആരോഗ്യമുള്ള ജനങ്ങളാണ്. മനുഷ്യവിഭവശേഷിയുടെ പൂർണ്ണമായിട്ടുള്ള ഉപയോഗം വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കണമെങ്കിൽ അന്നാട്ടിലെ ജനങ്ങൾ ആരോഗ്യവാന്മാരായിത്തീരണം. പൊയ്യ പഞ്ചായത്തിലെ ഏക ഗവൺമെന്റ് ഡിസ്പെൻസറി മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന ഇട്ടീര അമ്പൂക്കൻ മെമ്മോറിയൽ റൂറൽ ഡിസ്പെൻസറി ആണ്. പഞ്ചായത്ത് അതിർത്തിയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രത്തിന് ഒരു പബ്ലിക്ക് ഹെൽത്ത് സെന്ററും, ഒരു ഫാമിലി വെൽഫെയർ സെന്ററും, ആയുർവേദ ഡിസ്പെൻസറിയും, ഒരു ഹോമിയോ ഡിസ്പെൻസറിയും അടങ്ങുന്നതാണ് പൊയ്യ പഞ്ചായത്തിലെ ആരോഗ്യസംവിധാനം. ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ ഒന്നും തന്നെയില്ല.

1972ൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പ്രസ്തുത ഗവൺമെന്റ് ഡിസ്പെൻസറി 1978ൽ ശ്രീ ഇട്ടീര അമ്പൂക്കൻ Ex. M.L.A.യുടെ സ്ഥലത്ത് സ്ഥിരമായ കെട്ടിടം പണിയുകയും 10 കിടക്കകളോടു കൂടി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇത് കൂടാതെ, ഇതിനോടൊപ്പം തന്നെ രണ്ടു പേവാർഡ് കൂടി പണിതിട്ടുണ്ട്. ആശുപത്രി കെട്ടിടം ചോർന്ന് ഒലിച്ചു അപകടാവസ്ഥയിൽ നിൽക്കുന്നു. ആവശ്യത്തിന് മരുന്ന് ലഭ്യമല്ല. ഇതാണ് ഈ പഞ്ചായത്തിലെ ഏക ഗവൺമെന്റ് ഡിസ്പെൻസറിയുടെ അവസ്ഥ. രോഗികൾക്ക് 16കി.മീ. വരെ യാത്രചെയ്തിട്ടുവേണം അടുത്തുള്ള സൗകര്യമുള്ള ആശുപത്രിയിൽ എത്താൻ. ആയുർവേദ ആശുപത്രിക്ക് കെട്ടിടം പണിയാൻ തറ കെട്ടുകയും കൊമ്പൗണ്ട് പണിയുകയും പഞ്ചായത്ത് ചെയ്തിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറിയിൽ സ്ഥിരമായി ഒരു മെഡിക്കൽ ഓഫീസർ ഉണ്ടെങ്കിലും മരുന്നിന്റെ ലഭ്യത വളരെ അപര്യാപ്തമാണ്. ഒരു സാമ്പത്തികവർഷത്തിൽ പതിനായിരം രൂപ ഇപ്പോൾ അലോട്ട്മെന്റ് അനുവദിച്ചിരിക്കുന്നത്. ഈ തുക തീരെ അപര്യാപ്തമാണ്.ഫർണീച്ചറുകൾ, സ്റ്റേഷനറി സാധനങ്ങൾ O.P. രജിസ്റ്റർ O.P. ടിക്കറ്റുകൾ തുടങ്ങിയവ ആവശ്യത്തിനില്ല. പഞ്ചായത്ത് നിർമ്മിച്ചുനൽകിയ കെട്ടിടത്തിലാണ് ഈ ഡിസ്പെൻസറി പ്രവർത്തിക്കുന്നത്.

പൊയ്യ ഗ്രാമപഞ്ചായത്തിലെ പൊതു മരണനിരക്ക് 5.07 ആണ്. സംസ്ഥാന ശരാശരിയെക്കാൾ (5.9) കുറവായതുകൊണ്ട് ഇത് നല്ലൊരു സൂചനയാണ്. അതുപോലെ മാതൃമരണനിരക്കും ശരാശരിയെക്കാൾ വളരെ കുറവാണ്.

## പട്ടിക (1996ലെ കണക്ക്)

| മരണനിരക്ക് | പൊയ്യ ഗ്രാമപഞ്ചായത്ത് | കേരളസംസ്ഥാനം |
|---|---|---|
| പൊതുമരണനിരക്ക് | 5.07 | 5.9 |
| ശിശുമരണനിരക്ക് | ഇല്ല | 16 |
| മാതൃമരണനിരക്ക് | ഇല്ല | <1 |
| ജനനനിരക്ക് | 14.09 | 17 |

ഈ പഞ്ചായത്തിലെ ആയുർദൈർഘ്യം 65 വയസ്സുവരെയാണ്. പഞ്ചായത്തിലെ തീരസമതല പ്രദേശങ്ങളിൽ ഛർദ്ദിയും, വയറിളക്കവും, ഉണ്ടാകുന്നതൊഴിച്ചാൽ മറ്റു പകർച്ചവ്യാധികൾ കുറവാണ്. എന്നിരുന്നാലും ചെങ്കണ്ണ്, ചിക്കൻപോക്സ്, തുടങ്ങിയ പകർച്ച വ്യാധികളും കാണുന്നുണ്ട്. കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം തൃപ്തികരമല്ല.

പൊയ്യ ഗ്രാമപഞ്ചായത്തിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചിരുന്ന ഒരു വിഷചികിത്സകേന്ദ്രം ഉണ്ട്. ഇത് ആധുനികവൽക്കരിക്കേണ്ടത് ആവശ്യമാണ്. സ്വകാര്യമേഖലയിൽ ആയുർവേദം, ഹോമിയോ ചികിത്സ കേന്ദ്രങ്ങൾ കുറവാണ്. 20 അംഗനവാടികളിലൂടെ നടത്തുന്ന ആരോഗ്യ പ്രവർത്തനങ്ങൾ മെച്ചമായതുകൊണ്ട് പൊതുവെ ആരോഗ്യകാര്യത്തിൽ നാം മുൻപന്തിയിൽ നിൽക്കുന്നു.

### വിസർജ്ജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ

ഈ പഞ്ചായത്തിൽ ആകെയുള്ള 4781 വീടുകളിൽ 4016 വീടുകളിലും കക്കൂസുകൾ ഉണ്ട്. ബാക്കിയുള്ള വീടുകൾക്ക് കക്കൂസുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

## മാലിന്യങ്ങൾ

പൊതുമാർക്കറ്റുകൾ ഇല്ലാത്തതിന്റെ പേരിലും ഭൂരിപക്ഷം ഉയർന്ന മേഖലയിൽ ആയതിനാലും ചതുപ്പു നിലങ്ങൾ കുറവായതിനാലും കൊതുകുശല്യം അത്ര രൂക്ഷമല്ല. എന്നാൽ താഴ്ന്ന പ്രദേശമായ 10-ാം വാർഡും, 3,4,5,9 എന്നീ വാർഡുകളുടെ ഭാഗങ്ങളിൽ വയറിളക്കം ഛർദ്ദി എന്നിവ കണ്ടുവരുന്നു.

## പ്രശ്നങ്ങളും സാധ്യതകളും

1. പഞ്ചായത്തിലെ പൊതുജനആരോഗ്യകേന്ദ്രങ്ങളിലെ പ്രവർത്തനം കാര്യക്ഷമമാക്കണം.
2. കിടത്തിചികിത്സിക്കുവാനുള്ള ആശുപത്രികളില്ല.
3. ഗവൺമെന്റ് ആശുപത്രിയുടെ പ്രവർത്തനം വിപുലമാക്കി ഒരു ലേഡീഡോക്ടർ ഉൾപ്പെടെ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.
4. സ്റ്റാഫ് കോർട്ടേഴ്സ് നിർമ്മിക്കണം.
5. ഒന്നാം വാർഡിൽ നിലവിലുള്ള ആയുർവേദആശുപത്രിക്കെട്ടിടം പണിതു രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള മറുപടി ഉണ്ടാക്കണം.
6. രണ്ടാം വാർഡിൽ ഹോമിയോ ഡിസ്പെൻസറി പണിയുന്നതിന് നടപടി വേണം.
7. പഞ്ചായത്തിലെ സബ് സെന്ററുകളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

# കുടിവെള്ളം

പൊയ്യ ഗ്രാമപഞ്ചായത്തിൽ മുഖ്യമായ കുടിനീർ ശ്രോതസ്സ് കിണറുകളാണ്. ഏകദേശം അറുപത്തിയഞ്ച് ശതമാനം (65%) കുടുംബങ്ങളും സ്വന്തം കിണറുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിൽ 1684 അരമതിൽ കെട്ടിയ കിണറുകളും, 43 പഞ്ചായത്ത് കിണറുകളും, 33 പൊതുകുളങ്ങളും, 265 പൊതു ടാപ്പുകളും ഉണ്ട്. പൈപ്പ് കണക്ഷൻ ഉള്ള 533 വീടുകൾ ഉണ്ട്. പൊതുകുളങ്ങളെ സാധാരണയായി കുടിവെള്ളത്തിനായി ആശ്രയിക്കാറില്ല. ഇതുകൂടാതെ 7 കുഴൽകിണറുകളും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഈ ഏഴു കുഴൽ കിണറുകളും ഉപയോഗ ശൂന്യമായിക്കിടക്കുകയാണ്. മുകളിൽ പറഞ്ഞ കിണറുകളിൽ 50% കിണറുകളും ഫെബ്രുവരി മേയ് മാസങ്ങളിൽ വെള്ളം വറ്റിപ്പോകുന്നവയാണ്. അതുകൊണ്ട് ഈ മാസങ്ങളിൽ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. സ്വന്തമായി കിണർ ഇല്ലാത്തവർ പൊതുകിണറുകളെയും അയൽവീടുകളിലെ കിണറുകളെയും ആശ്രയിക്കുന്നു.

ഡച്ചുഗവൺമെന്റിന്റെ കീഴിലുള്ള വൈന്തല ജലവിതരണപദ്ധതി മുഖേനയാണ് ഈ പഞ്ചായത്തിൽ ജലവിതരണം നടത്തുന്നത്. ഇത് കേരള വാട്ടർ അതോറിറ്റിമുഖേനയാണ് നടത്തുന്നത്. ഈ ജലവിതരണ സംവിധാനം മുഖേന 265 പൊതുടാപ്പുകൾ ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഒരു ടാപ്പിൽ ശരാശരി 10 കുടുംബങ്ങൾ ഉപയോഗിക്കുന്നു. സാധാരണയായി വേനൽക്കാലത്ത് കിണറുകൾ വറ്റിപ്പോകുന്നുണ്ടെങ്കിലും പൊതുജലവിതരണസമ്പ്രദായം വഴിയുള്ള വെള്ളത്തിന്റെ ലഭ്യത തടസ്സപ്പെടാറില്ല.

കൂടാതെ താഴ്ന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 3,4,5,9,10 വാർഡുകളിൽ വേനൽക്കാലത്ത് കിണറുകളിൽ ഓരുവെള്ളം കയറുന്നതുകൊണ്ട് ശുദ്ധജലക്ഷാമം നേരിടാറുണ്ട്.

ഗാർഹിക ആവശ്യത്തിനും, കാർഷിക ആവശ്യങ്ങൾക്കും ശുദ്ധജലം ഉപയോഗിക്കുന്നതുകൊണ്ട് കുടിവെള്ളക്ഷാമം പഞ്ചായത്തിൽ ഉണ്ടാകുന്നു. ഇതിന് പ്രതിവിധി കാണേണ്ടിയിരിക്കുന്നു.

## കുടിവെള്ളപ്രശ്നങ്ങൾ

1. പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ ഓരുവെള്ളം കയറുന്നതുമൂലം കുടിവെള്ളത്തിന് ക്ഷാമം ഉണ്ടാകുന്നു.
2. ടാപ്പുകളുടെ തകരാറു കാരണം ധാരാളം കുടിവെള്ളം നഷ്ടപ്പെടുന്നു.
3. ജലസേചനം വാഹനംകഴുകൽ എന്നിവയ്ക്കായി കുടിവെള്ളം ദുരുപയോഗപ്പെടുത്തുന്നു.
4. ടാപ്പുകൾ ആവശ്യമുള്ളിടത്ത് പുതിയവ അനുവദിച്ചു കിട്ടണം.
5. വേനൽക്കാലത്ത് കിണറുകൾ വറ്റിപ്പോകുന്നു.

## സാധ്യതകൾ

1. പഞ്ചായത്തിലെ നിലവിലുള്ള എല്ലാ പൊതുകുളങ്ങളും കിണറുകളും കുടിവെള്ളത്തിനും ജലസേചനത്തിനുമായി ഉപയോഗ്യമാക്കുക.
2. പൊതുടാപ്പുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തി കുടിവെള്ളത്തിന്റെ നഷ്ടം ഒഴിവാക്കുക.



474

3. അത്യാവശ്യമുള്ള എല്ലാ സ്ഥലങ്ങളിലും ടാപ്പുകൾ സ്ഥാപിക്കുക.
4. നിലവിലുള്ള തോടുകൾ വെട്ടി വീതികൂട്ടി ജലം സംഭരിക്കുക.

## പരിസരശുചിത്വം

പരിസരശുചിത്വവും വ്യക്തിത്വശുചിത്വവുമാണ് ആരോഗ്യത്തിന്റെ രണ്ടു നെടുംതൂണുകൾ. പട്ടണങ്ങളെ അപേക്ഷിച്ചു ഗ്രാമങ്ങളിൽ ശുചിത്വവുമായി ബന്ധപ്പെട്ട യാതൊരു സംവിധാനങ്ങളും ഇവിടെ ഇല്ല. ഇതുതന്നെ യാണ് ഈ പഞ്ചായത്തിന്റെയും അവസ്ഥ. പൊതുസ്ഥലത്തുള്ള മലമൂത്രവിസർജ്ജനം തുടങ്ങി പരിസരശുചിത്വ വുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളും ഈ പഞ്ചായത്ത് അഭിമുഖീകരിക്കുന്നു. ഈ പഞ്ചായത്ത് അതിർത്തിയിൽ എങ്ങും തന്നെ കംഫർട്ട് സ്റ്റേഷനുകളോ, ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനോ സൗകര്യങ്ങൾ ഇല്ല. ഇതെല്ലാം തന്നെ പരിസരശുചിത്വം നേരിടുന്ന പ്രശ്നങ്ങളാണ്.

പൊയ്യ പഞ്ചായത്തിൽ 84% വീടുകൾക്കേ സ്വന്തമായി കക്കൂസുകൾ ഉള്ളൂ. ബാക്കി 16% കുടുംബങ്ങളും അതായത് 765 കുടുംബങ്ങൾ മലമൂത്രവിസർജ്ജനം നടത്തുന്നതിന് പൊതുസ്ഥലങ്ങളും, തുറന്ന സ്ഥലങ്ങളും ഉപ യോഗിക്കുന്നു. ഇത് ആരോഗ്യത്തെയും പരിസരശുചിത്വത്തെയും തന്മൂലം പകർച്ചവ്യാധികൾ മൂലമുണ്ടാകുന്ന രോഗങ്ങൾ വരുത്തുന്നതിനും കാരണമാകുന്നു. പ്രധാനമായും എല്ലാ കോളനികളിലും പ്രാഥമികസൗകര്യങ്ങൾ അപര്യാപ്തമാണ്.

## പ്രശ്നങ്ങളും സാധ്യതകളും

1. പൊയ്യ പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളായ പൊയ്യ കമ്പനിപ്പടി, പൂപ്പത്തി, കൃഷ്ണൻകോട്ട ഫെറി മുതലായ സ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കണം.
2. കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകൾക്കും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കണം.
3. ഹെൽത്ത് ഡിപ്പാർട്ട്മെന്റ് മുഖേന വീടുവീടാന്തരം നടന്ന് ആരോഗ്യക്ലാസ്സുകൾ കൊടുക്കണം.
4. മലിനജനലം ഒഴുകിപ്പോകുവാനും, ചപ്പുചവറുകൾ നശിപ്പിക്കാനുമുള്ള സംവിധാനം ഉണ്ടാക്കണം.
5. കാലാകാലങ്ങളിൽ കിണറുകളിൽ ക്ലോറിനേഷൻ നടത്തണം.
6. പൊതുശ്മശാനം നിർമ്മിക്കണം.

## സാമൂഹ്യക്ഷേമം

പൊയ്യ ഗ്രാമപഞ്ചായത്തിലെ 80% കുടുംബങ്ങളും കാർഷികമേഖലയെ ആശ്രയിച്ചുജീവിക്കുന്നവരാണ്. മൊത്തം 4781 കുടുംബങ്ങളിൽ 38% കുടുംബങ്ങളും (1828 വീടുകൾ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇതിൽ 214 പട്ടികജാതി കുടുംബങ്ങൾ പെടുന്നു. 1828 കുടുംബങ്ങളിൽ ഇതുവരെ 316 കുടുംബങ്ങൾക്കെ ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം സാമ്പത്തികസഹായം ലഭിച്ചിട്ടുള്ളൂ. ഇത് സാമ്പത്തികസഹായം ലഭിക്കേണ്ട മൊത്തം കുടുംബങ്ങളുടെ പതിനേഴ് ശതമാനം മാത്രമേ വരുന്നുള്ളൂ.ഐ.ആർ.ഡി.പി. സർവ്വേപ്രകാരം സാമ്പത്തി കസഹായം ലഭിക്കേണ്ട 214 പട്ടികജാതി കുടുംബങ്ങളുള്ളതിൽ 119 കുടുംബങ്ങൾക്കും സാമ്പത്തികസഹായം കൊടുത്തുകഴിഞ്ഞു. ഐ.ആർ.ഡി.പി. സർവ്വേപ്രകാരം 316 വീടുകൾക്ക് സാമ്പത്തികസഹായം കൊടുത്തുകഴി ഞ്ഞുവെങ്കിലും, ഇതിൽ 54 കുടുംബങ്ങൾ മാത്രമേ ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്താൻ കഴിഞ്ഞിട്ടുള്ളൂ.

പൊയ്യ ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽ പെട്ട കുടുംബങ്ങളിൽ 40% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരാണ്. എന്നാൽ മൊത്തം കുടുംബങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 38% കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളൂ. ഇതിൽ നിന്നും പഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തികനില മറ്റുള്ളവരെക്കാൾ താഴെയാണ്. ഇവരുടെ സാമൂഹിക വിദ്യാഭ്യാസപശ്ചാത്തലങ്ങളും ഈ പിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നു.

പൊയ്യ ഗ്രാമപഞ്ചായത്തിൽ വിവിധക്ഷേമപദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും അർഹതപ്പെട്ടവരിൽ 17% കുടുംബങ്ങളും പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുള്ളൂ.

സാമൂഹ്യക്ഷേമവകുപ്പിന്റെ പേരിൽ 20 അംഗൻവാടികളും 20 മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നു. 91 92 മുതൽ 94–95 വരെ അംഗൻവാടികൾക്ക്, 1,20000 ക. ചെലവഴിച്ചിട്ടുണ്ട്. 95–96ൽ അംഗൻവാടി നമ്പർ 92/93/98/ 95/89/99 എന്നിവയ്ക്ക് സ്ഥലം വാങ്ങി കെട്ടിടം പണിയണം.

## പ്രശ്നങ്ങളും സാധ്യതകളും

1. ഐ.ആർ.ഡി.പി. അർഹതപ്പെട്ടവരുടെ അപേക്ഷകൾ ഇനിയും പരിഗണിച്ചിട്ടില്ല.
2. പദ്ധതികളുടെ വിവരം പലർക്കും അറിയില്ല. വിവരങ്ങൾ ആവശ്യമുള്ളവർക്ക് എത്തിക്കാനുള്ള സാധ്യതകൾ ഉണ്ടാക്കണം.

3. ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല.

4. ക്ഷേമപദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ല.

5. സാമൂഹ്യക്ഷേമത്തിനുള്ള ഫണ്ടുകൾ ഇന്നുള്ള സംവിധാനത്തിനു വിരുദ്ധമായി എളുപ്പം നടപ്പിലാക്കാൻ പഞ്ചായത്തുകളെ ഏർപ്പെടുത്തണം.

6. സാമൂഹ്യക്ഷേമവകുപ്പിൻകീഴിലുള്ള പല അംഗൻവാടികളുടേയും കെട്ടിടങ്ങൾ ഇടിഞ്ഞുവീഴാറായതും ചോരുന്നവയുമാണ്.

7. ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

8. വനിതകൾക്കായി 1015 പുതിയ DWCRA യൂണിറ്റുകൾ സ്ഥാപിക്കണം

9. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതയുണ്ടാക്കാനുള്ള പരിപാടികൾ നടപ്പിലാക്കുക.

10. ക്ഷേമപദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക.

| വാർഡ് നമ്പർ | ഐ.ആർ.ഡി.പി. സർവ്വെപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹരായവരുടെ എണ്ണം |
|---|---|---|---|
| 1. | 10 | – | 10 |
| 2. | 25 | 1 | 24 |
| 3. | 19 | – | 19 |
| 4. | 24 | – | 24 |
| 5. | – | – | – |
| 6. | 19 | – | 19 |
| 7. | 17 | – | 17 |
| 8. | 2 | – | 2 |
| 9. | 5 | – | 5 |

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| | പരിശീലനവിഷയത്തിന്റെ പേര് | പരിശീലനംലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| 1. | Food Processing | 7 | - | 7 |
| 2. | Refrigeration | 1 | - | 1 |
| 3. | Hand Loom Weaving | 10 | 3 | 7 |
| 4. | Tailoring & Embroidary | 11 | 9 | 2 |
| 5. | Welding | 3 | - | 3 |
| 6. | Composing & Printing | 2 | - | 2 |



476

## പൊയ്യ ഗ്രാമപഞ്ചായത്ത്

## പെൻഷനുകൾ ധനസഹായം സംബന്ധിച്ച വിവരങ്ങൾ

| | വില്ലേജ് | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | അവശക ലാകാര സാഹിത്യ പെൻഷൻ | അവശകാ യികതാര പെൻഷൻ | ക്ഷയ രോഗി പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | ക്യാൻസർ പെൻഷൻ | കർഷക തൊഴി ലാളി പെൻഷൻ | തൊഴിലി ല്ലായ്മവേ തനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | പൊയ്യ | " | 42 | – | 22 | 1 | – | 1 | 1 | – | 111 | 95 |
| 2. | മടത്തുംപടി | " | 15 | – | 4 | – | – | 1 | – | – | 47 | 69 |
| 3. | മാളപള്ളിപ്പുറം | " | 41 | – | 13 | – | – | – | 1 | – | 45 | 85 |
| | ആകെ | " | 98 | – | 39 | – | – | 2 | 2 | – | 203 | 249 |

## ഐ.ആർ.ഡി.പി. സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ്നമ്പർ | സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബം | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയവരുടെ എണ്ണം | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചവ |
|---|---|---|---|---|---|---|
| I | 237 | 40 | 37 | 34 | 6 | 231 |
| II | 242 | 15 | 38 | 14 | 4 | 238 |
| III | 146 | 6 | 32 | 6 | – | 126 |
| IV | 281 | 1 | 41 | 1 | 12 | 236 |
| V | 202 | 11 | 33 | 11 | 8 | 176 |
| VI | 185 | 38 | 38 | 27 | 7 | 136 |
| VII | 188 | 9 | 32 | 9 | – | 188 |
| VIII | 123 | 13 | 26 | 9 | 4 | 96 |
| IX | 224 | 8 | 39 | 8 | 13 | 196 |
| ആകെ | 1828 (38%) | 214 (വീടുകൾ 4781) | 316 (17.28%) | 119 | 59 (1.12%) | 1038 (21.7%) |

## ആരോഗ്യസ്ഥാപനങ്ങൾ

| വർഷം | ഇൻപേഷന്റ് | ഔട്ട്പേഷന്റ് | ത്വക്ക് രോഗം | വാതരോഗം | പകർച്ചവ്യാധി | വിഷചികിത്സ | മറ്റുരോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992–93 | | 29330 | 6119 | 8116 | 9216 | 307 | 5592 | 58680 |
| 1993–94 | | 31434 | 5671 | 8540 | 9597 | – | 7626 | |
| 1994–95 | | 32655 | 6306 | 9069 | 9102 | 364 | 19297 | |
| 1995–96 | 12611 | 33621 | 6847 | 8477 | 10498 | 371 | 19297 | |
| ആകെ | 12611 | 127040 | 24923 | 34202 | 38413 | 1042 | 40329 | |

# വിദ്യാഭ്യാസം

ഏതൊരു സമൂഹത്തിന്റേയും അടിത്തറ വിദ്യാഭ്യാസമാണ്. ജനതയുടെ ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകളുടെ ഗുണപരമായ വികാസമാണ് വിദ്യാഭ്യാസമെന്ന വാക്കുകൊണ്ടു വിവക്ഷിക്കപ്പെടുന്നത്. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന പൗരന്മാരെ വാർത്തെടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നടന്നു ചെന്നെത്താവുന്ന ദൂരത്തിൽ എല്ലാ സ്ഥലങ്ങളിലും പ്രൈമറി വിദ്യാലയങ്ങളുണ്ട് എന്നതു കേരളത്തിന്റെ മഹത്തായ നേട്ടമാണ്.അതുകൊണ്ടുതന്നെ സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പു തന്നെ കേരളം സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുൻപന്തിയിലെത്തിയിരുന്നു. സാമൂഹ്യപരിഷ്ക്കർത്താക്കളും മിഷനറിമാരും സ്വകാര്യസംരംഭകരുമാണ് അന്നു നിസ്വാർത്ഥസേവനത്തിലൂടെ വിദ്യാഭ്യാസം വ്യാപകമാക്കാൻ മുൻകൈയെടുത്തിരുന്നത്.

ഐക്യകേരള രൂപീകരണത്തിനുശേഷം കേരളം വിദ്യാഭ്യാസരംഗത്തെ പുരോഗതിയുടെ അടുത്തപടിയിലേക്കു കാലെടുത്തുവച്ചു. വിദ്യാഭ്യാസത്തെ സാമൂഹ്യബാദ്ധ്യതയായി സർക്കാർ ഏറ്റെടുത്തതോടെയാണ് അത് പ്രാവർത്തികമായത്. സാമ്പത്തികശേഷിയുള്ള കുടുംബങ്ങളിലെ കുട്ടികൾ മാത്രം സ്ക്കൂളിലെത്തുന്ന സ്ഥിതിയായിരുന്നു അതുവരെ. വിപുലമായ ബോധവൽക്കരണത്തിലൂടെ മുഴുവൻകുട്ടികളേയും വിദ്യാലയത്തിലേക്കു കൊണ്ടുവരുവാൻ ഗവർമെന്റു ശ്രമം തുടങ്ങി. അതോടെ നിലവിലുള്ള സ്വകാര്യസ്ക്കൂളുകൾ കൊണ്ടു മാത്രം ലക്ഷ്യം നേടാനാവില്ല എന്നു വന്നു. ഇതിനു പരിഹാരമായി രാജ്യത്തു പലയിടത്തും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടു. ദാരിദ്ര്യം കൊണ്ടു സ്ക്കൂൾ വിദ്യാഭ്യാസം നേടാൻ കഴിയാതെ പോകുന്നവർ ശ്രദ്ധയിൽപ്പെട്ടതോടെ ഫീസിളവ് കൊടുക്കുവാനുള്ള നിയമം വന്നു. യാത്രാസൗകര്യമില്ലാത്തതായിരുന്നു അടുത്ത പ്രശ്നം. യാത്രാസൗജന്യം എന്ന ആശയം അങ്ങനെയാണ് രൂപംകൊണ്ടത്. ഇന്നു വിദ്യാർത്ഥികളുടെ അവകാശം തന്നെയായി അംഗീകരിക്കപ്പെട്ടിട്ടുള്ള യാത്രാസൗജന്യത്തിന്റെ ബീജാവാപം നടന്നതന്നായിരുന്നു. അത്രയും വിപുലമായ ഇത്തരം പ്രവർത്തനങ്ങൾ എല്ലാ കുട്ടികളേയും സ്ക്കൂളിലെത്തിക്കുവാൻ സഹായിച്ചു. ഈ കർമ്മപരിപാടിയുടെ തുടർച്ചയെന്നോണമാണ് പിൽക്കാലത്ത് സൗജന്യമായി ഉച്ചഭക്ഷണം കൊടുക്കുന്ന രീതിയും ആവിഷ്ക്കരിച്ചത്. ആരോഗ്യകരമായ മത്സരത്തോടെ പ്രവർത്തിച്ചിരുന്ന സർക്കാർ സ്ക്കൂളുകളും സംസ്ഥാനത്തിന്റെ സാമൂഹ്യവും സാംസ്ക്കാരികവുമായ വളർച്ചയെ ത്വരിതപ്പെടുത്തുവാൻ സഹായിച്ചു. സ്വകാര്യമേഖലയിലെ വിദ്യാലയങ്ങൾക്കും ധനസഹായം നൽകാൻ തുടങ്ങിയതോടെ ഭീമമായ സംഖ്യ ചെലവഴിക്കുന്ന പൊതു സംരംഭമായി വിദ്യാഭ്യാസം. ബജറ്റിന്റെ 31% വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്ന സംസ്ഥാനമാണ് കേരളം.

വിദ്യാഭ്യാസരംഗത്തുണ്ടായ സ്ഫോടകമായ ഈ പരിവർത്തനങ്ങൾ പൊയ്യ പഞ്ചായത്തിന്റെയും സ്വാധീനിച്ചു. നവോത്ഥാനപ്രസ്ഥാനത്തിന്റെ കാഹളം കേട്ടുണർന്നു കുറച്ചു പൊതുകാര്യപ്രസക്തരാണ് ആദ്യമായി സ്വന്തം ഉൾവിളിയാൽ ഇതിനിറങ്ങിത്തിരിച്ചതെന്നു പഴമക്കാർ ഓർമ്മിക്കുന്നു. വിദ്യാഭ്യാസത്തിന്റെ മഹത്വം മനസ്സിലാക്കിയ അവർ ദാരിദ്ര്യത്തിലും അജ്ഞതയിലും പെട്ടുഴലുന്ന സഹജീവികളെ അക്ഷരവിദ്യയുടെ അനുഗ്രഹത്തിലേക്കു ഉയർത്താനുറച്ചു. അതിന്റെ ഫലമായി 1918ൽ ആദ്യത്തെ സ്ക്കൂളായ എ.ഐ.എം.എൽ.പി. സ്ക്കൂൾ പൊയ്യയിൽ സ്ഥാപിക്കപ്പെട്ടു. അക്ഷരാഭ്യാസത്തിന് അധഃകൃതനും അവകാശിയായി എന്നതാണ് ഈ വിദ്യാലയം കൊണ്ടുണ്ടായ മാറ്റം. അതൊടൊപ്പം തന്നെ വേറെയും സ്ക്കൂളുകൾ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടു. സാമൂഹിക സാംസ്ക്കാരിക രംഗത്തെ പരിവർത്തനങ്ങളെ ഉൾക്കൊള്ളാൻ പഞ്ചായത്തിനു സാധിച്ചു. അടുത്ത പ്രദേശങ്ങളിൽ ഈ രംഗത്തുണ്ടായ പ്രവർത്തനങ്ങളോടു തോളൊപ്പിച്ചുനിൽക്കാൻ കഴിഞ്ഞു എന്നുള്ളതു ഇതിന്റെ നേട്ടം തന്നെ. ഇതിനുള്ള പഞ്ചായത്തിലെ അദ്ധ്യാപകർ നൽകിയ സംഭാവന എടുത്തു പറയത്തക്കതാണ്. സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പുതന്നെ സാംസ്ക്കാരികമായി ഉയർന്ന നിലവാരത്തിലെത്താൻ ഇവയെല്ലാം പൊയ്യ പഞ്ചായത്തിനു പ്രയോജനപ്രദമായി.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് 1939ൽ പൂപ്പത്തിയിൽ സ്ഥാപിച്ച ഗ്രാമീണ വായനശാലയുടെ സേവനമാണ് ഏറ്റവും പ്രധാനമായി പരാമർശിക്കാനുള്ളത്. അന്നത്തെ പ്രവർത്തനങ്ങൾ നാടകം അഭിനയിച്ചു പിരിച്ച പൈസകൊണ്ടും സംഭാവനകൾ കൊണ്ടുമാത്രമാണ് അതിനൊരു കെട്ടിടം നിർമ്മിച്ചത്. സ്ഥലസൗകര്യക്കുറവും ഫർണിച്ചറിന്റെ അപര്യപ്തതയും അതിനെ അലട്ടുന്ന ഘടകങ്ങളാണ്. പൊയ്യ കമ്പനിപ്പടിക്കലും ഒരു ഗ്രാമീണവായനശാലയുണ്ടായിരുന്നു.

ദേശീയപ്രസ്ഥാനത്തോടനുബന്ധിച്ച് പഞ്ചായത്തിൽ ഹിന്ദിപ്രചരണം നടത്തിയ ശ്രീ. കെ. ആർ. രാമൻനായരെക്കുറിച്ചും നവോത്ഥാനപ്രസ്ഥാനത്തെക്കുറിച്ചും അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ സർക്കാർ വിദ്യാലയങ്ങൾ ഒന്നുംതന്നെയില്ല. 1958ൽ സ്ഥാപിച്ച പൊയ്യ എ.കെ.എം. ഹൈസ്ക്കൂളാണ് പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ. ഒറ്റത്തുകിടക്കുന്ന ഈ സ്ക്കൂൾ മദ്ധ്യഭാഗത്തുള്ളവർക്കു പ്രയോജനപ്പെടുന്നില്ല. അതുകൊണ്ടുതന്നെ ആറ് ഏഴു വാർഡുകാരുടെ ആവശ്യം കണക്കിലെടുത്തു ഏഴാം വാർഡിലെ എൽ.പി.സ്ക്കൂൾ ഹൈസ്ക്കൂളാക്കി ഉയർത്താനുള്ള നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു. ഔപചാരിക

A78

വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമേ മൂന്നു ട്യൂട്ടോറിയൽ കോളേജുകൾ മൂന്നു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സാങ്കേതികവിദ്യാഭ്യാസത്തിനായി മാള, ചാലക്കുടി എന്നീ പ്രദേശങ്ങളിലുള്ള ഐ.ടി.ഐ. ഐ.ടി.സി. എന്നിവയെയാണ് ആശ്രയിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി കിലോമീറ്ററുകൾ താണ്ടി പോകേണ്ടിയിരിക്കുന്നു. അതുകൊണ്ട് ചുറ്റുവട്ടത്തുമുള്ള മറ്റുള്ളവർക്കും ഉപയോഗമാകുന്നവിധത്തിൽ പൊയ്യ സ്ക്കൂളിൽ പ്ലസ് ടു കോഴ്സുകൾ തുടങ്ങണമെന്നതും ആവശ്യം തന്നെ. പട്ടിക ഒന്നിൽ കൊടുത്തിട്ടുള്ള പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുപുറമെ 1200ഓളം വിദ്യാർത്ഥികൾ സമീപപഞ്ചായത്തിലെ ഹൈസ്ക്കൂളിലാണ് വിദ്യാഭ്യാസം നേടുന്നത്. ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേക്ക് നൂറോളം വിദ്യാർത്ഥികൾ പോകുന്നു. മാള പഞ്ചായത്തിലെ കോൺവെന്റിലേക്കു പോകുന്ന പ്രൈമറി വിദ്യാർത്ഥികളും ഈ പഞ്ചായത്തിലുണ്ട് എന്ന് എടുത്തു കാണിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഏഴു വർഷത്തെ കണക്കു പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നതായി കാണാം. ജനനനിരക്കിലുള്ള കുറവ്, അടുത്ത പഞ്ചായത്തുകളിലെ കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളിലേക്കുള്ള ആകർഷണം ഇംഗ്ലീഷ് മീഡിയം ഭ്രമം എന്നിവയൊക്കെ ഇതിനു കാരണങ്ങളാണ്. പഞ്ചായത്തിലെ എം.എൽ.പി.എസ്. പൂപ്പത്തി, സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ കൃഷ്ണൻകോട്ട എന്നിവയിലാണ് ഇന്ന് വിദ്യാർത്ഥികൾ ഏറ്റവും കുറവ്.

പല വാർഡിന്റേയും പല ഭാഗത്തുമുള്ള കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിന് ഒന്നും അധികവും കിലോമീറ്ററുകൾ നടക്കേണ്ടിയിരിക്കുന്നു. യാത്രക്കുവേണ്ടി അധികം ഊർജ്ജവും ചെലവാക്കേണ്ടിവരുന്നതു വിദ്യാഭ്യാസ നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നതുകൊണ്ട് ഇതിനു പരിഹാരം കാണേണ്ടിയിരിക്കുന്നു. വിദ്യാലയ സർവ്വേയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഈ രംഗത്തു പ്രവർത്തിക്കുന്നവരിൽ ഭൂരിഭാഗവും അദ്ധ്യാപികമാരാണെന്നാണ്. അദ്ധ്യാപകർ 20 മാത്രമുള്ളപ്പോൾ അദ്ധ്യാപികമാരുടെ എണ്ണം 108 ആണ്..

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പി.ടി.ഐ. സജീവമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഇതിൽ നിന്നുകാണാം. എന്നാൽ അവരുടെനിർദ്ദേശങ്ങൾക്കു വേണ്ടത്ര പരിഗണന കിട്ടുന്നില്ല എന്നാക്ഷേപമുണ്ട്.

പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ പല പോരായ്മകളുമുണ്ട്. എങ്കിലും ചില വിദ്യാലയങ്ങൾ ഇതിൽ ഉന്നതനിലവാരം പുലർത്തുന്നു. മുമ്പു നിലവിലുണ്ടായിരുന്ന സാഹിത്യസമാജങ്ങൾ എല്ലാനിലയിലും വേരറ്റുപോയിരിക്കുന്നു. അതിനുപകരം സാഹിത്യവേദി നിലവിൽ വന്നിട്ടുണ്ടെങ്കിലും വേണ്ടത്ര ഫലപ്രദമല്ല. അതിൽ താല്പര്യമുള്ളവർ മാത്രമേ പങ്കെടുക്കുന്നുള്ളൂ. സാഹിത്യസമാജം നിർബന്ധമാക്കിയാൽ വിദ്യാർത്ഥികളിൽ അന്തർലീനമായിക്കിടക്കുന്ന പ്രസംഗപരിചയം, പദ്യോച്ചാരണം, യോഗസംഘാടനം, മുതലായ എല്ലാവാസനകളും ഉണർത്തിക്കൊണ്ടുവരുവാൻ സാധിക്കും. അതുകൊണ്ടുതന്നെ സാഹിത്യസമാജങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതു അത്യാവശ്യമാണ്.

ചുമർ കയ്യെഴുത്തുമാസിക ഒരുവിദ്യാലയത്തിലും ഇല്ല. അതു തുടങ്ങിയാൽ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്രദമാകും.

സയൻസ്ക്ലബ്ബുകൾ യു.പി.യിലും ഹൈസ്ക്കൂളിലും തൃപ്തികരമാണ്. പ്രൈമറിതലത്തിലേക്കുകൂടി വ്യാപിപ്പിക്കണം.

വായനാകോർണർ ഇല്ലാത്ത സ്ക്കൂളുകളിൽ അതു തുടങ്ങേണ്ടതുണ്ട്.

ലൈബ്രറി ഇല്ലാത്ത സ്ക്കൂളുകളിലും ആരംഭിക്കണം.

പഠനയാത്ര യു.പി. കളിലും ഹൈസ്ക്കൂളിലുമുണ്ട്. എൽ.പി.സ്ക്കൂളുകളിൽ കൂടി ഇതു പ്രാവർത്തികമാക്കണം.

മാസ് ഡ്രിൽ പല സ്ക്കൂളുകളിലും ഇല്ല. എല്ലാ സ്ക്കൂളുകളിലും ആഴ്ചയിലൊരിക്കൽ നിർബന്ധമാക്കണം.

ഭൂരിപക്ഷം സ്ക്കൂളുകളിലും യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്. ഇല്ലാത്തവയിൽ നിർബന്ധമാക്കണം.

സ്ക്കൂൾ അസംബ്ളി മിക്കവാറും സ്ക്കൂളുകളിൽ ഭംഗിയായി നടക്കുന്നുണ്ട്.

ദേശീയദിനാചരണം സമുചിതമായി നടക്കാത്ത സ്ക്കൂളുകളും ഉണ്ടെന്നു ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും ആചരിക്കണം.

സ്ക്കൂൾ വാർഷികം മുടങ്ങാതെ എല്ലാ സ്ക്കൂളുകളിലും നടത്തണം.

ബാലകലോത്സവം, യുവജനോത്സവം, കായിക മത്സരം തുടങ്ങിയവ സ്ക്കൂൾ തലം മുതൽ തുടങ്ങി സംസ്ഥാന തലംവരെ നടക്കുന്നുണ്ടെങ്കിലും ചില എൽ.പി., യു.പി. സ്ക്കൂളുകളിൽ നിന്നുവേണ്ടത്ര പ്രാതിനിധ്യത്തോടെ പങ്കെടുക്കുന്നില്ല. എല്ലാവരുടേയും സഹകരണങ്ങളോടെ കൂടുതൽ ഊർജ്ജിതമാക്കേണ്ടിയിരിക്കുന്നു.

സമാന്തരവിദ്യാലയങ്ങൾ സാങ്കേതികവിദ്യാലയങ്ങൾ എന്നിവ പഞ്ചായത്തിലില്ല.

അനൗപചാരികവിദ്യാഭ്യാസരംഗത്തു രണ്ടു സ്ഥാപനങ്ങളേ പഞ്ചായത്തിലുള്ളൂ. പൊയ്യ സാംസ്ക്കാരിക നിലയത്തോടനുബന്ധിച്ചുള്ള വായനശാലയാണ് ഒന്ന്. രണ്ടാംവാർഡിലെ പൂപ്പത്തി ഗ്രാമീണയാണ് മറ്റേത്. ബാക്കിയുള്ള വാർഡുകളിലും വായനശാലകൾ സ്ഥാപിച്ച് അനൗപചാരിക വിദ്യാഭ്യാസത്തിനു വേണ്ടത്ര സൗകര്യമുണ്ടാക്കേണ്ടിയിരിക്കുന്നു.

സാക്ഷരതാപ്രവർത്തനം എല്ലാ വാർഡുകളിലും സജീവമായിരുന്നു. സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ അതുകൊണ്ടു കഴിഞ്ഞു. പക്ഷെ ഇപ്പോൾ ഏതാണ്ടുനിലച്ച മട്ടാണ്. അതു പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചാലേ നേടിയ സാക്ഷരത പ്രയോജനപ്പെടുത്താനും നഷ്ടമാവാതെ നോക്കാനും കഴിയൂ.

ശിശുവിദ്യാകേന്ദ്രങ്ങൾ ഇരുപതെണ്ണമുണ്ട് പഞ്ചായത്തിൽ. പലതിനും സ്വന്തം കെട്ടിടമില്ല, ചുറ്റുമതിലില്ല. ഫർണീച്ചറും കുടിവെള്ളവും പ്രാഥമികാവശ്യങ്ങളുംസൗകര്യങ്ങളുമില്ല. വൈദ്യുതി എത്തിയിട്ടില്ല. ഏറ്റവും ആദ്യം വേണ്ട കളിപ്പാട്ടങ്ങൾ പോലുമില്ല. കളിയിലൂടെ കാര്യം പഠിക്കാൻ വേണ്ടിയാണുദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിലും ഔപചാരികവിദ്യാഭ്യാസം പോലെ എഴുതാനും വായിക്കാനുമാണ് പലയിടത്തും പഠിപ്പിക്കുന്നത്. രക്ഷിതാക്കളും അതുതന്നെയാണാഗ്രഹിക്കുന്നതെന്നിരിക്കിലും ബോധവൽക്കരണം കൊണ്ടേ സ്ഥിതി മാറ്റിയെടുക്കാനാവൂ.

പൊയ്യ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തിന്റെ ലഘുചിത്രമാണ് മുകളിൽ വരച്ചുകാണിച്ചത്. കുറ്റങ്ങളും കുറവുകളും ഇല്ലാത്ത രംഗമല്ല ഇത്. സ്റ്റേറ്റിൽ മറ്റെല്ലാ ഭാഗത്തുമെന്നപോലെ ഇവിടെയും പോരായ്മകൾ നിരവധിയാണ്. അവയ്ക്കു പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും സാധ്യതകൾ ആരായുകയുമാണ് റിപ്പോർട്ടുകൾ കൊള്ളേണ്ട പ്രധാനഭാഗം.

സ്റ്റേറ്റിലെ പല ജില്ലകളിലുമായി നടത്തിയ പഠനങ്ങളിൽ നിന്നു വ്യക്തമാവുന്നതു നമ്മുടെ പ്രൈമറി വിദ്യാലയങ്ങളിൽ പഠനം പൂർത്തിയാക്കി ജയിച്ചുവരുന്ന വിദ്യാർത്ഥികളിൽ 30, 40 ശതമാനത്തിനും അക്ഷരം ഉറച്ചിട്ടില്ലെന്നാണ്. എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്ന 85 ശതമാനത്തിനും പാസ് മാർക്ക് കിട്ടുന്നില്ല എന്ന ഗുരുതരാവസ്ഥയും നിലനിൽക്കുന്നു. അഖിലേന്ത്യാ അടിസ്ഥാനാർഹമായ മത്സരപരീക്ഷകളിൽ കേരളത്തിനു അന്നുണ്ടായിരുന്ന അഭിമാനാർഹമായ സ്ഥാനം ഇന്നില്ല. നാം പിൻതള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച എവിടം വരെയെത്തി എന്ന് എടുത്തുകാണിക്കുന്നതാണ് കണക്കുകൾ. നമ്മുടെ വിദ്യാഭ്യാസത്തിന്റെ പരപ്പേ കൂടിയിട്ടുള്ളൂ ആഴം കൂടിയിട്ടില്ല, കുറഞ്ഞിട്ടേ ഉള്ളൂ എന്നതാണ് യഥാർത്ഥ ചിത്രം. വരുമാനത്തിന്റെ 31% ചെലവാക്കിയിട്ടും അതിന്റെ ഗുണം എത്തേണ്ടിടത്തു എത്താതെ പോവുന്നു എന്ന സ്ഥിതി നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്.

പണ്ട് വീടുകളിലാണ് അക്ഷരാഭ്യാസം നടന്നിരുന്നത്. സമ്പന്ന കുടുംബങ്ങളിൽ നാട്ടാശാൻ പഠിപ്പിച്ചിരുന്നു. ഇല്ലാത്തിടത്തു രക്ഷിതാക്കൾ ആ ചുമതല നിറവേറ്റി. അന്ന് വ്യക്തിപരമായ ശ്രദ്ധ എല്ലാ കുട്ടികളിലും പതിഞ്ഞിരുന്നു. വീടിന്റെ അന്തരീക്ഷത്തിൽ നിന്നു വിദ്യാഭ്യാസത്തെ സ്ക്കൂളിലേക്കു പറിച്ചുനട്ടപ്പോൾ വ്യക്തിപരമായ ശ്രദ്ധ നഷ്ടപ്പെട്ടു. അറുപതുശതമാനത്തോളം പേർക്കേ അക്ഷരാഭ്യാസം കൊടുക്കാൻ സ്ക്കൂളുകൾക്കു കഴിയുന്നുള്ളൂ. പഴഞ്ചൻ ബോധനരീതികളിൽ ഇപ്പോഴും ചുരുക്കം ചില വീടുകളിൽ അക്ഷരം പഠിപ്പിക്കുന്നുതുകൊണ്ടാണു ഇത്രയെങ്കിലും. അതും കുറച്ചാൽ സ്ക്കൂളുകളുടെ സംഭാവന പിന്നേയും താഴോട്ടുപോരുമെന്നും ഓർക്കണം.

അദ്ധ്യാപകപരിശീലനത്തിന്റെ ഗുണനിലവാരമില്ലായ്മ, പഴഞ്ചൻ ബോധനരീതി, വീടുകളിലെ സാഹചര്യത്തിലെ പരിമിതികൾ, സാമൂഹ്യമായ പിന്നോക്കാവസ്ഥ, വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള അകൽച്ച, മുതലായ പലതും നിലവാരത്തകർച്ചയ്ക്കു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഇതൊക്കെ മറികടക്കാനുള്ള സംവിധാനങ്ങൾ ബഹുജനപങ്കാളിത്തത്തോടെ നേടിയെടുക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തെക്കുറിച്ചു സമൂഹത്തിനുള്ള തെറ്റായ ധാരണയാണു മറ്റൊന്ന്. മത്സരപ്പരീക്ഷകളെ ലക്ഷ്യം വച്ചു കാണാപ്പാഠം പഠിക്കുന്നതാണ് വിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് മാറണം. ബോധവൽക്കരണം കൊണ്ടേ അതിനു കഴിയൂ. പ്രാദേശികസമൂഹത്തിനു വിദ്യാഭ്യാസത്തിൽ ഇടപെടാൻ അവസരം കിട്ടുന്നതോടെ പരിഹാരബോധനത്തിലൂടെയും പാരാഅക്കാദമിക്ക് പ്രവർത്തനങ്ങളിലൂടെയും അക്ഷരമുറപ്പിക്കാനുള്ള ചുമതല ജനത ഏറ്റെടുത്തേ പറ്റൂ.

അക്ഷരബോധത്തിന്റെ അപര്യാപ്തതയോടൊപ്പം അതിലേക്കു നയിക്കുന്ന പല കാരണങ്ങളിൽ പ്രധാനമെന്നു പറയേണ്ട ഉച്ചാരണ വൈകല്യത്തിലേക്കും ശ്രദ്ധ തിരിയേണ്ടതുണ്ട്. വിദ്യാഭ്യാസ വ്യാപനത്തിന്റെ ആവിഷ്ക്കാരത്തോടെ ക്ലാസ്സിലുള്ള എല്ലാവരുടേയും നേരെ ശ്രദ്ധിക്കാൻ കഴിയാതായതോടെ ഉച്ചാരണമാണ് ഏറ്റവും വികലമായത് . ആ കാലഘട്ടത്തിന്റെ ഉല്പന്നങ്ങളാണ് ഇന്നത്തെ അദ്ധ്യാപകരെന്നതുകൊണ്ടു തന്നെ അവരിലും പരിമിതികൾ കാണും. എല്ലാ അക്ഷരങ്ങളും വ്യക്തമായി ഉച്ചരിക്കാൻ കഴിയാത്തവർ ഇന്ന് നിരവധിയാണ്. അടുത്ത തലമുറ ആയപ്പോൾ ഉച്ചാരണനിഷ്ക്കർഷ പിന്നേയും കുറഞ്ഞു. 'ഫ' എന്ന അക്ഷരം 'എഫ' എന്നുച്ചരിക്കുന്നവരാണ് വിദ്യാർത്ഥികളിൽ നല്ലൊരു ശതമാനവും എന്നായിരിക്കുന്നു. ക്ഷ , ശ്ച മുതലായ പല കൂട്ടക്ഷരങ്ങളും ശരിയായി ഉച്ചരിക്കാൻ കഴിയാത്തവർ അത്ര തന്നെ വരും. പദ്ധതിയെ പധതിയാക്കുന്നവരുടെ വാക്കു കേട്ടെഴുതുന്നവർ ഒരിക്കലും പദ്ധതിയെന്നെഴുതാൻ വഴിയില്ലല്ലോ. ഇതൊക്കെ അഭ്യാസക്കുറവുകൊണ്ടാണു വരുന്നതെങ്കിൽ വിദേശഭാഷകളെ അനുകരിച്ച് ഒരു ഫാഷനെന്ന നിലയിൽ 'ഓകാശവാണിയിൽ വാർത്തകൾ വായിക്കുന്നവരുമുണ്ട്' ഇതിനും പുറമെയാണ് വൃത്തിയായി ഉച്ചരിച്ചിട്ടെന്തുകാര്യം എന്ന അലംഭാവം. ഇതെല്ലാം ജനത 480

യുടെ അക്ഷരബോധത്തെ ബാധിക്കുന്നുണ്ട്. മുഴുവൻ അക്ഷരങ്ങളും പഠിച്ചവരേയും അക്ഷരപ്പിശകിലേക്കു നയിക്കുന്നുണ്ട്. കൂട്ടായ തീവ്രയത്നംകൊണ്ടു മാത്രമേ ഇതു പരിഹരിക്കാനാവൂ. മാതൃഭാഷയുടെ ശുദ്ധിപരിപാലിക്കുക എന്നതു സ്വന്തം ദേഹം ശുചിയാക്കുന്നതുപോലെ പ്രധാനമാണെന്ന ബോധം പ്രചരിപ്പിക്കാൻ കഴിയുകയാണ് ആദ്യം വേണ്ടത്. മനസ്സിനെ 'മനസും' ആയുസ്സിനെ 'ആയുസും' ആക്കി മാറ്റി അച്ചടിച്ച് കൂട്ടക്ഷരങ്ങളെ ഒറ്റയാക്കാൻ തുടങ്ങിയിട്ടുള്ള പത്രങ്ങളും, നിഷ്ക്കർഷയില്ലാതെ ഉച്ചരിക്കയും എഴുതിക്കാണിക്കയും ചെയ്യുന്ന ഇലക്ട്രോണിക് മാദ്ധ്യമങ്ങളും ഉള്ളപ്പോൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തുകയെന്നത് എളുപ്പമായിരിക്കില്ല എന്ന് ഈ ഭാരിച്ച പ്രവർത്തനത്തിന് ഇറങ്ങിത്തിരിക്കുന്നതിനു മുമ്പ് ഓർക്കേണ്ടതുണ്ട്. എഴുത്തുപരീക്ഷയോടൊപ്പം വാചാപരീക്ഷയും ഏർപ്പെടുത്തുന്നതും സ്ഥിതി മെച്ചപ്പെടുത്താനുപകരിക്കും.

എസ്.എസ്.എൽ.സി.യിൽ വിജയശതമാനം താഴ്ന്നുപോയതും സ്വയംകൃതാർത്ഥനാണെന്നറിഞ്ഞുകൊണ്ടുതന്നെവേണം പരിഹാര നിർദ്ദേശങ്ങളിലേക്കു കടക്കാൻ. ഓൾ പ്രൊമോഷനായി ഒന്നാം ക്ലാസ്സിൽ നിന്നും 80, 90 ശതമാനമെന്ന കണക്കിൽ മറ്റു ക്ലാസ്സുകളിൽ നിന്നും അനർഹരും ജയിച്ചെത്തുമ്പോൾ പത്താം ക്ലാസ്സിൽ 'കൂട്ടക്കൊല' നടക്കുന്നതിൽ അത്ഭുതമൊന്നുമില്ല. പ്രൈമറിതലത്തിൽ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുകയാണ് പ്രധാനമായും ഈ ദുഃസ്ഥിതിക്ക് പരിഹാരം. അതോടൊപ്പം എമ്പതും തൊണ്ണൂറും ശതമാനം ജയിപ്പിക്കുന്ന രീതിയും മാറ്റണം. നാല് ഏഴ് ക്ലാസ്സുകളിൽ പൊതുപരീക്ഷ നടത്തുന്നതും ഫലം ചെയ്യും. ഒരു സബ്ജില്ലയിലെ പേപ്പർ മറ്റൊരു സബ്ജില്ലയിൽ മൂല്യനിർണ്ണയം ചെയ്യപ്പെടുന്നതും ഗുണകരമായിരിക്കും. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഏർപ്പെടുത്തുക മറ്റൊരാവശ്യമാണ്. രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തുന്നതുകൊണ്ട് കലാപങ്ങളുടേയും പഠിപ്പുമുടക്കുകളുടേയും സജീവരംഗങ്ങളായി കഴിഞ്ഞിട്ടുള്ള കലാലയങ്ങളെ രക്ഷിക്കുന്നതിനു രാഷ്ട്രീയത്തിനു പ്രവേശനമില്ലാതാക്കുന്നതോടെ വിദ്യാലയങ്ങളിലും രാഷ്ട്രീയം നിരോധിക്കുന്നത് അഭികാമ്യമാണ്.

നാട്ടുകാരും അദ്ധ്യാപകരും ഒരുമയോടെ ഒത്തുപിടിച്ചാൽ ഈ രംഗത്തു അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നതിന് ഒരു തിളങ്ങുന്ന ഉദാഹരണമാണ് പൊയ്യ ഹൈസ്ക്കൂളിലെ കഴിഞ്ഞ കൊല്ലത്തെ എസ്.എസ്.എൽ.സി. വിജയശതമാനം. ഏറ്റവും കൂടുതൽ ലംപ്സം ഗ്രാന്റ് വിതരണം ചെയ്യപ്പെടുന്ന സ്ക്കൂളാണ് പൊയ്യ സ്ക്കൂൾ. വിദ്യാർത്ഥികൾ ഒരു നല്ല ശതമാനം പിന്നോക്കവിഭാഗക്കാരാണ്. അതുകൊണ്ടുതന്നെ സ്വാഭാവികമായും വിജയശതമാനം താഴ്ന്നതായിരുന്നു. കഴിഞ്ഞ വിദ്യാഭ്യാസവർഷം ആദ്യംമുതൽ ഇതിനൊരുപരിഹാരമുണ്ടാക്കാൻ അദ്ധ്യാപകരും ബന്ധപ്പെട്ടവരും തുനിഞ്ഞിറങ്ങി. ഗുരുകുലവിദ്യാഭ്യാസം പോലെ വിദ്യാർത്ഥികളും അദ്ധ്യാപകരും രാത്രിയും പകലും സ്ക്കൂളിൽ തങ്ങി അദ്ധ്യയനവർഷത്തിൽ മാത്രം ശ്രദ്ധിച്ചു. ഈ തീവ്രപ്രയത്നപരിപാടിക്കു 88 ശതമാനം വിജയം കൊയ്തെടുക്കാൻ കഴിഞ്ഞുവെന്നത് പ്രവർത്തിക്കേണ്ടതെങ്ങനെ എന്നു വെളിപ്പെടുത്തുന്നു. ഒരു കൊല്ലം കൊണ്ട് അവസാനിപ്പിക്കുന്ന പരിപാടിയല്ല അവരുടേത്. ഇക്കൊല്ലവും തീവ്രയത്നം തുടരുന്നതായാണ് അറിവ്.

ടി.ടി.സി. പാസ്സായവർക്കു യു.പി. സ്ക്കൂളിൽ ഏതു വിഷയവും പഠിപ്പിക്കാമെന്നതാണ് ഇന്നത്തെ സ്ഥിതി. യു.പിയിൽ ഡിഗ്രിയെടുത്ത അദ്ധ്യാപകരും ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ അതാതു വിഷയം ഐച്ഛികമായെടുത്തുപഠിച്ച അദ്ധ്യാപകരും പഠിപ്പിക്കുന്നതുകൊണ്ട് കൂടുതൽ ഉയർന്ന നിലവാരം നേടാൻ സാധിക്കുമെന്ന് നിർദ്ദേശവും പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു.

ഉത്തമപൗരന്മാരെ വാർത്തെടുക്കുന്ന സംവിധാനം എന്നതാണ് വിദ്യാഭ്യാസത്തിന്റെ നിർവ്വചനം. എന്നാൽ ആ ലക്ഷ്യത്തിന്റെ അടുത്തൊന്നും എത്താൻ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിനു കഴിയുന്നില്ല. അക്രമങ്ങളും കൊലപാതകങ്ങളും സാമ്പത്തികകുറ്റങ്ങളും അനാശാസ്യപ്രവർത്തനങ്ങളും വർദ്ധിച്ചുവരുകയാണിവിടെ. പണത്തിനുവേണ്ടി എന്തു കുത്സിതപ്രവൃത്തിയും ചെയ്യുന്നവരെയാണ് നാം വാർത്തുവിടുന്നത്. ഇതിനൊക്കെ വിദ്യാഭ്യാസ സമ്പ്രദായത്തിനെയാണ് പ്രതിക്കൂട്ടിൽ കയറ്റേണ്ടിവരിക. തൊഴിലില്ലായ്മ വർദ്ധിക്കുന്നതു വിദ്യാഭ്യാസത്തിലെ ആസൂത്രണത്തിന്റെ കുറവുതന്നെ. രാഷ്ട്രം പണാധിപത്യത്തിലേക്കു നീങ്ങുന്നതിനും ധാർമ്മികനിലവാരം താഴ്ന്നുവരുന്നതിനും കാരണം തേടി മറ്റെങ്ങും പോകേണ്ടിവരില്ല. ക്ലർക്കുമാരെ സൃഷ്ടിക്കാൻ വേണ്ടി മെക്കോള പ്രഭു നിർമ്മിച്ചവരാണ് ഇന്ത്യൻ വിദ്യാഭ്യാസരീതി. അതിൽനിന്നു വലിയ മാറ്റമൊന്നും വരുത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. നിറംകൊണ്ടുമാത്രം ഇന്ത്യാക്കാരനും ബാക്കിയെല്ലാം കൊണ്ടും വെള്ളക്കാരനുമായ സമൂഹത്തെ കരുപ്പിടിപ്പിക്കുകയാണ് തന്റെ ലക്ഷ്യമെന്നു മെക്കോളെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. വലിയ മാറ്റമൊന്നുമില്ലാതെ ഇന്നും ആ ലക്ഷ്യം തന്നെയാണു നിറവേറ്റപ്പെട്ടു കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറണമെന്ന ഉദ്ദേശത്തോട അതിനു ശുപാർശ സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷനുകളുടെ റിപ്പോർട്ടുകൾ പലതുണ്ട്. രാധാകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ടുമുതൽ കോത്താരി കമ്മീഷൻ റിപ്പോർട്ടുവരെയുള്ളതിൽ ഒന്നുപോലും നടപ്പാക്കാൻ നമുക്കു സാധിച്ചിട്ടില്ല.

വിദ്യാഭ്യാസം തൊഴിൽ നേടാനുള്ള ഉപാധി മാത്രമായി തരം താണപ്പോൾ പരീക്ഷയിലെ വിജയവും കിട്ടുന്ന മാർക്കുമായി ഏറ്റവും വലിയ മാനദണ്ഡം. മാർക്കും വിജയശതമാനവും വർദ്ധിപ്പിക്കണമെന്ന സമ്മർദ്ദത്തിനുമുന്നിൽ അധികാരികൾ വഴങ്ങേണ്ടി വന്നു. മോഡറേഷൻ എന്ന ഓമനപ്പേരിലറിയപ്പെടുന്ന വിലയിടിക്കൽ

സാർവത്രികമായി. തൊഴിലിനു സർട്ടിഫിക്കറ്റു മാത്രമേ വേണ്ടു എന്നുവന്നതോടെ പഠിച്ചതൊക്കെ മറക്കാമെന്നായി. കാണാപ്പാഠം പഠിക്കാൻ കഴിയുന്നവർ മിടുക്കന്മാരായി. പഠിച്ചതിനു ജീവിതവും തൊഴിലുമായി ബന്ധമില്ലാതായി. ഓഫീസിലെ ക്ലർക്കാവാനുദ്ദേശിക്കുന്നവൻ അമേരിക്കയിലെത്ര നദിയുണ്ടെന്നു അറിഞ്ഞിരുന്നാൽ മതിയെന്നായി. അദ്ധ്യാപകൻ താൻ പണ്ടുപഠിച്ചതു പകർത്തിക്കൊടുക്കുന്ന യന്ത്രം മാത്രമായി. കൂടുതൽ വേണമെന്ന് വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നോ രക്ഷിതാക്കളുടെ ഭാഗത്തുനിന്നോ ആവശ്യം ഉയരുന്നില്ല. ഉന്നതവിദ്യാഭ്യാസ രംഗത്തുപോലും മൗലികത ആവശ്യവസ്തുവല്ലാതായി. തലമുറകളായി കണക്കു പ്രൊഫസർമാരായിരുന്ന കുടുംബത്തെ ഈയറ്റത്തെ കണ്ണിക്ക് തന്റെ മുതുമുത്തച്ഛൻ തയ്യാറാക്കിയ നോട്സ് പകർത്തിക്കൊടുക്കുന്നതോടെ തന്റെ ഭാരം തീർന്നു എന്നു ചാരിതാർത്ഥ്യമടയാൻ കഴിയുന്നത് ഇതിന്റെ പരിണിതഫലം മാത്രമാണ്.

ഉത്തമപൗരന്മാർക്കുപകരം വെള്ളക്കാരെ വാർത്തെടുക്കുന്ന പ്രക്രിയ ഏറ്റവും സമർത്ഥമായി നടപ്പിലാക്കപ്പെടുന്നതു ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ്. ഇംഗ്ലീഷിലാണു പഠിക്കേണ്ട ഒരേ ഒരു ഭാഷ എന്ന ബോധമാണ് അവിടത്തെ വിദ്യാർത്ഥികളിൽ കുത്തിവയ്ക്കുന്നത്. അതോടെ മാതൃഭാഷയോടും രാഷ്ട്രഭാഷയോടും മറ്റെല്ലാ ഇന്ത്യൻ ഭാഷകളോടും അവർക്കു പുച്ഛമാകുന്നു. അതു വർദ്ധിച്ച് ഇന്ത്യനായതും മോശമായെന്ന കാഴ്ചപ്പാടിലെത്തുന്നു. തങ്ങളാരാധിക്കുന്ന ഭാഷ സംസാരിക്കുന്നവർ അവർക്കു ദൈവതുല്യരാകുന്നു. അവർ താമസിക്കുന്ന നാടു സ്വർഗ്ഗരാജ്യവും. ദേശസ്നേഹത്തിന്റെ വേര് ഇഞ്ചിഞ്ചായി മുറിക്കലാണ് ഇതുകൊണ്ടു സംഭവിക്കുന്നത്. ഭാഷയിൽക്കൂടിയാണ് സംസ്കാരം പകരുന്നത്. അമിതപ്രാധാന്യത്തോടെ ഇംഗ്ലീഷ് പഠിച്ചാൽ ഇംഗ്ലണ്ടിലെ സംസ്കാരമാണ് പകരുക. അതോടെ നിറമൊഴിച്ച് എല്ലാത്തിലും വെള്ളക്കാരനാകുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുന്നു.

ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നിർത്തുകമാത്രമാണ് ഇതിനു പരിഹാരം. പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ കൂടി മാത്രം നടത്തണമെന്ന നിയമം അനുശാസിക്കണം. നമ്മുടെ സംസ്കാരവും മാതൃഭാഷയും മനസ്സിലുറച്ചതിനുശേഷമേ വിദ്യാർത്ഥിയിലേക്കു വിദേശഭാഷ കടന്നുവരാവൂ. മാതൃഭാഷാസ്നേഹം വളർത്തി മറ്റൊന്നിനും ആസ്ഥാനം കൈയടക്കാൻ ഇടകൊടുക്കാത്ത വിധത്തിലായിരിക്കണം വിദ്യാഭ്യാസം. പാഠ്യപദ്ധതിയിൽ നിന്നു അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ദേശാഭിമാനം എന്ന ആശയം ഊട്ടി വളർത്താനും ഈ ആശയം ഉപകരിക്കും.

ഒരു ക്ഷേമരാഷ്ട്രത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തൊഴിൽ നേടൽ മാത്രമല്ല. വ്യക്തിത്വവികസനവും സാംസ്കാരികമായി ഉയർത്തലുമായിരിക്കും പ്രധാനലക്ഷ്യം. സംസ്കാരത്തിൽ ഊന്നൽ വേണമെന്നു പറയുമ്പോൾ സംസ്കാരമെന്നാൽ എന്തെന്ന ചോദ്യത്തിനുത്തരം കാണേണ്ടിവരും. ഓരോ ജനതയും സഹസ്രാബ്ദങ്ങളായി നേടിയെടുത്ത നന്മകളുടെ കൂട്ടം തന്നെ സംസ്കാരം. ബുദ്ധിയേക്കാൾ ഹൃദയവുമായിട്ടാണ് അതിനുബന്ധം. ലോകസംസ്കാരവുമായി ആ ദാനപ്രദാനങ്ങളിലേർപ്പെടുമെങ്കിലും ഓരോ നാടിന്റെയും ജനതയുടേയും സംസ്കാരം വ്യത്യസ്തമായിരിക്കും. ഓരോ രാഷ്ട്രത്തേയും വേർതിരിച്ചു നിർത്തുന്നത് സംസ്കാരത്തിന്റെ ഈ വ്യക്തിത്വമാണ്. ഈ കാഴ്ചപ്പാടിൽ വിദ്യാഭ്യാസം കൊണ്ടു വളർത്തിയെടുക്കേണ്ടത് ഏതു സംസ്കാരമെന്നു സംശയിക്കേണ്ടതില്ല. ഇന്ത്യക്കാർ ഇന്ത്യൻ സംസ്കാരമാണ് പരിപോഷിപ്പിക്കേണ്ടത്, പാശ്ചാത്യസംസ്കാരമല്ല. പാശ്ചാത്യരുടെ ജീവിതത്തിന്റെ പളപളപ്പുകണ്ട് അതവരുടെ സംസ്കാരമാണെന്നു നാം കരുതുന്നു. പരിഷ്ക്കാരം മാത്രമാണ്. അതാണ് ലോകസംസ്കാരമെന്ന ധാരണ തിരുത്തേണ്ടിയിരിക്കുന്നു. ഇന്ത്യൻ വിദ്യാഭ്യാസം ആ വഴിക്കാണ് ശ്രമിക്കേണ്ടത്. അല്ലെങ്കിൽ ഒരു രാഷ്ട്രമെന്ന നിലയ്ക്കുള്ള നമ്മുടെ നിലനിൽപ്പ് അപകടത്തിലാവും.

സംസ്കാരം അനന്തര തലമുറകൾക്കായി സൂക്ഷിച്ചിട്ടുള്ളത് കലയിലാണ്, പ്രധാനമായി സാഹിത്യകലയിൽ, സാഹിത്യത്തിൽ തന്നെ ഉയർന്ന സ്ഥാനം കവിതയ്ക്കാണ്. ഏതു ഭാഷയിലും. ആ കവിത നമ്മുടെ വിദ്യാഭ്യാസത്തിൽ അവഗണിക്കപ്പെടുന്നു. മാനവിക വിഷയങ്ങളുടെ മുഴുവൻ സ്ഥിതിയിതാണ്. കവിത ധാരാളം ഹൃദിസ്ഥമാക്കുന്ന രീതിയായിരുന്നു പണ്ട്. ഇന്ന് പത്തോ മുപ്പതോ വരിയാണ് ആകെ ഒരു കൊല്ലത്തിൽ പഠിക്കേണ്ടിവരിക. കാണാതെ പഠിക്കുന്ന വിദ്യാർത്ഥിയുടെ തലയിൽ അമിതഭാരം കയറ്റി വയ്ക്കലാണ് എന്നാണ് ആധുനിക സിദ്ധാന്തം. അതും പാശ്ചാത്യരീതിയിൽ നിന്നുള്ള ഇറക്കുമതി തന്നെ. കാണാപ്പാഠം പഠിച്ചതുകൊണ്ട് പഴയ തലമുറയ്ക്ക് ദോഷമൊന്നുമുണ്ടായിട്ടില്ല, ഗുണമേ ഉണ്ടായിട്ടുള്ളു. എവിടെ കവിത നഷ്ടപ്പെടുന്നുവോ അഴിടെ ദുരന്തങ്ങളുണ്ടാവുന്നു എന്ന എം .ടി. വാസുദേവൻ നായരുടെ വാചകം ഇവിടെ ഓർക്കാം. വിദ്യാഭ്യാസത്തിന്റെ ആധുനിക പ്രവണതകളിലും നമ്മെ നിയന്ത്രിക്കുന്നതു പാശ്ചാത്യചിന്താഗതിയാണെന്നു ചുരുക്കം. ഗാന്ധിയൻ വിദ്യാഭ്യാസ രീതി പ്രാവർത്തികമാക്കാൻ കഴിയാതെ പോയതും അതുകൊണ്ടുതന്നെ. ഇന്ത്യൻ ശാസ്ത്രങ്ങളോടും ഇന്ത്യൻ കണ്ടുപിടിത്തങ്ങളോടും നമുക്കു പുച്ഛമാണ്. അവർ അവഗണിക്കപ്പെടുന്നു. അശ്വതി, ഭരണി മുതലായ നക്ഷത്രങ്ങളുടെ പേരുകൾ ഇന്നു ഏതെങ്കിലും തലത്തിൽ വിദ്യാലയങ്ങളിൽ പഠിപ്പിക്കപ്പെടുന്നില്ല. ഇതു ഏതെങ്കിലും മതവിഭാഗത്തിന്റെ സ്വത്തല്ല. പഴഞ്ചനുമല്ല. ആഗോളശാസ്ത്രം വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രശാഖയാണല്ലോ. കേരളകർഷകൻ തിരുവാതിര ഞാറ്റുവേലയും കാർത്തികക്കാലും മറ്റുമായി ബന്ധമുള്ളതാണ്. എന്നിട്ടും നക്ഷത്രങ്ങളെപ്പറ്റി പഠിക്കണമെന്ന ആശയം ഉയർന്നുവന്നിട്ടില്ല. ഈ നിലപാടു മാറണം.

നിലവാരം ഉയർത്താൻ കോത്താരികമ്മീഷൻ നിർദ്ദേശിച്ച ഒരു പദ്ധതിയാണ് സ്ക്കൂൾ കോംപ്ലക്സ്. ഒരു ഹൈസ്ക്കൂളിന്റെ ചുറ്റുവട്ടത്തുള്ള എല്ലാ എൽ.പി. യു.പി. സ്ക്കൂളിലേയും അദ്ധ്യാപകരെ ഒരു സ്ഥലത്തു വിളിച്ചു ചേർത്ത് ഹൈസ്ക്കൂൾ അദ്ധ്യാപകരുടെ സാന്നിദ്ധ്യത്തിൽ വിദ്യാഭ്യാസകാര്യങ്ങൾ ചർച്ചചെയ്ത് സംശയങ്ങൾ ദുരീകരിക്കുകയും ഗുണപരമായ നേട്ടമുണ്ടാക്കുകയുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. കേരളത്തിൽ ഇതു നടപ്പാക്കിയതായിരുന്നു. പല കാരണങ്ങളാൽ ഇതു നിന്നുപോവുകയാണുണ്ടായത്. അത് പുനരുജ്ജീവപ്പിക്കേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിലുള്ള സ്ക്കൂളുകളിൽ പഞ്ചായത്തതിർത്തിയിലുള്ളവരെ മാത്രം അദ്ധ്യാപകരായി നിയമിക്കണമെന്ന നിർദ്ദേശമുണ്ട്. പ്രാവർത്തികമാക്കേണ്ട കാര്യമാണ് ഇത്. എസ്.സി. എസ്.ടി. ക്കാർക്കും ഓ.ബി.സി.ക്കാർക്കും സംവരണം നൽകണമെന്ന ആവശ്യവും തികച്ചും നടപ്പിൽ വരുത്തേണ്ടതു തന്നെ.

ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ഈ റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളത്. ക്രോഡീകരിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

## പ്രശ്നങ്ങൾ സാധ്യതകൾ

പഞ്ചായത്തിലാകെ ഒരു ഹൈസ്ക്കൂൾ മാത്രമാണുള്ളത്. രണ്ടു യു.പി. സ്ക്കൂളുകളും അഞ്ചു എൽ.പി. സ്ക്കൂളുകളും ഇരുപതു അംഗനവാടികളും ഉണ്ട്. വിദ്യാഭ്യാസപരമായി പൊതുവേ പഞ്ചായത്ത് പിന്നോക്കമാവാൻ വേണ്ടത്രയില്ലാത്തതു കാരണമായി.

പ്രാഥമിക വിദ്യാഭ്യാസത്തിന് ഒരു കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്യേണ്ട സാഹചര്യം പല വാർഡുകളിലുമുണ്ട്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു നാലും അഞ്ചും കിലോമീറ്റർ താണ്ടേണ്ടി വരുന്നു.

ഭൗതിക സാഹചര്യങ്ങൾ മിക്കവാറും എല്ലാ വിദ്യാലയങ്ങളിലും മോശമാണ്. വിദ്യാഭ്യാസനിലവാരം താണുവരുന്നു എന്നു പൊതുവേ പരാതിയുണ്ട്. അതോടൊപ്പം ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും കോൺവെന്റുകളും ആകർഷിക്കുകയാൽ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്ന സാഹചര്യമാണ് സ്ക്കൂളുകളിലുള്ളത് എന്ന പല ഗ്രാമസഭകളും ചൂണ്ടിക്കാണിക്കുന്നു.

കുറച്ചുകൂടി ആഴത്തിൽ ചിന്തിച്ച അഞ്ചാം വാർഡിലെ ഗ്രാമസഭ വിദ്യാഭ്യാസത്തെ വിലയിരുത്തുന്നത് ഇങ്ങനെയാണ്. കോളനി വാഴ്ചയെ ബലപ്പെടുത്താനുണ്ടാക്കിയ വിദ്യാഭ്യാസരീതി സാമൂഹ്യപരിവർത്തനോപാധിയാകുമെന്ന ധാരണയാണ് ഈ രംഗത്തെ പരാജയത്തിനു കാരണം. പുസ്തകജ്ഞാനം വിദ്യാർത്ഥികളിൽ കുത്തിനിറയ്ക്കലല്ല വിദ്യാഭ്യാസം. സമൂഹത്തിന്റെ ഉന്നമനത്തിനു ഉപകരിക്കുന്നതാവണം അത്. വളർന്നു വ്യാപിച്ചുകൊണ്ടിരിക്കുന്ന അറിവിന്റെ മേഖലകളെ എത്തിപ്പിടിക്കാൻ ഗ്രാമീണവിദ്യാഭ്യാസത്തിനു കഴിയണം. കാർഷിക വ്യാവസായിക പുരോഗതി ആധുനിക സാങ്കേതികവിദ്യകൊണ്ടാണെന്നിരിക്കെ, അതിനും ഊന്നൽ നൽകണം.

അംഗൻവാടി ചില വാർഡുകളിലില്ല. ഉള്ളതിനു ചിലതിനു സ്വന്തം കെട്ടിടമില്ല, കളിപ്പാട്ടങ്ങളില്ല, ഫർണീച്ചറില്ല, ചുറ്റുമതിലില്ല, വൈദ്യുതിയില്ല, കുടിവെള്ളമില്ല, പ്രാഥമികാവശ്യത്തിന് സൗകര്യങ്ങളില്ല.

വായനശാല ആകെ രണ്ടെണ്ണമേ ഗ്രാമപ്പഞ്ചായത്തിലുള്ളൂ. 1, 2, 3, 5, 7, 8, 9, 10 എന്നീ വാർഡുകളിൽ പുതുതായി വായനശാല തുറക്കണമെന്ന ആവശ്യം മുന്നോട്ടു വച്ചിട്ടുണ്ട്.

ഹൈസ്ക്കൂളിൽ പ്ലസ് ടു കോഴ്സ് തുടങ്ങണമെന്നു ഒന്നാം വാർഡും അഞ്ചാം വാർഡും ഹയർ സെക്കന്ററിയാക്കണമെന്നു മൂന്നാം വാർഡും കൂടുതൽ കോഴ്സുകൾ വേണമെന്നു നാലാം വാർഡും ആവശ്യപ്പെടുന്നു.

ഉന്നതവിദ്യാഭ്യാസത്തിന് ഏഴാം വാർഡുകാർക്കും ഒന്നാം വാർഡുകാർക്കും കൂടി പ്രയോജനപ്രദമാകുന്ന വിധത്തിൽ എട്ടാം വാർഡിൽ ഒരു മിമിക്സ് കോളേജ് വേണമെന്ന ആവശ്യവും ഉണ്ട്.

അംഗൻവാടി പുതുതായി സ്ഥാപിക്കണമെന്ന് നാല്, അഞ്ച്, എട്ട് വാർഡുകൾ ആവശ്യപ്പെട്ടിരിക്കുന്നു. നാലാം വാർഡിലെ കൊശവർക്കുന്നിൽ എന്നു സ്ഥലവും നിർദ്ദേശിച്ചിട്ടുണ്ട്.

ഒന്നാം വാർഡിൽ പല ഭാഗങ്ങളിലും പ്രാഥമികവിദ്യാഭ്യാസത്തിന് ഒരു കിലോമീറ്ററിൽ കൂടുതൽ നടക്കേണ്ടിയിരിക്കുന്നു. സ്ക്കൂളിൽ കുടിവെള്ളം കിട്ടുന്നില്ല, പ്രാഥമികാവശ്യങ്ങൾക്കു സൗകര്യമില്ല, പഠനനിലവാരം തൃപ്തികരമല്ല, അംഗൻവാടിയിൽ വൈദ്യുതിയെത്തിക്കണം, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ വേണം, ചുറ്റുമതിൽ വേണം, എന്നിങ്ങനെ ആവശ്യങ്ങൾ ഉന്നയിച്ചിരിക്കുന്നു. എൽ.പി.സ്ക്കൂൾ, യു.പി. സ്ക്കൂളായി ഉയർത്തണം. ഇംഗ്ലീഷ് മീഡിയങ്ങൾ മൂലം സ്ക്കൂളിൽ കുട്ടികൾ കുറയുന്നതു ഫലപ്രദമായി തടയാൻ രക്ഷാകർത്താക്കളുടേയും അദ്ധ്യാപകരുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെ വേണ്ടതു ചെയ്യണം.

483

രണ്ടാം വാർഡിൽ നിന്നു ഹൈസ്ക്കൂളിലേക്കു നാലുകിലോമീറ്റർ ദൂരമുണ്ടെന്നതു പരിഗണിച്ച് സെന്റ് തോമസ് യു.പി. സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തണമെന്ന ആവശ്യം വന്നിട്ടുണ്ട്.

അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന പൊയ്യ എ.കെ.എം. ഹൈസ്ക്കൂൾ ഹയർ സെക്കന്ററി കോഴ്സ് തുടങ്ങുകയോ തൊഴിലധിഷ്ഠിതമായ എന്തെങ്കിലും കോഴ്സ് ആരംഭിക്കുകയോ ചെയ്യണമെന്നാണ് മൂന്നാം വാർഡിൽ നിന്നുള്ള ആവശ്യം.

അംഗൻവാടിക്കു സ്ഥിരമായ കെട്ടിടങ്ങൾ വേണമെന്നും പത്രങ്ങൾ വേണമെന്നും കൊശവർക്കുന്നിൽ അംഗൻവാടി പുതുതായി സ്ഥാപിക്കണമെന്നും നാലാം വാർഡിലെ ഗ്രാമസഭ ആവശ്യപ്പെടുന്നു. സ്ക്കൂളിൽ ഇല്ലാത്തവനും ഉള്ളവനും എന്ന വിവേചനം അവസാനിപ്പിക്കണമെന്നാണ് മറ്റൊരാവശ്യം. വർഷാരംഭത്തിൽ ഡിവിഷൻ നിലനിർത്താൻ കുട്ടികൾക്കുവേണ്ടി പരക്കം പായുന്നതും ഡിവിഷൻ നിലനിൽക്കുമെന്നായാൽ പിന്നെ കുട്ടികളോടുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാതിരിക്കലും ഇവിടെ പതിവാണ്. അദ്ധ്യാപകരുടേയും മാനേജ്മെന്റിന്റേയും ഈ മനോഭാവം മാറണമെന്നും ആവശ്യമുണ്ട്.

ഇംഗ്ലീഷ് മീഡിയത്തിലേക്കു വിദ്യാർത്ഥികൾ ആകർഷിക്കപ്പെടുന്നതിന് ഉയർന്ന വിദ്യാഭ്യാസനിലവാരവും കാരണമാകയാൽ നിലവാരത്തിലെ അന്തരം കുറയ്ക്കാൻ ഗവൺമെന്റു സഹായം വർദ്ധിപ്പിക്കണം. സ്ക്കൂളുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വേണം, എസ്.എസ്.എൽ.സി. പാസ്സാകുന്നവരിൽ നിന്ന് അമ്പതുശതമാനത്തിനുമാത്രമേ പ്രീഡിഗ്രീക്ക് സീറ്റു നൽകാവൂ മുതലായ പല നിർദ്ദേശങ്ങളും അഞ്ചാം വാർഡിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം താഴാനും ഇടയ്ക്കുവച്ച് വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിനും കാരണം ക്ലാസ്സ് മുറികളിലെ വിദ്യാർത്ഥി ബാഹുല്യം, തൊഴിലുമായി ബന്ധമില്ലാത്ത വിദ്യാഭ്യാസം, സാമ്പത്തിക പിന്നോക്കാവസ്ഥ, കുടുംബം പുലർത്താൻ ജോലിക്കുവിടേണ്ടി വരിക, ഇളയകുട്ടികളെ നോക്കാൻ പെൺകുട്ടികളെ നിയോഗിക്കേണ്ടിവരുന്ന സ്ഥിതി, പിന്നോക്കക്കാരുടെ അധഃസ്ഥിത മനോഭാവം, നിത്യജീവിതവുമായി ബന്ധമില്ലാത്ത കഠിനമായ പാഠ്യപദ്ധതി, വിരസമായ അദ്ധ്യാപനം, അസ്വാതന്ത്ര്യം, അശാസ്ത്രീയമായ പരീക്ഷാരീതി, ക്രൂരമായ പരിഹാസം, ശാരീരിക ദണ്ഡനം, എന്നിവയാണെന്നു വിലയിരുത്തുമ്പോൾ, കായികവിനോദങ്ങൾക്കു സൗകര്യമില്ലായ്മ, രോഗം, ദാരിദ്ര്യം, താങ്ങാനാവാത്ത ഗൃഹപാഠം, അടിശിക്ഷ, വ്യക്തിത്വത്തെ അംഗീകരിക്കാതിരിക്കുക, രക്ഷിതാക്കളുടെ ഉദാസീനത എന്നിവ ഹാജർ നില മോശമാവാൻ കാരണമാകുന്നുവെന്ന് കണ്ടെത്തുന്നു. രക്ഷാകർത്തൃസംഘടന ഊർജ്ജസ്വലമാക്കിയും പൊതു ആഘോഷങ്ങൾക്കും വിളവെടുപ്പിനും അവധി നൽകിയും, വിദ്യാലയവും സമൂഹവും തമ്മിലുള്ള അകൽച്ച ഇല്ലാതാക്കണം, സ്ക്കൂളുകൾ, സമുദായത്തിന്റെ പൊതുതാല്പര്യങ്ങൾ കണക്കിലെടുക്കണം, അടുക്കളത്തോട്ടനിർമ്മാണം, കുടിൽ വ്യവസായങ്ങൾ, തേനീച്ചവളർത്തൽ എന്നിവയിൽ പരിശീലനം നൽകണം. ഉല്പന്നങ്ങൾ സർക്കാർ വാങ്ങണം, പഠിതാക്കളുടെ ആവശ്യങ്ങളും താല്പര്യങ്ങളും കണ്ടെത്തി അതിനനുസരിച്ച് നീങ്ങണം, എന്നീ നിർദ്ദേശങ്ങൾ അഞ്ചാം വാർഡ് മുന്നോട്ടു വച്ചിട്ടുണ്ട്. മുറിയും പുസ്തകങ്ങളും ചിലർ സ്പോൺസർ ചെയ്തിരിക്കെ പുളിപ്പറമ്പിൽ വായനശാല തുടങ്ങാൻ ഉടൻ ഗ്രാന്റ് അനുവദിക്കണം, ബഹുജനവിദ്യാഭ്യാസത്തിനുതകുമാറ് വേണ്ട പ്രവർത്തനങ്ങളുണ്ടാവണം, പഠന മാദ്ധ്യമങ്ങളായി റേഡിയോ, ടി.വി., ഫിലിമുകൾ എന്നിവ ഉപയോഗപ്പെടുത്തണം, തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കണം, അംഗൻവാടിക്കു സ്ഥലവും കെട്ടിടവും വേണമെന്നിവയാണ് മറ്റു നിർദ്ദേശങ്ങൾ.

ആറാം വാർഡിൽ രണ്ട് അംഗൻവാടികൾ മാത്രമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് കുഴൂർ മാള പഞ്ചായത്തുകളെ ആശ്രയിക്കേണ്ടി വരുന്നതൊഴിവാക്കാൻ ഏഴാം വാർഡിലെ എൽ.പി. സ്ക്കൂൾ ഹൈസ്ക്കൂളാക്കണം. പതിനാലു സാക്ഷരതാ കേന്ദ്രങ്ങളുണ്ടായിരുന്നതു നിന്നുപോയി തുടർ വിദ്യാഭ്യാസത്തിന് ഏർപ്പാടുണ്ടാക്കണം. ജനപങ്കാളിത്തത്തോടെ വിദ്യാഭ്യാസസമിതി വേണം. ഒരു അംഗൻവാടിക്കു കെട്ടിടമില്ല. സ്ഥലം തരാൻ തയ്യാറുള്ളവരുണ്ട്. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തി അംഗൻവാടി തുടങ്ങണം. നിർദ്ധനർക്കു പഠിനോപകരണങ്ങൾ സന്നദ്ധ സംഘടനകളെ മുൻനിർത്തി പ്രവർത്തനം വേണം ഇവയാണ് ആറാം വാർഡിലെ ആവശ്യങ്ങൾ.

സോയൂസ് ക്ലബ്ബ് പരിസരത്ത് ഒരു റീഡിങ്ങ് റൂം ഏർപ്പെടുത്തണം ജനതാ മഹിളാസമാജത്തിനോടു ചേർന്നുള്ള അംഗൻവാടിയുടെ ചുറ്റും വെള്ളംകെട്ടിക്കിടക്കുന്നതിനു പരിഹാരമുണ്ടാക്കണം. വിദ്യാർത്ഥികൾ കുറഞ്ഞ് നിലനിൽപുതന്നെ അപകടത്തിലായ എ. എം .എൽ. പി. സ്ക്കൂളിന്റെ നില മെച്ചപ്പെടുത്താൻ ജനപങ്കാളിത്തത്തോടെ ആവശ്യമായ പ്രവർത്തനം വേണം. സ്ക്കൂൾ പരിസരത്തുനിന്നു കോൺവെന്റിലേക്കും, ഇംഗ്ലീഷ്മീഡിയത്തിലേക്കുമുള്ള വിദ്യാർത്ഥികളുടെ ഒഴുക്കുതടയൽ രക്ഷിതാക്കളുടെ ഇടയിൽ ബോധവൽക്കരണം വേണം. സ്ക്കൂളിലേക്കു കുട്ടികളെ ആകർഷിക്കാൻ ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കണം, പി.ടി.എ. ഊർജ്ജിതമാക്കി ആവശ്യമായ ഫർണീച്ചറുകൾ സംഘടിപ്പിക്കണം, നിലവാരം ഉയർത്താനും പാഠ്യേതര വിഷയങ്ങളിൽ ഊന്നൽ നൽകാനും സമ്പർക്കസമിതി ഉണ്ടാക്കണം, ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു നാലഞ്ചുകിലോമീറ്റർ യാത്ര ചെയ്യേണ്ട അവസ്ഥ ഒഴിവാക്കാൻ വേണ്ടതു ചെയ്യണം, ഏഴാം വാർഡ് മുന്നോട്ടു വച്ചിട്ടുള്ള ആവശ്യങ്ങൾ ഇവയാണ്.

എട്ടാം വാർഡിൽ പ്ലാവുമുറിയിലും വട്ടക്കോട്ട പ്രദേശത്തുമായി രണ്ട് അംഗൻവാടികൾ വേണമെന്ന് ഗ്രാമസഭ ആവശ്യമുന്നയിച്ചു. പത്തു സെന്റുകാരാണെന്നിരിക്കെ സ്ഥലം ഫ്രീ സറണ്ടറായി കിട്ടാൻ ബുദ്ധിമുട്ടാണ്.

48.H

രാവശ്യം.

ഒമ്പതാം വാർഡിലെ രണ്ട് അംഗൻവാടികളിൽ കളിപ്പാട്ടങ്ങളുടേയും പഠനോ പകരണങ്ങളുടേയും അപര്യാപ്തത പരിഹരിക്കണം, ഹൈസ്ക്കൂൾ വേണം, മാളപള്ളിപ്പുറം യു.പി.യിൽ ഹരിജൻ അദ്ധ്യാപകരെ നിയമിക്കാൻ സമ്മർദ്ദം ചെലുത്തണം, വായനശാലയും കായികവിദ്യാഭ്യാസത്തിനുള്ള ഉപകരണങ്ങളും വേണം, ഇവയാണ് ഗ്രാമസഭയുടെ ആവശ്യങ്ങൾ.

കൃഷ്ണൻകോട്ടയിൽ വായനശാല വേണം, സ്ക്കൂളുകളിലും, അംഗൻവാടികളിലും, പ്രാഥമികസൗകര്യങ്ങൾ, ഫർണീച്ചർ, പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, എന്നിവ വേണം, രക്ഷാകർത്തൃസംഘടനകൾ കാര്യക്ഷമമാക്കണം, മാതൃസംഗമം വേണം, ബാലസാഹിത്യഗ്രന്ഥങ്ങൾ ലഭ്യമാക്കണം എന്നിവയാണ് പത്താം വാർഡിലെ ആവശ്യങ്ങൾ.

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്ക്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H.S. | 6 | 12 | 18 | 230 | 200 | 430 | 1 | - | - | - |
| U.P.S. | 5<br>1<br>- | 9<br>13<br>16 | 14<br>14<br>16 | 185<br>203<br>171 | 165<br>141<br>248 | 350<br>344<br>419 | 3 | - | - | - |
| L.P.S. | 5<br>-<br>-<br>2<br>1 | 3<br>4<br>4<br>4<br>3 | 8<br>4<br>4<br>6<br>4 | 118<br>41<br>68<br>87<br>34 | 115<br>40<br>70<br>78<br>28 | 233<br>81<br>138<br>165<br>62 | 5 | - | - | - |
| Pre-primary | 20 | 20 | 40 | 204 | 207 | 411 | 10 | - | - | - |
| ആകെ | 40 | 88 | 128 | 1341 | 1292 | 2633 | 19 | - | - | - |

## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| സ്ക്കൂളിന്റെ പേര് | മെറിറ്റ് സ്ക്കോളർഷിപ്പ് | ലംസംഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്ക്കോളർഷിപ്പ് | വികലാംഗ സ്ക്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡി തൊഴിലാളി സ്ക്കോളർഷിപ്പ് | മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| A.K.M.L.P.S. Poyya | - | 8038 | - | 900 | - | - | 50 | - |
| A.L.D.S Poopthy | - | 343 | - | - | - | - | - | - |
| St. ANtony's Mala Pallippuram | 7 | 69 | 11 | 2 | - | - | 5 | - |
| A.I.M.L.P.S. Poyya | - | 2215 | - | - | - | - | - | - |
| St. Thomas U.P.S. Poyya | 1 | 66 | - | 2 | - | - | - | - |
| St. Mary's | - | 15 | - | - | - | - | 2 | - |
| A.K.M.H.S. Poyya | 3 | 403 | - | 5 | 2 | - | 12 | - |



185

| | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്ക്കൂളിന്റെ പേര് | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ ഫർണിച്ചർ അറ്റകുറ്റപ്പണി | ഉപകരണങ്ങൾ രാസവസ്തു ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്ട്സ് | കലാവിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചഭക്ഷണത്തിന് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശസ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റു മാർഗ്ഗത്തിലൂള്ള വരവ് | ആകെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| A.K.M.L.P.S. Poyya | 1500 | 490 | – | 120 | 200<br>23 | – | 4000 | – | 725 | – | – | – | – | 2630 | – | 3355 |
| A.K.M.H.S. | 15000 | 10000 | 500 | 1000 | 1000 | 800 | 3500 | – | 1400 | – | 1400 | 1600 | 5000 | 5000 | – | 14000 |
| St. Marys, Krishnankotta | 3000 | 1000 | – | 60 | 150 | – | 2500 | 25 | 198 | – | 198 | – | 331 | 760 | 100 | 1587 |
| St. Antonys Mala Pallippuram | 2600 | 1215 | – | 400 | 500 | 250 | 5250 | 1750 | 1400 | – | 1400 | 573 | – | – | – | 3373 |
| A.I.M.L.P.S. Poyya | 450 | 600 | – | – | – | – | 3000 | – | 393 | – | – | – | – | – | – | 393 |
| St. Thomas U.P.S. | 5052 | 1086 | – | 250 | 600 | 228 | – | – | – | 1219 | – | 1086 | – | – | – | 2305 |
| L.P.S. Pooppathy | 3000 | 500 | – | 100 | 250 | 150 | 3500 | 100 | 600 | – | 600 | – | 6000 | – | – | 7200 |

# സംസ്കാരം

## നമ്മുടെ സംസ്ക്കാര പൈതൃകം

തേക്കുപാട്ടുകേട്ടുണരുന്ന പ്രഭാതങ്ങൾ. അങ്ങിങ്ങായി പൂജാവിധികളുടേയും വേദമന്ത്രങ്ങളുടേയും ശബ്ദഘോഷങ്ങൾ. രണ്ടായിരം വർഷങ്ങൾക്കുമുമ്പുണ്ടായ മഹത്തായ ത്യാഗത്തിന്റെ സ്മരണയെ വിളിച്ചുണർത്തുന്ന മണിയൊച്ചകൾ. അടിമകളും ഉടമകളും എന്ന രണ്ടുവർഗ്ഗം. മതത്തിന്റേയും ജാതിയുടേയും മതിൽക്കെട്ടുകൾ. അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും കേളീരംഗങ്ങൾ. മേലാളന് മുറുക്കിത്തുപ്പാൻ കോളാമ്പിക്കു പകരം സ്വന്തംവായ കാണിച്ചുകൊടുക്കുന്ന ഭൃത്യവർഗ്ഗം. ഈ ഭൃത്യന്മാരാകട്ടെ അവരവർ താമസിക്കുന്ന ചുറ്റുവട്ടത്തെ പ്രമാണിമാരും. തങ്ങളുടെ കുറ്റങ്ങൾ ബലഹീനരുടെ മേൽ ചാർത്തി നിർവൃതിയടയുന്ന വരേണ്യവർഗ്ഗം. പാടത്തും പറമ്പിലും പണിയെടുക്കുന്നവർക്ക് മുറ്റത്ത് കുഴികുത്തി കഞ്ഞി ഒഴിച്ചുകൊടുത്ത് സാമൂഹ്യസേവനം നടത്തിയിരുന്ന ഉന്നതകുലജാതർ. ഇല്ലങ്ങളിലെ പൂമുഖങ്ങളിൽ നിന്ന് വൃത്തനിബദ്ധമായി ഉയർന്നുപൊങ്ങുന്ന അക്ഷരശ്ലോകങ്ങൾ. നാമജപങ്ങളിൽ മയങ്ങുന്ന സന്ധ്യ. കുന്നുകളും കുണ്ടനിടവഴികളും താണ്ടിവരുന്ന ചൂട്ടിൻവെട്ടങ്ങൾ. വടക്കൻപാട്ടുകളുടെ ശീലുകളിൽ ഉറങ്ങുകൂടുന്ന രാത്രിദുഃഖങ്ങൾ. ഈ നൂറ്റാണ്ടിലെ സൂര്യൻ ആദ്യമായി കണ്ണുതുറന്നപ്പോൾ പൊയ്യ പഞ്ചായത്തിൽ കണ്ട കാഴ്ച ഇതായിരിക്കണം. പക്ഷെ ഈ കാഴ്ച കാണാൻ സൂര്യരശ്മികൾ അധികകാലം ഇവിടെ തങ്ങിയിട്ടുണ്ടാവില്ല. കാരണം കേരളമൊട്ടാകെ ഉയർന്നുപൊങ്ങിയ നവോത്ഥാനത്തിന്റെ കാൽച്ചിലമ്പൊച്ച ഇവിടുത്തെ ജനങ്ങളുടെ കണ്ണുതുറപ്പിച്ചിരിക്കണം. ഇന്ത്യയൊട്ടാകെ അലയടിച്ച ദേശീയപ്രസ്ഥാനങ്ങളുടെ അരമണികിലുക്കം കേൾക്കാൻ ഇവിടുത്തെ ജനങ്ങളും കാതുകൂർപ്പിച്ചു പിടിച്ചിരിക്കണം.

## ജാതിമതഘടന

കേരളത്തിൽ എങ്ങും ഉണ്ടായിരുന്നതുപോലെയുള്ള ജാതിമതസംഘടനയാണ് ഇവിടേയും നിലനിന്നിരുന്നതും നിലനിൽക്കുന്നതും. ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാംമതം എന്നിവയാണ് ഈ മണ്ണിൽ വേരുറച്ചിട്ടുള്ള മതങ്ങൾ. സർവ്വമതസാരവുമേകം എന്ന തത്വം നോക്കിക്കാണാൻ ഇവിടെ മുമ്പുണ്ടായിരുന്ന സാംസ്ക്കാരികപ്രതിഭകൾക്ക് കഴിഞ്ഞിരിക്കണം. അതുകൊണ്ട് പണ്ടുമുതലേ മതസൗഹാർദ്ദത്തിന്റെ ശംഖനാദം ഇവിടെനിന്നും ഉയർന്നതായി കേൾക്കാം. ഹിന്ദുമതവും അതിന്റെ ജാതിവൈവിധ്യങ്ങളും ഇവിടെയും നിലനിന്നിരുന്നു. പ്രശ്നങ്ങൾ ഒന്നുമില്ലാത്ത സ്ഥലം എന്നാണ് പുറമേയുള്ളവർ പറഞ്ഞിരുന്നത്. സമാധാനമായി ജീവിക്കാൻ വീടും സ്ഥലവും തേടി ഇന്നും ആളുകൾ എത്തിക്കൊണ്ടിരിക്കുന്നത് മുമ്പേ ഇവിടെ നിലനിന്നിരുന്ന സമാധാനപരമായ അന്തരീക്ഷമായിരിക്കണം. ജാതിപരമായി ചിന്തിക്കുമ്പോൾ നമ്പൂതിരി, അമ്പലവാസികൾ, ഗൗഡസാരസ്വതബ്രാഹ്മണർ, നായന്മാർ, ഈഴവ, വിശ്വകർമ്മ, കളരിക്കുറുപ്പ്, ധീവരർ, കുടുംബി, പട്ടികജാതി പുലയ, സാംബവർ വേട്ടുവർ, കുറവർ, വേലൻ എന്നീ ഹൈന്ദവജാതികളും ക്രിസ്തുമതവിഭാഗത്തിൽ സിറിയൻ, ലാറ്റിൻ എന്ന പ്രധാനപ്പെട്ട രണ്ടു ജാതികളും ഇസ്ലാം മതവുമാണ് നിലനിൽക്കുന്നത്.

നമ്പൂതിരിമാർ ഭൂവുടമകളായിരുന്നു. എന്നാൽ ഭൂപരിഷ്ക്കരണനിയമം നടപ്പിൽ വന്നപ്പോൾ നമ്പൂതിരി സമുദായത്തിന്റെ സമ്പദ്വ്യവസ്ഥയിൽ മാറ്റം വന്നു. അല്പസ്വല്പം ദേവസ്വം ഭൂമി ഒഴിച്ചാൽ നമ്മുടെ പഞ്ചായത്തിലലെ ഭൂരിപക്ഷം സ്ഥലവും താമരശ്ശേരി മേയ്ക്കാട് മന, കിഴിയേടത്ത് മന, മേലേടത്ത് മന എന്നീ മൂന്നുമനകളുടെ വകയായിരുന്നു. ചരിത്രത്തിന്റെ ഏടുകളിലേക്ക് തിരിഞ്ഞുനോക്കിയാൽ നമ്മുടെ സാംസ്ക്കാരിക ചരിത്രത്തിൽ ചെറുതല്ലാത്ത പങ്ക് ഇവർ വഹിച്ചിട്ടുണ്ട് എന്ന് കാണാം. സാഹിത്യാദി കലകളിൽ നൈപുണ്യം നേടിയ പണ്ഡിതന്മാരെ ഈ സമുദായത്തിൽ നിന്നും നമുക്ക് ലഭിച്ചിട്ടുണ്ട്. കാലത്തിന്റെ ഉൾവിളികേട്ട് ദേശീയ ധാരയിലേക്ക് കടന്നുവരുന്നവരും കുറവല്ല.

നമ്പ്യാർ, പിഷാരടി, വാര്യർ, മാരാർ എന്നിവരാണ് അമ്പലവാസികൾ എന്ന ജാതിപ്പേരുകൊണ്ട് അറിയപ്പെടുന്നത്. ഇവരിൽ അപൂർവ്വം ചിലർക്ക് ഉദ്യോഗം ലഭിച്ചിട്ടുണ്ടെങ്കിലും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടകുലതൊഴിൽ ചെയ്തു ഉപജീവനം കഴിച്ചുപോരുന്നു. സമൂഹത്തിൽ വളരെ ബുദ്ധുമുട്ടു നേരിടുന്നവരാണ് ഇവർ.

ബ്രാഹ്മണ്യത്തിന്റെ ആഢ്യത്ത്വവും ക്ഷത്രിയത്വത്തിന്റെ ഓജസ്സും കാത്തുസൂക്ഷിക്കുന്നവരാണ് നായൻമാർ. ഉദ്യോഗതലത്തിലും കൃഷിയിലും ഇവർ പ്രശോഭിച്ചിരുന്നു. അവാന്തരവിഭാഗമായ വെളത്തേടത്തുനായരും വിളക്കത്തിലനായരും കുലതൊഴിൽ പാടെ ഉപേക്ഷിച്ച് മറ്റുജോലികൾക്ക് പൊയകൊണ്ടിരുന്നു. മരുമക്കത്തായസമ്പ്രദായം ഉപേക്ഷിക്കപ്പെട്ടതോടുകൂടി മുഖ്യദേശീയധാരയിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്. അപൂർവ്വം ചിലരെങ്കിലും ഭാര്യവീട്ടിൽ താമസിക്കുന്ന സമ്പ്രദായം ഉപേക്ഷിച്ചിട്ടില്ല.

ചെത്ത്, കച്ചവടം, വൈദ്യം എന്നിവയാണ് ഈഴവരുടെ കുലത്തൊഴിൽ. മറ്റുജാതിക്കാരുടെ കുലത്തൊഴിലിലേയക്ക് പലരും കടന്നുചെന്നിട്ടുണ്ടെങ്കിലും ഇവരുടെ പ്രധാന കുലത്തൊഴിലായ കള്ള്ചെത്ത് ഇവർമാത്രം തുടർന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസപരമായും സംസ്കാരികപരമായും ഇപ്പോൾ മുൻനിരയിലേക്ക് നീങ്ങി

ക്കൊണ്ടിരിക്കുന്നു. ദേശീയധാരയിൽ മുഖ്യപങ്കുവഹിക്കാൻ കഴിയുന്നു.

മത്സ്യബന്ധനം കുലത്തൊഴിലായി സ്വീകരിച്ചവരാണ് ധീവരർ. ഈ മേഖലയിലേക്ക് വൻകിടക്കാർ കയറി വന്നതുകൊണ്ട് പരമ്പരാഗതമത്സ്യതൊഴിലാളികളായ ഇവർക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കുടുംബം പോറ്റാൻ പലിശയ്ക്ക് കാശെടുത്ത് അന്യസ്ഥലത്തുപ്പോയി മത്സ്യം വാങ്ങിച്ച്കൊണ്ടുവന്ന് തലച്ചുമടുമായി നടന്നുവിൽക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾ ഈ സമുദായത്തിന്റെ പ്രത്യേകതയാണ്. തന്മൂലം കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ ശ്രദ്ധിയ്ക്കുവാനോ ആരോഗ്യം പരിപാലിക്കുവാനോ ഇവർക്കു കഴിയുന്നില്ല. പൊയ്യയുടെ സാംസ്കാരികരംഗത്ത് പ്രശോഭിച്ചിരുന്നവർ പലരും ഈ സമുദായത്തിൽ ഉണ്ടായിട്ടുണ്ട്.

വിശ്വകർമ്മ സമുദായത്തിൽപ്പെട്ട നാലുവിഭാഗക്കാരും ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ എന്നീ വിഭാഗക്കാരും പൊയ്യപഞ്ചായത്തിലുണ്ട്. ഇവരുടെ കുലത്തൊഴിൽ മറ്റുള്ളവർ സ്വന്തമാക്കികൊണ്ടിരിക്കുന്നു.

ജോത്സ്യവും വൈദ്യവും കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള വിഭാഗമാണ് കളരിക്കുറുപ്പ്. മറ്റുതൊഴിലുകളും ചെയ്തു ജീവിയ്ക്കുന്നുണ്ട്.

മത്സ്യബന്ധനവും കാർഷികവൃത്തിയും കുലതൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ് കുഡുംബികൾ ഗൗഢസാരസ്വതബ്രാഹ്മണരുടെ ശൂദ്രൻമാരായി എത്തിച്ചേർന്ന ഇവർ വളരെ പ്രയാസങ്ങൾ തരണം ചെയ്തു ജീവിക്കുന്നവരാണ്. വിദ്യാഭ്യാസരംഗത്തും സാംസ്കാരികരംഗത്തും പിൻനിരയിലായിരുന്നെങ്കിലും ഇപ്പോൾ മുൻനിരയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

പട്ടികജാതിയിൽപ്പെട്ട പുലയ, സാംബവ, വേട്ടുവ, കുറവ, വേലൻ മുതലായവർ ഭൂരിപക്ഷവും പൊയ്യപഞ്ചായത്തിലുണ്ട്. പലതരത്തിലുള്ള സംവരണമുണ്ടങ്കിലും അതെല്ലാം പരമാവധി ചൂഷണം ചെയ്യുവാൻ ഇന്നുവരെ അവർക്ക് കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയാണ് ഇതിനുകാരണം. സാംസ്കാകരംഗത്ത് പണ്ടുമുതലേ പ്രശോഭിച്ചിരുന്നവർ ഇക്കൂട്ടത്തിലുണ്ട്.

പൊയ്യപഞ്ചായത്തിന്റെ ദേശീയധാരയിൽ മുഖ്യകാർമ്മികത്വം വഹിച്ചിട്ടുള്ളവരാണ് ക്രിസ്ത്യാനികൾ. കൃഷിയും, കച്ചവടവുമാണ് കുലത്തൊഴിൽ. നമ്മുടെ സാമസ്കാരിക രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിഞ്ഞ പ്രതിഭകൾ ഈ സമുദായത്തിൽ ധാരാളം ഉണ്ടായിട്ടുണ്ട്. മത്സ്യവില്പനയും കച്ചവടവും തൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ് ഇസ്ലാം മതക്കാർ. മറ്റുമതങ്ങളോട് സഹകരിച്ചുനിന്നുകൊണ്ട് എല്ലാരംഗങ്ങളിലും പ്രവർത്തിക്കുന്നു.

## ഉത്സവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ

ക്ഷേത്രങ്ങളും പള്ളികളും അവയോടനുബന്ധിച്ചു വരുന്ന ഉത്സവങ്ങളും പെരുന്നാളുകളും പൊയ്യപഞ്ചായത്തിന്റെ സാംസ്കാരികത്തനിമയെ വിളിച്ചോതുന്നു.

കാർത്തികക്കാവ് ഭഗവതീക്ഷേത്രം, ശ്രീ ഭൈരവസഹായസംഘം ഭഗവതീക്ഷേത്രം, ജയലക്ഷമീവിലാസം കുഡുംബിസമാജം വക ക്ഷേത്രം, മഠത്തിക്കാവ്ക്ഷേത്രം, മഠത്തുംപടി ദുർഗ്ഗാക്ഷേത്രം, കളരിയ്ക്കൽ ശ്രീ ധർമ്മശാസ്താക്ഷേത്രം, ചുള്ളൂർ, മണിയംകാവ് ശ്രീകൃഷ്ണ ക്ഷേത്രം, തങ്കുളം മഹാദേവക്ഷേത്രം, കൊശവർക്കുന്ന് ഭഗവതീക്ഷേത്രം, ചെന്തുരുത്തി മഹാവിഷ്ണുക്ഷേത്രം, സെന്റ് അഫ്രേംസ് ചർച്ച് പൊയ്യ, ക്രിസ്തരാജാ ചർച്ച് കൃഷ്ണൻ കോട്ട, സെന്റ് സെബാസ്റ്റ്യൻ ചർച്ച് പൊയ്യ, സെന്റ് ആന്റണീസ് ചർച്ച് മാളപള്ളിപ്പുറം, ചെറുപുഷ്പം ചർച്ച് പുളിപ്പറമ്പ്, മഠത്തുംപടി ചർച്ച്, നിത്യസഹായമതാ ചർച്ച് മണലിക്കാട്, മാളപള്ളിപ്പുറത്ത് രണ്ടു നിസ്കാരകേന്ദ്രങ്ങൾ എന്നിവയാണ് നമ്മുടെ ആരാധനാലയങ്ങൾ. ജാതി മതഭേദമെന്യേ ഉത്സവങ്ങളും പെരുന്നാളുകളും മറ്റു ആഘോഷങ്ങളും കൊണ്ടാടുന്നത് ഇവിടുത്തെ ജനങ്ങളുടെ മതസൗഹാർദ്ദത്തേയും സഹകരണബോധത്തേയും ചൂണ്ടിക്കാണിക്കുന്നു. (കുടംബിസമുദായക്കാരുടെ ആഘോഷമായ മണക്കുളി ഉത്തരേന്ത്യയിലെ ഹോളിയ്ക്കുതുല്ല്യമായിമാറിക്കൊണ്ടിരിക്കുന്നു)

## ആചാരങ്ങൾ അനുഷ്ഠാനങ്ങൾ

എല്ലാജാതിമതസ്ഥരും വിത്യസ്തങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് വച്ചുപുലർത്തുന്നത്. ജനനം മുതൽ മരണം വരെ നിലനിൽക്കുന്ന എല്ലാ ആചാരങ്ങളിലും വൈവിധ്യം പുലർത്തുന്നതായികാണാം. അനുഷ്ഠാനക്രമങ്ങൾക്ക് വലിയ തോതിലുള്ള മാറ്റമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന് വൃശ്ചികം ഒന്നുമുതൽ നാല്പത്തിയഞ്ചു ദിവസം വരെയുള്ള ഒരു മണ്ഡലക്കാലമാണ് ശബരിമല നോമ്പുകാലം. എന്നാൽ മറ്റു മാസങ്ങളിൽ വ്രതമെടുത്ത് നാല്പത്തിയഞ്ചുദിവസം തികച്ച് ശബരിമല ദർശനം നടത്തുവരാണധികം ഭക്തൻമാരും. കർക്കിടമാസത്തിൽ ഹിന്ദുഭവനങ്ങളിൽ നിന്ന് ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ഉയർന്നു

കേട്ടിരുന്ന രാമായണവായനയും, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ക്രിസ്തീയഭവനങ്ങളിൽ നിന്ന് മനസ്സിൽ തട്ടിയെത്തുന്ന പുത്തൻപാന വായനയും അന്യമായികൊണ്ടിരിക്കുന്നു. വിഭിന്നമായ ഒരു സംസ്കാരത്തിലേക്ക് നടന്നടുക്കുന്നതിന്റെ സൂചനയായി വേണം ഇതിനെ കരുതാൻ. സന്ധ്യാസമയത്ത് വിളക്കുകൊളുത്തിയും മെഴുകുതിരികത്തിച്ചും പ്രാർത്ഥന നടത്തുന്നതിനുപകരം മുൻവശത്തുള്ള ലൈറ്റ് ഓൺചെയ്ത് ടി.വി.യുടെ മുന്നിൽച്ചെന്നിരിക്കാൻ വ്യഗ്രതകാണിക്കുന്നവരാണ് ഭൂരിപക്ഷവും. ഇതിലൂടെ നമ്മുടെ ആത്മീയസംസ്കാരത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ക്ഷയിച്ചുകൊണ്ടിരിക്കുന്നു. ശാന്തിയുടെയും, സമാധാനത്തിന്റെയും, ഏകാഗ്രതയുടെയും ഉറവിടങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.

# കലാസാംസ്കാരികസ്ഥാപനങ്ങൾ

## കെ.സി.എസ്.എം. നാട്യസംഘം പൊയ്യ

1931 ൽ മഹാകവി വള്ളത്തോൾ നാരായണമേനോൻ കേരളകലാമണ്ഡലം സ്ഥാപിക്കുന്നതിന് പതിനൊന്നുവർഷം മുൻപ് 1920ൽ രൂപീകൃതമായ കഥകളിസംഘമാണിത്. കുടുംബിസമുദായത്തിൽപ്പെട്ട കാട്ടുക്കാരൻ ചാന്തു സന്ദപ്പൻ ആയിരുന്നു ഇതിന്റെ സ്ഥാപകനേതാവ്. ഏഴിക്കരപത്മനാഭൻ നായരായിരുന്നു ഗുരുനാഥൻ. ഒരു പ്രൊഫഷണൽ സംഘമായി ഇതുമാറിയിട്ടുണ്ടങ്കിലും സമ്പത്തിക പ്രശ്നങ്ങൾ കൊണ്ട് ഈ നാട്യസംഘം വീർപ്പുമുട്ടുകയാണ്.

## കലാദീപം തിയ്യറ്റേഴ്സ്, പൊയ്യ

കഴിഞ്ഞ 30 വർഷമായി ഈ നാട്ടിലെ കലാസാംസ്കാരികരംഗത്ത് അനുസ്യൂതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘടനയാണിത്. നാടിന്റെ സാസ്കാരികരംഗങ്ങളിൽ പലപ്പോഴും നേതൃത്വം ഏറ്റെടുത്തു പ്രവർത്തിക്കുവാൻ ഈ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്ന നാടകമത്സരങ്ങളിൽ നൂറുകണക്കിന് സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുണ്ട്. സ്വന്തമായി കെട്ടിടമോ ഗ്രാന്റോ ഇല്ലാതെ വിഷമം അനുഭവിക്കുന്നു.

## കളിയരങ്ങ് നാട്യകലാ അക്കാദമി പൊയ്യ

കഴിഞ്ഞ ഏതാനും വർഷങ്ങളായി പൊയ്യയിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണിത്. നാടകരംഗത്ത് ധാരാളം സമ്മാനങ്ങൾ നേടിയെടുത്തിട്ടുണ്ട്. ഡി.സി.സി. പൊയ്യ, ടൈഗേഴസ് ക്ലബ് പൊയ്യ, അപസ്യ ഇരട്ടപ്പടി, അപസ്യ സാക്ഷരതാവായനശാല, ഇൻഫർമേഷൻസെന്റർ ഇരട്ടപ്പടി, യുവജനകലാസാംസ്കാരിക വേദി, മണലിക്കാട്, ചലഞ്ച്ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, മണലിക്കാട്, സോയൂസ്റ്റർ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് പൂപ്പത്തി, കൈരളി അക്ഷരശ്ലോകസമിതി, പൂപ്പത്തി, ദൃശ്യകലാവേദി പൊയ്യ, നവചേതന ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് മടത്തുംപടി, നവധാരാ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് മാളപ്പള്ളിപ്പുറം, അർജുന ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് പ്ലാവുംമുറി, വിജയകലാസമിതി പൂപ്പത്തി, വൈഖരി നാടകവേദി പൂപ്പത്തി, എം. ആർ. സി. ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് മാളപള്ളിപ്പുറം എന്നിവയ്ക്ക് ഈ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റുസ്ഥാപനങ്ങൾ ഇവയ്ക്ക് ഒന്നിനും സ്വന്തമായി കെട്ടിടം ഇല്ല, ഗ്രാന്റും ലഭിക്കുന്നില്ല.

രണ്ടുഗ്രന്ഥശാലകൾ മാത്രമാണ് പൊയ്യ പഞ്ചായത്തിൽ ഉള്ളത്. 1938ൽ സ്ഥാപിച്ച ഗ്രാമീണ വായനശാലയും 1993ൽ സ്ഥാപിച്ച സാംസ്കാരികനിലയം വായനശാലയും. ആറായിരത്തിൽപ്പരം പുസ്തകങ്ങളാണ് ഗ്രാമീണവായനശലയിലുള്ളത്. സാംസ്കാരികനിലയത്തിലാകട്ടെ 1400 ഉം.

4781 വീടുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. 4% വീടുകളിൽ മാത്രമേ പത്രം വരുത്തുന്നുള്ളൂ. മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, കേരളകൗമുദി, എക്സ്പ്രസ്സ് എന്നീ പത്രങ്ങളാണ് ഇവിടെ പ്രചാരത്തിലുള്ളത്. എന്നാൽ 40% വീടുകളിൽ T.V. യുണ്ട് എന്നുള്ളതാണ് വാസ്തവം.

ദൂരദർശന്റെ അതിപ്രസരം നമ്മുടെ സംസ്ക്കാരത്തെ അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്നു. പാശ്ചാത്യജീവിതത്തെ അനുകരിക്കാനും കേരളത്തിന്റെ തനിമയെ ഉപേക്ഷിക്കുവാനും യുവതലമുറ വെമ്പൽ കൊള്ളുന്ന വിദ്യാർത്ഥികളെയാണ് ഇത് കാര്യമായി ബാധിക്കുന്നത്.

## സാധ്യതകൾ

വായനശാലകളുടെ പ്രവർത്തനം വിപുലമാക്കണം. വീടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുന്ന ഒരു മൊബൈൽ ലൈബ്രറി സ്ഥാപിക്കണം. പ്രാദേശികമായ പൊതു ആഘോഷങ്ങളും ഉത്സവങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. കലാകായികവിനോദ സൗകര്യങ്ങളും സ്പോർട്ട്സ് സൗകര്യങ്ങളും മെച്ചപ്പെ

ടുത്തണം. കലാസമിതികൾക്ക് പ്രോത്സാഹനം നൽകണം. കലാകായിക സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കണം. നാടൻ കലകൾക്ക് പ്രോത്സാഹനം നൽകണം.

പുതിയ എഴുത്തുകാർക്ക് പ്രോത്സാഹനം നൽകുവാൻ ഗ്രാമജാലകം എന്നപേരിൽ ഒരു വാരികയോ മാസികയോ പ്രസിദ്ധീകരിക്കുന്നത് നന്നായിരിക്കും.

ഇങ്ങനെ അടിയ്ക്കടി ചൈതന്യം വറ്റിക്കൊണ്ടിരിക്കുന്ന നമ്മുടെ സാംസ്ക്കാരിക രംഗത്തിന് പുതുജീവൻ നൽകാൻ കഴിയും.

## നിർദ്ദേശങ്ങൾ വാർഡടിസ്ഥാനത്തിൽ

ഗ്രാമപഞ്ചായത്തിൽ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ ഉള്ളതു മൂന്നു വാർഡിൽ മാത്രമാണ്. ഉള്ളവയിൽ തന്നെ സ്പോർട്ട്സിനാണ് ഊന്നൽ. കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് തുല്യപ്രാധാന്യം നേടാൻ കഴിഞ്ഞിട്ടില്ലെന്നു കാണാം.

രണ്ടാം വാർഡിൽ അപസ്യ എരട്ടപ്പടി, ചലഞ്ച് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് മണലിക്കാട്, അപസ്യ സാക്ഷരതാ വായനശാല, ഇൻഫർമേഷൻ സെന്റർ ഇരട്ടപ്പടി, യുവജനകലാസാംസ്ക്കാരിക വേദി മണലിക്കാട് എന്നീ സംഘടനകൾ ഉണ്ട്. ഒന്നിനും സ്വന്തമായ കെട്ടിടം ഇല്ല.

മൂന്നാം വാർഡിൽ കലാദീപം തിയറ്റേഴ്സും, കളിയരങ്ങ് നാട്യകലാ അക്കാദമിയുമുണ്ട്. രണ്ടിനും ഓഫീസില്ല. ഗ്രാന്റ് ലഭിക്കുന്നില്ല.

ഏഴാം വാർഡിൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന സാംസ്ക്കാരികസംഘടനയാണ് സോയൂസ് സ്റ്റാർ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, ഇതിന്റെ കെട്ടിടവും പര്യാപ്തമല്ല.

പഞ്ചായത്തിൽ ഒരു ഗ്രൗണ്ടില്ല. സോയൂസ് സ്റ്റാറിന്റെ നേതൃത്വത്തിൽ സ്വകാര്യവ്യക്തിയുടെ സ്ഥലത്തു നടന്നിരുന്ന ഫുട്ബോൾ മത്സരം പഞ്ചായത്തിലെ ജനതയെ ഒന്നടങ്കം ആകർഷിച്ചിരുന്നു. ഗ്രൗണ്ടിന്റെ അഭാവത്തിൽ അതു നിന്നുപോവുകയാണുണ്ടായത്. മത്സരം തുടർന്നു നടത്തുവാൻ ഏഴാം വാർഡിൽ ഗ്രൗണ്ടിനു സ്ഥലം കണ്ടെത്താൻ കഴിയും.

എല്ലാ വാർഡുകളിലും കലാസാംസ്ക്കാരിക സംഘടനകൾ വേണമെന്ന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്ത് അതിനു നേതൃത്വം നൽകണം.

നാടൻ കലകൾ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പുനരുദ്ധാരണത്തിനു അടിയന്തിര ശ്രദ്ധ ആവശ്യമായിരിക്കുന്നു.

ടെലിവിഷൻ നമ്മുടെ സംസ്ക്കാരത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.
സ്ത്രീകളിൽ വായനാശീലം ഉയർത്തേണ്ടിയിരിക്കുന്നു എന്നാണ് എല്ലാ വാർഡുകാരും പറയുന്നത്.

ഒന്നാം വാർഡിൽ നാടൻകല ഓണക്കളി മാത്രമാണ്. സ്ത്രീകളിൽ വായനാശീലം വളർത്തുവാൻ ബോധവൽക്കരണം വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. സ്ത്രീകളും മുതിർന്നവരും ടി.വി. കാണുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്നും കുരുന്നുമനസ്സുകളുടെ സംസ്ക്കാരം ദുഷിക്കാതെ നോക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

രണ്ടാം വാർഡിൽ കലാസാംസ്ക്കാരിക സംഘടനകൾ അഞ്ചെണ്ണമുണ്ട്. ഒന്നിനും കെട്ടിടമില്ല. കെട്ടിടമുണ്ടാക്കി അവയെ നിർത്തി സാംസ്ക്കാരികോന്നമനത്തിന് കളമൊരുക്കണമെന്നും യുവജന കായികശേഷിയെ വികസനാവശ്യങ്ങൾക്കായി തിരിച്ചുവിടണമെന്നും ഗ്രാമസഭ ആവശ്യപ്പെട്ടു. സാക്ഷരതാപ്രവർത്തനങ്ങൾക്ക് ജന വിദ്യാകേന്ദ്രം വേണം, നവസാക്ഷരർക്കു തുടർ വിദ്യാഭ്യാസസൗകര്യം ഉണ്ടാക്കണം, നിരക്ഷരരെ കണ്ടുപിടിച്ച് സാക്ഷരരാക്കണം, വനിതകളിൽ വായനശീലം വളർത്താൻ പുസ്തകങ്ങൾ വീട്ടിൽ എത്തിക്കണം എന്നിവയാണ് മറ്റു ആവശ്യങ്ങൾ.

മൂന്നാം വാർഡിലെ കലാദീപം തിയറ്റേഴ്സിനും കളിയരങ്ങ് നാട്യകലാ അക്കാദമിക്കും ഓഫീസുണ്ടാക്കണം, ഗ്രാന്റ് ലഭ്യമാക്കണം എന്നീ ആവശ്യങ്ങൾ ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ടു, നാടൻ കലാരൂപങ്ങളായ ശാസ്താംപാട്ടും, ഓണക്കളിപ്പാട്ടും, പുനരുജ്ജീവിപ്പിച്ച് പഞ്ചായത്തുത്സവങ്ങളിൽ അവയ്ക്കു സ്ഥാനം നൽകണമെന്നതാണ് മറ്റൊരാവശ്യം. 490

കഥകളി സമിതി സജീവമാക്കണം എന്ന ആവശ്യമാണ് നാലാം വാർഡ് മുന്നോട്ടു വയ്ക്കുന്നത്. വായന ശീലം വർദ്ധിപ്പിക്കാനും, തൊഴിൽ ലഭ്യത കൂട്ടാനുമായി പുസ്തകങ്ങൾ വീട്ടിലെത്തിക്കുന്ന രീതി വേണം, സാംസ്ക്കാരിക നിലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കാൻ കമ്മറ്റി വേണം, കൈകൊട്ടിക്കളി പുനരുദ്ധരിക്കണം എന്നിവയാണ് മറ്റ് ആവശ്യങ്ങൾ.

പുളിപ്പറമ്പിൽ കലാസാംസ്ക്കാരിക സംഘടനയും വായനശാലയും വേണമെന്നാവശ്യപ്പെട്ട അഞ്ചാം വാർഡ് ഗ്രാമസഭ ടി.വി.യിലെ വിദേശചാനലുകൾ വിനാശകരമാണെന്നു വിലയിരുത്തുന്നു. ലൈംഗികതയുടെ അതിപ്രസരമുള്ള ഗാനചിത്രീകരണങ്ങളും സീരിയലുകളും കുട്ടികളെ സംസ്ക്കാരത്തെ മലീമസമാക്കുന്നതായി അവർ കണ്ടെത്തുന്നു.

ജീർണ്ണാവസ്ഥയിലായ സാംസ്ക്കാരികരംഗത്തെ പുനരുജ്ജീവിപ്പിക്കാൻ ജനകീയ സാംസ്ക്കാരികസമിതി സംഘടിപ്പിക്കണമെന്ന് ആറാം വാർഡ് ആവശ്യപ്പെടുന്നു. ഒപ്പം നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും വർഷം തോറും പഞ്ചായത്തിൽ സാംസ്ക്കാരികോത്സവം നടത്തണമെന്നും.

സോയൂസ് സ്റ്റാർ ക്ലബ്ബിനു കെട്ടിടമുണ്ടാക്കി നൽകണം, സ്പോർട്ട്സിന്റേയും ഗെയിംസിന്റെയും വളർച്ച ലക്ഷ്യമാക്കി വാർഡിൽ ഗ്രൗണ്ട് നിർമ്മിക്കണം, ജനപങ്കാളിത്തത്തോടെ ഗ്രൗണ്ട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ അടിയന്തിര പ്രവർത്തനം വേണം, സ്പോർട്ട്സിനോടൊപ്പം കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും പ്രാതിനിധ്യം നൽകണം, വായനശീലം വളർത്തുവാൻ റീഡേഴ്സ് ക്ലബ്ബ് വേണം, അമേച്വർ നാടകവേദി സംഘടിപ്പിക്കണം, ക്ലബ്ബ് പരിസരത്ത് പൊതു ടെലിവിഷനും ടെലിഫോൺ ബൂത്തും വേണം, സ്ക്കൂൾ പരിസരത്തും മാളപള്ളിപ്പുറം പരിസരത്തും വെയിറ്റിങ്ങ് ഷെഡ് വേണം, സോയൂസ് സ്റ്റാർ വാർഷികവും ഓണാഘോഷപരിപാടികളും പഞ്ചായത്തിന്റെ സഹകരണത്തോടെ കൂടുതൽ വിപുലമാക്കണം എന്നീ ആവശ്യങ്ങൾ ഏഴാം വാർഡ് ഗ്രാമസഭ മുന്നോട്ടു വച്ചിരിക്കുന്നു. വാർഡിൽ പ്രവർത്തിക്കുന്ന കൈരളി അക്ഷരശ്ലോകസമിതിക്കും കെട്ടിടമില്ല.

സാംസ്ക്കാരിക നിലയമില്ലാത്ത സാഹചര്യത്തിൽ കമ്മ്യൂണിറ്റിഹാളും വായനശാലയും വേണമെന്ന് എട്ടാം വാർഡ് ആവശ്യപ്പെട്ടു.

കലാസാംസ്ക്കാരികസംഘങ്ങൾ അല്പായുസ്സായി പോകാതിരിക്കാൻ ധനസഹായം നൽകി നിലനിർത്തണം, ആഗസ്റ്റ് 15, ഓണം, എന്നിവ പഞ്ചായത്തു സമിതിയുടെ ആഭിമുഖ്യത്തിൽ ആഘോഷിക്കണം എന്നീ ആവശ്യങ്ങളാണ് ഒമ്പതാം വാർഡിനുള്ളത്.

കളിയരങ്ങ് നാട്യകലാ അക്കാദമിക്ക്, സ്വന്തമായി കെട്ടിടം നിർമ്മിച്ചുകൊടുക്കണം, പ്രോത്സാഹനം നൽകണം എന്നീ ആവശ്യങ്ങളോടൊപ്പം നാടൻ കലകളെക്കുറിച്ച് ബോധവൽക്കരണം വേണം, സാമ്പത്തികസഹായം നൽകി ശാസ്ത്രീയ നൃത്തത്തിലേക്കു കുട്ടികളെ ആകർഷിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു പത്താം വാർഡ്. നല്ല നാടകം, സിനിമ മുതലായവ പ്രദർശിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ജനപങ്കാളിത്തത്തോടെ വേദിയുണ്ടാക്കണം, വായനാശീലം വളർത്തുവാൻ സെമിനാറുകളും സിമ്പോസിയങ്ങളും നടത്തണം, ലൈബ്രറി സമയനിഷ്ഠ പാലിക്കണം, ശാന്തമായ അന്തരീക്ഷം വേണം, പുതിയ പുസ്തകങ്ങൾ വേണം, എന്നിവയാണ് മുന്നോട്ടു വച്ചിട്ടുള്ള മറ്റു ആവശ്യങ്ങൾ.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പൊയ്യപഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ പതിനൊന്ന് പോയന്റ് പൂജ്യം അഞ്ച് ശതമാനം (11.05%) പട്ടികജാതിക്കാരാണ്. ഈ പഞ്ചായത്തിൽ പട്ടികവർഗ്ഗക്കാർ ആരുംതന്നെയില്ല. കേരളത്തിൽ അറുപത്തി എട്ട് ജാതിയിൽ പെടുന്ന പട്ടികജാതിക്കാർ ഉണ്ടെങ്കിലും ഇവരിൽ അഞ്ചുവിഭാഗങ്ങൾ മാത്രമേ ഇവിടെ അധിവസിക്കുന്നുള്ളു. ഈറ്റയും മുളയും ഉപയോഗിച്ചുകൊണ്ട് ഉള്ള ഉല്പന്നങ്ങൾ (കുട്ട, മുറം) നിർമ്മിച്ചുകൊണ്ട് ഉപജീവനം നടത്തുന്ന സാംബവ വിഭാഗത്തിൽ പെട്ടവരും കൃഷിയും, കാർഷികേതരതൊഴിലുമായി ഉപജീവനം നടത്തുന്ന പുലയസമുദായവും, തെങ്ങുകയറ്റം തൊഴിലുമായി ബന്ധപ്പെട്ട പ്രവർത്തിച്ചുവരുന്ന വേട്ടുവരും, അലക്കു തൊഴിലായി ഉപജീവനം കഴിക്കുന്ന വേലസമുദായക്കാരും പുള്ളുവകുടവും, തുടിയുമായി നാടോടി സംസ്ക്കാരത്തിന്റെ ഭാഗമായി മാറിയ കുറവ വിഭാഗങ്ങളുമാണ് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും അധിവസിക്കുന്നത്.

ദാരിദ്ര്യരേഖയ്ക്ക് താഴെ അധിവസിക്കുന്ന ഇക്കൂട്ടരുടെ പിന്നോക്കാവസ്ഥ ദുരീകരിക്കുന്നതിന് വേണ്ടി മാറിമാറി വരുന്ന ഭരണകൂടങ്ങൾ ഒട്ടനവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തുന്നുണ്ടെങ്കിലും ഇതിന്റെ പ്രയോജനം ലഭിച്ചവർ ഇവരിൽ തുലോം വിരളമാണ്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി വിന്യസിക്കപ്പെട്ടിരിക്കുന്ന ഇവരുടേതായി അംഗീകരിച്ച 5 കോളനികളും, സാങ്കേതികകാരണങ്ങളാൽ അംഗീകാരം ലഭിക്കാത്ത വേറെ 5 കോളനികളും ഉണ്ട്. പഞ്ചായത്തിലെ ആകെയുള്ള 4781 വീടുകളിൽ 535 വീടുകൾ പട്ടികജാതിക്കാരുടേതായി മാത്രം ഉണ്ടെന്നിരിക്കെ മുകളിൽ പ്രസ്താവിച്ച കോളനികളിലെ വീടുകൾ ഒഴിച്ചാൽ ബാക്കി എല്ലാം വിവിധ ഭാഗങ്ങളിലാണ്. പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി ഇവിടത്തെ 80% ത്തോളം വരുന്ന കുടുംബങ്ങൾക്ക് അതിന്റെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

പണിതീർത്ത ഓടുമേഞ്ഞ മേൽക്കൂരയുള്ള 207 വീട് ഒഴികെ യാതൊരു അടിസ്ഥാന സൗകര്യങ്ങളും കോളനിയിലോ, കോളനിയിതര വീടുകളിലോ ഇല്ല എന്നുള്ളതാണ് വസ്തുത. സർക്കാർ നൽകുന്ന നാമമാത്രമായ തുകകൊണ്ട് വളരെ പരിമിതമായി പണിതീർത്ത ഈ വീടുകളിൽ പലതിന്റെയും അവസ്ഥ വളരെ ശോചനീയമാണ്. ഇലക്ട്രിസിറ്റി കണക്ഷൻ കുടിനീർ ലഭ്യത, മറ്റു സാനിറ്റേഷൻ സംവിധാനങ്ങൾ അപര്യാപ്തമാണ്.

പഞ്ചായത്തിലെ മറ്റു ജനവിഭാഗങ്ങളുമായി ഇവരെ താരതമ്യം ചെയ്യുമ്പോൾ സാമൂഹികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, വളരെ പിന്നോക്കാവസ്ഥയിലാണ്. ആരംഭത്തിൽ തന്നെ ഇവരുടെ കുട്ടികൾ വിദ്യാലയത്തിൽ പോകുന്നുണ്ടെങ്കിലും, പ്രൈമറി വിദ്യാഭ്യാസത്തോടെ പഠനം നിറുത്തുന്ന ഒരു സ്ഥിതി വിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധമില്ലായ്മയും, രക്ഷിതാക്കളുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥയാണ് ഇതിന് കാരണമെന്ന് നിസ്സംശയം പറയേണ്ടിയിരിക്കുന്നു. കേരളസർക്കാർ ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തിയ അനൗപചാരിക വിദ്യാഭ്യാസ പ്രചരണപദ്ധതിയുടെ ഭാഗമായി നിരക്ഷരരുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ടെങ്കിലും തുടർവിദ്യാഭ്യാസം ലഭ്യമല്ലാത്തതിനാൽ ഇതിന്റെ ഉദ്ദേശ്യശുദ്ധി ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല എന്നതാണ് മറ്റൊരു വസ്തുത. പ്രധാനമായും കൃഷിയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ഇവർക്ക് കൃഷിചെയ്യുവാനുള്ള നിലങ്ങളോ മറ്റു വരുമാനമാർഗ്ഗങ്ങളോ ഒന്നുംതന്നെയില്ല. അഞ്ചു സെന്റ് സ്ഥലത്ത് വീടുവച്ചുകഴിയുന്ന ഇവരിൽ പലരുടെയും വീട്ടിലെ പ്രായപൂർത്തിയായ അംഗങ്ങൾ വിവാഹത്തിന് ശേഷം മറ്റൊരു വീടുവച്ചു താമസിക്കുവാനുള്ള ഒരു പരിതസ്ഥിതി ഇന്ന് നിലവിൽ ഇല്ല. ഈ സാഹചര്യത്തിലാണ് ഇവർ കുടുതലും കോളനികളെ ആശ്രയിച്ചു ജീവിക്കുന്നത്.

ഇത്തരത്തിൽ ഒക്കെയാണെങ്കിലും പൊയ്യ പഞ്ചായത്തിലെ പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം കലാപരമായും സാംസ്ക്കാരികപരമായും വളരെ മുന്നോക്കാവസ്ഥയിലാണ്. സാഹിത്യം, ചിത്രരചന, നാടകം, തനത്കലാരൂപങ്ങൾ കേരളത്തിന്റെ സാംസ്ക്കാരിക കലയായ കഥകളി വരെ ഇക്കൂട്ടർക്ക് പ്രാപ്യമായ മേഖലയാണ് എന്നുള്ളതാണ് ചാരിതാർത്ഥ്യജനകമായ മറ്റൊരു വസ്തുത.

ഈ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ക്ഷേമപ്രവർത്തനങ്ങളെ ലാക്കാക്കി പല സന്നദ്ധസംഘടനകളും ഇന്ന് നിലവിലുണ്ട്. തൽഫലമായി സാമൂഹിക പ്രവർത്തനത്തിലും മറ്റു സംഘടനപ്രവർത്തനത്തിലും ചിലരെങ്കിലും ഇതിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചു ഉയർത്തുന്നത് തികച്ചും ആശാവഹമാണ്. എന്നാൽ നിയമപരമായ സംവരണാനുകൂല്യം മാത്രമല്ലാതെ രാഷ്ട്രീയ അധികാരകേന്ദ്രങ്ങളിൽ ഒരു ജനപ്രതിനിധിപോലും സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നതിന് ചരിത്രം സാക്ഷി.

കേരളത്തിൽ മൊത്തത്തിൽ ഉണ്ടായ സാമൂഹിക പരിവർത്തനവും സാക്ഷരതപ്രസ്ഥാനവും കൊണ്ടുണ്ടായ പ്രധാനനേട്ടം ജാതിപരമായ ഉച്ചനീചത്വം ഇല്ലാതായി എന്നുള്ളതാണ്. അതുകൊണ്ട് തന്നെ ഇവരുടെ വീടുകളിലെ വിവാഹം, മുതലായ ചടങ്ങുകൾക്ക് മറ്റു സമുദായക്കാർ പങ്കെടുക്കുകയും സഹകരിക്കുകയും, ചെയ്യുന്നു. എന്നാൽ സവർണ്ണജാതിയിൽ പെട്ട പലരുംതന്നെ ഇത്തരം പൊതുചടങ്ങുകളിൽ പങ്കെടുക്കുമെങ്കിലും ഇവരുടെ വീടുകളിൽ നിന്ന് ഭക്ഷണം കഴിക്കുന്നില്ല. അതുപോലെ തന്നെ ജാതിപറഞ്ഞുവിളിക്കുന്ന രീതി ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

1. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളിലെ അപര്യാപ്തത
2. സാമ്പത്തിക പരാധീനത, ദാരിദ്ര്യം പട്ടിണി
3. വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ
4. തൊഴിൽ പരമായ പിന്നോക്കാവസ്ഥ
5. സാമൂഹിക ഉച്ചനീചത്വങ്ങൾ
6. ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന അവസ്ഥ
7. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള തടസ്സങ്ങൾ
8. പട്ടയം കിട്ടാത്തവർക്ക് പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുക.
9. വനിത സഹകരണസംഘം രൂപീകരിച്ചു തൊഴിൽ പരമായ സാധ്യതകൾ ഉറപ്പുവരുത്തുക.
10. IHDP കോളനികൾക്ക് ലഭിക്കുന്ന എല്ലാ സർക്കാർ ആനുകൂല്യങ്ങളും മുഴുവൻ പട്ടികജാതിക്കാർക്ക് ലഭ്യമാക്കുക.(ഒറ്റപ്പെട്ട വീട്ടുകാർക്കും)
11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് പഞ്ചായത്ത് തലത്തിൽ ഓഫീസ് സ്ഥാപിക്കണം.
12. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
13. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.
14. എല്ലാ പട്ടികജാതിക്കാരുടെ വീടുകളിലും വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
15. കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക.
16. പട്ടികജാതി വികസന വകുപ്പ് വഴി നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിൽ ആവശ്യത്തിനുള്ള ഫർണീച്ചർ ലഭ്യമാക്കുക.

## സാധ്യതകൾ

1. അടിസ്ഥാനപരമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ ഇവർ അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. പശ്ചാത്തല സൗകര്യ വികസനത്തിനായി സ്ക്കീമുകൾ നടപ്പിലാക്കുകയാണ് വേണ്ടത്.
2. ബോധവൽക്കരണപ്രവർത്തനങ്ങൾ
3. ക്ഷേമപ്രവർത്തനങ്ങൾ
4. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ
5. വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിൽ സ്ക്കീമുകൾ നടപ്പിലാക്കുക.

ചെറുകിട സഹായങ്ങളായ തൊഴിലുപകരണങ്ങൾ കൊടുക്കുക, തൊഴിലാളികളെ കൊടുക്കുക, കൃഷിയാവശ്യത്തിനായി തെങ്ങിൻതൈകൾ കൊടുക്കുക, തുടങ്ങിയ സഹായപദ്ധതികൾ മൂലം ഉദ്ദേശിച്ച ഫലപ്രാപ്തി ലഭിക്കുന്നില്ല. അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് ഇവരുടെ ക്ഷേമത്തിന് പ്രധാനമായും നടപ്പിലാക്കേണ്ടത്. കേരള ഗവൺമെന്റിന്റെ ഇതുവരെയുള്ള കണക്കുകൾ പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട ഓരോ വ്യക്തിക്കും 1,37000രൂപ ചിലവാക്കിക്കഴിഞ്ഞു. എന്നാൽ ഇവരുടെ സാമ്പത്തിക അവസ്ഥ എത്രമാത്രം പുരോഗമിച്ചു എന്ന് നോക്കിയാൽ ചെറിയ ശതമാനം കാണാൻ കഴിയും. ആയതുകൊണ്ട് ഇനിയെങ്കിലും ഈ വിഭാഗത്തിനുവേണ്ടി ചിലവാക്കുന്ന തുക ഇവരുടെ പുരോഗതിക്കായി ഉപയോഗിക്കുന്നുണ്ടോ എന്ന സസൂക്ഷ്മം നിരീക്ഷിക്കേണ്ടിയിരിക്കുന്നു. പദ്ധതി പ്രവർത്തനങ്ങളിൽ ചെലവാക്കുന്ന തുക കാലകാലങ്ങളിൽ ശരിയായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.



293

പഞ്ചായത്തിലെ സ്ത്രീകളുടെ ഉന്നമനത്തിന് ക്ഷേമപദ്ധതികൾ കൂടാതെ പുതിയ തൊഴിൽ സങ്കേതങ്ങൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യണം. മുൻകാലങ്ങളിൽ വീട്ടുപണിയും ആടുമാട്വളർത്തലും അല്പം കൃഷിപ്പണിയുമായി ഇടത്തട്ടിലുള്ള സ്ത്രീകൾ സ്വഭവനങ്ങളിൽ ഒതിങ്ങിക്കൂടിയിരുന്നു. താഴെക്കിടയിലുള്ള സ്ത്രീകൾ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ട് ജീവിതം തള്ളിനീക്കി. ആധുനിക കാലഘട്ടത്തിൽ മാറിവന്ന സാമൂഹ്യസാമ്പത്തിക രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് ജീവിത നിലവാരം വർദ്ധിച്ചുവന്നു. ഇതനുസരിച്ച് പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തുവാൻ ഇടത്തട്ടിലുള്ള സ്ത്രീകൾ നിർബന്ധിതരായി.

വിദ്യാഭ്യാസരംഗത്തും സാമൂഹ്യരാഷ്ട്രീയരംഗത്തും സ്ത്രീകൾ പിന്നിലാണ്. പഞ്ചായത്തീരാജ് നിയമത്തിന്റെ പിൻബലത്തിൽ നാലുവനിതകൾ പഞ്ചായത്തിന്റെ ഭരണസാരഥ്യം വഹിക്കുന്നു എന്ന കാര്യം വിസ്മരിക്കുന്നില്ല. തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ജോലിഭാരം കഠിനമാണ്. വീട്ടുപണിയും കുടുംബപരിചരണവും വിശ്രമരഹിതമായ ദിനചര്യയായി മാറുന്നു. കഠിനാദ്ധ്വാനവും ശാരീരിക പ്രത്യേകതകളും ക്ലേശങ്ങൾ ഉണ്ടാക്കുന്നു. തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ വേതനത്തിന്റെ 90 ശതമാനവും കുടുംബത്തിന് താങ്ങാകുന്നുണ്ട്. അകാലത്തുള്ള കുടുംബനാഥന്റെ വേർപാട് സാമ്പത്തിക ഞെരുക്കവും അനാഥത്വവും സമ്മാനിക്കുന്നു.

പൗരാണിക കാലഘട്ടംമുതൽ സ്ത്രീക്ക് ഉന്നതപദവി നൽകി ആദരിച്ചിരുന്നു. ദേവതയായും പതിവ്രതയായും പുരാതനേതിഹാസങ്ങൾ ചിത്രീകരിച്ചിരുന്ന സ്ത്രീകൾ പോലും അപമാനഭാരത്താൽ ചൊരിഞ്ഞ കണ്ണുനീരിന്റെ ഉപ്പുരസം ഇനിയും ഭൂമിയിൽ നിന്ന് വിട്ടുപോയിട്ടില്ല. അഗ്നിശുദ്ധിയിൽ ചാരിത്ര്യം തെളിയിക്കേണ്ടിവന്ന സീതയുടെ, അപമാനിതയായ പാഞ്ചാലിയുടെ, പതിവ്രതയായ സാവിത്രിയുടെ എന്നിങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ.................

സാമൂഹ്യതിന്മകൾക്ക് വിരാമമിടുകയും സ്ത്രീകളുടെ സാമ്പത്തികനിലവാരം ഉയർത്തി പുരോഗതി കൈവരിക്കേണ്ടതിന് സ്ത്രീകൾതന്നെ മുൻകൈ എടുക്കേണ്ടതാണ്. സാമൂഹ്യവിലക്കുകളും മാമൂലുകളും ലംഘിച്ചവർ മാത്രമേ ചരിത്രതാളുകളിൽ സ്ഥാനം പിടിച്ചിട്ടുള്ളൂ. മഞ്ഞലോഹത്തിന്റേയും നോട്ടുകെട്ടുകളുടേയും തൂക്കത്തിനനുസരിച്ച് വിവാഹകമ്പോളത്തിൽ സ്ത്രീകളുടെ വില നിശ്ചയിക്കപ്പെടുമ്പോൾ പ്രതികരിക്കാത്തതെന്ത്? ഭൂരിഭാഗം വരുന്ന വനിതകളുടെ സാമൂഹിക സാമ്പത്തികപുരോഗതിക്കായി പ്രവർത്തിക്കാൻ അർപ്പണബോധത്തോടെ മുന്നിട്ടിറങ്ങുക. കാലം ആ കാൽച്ചിലമ്പൊലി കേൾക്കുവാൻ കാതോർത്തിരുന്നിട്ട് കാലമെത്രയായി.

പഞ്ചായത്തിലെ പൊതുവായ വിദ്യാഭ്യാസ നിലവാരത്തിൽ സ്ത്രീകൾ പിന്നിലാണ്. വിദ്യാലയങ്ങളിലെ വിദ്യാർത്ഥീവിദ്യാർത്ഥിനികളുടെ അനുപാതം ഇതിൽനിന്നും വ്യത്യസ്തമല്ല. പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനതൊഴിൽ മേഖലകൾ കൃഷി, കെട്ടിടനിർമ്മാണം, കുടിൽ വ്യവസായം, ഇഷ്ടിക, ഓട് നിർമ്മാണം എന്നിവയാണ്. ഇതിൽ കുടിൽ വ്യവസായത്തിലും ഇഷ്ടിക, ഓട്, എന്നീ നിർമ്മാണ മേഖലയിലും നാമമാത്രമായ വേതനമേ ലഭിക്കുന്നുള്ളൂ. പരമ്പരാഗതമായ കർഷകത്തൊഴിലാളികൾ മറ്റുമേഖലകളെ ആശ്രയിക്കാത്തത് ആ രംഗത്ത് പിന്നോക്കാവസ്ഥ സൃഷ്ടിക്കുന്നു. തൊഴിൽ ചെയ്യുന്ന സ്ത്രീകളുടേയും പുരുഷന്മാരുടേയും അനുപാതം 30:50 ആണ്. കെട്ടിടനിർമ്മാണ മേഖലയിൽ അന്തരം കുറവും കാർഷികമേഖലയിൽ വർദ്ധിച്ച തോതിലുമാണ്. പഞ്ചായത്തിലെ സ്ത്രീകളിൽ വീട്ടുജോലികൾ മാത്രം ചെയ്യുന്നവരുണ്ട്. കൂടാതെ ആടുമാടുകളെ വളർത്തുക, പച്ചക്കറിക്കൃഷി ചെയ്യുക, കുട്ടനെയ്ത്ത് പായ് നെയ്ത്ത് തുന്നൽ തുടങ്ങിയ ജോലികളും ചെയ്യുന്നവരുണ്ട്. സർവ്വീസ് മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണം തുലോം പരിമിതമാണ്.

## പഞ്ചായത്തിലെ തൊഴിൽമേഖല

| നമ്പർ | തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ | ആകെ | ശതമാനം | |
|---|---|---|---|---|---|---|
| | | | | | പുരുഷൻ | സ്ത്രീ |
| 1 | കാർഷികമേഖല | 1331 | 1996 | 3327 | 40 | 60 |
| 2 | കുടിൽ വ്യവസായം | 42 | 123 | 168 | 25 | 75 |
| 3 | കെട്ടിട നിർമ്മാണം | 1200 | 300 | 1500 | 80 | 20 |
| 4 | സർവ്വീസ് മേഖല | 90 | 60 | 150 | 60 | 40 |
| 5 | വ്യവസായ മേഖല | 300 | 675 | 975 | 31 | 69 |
| 6 | വ്യാപാരം | 190 | 60 | 250 | 76 | 24 |
| 7 | സ്വയം തൊഴിൽ | 1187 | 1201 | 2388 | 49 | 51 |

494

## പെൻഷൻ പദ്ധതി

പഞ്ചായത്തിൽ 98 വിധവകൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. മൊത്തം വിധവകളുടെ കണക്ക് ലഭ്യമല്ലെങ്കിലും ടി പെൻഷനു വേണ്ടി 23 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പരിമിതമായ വിഭവവും അർഹതയുള്ളവരുടെ എണ്ണം കൂടുതലും പെൻഷൻ പദ്ധതി ഭാഗികമായി മാത്രമേ നടപ്പാക്കിയിട്ടുള്ളു. മാറിയ പരിതസ്ഥിതിയിൽ ഇതിന് മാറ്റം വരുമെന്നാണ് പ്രതീക്ഷ.

| നമ്പർ | ജനനിരക്ക് | വിധവാപെൻഷൻ | അപേക്ഷകർ | അംഗൻവാടികൾ | ഗർഭിണികൾ | മുലയൂട്ടുന്ന അമ്മമാർ |
|---|---|---|---|---|---|---|
| 1 | – | 98 | 23 | 20 | 337 | 137 |

## അംഗൻവാടികളുടെ പ്രവർത്തനം

പഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനത്തിന് പരിമിതികൾ ഏറെയാണ്. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വളർച്ചയ്ക്ക് ഉതകുന്ന സജ്ജീകരണങ്ങൾ ഇല്ല. പോഷകാഹാരങ്ങൾ കളിപ്പാട്ടങ്ങൾ എന്നിവ പേരിനുമാത്രം. ശുദ്ധജലസൗകര്യം കക്കൂസ് എന്നിവയുടെ അപര്യാപ്ത ഉണ്ട്. അംഗൻവാടികളിലെ പാഠ്യക്രമങ്ങൾ ശാസ്ത്രീയമായി നിർവ്വഹിക്കുന്നുണ്ട്. അംഗൻവാടികളിൽ കുട്ടികളുടെ പരിചരണം വിമർശനവിധേയമാകാറില്ല.

## DWCRA UNIT

പഞ്ചായത്തിലെ ആറാം വാർഡിൽ ഒരു DWRCA യൂണിറ്റ് പ്രവർത്തിക്കുന്നു. 1995ൽ സ്ഥാപിക്കപ്പെട്ട ഈ സ്ഥാപനം റെഡിമെയ്ഡ് വസ്ത്രനിർമ്മാണം നടത്തുന്നു. 11 സ്ത്രീത്തൊഴിലാളികൾ ടി കേന്ദ്രത്തിൽ ജോലിനോക്കുന്നു. പരാതിയോ പ്രശ്നങ്ങളോ കൂടാതെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന്റെ യൂണിറ്റ് മറ്റു വാർഡുകളിലും ആരംഭിക്കേണ്ടതാണ്.

ഇനി പഞ്ചായത്തിലെ സ്ത്രീകളുടെ സാമ്പത്തിക പദവി സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ പരിശോധിക്കാം.

# ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം.
2. മെറ്റൽ ഉടയ്ക്കുന്ന യൂണിറ്റ് ആരംഭിക്കുക.
3. കറിപൗഡർ നിർമ്മാണയൂണിറ്റ് ആരംഭിക്കുക.
4. അംബർലാ അസംബ്ലിംഗ് യൂണിറ്റ് ആരംഭിക്കുക.
5. തയ്യൽ, നെയ്ത്ത് തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം.
6. അംഗൻവാടികളിൽ പ്രാഥമിക സൗകര്യവും കളിക്കോപ്പ്, ഫർണീച്ചർ എന്നിവ ലഭ്യമാക്കണം.
7. കൈത്തറി നെയ്ത്ത് യന്ത്രത്തറിയാക്കി പരിഷ്ക്കരിക്കണം.
8. അംഗൻവാടികൾക്ക് ഗവൺമെന്റ് സഹായം 50000ക ആക്കണം.
9. വനിതാ മത്സ്യത്തൊഴിലാളി സഹകരണസംഘം ഉണ്ടാക്കണം.
10. ചെമ്മീൻ സംസ്ക്കരണശാല സ്ഥാപിക്കണം.
11. കയർ നിർമ്മാണം പുനർജ്ജീവിപ്പിക്കണം.
12. മെഴുകുതിരി നിർമ്മാണയൂണിറ്റ് വേണം.
13. വനിതശിശു ക്ഷേമത്തിന് വനിത സംഘടനവേണം.
14. തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കണം.
15. പഴം, പച്ചക്കറി, സംസ്ക്കരണശാല സ്ഥാപിക്കണം.
16. ഖാദിബോർഡിന്റെ പ്രവർത്തനം പരിഷ്ക്കരിക്കണം.
17. സോപ്പ് നിർമ്മാണം.
18. അച്ചാർ, ജാം, സ്ക്വാഷ് യൂണിറ്റ് വേണം.
19. റോൾഡ് ഗോൾഡ് നിർമ്മാണകേന്ദ്രം സ്ഥാപിക്കണം.
20. ഇലക്ട്രിക് ചോക്ക് നിർമ്മാണകേന്ദ്രം സ്ഥാപിക്കണം.
21. ഈറ്റ ദൗർലഭ്യം പരിഹരിക്കണം.

H95

22. വിധവപെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡം ലഘൂകരിക്കണം.
23. പാൽ ഉൽപന്നനിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം.
24. പച്ചക്കറിക്കൃഷിക്ക് സഹായം ലഭിക്കണം.
25. ആടു വളർത്തൽ, കോഴിവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക.
26. അശ്ലീലപ്രദർശനം തടയുന്നതിനും അതിക്രമങ്ങൾ തടയുന്നതിനും പ്രാദേശികസമിതി വേണം.
27. മഹിളാസമാജങ്ങൾ സ്ഥാപിക്കണം.
28. അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണം.
29. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് പ്രത്യേകപദ്ധതി വേണം.
30. പഞ്ചായത്തിലെ സ്ത്രീകളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും എന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നതിനും അവയെ എങ്ങനെ പരിഹരിക്കാമെന്ന് പരിശീലിപ്പിക്കുന്നതിനും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
31. പഞ്ചായത്തിൽ ഒരു ഫാമിലി കൗൺസിലിംഗ് സെന്റർ ആരംഭിക്കുക. സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവർക്കുവേണ്ട നിയമോപദേശം നൽകുന്നതിനും മറ്റും ഇത് സഹായിക്കും.

## പ്രത്യേക പ്രശ്നങ്ങൾ വാർഡുതലത്തിൽ

**വാർഡ് 1**

1. ക്രഷ് ആരംഭിക്കണം.
2. ഞണ്ട് വളർത്തൽ ആരംഭിക്കണം.

**വാർഡ് 2**

1. അംഗൻവാടി കെട്ടിടം പണിയണം.
2. സാമൂഹ്യ ക്ഷേമവകുപ്പിന്റെ പദ്ധതിപ്രകാരം ഗുണഭോക്താക്കളെ ഗ്രാമസഭ നിശ്ചയിക്കണം.
3. സ്ത്രീകളെ അവഹേളിക്കുന്ന പരസ്യങ്ങൾ നിരോധിക്കണം.

**വാർഡ് 3**

1. തുല്യജോലിക്ക് തുല്യവേതനം നൽകണം.
2. ലക്ഷംവീട് അംഗൻവാടികൾക്ക് വായനശാലകളും പൊതു ടെലിവിഷനും സ്ഥാപിക്കണം.
3. പാൻപരാഗ്, ലഹരി മിഠായികൾ നിരോധിക്കണം.
4. പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ത്രീകൾക്കുവേണ്ടി ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം.

**വാർഡ് 4**

1. വാർഡിലെ കള്ളുഷാപ്പ് നിർത്തലാക്കണം.

**വാർഡ് 5**

1. സ്ത്രീകളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കണം.

**വാർഡ് 7**

1. പോട്ട് വാട്ട്സിൽ ഓഫീസ് കെട്ടിടം വേണം.
2. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധചെലുത്തണം.

**വാർഡ് 8**

1. ഹെൽത്ത് സെന്റർ വേണം.
2. സ്ത്രീകളെ ബോധവൽക്കരിക്കണം.

**സാധ്യതകൾ**

1. പുതിയ പുതിയ തൊഴിൽ സങ്കേതങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ ആയത് നടത്തിക്കൊണ്ടുപോകുന്നതിന് സ്ത്രീകൾക്ക് അതാതു മേഖലയിൽ നേതൃത്വപരിശീലനവും സാങ്കേതികവിജ്ഞാനം പകരുന്നതിന് ട്രെയിനിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക, വായ്പാപദ്ധതികൾ ഉദാരമാക്കുക, വനിതാ സഹകരണവ്യവസായ സംരംഭങ്ങൾ ആരംഭിക്കുക, പരമ്പരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണം ഉണ്ടാക്കി സ്ത്രീകൾക്ക് 90% റിസർവേഷൻ ഏർപ്പെടുത്തുക.

2. നിയമവിരുദ്ധപ്രവർത്തനങ്ങൾക്ക് പ്രാദേശികസമിതികൾ രൂപീകരിച്ച് സാമൂഹ്യസമ്മർദ്ദം ഉയർത്തിക്കൊണ്ട് വരിക. 496

3. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ശിശുക്ഷേമസമിതി രൂപീകരിച്ച് വിഭവ സമാഹരണം നടത്തുക. ക്ഷേമപദ്ധതികളുടെ ആനുകൂല്യം യഥാസമയം ലഭിക്കുന്നതിനും ആത്മാർത്ഥമായി നടപ്പിലാക്കുന്നതിനു ശ്രമിക്കുക.

4. അംഗൻവാടി ഗ്രാന്റുതുക വർദ്ധിപ്പിക്കുന്നതിനും പോട്ട് വാട്ട്സിന് കെട്ടിടം പണിയുന്നതിനും അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിനും ശ്രമിക്കുക.

5. പെൺകുട്ടികളുട വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകുന്നതിന് ബോധവൽക്കരണം നടത്തുക. സ്ത്രീകളുടെ വായനശീലം വളർത്തുന്നതിന് റീഡേഴ്സ് ഫോറം ഉപയോഗപ്പെടുത്തുക. സ്ത്രീപുരുഷസമത്വബോധം വളർത്തുന്നതിന് വിദ്യാഭ്യാസമേഖലയിൽ ഇടപെടുക.

പഞ്ചായത്തിലെ വനിതകളുടെ ക്ഷേമത്തിനായി തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കുടിൽ വ്യവസായമേഖല നവീകരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. സാമ്പത്തിക പരാശ്രയത്വം അവസാനിച്ചാൽ മാത്രമേ സാമൂഹ്യക്ഷേമം കൈവരൂ. ഡിപ്പാർട്ട്മെന്റ് തലത്തിലും ഗവൺമെന്റ് തലത്തിലും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

# സഹകരണം

ഒമ്പതാം പദ്ധതിക്കാലത്ത് ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി പൊയ്യ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി ചേർന്ന ഗ്രാമസഭകളിൽ സഹകരണമേഖലയെ കുറിച്ച് ഉയർന്നു വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചുകൊണ്ട്, ഈ മേഖലയെകുറിച്ച് വിവരിക്കുകയാണ് ഇതിൽ ചെയ്യുന്നത്. വൈവിധ്യമുള്ള ആവശ്യങ്ങൾക്കായി രൂപീകരിച്ച വ്യത്യസ്തതരത്തിലുള്ള സഹകരണ സംഘങ്ങളെകുറിച്ച് ഇതിൽ പ്രതിപാദിക്കുന്നു.

## ചരിത്രം

മനുഷ്യചരിത്രത്തിൽ അവന്റെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ? ഒറ്റയ്ക്കും കൂട്ടായും ഓരോ പ്രവൃത്തിയിലുൾപ്പെടുന്നു. മാനവരാശിക്ക് ക്ഷേമം ഉണ്ടാകുന്നതിന് സഹകരണം അത്യാവശ്യമായ ഒരുഘടകമാണെന്ന് സമൂഹം മനസ്സിലാക്കി. ഓരോരുത്തരും അവരുടെ കർമ്മമേഖലകളിൽ അറിഞ്ഞുകൊണ്ടോ അറിയാതെയോ സഹകരണ രംഗങ്ങളിലെത്തിച്ചേരുന്നു.

പൊയ്യപഞ്ചായത്തിൽ ഇപ്പോൾ 7 സഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. അവയിൽ ക്രഡിറ്റ് വിഭാഗത്തിൽ ഒരു സഹകരണസംഘം മാത്രമേ ഉൾപ്പെടുന്നുള്ളൂ. മറ്റ് ആറ് സഹകരണസംഘങ്ങളും നോൺ ക്രഡിറ്റ് വിഭാഗത്തിലാണ്.

1950കളിൽ പൊയ്യ ഗ്രാമപഞ്ചായത്തിലെ പൗരപ്രമുഖരായ സർവ്വശ്രീ. പി.ടി കൊച്ചൗസേഫ്, വടക്കേവീട്ടിൽ കുഞ്ഞിക്കൃഷ്ണൻനായർ, താമരശ്ശേരി മേയ്ക്കാട്ട് നാരായണൻ നമ്പൂതിരി, പുതിയേടത്ത് നാരായണൻമേനോൻ, കെ.ആർ. രാമൻനായർ, എരുമ്മേൽ പാറൻ, തുടങ്ങിയവരുടെ നേതൃത്വത്തിൽ രൂപീകരിച്ച വിവിധോദ്ദേശ സഹകരണസംഘമാണ് ക്രെഡിറ്റ് വിഭാഗത്തിൽപ്പെട്ട പൊയ്യ സർവ്വീസ് സഹകരണബാങ്ക് ആയി വികസിച്ചിരിക്കുന്നത്. താഴത്തുവീട്ടിൽ കൃഷ്ണൻനായരായിരുന്നു ഇതിന്റെ പ്രഥമസെക്രട്ടറി. കൃഷിക്കാരെ സഹായിക്കുന്നതിന് അവരിൽനിന്നും കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുകയും വായ്പകൾ വിതരണം നടത്തുകയും ചെയ്തുപോന്നു. ഈ സംഘത്തിന്റെ ആരംഭഘട്ടത്തിൽ തന്നെ തൃശൂർ ജില്ലയിലെ ഏറ്റവും നല്ല ക്രെഡിറ്റ് സ്ഥാപനമായി ഉയരുകയും ഗവൺമെന്റിന്റേയും പ്രശംസകൾ നേടിയിട്ടുള്ളതുമാണ്. ജനങ്ങൾക്ക് വിവിധ തരത്തിലുള്ള വായ്പകൾ അനുവദിച്ചുകൊണ്ട് ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഈ സ്ഥാപനം സഹായിച്ചുകൊണ്ടിരിക്കുന്നു.

പൊയ്യ ഗ്രാമപഞ്ചായത്തിന്റെ സഹകരണമേഖലയിൽ പ്രധാനപങ്ക് വഹിച്ച മറ്റൊരു സ്ഥാപനമാണ് പൊയ്യ കൈത്തറി സർവ്വീസ് സഹകരണസംഘം. 1945–46 കാലഘട്ടത്തിൽ സർവ്വശ്രീ. കെ.പി. സദാനന്ദൻ, പി.ഡി. അയ്യപ്പൻ, പി.യു. കുട്ടപ്പൻ തുടങ്ങിയവരാണ് ഈ സഹകരണസംഘത്തിന്റെ പ്രധാനശില്പികൾ. പൊയ്യ നിവാസികൾക്ക് അധികം പരിചയമില്ലാത്ത കൈത്തൊഴിലായ കൈത്തറിനെയ്ത്ത് ചേന്ദമംഗലം, ഞാറയ്ക്കൽ, ആനാപ്പുഴ എന്നീ ഭാഗങ്ങളിൽ പോയി പഠിച്ചെടുക്കുകയാണ് മേൽപ്പറഞ്ഞവർ ചെയ്തത്. സ്വന്തം വീടുകളിൽ തറികൾ സ്ഥാപിച്ചുകൊണ്ടാണ് പൊയ്യയിൽ അവർ ആദ്യം ഈ തൊഴിലിൽ ഏർപ്പെട്ടത്. 1950 കാലഘട്ടത്തിൽ മൂന്നുപേരും ചേർന്ന് മറ്റുള്ളവർക്ക് തൊഴിൽ പരിശീലനം കൊടുക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ച് പൊതുവായ ഒരു തറി ആരംഭിച്ചു. 1955ൽ മാള ബ്ലോക്കിലെ ഏക കുടിൽ വ്യവസായമായി ഇതിനെ അംഗീകരിക്കുകയും അധികൃതർ പാരിതോഷികങ്ങൾ നൽകുകയും ചെയ്തിരുന്നു. ഈ സംരംഭമാകട്ടെ, സഹകരണസംഘത്തിന്റെ ആദ്യത്തെ കാൽവയ്പായിരുന്നു. 1963ൽ ഇത് സഹകരണസംഘമായി പ്രവർത്തനമാരംഭിച്ചു. ശ്രീ.പി.ടി. കൊച്ചൗസേഫ് ആയിരുന്നു ആദ്യത്തെ പ്രസിഡണ്ട്. ശ്രീ. വി.ആർ. രാമൻ മാസ്റ്ററെ ഇതിന്റെ ഹോണററി സെക്രട്ടറിയായി നിയോഗിക്കുകയും ചെയ്തു. ഈ സംഘം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി പ്രയത്നിച്ച മുൻ എം.എൽ.എ. ഇട്ടീര അമ്പൂക്കനും സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്.

കയർ വ്യവസായ രംഗങ്ങളിൽ മാറ്റം വരുത്തിയ മറ്റൊരു ഘടകമാണ് പൊയ്യ കയർ വ്യവസായ സഹകരണസംഘം. പൊയ്യയിലെ കയർ തൊഴിലാളികളെ ഏകോപിപ്പിച്ചുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കുകയും, വ്യവസായരംഗത്ത് മാറ്റംവരുത്തുകയും ചെയ്തത് ഈ സംഘത്തിന്റെ കീഴിലാണ്. പൊയ്യ ആസ്ഥാനമാക്കിയാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇതിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. സി.എൽ. ജോസഫ് മാസ്റ്ററാണ്. ഇപ്പോൾ ഇതിന്റെ ഭരണനിർവ്വഹണം നടത്തുന്നത് കൃഷ്ണൻ കോട്ടയിലാണ്.

ക്ഷീരകർഷകരുടെയിടയിൽ ഉല്പാദനം വർദ്ധിപ്പിക്കാനും മെച്ചപ്പെട്ട രീതിയിൽ കന്നുകാലികളെ സംരക്ഷിക്കാനും നല്ലരീതിയിലുള്ള കാലിത്തീറ്റ ലഭ്യമാക്കുവാനും പഞ്ചായത്തിൽ രൂപീകൃതമായ വിവിധ ക്ഷീരോല്പാദകസഹകരണ സംഘങ്ങൾ സഹായകമായി. പൂപ്പത്തി, മാളപള്ളിപ്പുറം, പൊയ്യ, മടത്തുംപടി, എന്നീ പ്രദേശങ്ങളിൽ ക്ഷീരോല്പാദകസഹകരണസംഘങ്ങളും പി.ഡി.ഡി.പി. സൊസൈറ്റികളും പ്രവർത്തിക്കുന്നു.

495

പൊയ്യ ഗ്രാമപഞ്ചായത്തിൽ മേൽപ്പറഞ്ഞ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ കൂടുതൽ ജനവിഭാഗങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ സേവനം ലഭിക്കുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | സ്ഥാപിത വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|---|
| 1. | പൊയ്യ സർവ്വീസ് സഹകരണ ബാങ്ക് | 1-4-1950 | 5061 | 7 | 472434 | | |
| 2. | പൊയ്യകയർ വ്യവസായ സഹകരണസംഘം R588 | 1977 | 609 | 1 | 86120 | | |
| 3. | പൊയ്യ കൈത്തറി സഹകരണസംഘം | 2-3-1963 | 146 | 1 | 51637.50 | | |
| 4. | മാളപള്ളിപ്പുറം ക്ഷീരോല്പാദകസഹകരണസംഘം | 1992 | 161 | 3 | 1000 | | |
| 5. | പൂപ്പത്തി ക്ഷീരോല്പാദക സഹകരണസംഘം | 14-4-1976 | 746 | 3 | 8020 | | |
| 6. | പൊയ്യ ക്ഷീരോല്പാദക സഹകരണസംഘം | 23-1-1993 | 567 | 3 | 5690 | | |
| 7. | മടത്തുംപടി ക്ഷീരോല്പാദക സഹകരണസംഘം | 25-7-1995 | 94 | 3 | 820 | | |

## സാധ്യതകൾ

1. പൊയ്യ സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്ത നപരിധിയായ പൊയ്യയിലും മാളപള്ളിപ്പുറത്തും ബ്രാഞ്ചുകൾ അനുവദിച്ചാൽ പഞ്ചായത്തിലെ 60% ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

2. തൊഴിലിൽ നിന്നും ലഭിക്കുന്ന വരുമാനം പരിമിതമായതുകൊണ്ട് പൊയ്യ കൈത്തറി സഹായ സഹകരണസംഘത്തിനുകീഴിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. സംഘം നേരിടുന്ന ഈ പ്രശ്നം പരിഹരിക്കാൻ പൊയ്യ കൈത്തറിസംഘത്തിൽ ഗവൺമെന്റ് സഹായത്തോടുകൂടി യന്ത്രത്തറികൾ സ്ഥാപിക്കേണ്ടതാണ്.

3. സ്ക്കൂളുകളിൽ പ്രവർത്തിക്കുന്ന സഹകരണസ്റ്റോറുകൾ വഴി പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും യൂണിഫോമിനുള്ള തുണികളും മിതമായ നിരക്കിൽ എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കത്തക്കരീതിയിൽ വിതരണം ചെയ്യുക.

4. പൊയ്യ പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി പട്ടികജാതി സഹകരണസംഘം രൂപീകരിക്കണം.

5. പൊയ്യ പഞ്ചായത്തിൽ വനിതകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുവാനും ക്ഷേമ പവർത്തനങ്ങൾ നടത്തുന്നതിനും വനിതാവ്യവസായസഹകരണസംഘം രൂപീകരിച്ച് താഴെ പറയുന്ന ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാമ്പത്തികസഹായം ലഭ്യമാക്കണം.
   i) എംബ്രോയ്ഡറി 2) റെഡിമെയ്ഡ് വസ്ത്രങ്ങൾ 3) ഗോൾഡ് കവറിംഗ്
   ii) മെഴുകുതിരി നിർമ്മാണം. 5) പനമ്പുനെയ്ത്ത് 6) പായനെയ്ത്ത്

6. സഹകരണസംഘങ്ങൾ വഴി പശു ആട്, കോഴി, മുയൽ, തേനീച്ച എന്നിവ വളർത്തുന്നതിന് സാമ്പത്തികസഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്.

7. ഉല്പാദകരിൽ നിന്ന് സാധനങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് മാർക്കറ്റിംഗ് സഹകരണ സംഘം സ്ഥാപിക്കുക.

# വിഭവസമാഹരണം

പൊയ്യ ഗ്രാമപഞ്ചായത്ത് മറ്റ് ഏതു പഞ്ചായത്തിനേക്കാളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു. പ്രധാനമായും കെട്ടിടനികുതിയും, തൊഴിൽ നികുതിയും, ആണ് പഞ്ചായത്തിന്റെ തനതായ വരുമാനം ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾകൊണ്ട് ഒരുവിധം തപ്പിത്തടഞ്ഞ് മുന്നോട്ടുപോകുന്നുവെന്ന് മാത്രം. പൊതുവേ പഞ്ചായത്തിന്റെ നിലവെച്ച് നോക്കുമ്പോൾ ഭരണപരമായ ചിലവ് ഇവിടെ കുറവാണ്. കേവലം ആറ് ഉദ്യോഗസ്ഥന്മാർ മാത്രമേ പഞ്ചായത്തിൽ ഉള്ളൂ. പഞ്ചായത്തീരാജ് ഭരണസംവിധാനം നിലവിൽ വന്നതോടുകൂടി ഭരണപരമായ ചെലവ് വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മൊത്തം ചെലവ് നോക്കുമ്പോൾ ഭരണപരമായ ചെലവ് തന്നെയാണ് പ്രഥമസ്ഥാനത്ത്. രണ്ടാമതായി പൊതുമരാമത്തും അനുബന്ധമായ ചെലവുകളും വരും. വെള്ളക്കരം ഇനത്തിൽ 13 ലക്ഷം രൂപാ, കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശിഖ ഇനത്തിൽ അടയ്ക്കുവാനുണ്ട്. പഞ്ചായത്തിന്റെ പരമപ്രധാനമായ സാമ്പത്തിക ബാദ്ധ്യതയും ഇതുതന്നെ.

ഇനി പഞ്ചായത്തിന്റെ മൊത്തം വരുമാനം വിലയിരുത്താം. തൊഴിൽ നികുതി ഇനത്തിൽ 1995–96ലെ വരുമാനം 131196കയും കെട്ടിടനികുതി 151178.30കയും വിനോദനികുതി 654.91കയും മറ്റുവരുമാനം 368096.49കയും ആണ്. അങ്ങനെ മൊത്തം വരുമാനം 651125.70ക തനതായ വരുമാനമായി കണക്കാക്കാം. അതിനുപുറമെ ഗ്രാന്റുകൾ 129572ക അൺടൈഡ് ഫണ്ട്, 274700ക JRY 275400 കയും, എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് 34921കയും കൂടി മൊത്തം പഞ്ചായത്തിന്റെ വരുമാനം 1090418.70 കയാണ്. ചെലവു പ്രധാനമായും ഭരണപരമായ ചെലവ് 293466കയും പൊതുമരാമത്ത് ഇനത്തിൽ 11857 കയും വന്നിട്ടുണ്ട്.

പ്രത്യക്ഷ ഉല്പാദനമേഖലയിൽ സ്വശ്രയഗ്രാന്റ് ഇനത്തിൽ 8½ ലക്ഷം രൂപ ലഭിക്കുകയും ടി തുക ഉപയോഗിച്ച് ഷോപ്പിംഗ് കോംപ്ലക്സ് പണിതീർത്തുവരുന്നു. പഞ്ചായത്തിലെസമീപകാലത്തെ വരവും ചെലവും പട്ടികയാക്കി ചുവടെ ചേർക്കുന്നു.

## പട്ടിക

**1985–'86 വർഷം മുതൽ ഒന്നിടവിട്ട വർഷങ്ങളിലെ വരവും ചെലവും**

| | വരവ് | ചെലവ് |
|---|---|---|
| 1986-87 | 138404.10 | 170012.88 |
| 1989-90 | 539527.20 | 299674.35 |
| 1991-92 | 502248.10 | 469625.25 |
| 1993-94 | 1430960.90 | 720573.75 |
| 1995-96 | 1090418.70 | 1742127.60 |

പഞ്ചായത്തിന്റെ ഇതുവരെയുള്ള ധനകാര്യ അവകാശങ്ങൾ പരിമിതമായിരുന്നതിനാൽ പഞ്ചായത്തിന് നേരിടേണ്ടിവന്ന പ്രശ്നങ്ങൾ നിരവധിയാണ്. മാറിയ സാഹചര്യത്തിൽ പഞ്ചായത്തീരാജ് സംവിധാനത്തിൻ കീഴിൽ ധനകാര്യഅവകാശങ്ങളിലും ചട്ടങ്ങളിലും മാറ്റംവരുത്തിയേ മതിയാവൂ. ഗ്രാപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് ബോർഡിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ ധനകാര്യഅവകാശങ്ങൾ പൂർണ്ണമായും കൊണ്ടുവരികയും, ചെലവിനങ്ങളുടെ മെരിറ്റ് നോക്കി തീരുമാനം എടുക്കുന്നതിന് പഞ്ചായത്തിന് അധികാരം നൽകി ചട്ടത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും നിർദ്ദേശിക്കുന്നു. എങ്കിൽ മാത്രമേ അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾക്കൊള്ളുവാൻ കഴിയൂ.

പഞ്ചായത്തിൽ വിഭവ സമാഹരണത്തിന് ചുരുങ്ങിയ സ്രോതസ്സുകളേ നിലവിലുള്ളൂ. ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്ന ആളുകളുടെ എണ്ണം വളരെ കുറവാണ്. അവരുടെ സമ്പാദ്യം മുഖ്യമായും ചെലവിടുന്നത് കോൺക്രീറ്റ് സൗധങ്ങൾ പടുത്തുയർത്തുന്നതിനാണ്. അവരുടെ സമ്പാദ്യം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി തിരിച്ചുവിട്ടാൽ അത് നാടിന്റെ നന്മയ്ക്ക് ഉപകരിക്കും. കൂടാതെ യുവജനങ്ങളുടെ കായികശേഷിയാണ് മറ്റൊരുപ്രധാനപ്പെട്ട വിഭവം ഇത് ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുകയാണെങ്കിൽ നാടിന്റെ പുരോഗതതി ലഭ്യമാക്കുവാൻ കഴിയും. ഇക്കാര്യത്തിൽ എല്ലാ ഗ്രാമസഭകളിൽ നിന്നും ശുഭസൂചകമായ നിർദ്ദേശങ്ങളും വരികയുണ്ടായി എന്നുള്ളത് നല്ല ലക്ഷണമായി കണക്കാക്കാം.

506

## ഗ്രാമസഭകളിൽ നിന്നും ഉയർന്ന പ്രശ്നങ്ങൾ

1. വികസനപദ്ധതികൾ നടപ്പിലാക്കാൻ ബാങ്കുകളിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നും സഹായം ലഭ്യമാക്കുക.
2. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യുവാനും രജിസ്ട്രേഷൻ ഫീസ് 100ക. വീതം വാങ്ങാവുന്നതുമാണ്. SC/ST വിഭാഗക്കാർക്ക് 50കയായി നിജപ്പെടുത്താവുന്നതാണ്.
3. പഞ്ചായത്തിന്റെ കുളത്തിൽ പഞ്ചായത്ത് നേരിട്ട് മത്സ്യക്കൃഷി നടത്തുക.
4. ഗൾഫ് മേഖലയിൽ ഉള്ളവർക്ക് നാട്ടിൽ വ്യവസായം തുടങ്ങാൻ സഹായം ചെയ്യുക.

## നിർദ്ദേശങ്ങളും സാധ്യതകളും

1. നിലവിലുള്ള വായ്പസമ്പ്രദായങ്ങളിൽ ചട്ടങ്ങളിൽ അയവുവരുത്തി എല്ലാവർക്കും ലഭിക്കാനുള്ള നടപടി സ്വീകരിക്കുക.
2. വിവാഹരജിസ്ട്രേഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തി എല്ലാവിവാഹവും രജിസ്റ്റർ ചെയ്ത് ഫീസ് ഈടാക്കാവുന്നതാണ്.
3. പഞ്ചായത്ത് കുളങ്ങളിൽ മീൻ വളർത്തുന്നതിന് പാട്ടത്തിന് നൽകുകയും മീൻകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.
4. ഗൾഫ് നാട്ടിൽ ജോലി ചെയ്യുന്നവർക്ക് നാട്ടിൽ വ്യവസായം ആരംഭിക്കാൻ എല്ലാ സഹായവും സഹകരണവും പഞ്ചായത്തും അതാത് ഡിപ്പാർട്ടുമെന്റും നൽകേണ്ടതാണ്.

പഞ്ചായത്തിന്റെ നികുതിഘടനാ കാലാകാലങ്ങളിൽ ശാസ്ത്രീയമായി വർദ്ധിപ്പിക്കുന്നതിന് നിയമ ഭേദഗതി നടത്തേണ്ടതും ഭരണച്ചെലവ് കുറയ്ക്കുന്നതിന് ഗവൺമെന്റ് തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവ പാലിക്കുന്നുണ്ടോയെന്ന് പഞ്ചായത്ത് കമ്മറ്റി നിരീക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ വരുമാനസാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് ജാഗ്രത പാലിക്കേണ്ടതുണ്ട്. ഇടത്തട്ടുകാരായ കോൺട്രാക്ടർമാരെ ഒഴിവാക്കി പഞ്ചായത്തിന്റെ മരാമത്ത് ജോലികൾ പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കുന്നതിന് പഞ്ചായത്തിൽ എൻജിനീയറിംഗ് വർക്ക് ഏർപ്പെടുത്തുക.

"വികസനം അനുസ്യൂതമായ പ്രവാഹമായതിനാൽ വികസന റിപ്പോർട്ട് സമാപിക്കുന്നില്ല. കാലത്തിന്റെ പ്രയാണത്തോടൊപ്പം മുന്നേറുക മാത്രമേ കരണീയമായിട്ടുള്ളൂ."എല്ലാ ഭാവുകങ്ങളും നേരുന്നു..........."

**പഞ്ചായത്ത് കമ്മറ്റി.**